കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ജനുവരി 28, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 199 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ജനുവരി 28, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I ചോദ്യോത്തരങ്ങൾ

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(2) (രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിരിക്കുന്നു.)

II അറിയിപ്പ്

മഹാരാഷ്ട്രയിലെ ബാരാമതിയിലുണ്ടായ വിമാനാപകടം

-മി. സ്പീക്കർ

III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

IV ശ്രദ്ധക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത
- ശ്രീ. പി. എസ്. സുപാൽ

(2) ദേശീയപാത 66-ലെ തലപ്പാടി-ചെങ്കള റീച്ചിലെ ടോൾ പിരിവ് പിൻവലിക്കൽ
- ശ്രീ. എ. കെ. എം. അഷ്റഫ്

V സബ്മിഷൻ

(1) കേരള ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം
- ശ്രീമതി കെ. കെ. രമ

(2) കോന്നി-ചെങ്ങറ എസ്റ്റേറ്റിലെ കടുവ ശല്യം
- ശ്രീ. കെ. യു. ജനീഷ് കുമാർ

(3) കോട്ടപ്പാറ വനമേഖലയിൽ ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി
- ശ്രീ. ആന്റണി ജോൺ

(4) താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി
- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(5) ചെറുവത്തൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടി
- ശ്രീ. എം. രാജഗോപാലൻ

(6) ബീനാച്ചി-പനമരം റോഡ് പ്രവൃത്തി
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(7) കല്ലൂരിക്കടവ് പാലം നിർമ്മാണം
- ശ്രീ. കെ. വി. സുമേഷ്

(8) തിരുവേഗപ്പുറ പാലത്തിന് സമാന്തരപാലം നിർമ്മിക്കുന്നതിനും കലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി
- ശ്രീ. മുഹമ്മദ് മുഹസിൻ

(9) അടിമാലിയിൽ മണ്ണിടിഞ്ഞ് മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായം
- ശ്രീ. എ. രാജ

VI മേശപ്പുറത്തുവച്ച കടലാസുകൾ

VII റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയെട്ട് മുതൽ നൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

IX നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാപ്പിഴവുകളും ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും
- ശ്രീ. പി. സി. വിഷ്ണുനാഥ്

X ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച (തുടർച്ച)

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ജനുവരി 28, ബുധൻ

വാല്യം 199} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

നിയമസഭ 2026 ജനുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I ചോദ്യോത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*31)

സംരംഭകത്വ പ്രോത്സാഹനം

1(*31) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എം.എസ്.എം.ഇ. ക്ലിനിക്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാലയളവിൽ സംരംഭക സഭകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിരുന്നോ; വ്യക്തമാക്കുമോ;

(ഡി) സംരംഭക മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത്

നടപ്പാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്ററെന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായൊരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി 01-04-2023-ലെ സ. ഉ (കൈ) നം 28/2023/ID നമ്പർ ഉത്തരവുപ്രകാരം വ്യവസായ നയം 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. നിക്ഷേപ നടപടികൾ ലളിതമാക്കുക, അനുമതി നടപടികൾ വേഗത്തിലാക്കുക, മേഖലാപരമായ പ്രത്യേക ആവശ്യങ്ങൾ

പരിഗണിച്ച് നയ പിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഉപമേഖലാ നയങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യമെന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി 02-04-2022-ലെ G. O. (MS) 31/2022/ID പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിങ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളുമൊരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

വ്യവസായ ആവശ്യത്തിനായുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കാനും വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ

സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി മാർഗ്ഗരേഖ 29-02-2024-ലെ സ. ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പറായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെയോ അല്ലെങ്കിൽ Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണമുൾപ്പെടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് 1.5 കോടി രൂപ വരെയോ സർക്കാർ ധനസഹായം നൽകുന്നതാണ്.

ഗാല (റൂൾ ജി. ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി തീയതി 13-10-2023)

കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിൽ വാണിജ്യ വകുപ്പിനുകീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേക്കായി 2023-ൽ പുതിയ ഗാല (13-10-2023-ലെ റൂൾ ജി. ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി) നിലവിൽ വന്നു. ഈ പദ്ധതിയിൽ ധനസഹായം നൽകുന്നത് സംസ്ഥാന സർക്കാരാണ്.

ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട്

വ്യവസായ വാണിജ്യ വകുപ്പിനുകീഴിലുള്ള ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടുകളിലെ 40 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംരംഭകർക്ക് സഹായകരമായ സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു.

എ) ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം

കേരളത്തിലെ ചെറുകിടവും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും തുടർച്ചയായ പ്രവർത്തനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയിൽ മൂലധന ഗ്രാന്റ് (Capital Grant), പലിശ സബ്സിഡി (Interest Subvention) എന്നീ രണ്ടുഘടകങ്ങളുൾപ്പെടുന്നു. 2020 മാർച്ചിൽ പ്രവർത്തനത്തിലുള്ളതും തുടർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്ക് സ്ഥിരാസ്ഥി മൂലധനത്തിനും സാങ്കേതിക നവീകരണത്തിനുമായി പരമാവധി 40 ലക്ഷം രൂപ വരെ മൂലധന ഗ്രാന്റ് അനുവദിക്കുന്നു. പൊതുവിഭാഗത്തിന് നിക്ഷേപത്തിന്റെ 40% വരെയും SC/ST/സ്ത്രീകൾ/യുവജനങ്ങൾ/ ഭിന്നശേഷിക്കാർക്ക് 50% വരെയും ആനുകൂല്യം ലഭിക്കും.

ബി) സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി

കശുവണ്ടി മേഖലയിലെ നിലവിലെ പ്രതിസന്ധികൾ മറികടക്കുന്നതിനും സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണിത്. പദ്ധതി വഴി 50% വരെ മൂലധന ഗ്രാന്റ് അനുവദിക്കുന്നു.

സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്നുഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു.

3. നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവുമുൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/എസ്.ടി/വനിതകൾ/വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

4. നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട

സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് (scale up) വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. 100 കോടി വിറ്റുവരവുള്ള 1000 സംരംഭങ്ങൾ 3 വർഷം കൊണ്ട് സംസ്ഥാനത്ത് വരികയെന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

ഉൽപാദന/സേവന മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും കുറഞ്ഞത് 3 വർഷം പൂർത്തികരിച്ചതും SCALE UP MISSION-ൽനിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി രണ്ടുകോടി അമ്പത്തി ഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

എ) വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ഫീസ് പൂർണ്ണമായും റീ ഇംബേഴ്സ്മെന്റായി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

ബി) പദ്ധതി പ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.

സി) പ്രവർത്തന മൂലധന സഹായമായി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു.

5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)

2023-24 സാമ്പത്തിക വർഷം 31-3-2023-വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs' with Stressed Asset, Defunct MSME Units and Cashew processing Units) പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്കുവിധേയമായി നൽകുന്നു.

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിക്ഷേപകർക്കായി Invest Kerala Global Summit (IKGS) 2025 ഫെബ്രുവരിയിൽ എറണാകുളത്ത് സംഘടിപ്പിച്ചു. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയും പ്രവർത്തനഫലമായും നിക്ഷേപക സംഗമത്തിൽ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തിഎൺപതിനായിരം കോടിയിലേറെ രൂപ മൂലധനമുള്ള നിക്ഷേപ താൽപര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 3546 കോടി രൂപയിലധികം ആസ്തി വരുന്ന 109-ഓളം പദ്ധതികൾ ഇതിനോടകം ശിലാസ്ഥാപനം നടത്തി നിർമ്മാണ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി [പി.എം.ഇ.ജി.പി]

കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമായ പി.എം.ഇ.ജി.പി കെ.വി.ഐ.സി, സ്റ്റേറ്റ്/യു.ടി ഖാദി & വി.ഐ ബോർഡുകൾവഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി ഗ്രാമ നഗര പ്രദേശങ്ങളിലും കെ.വി.ഐ.സി/കെ.വി.ഐ.ബി/ഡി.ഐ.സി എന്നിവയിലൂടെ നടപ്പിലാക്കുന്നു.

സംസ്ഥാനത്തെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാനം വാഴാനം ചെയ്യുന്ന നിലവിലെ സംരംഭക സൗഹൃാന്തരീക്ഷത്തെയും നയങ്ങളെയും കേന്ദ്രീകരിച്ച് 2023 മാർച്ച് 08-ന് അന്താരാഷ്ട്ര വനിതാദിനത്തിൽ തിരുവനന്തപുരത്ത് വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചു.

വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സഹായിക്കുക, ജോലിയും ജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 500-ലധികം വനിതാ സംരംഭകർ സംരംഭക സംഗമത്തിൽ പങ്കെടുത്തു.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് തൃശ്ശൂരിൽ 2025 ഒക്ടോബർ 13-ന് "കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025" സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽനിന്നായി 1200-ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ ഒരു സംരംഭം തുടങ്ങാനാവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് 2023 ജനുവരി 21-ന് കൊച്ചിയിൽ സംരംഭക മഹാസംഗമം (സംരംഭക ഉച്ചകോടി) സംഘടിപ്പിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് സംരംഭങ്ങൾ സ്ഥാപിച്ച 8000-ത്തിലധികം പുതിയ സംരംഭകർ പങ്കെടുത്ത ഗ്രാൻഡ് കോൺക്ലേവിൽ ആകെ 10,000-ത്തിലധികം പേർ പങ്കെടുത്തു. കേരളത്തിലെ സംരംഭക സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താനും പുതിയ

തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടായിരുന്നു മഹാസംഗമം സംഘടിപ്പിച്ചത്. 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ 10 മാസത്തിനുള്ളിൽ കേരളം 1,24,249 സംരംഭങ്ങൾ ആരംഭിച്ചത് സംസ്ഥാനത്തിന്റെ ദ്വിതീയ മേഖലയിലെ അഭൂതപൂർവമായ കുതിച്ചുചാട്ടത്തിന്റെ വ്യക്തമായ സൂചനയായിരുന്നു.

പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും വിവിധ വകുപ്പുകളുടെ സേവനങ്ങളായ ഉദ്യം രജിസ്ട്രേഷൻ, കെ-സ്വിഫ്റ്റ്, ഗവൺമെന്റ് ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ നൽകുന്ന ഡിപ്പാർട്ട്മെന്റ് സ്റ്റാളുകൾക്കൊപ്പം വിവിധ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇന്ത്യാ ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയുടെ 75-ഓളം സ്റ്റാളുകളായിരുന്ന പരിപാടിയുടെ ഭാഗമായി നടന്ന പ്രദർശനത്തിൽ ഒരുക്കിയത്.

(ബി) പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്താനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന നൂതനാശയമാണ് എം.എസ്.എം.ഇ ക്ലിനിക്കുകൾ. സംരംഭവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നതിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സംരംഭകർക്കും ഓരോ മേഖലയിലെയും (നിയമം, മാർക്കറ്റിങ്, ഡി.പി.ആർ തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, സാങ്കേതികവിദ്യ, ലൈസൻസുകൾ, ബാങ്കിങ് etc.) എംപാനൽ ചെയ്ത

വിദഗ്ധരുമായി ആശയവിനിമയം നടത്താനും സംരംഭകത്വവുമായി ബന്ധപ്പെട്ട അവരുടെ സംശയങ്ങൾ പരിഹരിക്കാനും ക്ലിനിക്കുകൾ സഹായകരമാകുന്നുണ്ട്.

(സി) 2022-23 സാമ്പത്തികവർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന ക്യാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽപ്പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻവേണ്ടി സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും അതിനുമുമ്പ് മുതൽക്കേ പ്രവർത്തിച്ചുപോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെയും ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ 2024-2025 സാമ്പത്തികവർഷം നടത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി ബാംബൂ ഫെസ്റ്റ്, കാഷ്യൂ കോൺക്ലേവ്, കയർ കോൺക്ലേവ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവന്ന സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 3,53,127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി 22688.47 കോടി രൂപയുടെ നിക്ഷേപവും 7,49,712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭക മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാന-ജില്ലാ-താലൂക്കുതലങ്ങളിൽ സംരംഭക മേഖലയിലെ പുരോഗതി വിലയിരുത്താറുണ്ട്.

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിക്ഷേപകർക്കായി Invest Kerala Global Summit (IKGS) 2025 ഫെബ്രുവരിയിൽ എറണാകുളത്ത് സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽനിന്നായി 1,80,000 കോടിയിലേറെ രൂപ മൂലധനം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവ സമയബന്ധിതമായി യഥാർഥ നിക്ഷേപമാക്കി മാറ്റുകയെന്നതിലാണ് സർക്കാർ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി നിക്ഷേപ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രങ്ങളെ തരംതിരിച്ച് DIC, KSIDC, KINFRA എന്നീ ഏജൻസികളിലൂടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 100 കോടി രൂപ വരെ നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ പുരോഗതി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിലാണ് വിലയിരുത്തുന്നത്. 100 കോടിയും അതിനുമുകളിലും നിക്ഷേപമുള്ള താൽപര്യപത്രങ്ങളുടെ നോഡൽ ഏജൻസിയായി KSIDC ആണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്യുവരുന്നു. ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

2026 ജനുവരി 19 മുതൽ 23 വരെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കേരളസംഘം അമേരിക്ക, യു.കെ, ജർമ്മനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള 67 കമ്പനികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവയിൽ 27 കമ്പനികളുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു. മെഡിക്കൽ വ്യവസായം, റിന്യൂവൽ എനർജി, ഡാറ്റാ സെന്റർ, എമർജിങ് ടെക്നോളജി എന്നീ മേഖലകളിലായി വിവിധ കമ്പനികൾ 1.15 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനാണ് ധാരണയായിട്ടുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യവസായ രംഗത്ത് അഭിമാനകരമായ കുതിപ്പിന്റെ ഒരു കാലഘട്ടമാണിത്. വ്യവസായ മേഖലയിൽമാത്രമല്ല, സമസ്ത മേഖലകളിലും അഭിമാനകരമായ നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലയളവിൽ കൈവരിച്ചിട്ടുള്ളത്. പക്ഷേ ഫ്യൂഡൽ മനോഭാവം മാടമ്പിത്തരവും വച്ചുപുലർത്തുന്ന ചിലർക്ക് അത് സഹിക്കുന്നില്ല.

മി. സ്പീക്കർ: യെസ്. ചോദ്യത്തിലേക്ക് വരൂ..

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പറയാൻ വന്നത്, പറയേണ്ടത് പറയാതെ പോകാൻ പറ്റില്ല.

മി. സ്പീക്കർ: അങ്ങനെ പെരുമാറിയാൽ ചോദ്യം ചോദിക്കാനുള്ള സമയം നഷ്ടമാകും. അത്രയേ ഉള്ളൂ. 'പറയാതെ പറ്റില്ലെന്ന്' പറഞ്ഞാൽ എങ്ങനെ ശരിയാകും? അങ്ങനെയാണോ അംഗങ്ങൾ സഭയിൽ സംസാരിക്കേണ്ടത്?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കെതിരെ നടത്തിയ അധിക്ഷേപകരമായ പരാമർശത്തെ സംബന്ധിച്ച് ഒരുവാക്ക് പറയാതെ പോകാൻ കഴിയില്ല. (..ബഹളം..)

മി. സ്പീക്കർ: അത് പറയേണ്ടത് ചോദ്യോത്തരവേളയിലല്ല. .....(ബഹളം..)..... യെസ് മിനിസ്റ്റർ,

ശ്രീ. പി. രാജീവ്: സർ, ചോദ്യം ചോദിച്ചില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ...(ബഹളം)... അങ്ങനെയൊന്നും വഴങ്ങില്ല; വേറെ പരിപാടി നോക്ക്..., എന്റെ ചോദ്യം എന്താണെന്നുവച്ചാൽ അടുത്തിടെ ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുത്ത് സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം ലോകത്തിന് പരിചയപ്പെടുത്തിയതിലൂടെ സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തൊക്കെ സംഭാവനകളാണ് ലഭിച്ചതെന്ന് വിശദീകരിക്കാമോ?

മി. സ്പീക്കർ: ചോദ്യകർത്താവ് ചോദ്യം ചോദിക്കുമ്പോൾ ചെയറിനോട് കുറച്ച് മര്യാദയാവാം.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. കഴിഞ്ഞ തവണയാണ് ലോക സാമ്പത്തിക ഫോറത്തിൽ സംസ്ഥാനത്തെ ഔദ്യോഗിക പ്രതിനിധിസംഘം പങ്കെടുക്കുന്നത്. നെറ്റ്‌വർക്കിങ് സംവിധാനത്തിൽ എല്ലാവരെയും കാണാൻ കഴിയുന്നൊരു സിംഗിൾ പോയിന്റ് എന്ന നിലയിലാണ് ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുത്തത്. സർക്കാർ ഇത്തവണ EoE (Easy Open End), MoU (Memorandum of Understanding), LoE (Level of Effort) ഇവയിലൊന്നും കേന്ദ്രീകരിക്കില്ലെന്ന് കഴിഞ്ഞ തവണത്തെ ഫോറത്തിൽ പങ്കെടുക്കുമ്പോൾ തന്നെ വ്യക്തമാക്കിയിരുന്നു, കേരളമായതുകൊണ്ടുതന്നെ ടി ഫോറത്തിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ എത്ര MoU-യിൽ ഒപ്പുവച്ചുവെന്നാണ് ആദ്യം ചോദിക്കുന്നത് ? വ്യവസായ വളർച്ചയ്ക്ക് കേരളത്തെ വിസിബിളാക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ പൊട്ടൻഷ്യൽ ലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയെന്നതായിരുന്നു കഴിഞ്ഞ വർഷത്തെ ആനുവൽ കോൺഫറൻസിൽ പങ്കെടുക്കുമ്പോഴുള്ള പ്രധാന ഉദ്ദേശ്യം. തുടർന്നുവരുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽനിന്നും പരമാവധി ഇൻവസ്റ്റേഴ്സിനെ കേരളത്തിലേയ്ക്കെത്തിക്കാനും ലക്ഷ്യമിട്ടിരുന്നു. ഈ രണ്ട് ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും കൈവരിക്കുന്നതിൽ വിജയകരമായി മുന്നേറാൻ സാധിച്ചുവെന്ന് മാത്രമല്ല, കേരളം കുറച്ചുകൂടി വിസിബിളാവുകയും ചെയ്തു. വ്യവസായ വകുപ്പുമന്ത്രിയായ എന്നോടൊപ്പം ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്), KSIDC-മാനേജിങ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവരും ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കുകയുണ്ടായി. ഇത്തവണ EoE-യുമായി ബന്ധപ്പെട്ട

കാര്യങ്ങൾക്കാണ് പ്രധാനമായും മുൻഗണന നൽകിയത്. അതിനായി ഇന്ത്യ പവലിയൻ എന്നൊരു പൊതുസംവിധാനം തന്നെയുണ്ടായിരുന്നു. കഴിഞ്ഞവർഷം അതിൽ ഒരു മുറിയാണുണ്ടായിരുന്നത്, 10 കോടി രൂപയാണ് അതിനായി ഇന്ത്യ ഗവൺമന്റ് കൊടുക്കേണ്ടിയിരുന്നത്; നെഗോഷ്യേറ്റ് ചെയ്ത് 7.5 കോടി രൂപയ്ക്ക് അവസാനിപ്പിച്ചു. ഇത്തവണ 10 കോടി രൂപ അഡ്വാൻസായി നൽകേണ്ടിവന്നു. കഴിഞ്ഞ തവണ ഇതിനായുള്ള ഡിസ്കഷൻ നടത്തിക്കൊണ്ടിരിക്കെത്തന്നെ കോൺഫറൻസ് കഴിഞ്ഞ് പുറത്തിറങ്ങുന്ന ഇൻവസ്റ്റേഴ്സിനെ അയൽ സംസ്ഥാനക്കാർ അങ്ങോട്ടേയ്ക്ക് ക്ഷണിക്കുന്ന കാഴ്ചയാണ് കണ്ടത്. അതുകൊണ്ട് ഇപ്രാവശ്യം ഔദ്യോഗികമായി ഒരു മുറി അവിടെ നിലനിർത്തിയിട്ടുണ്ട്. ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾ ഹോട്ടലിന്റെ ഒരു ഫ്ലോർതന്നെ വാടകയ്ക്കെടുത്താണ് ഇൻവെസ്റ്റേഴ്സുമായി ചർച്ച നടത്തുന്നത്. നമ്മൾ പ്രത്യേകമായി മറ്റൊരു പവലിയൻകൂടി നടത്തിയതിന്റെ ഫലമായി നല്ല രീതിയിൽ EOE-യിലേക്ക് എത്താൻ സാധിക്കുകയും ഏകദേശം 14 ബില്യൺ യു.എസ്. ഡോളറിന്റെ (118000 കോടി രൂപ) EoE ഒപ്പുവയ്ക്കാൻ കഴിഞ്ഞുവെന്നതും എല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാണ്. അതിൽ പ്രധാനപ്പെട്ടൊരു കമ്പനിയാണ് ANSR. ആഗോളതലത്തിൽ മുൻനിര കമ്പനികൾക്കായി GCC (Global Capability Centers) അഥവാ നോളജ് സെന്ററുകൾ സ്ഥാപിക്കാനും നിയന്ത്രിക്കാനും വികസിപ്പിക്കാനും സഹായിക്കുന്ന മുൻനിര സേവനദാതാവാണ് ANSR. ലോകത്താകെ ഏകദേശം 250-ഓളം നോളജ് സെന്ററുകൾ ടി കമ്പനി നിർമ്മിച്ചിട്ടുണ്ട്, 500 ഫോർച്യൂൺ കമ്പനികൾ ANSR സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ANSR -ന്റെ രണ്ട്

ഗ്ലോബൽ സിറ്റികളിൽ ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് കൊച്ചിയിലും അടുത്ത ഘട്ടമായി കോഴിക്കോടും ആരംഭിക്കാനുള്ള താൽപര്യപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ ജോലി ലഭിക്കാൻ ഇത് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അന്താരാഷ്ട്ര നിലവാരമുള്ള ഡാറ്റാ സെന്ററുകളുള്ള Sify Technologies 1000 കോടി രൂപയുടെ കരാർ ഒപ്പുവച്ചിരുന്നു. Kaynes Technology International എന്ന Switzerland കമ്പനി 2500 കോടി രൂപയ്ക്കാണ് എയറോസ്പേസ് എനർജിയുമായി ബന്ധപ്പെട്ട് EoE ഒപ്പുവച്ചിട്ടുള്ളത്. ഇക്കോ ടൗൺ വികസനത്തിലും സംയോജിത വ്യവസായ പാർക്കുകളുടെ നിർമ്മാണങ്ങളിലും മുൻനിരയിൽ നിൽക്കുന്ന Ramky Infrastructure Limited-മായി 6000 കോടി രൂപയുടെ കരാർ ഒപ്പുവയ്ക്കുമ്പോൾ 60000 കോടി രൂപയുടെ indirect investment ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. Recess Reliability -യുടെ 1000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റുൾപ്പെടെ എല്ലാ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ മീഡിയ മുഖേന നൽകിയിട്ടുണ്ട്. 19-ാം തീയതി വൈകിട്ട് ഞങ്ങൾ അവിടെയെത്തുകയും 22-ാം തീയതി വൈകിട്ട് ഞാനും അഡീഷണൽ ചീഫ് സെക്രട്ടറിയും തിരിച്ചെത്തുകയും ചെയ്തു. ദാവോസിലുണ്ടായിരുന്ന 3 ദിവസംകൊണ്ട് ഏകദേശം 67 കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി. ആയതിന്റെ തുടർനടപടിയുമായി മുന്നോട്ടുപോകാൻ സാധിക്കുമെന്ന് തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. മൂന്ന് ദിവസങ്ങൾക്കുശേഷം രാവിലെ 4 മണിയോടുകൂടി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വന്നിറങ്ങിയ ഞങ്ങൾ അന്നുതന്നെ 10 മണിക്ക് AGAPE-യുടെ മുപ്പതാം വാർഷികത്തിന്റെ ഭാഗമായി നടത്തിയ

പരിപാടിയിൽ പങ്കെടുക്കുകയും 42 ലോക പ്രശസ്ത മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് കമ്പനികളുമായി ചർച്ച നടത്തുകയുമുണ്ടായി. ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ അമേരിക്കൻ മെഡിക്കൽ ഡിവൈസ് കമ്പനിയും ജപ്പാനിലെ ഒന്നാമത്തെയും രണ്ടാമത്തെയും കമ്പനിയുമുൾപ്പെടെ 22 കമ്പനികൾ ഇതിന്റെ ഭാഗമല്ലെങ്കിലും ഇതിന്റെ തുടർച്ചയിൽ കേരളത്തിൽ നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതുവഴി സംസ്ഥാനത്ത് പുതുതായി കൊണ്ടുവന്ന വൻകിട നിക്ഷേപങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, മികച്ച വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചതുവഴി കേരളത്തിന്റെ പൊതുവായ വ്യവസായ ഭൂപടത്തിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രതിഫലനമാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ കാണാൻ കഴിഞ്ഞത്. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ കേരളം 28-ാം സ്ഥാനത്തായിരുന്നു. എന്നാൽ, യഥാർഥത്തിൽ 15-ാം സ്ഥാനത്തിനുള്ളിൽ എത്തേണ്ടിയിരുന്ന കേരളം എന്തുകൊണ്ടാണ് 28-ാം സ്ഥാനത്തേയ്ക്ക് പോയതെന്ന് വിശദമായി പരിശോധിച്ച് അന്നുതന്നെ യൂണിയൻ ഗവൺമന്റിന് കത്തയച്ചിരുന്നു. നൂറ് ശതമാനം ഫീഡ് ബാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് അല്ലെങ്കിൽ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ റാങ്കിങ് നിശ്ചയിക്കുന്നത്. ആക്ഷൻ പ്ലാൻ പ്രകാരം 90 ശതമാനം റിഫോംസ് നടപ്പിലാക്കുന്ന

സംസ്ഥാനങ്ങൾ റാങ്കിങ്ങിന് എലിജിബിളായിരിക്കുമെങ്കിലും ഫീഡ് ബാക്ക് അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിങ് നിശ്ചയിക്കുന്നത്. അതിനാൽ 100 ശതമാനം റിഫോംസെന്നത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നില്ല. 100 ശതമാനം ഫീഡ് ബാക്കിന്റെ അടിസ്ഥാനത്തിലാണ് 2022-ലെ റാങ്കിങ്ങിൽ ഇന്ത്യയിൽത്തന്നെ ഒന്നാം സ്ഥാനത്തേക്ക് കേരളത്തിന് എത്താൻ സാധിച്ചത്. അക്കാര്യത്തിൽ പലരും പല സംശയങ്ങളും പ്രകടിപ്പിച്ചെങ്കിലും ഇപ്പോൾ അതെല്ലാം ദൂരീകരിച്ചിരിക്കുകയാണ്. ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 2015-ലെ പ്ലാൻ തന്നെയാണ് തുടരുന്നത്. അതിൽ ഒന്നാമതെത്താൻ കഴിഞ്ഞുവെന്നത് കേരളത്തിന് അഭിമാനകരമാണ്. എന്നാൽ ഒടുവിലത്തെ റാങ്കിങ്ങിൽ തുടർച്ചയായി ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞുവെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. അതിന്റെ ഭാഗമായി ധാരാളം സംരംഭകർ കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായി വരുന്നുണ്ട്. മട്ടന്നൂരിൽ 500 ഏക്കറിൽ ഒരു വലിയ സംരംഭം തുടങ്ങുന്നതിന് ഇൻവെസ്റ്റേഴ്സുമായി ഇന്നലെ ചർച്ച നടത്തുകയുണ്ടായി. മറ്റെല്ലാ രാജ്യങ്ങളും ഗൾഫ് രാജ്യങ്ങളിൽപ്പോയി EoE ഒപ്പുവച്ചെങ്കിലും ഏതൊക്കെ ഇൻവെസ്റ്റേഴ്സാണ് അതിൽ ഒപ്പുവച്ചതെന്ന് പ്രസിദ്ധപ്പെടുത്താറില്ല. ഏതൊക്കെ മേഖലകളാണെന്ന് ചിലപ്പോൾ പറഞ്ഞേക്കാം. എന്നാൽ നമ്മുടെ സംസ്ഥാനത്തെ സ്ഥിതി അതല്ല. അപ്പോൾത്തന്നെ പ്രസിദ്ധപ്പെടുത്തും. അങ്ങനെ പ്രസിദ്ധപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന അപകടം അറിയാമെങ്കിലും വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്. വളരെ കോമ്പറ്റീഷൻ

നിലനിൽക്കുന്ന മേഖലയായതിനാൽ വിശദാംശങ്ങൾ പബ്ലിഷ് ചെയ്യപ്പെടുന്ന ഉടൻതന്നെ എന്തിനാണ് കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യുന്നതെന്ന് ചോദിച്ച് അന്യ സംസ്ഥാന സംരംഭകർ ഇവരെ സമീപിക്കുന്നതായും കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യരുതെന്ന് ഉപദേശിക്കുന്നതായും എന്റെ സുഹൃത്തുക്കളായ ചില എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഇത്തരം പ്രതിസന്ധികൾ തരണം ചെയ്ത് മുന്നേറാൻ നമുക്ക് കഴിഞ്ഞു. ഇലക്ട്രോണിക്സ് രംഗത്തെ ലോകപ്രശസ്തമായ Kaynes Technologies International ഗുജറാത്തിൽ 3600 കോടി രൂപയുടെ സെമി കണ്ടക്ടർ പ്ലാന്റ് പൂർത്തീകരിക്കുകയാണ്. ടി കമ്പനി പെരുമ്പാവൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന 600 കോടി രൂപയുടെ ഫ്ലക്സിബിൾ പി.സി.ബി പ്ലാന്റിന്റെ ശിലാസ്ഥാപനകർമ്മം ഫെബ്രുവരി മാസത്തിൽ നിർവഹിക്കുന്നതാണ്. അദാനി ലോജിസ്റ്റിക്സിന്റെ 70 ഏക്കറിലുള്ള 600 കോടി രൂപയുടെ സംരംഭത്തിന് ശിലാസ്ഥാപനം നടത്തുകയും നിർമ്മാണപ്രവൃത്തികൾ അതിവേഗം പുരോഗമിക്കുകയുമാണ്. കഴിഞ്ഞ ദിവസം ഞാൻ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ടി കമ്പനിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. Avigna, NDR Space, Arch Global എന്നീ കമ്പനികളുടെ നിർമ്മാണം പൂർത്തീകരിച്ചു. Accenture-ന്റെ പ്രവർത്തനമാരംഭിച്ചു. HCL Technologies കൊച്ചിയിലും ഇപ്പോൾ തിരുവനന്തപുരത്തും പ്രവർത്തനമാരംഭിച്ചു. കോവാക്സിൻ നിർമ്മിക്കുന്ന ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട കമ്പനിയായ Bharat Biotech-ന്റെ അങ്കമാലിയിൽ ആരംഭിക്കുന്ന പുതിയ സംരംഭത്തിന് തറക്കല്ലിടുകയും ഞാനും ശ്രീ. റോജി എം. ജോണും ആ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ 'പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനുള്ള എല്ലാ അനുമതികളും 7

ദിവസംകൊണ്ട് ലഭിച്ചുവെന്നും എന്നാൽ ടി സ്ഥാപനം ഇവിടെ ആരംഭിക്കാൻ പോകുന്നുവെന്ന് അറിഞ്ഞയുടൻതന്നെ ഹൈദരാബാദിലും ദുബായിലുമുള്ള ചില മലയാളികൾ' അയ്യോ എന്തിനാണ് ഈ അപകടത്തിലേക്ക് എടുത്തുചാടുന്നത്' എന്ന് ചോദിച്ചതായും പത്മഭ്രഷൺ ഡോ. കൃഷ്ണ എല്ല എന്നോട് പറയുകയുണ്ടായി. ഏതായാലും അങ്കമാലിയിൽ ടി കമ്പനിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയാണ്. World Trade Centre കോഴിക്കോട് ആരംഭിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. TCS Innovation Park അവരുടെ 37 ഏക്കറിൽ ശിലാസ്ഥാപനം നടത്താൻ പോകുകയാണ്. Kongsberg-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും പ്രശസ്തമായ ലോജിസ്റ്റിക്സ് കമ്പനിയായ Panatoni 25 ഏക്കറിൽ അവരുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള MoU ഒപ്പുവച്ചുകഴിഞ്ഞു. ജർമ്മൻ കമ്പനിയായ Adesso Group-ന്റെ പ്രവർത്തനമാരംഭിക്കുകയാണ്. യു. കെ. കമ്പനിയായ BT Pierian ഇതിനോടകംതന്നെ രണ്ട് ക്യാമ്പസുകൾ ആരംഭിച്ചുകഴിഞ്ഞു. അമേരിക്കൻ കമ്പനിയായ Caspian Technologies പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ജർമ്മൻ കമ്പനിയായ dSpace തിരുവനന്തപുരത്ത് അവരുടെ പ്രവർത്തനമാരംഭിച്ചു. ജപ്പാൻ കമ്പനിയായ Fujirebio, Agappe-യുമായി ചേർന്നുള്ള joint Venture-ന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാക്കനാട് നടത്തുകയുണ്ടായി. Grand Thornton, GR & Affinity, Honeywell എന്നീ അമേരിക്കൻ കമ്പനികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അമേരിക്കൻ കമ്പനിയായ IBM ഇപ്പോൾ 3000 പേർ ജോലി ചെയ്യുന്ന സ്ഥാപനമായി അതിന്റെ ക്യാമ്പസ് വികസിപ്പിച്ചുകഴിഞ്ഞു. Switzerland കമ്പനിയായ Mediterranean Shipping Company-യുടെ ക്യാമ്പസ്

ആരംഭിച്ചുകഴിഞ്ഞു. USA കമ്പനികളായ NOV-യും Strada Global ഉം അവരുടെ ക്യാമ്പസ് ആരംഭിച്ചുകഴിഞ്ഞു. France കമ്പനിയായ TNP-യും Ireland കമ്പനിയായ Trasna Technologies-ഉം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. USA കമ്പനിയായ Vensure, തുടങ്ങി പ്രധാനപ്പെട്ട കമ്പനികളുടെ പ്രവർത്തനം തുടങ്ങുന്ന ഒരു നാടായി കേരളം മാറിയെന്നുള്ളതിൽ എല്ലാ മലയാളികൾക്കും അഭിമാനിക്കാം.

ശ്രീ. കെ. വി. സുമേഷ്: സർ, കേരളത്തിലെ വ്യവസായ അന്തരീക്ഷത്തിൽ കാതലായൊരു പരിവർത്തനമുണ്ടാക്കാൻ അങ്ങയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾക്ക് കഴിഞ്ഞുവെന്നതിൽ പ്രത്യേക അഭിനന്ദനമറിയിക്കുകയാണ്. കേരളം രൂപീകൃതമായതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഭാവികേരളത്തിന്റെ വളർച്ചകൂടി കണക്കിലെടുത്തുകൊണ്ട് വ്യാവസായിക മേഖലയിൽ മുന്നോട്ടുവയ്ക്കുന്ന നയം എന്താണ്; പുതിയ ആശയങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, 75-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ മേഖലയിലെ മുന്നേറ്റത്തിന് ആവശ്യമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. യഥാർഥത്തിൽ വ്യവസായ മേഖലയിലെ വളർച്ച ഏറ്റവും പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ മികവും ക്ഷേമപ്രവർത്തനങ്ങളിലുള്ള മുന്നേറ്റവുമാണ് കേരള മാതൃകയുടെ സവിശേഷതയെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ ഉൽപാദനമേഖലയിലെ മുരടിപ്പും പശ്ചാത്തലസൗകര്യ മേഖലയിലെ പിന്നോട്ടടിയും മറികടന്നില്ലെങ്കിൽ ഈ നേട്ടങ്ങൾ നിലനിർത്താൻ പോലും കഴിയാത്ത സാഹചര്യം

വരുമെന്നാണ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഈ സർക്കാരിന്റെ കഴിഞ്ഞ പത്തുവർഷത്തെ പ്രവർത്തനത്തിന്റെ പ്രധാന കേന്ദ്രീകരണം കേരള മാതൃകയുടെ നേട്ടങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുകയും കേരള മാതൃകയുടെ ദൗർബല്യമായി കണ്ട പശ്ചാത്തലസൗകര്യ വികസനത്തിന്റെ കുറവും ഉൽപാദനമേഖലയിലെ മുരടിപ്പും മറികടക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുകയെന്നതുമായിരുന്നു. അതിൽ വിജയിക്കാൻ കഴിഞ്ഞുവെന്നതാണ് ഈ പത്തുവർഷക്കാലത്തെ കേരളത്തിന്റെ മാറ്റമായി പ്രതിഫലിക്കുന്നത്. അതിന്റെ തുടർച്ചയായി 75-ാം വാർഷികത്തിന്റെ ഭാഗമായിവരുന്ന പദ്ധതികളിൽ ഒന്നാണ് Vizhinjam Outer Area Growth Corridor പദ്ധതി. വിഴിഞ്ഞം തുറമുഖം വന്നതിനുശേഷമുള്ള വ്യാവസായിക സാധ്യതകളെ പൂർണ്ണമായി വിനിയോഗിക്കാനുള്ള പദ്ധതി കഴിഞ്ഞ ബജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിന്റെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഗ്ലോബൽ സിറ്റി പ്രോജക്ട് ഒരു സുപ്രധാന പദ്ധതിയാണെങ്കിലും കേന്ദ്രം അതിന് അനുമതി നൽകിയില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി തുടക്കമിട്ടിരിക്കുന്ന ടി പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. ഗ്ലോബൽ സിറ്റി പദ്ധതിയുടെ ഭാഗമായി കോട്ടയത്ത് ഒരു മെഗാ ഇൻഡസ്ട്രിയൽ സിറ്റി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കണ്ണൂർ-കാസർഗോഡ് വ്യവസായ ഇടനാഴി 2000 ഏക്കർ സ്ഥലത്ത് പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ബയോടെക് ലൈഫ് സയൻസ് സിറ്റി, എയ്റോ-ഡിഫൻസ് ഇൻഡസ്ട്രിയൽ ക്ലസ്റ്റർ,

ഇലക്ട്രോണിക്സ് പവർ ഇലക്ട്രോണിക്സ് ക്യാമ്പസ്, സ്പോർട്സ് ഉപകരണ നിർമ്മാണം തുടങ്ങിയ തീം ബേസ്ഡ് പാർക്കുകൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഫുഡ് പ്രോസസിങ് ആൻഡ് ടഡീഷണൽ ഇൻഡസ്ട്രീസ്, മെഗാ ഫുഡ് പ്രോസസിങ് പാർക്ക് എന്നിവ നിലവിൽ ആരംഭിച്ചുകഴിഞ്ഞു. സീ ഫുഡിന്റെ പ്രധാനപ്പെട്ട പ്രോസസിങ് പാർക്ക്, സ്പൈസ് പ്രോസസിങ് പാർക്ക്, നാളികേര ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട കുറ്റ്യാടിയിലെ ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ അടിയന്തരമായി പൂർത്തീകരിക്കാനുള്ള ശ്രമം നടത്തിവരികയാണ്. കയർ നാച്ചുറൽ ഫൈബർ ക്ലസ്റ്റർ, സർക്കുലർ ഇക്കോണമി ആൻഡ് റീസൈക്ലിങ് പാർക്ക് എന്നിങ്ങനെ തീം ബേസ്ഡായ മറ്റ് പാർക്കുകളും ഈ കാഴ്ചപ്പാടിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റിൽ വെർട്ടിക്കൽ ഇന്നവേഷൻ, ബഹുനില വ്യവസായ സമുച്ചയങ്ങളെന്ന ആശയത്തിന് സ്ഥലത്തിന്റെ പരിമിതിക്കുടി കണക്കിലെടുത്തുകൊണ്ട് ലംബമായിട്ടുള്ള അഥവാ വെർട്ടിക്കലായിട്ടുള്ള ബഹുനില വ്യവസായ സമുച്ചയങ്ങൾ ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നു. മറ്റൊന്ന്, വിമാനത്താവള അധിഷ്ഠിത വികസനമാണ്. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്, കൊച്ചി, തിരുവനന്തപുരം, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളിലൂടെ വ്യവസായ മേഖലയ്ക്കുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. മുൻഗണനാ മേഖലകൾക്കുവേണ്ടി കിൻഫ്ര 25 സെക്ടർ സ്പെസിഫിക് പാർക്കുകൾ സ്ഥാപിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. കേരളത്തിൽ ആകെയുള്ള എം.എസ്.എം.ഇ.-കളിൽ ഏകദേശം 40 ശതമാനത്തോളം വനിതാ സംരംഭകരാണെന്നതിൽ കേരളത്തിന്

അഭിമാനിക്കാവുന്നതാണ്. ഇന്ത്യയിൽ മറ്റൊരിടത്തുമില്ലാത്ത വനിതാ പങ്കാളിത്തമാണ് എം.എസ്.എം.ഇ.കളുടെ കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ വനിതാ സംരംഭകത്വ പാർക്ക് ആരംഭിക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. സഹകരണവകുപ്പുമായി ചേർന്ന് സഹകരണ-വ്യവസായ പാർക്കുകൾ വികസിപ്പിക്കാനുള്ള പദ്ധതിയും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ഭാവിയിലെ വ്യവസായ ആവശ്യങ്ങൾക്കായി യുവാക്കളെ സജ്ജമാക്കാൻ പി.പി.പി മോഡലിൽ ഒരു സ്കിൽ ഡെവലപ്മെന്റ് യൂണിവേഴ്സിറ്റി ഈ കാഴ്ചപ്പാടിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നു. 200 ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCC) കേരളത്തിൽ ആരംഭിക്കാനുള്ള പൊട്ടൻഷ്യലുണ്ട്. അതിൽ മൂന്ന് സെന്ററുകൾകൂടി ആരംഭിക്കുന്നതിന് EoE യിൽ ഒപ്പുവച്ചുകഴിഞ്ഞു. നിലവിൽ ഇതിന്റെ 44 സെന്ററുകൾ പ്രവർത്തിച്ചുവരികയാണ്. നിലവിലെ നിയമപ്രകാരം ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആരംഭിക്കാൻ സാധിക്കുമെങ്കിലും റീവിസിറ്റ് ചെയ്തശേഷം അതിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് മനസ്സിലാക്കുന്നു. 50-60 ലക്ഷം രൂപവരെ ടേൺ ഓവറുള്ള ഒരു ലക്ഷം ചെറിയ സംരംഭങ്ങളെ ഒരു കോടി ടേൺ ഓവറുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള മിഷൻ 100000 പദ്ധതി മുന്നോട്ടുവയ്ക്കുന്നുണ്ട്. 1000 സംരംഭങ്ങളെ 100 കോടി ടേൺ ഓവറുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള മിഷൻ 1000-ൽ നിലവിൽ 544 സംരംഭങ്ങളുൾപ്പെട്ടിട്ടുണ്ട്. എം.എസ്.എം.ഇ. ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ-എ.ഐ. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി മുന്നോട്ടുകൊണ്ടുപോവുക, സോഴ്സിങ് കേരള - ഇടനിലക്കാരില്ലാതെ പരമ്പരാഗത ഉൽപന്നങ്ങൾ ലോക വിപണിയിലേക്കെത്തിക്കുക, കേരള

ക്രാഫ്റ്റ് ടയൽ വിനോദസഞ്ചാരികളെ പരമ്പരാഗത വ്യവസായ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാനുള്ള ഡിജിറ്റൽ മാപ്പിങ് പദ്ധതി, ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാൻഡ് പൂളിങ് സംവിധാനം എന്നിവയും മിഷൻ 1000 മുന്നോട്ടുവയ്ക്കുന്നുണ്ട്. കിഴക്കമ്പലത്ത് ഇൻഫോ പാർക്കിന്റെ പുതിയ ഫേസിനുവേണ്ടി ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ.-യുടെ പ്രദേശത്ത് ലാൻഡ് പൂളിങ് ആരംഭിച്ചുകഴിഞ്ഞു. ജി.സി.ഡി.എ. ആണ് അതിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികഭൂമി ഉപയോഗപ്പെടുത്തുന്ന പൊതുനയവും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, മണ്ണെണ്ണ വിളക്ക് കൊളുത്തി വ്യവസായം തുടങ്ങാൻ കഴിയുമോയെന്ന ചോദ്യമുയർത്തിക്കൊണ്ട് സംരംഭകർ കേരളത്തെ പരിഹസിച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആവശ്യമായ വൈദ്യുതിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനങ്ങളും കാലോചിതമായ വ്യവസായ പരിഷ്കരണവുമെല്ലാം ഉറപ്പുവരുത്തി വികസനക്കുതിപ്പുമായി മുന്നേറുന്ന കേരളത്തിൽ വ്യവസായ സംരംഭകർ ആഹ്ലാദത്തോടുകൂടി എത്തുകയാണ്. കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി. വഴി പ്രാരംഭമൂലധന സഹായമെന്ന പദ്ധതിയിലൂടെ എത്രപേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് തുടർച്ചയായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നുണ്ട്. ഇപ്പോൾ കേരളത്തിൽ 15-16 വയസ്സുള്ള കുട്ടികളോട് ചോദിച്ചാൽ പവർകട്ട് എന്താണെന്ന് അവർക്കറിയില്ല. കാരണം കഴിഞ്ഞ പത്തുവർഷമായി പവർ കട്ട്, ലോഡ്ഷെഡിങ് എന്നീ രണ്ടു പദങ്ങൾ കേരളത്തിലെ ഡിക്ഷ്ണറിയിൽനിന്ന് അപ്രത്യക്ഷമാക്കാൻ കഴിയുന്ന മാറ്റം വൈദ്യുതോൽപാദനരംഗത്തുണ്ടായി. പവർ കട്ടോ ലോഡ് ഷെഡിങ്ങോ എവിടെയെങ്കിലുമുണ്ടെങ്കിൽ അക്കാര്യം ഈ സഭയിൽതന്നെ പറഞ്ഞാൽ മതി. എന്നാൽ, ചിലർ കഴിഞ്ഞ പത്തുകൊല്ലമായി ഇരുട്ടിൽതന്നെയാണ്, അതിൽ നിന്നും അവരെ രക്ഷപ്പെടുത്താൻ നമുക്ക് കഴിയില്ല; കഴിഞ്ഞ പത്തുകൊല്ലമായി സ്വയം ഇരുട്ടിനെ അഭയംപ്രാപിച്ചിരിക്കുന്ന ആളുകളെ വെളിച്ചത്തിലേക്ക് നയിക്കാനുള്ള അസാധാരണശേഷിയോ മാന്ത്രികവിളക്കോ ഒന്നും എന്റെ കൈയിലില്ല. 'ദി ലണ്ടൺ എക്കണോമിസ്റ്റ്' എന്ന വാരികയിലെ ലെഫ്റ്റ് പാരഡൈസ് എന്ന ആർട്ടിക്കിളിന്റെ അവസാന ഭാഗത്ത് ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും കേരളത്തിൽനിന്ന് പലതും പഠിക്കാനുണ്ടെന്ന് മാത്രമല്ല ലോകത്തിന്റെ പല ഭാഗത്തുള്ളവർക്കും കേരളത്തിൽനിന്ന് നിരവധി കാര്യങ്ങൾ പഠിക്കാനുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളം ഡെവലപ്പിങ് ചാമ്പ്യനാണെന്ന് 'ദി ലണ്ടൺ എക്കണോമിസ്റ്റ്' വാരിക സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അത്യാവശ്യം വായിക്കുന്ന ചിലർക്കെങ്കിലും ഇക്കാര്യം അറിയാമായിരിക്കും. ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് ഒരുപക്ഷേ ഇത് ശ്രദ്ധിച്ചിട്ടുണ്ടാവും. എക്കണോമിസ്റ്റ് ഇന്റലിജൻസ് യൂണിറ്റ് തയ്യാറാക്കിയ ചെറിയൊരു റിപ്പോർട്ട് അതിൽ ക്വാട്ട് ചെയ്യുന്നുണ്ട്; അതൊരു സിസ്റ്റർ യൂണിറ്റാണ്. എല്ലാവർഷവും അവർ ലോകത്തെ എല്ലാ ഭാഗങ്ങളിലെയും വ്യവസായ വളർച്ചയെക്കുറിച്ച് പഠനം നടത്താറുണ്ട്. വലിയ വില കൊടുത്താണ് കോർപ്പറേറ്റുകളൊക്കെ അത് സബ്സ്ക്രൈബ് ചെയ്യുന്നത്. കോർപ്പറേറ്റ് ഏജൻസികൾ അവരുടേതായ കൺസൾട്ടൻസിയെ വച്ച് ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിയശേഷം അതിന്റെ അടിസ്ഥാനത്തിലാണ് എവിടെ ഇൻവെസ്റ്റ് ചെയ്യണമെന്ന് തീരുമാനിക്കുന്നത്. അല്ലാതെ വ്യവസായ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ പറഞ്ഞതുകൊണ്ടോ കേരളത്തിന്റെ പരസ്യം കണ്ടതുകൊണ്ടോ അല്ല. ദി എക്കണോമിസ്റ്റിന്റെ ഇന്റലിജൻസ് യൂണിറ്റിന്റെ പഠനത്തിൽ നേരത്തെ കേരളം വ്യവസായത്തിന്റെ റാങ്കിങ്ങിലേക്ക് പോലും പരിഗണിക്കപ്പെട്ടിരുന്നില്ല. എന്നാലിപ്പോൾ കേരളം ഒൻപതാമത്തെ റാങ്കിലെത്തുമ്പോൾ വ്യവസായങ്ങൾക്കുള്ള uninterrupted പവർ സപ്ലൈയുടെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഇന്ന് മൂന്നാം സ്ഥാനത്താണെന്ന് ദി എക്കണോമിസ്റ്റ് ഇന്റലിജൻസ് സാക്ഷ്യപ്പെടുത്തുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഇത്തവണത്തെ റാങ്കിങ്ങിൽ ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയെന്നതും ഓരോരുത്തർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ രണ്ടുതവണ

തുടർച്ചയായി ഒന്നാം സ്ഥാനത്തെത്തുന്നു; ഫാസ്റ്റ് മൂവർ പട്ടികയിൽ ആദ്യമായി കേരളം അംഗീകരിക്കപ്പെടുന്നു; കയറ്റുമതിയുടെ കാര്യത്തിൽ ഇപ്പോൾ കേരളം ഏറ്റവും മികച്ച സ്ഥാനത്തേയ്ക്കെത്തുന്നുവെന്നത് മലയാള മനോരമ തന്നെ ആളുകളെ അറിയിക്കുന്ന രൂപത്തിലേക്ക് വസ്തുതകൾ മുഖത്തുവന്നടിക്കുകയാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (ASPA) അതിന്റെ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അവാർഡിന് കേരളത്തിന്റെ ഇയർ ഓഫ് എന്റർപ്രൈസസ് (YoE) പദ്ധതി തിരഞ്ഞെടുത്തിരിക്കുന്നു. അതുപോലുള്ള ധാരാളം അംഗീകാരങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞു. അത് ഈ സർക്കാരിനുള്ള അംഗീകാരമല്ല, കേരളത്തിനുള്ള അംഗീകാരമാണ്. കേരള വിരുദ്ധർക്കുമാത്രമേ സംസ്ഥാനത്തിന് ഇത്തരം അംഗീകാരങ്ങൾ കിട്ടുമ്പോൾ അസ്വസ്ഥരാകാൻ കഴിയുകയുള്ളൂ. കേരള വിരുദ്ധരാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വ്യവസായവും സംരംഭവും വാഴില്ലെന്ന് പറഞ്ഞ കേരളത്തിലാണ് മൂന്നുലക്ഷത്തിഅമ്പത്തിമൂവായിരത്തിൽപ്പരം സംരംഭങ്ങളും ഏഴ് ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ ആരംഭിച്ച സംരംഭങ്ങളിൽ ചിലത് നഷ്ടത്തിലാകുകയോ പൂട്ടിപ്പോകുകയോ ചെയ്യുന്നൊരു സ്ഥിതി വന്നിട്ടുണ്ട്. ഇവയെ 'പുനരുജ്ജീവന' പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോ; ഇങ്ങനെ എത്രത്തോളം

പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ 90 ശതമാനവും ആദ്യത്തെ വർഷം തന്നെ നിലച്ചുപോകാറാണ് പതിവ്. കാരണം, പുതിയ ആശയങ്ങളാണല്ലോ ഇതിലൂടെ കൊണ്ടുവരുന്നത്. എന്നാൽ, ഇന്ത്യയിൽ MSME-കളിൽ 30 ശതമാനവും വർഷംതന്നെ പൂട്ടിപ്പോകുന്നുവെന്നതാണ് പൊതുവായ കണക്ക്. അതിനെ പതിനഞ്ച് ശതമാനത്തിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പാക്കുകയുണ്ടായി. മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട് പൊതുവിതരണ വകുപ്പുമായി ഒപ്പുവച്ച കരാർ പ്രകാരം ഏകദേശം മുപ്പതുകോടി രൂപയുടെ ഉൽപന്നങ്ങൾ പ്രാദേശികമായി കെ-സ്റ്റോർ വഴി പ്രാദേശികമായി ചെറിയ സംരംഭങ്ങൾക്ക് വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ-ഷോപ്പി എന്നൊരു ഓൺലൈൻ പ്ലാറ്റ്ഫോം തുടങ്ങാൻ കഴിഞ്ഞു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയതുപോലെ പ്രതിസന്ധിയിലായ സ്ഥാപനങ്ങൾ/സിക്ക് യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. വഴി പ്രത്യേകമായൊരു പദ്ധതി നടപ്പാക്കുന്നുണ്ട്. പുതിയ സംരംഭങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ വിവിധ കാരണങ്ങളാൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന നിലവിലെ സംരംഭങ്ങളെ ഗവൺമെന്റിന്റെ ഇടപെടലിലൂടെ മെച്ചപ്പെടുത്തുന്നതിന് മറ്റുമേഖലകളിൽ ചെയ്യുന്നതിന്റെ അത്രയും സമയം ചെലവഴിക്കേണ്ടി വരില്ല; എന്നാൽ അതിനാവശ്യമായ റീ-സ്ട്രക്ചറിങ് പ്ലാൻ ആവശ്യമാണ്. അങ്ങനെയൊരു പദ്ധതി ഇപ്പോൾ

നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പത്തുവർഷം മുമ്പാണ് പരശുരാമൻ മഴ എറിഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാതിരുന്നത് ഭാഗ്യം. കഴിഞ്ഞ പത്ത് വർഷങ്ങൾ കൊണ്ടാണ് കേരളത്തിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നതെന്ന നിലയ്ക്കാണ് അദ്ദേഹം ഇവിടെ വിശദീകരിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ ഗവൺമെന്റിനുവേണ്ടി ഞാനും ഇതേ പ്രതിനിധി സംഘത്തെ ദാവോസിൽ കൊണ്ടുപോയിട്ടുള്ളതും ഇതേപോലെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസൽ കിട്ടിയിട്ടുള്ളതുമാണ്, എക്സിബിഷൻ സ്റ്റാൾ, ജി-ടെക്ക്, ഹാനോവർ ഷോയിൽ എല്ലായിടത്തും പോയിട്ടുണ്ട്. പത്തുവർഷം കൊണ്ട് ആവേശത്തോടെ പ്രസംഗിക്കുന്ന നിങ്ങൾക്ക് ഒരു ആറ്റിറ്റ്യൂഡിൽ ചെയ്ഞ്ച് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇടയ്ക്കിടയ്ക്ക് ഒരു കാര്യം പറയുന്നത് 'എന്നാലും വ്യവസായം തുടങ്ങുന്നവർക്ക് ഒരു പെർസെപ്ഷൻ ഇവിടെയുണ്ടെന്ന് '. ഞാനും ഇതുപോലെ ലക്ഷക്കണക്കിന് എം.ഒ.യു സൈൻ ചെയ്തുവന്ന് ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലായപ്പോൾ അപ്പുറത്തുനിന്നും കേട്ടത് 'എന്തിനാണ് ഈ ദുർവ്യയം' എന്നായിരുന്നു. ആ ചോദ്യം ഞങ്ങൾ ചോദിക്കില്ല. തിരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്; ചിലപ്പോൾ ഞങ്ങൾ അധികാരത്തിൽ വന്നെന്നിരിക്കും. ഇപ്പോഴിവിടെ പറഞ്ഞതൊക്കെ നല്ല കാര്യങ്ങളാണെങ്കിൽ ഞങ്ങൾ അത് തുടർന്നുകൊണ്ടുപോകുന്നതാണെന്ന ഉറപ്പ് നൽകുന്നു.

ശ്രീ. പി. രാജീവ്: സർ, ഇതൊരു ചോദ്യമല്ലെങ്കിലും അദ്ദേഹം നടത്തിയ വസ്തുതാവിരുദ്ധമായ ചില പ്രസ്താവനകളുണ്ട്. അദ്ദേഹം പൊതുവെ ഇങ്ങനെ പറയുന്നൊരാളല്ല. ...(ബഹളം).... ഒരു കാര്യം ഞാൻ ചോദിക്കട്ടെ; വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സത്യമെന്ന രീതിയിൽ ആധികാരികമായി അവതരിപ്പിക്കുന്നതിൽ അസാധാരണശേഷി പ്രതിപക്ഷത്തിനുണ്ടെന്ന് ജനങ്ങളും മാധ്യമങ്ങളും സമ്മതിക്കുന്നതാണ്. അന്നത്തെ കാലത്ത് ഒപ്പുവച്ച MoU-കൾ എന്തുകൊണ്ട് യഥാർഥ്യമായില്ല? ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് നടത്തിയപ്പോൾ പ്രതിപക്ഷനേതാവുൾപ്പെടെ എല്ലാവരും പങ്കെടുത്തതിനെ ഞങ്ങൾ സ്വാഗതം ചെയ്തു. അത് കേരളത്തിന് ഗുണകരമാണെന്നും വിസിബിളിറ്റി ലഭിക്കുമെന്നും എല്ലായിടത്തും പറഞ്ഞു. എന്നാൽ വി.എസ്. അച്യുതാനന്ദൻ നിങ്ങളുടെ GIM-ൽ പങ്കെടുത്തിരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ്. കാരണം, ഞങ്ങളുടെ ഭരണകാലത്ത് ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെ ലഭിച്ച പ്രൊപ്പോസലുകളാണ് പിന്നെ മെഗാ പ്രോജക്ടായി കേരളത്തിൽ നടപ്പിലാക്കിയ മെട്രോ ഉൾപ്പെടെയുള്ള പ്രോജക്ടുൾ. അത്തരത്തിലുള്ള ഏതെങ്കിലുമൊരു മെഗാ പ്രോജക്ട് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം സൂചിപ്പിച്ചതുപോലുള്ള പ്രോജക്ടുകളെപറ്റി പറയാൻ കുറച്ച് സമയമെടുക്കും. നായനാരുടെ കാലത്ത് ആരംഭിച്ച, വെറുതെ ഇരുന്നിട്ട് അങ്ങ് ചരിത്രം പരിശോധിച്ചാൽ മെട്രോയുടെ തുടക്കമെവിടെനിന്നാണെന്ന് അറിയാൻ കഴിയും.

അതിനുശേഷം മെട്രോയെ അങ്ങുൾപ്പെടെയുള്ള ആളുകൾ സിംഗപ്പൂർ കമ്പനിക്ക് വിൽക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ കേരളം നടത്തിയ വലിയ സമരത്തിന്റെ ഭാഗമായിട്ടാണ് ഡി.എം.ആർ.സി.-ക്ക് അത് ലഭിച്ചതെന്ന് അതിന്റെ നേതൃത്വം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ; കോൺഗ്രസ് നേതാവ് ശ്രീ. കമൽനാഥ് കേരളത്തിൽവന്നപ്പോൾ അന്ന് ഞാൻ പാർലമെന്റ് മെമ്പർ ആയിരുന്നു. ....(ബഹളം....)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... അദ്ദേഹം പറയട്ടെ..... ബഹുമാനപ്പെട്ട ഉപനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷ അംഗങ്ങൾ ആരും കമന്റ് ചെയ്തിരുന്നില്ല.

ശ്രീ. പി. രാജീവ്: സർ, യഥാർഥത്തിൽ ബഹുമാന്യനായ ഉപനേതാവ് ചോദ്യങ്ങളല്ല ചോദിച്ചത്. പക്ഷെ അദ്ദേഹം ഒരു പ്രസ്താവന നടത്തുമ്പോൾ ആ പ്രസ്താവന രേഖയിൽ വരികയും അത് സമൂഹം കാണുകയും ചെയ്യുമല്ലോ; അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് വസ്തുതകളെ അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കേണ്ട ഉത്തരവാദിത്വം ഭരണപക്ഷത്തിരിക്കുന്ന ഞങ്ങൾക്കുണ്ട്; അദ്ദേഹം നേരത്തെ പറഞ്ഞു നിങ്ങളാരും സഹകരിച്ചില്ലെന്ന്; ഞങ്ങൾ സഹകരിച്ചു; നിങ്ങൾക്കാണ് മാറ്റം വന്നത്; എന്നാൽ വി.എസ്. അച്യുതാനന്ദൻ അതിൽ പങ്കെടുത്തിരുന്നു. അന്ന് ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് നടത്തിയ മന്ത്രിസഭയ്ക്കകത്ത് ഐക്യമുണ്ടായിരുന്നില്ല. അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ഇന്നത്തെ യു.ഡി.എഫ്. കൺവീനറാണ്. ഒരു ഇഞ്ച് ഭൂമി നൽകിയില്ല, ഞങ്ങളാരും അറിയാത്ത പദ്ധതികളാണെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞു. അന്നത്തെ ഹരിത എം.എൽ.എ.-മാരുടെ പ്രസ്താവന നോക്കിക്കോ; ഇന്നവർ നിങ്ങളോടൊപ്പമുണ്ടല്ലോ; നിങ്ങൾക്കൊരു

യോജിപ്പുമുണ്ടായിരുന്നില്ല. നിങ്ങളുടെ മുന്നണി എപ്പോഴൊക്കെ കേരളത്തെ ഭരിച്ചാലും നിങ്ങളുടെ തമ്മിലടി മാത്രമാണ് കേരളത്തിലെ വികസനങ്ങളെ മുടക്കിയിട്ടുള്ളത്. അല്ലാതെ ഇങ്ങോട്ട് നോക്കേണ്ട; നിങ്ങൾ തമ്മിലുള്ള തർക്കങ്ങൾ....(ബഹളം....)

മി. സ്പീക്കർ: പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് അദ്ദേഹവും പറഞ്ഞത്. യെസ്സ്....യെസ്സ്..... അങ്ങ് പറയൂ.

ശ്രീ. പി. രാജീവ്: സർ, തുരങ്കപാത നിങ്ങൾ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചില്ലേ; നേരത്തെ ഞങ്ങൾ കെ-റെയിലെന്ന് പറഞ്ഞപ്പോൾ അതിനെ എതിർത്തവർ ബി.ജെ.പി. കെ-റെയിൽ, അതിവേഗ റെയിൽ എന്നൊക്കെ പറയുമ്പോൾ സ്വാഗതം പറഞ്ഞില്ലേ; ഈ അന്തർധാര കേരളത്തിന് അറിയില്ലേ; സാധാരണരീതിയിൽ ബഹു. അംഗത്തെപ്പോലൊരാൾ ഇങ്ങനെയൊരു ചോദ്യം ചോദിക്കുന്നതല്ല. തിരഞ്ഞെടുപ്പിന്റെ വക്കത്ത് നിൽക്കുന്നതുകൊണ്ടായിരിക്കാം അങ്ങനെയൊരു ചോദ്യം ഉന്നയിച്ചതെന്ന് മാത്രമെ ഞാൻ കരുതുന്നുള്ളൂ. വ്യവസായ രംഗത്ത് നല്ല രീതിയിൽ കേരളം മാറിയിരിക്കുന്നു. ആ മാറ്റം മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുന്നുവെന്ന് മാത്രമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിന് മുമ്പ് പ്രഖ്യാപിച്ച പദ്ധതിയായിരുന്നു അങ്കമാലിയിലെ ഗിഫ്റ്റ് സിറ്റി. അങ്ങും ഞാനുമുൾപ്പെടെ എത്രയോ തവണ ഭൂവുടമകളും ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ആ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോവുകയും ചെയ്തു. ഏറ്റവുമൊടുവിൽ അങ്ങ് തന്നെ പദ്ധതി

പ്രദേശത്ത് വന്ന് ഭൂവുടമകളുമായി സംസാരിച്ചു. അതിന്റെ പലിശയുൾപ്പെടെ ഒഴിവാക്കികൊടുക്കാനായി ഭൂവുടമകൾ സമ്മതം അറിയിച്ചതിനെത്തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. എന്നാൽ, പദ്ധതി പ്രഖ്യാപനം നടത്തി അഞ്ചുവർഷങ്ങൾ കഴിഞ്ഞിട്ടും ടി പദ്ധതിക്കായി നാളിതുവരെ ഒരു സെന്റ് ഭൂമിപോലും ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ ഗ്ലോബൽ സിറ്റി പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ അഞ്ചുവർഷംമുമ്പ് പ്രഖ്യാപിച്ച ഗിഫ്റ്റ് സിറ്റിയുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. പക്ഷെ കേന്ദ്ര സർക്കാരിന്റെ അനുമതിയുണ്ടായിരുന്ന സമയത്ത് ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ല. നിരവധി പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചുവെന്ന് അങ്ങ് തന്നെ ഇവിടെ പറയുകയുണ്ടായി. ഭൂമിയുടെ ലഭ്യതയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നതിനാൽ എത്രയും വേഗം അങ്കമാലി ഗിഫ്റ്റ് സിറ്റിയുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഭൂവുടമകൾക്ക് പണം കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം സൂചിപ്പിച്ചകാര്യം വളരെ ഗൗരവമുള്ള വിഷയമാണ്. ബഹു. അംഗവും ഈ പ്രശ്നത്തിൽ എന്നോടൊപ്പം സജീവമായി ഇടപെട്ടുകൊണ്ടിരുന്ന ആളാണ്. പക്ഷെ അദ്ദേഹത്തിന്റെ ചോദ്യം എന്താണെന്നതിന്റെ

മർമ്മഭാഗത്തേയ്ക്ക് കടക്കാതെ ഒരു പരാമർശത്തിലൂടെ പറഞ്ഞ് അവസാനിപ്പിക്കുകയാണ് ചെയ്തത്. ഗിഫ്റ്റ് സിറ്റി, കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ രണ്ടാം നോഡിൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നതിനനുസരിച്ച് ഒന്നാമത്തെ നോഡിന്റെ ഭാഗമാക്കാൻ അവർ സമ്മതിക്കുകയുണ്ടായി. ഒന്നാം നോഡ് തത്വത്തിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. അവിടെ 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 500 കോടി രൂപ മാറ്റിവച്ചു. അവസാനം ബഹുമാന്യനായ എം.എൽ.എ., എം.പി., പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ എന്നിവരുടെ ആവശ്യപ്രകാരം 500 ഏക്കർ എന്നത് 356 ഏക്കറാക്കി ചുരുക്കി. 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 500 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പക്ഷെ, അവസാനഘട്ട വാല്യുവേഷൻ വന്നപ്പോൾ 500 എന്നത് 850 കോടി രൂപയായി ഉയർന്നു. നിങ്ങൾ എപ്പോഴും എതിർത്തുകൊണ്ടിരിക്കുന്ന, ഇപ്പോഴും എതിർക്കുന്ന കിഫ്ബിയിൽനിന്ന് കൃത്യസമയത്ത് ടി ഫണ്ട് നൽകാനും തയ്യാറായിരുന്നു. എന്നാൽ ഗുജറാത്തിലെ അഹമ്മദാബാദിൽ ഗിഫ്റ്റ് സിറ്റിയുണ്ടെന്നും ആ പേര് അവർക്ക് മാത്രമുള്ളതാണെന്നും ഗിഫ്റ്റ് സിറ്റിയെന്ന പേര് മാറ്റണമെന്നും ആവശ്യപ്പെട്ട് നോട്ടീസ് ലഭിക്കുകയുണ്ടായി. യൂണിയൻ ഗവൺമെന്റ് അംഗീകരിച്ച പദ്ധതിയായ ഗിഫ്റ്റ് സിറ്റി എന്നത് ഗ്ലോബൽ സിറ്റി എന്നാക്കി മാറ്റി. ഗ്ലോബൽ സിറ്റിയും ഗ്ലോബൽ കേപബിലിറ്റി സെന്ററും രണ്ടും രണ്ടാണ്. അക്കാര്യം ബഹുമാന്യനായ അംഗത്തിന് അറിയാമെന്ന് കരുതുന്നു. ഗ്ലോബൽ സിറ്റിയിൽ ജി.സി.സി. കൂടി കൊണ്ടുവരാമെന്നേയുള്ളൂ. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന് 1710 ഏക്കർ

ഭൂമി കേവലം 10 മാസംകൊണ്ടാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയത്. പ്രധാനമന്ത്രി പ്രഖ്യാപിച്ച 12 പദ്ധതികളിൽ ഇപ്പോൾ ടെൻഡർ അവാർഡ് ചെയ്ത് നിർമ്മാണം നടക്കുന്നത് പാലക്കാട് സ്മാർട്ട് സിറ്റി മാത്രമാണ്. ഗിഫ്റ്റ് സിറ്റിയുടെ പേര് മാറ്റുകയും അതിന്റെ ഡിസൈൻ, മാസ്റ്റർ പ്ലാൻ എന്നിവ സമർപ്പിക്കുകയും കോൺട്രാക്ട് നൽകുകയും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്തപ്പോൾ അതെല്ലാം നിർത്തിവയ്ക്കാൻ യൂണിയൻ ഗവൺമെന്റ് കത്തയയ്ക്കുകയുണ്ടായി. അക്കാര്യത്തിൽ ഇടപെടണമെന്ന് അവിടത്തെ എം.പി.-യോടും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും എം.പി. ആവശ്യപ്പെട്ടതുകൂടാതെ കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ നേരിൽക്കണ്ട് ആവശ്യപ്പെടുകയും ചെയ്തെങ്കിലും ആ പദ്ധതി താൽക്കാലത്തേക്ക് മാറ്റി വയ്ക്കാനാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നമ്മൾ ഭൂവുടമകളായി ചർച്ച ചെയ്തിട്ടുള്ളതാണ്. ഗിഫ്റ്റ് സിറ്റി നിലവിൽ വന്നാൽ അത് സംസ്ഥാനത്തിന് ഗുണപ്രദമാണ്. ഇതിനായി പണം മുടക്കാൻ കേന്ദ്രത്തിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അഹമ്മദാബാദ് ഗിഫ്റ്റി സിറ്റിയുടെ അതേ സ്റ്റാറ്റസ് എങ്കിലും നൽകണമെന്നാണ് ഇപ്പോൾ സർക്കാർ ആവശ്യപ്പെട്ടത്. ഗിഫ്റ്റ് സിറ്റിയുടെ സ്റ്റാറ്റസ് എന്നുപറഞ്ഞാൽ ഇന്റർനാഷണൽ ജൂറിസ്ഡിക്ഷനാണ്. ഇന്ത്യയുടെ നിയമങ്ങൾ ഒന്നും അവിടെ ബാധകമല്ല എന്നത് ഇതിന്റെ പ്രത്യേകതയാണ്. അതേ സ്റ്റാറ്റസ് ഉണ്ടെങ്കിൽ മാത്രമെ നമുക്ക് ഇൻവെസ്റ്റേഴ്സിനെ ഇങ്ങോട്ട് കൊണ്ടുവരാൻ കഴിയുള്ളൂ. അവർക്ക് പ്രത്യേക സ്റ്റാറ്റസ് നൽകുകയും എന്നാൽ നമുക്ക് ആ സ്റ്റാറ്റസ് ലഭിക്കാതിരിക്കുകയും ചെയ്താൽ ഇവിടത്തെ ലോക്കൽ, പഞ്ചായത്ത്, കേന്ദ്രം

തുടങ്ങിയ എല്ലാതരത്തിലുമുള്ള ടാക്സുകൾ ഇവിടെ ബാധകമാകും. എന്നാൽ ഗിഫ്റ്റ് സിറ്റിയിൽ പോകുന്നയാൾക്ക് ആ ടാക്സ് ഒന്നുമില്ലാതെ അവിടെ നിക്ഷേപിക്കാം. ഈ ടാക്സെല്ലാം കൊടുക്കേണ്ടി വന്നാൽ നിക്ഷേപം നടത്തുന്നവർ സ്വഭാവികമായും കേസിന് പോകും. 1000 കോടി രൂപ സ്ഥലത്തിനും അതിന്റെകൂടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് 600 കോടി രൂപയെങ്കിലും വരും. 1600 കോടി രൂപ 350 ഏക്കറിന് ചെലവ് വരുമെന്നുപറഞ്ഞാൽ ഒരു ഏക്കറിന് ഏകദേശം എത്ര കോടിയാകുമെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അത്രയും നിക്ഷേപം ഭൂമിക്ക് ചെലവഴിച്ച് ഒരു നിക്ഷേപകനെ കൊണ്ടുവരുമ്പോൾ ഈ സ്റ്റാറ്റസ് എങ്കിലും ഇല്ലെങ്കിൽ ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് ഈ സ്റ്റാറ്റസിനുവേണ്ടി കേന്ദ്രത്തിലേക്ക് കത്തയച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.-മാരിൽ ശ്രീ. റോജി എം. ജോണിന്റെ പാർട്ടിക്കാണല്ലോ കൂടുതൽ ആളുകളുള്ളത്. അങ്ങാണെങ്കിൽ കർണാടകയുടെ ചുമതല നിർവഹിച്ച് ഇങ്ങോട്ട് വന്നിട്ടേയുള്ളൂ. എല്ലാവരോടും പറഞ്ഞ് അത് നേടിയെടുക്കാനായി നമുക്കൊരു ശ്രമം നടത്തണം. സ്റ്റാറ്റസ് കിട്ടിയാൽ അവർ പണം തന്നില്ലെങ്കിലും ഇക്കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

മാരിടൈം മേഖലയിലെ വികസനം

2(*32) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-

ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ മാരിടൈം മേഖലയും അനുബന്ധ മേഖലകളും വളർച്ചയുടെ പാതയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനനുസൃതമായി സംസ്ഥാനത്തെ ലോജിസ്റ്റിക്സ്, മാരിടൈം വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ നിക്ഷേപം ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തും മാരിടൈം മേഖല വികസിക്കുന്ന സാഹചര്യത്തിൽ മാരിടൈം കേസുകൾ കൈകാര്യം ചെയ്യാൻ ഒരു ടൈബ്യൂണൽ രൂപീകരിക്കാനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) ഉണ്ട്. അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ മാരിടൈം മേഖലയും അനുബന്ധ മേഖലകളും വികസനത്തിന്റെ പാതയിലാണ്.

1. അന്താരാഷ്ട്ര തലത്തിലുള്ള വളർച്ച

ലോകവ്യാപാരത്തിന്റെ വലിയ ഒരു ശതമാനം നടക്കുന്നത് സമുദ്രമാർഗമാണ്. ആഗോളതലത്തിൽ മാരിടൈം മേഖലയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നു:

മെഗാകപ്പലുകളുടെ കാലം: 20,000-ത്തിലധികം കണ്ടെയ്നറുകൾ വഹിക്കാൻ ശേഷിയുള്ള ഭീമൻ കപ്പലുകൾ (Ultra Large Container Vessels) ഇന്ന് വ്യാപകമാണ്.

ഡിജിറ്റലൈസേഷൻ: സ്മാർട്ട് പോർട്ടുകൾ, ഓട്ടോമേഷൻ, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ എന്നിവ വഴി ചരക്ക് നീക്കം വേഗത്തിലാകുന്നു.

ഗ്രീൻ ഷിപ്പിംഗ്: പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന കപ്പലുകൾക്കായി അന്താരാഷ്ട്രതലത്തിൽ വലിയ നിക്ഷേപങ്ങൾ നടക്കുന്നു.

2. ദേശീയ തലത്തിലുള്ള മാറ്റങ്ങൾ (National Perspective)

ഇന്ത്യയെ ഒരു ആഗോള മാരിടൈം ശക്തിയാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിലാണ്:

സാഗർമാല പദ്ധതി (Sagarmala Project):

തുറമുഖങ്ങളുടെ ആധുനികവൽക്കരണം, കണക്റ്റിവിറ്റി വർധിപ്പിക്കൽ എന്നിവയിലൂടെ ഇന്ത്യയുടെ തീരദേശ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു.

മാരിടൈം അമൃത് കാൽ വിഷൻ 2047:

അടുത്ത രണ്ട് പതിറ്റാണ്ടിനുള്ളിൽ ഇന്ത്യയെ ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് മാരിടൈം രാജ്യങ്ങളിൽ ഒന്നാക്കി മാറ്റുകയാണ് ലക്ഷ്യം.

3. അനുബന്ധ മേഖലകളുടെ വികാസം

തുറമുഖം എന്നത് കേവലം കപ്പലുകൾ വരാനുള്ള ഇടമല്ല, മറിച്ച് ഒരു വലിയ സാമ്പത്തിക കേന്ദ്രമാണ്:

ലോജിസ്റ്റിക്സ് & വെയർഹൗസിങ്

ബങ്കറിങ് (Bunkering)

ക്രൂചേഞ്ച് (Crew Change)

ചുരുക്കത്തിൽ, ലോകം ഒരു 'ബ്ലൂ ഇക്കണോമി' (Blue Economy) അഥവാ സമുദ്ര കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയിലേക്ക് നീങ്ങുകയാണ്. 2024 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് തുറമുഖം ദേശീയ-അന്താരാഷ്ട്ര മാരിടൈം മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടും.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് കിൻഫ്ര, നിരവധി സ്ഥലം ഏറ്റെടുക്കാനും, പാർക്കുകൾ നിർമ്മിക്കാനും തീരുമാനിച്ചു. കാട്ടാക്കട താലൂക്കിൽ മണ്ണൂർകര വില്ലേജിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി തീരുമാനിക്കുകയും അതനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. ആയതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയാണ്. നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. റവന്യൂ വകുപ്പിന്റെ പുതുക്കിയ നടപടിക്രമങ്ങൾ അനുസരിച്ചുള്ള വിവിധ ഘട്ടത്തിലുള്ള കാര്യങ്ങൾ നടന്നുവരികയാണ്. സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കി, ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ ജില്ലാകളക്ടർ മുഖാന്തരം നടക്കുകയാണ്. നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിലെ 106 ഏക്കർ ഭൂമിയുടെ പ്രാഥമിക സ്ഥലപരിശോധന പൂർത്തിയാക്കി. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിശോധന ഒന്നാംഘട്ടത്തിൽ

കഴിഞ്ഞു. ഏറ്റെടുക്കേണ്ട ഭൂമിയുടെ ഡോക്യുമെന്റുകൾ കൃത്യമായി ലഭ്യമാകുന്ന ഘട്ടത്തിൽ ആയതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജിൽ 400 ഏക്കർ ഭൂമിയുടെയും പ്രാഥമിക സ്ഥലപരിശോധന പൂർത്തിയായി.

സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ കിൻഫ്ര പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം കൊണ്ടുവരികയുണ്ടായി. അതുപ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ, മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലോ ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർഹൗസിങ്ങിനുംവേണ്ടി ഒരു പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യാവുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവയ്ക്കുന്നതാണ്. പുതുക്കിയ നയം പ്രകാരം യഥാർഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ് ലീസ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് പോളിസിക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കിൻഫ്ര പാർക്കുകളിൽ നിരവധി ലോജിസ്റ്റിക് കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കളമശ്ശേരി ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈയിൽ സെന്റർ കണ്ണൂർ, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് കാക്കഞ്ചേരി, കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് തലശ്ശേരി, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തിരുവനന്തപുരം, കിൻഫ്ര മെഗാ ഫുഡ് പാർക്ക് പാലക്കാട്, തുടങ്ങിയ പാർക്കുകളിൽ

സെൻട്രൽ വെയർഹൗസിങ് കോർപറേഷനും മറ്റ് പ്രൈവറ്റ് വെയർഹൗസുകളും പ്രവർത്തിച്ചുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായ-ലോജിസ്റ്റിക് വികസനത്തിനാവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

ഔട്ടർ റിങ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം-പുനലൂർ-കൊല്ലം വളർച്ചാത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, Container Freights Stations (CFSs), വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, Free Trade & Warehousing Zone (FTWZ) തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.

അതോടൊപ്പം, IOCL സഹകരണത്തോടെ ബങ്കറിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായിട്ടുണ്ട്. Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നതും ശ്രദ്ധേയമാണ്.

വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനുണ്ടെങ്കിലും, ഒന്നാം

ഘട്ടത്തിൽത്തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ-ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കി മാറ്റുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്.

(സി) കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കേന്ദ്ര സർക്കാർ പുതുതായി പുറപ്പെടുവിച്ച തുറമുഖ നിയമം-2025 അനുസരിച്ച് മാരിടൈം സംബന്ധമായ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ സംസ്ഥാനങ്ങളും പരാതി പരിഹാര കമ്മിറ്റി (Dispute Resolution Committee) രൂപീകരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. തുറമുഖ ആക്ട് 2025 നിലവിൽ വരുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് ഇത്തരത്തിലുള്ള ഡിസ്പ്യൂട്ട് റെസൊല്യൂഷൻ കമ്മിറ്റി സർക്കാർ രൂപീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വിഴിഞ്ഞം തുറമുഖം ഉൾപ്പെടെ മാരിടൈം മേഖലയിലെ പ്രവർത്തനങ്ങളേറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ പുരോഗിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്കുള്ള സാധ്യത കണക്കിലെടുത്ത് പുതിയൊരു ലോജിസ്റ്റിക് പാർക്ക് നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരം കാര്യങ്ങളിൽ ഇതിനോടകംതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. കിൻഫ്ര ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചതിന്റെ ഭാഗമായി നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ ഭൂമി കണ്ടെത്തുകയും അതുസംബന്ധിച്ച ആദ്യഘട്ട നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ പ്രധാന തീരദേശ പട്ടണങ്ങളിലൊന്നായ കൊടുങ്ങല്ലൂരിൽ കോട്ടപ്പുറം മുതൽ എറണാകുളം വരെയുള്ള വലിയ ചരക്കുബോട്ടുകളും യാത്രാ ബോട്ടുകളും സർവീസ് നടത്തിയിരുന്ന ജലപാത നിലവിൽ വേണ്ടവിധം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ചരക്ക് നീക്കത്തിനും വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും ഏറെ പ്രയോജനപ്പെടുന്ന പ്രസ്തുത ജലപാത വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതുസംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ ആലോചിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിലെ വിഴിഞ്ഞം പോർട്ടും ചെറുകിട പോർട്ടുകളും സംയോജിപ്പിച്ചുകൊണ്ടുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഒരു ലോജിസ്റ്റിക് പാർക്ക് നിർമ്മിക്കുന്നതിനെക്കുറിച്ചും അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആധുനികമായ ഗ്രീൻ പോർട്ട് പരിസ്ഥിതി സൗഹൃദ സ്മാർട്ട് പോർട്ടുകളായി മാറ്റുന്നതോടൊപ്പം ഗ്രീൻ ഹൈഡ്രജൻ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള പദ്ധതികളും ചെയ്യുന്നുണ്ട്. കേരളത്തെ ഇന്ത്യയിലെ മാരിടൈം ഇന്നവേഷൻ ഹബ്ബാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; ലോജിസ്റ്റിക് മേഖലയിൽ എ.ഐ., ഐ.ഒ.ടി. അടക്കമുള്ളവ ലോജിസ്റ്റിക്സ് മേഖലയിൽ കൊണ്ടുവരുന്നതിനും മാരിടൈം ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ച് മാരിടൈം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാനും ഈ മേഖലയിൽ യുവതലമുറയ്ക്ക് വ്യവസായ സാധ്യതകൾ ഒരുക്കാനും കഴിയുന്ന രീതിയിലുള്ള സംവിധാനമുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, മാരിടൈം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാനും ഈ മേഖലയിൽ യുവതലമുറയ്ക്ക് വ്യവസായ സാധ്യതകൾ ഒരുക്കുന്നതിനുമുള്ള പുതിയ വ്യവസായ സാധ്യതകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, കേരളത്തിന്റെ സമുദ്രതീരത്ത് ഇറമുഖത്തിനായി പ്രഖ്യാപനം നടത്തിയ മേഖല കേന്ദ്രീകരിച്ച് സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, MSC ELSA3 എന്ന കപ്പൽ 2025 മേയ് മാസം 25-ാം തീയതിയാണ് കടലിൽ മുങ്ങിയത്. അറുന്നൂറോളം കണ്ടെയ്നറുകളും ഡീസലും ബങ്കർ ഓയിലുമുൾപ്പെടെ കടലിൽ മുങ്ങിക്കിടക്കുകയാണ്. ഇന്ത്യൻ പോർട്ട് ആക്ടിന്റെയും ഇന്ത്യൻ മറൈൻ ഷിപ്പിങ് ആക്ടിന്റെയും ഇന്റർനാഷണൽ കൺവെൻഷനുകളുടെയുമെല്ലാം അടിസ്ഥാനത്തിൽ കപ്പലുടമകളാണ് അവയെല്ലാം നീക്കം ചെയ്യേണ്ടത്. അവരത് ചെയ്തില്ലെങ്കിൽ സർക്കാർ ഇടപെട്ട് നീക്കം ചെയ്യണമെന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ അത് നീക്കം ചെയ്യാതിരിക്കുകയും അവിടുത്തെ പരിസ്ഥിതിയെയും ജനങ്ങളെയും മത്സ്യത്തൊഴിലാളികളെയും വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇത് നീക്കം ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അന്താരാഷ്ട്ര കപ്പൽചാലിലൂടെ വരുന്ന കപ്പലുകൾ മുങ്ങിയാൽ കേന്ദ്ര ഷിപ്പിങ് മന്ത്രാലയമാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. അക്കാര്യം സംസ്ഥാന സർക്കാർ കൃത്യമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

അതോടൊപ്പം സംസ്ഥാനത്തിന് സംഭവിച്ച നഷ്ടം ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം പദ്ധതിയെ എതിർക്കുമെന്നും തടസ്സപ്പെടുത്തുമെന്നും പ്രഖ്യാപിച്ചവർക്കുമുമ്പിൽ സമയബന്ധിതമായി ആയത് യാഥാർഥ്യമാക്കി 2028-ഓടുകൂടി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. നെയ്യാറ്റിൻകരയുമായി ഏറ്റവും അടുത്തുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ ഭാവി വികസനത്തിൽ നെയ്യാറ്റിൻകരയെ ഏറ്റവും പ്രധാനപ്പെട്ട വികസന കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോ; അതുസംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ നെയ്യാറ്റിൻകര താലൂക്കിൽ 406 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ അടുത്ത ഘട്ടം സംബന്ധിച്ച് ജില്ലാതലത്തിൽ ആലോചനകൾ നടത്തിയിട്ടുണ്ട്. അത്തരത്തിൽ വലിയ വികസനം സാധ്യമാക്കാനുള്ള നടപടികൾ പുരോഗിക്കുന്നുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, വൻകിട തുറമുഖങ്ങൾ നിക്ഷേപ സമാഹരണത്തിലൂടെ മുന്നേറുമ്പോൾ പൗരാണിക വ്യാപാര കവാടമായിരുന്ന വടകര തുറമുഖം പോലെയുള്ള ചെറുതുറമുഖങ്ങൾ ദൈനംദിന ചെലവുകൾക്കുപോലും വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. സാധാരണക്കാരായ മണൽവാരൽ തൊഴിലാളികൾ കടലാഴങ്ങളിൽ പതിയിരിക്കുന്ന

അപകടങ്ങൾക്കിടയിലൂടെ മുങ്ങിത്തപ്പി വാരുന്ന മണൽ വിൽപനയിലൂടെയാണ് ഇപ്പോൾ തുറമുഖത്തിന്റെ ദൈനംദിന ചെലവുകൾപോലും നിർവഹിക്കപ്പെടുന്നത്. മണൽവാരുന്ന തൊഴിലാളികൾക്ക് മതിയായ കൂലിയോ അപകട ഇൻഷ്വറൻസോ ക്ഷേമനിധി പോലുള്ള ആനുകൂല്യങ്ങളോ ലഭ്യമാകുന്നില്ല. ഇതുസംബന്ധിച്ച് തൊഴിലാളികളും ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം ബഹു. ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു വ്യവഹാരത്തിന്റെ ഫലമായി എകദേശം പത്ത് വർഷക്കാലം മുടങ്ങിക്കിടക്കുകയായിരുന്നു. ഇപ്പോൾ കോടതി വിധി വരികയും അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. അതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഗ്ലോബൽ എക്സ്പ്രഷൻസ് ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ടായിരുന്നു. നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. താൽപര്യപത്രം ക്ഷണിക്കുകയും അതുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ടുനീങ്ങുകയുമാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ കപ്പൽ ജീവനക്കാരുള്ള പ്രദേശമാണ് മഞ്ചേശ്വരം മണ്ഡലം. അവരെ 'സീമെൻസ്' എന്നാണ് വിളിക്കുന്നത്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഒരു മാരിടൈം അക്കാദമി സ്ഥാപിക്കുന്നതിനുള്ള ആലോചനകളും ചർച്ചകളും വർഷങ്ങളായി നടക്കുന്നുണ്ട്. കപ്പൽ തൊഴിലാളികളുടെ മക്കൾക്ക് ഒരു സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ മുംബൈ അല്ലെങ്കിൽ ഡൽഹിയെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് മഞ്ചേശ്വരത്ത് ഒരു മാരിടൈം അക്കാദമി സ്ഥാപിക്കുന്ന കാര്യം അങ്ങയുടെ പരിഗണനയിലുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ കൊടുങ്ങല്ലൂരിലും നീണ്ടകരയിലുമാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുള്ളത്. ഒരു അക്കാദമി സ്ഥാപിക്കുന്ന കാര്യം ഭാവിയിൽ ആലോചിക്കാവുന്നതാണ്. നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് റെയിൽ കണക്ടിവിറ്റിക്ക് എത്ര കോടി രൂപയാണ് ചെലവാകുന്നത്; എന്നത്തേക്ക് അത് പൂർത്തിയാകും?

ശ്രീ. വി. എൻ. വാസവൻ: സർ, 10.27 കിലോമീറ്ററാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ആവശ്യമായി വരുന്ന റെയിൽപാത. അതിൽ 9.2 കിലോമീറ്റർ തുരങ്ക

പാതയാണ്. നിലവിൽ അതിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ 1482 കോടി രൂപ ഇതിനായി മാറ്റി വച്ചിട്ടുണ്ട്. രണ്ട് വില്ലേജുകളിൽ ഭൂമിയേറ്റെടുത്തുകഴിഞ്ഞു. ബാക്കിയുള്ളതിന്റെ നടപടിക്രമങ്ങൾ കൊങ്കൺ റെയിൽവേ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തെ സംബന്ധിച്ച് പൊതുവിൽ അപ്രധാനവും അപ്രസക്തവുമെന്ന് കരുതിയ മേഖലയായിരുന്ന തുറമുഖം. എന്നാൽ, ഗവൺമെന്റും തുറമുഖ വകുപ്പും നടത്തിയ ഇടപെടലുകളുടെ ഭാഗമായി ഇന്ന് ലോകശ്രദ്ധയാകർഷിക്കുന്ന നിലയിൽ വിഴിഞ്ഞം തുറമുഖം മാറിയിട്ടുണ്ട്. എന്റെ ചോദ്യം, തുറമുഖ വകുപ്പിനുകീഴിലുള്ള നിഷ്ക്രിയാസ്തികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിഷ്ക്രിയാസ്തികളായിട്ടുള്ള ഭൂമി, കെട്ടിടങ്ങൾ, ചില ബംഗ്ലാവുകൾ എന്നിവ ടെൻഡർ ചെയ്ത് പുനരുദ്ധരിച്ച് വീണ്ടും ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു. ഉടൻതന്നെ തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ബേപ്പൂർ തുറമുഖം, കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്, നിർമ്മാണം പുരോഗമിച്ചുവരുന്ന ദേശീയ പാത എന്നിവയുടെ സാധ്യതകൾ പരിഗണിച്ച് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കാൻ എന്തെങ്കിലും തരത്തിലുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അക്കാര്യം ഭാവിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഗവൺമെന്റ് പ്രഖ്യാപിച്ച മലബാർ ഇന്റർനാഷണൽ ഗ്രീൻഫീൽഡ് പോർട്ട് യാഥാർഥ്യമാക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞിരുന്നു. അതുസംബന്ധിച്ചുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ പ്രസ്തുത പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചാലുടൻ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിഴിഞ്ഞം പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ചപ്പോൾ ആറായിരം കോടി രൂപയുടെ അഴിമതിയാരോപണമാണ് ഉന്നയിച്ചത്. എന്നാൽ അതിനുശേഷവും ടി പദ്ധതി നടപ്പാക്കാൻ കേരളത്തിൽ അധികാരത്തിൽവന്ന സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി കണക്ട് ചെയ്യുന്ന നാഷണൽ ഹൈവേ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത ഹൈവേയുടെ താൽക്കാലിക അപ്രോച്ച് റോഡ് കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഫെബ്രുവരി മാസത്തിൽത്തന്നെ

കണക്ഷനാകും. ഇനിയുള്ളത് ഫ്ലഡ് റിലീഫ് റോഡും റിങ് റോഡുമുൾപ്പെടെയുള്ള മറ്റു കണക്ടിവിറ്റികളാണ്. അതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കേന്ദ്രാവഗണന മൂലമുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യാൻ നടപടി

3(*33) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതം വർധിപ്പിക്കുന്നതിന് ആനുപാതികമായി കേരളത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രസർക്കാർ വർധിപ്പിക്കുന്നുണ്ടോ; കേന്ദ്ര വിഹിതം കാലവിളംബം കൂടാതെ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിത തുകയിൽനിന്നും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിവിധ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാരിന്റെ വിവിധ സൂചികകൾ പ്രകാരം സംസ്ഥാനം പുരോഗതി നേടിയിട്ടും കേന്ദ്രസർക്കാരിൽനിന്നും കൂടുതൽ വിവേചനം നേരിടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) നിലവിലെ സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് സർക്കാർ നടത്തുന്ന ധനദൃഢീകരണ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടോ; ഈ പ്രവർത്തനങ്ങളെ കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ പ്രകീർത്തിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷനിൽ 3.88 ശതമാനമായിരുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷംതോറും ഉണ്ടാകുന്നത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനായിരുന്നു. ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ, രാജസ്ഥാൻ തുടങ്ങി ഇരുപതോളം സംസ്ഥാനങ്ങൾക്ക് വിഹിതത്തിൽ വർധനവാണ് ഉണ്ടായിട്ടുള്ളത്. നികുതി വിഹിതം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. എന്നാൽ ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള മറ്റ് ഗ്രാന്റുകൾ ലഭിക്കുന്നതിൽ വിവിധ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളതിനാൽ കാലതാമസം നേരിടുന്നുണ്ട്.

പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ശിപാർശ ചെയ്ത വിഹിതം (ശതമാന കണക്കിൽ) പട്ടികയായി ചുവടെ ചേർക്കുന്നു.

ധനകാര്യ കമ്മീഷൻ		കേരളത്തിന് ലഭിച്ച വിഹിതം (ശതമാനത്തിൽ)
X(1995-2000)		3.88
XI (2000-05)		3.06
XII (2005-10)		2.67
XIII (2010-15)		2.34
XIV (2015-20)		2.50
XV	(2020-21)	1.943
	(2021-26)	1.925

മേൽ പറഞ്ഞ പ്രകാരമുള്ള കുറവാണ് വന്നിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി മുൻ വർഷങ്ങളിലേതുൾപ്പെടെ 2025 സെപ്തംബർ മാസം വരെ കേന്ദ്ര സർക്കാരിൽനിന്ന് 5650.45 കോടി രൂപ ലഭിക്കുവാനുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ഇത് സംബന്ധിച്ച് ആശയവിനിമയം നടത്തി വരുന്നുണ്ട്.

(സി) ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കേണ്ട നികുതി വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുള്ളത്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് (Vertical Fiscal Imbalance) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50% എങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവെക്കണമെന്നുള്ള വ്യക്തമായ വാദങ്ങളും മറ്റ് സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ കാര്യമായ മാറ്റംവരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതവും ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾക്കിടയിലുള്ള തിരശ്ചീന നികുതി വിഭജനത്തിനായി (Horizontal Devolution) സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ

സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സംയുക്ത റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടെങ്കിലും അനൗൺസ് ചെയ്തിട്ടില്ല.

(ഡി) ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിച്ചുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടർച്ച നൽകാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പദ്ധതി ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേക്ക് തിരിച്ചുവന്നിരിക്കുന്നുവെന്നാണ് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനം മികച്ച പ്രകടനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ

സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 75 ശതമാനവും തനത് നികുതി, നികുതിയേതര വരുമാനത്തിൽ നിന്നായിരുന്നു. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടേതിൽനിന്ന് വ്യത്യസ്തമാണ്. ഇപ്രകാരം സാമ്പത്തിക രംഗത്ത് സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നതെങ്കിലും 2020-21-ൽ 38.47 ശതമാനമായിരുന്ന കടബാധ്യത ആഭ്യന്തര ഉൽപാദന അനുപാതം 2024-25-ൽ 34.87 ശതമാനത്തിലേക്ക് താഴ്ന്നു. സി.&എ.ജി.യുടെ State Finances 2022-23 റിപ്പോർട്ട് പ്രകാരം Public Debt, ജി.എസ്.ഡി.പി.യുടെ 24.71 ശതമാനമാണ്. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം 2015-16-ൽ 5.61 ലക്ഷം കോടി രൂപയായിരുന്നത് 2024-25-ൽ 12.49 ലക്ഷം കോടി രൂപയായി വർധിച്ചിട്ടുണ്ട്. ശരാശരി 12 ശതമാനം സാമ്പത്തിക വളർച്ച സാധിക്കുന്നുണ്ട്. ആളോഹരി വരുമാനം 2016-ലെ 1,64,554 രൂപയിൽനിന്ന് 2024-ൽ 3,17,723 രൂപയിലെത്തിയിട്ടുണ്ട്. കേരളത്തിന്റെ ധന മാനേജ്മെന്റ് മെച്ചപ്പെട്ട നിലയിലാണെന്ന് ആർ.ബി.ഐ.-യുടെ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റുകളെ സംബന്ധിച്ച പഠന റിപ്പോർട്ടും സി.&എ.ജി.-യുടെ 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടും സൂചിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്ര സർക്കാർ കേരളത്തിന് അർഹതപ്പെട്ട സാമ്പത്തിക വിഹിതം നൽകാതെ ബുദ്ധിമുട്ടിക്കുമ്പോഴും കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരിനെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. ബി.ജെ.പി. അനുകൂല സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ അവിഹിത സഹായം നൽകുന്ന

കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തിക ഉപരോധം കാരണമുണ്ടായ പ്രതിസന്ധികൾ വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യയിലെ സംസ്ഥാനങ്ങളോട് കേന്ദ്ര സർക്കാർ വ്യത്യസ്ത സമീപനമാണ് സ്വീകരിക്കുന്നതെന്ന പരാതി വിവിധ സംസ്ഥാനങ്ങൾ ഉന്നയിക്കുന്നുണ്ട്. കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിന്റെ പുതിയ Rate Rationalisation-ന് മുമ്പ് ഇന്ത്യയിലെ എട്ട് പ്രതിപക്ഷ സംസ്ഥാനങ്ങളുടെ ഒരു യോഗം ചേർന്നിരുന്നു. കോൺഗ്രസ് ഭരിക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരും അതിൽ പങ്കെടുത്തിരുന്നു. ഈ വിഷയം സംബന്ധിച്ച് ഒരേ അഭിപ്രായമാണ് അന്നത്തെ യോഗത്തിൽ പങ്കെടുത്ത എല്ലാവരും പറഞ്ഞത്. അടുത്ത സാമ്പത്തിക വർഷം കേരളത്തിന് എണ്ണായിരത്തോളം കോടി രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിനായി കോമ്പൻസേഷൻ തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരേ രീതിയിലല്ല വരുമാനം ലഭിക്കുന്നത്. നേരത്തെ ധനകാര്യ കമ്മീഷൻ വിഹിതം ഓരോ സംസ്ഥാനത്തിനും നൽകുമ്പോൾ കേരളം, ആസ്സാം, ജാർഖണ്ഡ്, ഒറീസ എന്നീ സംസ്ഥാനങ്ങൾക്ക് ഒരേ ശതമാനത്തിലാണ് (മൂന്നര ശതമാനത്തിനടുത്ത്) വിഹിതം നൽകിയിരുന്നത്. നിലവിൽ കേരളത്തിന് 1.9 ശതമാനം ലഭിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങൾക്ക് മുമ്പുണ്ടായിരുന്ന നിരക്കിൽ തന്നെ കേന്ദ്ര വിഹിതം കിട്ടുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കൊടുക്കുന്നതിൽ കേരള സർക്കാരിന് എതിരൊന്നുമില്ല. നിലവിൽ കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 75

ശതമാനത്തോളം സംസ്ഥാനംതന്നെ കണ്ടെത്തേണ്ട സ്ഥിതിയാണുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും റവന്യൂ വരുമാനത്തിന്റെ 53 ശതമാനംവരെ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ട്രാൻസ്ഫർ ആണ്. അക്കാര്യം ഞങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം സംസ്ഥാനത്തെ ജനങ്ങൾക്കാണ് ലഭിക്കേണ്ടത്, അല്ലാതെ ഗവൺമെന്റിനോ ഒരു മുന്നണിക്കോ അല്ല. സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട പണം കൃത്യമായി ലഭിക്കുന്നില്ല. രണ്ടരലക്ഷത്തോളം കോടി രൂപ കഴിഞ്ഞ അഞ്ചുവർഷം കൊണ്ടുമാത്രം സംസ്ഥാനത്തിന് കിട്ടാനുണ്ട്. ഈ തുക ലഭിക്കുന്നതിന് ബഹു. സുപ്രീം കോടതിയിൽ വരെ പോയി ഫൈറ്റ് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഫിസ്കൽ ഫെഡറലിസത്തിന്റെ ഇഷ്യൂ വളരെ ഗൗരവായി ഉന്നയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ആ ഭാഗം വായിക്കാതിരുന്നതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂട്ടിച്ചേർക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കേരളം ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസം തരണം ചെയ്യാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തൊട്ടുമുമ്പത്തെ ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞ പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ ദൈനംദിന സാമ്പത്തിക കാര്യങ്ങളെ ബാധിക്കുന്നുണ്ടെങ്കിലും ഏതെങ്കിലും പ്രവർത്തനങ്ങളോ പദ്ധതികളോ നിർത്തിവച്ചിട്ടില്ലെന്ന് കണക്കുനോക്കിയാൽ കൃത്യമായി മനസ്സിലാകും. കഴിഞ്ഞ പത്തോ ഇരുപതോ അല്ലെങ്കിൽ

അമ്പതുവർഷത്തെ കണക്കെടുത്താൽ ഓരോ ഘട്ടത്തിലും ഉണ്ടായിട്ടുള്ള ചെലവുകളുടെ വളർച്ചാ തോതിൽനിന്ന് ഇപ്പോഴും പിറകോട്ട് പോയിട്ടില്ല. മുൻവർഷങ്ങളിലെ രണ്ട് ഗവൺമെന്റുകളുടെ കണക്കെടുത്താൽ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു വർഷത്തെ ശരാശരി ചെലവ് ഒരു ലക്ഷത്തി പതിനേഴായിരം കോടി രൂപയായിരുന്നെങ്കിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതത്തിൽ ഇപ്പോൾ രണ്ടര ലക്ഷത്തോളം കോടി രൂപയുടെ കട്ടിങ് വന്നിട്ടും ഒരു വർഷം ഒരു ലക്ഷത്തി എഴുപതിനായിരം കോടിയിലധികം എന്ന നിലയിലേക്ക് ആവറേജ് എക്സ്പെൻഡിച്ചർ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്രയും കട്ടിങില്ലായിരുന്നെങ്കിൽ, ഒരു വർഷം അമ്പതിനായിരം കോടി രൂപയെങ്കിലും കേരളത്തിന് കിട്ടിയിരുന്നെങ്കിൽ എത്രത്തോളം മാറ്റമുണ്ടാകുമായിരുന്നുവെന്നുകൂടി ചിന്തിക്കണം. ഈ പ്രതിസന്ധി പരിഹരിച്ചത് എല്ലാവരുടെയും പിന്തുണയോടുകൂടിയാണ്. വ്യവസായം, കാർഷികം ഉൾപ്പെടെയുള്ള മേഖലകളിലുണ്ടായ വളർച്ച കൊണ്ടാണ് ഗവൺമെന്റിന് ഈ പ്രതിസന്ധിയെ നേരിടാൻ കഴിഞ്ഞത്. നികുതി വർധിപ്പിക്കാൻ കഴിയില്ല. പക്ഷേ, നികുതി കൃത്യമായി പിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കേന്ദ്ര നിലപാട് കാരണം തകർന്നുപോകുമായിരുന്ന സ്ഥിതിയിൽനിന്ന് തകരാതെ പിടിച്ചുനിന്ന് മുന്നോട്ടുപോകുന്നതെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ചുള്ള എക്കണോമിക് സർവെയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നുണ്ട്. അതിൽ ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ വിശദമായി പറയുന്നുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്ത് കേന്ദ്ര സർക്കാർ പകയും വിവേചനവും കേരളത്തോട് കാണിക്കുകയാണ്. വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് നൽകേണ്ട കേന്ദ്ര വിഹിതം നൽകുന്നില്ല. നാഷണൽ ഹെൽത്ത് മിഷൻ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട തുക നൽകുന്നില്ല. അതുവഴി ആരോഗ്യപ്രവർത്തകർക്കും ഡോക്ടർമാർക്കും വേതനം നൽകാനാവാത്ത സ്ഥിതിവിശേഷമുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് ഏൽക്കേണ്ടി വരുന്ന അധിക സാമ്പത്തികഭാരം എങ്ങനെയാണ് മറികടക്കാനാവുക?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അധിക സാമ്പത്തികഭാരം ഉണ്ടാകുന്നുവെന്ന മാത്രമല്ല, ഞാൻ ഈ വർഷത്തെ കണക്കുതന്നെ പറഞ്ഞുവല്ലോ? കേന്ദ്രവും സംസ്ഥാനവും ചേർന്നുള്ള പദ്ധതികളിൽ കേന്ദ്ര വിഹിതമായി കിട്ടേണ്ട അയ്യായിരത്തി അറുന്നൂറ് കോടിയോളം രൂപ ഇതിനോടകം പെൻഡിങ്ങാണ്. സംസ്ഥാനത്തെ അപേക്ഷിച്ച് ഫീസോ, നികുതിയോ വർധിപ്പിക്കാൻ സാധിക്കില്ല. കേരളത്തിന്റെ ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ജി.എസ്.ടി. കൗൺസിലാണ്. മദ്യത്തിന്റെയും പെട്രോളിന്റെയും വില കൂട്ടാൻ കഴിയില്ല. മദ്യത്തിന് വില കൂട്ടിയാൽ മദ്യമുന്നിന്റെ ഉപയോഗം വർധിക്കും. അതുകൊണ്ട് നിലവിലുള്ള വരുമാനം വളരെ എഫക്ടീവായി ഉപയോഗിച്ചുകൊണ്ട് കാര്യങ്ങൾ നിർവഹിക്കാൻ ശ്രമിക്കുന്നുണ്ട്. കൃത്യമായി പ്ലാൻ ചെയ്ത് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. ഒരു കാര്യത്തിലും കുറവ് വന്നിട്ടില്ലെന്ന മാത്രമല്ല എല്ലാ മേഖലയിലും പണം കൂടുതൽ

ചെലവാക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ആകെ സഹകരണത്തോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. പി. പി. സുമോദ്: സർ, കേരളം സാമൂഹ്യ പുരോഗതിയുടെ കാര്യത്തിൽ ഒട്ടേറെ മുന്നിലാണ്. ചികിത്സാ രംഗത്തും വിദ്യാഭ്യാസ മേഖലകളിലുമൊക്കെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി മികച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ സൂചകങ്ങൾ മറയാക്കി കേരളത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്ര സർക്കാർ തടയുകയും കേരളം ഉൾപ്പെടെയുള്ള ബി.ജെ.പി. ഇതര സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ അതിശക്തമായ സാമ്പത്തിക ഉപരോധം തീർക്കുകയും ചെയ്യുന്നു. ഈ സാമ്പത്തിക അടിയന്തിരാവസ്ഥയ്ക്കെതിരെ ദക്ഷിണേന്ത്യയിലെ ബി.ജെ.പി. ഇതര ധനമന്ത്രിമാരുടെ യോഗത്തിന്റെ പ്രാധാന്യവും അനന്തര ഫലവും വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ധനകാര്യ കമ്മീഷന്റെ ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ കേരളത്തിൽ ബി.ജെ.പി. ഇതര ധനകാര്യമന്ത്രിമാരുടെ ഒരു സമ്മേളനം നടത്തിയിരുന്നു. കേരളം, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. പഞ്ചാബും ഇക്കാര്യത്തിൽ സഹകരിച്ചിരുന്നു. ധനകാര്യ കമ്മീഷന്റെ സമീപനത്തെ സംബന്ധിച്ചും ഇന്ത്യയിലെ സ്റ്റേറ്റുകളോട് തുല്യമായി ഇടപെടേണ്ട കാര്യത്തെ സംബന്ധിച്ചും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്താൻ ഫിസ്കൽ ഫെഡറലിസം സംരക്ഷിക്കേണ്ട കാര്യത്തെപ്പറ്റിയും വളരെ മികച്ചൊരു സെമിനാറാണ് നടന്നത്. നേരത്തെ ബി.ജെ.പി.-യുടെ കാര്യങ്ങളിൽ അഡ്വൈസറായ ഒരു ഇക്കണോമിസ്റ്റ്,

ശ്രീ. അരവിന്ദ് സുബ്രഹ്മണ്യവും അതിൽ പങ്കെടുത്തിരുന്നു. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് വേൾഡ് ബാങ്കിൽ ജോലി ചെയ്തിരുന്ന പ്രശസ്ത ഇക്കണോമിസ്റ്റായിരുന്ന അദ്ദേഹം ജി.എസ്.ടി.-യുടെ ഇക്കണോമിക് അഡ്വൈസറായിരുന്നു. 14.5 ശതമാനം റവന്യൂ ന്യൂട്രൽ, അതായത് ആകെ 100 രൂപ കളക്ട് ചെയ്യുമ്പോൾ ആവറേജ് ടാക്സ് 14.5 ശതമാനം ആണെന്നുള്ളത് ഫിക്സ് ചെയ്തത് അദ്ദേഹമാണ്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലും ജി.എസ്.ടി.-യുടെ കാര്യങ്ങളിലും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ എത്രത്തോളം പഴയ കൺസപ്റ്റിൽനിന്ന് ഡീവിയേറ്റ് ചെയ്യുന്നുവെന്നുള്ള കാര്യം അദ്ദേഹം ഉൾപ്പെടെ പറഞ്ഞിരുന്നു. ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിന്റെ ഭാഗമായി സംസ്ഥാനങ്ങളോട് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നതിൽ ഒരു വേർതിരിവുണ്ടെന്ന് തോന്നിക്കുന്ന തരത്തിലേക്ക് ധനകാര്യ കമ്മീഷനുമുമ്പിൽ കാര്യങ്ങൾ എത്തിക്കാനും പിന്നീടുള്ള കാര്യങ്ങളിൽ ഇടപെടാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഇഫക്ട് ഉണ്ടാകുമെന്നുതന്നെയാണ് കരുതുന്നത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന യൂണിയൻ ഗവൺമെന്റ് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ പുതുതായി അടിച്ചേൽപ്പിച്ച നിയമം സംസ്ഥാന ഗവൺമെന്റിനുണ്ടാക്കിയ സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. അതിന്റെ പേരും ഘടനയും കൺസെപ്റ്റും മാറ്റിയിരിക്കുകയാണ്. ഇടതുപക്ഷത്തിന്റെ പിന്തുണയുണ്ടായിരുന്ന ഒന്നാം യു.പി.എ.

ഗവൺമെന്റിന്റെ സമയത്ത് ഇടതുപക്ഷം ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുകയെന്നതാണ്. യു.പി.എ. നേതൃത്വത്തിന് അതത്ര ഇഷ്ടപ്പെട്ടിരുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ, ഗ്രാമീണ മേഖലകളിൽ മൂന്ന് ലക്ഷത്തിലധികം ആളുകൾ ആത്മഹത്യ ചെയ്യുന്ന കാർഷിക വറുതിയെ നേരിടാനാണ് എം.ജി.എൻ.ആർ.ഇ.ജി. നിയമം കൊണ്ടുവന്നത്. അതിപ്പോൾ ഇല്ലാതാക്കിയെന്നുമാത്രമല്ല, ഫലത്തിൽ 60:40 എന്ന കണ്ടീഷൻ കൊണ്ടുവരികയും തൊഴിൽദിനങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. നിലവിൽ നേരത്തെയുണ്ടായിരുന്നതിന്റെ പകുതിപോലും തൊഴിൽദിനങ്ങൾ ലഭിക്കുന്നില്ല. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയും സംസ്ഥാനത്തിന് അധിക ബാധ്യത വരുത്തുകയും ചെയ്തു. രണ്ടായിരം കോടി രൂപയുടെയെങ്കിലും അധിക ബാധ്യത വരുമെന്നാണ് പ്രാഥമികമായി കാണുന്നത്. എന്തൊക്കെയാണ് അവർ ചെയ്യാൻ പോകുന്നതെന്നും ഏതൊക്കെ തൊഴിലുകളാണ് കട്ട് ചെയ്യാൻ പോകുന്നതെന്നതും സംബന്ധിച്ച് വ്യക്തത ലഭിച്ചിട്ടില്ല. എട്ടുകോടി മുതൽ ഒമ്പതുകോടി തൊഴിൽദിനം വരെ ലഭിച്ചിരുന്ന കേരളത്തിൽ അതില്ലാതാകുന്ന അവസ്ഥയാണ് കേന്ദ്ര നയം കാരണം ഉണ്ടായിരിക്കുന്നത്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ ഏറ്റവുംകൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഗ്രാമീണ പ്രദേശങ്ങളിലെ സാധാരണക്കാരെ വലിയ തോതിൽ ബാധിക്കുന്ന പ്രശ്നം തന്നെയാണിത്.

വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

4(*34) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളായി സംസ്ഥാനങ്ങൾക്കിടയിലെ വിലക്കയറ്റത്തിന്റെ തോതിൽ കേരളം ഒന്നാം സ്ഥാനത്താണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിലക്കയറ്റതോത് ഇത്രയും മാസമായി ഉയർന്ന് നിൽക്കാനുള്ള കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പഠനത്തിന്റെ വിശദാംശം നൽകാമോ; വിലക്കയറ്റം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാര്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. Ministry of Statistics and Programme Implementation (MOSPI) പ്രതിമാസം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചിക (റൂറൽ, അർബൻ, കമ്പൈൻഡ്) {CPI(R/U/C}-യുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ വിലക്കയറ്റത്തിന്റെ തോത് കണക്കാക്കുന്നതും വിവിധ സംസ്ഥാനങ്ങൾക്കിടയിലെ അന്തരം കണക്കാക്കുന്നതും. ഡിസംബർ മാസം വരെയുള്ള സൂചികകൾ MOSPI പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റതോത് സംബന്ധിച്ച് പഠന വിധേയമാക്കിയിട്ടുണ്ട്. ഉപഭോക്തൃവില സൂചിക കണക്കാക്കുന്നത് പ്രധാനമായും 6 ഗ്രൂപ്പുകളിലെ വിലകളിൽവരുന്ന വ്യതിയാനവും ആയതിന്റെ പ്രാധാന്യവും (Weight) ആസ്പദമാക്കിയാണ്.

1. ഭക്ഷണവും പാനീയങ്ങളും (Food and Beverages)

2. പാൻ, പുകയില, ലഹരി വസ്തുക്കൾ (Pan, tobacco, intoxicants)

3. വസ്ത്രം (clothing)

4. ഇന്ധനവും വെളിച്ചവും (Fuel and light)

5. വീട് (Housing)

6. മറ്റിനങ്ങൾ (Miscellaneous) എന്നിവയാണ് ഗ്രൂപ്പുകൾ.

ഇവയിൽ ഭക്ഷണവും പാനീയങ്ങളും മറ്റിനങ്ങൾ എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിലുൾപ്പെട്ട ഇനങ്ങളുടെ വിലയിലുള്ള വർധനവാണ് കഴിഞ്ഞ കുറച്ച് മാസങ്ങളായി കേരളത്തിലെ വിലക്കയറ്റത്തിന് കാരണമായതെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

1. വെളിച്ചെണ്ണയും കാർഷിക ഉണർവും

വെളിച്ചെണ്ണയുടെ വില വർധനവ് ഒരു വിഷയമാണ്. പൊതുവിപണിയിലൂടെ സബ്സിഡി അനുവദിച്ച് വെളിച്ചെണ്ണ നൽകുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് വില വർധിച്ചപ്പോൾ കാർഷികോൽപന്നങ്ങൾക്ക് വില വർധിച്ചുവെന്ന കാര്യമുണ്ടെങ്കിലും വിലക്കയറ്റം വലിയ തോതിൽ ബാധിക്കാതെ പിടിച്ചുനിർത്താൻ സാധിച്ചു. കേരളത്തിൽ പാചകത്തിനായി പാമോയിലല്ല അധികം ആളുകളും വെളിച്ചണ്ണയാണ് ഉപയോഗിക്കുന്നത്. മറ്റൊരു കാര്യം. സമൂഹം അറിയാൻ വേണ്ടി പറയുന്നതാണ്, സ്വർണത്തോടുള്ള മലയാളികളുടെ പ്രിയം. കാരണം, സ്വർണവും വിലക്കയറ്റം കണക്കാക്കുന്ന മിസലേനിയസ് ബാസ്കറ്റിനകത്തുണ്ട്.

കേരളത്തിലെ പണപ്പെരുപ്പ സൂചികയെ (CPI) പെട്ടെന്ന് ഉയർത്തിയ പ്രധാന ഘടകം വെളിച്ചെണ്ണയുടെ വിലയിലുണ്ടായ വർധനവാണ്. ദേശീയതലത്തിൽ പാചകയെണ്ണകളുടെ വിലയിൽ മാറ്റങ്ങൾ വരുമ്പോൾ, കേരളത്തിൽ അത് വെളിച്ചെണ്ണയെ കേന്ദ്രീകരിച്ചാണ് നിൽക്കുന്നത്. ഉപഭോക്താക്കൾക്ക് വിലക്കയറ്റം ബുദ്ധിമുട്ടുണ്ടാക്കുമെങ്കിലും നാളികേര കർഷകർക്ക് ഇത് വലിയൊരളവ് വരെ ആശ്വാസമാണെന്നത് ഇതിന്റെ ഗുണപരമായ വശമാണ്. വെളിച്ചെണ്ണയുടെ വിലവർധന ഉപഭോക്താക്കളെ വലിയതോതിൽ ബാധിക്കാതിരിക്കാൻ സപ്ലൈകോയും സഹകരണ മേഖലയും സബ്സിഡി നൽകുകയും ചെയ്യു. വർഷങ്ങളായി താഴ്ന്നനിന്ന തേങ്ങയുടെ വില ഉയർന്നത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയിട്ടുണ്ട്. ഗ്രാമീണ സമ്പദ് വ്യവസ്ഥയിലേക്ക് (Rural Economy) പണം തിരിച്ചെത്തുന്നുവെന്നതിന്റെ സൂചനയാണിത്.

2. സ്വർണ്ണത്തോടുള്ള മലയാളിയുടെ പ്രിയം

ഉപഭോക്തൃവില സൂചിക അഥവാ സി.പി.ഐ. കണക്കാക്കുമ്പോൾ സ്വർണ്ണത്തെയും വെള്ളിയെയും പലവക വിഭാഗത്തിലെ വ്യക്തിഗത പരിചരണം അഥവാ പേഴ്സണൽ കെയർ എന്ന ഗ്രൂപ്പിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സാധാരണക്കാരന്റെ പ്രതിമാസ ചെലവിൽ സ്വർണ്ണം ഉൾപ്പെടുന്ന പേഴ്സണൽ കെയർ വിഭാഗത്തിന് നൽകിയിട്ടുള്ള പ്രാധാന്യം അഥവാ വെയ്റ്റേജ് കേരളത്തിൽ വളരെ കൂടുതലാണെന്നതാണ് പ്രധാന പ്രശ്നം. ദേശീയതലത്തിൽ ഈ വിഭാഗത്തിന്റെ വെയ്റ്റേജ് ഏകദേശം 3.89 ശതമാനം മാത്രമാണെങ്കിൽ, കേരളത്തിലെ നഗരപ്രദേശങ്ങളിൽ ഇത് 6.57 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 10.42 ശതമാനവുമാണ്.

അതായത്, ദേശീയ ശരാശരിയെക്കാൾ രണ്ട് മുതൽ മൂന്നിരട്ടി വരെ പ്രാധാന്യമാണ് കേരളത്തിന്റെ പണപ്പെരുപ്പകണക്കിൽ സ്വർണ്ണത്തിനുള്ളത്. ഇതിന്റെ ഫലമായി ആഗോളതലത്തിൽ സ്വർണ്ണവിലയിലുണ്ടാകുന്ന മാറ്റം കേരളത്തെ വളരെ രൂക്ഷമായി ബാധിക്കുന്നു. ഉദാഹരണത്തിന്, സ്വർണ്ണവില 50 ശതമാനം വർധിക്കുകയാണെങ്കിൽ ദേശീയതലത്തിൽ അത് മൊത്തം പണപ്പെരുപ്പത്തിന്റെ 0.55 ശതമാനമെന്ന ചെറിയ വർധനവ് മാത്രമേ ഉണ്ടാക്കുകയുള്ളൂ. എന്നാൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഇതേ സ്വർണ്ണവില വർധനവ് കാരണം മൊത്തം പണപ്പെരുപ്പത്തിന്റെ 4.6 ശതമാനത്തോളം വർധനവ് ഒറ്റയ്ക്ക് ഉണ്ടാകുന്നു.

അരിയുടെയോ പച്ചക്കറിയുടെയോ വിലയിൽ മാറ്റമില്ലെങ്കിൽപോലും സ്വർണ്ണവില കൂടിയാൽ മാത്രം കേരളത്തിലെ പണപ്പെരുപ്പനിരക്ക് കുത്തനെ ഉയരുന്നതായി കണക്കുകളിൽ കാണപ്പെടുന്നത് ഇതുകൊണ്ടാണ്. ചുരുക്കത്തിൽ, കേരളത്തിന്റെ സവിശേഷമായ ഉപഭോഗ സംസ്കാരത്തിന്റെയും സ്വർണ്ണത്തോടുള്ള താൽപര്യത്തിന്റെയും പ്രതിഫലനമാണ് ഈ ഉയർന്ന കണക്കുകൾ. ആഗോളതലത്തിൽ സ്വർണ്ണവില വർധിക്കുമ്പോൾ, സ്വർണ്ണത്തെ നിക്ഷേപമായും ആഭരണമായും കാണുന്ന മലയാളിയുടെ കുടുംബ ബജറ്റിൽ അത് വലിയ മാറ്റമുണ്ടാക്കുന്നു. ഇത് പണപ്പെരുപ്പമായി കണക്കുകളിൽ കാണപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് മലയാളിയുടെ ഉയർന്ന വാങ്ങൽ ശേഷിയെയും (Purchasing Power) സമ്പാദ്യശീലത്തെയുമാണ് സൂചിപ്പിക്കുന്നത്.

3. ഉയർന്ന കൂലിയും മെച്ചപ്പെട്ട ജീവിത സാഹചര്യവും

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. നിർമ്മാണ മേഖലയിലും സേവന മേഖലയിലും (Services) ഉള്ള ഉയർന്ന കൂലി സ്വാഭാവികമായും സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർധിപ്പിക്കും (Wage-Push Inflation). എന്നാൽ വിലക്കയറ്റം ഉണ്ടെങ്കിലും സാധാരണക്കാരായ തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കുന്നത് കേരളാ മോഡലിന്റെ വിജയമാണ്. ഇന്ത്യയിൽ ഏറ്റവുമധികം കൂലി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ ജീവിതനിലവാരം ഇവിടെ വളരെ ഉയരത്തിലാണ്.

4. ഉപഭോക്തൃ സംസ്ഥാനം എന്ന രീതിയിലുള്ള വെല്ലുവിളികൾ

അരിയും പച്ചക്കറിയും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് കേരളം അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. അവിടെയുണ്ടാകുന്ന ചെറിയ വിലമാറ്റങ്ങൾപോലും വണ്ടിക്കൂലിയും കൂലിചെലവും ചേർത്ത് കേരളത്തിലെത്തുമ്പോൾ വലിയ വിലക്കയറ്റമായിമാറുന്നു. എങ്കിലും ഉയർന്ന വില നൽകിയും ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങാൻ മലയാളി തയ്യാറാകുന്നുവെന്നത് വിപണിയുടെ സജീവതയെ കാണിക്കുന്നു.

സഹകരണ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ:

പൊതുവിപണിയിലെ വിലക്കയറ്റത്തിന് തടയിടാൻ സഹകരണവകുപ്പ് മുഖേന കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മൂന്ന് തലത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്.

1. ത്രിവേണി സ്റ്റോർ മൊബൈൽ ത്രിവേണി

2. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള നീതി സ്റ്റോറുകൾ

3. സർക്കാർ സബ്സിഡിയോടുകൂടിയുള്ള ഉത്സവകാല വിപണികൾ

കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ നഗര അർധനഗര പ്രദേശങ്ങളിലുമായി 176 ത്രിവേണി സ്റ്റോറുകളും മലയോര തീരദേശ മേഖലകളിൽ 47 മൊബൈൽ ത്രിവേണികളും പ്രവർത്തിച്ചുവരുന്നു. ഇവയിൽകൂടി പ്രതിമാസം 20 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിറ്റുവരുന്നു. പൊതുമാർക്കറ്റിനെക്കാൾ ഏറ്റവും കുറഞ്ഞത് 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കിഴിവ് എല്ലാ സമയങ്ങളിലും ത്രിവേണികളിലൂടെയുള്ള ഉൽപന്നങ്ങൾക്ക് ലഭ്യമാണ്.

പ്രതിദിനം 15000 ഉപഭോക്താക്കളെങ്കിലും ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നുണ്ട്. ആകെ വിൽപനയുടെ 20 ശതമാനം ഇന്ന് മാർക്കറ്റിൽ അനിയന്ത്രിതമായി വില വർധനവുള്ള ആന്ധ്ര ജയ അരി, കുറുവ അരി, മട്ട അരി എന്നിവയാണ് വിൽപന നടത്തിവരുന്നത്.

സംസ്ഥാനതല ഉത്സവ വിപണിയിൽ പ്രതിദിനം 300 ഉപഭോക്താക്കൾക്കും ജില്ലാതല വിപണിയിൽ പ്രതിദിനം 150 ഉപഭോക്താക്കൾക്കും മറ്റ് വിപണികളിൽ പ്രതിദിനം 75 ഉപഭോക്താക്കൾക്കും റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിത അളവിൽ സബ്സിഡി ഇനങ്ങൾ നൽകുന്നുണ്ട്. സർക്കാർ സബ്സിഡിയോടുകൂടി വിൽപന നടത്തുന്ന 13

ഇനങ്ങൾ ഭക്ഷ്യപൊതുവിതരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വിലയ്ക്കും അളവിലുമാണ് വിതരണം ചെയ്യുന്നത്.

അരി - വെളിച്ചെണ്ണ വില്പന

ഉത്സവ വിപണിക്കുപുറമെ പതിവിൽനിന്ന് വ്യത്യസ്തമായി പൊതുവിപണിയിൽ അരി വിലയും വെളിച്ചെണ്ണ വിലയും കുതിച്ച് ഉയർന്നപ്പോൾ വില പിടിച്ചുനിർത്താനായി അടിയന്തര ഇടപെടലും സഹകരണ വകുപ്പ് നടത്തിയിട്ടുണ്ട്. അരിവില കുറയ്ക്കുന്നതിനായി എല്ലാ സഹകരണസംഘങ്ങളും അരിക്കടകൾ ആരംഭിച്ച് വില കുറച്ച് ഉപഭോക്താക്കൾക്ക് വിപണിയിൽ ലഭ്യമാക്കി. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപാദിപ്പിക്കുന്ന ഏകദേശം 10 കോടി രൂപയുടെ വെളിച്ചെണ്ണ അവയുടെ ഗുണനിലവാരം ഉറപ്പാക്കി വിപണികളിൽ വിലക്കയറ്റം പിടിച്ച് നിർത്താൻ എത്തിച്ചിട്ടുണ്ട്.

സപ്ലൈകോയും മറ്റ് ഏജൻസികളും മുഖേന സ്വീകരിച്ച നടപടികൾ:

ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് അവശ്യവസ്തുക്കൾക്കുംവേണ്ടി ഉൽപാദക സംസ്ഥാനങ്ങളെ കേരളത്തിന് ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന വിലയുണ്ടാകാൻ സാധ്യത കേരളത്തിലാണ്. എന്നാൽ, അരി, പച്ചക്കറി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കൾ ജനങ്ങൾക്ക് ന്യായവിലക്ക് ലഭ്യമാക്കാനുള്ള ഒരു സംവിധാനം ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാൽ ഇവിടെ അത്തരത്തിലൊരു സാഹചര്യം ഉണ്ടാകുന്നില്ല. ഓണം പോലെയുള്ള ഉത്സവവേളകളിലാണ് സാധാരണഗതിയിൽ വിലക്കയറ്റ സാധ്യത ഏറ്റവും കൂടുതലായി ഉണ്ടാവാറുള്ളത്. പ്രത്യേക ചന്തകളുൾപ്പെടെയുള്ള ശക്തമായ

വിപണിയിടപെടലുകളാണ് സപ്ലൈകോ ഇത്തരം ഘട്ടങ്ങളിൽ നടത്താറുള്ളത്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിൽ വെളിച്ചെണ്ണ വില വർധിക്കുവാനുള്ള പ്രവണത കണ്ടുതുടങ്ങിയ ഉടൻ സർക്കാർ അടിയന്തരമായി ഇടപെട്ടു. സപ്ലൈകോ വഴി 529 രൂപ വിലയുള്ള ഒരു ലിറ്റർ കേര വെളിച്ചെണ്ണ 457 രൂപയ്ക്കും തുടർന്ന് രണ്ട് ഘട്ടങ്ങളിൽ വീണ്ടും വില കുറച്ച് 445, 429 നിരക്കുകളിലും ലഭ്യമാക്കി. പിന്നീട് വീണ്ടും കുറച്ച് 396 എന്ന നിരക്കിൽ ഇപ്പോൾ നൽകിവരുന്നു. അതോടൊപ്പം സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ സബ്സിഡിയായി 349 രൂപയ്ക്കും നോൺ സബ്സിഡി 429 രൂപയ്ക്കും ലഭ്യമാക്കി. സബ്സിഡി വില തുടർന്ന് വീണ്ടും കുറച്ച് 309 രൂപയ്ക്ക് നൽകുന്നു. ഓണക്കാലത്ത് നോൺ സബ്സിഡി വെളിച്ചെണ്ണ 389 ആയി കുറച്ചു, പിന്നീട് ക്രമേണ വിലകുറച്ച് ക്രിസ്തുമസ്, പുതുവത്സര സീസൺ മുതൽ 329 രൂപയ്ക്ക് നൽകുന്നു. സപ്ലൈകോ വില്പനശാലകൾ വഴി കഴിഞ്ഞ ഓണക്കാലത്ത് മാത്രം 2236441 ലിറ്റർ ശബരി, കേര വെളിച്ചെണ്ണകൾ വില്പന നടത്തി. ഇതിന്റെയെല്ലാം ഫലമായി പൊതുവിപണിയിൽ വില നിയന്ത്രിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായാണ് കോർപ്പറേറ്റ് സൂപ്പർമാർക്കറ്റുകൾക്കുപോലും സപ്ലൈകോയുടെ വിലകളെ അടിസ്ഥാനപ്പെടുത്തി വെളിച്ചെണ്ണയുടെ വില പരിഷ്കരിക്കേണ്ടിവന്നത്. സപ്ലൈകോ വില്പനശാലകളിൽ സാധാരണ നൽകിവരുന്ന സബ്സിഡി അരിക്കുപുറമെ ഓണക്കാലം മുതൽ 25 രൂപ നിരക്കിൽ 20 കിലോ അരി കാർഡ് ഒന്നിന് നൽകിവരുന്നു. റേഷൻകടകൾവഴി മുൻഗണനേതര വിഭാഗങ്ങൾക്കുൾപ്പെടെ നൽകിവരുന്നതിന് പുറമെയാണിത്. ഇപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുകവഴി വിലക്കയറ്റസാധ്യത തടഞ്ഞു. വിപണിയിൽ

അരിവില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഓണക്കാലത്ത് വെള്ള, നീല, പിങ്ക് വിഭാഗങ്ങൾക്ക് 15, 10, 5 കിലോഗ്രാം വീതം അരി 10 രൂപ 90 പൈസ നിരക്കിൽ റേഷൻ കടകൾ വഴി നൽകിയിട്ടുണ്ട്. AAY വിഭാഗങ്ങൾക്കും ക്ഷേമസ്ഥാപനങ്ങൾക്കും ചെങ്ങറ സമര ഭൂമിയിലെ താമസക്കാർക്കും ഉൾപ്പടെ 614217 സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകി. മുൻഗണനാ വിഭാഗങ്ങളും മുൻഗണനേതര വിഭാഗങ്ങളും റേഷൻ കടകളിൽനിന്നുള്ള അരി വിതരണം പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാലാണ് ഭക്ഷ്യകമ്മി സംസ്ഥാനമായിട്ടും ഉത്സവാഘോഷ വേളകളിലുൾപ്പെടെ കേരളത്തിൽ അരിക്ക് വിലക്കയറ്റം ഉണ്ടാകാത്തതിനുകാരണം. ഓണം ഗിഫ്റ്റ് പദ്ധതി, സമൃദ്ധി കിറ്റ്, മിനി സമൃദ്ധി കിറ്റ്, സിഗ്നേച്ചർ കിറ്റ്, FMCG ഓഫറുകൾ, താഴ്ന്ന വരുമാനമുള്ളവർക്കും ഇടത്തരക്കാർക്കും സബ്സിഡി നോൺ സബ്സിഡി ഉൽപന്നങ്ങൾക്ക് കുറഞ്ഞ വിലക്ക് ലഭ്യമാക്കുക എന്നിങ്ങനെ വിവിധതരങ്ങളായ പദ്ധതികൾ സപ്ലൈകോ ആവിഷ്കരിച്ച് നടപ്പിലാക്കി. കേരളത്തിലെ 95 ലക്ഷത്തിലധികം വരുന്ന കാർഡുടമകളിൽ 56.73 ലക്ഷം കുടുംബങ്ങൾക്ക് അതായത് മൂന്നേകാൽ കോടി മലയാളികളിൽ രണ്ടേകാൽ കോടിയോളം പേർക്ക് നേരിട്ടുള്ള പ്രയോജനം ലഭിച്ചു. ക്രിസ്തുമസ്, പുതുവത്സര സീസണിൽ 82 കോടിയുടെ വില്പന നടന്നപ്പോൾ അതിൽ 36.06 കോടി സബ്സിഡി വില്പനയായിരുന്നു. സപ്ലൈകോയ്ക്ക് പുറമെ കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്, VFPCK എന്നീ ഏജൻസികളും ശക്തമായ ഇടപെടലുകൾ നടത്തി. വിപണി ഇടപെടലിനായി കൃഷിവകുപ്പ് ആരംഭിച്ച 2000 കർഷക ചന്തകളിലൂടെ സംസ്ഥാനത്തുടനീളം ഓണക്കാലത്ത് ഉൾപ്പെടെ 2157 ടൺ പഴങ്ങളും പച്ചക്കറികളുമാണ് വിറ്റഴിച്ചത്. സംഭരണ വിലയെക്കാൾ പത്ത് ശതമാനം അധിക വില

നൽകി കർഷകരിൽനിന്ന് സംഭരിച്ച പഴങ്ങളും പച്ചക്കറികളും പൊതുവിപണിയെക്കാൾ മുപ്പത് ശതമാനം കുറച്ചാണ് കർഷക ചന്തകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയത്. കേരളത്തിൽ സപ്ലൈകോവഴി 1640-ലധികം ഔട്ട്ലെറ്റുകൾ അവശ്യവസ്തുക്കളായ 13 ഇനം സാധനങ്ങൾ വിലകുറച്ച് വില്പന നടത്തിവരുന്നു. സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിൽ 23-11-2023-ലെ GO(Rt)No.470/2023/FCSD പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്കുതല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഉത്സവ സീസണുകളിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിലവിലുള്ള താലൂക്കുതല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ വകുപ്പിന്റെ വിപണി പരിശോധനകൾ, വിലനിലവാര നിരീക്ഷണം എന്നിവമൂലം വിപണിയിൽ വലിയ ഏറ്റക്കുറച്ചിലുകളില്ലാതെ വിലനിലവാരം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള പ്രധാന ടൂൾ സപ്ലൈകോ ആണ്. സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാർ നൽകാനുള്ളത് രണ്ടായിരം കോടിയോളം രൂപയാണ്. കേന്ദ്രസർക്കാരും സമാനമായി രണ്ടായിരം കോടിയോളം രൂപ നൽകാനുണ്ട്. ബജറ്റിൽ വകയിരുത്തുന്ന തുക തീരെ നൽകാതെയോ വളരെ പരിമിതമായി നൽകുകയോ ചെയ്യുന്ന സാഹചര്യമാണ്. സപ്ലൈകോയ്ക്ക് എത്ര തുക നൽകാനുണ്ട്; അത് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സപ്ലൈകോയ്ക്ക് നൽകുന്ന തുകയിൽ വലിയ വർധനവാണ് വന്നിരിക്കുന്നത്. അത് വളരെ വിശദമായി അടുത്തദിവസം ബജറ്റ് കണക്കുകളിലെല്ലാം വരുമെന്നതുകൊണ്ട് ഞാൻ സമയമെടുത്ത് വിശദീകരിക്കുന്നില്ല. നൽകാനുള്ള പണത്തിന് സർക്കാർതന്നെ ഗ്യാരന്റി കൊടുത്ത് പണം നൽകുന്നുണ്ട്. സപ്ലൈകോയെ സ്ട്രെങ്തൻ ചെയ്യുക എന്നുള്ളതുതന്നെയാണ് സമീപനം. ഇനിയും കൂടുതൽ സ്ട്രെങ്തൻ ചെയ്യും. പണം അനുവദിക്കുകയും ചെയ്യും.

ശ്രീ. ടി. സിദ്ദിഖ്: സർ, 2023-ലെ ബജറ്റിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ മാറ്റിവച്ച തുക ഏകദേശം 2000 കോടിയോളം രൂപയാണ്. എന്നാൽ അനുവദിച്ചത് വളരെ ചെറിയ തുകയാണ്. തുകയിലെ അന്തരമാണ് ഇതിലെ പ്രധാനപ്പെട്ട വിഷയം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധാരണകൊണ്ടാണ് ആ ചോദ്യം ഉന്നയിക്കുന്നത്. നമ്മുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സപ്ലൈകോയ്ക്ക് മാത്രം കൊടുക്കുന്നതല്ല ഈ തുക. നമ്മുടെ

പൊതുവിതരണ സമ്പ്രദായത്തിനും നെല്ല് സംഭരിക്കുന്നതിനും സപ്ലൈകോയ്ക്കുമായിട്ടാണ് ബജറ്റിൽ തുക വകയിരുത്തുന്നത്. പലപ്പോഴും ബജറ്റിൽ വയ്ക്കുന്ന 2000 കോടി രൂപയെക്കാളും കൂടുതൽ ചെലവാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് നെല്ല് ഉൽപാദിപ്പിക്കുന്ന ആന്ധ്രയെക്കാളും വിലകുറച്ച് കേരളത്തിലെ മാർക്കറ്റുകളിൽ അരി ലഭിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഈ സർക്കാരിന് ഏറ്റവും വലിയ തിരിച്ചടിയുണ്ടാകാനുള്ള കാരണം വിലക്കയറ്റമാണ്. പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുവിപണിയിൽ ഏറ്റവും കൂടുതൽ ഇടപെടുന്ന സംസ്ഥാനം കേരളം തന്നെയാണ്. വിലകുറയ്ക്കുന്നതിനായി തുടർന്നും നടപടികൾ സ്വീകരിക്കും. വരുന്ന ബജറ്റിലായാലും അവയ്ക്കെല്ലാം കൂടുതൽ പരിഗണന നൽകുന്ന തരത്തിൽതന്നെയാണ് കേരളം ഇക്കാര്യങ്ങളിൽ ഇടപെടുന്നത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ....ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.)

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

10.02 AM]

II അറിയിപ്പ്

മഹാരാഷ്ട്രയിലെ ബാരാമതിയിലുണ്ടായ വിമാനാപകടം

മി.സ്പീക്കർ: ഓർഡർ....ഓർഡർ... മഹാരാഷ്ട്രയിലെ ബാരാമതിയിൽ ഇന്ന് രാവിലെ 8.45-ന് സംഭവിച്ച വിമാനാപകടത്തിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ശ്രീ. അജിത് പവാർ ഉൾപ്പെടെ അഞ്ച് പേർ മരണപ്പെട്ട ദു:ഖവാർത്ത സഭയെ അറിയിക്കുന്നു.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി അല്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

10.03AM]

III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: വിളപ്പിൽശാല സർക്കാർ ആശുപത്രിയിൽ മതിയായ ചികിത്സ ലഭിക്കാതെ കൊല്ലംകോണം സ്വദേശി ബിസ്മീർ മരിച്ച സംഭവമടക്കം കേരളത്തിലെ സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാ പിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധിയും ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്,

മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, രോഗത്തിനുമുന്നിൽ ഒരാളും നിസ്സഹായരായി പോകരുതെന്ന വലിയ ലക്ഷ്യം മുൻനിർത്തി ദൃഢനിശ്ചയത്തോടെ സംസ്ഥാന സർക്കാർ ആരോഗ്യ മേഖലയിൽ മികച്ച വികസന പ്രവർത്തനങ്ങൾ നടത്തുകയും നൂതന ചികിത്സാ സംവിധാനങ്ങളൊരുക്കുകയും ചെയ്ത് മുന്നോട്ടുപോകുന്ന കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വനിത ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു. ഇന്നത്തെ ഉപക്ഷേപത്തിനുള്ള നോട്ടീസടക്കം പതിനഞ്ചാമത് കേരള നിയമസഭയിൽ പതിനെട്ടാമത്തെ ഉപക്ഷേപമാണ് ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. ഉച്ചയ്ക്ക് 12.00 മണിക്ക് ആരംഭിക്കുന്ന ചർച്ചയ്ക്കായി രണ്ട് മണിക്കൂർ സമയമാണ് അനുവദിച്ചിട്ടുള്ളത്. ശ്രദ്ധക്ഷണിക്കലിനെത്തുടർന്ന് ഇന്ന് നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ചർച്ചയുമുണ്ട്. ആയതിനാൽ അംഗങ്ങൾ ചെയറുമായി സഹകരിക്കണം. സമയകൃത്യത പാലിക്കണം.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

10.05 AM]

IV ശ്രദ്ധ ക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ച് ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിലെ മൂന്നുലക്ഷത്തോളം വരുന്ന തേയില, റബ്ബർ, കാപ്പി, ഏലം തുടങ്ങിയ തോട്ടം തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും നിലവിലെ വേതനക്കരാർ കാലാവധി 2025 ഡിസംബർ 31-ന് അവസാനിച്ചിരിക്കെ പുതിയ വേതനക്കരാറിനെക്കുറിച്ച് നാളിതുവരെ ഒരു ചർച്ചപോലും ആരംഭിക്കാത്തതിൽ തൊഴിലാളികൾക്ക് ആശങ്കയുണ്ട്. തോട്ടം തൊഴിലാളികളും അനുബന്ധ ജീവനക്കാരും കേരളത്തിൽ ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന വിഭാഗങ്ങളിലൊന്നാണ്. അത്യന്തം ദുഷ്കരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന ഇവർക്ക് മുപ്പതിലധികം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച നിരക്കുപ്രകാരമാണ് ഡി.എ. നൽകുന്നത്. തോട്ടം തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും മറ്റാനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് 01-01-2026 പ്രാബല്യത്തിൽ പുതുക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. വിള വ്യത്യാസമില്ലാതെ വേതനം ഏകീകരിച്ച് അടിസ്ഥാന ശമ്പളം 650 രൂപയായി നിശ്ചയിക്കുകയും ഡി.എ. ഒരു പോയിന്റിന് കുറഞ്ഞത് 10 പൈസയായി വർധിപ്പിക്കുകയും വേണം. മുപ്പതുവർഷത്തിലധികമായി പുതുക്കാത്ത ഓവർ കിലോ ഇൻസെന്റീവ് കാലാനുസൃതമായി പരിഷ്കരികരിക്കണം. എല്ലാ വിളകളുടെയും

സർവീസ് വെയ്റ്റേജും സ്പെഷ്യൽ കാറ്റഗറി തൊഴിലാളികളുടെ ശമ്പളവും ഡി.എ.-യും പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം. തോട്ടം തൊഴിലാളികൾക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുകയും പഴയ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണി നടത്തുകയും വേണം. തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പാക്കി തൊഴിലുടമ വിഹിതം മാനേജ്മെന്റുകൾ കൃത്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തണം. ജോബ് ഡിഫറൻഷ്യൽ വാഷിങ് അലവൻസ്, ലാഡർ ടാപ്പിങ് അലവൻസ്, വഴിക്കാശ്, ബാറ്റ തുടങ്ങിയവ വർധിപ്പിക്കാനും സെക്യൂരിറ്റി ജീവനക്കാർ, വാച്ചർമാർ എന്നിവർക്ക് മാസശമ്പളം അനുവദിക്കാനും എല്ലാവിഭാഗം തൊഴിലാളികൾക്കും യൂണിഫോം നൽകാനും വെതർ പ്രൊട്ടക്ടീവ് അലവൻസ് 500 രൂപയായി വർധിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. രാത്രി ഷിഫ്റ്റ് അലവൻസ്, തേയില തൊഴിലാളികൾക്ക് മാസത്തിൽ ഒരു കിലോ തേയില സൗജന്യമായി നൽകൽ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണം. ഇ.പി.എഫ്. ഹയർ ഓപ്ഷൻ വ്യവസ്ഥ പുനഃസ്ഥാപിക്കുകയും ഉയർന്ന തസ്തികകളിൽ കുറഞ്ഞത് അമ്പത് ശതമാനം വനിതാ നിയമനം ഉറപ്പാക്കുകയും വേണം. വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ കടുത്ത ഭീഷണി നേരിടുകയാണ്. ഇതിന്റെ ഫലമായി നിരവധി തോട്ടം തൊഴിലാളികൾ ദാരുണമായി മരണപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ഭീതിയിൽ കഴിയുന്ന തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മേൽപ്പറഞ്ഞ ആവശ്യങ്ങൾ നടപ്പാക്കുന്നതോടൊപ്പം തോട്ടം തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ

ഉറപ്പാക്കുകയെന്നത് അത്യന്താപേക്ഷിതമായതിനാൽ ടി വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുനർനിർണ്ണയിച്ചുകൊണ്ടുള്ള 08-08-2025-ലെ സർക്കാർ ഉത്തരവുപ്രകാരം മിനിമം വേതന നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും സേവന-വേതന വ്യവസ്ഥകൾക്ക് 2023 ജനുവരി മാസം ഒന്നുമുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടുള്ള ടി നോട്ടിഫിക്കേഷന്റെ കാലാവധി 2025 ഡിസംബർ 31-ന് അവസാനിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നോട്ടിഫിക്കേഷന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ 2025 ഏപ്രിൽ മാസം 7-ാം തീയതി നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ പുതുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി സ്ഥലം എം.എൽ.എ. ആയ എന്റെ അധ്യക്ഷതയിൽ 2023 ജൂൺ മാസം 2-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള അടിസ്ഥാന ശമ്പള വർധനവ് മാത്രമാണ് നോട്ടിഫിക്കേഷനിലൂടെ നിലവിൽ വന്നിട്ടുള്ളതെന്നും മറ്റ് വിഷയങ്ങളായ തൊഴിലാളികളുടെ ഡി.എ. പോയിന്റ് വാല്യൂ, ഓവർകിലോ റേറ്റ്, സൂപ്പർവൈസർമാരുടെ ശമ്പളം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് തുടർ ചർച്ചകളൊന്നും നടത്തിയിട്ടില്ലെന്നും നിലവിലെ പ്രാഥമിക വിജ്ഞാപനത്തിന്റെ കാലാവധി 2025 ഡിസംബർ 31-ഓടുകൂടി അവസാനിക്കുന്നതിനാൽ മിനിമം വേതന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതായ മറ്റ് വിഷയങ്ങൾ ചർച്ചയിലൂടെ

പരിഹരിക്കപ്പെടേണ്ടതുണ്ടെന്നും തൊഴിലാളി പ്രതിനിധികൾ വ്യക്തമാക്കിയിരുന്നു. തുടർന്ന് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് വിവിധ തൊഴിലാളി പ്രതിനിധികൾ ഡിമാൻഡുകൾ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2025 ആഗസ്റ്റ് മാസം 20-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം വിളിച്ചുചേർത്ത് തൊഴിലാളികളുടെ ക്ഷാമബത്ത ഉൾപ്പെടെയുള്ള അനുബന്ധ ആനുകൂല്യ വിഷയങ്ങളിൽ 2025 ആഗസ്റ്റ് 20-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ക്രമീകരിച്ചുകൊണ്ട് തുടർചർച്ച നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത യോഗത്തിൽ 2023 ജൂൺ 2-ന് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലുണ്ടായ മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റിൽ തൊഴിലാളികളുടെ അടിസ്ഥാനവേതനത്തിൽ 41 രൂപയുടെ വർധനവ് നിശ്ചയിച്ചതിനുപുറമെ ക്ലോസ് 7-ൽ 2021-ലെ നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും അതേപ്പടി തുടരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ടി സെറ്റിൽമെന്റ് പ്രകാരം പ്രിലിമിനറി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ആയതിലെ എല്ലാ വ്യവസ്ഥകളും കൃത്യമായി തോട്ടം മേഖലയിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ സേവന-വേതന വ്യവസ്ഥയുടെ കാലാവധി പൂർത്തീകരിക്കുന്നമുറയ്ക്ക് യൂണിയനുകൾ സംയുക്തമായി ലഭ്യമാക്കുന്ന ചാർട്ടർ ഓഫ് ഡിമാൻഡ് ആസ്പദമാക്കിയാണ് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നതെന്നതിനാൽ നോട്ടിഫിക്കേഷന്റെ കാലാവധി അവസാനിക്കാതെ ഡിമാൻഡുകളിൽ ചർച്ച നടത്താൻ കഴിയില്ലെന്ന നിലപാട് മാനേജ്മെന്റുകൾ സ്വീകരിച്ചതിനാൽ ടി വിഷയങ്ങൾ ചർച്ച ചെയ്യാൻ സാധിച്ചിട്ടില്ല. നിലവിൽ

നോട്ടിഫിക്കേഷന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിലും യൂണിയനുകൾ ലഭ്യമാക്കിയ ഡിമാൻഡുകൾ ആസ്പദമാക്കിയും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ പുനർനിർണ്ണയിക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണർ മുഖേന സ്വീകരിച്ചുവരികയാണ്. പ്രസ്തുത യോഗത്തിലൂടെ തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും അനുബന്ധ ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് 2026 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ പരിസരത്തോ നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് ഭവനം പദ്ധതി. കേരള ഭവനം ഫൗണ്ടേഷൻ മുഖേന മൂന്നാർ കുറ്റിയാർവാലിയിലെ തോട്ടം തൊഴിലാളികൾക്കായി ഒൻപത് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. മൂന്നാർ മേഖലയിൽ തോട്ടം തൊഴിലാളികൾക്ക് കൂടുതൽ വീടുകൾ നിർമ്മിച്ചുനൽകുന്നതിനായി ചിന്നക്കനാലിൽ സർവെ നമ്പർ 20/1 ഉൾപ്പെട്ട ഒന്നര ഏക്കറും സർവെ നമ്പർ 34/1 ഉൾപ്പെട്ട അഞ്ചേക്കറും കണ്ടെത്തിയിരുന്നു. ഭവനം ഫൗണ്ടേഷൻ കേരള ഭവനം പദ്ധതി ആർ.പി.എൽ.-നുകീഴിൽ 2020-21 വർഷത്തിൽ ആറ് വീടുകളുടെ (3 ഇരട്ടഭവനങ്ങൾ) നിർമ്മാണം പൂർത്തിയാക്കി റീഹാബിലിറ്റേഷൻ പ്ലാന്റേഷന് കൈമാറിയിട്ടുണ്ട്. നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളായ ബോണക്കാട് എസ്റ്റേറ്റ്, പീരുമേട് എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിൽ വകുപ്പുമുഖേന നടത്തിവരികയാണ്. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ എസ്.ബി.ഐ.

അക്കൗണ്ടിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാതെ സൂക്ഷിച്ചിട്ടുള്ള 2,65,00,000/- (രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷം) രൂപയിൽനിന്നും ഒരു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുന്നൂറ്റി നാല് (1,99,83,704/-) രൂപ ചെലവാക്കി നിർമ്മിതി കേന്ദ്രം മുഖേന ബി.എ. 1 ഡിവിഷൻ, ബി.എ. 2 ഡിവിഷൻ എന്നീ ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സർക്കാർ നിഷ്കർഷിച്ച നിബന്ധനകൾക്കുവിധേയമായി നടത്തുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ ബോണക്കാട് എസ്റ്റേറ്റിന്റെ 50 യൂണിറ്റുകളുൾപ്പെടുന്ന ജി.ബി. ഡിവിഷൻ, 30 യൂണിറ്റുകളുൾപ്പെടുന്ന ടോപ്പ് ഡിവിഷൻ എന്നീ ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിർമ്മിതി കേന്ദ്രം വഴി നടത്തുന്നതിനായി സമർപ്പിച്ച പദ്ധതി അംഗീകരിച്ചുകൊണ്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഒരു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തിതൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ് (1,99,93,200/-) രൂപയുടെ ഭരണാനുമതി സർക്കാർ ഉപാധികളോടെ നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പ്രവർത്തനങ്ങൾ ബി.എ. 1 ഡിവിഷനിലെ 10 ലയങ്ങളിൽ 9 ലയത്തിന്റെയും ബി.എ. 2 ഡിവിഷനിലെ 13 ലയങ്ങളിൽ 3 ലയത്തിന്റെയും റൂഫിങ് വർക്ക് പൂർത്തിയാക്കിയിട്ടുള്ളതും ജി.ബി. ഡിവിഷനിലെ 13 ലയങ്ങളിൽ 11 ലയങ്ങളുടെയും ടോപ്പ് ഡിവിഷന്റെ 7 ലയങ്ങളിൽ 3 ലയങ്ങളുടെയും റൂഫിങ് വർക്ക് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ 20-06-2025-ലെ സർക്കാർ ഉത്തരവുപ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും

പുതിയ ലയങ്ങൾ നിർമ്മിക്കുന്നതിനുമായി ഭരണാനുമതി നൽകിയതിനാൽ നിർമ്മാണപ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള നടപടികൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളെ 1951-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമപ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സമഗ്രമായ സാമൂഹിക സുരക്ഷ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. ആക്ടിലെ വകുപ്പ് 61 പ്രകാരം ഒരാൾക്ക് ഏതെങ്കിലും ഇനം ലഭിക്കുമ്പോൾ മറ്റേതെങ്കിലും നിയമപ്രകാരം സമാനമായ പരിരക്ഷ സ്വീകരിക്കുന്നത് നിരോധിച്ചിരുന്നു. കൂടാതെ, സീസണൽ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആക്ട് ബാധകമല്ലാത്തതിനാൽ കേന്ദ്ര തൊഴിൽ മന്ത്രാലയം 1948-ലെ ഇ.എസ്.ഐ. ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽനിന്നും ഒഴിവാക്കിയിരുന്നു. തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യസൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, 2026 ജനുവരി 1-നാണ് പുതുക്കിയ വേതന നിരക്ക് നിലവിൽ വരേണ്ടത്. ഇനിയൊരു പി.എൽ.സി. യോഗം ചേർന്ന് ആയത് നടപ്പിലാക്കുക

അസാധ്യമാണെന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ; അങ്ങും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ചേർന്ന് ട്രേഡ് യൂണിയൻ നേതാക്കളുടെയും ബന്ധപ്പെട്ടവരുടെയും ഒരു അടിയന്തര യോഗം വിളിച്ചുചേർത്ത് നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹു. വ്യവസായ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തൊഴിലാളി സംഘടനാ നേതാക്കന്മാരുടെ ഒരു യോഗം വിളിച്ചു ചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. പക്ഷെ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ച് തോട്ടം തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) ദേശീയപാത 66-ലെ തലപ്പാടി-ചെങ്കള റീച്ചിലെ ടോൾപിരിവ് പിൻവലിക്കൽ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിന്റെ അതിർത്തി മുതൽ തിരുവനന്തപുരം വരെയുള്ള എൻ.എച്ച്.-66 റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും പരസ്പരം അവകാശവാദങ്ങളുന്നയിക്കുകയാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കേരള ജനത ഏറെ ശ്രദ്ധിച്ചൊരു സമരം എന്റെ നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള-ആരിക്കാടിയിൽ

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ താൽക്കാലികമായി ടോൾ ബൂത്ത് നിർമ്മിച്ച് ജനങ്ങളിൽനിന്ന് അന്യായമായി ടോൾ പിരിക്കുന്നതിനെതിരെ ബി.ജെ.പി. ഒഴികെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒറ്റക്കെട്ടായിനിന്നുകൊണ്ട് എം.എൽ.എ. ചെയർപേഴ്സണായ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് അവിടെ സമരം നത്തിക്കൊണ്ടിരിക്കുന്നത്. ടോൾ പിരിവ് ആരംഭിക്കുമെന്ന് അറിഞ്ഞ ഉടൻതന്നെ ആയത് നടപ്പാക്കാതിരിക്കാനായി ഞങ്ങൾ മുട്ടാത്ത വാതിലുകളില്ല. യാതൊരു കാരണവശാലും അവിടെ താൽക്കാലികമായി ടോൾ ബൂത്ത് നിർമ്മിക്കാൻ പാടില്ലെന്ന് ബഹുമാന്യനായ കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ, കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ഉദുമ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു എന്നിവർ രാഷ്ട്രീയത്തിനതീതമായി ആവശ്യപ്പെട്ടതാണ്. നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്റെ നാട്ടിലെ നൂറുവർഷം പഴക്കമുള്ള മസ്ജിദും ക്ഷേത്രവും ക്രിസ്ത്യൻ ദേവാലയങ്ങളുമൊക്കെ ഞങ്ങൾ ഇടപ്പെട്ട് ക്ലിയറാക്കി കൊടുത്തിട്ടുണ്ട്. മാത്രമല്ല, മുന്നൂറിലേറെ വർഷം പഴക്കമുള്ള മരങ്ങൾ വെട്ടിമാറ്റുമ്പോൾ ഏറെ സങ്കടത്തോടുകൂടി ഞങ്ങൾ സഹകരിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാരീതിയിലും സഹകരിക്കുകയും ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട ഓരോ യോഗങ്ങളിലും 60 കി.മീറ്ററിൽ ഒരു ടോൾ ബൂത്ത് സ്ഥാപിക്കണമെന്ന് കൃത്യമായി പറയുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി പാർലമെന്റിൽ നടത്തിയ പ്രസംഗം സാമൂഹ്യമാധ്യമങ്ങളിലൂടെ നാമെല്ലാം കേൾക്കുകയും നിരവധി തവണ കണ്ടതുമാണ്; 60 കിലോമീറ്ററിൽ ഒരു ടോൾബൂത്തെന്നത് പാർലമെന്റിൽ

അദ്ദേഹം ഉറപ്പുനൽകിയതുമാണ്. അതിനിടയിൽ തലപ്പാടിയിൽ ഒരു ടോൾ ബൂത്ത് നിലവിലുള്ള സാഹചര്യത്തിൽ ഭീമമായ തുക ചെലവഴിച്ച് ആരിക്കാടിയിൽ മറ്റൊരു ടോൾബൂത്ത് സ്ഥാപിക്കുന്നുവെന്നത് തികച്ചും അന്യായമാണ്. പാരമ്പര്യമായി ഞങ്ങളുടെ നാട്ടുകാർക്ക് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മംഗലാപുരവുമായി അഭേദ്യമായ ബന്ധമുണ്ട്. ഡയാലിസിസ് രോഗികൾ, ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ എന്നിവർ ചികിത്സാർഥം മംഗലാപുരത്തേയ്ക്ക് പോകേണ്ടിവരുമ്പോൾ ടോൾ കൊടുക്കേണ്ട സാഹചര്യമാണുള്ളത്. കർണാടകയിൽ കഴിഞ്ഞ ആഴ്ച പെട്ടെന്ന് കെ.എസ്.ആർ.ടി.സി ബസ്ചാർജ് 25 രൂപയിൽനിന്ന് 35 രൂപയാക്കി വർധിപ്പിക്കുകയും അവശ്യ സാധനങ്ങളുടെ വില വർധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഞങ്ങൾ ശക്തമായ സമരവുമായി മുന്നോട്ടുപോയത്. ഞങ്ങളുടെ സമരസമിതിയിലെ ഇർഷാദ് എന്ന ചെറുപ്പക്കാരൻ ഇപ്പോഴും റിമാൻഡിലാണ്. മഞ്ചേശ്വരത്തെ ദ്രോഹിക്കാൻ ബി.ജെ.പി.-ക്കാരുടെ ഗിഫ്റ്റാണോ അന്യായമായ ടോൾബൂത്തെന്ന് മഞ്ചേശ്വരത്തെ ജനങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി അടിയന്തരമായി ഇക്കാര്യത്തിലിടപെടണം. വെട്ടിച്ചിറ, പന്തീരാങ്കാവ് എന്നീ സ്ഥലങ്ങളിലതടക്കം സമരങ്ങൾ നടക്കുകയാണ്. 60 കിലോമീറ്ററിനുള്ളിൽ ഒരു ടോൾബൂത്ത് എന്ന കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയുടെ ഉറപ്പിന് വിപരീതമായി ഇത്തരമൊരു താൽക്കാലിക ടോൾബൂത്ത് നിർമ്മിക്കാൻ ബഹു. മന്ത്രി അനുമതി നൽകരുതെന്നും അങ്ങ് ഇടപെട്ട് താൽക്കാലിക ടോൾ ബൂത്ത് നിർമ്മാണം റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ലെ പ്രവൃത്തി പൂർത്തീകരിച്ച കേരളത്തിന്റെ വടക്കേയറ്റമായ തലപ്പാടി-ചെങ്കള റീച്ചിൽ താൽക്കാലിക ടോൾബൂത്ത് സ്ഥാപിച്ച് ടോൾ പിരിക്കുന്നത് സംബന്ധിച്ച വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ.-യും കാസർഗോഡ് ജില്ലയിലെ മറ്റ് എം.എൽ.എ.-മാരുമുൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തിയ ഗൗരവമുള്ളൊരു വിഷയമെന്ന നിലയ്ക്ക് ഒരിക്കൽക്കൂടി ഇക്കാര്യം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ദേശീയപാത 66 എന്നത് ലോകമെമ്പാടുമുള്ള മലയാളികളുടെ സ്വപ്ന പദ്ധതിയാണ്. ബഹു. അംഗം ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരസ്പരം ദേശീയപാത നിർമ്മാണത്തിന് അവകാശവാദമുന്നയിക്കുന്നുവെന്ന് പറയുമ്പോൾ, വിവിധ സംസ്ഥാനങ്ങളിലെ ദേശീയപാത നിർമ്മാണം പൂർത്തീകരിക്കുമ്പോൾ കേന്ദ്ര സർക്കാർ അതിന്റെ ക്രെഡിറ്റ് അവകാശപ്പെടുന്നുവെന്നത് തികച്ചും സ്വാഭാവികമാണ്. കാരണം അതിന്റെ നിർമ്മാണവും ഡിസൈനും ഫണ്ടുമൊക്കെ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ് . എന്നാൽ, ഈ പ്രത്യേക പദ്ധതിക്ക് എങ്ങനെ സംസ്ഥാനംകൂടി അതിന്റെ അവകാശിയാകുന്നുവെന്നത് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മുടങ്ങിപ്പോയ ദേശീയപാത 66 യാഥാർഥ്യമാക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്ന് 5,580 കോടി രൂപ പണം ചെലവഴിച്ചിട്ടുണ്ടെന്ന വസ്തുത കേരള സമൂഹത്തിലാകെ ചർച്ച ചെയ്യപ്പെടുകയുമാണ്. എന്നാൽ

ടി തുക സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി തുക ഇരട്ടിയായി വർധിക്കുകയും ഏകദേശം 12,000 കോടി രൂപ സംസ്ഥാന സർക്കാർ ഈയിനത്തിൽ ചെലവഴിക്കേണ്ടിവരികയും ചെയ്തു. സ്വാഭാവികമായും മുടങ്ങിപ്പോയൊരു പദ്ധതി യാഥാർഥ്യമാക്കാൻ സംസ്ഥാന സർക്കാർ നിശ്ചയദാർഢ്യത്തോടുകൂടി ഇടപെട്ടതിനാൽ തീർച്ചയായും ആ സർക്കാരിനെ നയിക്കുന്ന മുന്നണി ജനങ്ങൾക്കുമുമ്പാകെ അവകാശവാദമുന്നയിക്കുമെന്നത് ജനങ്ങൾക്കും അറിയാവുന്ന വസ്തുതയാണ്. ഏതായാലും പ്രവൃത്തി പൂർത്തീകരിച്ച തലപ്പാടി-ചെങ്കള റീച്ചിലെ താൽക്കാലിക ടോൾ പിരിവ് സംബന്ധിച്ച് ഒരിക്കൽക്കൂടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ദേശീയപാതയുടെ ഫസ്റ്റ് റീച്ചായ 39 കിലോമീറ്റർ പൂർത്തീകരിച്ചത് ULCC എന്ന കരാർ കമ്പനിയാണ്. എന്നാൽ സെക്കൻഡ് റീച്ചിന്റെ കരാർ ഏറ്റെടുത്ത Megha Engineering & Infrastructures Limited (MEIL) എന്ന കമ്പനിയാണ് കൃത്യസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നത്. ടി കമ്പനി കൃത്യസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്ത കാരണത്താൽ എന്റെ നാട്ടിലെ ജനങ്ങൾക്കുമേൽ ഇരുട്ടിയും വലിയൊരു ടോൾ പിരിവ് അടിച്ചേൽപ്പിക്കുന്നത് അന്യായമാണ്. ഇതുസംബന്ധിച്ച് ബഹു. കോടതിയിൽ കേസ് നിലനിൽക്കുകയാണ്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ അഞ്ച് എം.എൽ.എ.-രുടെയും ഒരു യോഗം വിളിച്ച് ഇക്കാര്യം

ചർച്ച ചെയ്യണമെന്നും ടോൾ പിരിവ് റദ്ദുചെയ്യാൻ അടിയന്തരമായി ഇടപെടണമെന്നും ഞാൻ വീണ്ടും ആവശ്യപ്പെടുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എം.എൽ.എ.-മാരുടെ യോഗം വിളിച്ച് ചർച്ച ചെയ്യാത്തതാണ് ടോൾ പിരിവ് നടപ്പിലാക്കാനുള്ള കാരണമെന്ന് സർക്കാർ കരുതുന്നില്ല. കേന്ദ്ര സർക്കാരാണ് ടി വിഷയം കൈകാര്യം ചെയ്യുന്നത്. നവകേരള സദസിനോടനുബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച ടി റോഡ് നേരിൽ കണ്ട് വിലയിരുത്തുന്നതിനായി ഇറങ്ങിയപ്പോൾ ചില ചാനലുകൾ നവകേരളസദസ്സിന്റെ ബസ്സിന്റെ ടയർ പഞ്ചറായെന്ന് പറഞ്ഞ് അപ്പോൾത്തന്നെ വാർത്ത പ്രചരിപ്പിക്കുകയുണ്ടായി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയാണ് ടി പ്രവൃത്തി പൂർത്തീകരിച്ചത്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ എൻ.എച്ച്-66 എന്നത് ഒരു സ്വപ്നം മാത്രമായി നിൽക്കുമായിരുന്നുവെന്ന വസ്തുത ജനങ്ങൾക്ക് അറിയാവുന്നതാണ്. ഇക്കാര്യം മനസ്സിലാക്കിയാവണം ഈ വിഷയത്തെ സമീപിക്കേണ്ടത്. ടി പദ്ധതി യാഥാർഥ്യമാക്കാൻ എല്ലാ നിലയിലുമുള്ള ഇടപെടൽ സർക്കാർ നടത്തും. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് സുരക്ഷിതത്വം ഉറപ്പാക്കാനും ഓരോ പ്രദേശങ്ങളിലെയും ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും സംസ്ഥാന സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്. എൻ.എച്ച് 66-ന്റെ നിർമ്മാണം, ഡിസൈൻ, ഫണ്ട് എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണെന്ന യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകേണ്ടതാണ്.

National Highways Fee (Determination of Rates and Collection) Rules പ്രകാരമാണ് നാഷണൽ ഹൈവേ അതോറിറ്റി ഈ വിഷയത്തിൽ ഇടപെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിന്മേൽ കാൽനട യാത്രക്കാർക്ക് ദേശീയപാത മുറിച്ചുകടക്കാൻ സംവിധാനമൊരുക്കണമെന്ന പ്രശ്നത്തിൽ സംസ്ഥാന സർക്കാർ ഇടപെടൽ നടത്തി മുന്നോട്ടുപോയിട്ടുണ്ട്. അയില ജങ്ഷൻ, ഷിറിയക്കുന്ന്, ആരിക്കാടി കടവത്ത്, നുള്ളിപ്പാടി, ഇന്ദിര നഗർ എന്നീ സ്ഥലങ്ങളിൽ ഫൂട്ട് ഓവർ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ അംഗീകാരം നൽകിയതിന് പിന്നിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടായിട്ടുണ്ട്. ഒരുതരത്തിലും ജനങ്ങൾക്ക് പ്രയാസകരമാകുന്ന സ്ഥിതി പ്രോത്സാഹിപ്പിക്കുന്ന സർക്കാരല്ല കേരളത്തിലെ ഇടതുപക്ഷ സർക്കാർ. എന്നാൽ റോഡുവികസനം നാടിന്റെ ആവശ്യമാണെന്ന ആ നില കണ്ടുകൊണ്ട് ഈ വിഷയം പരിഹരിക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നതാണ്.

10.27 AM]

[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

V സബ്മിഷൻ

(1) കേരള ഹാൻഡ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം

ശ്രീമതി കെ. കെ. രമ: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും ഏറ്റവും കൂടുതൽ ഉൽപാദനവും വിറ്റുവരവുള്ളതുമായ കൈത്തറി സഹകരണ സംഘമാണ് വടകര ചോമ്പാലയിലെ ചിറയിൽപീടികയിലുള്ള കേരള

ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 1995-ൽ രാജ്യത്തെ ഏറ്റവും മികച്ച കൈത്തറി സഹകരണ സംഘത്തിനുള്ള നാഷണൽ അവാർഡും 2018-ലെ സംസ്ഥാന അവാർഡും നേടിയ ടി സംഘം കൈത്തറി ഉൽപാദനത്തിലും വിപ്പനയിലും പ്രശസ്തിനേടിയ സ്ഥാപനമാണ്. എന്നാൽ, കോവിഡ് കാലഘട്ടത്തിനുശേഷം കൈത്തറി മേഖലയിലുണ്ടായ മാന്ദ്യം സംഘത്തിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിരിക്കുകയാണ്. വിപണിയിലെ കനത്ത വെല്ലുവിളികൾക്കൊപ്പം അപെക്സ് സംഘമായ ഹാന്റക്സിൽനിന്നും ലഭിക്കാനുള്ള ഭീമമായ കുടിശികയും സർക്കാരിൽനിന്നും റിബേറ്റ് ഇനത്തിലും യൂണിഫോം ഉൾപ്പെടെയുള്ള ഇനങ്ങളിലും ലഭിക്കേണ്ട ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭിക്കുന്നുമില്ല. പ്രൊഡക്ഷൻ ഇൻസെന്റീവായി സർക്കാരിൽനിന്നും ഒരു രൂപപോലും ലഭിക്കാത്ത സാഹചര്യമാണുള്ളത്. റിബേറ്റ് കുടിശികയിനത്തിൽ മാത്രം 14,87,360/- രൂപയും ഹാന്റക്സിൽനിന്നും ലഭിക്കാനുള്ള കുടിശ്ശികയിനത്തിൽ 31 ലക്ഷം രൂപയും യൂണിഫോം ഇനത്തിൽ 2,73,000 രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവായി 57,82,000 രൂപയുമുൾപ്പെടെ ഏകദേശം ഒരു കോടി ആറ് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തിലധികം രൂപ (1,06,42,000) നിലവിൽ കുടിശ്ശിക ലഭിക്കാനുണ്ട്. ജില്ലാ ബാങ്കുകൾ കേരള ബാങ്കുകളായി മാറിയതോടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം ലഭിക്കാത്തതും സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ താറുമാറാക്കിയിരിക്കുകയാണ്. ഉൽപാദനത്തിനാവശ്യമായ മൂലധനം കണ്ടെത്താൻ കഴിയാതെ വന്നതോടെ ഉൽപാദനവും വിൽപനയും മന്ദഗതിയിലാവുകയും നിലവിൽ തൊഴിലാളികൾക്ക് കൃത്യമായി കൂലി നൽകാൻപോലും സാധിക്കാത്ത

സാഹചര്യവുമാണുള്ളത്. ഇ.പി.എഫ്. ഇനത്തിൽ തവണകൾ അടയ്ക്കാൻ സാധിക്കാത്തതിനാൽ സംഘത്തിനുമേൽ ഭീമമായ പിഴ ചുമത്തിയിരിക്കുകയാണ്. നിലവിൽ ആറുമാസത്തെ കൂലി ഇനത്തിൽ 10,11,740/- രൂപയാണ് സംഘം തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശിക. 80 ശതമാനത്തിലധികം സ്ത്രീതൊഴിലാളികൾ മാത്രം ജോലി ചെയ്യുന്ന ടി സ്ഥാപനം വിധവകളും രോഗികളുമടക്കം നിരാലംബരായ നിരവധി പേരുടെ അത്താണിയാണ്. ഈ സ്ഥാപനത്തിന് നൽകാനുള്ള കുടിശ്ശിക നൽകിയും സംഘത്തിന്റെ ഭൗതികസാഹചര്യങ്ങൾ നവീകരിച്ചും ആവശ്യമായ പ്രവർത്തനമൂലധനം നൽകിയും പഴയ പ്രതാപത്തിലേയ്ക്കെത്തിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇന്ത്യയിൽ മറ്റൊരിടത്തുമില്ലാത്ത രീതിയിൽ യൂണിഫോം പദ്ധതി ആരംഭിച്ചത്. ബഹുമാന്യയായ അംഗം പറഞ്ഞതുപോലെ തൊഴിലാളികളുടെ കൂലിയിനത്തിൽ ഒക്ടോബർ മാസം വരെയുള്ള കുടിശ്ശിക അനുവദിച്ച് നൽകിയിട്ടുണ്ട്. നവംബർ മുതൽ ജനുവരി വരെയുള്ള കൂലിയിനത്തിൽ 6,29,625 രൂപ മാത്രമാണ് ഇനി നൽകാനുള്ളത്. തൊഴിലാളികൾക്ക് ആറുമാസത്തെ കൂലി നൽകാനുണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ, 11-10-2025-വരെയുള്ള തുക നൽകിയിട്ടുണ്ട്. ഹാന്റക്സിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ച പദ്ധതിപ്രകാരം നടപ്പു സാമ്പത്തികവർഷം 15 കോടി രൂപയ്ക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. ആദ്യമായാണ് ഹാന്റ്ക്സിന് ഒറ്റയടിക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാൻ പ്രത്യേകമായൊരു റിവൈവൽ പാക്കേജ് ലഭിക്കുന്നത്. ഹാന്റ്ക്സിനായി 15 കോടി രൂപയുടെ പാക്കേജിന് അംഗീകാരം ലഭിച്ചെങ്കിലും രണ്ടുകോടി രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളൂ. ടി തുകയിൽനിന്നും 79,081/- രൂപയാണ് കേരള ഹാന്റ്ഡലൂം വീവേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്. 68 തൊഴിലാളികളാണ് ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. പാക്കേജിനത്തിൽ ബാക്കിയുള്ള 13 കോടി രൂപ അനുവദിക്കുമ്പോൾ ബാക്കി തുകയായ 16,47,478/- രൂപയും ലഭ്യമായാലുടൻ നൽകുന്നതായിരിക്കും. കേരള ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഉൽപാദിപ്പിച്ച കൈത്തറി വസ്ത്രം വിപണനം നടത്തിയതിലെ റിബേറ്റ് ഇനത്തിൽ 4,19,105/- രൂപയാണ് നൽകാനുള്ളത്. നിലവിൽ റിബേറ്റ് ഇനത്തിൽ 20.45 കോടി രൂപയുടെ അപേക്ഷകളിന്മേൽ തീർപ്പാക്കൽ പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. പ്രത്യേക കുടിശ്ശിക നിവാരണത്തിനായി ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൈത്തറി ഡയറക്ടേറ്റ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഉൾപ്പെടുത്തി കേരള ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് മാറ്റാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

(2) കോന്നി ചെങ്ങറ എസ്റ്റേറ്റിലെ കടുവ ശല്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി ചെങ്ങറ എസ്റ്റേറ്റിലും പരിസരപ്രദേശങ്ങളിലും കഴിഞ്ഞ മൂന്ന് ദിവസമായി നാലിടങ്ങളിൽ കടുവയുടെ

സാന്നിധ്യമുണ്ടായിരിക്കുകയാണ്. എസ്റ്റേറ്റിലെ കുറുമ്പറ്റി ഡിവിഷനിൽ റബ്ബർ കറ സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലത്താണ് തൊഴിലാളിയായ മോനച്ചൻ കഴിഞ്ഞ ഞായറാഴ്ച രാവിലെ ആദ്യമായി കടുവയെ കാണുന്നത്. അന്നേദിവസംതന്നെ കൊന്നപ്പാറ ചെങ്കര റോഡിൽ ബൈക്ക് യാത്രികർ കടുവയുടെ മുന്നിൽപ്പെടുന്ന സ്ഥിതിയുണ്ടായി. തൊട്ടടുത്തദിവസം പ്രധാന റോഡായ അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡിലും ബൈക്ക് യാത്രികർ കടുവയുടെ മുന്നിൽപ്പെടുകയുണ്ടായി. ഇന്നലെ രാവിലെ 5.30-ഓടുകൂടി ടാപ്പിങ് തൊഴിലാളികളായ ഷാജി-മിനി ദമ്പതികൾ കടുവയുടെ മുന്നിലകപ്പെടുകയും ജീവരക്ഷാർഥം ഓടുന്നതിനിടയിൽ കുഴിയിൽ വീണ് മിനിയുടെ കൈക്ക് പൊട്ടലുണ്ടാവുകയും ചെയ്തു. ഇത് പ്രദേശത്ത് വലിയ പരിഭ്രാന്തിയും ഭീതിയും ഉണ്ടാക്കിയിരിക്കുകയാണ്. ഇന്നലെ ഞാനും ഡി.എഫ്.ഒ. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ)-യും മറ്റ് വനം വകുപ്പുദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിച്ചിരുന്നു. ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുകയും നൂറുകണക്കിന് തൊഴിലാളികൾ ജോലിയിലേർപ്പെടുകയും ചെയ്യുന്ന ടി പ്രദേശത്തെ ഇത്തരം സംഭവങ്ങൾ വനം വകുപ്പ് ഗൗരവമായി കണക്കിലെടുക്കുകയും കടുവയെ പിടിക്കാൻ അടയന്തര നടപടി സ്വീകരിക്കുകയും വേണം. ഡ്രോൺ ഉപയോഗിച്ച് ടി പ്രദേശത്ത് പരിശോധന നടത്തിയും വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടുന്ന കൂടുതൽ ടീമിനെ സ്ഥലത്തെത്തിച്ച് കടുവയുടെ താവളം കണ്ടെത്തിയും അടിയന്തരമായി കടുവയെ പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹം വിശദീകരിച്ചതുപോലെ എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളും മറ്റ് ഉന്നത ഫോറസ്റ്റുദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. അവിടെ ഭീതിതമായ അന്തരീക്ഷം നിലനിൽക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യമനുസരിച്ചും ഇന്നലെചേർന്ന യോഗ തീരുമാനപ്രകാരവുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ഥലത്ത് കൂടുതൽ പരിശോധനാ സംവിധാനവും ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യവും ഉറപ്പുവരുത്താനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(3) കോട്ടപ്പാറ വനമേഖലയിൽ ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി

ശ്രീ. ആന്റണി ജോൺ: സർ, കഴിഞ്ഞ ഒൻപതര വർഷക്കാലത്തിലേറെയായി അതായത്, പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും ഏറ്റവും കൂടുതൽ തവണ ഉന്നയിച്ച വിഷയം എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലെ ജനങ്ങൾ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളാണ്. അനവധി ജീവനുകൾ നഷ്ടപ്പെട്ടതുമുൾപ്പെടെയുള്ള അവരുടെ ജീവിത ദുരിതങ്ങളെപ്പറ്റി നിരവധി തവണ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഇപ്പോഴത്തെ സർക്കാരും ടഞ്ച് നിർമ്മാണവും ഹാങ്ങിങ്

ഫെൻസിങും ഉൾപ്പെടെയുള്ള ഒട്ടനവധി പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പ്ലാൻ ഫണ്ടിൽനിന്നും മറ്റ് വിവിധ ഏജൻസികളിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നുമൊക്കെ ഭീമമായ തുക നീക്കിവച്ചിരുന്നു. ഏറ്റവുമൊടുവിൽ ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-ക്ക് വാഹനം വാങ്ങുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്ന് തുക അനുവദിച്ചിട്ടുണ്ട്. കുട്ടമ്പുഴ, കവളങ്ങാട്, ചീരമ്പാറ, പിണ്ടിമന, കോട്ടപ്പടി എന്നീ അഞ്ച് പഞ്ചായത്തുകളിലാണ് നിലവിൽ ഗുരുതരമായ വന്യമൃഗശല്യം നേരിടുന്നത്. ഒരു ബൃഹത് പദ്ധതിയെന്ന നിലയിൽ സർക്കാർ പ്രത്യേക താൽപര്യമെടുത്താണ് പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളെയും തൊട്ടടുത്ത പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിനെയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുംവിധം ഏകദേശം മുപ്പത് കിലോമീറ്റർ ദൂരത്തിൽ മൂന്നേമുക്കാൽ കോടി രൂപ ചെലവഴിച്ച് ഹാങ്ങിങ് ഫെൻസ് നിർമ്മിക്കാൻ തീരുമാനിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കോട്ടപ്പടിയിൽ നേരിട്ടെത്തി നിർമ്മാണോദ്ഘാടനം നിർവഹിക്കുകയും ചെയ്തത്. എന്നാൽ മാസങ്ങൾ പിന്നിട്ടിട്ടും അതിന്റെ വർക്ക് മുന്നോട്ടുപോകുന്നില്ലെന്നുമാത്രമല്ല, നാളിതുവരെ പൂർത്തീകരിച്ച ആറ് കിലോമീറ്റർ ദൂരത്തിൽ സ്ഥാപിച്ചിട്ടുള്ള ഹാങ്ങിങ് ഫെൻസ് പൂർണ്ണമായും കാട്ടാന നശിപ്പിച്ചിരിക്കുകയുമാണ്. ടി പ്രദേശങ്ങളിലെ വീടുകളും ആരാധനാലയങ്ങളും വ്യാപകമായി തകർക്കപ്പെടുകയാണ്. ആയതിനാൽ ഹാങ്ങിങ് ഫെൻസിന്റെ വർക്ക് ഫലപ്രദമായി പൂർത്തീകരിക്കുന്നതിനും കൂടുതൽ മേഖലകളിൽ ട്രഞ്ച് നിർമ്മിക്കുന്നതിനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വളരെ ഗുരുതരമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കേരളത്തിലെ വനമേഖലയിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒരു മേഖലയായി കോതമംഗലം മാറിയിട്ടുണ്ട്. ടി പ്രദേശത്ത് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അടിയന്തരപ്രാധാന്യമുള്ള പ്രശ്നങ്ങൾ ഓരോന്നായി കണക്കാക്കി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനോടനുബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ കോതമംഗലത്തെത്തി ടി പ്രദേശത്തെ എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് അവരുടെ നിർദേശങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദേശം നൽകുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നേമുക്കാൽ കോടി രൂപ ചെലവഴിച്ച് മുപ്പത് കിലോമീറ്റർ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡാണ് ടി പ്രവൃത്തിയുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായെന്നത് ശരിയാണ്. എന്നാൽ ടി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾക്കായി കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്യുന്നതാണ്. കോതമംഗലത്തെ ഒരു സ്പെഷ്യൽ സോണായി കണക്കാക്കി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

(4) താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, താമരശ്ശേരിയിൽ പ്രവർത്തിക്കുന്ന ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള ദുർഗന്ധം കാരണം ആ പ്രദേശത്തെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഉണക്കമീൻ അടുപ്പിലിട്ട് ഉണ്ടാകുന്ന ഗന്ധം ശ്വസിച്ചാണ് അവിടത്തെ ആളുകൾ ഭക്ഷണം കഴിക്കുന്നതെന്നും അതിനേക്കാൾ രൂക്ഷമായ ദുർഗന്ധമാണ് അവിടെ നിന്ന് വമിക്കുന്നതെന്നുമാണ് നാട്ടുകാർ പറയുന്നത്. സമീപപ്രദേശങ്ങളിലാകെ ഇത്രയും രൂക്ഷമായ ദുർഗന്ധം പരത്തിക്കൊണ്ട് ഒരു കമ്പനി പ്രവർത്തിക്കുമ്പോൾ അതിനെതിരെ സമരമുണ്ടാവുകയെന്നത് സ്വാഭാവികമാണ്. കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും യോജിച്ച് നടത്തിയ സമരത്തിന്റെ പേരിൽ സി.പി.ഐ.(എം), മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രവർത്തകർക്കും നാട്ടുകാർക്കുമെതിരെ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഇത്തരം കേസുകളെല്ലാം ഒറ്റ കേസാക്കി അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇത്രയധികം ദുർഗന്ധം വമിക്കുന്ന പ്രദേശത്ത് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഈ വിഷയത്തിൽ

തെറ്റിദ്ധരിച്ചിരിക്കുന്നുവെന്നാണ് തോന്നുന്നത്. താമരശ്ശേരിയിൽ പ്രവർത്തിക്കുന്നത് അറവുശാലയല്ല, ചിക്കൻ റെൻഡറിങ് പ്ലാന്റാണ്. അതായത്, അറവ് മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റാണ്. അതിന്റെ യഥാർഥ പേര് ഫ്രഷ് കട്ട് ഓർഗാനിക് റെൻഡറിങ് പ്ലാന്റ് എന്നാണ്. പ്രസ്തുത പ്ലാന്റിൽ 21-10-2025-ൽ നടന്ന ഉപരോധ സമരം അക്രമാസക്തമാകുകയും പ്ലാന്റ് ഭാഗികമായും ഏതാനും വാഹനങ്ങൾ പൂർണ്ണമായും അക്രമികൾ കത്തിച്ച് നശിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ടാവുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP (C) 12536/2025 നമ്പർ കേസിലെ താൽക്കാലിക വിധി പ്രകാരം പ്ലാന്റിന് പൊലീസ് സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി കോഴിമാലിന്യം ശേഖരിച്ചുവന്ന വാഹനം പ്ലാന്റിലേക്ക് കടത്തിവിടാൻ പൊലീസ് ശ്രമിക്കുന്നതിനിടെയാണ് പൊലീസിനും വാഹനത്തിനുംനേരെ കല്ലേറുണ്ടാകുകയും സംഘർഷത്തിലെത്തുകയും ചെയ്തത്. ഹൈക്കോടതി വിധിപ്രകാരമുള്ള സംരക്ഷണം നൽകുകയാണ് പൊലീസ് ചെയ്തതെങ്കിലും അവർക്കുനേരെ ആക്രമണമുണ്ടായി. സംഘർഷം നടക്കുന്ന അതേസമയത്ത് ഒരു വിഭാഗം ആളുകൾ മറ്റൊരു വഴിയിലൂടെ പ്ലാന്റിൽ പ്രവേശിക്കുകയും പ്ലാന്റിന്റെ വാഷിങ് ഏരിയ, ട്രാൻസ്ഫോർമർ, കുക്കർ കൺട്രോൾ ഏരിയ എന്നിവിടങ്ങളിൽ തീയിടുകയും ഓഫീസ് അടിച്ചുതകർക്കുകയും ചെയ്തു. കൂടാതെ അവിടെ നിർത്തിയിട്ടിരുന്ന കോഴിമാലിന്യം ശേഖരിക്കുന്നവയുൾപ്പെടെയുള്ള വാഹനങ്ങൾ അഗ്നിക്കിരയാക്കി. ഈ സംഘർഷത്തിൽ കോഴിക്കോട് ജില്ലാ പൊലീസ് മേധാവി (റൂറൽ) ഉൾപ്പെടെയുള്ള പൊലീസുകാർക്കും സാരമായി പരിക്കേൽക്കുകയുണ്ടായി. പ്രസ്തുത സംഭവത്തിനുശേഷം ഡിസ്ട്രിക്ട് ലെവൽ

ഫെസിലിറ്റേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റി (ഡി.എൽ.എഫ്.എം.സി.) സംയുക്ത പരിശോധന നടത്തുകയും പ്ലാന്റിന്റെ നിലവിലുള്ള സ്ഥിതി വിലയിരുത്തുകയും ചെയ്തു. പ്ലാന്റിന് നാശനഷ്ടങ്ങൾ സംഭവിച്ചെങ്കിലും പ്രധാനപ്പെട്ട കൂക്കർ ഉൾപ്പെടുന്ന പ്രോസസിങ് ഏരിയയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നില്ല. പരിശോധനാ സമയത്ത് റിപ്പയറിങ് വർക്ക് ഏകദേശം പൂർത്തിയായിവരികയായിരുന്നു. തുടർന്ന് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എം.വി.ഡി. (മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്) തുടങ്ങിയവയുടെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും പരിശോധനയ്ക്കുശേഷം 30-10-2025-ലെ ഡി.എൽ.എഫ്.എം.സി. തീരുമാനപ്രകാരം പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. പ്ലാന്റിലുണ്ടായ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡി.എൽ.എഫ്.എം.സി. പ്ലാന്റിന്റെ പ്രോസസിങ് ക്വാണ്ടിറ്റി 20 ടണ്ണായി പരിമിതപ്പെടുത്താനും ഫ്രഷ് കോഴി മാലിന്യം മാത്രമെ എടുക്കാൻ പാടുള്ളൂവെന്ന് നിശ്ചയിക്കുകയും വൈകുന്നേരം ആറര മണിമുതൽ രാത്രി പന്ത്രണ്ട് മണി വരെയുള്ള സമയത്ത് പ്രവർത്തനം നിർത്തിവയ്ക്കാൻ തീരുമാനിക്കുകയുമുണ്ടായി. മലിന ജലം ട്രീറ്റ് ചെയ്യുന്ന എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം പരിശോധിക്കുന്നതിന്റെ ഭാഗമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിമാസ പരിശോധനയ്ക്കുപുറമെ കോഴിക്കോട് എൻ.ഐ.ടി.(നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)-യുടെ ലാബ് സംവിധാനമുപയോഗിച്ച് പ്രതിവാര പരിശോധന നടത്തുന്നതിനും തീരുമാനിച്ചു. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രതിമാസ പരിശോധനയും എൻ.ഐ.ടി. ലാബിന്റെ പ്രതിവാര പരിശോധനയും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ദുർഗന്ധം

സംബന്ധിച്ച പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി തിരുവനന്തപുരം സി.എസ്.ഐ.ആർ.-എൻ.ഐ.ഐ.എസ്.ടി. (കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച്-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി)-യുമായി ചേർന്ന് പരിശോധന നടത്തി പരിഹാരനിർദേശങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 20 ടണ്ണായി പരിമിതപ്പെടുത്തിയ കപ്പാസിറ്റിയിൽ നൈറ്റ് ഷിഫ്റ്റ് ഒഴിവാക്കി കാര്യമായ പരാതികൾക്കിടവരാത്ത രീതിയിൽ പ്ലാന്റ് പ്രവർത്തിച്ചുവരികയാണ്. നവീകരണത്തിനുശേഷം പ്ലാന്റിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയുണ്ടായതായി സമരസമിതിതന്നെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഒരു പ്ലാന്റിൽ മാത്രം ജില്ലയിലെ കോഴിമാലിന്യം സംസ്കരിക്കാൻ സാധ്യമല്ലെന്ന് കണ്ടെതിനെത്തുടർന്ന് മൂന്ന് പ്ലാന്റുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. അപ്പോൾ ഇവിടേയ്ക്കെത്തുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും. പൊതുജന പ്രക്ഷോഭം കാരണം രണ്ട് പ്ലാന്റുകളുടെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ജനപ്രതിനിധികളുടെ സജീവമായ ഇടപെടലിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിച്ച് എല്ലാ ജില്ലകളിലെയും മാലിന്യങ്ങൾ ഒരിടത്ത് കൊണ്ടുവരുന്നതിനുപകരം ജില്ലകളെ വികേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ പ്ലാന്റുകൾ പ്രവർത്തിച്ചാൽ മാത്രമെ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഇപ്പോൾ അനുമതി നൽകിയ മൂന്ന് പ്ലാന്റുകൾകൂടി പ്രവർത്തിപ്പിക്കാനാവശ്യമായ ബോധവൽക്കരണവും ഇടപെടലുകളും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുണ്ടാകണം.

(5) ചെറുവത്തൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടി

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂരിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും കടലിൽനിന്നും മത്സ്യബന്ധന യാനങ്ങൾ തുറമുഖത്തേക്ക് വരുന്നത് സഹായിക്കുന്നതിനുമായി നിർമ്മിച്ച പുലിമുട്ടുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം 2015-ൽ പ്രവർത്തനസജ്ജമായതുമുതൽ ഈ ഹാർബറിന്റെ 22 കിലോമീറ്റർ തെക്ക് മാറി രാമന്തളി മുതൽ 25 കിലോമീറ്റർ വടക്ക് മാറി പള്ളിക്കര വരെയുള്ള ഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികൾ ദൈനംദിന ജോലികൾക്കായി നിരന്തരം ആശ്രയിക്കുന്ന ഹാർബറാണിത്. സമീപ ജില്ലകളിലെയും തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിലെയും ബോട്ടുകളടക്കം വന്നുപോകുന്ന തുറമുഖമാണ് ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം. അന്യസംസ്ഥാന യാനങ്ങളുൾപ്പെടെ വിവിധ കാറ്റഗറിയിലുള്ള 800-ഓളം ബോട്ടുകൾ ഈ ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഒരു വർഷം ശരാശരി 800 ടൺ മത്സ്യം ഇവിടെ വില്പനയ്ക്കായി എത്തുന്നുണ്ട്. ഹാർബറിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികളിലുൾപ്പെടുത്തി 30 മീറ്റർ നീളമുള്ള രണ്ട് ഫിങ്കർ ജെട്ടി ചാനൽ ഡ്രഡ്ജിങ്, പാർക്കിങ് ഏരിയ കോൺക്രീറ്റ് ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി എന്നിവ അധികമായി

നടപ്പാക്കിയിട്ടുണ്ടെങ്കിലും ഹാർബറിന്റെ നിലവിലെ പ്രവർത്തനത്തിന് പ്രസ്തുത സൗകര്യങ്ങൾ അപര്യാപ്തമാണ്; വാർഫ്, ലേല ഹാൾ, പാർക്കിങ് ഏരിയ എന്നിവ കൂടുതലായി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ജില്ലയിൽ മത്സ്യബന്ധന യാനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ നിലവിലില്ല. ബോട്ട് കരയ്ക്ക് കയറ്റി റിപ്പയർ ചെയ്യാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ ഹാർബറിന് സമീപം സ്ഥിതിചെയ്യുന്ന നീലേശ്വരം ഫിഷ് ലാൻഡിങ് സെന്റർ 1990-കളിൽ പൂർത്തീകരിച്ചതാണ്. പ്രസ്തുത ഫിഷ് ലാൻഡിങ് സെന്ററിലെ വാർഫ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായിരിക്കുകയാണ്. ആയത് അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഹാർബർ നിർമ്മിക്കുമ്പോൾ 800 മീറ്റർ നീളത്തിൽ മാത്രമാണ് പുലിമുട്ടിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. 2018-ലുണ്ടായ പ്രളയ കാലഘട്ടത്തിലും അതുപോലെ ഓഖി, ഗജ എന്നീ സൈക്ലോണുകളിലും ടി ഹാർബറിലെ പുലിമുട്ടുകൾക്ക് വളരെയധികം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഏത് സീസണിലും മത്സ്യബന്ധനയാനങ്ങൾക്ക് ഹാർബറിലേക്ക് കടക്കുന്നതിനും തിരിച്ച് കടലിലേക്ക് പോകുന്നതിനും വളരെയേറെ ബുദ്ധിമുട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ആയത് അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ ഹാർബറുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യവികസനങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾക്കായി 43 കോടി രൂപയുടെ പ്രവൃത്തി നബാർഡ്-എഫ്.ഐ.ഡി.എഫ്. (ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ

ഡെവലപ്മെന്റ് ഫണ്ട്) പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടി പരിഗണിച്ച് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി 21-08-2015-ൽ കമ്മീഷൻ ചെയ്യുകയും മത്സ്യബന്ധന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരികയുമാണ്. ചെറുവത്തൂർ ഫിഷിങ് ഹാർബർ നിർമ്മാണം പൂർത്തീകരിച്ചത് ചെറുവത്തൂർ നീലേശ്വരം ലാൻഡിങ് സെന്ററുകൾ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. ഫിഷിങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുകയും സാഗർ പരിക്രമ യാത്രയുടെ ഭാഗമായി ബഹുമാനപ്പെട്ട കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രി 08-06-2023-ൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം സന്ദർശിച്ച വേളയിൽ ഞാൻതന്നെ നേരിട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ടി പദ്ധതിരേഖ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനോടനുബന്ധിച്ച് 40.41 കോടി രൂപയുടെ വിശദമായ പദ്ധതിക്ക് 25-08-2023-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗീകാരം നൽകുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ പി.എം.എം.എസ്.വൈ (പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന)-യിൽ നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആവശ്യപ്പെട്ട

അധിക വിശദാംശങ്ങൾ സംസ്ഥാന സർക്കാർ സമർപ്പിച്ചെങ്കിലും നാളിതുവരെ പി.എം.എം.എസ്.വൈ.-ൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട അംഗത്തിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ചും NABARD-RIDF (Rural Infrastructure Development Fund) Tranche XXXI പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി 43 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയുണ്ടായി. 29-10-2025-ൽ ചേർന്ന ഹൈപവർ കമ്മിറ്റി യോഗ തീരുമാനപ്രകാരം സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കേണ്ട വായ്പാപദ്ധതി അംഗീകാരത്തിനായി എഫ്.ഐ.ഡി.എഫ്. പോർട്ടലിൽ ഓൺലൈനായി സമർപ്പിച്ചിരുന്നു. തുടർന്ന് ബാംഗ്ലൂർ ആസ്ഥാനമായുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിങ് ഫോർ ഫിഷറീസ് (സി.ഐ.സി.ഇ.എഫ്.) സാങ്കേതിക പരിശോധന നടത്തുകയും പദ്ധതി സംബന്ധിച്ച അധിക വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അധികമായി ആവശ്യപ്പെട്ട വിശദാംശങ്ങൾ 16-12-2025, 17-12-2025 എന്നീ തീയതികളിൽ സി.ഐ.സി.ഇ.എഫ്. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും വിശദാംശങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ സി.ഐ.സി.ഇ.എഫ്. നിർദേശിച്ച ഭേദഗതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കൂടുതൽ വിവരങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കിവരുന്നു. പദ്ധതി രൂപരേഖ അന്തിമമാക്കി എഫ്.ഐ.ഡി.എഫ്. പോർട്ടലിൽ സമർപ്പിക്കുന്നതാണ്. പലിശ സഹിതം പൂർണ്ണമായി തിരിച്ചടയ്ക്കേണ്ട വായ്പാ പദ്ധതിയായതിനാൽ മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിവരുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിരന്തര ആവശ്യത്തിന്റെയും സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയുടെയും ഭാഗമായി ചെറുവത്തൂർ ഫിഷിങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുമെന്ന് ഉറപ്പുനൽകുന്നു.

(6) ബീനാച്ചി- പനമരം റോഡ് പ്രവൃത്തി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ 22 കിലോമീറ്റർ നീളമുള്ള പ്രധാനപ്പെട്ടൊരു റോഡാണ് ബീനാച്ചി-പനമരം. 2019-ലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ടി റോഡ് നിർമ്മാണം ആരംഭിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർ.എസ്. ഡെവലപേഴ്സ് എന്ന കൺസ്ട്രക്ഷൻ കമ്പനി 2018-ൽ പ്രസ്തുത റോഡ് പ്രവൃത്തിയുടെ ടെൻഡർ ഏറ്റെടുത്തെങ്കിലും കരാറുകാരന് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് ആൻഡ് കോസ്റ്റിൽ ഗവൺമെന്റ് അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്തിരുന്നു. അതിനുശേഷം 22 കിലോമീറ്ററുള്ള റോഡ് 10, 12 കിലോമീറ്റർ എന്നിങ്ങനെ രണ്ട് റീച്ചുകളാക്കി മാറ്റിയാണ് ആദ്യത്തെ ടെൻഡർ നടപടി പൂർത്തീകരിച്ചത്. നടവയൽ മുതൽ പനമരം വരെയുള്ള പത്തുകിലോമീറ്റർ റോഡ് പുതിയ കരാറുകാരനെ ഏൽപ്പിച്ച് പ്രവൃത്തി നടക്കുന്നുണ്ടെങ്കിലും നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ബീനാച്ചി 2.70 കിലോമീറ്റർ കഴിഞ്ഞ് ബാക്കിലുള്ള 10 കിലോമീറ്റർ പ്രവൃത്തിയിൽനിന്ന് ആർ.എസ്. ഡെവലപേഴ്സ് എന്ന കരാറുകാരനെ മാറ്റി തുടർനടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ

തുടങ്ങിയിട്ട് കുറേ മാസങ്ങളായെങ്കിലും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല, അവിടത്തെ ജനങ്ങളിപ്പോൾ പ്രക്ഷോഭത്തിലുമാണ്. 2022-ൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടവയൽ, കോളേരി പ്രദേശങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തിയതാണ്. ബത്തേരിയിൽനിന്നും മാനന്തവാടി നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്നതും മാനന്തവാടി നിയോജകമണ്ഡലത്തിലെ ഹൈവേയിലൂടെ കണ്ണൂർ എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന വളരെ എളുപ്പത്തിൽ പോകേണ്ട ഒരു റോഡുമാണിത്. എന്നാൽ ടി റോഡ് പൂർത്തീകരണം കാലങ്ങളായി നീണ്ടുപോവുകയാണെന്ന് മാത്രമല്ല, നാളിതുവരെ തുടർപ്രവൃത്തികളാരംഭിക്കാനോ പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ടൈം ഷെഡ്യൂളുണ്ടാക്കി ടി പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബീനാച്ചി-പനമരം റോഡ് നിർമ്മാണം കിഫ്ബി പദ്ധതിയിൽപ്പെടുന്ന പ്രവൃത്തിയാണ്. 22.200 കിലോമീറ്റർ വരുന്ന ടി റോഡിന്റെ നവീകരണ പ്രവൃത്തികൾക്കായി ബഹുമാനപ്പെട്ട അംഗവും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളുവും നിരന്തര ഇടപെടൽ നടത്തിയിട്ടുള്ളതാണ്. പ്രവൃത്തിയേറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം ഒന്നാംഘട്ട പ്രവൃത്തി താഴെ അരിവയൽ മുതൽ നടവയൽ പള്ളിത്താഴം വരെയായി കുറച്ചിരുന്നു. രണ്ടാംഘട്ടം ബീനാച്ചി മുതൽ താഴെ അരിവയൽ

വരെയും നടവയൽ പള്ളിത്താഴം മുതൽ പനമരം വരെയും മറ്റൊരു ടെൻഡർ നടപടി പൂർത്തീകരിച്ച് കരാർ നൽകുകയും പ്രവൃത്തി 70 ശതമാനം പുരോഗതി കൈവരിക്കുകയും ചെയ്തിരുന്നു. എന്നാൽ ജലനിധിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികൾ വൈകിയതുമൂലം റോഡ് നവീകരണ പ്രവൃത്തിയിൽനിന്നും കരാറുകാരെ ഒഴിവാക്കേണ്ടിവന്നു. അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 12,37,99,000/- രൂപയായിരുന്നു. ബീനാച്ചി മുതൽ താഴെ അരിവയൽ വരെയും നടവയൽ പള്ളിത്താഴം മുതൽ പനമരം വരെയുമുള്ള റോഡിന്റെ വീതി 9 മീറ്ററായതിനാൽ ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കാനുള്ള 2/700–15/560 വരെയുള്ള ഭാഗത്തെ റോഡിന്റെ വീതി ഏകീകരണത്തിനായി റോഡിന്റെ ഇരുവശങ്ങളിലും ഓരോ മീറ്റർ വീതിയിൽ ഐറിഷ് കോൺക്രീറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിട്ടുണ്ട്. 12.86 കിലോമീറ്റർ ദൂരം വരുന്ന പ്രവൃത്തിയുടെ ബി.സി.-യും ഐറിഷ് കോൺക്രീറ്റും വരുന്ന എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അധിക തുക ആവശ്യമായി വരുന്നതിനാൽ സാമ്പത്തിക അനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസലും കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികളിലേക്ക് കടക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെയും അംഗത്തിന്റെയും പ്രത്യേക താൽപര്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെട്ട് പരിഹാരം കാണാൻ നടപടി സ്വീകരിക്കുന്നതാണ്.

(7) കല്ലരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ നാറാത്ത്, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു പാലമാണ് കല്ലരിക്കടവ് പാലം. 2017-ൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച ടി പാലത്തിന്റെ അലൈൻമെന്റിലും അപ്രോച്ച് റോഡുകളിലും മാറ്റം വന്നതിനാൽ അതിന്റെ സാങ്കേതിക നടപടികൾ നീണ്ടുപോകുന്ന സാഹചര്യമാണുണ്ടായിരുന്നത്. കിഫ്ബിയുടെ സംഘം രണ്ടുമൂന്നു തവണ സ്ഥലത്തെത്തി പരിശോധന നടത്തിയെങ്കിലും എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസമുള്ളതിനാൽ എഫ്.എസ്. ലഭ്യമാകുന്ന സാഹചര്യത്തിലേക്ക് നാളിതുവരെ എത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് സബ്മിഷനുകൾ ഉന്നയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ടി വിഷയത്തിൽ ഇടപെടൽ നടത്തിയതിന്റെ ഫലമായി വളരെ വേഗത്തിൽ നടപടികൾ മുന്നോട്ടുപോകുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഫിനാൻഷ്യൽ ഘടനയിലും അലൈൻമെന്റിലുമുണ്ടായ മാറ്റത്തിന്റെ ഭാഗമായി വൈകാതെ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാനാവശ്യമായ ഇടപെടലുകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അഴീക്കോട് നിയോജകമണ്ഡലത്തിലെ കല്ലരിക്കടവ് പാലം യാഥാർഥ്യമാക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. ടി പാലവുമായി

ബന്ധപ്പെട്ട് സഭയ്ക്കകത്തും പുറത്തും നിരവധി തവണ ആവശ്യമുന്നയിച്ചതിനെത്തുടർന്ന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപടികൾ വേഗത്തിലാക്കുന്നതിനായി ഞങ്ങളെല്ലാവരും ഇടപെട്ടിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള ആദ്യ ശുപരേഖ 13-12-2021-ന് കിഫ്ബിക്ക് സമർപ്പിച്ചതിനെത്തുടർന്ന് പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർധിപ്പിക്കുകയും അലൈൻമെന്റ് പുതുക്കുകയും ചെയ്തതിനാൽ നിലവിൽ 43.13 കോടി രൂപയുടെ റിവൈസ്ഡ് ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 2024 ഡിസംബർ മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഭൂവുടമകളിൽനിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പാപ്പിനിശ്ശേരി, നാറാത്ത് ഗ്രാമപഞ്ചായത്തുകളിലെ ഭൂവുടമകൾ സ്ഥലം സൗജന്യമായി വിട്ടുനൽകാൻ വിസമ്മതിച്ചിരിക്കുകയാൽ ഭൂമിയേറ്റെടുക്കൽ നടപടികൾ കൂടി ആവശ്യമായി വന്നിരിക്കുകയാണ്. ഈ വിഷയത്തിൽ കിഫ്ബിയുടെ അഭിപ്രായവും കൂടി പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട എം.എൽ.എ.-യെയും ഉൾപ്പെടുത്തിക്കൊണ്ട് കിഫ്ബിയുമായി അടിയന്തര യോഗം സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുന്നു.

(8) തിരുവേഗപ്പുറ പാലത്തിന് സമാന്തര പാലം നിർമ്മിക്കുന്നതിനും കല്പക്കല്ലൂർ - എരവത്ര – വല്ലപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന തിരുവേഗപ്പുറ പാലം അറ്റകുറ്റപ്പണികൾക്കായി നിരന്തം അടച്ചിടുന്നത് ജനങ്ങൾക്കേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ ആളുകളാണ് ടി പാലം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതെങ്കിലും മലപ്പുറം ജില്ലയിൽ നിന്നാണ് ടി പ്രവൃത്തിയുടെ നിയന്ത്രണമെന്നതിനാൽ പലപ്പോഴും കാലതാമസമുണ്ടായതിനുള്ള കാരണം മോണിറ്റർ ചെയ്യാൻ കഴിയുന്നില്ല. ഇനിയുമേറെ അറ്റകുറ്റപ്പണികൾ നടത്തേണ്ട സാഹചര്യത്തിലാണ് ടി പാലം നിലനിൽക്കുന്നത്. അതിനാൽ മലപ്പുറം ജില്ലയ്ക്കുപകരം പാലക്കാട് ജില്ലയിൽനിന്നും നിയന്ത്രണം ഏറ്റെടുത്തുകൊണ്ടുള്ള പുതിയൊരു പാലം അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇതിനുപുറമെ രണ്ട് കാര്യങ്ങൾകൂടി ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. വാടാനാംകുറുശ്ശി റെയിൽവേ മേൽപാലവുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗം ടെൻഡർ ചെയ്യാൻ കാലതാമസം നേരിട്ടതിനെത്തുടർന്ന് പ്രവൃത്തി മന്ദഗതിയിലായിരുന്നു. നിലവിൽ അത്തരം സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചെങ്കിലും കരാറുകാർ വേണ്ടത്ര വേഗത്തിൽ പ്രവൃത്തി നിർവഹിക്കാത്തതിനാൽ ടി മേൽപ്പാലം അടിയന്തരമായി പൂർത്തീകരിക്കണം. മറ്റൊന്ന്, പട്ടാമ്പി നിയോജകമണ്ഡലത്തിൽ ബി.എം. & ബി.സി. വ്യവസ്ഥയിൽ ചെയ്യാനുള്ള മറ്റൊരു പ്രവൃത്തിയായ കുലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡിന് 6 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. അതിൽ വല്ലപ്പുഴയിലേക്ക് ബന്ധിപ്പിക്കുന്ന ഒരു ഭാഗം സ്വകാര്യ

സ്ഥലമായതിനാൽ ടി ഭൂമി ഏറ്റെടുക്കാൻ കഴിയാതെ പ്രോജക്ട് നിശ്ചലമായിരിക്കുകയാണ്. നിലവിൽ ശോചനീയാവസ്ഥയിലുള്ള ടി റോഡ് ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മൂന്ന് പ്രവൃത്തികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. അതിൽ ആദ്യത്തേത് മലപ്പുറം-പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തിരുവേഗപ്പുറ പാലവുമായി ബന്ധപ്പെട്ട വിഷയമാണ്. ടി പാലത്തിന്റെ സ്ലാബിൽ വിള്ളൽ രൂപപ്പെട്ടതിനെത്തുടർന്ന് ഗതാഗതം നിയന്ത്രിക്കേണ്ട സാഹചര്യമുണ്ടായി. പാലത്തിന്റെ വിള്ളൽ പരിശോധിക്കാനായി നിയോഗിച്ച കെ.എച്ച്.ആർ.ഐ.-യിലെ വിദഗ്ധ സംഘത്തിന്റെ റിപ്പോർട്ടനുസരിച്ച് പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി അന്തിമഘട്ടത്തിലുമാണ്. എത്രയുംവേഗം ടി പാലത്തിലൂടെയുള്ള ഗതാഗതം സാധ്യമാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. നിലവിലുള്ള പാലത്തിന് ഏകദേശം എഴുപത് വർഷത്തോളം പഴക്കമുണ്ട്. എൻ.എച്ച്. 66-ൽ വളാഞ്ചേരി ഭാഗത്തുനിന്നും പാലക്കാട് ജില്ലയിലേക്ക് കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയിലാണ് ടി പാലം സ്ഥിതി ചെയ്യുന്നത്. വളരെയധികം ട്രാഫിക് ഡെൻസിറ്റിയുള്ള റോഡായതിനാൽ ഇവിടെ ഒരു സമാന്തര പാലം അനിവാര്യമാണ്. അതിനാൽ സമാന്തരപാലത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തിക്കുള്ള എ.എസ്. നൽകുന്നതിന് പൊതുമരാമത്ത് (പാലങ്ങൾ) ചീഫ് എഞ്ചിനീയർക്ക് ഉടൻതന്നെ നിർദേശം നൽകുന്നതാണ്.

വാടാനാംകുറുശ്ശി റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ടതാണ് മറ്റൊരാവശ്യം. ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കുന്ന വാടാനാംകുറുശ്ശി റെയിൽവേ മേൽപാലത്തിന്റെ റെയിൽവേ സ്പാനുൾപ്പെടെ 16 സ്പാനുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, ഷൊർണ്ണൂർ വശത്തെ റീട്ടെയിനിങ് വാൾ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പട്ടാമ്പി ഭാഗത്തുള്ള റീട്ടെയിനിങ് വാളിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മേൽപാലത്തിന്റെ ക്രാഷ് ബാരിയർ, റീട്ടെയിനിങ് വാൾ, ഡ്രെയിനേജ് എന്നിവയുടെ പ്രവൃത്തിയും പുരോഗമിക്കുകയാണ്. ടി പ്രവൃത്തിയും ബി.സി. ഫിനിഷിങ് പ്രവൃത്തികളും വേഗത്തിൽ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

കുലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡുകളുടെ നവീകരണം സാധ്യമാക്കുന്ന രീതിയിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതാണ്. തിരുവേഗപ്പുറ പാലത്തിന് സമാന്തരപാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾക്കായി നേരത്തെതന്നെ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ എത്രത്തോളം വേഗത്തിൽ നടത്താൻ സാധിക്കുമെന്ന കാര്യത്തിൽ അടിയന്തരമായി ഇടപെടുമെന്ന് സഭയെ അറിയിക്കുന്നു.

(9) അടിമാലിയിൽ മണ്ണിടിഞ്ഞ് മരണപ്പെട്ട ആളുടെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. രാജ: സർ, കൊച്ചി-ധനുഷ്കോടി ദേശിയപാത 85-ൽ അടിമാലി-കുമ്പൻപാറ ഭാഗത്തുണ്ടായ മണ്ണിടിച്ചിലിനെത്തുടർന്ന് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്. അടിമാലി-കുമ്പൻപാറ ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ ബിജു എന്നയാൾ മരണപ്പെടുകയും അദ്ദേഹത്തിന്റെ ഭാര്യയുടെ കാൽ മുറിച്ചുമാറ്റയതിനെത്തുടർന്ന് ഇപ്പോഴും ചികിത്സയിലുമാണ്. മണ്ണിടിച്ചിലിനെത്തുടർന്ന് എട്ടോളം വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുകയും ഇരുപത്തിയൊൻപതോളം വീടുകൾ താമസയോഗ്യമല്ലെന്ന് കണ്ടെത്തുകയും ചെയ്തതിനെത്തുടർന്ന് അവിടത്തെ മുഴുവൻ ആളുകളെയും മറ്റൊരു സ്ഥലത്തേക്ക് മാറ്റിപാർപ്പിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ടി പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ജില്ലാ കളക്ടറും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ദുരിതബാധിതരെ സഹായിക്കുന്നതിനായി ചില തീരുമാനങ്ങളെടുത്തിരുന്നു. ഇൻഷ്വറൻസ് പരിരക്ഷയുള്ളതിനാൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകുമെന്നും മരണപ്പെട്ടയാളുടെ കുടുംബത്തെ സഹായിക്കുമെന്നുമാണ് അന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പറഞ്ഞത്. എന്നാൽ ഇപ്പോൾ അതിൽനിന്നെല്ലാം പിന്തിരിയുന്നൊരവസ്ഥയാണ് കാണുന്നത്. അതിനാൽ അടിമാലി-കുമ്പൻപാറ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം

നൽകണമെന്നും മണ്ണിടിച്ചിലുണ്ടായ പ്രദേശത്തുനിന്നും മാറ്റി പാർപ്പിച്ചവർക്ക് അടിയന്തര ധനസഹായം നൽകാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കൊച്ചി-ധനുഷ്കോടി ദേശീയപാതയിലെ എൻ.എച്ച്. 85-ൽ അടിമാലി-കുമ്പൻപാറ ഭാഗത്ത് മണ്ണിടിച്ചിലിനെത്തുടർന്ന് ഒരാൾ മരണപ്പെടുകയും മറ്റൊരാൾക്ക് കാൽ നഷ്ടപ്പെടുകയും നിരവധി വീടുകൾക്ക് നാശനഷ്ടമുണ്ടാവുകയും 27 കുടുംബങ്ങളെ അവിടെനിന്ന് മാറ്റി പാർപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ അശാസ്ത്രീയമായ മണ്ണ് നീക്കംചെയ്യലാണ് ഇത്തരം പ്രശ്നങ്ങൾക്ക് തുടക്കമെന്ന് സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. ജില്ലയുടെ ചുമതലക്കാരൻകൂടിയായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം 31-10-2025-ൽ ചേരുകയും പ്രധാനപ്പെട്ട എട്ട് കാര്യങ്ങളിൽ തീരുമാനമെടുക്കുകയും ചെയ്തു. എല്ലാകാര്യങ്ങളും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. സംഭവസ്ഥലത്തുനിന്നും മാറ്റിപ്പാർപ്പിച്ച 27 കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുകയും കാലതാമസം കൂടാതെ ആയത് നൽകാൻ കഴിയുമെന്ന് പ്രോജക്ട് ഡയറക്ടർ പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി എട്ട് തീരുമാനങ്ങളിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞ ആളുകൾക്ക് അടിയന്തര ധനസഹായമായി 15,000/-രൂപ നൽകിയതും മരണപ്പെട്ട ബിജുവിന്റെ മകൾക്ക് ഒരു ലക്ഷം

രൂപ നൽകിയതുമൊഴികെ വീട് നഷ്ടപ്പെട്ട് വാടക വീടുകളിലേയ്ക്ക് മാറിയവർക്ക് വാടക നൽകാനോ അർഹമായ നഷ്ടപരിഹാരം നൽകാനോ നാളിതുവരെ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറായിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പൂർണ്ണമായും ശരിയാണ്. അപകടത്തിന് ഉത്തരവാദികളായവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കാൻ ജില്ലാ പൊലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആദ്യഘട്ടം മുതൽ ഈ പ്രശ്നം ഗൗരവമായി സമൂഹമധ്യത്തിൽ അവതരിപ്പിക്കുന്നുണ്ട്. തീർച്ചയായും അതുകൂടി പരിഗണിച്ചുകൊണ്ട് ഈ വിഷയത്തിൽ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ.യുടെ സാന്നിധ്യത്തിൽ ദേശീയപാത അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി അടിയന്തര യോഗം ചേർന്ന് ധനസഹായം നൽകുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

11.01 AM]

VI മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2025-ലെ സാമ്പത്തിക അവലോകനം, ഏഴാമത് പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി ശുപാർശകരിച്ചത് സംബന്ധിച്ച എസ്.ആർ.ഒ. നം. 6/2026 എന്നിവ ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

11.01 AM]

VII റിപ്പോർട്ട് സമർപ്പണം

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മഞ്ഞളാംകുഴി അലി): പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗമായ ഞാൻ കമ്മിറ്റിയുടെ എൺപത്തിയെട്ട് മുതൽ നൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. എച്ച്. സലാം: സർ, ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ ഒഴിവാക്കിയ ഭാഗങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂട്ടിച്ചേർത്ത ഭാഗവും ചേർത്ത് പരിഗണിക്കുമ്പോൾ ഈ സർക്കാരിന്റെ പ്രവർത്തന മികവിന്റെ ഭാവി കാഴ്ചപ്പാടാണ് വ്യക്തമാകുന്നത്. അത് കേരളത്തിന്റെ സാമൂഹിക ജീവിതക്രമത്തെ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന കാര്യം പൊതുവിൽ എല്ലാവർക്കും ബോധ്യമുള്ളതാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച നടക്കുന്ന സമയത്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ അധിക്ഷേപിക്കുന്ന സാഹചര്യമുണ്ടായത്. എന്ത് തെറ്റാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തതെന്ന് നമുക്കാർക്കും ബോധ്യമായിട്ടില്ല. പ്രതിപക്ഷ നേതാവിന്റെ കസേരയിലിരിക്കുന്ന ആളുകൾ ആ സ്ഥാനത്തിന്റെ വലിപ്പമോ മഹത്വമോ മനസ്സിലാക്കുന്നില്ലെന്നതാണ് ഇന്നത്തെ ദുരന്തം. മുൻ പ്രതിപക്ഷ നേതാവ്

ശ്രീ. രമേശ് ചെന്നിത്തല ഈ സഭയിൽ ഇരിക്കുന്നുണ്ട്. അതുപോലെ യശ:ശരീരനായ ഉമ്മൻ ചാണ്ടിയും ഇതേ സ്ഥാനത്തിരുന്നിട്ടുണ്ട്. അവരാരെങ്കിലും കേരളത്തിലെ മന്ത്രിമാരെ 'ഇവനെയൊക്കെ മന്ത്രിമാരാക്കി' എന്ന രീതിയിൽ പരാമർശിച്ചിട്ടുണ്ടോ; പ്രതിപക്ഷ നേതാവിനെ സംസ്കാരം പഠിപ്പിക്കാനൊന്നും ഞാനാളല്ല; ആരുവിചാരിച്ചാലും അത് കഴിയുന്ന കാര്യവുമല്ല. സംസ്കാരം എന്നത് പണം കൊടുത്ത് വാങ്ങാൻ പറ്റുന്ന കാര്യമല്ല. പക്ഷെ, അദ്ദേഹം ഇരിക്കുന്ന കസേര ഈ സഭയുടെ പ്രതിപക്ഷ നേതാവിന്റേതാണെന്ന് അദ്ദേഹം മനസ്സിലാക്കുന്നില്ലെങ്കിലും കോൺഗ്രസ് പാർട്ടിയെങ്കിലും ഗൗരവമായി കണക്കിലെടുക്കണമെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി ഇന്നലെ ഓടുപൊളിച്ച് ഇറങ്ങിവന്ന് മന്ത്രിയായതാണോ; വിദ്യാർഥിയായിരുന്ന കാലംഘട്ടം മുതൽ ഈ പ്രായംവരെ സംഘ്പരിവാറിനോട് ശക്തമായി പൊരുതിക്കൊണ്ടിരിക്കുന്ന ഒരു മനുഷ്യനാണ് അദ്ദേഹം. തിരുവനന്തപുരത്തെ മഹാത്മാഗാന്ധി കോളേജ് നമുക്കെല്ലാവർക്കും പരിചയമുള്ള ക്യാമ്പസാണ്. അടിയന്തരാവസ്ഥയ്ക്കുശേഷമുള്ള കാലഘട്ടത്തിൽ എ.ബി.വി.പി.യും സംഘ്പരിവാറും അടക്കി വാണിരുന്ന ആ ക്യാമ്പസിലേയ്ക്ക് ധൈര്യത്തോടെ കടന്നുചെന്ന് എസ്.എഫ്.ഐ.-യുടെ ശുഭ്രപതാക നാട്ടിയ നേതാവിന്റെ പേരാണ് ശ്രീ. വി. ശിവൻകുട്ടി. കേരളത്തിൽ കോൺഗ്രസിന്റെ സഹായത്തോടെയാണ് നേമം നിയോജക മണ്ഡലത്തിൽ സംഘ്പരിവാർ അക്കൗണ്ട് തുറന്നതെങ്കിൽ ആ അക്കൗണ്ട് പൂട്ടിക്കാൻ നേതൃത്വം കൊടുത്ത ആളിന്റെ പേരും സഖാവ് വി. ശിവൻകുട്ടിയെന്നാണ്. അദ്ദേഹത്തിന്റെ ജീവിതമാകെ പരിശോധിച്ചാൽ സംഘ്പരിവാർ - വർഗീയ ശക്തികളോട്

അല്പംപോലും പിന്മടങ്ങാതെ പൊരുതുന്ന ഒരു നേതാവിനെയാണ് കാണാൻ സാധിക്കുന്നത്. ഈ സഭയിൽ മുമ്പ് നടന്നൊരു സമരത്തെ ആക്ഷേപിച്ച് സംസാരിക്കുകയുണ്ടായി. ഈ സഭയിൽ അങ്ങനെ ധാരാളം സമരരൂപങ്ങളുണ്ടായിട്ടുണ്ട്. ആ സമര സാഹചര്യങ്ങളെക്കുറിച്ച് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും നാട്ടുകാർക്കും നല്ലതുപോലെ അറിയാവുന്നതാണ്. ആ സമരത്തിന്റെ ഭാഗമായി ശ്രീ. വി. ശിവൻകുട്ടി മുണ്ട് മടക്കി കുത്തിയപ്പോൾ അദ്ദേഹത്തിന്റെ വസ്ത്രത്തെക്കുറിച്ച് ബഹു. പ്രതിപക്ഷ നേതാവ് എന്തൊക്കെയാണ് പറഞ്ഞത്. മുണ്ടുമടക്കി കുത്തിയാലും സഖാവ് വി. ശിവൻകുട്ടി ഉടുത്തിരിക്കുന്നത് നല്ല വസ്ത്രമാണ്; പക്ഷെ, ബഹു. പ്രതിപക്ഷ നേതാവിന്റെ മുണ്ടഴിഞ്ഞുപോയാൽ കാണുന്നത് ആർ.എസ്.എസ്.-ന്റെ കളസമായിരിക്കുമെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്; അതാണ് യാഥാർഥ്യം. ഞാൻ അതിനെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. ബഹു. പ്രതിപക്ഷ നേതാവിന്റെ സംസ്കാരം എന്താണെന്ന് അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് നോക്കിയാൽ കാണാൻ സാധിക്കും. അദ്ദേഹം ആ മണ്ഡലത്തിലെ ഒരു വോട്ടറോട് പറഞ്ഞ കാര്യങ്ങൾ ഈ സഭയിൽ പറയാൻ പറ്റുന്നതല്ല. കാരണം, അതൊക്കെ സഭ്യേതരമായ കാര്യങ്ങളാണ്. അതാണ് അദ്ദേഹത്തിന്റെ സംസ്കാരം; അദ്ദേഹത്തെക്കുറിച്ച് ആ മണ്ഡലത്തിലെ ഒരു സ്ത്രീ പുറത്തുവിട്ട വീഡിയോയുണ്ട്. അതൊക്കെ ഇന്നലെയും ഇന്നുമായി സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയാണ്. ആ സ്ത്രീ ശ്രീ. വി. ഡി. സതീശനെക്കുറിച്ച് പറഞ്ഞ ആക്ഷേപകരമായ പരാമർശങ്ങൾക്കെതിരെ നിങ്ങൾ കേസ് കൊടുത്തോ; അതുമല്ല, സഖാവ് വി. ശിവൻകുട്ടിക്കെതിരെ നടത്തിയ പരാമർശങ്ങളുടെ ആയിരത്തിലൊന്ന് തീവ്രതയുള്ള ഭാഷയിൽ നിങ്ങൾ എന്തെങ്കിലും

പറഞ്ഞോ; അങ്ങനെയൊരനാവശ്യം കേട്ടിട്ട് എന്തുകൊണ്ട് ഒരക്ഷരംപോലും പറയുന്നില്ല; അതാണ് ശ്രീ. വി. ഡി. സതീശന്റെ സംസ്കാരമെന്ന് ഒരിക്കൽക്കൂടി ഉറപ്പിച്ചുപറയുന്നതോടൊപ്പം ഈ വിഷയം കോൺഗ്രസ് പാർട്ടി ഗൗരവമായി കണക്കിലെടുക്കണമെന്നുകൂടി അഭ്യർഥിക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലം കേരളം ആർജിച്ച നേട്ടങ്ങൾ മറ്റേതൊരു കാലഘട്ടവുമായി സാമ്യപ്പെടുത്താൻ സാധിക്കുന്നതാണോ; 2016-വരെയുള്ള കേരളം, 2016-മുതൽ 2021 വരെയുള്ള കേരളം, ഈ രണ്ടുകാലഘട്ടത്തെയും കൃത്യമായി രേഖപ്പെടുത്താൻ സാധിക്കില്ലേ; പവർകട്ടും ലോഡ് ഷെഡ്ഡിങ്ങുമില്ലാത്ത, നിയമന നിരോധനമില്ലെന്ന് മാത്രമല്ല, 333671 പേർക്ക് പി.എസ്.സി. നിയമനം നൽകിയ, പൊതുമേഖല, ടഷറി എന്നിവ അടച്ചുപൂട്ടാത്ത, 65 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ കൃത്യമായി നൽകിയ കഴിഞ്ഞ പത്തുവർഷക്കാലം. റേഷൻ മുടങ്ങാത്ത, സർക്കാർ സ്കൂളുകൾ പൂട്ടാത്ത, പാഠപുസ്തകം മുടങ്ങാത്ത, പുതുതായി 901 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്ത പത്തുവർഷക്കാലം; 35100 കിലോ മീറ്റർ ബി.എം. ആൻഡ് ബി.സി. റോഡുകളാക്കിയ, 150 പാലങ്ങൾ നിർമ്മിച്ച പത്തുവർഷക്കാലം; 87 വൻകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കിയ, 40 ലക്ഷം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളമെത്തിച്ച, യു.ഡി.എഫ്. ഉപേക്ഷിച്ച ഗെയിൽ പൈപ്പ്ലൈൻ പദ്ധതി യാഥാർഥ്യമാക്കിയ, എൻ.എച്ച്.-66 വികസനവും മലയോര ഹൈവേയും യാഥാർഥ്യമാക്കിയ പത്തുവർക്കാലം; അതിദാരിദ്ര്യമില്ലാതാക്കുകയും ലൈഫ് ഭവന പദ്ധതിയിലൂടെ അഞ്ചുലക്ഷം പേർക്ക് വീട് കൊടുക്കുകയും നാലേകാൽ ലക്ഷം കുടുംബങ്ങൾക്ക് പട്ടയം നൽകുകയും ചെയ്ത

പത്തുവർഷക്കാലം. 6000 പേർക്ക് പുനർഗേഹം പദ്ധതിയിലൂടെ വീട് കൊടുക്കുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ; വാട്ടർ മെട്രോ യാഥാർഥ്യമാക്കുകയും നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ വളർത്തുകയും തത്ഫലമായി 3.53 ലക്ഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്ത പത്തുവർഷമാണ്; യു.ഡി.എഫ്. എതിർത്തിട്ടും വിഴിഞ്ഞം തുറമുഖം, കെ-ഫോൺ എന്നിവ യാഥാർഥ്യമാക്കിയ പത്തുവർഷമാണ്; കേന്ദ്ര വിഹിതം നൽകാതിരുന്നിട്ടും നൂറുകണക്കിന് പുലിമുട്ടുകൾ നിർമ്മിച്ച പത്തുവർഷമാണ്; 700 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുകയും 640 കോടി രൂപയിൽനിന്ന് 1670 കോടി രൂപയായി സൗജന്യ ചികിത്സയ്ക്ക് പണം നൽകുകയും എല്ലാ ജില്ലയിലും കാത്ത് ലാബുകൾ ആരംഭിക്കുകയും ചെയ്തത് ഇക്കഴിഞ്ഞ പത്തുവർഷക്കാലത്തിനുള്ളിലാണ്. ബ്രഹ്മപുരം മാലിന്യ പ്ലാന്റുൾപ്പെടെ മാലിന്യ സംസ്കരണത്തിന്റെ മികച്ച മാതൃക തീർക്കുകയും നെല്ലുൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുകയും പച്ചക്കറിയുടെയും പാലിന്റെയും ഉൽപാദനം കൂട്ടുകയും ചെയ്തതും ഇക്കാലയളവിലാണ്. റോബോട്ടിക് സർജറി ആരംഭിക്കുകയും റേഷൻ കടകൾ സ്മാർട്ടാക്കുകയും നൂറുകണക്കിന് എസ്.സി./എസ്.ടി നഗറുകൾ നവീകരിക്കുകയും ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയും യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും നിലവാരമുയർത്തുകയും ചെയ്തതും ഈ പത്തുവർഷക്കാലത്താണ്. 137 മത്സ്യത്തൊഴിലാളി വിദ്യാർഥികളെ സർക്കാർ ചെലവിൽ ഡോക്ടർമാരാക്കുകയും എസ്.സി./എസ്.ടി. വിദ്യാർഥികളെ ഫീസ് നൽകി വിദേശത്ത് വിദ്യാഭ്യാസത്തിന് അയച്ചതും നൂറ് പഞ്ചായത്ത്

കളിക്കളങ്ങൾ യാഥാർഥ്യമാക്കുകയും എല്ലാ ജില്ലകളിലും സ്റ്റേഡിയം നിർമ്മിക്കുകയും ചെയ്തതും ഇക്കാലളവിലാണ്. ഈ സർക്കാരിന്റെ നേട്ടങ്ങളെപ്പറ്റി പറഞ്ഞുതുടങ്ങിയാൽ രാത്രിവരെ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കാം. പൊതുവായ ഇത്തരം നേട്ടങ്ങൾക്കുപുറമെ നാമോരോരുത്തരുടെയും മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾകൂടി വിലയിരുത്തേണ്ടതുണ്ട്. ആയിരക്കണക്കിന് കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. എന്റെ മണ്ഡലത്തിൽ 1809 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കണക്ക് പരിശോധിച്ചാൽ, റോഡ് നിർമ്മാണത്തിനായി 263 കോടി രൂപ, പാലങ്ങളുടെ നിർമ്മാണത്തിനായി 270 കോടി രൂപ, അഞ്ച് പുതിയ കുടിവെള്ള ടാങ്കുകൾ, 360 കോടി രൂപയുടെ ആരോഗ്യമേഖലാ പദ്ധതികൾ, 49 പുലിമുട്ടുകൾ ഇങ്ങനെ അമ്പലപ്പുഴ മണ്ഡലത്തിൽ മാത്രമായി ആയിരക്കണക്കിന് കോടിരൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും ഈ നേട്ടങ്ങളെത്തിച്ച സർക്കാരാണ് കഴിഞ്ഞ പത്തുവർഷക്കാലം കേരളം ഭരിച്ചതെന്ന് കാണാൻ സാധിക്കും. എന്നാൽ പ്രതിപക്ഷം ഇപ്പോഴും സ്വപ്നലോകത്ത് ജീവിക്കുകയാണ്. കനഗോലു പറഞ്ഞതനുസരിച്ച് 100-ഉം 110-ഉം സീറ്റുകളിൽ ജയിക്കുമെന്ന് അവർ സ്വപ്നം കാണുകയാണ്. നരേന്ദ്രമോദിയുടെ പാർട്ടി 400 സീറ്റുകളിൽ ജയിക്കുമെന്ന് ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചപ്പോൾ അത് മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്ന് പണ്ട് ശ്രീ. രമേശ് ചെന്നിത്തല പറയുകയുണ്ടായി. എന്നാൽ 100 സീറ്റുകളിൽ ജയിക്കുമെന്ന കോൺഗ്രസിന്റെ സ്വപ്നവും

ഇടിഞ്ഞുവീഴാൻ പോവുകയാണെന്നതാണ് യാഥാർഥ്യം. അതിദാരിദ്ര്യ മുക്തമാക്കപ്പെട്ട ഇന്നാട്ടിലെ പാവങ്ങളായ മനുഷ്യരും അഞ്ചുലക്ഷം കുടുംബങ്ങളിൽ താമസിക്കുന്ന പാവങ്ങളുമൊക്കെയാണ് ഞങ്ങളുടെ കനഗോലുമാർ, പെൻഷൻ വാങ്ങുന്ന 65 ലക്ഷം കുടുംബങ്ങളാണ് ഞങ്ങളുടെ കനഗോലുമാർ, അങ്ങനെ ഇന്നാട്ടിലെ പാവങ്ങളെ കരുത്താക്കി മാറ്റിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. നിശ്ചയമായും സ്വപ്നങ്ങൾ കാണുന്നത് അവസാനിപ്പിക്കണമെന്ന് മാത്രമേ പറയാനുള്ളൂ. കഴിഞ്ഞ പത്ത് വർഷക്കാലം സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളെല്ലാം നമ്മുടെ കൺമുന്നിലെ കാണാവുന്ന യാഥാർഥ്യങ്ങളാണ്. നമ്മുടെ നാട്ടിൽ ബൊഗെൻവില്ല എന്നൊരു ചെടിയുണ്ട്. നാട്ടിൻപുറങ്ങളിൽ കടലാസ് ചെടിയെന്ന് അറിയപ്പെടുന്ന ഇത് വേനൽക്കാലത്തും പൂക്കുമെന്നതാണ് പ്രത്യേകത. കൊടും ചൂടിൽ എല്ലാ ചെടികളും വാടിക്കരിയുമ്പോൾ, എല്ലാ പൂക്കളും കണ്ണടയ്ക്കുമ്പോൾ കടലാസ് ചെടിമാത്രം പൂഷ്പിച്ച് നിൽക്കും. ഫ്രഞ്ച് പര്യവേഷകനും പ്രകൃതി ശാസ്ത്രജ്ഞനുമായ Philibert Commercon-നാണ് ബോഗെൻവില്ല എന്ന ഈ ചെടി ആദ്യമായി കണ്ടെത്തിയത്. തന്റെ പ്രിയപ്പെട്ട സുഹൃത്തും ഫ്രഞ്ച് നാവികനുമായ Louis Antoine de Bougainville എന്നയാളോടൊപ്പമുള്ള ലോകപര്യടനവേളയിൽ കണ്ടെത്തിയതിനാലാണ് ആ ചെടിക്ക് ബോഗെൻവില്ല എന്ന പേര് നൽകിയത്. ആ ചെടി നമുക്കൊരു പാഠം പകർന്നു നൽകുന്നുണ്ട്. എത്ര കടുത്ത വേനലിലും ചിരിച്ച് നിൽക്കാനും എത്ര കടുത്ത നോവിലും നിവർന്ന് നിൽക്കാനും ഏത് കടുത്ത വേദനയെയും സങ്കടകാലത്തേയും അതിജീവിച്ച് പ്രതീക്ഷയോടെ മുന്നോട്ടുപോകാൻ

കഴിയുമെന്ന് മനുഷ്യരെ പഠിപ്പിക്കുകയാണ്. പ്രാരാബ്ധങ്ങളിലും പരീക്ഷണങ്ങളിലും സങ്കടങ്ങളിലും വാടരുതെന്നും ജീവിതത്തെ നിറഞ്ഞ പുഞ്ചിരിയോടെ നേരിട്ട് നിവർന്ന് നിൽക്കണമെന്ന പാഠം പഠിപ്പിച്ചത് കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. അതുകൊണ്ട് ഏത് പ്രയാസമേറിയ കാലത്തും പുഷ്പിച്ചുനിൽക്കുന്ന ബോഗെൻവില്ലക്ക് സമാനമാണ് ശ്രീ. പിണറായി വിജയൻ എന്നതാണ് ഈ കേരളത്തിന്റെ കരുത്ത്. ആ കരുത്തോടെ കേരളത്തിൽ മൂന്നാം ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. കുരുക്ഷേത്ര യുദ്ധത്തിൽ ശരശയ്യയിൽ മരണം കാത്തുകിടക്കുന്ന ഭീഷ്മരെപ്പോലെയാണ് ഈ സർക്കാർ. കാരണം, ഉത്തരായനത്തിലെത്തിയാൽ മരണം സംഭവിക്കുമെന്നത് യാഥാർഥ്യമാണ്. വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് ഈ സർക്കാരിന്റെ അന്ത്യം കുറിക്കാൻ പോകുന്നുവെന്നത് വസ്തുതയാണ്. നിരവധി തവണ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഓരാളാണ് ഞാൻ. കഴിഞ്ഞ ദിവസം നമ്മളിവിടെ കണ്ടതെന്താണ്? ബഹു. ഗവർണർ ഒരു പ്രസംഗം വായിക്കുന്നു; ഗവർണറെ യാത്രയാക്കിയശേഷം മുഖ്യമന്ത്രി വേറൊരു പ്രസംഗം വായിക്കുന്നു. അത് കഴിഞ്ഞ് സ്പീക്കർക്ക് ഗവർണർ ഒരു കത്തെഴുതുന്നു; ഗവർണർക്ക് മറുപടിയില്ലെന്ന് സ്പീക്കർ പറയുന്നു. പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ പരസ്പരം പാലിക്കേണ്ട മര്യാദകൾപോലും പാലിക്കുന്നില്ലെന്ന് മാത്രമല്ല ഇവിടെ ഗവർണറും

ഞങ്ങളും തമ്മിൽ യുദ്ധമാണെന്ന് നാട്ടുകാരെ ബോധിപ്പിക്കാനുള്ളൊരു പാഴ്വേലയാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേന്ദ്ര വിരുദ്ധ സമരം നടത്തിയത് എവിടെയാണ്? ഡൽഹിയിലോ രാജ്ഭവനുമുന്നിലോ ആണ് സമരം നടത്തിയതെങ്കിൽ മനസ്സിലാകുമായിരുന്നു. എന്നാൽ രക്തസാക്ഷി മണ്ഡപത്തിനുമുന്നിലാണ് നിങ്ങൾ ആ സമരം നടത്തിയത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനുവേണ്ടി പടപൊരുതിയ രക്തസാക്ഷികളെന്ത് പിഴച്ചു? രാജ്ഭവന് മുന്നിൽപ്പോലും സമരം ചെയ്യാനുള്ള ആർജ്ജവം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ലെന്ന് നിങ്ങൾ തെളിയിച്ചു. കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള നയസമീപനങ്ങൾക്കെതിരെ ഡൽഹിയിലാണ് സമരം ചെയ്യേണ്ടിയിരുന്നത്; നിങ്ങളത് ചെയ്തില്ല. രാജ്ഭവന് മുന്നിലെങ്കിലും സമരം ചെയ്യാമായിരുന്നു; അതും ചെയ്തില്ല. കേന്ദ്ര വിരുദ്ധ സമരമെന്ന് പറഞ്ഞ് ഇടതുപക്ഷമുന്നണി ജനങ്ങളെ പറ്റിക്കാൻ ശ്രമിക്കുകയാണ്. ഗവൺമെന്റിന് പ്രതിസന്ധിയുണ്ടാകുമ്പോൾ നിങ്ങൾ ഗവർണറുമായി വഴക്കിടുന്നു. നിങ്ങളും ഗവർണറും തമ്മിലുള്ള ഒത്തുകളിയാണിതെന്ന് ഞങ്ങൾ അന്നുമുതലേ പറയുന്നുണ്ട്. വി. സി. നിയമനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണുണ്ടായത്. വി. സി. നിയമനവുമായി ബന്ധപ്പെട്ട് ഗവർണർക്കെതിരെ കരിങ്കൊടി പ്രകടനങ്ങൾ നടത്തി. എസ്.എഫ്.ഐ.-ക്കാരും ഡി.വൈ.എഫ്.ഐ.-ക്കാരും സംഘി ഗവർണർ എന്നുപറഞ്ഞ് അദ്ദേഹത്തെ എത്ര തവണ തടഞ്ഞു; ഭാരതാംബയുടെ ചിത്രം വയ്ക്കാൻ അനുമതി നിഷേധിച്ച സർവ്വകലാശാല രജിസ്ട്രാറെ പുറത്താക്കി, ശ്രീ. കെ. എസ്. അനിൽ കുമാർ എന്ന രജിസ്ട്രാർ മാത്രമാണ്

രക്തസാക്ഷിയായത്. വൈസ് ചാൻസലർമാരുടെ നിയമനം നിങ്ങൾ പങ്കിട്ടെടുത്തില്ലേ; വൈസ് ചാൻസലർമാരുടെ നിയമനത്തിൽ ബഹു. മുഖ്യമന്ത്രിയും ഗവർണറും ചേർന്ന് തീരുമാനമെടുത്തപ്പോൾ മെരിറ്റല്ലല്ലോ നോക്കിയത്; ഈ സർക്കാരും ഗവർണറും തമ്മിൽ എന്ത് പ്രശ്നമാണിവിടെയുള്ളത്? വി.സി. നിയമനം ഗവർണറുമായി പങ്കിട്ടെടുത്തപ്പോൾ നിങ്ങളുടെ പ്രശ്നം തീർന്നു. നിങ്ങൾക്ക് വേണ്ടത് പങ്കുവയ്പാണ്. ബഹു. ഗവർണറും കേന്ദ്രഗവൺമെന്റുമായി എൽ.ഡി.എഫ്. സർക്കാർ ഒത്തുതീർപ്പിലാണ്. കേരളത്തിലെ മുഖ്യമന്ത്രി എന്നെങ്കിലും ശ്രീ. നരേന്ദ്ര മോദിയെ വിമർശിച്ച് കേട്ടിട്ടുണ്ടോ; ശ്രീ. അമിത് ഷായെ വിമർശിച്ച് കേട്ടിട്ടുണ്ടോ? ശ്രീ. നരേന്ദ്ര മോദിക്കെതിരെ സഭയിലോ പുറത്തോ ഒരു വാക്കെങ്കിലും സംസാരിക്കാൻ തയ്യാറാകുന്നുണ്ടോ? കാരണം നിങ്ങൾ തമ്മിലുള്ള ധാരണ അതാണ്; നിങ്ങൾ തമ്മിലുള്ള ധാരണ വളരെ വ്യക്തമാണ്. നിങ്ങൾക്ക് യാതൊരു ആത്മാർഥതയുമില്ലെന്ന് മാത്രമല്ല കേന്ദ്ര ഗവൺമെന്റുമായി ഒത്തുതീർപ്പിലാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ നിങ്ങളത് തെളിയിച്ചതാണ്. ബി.ജെ.പി.-യുടെയും ബി.ഡി.ജെ.എസ്.-ന്റെയും വോട്ടുവാങ്ങിയാണ് നിങ്ങൾ തുടർഭരണത്തിലെത്തിയത്. വീണ്ടും തുടർഭരണത്തിനായി അങ്ങനെയൊരു കൂട്ടുകെട്ടുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കുകയാണ്.

പക്ഷെ, കേരളത്തിലെ ജനങ്ങളിത് അംഗീകരിക്കില്ല. പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് അഭ്രതപൂർവമായ മുന്നേറ്റമുണ്ടായപ്പോൾ പാർലമെന്റ് തിരഞ്ഞെടുപ്പായതിനാലാണ് ഇങ്ങനെയൊരു ജയമുണ്ടായതെന്നും പഞ്ചായത്ത്

തെരഞ്ഞെടുപ്പിൽ അങ്ങനെ ഉണ്ടാവില്ലെന്നുമാണ് നിങ്ങൾ പറഞ്ഞത്. എന്നാൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. നേടിയ വമ്പിച്ച മുന്നേറ്റം കേരള ജനതയുടെ യഥാർഥ വികാരത്തെ സൂചിപ്പിക്കുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിലും ഉപതിരഞ്ഞെടുപ്പിലും ഞങ്ങൾ നേടിയ വിജയവും ചേലക്കര ഒഴികെയുള്ള മറ്റ് ഉപതിരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ്. നേടിയ വമ്പിച്ച ജയവുമെല്ലാം ജനവികാരത്തിന്റെയും ജനങ്ങളെവിടെ നിൽക്കുന്നുവെന്നതിന്റെയും യഥാർഥ അളവുകോലാണ്. 2026 മേയ് മാസത്തിൽ നടക്കാൻ പോകുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ നൂറ് സീറ്റുകൾ നേടി യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഒരു പരാജിതന്റെ കപട ആത്മവിശ്വാസമാണ് മുഖ്യമന്ത്രിയും ഭരണകക്ഷി അംഗങ്ങളും പ്രകടിപ്പിക്കുന്നത്. ഇത്രയും തോൽവി ഏറ്റുവാങ്ങിയിട്ടും നിങ്ങൾ ആ കപട ആത്മവിശ്വാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ അതിന് മറുപടി നൽകാൻ പോകുകയാണ്. ഭൂരിപക്ഷ/ന്യൂനപക്ഷ വർഗീയതയെ നിങ്ങൾ പരസ്പരം താലോലിക്കുകയാണ്. ന്യൂനപക്ഷത്തെപ്പറ്റിയാണ് പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾ വാചാലമായി സംസാരിച്ചത്. കേരളത്തിലെ മുഖ്യമന്ത്രി സി.ഐ.എ.-യുടെ കാര്യമാണ് എല്ലാ യോഗങ്ങളിലും പ്രസംഗിച്ചത്. ഈ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾ ദേശീയബോധം ഉൾക്കൊണ്ട് യു.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്തപ്പോൾ നിങ്ങൾ അവരെ പുറംകാലുകൊണ്ട് അടിച്ചു. ഭൂരിപക്ഷത്തെ നിങ്ങൾ ആലിംഗനം ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. ഇപ്പോൾ നിങ്ങൾ ഭൂരിപക്ഷ വർഗീയതയെ താലോലിക്കാനായി ഇത്രയും കാലമില്ലാതിരുന്ന ശബരിമല ആഗോള അയ്യപ്പ സംഗമം നടത്തുന്നു. ശബരിമല ആഗോള

അയ്യപ്പ സംഗമത്തെപ്പറ്റി നിങ്ങൾ ഓർത്തത് പാർലമെന്റ് തിരഞ്ഞെടുപ്പ് പരാജയത്തിനുശേഷം മാത്രമാണ്. ആഗോള അയ്യപ്പ സംഗമം കഴിഞ്ഞുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങൾ ഓരോന്നായി പരിശോധിച്ചാൽ കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ഭൂരിപക്ഷത്തിന്റെ വോട്ട് നേടാനുള്ള രാഷ്ട്രീയ തന്ത്രമാണ് സ്വീകരിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ജമാഅത്തെ ഇസ്ലാമിക്കായിരിക്കും ആഭ്യന്തര വകുപ്പിന്റെ ചുമതലയെന്നാണ് ശ്രീ. എ. കെ. ബാലൻ പ്രസംഗിച്ചത്. ശ്രീ. സജി ചെറിയാന്റെ പ്രസംഗമെന്താണ്? ശ്രീ. സജി ചെറിയാൻ ഇതുപോലുള്ള മൂന്നുനാല് പ്രസംഗങ്ങൾ നടത്തിയാൽ ഞങ്ങളുടെ ജോലി എളുപ്പമായെന്നാണ് എന്റെ വിശ്വാസം. ശ്രീ. സജി ചെറിയാന്റെ പ്രസംഗത്തിലൂടെ സി.പി.ഐ.(എം) എവിടെ നിൽക്കുന്നുവെന്ന കാര്യം ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാല് സി.പി.ഐ (എം) നേതാക്കന്മാർ ജയിലിലാണ്. ആരാണ് പത്മകുമാർ? സി.പി.ഐ (എം) -ന്റെ അംഗമായിരുന്നു. ആരാണ് വാസു; ആരാണ് വിജയകുമാർ; ആരാണ് ശങ്കർ ദാസ്? ഈ നാല് സി.പി.ഐ (എം) നേതാക്കന്മാർ ജയിലിൽ കിടന്നിട്ടുപോലും അവർക്കെതിരെ നടപടിയെടുക്കാൻ പാർട്ടി തയ്യാറായിട്ടില്ല. എന്തുകൊണ്ട് നിങ്ങൾ നടപടി സ്വീകരിക്കുന്നില്ല, അപ്പോൾ നിങ്ങളാണ് അവരെ സംരക്ഷിക്കുന്നത്. സി.പി.ഐ.(എം) സംരക്ഷിക്കുന്നു, ഈ ഗവൺമെന്റ് അവരെ സംരക്ഷിക്കുന്നു; ശബരിമലയിലെ അയ്യപ്പന്റെ സ്വർണ്ണം അടിച്ചുമാറ്റിയ അമ്പലക്കള്ളന്മാരെ ഈ സർക്കാർ സംരക്ഷിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്.

ശബരിമലയിലെ അയ്യപ്പന്റെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട അന്വേഷണവുമായി മുന്നോട്ടുപോകുമ്പോൾ ഗവൺമെന്റ് എസ്.ഐ.ടി. (Special Investigation Team)-ക്ക് മേൽ സമ്മർദ്ദം ചെലുത്തുന്നു. എസ്.ഐ.ടി. കുറ്റപത്രംപോലും സമർപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ ജയിലിൽ കിടക്കുന്നവരെല്ലാം പുറത്തുവരാൻ പോവുകയാണ്. എസ്.ഐ.ടി. പാർഷ്യൽ കുറ്റപത്രംപോലും സമർപ്പിക്കുന്നില്ലെന്നത് പ്രധാനപ്പെട്ട കാര്യമല്ലേ? ലോകത്തിലെ ഏറ്റവും വലിയ മതേതര കേന്ദ്രമാണ് ശബരിമല. എല്ലാ മതവിശ്വാസികൾക്കും അവിടെ പോകാം. മതേതരത്വത്തിന്റെയും ഐക്യത്തിന്റെയും ദേശീയ അഖണ്ഡതയുടെയും പ്രതീകമായ ശബരിമലയിലെ സ്വർണ്ണം മുഴുവൻ അടിച്ചുമാറ്റിയ കൊള്ളക്കാരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരുന്നതിൽ കേരളത്തിലെ വിശ്വാസി സമൂഹമാകെ വേദനിക്കുകയാണ്. രക്തസാക്ഷി ഫണ്ട് മുക്കിയ ആൾക്കെതിരെ സംസാരിച്ചതിന് ശ്രീ. കൃഷ്ണകുമാറിന്റെ പേരിൽ നടപടിയെടുത്തു. ഞാൻ ആ രക്തസാക്ഷിയുടെ വീട് സന്ദർശിച്ചിരുന്നു. വളരെ പാവപ്പെട്ടൊരു കുടുംബമാണത്. പയ്യന്നൂരിലെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ പോയിട്ടുള്ളതാണ്. അവർക്കുവേണ്ടി സംഭരിച്ച തുക അടിച്ചുമാറ്റിയ ആളുകളുടെ കാര്യം തുറന്ന് പറഞ്ഞതിനാണ് ശ്രീ. കൃഷ്ണകുമാറിനെ നിങ്ങൾ പാർട്ടിയിൽ നിന്ന് പുറത്താക്കിയത്. ശബരിമല അയ്യപ്പന്റെ സ്വർണ്ണം അടിച്ചുമാറ്റിയ നാല് അമ്പലകള്ളന്മാർ ജയിലിൽ കിടക്കുമ്പോൾ അവരെ ഈ സർക്കാർ സംരക്ഷിക്കുകയാണ്. ഇതിലെന്ത് ന്യായവും നീതിയുമാണുള്ളത്? ഒരു പാർട്ടി ചെയ്യേണ്ട കാര്യങ്ങളാണോയിത്? ഇത്തരം കാര്യങ്ങളാണ് ജനങ്ങളുടെ മുന്നിലുള്ളത്. നിങ്ങൾ എത്ര ഗൃഹസന്ദർശനം നടത്തിയാലും കള്ളം പറഞ്ഞ് നാട്ടുകാരെ ബോധ്യപ്പെടുത്താൻ

ശ്രമിച്ചാലും ഇവിടെ ഉയർന്നുനിൽക്കുന്ന ചോദ്യത്തിന് നാളെ മറുപടി പറയേണ്ടിവരും, ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്തൊരു ഭരണക്കൂടമാണിതെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ശ്രീ. എച്ച്. സലാം ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് അവർ നിങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഭരണം മാറണമെന്നത് ജനങ്ങളുടെ ആഗ്രഹമാണ്; ജനങ്ങൾ നിശ്ചയിച്ചുറപ്പിച്ച കാര്യമാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾ യു.ഡി.എഫ്.-നെ അധികാരത്തിൽ കൊണ്ടുവരാൻ കാത്തിരിക്കുകയാണ്. തീർച്ചയായും കേരളത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും കേരളത്തിലെ മൂന്നരകോടി ജനങ്ങളുടെ അഭ്യുന്നതിക്കുമായി യു.ഡി.എഫ്. ഒരു ഗവൺമെന്റുണ്ടാക്കുമെന്നും ആ ഗവൺമെന്റ് നാടിന് പ്രയോജനം ചെയ്യുമെന്നും പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കത്തിന്റെ അഭിമാനമായ മഹാകവി പാലാ നാരായണൻ നായരുടെ വരികൾ ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ ഈ ഉപക്ഷേപത്തിന് പിന്തുണ പ്രഖ്യാപിക്കുന്നത്.

"കേരളം വളരുന്ന പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും

ചെന്നന്യമാം രാജ്യങ്ങളിൽ...." എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ഈ വരികൾക്ക് അർഥപൂർണത കൈവരുന്നത് കഴിഞ്ഞ പത്തുവർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെയാണെന്നത് ഏവർക്കും അഭിമാനം നൽകുന്ന കാര്യമാണ്. ഇങ്ങനെ അഭിമാനപൂർണമായൊരു ഭരണം നിലനിൽക്കുമ്പോഴാണ് എനിക്കുമുമ്പ് സംസാരിച്ച മുൻ

പ്രതിപക്ഷനേതാവ് കുറേ കാര്യങ്ങൾ പറഞ്ഞത്. അദ്ദേഹം ആദ്യം പറഞ്ഞകാര്യം, കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിനെതിരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ എവിടെയെങ്കിലും ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ? മുഖ്യമന്ത്രിയുടെയും ഇവിടെയിരിക്കുന്ന മന്ത്രിമാരുടെയും നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ എം.എൽ.എ.-മാരും എം.പി.-മാരും ഡൽഹിയിൽ പാർലമെന്റ് മന്ദിരത്തിനുമുന്നിൽ കേരളത്തിന്റെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ അത്യുജ്ജ്വലമായ സമരപോരാട്ട വേദിയിൽ ഈ കോൺഗ്രസിന്റെ സ്ഥാനം എവിടെയായിരുന്നു? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അത്തരമൊരു സമരം നടത്താൻ തീരുമാനിച്ചപ്പോൾതന്നെ യു.ഡി.എഫ്. പ്രതിനിധികളെ വിളിച്ച് സംസാരിച്ചതല്ലേ? കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരം ചെയ്യണമെന്ന് കേരളത്തിലെ പ്രതിപക്ഷാംഗങ്ങളോട് പറഞ്ഞപ്പോൾ ഞങ്ങൾ ആലോചിച്ച് മറുപടി പറയാമെന്ന് പറഞ്ഞ പ്രതിപക്ഷ നേതാവിന്റെ പൊടിപോലും പിന്നെ നമ്മൾ കണ്ടില്ല. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നയങ്ങൾക്കെതിരെ ഡൽഹിയിൽ സമരം നടത്തിയ ഇടതുമുന്നണിയെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എച്ച്. സലാം സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ച് കോൺഗ്രസിലെ മുതിർന്ന നേതാക്കന്മാരും മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ളവരും പരാമർശിച്ചിട്ടുണ്ട്. പകൽസമയത്ത് കോൺഗ്രസുകാർ ആരാണെന്നും സന്ധ്യയായിക്കഴിഞ്ഞാൽ അവർ ആരാണെന്നതിനെക്കുറിച്ചൊന്നും ഈ സഭയിൽ വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത്തരമൊരു സമീപനം സ്വീകരിക്കുന്ന കോൺഗ്രസ് നേതാക്കന്മാരാണ് ഇവിടെ വന്നുനിന്ന് കേരളത്തിലെ മുഖ്യമന്ത്രിയോ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ ബി.ജെ.പി.-ക്കെതിരെ ഒരു വാക്കുപോലും

സംസാരിക്കുന്നില്ലെന്ന് പറയുന്നത്. കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പ് വിജയത്തിന്റെ ഉന്മാദത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്. എന്തിനാണ് ബി.ജെ.പി.-ക്ക് ആളുകളെ റിക്രൂട്ട് ചെയ്യാനോ? മട്ടന്നൂർ സംഭവം നമ്മുടെ മുന്നിലുണ്ട്. പാർട്ടിയുടെ മെമ്പർഷിപ്പ് പോലുമില്ലാത്ത ഇടതുപക്ഷത്തെ ആരെങ്കിലുമൊരാൾ ബി.ജെ.പി.-യിലേക്കോ കോൺഗ്രസിലേക്കോ പോയാൽ ഇടതുപക്ഷത്തെ ആളുകൾ ഒന്നാകെ പോയെന്നാണ് അടുത്ത ദിവസം വാർത്താ മാധ്യമങ്ങളെഴുതുന്നത്. ഇങ്ങനെ പോയവർ ചിലപ്പോൾ ജനിച്ചിട്ട് പാർട്ടിയുടെ മെമ്പർഷിപ്പുപോലും എടുത്തിട്ടുണ്ടാവില്ല. ഞങ്ങളുടെ നാട്ടിൽ അത്തരം ധാരാളം സംഭവങ്ങൾ നടക്കുന്നുണ്ട്. ഇടതുപക്ഷ നേതാക്കന്മാരുടേയോ സഹായത്രികരുടേയോ പേരുള്ളവർ ബി.ജെ.പി.-യിലേക്ക് പോയാലുടൻ ഇടതുപക്ഷമാകെ/കമ്മ്യൂണിസ്റ്റുകാരാകെ ബി.ജെ.പി.-യിലേക്ക് പോയെന്നാണ് പറയുന്നത്. വോട്ട് ചെയ്ത് ജയിപ്പിച്ച് ഒരു പഞ്ചായത്ത് രൂപീകരിക്കാനുള്ള അവസരം നൽകിയ ജനങ്ങളെ അപ്പാടെ കബളിപ്പിച്ചുകൊണ്ട് പ്രസിഡന്റും ഒരു പഞ്ചായത്തിലെ ഭരണസമിതിയുമുൾപ്പെടെ ബി.ജെ.പി.-യിലേക്ക് പോവുകയാണ്. ഇത് കേരളത്തിലാണ് നടക്കുന്നത്. അത്തരത്തിലുള്ള കോൺഗ്രസുകാരാണ് കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിനെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കന്മാരോ മുഖ്യമന്ത്രിയോ ഒരക്ഷരംപോലും പറയുന്നില്ലെന്ന് പറയുന്നത്. ഇവർ വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ 100-ൽ അധികം സീറ്റുകളോടെ അധികാരത്തിൽ വരുമെന്ന വലിയ സ്വപ്നം കാണുകയാണ്. എന്നാൽ അത് മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമായി അവശേഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കാരണമെന്തെന്നാൽ, ഈ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വലിയ നേട്ടമുണ്ടാക്കിയെന്ന് കോൺഗ്രസ് പറയുമ്പോഴും ഇവരുടെ

പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ നടപ്പിലാക്കിയ വികസന-ക്ഷേമ പ്രവർത്തനങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ജനങ്ങൾ തീർച്ചയായും വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് കൃത്യമായ മറുപടി നൽകുമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടാവാനിടയില്ല. കാരണം, ഞങ്ങൾക്ക് 30 സീറ്റ് കിട്ടിയാൽ കേരളത്തിലെ നിയമസഭ ഞങ്ങൾ ഭരിക്കുമെന്ന് ബി.ജെ.പി. മുൻ നേതാവായ ശ്രീ. കെ. സുരേന്ദ്രൻ പറഞ്ഞൊരു വാക്കുണ്ട്. അദ്ദേഹം ആരെ മുന്നിൽ കണ്ടുകൊണ്ടാണ് അങ്ങനെയൊരു പ്രസ്താവന നടത്താൻ തയ്യാറായത്? അതിന്റെ പ്രതിഫലനമല്ലേ കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കേരളത്തിൽ കണ്ടത്. ബി.ജെ.പി.-ക്ക് 30 സീറ്റ് കിട്ടിയാൽ ഇവിടെ എ.ഐ.സി.സി. (All India Congress Committee)-ലുള്ളവർ ബി.ജെ.പി.-യിലേക്ക് പോകുമോയെന്ന് നിങ്ങൾ പരിശോധിച്ചു നോക്കൂ, എന്നിട്ട് പറയൂ. അല്ലെങ്കിൽ ഇവിടെ നിയമസഭയിൽ നിങ്ങൾക്ക് കിട്ടുന്ന സീറ്റുകൾ പൂർണ്ണമായി വിലയ്ക്കെടുത്ത് ബി.ജെ.പി.ക്ക് ഭരിക്കാൻ നിങ്ങൾ ഒരിടം നൽകുമെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകെയും അത്തരം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഇടതുപക്ഷം ബി.ജെ.പി.-യുമായി ഒത്തുതീർപ്പിലാണെന്ന് പറയുന്നത്. നമുക്കറിയാവുന്നതുപോലെ ക്യാബിനറ്റ് തീരുമാനിക്കുന്ന ഗവൺമെന്റിന്റെ നയമാണ് ഒരു ഭരണഘടനാ സ്ഥാപനത്തിൽ വന്ന് ഗവർണർ പ്രഖ്യാപിക്കേണ്ടത്. നാളിതുവരെയുള്ള കേരളത്തിന്റെ ചരിത്രത്തിലെന്ന് മാത്രമല്ല, ഇന്ത്യയുടെതന്നെ ചരിത്രം പരിശോധിച്ചാൽ ഇത്തരത്തിൽ ക്യാബിനറ്റ്

തീരുമാനിച്ചൊരു നയത്തിന് വ്യത്യസ്തമായൊരു പ്രഖ്യാപനം ഏതെങ്കിലും ഗവർണർമാർ നടത്തിയിട്ടുണ്ടോ? അങ്ങനെയല്ലാത്തപക്ഷം ഈ നിയമസഭ ഒന്നാകെയല്ലേ അതിനെതിരെ പ്രതിഷേധമുയർത്തേണ്ടത്. തുടർന്ന് ക്യാബിനറ്റ് അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗവും ഗവർണർ വിട്ടുകളഞ്ഞ ഭാഗവുംകൂടി കൂട്ടുചെയ്തുകൊണ്ടാണ് ബഹു. മുഖ്യമന്ത്രി പിന്നീട് സഭയിൽ സംസാരിച്ചത്. ഭരണഘടനയ്ക്ക് വിരുദ്ധമായി ഗവർണർ അത്തരമൊരു കാര്യം ചെയ്യുമ്പോൾ ഈ സഭയൊന്നാകെ അതിനെതിരെ പ്രതിഷേധിക്കേണ്ടതല്ലേ; അവിടെ എൽ.ഡി.എഫ്./യു.ഡി.എഫ്. വ്യത്യാസമൊന്നുമില്ല; ഇത് കേരളമാണ്. കേരളത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച നയം പ്രഖ്യാപിക്കുമ്പോൾ ഭരണഘടനാനുസൃതമല്ലാത്ത രീതിയിൽ സ്ഥാപനാധികാരി നിലപാടെടുത്താൽ അതിനെതിരെ ഒരുമിച്ച് പോരാടേണ്ടത് അനിവാര്യമാണ്. അതിനുപകരം പത്രസമ്മേളനം നടത്തി എൽ.ഡി.എഫ്-ഉം ബി.ജെ.പി.യും ഒന്നാണെന്ന് പറയുന്നത് കേരളത്തിന് അഭികാമ്യമല്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾ പറയുമ്പോൾ നാളിതുവരെ കോൺഗ്രസ് ബി.ജെ.പി.-ക്കെതിരായി എന്ത് സംസാരിച്ചിട്ടുണ്ടെന്നുകൂടി പറഞ്ഞാൽ വലിയ ഉപകാരമായിരിക്കും. അക്കാര്യങ്ങളെക്കുറിച്ച് വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇക്കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിന്റെ സുവർണ കാലഘട്ടമായിത്തന്നെ അടയാളപ്പെടുത്താവുന്നതാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എച്ച്. സലാം കഴിഞ്ഞ പത്തുവർഷക്കാലംകൊണ്ട് ഈ ഗവൺമെന്റ് നടത്തിയ ഒട്ടേറെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഈ കാലഘട്ടത്തിൽ എന്തെല്ലാം പ്രതിസന്ധികളെയാണ് സർക്കാരിന് തരണം ചെയ്യേണ്ടി വന്നത്? ഈ കാലഘട്ടത്തിലാണ് മഹാപ്രളയമുണ്ടായത്. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലുൾപ്പെടെയുള്ള

പ്രകൃതിക്ഷോഭങ്ങളെ മറക്കാൻ സാധിക്കുമോ? കോവിഡ്-19 മഹാമാരി ലോകമാകെ പടർന്നുപിടിച്ച കാലഘട്ടം കൂടിയായിരുന്നു ഇത്. നിപയും ഓഖിയും ഉൾപ്പെടെ നിരവധി മഹാമാരികളും പ്രകൃതിക്ഷോഭങ്ങളും പ്രകൃതിദുരന്തങ്ങളുമെല്ലാം മറികടന്നാണ് ഇടതുപക്ഷ സർക്കാർ ഈ കേരളത്തെ കേരളമായി കെട്ടിപ്പടുത്തതെന്ന് നാം മനസ്സിലാക്കണം. പ്രകൃതിദുരന്തങ്ങളും മഹാമാരിയും ഒരുവശത്ത് നിൽക്കുമ്പോൾ ഫെഡറൽ സംവിധാനമെന്ന നിലയിൽ കേരളത്തെ കേന്ദ്ര ഗവൺമെന്റ് ഏതുതരത്തിലാണ് സമീപിക്കുന്നതെന്ന് നമുക്കറിയാം. അതിന്റെ ഭാഗമായി ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള സമരങ്ങളുൾപ്പെടെ ഡൽഹിയിൽ നടത്തേണ്ടി വന്നിട്ടുണ്ട്. ഒരു ഫെഡറൽ സംവിധാനത്തിൽ നിലനിൽക്കുന്ന ഒരു സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾക്കുവേണ്ടി ബഹു. സുപ്രീംകോടതിയെ സമീപിക്കേണ്ടിവന്ന സാഹചര്യവും അതുതന്നെയാണ്. സെയിൽസ് ടാക്സ് ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ അർഹതപ്പെട്ട നികുതി പൂർണ്ണമായി സംസ്ഥാനത്തിന് ലഭിക്കുകയും ആയത് വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യാമായിരുന്നു. എന്നാൽ ജി.എസ്.ടി. നടപ്പിലാക്കിയതോടെ ടാക്സ് വിഹിതം പൂർണ്ണമായി കേന്ദ്രത്തിന് നൽകണമെന്നും നിശ്ചിത വിഹിതം സംസ്ഥാനങ്ങൾക്ക് നൽകണമെന്നുമുള്ള നിയമം നിലനിൽക്കവെയാണ് കേരളത്തിന് അവകാശപ്പെട്ട നികുതി വിഹിതം നൽകാതെ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനൊപ്പം നിൽക്കേണ്ട പ്രതിപക്ഷം ബി.ജെ.പി.യുടെ പക്ഷംചേർന്നുകൊണ്ട് അവർക്കനുകൂലമായ നിലപാടെടുക്കുന്നുവെന്ന ഘട്ടമുൾപ്പടെ മൂന്ന് പ്രതിസന്ധികളാണ് സർക്കാരിന് നേരിടേണ്ടിവരുന്നത്.

ഈ പ്രതിസന്ധികളെയെല്ലാം നേരിട്ടുകൊണ്ടാണ് കഴിഞ്ഞ പത്ത് വർഷക്കാലം ഈ ഗവൺമെന്റ് കേരളത്തിൽ ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിദരിദ്രരില്ലാത്ത കേരളം, ക്ഷേമപെൻഷൻ കുടിശ്ശികയില്ലാത്ത കേരളം, പവർകട്ടും ലോഡ്ഷെഡിങ്ങുമില്ലാത്ത കേരളം, അഴിമതിയില്ലാത്ത കേരളം, വർഗീയ ലഹളകളില്ലാത്ത കേരളം, സ്കൂളുകൾ ഹൈടെക്കായ കേരളം, ആരോഗ്യ മേഖലയിൽ പുതുചരിതങ്ങൾ എഴുതിച്ചേർത്ത കേരളം, നിയമന നിരോധനമില്ലാത്ത കേരളം, ടഷറി അടച്ചിടാത്ത കേരളം, ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടില്ലാത്തവർക്ക് വീട് നൽകിയ കേരളം, എല്ലാവരെയും ഭൂമിയുടെ അവകാശികളാക്കിയ കേരളം, കൃഷി ഒരു സംസ്കാരമാക്കി മാറ്റാൻ അവസരം നൽകിയ കേരളം, റേഷൻ മുടങ്ങാത്ത കേരളം എന്നിങ്ങനെയുള്ള വിശേഷണങ്ങളാണ് ശ്രീ. എച്ച്. സലാം കേരളത്തിന് നൽകിയതെങ്കിൽ അതിനോടൊപ്പം ചില കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കുകയാണ്. കേരളത്തെ ഈ സർക്കാർ എത്രത്തോളം കൈപിടിച്ചുയർത്തിയെന്ന് നമുക്കറിയാവുന്ന കാര്യമാണ്. സംസ്ഥാന സർക്കാർ കേരളത്തിലാകെ നടത്തുന്ന വികസന പ്രവർത്തനങ്ങളോടൊപ്പം ചേർന്നുനിന്നുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിലും കിഫ്ബിയിലൂടെയും ബജറ്റിലൂടെയും സാമ്പത്തികസഹായം അനുവദിച്ചതിലൂടെ ഈ പത്തുവർഷക്കാലം നിരവധി വികസന ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ഒരു ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് അവസരം നൽകിയതിലുള്ള നന്ദി രേഖപ്പെടുത്താൻ ഞാനീ അവസരം വിനിയോഗിക്കുകയാണ്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ഉപക്ഷേപം ഇന്നിവിടെ ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. നിയമസഭാ ചരിത്രത്തിൽ ആദ്യമായാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള പതിനെട്ട് ഉപക്ഷേപങ്ങൾ ചർച്ച ചെയ്യാൻ ഒരു സർക്കാർ തീരുമാനിക്കുന്നതെന്ന് ബഹു. സ്പീക്കർ ഇന്ന് രാവിലെ പറയുകയുണ്ടായി. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ ഒരു നോട്ടീസ് നൽകാൻപ്രതിപക്ഷത്തിന് തക്കതായൊരു കാരണംപോലും ലഭിക്കാത്ത കാലഘട്ടം കേരള നിയമസഭാ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഗൗരവമായൊരു വിഷയം ഉന്നയിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് കൊടുക്കാനുള്ള സാഹചര്യംപോലും ഈ കേരളത്തിലില്ല. ഇന്നലെയും വിഷയമില്ലാത്തതിന്റെ പേരിൽ നിയമസഭയിൽനിന്ന് ഒളിച്ചോടിപ്പോകുന്ന സാഹചര്യം നാം കണ്ടതാണ്. ഇന്ന് കഷ്ടപ്പെട്ട് ഒരു വിഷയം കൊണ്ടുവന്നപ്പോൾ ഗവൺമെന്റ് അത് ചർച്ച ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്തു. കേരളത്തിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് ഈ രംഗത്തുണ്ടായിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാനാകും. എന്റെ നിയോജകമണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും പുതിയൊരാശുപത്രിയും ഡയാലിസിസ് സെന്ററും ആരംഭിച്ചതുൾപ്പെടെയുള്ള സമാനതകളില്ലാത്ത മാറ്റങ്ങൾ ആരോഗ്യമേഖലയിൽ ഉൾപ്പെടെ ഉണ്ടായൊരു കാലഘട്ടമാണിത്. അങ്ങനെയൊരു സർക്കാരിനെപ്പറ്റി സംസാരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷവും

അഭിമാനവുമുണ്ട്. ഏറ്റവും നല്ല രീതിയിലുള്ള ഭരണം കാഴ്ചവച്ച ഈ സർക്കാരിന് തുടർന്നും മുന്നോട്ടുപോകുന്നതിനുള്ള ആശംസകൾ നേർന്നുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു. നന്ദി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ പത്തുവർഷക്കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ ബാക്കിപത്രം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം വളരെ വാചാലമായി കാര്യങ്ങൾ പറയുന്നത് കേട്ടപ്പോൾ, യു.ഡി.എഫ്. ഭരിച്ച അഞ്ചുകൊല്ലത്തെ നേട്ടങ്ങളുടെ പകുതിപോലും വരില്ലെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ ചെയ്യാൻ അഞ്ചുകൊല്ലംതന്നെ ധാരാളമാണ്. 'റബ്ബറൈസ്ഡ് റോഡ്' എന്ന ആശയം കൊണ്ടുവന്നതും റബ്ബറൈസ്ഡ് റോഡുകളുടെ ഒരു റെവല്യൂഷൻ തന്നെ കൊണ്ടുവന്നതും ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. സർക്കാരാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ പത്തുവർഷക്കാലത്തെ ഭരണത്തിലൂടെ പൊതുമരാമത്ത് രംഗത്ത് എന്തൊക്കെ നേട്ടങ്ങളും പുരോഗതിയും കൈവരിച്ചുവെന്നും സാമാന്യ ജനങ്ങൾക്കറിയാം. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും നാട്ടിലെ ജനങ്ങൾക്ക് അവയെക്കുറിച്ച് യാതൊരു ബോധ്യവുമില്ലെന്നതാണ് വസ്തുത. സംസ്ഥാനത്തെ ഓരോ മേഖലയും തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ഗവൺമെന്റിന്റെ കൈവശം

നയാപൈസയില്ല; പിന്നെ അവർക്ക് എന്ത് ചെയ്യാൻ കഴിയും, അതേക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ലെന്ന മട്ടിലുള്ള സംസാരമാണ് സാധാരക്കാർക്കിടയിൽ നടക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ സർക്കാരിന്റെ കയ്യിൽ പണമില്ല; ആ ആത്മവിശ്വാസക്കുറവ് ഭരണകക്ഷി ബഞ്ചുകളിലാകെ പ്രകടമാണ്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയമാണ് ഇന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കൊണ്ടുവന്നിരിക്കുന്നത്. വളരെക്കാലമായി ഇന്ത്യാ രാജ്യത്ത് എല്ലാ രംഗങ്ങളിലും തനതായൊരു ശക്തി നമുക്കുണ്ട്. ആരോഗ്യ രംഗത്ത് നല്ല ശൃംഖല, സർക്കാർ ആശുപത്രികൾ, ലോക പ്രസിദ്ധരായ വിദഗ്ധ മലയാളി ഡോക്ടർമാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യരംഗം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം മുൻപന്തിയിൽ നിന്നതുകൊണ്ടാണ് കേരളത്തിൽ ആയുർദൈർഘ്യവും ആളോഹരി ചികിത്സാ ലഭ്യതയുമൊക്കെ വർധിച്ചത്. എല്ലാ കാലത്തുമുണ്ടായിരുന്നൊരു അളവുകോലാണത്. അതനുസരിച്ച് ലോകത്തിനുമുമ്പിൽ കേരളത്തെ പ്രൊമോട്ട് ചെയ്തിട്ടുമുണ്ട്. കാരണം സ്വാതന്ത്ര്യലബ്ധി മുതൽ കേരളത്തിൽ മികച്ച ചികിത്സ ലഭിക്കുന്നുവെന്ന വാർത്ത നിലനിന്നുപോരുന്നുണ്ട്. എന്നാൽ ആരോഗ്യരംഗത്തെ ആ മികവ് ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന വസ്തുത ആർക്കാണ് അറിയാത്തത്; സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ആധാരമായ വിഷയവും അതുതന്നെയാണ്. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സമരത്തിലല്ലേ; ആരോഗ്യരംഗമാകെ പ്രശ്നത്തിലല്ലേ; ആവശ്യത്തിന് ഡോക്ടർമാരുണ്ടോ; ഡോക്ടർമാരുടെ

നിയമനങ്ങൾ നടക്കുന്നുണ്ടോ; ഒരു രോഗി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഓടിച്ചെന്നാലുണ്ടാകാവുന്ന അവസ്ഥയെക്കുറിച്ചാണ് സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഇന്നിവിടെ ചർച്ച ചെയ്യാൻ പോകുന്നത്. വൻതോതിലുള്ള ചൂഷണമാണ് ഇന്ന് ആരോഗ്യ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പത്തുവർഷത്തെ ഭരണത്തിന്റെ ബാലൻസ് ഷീറ്റ്. പൊതുമരാമത്ത് റോഡുകളെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇൻവെസ്റ്റ്മെന്റ് പ്രൊമോഷനുവേണ്ടി ദാവോസിൽ പോയി, അവിടെപ്പോയി, ഇവിടെപ്പോയി എന്നൊക്കെയാണ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. പത്തുവർഷങ്ങൾക്കിപ്പുറവും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷനെക്കുറിച്ചാണ് വകുപ്പുമന്ത്രി പറയുന്നത്. കേരളത്തിൽ വന്നൊരു മെഗാ പ്രോജക്ടിന്റെ വിശദാംശങ്ങളെപ്പറ്റിയാണ് ഇന്നത്തെ ചോദ്യോത്തരവേളയിൽ ഞാൻ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിച്ചത്. എന്നാൽ അഞ്ചുവർഷം ഭരിച്ച ഉമ്മൻചാണ്ടി സർക്കാരിന്റെ പ്രതിനിധികളോട് ഈ ചോദ്യം ചോദിച്ചാൽ അവർക്ക് ഉടൻ കൊച്ചി അന്താരാഷ്ട്ര എയർപോർട്ടും മെട്രോയും എറണാകുളത്ത് കാക്കനാടുള്ള കിൻഫ്രാ പാർക്കുമൊക്കെ ചൂണ്ടിക്കാണിക്കാനാകും. ഐ.ടി. മന്ത്രിയെന്ന നിലയ്ക്ക് ആദ്യമായി കാക്കനാട് സന്ദർശിച്ചപ്പോൾ അത് കാടുപിടിച്ചൊരു സ്ഥലമായിരുന്നു. കൊച്ചിയിലെ കാക്കനാട് സ്ഥാപിച്ച ആദ്യത്തെ കിൻഫ്ര പാർക്ക് യു.ഡി.എഫ്. സർക്കാരിന്റെ ഭരണ നേട്ടത്തിന്റെ തിലകക്കുറിയാണെന്ന് നിസ്സംശയം പറയാം. അവിടെ ഫ്ലോട്ടിങ് പോപ്പുലേഷനുണ്ടാകുമെന്നും വമ്പിച്ച തോതിൽ ആളുകൾ വന്നുപോകുമെന്നും ജോലി

സാധ്യതയുടെ കാര്യത്തിൽ കേരളത്തിന്റെ വ്യവസായ ക്യാപ്പിറ്റലായി കൊച്ചി മാറുമെന്നൊക്കെ ഞങ്ങൾ അന്നേ പറഞ്ഞതാണ്. ഇന്ന് കാക്കനാട് സന്ദർശിക്കുന്ന ആർക്കും അന്ന് ഞങ്ങൾ പറഞ്ഞ കാര്യങ്ങളൊക്കെ സത്യമാണെന്ന് മനസ്സിലാകില്ലേ? അതുപോലെയുള്ള നിരവധി പ്രോജക്ടുകൾ യു.ഡി.എഫ്. ഭരണകാലത്ത് നടപ്പിലാക്കിയതായി ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഇപ്പോൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെക്കുറിച്ച് വളരെ അഭിമാനത്തോടെ പറയുന്നുണ്ട്. എന്നാൽ യാഥാർഥ്യം എന്താണെന്ന് ഇന്നലെ അവിടെ നടന്ന യോഗത്തിൽ അദാനി ഗ്രൂപ്പ് പ്രതിനിധിക്ക് പറയേണ്ടിവന്നു. അതായത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമാക്കിയതിന്റെ ക്രെഡിറ്റ് ഉമ്മൻ ചാണ്ടിക്ക് തന്നെയാണ്; അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് 10 വർഷങ്ങൾ കഴിഞ്ഞിട്ടും ഇതുപോലെ ഏതെങ്കിലുമൊരു പദ്ധതി നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോയെന്നാണ് ഇന്ന് രാവിലെ ഞാൻ നിയമം വ്യവസായം, കയർ വകുപ്പുമന്ത്രിയോട് ചോദിച്ചത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പണിപോലും തുടങ്ങിയത് എൽ.ഡി.എഫ്-ന്റെ ഭരണകാലത്താണെങ്കിലും പണി പൂർത്തീകരിച്ചത് യു.ഡി.എഫ്-ന്റെ കാലത്താണ്. ടെക്നോപാർക്കിന്റെ പണി പൂർത്തിയാക്കി മുൻ പ്രധാനമന്ത്രി നരസിംഹറാവുവിനെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിച്ചത് യു.ഡി.എഫ്. ഭരണകാലത്താണ്. എന്നാൽ എൽ.ഡി.എഫ്-ന്റെ പത്തുവർഷക്കാലത്തെ ഭരണനേട്ടമായി പറയാൻ സാധിക്കുന്നത് ദേശീയപാത വികസനം മാത്രമാണ്. അത് പൊളിഞ്ഞ് വീണതോടുകൂടി നിങ്ങൾ തന്നെപറഞ്ഞു, അത്

നിങ്ങളുടേതല്ലെന്ന്. അങ്ങനെ നോക്കുകയാണെങ്കിൽ ഈ പത്തുവർഷക്കാലത്തിനിടയിൽ കാര്യമായ നേട്ടങ്ങളൊന്നും കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറയുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖലയിലാകെ ഇപ്പോൾ പ്രക്ഷോഭവും സമരവുമാണ് നടന്നുകൊണ്ടിരിക്കുന്നത്. കുറേക്കാലം വൈസ് ചാൻസലർ കാരണത്താൽ സർവ്വകലാശാലാ സർട്ടിഫിക്കറ്റുകളിൽ ഒപ്പിടാൻ ആളില്ലാതെ കുട്ടികൾ നെട്ടോട്ടമോടുന്ന അവസ്ഥയല്ലേ ഉണ്ടായിരുന്നത്. ഇത്രയും പ്രശ്നങ്ങൾക്കിടയിലും പെട്ടെന്നൊരു ദിവസം രാവിലെ എല്ലാ പ്രശ്നങ്ങളും തീർപ്പാക്കുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസ മേഖലയെ ഇത്രയധികം തകർത്തുതരിപ്പണമാക്കിയ സമരങ്ങൾ നടത്തിയത് എന്തിന് വേണ്ടിയായിരുന്നു; അതിന്റെ ബാക്കി പത്രം എന്താണ്? നിങ്ങൾക്ക് ഇതൊക്കെ ചെറിയ കാര്യമായി തോന്നുന്നുണ്ടാകും. ഭരണാധികാരികൾ ഇത്തരം കാര്യങ്ങൾ നിസ്സാരമായി കണ്ടതിന്റെ ഫലമായി എത്ര കുട്ടികൾകൾക്കാണ് തുടർപഠനാർഥം ഇവിടെനിന്നും വിദേശരാജ്യങ്ങളിലേയ്ക്ക് പോകേണ്ടിവന്നത്? കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോയ വിദ്യാർഥികളുടെ വല്ല കണക്കുമുണ്ടോ? സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ നിലവാരം എത്രമാത്രം കുറഞ്ഞിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇങ്ങനെയൊന്നും ആയിരുന്നില്ല കാര്യങ്ങൾ ചെയ്തിരുന്നത്. കാലിക്കറ്റ് സർവ്വകലാശാല ക്യാമ്പസിനുള്ളിലും സമീപ പ്രദേശങ്ങളിലുമായി ഫുഡ് പാർക്ക് നിർമ്മിച്ചത് ഞങ്ങളുടെ ഭരണകാലത്താണ്. മറ്റൊരു രീതിയിൽ നിർമ്മിക്കാനാണ് പ്ലാൻ

ചെയ്തിരുന്നത്. അതുപോലെ തിരുവനന്തപുരത്തെ ടെക്നോപാർക്കും മറ്റൊരു രീതിയിൽ നടപ്പിലാക്കാനാണ് പ്ലാൻ ചെയ്തിരുന്നത്. യൂണിവേഴ്സിറ്റികളിൽ മികച്ച വിദ്യാഭ്യാസ-ഗവേഷണ നിലവാരം ഉണ്ടാകണമെന്ന ഉദ്ദേശത്തോടെയായിരുന്നു ഇത്തരം സൗകര്യങ്ങളൊക്കെ ചെയ്തുകൊടുത്തത്. കേരളത്തിലുടനീളം സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുന്നതിനായി യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നൊരു ആശയമായിരുന്നു സ്റ്റാർട്ട് അപ്പ് പോളിസി. അന്ന് യു.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച 'എമർജിങ് കേരള' യുടെ ചുവടുപിടിച്ചാണ് 'വൈബ്രന്റ് ഗുജറാത്ത്' എന്ന പദ്ധതിയും ആദ്യ ഗ്ലോബൽ മീറ്റും ഗുജറാത്തിൽ സംഘടിപ്പിച്ചത്. അതിലാണ് ഞങ്ങൾ സ്റ്റാർട്ടപ്പ് എന്ന ഐഡിയ കൊണ്ടുവന്നത്. ഏതാനും വർഷങ്ങൾക്കുശേഷം കാലത്തിനനുസൃതമായി പുതിയ ധാരാളം സ്റ്റാർട്ട് അപ്പുകൾ അധികമായി വരികയും അവയിൽ ചിലത് വിജയിക്കുകയും ചെയ്തു. അങ്ങനെ വിജയിച്ച സ്റ്റാർട്ട് അപ്പുകളെക്കുറിച്ചാണ് ബഹു. വകുപ്പുമന്ത്രി ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. മികച്ച വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോയ വിദ്യാർഥികളെ തിരികെ കൊണ്ടുവരണ്ടേ; അവർ ഇവിടെ പഠിക്കണ്ടേ; അവരുടെ ബുദ്ധിശക്തി നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തേണ്ടതല്ലേ; നമ്മുടെ ഭാവി തലമുറ ഇങ്ങനെ വിദേശ രാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നത് നമ്മുടെ നാടിന് ഗുണകരമാണോ? ഇവിടെ എംപ്ലോയ്മെന്റ് ജനറേഷൻ ഉണ്ടാകുന്നില്ലെന്നതാണ് നമ്മുടെ യുവതലമുറ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകാനുള്ള പ്രധാന കാരണം. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ പത്തുവർഷത്തെ ഫിനാൻഷ്യൽ മാനേജ്മെന്റ് എന്താണ്; സർക്കാരിന്റെ കയ്യിൽ കാശില്ലല്ലോ? അതുകൊണ്ട്

ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്ന ബജറ്റിലൂടെ നൽകുന്ന വാഗ്ദാനങ്ങൾക്ക് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു മാനിഫെസ്റ്റോയുടെ വില മാത്രമേ ഉണ്ടാകുകയുള്ളൂവെന്ന് ഉറപ്പിച്ചുപറയുകയാണ്. നിങ്ങളെന്ത് പറഞ്ഞാലും ഈ നാട്ടിലെ ജനങ്ങൾ അതൊന്നും വിശ്വസിക്കാൻ പോകുന്നില്ല. അങ്ങനെയുള്ള വാഗ്ദാനങ്ങൾ ഞങ്ങൾക്കും പറയാൻ സാധിക്കും. ക്ഷേമപെൻഷനുകൾ 2500 രൂപയായി വർധിപ്പിക്കുമെന്ന് പറഞ്ഞാൽ വേണമെങ്കിൽ 3000 രൂപയാക്കി വർധിപ്പിക്കുമെന്ന് ഞങ്ങൾക്കും പറയാൻ സാധിക്കും. കാരണം ഒരു മാനിഫെസ്റ്റോയുടെ വില മാത്രമേ ഈ ബജറ്റിനുണ്ടാകുകയുള്ളൂ. ഈ ബജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും ആനുകൂല്യങ്ങളും നടപ്പിലാക്കാൻ ഈ സർക്കാരിന് സമയമില്ലെന്ന കാര്യം എല്ലാവർക്കുമറിയാമല്ലോ? ഈ സർക്കാരിന്റെ പത്തുവർഷക്കാലത്തെ പെർഫോർമൻസ് വളരെ മോശമാണ്. പെർഫോർമൻസ് ഇല്ലായ്മയുടെ ഫലമായി വലിയൊരു അപകടം സംഭവിക്കാൻ പോവുകയാണ്. അതായത്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആത്മവിശ്വാസക്കുറവ് കാരണം രാഷ്ട്രീയരംഗത്ത് നാളിതുവരെ ചെയ്യാത്ത പല പണികളുംഇപ്പോൾ ചെയ്യുകയാണ്. ബി.ജെ.പി. ഇന്ത്യാ രാജ്യത്ത് ചെയ്യുന്ന പണിയാണ് സംസ്ഥാനത്ത് ഇടതുപക്ഷജനാധിപത്യ മുന്നണി ചെയ്തുകൊണ്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. അവരുടെ ഭാഷയിൽ, ചില പ്രത്യേക ജനവിഭാഗങ്ങളെ ലക്ഷ്യംവച്ച് വർഗീയതയും വിഭാഗീയതയും ഭ്രരിപക്ഷ വർഗീയതയുമൊക്കെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം, കാലാകാലങ്ങളായി നിങ്ങളിൽ കാണാത്തൊരു നയമാണ് ഇപ്പോൾ ഇടതുപക്ഷം സ്വീകരിക്കുന്നത്. നിങ്ങളുടെ ആത്മവിശ്വാസക്കുറവ് നിങ്ങളെ

പടുകുഴിയിൽ ചാടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണല്ലോ ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. തീവ്രസമീപനമെടുക്കുന്ന ചില ന്യൂനപക്ഷ വർഗീയ ഗ്രൂപ്പുകളെ നിങ്ങൾ അതത് കാലത്ത് പ്രോത്സാഹിപ്പിക്കുമ്പോൾ ഞങ്ങൾ അതിനെയൊക്കെ ശക്തിയായി എതിർത്ത് തോൽപ്പിച്ചിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ ഒരു പ്രസംഗത്തിൽ 'തീവ്രതയെടുത്തുവരുന്ന ആ ഖബറിടത്തിൽ എത്രയെത്ര തീവ്രവാദി പാർട്ടികളുടെ അസ്ഥിപഞ്ജരങ്ങളുണ്ടോ അതിന്റെ മുഴുവൻ ഉത്തരവാദികളും ഞങ്ങളാണ് ' എന്ന് പറയുന്നുണ്ട്. അവരെയൊക്കെ മുളയിലേ നുള്ളിക്കളഞ്ഞിട്ടുമുണ്ട്. ഒരിക്കലും ഈ രീതിയിലുള്ള ഭൂരിപക്ഷ വർഗീയ വിഭജനമുണ്ടാക്കുന്ന പോളിസി നിങ്ങൾ സ്വീകരിച്ചിരുന്നില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ; വോട്ട് കുറയുമെന്ന ഘട്ടംവന്നപ്പോൾ ഗുണമുണ്ടാകുമെന്ന് തെറ്റിദ്ധരിച്ച് നിങ്ങൾ ചെയ്യുന്ന ഓരോ പ്രവൃത്തിയും ബി.ജെ.പി.-ക്കാണ് ഗുണം ചെയ്തുകൊണ്ടിരിക്കുന്നതെന്നും ഭാവിയിൽ എൽ.ഡി.എഫ്. തന്നെ ഇല്ലാതാകാൻ പോവുകയാണെന്നുമുള്ള വസ്തുത നിങ്ങൾ മനസ്സിലാക്കുന്നില്ല. ഈ സർക്കാരിന്റെ ആത്മവിശ്വാസക്കുറവ് സംസ്ഥാനത്തിന് വളരെ ദോഷം ചെയ്യുമെന്നും അത് സാമുദായിക വിഭജനമുണ്ടാക്കുമെന്നുമുള്ള മുന്നറിയിപ്പ് നൽകിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ വിട്ടുകളഞ്ഞ ചില കാര്യങ്ങൾ ബഹു. മുഖ്യമന്ത്രി വീണ്ടും ഈ സഭയിൽ അവതരിപ്പിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടും പരിഹസിച്ചുകൊണ്ടുമാണ് മുൻ പ്രതിപക്ഷ

നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസംഗം ആരംഭിച്ചത്. അങ്ങനെയാണെങ്കിൽ ഗവർണർ വിട്ടുകളഞ്ഞ കാര്യങ്ങൾ വിട്ടുകളയണമെന്ന് തന്നെയായിരുന്നോ അദ്ദേഹത്തിന്റെ അഭിപ്രായമെന്നാണ് എനിക്ക് വിനയപൂർവം ചോദിക്കാനുള്ളത്. കേന്ദ്രത്തിന്റെ കേരളത്തോടുള്ള അവഗണനക്കെതിരെയും ഫിസ്കൽ ഫെഡറലിസ തത്വങ്ങളുടെ ലംഘനത്തെക്കുറിച്ചും ഗവർണർ വിട്ടുകളഞ്ഞ പരാമർശങ്ങൾ ബഹു. മുഖ്യമന്ത്രി വീണ്ടും അവതരിപ്പിച്ചത് ശരിയായില്ലെന്ന് പറയുമ്പോൾ പ്രതിപക്ഷത്തിന്റെയും കോൺഗ്രസിന്റെയും നയമെന്താണെന്ന് ആ വാക്കുകളിൽ ഒളിഞ്ഞിരിപ്പുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, അവരെപ്പോഴും ബി.ജെ.പി.-യെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ഒരു അന്തർധാരയിലാണല്ലോ മുന്നോട്ടുപോകുന്നത്? ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ തൃശ്ശൂർ ജില്ലയിലെ മട്ടന്നൂരിൽ ഒരു പഞ്ചായത്ത് മുഴുവനായും ബി.ജെ.പി.-ക്ക് താലത്തിൽ വച്ച് സമ്മാനിച്ച ആളുകളല്ലേ അവർ? എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ബി.ജെ.പി. കഷ്ടിച്ച് അധികാരത്തിൽ വന്നു. അവിടെ മുൻഭരണ സമിതിയിൽ കോൺഗ്രസിന് 6 അംഗങ്ങളുണ്ടായിരുന്നെങ്കിൽ ഇത്തവണ കോൺഗ്രസ്-2, ബി.ജെ.പി.-8 എന്നിങ്ങനെയാണ് സീറ്റ് നില. ബി.ജെ.പി.-ക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ മൂന്നിരട്ടി സീറ്റ് വർധിച്ചു. ഞങ്ങൾക്ക് അന്നുണ്ടായിരുന്ന 5 സീറ്റുതന്നെ ഇന്നുമുണ്ട്. സ്വാഭാവികമായും ആരാണ് ബി.ജെ.പി.-യെ വളർത്താൻ സഹായകരമായ നിലപാട് സ്വീകരിക്കുന്നതെന്ന് കോൺഗ്രസ് ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമേ ഞാൻ അതിനെക്കുറിച്ച് സൂചിപ്പിക്കുന്നുള്ളൂ. ഈ ഗവൺമെന്റിന്റെ നയങ്ങൾക്കും

നടപടികൾക്കുമുള്ള പ്രഖ്യാപനത്തിന്റെ വലിയൊരു പിന്തുണയാണ് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം. ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടന്ന ഇക്കഴിഞ്ഞ 10 വർഷക്കാലത്തെപ്പറ്റി ഇവിടെ വിശദീകരിച്ചു. സമയപരിമിതിമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒട്ടേറെ കാര്യങ്ങളിൽ രാജ്യത്ത് ഒന്നാമതെത്താൻ കേരളത്തിന് സാധിച്ചു. അതിദരിദ്രരില്ലാത്ത ഒരു സംസ്ഥാനമായി ഇന്ത്യയിലെ ഒരു സംസ്ഥാനം മാറിയെങ്കിൽ ആ സംസ്ഥാനം സഖാവ് പിണറായി വിജയൻ ഭരിക്കുന്ന കേരളമല്ലേ? രാജ്യം, ലോകത്ത് 102-ാമത് ദാരിദ്ര്യ സൂചികയിൽ നിൽക്കുന്ന ഘട്ടത്തിലാണ് കേരളം അതിദരിദ്രരില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് വന്നത്. കേന്ദ്ര അവഗണനയ്ക്കെതിരെ ഞങ്ങൾ സമരം നടത്തിയില്ലെന്നാണ് പ്രതിപക്ഷ സ്വരം. കേന്ദ്ര അവഗണയ്ക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആദ്യമായി കേസ് നൽകിയ സംസ്ഥാനം കേരളമല്ലേ? ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലല്ലേ ഞങ്ങളെല്ലാവരും ജന്തർ മന്തറിൽ പോയി സമരം നടത്തിയത്? രാജ്ഭവനിൽ സമരം നടത്തിയതിന് വഞ്ചിയൂർ കോടതിയിലെ ക്രൈം നമ്പർ 1750/2024 പ്രകാരം ഞാനുൾപ്പെടെ പ്രതികളാണ്. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളോടും ബി.ജെ.പി.-യുടെ വർഗീയ നയങ്ങളോടും സന്ധിയില്ലാത്ത പോരാട്ടവുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് പ്രളയവും കോവിഡും കേന്ദ്ര അവഗണനയുമൊക്കെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ വികസന ക്ഷേമരംഗങ്ങളിൽ അത്യുജ്ജ്വലമായി മുന്നോട്ടുനയിച്ചു കൊണ്ടിരിക്കുന്നത്. എരുമേലിയിലെ ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട് 2030-ഓടെ യാഥാർഥ്യമാക്കുമെന്ന പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

അതിനോടനുബന്ധിച്ച് വന്നിട്ടുള്ള കോടതി വിധികളെ അതിജീവിച്ച് ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന്റെ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. അതുപോലെ പട്ടയപ്രശ്നങ്ങളടക്കമുള്ളവയും വന്യജീവി സംരക്ഷണ നിയമത്തിൽ നാടിന്റെ ആവശ്യത്തിനനുസരിച്ചുള്ള ഭേദഗതിയും ഈ നിയമസഭ പാസാക്കിയിട്ടുണ്ട്. ആ നിയമത്തിന് കേന്ദ്ര അംഗീകാരം നേടാനുള്ള ശ്രമങ്ങൾ അതിവേഗത്തിലുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടും നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാനെന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് പത്ത് വർഷം പിന്നിടുമ്പോഴും വന്യജീവി ആക്രമണങ്ങൾ കേരളത്തിൽ നിർബാധം തുടരുകയാണ്. എത്രപേരാണ് ഒരോ ദിവസവും വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നത്. അതിനെതിരെ സത്വര നടപടിയോ ശാശ്വതപരിഹാരമോ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇക്കാലയളവിൽ 500-ൽപ്പരം ആളുകൾ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയും ഏകദേശം 6452 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഒരു ഭാഗത്ത് കൃഷിനാശമുണ്ടാക്കുന്നതോടൊപ്പംതന്നെ വളർത്തുമൃഗങ്ങൾക്കും നാശമുണ്ടാക്കുന്നു. സംസ്ഥാനത്തെ വനമേഖല കേന്ദ്രീകരിച്ചുള്ള ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ ഇപ്പോഴും ഭീതിയോടെയാണ് ജീവിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ നിരന്തരം തുടരുമ്പോഴും

സർക്കാർ ഇക്കാര്യത്തിൽ നിസ്സംഗമനോഭാവമാണ് പുലർത്തുന്നത്. വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. ഓരോ കുടുംബത്തിനുമുണ്ടാകുന്ന നഷ്ടം നഷ്ടപരിഹാരം കൊണ്ട് നികത്താൻ കഴിയുന്നതല്ലെങ്കിലും അതുപോലും കൃത്യമായി നൽകാൻ കഴിയാറില്ല. വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നാളിതുവരെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർഥ്യം. സംസ്ഥാനത്ത് 2024-ൽ മാത്രം 2368 ബാലപീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മാത്രമല്ല, അവയുടെ തുടർനടപടികൾ വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. കോടതിയിൽ കേസുകൾ എത്തുന്നതിനും വിചാരണ നടത്തുന്നതിനും കാലതാമസം നേരിടുന്നതിന്റെ ഫലമായി കുട്ടികൾക്കുണ്ടാകുന്ന മാനസിക പീഡനത്തിനുപുറമെ കൃത്യസമയത്ത് കുട്ടികളുടെ പുനരധിവാസം സാധ്യമാകാത്ത സാഹചര്യവും ഇന്നുണ്ടാകുന്നുണ്ട്. സാമൂഹ്യ സുരക്ഷിതമായ കേരളമാണെന്ന് നിങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും ഇത്തരത്തിലുള്ള യാഥാർഥ്യങ്ങൾ നമുക്ക് മുന്നിൽ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരളം ഒറ്റ നഗരമായി മാറുകയാണെന്ന് ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ തെരുവുനായ ആക്രമണങ്ങളുടെ ഭീകരമായ ചിത്രം ഇന്ന് നമുക്ക് മുന്നിലുണ്ട്. 2024-ൽ തെരുവുനായ ആക്രമണം 3.17 ലക്ഷമായി വർധിച്ചിരിക്കുകയാണ്. കേരളത്തിൽ പേവിഷബാധയേറ്റ് 17 പേർ മരണപ്പെട്ടതിൽനിന്നും ആന്റി റാബിസ് വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കൊണ്ട് യാതൊരു

പ്രയോജനവുമില്ലെന്നല്ലേ മനസ്സിലാകുന്നത്? ആശുപത്രികളുടെ ദുരവസ്ഥയെ സംബന്ധിച്ചാണ് ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള നോട്ടീസ് നൽകിയിരിക്കുന്നത്. ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ല. സി.എച്ച്.സി., എഫ്.എച്ച്.സി. കളിൽ ഇപ്പോഴും വേണ്ടത്ര സജീകരണങ്ങളില്ല. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും അഭാവം നിലനിൽക്കുന്നു. ഇതൊക്കെ നിരന്തരമായി സഭയിൽ ഉന്നയിക്കുന്ന കാര്യങ്ങളാണെങ്കിലും ഇക്കാര്യങ്ങളിൽ ഫലപ്രദമായ പരിഹാരം കണ്ടെത്താൻ നാളിതുവരെ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുകയാണ്. കേരളത്തിൽ എ.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ) സംവിധാനം വിജയകരമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ തെരുവുനായ ആക്രമണം ഒരു ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ പലപ്പോഴും നിസ്സഹായാവസ്ഥയിൽ നിലകൊള്ളുകയാണ്. കഴിഞ്ഞ പത്തുവർഷത്തെ വികസന നേട്ടങ്ങളെക്കുറിച്ച് ഗവൺമെന്റ് കൊട്ടിഘോഷിക്കുമ്പോൾ വികസന പരാജയത്തിന്റെ അടിസ്ഥാനപരമായ കുറച്ച് കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2025-ൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുമെന്ന് ബഹു. മന്ത്രി ഈ നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. 2026-ലേയ്ക്ക് കടക്കുമ്പോഴും ടി പദ്ധതി പൂർത്തീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ഒരു ഭാഗത്തും വെള്ളം ലഭിക്കാത്ത സാഹചര്യം മറുഭാഗത്തും നിൽക്കുന്നു. കേരളം വളരെ പ്രതീക്ഷയോടെ നോക്കികണ്ട ടി പദ്ധതിയുടെ പ്രവർത്തനം സ്റ്റേറ്റ് വിഹിതം കൃത്യസമയത്ത് ലഭിക്കാത്തതുകൊണ്ടും ധാരാളം

കുടിശ്ശിക വരുത്തിവച്ചതുകൊണ്ടുമൊക്കെ മന്ദീഭവിക്കാൻ കാരണമായി. 2026-ൽ ഈ സർക്കാരിന്റെ അവസാന കാലഘട്ടത്തിലേയ്ക്ക് കടക്കുമ്പോഴും കുടിവെള്ളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. വൈദ്യുതി, വെള്ളം, ഭൂനികുതി, കെട്ടിട നികുതി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയുടെ നിരക്ക് വർധിപ്പിക്കുകയും പെട്രോളിയം ഉൽപന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുകയും ചെയ്തതിലൂടെ ജനങ്ങളെ പിഴിയുന്നതിനുള്ള തന്ത്രമാണ് ഈ സർക്കാരിന്റെ കഴിഞ്ഞ പത്തുവർഷത്തെ ഭരണനേട്ടമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ പത്തുവർഷമായി കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യമുന്നേറ്റം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. നവകേരള സൃഷ്ടിക്കായി സർക്കാർ നടപ്പാക്കിയ പല വികസനക്ഷേമ പദ്ധതികളും ഇന്ത്യയിൽത്തന്നെ ശ്രദ്ധപിടിച്ചു പറ്റുന്നവയാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ നടത്തിയ ഇടപെടലുകളുടെ ഭാഗമായാണ് അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലൂടെ നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി നടപ്പാക്കുകയും ആയത് സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു. ജനാധിപത്യത്തിൽ 'ജനങ്ങളാണ് അധികാരികൾ' എന്ന ഇടതുപക്ഷ നയം ഊട്ടിയുറപ്പിക്കുന്ന നടപടികളാണ് എവിടെയും കാണാൻ സാധിക്കുന്നത്. കേന്ദ്രസർക്കാർ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി സംസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുമ്പോഴും

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി അധികാര വികേന്ദ്രീകരണത്തിന് ഉത്തമമാതൃകയായി മാറുകയാണ് സംസ്ഥാന സർക്കാർ. ഇന്ത്യയിലെ മറ്റ് ഏതൊരു സംസ്ഥാനങ്ങളോടും കാണിക്കാത്ത സാമ്പത്തിക വിവേചനമാണ് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്നത്. 'സമരം ചെയ്യേണ്ടത് ഇവിടെയല്ല ഡൽഹിയിലാണ്' എന്നാണ് ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞങ്ങൾ ഡൽഹിയിൽ സമരം നടത്തിയപ്പോൾ പ്രതിപക്ഷത്തിലെ ഒരംഗംപോലും ആ സമരത്തിൽ പങ്കെടുത്തില്ല. ഇതിലൂടെ കേരളത്തോട് ഏറ്റവും വലിയ വിവേചനം കാണിക്കുന്നത് പ്രതിപക്ഷമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. കോൺഗ്രസ് പാർട്ടിയുടെ പതിനെട്ട് എം.പി.-മാർ ഉണ്ടായിരുന്നിട്ടും ഒരാൾപോലും ആ സമരത്തിൽ പങ്കെടുത്തില്ലെന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ജനുവരി മുതൽ മാർച്ച് മാസം വരെ സംസ്ഥാനത്തിന് ലഭിക്കേണ്ട പന്ത്രണ്ടായിരം കോടി രൂപയിൽ ആറായിരം കോടി രൂപയോളം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. കേന്ദ്ര പദ്ധതികളിൽ അയ്യായിരത്തി അറുന്നൂറ്റി എൺപത് കോടി രൂപയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ജി.എസ്.ടി. പരിഷ്കരണം മൂലം എണ്ണായിരം കോടി രൂപയുടെ വരുമാന നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായിരിക്കുന്നത്. ഒരു വർഷം എല്ലാംകൂടി ഏതാണ്ട് ഇരുപതിനായിരം കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാർ നിഷേധിച്ചിരിക്കുന്നത്. വയനാട് ദുരന്തത്തോട് കേന്ദ്ര സർക്കാർ മുഖംതിരിച്ച് നിൽക്കുകയാണ്. കേന്ദ്ര സാമ്പത്തിക നയത്തിനെതിരെ സംസ്ഥാനം ശക്തമായ പ്രതിരോധം തീർക്കുകയും നിയമപരമായി ചോദ്യം

ചെയ്യുന്ന സ്ഥിതിപോലുമുണ്ടായി. സംസ്ഥാനത്തെ ദ്രോഹിക്കുന്ന കേന്ദ്ര നയത്തിനെതിരെ യു.ഡി.എഫ്. ഒരക്ഷരംപോലും മിണ്ടാതെ കേന്ദ്ര സർക്കാരിന് ചൂട്ടുപിടിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഫെഡറൽ തത്വങ്ങൾ ലംഘിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഇടപെടൽ നടത്തുമ്പോഴും പാർലമെന്റിൽ ഇത്തരം വിഷയങ്ങളിലിടപെടാതെ യു.ഡി.എഫ്. എം.പി.-മാർ മൗനം പാലിക്കുകയാണ്. ഇതിലൂടെ ബി.ജെ.പി.-യെ സഹായിക്കുന്ന നയമാണ് കേരളത്തിലെ യു.ഡി.എഫ്. സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ എല്ലാ വികസന പദ്ധതികളെയും യു.ഡി.എഫ്. കണ്ണടച്ച് എതിർക്കുകയാണ്. ഇടതുപക്ഷ സർക്കാരിനെതിരെ യു.ഡി.എഫ്. പെരുംനുണകൾ പ്രചരിപ്പിക്കുകയാണ്. എസ്.ഐ.ആർ. (സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ) പോലും സംസ്ഥാന സർക്കാർ നടപടിയാണെന്ന തരത്തിലാണ് തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് സമയത്ത് യു.ഡി.എഫ്. പ്രചരിപ്പിച്ചത്. ശബരിമല സ്വർണ്ണകൊള്ള വിഷയത്തിലും തെറ്റായ കാര്യങ്ങൾ യു.ഡി.എഫ്. പ്രചരിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതിയുടെ നേതൃത്വത്തിൽ കൃത്യമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കുറ്റവാളിയെയും സംരക്ഷിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വർണ്ണകൊള്ള കേസിലെ പ്രധാന സൂത്രധാരന്മാരെ സംരക്ഷിക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. വിശ്വാസികൾക്ക് ഏറ്റവും കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയതും അവരുടെ വിശ്വാസം സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചതും എൽ.ഡി.എഫ്. സർക്കാരാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ

കേരളം ഭരിക്കുന്നതുകൊണ്ടാണ് സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട കേസിലെ പോറ്റിമാരെ ജയിലിൽ അടക്കാൻ കഴിഞ്ഞത്. പശ്ചാത്തല വികസന മേഖലയിൽ കിഫ്ബി വഴിയുണ്ടാക്കിയ കുതിച്ചുചാട്ടം വിസ്മയകരമാണ്. ദേശീയപാത നിർമ്മാണം പൂർത്തിയാക്കുന്നതിൽ സർക്കാർ കാണിച്ച ഇച്ഛാശക്തി പ്രത്യേകം എടുത്തുപറയേണ്ടതാണ്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അവരുടെ കാലത്തുണ്ടായ വികസനനേട്ടങ്ങളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ദേശീയപാത യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ നിലവിൽ വരേണ്ടതായിരുന്നു. എന്നാൽ യു.ഡി.എഫ്. ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിന്റെ ഭാഗമായാണ് അന്ന് ദേശീയപാത നിലവിൽ വരാതിരുന്നത്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത്തിയഞ്ച് ശതമാനം തുക (അയ്യായിരത്തി എണ്ണൂറ് കോടിയോളം രൂപ) കെട്ടിവച്ചതിലൂടെയാണ് ദേശീയപാതാ നിർമ്മാണം ത്വരിതഗതിയിലാക്കാൻ സാധിച്ചത്. ഗെയിൽ പൈപ്പ് ലൈനുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടന്ന സമരങ്ങളെക്കുറിച്ച് അദ്ദേഹം ഓർക്കേണ്ടതായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് അതിനായി യാതൊരു തുടർനടപടിയും സ്വീകരിച്ചില്ല. എന്നാൽ, ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ടി പദ്ധതി യാഥാർഥ്യമാക്കുകയും നിരവധി പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. പാശ്ചാത്തല വികസന മേഖലയിൽ കിഫ്ബിമുഖേന ഉണ്ടാക്കിയ കുതിച്ചുചാട്ടം വിസ്മയാവഹമാണ്. കോഴിക്കോട് നഗരത്തിന്റെ

വികസന കുതിപ്പിന് ദേശീയപാത നിർമ്മാണം ഒരു പ്രത്യേക ഘടകം തന്നെയാണ്. നഗരപാത വികസന പദ്ധതി, വഴിയോര റോഡുകളുടെ വികസനം എന്നിവ നഗരവികസനം ത്വരിതഗതിയിലാക്കി. 133 (നൂറ്റി മുപ്പത്തിമൂന്ന്) കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ടി റോഡ് നിർമ്മാണത്തിനുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ച് ഏകദേശം ഇരുപതുവർഷങ്ങൾ പിന്നിട്ടിരുന്നുവെങ്കിലും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ സാധിച്ചിരുന്നില്ല. തുടർന്ന്, അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ പത്തുവർഷക്കാലം കൊണ്ടാണ് ടി പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ ഉദ്ഘാടനഘട്ടത്തിലെത്തിയിരിക്കുകയുമാണ്.

(അധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ആരോഗ്യ മേഖലയിൽ പ്രശംസനീയമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 550 (അഞ്ഞൂറ്റി അൻപത്) കോടി രൂപ ചെലവഴിച്ച് അവയവമാറ്റ ശസ്ത്രക്രിയയ്ക്കുവേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ സർക്കാർ ആശുപത്രി കോഴിക്കോട് ആരംഭിച്ചിരിക്കുകയാണ്. ഈ സർക്കാരിന്റെ ഇത്തരം വികസന നേട്ടങ്ങൾ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നതാണ്. കനാൽ സിറ്റി പദ്ധതി, വിദ്യാഭ്യാസ കോംപ്ലക്സ് (School Complex), ബീച്ച് സൗന്ദര്യവൽക്കരണം, സരോവരം ബയോപാർക്ക് എന്നിങ്ങനെ നഗര വികസനത്തിലേയ്ക്ക് കുതിക്കുന്ന പദ്ധതികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തീരദേശ-മലയോര ഹൈവേകളുടെ നിർമ്മാണംകൂടി

പൂർത്തിയാകുന്നതോടെ കോഴിക്കോട് നഗരം സമാനതകളിലില്ലാത്ത വികസന പദ്ധതികളുള്ള നഗരമായി മാറുകയാണ്. ഈ സർക്കാരിന്റെ പത്തുവർഷക്കാലംകൊണ്ട് ഭൂമിയില്ലാത്തവരെ ഭൂമിയുടെ അവകാശികളാക്കി മാറ്റി. ഇക്കാലയളവിൽ 410958-ഓളം പട്ടയങ്ങൾ നൽകാൻ സാധിച്ചുവെന്നത് ഈ സർക്കാരിന്റെ ചരിത്രനേട്ടമാണ്. കഴിഞ്ഞ പത്തുവർഷമായി പവർകട്ട് എന്താണെന്ന് മലയാളികൾ അറിഞ്ഞിട്ടില്ല. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. പത്തുവർഷങ്ങൾക്കു മുമ്പ് ഇവിടെ പവർകട്ടും ലോഡ് ഷെഡിങ്ങും സർവസാധാരണമായിരുന്നു. പവർകട്ടും ലോഡ് ഷെഡിങ്ങും ഇല്ലാതാക്കാനും കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റാനും ഈ സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാരിന്റെ ഇടപെടൽ കൊണ്ട് മാത്രമാണ് കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽ നിന്ന് രക്ഷപ്പെടുത്താൻ സാധിച്ചത്. മികച്ച പൊലീസ് സംവിധാനമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റി. കഴിഞ്ഞ പത്തുവർഷത്തിനിടെ വർഗീയ കലാപങ്ങളൊന്നുംതന്നെയില്ലാത്ത സംസ്ഥാനമായി നമ്മുടെ നാട് മാറിയിരിക്കുകയാണ്. എന്നാൽ, കേരളത്തിന്റെ മതേതര സ്വഭാവം തകർക്കാൻ ചിലരുടെ ബോധപൂർവമായ ശ്രമം നടക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് ലക്ഷ്യംവച്ച് വർഗീയ ശക്തികളുമായി യു.ഡി.എഫ്. സന്ധി ചെയ്യുകയാണ്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽപോലും ന്യൂനപക്ഷ-ഭൂരിപക്ഷ വർഗീയ ശക്തികളെ സഖ്യകക്ഷികളാക്കി. കോഴിക്കോട് കോർപ്പറേഷനിലും സ്റ്റാൻഡിങ് കമ്മിറ്റി തിരഞ്ഞെടുപ്പിലും ഒരു ചെയർപേഴ്സൺ സ്ഥാനം ബി.ജെ.പി.-ക്ക് ലഭിക്കാൻവേണ്ടി....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞദിവസം പറഞ്ഞ കാര്യങ്ങൾ തികച്ചും അനുചിതമായിരുന്നുവെന്നത് പൊതുവിൽ എല്ലാവരുടെയും അഭിപ്രായമായി കണേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ നാലുവർഷംകൊണ്ട് അദ്ദേഹം നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ ഒരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. അധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ വിദ്യാർഥികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനും ആക്ഷേപങ്ങൾക്കിടനൽകാതെ കൃത്യമായി കലോത്സവങ്ങൾ സംഘടിപ്പിക്കാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രദ്ധേയമായ പങ്കു വഹിച്ചു. ഇതിനുപരിയായി എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ നിരവധി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. ക്യാബിനറ്റ് റാങ്കുള്ള പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും ഒരിക്കലും പറയാൻ പാടില്ലാത്ത പരാമർശങ്ങളായിരുന്നു ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ഉണ്ടായതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ചർച്ച തുടരും)

12.00 Noon]

IX നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാപ്പിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്. സമയകൃത്യത പാലിക്കണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒന്ന്, "രണ്ട് പിഞ്ചുമക്കളുടെ അച്ഛനാണ്, ഒന്ന് തുറക്കൂ, ദയവായി രക്ഷിക്കൂ", രണ്ട്, "കൂട്ടുകാരാ ഞാൻ എലിവിഷത്തിൽപെട്ട അവസ്ഥയിലാണ്-എനിക്ക് മരണം സംഭവിച്ചാൽ നീ എന്റെ ഈ ശബ്ദം പുറത്തുവിടണം"; മൂന്ന്, "അമ്മേ, എന്റെ ഒരു കൈ എവിടെപ്പോയി, ഇവിടെ വരുമ്പോൾ എനിക്ക് രണ്ടുകൈകളും ഉണ്ടായിരുന്നല്ലോ"; മറുപടി പറയാൻ കഴിയാതെ ഒരമ്മ ഹൃദയം പൊട്ടി കരയുന്നുണ്ടായിരുന്നു. നമ്മുടെ സിസ്റ്റത്തിന്റെ ഇരകളായ മൂന്നുപേർ പറഞ്ഞ വാക്കുകളാണിത്. തിരുവനന്തപുരം വിളപ്പിൽ വില്ലേജിലെ കാവിൻപുറം വാർഡിലെ ഇസിയാൻ മൻസിലിലെ ബിസ്മീറിന് വെളുപ്പിന് ഒരു മണിക്ക് ശ്വാസതടസ്സമുണ്ടായപ്പോൾ ആരെയും കാത്തുനിന്ന് സമയം നഷ്ടപ്പെടുത്തണ്ടെന്ന് കരുതി അദ്ദേഹത്തിന്റെ ഭാര്യ സ്ലട്ടറിൽ വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചു. അവിടെ എത്തിയപ്പോൾ ആശുപത്രിയുടെ ഗ്രിൽ പൂട്ടിയിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ടി ആശുപത്രിക്ക് മൂന്ന് പൂട്ടുകളാണുള്ളത്. ഇദ്ദേഹം

ആശുപത്രിയിലെത്തിയതിനുശേഷമുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ നമ്മൾ കണ്ടതാണ്. സ്കൂട്ടറിൽനിന്നും ഇറങ്ങി നടന്നുപോകുന്ന ആൾ പെട്ടെന്ന് പിന്നിലേയ്ക്ക് കുഴഞ്ഞുവീഴാൻ പോകുകയാണ്. 'എനിക്ക് രണ്ട് പിഞ്ചുകുഞ്ഞുങ്ങളാണ്, എന്നെ രക്ഷിക്കണേ, ഒന്ന് തുറക്കണേ' എന്ന് അയാൾ കരഞ്ഞുകൊണ്ട് വിളിച്ചുകൂവുകയാണ്. ഭാര്യ പരിഭ്രാന്തിയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. ആശുപത്രി പൂട്ടിയിടുന്നത് എന്തിനാണ്? രാത്രികാലങ്ങളിൽ വനിതാ ജീവനക്കാർ ഡ്യൂട്ടിയിലുള്ളതുകൊണ്ടും നാട്ടുകാരുടെ ശല്യമുള്ളതുകൊണ്ടുമാണ് ആശുപത്രിയുടെ ഗ്രിൽ പൂട്ടിയിട്ടതെന്നാണ് അവിടത്തെ ഡോക്ടർ മാധ്യമങ്ങൾക്ക് നൽകിയ മറുപടിയിൽ പറയുന്നത്. ഒരു സെക്യൂരിറ്റിയെ നിയമിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നമല്ലേ ഇത്? പട്ടി വരുമെന്ന് കരുതി ആശുപത്രി പൂട്ടിയിടുകയാണോ ചെയ്യേണ്ടത്; പിന്നീട് ചില ആളുകൾവന്ന് അവരെ കൂട്ടികൊണ്ടുപോയി. അവിടെ നൽകിയ പ്രാഥമിക ചികിത്സയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളുടങ്ങുന്ന പരാതി മരണപ്പെട്ട ബിസ്മീറിന്റെ ഭാര്യ ജാസ്മിൻ ഡി.എം.ഒ.-ക്ക് നൽകിയിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാനത് വിശദമായി വായിക്കുന്നില്ല. പരാതിയിൽ പറയുന്ന പ്രസക്തമൊയാരു ഭാഗം ഞാൻ വായിക്കാം, " ആംബുലൻസിൽ കൊണ്ടുപോകുന്ന സമയത്ത് എന്റെ ഭർത്താവിന്റെ ചുണ്ട് കറുക്കുകയും മൂക്കിൽനിന്നും പത വരികയും അല്പസമയംകൊണ്ട് അദ്ദേഹം ബോധരഹിതനാവുകയും ചെയ്തു. അദ്ദേഹത്തിന് സി.പി.ആർ. നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തുന്നതിനുമുമ്പ് അദ്ദേഹം മരണപ്പെട്ടു.' അവിടെ എത്തിയപ്പോൾ മെഡിക്കൽ കോളേജിലെ ഡോക്ടർ ആദ്യം ഭാര്യയോട് ചോദിച്ചത് അദ്ദേഹത്തിന് സി.പി.ആർ.

നൽകിയിരുന്നോ എന്നാണ്. ഇതുസംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് നൽകിയതിനുശേഷം ലഭിച്ച ഇടവേളയിൽ ഞാൻ അദ്ദേഹത്തിന്റെ ഭാര്യയുമായി സംസാരിച്ചു. ഈനിമിഷം വരെ ആരോഗ്യ വകുപ്പിന്റെ ഒരന്വേഷണ സംവിധാനവും ആ സ്ത്രീയോട് ഒരു വാക്കുപോലും ചോദിച്ചിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട ആരോഗ്യ വനിതാ ശിശുവികസന വകുപ്പുമന്ത്രി ഇന്ന് ഇതിന് മറുപടി പറയാൻ പോവുകയാണ്. അവസാന നിമിഷംവരെ ജാസ്മിൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അവരുടെ ഒരു മൊഴിയോ വിശദീകരണമോ ഇല്ലാതെ എന്ത് റിപ്പോർട്ടാണ് ഈ സർക്കാർ തയ്യാറാക്കിയിരിക്കുന്നത്? പാലക്കാട് ജില്ലയിൽ കളിക്കുന്നതിനിടെ പരിക്കുപറ്റിയ കുട്ടിയെ ആശുപത്രിയിലെത്തിച്ചപ്പോൾ മുറിവിന് പുറത്തുവച്ച് പ്ലാസ്റ്റർ ചെയ്തു. ആ മുറിവ് പഴുക്കുകയും അസഹനീയമായ വേദനയെത്തുടർന്ന് രണ്ടാമതും ആശുപത്രിയിലെത്തിക്കുകയും പരിശോധനയൊന്നും നടത്താതെ കുഴപ്പമില്ലെന്ന് പറഞ്ഞ് വീണ്ടും വീട്ടിലേക്ക് വിടുകയും ചെയ്തു. അവസാനം മുറിവാകെ പഴുത്തളിഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയായി. നാലാം ക്ലാസിൽ പഠിക്കുന്നൊരു കുഞ്ഞിന് സംഭവിച്ച കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുചെന്നപ്പോൾ ആ കുഞ്ഞിന്റെ കൈ മുറിച്ചുമാറ്റി. "അമ്മേ ഇങ്ങോട്ട് വന്നപ്പോൾ എനിക്ക് രണ്ടു കൈകളും ഉണ്ടായിരുന്നല്ലോ; എന്റെ കൈ എവിടെ പോയി" എന്ന് ആ കുഞ്ഞ് അമ്മയോട് ചോദിക്കുകയാണ്. ആ കുഞ്ഞിനോട് എന്തുമറുപടിയാണ് പറയാനുള്ളത്; നമ്മുടെ

സിസ്റ്റത്തിന്റെ ഇരയല്ലേ ആ കുഞ്ഞ്; നിരപരാധിയായ ആ കുഞ്ഞിന് കൈ നഷ്ടപ്പെട്ടില്ലേ; ഇതുമാത്രമാണോ? ആരോഗ്യ മേഖലയിൽ ഇതുപോലുള്ള നിരവധി കേസുകളാണ് നടക്കുന്നത്. കിളിമാനൂരിൽ കഴിഞ്ഞദിവസം നടന്ന അപകടത്തിൽ പരിക്കുപറ്റി ആശുപത്രിയിലെത്തിയ ആൾ ചികിത്സാപ്പിഴവുമൂലം മരണപ്പെട്ടുവെന്ന ആക്ഷേപമാണ് കുടുംബാംഗങ്ങൾ ഉന്നയിച്ചിരിക്കുന്നത്. പമ്പ സർക്കാർ ആശുപത്രിയിൽ മുറിവിൽ കത്രിക വച്ചുകെട്ടി, പ്രസവത്തെത്തുടർന്ന് അണുബാധ ബാധിച്ച് എസ്.എ.ടി. ആശുപത്രിയിൽ യുവതി മരണപ്പെട്ടു, മാനന്തവാടി ആശുപത്രിയിൽ പ്രസവം കഴിഞ്ഞ് 75 ദിവസങ്ങൾക്കുശേഷം വയറിൽനിന്നും തുണി ലഭിച്ചതിനെത്തുടർന്ന് ഡോക്ടറോട് അന്വേഷിച്ചപ്പോൾ "നിങ്ങളുടെ മകൾ മാത്രമേ പ്രസവിക്കുകയുള്ളോ" എന്നാണ് ആ പെൺകുട്ടിയുടെ അമ്മയോട് ഡോക്ടർ ചോദിച്ചത്. അവസാനം ശുചിമുറിയിൽ വച്ച് ഈ തുണി പുറത്തുവരികയുണ്ടായി. അത്രയും ദിവസം ഈ തുണിയുമായി ആ സ്ത്രീ മരണവേദന അനുഭവിച്ചു. ജനറൽ ആശുപത്രിയിൽവച്ച് സുമയ്യ എന്ന സ്ത്രീയുടെ ശരീരത്തിൽ ഗൈഡ് വയർ കുടുങ്ങി. 'സിസ്റ്റത്തിന്റെ ഇരകൾ' എന്ന തലക്കെട്ടോടെ മനോരമ ദിനപത്രത്തിൽ എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹർഷീന, സുമയ്യ, ദേവി... ഹർഷീന ഇന്നുമുതൽ തിരുവനന്തപുരത്ത് സമരം ആരംഭിച്ചിരിക്കുകയാണ്. ശസ്ത്രക്രിയ കഴിഞ്ഞപ്പോൾ ഫ്രീയായി ഒരു കത്രികകൂടി വച്ച് തുന്നികെട്ടിയാണ് വിട്ടത്. നാലരക്കൊല്ലം ഈ കത്രികയുമായി ആ സഹോദരി ജീവിച്ചു. ഗവൺമെന്റ് അവർക്ക് നിരവധി വാഗ്ദാനങ്ങൾ നൽകിയതിനുപുറമെ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നേരിട്ട് അവരുടെ വീട്ടിലെത്തുകയും സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഇങ്ങനെ നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെടാത്തതിനാൽ ഇന്നുമുതൽ തിരുവനന്തപുരത്ത് അവർ സമരം ആരംഭിച്ചിരിക്കുകയാണ്. എം.എൽ.എ. ഹോസ്റ്റലിലെ അസംബ്ലി സ്റ്റാഫും സി.പി.ഐ.-യുടെ ലോക്കൽകമ്മിറ്റി സെക്രട്ടറിയുമായിരുന്ന അദ്ദേഹത്തിന്റെ പേര് രാജേന്ദ്രൻ നായർ എന്നാണെന്നാണ് എന്റെ ഓർമ്മ. 42 മണിക്കൂറാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിഫ്റ്റിൽ കുടുങ്ങിക്കിടന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാലിന് അദ്ദേഹത്തെ അറിയാവുന്നതാണ്. പിന്നീട് ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ച് സംസാരിച്ചു. ഒരാൾ 42 മണിക്കൂർ ലിഫ്റ്റിൽ ബോധമില്ലാതെ കിടന്നിട്ട് ആരും തിരിഞ്ഞുനോക്കിയില്ല. ഇതാണ് ഇപ്പോഴത്തെ സിസ്റ്റം. സിസ്റ്റത്തിന്റെ തകരാറാണ് ഇതൊക്കെ. മരിച്ചുപോകുമെന്ന് ഉറപ്പിച്ച അദ്ദേഹം ഭാര്യക്ക് കത്തെഴുതിയെന്നും എന്നോട് പറഞ്ഞു. കാരണം, അദ്ദേഹത്തിന്റെ മൃതശരീരം കുടുംബക്കാർക്ക് ലഭിക്കുമ്പോൾ അവസാനത്തെ ആഗ്രഹങ്ങൾ ഇതായിരുന്നുവെന്ന് രേഖപ്പെടുത്തിക്കൊണ്ട് ഭാര്യക്ക് കത്തെഴുതിവച്ചിരുന്നു. ഇങ്ങനെ എത്രയെത്ര കേസുകളാണ് ആരോഗ്യമേഖലയിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഓരോ കേസുണ്ടാകുമ്പോഴും സർക്കാർ റിപ്പോർട്ട് തേടും; റിപ്പോർട്ട് തേടലല്ലാതെ അതിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിക്കാത്തതിനാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ദുരവസ്ഥയെക്കുറിച്ച് ഡോ. ഹാരിസ് ഹസൻ നടത്തിയ വെളിപ്പെടുത്തലിൽ "ശസ്ത്രക്രിയാ ഉപകരണങ്ങളില്ലാത്തതിനാൽ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടിവരുന്നു; എനിക്കിത് ലോകത്തോട് പറയണം; എന്റെ ജോലി നഷ്ടപ്പെട്ടാലും കുഴപ്പമില്ല" എന്നാണ്

പറഞ്ഞിരിക്കുന്നത്. ശ്രീ. എം. സ്വരാജ് നിലമ്പൂർ നിയോജകമണ്ഡല തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തിന് വോട്ട് ചെയ്ത ജനങ്ങൾക്ക് അഭിവാദ്യം അർപ്പിച്ച് പോസ്റ്റിട്ട ഇടതുപക്ഷ അനുഭാവിയാണ് ഡോ. ഹാരിസ് ഹസൻ. അദ്ദേഹത്തെ ഈ സർക്കാർ വേട്ടയാടിയില്ലേ; ആ മനുഷ്യനെ മോഷ്ടാവാക്കാൻ ശ്രമിച്ചില്ലേ; ബഹു. മന്ത്രിമാരടക്കം അദ്ദേഹത്തിനെതിരെ സൈബർ ക്വട്ടേഷൻ കൊടുത്തില്ലേ; എന്നാൽ അവസാനം അദ്ദേഹം പറഞ്ഞതെല്ലാം സത്യമാണെന്ന് തെളിഞ്ഞില്ലേ? കോട്ടയം മെഡിക്കൽ കോളേജിലെ ഉപയോഗശൂന്യമായ പഴയ ശ്വാചിമുറി ഇടിഞ്ഞുവീണല്ലേ ബിന്ദു എന്ന സഹോദരി മരണപ്പെട്ടത്? ഇന്നും മെഡിക്കൽ കോളേജിൽ അപകടമുണ്ടായിരിക്കുകയല്ലേ?. ഡോ. ഹാരിസ് ഹസന്റെ വെളിപ്പെടുത്തലുകൾ ശരിയാണെന്ന് തെളിയിക്കുന്ന രൂപത്തിലല്ലേ തുടർന്നുള്ള ഓരോ സംഭവങ്ങളുണ്ടായിരിക്കുന്നത്. ശബരിമലയിലെ സ്വർണ്ണക്കൊള്ള വിഷയവുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ശ്രീ. സി. ആർ. മഹേഷിനെയും ശ്രീ. നജീബ് കാന്തപുരത്തെയും സഭാ കവാടത്തിൽ സമരത്തിനിരുത്തിയിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും ഉൾപ്പെടെ ഞങ്ങളെല്ലാവരും സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിനുപോയിരുന്നു. അവിടെ ഞങ്ങളുടെ സമരം നടക്കുന്നതിന് തൊട്ടപ്പുറത്തായി കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ മറ്റൊരു സമരം നടക്കുകയാണ്. 'സേവ് മെഡിക്കൽ എഡ്യൂക്കേഷൻ' എന്നതാണ് അവരുടെ ആവശ്യം. ആവശ്യത്തിന് മെഡിക്കൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഗവൺമെന്റ് നിലപാട് മെഡിക്കൽ കോളേജുകളെ

ദുർബലമാക്കുകയും രോഗീപരിചരണത്തെയും വിദ്യാഭ്യാസത്തെയും സാരമായി ബാധിക്കുകയും ചെയ്യുന്നു. കെ.ജി.എം.സി.ടി.എ. കോൺഗ്രസിന്റെ പോഷക സംഘടനയല്ലല്ലോ; ഇന്നലെ അവരുടെ നേതൃത്വത്തിലുള്ള സമരമാണ് നടന്നത്. എന്റെ മണ്ഡലത്തിൽ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുംകൂടി 8 നിലകളുള്ള ബഹുനില ആശുപത്രിമന്ദിരം ഉദ്ഘാടനം ചെയ്തു. കെ.ജി.എം.ഒ.എ. (കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ) ഞങ്ങളുടെ സംഘടനയാണോ? അല്ലല്ലോ. 'ബഹുനില കെട്ടിടങ്ങൾ മാത്രം പോരാ, ഡോക്ടർമാരെ നിയമിക്കണം' എന്നാണ് അവരുടെ സ്റ്റേറ്റ്മെന്റ്. കാരണം, എട്ട് നിലകളുള്ള ടി മന്ദിരത്തിന്റെ ഒരുനില മാത്രമേ നിലവിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നുള്ളൂ. എട്ട് നിലയും പ്രവർത്തിക്കാനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഇപ്പോഴും ആവശ്യപ്പെടുകയാണ്. ഉദ്ഘാടനവേദിയിൽവച്ചും ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ നിയമിച്ചെങ്കിലും ഒരാൾ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. അതിനാൽ കാഷ്വാലിറ്റി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. സെക്കൻഡ് ഫ്ലോറിലാണ് ഒ.പി. ആരംഭിച്ചിരിക്കുന്നത്. ആശുപത്രിയുടെ ബാക്കി ഫ്ലോറുകളിൽ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും ആവശ്യമാണ്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെ പൊതു അവസ്ഥയാണിത്. ഭരണകക്ഷിയംഗങ്ങൾക്ക് ഇക്കാര്യം പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവർ പറയുന്നില്ല.

അവർക്കുംകൂടി വേണ്ടി ഇവിടെ പറയുന്നുവെന്നേയുള്ളൂ. എന്റെ ജില്ലയിൽ വേണ്ട എന്നൊരു ചെറുപ്പക്കാരനായ ഓട്ടോറിക്ഷാ ഡ്രൈവർക്ക് നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് ചവറയിലെ ആശുപത്രിയിലെത്തിച്ചപ്പോൾ അവർ അദ്ദേഹത്തെ കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്തു. കൊല്ലം ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർ അദ്ദേഹത്തെ പരിശോധിച്ചശേഷം അടിയന്തരമായി ആൻജിയോഗ്രാം ചെയ്യണമെന്നും അതിനുള്ള സൗകര്യങ്ങൾ അവിടെയില്ലാത്തതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. ഈ അവസരത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജുണ്ട്. അവർ എന്തുകൊണ്ടാണ് പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് ഇദ്ദേഹത്തെ റഫർ ചെയ്യാതിരുന്നത്. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഇതിനുള്ള സൗകര്യങ്ങളില്ലെന്ന് ജില്ലാ ആശുപത്രിയിലുള്ള ഡോക്ടർമാർക്ക് ബോധ്യമുള്ളതുകൊണ്ടാണ് വേണുവിനെ അവിടേക്ക് റഫർ ചെയ്യാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തത്. എന്നാൽ അവിടെ ആംബുലൻസ് സൗകര്യമുണ്ടായിരുന്നില്ല. അടിയന്തരമായി ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റിയും നടത്തേണ്ടതിനാൽ വേണുവിനെ സ്വകാര്യ ആംബുലൻസിൽ വളരെ പെട്ടെന്നുതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച വേണുവിനെ അഞ്ച് ദിവസം ഒരു ഡോക്ടർമാരും നോക്കിയില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സ്നേഹിതനായ ശ്രീ. അൻവർ സാദത്തിന് അയച്ച വോയിസ് മെസേജിൽ പറയുന്നത് 'അഞ്ച് ദിവസമായി ഞാൻ

എലിവില്ലിൽ പെട്ടുകിടക്കുകയാണ് കൂട്ടുകാരാ' എന്നാണ്. അടിയന്തരമായി ശസ്ത്രക്രിയ നടത്തേണ്ട ഒരാളെ മൂന്ന് ദിവസം തറയിൽ കിടത്തിയതിനുശേഷമാണ് ബെഡ് അനുവദിച്ചത്. എന്നിട്ടും ആൻജിയോഗ്രാം ചെയ്തില്ല. അതുവരെ വേണുവിന് യാതൊരു ചികിത്സയും നൽകിയില്ല. അദ്ദേഹത്തിന്റെ വോയ്സ് മെസേജ് ഇന്ന് രാവിലെ ഞാൻ ഒന്നുകൂടി കേട്ടശേഷം അതിൽനിന്ന് എഴുതിയെടുത്ത കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്. "അടിയന്തര സാഹചര്യങ്ങളിൽ ഏറ്റവും വേഗതയിൽ പോകുന്ന ആംബുലൻസിൽ കയറി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്നിട്ട് എന്നോട് കാണിക്കുന്ന നിരാലംബതയും ഉദാസീനതയും എനിക്ക് മനസ്സിലാകുന്നില്ല. വാർഡ് പരിശോധനയ്ക്ക് വരുന്ന ഡോക്ടർമാരോട് എന്റെ ചികിത്സ എപ്പോൾ നടക്കുമെന്ന് ഞാൻ പല തവണ ചോദിച്ചെങ്കിലും അവർക്ക് യാതൊരു ഐഡിയയുമില്ല. എക്കോ ടെസ്റ്റിനായി ഒരു രോഗിയെ ഇവിടെ കൊണ്ടുവന്നിട്ട് അഞ്ച് ദിവസമായിട്ടും ടെസ്റ്റ് നടത്തിയിട്ടില്ല. എന്റെ അൻവർ സാദത്തെ, എന്തുപറയാൻ; ഞാൻ ഈ അടുപ്പിൽവന്ന് വീണുപോയി. ഒരു കാര്യം പറയാനാണ് അൻവർ സാദത്തിനെ വിളിച്ചത്. എന്റെ ജീവന് എന്തെങ്കിലും അപായം സംഭവിച്ചാൽ എന്റെ ഈ ജീവൻവച്ച് നിസാരമായി കാര്യങ്ങൾ നോക്കിക്കാണുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥ വെളിവാകുന്ന രീതിയിൽ ഞാൻ ഒരു വോയിസിട്ടിട്ടുണ്ട്. അഥവാ എന്റെ ജീവന് എന്തെങ്കിലും ആപത്തോ ഭീഷണിയോ സംഭവിച്ചാൽ നീ ഇത് പുറംലോകത്തെ അറിയിക്കണം" എന്ന് പറഞ്ഞ് മണിക്കൂറുകൾക്കകം വേണു മരിച്ചു. ഒരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നും വേണുവിന് എല്ലാ ചികിത്സാസംവിധാനങ്ങളും നൽകിയിരുവെന്നുമാണ് ആരോഗ്യ വകുപ്പ് അധികൃതർ അന്ന്

പറഞ്ഞത്. അസിസ്റ്റന്റ് സർജനായ ഡോ. അനുപമ, ഡോ. ജാക്വലീൻ ഗോമസ്, ഡോ. ബിനു എന്നിവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 'At the medical college, a patient brought by ambulance with STEMI (ST-segment Elevation Myocardial Infarction) was admitted in an overcrowded medical ward instead of the cardiology ICU or ward. There was a delay in starting medical treatment in the ward.' അതായത് രക്തപരിശോധനയിൽ സ്റ്റെമി കണ്ടെത്തിയ ആളെ നേരിട്ട് ഐ.സി.യു.-വിൽ പ്രവേശിപ്പിക്കേണ്ടതിനുപകരം രോഗികൾ തിങ്ങിനിറഞ്ഞൊരു വാർഡിലേയ്ക്ക് പ്രവേശിപ്പിച്ചുവെന്നാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നത്. ക്രിയാറ്റിൻ കൂടിയതുകൊണ്ടാണ് ആൻജിയോഗ്രാം ചെയ്യാതിരുന്നതെന്നാണ് ഡോക്ടർമാർ പറഞ്ഞതെങ്കിൽ ' There was no mention about renal issues preventing angiogram' അതായത്, ആൻജിയോഗ്രാം ചെയ്യുന്നതിന് renal issues ഒന്നുമുണ്ടായിരുന്നില്ലെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പക്ഷെ ആൻജിയോഗ്രാം ചെയ്തില്ല. 'Immediate thrombolysis or PCI (Percutaneous Coronary Intervention) at District Hospital Kollam could have saved his life. Unfortunately, adequate interventional cardiologist and other supporting staff are not available. Therefore the Cath Lab to be functional round the clock.' ഈ വിഷയത്തിന്റെ പ്രധാന്യം വ്യക്തമാക്കുന്നതിനുവേണ്ടി ഒരു വാചകംകൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു 'Immediate thrombolysis or PCI at district hospital Kollam could have saved his life." ആ വ്യക്തിയെ രക്ഷിക്കാമായിരുന്നു. കാത്ത് ലാബ് ഉണ്ടായിരുന്നിട്ടും ഡോക്ടറും

സ്റ്റാഫും ഇല്ലാത്തതുകൊണ്ട് ആ വ്യക്തിയെ രക്ഷിക്കാൻ സാധിച്ചില്ല. സ്റ്റെമി സംവിധാനത്തിലാണെന്ന് കണ്ടെത്തിയിട്ട് ജില്ലാ ആശുപത്രിയിൽ ആൻജിയോഗ്രാം ചെയ്തിരുന്നെങ്കിൽ അയാൾ ഇപ്പോഴും ജീവിക്കുമായിരുന്നുവെന്ന് പറഞ്ഞാൽ ആരാണ് അയാളെ കൊന്നത്; ഈ സിസ്റ്റമല്ലേ വേണുവിനെ കൊന്നത്; ആരോഗ്യ വകുപ്പല്ലേ വേണുവിനെ കൊന്നത്? ഞാൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, അതിനുശേഷം അങ്ങ് എത്ര തവണ കൊല്ലത്തുവന്നു, എത്ര തവണ ദേശീയപാതയിലൂടെ സഞ്ചരിച്ചു, ആ വേണുവിന്റെ വീട്ടിലൊന്നുപോയോ; ആരോഗ്യ വകുപ്പ് കൊന്ന അയാളുടെ കുടുംബത്തിന് ഒരു നയാപൈസ സാമ്പത്തിക സഹായം നൽകിയോ? വേണുവിന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കുടുംബത്തിന് ശ്രീ. ഷിബു ബേബി ജോൺ 6,000 രൂപ വീതം നൽകുന്നുണ്ട്. ഈ റിപ്പോർട്ട് അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് നൽകിയോ? പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന് അവർ ഒരു പരാതി നൽകി. അവർ അദാലത്തിനുപോയി, അവിടെയുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ വേണുവിന്റെ ഭാര്യ ശ്രീമതി സിന്ധുവിനോട് ചോദിച്ചത് "നിങ്ങൾ എന്തിനാണ് സർക്കാർ മെഡിക്കൽ കോളേജിൽ പോയത്, ഏതെങ്കിലും പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയി അയാളെ രക്ഷിച്ചുകൂടായിരുന്നോ" എന്നാണ്. വേണുവിന്റെ മരണത്തിന് ഉത്തരവാദി ആരാണ്? ഇതുകഴിയുമ്പോൾ സ്ഥിതിവിവര കണക്കുകളും സർക്കാരിന് ലഭിച്ച അവാർഡുകളെക്കുറിച്ചുള്ള വിശദീകരണങ്ങളുമുണ്ടാകും. ആ സ്ഥിതിവിവര കണക്കുകൾക്കും അവാർഡുകൾക്കുമപ്പുറം 'എന്റെ കൈ എവിടെപ്പോയി അമ്മേ' എന്ന ആ കുഞ്ഞിന്റെ കരച്ചിലും

നിസ്സഹായരായ വേണുവിന്റെ മക്കളുടെ കരച്ചിലും ഉയർന്നുനിൽക്കും. ഇതിനെതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ ഇനി പറയുന്നില്ല. ഈ സർക്കാരിനെതിരെ നടപടിയെടുക്കാൻ ജനങ്ങൾ തയ്യാറായി നിൽക്കുകയാണ്. ആ നടപടിയുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ചില സംഭവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അപസർപ്പക കഥകളിലെ ചേരുവകൾ ചേർത്തുവച്ച് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപ അവതാരകൻ ഇവിടെ വിശദീകരിക്കുകയുണ്ടായി. കേരളത്തിലെ ആരോഗ്യരംഗത്തെ പുരോഗതിയും നേട്ടങ്ങളും മറച്ചുവയ്ക്കാൻ ബോധപൂർവം നടത്തുന്ന നിരന്തര പരിശ്രമങ്ങളുടെ ഭാഗമായി മാത്രമേ ഈ വാദങ്ങളെയും കാണാൻ സാധിക്കുകയുള്ളൂ. ഇവിടെ പറയുന്നത് കേട്ടാൽ കേരളത്തിലും മറ്റ് സ്ഥലങ്ങളിലൊന്നുംതന്നെ നാളിതുവരെ ചികിത്സയ്ക്കിടയിൽ രോഗികളാരും മരിച്ചിട്ടില്ലെന്ന് തോന്നും. സ്വകാര്യ ആശുപത്രികളിൽ രോഗികൾ മരിച്ചിട്ടില്ല; ആവേശപൂർവം ഇതൊക്കെ പറയുമ്പോൾ യു.ഡി.എഫ്. ഭരിച്ച ഒരു കാലം കൂടി കേരളത്തിൽ ഉണ്ടായിരുന്നുവെന്ന് മറന്നുപോകരുത്. അന്ന് ആരോഗ്യരംഗത്തെ നില എന്തായിരുന്നുവെന്ന് പരിശോധിച്ച് നോക്കണം. 2015-ൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയോട് ശ്രീ. ജി. സുധാകരൻ 02-12-2015-ൽ ഒരു ചോദ്യം ചോദിച്ചു. 2015 സെപ്റ്റംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിഖിൽ എന്ന വിദ്യാർഥി മരണപ്പെട്ടത് ചികിത്സ ലഭിക്കാത്തതുകൊണ്ടാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ? ലഭിച്ചിട്ടുണ്ടെന്നാണ് അന്നത്തെ ബഹു. ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകിയിരിക്കുന്നത്. ചികിത്സ ലഭിക്കാത്തതുകൊണ്ട്

മരണപ്പെട്ട സംഭവങ്ങൾ യു.ഡി.എഫ്.-ന്റെ കാലത്തും ഉണ്ടായിട്ടുണ്ടെന്ന് നിങ്ങൾ മറന്നുപോകരുത്. വിളപ്പിൽശാല ആശുപത്രിയിലെത്തിയ കൊല്ലംകോണം സ്വദേശി ബിസ്മീർ മരിച്ച സംഭവത്തെക്കുറിച്ച് ഇവിടെ വിശദീകരിച്ചല്ലോ, യഥാർഥത്തിൽ ആശുപത്രിയിലെ സി.സി.ടി.വി. ദൃശ്യങ്ങളിലെ സമയം പരിശോധിച്ചാൽ ഇവിടെ പർവ്വതീകരിച്ച് പറയുന്ന വീഴ്ചകളൊന്നും അവിടെ സംഭവിച്ചിട്ടില്ലെന്ന് മനസ്സിലാകും. ഈ സംഭവുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ ബിസ്മീർ എന്നയാൾ 2026 ജനുവരി 17-ാം തീയതിയായിരുന്നു ആദ്യമായി ആശുപത്രിയിലെത്തുന്നത്. അന്ന് അദ്ദേഹത്തെ പരിശോധിച്ച വിളപ്പിൽശാല സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തുവെങ്കിലും അദ്ദേഹം പോയില്ല. അദ്ദേഹത്തിന്റെയോ അദ്ദേഹത്തിന്റെ കുടുംബത്തിന്റെതോ ആയ കാരണങ്ങൾകൊണ്ടാകാം അദ്ദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് പോയില്ല. പിന്നീട് 2026 ജനുവരി 19-ാം തീയതി രാത്രി ഏകദേശം ഒന്നര മണിയോടുകൂടിയാണ് വീണ്ടും വിളപ്പിൽശാല ആശുപത്രിയിൽ അദ്ദേഹത്തെ കൊണ്ടുവരുന്നത്. രണ്ട് മിനിട്ടിനുള്ളിൽ വാതിൽ തുറന്ന് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെന്നകാര്യം ദൃശ്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അവിടെനിന്ന് ഏഴ് മിനിട്ടിനുള്ളിൽ രോഗിയെ വിദഗ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ആംബുലൻസിൽ കയറ്റുകയാണ്. മനുഷ്യസാധ്യമായ കാര്യങ്ങളല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ? മിനിട്ടുകളുടെ വ്യത്യാസത്തിൽ ഡോക്ടർ രോഗിയെ പരിശോധിച്ച്

രോഗം ഗുരുതരമാണെന്ന് മനസ്സിലാക്കിതിനെത്തുടർന്ന് ഉടൻതന്നെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയാണ്. എന്നാൽ അവിടെ ആരും രോഗിയെ ശ്രദ്ധിച്ചില്ലെന്ന മട്ടിലാണ് ഇവിടെ കാര്യങ്ങൾ ചിത്രീകരിക്കുന്നത്. ഒരു രോഗി മരണപ്പെട്ടുവെന്നത് സത്യമാണ്, ഏത് മരണവും വേദനാജനകമാണ്, പ്രത്യേകിച്ച് അവരുടെ കുടുംബത്തിന്. 2026 ജനുവരി മാസം 19-ാം തീയതി നടന്ന ഒരു സംഭവത്തെ സംബന്ധിച്ച് 24-ാം തീയതി ഒരു ചാനലിൽ റിപ്പോർട്ട് വരുന്നതുവരെ ഒരു പരാതിയും എവിടെനിന്നും ഉയർന്നുവന്നില്ല. ഏത് സമയത്തും പരാതി പറയാനുള്ള അവകാശം ആ കുടുംബത്തിനുണ്ടെന്ന കാര്യം നമുക്ക് മനസ്സിലാക്കാം. ടി പരാതി ചാനലിൽ അവതരിപ്പിച്ച റിപ്പോർട്ടർ ആരെണെന്നുകൂടി ഒന്ന് പരിശോധിക്കണം. കെ.എസ്.യു.-വിന്റെ പ്രമുഖ നേതാവായിരുന്ന കുട്ടിയാണ് ഈ വിഷയം ചാനലിൽ അവതരിപ്പിച്ച റിപ്പോർട്ടർ. അതുകൊണ്ട് ഈ വാർത്ത റിപ്പോർട്ട് ചെയ്യുകൂടേ എന്ന് ചോദിച്ചാൽ, റിപ്പോർട്ട് ചെയ്യാം. പക്ഷെ മരണത്തെപ്പോലും രാഷ്ട്രീയവൽക്കരിക്കുന്ന സമീപനമാണ് ചില മാധ്യമങ്ങൾ സ്വീകരിക്കുന്നത്. ആരോഗ്യരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച് ശ്രദ്ധയാകർഷിച്ച് കേരളം മുന്നോട്ടുപോവുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയെ ടാർഗെറ്റ് ചെയ്തുകൊണ്ട് ചാനലുകളിലൂടെയും മാധ്യമങ്ങളിലൂടെയും ഇത്തരം ആക്രമണങ്ങൾ തുടങ്ങിയിട്ട് എത്ര കാലമായി; ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങളെ മറച്ചുവയ്ക്കാൻവേണ്ടി മന:പൂർവ്വം നടത്തുന്ന പ്രകടനങ്ങളല്ലേ ഇത്? കുണ്ടറ മണ്ഡലത്തിൽ 76 കോടിയോളം രൂപ ചെലവഴിച്ച് ഒരു ബഹുനില ആശുപത്രി കെട്ടിടം നിർമ്മിച്ചകാര്യം എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട

അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി. എനിക്കതിന്റെ കൃത്യമായ കണക്കൊന്നും അറിയില്ല. എട്ട് നിലകളുള്ള ആശുപത്രി കെട്ടിടമാണെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ സമ്മതിച്ചിട്ടുണ്ട്. മുമ്പ് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ ആശുപത്രികളുടെ സ്ഥിതിയെന്തായിരുന്നു? പൊട്ടിപ്പൊളിഞ്ഞ തറ, അവിടേക്ക് മനുഷ്യർക്ക് കയറാൻ കഴിയില്ല. രോഗികൾ അങ്ങോട്ടേക്ക് പോകില്ല, പോയാലും ചികിത്സയില്ല. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ കാലത്തെ ഒരുപാട് പത്രവാർത്തകൾ നമ്മുടെ മുന്നിലുണ്ട്. മെഡിക്കൽ കോളേജ് അകത്തളങ്ങളിലെ അഴിമതികളുടെ കഥയെപ്പറ്റി 2012-ൽ മലയാള മനോരമ ദിനപത്രം ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടുകളെല്ലാം ഇപ്പോഴും ഞങ്ങളുടെ കൈവശമുണ്ട്. പ്രതിപക്ഷാംഗങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ചികിത്സാപിഴവുമൊക്കെ അരങ്ങേറിയത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണെന്ന വസ്തുത മറന്നുകൊണ്ടാണ് അവർ സംസാരിക്കുന്നത്. തസ്തികകൾ നികത്താത്ത കാലഘട്ടമായിരുന്നു യു.ഡി.എഫ്. ഭരണകാലം. അന്നത്തെ മറ്റൊരു നിയമസഭാ ചോദ്യത്തെക്കുറിച്ച് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2016-ൽ അന്നത്തെ നിയമസഭാംഗമായ ശ്രീ. കെ. അജിത്ത് ഉന്നയിച്ച "സംസ്ഥാനത്ത് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?' എന്ന ചോദ്യത്തിന് "സംസ്ഥാനത്ത് ഡോക്ടർമാരുടെ 545 ഒഴിവുകളാണുള്ളത്, ഇതിൽ 280 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളുണ്ട്" എന്നായിരുന്നു അന്നത്തെ ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരം. ഏറ്റവും കൂടുതൽ തസ്തികകൾ സൃഷ്ടിച്ച്

നിയമനം നടത്തിയിട്ടുള്ളത് എൽ.ഡി.എഫ്. ഭരണകാലത്താണ്. അതുകൊണ്ടാണ് ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ഉയർന്നുനിൽക്കാൻ കഴിയുന്നത്. കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 5 ആണ്; ഇത് യു.എസ്.എ.-യിലെ ശിശുമരണ നിരക്കിനെക്കാൾ കുറവാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശിശുമരണ നിരക്ക് കൂടുതലായിരുന്ന സംസ്ഥാനമായിരുന്നു കേരളം. ഇന്ന് ഏറ്റവും കുറവ് മാതൃമരണം റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനമായി കേരളം മാറിയെന്നത് മറ്റൊരു വസ്തുതയാണ്. ആരോഗ്യരംഗത്ത് ശക്തമായ ഇടപെടലില്ലെങ്കിൽ ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമോ? കാര്യങ്ങൾ വിശദീകരിക്കുമ്പോൾ ഇത്തരം നേട്ടങ്ങൾ മറിച്ചുപിടിക്കുന്നത് എന്തിനാണ്? നിങ്ങളുടെ ആത്മവിശ്വാസം കൊള്ളാം; ജനങ്ങൾ ഇതെല്ലാം കാണുന്നുമുണ്ട്. ജനവിധിയുടെ അവസരത്തിൽ തീർച്ചയായും അവരുടെ മനസ്സിൽ ആരോഗ്യരംഗത്തെ ഈ നേട്ടങ്ങളെല്ലാം ഉണ്ടാകുമെന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവും ആത്മവിശ്വാസക്കുറവുമില്ല. അധികാരം നേടുന്നതിനുവേണ്ടി എന്തെല്ലാം കള്ളപ്രചാര വേലകൾ നടത്താനാണ് നിങ്ങൾ വെപ്രാളപ്പെടുന്നത്? ഇപ്പോൾ എം.എൽ.എ.-മാരെ സത്യാഗ്രഹം ഇരുത്തിയിരിക്കുന്നതിന് പിന്നിലെ കഥകൾപോലും അനുദിനം പുറത്ത് വന്നിരിക്കുകയാണ്. ആരൊക്കെയാണ് ഓരോ സംഭവങ്ങൾക്കും പിന്നിലെന്ന് തെളിഞ്ഞുവരികയാണ്. പോറ്റിയുടെ സുഹൃത്തുക്കൾ ആരൊക്കെയാണെന്ന കാര്യവും ഇപ്പോൾ എല്ലാവർക്കും അറിയുന്നതല്ലേ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), കാരുണ്യ ബെനവലന്റ് ഫണ്ട് (KBF), ആരോഗ്യ കിരണം എന്നീ

പദ്ധതികളിലൂടെ അഞ്ച് വർഷംകൊണ്ട് 24.78 ലക്ഷം പേർക്ക് ആകെ 8425 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിക്കഴിഞ്ഞു. 4 വർഷംകൊണ്ട് 3300 കോടിയിലധികം രൂപയുടെ സൗജന്യ മരുന്നുകളാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേന വിതരണം ചെയ്തത്. ഇതെല്ലാം ആരോഗ്യരംഗത്തുനിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭിക്കുന്നുവെന്നതിന്റെ തെളിവാണ്. ഇക്കാര്യങ്ങളെല്ലാം മറച്ചുപിടിക്കാനാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ സൃഷ്ടിക്കുന്നത്. ചികിത്സയ്ക്കിടയിലും ആശുപത്രിയിൽവച്ചും എല്ലാകാലത്തും മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രസവം കഴിഞ്ഞ ഒരു യുവതിയുടെ വയറ്റിൽനിന്നും പഞ്ഞിയും തുണിയും ലഭിച്ച കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട കുണ്ടറ അംഗത്തിനുൾപ്പെടെ വ്യക്തമായി അറിയാവുന്നതാണ്. അങ്ങനെയൊരു കാലവും നമുക്കുണ്ടായിരുന്നു. പിഴവുകൾ വന്നാൽ തീർച്ചയായും അത് കണ്ടെത്തുകയും തിരുത്തുകയും ചെയ്യണം. പക്ഷെ, അതൊക്കെ എൽ.ഡി.എഫ്. ഭരണകാലത്ത് മാത്രം നടക്കുന്ന മഹാസംഭവങ്ങളാണെന്ന രൂപത്തിൽ ചിത്രീകരിക്കരുത്. അന്ന് ആരോഗ്യ മേഖല അഴിമതിയുടെ കൂത്തരങ്ങായിരുന്നുവെന്ന കാര്യം മറന്നുപോകരുത്.

മി.സ്പീക്കർ: അങ്ങയുടെ സമയം കഴിയാറായി. യെസ്.. യെസ്..

ശ്രീ. ഡി. കെ. മുരളി: സർ, ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാമതെത്തിയത് ആരോഗ്യരംഗത്തെ മികവ് ഒന്നുകൊണ്ടുമാത്രമാണ്. ഇന്നത്തെ

സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം യാതൊരു അടിസ്ഥാനവുമില്ലാതെ ഉന്നയിച്ചതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഞാൻ സഭയിൽ എത്തിയ സമയം മുതൽ ടോൾ ക്ലെയിംസാണ് കേട്ടുകൊണ്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളിലും കേരളം നമ്പർ വൺ ആണ്, പ്രത്യേകിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എത്രയോ തവണ ഈ സഭയിൽ പറഞ്ഞിരിക്കുന്നു. അതായത്, ആരോഗ്യ രംഗത്ത് കേരളം അമേരിക്കയെയും കടത്തിവെട്ടി നിൽക്കുകയാണെന്നാണ് പറയുന്നത്. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച ശ്രീ. ഡി. കെ. മുരളി കേരളത്തിലെ മാതൃ-ശിശുമരണ നിരക്കുകൾ കുറവാണെന്നും ആയുർദൈർഘ്യം വർധിച്ചുവെന്നുമൊന്നൊക്കെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് ഞാൻ ഒരു ഡോക്യുമെന്റ് നൽകാം. 1913-ൽ ബ്രിട്ടീഷുകാർ എഴുതിയ ഡോക്യുമെന്റാണത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ളത് തിരുവിതാംകൂറിലാണെന്നാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. ശരിക്കും 1913 കാലഘട്ടത്തിലെ കാര്യങ്ങളെക്കുറിച്ചാണ് ഇപ്പോഴും ഈ സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. കൂടാതെ കേരളത്തിലെ മാതൃമരണ നിരക്ക് കുറഞ്ഞുവരികയാണെന്നും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ കുറേ നാളുകളായി സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. സർക്കാർ ഇന്ന് ടേബിൾ ചെയ്ത ഇക്കണോമിക് റിവ്യൂയിലെ അധ്യായം 1, 15-ാം പേജിലെ രണ്ട് വരി വായിക്കാം. 'ഗർഭധാരണംമൂലമോ ഗർഭം അലസൽമൂലമോ 1,00,000 ജീവനുള്ള ജനങ്ങളിൽ എത്ര

മാതൃമരണങ്ങൾ സംഭവിക്കുന്നുവെന്നതാണ് മാതൃമരണനിരക്ക് (MMR). സ്ത്രീകൾക്കിടിയിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ പ്രതിനിധീകരിക്കാൻ MMR ഉപയോഗിക്കുന്നു. കേരളത്തിലെ എം.എം.ആർ. നിരക്ക് 2010-ൽ 30 ആയിരുന്നത് 2021-ൽ 19 ആയും 2022-ൽ 22 ആയും 2023-ൽ 25 ആയും രേഖപ്പെടുത്തിയിട്ടുണ്ട്'. It is your document. It is your statistics. ഇന്നത്തെ ദിവസം മേശപ്പുറത്ത് വച്ച ഡോക്യുമെന്റാണിത്. മാതൃമരണനിരക്ക് കഴിഞ്ഞ ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുകയാണ്. ഇന്നേദിവസം വരെ താങ്കൾ ഇക്കാര്യം സഭയിൽ സൂചിപ്പിച്ചിട്ടുണ്ടോ? ഇത് ഫാക്ടല്ലെന്ന് പറഞ്ഞ് നിഷേധിക്കാൻ കഴിയുമെങ്കിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നിഷേധിക്കട്ടെ. What's happening around? ദയവായി ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരത്തിലുള്ള ക്ലെയിംസ് അവസാനിപ്പിക്കണം. ജനങ്ങളെ സേവിക്കുന്നതിൽ സർക്കാരിന് എന്തെങ്കിലും തെറ്റുകുറ്റങ്ങളോ വീഴ്ചകളോ പാളിച്ചകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഏറ്റെടുത്ത് പറയാൻ തയ്യാറാകണം. അതാണ് ആദ്യം ചെയ്യേണ്ടത്. ഒരു ആരോഗ്യ സംവിധാനത്തിൽ ഏറ്റവും ക്രിട്ടിക്കലായ കാര്യമെന്താണ്? ക്രിട്ടിക്കൽ കെയർ യൂണിറ്റുകളാണ്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലല്ലാതെ ഒരു ജില്ലാ ആശുപത്രിയിലോ താലൂക്ക് ആശുപത്രിയിലോ 24 മണിക്കൂറും ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. വേണമെങ്കിൽ വാദത്തിനുവേണ്ടി നിങ്ങൾക്ക് അതുണ്ടെന്ന് വെറുതെ പറയാം. ഈ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ആവശ്യമാണ്. ആരോഗ്യവകുപ്പിന്റെ സ്റ്റേങ്ത്ത് എന്താണ്; ആറായിരത്തിചില്വാനം ഡോക്ടർമാർ ആരോഗ്യ വകുപ്പിൽ

സേവനമനുഷ്ഠിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ അറിവനുസരിച്ച് കഴിഞ്ഞ ആഴ്ചവരെ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ എണ്ണം വെറും 20 ആണ്. ഇക്കഴിഞ്ഞ ആഴ്ച 30 പേരെക്കൂടി അധികമായി പോസ്റ്റ് ചെയ്തിട്ടുണ്ട്. ഫലത്തിൽ 50 സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരാണ് ആകെ നിലവിലുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കുറ്റം പറയുന്നതല്ല, കാരണം ചികിത്സ ചെയ്യുന്നത് മന്ത്രിയല്ല. ഡോക്ടർമാരാണ്. പിഴവുണ്ടെങ്കിൽ അത് ഡോക്ടർമാരുടെ ഭാഗത്ത് നിന്നുണ്ടായതാണ് എന്നീ കാര്യങ്ങൾ പറഞ്ഞ് വേണമെങ്കിൽ നിങ്ങൾക്ക് ന്യായീകരിക്കാൻ ശ്രമിക്കാം. ശ്രീ. ഡി. കെ. മുരളി ഇവിടെ സംസാരിച്ചപ്പോൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തൊക്കെയോ കാര്യങ്ങൾ സംഭവിച്ചുവെന്ന് പറയുകയുണ്ടായി. എന്നാൽ, കഴിഞ്ഞ ദിവസം ദേവി എന്നൊരു സ്ത്രീയെ പ്രസവത്തിനായി മാനന്തവാടി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അവർക്ക് നോർമൽ ഡെലിവറി നടക്കുകയും ചെയ്തു. എന്നാൽ പ്രസവശേഷം അവർക്ക് തീവ്രമായ വയറുവേദനയും ശരീരത്തിൽനിന്നും ദുർഗന്ധവും ഉണ്ടായതിനെത്തുടർന്ന് ആശുപത്രിയിലെത്തിയപ്പോൾ യാതൊരു കുഴപ്പവുമില്ല, നന്നായി വെള്ളം കുടിക്കണമെന്നുപറഞ്ഞ് തിരിച്ചയയ്ക്കുകയുണ്ടായി. 75 ദിവസം കഴിഞ്ഞപ്പോൾ ദുർഗന്ധം വമിക്കുന്ന തുണി അവരുടെ ശരീരത്തിൽനിന്ന് പുറത്തേക്ക് വന്നു. ഭരണപക്ഷാംഗങ്ങൾ പ്രസംഗിക്കുന്ന അവസരത്തിൽ യു.ഡി.എഫ്.-ന്റെ കാലത്ത് അതായിരുന്നു ഇതായിരുന്നുവെന്നൊക്കെ പറഞ്ഞിട്ട് കാര്യമുണ്ടോ? ഇക്കഴിഞ്ഞ ഡിസംബർ 26-ാം തീയതിയുണ്ടായ സംഭവത്തെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതിനെക്കുറിച്ചൊക്കെ നിങ്ങൾ അന്വേഷിക്കണം. വെറുതേ ഓരോ ആക്ഷേപങ്ങൾ

പറയുകയാണെന്ന് കരുതരുത്. ചികിത്സയും പിഴവുമെല്ലാം ഡോക്ടർമാരുടേതാണ്; സമ്മതിച്ചു. എല്ലാ എം.എൽ.എ.-മാർക്കും വേണ്ടി ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ബഹു. മന്ത്രിയുടെ കാര്യക്ഷമമായ ഇടപെടലിലൂടെ ആരോഗ്യവകുപ്പ് നല്ലരീതിയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ് എന്നാണ് പറയുന്നത്. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 2021-22-ൽ എല്ലാ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാലുകോടി രൂപ വീതം സർക്കാർ പിടിച്ചില്ലേ? അന്ന് നിങ്ങളെന്തൊക്കെയാണ് പറഞ്ഞത്? അന്നും ഇതുപോലുള്ള ടോൾ ക്ലെയിമുകളാണ് നടന്നത്. ശ്രീ. ലിന്റോ ജോസഫ് സഭയിൽ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. അതായത്, '2021-22 സാമ്പത്തിക വർഷം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി രൂപ പിടിച്ചതിൽനിന്നും ആരോഗ്യവകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കാമോ?' എന്ന ചോദ്യത്തിന് 'സർക്കാർ ഉത്തരവുപ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 140 നിയോജകമണ്ഡലങ്ങളിലും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കായി കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ സംയുക്തമായി വിനിയോഗിച്ചുകൊണ്ട് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്' എന്നാണ് ബഹു. മന്ത്രി മറുപടി നൽകിയിരിക്കുന്നത്. കേരളത്തിൽ ഇപ്പോൾ എത്ര ഐസൊലേഷൻ വാർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന ചോദ്യത്തിനുകൂടി ദയവായി അങ്ങ് ഇന്ന് മറുപടി പറയണം. എന്തായാലും ഫണ്ടില്ലാത്തതുകൊണ്ടല്ലല്ലോ? 140 എം.എൽ.എ.-മാരുടെയും ആസ്തി വികസന

ഫണ്ടിൽനിന്നും 4 കോടി രൂപ വീതം ലഭിച്ചതല്ലേ; So How many isolation wards are working in the State now? അക്കാര്യത്തിലാണ് മന്ത്രിയുടെ എഫിഷ്യൻസിയെപ്പറ്റി പറയേണ്ടത്. സമയമില്ലാത്തതുകാരണം എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ആരോഗ്യരംഗത്ത് ചികിത്സ മാത്രം മതിയാകില്ല; രോഗം വരാതെ പ്രതിരോധിക്കുക എന്നതാണ് ഏറ്റവും പ്രധാനം. പകർച്ചവ്യാധികളുടെ കാര്യത്തിൽ കേരളം ഇന്ന് ഏറ്റവും മുൻപന്തിയിലാണ്. ഇത് ആശങ്കാജനകമാണ്. കണക്കുകളെ സംബന്ധിച്ച് പറയുമ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. 2015-ലെ കണക്കുപ്രകാരം ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം 29 ആയിരുന്നുവെങ്കിൽ 2026-ൽ അത് 56 ആയി വർധിച്ചിട്ടുണ്ട്. തീർച്ചയായും എണ്ണം മെച്ചപ്പെടുകയാണെന്ന് പറയാം. അതുപോലെതന്നെ ലെപ്റ്റോസ്പൈറോസിസ് (എലിപ്പനി) ബാധിച്ച് മരിച്ചവരുടെ എണ്ണം 2015-ൽ 43 ആയിരുന്നെങ്കിൽ 2026-ൽ അത് 223 ആയി വർധിച്ചിട്ടുണ്ട്. ഇതെല്ലാം ഔദ്യോഗിക കണക്കുകളാണ്. യു.ഡി.എഫ്. ഭരണകാലത്ത് എത്രപേർ മരണപ്പെട്ടുവെന്ന വിവരം അറിയാൻ ശ്രീ. ഡി. കെ. മുരളി താൽപര്യം പ്രകടിപ്പിച്ചതിനാലാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. 2015-ൽ ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് കേരളത്തിൽ പത്ത് പേർ മരണപ്പെട്ടിരുന്നുവെങ്കിൽ 2026 ആയപ്പോൾ 69 പേർ മരണപ്പെട്ടിട്ടുണ്ട്. ചികിത്സാ സംവിധാനങ്ങളും സൗകര്യങ്ങളും വർധിച്ചുവെന്ന് അവകാശപ്പെടുന്ന ഈ കാലഘട്ടത്തിലാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. 2026 ആരംഭിച്ചിട്ട് 26 ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഈ 26 ദിവസങ്ങൾക്കുള്ളിൽ ഡെങ്കിപ്പനി

ബാധിച്ച് നാലുപേരും എലിപ്പനി ബാധിച്ച് രണ്ടുപേരും ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് നാലുപേരും പേവിഷബാധയേറ്റ് രണ്ടുപേരും മരണപ്പെട്ടിട്ടുണ്ട്. കൂടാതെ, 26 ദിവസത്തിനുള്ളിൽ അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ആറുപേരാണ് മരണപ്പെട്ടിരിക്കുന്നത്. ഈയൊരവസ്ഥയിലാണ് കേരളം എത്തിനിൽക്കുന്നത്. ഇതൊക്കെ സർക്കാരിനെ കുറ്റം പറയാൻ വേണ്ടി പറയുന്നതല്ല. ഒരുകാലത്ത് കേരളത്തിന് അഭിമാനമായിരുന്ന ആരോഗ്യമേഖല. എന്നാൽ, എനിക്കുണ്ടായൊരു അനുഭവത്തെപ്പറ്റി ഞാനിവിടെ സൂചിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പ്രായമുള്ളൊരു ചേട്ടൻ എന്നെ വിളിച്ച് വളരെ വയലന്റായി സംസാരിച്ചു. 'സർ അഴിമതിക്കെതിരെ വലിയ പോരാട്ടം നടത്തുന്ന ആളാണല്ലോ; സാറിന് ഇത് ചോദ്യം ചെയ്യാൻ ധൈര്യമുണ്ടെങ്കിൽ ഇവിടെ വരെ വരൂ' എന്നാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അദ്ദേഹം നാല് വർഷം മുമ്പ് ചികിത്സാ കാർഡ് ഉപയോഗിച്ച് ചികിത്സ നടത്തിയിരുന്നുവെന്നും എന്നാൽ ഇപ്പോൾ ആ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയപ്പോൾ കാർഡ് നൽകിയിട്ടും പണം അടയ്ക്കാൻ ആവശ്യപ്പെടുകയാണെന്നും ഈ വിഷയം ഞാൻ ബന്ധപ്പെട്ടവരോട് ചോദ്യം ചെയ്യണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. കാരുണ്യ ആരോഗ്യ സുരക്ഷാ (KASP) പദ്ധതിയിൽ സർക്കാർവിഹിതം അടയ്ക്കാത്തതിനാൽ ആയിരക്കണക്കിന് ആശുപത്രികൾ ടി പദ്ധതിയിൽനിന്നും പിൻവാങ്ങിയിരിക്കുകയാണ്. അതിന്റെ ഫലമായി കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിത്സാ സൗകര്യം ഇല്ലാതായി. അതിനുകാരണം ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭരണ പരാജയമാണ്. അത് നിങ്ങൾ അംഗീകരിച്ചില്ലെങ്കിലും ദയവുചെയ്ത്

അട്ടഹാസവും അഹങ്കാരവും അവസാനിപ്പിക്കണം. ആരോഗ്യ വകുപ്പിൽ അഹങ്കാരവും ആക്ഷേപവും മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ. ഏത് വിഷയം സംസാരിച്ചാലും എന്ത് പറഞ്ഞാലും ആരെയും ആക്ഷേപിക്കാൻ യാതൊരു കൂസലുമില്ല. ചെയ്യുവച്ചിട്ടുള്ളതും നടന്നിട്ടുള്ളതുമായ കാര്യങ്ങൾ എണ്ണിയെണ്ണി പറഞ്ഞാൽ നിങ്ങൾക്ക് ജനങ്ങളുടെ മുമ്പിലിറങ്ങാൻ കഴിയാത്ത സ്ഥിതി വരും. എന്നാൽ മര്യാദയുള്ളതുകൊണ്ടാണ് ഞങ്ങൾ അത്തരം കാര്യങ്ങൾ പറയാതിരിക്കുന്നത്. ഇല്ലാത്ത കാര്യങ്ങളൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല, ഉള്ള കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ദയവുചെയ്ത് തിരുത്താൻ കഴിയുന്ന കാര്യങ്ങൾ തിരുത്തി മുന്നോട്ടുപോകുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു ഉപക്ഷേപം ഞങ്ങൾ കൊണ്ടുവന്നത്. സാധിക്കുമെങ്കിൽ ഇക്കാര്യങ്ങൾ ഉൾക്കൊണ്ട് മാറ്റാൻ കഴിയുന്ന കാര്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി മാറ്റുക, അല്ലെങ്കിൽ ജനങ്ങൾ നിങ്ങളുടെ വിധി എഴുതട്ടെ.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിലെ ചികിത്സാ സംവിധാനം ഏറെ മെച്ചപ്പെട്ടതാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എനിക്കുമുമ്പ് സംസാരിച്ച ഡോ. മാത്യു കുഴൽനാടൻ സംസ്ഥാനത്തെ ആരോഗ്യമേഖല ആകെ തകർന്നുതരിപ്പണമായെന്ന രീതിയിൽ കാര്യങ്ങൾ അവതരിപ്പിച്ചത് കേരളീയ സമൂഹത്തിന് ഭ്രഷണമാണോ; വസ്തുതയും യാഥാർഥ്യവുമായി ഏതെങ്കിലും തരത്തിൽ യോജിക്കുന്നതാണോ; ആരെ സഹായിക്കാൻ വേണ്ടിയാണ് ഇവർ ഇങ്ങനെ പറയുന്നത്? കണക്കുകൾ പരിശോധിക്കുമ്പോൾ മുൻകാലങ്ങളിൽ സർക്കാർ ആശുപത്രികളിൽ പതിനഞ്ച് ശതമാനം രോഗികളാണ്

എത്തിയിരുന്നതെങ്കിൽ ഇന്ന് ജനസംഖ്യയുടെ അമ്പത് ശതമാനത്തിലേറെ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന എന്നതല്ലേ യാഥാർഥ്യം. സാമ്പത്തിക ഭദ്രതയുള്ളവർപോലും നാട്ടിലെ പാവങ്ങൾക്ക് ആശ്രയമായ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രികളിലും സർക്കാർ ആശുപത്രികളിലുമാണ് എത്തുന്നതെന്ന കാര്യവും നാം മറക്കരുത്. ആശുപത്രി സംവിധാനങ്ങൾ ഏറെ മെച്ചപ്പെട്ടതിന്റെ ഭാഗമായാണ് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഷിബുവെന്ന നാൽപ്പത്തിരണ്ടു വയസ്സുകാരന്റെ ഹൃദയം ശ്രീ. എസ്. ശ്രീജിത്ത് എന്ന ഐ.പി.എസ്. ഓഫീസറുടെ നേതൃത്വത്തിൽ എറണാകുളത്തെത്തിച്ച് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. ആ രീതിയിലേയ്ക്ക് സംസ്ഥാനത്തെ ആശുപത്രി സംവിധാനങ്ങൾ മാറുമ്പോൾ അതിനെ താഴ്ത്തിക്കെട്ടുകയെന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നാണ് ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ എനിക്ക് തോന്നുന്നത്. ഏതുമരണവും ദുഃഖകരമാണ്, എവിടെയെങ്കിലും പിഴവുകളുണ്ടെങ്കിൽ തിരുത്തേണ്ടതും ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്. സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സംവിധാനങ്ങളെക്കുറിച്ച് ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. ജനറൽ ആശുപത്രികളിൽ ആരംഭിച്ചിട്ടുള്ള കാത്ത് ലാബുകൾ എത്ര പാവപ്പെട്ട രോഗികൾക്കാണ് ഉപകാരപ്പെടുന്നത്. വികസിത ചൈന ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കൊപ്പം കേരളവുമെത്തിയെന്നതാണ് ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഡോക്ടർ-രോഗി അനുപാതം ലോകാരോഗ്യ സംഘടന പറയുന്നതിനെക്കാൾ ഉയർന്ന

രീതിയിൽ നിലനിർത്താൻ കഴിയുന്നുണ്ടെന്നതാണ് യാഥാർഥ്യം. മാറാരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ലോകരാഷ്ട്രങ്ങളിൽ ജനലക്ഷങ്ങളുടെ ജീവൻ കവർന്നെടുത്തപ്പോൾ കേരളത്തിൽ അതിനെ എങ്ങനെയാണ് നേരിടുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതല്ലേ? ലോകമാകെ വിറങ്ങലിച്ചുനിന്നപ്പോൾ കോവിഡ് എന്ന മഹാമാരിയിൽനിന്നും കേരളത്തെ സംരക്ഷിക്കാൻ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും പൊതുസമൂഹവുമുൾപ്പെടെ എടുത്ത സമീപനം നമ്മെ എത്രമാത്രം ആവേശം കൊള്ളിച്ചതാണ്. ആരും പുറത്തിറങ്ങാത്ത കാലത്ത്, കേന്ദ്ര ഗവൺമെന്റ് പ്ലേറ്റിൽ തട്ടി ശബ്ദമുണ്ടാക്കാൻ പറഞ്ഞ സാഹചര്യത്തിലാണ് ഇങ്ങനെയൊരു നിലവാരത്തിലേയ്ക്ക് കേരളത്തെ മാറ്റിയെടുക്കാൻ ആരോഗ്യമേഖലയ്ക്ക് കഴിഞ്ഞത്. രോഗം ഒരു കുറ്റമല്ലെന്നും അതൊരു ദുഃഖകരമായ അവസ്ഥയാണെന്നും മനസ്സിലാക്കി ആയിരക്കണക്കിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമാണ് അന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സജ്ജരായത്. മലയാളിക്ക് മറക്കാൻ കഴിയാത്ത ഇത്തരം അനുഭവ പാഠങ്ങളുള്ളപ്പോഴാണ് മൂക്ക് മുറിച്ചും ശകുനം മുടക്കുന്ന പ്രതിപക്ഷം, ചില ഒറ്റപ്പെട്ട സംഭവങ്ങൾ പർവതീകരിച്ച് രക്ഷനേടാൻ ശ്രമിക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലും ആശുപത്രികളുടെ, പ്രത്യേകിച്ച് ആരോഗ്യ സംവിധാനങ്ങളുടെ പൊതുസ്ഥിതി എന്താണ്? ആംബുലൻസിന് പണം നൽകാനില്ലാത്തതിനാൽ ഭാര്യയുടെ മൃതശരീരം പായയിൽ പൊതിഞ്ഞ് തോളിൽ വച്ച്, കരയുന്ന കുഞ്ഞിനെയും പിടിച്ച് ക്ഷീണിച്ച് കിതച്ച് ഗ്രാമത്തിലൂടെ നടന്നുപോകുന്ന

ദാനാമാഞ്ചിമാരുടെ ഇന്ത്യയിലാണ് ഈ കേരളം മികച്ച് നിൽക്കുന്നതെന്ന കാര്യം മറക്കരുത്. പാവപ്പെട്ടവർക്ക് ആശുപത്രിയിൽ കീറപായപോലും ലഭ്യമല്ലാത്ത അന്യസംസ്ഥാനങ്ങളിലെ ആരോഗ്യരംഗത്തെ ചൂണ്ടിക്കാണിക്കുന്നതിനുപകരം, ജനങ്ങൾക്ക് ജാതി-മത-വർഗ്ഗ-ലിംഗ ഭേദമില്ലാതെ ഏറ്റവും ഉയർന്ന ചികിത്സാ സംവിധാനങ്ങൾ നൽകി ആരോഗ്യമേഖലയെ വാനോളം കെട്ടിപ്പടുത്ത കേരളത്തിന് തുടക്കം മുതൽ തന്നെ കൈമുതലായുള്ള കേരള മോഡൽ എന്ന ഭരണസംവിധാനം മലയാളിക്കെന്നും അഭിമാനിക്കാവുന്നതാണ്. അടുത്ത പത്തുവർഷത്തിനകം കേരളത്തിൽ ജീവിതദൈർഘ്യം ശരാശരി എൺപതു വയസ്സിലേയ്ക്ക് കടക്കാൻ പോകുകയാണ്. ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണെന്ന് പറയുന്നതിൽ എന്താണ് ഒരു അഭിമാനക്ഷതം? ഗർഭിണികളുടെ മരണനിരക്ക് കുറയുന്നുവെന്ന് പറയുമ്പോൾ അത് ഇവിടെയല്ലെന്ന് പറയാൻ എന്താണിത്ര വ്യഗ്രത? ഇക്കാര്യങ്ങളിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മികവുകളുടെ പട്ടിക വായിച്ച് അന്ധാളിച്ചുപോയ പ്രതിപക്ഷം ഇപ്പോൾ വല്ലാത്തൊരു മാനസികാവസ്ഥയിലാണ് നിൽക്കുന്നതെന്ന് ഇതിലൂടെ മനസ്സിലാക്കാൻ കഴിയും. അതിനെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അതിന്റെ പ്രതികരണമായിട്ടാണ് ഇത്തരത്തിലുള്ള റൂൾ 50 നോട്ടീസ് കടന്നുവരുന്നതെന്നും കാണാൻ കഴിയും. ആരോഗ്യരംഗത്ത് മികവാർന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ഉന്നത നിലവാരം പുലർത്തുന്നുവെന്ന് എല്ലാവർക്കും ബോധ്യമുള്ളതാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ

ആശുപത്രികൾ പൂട്ടിയിട്ട അനുഭവങ്ങളുണ്ടായി, മെഡിക്കൽ കോളേജുകൾ വെറും ബോർഡുകൾ മാത്രമായിരുന്ന അവസ്ഥയിൽനിന്നാണ് കേരളത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ വിജയിച്ചു മുന്നോട്ടുപോകുന്നത്. ഓരോ പഞ്ചായത്തുകളിലെയും കാര്യങ്ങൾ പ്രത്യേകമായി എടുത്തു പരിശോധിച്ചാൽ നിലവിലെ ആശുപത്രി സംവിധാനങ്ങൾ എത്രമാത്രം മെച്ചപ്പെട്ടുവെന്ന് മനസ്സിലാക്കാം. സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ ലോകത്തിനുതന്നെ മാതൃകയായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പകർച്ച വ്യാധികളെ ഫലപ്രദമായി തടയുന്ന നിലയിലേയ്ക്ക് മാറാനുള്ള സംവിധാനങ്ങളും അതിനനുസൃതമായി മാറ്റങ്ങളും വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, നേരത്തെ വേണുവിന്റെ മരണത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. വേണു ചവറ മണ്ഡലത്തിലെ പന്മന പഞ്ചായത്തിലെ പന്മനമന വാർഡിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് ഞാൻ ഫേസ്ബുക്കിൽ ഒരു കുറിപ്പിട്ടിരുന്നു. വേണുവിന്റെ മരണത്തിൽ അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും പരിശോധിക്കേണ്ടതും കുറ്റക്കാരെ സമൂഹത്തിനുമുന്നിൽ കൊണ്ടുവരേണ്ടതും മാതൃകാപരമായി ശിക്ഷിക്കേണ്ടതുമാണെന്നാണ് ഞാൻ ഫേസ്ബുക്ക് പോസ്റ്റിൽ വിശദമാക്കിയത്. അതോടൊപ്പം മെഡിക്കൽ കോളേജ് അധികൃതർ എന്താണ് പറഞ്ഞിരിക്കുന്നതെന്നും ഞാൻ അതിൽ വ്യക്തമാക്കിയിരുന്നു. അത് ഗവൺമെന്റിന്റെയോ വകുപ്പിന്റെയോ എന്റെയോ അഭിപ്രായമായിട്ടല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മെഡിക്കൽ

കോളേജ് അധികൃതർ ഇന്ന കാരണങ്ങൾകൊണ്ടാണ് ആൻജിയോഗ്രാം ചെയ്യാതിരുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. വേണു അഞ്ച് ദിവസത്തോളം മെഡിക്കൽ കോളേജിൽ അഡ്മിറ്റായിരുന്നു. ഈ അഞ്ച് ദിവസത്തിൽ ഓരോ ദിവസവും ഏതാണ്ട് 16 മുതൽ 30 വരെ ആൻജിയോഗ്രാം, ഇലക്ട്രീവ് ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് വേണുവിനെ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചെയ്തില്ല എന്നതാണ് സമൂഹത്തിന് മുന്നിലുള്ള ചോദ്യം? അതല്ലെങ്കിൽ എമർജൻസിയായി ജില്ലാ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ എന്തുകൊണ്ട് അവിടെ ത്രോബോലൈസിസ് ചെയ്തില്ല; അവിടെ അതിനുള്ള സാഹചര്യം ഉണ്ടായിരുന്നോ ഇല്ലായിരുന്നോ; ഇതല്ലേ ചോദ്യം? ഗവൺമെന്റിന്റെ മുമ്പിൽ വന്ന അന്വേഷണ റിപ്പോർട്ടിൽ ഇതൊന്നും വ്യക്തമല്ല, അവ്യക്തമായിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റ് വീണ്ടും അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുടെ ഓഫീസുമായും ബന്ധപ്പെട്ട സൂപ്രണ്ടുമായും ഡി.എം.ഇ.-യുമായും ഞാൻ നിരവധി തവണ സംസാരിച്ചിട്ടുണ്ട്. മരണപ്പെട്ട വേണുവിന്റെ കുടുംബത്തിന് നീതി ലഭിക്കണം; അവർക്കാവശ്യമായ സഹായം നൽകാൻ സർക്കാർ തയ്യാറാവുകയും വേണം. ഇതെല്ലാം പൊതുസമൂഹത്തിന് ആവശ്യമാണ്. ഈ സംഭവത്തെ ഒരു വ്യക്തിക്കെതിരെയോ ഒരു എം.എൽ.എ.-ക്കെതിരെയോ ഒരു സർക്കാരിനെതിരെയോ തിരിച്ചുവിടാൻ നടത്തുന്ന ശ്രമങ്ങൾ വേണുവിന്റെ കുടുംബത്തിന് ലഭിക്കേണ്ട നീതി വൈകിപ്പിക്കുമെന്ന് മാത്രമല്ല അതിന്റെ ഫോക്കസും നഷ്ടപ്പെടുത്തുമെന്നാണ് സൂചിപ്പിക്കാനുള്ളത്. വേണുവിന്റെ

കുടുംബത്തിനുണ്ടായ നഷ്ടം എന്ത് നൽകിയാലും പരിഹരിക്കാൻ സാധിക്കുന്നതല്ലെന്നാണ് എനിക്ക് ആവർത്തിച്ച് ഈ സഭയോട് പറയാനുള്ളത്. നിരന്തരം ഓരോ ആവശ്യങ്ങൾക്കും എന്നെ വിളിച്ചിരുന്ന വേണുവിനെ നേരിട്ട് കണ്ടിട്ടില്ലെങ്കിലും ഫോണിലൂടെ സംസാരിച്ച പരിചയമുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ, അങ്ങയ്ക്ക് അനുവദിച്ച സമയമാണ് നഷ്ടപ്പെടുന്നത്.

ശ്രീ. ഇ. കെ. വിജയൻ: അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന് വഴങ്ങിയതെന്ന് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയാണ്. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത് അനുസരിക്കാം. ആരോഗ്യ മേഖലയിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് പരിഹരിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്. ബഹു. എം.എൽ.എ.-മാർ ഉൾപ്പെടെ എല്ലാവരും അത് ശ്രദ്ധിക്കേണ്ടതാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഇക്കാര്യങ്ങൾ ഉന്നയിച്ച് കേരളത്തിലെ ആരോഗ്യ മേഖലയെ തകർക്കുന്ന നിലപാട് സ്വീകരിക്കുന്ന സമീപനത്തോട് യോജിക്കുന്നില്ല. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഇക്കാര്യത്തിൽ വേണ്ടിയിരുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ ബിസ്മീർ എന്ന യുവാവ് ചികിത്സ ലഭിക്കാതെ മരണപ്പെടാനിടയായ സാഹചര്യം ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇത് കേരളത്തിൽ ഒറ്റപ്പെട്ട സംഭവമല്ല. ഈയടുത്ത കാലത്ത് തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ പ്രസവത്തെത്തുടർന്ന് അണുബാധയേറ്റ് ഒരു യുവതി മരണപ്പെടുകയുണ്ടായി. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് ചെയ്യുന്നതിനിടെയാണ് അണുബാധയേറ്റ് രണ്ടുപേർ മരണപ്പെട്ടത്. ഡോ. സുജിത് വിജയൻപിള്ളയുടെ മണ്ഡലത്തിലെ പന്മന സ്വദേശിയായ ഓട്ടോ ഡ്രൈവർ വേണുവാണ് ചികിത്സ ലഭിക്കാതെ മരണപ്പെട്ട മറ്റൊരു വ്യക്തി. ഇങ്ങനെ ചികിത്സ ലഭിക്കാതെയും ചികിത്സാ പിഴവുമൂലവും മരണപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി സംസ്ഥാനത്ത് വർധിച്ചുവരികയാണ്. അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരു വർഷത്തിനിടെ 62 പേരാണ് മരണപ്പെട്ടത്. അതിനെതിരെ യാതൊരു പ്രതിരോധ നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് സർജറിക്കുശേഷം ഗൈഡ്വയർ രോഗിയുടെ നെഞ്ചിനുള്ളിൽ നിക്ഷേപിച്ചു. വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവ ചികിത്സയ്ക്കെത്തിയ യുവതിയുടെ ശരീരത്തിൽ രണ്ടര മാസത്തിനുശേഷമാണ് തുണികഷണം കണ്ടെത്തിയത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജറിക്കുശേഷം കത്രിക വയറ്റിൽ കുടുങ്ങിയ സംഭവം എല്ലാവരെയും ഞെട്ടിച്ചതാണ്. 12 സെന്റീമീറ്റർ നീളവും 6 സെന്റീമീറ്റർ വീതിയുമുള്ള കത്രിക മൂന്ന് സിസേറിയനുശേഷം അഞ്ചുവർഷം കഴിഞ്ഞ് ഒരു മേജർ ഓപ്പറേഷനിലൂടെയാണ് പുറത്തെടുത്തത്. എന്തൊരു ഭയാനകമായ അവസ്ഥയാണ്. ആ സഹോദരി എത്രമാത്രം വേദന

സഹിച്ചുണ്ടാവും. അഞ്ച് വർഷക്കാലം ഒരു കത്രിക വയറ്റിൽ സൂക്ഷിച്ച് ഇത്രയധികം വേദന സഹിച്ചിട്ട് ഒരു നയാപൈസയുടെ നഷ്ടപരിഹാരം ഗവൺമെന്റ് നൽകിയില്ല. ഇന്ന് ഇവർക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബഹു. വകുപ്പുമന്ത്രിയുടെ വസതിക്കുമുന്നിൽ സമരം നടത്തുകയാണ്. കാൽമുട്ടിന് സർജറിക്ക് പോയാൽ മൂക്കിനാണ് സർജറി ചെയ്യുന്നത്. ഇടതുകാലിന് സർജറിക്ക് പോയാൽ വലത് കാലിനാണ് സർജറി ചെയ്യുന്നത്. ഇതൊക്കെ നിത്യസംഭവങ്ങളാണ്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്ക് പോയ നാലാം ക്ലാസ് വിദ്യാർഥിനിയുടെ വലത് കൈയാണ് നഷ്ടപ്പെട്ടത്. ഇതൊക്കെ കേരളത്തിൽ നിത്യസംഭവങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സംഭവങ്ങളുടെ നീണ്ടപട്ടികയുണ്ടെങ്കിലും അതൊന്നും വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവയുടെ പട്ടിക പരിശോധിക്കണമെങ്കിൽ ബഹു. വകുപ്പുമന്ത്രി റിപ്പോർട്ട് തേടിയ സംഭവങ്ങൾ എത്രയുണ്ടെന്ന് പരിശോധിച്ചാൽ മതിയാകും. ഓരോ സംഭവങ്ങൾ നടക്കുമ്പോഴും റിപ്പോർട്ട് തേടിയെന്ന് പറയാറുണ്ടെങ്കിലും നാളിതുവരെ ഒരു റിപ്പോർട്ടുപോലും വെളിച്ചം കണ്ടിട്ടില്ല. ഒരു സംഭവമുണ്ടായാൽ റിപ്പോർട്ട് തേടാമെന്ന് പറയുന്നത് സ്വാഭാവികമാണ്. എന്നാൽ ഏതൊക്കെ സംഭവത്തിന്മേൽ റിപ്പോർട്ട് തേടി; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് ചോദിച്ചാൽ യാതൊന്നും ഉണ്ടായിട്ടില്ല. ബഹു. മന്ത്രി റിപ്പോർട്ട് തേടിയശേഷവും ഇത്തരം സംഭവങ്ങൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ശസ്ത്രക്രിയ കഴിഞ്ഞാൽ അതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഒന്നും പുറത്തുവയ്ക്കരുതെന്ന നിർദേശം

കൂടി ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോയെന്നാണ് എന്റെ സംശയം. കാരണം, എല്ലാ ഉപകരണങ്ങളും കത്രിക, ഗൈഡ് വയർ, തുണികഷണം തുടങ്ങിയവയെല്ലാം രോഗിയുടെ ശരീരത്തിനുള്ളിലാണ് വയ്ക്കുന്നത്. ഇങ്ങനെയൊരു നിർദേശം ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോയെന്ന സംശയമാണ് എനിക്കുള്ളത്. മാത്രമല്ല, ഇക്കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണോയെന്ന കാര്യംകൂടി പരിശോധിക്കണം. എല്ലാത്തിലും 'നമ്പർ വൺ കേരളം' എന്ന് പറയുമ്പോഴും ദിവസേന ഇത്തരത്തിലുള്ള സംഭവങ്ങളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. സമയക്കുറവുകൊണ്ട് മറ്റ് വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രശ്നങ്ങളെപ്പറ്റി ശ്രീ. യു. എ. ലത്തീഫ് നിരന്തരം സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അവിടെ നാളിതുവരെ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ? മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം വേണമെന്ന വർഷങ്ങളായുള്ള മുറവിളിയെത്തുടർന്ന് രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിച്ചെങ്കിലും പോസ്റ്റ്മോർട്ടം നടത്താൻ ചുമതലപ്പെട്ട ഡോക്ടറെ സ്ഥലം മാറ്റിയിരിക്കുകയാണ്. സ്ഥലംമാറ്റപ്പെട്ട ഡോക്ടർക്ക് പകരമായി ഡോക്ടറെ നിയമിച്ചില്ലെന്ന് മാത്രമല്ല, തുടർന്ന് രാത്രികാല പോസ്റ്റ്മോർട്ടം ഇല്ലാതാവുകയും ചെയ്തു. അവിടെ മോർച്ചറി സൗകര്യം ഒരുക്കുന്നതിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപയാണ് അദ്ദേഹം നൽകിയത്. സ്വന്തം ഫണ്ടിൽനിന്ന് പണം നൽകി അവിടെ ആധുനിക സൗകര്യമുള്ള മോർച്ചറി നിർമ്മിച്ചു. എന്നിട്ടും രാത്രികാല പോസ്റ്റ്മോർട്ടം നിർത്തിവച്ചു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥയെപ്പറ്റി ശ്രീ. എൻ. എ.

നെല്ലിക്കുന്ന് സ്ഥിരമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 2013-ൽ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിടുകയും ആശുപത്രി കെട്ടിടം നിർമ്മിക്കുകയും ചെയ്തത്. എന്നാൽ അതിനുശേഷം അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ഒരു നയാ പൈസപോലും കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി അനുവദിച്ചില്ല. അതിനായി കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എത്രതവണ സബ്മിഷൻ അവതരിപ്പിച്ചുവെന്ന് അറിയില്ല. കാസർഗോഡ് മെഡിക്കൽ കോളേജിനോട് കടുത്ത അവഗണനയാണ് സർക്കാർ കാണിക്കുന്നത്. ആരോഗ്യ രംഗത്ത് അവശ്യം വേണ്ടത് എന്താണ്? മതിയായ ഡോക്ടർമാരും ജീവനക്കാരുമാണ്. അടുത്ത കാലത്തായി പൊതുജനാരോഗ്യ സേവനങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം രൂക്ഷമായ സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ 23-12-2025-ലെ സർക്കാർ ഉത്തരവ് നമ്പർ 436/2025 എച്ച്.&എഫ്.ഡബ്ല്യു.ഡി. പ്രകാരം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ വിവിധ വിഭാഗം ഡോക്ടർമാരുടെ 202 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണം ഏറ്റവും പരിമിതവും എന്നാൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതുമായ മലപ്പുറം ജില്ലയിൽ നാല് തസ്തിക മാത്രമാണ് അനുവദിച്ചത്. 202 തസ്തിക പുതിയതായി അനുവദിച്ചപ്പോൾ നാല് തസ്തികകളാണ് മഞ്ചേരി മെഡിക്കൽ കോളേജിനായി അനുവദിച്ചത്. എന്ത് അവഗണനയാണ് മലപ്പുറം ജില്ലയിലെ ജനങ്ങളോട് സർക്കാർ കാണിക്കുന്നത്; മലപ്പുറം

ജില്ലയിലെ ജനങ്ങൾ നികുതി നൽകുന്നവരല്ലേ? ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും 16 അംഗങ്ങളെ ഈ സഭയിലേക്ക് തിരഞ്ഞെടുത്തതുമായ ജില്ലയാണ് മലപ്പുറം. അവരുടെ പേര് നോക്കിയിട്ടാണോ ഈ വിവേചനം കാണിച്ചതെന്ന് എനിക്കറിയില്ല. ഏതായാലും ഈ നടപടി തിരുത്താൻ സർക്കാർ തയ്യാറാകണം. മലപ്പുറം ജില്ലയിലേക്കാവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പാണക്കാട് അബ്ബാസലി ശിഹാബ് തങ്ങളും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദും നേതൃത്വം നൽകുന്ന ജില്ലാ മുസ്ലീം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഡി.എം. ഓഫീസിലേക്ക് മാർച്ച് നടത്തി. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പേര് ഇഷ്ടപ്പെടാത്തതുകൊണ്ടാണോ എന്നറിയില്ല, ഏതായാലും അതിന്മേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മുസ്ലീം യൂത്ത് ലീഗിന്റെ മലപ്പുറം നിയോജക മണ്ഡലം കമ്മിറ്റിയും ഈ ആവശ്യമുന്നയിച്ച് ഉപരോധ സമരമുൾപ്പെടെ സംഘടിപ്പിക്കുകയുണ്ടായി. മലപ്പുറം ജില്ലയോട് ആരോഗ്യ വകുപ്പ് കാണിക്കുന്ന അവഗണനയ്ക്കെതിരെ അവിടെ വലിയ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മലപ്പുറം ജില്ലാ ആസ്ഥാനത്തുള്ള താലൂക്ക് ആശുപത്രിയുടെ അവസ്ഥ എന്താണെന്ന് പലതവണ നേരിൽ സന്ദർശിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോധ്യപ്പെട്ടതാണ്. ശോചനീയാവസ്ഥയിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് PMJVK (Pradhan Mantri Jan Vikas Karyakram) പദ്ധതിയിൽ 9 കോടി 72 ലക്ഷം രൂപ അനുവദിച്ചു. ടി പദ്ധതിയിലൂടെ

അനുവദിച്ച പണം ഉപയോഗപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം ചേർന്നില്ലെന്ന കാരണമാണ് അതിന് സാങ്കേതിക തടസ്സമായി പറയുന്നത്. എസ്.എൽ.ഇ.സി. മീറ്റിങ്ങ് വിളിച്ചുചേർക്കേണ്ടത് ചീഫ് സെക്രട്ടറിയാണ്. അദ്ദേഹം അധ്യക്ഷനായുള്ള എസ്.എൽ.ഇ.സി. മീറ്റിംങ്ങ് വിളിച്ചുചേർത്ത് 9 കോടി 72 ലക്ഷം രൂപയുടെ കെട്ടിടം മലപ്പുറം ആശുപത്രിക്കായി നിർമ്മിക്കണമെന്ന നിർദേശം നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നും ഇക്കാര്യം മന്ത്രിക്ക് നേരിട്ട് ബോധ്യപ്പെട്ടതാണെന്നുംകൂടി ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. മിക്കവാറും എല്ലാ പി.എച്ച്.സി.-കളുടെയും സി.എച്ച്.സി.-കളുടെയും സ്ഥിതിവിശേഷം ഇതാണ്. യഥാർഥത്തിൽ ആരോഗ്യരംഗത്ത് വലിയ പരാജയമാണ് നമ്മുടെ സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യത്തിന് മരുന്നില്ല, പാരാമെഡിക്കൽ സ്റ്റാഫില്ല തുടങ്ങിയ നിരവധി പ്രശ്നങ്ങൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. സമയക്കുറവുകാരണം ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം; ഡോക്ടർമാരുടെ അടിയന്തരമായ ആവശ്യങ്ങൾ, അവരുടെ സേവന വേതന വ്യവസ്ഥകൾ അതത് ഘട്ടങ്ങളിൽ കാലോചിതമായി പരിഷ്കരിക്കണം. അവർ സമരമുഖത്തേക്ക് നീങ്ങുകയാണ്. ഡോക്ടർമാർ സമരരംഗത്തേക്ക് ഇറങ്ങിയാൽ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട രോഗികളാണെന്ന കാര്യംകൂടി നമ്മൾ ഓർക്കണം. ഡോക്ടർമാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന നിസ്സഹകരണ സമരത്തിൽനിന്നും മാറി അടുത്തമാസം മുതൽ

പൂർണമായ സമരത്തിലേക്ക് നീങ്ങുകയാണ്. അങ്ങനെയൊരു സമരം തുടങ്ങുന്നതിനുമുമ്പ് അവർ ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, Washington Irving-ന്റെ പ്രശസ്തമായ ചെറുകഥയിൽ നീണ്ട ഇരുപത് വർഷം ഉറങ്ങിപ്പോകുന്ന ഒരു കഥാപാത്രമുണ്ട് Rip Van Winkle. ഇവിടെ ഒൻപതേമുക്കാൽ വർഷമായി ഉറങ്ങുകയോ ഉറക്കം നടിക്കുകയോ ചെയ്യുന്ന Rip Van Winkle-മാർ സ്വന്തം നാട്ടിലേക്ക് ഒന്ന് കണ്ണുതുറന്നുനോക്കിയാൽ മതി, ഇന്ത്യയിൽ ആരോഗ്യരംഗത്ത് അഭിമാനത്തോടെ തലയുയർത്തി ഒന്നാമത് നിൽക്കുന്ന നാടിന്റെ പേര് കേരളമെന്നാണെന്ന് അഭിമാനത്തോടെതന്നെ പറയാൻ കഴിയും. ആധുനിക കേരളം രൂപപ്പെട്ടതിനുശേഷം ആരോഗ്യ രംഗത്തുണ്ടായ മാറ്റങ്ങളിൽ കേരളമൊന്നാകെ അതിനെ കെട്ടിപ്പടുക്കാൻ നിന്നിട്ടുണ്ട്. പക്ഷേ താരതമ്യങ്ങൾ പറയുമ്പോൾ അതിൽ പൊള്ളയിട്ട് കാര്യമില്ല. യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായ നേട്ടങ്ങളെയും എൽ.ഡി.എഫ്.-ന്റെ കാലത്തെ നേട്ടങ്ങളെയും ചുരുങ്ങിയ കണക്കുകളിലൂടെ പരിശോധിക്കാം. ആരോഗ്യ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അടിസ്ഥാനസൗകര്യ വികസനമാണ്. യു.ഡി.എഫ്. ചെലവാക്കിയില്ല എന്നല്ല, യു.ഡി.എഫ്.-ന്റെ കാലത്ത് 20,011 കോടി രൂപ ചെലവാക്കിയെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് ചെലവാക്കിയ തുക 51,250 കോടി രൂപയാണെന്നത് ആർക്കെങ്കിലും കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? യു.ഡി.എഫ്.-ന്റെ കാലത്ത് ജില്ലാ ആശുപത്രികളിലെ കാത്ത് ലാബുകൾ ഇല്ലായിരുന്നുവെങ്കിൽ എൽ.ഡി.എഫ്.

അധികാരത്തിൽ വന്നപ്പോൾ ജില്ലാ ആശുപത്രികളിൽ 13 കാത്ത് ലാബുകൾ ആരംഭിച്ചു. മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച കാത്ത് ലാബുകളുടെ എണ്ണം 13 ആണ്. വൃക്കരോഗികളുടെ എണ്ണം വർധിക്കുന്ന നാടാണ് കേരളം. യു.ഡി.എഫ്.-ന്റെ കാലത്ത് ഡയാലിസിസ് സൗകര്യമുള്ള ആശുപത്രികളുടെ എണ്ണം പൂജ്യമായിരുന്നുവെങ്കിൽ ഇന്ന് കേരളത്തിൽ ഡയാലിസിസ് സൗകര്യമുള്ള സർക്കാർ ആശുപത്രികളുടെ എണ്ണം 108 ആണ്. സംസ്ഥാനത്ത് നിലവിൽ 885 കുടുംബാരോഗ്യ കേന്ദ്രങ്ങളും 5196 ജനകീയാരോഗ്യ കേന്ദ്രങ്ങളുമാണുള്ളത്. നാൽപതും അൻപതും ലക്ഷം രൂപ ചെലവാക്കേണ്ടിവരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അമ്മയ്ക്കും അച്ഛനും വേണ്ടി പണം വേണമെന്ന് പറഞ്ഞ് പാട്ട് പാടുകയും കൈ നീട്ടുകയും ചെയ്യുന്ന ബാല്യകൗമാരങ്ങളെ നാമോരോരുത്തരും വഴിയോരത്ത് കാണാറുണ്ട്. അവരുടെ മഹാസങ്കടങ്ങൾ ദിനന്തോറും കാണുന്നവരാണ് നമ്മൾ. എന്നാൽ, ചരിത്രത്തിലാദ്യമായി 2022 ഫെബ്രുവരിയിൽ 40 ലക്ഷത്തോളം രൂപ ചെലവുവരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ കോളേജിന്റെ പേര് കോട്ടയം മെഡിക്കൽ കോളേജാണെന്നും ആ നാടിന്റെ പേര് കേരളമാണെന്നും അഭിമാനത്തോടെ പറയാൻ സാധിക്കും. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലയേറ്റെടുത്തത് കോവിഡ് രണ്ടാം തരംഗത്തിന്റെ ഘട്ടത്തിലാണ്. കോവിഡ് പകർച്ചവ്യാധി വ്യാപനത്തെ പിടിച്ചുനിർത്താൻ കഴിഞ്ഞില്ലേ. ലോകമൊട്ടാകെ നിപ ഔട്ട് ബ്രേക്കിന്റെ മരണനിരക്ക് എഴുപത് മുതൽ തൊണ്ണൂറ് ശതമാനത്തിനിടയിലാണെങ്കിൽ കേരളത്തിൽ അത് മുപ്പത്തിമൂന്ന് ശതമാനമാക്കി പിടിച്ചുനിർത്താൻ കഴിഞ്ഞു. അമീബിക്

മസ്തിഷ്ക ജ്വരം ബാധിച്ചാൽ മരണനിരക്ക് 99 ശതമാനമാണ്, ലോകത്താദ്യമായി അമീബിക് മസ്തിഷ്ക ജ്വരവും ആസ്പെർഗില്ലസ് ഫ്ലാവസും (Aspergillus Flavus) ഒരുമിച്ച് ബാധിച്ച പതിനേഴ് വയസ്സുകാരനെ മരണത്തിൽനിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന നാടിന്റെ പേരും കേരളമെന്നാണ്. റാന്നി നിയോജക മണ്ഡലത്തിലെ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നാടിന്റെ ചരിത്രത്തിലാദ്യമായി ശബരിമല തീർത്ഥാടകർക്കായി 8.5 കോടി രൂപ ചെലവഴിച്ച് നിലയ്ക്കലിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കാൻ തീരുമാനിച്ച ആരോഗ്യ വകുപ്പുമന്ത്രിയുടെ പേര് ശ്രീമതി വീണാ ജോർജ്ജെന്നും അങ്ങനെയൊരു തീരുമാനമെടുത്ത സർക്കാരിന്റെ പേര് എൽ.ഡി.എഫ്. സർക്കാർ എന്നുമാണ്. പെരുനാട്ടിൽ കിടത്തി ചികിത്സ, എഴുമറ്റൂരിൽ പുതിയ ആശുപത്രി, വെച്ചൂച്ചിറയിൽ 4 കോടി രൂപയുടെ ആശുപത്രി, പത്തനംതിട്ട ഉൾപ്പടെ കോന്നിയിൽ മെഡിക്കൽ കോളേജ് എന്നിങ്ങനെ വലിയ മാറ്റമാണ് കേരളത്തിലുണ്ടായത്. അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ ബിസ്മീർ എന്നയാൾ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് വീഴ്ച/പാളിച്ചകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ്

അടിയന്തരമായി മുന്നോട്ടുവരണമെന്ന് ആദ്യമായി ആവശ്യപ്പെടുകയാണ്. ഒരു കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ബിസ്മീർ; അദ്ദേഹത്തിന്റെ ഭാര്യയും രണ്ടുകുഞ്ഞുങ്ങളും നിരാലംബരായിരിക്കുകയാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നു; റിപ്പോർട്ടുകളൊന്നും വരുന്നില്ല, തുടർന്ന് എല്ലാവരും നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണപരിപാടികളിലേക്ക് കടക്കുന്നു; ആ കുടുംബം വഴിയാധാരമാകുന്നു. ഇതാണ് സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് അടിയന്തര പരിഗണന നൽകി ആ കുടുംബത്തെ സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണം. അവർക്ക് കൊടുക്കാൻ കഴിയുന്ന സഹായധനം നൽകി ആ കുടുംബത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഇതുപോലെയുള്ള സംഭവങ്ങൾ നിരന്തരം ആവർത്തിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഏറ്റവും അവസാനത്തെ വീഴ്ചയും ചൂണ്ടിക്കാണിക്കുമ്പോൾ കേരളം ഒന്നാംസ്ഥാനത്താണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ഭരണമുന്നണിയോട് ഞാൻ വിനയപൂരസരം ഒരുകാര്യം പറയുകയാണ്; അതായത്, സമീപകാലത്തുണ്ടായ മാധ്യമ വിലയിരുത്തലുകൾ പരിശോധിച്ചാൽ കേരളത്തിന്റെ ആരോഗ്യമേഖല തകർച്ചയിലേക്ക് പോകുന്നുവെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഗവൺമെന്റ് അത് ഗൗരവമായി കാണണമെന്ന് ഞങ്ങൾ അഭ്യർഥിക്കുകയാണ്. ഡോ. കെ. എ. കമ്മാപ്പയുടെ 'കേരളത്തിലെ ആരോഗ്യരംഗം അപകട മുനമ്പിൽ' എന്ന ശ്രദ്ധേയമായ

ലേഖനം സമീപകാലത്ത് വരികയുണ്ടായി. തകർന്ന് തറപറ്റിയ സിസ്റ്റം- മെഡിക്കൽ കോളേജുകളിൽ കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് അതിൽ പറയുകയുണ്ടായി. കോട്ടയം മെഡിക്കൽ കോളേജിൽ ഇപ്പോൾ കൊടുക്കാനുള്ള 154 കോടി രൂപ കൊടുക്കാത്തതുകൊണ്ട് സർജറിയുൾപ്പെടെയുള്ള ചികിത്സ മുടങ്ങിക്കൊണ്ടിരിക്കുന്നുവെന്ന റിപ്പോർട്ടാണ് സമീപ ദിവസങ്ങളിൽ വന്നിരിക്കുന്നത്. സർജറി മുടങ്ങുന്നുവെന്ന് മാത്രമല്ല, സർജറിക്കാവശ്യമായ എല്ലാ സാധനങ്ങളും പുറത്തുനിന്നും വാങ്ങിക്കൊണ്ടുവരേണ്ട ഗതികേട് കോട്ടയം മെഡിക്കൽ കോളേജിൽപ്പോലും ഉണ്ടായിരിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട റൈറ്റ്അപ്പ് സമീപ ദിവസങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും കണ്ടതാണ്. ആരോഗ്യ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുടെ നിലവാരത്തിലേയ്ക്ക് മെഡിക്കൽ കോളേജ് ആശുപത്രികൾ മാറിയെന്നുപറയുന്ന ഈ കാലഘട്ടത്തിൽപോലും മരുന്നില്ലാത്ത അവസ്ഥയും ശസ്ത്രക്രിയ ചെയ്യാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടുകളും പാവപ്പെട്ട മനുഷ്യർ അനുഭവിക്കേണ്ടിവരികയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ആത്മാർഥമായ ഒരു പരിശോധനയ്ക്ക്, വിലയിരുത്തലിന് തയ്യാറാകണമെന്നുകൂടി അഭ്യർഥിക്കുകയാണ്. രണ്ടുദിവസംമുമ്പ് എന്റെ മണ്ഡലത്തിലെ മരങ്ങാട്ടുപിള്ളി ഹോസ്പിറ്റലിൽ പോകാനിടയായി. പ്രസ്തുത ആശുപത്രിയെ ഫാമിലി ഹെൽത്ത് സെന്ററാക്കി അപ്ഗ്രേഡ് ചെയ്ത് മുറികളൊക്കെ സജ്ജമാക്കിയെങ്കിലും

രാവിലെ ഡ്യൂട്ടിക്കെത്തുന്ന ഡോക്ടർ ഉച്ചയ്ക്ക് വീട്ടിൽ പോകുന്ന അവസ്ഥയാണുള്ളത്. രാവിലെ ഒരു ഇൻജക്ഷൻ എടുത്ത രോഗിക്ക് വൈകുന്നേരം വീണ്ടുമൊരു ഇൻജക്ഷൻകൂടി എടുക്കണമെങ്കിൽ മറ്റേതെങ്കിലും ഗവൺമന്റ് ആശുപത്രിയിലേയ്ക്കോ സ്വകാര്യ ആശുപത്രിയിലേയ്ക്കോ പോകേണ്ട അവസ്ഥയാണ്. ആരോഗ്യ രംഗത്ത് കേരളം പിടിച്ചുനിന്നതിന്റെ പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രാഥമിക ചികിത്സ യഥാസമയം നൽകിയിരുന്നുവെന്നതാണ്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റപ്പെട്ട സാഹചര്യത്തിൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കൃത്യസമയത്ത് ക്യത്യമായ ചികിത്സ ലഭിക്കുന്നില്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന പാവപ്പെട്ട രോഗികൾ അനാഥമായി തിരിച്ചുപോകേണ്ടിവരികയോ അല്ലെങ്കിൽ മറ്റാശുപത്രികളെ അഭയം പ്രാപിക്കുകയോ ചെയ്യേണ്ടിവരുന്നു. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിലെ കുറവിലങ്ങാട് താലൂക്ക് ആശുപത്രി സന്ദർശിച്ചിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ ആദ്യത്തെ ബജറ്റിൽ കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്കായി ഒരു പ്രോജക്ട് കിഫ്ബിയിലുൾപ്പെടുത്തിയിരുന്നു. കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത് ഹൗസിങ് ബോർഡിനെയായിരുന്നു. ഒൻപതര വർഷം കഴിഞ്ഞിട്ടും അതിന്മേൽ യാതൊരു തീരുമാനമുണ്ടായിട്ടില്ല. ഇങ്ങനെയൊരു ഗതികേടിൽ നമ്മുടെ നാട് എത്തിച്ചേർന്നിരിക്കുന്നുവെന്ന് പറയുമ്പോൾ യഥാസമയം ചികിത്സ കിട്ടാത്തതിന്റെ പേരിലും

ചികിത്സയിൽ വീഴ്ചകൾ സംഭവിക്കുന്നതിന്റെ പേരിലും നിരന്തരമുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമായി കാണേണ്ടതാണ്. കേരളം രൂപംകൊണ്ട കാലം മുതൽ വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്കുവേണ്ടിയാണ് സെക്ടറൽ അലോട്ട്മെന്റായി ബജറ്റിൽ കൂടുതൽ തുക അനുവദിക്കാറുള്ളത്. മാത്രമല്ല, കാലാകാലങ്ങളിൽ മാറിവരുന്ന ഗവൺമെന്റുകൾ മുഖ്യപരിഗണന കൊടുത്ത് ആരോഗ്യ മേഖലയെ സംരക്ഷിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ആരോഗ്യമേഖല ഇത്രയധികം പരാജയത്തിലേക്ക് നീങ്ങാനുണ്ടായ സാഹചര്യത്തിൽനിന്നും കരകയറാനും ജനങ്ങളെ രക്ഷിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിന്റെ പൊതുജനാരോഗ്യരംഗം ലോകത്തിനുതന്നെ മാതൃകയായി നിൽക്കുന്ന അവസരത്തിലാണ് ഇങ്ങനെയൊരു വിഷയം നാമിവിടെ ചർച്ച ചെയ്യുന്നത്. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ പറ്റൂ എന്ന പഴഞ്ചൊല്ല് യാഥാർഥ്യമാക്കുന്ന രീതിയിലുള്ള ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും ചികിത്സാ സംവിധാനങ്ങളും നൽകുന്നൊരു സംസ്ഥാനമായി കേരളം ഇന്ന് മാറിയിട്ടുണ്ട്. കോവിഡും നിപയും പോലുള്ള കടുത്ത ആരോഗ്യ പ്രതിസന്ധിയെ കൈകാര്യം ചെയ്തതെങ്ങനെയാണെന്ന് പഠിക്കാൻ മറ്റ് രാജ്യങ്ങളിൽനിന്നും പ്രതിനിധികൾ കേരളത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ അനന്തസാധ്യതകളെ കൃത്യവും ആസൂത്രിതവുമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ലോക ശ്രദ്ധയാകർഷിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കോവിഡ് വ്യാപനം രൂക്ഷമായപ്പോൾ, 50 വയസ്സ് കഴിഞ്ഞവർക്ക് ആശുപത്രികളിൽ 'നോ അഡ്മിഷൻ' പറയുന്ന സാഹചര്യമുണ്ടായപ്പോൾ കേരളത്തിന്റെ സ്ഥിതി അങ്ങനെയായിരുന്നില്ല. 90 വയസ്സുള്ള വൃദ്ധജനങ്ങൾക്കുപോലും ചികിത്സ നൽകി അസുഖം ഭേദഗമായി തിരികെ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ അവരെ ചികിത്സിച്ച ആരോഗ്യപ്രവർത്തകരെയടക്കം ആദരിച്ച സംസ്ഥാനമായിരുന്നു കേരളം. അതിന്റെ തുടർച്ചയാണ് ഇന്നും കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ആരോഗ്യ പ്രവർത്തകരുടെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സർവ്വോപരി ജനങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായാണ് കോവിഡ് മഹാമാരിയെ കേരളത്തിൽനിന്നും തുരത്താൻ കഴിഞ്ഞത്. ബി.ജെ.പി.-യും കോൺഗ്രസുമൊക്കെ ഭരിച്ച പല സംസ്ഥാനങ്ങളിലെയും സ്ഥിതി എന്തായിരുന്നുവെന്ന് നമ്മൾ അനുഭവിച്ചറിഞ്ഞതാണ്. യു.പി.യിൽ 150-ലധികംവരുന്ന നവജാതശിശുക്കൾ ഓക്സിജൻ ലഭിക്കാതെ മരണപ്പെട്ടപ്പോൾ കോൺഗ്രസ്സിന്റെ അഭിപ്രായം എന്തായിരുന്നു; ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ കോൺഗ്രസ് തയ്യാറാകുന്നുണ്ടോ? കോവിഡ് പ്രതിരോധ കാലഘട്ടം മാത്രം പരിശോധിച്ചാൽ അറിയാം. ചാണകം ദേഹത്തു തേയ്ക്കാനും ടെറസ്സിനുമുകളിൽ പോയി പാത്രം കൊട്ടുമ്പോൾ ആ ശബ്ദം കേട്ട് രോഗാണു പറന്നുപോകുന്നത് ടോർച്ച് വെളിച്ചത്തിൽ കാണാമെന്നും പറഞ്ഞത് നാം കേട്ടതല്ലേ. കേരളത്തിൽ ഓരോ വ്യക്തിക്കും ഇഷ്ടപ്പെട്ട ബ്രാഞ്ചസ് ഓഫ് മെഡിസിൻ തിരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്. ഹോമിയോയും അലോപ്പതിയും സിദ്ധയുമുൾപ്പെടെ

നിരവധി ചികിത്സാ മാർഗ്ഗങ്ങളുണ്ട്. ഇവയിൽ ഏത് മാർഗ്ഗം സ്വീകരിക്കുന്നവർക്കും ആവശ്യമായ പ്രത്യേക സംവിധാനം ഏറ്റവും താഴേത്തട്ടിൽ വരെ സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ മികച്ച ചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങളും പശ്ചാത്തലസൗകര്യങ്ങളും കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഒരുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കുടുംബം, കുടുംബ ഡോക്ടർ എന്ന് കേൾക്കുമ്പോൾ വൈകാരികമായൊരു അവസ്ഥയാണ് നമുക്ക് അനുഭവപ്പെടുന്നത്. ആ കൺസെപ്റ്റിന്റെ അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. സർക്കാർ കുടുംബാരോഗ്യ കേന്ദ്രങ്ങൾആരംഭിച്ചത്. യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം വട്ടപ്പൂജ്യമായിരുന്നുവെങ്കിൽ എൽ.ഡി.എഫ്-ന്റെ കാലത്ത് അത് 888 ആണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ജനകീയാരോഗ്യ കേന്ദ്രങ്ങൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല. എന്നാൽ എൽ.ഡി.എഫ് ഭരണകാലത്ത് 5416 ആരോഗ്യകേന്ദ്രങ്ങളാണ് ആരംഭിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് 160 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളുണ്ടായിരുന്നുവെങ്കിൽ ഇന്നത് 380 ആയി വർധിച്ചു. ആധുനികതയിലേക്ക് നാം നീങ്ങുന്ന ഈ കാലഘട്ടത്തിൽ എല്ലാ സൗകര്യങ്ങളും ഇ-സംവിധാനത്തിലേക്ക് മാറുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ മേഖലയിലെ പുരോഗതി വട്ടപ്പൂജ്യമായിരുന്നെങ്കിൽ നിലവിൽ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി 1072 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു. യു.ഡി.എഫ്. ഭരിച്ചഘട്ടത്തിൽ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ 8.3 കോടി ആയിരുന്നെങ്കിൽ ഇന്ന് പതിമൂന്നരക്കോടി മനുഷ്യർക്ക് സർക്കാർ ആശുപത്രികളിലെ ഒ.പി. സേവനം ലഭിച്ചുകൊണ്ടിരിക്കുകയാണ്.

ഇതെല്ലാംതന്നെ ഇടതുപക്ഷ സർക്കാരിന്റെ കരുതലോടുകൂടിയുള്ള പ്രവർത്തനങ്ങളുടെ ഫലമാണ്. ഇതിനകംതന്നെ സംസ്ഥാനത്തെ ആരോഗ്യവകുപ്പ് ലോക/ദേശീയ ശ്രദ്ധ ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി32-ലധികം പുരസ്കാരങ്ങൾ കരസ്ഥമാക്കുകയുണ്ടായി. ദേശീയം/അന്തർദേശീയം എന്നൊക്കെയുള്ള വീരസ്യം പറച്ചിൽ ഒന്ന് കുറയ്ക്കാമോയെന്നാണ് യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ ഇവിടെ സംസാരിച്ചപ്പോൾ ചോദിച്ചത്. നിങ്ങളുടെ ഭരണകാലത്ത് ദേശീയവുമില്ല അന്തർദേശീയവുമില്ലായിരുന്നു. എന്നാലിപ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ലോകം കേരളത്തെ മാതൃകയായി സ്വീകരിക്കുകയാണ്. ശിശുമരണനിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞല്ലോ; കേരളത്തിൽ 1000 കുട്ടികൾ ജനിക്കുമ്പോൾ അഞ്ചിൽ താഴെ കുട്ടികൾ മരണപ്പെടുന്നത് ജനിതകരോഗങ്ങളും വൈകല്യങ്ങളും കൊണ്ടുമാത്രമാണ്. കേരളത്തിന്റെ ഈ നേട്ടത്തിനുമുന്നിൽ അമേരിക്കൻ ഐക്യനാടുകൾ പോലും തല കുനിക്കുകയാണ്. ഇവിടെ ജനിക്കുന്ന ഓരോ കുട്ടിക്കും പരിചരണത്തിനുള്ള അവകാശമുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോകം അംഗീകരിക്കുകയും നിരവധി ദേശീയ/അന്തർദേശീയ പുരസ്കാരങ്ങൾക്ക് അർഹമാവുകയും ചെയ്തുവരാം. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കൊടുക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന നിലയിൽ കഴിഞ്ഞ മൂന്നുവർഷമായി കേരളത്തിന് കേന്ദ്രസർക്കാർ ബഹുമതി ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിലെ നേട്ടങ്ങൾക്കുള്ള ആഗോള അംഗീകാരമായി 2025-ൽ വിക്ടോറിയൻ പാർലമെന്റിൽ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി

വീണാ ജോർജ്ജിനെ ആദരിക്കുകയുണ്ടായി. ഇതൊക്കെ ഞങ്ങൾ അഭിമാനത്തോടുകൂടിതന്നെ പറയും. കേരളത്തിലെ ആരോഗ്യവകുപ്പ് ഭരിച്ചുകൊണ്ടിരിക്കുന്ന വനിതയായ ഞങ്ങളുടെ നേതാവ് ലോകരാജ്യങ്ങളാൽ അംഗീകരിക്കപ്പെടുകയാണ്. കാഴ്ചപരിമിതർക്കായി സൗജന്യ ചികിത്സ നൽകിയതിലൂടെ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ - 2023 പുരസ്കാരം ലഭിച്ചത് കേരളത്തിനാണ്. വികസിതരാജ്യങ്ങളെക്കാൾ ശിശുമരണനിരക്ക് ഏറ്റവും കുറവ് കേരളത്തിലാണെന്ന് വെറുതെ പറയുന്നതല്ല, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (SRS) സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. ആശാധാര പദ്ധതിക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചത് കേരളത്തിനാണ്. കേരളത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)- നാഷണൽ ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് കരസ്ഥമാക്കിക്കഴിഞ്ഞു. ആരോഗ്യരംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങൾക്കുള്ള ഇന്ത്യാ ടുഡേ-2022 അവാർഡ് കേരളത്തെ തേടിയെത്തി. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (NQAS) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ നമ്പർ വൺ സംസ്ഥാനം കേരളമാണെന്ന് മാത്രമല്ല, 2021 മുതൽ ടി പുരസ്കാരം തുടർച്ചയായി കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയതലത്തിൽ NQAS അംഗീകാരം ലഭിച്ച നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ നമ്പർ വൺ കേരളമാണ്. ദേശീയതലത്തിൽ NQAS അംഗീകാരം ലഭിച്ച പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഇന്ത്യാരാജ്യത്ത് കേരളത്തിന് രണ്ടാം സ്ഥാനമാണ്. ഇന്ത്യാ ടുഡേ-യുടെ ഹെൽത്ത്ഗിരി അവാർഡ് കേരളത്തിനാണ്. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട്

എന്നീ സംരംഭങ്ങൾക്ക് Governance Now-ന്റെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് നേടിയത് കേരളമാണ്. സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ അംഗീകരിക്കാൻ നാം തയ്യാറാകണമെന്നതിനാലാണ് ഇത്രയും കാര്യങ്ങൾ ഇവിടെ വിശദീകരിച്ചത്. ഓരോ മനുഷ്യന്റെയും ജീവന് വിലയുണ്ട്; അതുകൊണ്ടാണ് കേരളത്തിലെ ഓരോ സാധാരണ മനുഷ്യർക്കും ചികിത്സ കിട്ടണമെന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നത്. പാവപ്പെട്ട മനുഷ്യർക്ക് ഒരു വർഷം സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടി സർക്കാർ ചെലവഴിക്കുന്ന സംഖ്യ എത്രയെന്ന് പരിശോധിച്ചാൽ 2024-25-ൽ മാത്രം 1498.5 കോടി രൂപയും 2021-22-ൽ 1424.46 കോടി രൂപയും 2022-23-ൽ 1478.38 കോടി രൂപയുമാണ്. ഈയിനത്തിൽ യു.ഡി.എഫ്. ഭരണകാലത്തെ കണക്കുകൾ പരിശോധിച്ചാൽ 2011-12-ൽ 139 കോടി രൂപയും 2012-13-ൽ 181 കോടി രൂപയും 2013-14-ൽ 108 കോടി രൂപയുമായിരുന്നു. കേരളത്തിന്റെ ആരോഗ്യരംഗം ഇപ്പോൾ മികച്ച നിലയിലാണ് മുന്നോട്ടുപോകുന്നതെന്ന വസ്തുത അംഗീകരിക്കാൻ പ്രതിപക്ഷം ഇപ്പോഴും തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഈ ഉപക്ഷേപത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ഒരു ക്രിക്കറ്റ് ടെസ്റ്റ് മാച്ച് കാണുന്ന പ്രതീതിയാണ് സഭയ്ക്കുള്ളിൽ കാണുന്നത്. കാരണം ഇരുപക്ഷങ്ങളിലും അംഗങ്ങൾ കുറവാണ്. 20-20 ക്രിക്കറ്റ് മാച്ച് കാണാൻ ആളുകളുണ്ടാവും. ക്രിക്കറ്റ് ടെസ്റ്റ് മാച്ചിന് കാണികൾ വളരെ കുറവാണ്. ബന്ധപ്പെട്ട പാർലമെന്ററി പാർട്ടി നേതാക്കൾ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. എം. രാജഗോപാലൻ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപേക്ഷപ അവതാരകൻ പോലും സീറ്റിലില്ല. വെറുമൊരു അധരവ്യായാമത്തിനുവേണ്ടി മാത്രമാണ് ഇങ്ങനെയൊരു ഉപേക്ഷപം അവതരിപ്പിച്ചതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ആരോഗ്യമേഖലയിലെ ശ്രദ്ധയേമായ പ്രവർത്തനങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ടഷറി ബെഞ്ച് അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികളിലും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. കേരളത്തിൽ യു.ഡി.എഫ്. ഭരണകാലത്ത് സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് നടുവേദന, പല്ലുവേദന, കടച്ചിൽ, കോച്ചൽ, തരിപ്പ് തുടങ്ങിയ എല്ലാ അസുഖങ്ങൾക്കും ചുവപ്പ് നിറത്തിലുള്ളൊരു മരുന്നുവെള്ളമാണ് (കാർബണേറ്റീവ് മിശ്രിതം) ലഭിച്ചിരുന്നത്. കുടിക്കാനും പുരട്ടാനുമെല്ലാം അതുതന്നെയാണ് നൽകിയിരുന്നത്. ചിലയാളുകൾ ലഹരി ലഭിക്കാതെ വരുമ്പോൾ കിക്കുണ്ടാക്കുന്ന സാധനമെന്ന നിലയിൽ ആശുപത്രി കമ്പോണ്ടർമാരെ സോപ്പിട്ട് ഇതേ മരുന്നുതന്നെ ചോർത്തിക്കൊണ്ടുപോവുകയും ചെയ്യും. ഇതേത്തുടർന്ന് പിന്നെ ആശുപത്രിയിൽ ഈ മരുന്നുപോലും കാണുകയുമില്ല. ഇന്ന് കേരളത്തിന്റെ അവസ്ഥയെന്താണ്? പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയെന്ന് മാത്രമല്ല, കുടുംബാരോഗ്യ കേന്ദ്രങ്ങളാകെ രോഗീസൗഹൃദ ആശുപത്രികളായി മാറി. മൂന്ന് ഡോക്ടർമാരുടെ സേവനം, ആവശ്യമായ മരുന്ന്, ആവശ്യമായിട്ടുള്ള ഭൗതികസാഹചര്യങ്ങൾ, ആറ് മണി വരെയുള്ള ഡോക്ടർമാരുടെ സേവനം

എന്നിങ്ങനെ വളരെ മെച്ചപ്പെട്ട നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യമേഖല മാറിയില്ലേ; യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിന്റെ ആരോഗ്യമേഖലയുടെയും ആരോഗ്യമന്ത്രിയുടെയും സർക്കാരിന്റെയും അവസ്ഥ എന്തായിരുന്നു? ശവപ്പറമ്പിലെ അസ്ഥിശകലങ്ങൾപോലെ ആരോഗ്യരംഗം വിറങ്ങലിച്ചു കിടക്കുകയായിരുന്നില്ലേ; കുറുന്തോട്ടിക്കായിരുന്നു വാതം പിടിപ്പെട്ടത്. അഴിമതിയും സ്വജനപക്ഷപാതവും ആരോഗ്യമേഖലയെ ദുരുപയോഗം ചെയ്യുകയായിരുന്നു. എന്നാൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഒൻപതേമുക്കാൽ വർഷംകൊണ്ട് ആരോഗ്യമേഖലയെ ആരോഗ്യമുള്ള മേഖലയാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. എന്തെങ്കിലും ചികിത്സാ പിഴവുണ്ടായെങ്കിൽ അത് അന്വേഷിക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ, യു.ഡി.എഫ്. ഭരണകാലത്ത് ആരോഗ്യമേഖലയിലെ അവസ്ഥ എന്തായിരുന്നു? ആശുപത്രി കിടക്കയിൽനിന്ന് ജീവനുംകൊണ്ട് ഓടിയ രോഗിയെ നമ്മൾ ഓർക്കുന്നില്ലേ; രോഗിയുടെ വലതുകാൽ പൊട്ടിയാൽ പ്ലാസ്റ്റർ ഇട്ടത് ഇടത് കാലിൽ, അതിനും ഒരു ഇടത് വിരോധം. ഇതായിരുന്നു അന്നത്തെ അവസ്ഥ, ഇതൊന്നും മറന്നുപോകരുത്. നിങ്ങളുടെ ഭരണകാലത്ത് പലസ്ഥലങ്ങളിലുമിട്ട കല്ലുകൾ എല്ലാംകൂടി ശേഖരിച്ചാൽ ഒരു ആശുപത്രി കെട്ടിടം പണിയാമായിരുന്നു. എന്നാൽ ഞങ്ങളുടെ ഭരണകാലത്തെ സ്ഥിതി വളരെ വ്യത്യസ്തമാണ്. അന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്ക് വെന്റിലേറ്റർ സൗകര്യം അപ്രാപ്യമായിരുന്നു; രോഗികൾക്ക് പിന്നെയെന്ത് നീതിയാണുള്ളത്? 24-11-2011-ലെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണിത്. "സ്പെഷ്യലിസ്റ്റ്

ഡോക്ടർമാരില്ല. ആരോഗ്യവകുപ്പിന്റെ ആശുപത്രികൾ പലതും അടച്ചുപൂട്ടൽ ഭീഷണിയിൽ. സ്പെഷ്യലിസ്റ്റ് തസ്തികകളിൽ പകുതിയോളം ഒഴിഞ്ഞുകിടക്കുന്നു." യു.ഡി.എഫ്. ഭരണ കാലത്തെ പേപ്പർ കട്ടിങ്ങാണിത് (പേപ്പർ കട്ടിങ് ഉയർത്തിക്കാണിച്ചു). "ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്ക് പ്രവർത്തന സമരത്തിലേക്ക്. 60 കുപ്പി രക്തം പാഴായതിൽ ഗുരുതരമായ വീഴ്ച." നിർദ്ധനരും നിരാലംബരുമായിട്ടുള്ള രോഗികൾക്ക് യഥാസമയം രക്തം കൊടുക്കാൻ ആവശ്യമായ സൗകര്യമില്ലായിരുന്നു. ഇതൊക്കെയാണ് നിങ്ങളുടെ ഭരണകാലത്ത് കേരളത്തിൽ നടന്നത്. "തലസ്ഥാനം പുഴുവരിക്കുന്നു. പകർച്ചാവ്യാധികളെ കാത്ത് സർക്കാർ." ഇതെല്ലാം ഇടതുപക്ഷ സർക്കാരിന്റെ കാലത്തുള്ളതല്ല, യു.ഡി.എഫ്. കേരളം ഭരിച്ചിരുന്ന 10-01-2012-ലെ പത്രവാർത്തയാണ്. ഇതായിരുന്നു കേരളം. നാവ് കൊണ്ട് വീട് നിർമ്മിക്കുന്നവർക്ക് ആരോഗ്യമേഖലക്കെതിരെ എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും ആക്ഷേപമില്ല. സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിട്ട വർഷങ്ങളിലൂടെയാണ് കേരളം മുന്നോട്ടുപോയത്. പ്രതിസന്ധികൾക്കിടയിലും ആരോഗ്യമേഖലയിൽ വളരെയധികം വികസന പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിന് സാധിച്ചു. നിപയെ ഈ സംസ്ഥാനം പിടിച്ചുകെട്ടി. കോവിഡിനെ നിലയ്ക്ക് നിർത്തി. ആരോഗ്യമേഖലയിലെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് പത്തൊമ്പതോളം ദേശീയ അംഗീകാരങ്ങളാണ് കേരളം കരസ്ഥമാക്കിയത്. ശ്രീമതി ശാന്തകുമാരി കെ. ഏതാനും കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രത്തിന്റെ ആരോഗ്യമന്ഥൻ പുരസ്കാരം തുടർച്ചയായി മൂന്നാംതവണയും കേരളത്തിന് ലഭിച്ചു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ

നൽകിയതിനും കാഴ്ച പരിമിതർക്കുള്ള പ്രത്യേക സേവനത്തിനും സംസ്ഥാനം പുരസ്കാരങ്ങൾക്കർഹമായി. കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ എണ്ണം പലമടങ്ങ് വർധിച്ചുവെന്നത് ഭരണകക്ഷി ബെഞ്ചിൽനിന്ന് മാത്രം ഉയർന്നുവന്ന അഭിപ്രായമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗംകൂടിയാണ് ഞാനിപ്പോൾ കൂട്ട് ചെയ്യുന്നത്. ഇപ്പോൾ സർക്കാർ ആശുപത്രികളിലെ രോഗികളുടെ എണ്ണം വർധിക്കുന്നു. കാരണമെന്താണ്? സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നു. പഴയ കാലത്ത് സർക്കാർ ആശുപത്രികളിൽ പോയ സഹോദരിമാർ ബസിൽ കയറുമ്പോൾ ഫിനോയിലിന്റെ മണമുള്ളതിനാൽ അടുത്ത സീറ്റിൽ ഇരിക്കുന്നവർ ആശുപത്രിയിൽ പോയതാണോയെന്ന് ചോദിക്കുമായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി മാറി. ആശുപത്രിയിലേക്ക് പോയിവരുന്നവർ വാഹനത്തിൽ കയറിയാൽ നല്ല പരിമളമാണ്. കാരണം, ആശുപത്രിയുടെ മുമ്പിലെല്ലാം അതിമനോഹരമായ പൂന്തോട്ടമാണ്. ആശുപത്രികളിൽ ടൈൽസാണ് ഇട്ടിരിക്കുന്നത്. ടൈൽസിൽ ചവിട്ടി അമ്മമാരും അമ്മൂമ്മമാരും ചെറുതായി സ്ലിപ്പായാൽ കൈ കുത്തുന്നത് ചുമരിലേക്കാണ്. അവിടെ കാണുന്നത് ടി.വി.യിൽ തലേന്ന് കണ്ട സീരിയലുകളുടെ ബാക്കിയാണ്. ആകർഷകമായ ടി.വി.യാണ് അവിടെയുള്ളത്. ആശുപത്രിയിലെത്തുമ്പോൾ അൻപത് ശതമാനം രോഗവും മാറും. അതാണ് ഇപ്പോഴത്തെ ആശുപത്രി അന്തരീക്ഷം. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകളുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ആശുപത്രിയിൽ മരുന്നുവേണമെങ്കിൽ ഇപ്പോൾത്തന്നെ ബഹു. ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞാൽമതി

ഉടൻതന്നെ ആ മരുന്ന് എത്തിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനം കേരളമല്ലേ? ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം അപഹാസ്യമാക്കി ചിത്രീകരിക്കുന്നത് കണ്ടു. ശിശുമരണനിരക്കിൽ ഇന്ത്യൻ സംസ്ഥാനങ്ങളോടല്ല അമേരിക്കയോടാണ് കേരളം ഇന്ന് മത്സരിക്കുന്നത്. വികസിത മുതലാളിത്ത രാഷ്ട്രമായ അമേരിക്കയിൽ 1000 കുട്ടികൾ ജനിക്കുമ്പോൾ ആറ് കുട്ടികൾ മരണപ്പെടുന്നു. വെനസ്വേലയോടുള്ള സമീപനം കാരണം ഇന്ന് ലോകരാജ്യങ്ങൾക്കിടയിൽ അത് തെമ്മാടി രാഷ്ട്രം എന്നും വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അവിടെ ആയിരത്തിന് ആറ് കുട്ടികൾ എന്നതോതിൽ മരിക്കുമ്പോൾ ഇല്ലായ്മയുടെയും വല്ലായ്മയുടെയും കേന്ദ്ര അവഗണനയുമെല്ലാം പിടിയിൽ അകപ്പെട്ട് സാമ്പത്തിക ഉപരോധത്തിൽ ഞെരിഞ്ഞമരുന്ന ഈ കൊച്ചുകേരളത്തിൽ 1000 കുട്ടികൾ ജനിച്ചാൽ അഞ്ച് കുട്ടികൾ മാത്രമെ മരണപ്പെടുന്നുള്ളൂ. ശിശുമരണനിരക്ക് കുറച്ചതിനൊപ്പം ആയുർദൈർഘ്യം ഉയർത്താനും കഴിഞ്ഞു. ഉയർന്ന ആയുർദൈർഘ്യം മുന്നിൽ കണ്ട് വരാനിരിക്കുന്ന നാളുകളിൽ ഇവിടെയുള്ള മുഴുവൻ വയോജനങ്ങളുടെയും സംരക്ഷണമേറ്റെടുക്കാൻ തയ്യാറാകുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് വയോജന സംരക്ഷണ നിയമം പാസ്സാക്കിയ സഭയാണിത്. കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യ കാര്യത്തിൽ നാം ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഗർഭസ്ഥശിശു മുതൽ വയോജനങ്ങൾ വരെയുള്ളവരുടെ കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എപ്പോഴും പറയാറുള്ളതാണ്. മതിയായ കലോറിയുള്ള

ഭക്ഷണം ഉറപ്പുവരുത്തിയാൽ മാത്രമെ ആരോഗ്യമുള്ള ശിശുവിന് ജന്മം നൽകാൻ അമ്മയ്ക്ക് സാധിക്കൂ. അത് ഇവിടെ ഉറപ്പുവരുത്തുകയാണ്. എന്നാൽ പ്രതിപക്ഷത്തിരിക്കുന്നവർ ഭ്രൂണഹത്യയ്ക്കാണ് പ്രോത്സാഹനം നൽകുന്നത്. 597 ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സേവനങ്ങൾ നടപ്പിലാക്കി. ഇടുക്കി, കോന്നി എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകൾ യഥാർഥ്യമാക്കി. അതിനിടയിൽ മഞ്ചേശ്വരം എം.എൽ.എ. കാസർഗോഡ് മെഡിക്കൽ കോളേജിനെ ഒന്ന് കുത്താൻ ശ്രമിച്ചു. ബഹുമാനപ്പെട്ട അംഗം ഇങ്ങനെ പറയാൻ പാടില്ലായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഒരു അസ്ഥികൂടമായിരുന്നു. അതിന് മജ്ജയും മാംസവും രക്തവും നൽകി മെച്ചപ്പെടുത്തി ഉത്തര മലബാറിലെ ഏറ്റവും ശ്രദ്ധേയമായ മെഡിക്കൽ കോളേജാക്കി മാറ്റിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്. ഈ യഥാർഥ്യം മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം. എതിരഭിപ്രായമുള്ള ആളുകളെ കാസർഗോട്ടേയ്ക്ക് ക്ഷണിക്കുകയാണ്. വരുമ്പോൾ ആ മെഡിക്കൽ കോളേജിന്റെ പഴയ ഒരു ഫോട്ടോ കൂടി കരുതണമെന്നുള്ള ഒറ്റ നിബന്ധന മാത്രമേയുള്ളൂ. ആ ഫോട്ടോ വച്ചുകൊണ്ട് ഇപ്പോഴത്തെ മെഡിക്കൽ കോളേജുമായി ഒന്ന് താരതമ്യം ചെയ്യണം. അതിനുശേഷം ആ മെഡിക്കൽ കോളേജിന്റെ നേട്ടത്തെക്കുറിച്ചും പുരോഗതിയെക്കുറിച്ചും നമുക്ക് ചർച്ച ചെയ്യാം. സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യഥാർഥ്യമാക്കി. കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ഈ ശസ്ത്രക്രിയ നടത്തിവരുന്നു. നിങ്ങളുടെ കാലത്ത് ഇത്തരം കാര്യങ്ങൾ സ്വപ്നം കാണാനോ ആലോചിക്കാനോ കഴിയുമോ? എല്ലാ

പ്രതിസന്ധിഘട്ടത്തിലും കേരളത്തെ ചേർത്തുപിടിച്ചുകൊണ്ടും ആരോഗ്യമേഖലയിൽ വിസ്മയകരമായ ഇടപെടൽ നടത്തിക്കൊണ്ടും മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന, ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്ന കേരളത്തിലെ ആരോഗ്യവകുപ്പിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഏത് പ്രതിസന്ധിഘട്ടത്തിലും നാട്ടിലെ ജനതയെ സംരക്ഷിക്കുന്നതിന് രാഷ്ട്രീയ ഇച്ഛാശക്തിയുള്ള കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റ് ഇനിയും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ ഈ ഉപക്ഷേപത്തെ ശക്തമായി എതിർക്കുകയാണ്. ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് അജിത് പവാറിന്റെ മരണവാർത്ത കേട്ടപ്പോൾ മുതൽ ഞാൻ മാനസികമായി തകർന്നിരിക്കുകയാണ്. എന്നിരുന്നാലും ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ട് സംസാരിക്കേണ്ടത് അത്യാവശ്യമാണ്. കാരണം, ഞാൻ കഴിഞ്ഞ ദിവസം കർണ്ണാടകയിലെ ഒരു മന്ത്രിയുടെ പ്രസംഗം കേട്ടു. അദ്ദേഹം പറഞ്ഞത് കേരളം എല്ലാ മേഖലയിലും ഒന്നാമതാണെന്നാണ്. അദ്ദേഹം പ്രസംഗിക്കുമ്പോൾ ബഹു. പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും വേദിയിലിരിക്കുന്ന പോസ്റ്റാണ് എനിക്ക് അയച്ചുതന്നത്. അത് എന്റെ കൈവശമുണ്ട്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഞാനത് അയച്ചുനൽകാം. ആരോഗ്യ മേഖലയിൽ കേരളം ഒന്നാമതാണെന്ന് അവർ എടുത്തുപറഞ്ഞു. അത് വെറുതെ പറഞ്ഞതല്ല, സത്യസന്ധമായിട്ടുള്ള കാര്യമാണ്. അവരുടെ പ്രസ്താവനയും

സത്യസന്ധമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോടും ആദ്യമേ തന്നെ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. കാരണം എന്റെ പ്രദേശമായ കുട്ടനാട്ടിലെ പുളിങ്കുന്ന് താലൂക്ക് ഹോസ്പിറ്റലിന്റെ വികസനത്തിനായി 107 കോടി രൂപ കിഫ്ബി വഴി അനുവദിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രിയങ്കരിയായ ആരോഗ്യവകുപ്പുമന്ത്രി മൂന്നോ നാലോ തവണ അവിടെ സന്ദർശിച്ചിരുന്നു. നിരവധി തടസ്സങ്ങളുണ്ടായിരുന്നെങ്കിലും അവയെല്ലാം നീക്കി വർക്ക് ടെൻഡർ ചെയ്യാൻ പോകുന്നുവെന്ന സന്തോഷകരമായ കാര്യം അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അത്യാധുനിക സംവിധാനങ്ങളുള്ള, ഏറ്റവും മികച്ച ചികിത്സ ലഭ്യമാകുന്ന രീതിയിലേയ്ക്ക് പുളിങ്കുന്ന് താലൂക്ക് ആശുപത്രി മാറാൻ പോവുകയാണ്. ഇതൊന്നും മറക്കാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. പി.എച്ച്.സി. ആയാലും സി.എച്ച്.സി. ആയാലും ഫാമിലി ഹെൽത്ത് സെന്റർ ആയാലും എല്ലാം വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം തകഴിയിലും തലവടിയിലും ഓരോ ഹോസ്പിറ്റലുകൾ ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. പ്രിയങ്കരിയായ ആരോഗ്യ വനിതാ ശിശുവികസന വകുപ്പുമന്ത്രി ഓൺലൈനിലൂടെയാണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്. ആരോഗ്യമേഖലയിൽ വളരെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നിപയും കോവിഡും ഉൾപ്പെടെയുള്ള മഹാമാരി പടർന്നുപിടിച്ച സമയത്ത് ലോകം മുഴുവൻ വിറങ്ങലിച്ചുനിന്നത് ഒരിക്കലും മറക്കാൻ സാധിക്കുന്നതല്ല. ആ കാലഘട്ടത്തിൽ കുവൈറ്റിൽ എന്റെ ഫാമിലിയുമുണ്ടായിരുന്നു. ഹോസ്പിറ്റലിലേയ്ക്ക് ആരെയും

കൊണ്ടു ചെല്ലേണ്ടതില്ലെന്നാണ് ആശുപത്രി അധികൃതർ പറഞ്ഞിരുന്നത്; കാരണം രോഗികളെ അക്സെപ്റ്റ് ചെയ്യാൻ അവർ തയ്യാറായിരുന്നില്ല. മരണപ്പെടുന്നവരെ കൂട്ടത്തോടെ കത്തിച്ചുകളയുന്ന അവസ്ഥയിലേക്ക് ലോകം പോയപ്പോൾ കേരളത്തിൽ എവിടെയാണ് അങ്ങനെ സംഭവിച്ചത്? കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തിന് ജനം കാത്തിരിക്കുന്ന അവസ്ഥയുണ്ടായിരുന്നു. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന പ്രിയങ്കരിയായ ശൈലജ ടീച്ചറുടെ പ്രവർത്തനം ലോക പ്രശസ്തിയാർജിച്ചിരുന്നു. ഇതൊന്നും മറക്കാൻ കേരള ജനതയ്ക്ക് ആവില്ല. ഇതൊക്കെ നാം കാണേണ്ട കാര്യം തന്നെയാണ്. എന്തുകൊണ്ടാണ് ഇക്കാര്യങ്ങൾ തമസ്കരിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെ പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഉപക്ഷേപാവതാരകനായ ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിലില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ പറഞ്ഞപ്പോൾ അദ്ദേഹം ഉടൻതന്നെ ഓടിയെത്തി. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ സശ്രദ്ധം കേട്ടു. ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ഏതാനും ചില കാര്യങ്ങൾ പറഞ്ഞുവെന്നല്ലാതെ ആരോഗ്യ മേഖലയിൽ ഇന്നയിന്ന വീഴ്ച പറ്റിയിട്ടുണ്ടെന്ന് വ്യക്തമായി ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പ്രസംഗം വിശദമായി പരിശോധിച്ചാൽ നിങ്ങൾക്ക് അക്കാര്യം മനസിലാകും. കാരണം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആരോഗ്യ സംവിധാനവും ആരോഗ്യ വകുപ്പുമന്ത്രിയുമാണ് കേരളത്തിലുള്ളത്. കോട്ടയം മെഡിക്കൽ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. പ്രമോദ് നാരായൺ ഇവിടെ പ്രത്യേകമായി

സൂചിപ്പിക്കുകയുണ്ടായി. ഞാനും അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവ ആരോഗ്യ മേഖലയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ആശുപത്രികളാണ്. കോട്ടയം മെഡിക്കൽ കോളേജിന് ഇത്രയധികം പ്രസക്തി ലഭിക്കാൻ കാരണം അവിടെ ലിവർ ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യം ലഭ്യമാകുന്നുവെന്നത് തന്നെയാണ്. ചികിത്സയ്ക്കായി എല്ലാവരും പോകാൻ ആഗ്രഹിക്കുന്ന ആശുപത്രിയും ഇതുതന്നെയാണ്. ഇക്കഴിഞ്ഞ ദിവസം എനിക്കുണ്ടായ ഒരനുഭവത്തെക്കുറിച്ച് സൂചിപ്പിക്കാൻ ഈയവസരം ഞാൻ ഉപയോഗിക്കുകയാണ്. എറണാകുളത്തെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് ഒരാളെ കൊണ്ടുപോയപ്പോൾ മറ്റൊരു ഹോസ്പിറ്റലിലും കൊണ്ടുപോകണ്ട കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയാൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞത്. കാരണം കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ രോഗികൾക്ക് അത്രത്തോളം വിശ്വാസമാണ്. എന്റെ കുട്ടിക്കാലത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ മെഡിക്കൽ കോളേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അതല്ല സ്ഥിതി, മെഡിക്കൽ കോളേജുകൾ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നൊരു കാലഘട്ടമാണിത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിന്റെ ആരോഗ്യ സംവിധാനത്തെ ഇകഴ്ത്തി കാട്ടുന്ന രീതിയിൽനിന്നും പ്രതിപക്ഷം പിന്മാറണം. ഈ മേഖലയിൽ എന്തെങ്കിലും കുഴപ്പങ്ങളുണ്ടെങ്കിൽ ആയത് പരിഹരിച്ച് മുന്നോട്ട് പോകാനുള്ള പിന്തുണയാണ് നിങ്ങൾ നൽകേണ്ടത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംവിധാനത്തെക്കുറിച്ച് ജനം

അറിയാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നിവിടെ ഈ ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറായത്. കുറഞ്ഞ ശിശുമരണ നിരക്കിലും ആരോഗ്യ പരിപാലനത്തിലും കേരളം മറ്റെല്ലാവർക്കും മാതൃകയാണ്. ആവശ്യമില്ലാത്ത എതിർപ്പുകളിലേയ്ക്കും വാദപ്രതിവാദങ്ങളിലേയ്ക്കും പോകാതെ നല്ല നിലയിലുള്ള സപ്പോർട്ട് നൽകിയാൽ മികച്ച ഹോസ്പിറ്റൽ സംവിധാനങ്ങൾ ഇനിയുമുണ്ടാകുമെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഉപക്ഷേപാവതാരകന്റെ സംസാരം കേട്ടപ്പോൾ അപകടകരമായ സാഹചര്യത്തിലേക്ക് കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തെ മാറ്റാൻ ലക്ഷ്യമിട്ടിട്ടുള്ള സ്വകാര്യ കുത്തക മുതലാളിമാർ ഏറ്റവും കൂടുതൽ നോട്ടമിട്ടിട്ടുള്ള രംഗമാണ് പൊതുജനാരോഗ്യ രംഗം എന്നുള്ളതുകൊണ്ടുതന്നെ അവർക്ക് വേണ്ടിയാണോ ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്ന സംശയമാണ് എനിക്കുള്ളത്+.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ... ഏറ്റവും ഗുരുതരമായ ചികിത്സാപ്പിഴവുകൾ ചൂണ്ടിക്കാണിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ അവതരണാനുമതിക്കുള്ള നോട്ടീസ് നൽകുകയും ബഹുമാനപ്പെട്ട സ്പീക്കർ അനുവാദം നൽകുകയും തുടർന്ന് ബഹു. വകുപ്പുമന്ത്രി അത് ചർച്ച ചെയ്യാൻ തയ്യാറാവുകയും ചെയ്തു. ഞാൻ ഉന്നയിച്ച വിഷയം ഗൗരവമുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറായത്. എന്നാൽ സ്വകാര്യ ആശുപത്രി കുത്തകകൾക്ക് വേണ്ടിയാണ്

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ 06-02-2026-ലെ ഉത്തരവുപ്രകാരം (KLS/467/2026/ED) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഇങ്ങനെയൊരു ഉപക്ഷേപം അവതരിപ്പിച്ചതെന്നുപറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.+

മി. സ്പീക്കർ: യെസ്. അക്കാര്യം പരിശോധിക്കാം.+

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്ന് ലോകത്താകെയുള്ള വൻകിട കുത്തകകളുടെ കണ്ണ് പതിഞ്ഞിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രംഗമാണ് ആരോഗ്യ മേഖല. സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽനിന്ന് സർക്കാരുകൾ പിന്മാറുകയും വൻകിട സ്വകാര്യ കോർപ്പറേറ്റുകൾ ഈ മേഖല കയ്യടക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. കോഴിക്കോട് നഗരത്തിൽ മാത്രം രണ്ട് പ്രധാനപ്പെട്ട ആശുപത്രികൾ, ഞാൻ ആശുപത്രികളുടെ പേര് പറയുന്നില്ല, കെ.കെ.ആർ. എന്ന ആഗോള കുത്തക ഏറ്റെടുത്തുകഴിഞ്ഞു. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് വലിയ ആശങ്കയാണ് ഇന്ന് നിലനിൽക്കുന്നത്. മറ്റൊരു ആഗോള ഭീമനായ ബ്ലാക്ക്സ്റ്റോൺ ഗ്രൂപ്പ് കേരളത്തിലെ ആശുപത്രികൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്നുവെന്ന വാർത്തയും വന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെയും ലോകത്തെയും ആഗോള കുത്തക കമ്പനികൾ പൊതുജനാരോഗ്യ മേഖലയിലേയ്ക്ക് കടന്നുവരാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. അതായത്, സർക്കാർ ആശുപത്രികളിൽ പോകാൻ ജനങ്ങൾ ഭയപ്പെടുന്ന നിലയിലേക്ക് എത്തിക്കുകയെന്നതാണ് അവരുടെ പ്രധാനപ്പെട്ട ലക്ഷ്യം; ഞാൻ അതാണ് ഉദ്ദേശിച്ചത്. ആ ആശയം ഇവിടെ പകർത്താനാണ് ഞാൻ ശ്രമിച്ചത്. അതാണ് യു.ഡി.എഫ്.

+
+

ചെയ്യുകൊണ്ടിരിക്കുന്നതെന്നാണ് ഞാൻ പറഞ്ഞത്. ഡോക്ടറും മരുന്നുമില്ലാതിരുന്ന ഒരു സംവിധാനമായിരുന്നല്ലോ മുമ്പ് കേരളത്തിലുണ്ടായിരുന്നത്.

മി. സ്പീക്കർ: അങ്ങ് കമന്ററിക്ക് റെസ്പോൺഡ് ചെയ്യേണ്ട... പ്രസംഗം തുടരൂ...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2016-ന് മുമ്പ് എന്തായിരുന്നു കേരളത്തിലെ ആരോഗ്യ മേഖലയുടെ സ്ഥിതി? സർക്കാർ ആശുപത്രി ക്ഷീണിച്ചെങ്കിലും വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്ക് സ്വന്തമായി ഒരു ആശുപത്രിയുണ്ടായെന്നതാണ് ആകെയുണ്ടായൊരു നേട്ടം. അന്വേഷണത്തിനായി അദ്ദേഹത്തെ ഇ.ഡി. വിളിപ്പിച്ചല്ലോ; എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കരുത്. നിങ്ങൾക്ക് ആർക്കെങ്കിലും അത് പറയണമെന്ന് എന്തെങ്കിലും താൽപര്യമുണ്ടെങ്കിൽ അതെല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കാൻ ശ്രമിക്കരുത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് എന്തായിരുന്നു സർക്കാർ ആശുപത്രികളുടെ അവസ്ഥ; എങ്ങനെയാണ് ഈ മേഖല കൈകാര്യം ചെയ്തിരുന്നത്? അതൊക്കെ ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. എന്നാൽ ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ അസൂയാർഹമായ നേട്ടമല്ലേ കൈവരിച്ചിട്ടുള്ളത്; അതൊരു ചെറിയ കാര്യമാണോ; യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ ആരോഗ്യ മേഖലയിലെ അവസ്ഥയെക്കുറിച്ച് ഇവിടെ പല അംഗങ്ങളും പറഞ്ഞു. അക്കാലത്തെ പല പത്രകട്ടിങ്ങുകളും എന്റെ കൈവശമുണ്ട്. 27-08-2011-ന് ദീപിക പത്രത്തിൽ വന്ന വാർത്ത, 'ആശുപത്രിയിൽ

മരുന്ന് വിതരണം നിലച്ചു. മരുന്ന് വാങ്ങിയതിൽ വൻ തട്ടിപ്പ്'; മംഗളം ദിനപത്രത്തിലെ വാർത്ത 'രോഗി മരിച്ചു. അന്വേഷണത്തിന് മന്ത്രിയുടെ നിർദേശം'. 'ഹൃദയ വാൽവ് ശസ്ത്രക്രിയയ്ക്ക് ഡോക്ടർമാരും ഇടനിലക്കാരും ചേർന്ന് പണം തട്ടി-- തിരുവനന്തപുരം മെഡിക്കൽ കോളേജ് ' എന്നാണ്. 'ഐ.സി.യു.-വിൽ കിടത്തിയില്ല. കൃത്രിമശ്വാസം നൽകാൻ ക്ലട്ടിരിപ്പുകാരനെ ഏൽപ്പിച്ചു' എന്നാണ് കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് വന്നിരുന്ന വാർത്ത. ആവശ്യമെങ്കിൽ എല്ലാ പത്രകട്ടിങ്ങുകളും ഞാൻ മേശപ്പുറത്ത് വയ്ക്കാം. അടുത്തതായി മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. 'സർക്കാർ ആശുപത്രികളിൽ 4500 സ്ഥിരം ഡോക്ടർമാർ വേണ്ടിടത്ത് കേവലം 2000 മാത്രം'. ഇതൊന്നും ദേശാഭിമാനിയിൽ വന്ന വാർത്തയല്ല. 'ഡോക്ടർമാരുടെ കുറവ് തളർത്തുന്ന പ്രാഥമികാരോഗ്യ മേഖല.' 'ചികിത്സിച്ച് മുടിയുന്ന കേരളം' എന്നിങ്ങനെയാണ് ദീപിക പത്രത്തിൽ വന്നിരിക്കുന്ന വാർത്ത. 'കേരളത്തിന്റെ ആരോഗ്യ മേഖല തകരുന്നു' എന്ന് 25-08-2015-ലെ മാതൃഭൂമിയിൽ വന്നിരിക്കുന്ന വാർത്തയാണ്. 'രോഗഗ്രസമായ കേരളം, നിഷ്ക്രിയമായ ഭരണം' എന്നാണ് ദീപികയിൽ വന്നിരിക്കുന്ന വാർത്ത. ഇതായിരുന്നു അന്നത്തെ കേരളത്തിന്റെ അവസ്ഥ. ഈയൊരവസ്ഥയിൽ നിന്നാണ് ഇന്ന് കാണുന്ന കേരളത്തിലേക്ക് നാം എത്തിയത്. ഉപക്ഷേപാവതാരകന്റെ ഇന്നത്തെ അവതരണം കേട്ടാൽ ആരുടെയും കണ്ണ് നിറഞ്ഞ്

പോകുന്നതായിരുന്നു. സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ എന്തെങ്കിലും വീഴ്ചയോ അനിഷ്ട സംഭവങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുകയും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. അതാണ് ഈ സർക്കാരിന്റെ നിലപാട്. യു.ഡി.എഫ്. ഭരണകാലത്ത് സർക്കാർ ആശുപത്രികളിലെ ഒ.പി./ഐ.പി. വിഭാഗങ്ങളിലെത്തിയിരുന്ന രോഗികളുടെ എണ്ണവും ഇന്നത്തെ കാലഘട്ടത്തിൽ ആശുപത്രികളിലെത്തുന്ന രോഗികളുടെ എണ്ണവും തമ്മിൽ താരതമ്യം ചെയ്തുനോക്കുന്നത് ഉചിതമായിരിക്കും. 2016-17-ൽ താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിൽ ഒ.പി.-യിൽ എത്തിയിരുന്ന ആകെ രോഗികളുടെ എണ്ണം 8,03,64,783 ഉം ഐ.പി.-യിൽ എത്തിയിരുന്ന രോഗികളുടെ എണ്ണം 14,18,957 ആയിരുന്നു. എല്ലാ കണക്കുകളും ഞാൻ ഇവിടെ വായിക്കുന്നില്ല. എന്നാൽ 2024-25-ൽ ഒ.പി.-യിൽ എത്തിയ രോഗികളുടെ എണ്ണം 1,12,91,897 ഉം ഐ.പി.-യിലെത്തിയവരുടെ എണ്ണം 7,56,872 ഉം ആണ്. ഇത്രയധികം ആളുകൾ ഇപ്പോൾ സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇങ്ങനെ കോടിക്കണക്കിന് ജനങ്ങൾ ചികിത്സ തേടിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയെ തകർക്കാനാണ് പ്രതിപക്ഷം അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ മെഡിക്കൽ കോളേജുകൾ ഇത്രയധികം നേട്ടം കരസ്ഥമാക്കിയ ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? ഏറ്റവും പുതിയ കണക്കനുസരിച്ച്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 2025 ജൂലൈ മാസം ഒ.പി.-

യിൽ വന്നിട്ടുള്ളവർ 53,12,723. ഐ.പി.-യിൽ 3,51,101 പേരുമാണ് എത്തിയിട്ടുള്ളത്. ഞാനിത് പറഞ്ഞത് രോഗികൾ എത്രമാത്രം സർക്കാർ ആശുപത്രികളെ അഭയം പ്രാപിക്കുന്നവെന്ന് വ്യക്തമാക്കാൻ വേണ്ടിയാണ്. ഇങ്ങനെയെത്തുന്ന രോഗികൾക്ക് മതിയായ ചികിത്സ സർക്കാർ ആശുപത്രികളിൽ ലഭിച്ചുകൊണ്ടിരിക്കുകയല്ലേ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്നതിൽ അഭിമാനിക്കുകയല്ലേ വേണ്ടത്. അതിനുപകരം എന്താണ് ഇവിടെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്? നാലുവർഷം കൊണ്ട് 2517000 പേർക്ക് 7,708 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയ നാടാണ് കേരളം. അത് നിഷേധിക്കാൻ കഴിയുമോ; അതുപോലെ KASP (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി) മുഖേന മാത്രം 2406000 പേർക്ക് 7,163 കോടി രൂപയുടെയും കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 64075 പേർക്ക് 544 കോടി രൂപയുടെയും സൗജന്യ ചികിത്സ നൽകുകയുണ്ടായി. നാലുവർഷം കൊണ്ട് കെ.എം.എസ്.സി.എൽ. മുഖേന 1847-ൽപരം ആശുപത്രികളിലേക്കായി 3,300 കോടി രൂപയുടെ 854 മരുന്നുകളാണ് സൗജന്യമായി നൽകിയിട്ടുള്ളത്. കാൻസർ രോഗികൾക്കടക്കം മൂന്നിരട്ടി തുകയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ചെലവഴിച്ചിട്ടുള്ളത്. കഴിഞ്ഞ നാലുവർഷങ്ങളിലായി 1,400 കോടി രൂപയാണ് സൗജന്യ ക്യാൻസർ ചികിത്സയ്ക്കായി മാത്രം ചെലവഴിച്ചിട്ടുള്ളത്. അത്തരത്തിലൊരു ആരോഗ്യമേഖലയാണ് കേരളത്തിലേത്. ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ അഭിമാനകരമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ രാവിലെ എന്നെ ഒന്ന് ശാസിച്ചതാണ്.

മി. സ്പീക്കർ: കോമ്പൻസേറ്റ് ചെയ്ത് സംസാരിക്കുന്നുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഞാൻ ചെയറിന് വഴങ്ങുകയാണ്. യാതൊരർഥവുമില്ലാത്ത ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ചെയർ നിർത്താൻ പറഞ്ഞിട്ടില്ല. കാരണം അങ്ങയുടെ 45 സെക്കൻഡ് കോമ്പൻസേറ്റ് ചെയ്യാൻ പറ്റുമായിരുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, കേരളത്തിന്റെ ആരോഗ്യ മേഖലയെ വളരെ തെറ്റായ രീതിയിൽ അവതരിപ്പിക്കാനാണ് ഉപക്ഷേപാവതാരകനായ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ശ്രമിച്ചത്. കേരളത്തിൽ പൈതൃകവും പ്രൗഢഗംഭീരവുമായ ആരോഗ്യ സംവിധാനം വളർത്തിയെടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളുടെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖല വളരെ അഭിമാനകരമായ മുന്നേറ്റമാണ് ഈ കാലഘട്ടത്തിലുണ്ടാക്കിയിരിക്കുന്നത്. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും പൊതുവിൽ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളും ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. നാം നേടിയെടുത്ത നേട്ടങ്ങൾ; അത് നിസ്സാരമായ കാര്യമല്ല. ഇന്ത്യയിൽ നവജാത ശിശുമരണ നിരക്ക് കുറഞ്ഞ സംസ്ഥാനമാണ് കേരളം. അമേരിക്കയെക്കാൾ മുന്നിൽ എന്നുപറയുമ്പോൾ അമേരിക്കയിലെ കാര്യവും ഇവിടത്തെ കാര്യവുമായി താരതമ്യം ചെയ്യുകയല്ല; ലോകത്തിലെ ആധുനിക മുതലാളിത്ത സംവിധാനവും

സാമ്പത്തികശേഷിയുമുള്ള രാജ്യങ്ങളെക്കാൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ മാതൃമരണ നിരക്ക് കുറച്ചുകൊണ്ടുവന്ന സംസ്ഥാനമായി കേരളം മാറി. അടുത്തിടെ ലോകം മുഴുവൻ വൈറലായ ഒരു സംഭവമുണ്ടായിട്ടുണ്ട്. കാനഡയിൽ താമസിച്ചിരുന്ന 44 വയസ്സുള്ള പ്രശാന്ത് ശ്രീകുമാർ എന്ന വ്യക്തി നെഞ്ചുവേദനയെത്തുടർന്ന് അവിടത്തെ ആശുപത്രിയിൽ ചികിത്സയ്ക്ക് തേടുകയുണ്ടായി. ഇ.സി.ജി. എടുത്തശേഷം ഏതാണ്ട് എട്ടുമണിക്കൂറിലധികം ഡോക്ടറെ കാണാൻ കാത്തുനിന്നുവെന്നും പിന്നീട് ചികിത്സ കിട്ടാതെ അദ്ദേഹം മരണപ്പെട്ടുവെന്നുമുള്ള അദ്ദേഹത്തിന്റെ ഭാര്യ നിഹാരികയുടെ പോസ്റ്റ് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ആ സംഭവത്തെത്തുടർന്ന് കേരളത്തിലെ ചികിത്സാ സൗകര്യങ്ങളോട് അവർ താരമതമ്യം ചെയ്യുന്നുണ്ടായിരുന്നു. ലോകത്താകെയുള്ള ആരോഗ്യ മേഖലയെ അപേക്ഷിച്ച് അസുഖം ബാധിച്ച് ഒരാൾ ആശുപത്രിയിലെത്തിയാൽ അയാൾക്ക് ട്രീറ്റ്മെന്റ് എടുക്കുന്ന സമയത്തേക്കാൾ വളരെ പെട്ടെന്ന് എമർജൻസി അറ്റൻഷൻ ലഭിക്കുന്നൊരു സംസ്ഥാനമാണ് കേരളം. ഇവിടെ ഉണ്ടായിട്ടുള്ള വിഷയങ്ങളെപ്പറ്റി സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ ഞങ്ങൾക്കാർക്കും യാതൊരു എതിർപ്പുമില്ല. എന്നാൽ ഒറ്റപ്പെട്ട ഏതെങ്കിലും സംഭവമുണ്ടായാൽ അതിനെ പർവതീകരിച്ച്, അതാണ് കേരളത്തിലെയാകെ ആരോഗ്യ മേഖലയിൽ സംഭവിക്കുന്നതെന്ന് അധിഷേപിക്കുന്നത് ശരിയല്ല. കാനഡയിലെ ഒരു മലയാളിയുടെ അനുഭവം കേരളത്തിൽ ജീവിക്കുന്ന ഒരാൾക്കുണ്ടാകുകയില്ല. കാരണം, നമ്മുടെ നാട്ടിലെ മെഡിക്കൽ സിസ്റ്റം അങ്ങേയറ്റം ജനകീയ ആരോഗ്യ സംവിധാനമായി അഭിമാനത്തോടുകൂടി ഇന്നും നിലനിൽക്കുകയാണ്. ഇത് ആരോഗ്യ മേഖലയിലെ വലിയൊരു

മാറ്റമാണ്. ഈ വലിയ മാറ്റത്തിന്റെ ഭാഗമായി ആശ്ചര്യവും അത്ഭുതവുമുളവാക്കുന്ന ധാരാളം കാര്യങ്ങൾ കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ഇക്കാലയളവിൽ നടന്നിട്ടുണ്ടെന്ന് ബഹുമാന്യനായ ശ്രീ. പി. പി. ചിത്തരഞ്ജൻ സംസാരിച്ചപ്പോൾ വ്യക്തമാക്കുകയുണ്ടായി. 2012-ൽ കോട്ടയം മെഡിക്കൽ കോളേജിനെ കൂട്ടിരിപ്പുകാരനായ ഒരാളെ ശ്വാസം നൽകാൻ ഏൽപ്പിച്ചുവെന്ന് ബഹു. അംഗം ഇവിടെ പറഞ്ഞല്ലോ. ആ മെഡിക്കൽ കോളേജ് ഇന്ന് കരൾമാറ്റ ശസ്ത്രക്രിയ നടത്തിയ ഏറ്റവും അഭിമാനകരമായ ഒരു മെഡിക്കൽ കോളേജാക്കി മാറ്റാൻ എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഓരോ ആശുപത്രികളുടെയും പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിച്ചാൽ എറണാകുളം ജനറൽ ആശുപത്രിയിൽ ആദ്യമായി ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തിയതിലൂടെ ഈ മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ബഹു. അംഗം ഇവിടെ സംസാരിച്ചപ്പോൾ വിശദീകരിച്ച പ്രധാനപ്പെട്ടൊരു ഭാഗമുണ്ട്. സ്വകാര്യ കോർപ്പറേറ്റ് ഭീമൻ കൊള്ളകൾ; വമ്പൻ കമ്പനികൾ കേരളത്തിന്റെ ആരോഗ്യ മേഖലയെ, വിവിധ കൺസോർഷ്യങ്ങളുണ്ടാക്കി സ്വകാര്യ ആശുപത്രികളെ വിലയ്ക്കുവാങ്ങുന്ന സംവിധാനത്തിലേക്ക് പോവുകയാണ്. എന്നാൽ അതിന് ബദലായി കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഞാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോഴാണ് കണ്ണൂർ ജില്ലാ ആശുപത്രി വികസനത്തിനായി 76 കോടി രൂപ അനുവദിച്ചത്. ടി തുക ചെലവഴിച്ച് കാത്ത്‌ലാബ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അവ

കഴിഞ്ഞവർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ചേർന്ന് ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. എന്നുവച്ച് എവിടെയെങ്കിലും മെഡിക്കൽ നെഗ്ലിജൻസുണ്ടെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതില്ല എന്നല്ല അതിനർഥം. അതൊക്കെ ഗൗരവത്തോടെ പരിശോധിക്കപ്പെടേണ്ടത് തന്നെയാണ്. അതൊടൊപ്പം നമ്മുടെ ആരോഗ്യ മേഖല കൈവരിച്ച അഭിമാനകരമായ മുന്നേറ്റങ്ങൾകൂടി ഓർക്കുന്നത് ഉചിതമായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. 2015-ൽ എട്ടുകോടി ജനങ്ങൾ കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തിയിരുന്ന സ്ഥാനത്ത് ഇപ്പോൾ പതിനഞ്ച് കോടിക്കടുത്ത് ജനങ്ങൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുകയാണ്. ഈ മാറ്റം നിസ്സാരമായി കാണേണ്ട കാര്യമാണോ; ജനങ്ങൾ ഇപ്പോൾ സർക്കാർ ആശുപത്രികളെ കൂടുതലായി സമീപിക്കുന്നത് കഴിഞ്ഞ പത്ത് വർഷമായി കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള വലിയ മാറ്റത്തിന്റെ പ്രതീകമാണ്. നേരത്തെ ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ, ആത്മവിശ്വാസത്തോടെ സർക്കാർ ആശുപത്രികളിൽ പോകാതിരുന്ന ഒരുകാലത്തുനിന്ന് ധൈര്യപൂർവം സർക്കാർ ആശുപത്രികളിലേക്ക് ആളുകൾ കടന്നുവരുന്നുവെന്നുള്ള അഭിമാനകരമായ മുന്നേറ്റം കേരളത്തിലെ ആരോഗ്യ മേഖലയിലുണ്ടായിരിക്കുന്നു. അത് വലിയ മാറ്റമായി നാം കാണേണ്ടതുണ്ട്. അതുകൊണ്ട് അപവാദ പ്രചരണങ്ങളിലൂടെയും അസത്യ പ്രചരണങ്ങളിലൂടെയും വൈകാരികമായി കാര്യങ്ങൾ അവതരിപ്പിച്ച് കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റത്തെ മറച്ചുവയ്ക്കാൻ ആർക്കും കഴിയില്ല. ആ നിലയിലുള്ള

മികച്ച അടിസ്ഥാന വികസന സൗകര്യം ആരോഗ്യ മേഖലയിൽ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ മാറ്റം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആസന്നമായിരിക്കുന്ന നിയമസഭാ ഇലക്ഷന്റെ ഭാഗമായി സംഭവിച്ചുപോയ കാര്യങ്ങളെ സംബന്ധിച്ച് വൈകാരിക ചിത്രമുണ്ടാക്കി വോട്ട് നേടാൻ ശ്രമിക്കുന്നത് തികച്ചും അനുചിതമാണ്. കേരളത്തിന്റെ ആരോഗ്യ മേഖല വളരെ മോശമെന്ന് പറഞ്ഞാൽ അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്ന ഈ നാട്ടിലെ ജനങ്ങൾ അത് വിശ്വസിക്കില്ല. ആശുപത്രിയിൽ നൂലും പഞ്ഞിയുമില്ലാതെയും ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാതെയും ഏതാണ്ട് 4500-ഓളം ഡോക്ടർമാർവരെ വേണ്ടിടത്ത് 2000 ഡോക്ടർമാർ മാത്രമുണ്ടായിരുന്നൊരു കാലമുണ്ടായിരുന്നു. ഇക്കഴിഞ്ഞ പത്ത് വർഷക്കാലമായി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആരോഗ്യ മേഖലയിൽ അഭിമാനകരമായ വികസന മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ വികസന മുന്നേറ്റത്തിന്റെ ഭാഗമായി ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ടൊരു സാഹചര്യം കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുണ്ട്. നിലവിൽ നമ്മുടെ സർക്കാർ മെഡിക്കൽകോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിലെത്തുന്ന രോഗികൾക്ക് യാതൊരു തരത്തിലുമുള്ള പ്രയാസവുമുണ്ടാകുന്നതല്ല. യു.ഡി.എഫ്-ന്റെ കാലത്ത് 15 മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചിരുന്നു. സിനിമാ സെറ്റിട്ട പോലെയാണ് എല്ലാ സ്ഥലത്തും ആശുപത്രികൾ ആരംഭിച്ചത്. എന്നാൽ, യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ചതുകൊണ്ട് എൽ.ഡി.എഫ്. അതിനെ ഇല്ലാതാക്കുകയല്ല ചെയ്തത്; ബഹുമാന്യനായ ശ്രീ. എം. രാജഗോപാലൻ പറഞ്ഞതുപോലെ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ

പ്രഖ്യാപിക്കപ്പെട്ട മെഡിക്കൽ കോളേജുകളിലെല്ലാം അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടിയുള്ള വലിയൊരു മുന്നേറ്റമാണുണ്ടായത്. ആധുനിക കാലത്തിന് യോജിച്ച നിലയിലേക്ക് സംവിധാനങ്ങളെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കിഫ്ബി പദ്ധതികളുടെ ഭാഗമായി ബഹുനില കെട്ടിടങ്ങളും അതിന്റെ ഭാഗമായുള്ള സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. ലോകത്ത് എവിടെ പകർച്ചവ്യാധികൾ വന്നാലും അത് കേരളത്തിലുണ്ടാകുന്ന സ്ഥിതിയാണിപ്പോഴുള്ളത്. കാരണം, ഇന്ത്യാക്കാർ പ്രത്യേകിച്ച് മലയാളികൾ ലോകത്താകെ സഞ്ചരിക്കുന്നവരാണ്. ഇത് നാം നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇക്കാര്യത്തെ അഭിസംബോധന ചെയ്യാൻ തയ്യാറാകുന്ന നിലയിലേക്ക് ആരോഗ്യ സംവിധാനം ഇപ്പോൾ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ ആരോഗ്യ സംവിധാനം വളരെ സജീവമായി മുന്നോട്ടുപോകുന്നുണ്ട്. കേരളത്തിൽ പകർച്ചവ്യാധികളുണ്ടായാൽ ഭയാശങ്കയില്ലാതെ അവയൊക്കെ പരിഹരിക്കാൻ കഴിയുന്നതരത്തിലുള്ള സുരക്ഷാ സംവിധാനമുള്ള മെച്ചപ്പെട്ട ആരോഗ്യ കേരളം എന്ന അഭിമാനകരമായ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ സാധിച്ച പത്തുവർഷക്കാലമാണ് കടന്നുപോയത്. ആ പത്തുവർഷക്കാലത്തെ വികസന നേട്ടങ്ങളെ അസത്യ പ്രചരണങ്ങളിലൂടെ ഇല്ലാതാക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങൾ അതംഗീകരിക്കാൻ പോകുന്നില്ല. എവിടെയെങ്കിലും വീഴ്ചയുണ്ടായാൽ അത് പരിഹരിച്ച് മുന്നോട്ട് പോകാൻ കഴിയുന്ന ശക്തമായ ഒരു ആരോഗ്യ സംവിധാനം കേരളത്തിനുണ്ട്.

അതിന് ഒട്ടും ആശങ്കപ്പെടേണ്ടതില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് മറ്റുകാര്യങ്ങളിലേക്ക് കടക്കാതെ ഞാൻ അവസാനിപ്പിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വിളപ്പിൽശാലയിലെ ബിസ്മിറിന്റെ മരണം ഉൾപ്പെടെ നിരവധിയായ സംഭവങ്ങൾ സമീപ ദിവസങ്ങളിൽ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആശുപത്രികളിലെ ശ്രദ്ധയില്ലായ്മയും പരിചരണമില്ലായ്മയും കൃത്യസമയത്ത് കൃത്യമായ ചികിത്സ ലഭ്യമാക്കാത്തതുമൂലമുണ്ടാകുന്ന കൈപ്പിഴകളും മരണങ്ങളും ദിനംപ്രതി വർധിക്കുകയാണ്. ആരോഗ്യ മേഖലയിലെ കുറവുകളെയും പിഴവുകളെയും സംബന്ധിച്ച് അന്വേഷിക്കാൻ ഇത്രമാത്രം അന്വേഷണത്തിന് ഉത്തരവിട്ട മറ്റൊരു ആരോഗ്യവകുപ്പുമന്ത്രി കേരളത്തിലുണ്ടായിട്ടില്ല. അവർ അന്വേഷണത്തിന് ഉത്തരവിട്ടതും അതിന്റെ അന്വേഷണ റിപ്പോർട്ടുകൾ തിരികെ കിട്ടിയതുംകൂടി ബൈൻഡ് ചെയ്ത് കൈമ്പൽ ചെയ്തുവച്ചാൽ വാല്യങ്ങളുണ്ടാകും; അത് സൂക്ഷിച്ചുവയ്ക്കാനും സാധിക്കും. എപ്പോഴും അന്വേഷണത്തിന് ഉത്തരവിടുക; അന്വേഷണ റിപ്പോർട്ട് ലഭിക്കുക; കുറേനാൾ കഴിയുമ്പോൾ അന്വേഷണ റിപ്പോർട്ടിന് എന്തുസംഭവിച്ചുവെന്ന് അറിയാതിരിക്കുക, അത്രമാത്രം സംഭവങ്ങളാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു പ്രധാന ഡോക്ടർക്ക് വിസിൽബ്ലോവറെപ്പോലെ സമൂഹമധ്യത്തിൽവന്ന് നമ്മുടെ മൂക്കിനുതാഴെയുള്ള മെഡിക്കൽ കോളേജിൽ നടക്കുന്ന ദൗർഭാഗ്യകരമായ കാര്യങ്ങളെക്കുറിച്ച് നെഞ്ചുപൊട്ടുന്നപോലെ വെളിപ്പെടുത്തേണ്ടിവന്നില്ലേ? അദ്ദേഹത്തെ നിങ്ങൾ എന്താണ് ചെയ്തത്? അദ്ദേഹത്തെ അധിക്ഷേപിക്കുകയും

അപമാനിക്കുകയും ചെയ്തു. ബൈക്കിൽ വരികയും സത്യസന്ധമായും കൈക്കൂലി വാങ്ങാതെയും രോഗികളെ ചികിത്സിക്കുകയും ചെയ്യുന്നൊരു ഡോക്ടർ അവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് സങ്കടത്തോടെ പറഞ്ഞപ്പോൾ അതിനോട് പോസിറ്റീവായി പ്രതികരിക്കുന്നതിനുപകരം ശത്രുവിനെപ്പോലെയാണ് അദ്ദേഹത്തോട് പെരുമാറിയത്. അദ്ദേഹം ഞങ്ങളുടെ പാർട്ടിക്കാരനാണോ; പ്രതിപക്ഷമൊന്നുമല്ലല്ലോ? ഈ സംഭവങ്ങളെക്കുറിച്ച് കുറെ പ്രാവശ്യം പറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. പാലക്കാട് ജില്ലയിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞിന്റെ വലതുകൈ മുറിച്ചുമാറ്റേണ്ടിവന്നു. ശരിയാണ് അത് സംഭവിച്ചുപോയി; നേരത്തെ പറഞ്ഞതുപോലെ നിങ്ങൾക്കെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണല്ലോ? ആയിരക്കണക്കിന് ഒറ്റപ്പെട്ട സംഭവങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞിന്റെ കൈ മുറിച്ചുമാറ്റിയിട്ട് പകരം കൈ വച്ചുപിടിപ്പിക്കാൻ എന്തെങ്കിലുമൊരു സഹായം ചെയ്തുകൊടുത്തോ; ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ വാർത്ത വന്നപ്പോഴാണ് ഞാൻ ഇക്കാര്യം അറിയുന്നത്. പിറ്റേ ദിവസംതന്നെ ആ കുട്ടിയെ എറണാകുളത്ത് കൊണ്ടുവന്ന് ഏറ്റവും നല്ലൊരാശുപത്രിയിൽ പ്രവേശിപ്പിക്കുകയും വിശദമായ പരിശോധനകൾക്കുശേഷം അന്നുതന്നെ കൈവയ്ക്കാനാവശ്യമായ പണം അവരുടെ അക്കൗണ്ടിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ആ വാർത്ത വന്നതിനുശേഷമാണ് കുട്ടിയെ സഹായിക്കാൻ ആരോഗ്യവകുപ്പിൽനിന്നും ഉത്തരവിറങ്ങുന്നത്. ഞാനിത് പ്രഖ്യാപിച്ചപ്പോൾ എന്റെ ഒരു സുഹൃത്ത് ഉടൻതന്നെ ആറ് ലക്ഷം രൂപയോളം ആ കുട്ടിയുടെ കുടുംബത്തിന് നൽകി. മാത്രമല്ല,

ആധുനിക രീതിയിൽ കൈ നിർമ്മിക്കുന്ന കമ്പനിയിലേക്ക് അപ്പോൾതന്നെ ആ തുക അയച്ചുകൊടുക്കുകയും ചെയ്തു. ഒരു കുഞ്ഞിന്റെ കൈ നഷ്ടപ്പെട്ടിട്ട് നിങ്ങൾക്ക് മനസ്സിൽപോലും ഒരു സങ്കടംവും ഉണ്ടായിട്ടില്ല. ആ വിഷയത്തെക്കുറിച്ച് അന്വേഷിച്ച് ഉടനടി നടപടി സ്വീകരിക്കേണ്ടത് ഗവൺമെന്റ് അല്ലേ? അത്രയും മനഃസാക്ഷിയില്ലാത്തവരാണ് മന്ത്രിസഭയിലുള്ളതെന്ന് പറയുന്നതിൽ ദുഖമുണ്ട്. ഇപ്പോൾ ചവറ എം.എൽ.എ. പറഞ്ഞതെന്താണ്? വേണുവിന്റെ കുടുംബത്തിന് നീതി വേണമെന്നാണ്. എം.എൽ.എ.-യ്ക്ക് അങ്ങനെ മാത്രമേ പറയാൻ കഴിയുകയുള്ളൂ; അദ്ദേഹത്തിന് കാര്യങ്ങൾ വ്യക്തമായി അറിയാം. കാരണം മരണപ്പെട്ട വേണുവിന് നീതി നിഷേധിക്കപ്പെട്ടു. ഇതൊക്കെ ഓരോ ജനതയുടെയും അവകാശമല്ലേ? സർക്കാർ ആശുപത്രികളിൽ യാതൊരു അടിസ്ഥാന സംവിധാനങ്ങളുമില്ലാത്തതിന്റെ ഫലമായി ഒരാളുടെ ജീവിതവും കുടുംബവും അനാഥമായില്ലേ? ബഹു. ചവറ അംഗം വളരെ സത്യസന്ധമായാണ് ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. കിളിമാനൂരിലെ രജിത്തിന്റെ അനുഭവമെന്താണ്; പമ്പാ ആശുപത്രിയിൽ ചികിത്സിച്ച പ്രീതാ ബാലചന്ദ്രന്റെ അനുഭവമെന്താണ്? ഇങ്ങനെ ധാരാളം കേസ്സുകളെക്കുറിച്ച് ഉദാഹരണമായി പറയാൻ സാധിക്കും. ആരോഗ്യകേരളം മുൻപന്തിയിലായിരുന്നു; സംശയമെന്താ, ഇപ്പോഴല്ല; മിഷനറിമാരുടെ കാലം മുതൽ രാജഭരണ കാലത്തും അതിനുശേഷം ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളും ആരോഗ്യരംഗം നന്നായി ശ്രദ്ധിച്ചിരുന്നു. കേരളം ആരോഗ്യരംഗത്ത് ഒരുപാട് മുന്നോട്ടുപോയി. നാം അഭിമാനത്തോടെ പല സ്ഥലത്തും യൂറോപ്യൻ സ്റ്റാൻഡേർഡാണെന്നൊക്കെ കേരളത്തെക്കുറിച്ച് പ്രസംഗിച്ചിട്ടുണ്ട്. പക്ഷേ,

ഇപ്പോൾ കേരളത്തിലെ ആരോഗ്യരംഗം വിപരീത ദിശയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ആ യാഥാർഥ്യം നമ്മൾ തിരിച്ചറിയണം. സി.&എ.ജി.-യുടെ പെർഫോർമൻസ് ഓഡിറ്റിൽ പല രംഗങ്ങളിലും പരാജയം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ആരോഗ്യവകുപ്പിലെ സെക്കൻഡറി, ടെറിഷ്യറി കെയർ വിഭാഗങ്ങൾ കഴിഞ്ഞ പത്ത് കൊല്ലമായി തകർന്നുകൊണ്ടിരിക്കുകയാണ്. സി.&എ.ജി.-യുടെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ഒന്നുവായിച്ചുനോക്കൂ; കേരളത്തിലെ സെക്കൻഡറി രംഗവും ടെറിഷ്യറി രംഗവും വളരെധികം തകർച്ചയിലൂടെയാണ് മുന്നോട്ടുപോകുന്നത്. വലിയ ഷോർട്ട് ഫാൾസാണ് ടി റിപ്പോർട്ടിലൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പെർഫോർമൻസ് ഓഡിറ്റ് എന്നത് സൂക്ഷ്മമായ പരിശോധന നടത്തി പുറത്തുവരുന്ന റിപ്പോർട്ടാണ്. അത് രാഷ്ട്രീയപ്രേരിതമായ റിപ്പോർട്ടല്ല. ഉദ്യോഗസ്ഥർ ആശുപത്രികളിൽ പോയി പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടാണ്. ഇപ്പോൾ പല ജില്ല/ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും അടിയന്തര ചികിത്സ ലഭിക്കുന്നില്ല. അപകടം സംഭവിച്ചാലോ അടിയന്തര രോഗം പിടിപെട്ടാലോ രോഗികൾ മെഡിക്കൽ കോളേജിലേയ്ക്കോ സ്വകാര്യ ആശുപത്രിയിലേയ്ക്കോ പോകേണ്ട അവസ്ഥാണുള്ളത്. അതുകൊണ്ടുകൂടിയാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്രയധികം തിരക്കുണ്ടാകാൻ കാരണം. താഴെത്തട്ടിലുള്ള ആശുപത്രികളിൽ ആവശ്യമായ ട്രീറ്റ്മെന്റ് ലഭിക്കാത്തതുകാരണമാണ് മെഡിക്കൽ കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നത്. പല സ്ഥലത്തും ഇതാണ് അവസ്ഥ. മുമ്പ് താലൂക്ക് ആശുപത്രികളിൽ കൃത്യമായി പോസ്റ്റ്മോർട്ടം

നടന്നിരുന്നു. എന്നാൽ ഇപ്പോൾ വിവിധ സ്ഥലങ്ങളിൽനിന്നും പോസ്റ്റുമോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയാണ്. ആരെങ്കിലും അത് പരിശോധിച്ചിട്ടുണ്ടോ? ഞാൻ 25 വർഷമായി നിയമസഭാ സാമാജികനായി തിരഞ്ഞെടുക്കപ്പെട്ടൊരാളാണ്. താലൂക്ക് ആശുപത്രികളിൽ ചെയ്യാവുന്ന നിസ്സാര പോസ്റ്റ്മോർട്ടംപോലും മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുകയാണ്. പെരുമ്പാവൂരിൽ ഒരു സംഭവമുണ്ടായി. പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തൊരു കേസ് അവിടെനിന്നും തിരിച്ചയച്ചു. തുടർന്ന് പരാതിയുണ്ടായപ്പോൾ വീണ്ടും മെഡിക്കൽ കോളേജിലേയ്ക്ക് തിരിച്ചയച്ചു. ഒരാളുടെ മൃതദേഹമാണ് പോസ്റ്റ്മോർട്ടത്തിനായി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ചികിത്സാ സംവിധാനത്തിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ കാര്യം ഞാനിവിടെ പറഞ്ഞുവല്ലോ? തിരുവനന്തപുരം മെഡിക്കൽ കോളേജിലും മറ്റ് പല മെഡിക്കൽ കോളേജുകളിലും ഒരു കട്ടിലിൽ മൂന്ന് രോഗികളെയാണ് കിടത്തി ചികിത്സിക്കുന്നത്. ആശുപത്രികളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളില്ല; സ്റ്റാഫുകളില്ല; സ്റ്റാഫ് പാറ്റേൺ നോക്കുന്നില്ല; നിലവിലുള്ള ജീവനക്കാരെക്കൊണ്ട് ജോലികൾ ചെയ്തുതീർക്കാൻ കഴിയുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തെ കുറ്റപ്പെടുത്തി പറഞ്ഞുവല്ലോ? എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ ഒമ്പത് വർഷമായി ഇതിന്മേൽ എന്ത് പ്രോഗ്രസാണ് ഉണ്ടായിട്ടുള്ളത് ?

തിരുവനന്തപുരം ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്താൻ തീരുമാനിക്കുകയും അതിനായി കെട്ടിടം നിർമ്മിക്കുകയും ചെയ്തു. തൊട്ടടുത്ത മെഡിക്കൽ കോളേജിൽ ഒരു കട്ടിലിൽ മൂന്നുപേരെയാണ് കിടത്തി ചികിത്സിക്കുന്നത്. എന്നാൽ ഈ കെട്ടിടം ഇതുവരെ പ്രവർത്തിക്കാൻ അനുവദിച്ചിട്ടില്ല. ചരിത്രത്തിലാദ്യമായി മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടും പ്രവർത്തനം തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണ് തിരുവനന്തപുരത്തുള്ളത്. അവിടെ എന്താണ് നടക്കുന്നതെന്നറിയാമോ? അവിടെ ട്രോമാ കെയർ ടെയിനിങ് നടത്തുകയാണ്. മെഡിക്കൽ കോളേജ് പ്രവർത്തിക്കേണ്ട സ്ഥലമാണത്. തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ഓവർ ലോഡഡായതിനാൽ അത് പരിഹരിക്കുന്നതിനായി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി കൺവെർട്ട് ചെയ്ത് കെട്ടിടം നിർമ്മിക്കുകയും ആയതിന് മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുപോലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുകൊണ്ടുവന്നതാണെന്ന ഒറ്റ കാരണത്താൽ മഞ്ചേരി, ഇടുക്കി, വയനാട്, കോന്നി മെഡിക്കൽ കോളേജുകളോട് കടുത്ത അവഗണനയാണ് ഈ സർക്കാർ കാട്ടിയത്. കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ റിവേഴ്സ് റഫറലാണ് നടക്കുന്നത്. മെഡിക്കൽ കോളേജ് ആശുപത്രിയെന്നാൽ റഫറൽ ആശുപത്രിയാണ്. ഇപ്പോൾ കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ രോഗികളെത്തിയാൽ ജില്ലാ ആശുപത്രികളിലേക്ക് അയയ്ക്കുകയാണ്, അതായത്, റിവേഴ്സ് റഫറലാണ് ഇപ്പോൾ നടക്കുന്നത്. സാധാരണഗതിയിൽ ജില്ല, താലൂക്ക് ആശുപത്രികളിൽനിന്നും മെഡിക്കൽ കോളേജിലേക്കാണ് റഫർ

ചെയ്തിരുന്നതെങ്കിൽ കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ രോഗികളെത്തിയാൽ ജില്ലാ ആശുപത്രികളിലേക്ക് റിവേഴ്സ് റഫർ ചെയ്യുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. വയനാട് മെഡിക്കൽ കോളേജിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് നൂറ് കണക്കിന് രോഗികളെ റഫർ ചെയ്തുകൊണ്ടിരിക്കുകയാണ്. വയനാട് മെഡിക്കൽ കോളേജിൽ സ്പെഷ്യാലിറ്റി സംവിധാനമില്ല. ആഴ്ചയിൽ രണ്ട് ദിവസം മാത്രമേ കാർഡിയോളജി ഒ.പി. പ്രവർത്തിക്കുന്നുള്ളൂ. സി.ടി. സ്കാൻ മെഷീൻ കേടായിട്ട് ഒമ്പത് മാസമായി. പത്ത് പതിനഞ്ച് കിലോമീറ്റർ ദൂരമുള്ള അംബേദ്കർ സെന്ററിലോ കൽപ്പറ്റയിലോ പോയി സി.ടി. സ്കാൻ എടുത്തശേഷം തിരികെ ആശുപത്രിയിൽ വന്നാണ് റഫറൽ റിപ്പോർട്ട് വാങ്ങേണ്ടത്. വയനാട് ചുരമിറങ്ങുന്നിടത്ത് നിന്നാൽ ഇവിടെ നിന്ന് റഫർ ചെയ്തുപോകുന്ന വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് മനസ്സിലാകും. ഇതാണ് വയനാട് മെഡിക്കൽ കോളേജിന്റെ ദുരവസ്ഥ. കോന്നി മെഡിക്കൽ കോളേജിൽ അത്യാഹിതവിഭാഗംപോലും പ്രവർത്തിക്കുന്നില്ല. പത്തനംതിട്ട കളക്ടർ സഞ്ചരിച്ചിരുന്ന ഔദ്യോഗിക വാഹനം അപകടത്തിൽപ്പെട്ടപ്പോൾ കോന്നി മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുന്നതിനുപകരം പത്തനംതിട്ടയിലെ ഒരു സ്വകാര്യ ആശുപത്രിയിലാണ് ചികിത്സ തേടിയത്. അപകടമുണ്ടായ സ്ഥലത്തുനിന്ന് 200 മീറ്റർ മാത്രം അകലെ മെഡിക്കൽ കോളേജുള്ളപ്പോൾ ചികിത്സയ്ക്കായി കളക്ടറെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. ഇടുക്കി മെഡിക്കൽ കോളേജിലെ സ്ഥിതിയും വളരെ പരിതാപകരമാണ്. അതുകൊണ്ടുതന്നെ അവിടെയെത്തുന്ന രോഗികൾക്ക് കോട്ടയം, എറണാകുളം മെഡിക്കൽ കോളേജുകളെ ആശ്രയിക്കേണ്ടി

വരികയാണ്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സൗര്യമില്ല. കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി. മാത്രമല്ലേ പ്രവർത്തിക്കുന്നുള്ളൂ; ഒരു മെഡിക്കൽ കോളേജിന്റെ എന്ത് സംവിധാനമാണ് കാസർഗോഡ് മെഡിക്കൽ കോളേജിലുള്ളത്; ഒരു സംവിധാനവുമില്ല. നേരത്തെ കാസർഗോഡ് അംഗം അവിടത്തെ മെഡിക്കൽ കോളേജിന്റെ ദുരവസ്ഥയെപ്പറ്റി ബഹു. വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആരോ പരിഹസിക്കുന്നതുകേട്ടു. കാസർഗോഡ് മെഡിക്കൽ കോളേജിൽ യാതൊരു സംവിധാനവുമില്ലെന്നും അവിടെ ഒ.പി. മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നുമാണ് പറഞ്ഞത്. കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ചികിത്സയ്ക്കായി മംഗലാപുരത്തേക്കാണ് പോകുന്നത്. പത്തുവർഷം മുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയ മെഡിക്കൽ കോളേജുകളുടെ സ്ഥിതിപോലും പരിതാപകരമാണ്. ശ്രീ. എ. പി. അനിൽ കുമാർ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ പട്ടികജാതി വകുപ്പിൽനിന്നും തുക ചെലവഴിച്ച് മികച്ച രീതിയിൽ ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? പാലക്കാട് മെഡിക്കൽ കോളേജിന്റെ പരിതാപകരമായ അവസ്ഥ സംബന്ധിച്ച് എത്രയെത്ര പരാതികളാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ? എന്ത് അഡ്മിനിസ്ട്രേഷനാണ് അവിടെയുള്ളത്; എന്ത് സിസ്റ്റമാണ് അവിടെ വർക്ക് ചെയ്യുന്നത്.? ബഹുഭൂരിപക്ഷം ആളുകളും കേരളത്തിലെ സർക്കാർ ആശുപത്രികളെ ആശ്രയിക്കാനുള്ള കാരണമെന്താണ്; പല അംഗങ്ങളും ഇവിടെ പറഞ്ഞത് ശരിയാണ്. സ്വകാര്യ ആശുപത്രികളിൽ ചെലവ് വളരെ കൂടുതലാണ്. സാധാരണക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കുപോയാൽ അവിടുത്തെ ബില്ലടയ്ക്കാൻ അഞ്ച് മുതൽ പത്ത്

ലക്ഷത്തോളം രൂപയാണ് ചെലവാകുന്നത്; വീട് പണയപ്പെടുത്തിയാൽപോലും അത്രയും കാശ് കിട്ടുകയുമില്ല. അത്രയും വലിയ തുകയുള്ള ബില്ലാണ് സ്വകാര്യ ആശുപത്രികളിൽനിന്നും രോഗികൾക്ക് ലഭിക്കുന്നത്. അത് അവർക്ക് താങ്ങാവുന്നതിലും അപ്പുറമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ ഇനിയെത്ര സമയം വേണം?

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു മൂന്നുനാല് മിനിറ്റിനകം ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ ആശുപത്രികളെപ്പോലും ഇപ്പോൾ കമ്പനി ഭീമന്മാർ ടേക്ക് ഓവർ ചെയ്യുകയാണ്. അതുകൊണ്ടുതന്നെ അവിടുത്തെ ചികിത്സാ ചെലവ് ഇതിനേക്കാൾ വർധിക്കാൻ പോകുകയാണ്. സാധാരണക്കാരന് ഇത് താങ്ങാനാവില്ല. അതുകൊണ്ട് മെഡിക്കൽ കോളേജുകളിലെയും ജില്ലാ-താലൂക്ക് ആശുപത്രികളിലെയും ചികിത്സാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയില്ലെങ്കിൽ പാവപ്പെട്ടവർക്ക് ചികിത്സ ലഭിക്കാത്ത സാഹചര്യമുണ്ടാകും. അല്ലാതെ കേരളത്തിലെ ആരോഗ്യ മേഖലയെ ഇകഴ്ത്തികാട്ടാനോ സർക്കാർ മേഖലയുടെ ഇമേജ് കളയാനോ വേണ്ടി പറയുന്നതല്ല. സ്വകാര്യ ആശുപത്രികളിൽ ആളെ കൂട്ടാൻ വേണ്ടിയുള്ള പ്രതിപക്ഷത്തിന്റെ ശ്രമമാണെന്നും കോർപ്പറേറ്റ് ഭീമന്മാരെ സഹായിക്കാൻ വേണ്ടിയാണ് ഇവിടെ ഇങ്ങനെയൊരു ഉപക്ഷേപം അവതരിപ്പിച്ചതെന്നൊന്നും ഈ നിയമസഭയിൽ പറയരുത്. ആരോഗ്യ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയെപ്പറ്റി ഇവിടെയല്ലാതെ വേറെ എവിടെയാണ് പറയേണ്ടത്? ഇവിടെ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറായ സർക്കാർ നിലപാടിനെ സ്വാഗതം ചെയ്യുന്നു. ഗൗരവമുള്ള വിഷയമായതുകൊണ്ടല്ലേ ചർച്ചയ്ക്കെടുത്തത് ?

ഈ വിഷയം ചർച്ച ചെയ്യുമ്പോൾതന്നെ അതിനൊരു റിസൾട്ടുണ്ടാകണം. അല്ലാതെ ഇത് രാഷ്ട്രീയമായ വിമർശനമോ വകുപ്പുമന്ത്രിക്കെതിരെയുള്ള വ്യക്തിപരമായ വിമർശനമോ അല്ല. അങ്ങനെ കരുതരുത്. ആരോഗ്യ വകുപ്പിനെക്കുറിച്ച് എന്തുപറഞ്ഞാലും അത് മന്ത്രിയെ വ്യക്തിപരമായി വിമർശിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിചാരിക്കുന്നത്. ഗവൺമെന്റിനെ വിമർശിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കും അതിൽ ഉത്തരവാദിത്വമുണ്ട്. സിസ്റ്റം പരാജയം ആണെങ്കിൽ ആ സിസ്റ്റത്തിന് നേതൃത്വം കൊടുക്കുന്ന വകുപ്പുമന്ത്രിക്കും താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്കും അതിൽ ഉത്തരവാദിത്വമുണ്ട്. സിസ്റ്റം തകർന്നിരിക്കുകയാണെന്ന് രോഗികളല്ലല്ലോ പറയുന്നത്; ഡോക്ടർമാരല്ലേ പറയുന്നത്? പ്രതിപക്ഷം ഉന്നയിച്ച നിരവധി സംഭവങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്, ആശുപത്രികളിൽ ഡോക്ടർമാരുടെ അനാസ്ഥ വ്യാപകമാണ്. സ്റ്റാഫിന്റെ അപര്യാപ്തതയും മറ്റ് നിരവധി പ്രശ്നങ്ങളും നിലനിൽക്കുന്നുവെന്ന കാര്യം അറിയാം. സാധാരണ ഗവൺമെന്റുകൾ അധികാരത്തിൽ വരുമ്പോൾ ആശുപത്രികളിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ മാത്രം നാലായിരം മുതൽ അയ്യായിരം വരെ നിയമനം നടത്തിയിട്ടുണ്ട്. പുതിയ വേക്കൻസി ക്രിയേറ്റ് ചെയ്താണ് ആ അഞ്ചുകൊല്ലം നിയമനങ്ങൾ നടത്തിയത്. ഓരോ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഇങ്ങനെ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിരുന്നെങ്കിൽ ഈ മേഖലയിലെ ജീവനക്കാരുടെ എണ്ണം കൂടുമായിരുന്നു. ഇപ്പോൾ കേരളത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസ് അതായത്, ഒരസുഖം വന്നാൽ രോഗി സ്വന്തം പോക്കറ്റിൽനിന്നും

ചെലവാക്കേണ്ട തുക വർധിച്ചിരിക്കുകയാണ്. ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസിൽ ഇന്ത്യയിൽ നമ്പർ വൺ കേരളമാണ്. അറുപത് ശതമാനം മുതൽ എഴുപത് ശതമാനം വരെയാണ് കേരളത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസ്. ഒരാൾക്ക് ഒരു ലക്ഷം രൂപ ചെലവ് വരുന്നൊരു ചികിത്സയിൽ എഴുപതിനായിരം രൂപയോളം അയാളുടെ പോക്കറ്റിൽനിന്ന് ചെലവഴിക്കേണ്ടിവരികയാണ്. ആറുവർഷംമുമ്പ് തമിഴ്നാടിന്റെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസ് അറുപത്തിനാല് ശതമാനമായിരുന്നു. അവർ കഴിഞ്ഞ ആറുവർഷംകൊണ്ട് അത് മുപ്പത്തിരണ്ട് ശതമാനമാക്കി കുറച്ചു. ഇന്നിവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.മാരും ഒരു കാര്യം ആലോചിക്കുന്നത് നന്നായിരിക്കും; അതായത്, നമ്മൾ ഓഫീസിലുള്ള സന്ദർഭങ്ങളിൽ ഓരോ ആവശ്യങ്ങൾക്കായി നമ്മുടെ അടുത്തെത്തുന്നവരിൽ ഭൂരിഭാഗവും ആരാണ്? രോഗികളായ പാവപ്പെട്ട ആളുകളാണ് വരുന്നത്. ഒരു എം.എൽ.എ. എന്ന നിലയിൽ കൊച്ചിയിലെ ആശുപത്രികൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിൽ വിളിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. കാരണമെന്താണ്? ലക്ഷക്കണക്കിന് രൂപയുടെ ബില്ലാണ് രോഗികളായ അവർ അടയ്ക്കേണ്ടിവരുന്നത്. കൊച്ചിയിലെ എല്ലാ ആശുപത്രികളിലുംകൂടി ഞാൻ തന്നെ പത്തുമുപ്പത് ലക്ഷം രൂപ കൊടുക്കാനുണ്ട്. ചിലർ മരിച്ചുപോയാൽ മൃതശരീരം വീടുകളിലേയ്ക്ക് കൊണ്ടുപോകാനോ ആശുപത്രിയിലെ ബിൽ അടയ്ക്കാനോ അവരുടെ കയ്യിൽ കാശുണ്ടാവില്ല. എം.എൽ.എ. എന്ന നിലയ്ക്ക് ആശുപത്രി അധികൃതരെ വിളിച്ചുപറഞ്ഞ് ഗ്യാരന്റി കത്ത് കൊടുത്തശേഷമാണ് മൃതശരീരം വിട്ടുകൊടുക്കുന്നത്. ചിലപ്പോൾ അവർ എവിടുന്നെങ്കിലുമൊക്കെ കടം വാങ്ങി ബില്ലടയ്ക്കും,

ചിലപ്പോൾ അവർക്ക് അതിന് സാധിക്കാറില്ല. അത്രയധികം ബാധ്യതയാണ് വരുത്തിവയ്ക്കുന്നത്. എം.എൽ.എ.-മാരെന്ന നിലയിൽ നമുക്ക് ഇതൊക്കെ അറിയാം. കാരണം സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് ക്രമാതീതമായി വർധിച്ചു. എങ്ങനെയാണ് നമ്മൾ അതിനെ മറികടക്കേണ്ടത്? അതിനായി സർക്കാർ ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം; ഇപ്പോൾ ആരോഗ്യ കേരളം വെന്റിലേറ്ററിലാണ്. അവിടെനിന്നും പുറത്തുകൊണ്ടുവന്ന് പൂർണ്ണ ആരോഗ്യവതിയാക്കിയാൽ മാത്രമെ കേരളത്തിലെ പാവപ്പെട്ടവർക്ക് 'റൈറ്റ് റ്റു ഹെൽത്ത് കെയർ' സാധ്യമാകുകയുള്ളൂ. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ അതിലേക്ക് എത്തിക്കുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. പ്രതിപക്ഷമെന്ന നിലയിൽ അത്തരം കാര്യങ്ങളിലെല്ലാം ഞങ്ങൾ സഹകരിച്ചിട്ടുണ്ട്; എന്ത് നെഗറ്റിവിറ്റിയാണ് ആരോഗ്യ രംഗത്ത് ഞങ്ങൾ ചെയ്തിരിക്കുന്നത്? തെറ്റ് കണ്ടാൽ ചൂണ്ടിക്കാണിക്കും; അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സംസ്ഥാനത്തെ മെഡിക്കൽ കോളേജിൽ വ്യാപകമായി പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓപ്പറേഷൻ നടത്തിയതിനെത്തുടർന്ന് കത്രിക വയറിനുള്ളിലകപ്പെട്ട ഒരു സ്ത്രീയല്ലേ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ വീടിനുമുമ്പിൽ സത്യാഗ്രഹമിരിക്കുന്നത്. അവർ സമരം തുടങ്ങിയിട്ട് എത്ര നാളായി? ഒന്ന് സഹായിക്കണ്ടേ; അവർക്ക് ജീവിക്കാൻ നിവൃത്തിയില്ല. അഞ്ചുകൊല്ലം വയറ്റിൽ കത്രിക ചുമന്നുകൊണ്ട് നടന്നപ്പോൾ അവർ അനുഭവിച്ച വേദനയും കഷ്ടപ്പാടും ദുരിതവും ഓർക്കാൻപോലും സാധിക്കുന്നില്ല. എത്രപേരെ നിങ്ങൾ സഹായിക്കുന്നു? ഒരു ഫയൽ ക്യാബിനറ്റിൽ വച്ച്

"അവരുടെ ചികിത്സ ഞങ്ങൾ ഏറ്റെടുക്കും" എന്നുപറയാനുള്ള ഒരു മനസ്സ് കാണിക്കണ്ടേ? അതിനുള്ളൊരു മനസ്സുണ്ടോ; ഒരു സ്ത്രീയല്ലേ അവർ? നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ ചികിത്സാ പിഴവുമൂലം അഞ്ചുകൊല്ലം വയറ്റിൽ കത്രിക ഇട്ടുനടന്നതിലൂടെ അവർ അനുഭവിക്കുന്ന വേദനയും പ്രയാസവും സങ്കടവും മാറ്റുന്നതിന് ഒന്നുചേർത്തുപിടിച്ച് അവരോട് "നിങ്ങളുടെ ചികിത്സ മുഴുവൻ ഞങ്ങൾ നോക്കും" എന്നുപറയണ്ടേത് ഒരു ഗവൺമെന്റ് അല്ലേ? മനസ്സാക്ഷിയില്ലാത്ത ഗവൺമെന്റാണിത്. കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ ഇത്തരം പ്രശ്നങ്ങളിൽനിന്നും ആരോഗ്യ കേരളത്തെ രക്ഷിക്കാനുള്ള അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇടുക്കി മെഡിക്കൽ കോളേജിനെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് ഒരു ക്ലാരിഫിക്കേഷനുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. ഇടുക്കി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് പറയുമ്പോൾ ഹൈറേഞ്ച് പ്രദേശത്ത് പുതിയൊരു മെഡിക്കൽ കോളേജ് ആരംഭിച്ചാലുണ്ടാകാവുന്ന ചില ബാലാരിഷ്ടതകളുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ് പ്രസ്തുത മെഡിക്കൽ കോളേജ് ആരംഭിച്ചതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ആ സർക്കാരിന്റെ കാലഘട്ടത്തിൽതന്നെ ടി ആശുപത്രിക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നഷ്ടപ്പെട്ടിരുന്നു. തുടർന്ന് പിണറായി സർക്കാർ അധികാരമേറ്റ ഉടൻതന്നെ ഈ മെഡിക്കൽ കോളേജിലെ പോരായ്മകൾ സംബന്ധിച്ച് അദ്ദേഹത്തിനൊരു കത്ത് നൽകിയിരുന്നു. ആ കാലഘട്ടത്തിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കായിരുന്നു ആരോഗ്യ

വകുപ്പിന്റെ ചുമതല. ഒരു കാരണവശാലും യാതൊരുവിധത്തിലുമുള്ള പോരായ്മ അവിടെ ഉണ്ടാവില്ലെന്ന് ബഹു. വകുപ്പുമന്ത്രി ഉറപ്പുനൽകുകയും ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്തുതരികയും ചെയ്തു. തുടർന്ന് മെഡിക്കൽ കൗണ്സിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തി അംഗീകാരം നൽകിയശേഷമാണ് വിദ്യാർഥികൾക്ക് അവിടെ അഡ്മിഷൻ നൽകിയത്. അങ്ങനെ അഡ്മിഷൻ നൽകിയ വിദ്യാർഥികളുടെ ആദ്യ ബാച്ച് അടുത്ത വർഷം പഠനം പൂർത്തിയാക്കി പുറത്തിറങ്ങുകയാണ്. നിലവിൽ ഹോസ്റ്റൽ സംവിധാനമുൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെ ഒരുക്കിയിട്ടുണ്ട്. 17 കോടി രൂപ ചെലവഴിച്ച് അവിടേയ്ക്കുള്ള ഇന്റേണൽ റോഡുകൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഓക്സിജൻ പ്ലാന്റിലേക്ക് പോകുന്ന റോഡിനുണ്ടായിരുന്ന തകരാറുകൾ പരിഹരിക്കുന്നതിന് കഴിഞ്ഞ ആഴ്ചതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, അതിനോടനുബന്ധമായി നഴ്സിങ് കോളേജ് ആരംഭിക്കുകയും അവിടെ ധാരാളം കുട്ടികൾ അഡ്മിഷനെടുത്ത് പഠിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. പൊതുവായി ഞാൻ ഇക്കാര്യങ്ങൾ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. മറ്റ് പ്രശ്നങ്ങളില്ലെന്ന് വ്യക്തമാക്കാൻ വേണ്ടി മാത്രമല്ല, അവിടത്തെ ഒ.പി.യിൽ ഏകദേശം രണ്ടായിരത്തോളം പേർ ചികിത്സക്കായി എത്തുന്നുണ്ട്. നിലവിലുള്ള ഡോക്ടർമാർ എല്ലാവരുംതന്നെ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ട്. ഹൈറേഞ്ച് പ്രദേശമായതിനാൽ അവിടെ പ്രായോഗികവും പ്രാദേശികവുമായ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നത് സത്യമാണെങ്കിലും പ്രസ്തുത മെഡിക്കൽ കോളേജ്

തുടർന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് യാതൊരു തടസ്സവും നിലവിലില്ലെന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ,

മി. സ്പീക്കർ: യെസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചതിനെപ്പറ്റിയല്ല ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട ആലപ്പുഴ അംഗം പ്രസംഗിച്ചപ്പോൾ 'യു.ഡി.എഫ്. മന്ത്രിസഭയിലെ ഒരാൾ സ്വകാര്യ ആശുപത്രി വാങ്ങി' എന്നൊരു പരാമർശം നടത്തുകയുണ്ടായി. യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു ആരോപണമാണത്. സഭയിലില്ലാത്ത ഒരാളെക്കുറിച്ചുള്ള ഗുരുതരമായൊരു ആരോപണമാണിത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, റൂൾ 50 പ്രകാരം നിയമസഭയിൽ ഇന്ന് പ്രതിപക്ഷം ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നത് വളരെ നല്ല കാര്യമമാണ്. 2016-നുമുമ്പ് കേരളത്തിൽ തകർന്ന് തരിപ്പണമായിരുന്ന ആരോഗ്യ മേഖലയെക്കുറിച്ച് ഓർക്കാനും ഈ കാലഘട്ടത്തിൽ ആരോഗ്യ മേഖലയെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ സമീപനവും കാഴ്ചപ്പാടും എന്താണെന്ന് മനസ്സിലാക്കാനും ഇവിടെ നടന്ന വിഷയാവതരണത്തിലൂടെയും ചർച്ചയിലൂടെയും സാധിച്ചു. ബഹുമാന്യനായ പ്രമേയാവതാരകൻ പ്രസംഗം നിർത്തുമ്പോൾ ഒരു വാചകം ഉദ്ധരിക്കുകയുണ്ടായി. "നിങ്ങൾ എന്തിനാണ് സർക്കാർ

ആശുപത്രിയിലേയ്ക്ക് പോയത്? നിങ്ങൾ സ്വകാര്യ ആശുപത്രിയിൽ പോയാൽ മതിയായിരുന്നില്ലേ" എന്ന് ചോദിച്ചതായി അദ്ദേഹം പറഞ്ഞു; നമ്മൾ ആ വാചകം പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ മണ്ഡലത്തിൽ അദ്ദേഹം പറഞ്ഞതുപോലെ,

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ... (മൈക്ക് ഓഫ്)

ശ്രീമതി വീണാ ജോർജ്ജ്: സർ, (...ബഹളം.....) അങ്ങ് പറഞ്ഞതുമാത്രമേ ഇവിടെ പറഞ്ഞുള്ളൂ. ഞാൻ സംസാരിക്കട്ടെ. (...ബഹളം.....) ഞാൻ വഴങ്ങാം. ഇപ്പോൾ ഞാൻ തുടങ്ങിയതല്ലേയുള്ളൂ. ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ മണ്ഡലമായ കുണ്ടറയിൽ ജനുവരി മാസം 19-ാം തീയതി വൻ ജനസമൂഹത്തെ സാക്ഷി നിർത്തി ബഹു. മുഖ്യമന്ത്രി പുതിയൊരു താലൂക്ക് ആശുപത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. (...ബഹളം.....) എന്നെ സംസാരിക്കാൻ അനുവദിക്കൂ... ബഹുമാനപ്പെട്ട കുണ്ടറ അംഗത്തിന് സംസാരിക്കാൻ അവസരം തരാം. ഞാൻ ഒരു വാചകം മാത്രമല്ലേ പറഞ്ഞുള്ളൂ. ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. ഞാൻ സംസാരിച്ചിട്ട് തീർച്ചയായിട്ടും വഴങ്ങാം. അങ്ങേക്ക് പറയാനുള്ളത് തീർച്ചയായും ഞാൻ കേൾക്കാം. ഞാൻ ഈ സഭയിൽ അല്ലേ പറയുന്നത്; തീർച്ചയായും വഴങ്ങാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.. (മൈക്ക് ഓഫ്)

ശ്രീമതി വീണാ ജോർജ്ജ്: സർ, എന്ത് പോയിന്റ് ഓഫ് ഓർഡർ? ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ്, അത് ശരിയല്ല; നിങ്ങൾ അങ്ങനെയല്ല പറഞ്ഞത്. നിങ്ങൾ ആദ്യം യീൽഡ് ചെയ്യാൻ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി യീൽഡ് ചെയ്തില്ല. മന്ത്രി പറഞ്ഞല്ലോ. Show some patience.

ശ്രീമതി വീണാ ജോർജ്ജ്: കണ്ടറയിൽ കിഫ്ബി പദ്ധതിയിലൂടെ നിർമ്മിച്ച താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്ക് ജനുവരി മാസം 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. വളരെ സ്ഥലപരിമിതിയുള്ള പഴയൊരു കെട്ടിടത്തിൽ സാമൂഹികാരോഗ്യ കേന്ദ്രം എന്ന ബോർഡ് മാത്രംവച്ച് പ്രവർത്തിച്ചിരുന്ന ഒരാശുപത്രിയെ 76 കോടി രൂപ ചെലവഴിച്ച് ബഹുനില കെട്ടിടമുള്ള ഒരു ആശുപത്രിയാക്കി മാറ്റി. പ്രസ്തുത ആശുപത്രിയെക്കുറിച്ച് ഇന്നീ സഭയിൽ സംസാരിക്കുമ്പോൾ 74 വയസ്സുള്ള ലക്ഷ്മിക്കുട്ടി എന്നൊരമ്മ അവിടെ ഡയാലിസിസ് ചികിത്സ നടത്തുകയാണ്. സ്വകാര്യ ആശുപത്രിയിലായിരുന്ന അവർ ഇതിനുമുമ്പ് ഡയാലിസിസ് ചെയ്തിരുന്നത്. സ്വകാര്യ ആശുപത്രിയിൽ 2000 രൂപ ചെലവഴിച്ച് ഡയാലിസിസ് ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് ഒരു രൂപപോലും ചെലവാക്കാതെ സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് ചെയ്യാൻ സാധിക്കുന്നുവെന്ന് ആ അമ്മ കണ്ണീരോടെ പറയുകയാണ്. ആ സ്വകാര്യ ആശുപത്രിയുടെ പേര് ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ 70 വയസ്സുള്ള മുരളീധരൻ നായർ എന്നൊരച്ഛനും അവിടെ ഡയാലിസിസ് ചെയ്യുന്നുണ്ട്. ഒരേ ഷിഫ്റ്റിലാണ് ഇവർ രണ്ടുപേരും അതേ ആശുപത്രിയിൽ ചികിത്സ തേടുന്നത്. അദ്ദേഹം കൊല്ലത്തുള്ളൊരു

സ്വകാര്യ ആശുപത്രിയിൽ 1800 രൂപാ നിരക്കിലാണ് ഡയാലിസിസ് ചെയ്തുകൊണ്ടിരുന്നത്. സ്വകാര്യ ആശുപത്രിയിൽ ഒറ്റ പ്രാവശ്യം ഡയാലിസിസ് ചെയ്യുന്നതിന് 1500 രൂപ മുതൽ 2000 രൂപ വരെ ചെലവാകുന്നുണ്ട്. ഇങ്ങനെ ആഴ്ചയിൽ മൂന്ന് ഡയാലിസിസ് വരെ ചെയ്യേണ്ടിവരുമ്പോൾ 4500 രൂപയും ഒരു മാസമാകുമ്പോൾ 18000 രൂപയും ഒരാൾക്ക് ചെലവാകുന്നുണ്ട്. സാധാരണക്കാരെ സംബന്ധിച്ച് ഇത് താങ്ങാനാവുന്നതിലും വലിയ തുകയാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ ഒരു ഡയാലിസിസ് യൂണിറ്റ് ഞാൻ ഉദ്ഘാടനം ചെയ്തിരുന്നു. സ്വകാര്യ ആശുപത്രിയിൽ ഒരു ഡയാലിസിസ് ചെയ്യുന്നതിനുള്ള 2000 രൂപയും അവിടേയ്ക്ക് എത്തുന്നതിനുള്ള വണ്ടിക്കൂലിയും മറ്റ് പ്രയാസങ്ങളും നേരിടുന്ന സാധാരണക്കാരായ പ്രായമേറിയ ആളുകൾക്ക് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിലൂടെ ഡയാലിസിസ് സൗകര്യം ഒരുക്കിക്കൊടുക്കുകയെന്നത് ഈ സർക്കാരിന്റെയും പ്രത്യേകിച്ച് ആരോഗ്യ വകുപ്പിന്റെയും നയമാണ്. 2016-ന് മുമ്പ് 12 ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 125 ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പരിശോധിക്കേണ്ടത് ആവശ്യമാണ്. 125 സർക്കാർ ആശുപത്രികളിലായി വിവിധ സ്കീമുകളിലൂടെ ഇന്ന് 3000 രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. അതിന്റെ സാമ്പത്തികവശം പരിശോധിച്ചാൽ കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ ഒരു ദിവസം സ്വകാര്യ ആശുപത്രികളിൽ 60 ലക്ഷം രൂപ ചെലവഴിച്ചിരുന്നുവെങ്കിൽ സർക്കാർ സംവിധാനത്തിലൂടെ

ഇന്നത് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. അതേസമയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കണ്ടറ നിയോജകമണ്ഡത്തിൽ കൊല്ലം ജില്ലയുടെയും പത്തനംതിട്ട ജില്ലയുടെയും ബോർഡറിൽ താമസിച്ചിരുന്ന വിദ്യ എന്ന പെൺകുട്ടിയുടെ കാര്യം ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഭർത്താവിന്റെ ആക്രമണത്താൽ കൈ രണ്ടായി വെട്ടി മാറ്റപ്പെട്ട പെൺകുട്ടിയേയുംകൊണ്ട് മാതാപിതാക്കൾ ഒരു സ്വകാര്യ ആശുപത്രിയിലെത്തിയപ്പോൾ ശസ്ത്രക്രിയയിലൂടെ കൈ തുന്നിപിടിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വേണമെന്നാണ് ആശുപത്രി അധീകൃതർ പറഞ്ഞത്. എന്നാൽ പ്രതിപക്ഷം ആക്ഷേപിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എട്ട് മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ അവിടത്തെ ഡോക്ടർമാർ ആ കൈകൾ തുന്നിച്ചേർത്തു. രക്തമൊഴുകിയിരുന്ന ആ കൈകൾ ചേർത്തുപിടിച്ച് അവരുടെ മകനെയും കൊണ്ട് ഈ സമൂഹത്തിൽ അന്തസ്സോടെയും ആത്മാഭിമാനത്തോടെയും അവൾ ഇന്നും ജീവിക്കുന്നു. ചില കാര്യങ്ങൾകൂടി ഞാനിവിടെ വായിക്കാം. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് അതായത് 2014 ഡിസംബർ മാസത്തിൽ അന്നത്തെ ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ മറുപടി നമുക്കൊന്ന് പരിശോധിക്കാം. അന്നത്തെ നിയമസഭാംഗമായ ശ്രീ. ജെയിംസ് മാത്യുവിന്റെ "ഇക്കാലയളവിനുള്ളിൽ ഇതുവരെ സർക്കാർ ആശുപത്രിയിൽ തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർ എത്ര; അവർ ആരെല്ലാം; അവർക്ക് എന്തൊക്കെ ധനസഹായം നൽകിയിട്ടുണ്ട്?" എന്ന ചോദ്യത്തിന് "അഞ്ചുപേർക്ക് തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. തിമിരശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ട

വിജയലക്ഷ്മി, രാജൻ, തങ്ക, ബാലൻ, കുട്ടപ്പൻ എന്നിവർക്ക് ആരോഗ്യ വകുപ്പിൽനിന്നും ധനസഹായം നൽകിയിട്ടില്ല." എന്ന മറുപടിയാണ് ബഹു. വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. അവർ പറഞ്ഞതുപോലെ കാഴ്ചയില്ലാത്തതിനാലാണ് തിമിര ശസ്ത്രക്രിയ ചെയ്തത്. അതേസമയം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇക്കഴിഞ്ഞ ശനിയാഴ്ച കോർണിയ ട്രാൻസ്പ്ലാന്റേഷൻ സർജറി നടത്തിയെന്ന കാര്യംകൂടി നാം ഓർക്കണം. കോർണിയ അതായത് നേത്രാന്ധത മാറ്റുന്നതിനുവേണ്ടി നേത്രപടലം മാറ്റിവച്ചു. രാജ്യത്ത് ആദ്യമായി ഒരു ജില്ലാശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ നടന്നിരിക്കുകയാണ്. ഇന്ന് ആ രോഗിക്ക് കാഴ്ചശക്തി തിരിച്ചു കിട്ടുകയും ഇപ്പോൾ സുഖപ്രാപിച്ച് വരികയുമാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ പ്രത്യേകിച്ച് പൊതുജനാരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മാറ്റം മനസ്സിലാക്കുന്നതിനായി വളരെ പെട്ടെന്ന് കുറച്ച് ചോദ്യോത്തരങ്ങൾകൂടി പരിശോധിച്ചുനോക്കാം. "മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ എത്ര നഴ്സുമാർ ജോലി നോക്കുന്നുണ്ട്; എത്ര ഒഴിവുണ്ട്?" എന്ന 2014-ലെ ശ്രീ. ജെയിംസ് മാത്യുവിന്റെ മറ്റൊരു ചോദ്യത്തിന് 1438 നഴ്സുമാരും 831 ഒഴിവുകളുണ്ടെന്നുമാണ് ബഹു. മന്ത്രി മറുപടി നൽകിയിരിക്കുന്നത്. ആകെ ആവശ്യമുള്ള നഴ്സുമാരുടെ എണ്ണത്തിന്റെ പകുതിപോലും തൽസ്ഥാനത്തില്ലെന്നത് ഇതിലൂടെ വ്യക്തമാണ്. യു.ഡി.എഫ്. ഭരണകാലത്തെ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. 2016 ഫെബ്രുവരി 12-ാം തീയതി ഉന്നയിച്ച "ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സ യഥാസമയം ലഭ്യമല്ലാത്തതുമൂലവും സർക്കാർ

ആശുപത്രികളിലെ ചികിൽസാ പിഴവുമൂലവും മരണപ്പെട്ടതും അംഗവൈകല്യം സംഭവിച്ചതും എത്ര പേർക്കാണ്?" എന്ന ചോദ്യത്തിന് നൽകിയിരിക്കുന്ന മറുപടി 16 പേർ എന്നാണ്. അടുത്ത ചോദ്യം പൊതു സമൂഹത്തെയാകെ ഞെട്ടിക്കുന്നതാണ്. "ഇക്കാലയളവിനുള്ളിൽ നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?" എന്ന ചോദ്യത്തിന് 950 പേർ എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ബഹുമാന്യനായ മൂവാറ്റുപുഴ അംഗം മാതൃമരണ നിരക്കിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. അതിന് തിരുവിതാംകൂർ കൊച്ചി രാജഭരണ കാലത്തെ കാര്യങ്ങളെക്കുറിച്ചൊന്നും പറയേണ്ടതില്ല; പത്ത് വർഷം മുമ്പുള്ള കാര്യങ്ങളിലേയ്ക്ക് പോയാൽ മാത്രം മതി. അന്നത്തെ മാതൃമരണ നിരക്ക് 43 ആയിരുന്നു. 950 മാതൃമരണമുണ്ടായെന്ന കണക്കാണ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ നൽകിയത്. വിശദമായ മറുപടികളിലേക്ക് വരുന്നതിനുമുമ്പ് ചില പത്രകട്ടിങ്ങുകൾകൂടി വായിക്കാം. "കേരളം ഐ.സി.യു.-വിൽ-രോഗികളെക്കൊണ്ട് തിങ്ങി നിറഞ്ഞ ആശുപത്രി വരാന്തയിൽ തളർന്ന് അവശയായി അവർ നിൽക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകളായി. ഇനിയും നിരവധിപേർ ക്യൂവിലുണ്ട്" എന്നു തുടങ്ങി പ്രസ്തുത റിപ്പോർട്ടിന്റെ അവസാനഭാഗമാകുമ്പോൾ 'പ്രമേഹസംബന്ധമായ അസുഖത്തിന് കിലോമീറ്ററുകൾ സഞ്ചരിച്ച് ഡോക്ടറെ കാണാനെത്തിയതാണ് വാമനപുരം സ്വദേശി പ്രഭ. മെഡിക്കൽ കോളേജായി കൊട്ടിഘോഷിച്ച് പ്രഖ്യാപനം നടത്തിയ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള കാഴ്ചയാണിത്. ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും മതിയായ

ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാതെയും ജനത്തിന്റെ കണ്ണിൽ പൊടിയിടാനായി ഒരാശുപത്രി' എന്നാണ് പറഞ്ഞിരിക്കുന്നത്. 2015-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് പ്രസിദ്ധീകരിച്ചൊരു പത്രവാർത്തയാണിത്. അടുത്ത വാർത്ത; "രൂക്ഷ വിമർശനവുമായി മനുഷ്യാവകാശ കമ്മീഷൻ, കൊച്ചിൻ ക്യാൻസർ സെന്റർ ജലരേഖയായി." (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു). ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ഇവിടെയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ജില്ലയായ എറണാകുളത്ത് മധ്യകേരളത്തിലെ ഏറ്റവും വലിയ ക്യാൻസർ സെന്ററായ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ ചടങ്ങിൽ പങ്കെടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിനാവശ്യമായ എക്യുപ്മെന്റ്സെല്ലാം ലഭ്യമാക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതൊരു ക്യാൻസർ റിസർച്ച് സെന്ററാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് പ്രഖ്യാപിച്ചെങ്കിലും ശിലാസ്ഥാപനംപോലും നിർവഹിക്കാതെ ജലരേഖയായി മാറിയ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടന ഘട്ടത്തിലെത്തി നിൽക്കുകയാണ്. അന്നത്തെ പത്രങ്ങളിൽ വന്ന മറ്റൊരു വാർത്ത ഇതായിരുന്നു; സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യമില്ല, അതായത് കാത്ത് ലാബുകളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. "സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യമില്ല, രോഗികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കുന്നു. 250 ലാബുകൾ തുടങ്ങുമെന്ന

പ്രഖ്യാപനം നടപ്പായില്ല. " ജില്ലാ ആശുപത്രികളിൽ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ഒരുക്കിയതിനെക്കുറിച്ച് നമ്മൾ ഇവിടെ സംസാരിക്കുമ്പോൾ, ഇത് പത്ത് വർഷം മുമ്പ് മാതൃഭൂമിയിൽ വന്ന വാർത്തയാണെന്ന കാര്യം നാം ഓർക്കണം. ഇന്ന് കേരളത്തിലെ എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിൽ ലാബ് നെറ്റ്വർക്കിങ് സംവിധാനമൊരുക്കിയിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽകോളേജുകളിലെ കാത്ത് ലാബുകളിൽ ഏതെങ്കിലും ഒന്ന് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയതാണോ ? (....ബഹളം.....) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ എവിടെയെങ്കിലും യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് കാത്ത് ലാബുകൾ ആരംഭിച്ചിട്ടുണ്ടോ? ഒരെണ്ണംപോലും പോലും ആരംഭിച്ചിട്ടില്ല. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ശ്രീ. പി. സി. വിഷ്ണുനാഥ് പ്രസംഗിച്ചപ്പോൾ ഭരണപക്ഷം ഒന്നുംമിണ്ടാതെ ക്ഷമാപൂർവം കേട്ടിരുന്നില്ലേ? (....ബഹളം.....)

ശ്രീമതി വീണാ ജോർജ്ജ്: സർ, എല്ലാ മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് സൗകര്യമുള്ള സംസ്ഥാനമായി കേരളം മാറി. കാസർഗോഡ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് 2014 ജൂൺ മാസത്തിൽ നിയമസഭയിൽ ഉന്നയിച്ചൊരു വിഷയമാണ്. 2013-ൽ കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിച്ചുവെന്നാണ് പ്രതിപക്ഷം പറയുന്നത്. 'കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽകോളേജ് തറക്കല്ലിടലിൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ ഉറങ്ങുന്ന ആളെ ഉണർത്തി ഊണില്ലെന്ന് പറയേണ്ടിവരുന്നുവെന്ന് ആലോചിച്ചുപോകുകയാണ്.' എന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് അന്ന് പറഞ്ഞത്. 2013

നവംബർ 30-ന് കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബദിയഡുക്കയിൽ നടന്ന ചടങ്ങ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ഓർക്കുന്നുണ്ടാകും. അങ്ങ് ആ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം നടത്തിയത്. സൂര്യൻ ഉദിച്ചുവരുന്നതിനുമുമ്പുതന്നെ ഇത്രയും ആളുകൾ ഗ്രാമപ്രദേശത്ത് തടിച്ചുകൂടിയത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ അത്ഭുതപ്പെട്ടിരുന്നു. കാസർഗോഡ് ജില്ലയിലെ പാവപ്പെട്ട ജനത മെഡിക്കൽകോളേജ് എന്ന ആശയം എത്രമാത്രം നെഞ്ചിലേറ്റുന്നുവെന്നതിന്റെ തെളിവായിരുന്നു ആ ജനക്കൂട്ടം. ഇന്ന് അവിടത്തെ ജനങ്ങൾ നിരാശയിലാണ്. 2014-ൽ അന്നത്തെ വകുപ്പുമന്ത്രിയോട് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യമാണിത്. എന്നാലിപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിച്ചുകഴിഞ്ഞു. പത്തനംതിട്ടയിലും ഇടുക്കിയിലും വയനാടും കാസർഗോഡും ഇന്ന് മെഡിക്കൽ കോളേജുകളുണ്ട്. അത് 2015-ൽ ഇടുക്കിയിൽ ആരംഭിച്ചതുപോലുള്ള മെഡിക്കൽ കോളേജല്ല. ഇടുക്കി മെഡിക്കൽ കോളേജിന്റെ അന്നത്തെ അവസ്ഥയെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറഞ്ഞല്ലോ. യു.ഡി.എഫ്.-ന്റെ കാലത്ത് 50 സീറ്റുകളോടെ ആരംഭിച്ച മെഡിക്കൽ കോളേജിന് അത്രയും കുട്ടികളെ പഠിപ്പിക്കാനാവശ്യമായ സൗകര്യമില്ലെന്ന് മനസ്സിലാക്കിയ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ടി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കുകയുണ്ടായി. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നഷ്ടപ്പെട്ടതിനെത്തുടർന്ന് വഴിയാധാരമായ വിദ്യാർഥികളെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വിവിധ മെഡിക്കൽ കോളേജുകളിൽ പഠിപ്പിച്ചു. മാത്രമല്ല, കേരളത്തിൽ

ചരിത്രംകുറിച്ചുകൊണ്ട് 2022-ൽ ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുകയും അടുത്തവർഷം ആദ്യത്തെ എം.ബി.ബി.എസ്. ബാച്ച് പഠനം പൂർത്തീകരിച്ച് ഇറങ്ങുകയുമാണ്. ഇതിനുപുറമെ, അവിടെ നഴ്സിങ് കോളേജും ആരംഭിച്ചുകഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് 50 നഴ്സിങ് സീറ്റുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 100 കുട്ടികളാണ് അവിടെ പഠിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജും നഴ്സിങ് കോളേജുമില്ലാതിരുന്ന 7 ജില്ലകളിൽ മെഡിക്കൽ കോളേജുകളും നഴ്സിങ് കോളേജുകളും അനുവദിച്ചു. ഏറ്റവുമധികം പി.ജി. സീറ്റുകൾ ഈ കാലഘട്ടത്തിലാണ് അനുവദിക്കപ്പെട്ടത്. അതുപോലെതന്നെ ഫെലോഷിപ്പ് പ്രോഗ്രാമുകളുടെ കാര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗത്തിൽ ഇന്റർവെൻഷണൽ ന്യൂറോളജിയിലും കോട്ടയം മെഡിക്കൽ കോളേജിലും ഫെലോഷിപ്പ് പ്രോഗ്രാമുകൾ ആരംഭിച്ചു. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ദേശീയ റാങ്കിങ്ങിൽ ആദ്യമായി സംസ്ഥാന മെഡിക്കൽ കോളേജുകളും ഡെന്റൽ കോളേജുകളും ഉൾപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. മെഡിക്കൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞതൊന്നും ഞാൻ ഇവിടെ വായിക്കുന്നില്ല. അതെല്ലാം രേഖകളാണല്ലോ. "രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നു. കാലവർഷത്തിന്റെ വരവോടുകൂടി സംസ്ഥാനത്ത് മരുന്ന് വിതരണം തടസ്സപ്പെടുന്നത് ഗൗരവമേറിയ വിഷയമായി മാറിയിരിക്കുകയാണ്. ലോക്കൽ പർച്ചേസ് ഇനത്തിൽ ലക്ഷകണക്കിന് രൂപ സർക്കാരിന് നഷ്ടപ്പെടുന്നുണ്ട്" എന്ന അന്നത്തെ

പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയ്ക്കുശേഷം "ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമല്ല" എന്ന് യു.ഡി.എഫ്.-ലെ തന്നെ ബഹുമാനപ്പെട്ട ഒരംഗം പിന്നീട് പറയുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയുടെ ചരിത്രത്തിൽ ഏറ്റവും വലിയ മാറ്റമാണ് ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ളത്. ഈ മേഖലയിൽ ഓരോ അംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി സംസാരിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ അവ ഓരോന്നും ഞാനിവിടെ വിശദീകരിക്കാം. പറവൂർ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുകയും 37 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നത്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ കഴിഞ്ഞ പത്ത് വർഷമായി വലിയ മാറ്റങ്ങളുണ്ടായെന്നും പറവൂർ നിയോജകമണ്ഡലത്തിലെ ആശുപത്രിയിൽ കൂടുതൽ ആളുകൾ എത്തുന്നുണ്ടെന്നും ഒരു ഇന്റർവ്യൂവിൽ അദ്ദേഹം പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എതെങ്കിലും ജനറൽ ആശുപത്രിയിൽ ഐ.സി.യു. ഉണ്ടോയെന്ന് ഇവിടെ ഒരംഗം ചോദിക്കുകയുണ്ടായി. അത് അറിയണമെങ്കിൽ തൊട്ടടുത്തുള്ള തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്കോ അദ്ദേഹത്തിന്റെ ജില്ലയായ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്കോ പോയാൽ മതി. രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയശേഷം 30 ദിവസത്തിലധികം ആ പെൺകുട്ടി ഐ.സി.യു. നിരീക്ഷണത്തിലാണ്

കഴിഞ്ഞിരുന്നത്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ 9 പേരെയും എറണാകുളം ജനറൽ ആശുപത്രിയിലെ ഐ.സി.യു.-വിലാണ് സംരക്ഷിച്ചത്. അവരൊക്കെ ഇപ്പോഴും സുഖമായി ജീവിക്കുന്നു. ജില്ലാ-ജനറൽ ആശുപത്രികളിൽ ഐ.സി.യു. സംവിധാനവും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളുമുൾപ്പെടെ ലഭ്യമാക്കിട്ടുണ്ട്. ECRP-II-ൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ മണ്ഡലത്തിലുൾപ്പെടെ ഹൈ ഡിപ്പെൻഡൻസി യൂണിറ്റുകൾ സ്ഥാപിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. അതുപോലെ മലപ്പുറത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച പ്രതിപക്ഷ നിരയിൽ ഇപ്പോൾ ആകെ 6 അംഗങ്ങൾ മാത്രമേയുള്ളൂ. ഈ വിഷയത്തിന്മേൽ പ്രതിപക്ഷത്തിന് അത്ര അടിയന്തര പ്രാധാന്യമേയുള്ളൂവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് തുടങ്ങിയപ്പോൾതന്നെ ഞാൻ എന്റെ പ്രസംഗത്തിന്റെ അവസാനം 'അവർക്ക് സ്വകാര്യ ആശുപത്രിയിൽ പോയിക്കൂടായിരുന്നോ' എന്ന രൂപത്തിൽ ഇവിടെ വ്യാഖ്യാനിക്കുകയുണ്ടായി. ഞാൻ എന്താണ് പറഞ്ഞതെന്ന് ബഹുമാനപ്പെട്ട സ്പീക്കറും ഇവിടെയിരിക്കുന്ന അംഗങ്ങളും കേട്ടതാണ്. മരണപ്പെട്ട വേണുവിന്റെ ഭാര്യ സിന്ധു പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന് പരാതികൊടുത്തതിനെത്തുടർന്ന് കൊല്ലത്തുവച്ച്

നടത്തിയ അദാലത്തിൽ പങ്കെടുക്കവെ, അവിടെയുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥനാണ് സിന്ധുവിനോട് 'നിങ്ങൾ എന്തിനാണ് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയത്, ജീവൻ രക്ഷിക്കാനായിരുന്നെങ്കിൽ ഏതെങ്കിലും സ്വകാര്യ ആശുപത്രിയിലേയ്ക്ക് പോയാൽ പോരായിരുന്നോയെന്ന് ചോദിച്ചതായി വളരെ വേദനയോടുകൂടി അവർ ഇന്ന് രാവിലെ എന്നോട് പറഞ്ഞ' കാര്യമാണ് ഞാൻ ഇവിടെ ക്വാട്ട് ചെയ്തത്. യഥാർഥത്തിൽ കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 284(ii) പ്രകാരം ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശം നീക്കം ചെയ്യേണ്ടതാണ്. ടി പരാമർശം നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല; വേണമെങ്കിൽ ബഹു. സ്പീക്കർക്ക് അത് നീക്കം ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ക്വാട്ട് ചെയ്ത കാര്യത്തിന്മേൽ ഒരു ക്ലാരിഫിക്കേഷൻ വരുത്തിയതാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് പറഞ്ഞതുപോലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് യാതൊരു അടിയന്തര സ്വഭാവവുമില്ലെന്നതാണ് ശൂന്യമായി കിടക്കുന്ന പ്രതിപക്ഷ ബഞ്ചുകൾ സൂചിപ്പിക്കുന്നത്. പറയുന്നതെല്ലാം തെറ്റാണെന്ന് അവർക്കുതന്നെ അറിയാം. യാതൊരു അടിയന്തര പ്രാധാന്യവുമില്ലാത്തൊരു വിഷയമാണിത്. കാരണം, പ്രതിപക്ഷത്തിരിക്കുന്ന ഓരോരുത്തരും ഇതിന്റെ ഗുണഫലങ്ങൾ നേരിട്ട് അനുഭവിക്കുന്നവരാണ്. ഇതുസംബന്ധിച്ച് ചില വസ്തുതകൾകൂടി പരിശോധിക്കാം. ശ്രീ. പി. ഉബൈദുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ കെട്ടിട

നിർമ്മാണത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇന്നലെ അങ്ങേയ്ക്ക് നൽകിയ മറുപടിയിൽ അതുസംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. മലപ്പുറം നഗരസഭയ്ക്കാണ് അതിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അതേത്തുടർന്ന് 05-01-2026-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും മലപ്പുറം നഗരസഭ പദ്ധതി ചെലവിൽ കുറവ് വരുത്താതിരുന്നത് പുനഃപരിശോധിച്ച് പദ്ധതിയുടെ നിർദേശവുമായി പൊരുത്തപ്പെടുന്ന തരത്തിൽ വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് നൽകണമെന്നും പറഞ്ഞിട്ടുണ്ട്. അക്കാര്യം പരിശോധിച്ച് കൃത്യമായ രേഖകൾ നൽകണമെന്ന് ബഹു. അംഗം നഗരസഭ അധികൃതരോട് ആവശ്യപ്പെടണം. മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിലെ പോസ്റ്റുമോർട്ടം സംബന്ധിച്ച കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ ഡോ. ആനന്ദൻ ടി. പി.-യും മറ്റുള്ളവരും ഫയൽ ചെയ്ത ഒരു കേസിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ചിരിക്കുകയാണ്. സ്റ്റേ നിലനിൽക്കുന്നതുകൊണ്ട് അവിടെ പോസ്റ്റുമോർട്ടം നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏതാണ്ട് 140 കോടിയിലധികം രൂപ ഈ കാലഘട്ടത്തിൽ നൽകിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഡി.എച്ച്.എസ്.-ന്റെ കീഴിൽ രൂപീകരിച്ച തസ്തികകളിൽ 10 ശതമാനത്തോളവും മലപ്പുറത്താണ് നൽകിയിരിക്കുന്നത്. ഇപ്പോൾ നൽകിയിട്ടുള്ള തസ്തികകളെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. 2023-ൽ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചതിൽ 15 എണ്ണത്തോളം മലപ്പുറം ജില്ലയ്ക്കാണ് നൽകിയത്. ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റമാണ് കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തും ആരോഗ്യ

രംഗത്തുമുണ്ടായിട്ടുള്ളത്. കല്ലിട്ടുപോയ മെഡിക്കൽ കോളേജുകൾക്ക് പകരം കുട്ടികൾക്ക് ഇരുന്ന് പഠിക്കാൻ സാധിക്കുന്ന വിധത്തിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള ആശുപത്രികളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഒരുക്കിയിട്ടുള്ളത്. കാസർഗോഡ് ജില്ലിയിൽ കാത്ത് ലാബുണ്ട്; കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ 2500 ഓളം പ്രൊസീഡ്യുവറുകൾ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ നടത്താൻ സാധിച്ചു. വയനാട് കാത്ത് ലാബ് ശുപീകരിച്ചപ്പോൾ 80 വയസ്സുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു അമ്മയാണ് ആദ്യമായി ആൻജിയോപ്ലാസ്റ്റി ചെയ്ത് അവിടെനിന്നും സുഖമായി പുറത്തിറങ്ങിയത്. ഇത് കേരളത്തിലെ ആരോഗ്യ മേഖലയിലുണ്ടായ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. മാതൃമരണ നിരക്കിനെക്കുറിച്ച് ഇവിടെ പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് പറഞ്ഞുപോകാൻ ഞാനാഗ്രഹിക്കുകയാണ്. 2015-16-ൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ മാതൃമരണ നിരക്ക് 43 ആയിരുന്നുവെങ്കിൽ 2024-25-ൽ അത് 19 ആയി കുറഞ്ഞു. മാതൃമരണ നിരക്ക് 21 ആണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ; യു.ഡി.എഫിന്റെ ഭരണകാലത്തെ നിരക്കായ 43-ന്റെ പകുതി പോലും ഇപ്പോഴില്ലെന്ന വസ്തുത അദ്ദേഹം സമ്മതിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മാതൃ-ശിശു മരണനിരക്ക് കുറഞ്ഞുവരുന്നത് സംബന്ധിച്ച് ബഹു. മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മാതൃ-ശിശു മരണ നിരക്ക് കൂടിയെന്ന ഇന്നത്തെ എക്കണോമിക് റിവ്യൂവിലെ റിപ്പോർട്ടാണ് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത്. ഇതുസംബന്ധിച്ച്

ഗവൺമെന്റിന്റെ പക്കൽ ഒരു ഹെൽത്ത് ഡാറ്റയുണ്ടോ? അതായത്, കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഗവൺമെന്റ് ആശുപത്രികളിലേതിനെക്കാൾ കൂടുതൽ പ്രസവങ്ങൾ സ്വകാര്യ ആശുപത്രികളിൽ നടന്നിട്ടുണ്ട്. കേരളത്തിലെ എഴുപത് ശതമാനത്തോളം പ്രസവങ്ങളും ഇപ്പോൾ സ്വകാര്യ ആശുപത്രികളിലാണ് നടക്കുന്നതെന്ന വിവരങ്ങളടങ്ങിയ ഡാറ്റ ഗവൺമെന്റിന്റെ കൈയിലുണ്ടോ? മാതൃ-ശിശു മരണനിരക്ക് കുറയുന്നതിനുള്ള ഒരു പ്രധാന കാരണം ഈ ഷിഫ്റ്റാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Mr. Speaker: To the Chair to the Government, to the Chair to the Opposition എന്ന കാര്യം ഓർമ്മിപ്പിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ശിശുമരണനിരക്കെന്ന് പറയുന്നത് നിയോനേറ്റൽ മോർട്ടാലിറ്റി (neonatal mortality) അല്ല. ശിശുമരണ നിരക്കെന്ന് പറയുന്നത് വ്യത്യസ്തമാണ്; യു.ഡി.എഫ്.-ന്റെ കാലത്ത് 2015-16 കാലഘട്ടത്തിൽ ശിശുമരണ നിരക്ക് 6 ആയിരുന്നുവെങ്കിൽ ഈ കാലഘട്ടത്തിൽ 3-4 ശതമാനത്തിന്റെ ഇടയിലേക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചു. കേരളത്തിൽ ശിശുമരണനിരക്ക് എങ്ങനെയാണ് കുറയ്ക്കാൻ സാധിച്ചത്? പൊതുജനാരോഗ്യ രംഗത്തെ ഇടപെടലിലൂടെയാണ് അതിന് സാധിച്ചത്. ജനിക്കുമ്പോൾ കുഞ്ഞ് മരിക്കുന്നത് നിയോനേറ്റൽ മോർട്ടാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. ശിശുമരണനിരക്കിൽ (Infant Mortality) പൊതുജനാരോഗ്യ ഇന്റർവെൻഷൻസുണ്ട്. രണ്ട് ഉദാഹരണം ഞാൻ പറയാം. ജന്മനാ ഹൃദയ വൈകല്യമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തി സൗജന്യമായി കാർഡിയോളജിക്കൽ

ഇന്റർവെൻഷൻ നടത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് 'ഹൃദ്യം'. നിലവിൽ ഏകദേശം ഒൻപതിനായിരത്തോളം കുഞ്ഞുങ്ങൾക്ക് അത്തരത്തിലുള്ള ഇന്റർവെൻഷൻ നടത്തിയിട്ടുണ്ട്. ഈ പദ്ധതി വലിയ രീതിയിൽ സഹായകമാണ്. മറ്റൊന്ന് 'KARE' (Kerala United Against Rare Diseases) പദ്ധതിയാണ്. സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച കോഴിക്കോടുള്ള പതിനെട്ട് വയസിൽ താഴെയുള്ള ഒരു കുട്ടിക്ക് (ആ മകളുടെ പേര് ഞാൻ പറയുന്നില്ല.) ഉൾപ്പെടെ ഇതുവഴി സഹായം ലഭിച്ചു. ഇത്തരത്തിൽ എസ്.എം.എ. ഉൾപ്പെടെയുള്ള അപൂർവ രോഗങ്ങൾ ബാധിച്ച നൂറുകണക്കിന് കുഞ്ഞുങ്ങളുണ്ട്. ഒരു വയൽ (vial) - ഒന്നര ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന മെഡിസിൻ സൗജന്യമായി നൽകുന്ന പദ്ധതി രാജ്യത്ത് ആദ്യമായി ആരംഭിച്ച സംസ്ഥാനം കേരളമാണ്. മറ്റൊരു സംസ്ഥാനവും ഇങ്ങനെയൊരു പദ്ധതി ആരംഭിച്ചിട്ടില്ല. മറ്റൊന്ന് 'ശലഭം' പ്രോജക്ടാണ്. കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ഏർളി ഡിറ്റക്ഷനിലൂടെ കണ്ടെത്തുന്നതിന് വേണ്ടിയാണ് ടി പദ്ധതി ആരംഭിച്ചത്. അമ്മയുടെ ഗർഭാവസ്ഥയിൽത്തന്നെ കുഞ്ഞിന് എന്തെങ്കിലും വൈകല്യമുണ്ടോയെന്ന് കണ്ടുപിടിക്കുന്ന ജനറ്റിക് പരിശോധന സ്വകാര്യ മേഖലയിൽ വലിയ ചെലവേറിയതാണ്. എന്നാൽ സർക്കാർ മേഖലയിൽ ആ പരിശോധന കൃത്യമായി നടത്തുന്നതിനുള്ള സൗകര്യവും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. എസ്.എം.എ. രോഗബാധ മുൻകൂട്ടി കണ്ടെത്തി ഫലപ്രദമായ ചികിത്സ നൽകിയ ആ കുഞ്ഞിന് ഇപ്പോൾ ഒരു വയസ് പൂർത്തിയാകുന്നു; അവൾ നടന്നുതുടങ്ങിയിട്ടുണ്ട്. ശിശുമരണനിരക്കിലെ കുറവ് കേരളത്തിന് അഭിമാനിക്കാവുന്ന കാര്യമാണ്. 2015-16-ലെ

പന്ത്രണ്ടിൽ നിന്ന് അഞ്ചിലേക്ക് എത്തിയെന്നത് ഏറെ അഭിമാനത്തോടുകൂടിയാണ് ഞങ്ങൾ പറയുന്നത്. ഇത് അഹങ്കാരമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം പറഞ്ഞത്. അങ്ങനെയല്ല, ഇത് അഭിമാനമാണ്. കേരളം ഒറ്റക്കെട്ടായി കൈകൾ കോർത്തുപിടിച്ച് നേടിയ നേട്ടമാണിത്. അമേരിക്കൻ ഐക്യനാടുകളിലെ പൊതുജനാരോഗ്യ സംവിധാനത്തെക്കാൾ ഏറെ മെച്ചപ്പെട്ടതാണ് കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനമെന്ന് അഭിമാനത്തോടുകൂടിയാണ് പറയുന്നത്. അവിടെത്തെ ശിശുമരണനിരക്ക് 5.6 ആണെങ്കിൽ കേരളത്തിന്റേത് 5 ആണെന്നത് ഓരോ കേരളീയനും അഭിമാനിക്കാവുന്ന കാര്യമാണ്. സ്പാനിഷ് വനിതയായ വ്ലോഗർ ആലപ്പുഴ ജില്ലാ ആശുപത്രി സന്ദർശിച്ചപ്പോഴുണ്ടായ ഒരനുഭവം ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചത് നാം കണ്ടിരുന്നു. ഐ.സി.യു.-വും മറ്റ് സൗകര്യങ്ങളുമില്ലെന്ന് പറഞ്ഞ ഒരു ജില്ലാശുപത്രിയിൽനിന്ന് പുറത്തിറങ്ങിയൊരു സ്പാനിഷ് വനിതയ്ക്കുണ്ടായ അനുഭവമാണ് അവർ ഇൻസ്റ്റാഗ്രാമിലൂടെ പങ്കുവച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ കണ്ട അവർ അത്ഭുതപ്പെട്ടുപോയി. തന്റെ രാജ്യത്ത് എട്ട് മാസത്തോളം കാത്തിരിക്കേണ്ടിവരുന്ന ഒരു കൺസൾട്ടേഷൻ കേരളത്തിൽ പത്ത് മിനിറ്റിൽ സാധ്യമായെന്നാണ് അവർ പറഞ്ഞത്. ഇത് അവരുടെ സാക്ഷ്യമാണ്. സൗജന്യ ചികിത്സാ പദ്ധതികളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ 8400-ൽ അധികം കോടി ജനങ്ങൾക്ക് സൗജന്യ ചികിത്സാ പദ്ധതിയിലൂടെ ഇക്കാലയളവിൽ സഹായം നൽകാൻ സാധിച്ചു. ഒരു കണക്കുകൂടി ഞാൻ പറയട്ടെ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാത്ത് ലാബുകളാണ് ഇല്ലാതിരുന്നതെങ്കിൽ ഇന്ന്

കാത്ത് ലാബുകളും അതിന്റെ നെറ്റ്വർക്കുമുൾപ്പെടെ സ്ഥാപിക്കുകയും എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. അതിന്റെ സാമ്പത്തികവശംകൂടി പരിശോധിച്ചു നോക്കുന്നത് നന്നായിരിക്കും. അതായത്, ഒരു ആൻജിയോപ്ലാസ്റ്റി സർജറിക്ക് സ്വകാര്യ മേഖലയിൽ നാല് മുതൽ അഞ്ച് ലക്ഷം വരെ രൂപ ചെലവുവരുന്ന സാഹചര്യത്തിൽ എല്ലായിടത്തും കാത്ത് ലാബുകൾ സ്ഥാപിച്ചതോടുകൂടി കേരളത്തിലെ മെഡിക്കൽ കോളേജുകളിലും ഡി.എച്ച്.എസ്. (ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്)-നുകീഴിലുള്ള ആശുപത്രികളിലുമുൾപ്പെടെയുള്ള കാത്ത് ലാബുകളിൽ ഒരു ദിവസം 100-നും 120-നും ഇടയിൽ ആൻജിയോപ്ലാസ്റ്റി സർജറികൾ നടക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ, അടിമാലി താലൂക്കാശുപത്രിയിലും ഇടുക്കി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും രണ്ട് മാസത്തിനുള്ളിൽ അത് സാധ്യമാവുകയും ചെയ്യും. നാലോ അഞ്ചോ ലക്ഷം രൂപ ചെലവുവരുന്ന സാഹചര്യം ഒഴിവാക്കി പ്രതിദിനം 100-120 പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയെന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണ നേട്ടമാണ്. ചികിത്സായിനത്തിൽ സ്വകാര്യ മേഖലയിലേക്ക് പോകുമായിരുന്ന പണം നഷ്ടപ്പെടുത്താതെയും ജനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാതെയും കരുതലോടെ പാവപ്പെട്ട ജനങ്ങളെ സംരക്ഷിച്ചത് ഇവിടത്തെ ഇടതുപക്ഷ സർക്കാരാണ്. ഇത്തരം സൗകര്യങ്ങൾ വന്നപ്പോൾ എന്ത് മാറ്റമാണുണ്ടായതെന്നുള്ളതുകൂടി നമ്മൾ പരിശോധിക്കേണ്ടതല്ലേ? നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സർവേ ഓഫീസിന്റെ സർവെ സംബന്ധിച്ച് നേരത്തെയും ഞാൻ പറഞ്ഞിട്ടുള്ളതാണ്.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സർവേ ഓഫീസിന്റെ രേഖകളനുസരിച്ച് ചികിത്സാച്ചെലവ് നേരത്തെയുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞു. അതായത്, ഗ്രാമീണ മേഖലയിൽ 17000-ൽനിന്ന് 10000 ആയും നഗര മേഖലയിൽ 23000-ൽനിന്ന് 13000 ആയും കുറഞ്ഞു. ആർക്കും സെർച്ച് ചെയ്യാവുന്ന ഗൂഗിളിൽ ലഭ്യമായ ഡാറ്റയാണിത്. എൻ.എസ്.എസ്.ഒ സർവെ ഡാറ്റയെന്ന് ഗൂഗിളിൽ സെർച്ച് ചെയ്താൽ ഇതുസംബന്ധിച്ച വിശദമായ ഡാറ്റ ലഭ്യമാകും. ഇത് 2024-ൽ പുറത്തുവന്ന ഡാറ്റയാണ്. കേരളത്തിലെ ആരോഗ്യ മേഖലയിലെ ചികിത്സാച്ചെലവിൽ ഇത്രയധികം കുറവുണ്ടായെന്നത് നാം പ്രത്യേകമായി കാണേണ്ടൊരു വസ്തുതയാണെന്നുള്ളത് ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കേരളത്തിന്റെ ആരോഗ്യരംഗത്തെക്കുറിച്ച് ഡോ. കമ്മത്ത് പറഞ്ഞൊരു കാര്യം ബഹുമാന്യനായ മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. പ്രസ്തുത പത്രവാർത്തയുടെ തലക്കെട്ട് മാത്രമെ ബഹു. അംഗം വായിച്ചുള്ളൂ എന്നെനിക്ക് സംശയമുണ്ട്. തലക്കെട്ട് മാത്രമല്ല അതിന്റെ കണ്ടന്റുകൂടി വായിച്ചുനോക്കണമെന്നാണ് അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ആരോഗ്യരംഗം അപകടകരമായ അവസ്ഥയിലാണെന്നാണ് അതിൽ പറയുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ കൃത്യമായി ഓർക്കുന്നില്ല. പക്ഷേ അത് ഇങ്ങനെയാണ്. അദ്ദേഹം പറഞ്ഞതിനെപ്പറ്റി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചു. വമ്പൻ കോർപ്പറേറ്റുകൾ/കോർപ്പറേറ്റ് ഭീമന്മാർ കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ മെജോറിറ്റി നിക്ഷേപം നടത്തിക്കഴിഞ്ഞുവെന്നാണ് അവർ പറയുന്നത്. അതു സംബന്ധിച്ച് പല ജില്ലകളുടെയും കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഒരു ബെഡിന് ഈ

വമ്പൻ കോർപ്പറേറ്റുകൾ രണ്ടര കോടി രൂപയാണ് ഇൻവെസ്റ്റ് ചെയ്തിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഒന്നര കോടി രൂപ ഇൻവെസ്റ്റ് ചെയ്യുമ്പോൾ കേരളത്തിൽ രണ്ടര കോടി രൂപ ഇൻവെസ്റ്റ് ചെയ്യുന്നു. ഇങ്ങനെയുള്ള കോർപ്പറേറ്റുകളുടെ വരവോടുകൂടി കേരളത്തിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട് ചെറിയ ആശുപത്രികളെ സഹായിക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. കോർപ്പറേറ്റുകൾ ആരോഗ്യമേഖലയിൽ ആധിപത്യം സ്ഥാപിക്കുന്നതിനെക്കുറിച്ചാണ് ഡോ. കമ്മത്ത് പറഞ്ഞത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കപ്പെടണമെന്നും ബില്ലുമായി ബന്ധപ്പെട്ട് ഏഴ് വർഷമായി ഇവിടെ ഒന്നും നടക്കുന്നില്ലെന്നുകൂടി പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ നിലവിലെ അവസ്ഥയെന്താണ്? ബില്ലുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ ബഹു. സുപ്രീംകോടതിയിൽ എത്തിയിരിക്കുകയാണ്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് നാളിതുവരെ ക്ലാരിറ്റി വരുത്താൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ചും പാവപ്പെട്ടവർക്കായുള്ള സൗജന്യ ചികിത്സ സംവിധാനം തകരാറിലായിരിക്കുകയാണെന്നും ആരോഗ്യരംഗം അപകടമുനമ്പിൽ നിൽക്കുകയാണെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. കേരളത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയടക്കം കൊണ്ടുവന്നതിന്റെ കാരണമെന്താണ്?

<u>മി. സ്പീക്കർ</u>: യെസ്..... പ്ലീസ്..... പ്ലീസ്.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ചുരുക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം കഴിഞ്ഞതാണ്. വീണ്ടും പ്രസംഗമൊന്നുമില്ല. യെസ്.... മിനിസ്റ്റർ പ്ലീസ്.....

ശ്രീമതി വീണാ ജോർജ്ജ്: സർ, സമയപരിമിതിമൂലം ഡോ. കമ്മത്തിന്റെ വാചകങ്ങളുടെ രത്നച്ചുരുക്കം മാത്രം പറയാം. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ എത്തിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഈ ആക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി കേരളത്തിന് മുന്നോട്ടുപോകാമെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട കോടതി പറഞ്ഞിരിക്കുന്നത്. ഈ ബിൽ പാസാക്കിയ ഉടൻതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും അന്നുമുതൽ കേസ് നടത്തുകയുമാണ്. നിലവിൽ ടി കേസ് അന്തിമഘട്ടത്തിലെത്തിരിയിരിക്കുകയാണ്; പ്രസ്തുത ആക്ട് നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. സൗജന്യ ചികിത്സയെക്കുറിച്ച് പറഞ്ഞപ്പോൾ ബഹു. അംഗം പറയാതെപോയ കാര്യംകൂടി ഞാൻ പറയാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിവിധ സ്കീമുകളിലൂടെ നാൽപതിനായിരം കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപയുടെ ചികിത്സാ സഹായമാണ് ലഭിച്ചിരുന്നതെങ്കിൽ ഇന്ന് അതേസ്ഥാനത്ത് നാൽപ്പത്തിരണ്ടരലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടെന്ന വസ്തുത നാം കാണണം. അന്നത്തെ മുപ്പതിനായിരം രൂപയുടെ സ്ഥാനത്ത് ഇന്ന് അഞ്ച് ലക്ഷം രൂപയാണ് സൗജന്യ ചികിത്സാ സഹായമായി കേരളത്തിലെ സാധാരണക്കാർക്ക് ലഭിക്കുന്നത്. ബഹുമാനപ്പെട്ട വി. ഡി.

സതീശനും അന്നത്തെ എം.എൽ.എ.-മാരും പറഞ്ഞ വിഷയങ്ങളെക്കുറിച്ച് സമയപരിമിതിമൂലം ഞാൻ പരാമർശിക്കുന്നില്ല. കണക്കുകൾ ഒന്ന് പരിശോധിച്ച് നോക്കാം. 2012-ൽ ഡെങ്കിപ്പനിമൂലം സംസ്ഥാനത്ത് മരണമടഞ്ഞവരുടെ എണ്ണം എത്രയാണെന്ന് അറിയുമോ? അണ്ടർ റിപ്പോർട്ടിങ്ങുള്ള സമയമായിരുന്നുവെന്നുകൂടി (എല്ലാ കേസുകളും റിപ്പോർട്ട് ചെയ്യപ്പെടാത്ത സമയമായിരുന്നു) ഓർക്കണം. എന്നിട്ടുപോലും കേരളത്തിൽ അന്നത്തെ മരണനിരക്ക് 0.6 ആയിരുന്നുവെങ്കിൽ ഇന്ന് ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് 0.1 ആണ്. ഇതാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊതുജനാരോഗ്യ സംവിധാനത്തിലൂടെ ആർജിച്ച നേട്ടം. ഡെങ്കിപ്പനിയുടെ കാര്യത്തിൽ കേരളം പ്രോൺ ഏരിയയാണെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. ട്രോപ്പിക്കൽ ക്ലൈമറ്റുള്ള അതായത്, ഇടയ്ക്കിടയ്ക്ക് മഴ പെയ്യുന്ന ഒരു പ്രദേശമാണ് നമ്മുടേത്. എന്റെ വീടിനടുത്ത് കൊതുക് വളരുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ അത് നിർമ്മാർജ്ജനം ചെയ്യേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. രോഗം കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്യുകയെന്നതാണ് ആരോഗ്യ വകുപ്പ് ചെയ്തുവരുന്നത്. അതുമൂലം ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞു. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ; ലോകത്ത് ഈ മസ്തിഷ്ക അണുബാധയിൽ നെയ്ഗ്ലേരിയ ഫൗളേരി എന്ന സൂക്ഷ്മ അമീബയാണെങ്കിൽ 99 ശതമാനവും അക്കാന്തമീബയാണെങ്കിൽ 70 ശതമാനത്തിന് മുകളിലുമാണ് മരണനിരക്ക്. ഇവ ബ്രെയിൻ-ഈറ്റിങ് അമീബകളാണ്. എന്നാൽ, കേരളത്തിലെ മരണനിരക്ക് 23 ശതമാനമാണ്. ഈ രോഗം കണ്ടുപിടിച്ച 201 ആളുകളിൽ 23

ശതമാനം ആളുകളാണ് മരണപ്പെട്ടത്. രോഗം എങ്ങനെയാണ് കണ്ടുപിടിക്കുന്നത് എന്നതുസംബന്ധിച്ച് വളരെ വിശദമായി കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞതാണ്. കേരളത്തിലെ പ്രോട്ടോകോൾ/ഗൈഡ്ലൈൻ അനുസരിച്ച് മസ്തിഷ്കജ്വരം ബാധിച്ചാൽ അത് എന്തുകൊണ്ടാണെന്ന് കണ്ടുപിടിക്കണമെന്ന് ഇവിടത്തെ ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കണക്കുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ലോകത്ത് 70 ശതമാനത്തിനുമുകളിൽ മരണനിരക്കുള്ള രോഗമാണ് നിപ. എന്നാൽ 2023-ൽ കോഴിക്കോട് ജില്ലയിൽ അത് 33 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. WHO (World Health Organisation)-ടെ കണക്കനുസരിച്ച് ഇന്ത്യയിൽ കോവിഡുമൂലം 40 ലക്ഷത്തിലധികം ആളുകൾ മരണമടഞ്ഞപ്പോൾ വളരെ കണിശമായി കോവിഡ് കണക്കുകൾ റിപ്പോർട്ട് ചെയ്തതിലൂടെ ഏറ്റവും കുറവ് മരണ നിരക്കുള്ള സംസ്ഥാനമായി കേരളം മാറിയെന്നാണ് ഏറ്റവും പുതിയതും ആധികാരികവുമായ സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. എല്ലാ മേഖലയുമായും ബന്ധപ്പെട്ട് പൊതുജനാരോഗ്യ സംവിധാനത്തിൽ ഏകാരോഗ്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലുള്ള എല്ലാ ആശുപത്രികളിലും ഒന്നാന്തരം അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.മാർ അവരുടെ നിയോജകമണ്ഡലങ്ങളിൽ പോകുമ്പോൾ അവർ പരസ്യമായി പ്രസംഗിച്ച കാര്യങ്ങൾ public place-ൽ available ആണ്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ എന്റെ നിയോജകമണ്ഡലത്തിൽ ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ള ഒരു

കാലഘട്ടമുണ്ടായിട്ടില്ലെന്ന് പ്രതിപക്ഷ എം.എൽ.എ.മാർ ഉൾപ്പെടെ സാക്ഷ്യപ്പെടുത്തിയ സാഹചര്യമുണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യമേഖലയിൽ എല്ലാ കാര്യങ്ങളും പൂർണ്ണമായി എന്നതിനെക്കാൾ ചികിത്സാ മേഖലയിൽ ഇക്കഴിഞ്ഞ പത്ത് വർഷംകൊണ്ട് വലിയൊരു മാറ്റമുണ്ടായിട്ടുണ്ട്. പൊതുജനാരോഗ്യ സംവിധാനത്തിലും പകർച്ചവ്യാധി പ്രതിരോധത്തിലും health indice-ലുമൊക്കെ പ്രകടമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഈ മാറ്റങ്ങളൊക്കെ എവിടെനിന്ന് തുടങ്ങി എന്നല്ലേ ആലോചിക്കേണ്ടത്. പൊട്ടിപ്പൊളിഞ്ഞ, മരുന്നില്ലാതിരുന്ന, ഡോക്ടർമാരില്ലാതിരുന്ന ഒരു കാലഘട്ടത്തിൽനിന്നാണ് ഈ പുരോഗതി കൈവരിച്ചിരിക്കുന്നത്. ലാബ് സൗകര്യത്തെക്കുറിച്ച് നേരത്തെ പറഞ്ഞല്ലോ, 250 ലാബ് സ്ഥാപിച്ചില്ലെന്ന് ആക്ഷേപമുന്നയിച്ച സ്ഥാനത്ത് കാത്ത് ലാബുകളെക്കുറിച്ചും അവിടെയെത്തുന്ന രോഗികളെക്കുറിച്ചുമാണ് ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ആ നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യരംഗത്തെ മാറ്റിയെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് തീർച്ചയായും അഭിമാനകരമാണ്. ആരോഗ്യവകുപ്പിൽ ഒരു ഡിപ്പാർട്ടുമെന്റിന്റെ എച്ച്.ഒ.ഡി.-യായ ഡോ. ഹാരിസ് ഹസ്സനെക്കുറിച്ച് ഇവിടെ പറഞ്ഞു. പ്രോബ് എന്നത് consumable item ആയാണ് കണക്കാക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ രോഗികളിൽനിന്നും പണം ഈടാക്കിയാണ് പ്രോബ് വാങ്ങുന്നത്. ആ പ്രോബ് കേടായതിനെത്തുടർന്ന് ഒന്നോ രണ്ടോ ആളുകൾക്ക് procedure ചെയ്യാൻ കഴിഞ്ഞില്ലെന്നതാണ് അദ്ദേഹത്തെ വേദനിപ്പിച്ചത്. എന്നെ സംബന്ധിച്ചിടത്തോളം

ഡോക്ടർമാർ അങ്ങനെ ചിന്തിക്കുന്നത് വളരെ നല്ലൊരു കാര്യമായാണ് കരുതുന്നത്. ഇവിടത്തെ പ്രശ്നമെന്താണ്? പിറ്റേദിവസം ഒരു പത്രത്തിന്റെ മുൻപേജിൽ വന്ന വാർത്തയെന്താണ്? "ലജ്ജിക്കു കേരളമേ" എന്നാണ്. എന്തിനാണ്? സ്വകാര്യമേഖലയിൽ രോഗികൾതന്നെ ഈ പ്രോബ് വാങ്ങി നൽകുകയാണ് ചെയ്യുന്നത്. മുമ്പ് ഈ സംവിധാനമുണ്ടായിരുന്നില്ല; പുതിയ സംവിധാനത്തിൽ അത് ഏർപ്പെടുത്തുമ്പോൾ തീർച്ചയായും അത് അവിടെ മാത്രമല്ല എല്ലാ ഡിപ്പാർട്ടുമെന്റുകളെയും സംബന്ധിച്ചിടത്തോളവും നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ശ്രീമതി ഹർഷിനയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞല്ലോ; 2014-ലാണോ 2017-ലാണോ കത്രിക വയറിനുള്ളിൽ കുടുങ്ങിയത് എന്ന് കണ്ടെത്തുന്നതിന് പല പരിശോധനകൾ നടത്തിയെങ്കിലും ഡോക്ടർമാർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. തുടർന്ന്, ശ്രീമതി ഹർഷിനയുടെ വാക്കുകൾ വിശ്വാസത്തിലെടുത്തുകൊണ്ട് 2017-ലാണ് വയറ്റിൽ കത്രിക കുടുങ്ങിയതെന്ന് അംഗീകരിക്കുകയും പിന്നീട് ഈ സർക്കാരിന്റെ തുടക്കകാലത്ത് അത് കണ്ടുപിടിക്കുകയും ചെയ്തു. ശ്രീമതി ഹർഷിനയെ ഞാൻ നേരിൽ കാണുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇക്കാര്യം അറിയിച്ചപ്പോൾ മന്ത്രിസഭ മുമ്പാകെ ഈ വിഷയം കൊണ്ടുവരാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയിൽ ഈ വിഷയം കൊണ്ടുവരികയും

സമാശ്വാസ സഹായമായി രണ്ട് ലക്ഷം രൂപ ശ്രീമതി ഹർഷിനക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ ഇതിലുൾപ്പെട്ട ആരോഗ്യപ്രവർത്തകർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാനുള്ള അനുവാദം സർക്കാർ നൽകിയിരുന്നു. അതുസംബന്ധിച്ച് കേസ് നടക്കുന്നതിനാൽ കോടതി എന്ത് വിധിക്കുന്നോ അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ സർക്കാരിനും ആരോഗ്യ വകുപ്പിനും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഉത്തരവാദപ്പെട്ട സർക്കാർ എന്ന നിലയിൽ ടി വിഷയത്തിൽ ഇടപെടുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തതായി ഇവിടെ സൂചിപ്പിച്ചതുപോലെ വിളപ്പിൽശാല സ്വദേശിയായ 36 വയസ്സുള്ള യുവാവിന്റെ മരണം സംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. ഏതൊരു വേർപാടും മരണവും ദുഃഖകരമാണ്. ആ കുടുംബത്തോട് അനുശോചനം അറിയിച്ചുകൊണ്ട് അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. ശ്വാസതടസ്സം നേരിട്ടതിനെത്തുടർന്ന് 17-01-2026 പുലർച്ചെ 2.43-നാണ് 36 വയസ്സുള്ള യുവാവ് വിളപ്പിൽശാല സി.എച്ച്.സി.-യിൽ ഡോക്ടറെ കാണാനെത്തുന്നത്. അന്ന് പുലർച്ചെതന്നെ നെബുലൈസേഷൻ, ഓക്സിജൻ ഇൻഹലേഷനും dexa deriphyllin ഇൻജക്ഷനും നൽകിയശേഷം രോഗിയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. ഇക്കാര്യം അന്നത്തെ ആശുപത്രി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് ദിവസങ്ങൾക്കുശേഷം 19-01-2026-ന് പുലർച്ചെ 1:28:48-നാണ് ഈ യുവാവ് ഭാര്യയോടൊപ്പം വീണ്ടും സി.എച്ച്.സി.യിൽ എത്തുന്നത്. എന്നാൽ ആശുപത്രിയുടെ ഗേറ്റ് തുറന്നിരുന്നില്ലെന്നായിരുന്നു ആദ്യഘട്ടത്തിൽ പുറത്തുവന്ന വാർത്ത. CCTV ദൃശ്യങ്ങളിൽ ഈ യുവാവ് ആരോഗ്യ കേന്ദ്രത്തിലെ ഒ.പി.

വെയ്റ്റിങ് ഏരിയയിലേക്ക് ഭാര്യയ്ക്കൊപ്പം വന്ന് അവിടെ ഇരിക്കുന്നതാണ് കാണുന്നത്. അദ്ദേഹത്തിന്റെ ഭാര്യ ആരോഗ്യ പ്രവർത്തകരെ വിളിക്കാൻ പോകുന്നതായും കാണുന്നുണ്ട്. സുരക്ഷാകാരണങ്ങളാൽ ആശുപത്രിയുടെ ഗ്രിൽ അകത്തുനിന്നും അടച്ചിടുമെന്നാണ് ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. 1:30:27, അതായത് രണ്ട് മിനിറ്റിനുള്ളിൽതന്നെ ഈ രോഗിയെ ആശുപത്രിക്കകത്തേക്ക് കൊണ്ടുപോയി നെബുലൈസേഷൻ, ഓക്സിജൻ ഇൻഹലേഷൻ, dexa deriphyllin ഇൻജക്ഷൻ എന്നിവ നൽകുകയും ചെയ്തു. അതിനുശേഷം ഓക്സിജൻ നൽകാൻ സൗകര്യമുള്ള ആംബുലൻസിൽ 1:37:53-ന് രോഗിയെ കയറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നുവെന്നും എന്നാൽ അവിടെയെത്തുമ്പോഴേയ്ക്കും രോഗി മരിച്ചിരുന്നുവെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. സംഭവമുണ്ടായത് 19-01-2026-നാണെങ്കിലും 26-01-2026-നാണ് ഇ-മെയിൽ വഴി എനിക്ക് പരാതി ലഭിച്ചത്. പരാതി ലഭിച്ചയുടൻതന്നെ അന്വേഷണത്തിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രാഥമിക റിപ്പോർട്ടാണ് ഞാനിവിടെ പറയുന്നത്. ആശുപത്രി രേഖകളുടെയും സിസിടിവി ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിൽ സാധ്യമായ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകിയെന്നാണ് പ്രാഥമിക റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. കൂടാതെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽമാത്രമെ ഇക്കാര്യങ്ങൾ വ്യക്തമായി അറിയാൻ സാധിക്കുകയുള്ളൂ. ബിസ്മീറിന്റെ മരണവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ ഭാരതീയ ന്യായ സംഹിതയിലെ വകുപ്പ് 194 പ്രകാരം വിളപ്പിൽശാല പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പാലക്കാട് ഒരു കുഞ്ഞിന്റെ കൈ മുറിച്ചുമാറ്റിയ സംഭവം നമുക്കെല്ലാം വളരെ വിഷമമുള്ള കാര്യമാണ്. കാരണം പാലക്കാട് ആശുപത്രിയിൽ ഏഴ് ഓർത്തോപീഡീഷ്യൻമാരാണുള്ളത്. കൺസൾട്ടൻസ്, ജൂനിയർ കൺസൾട്ടൻസ്, ഓർത്തോയിൽ സ്പെഷ്യാലിറ്റിയുള്ള അസിസ്റ്റന്റ് സർജന്മാർ എന്നിവരെയുൾപ്പെടെ നിയമിച്ചുകൊണ്ട് എല്ലാ സൗകര്യങ്ങളോടുംകൂടി വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നൊരു ആശുപത്രിയാണിത്. കൂടാതെ ആരോഗ്യപ്രവർത്തകരെ അവിടെ നിയോഗിച്ചിട്ടുമുണ്ട്. ഒരു മാസം 40 മേജർ സർജറികളും 920 മൈനർ സർജറികളും പാലക്കാട് ജില്ലാ ആശുപത്രിയിൽ നടക്കുന്നുണ്ട്. ഒരു വർഷം 562 മേജർ സർജറികളും 9412 മൈനർ സർജറികളും അവിടെ നടക്കുന്നുണ്ട്. ഇപ്പോൾ അവിടെ ഈ കുഞ്ഞിന്റെ വിഷയം ശ്രദ്ധയിൽപ്പെട്ടയുടനെ പ്രാഥമിക അന്വേഷണം നടത്തുകയും പ്രശ്നമുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഷൻ പിൻവലിക്കണമെന്ന് പറഞ്ഞ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിന് നിർദ്ദേശം നൽകിയെങ്കിലും സസ്പെൻഷൻ തുടരുകയാണ്. വിദഗ്ധ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികളിലേയ്ക്ക് കടക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്, ഈ കുഞ്ഞിന് മന്ത്രിസഭ രണ്ട് ലക്ഷം രൂപ സമാശ്വാസമായി അനുവദിച്ചിരുന്നു. കൂടാതെ വനിതാ ശിശുവികസന വകുപ്പ് ഒരു മാസം 4,000/- രൂപ പിന്തുണ ധനസഹായം എന്ന നിലയിലും അതോടൊപ്പം മറ്റ് ചികിത്സാ സഹായങ്ങളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കുഞ്ഞിന്റെ കൈ

വളരുന്നതിനനുസരിച്ച് ഇപ്പോൾ വച്ചിരിക്കുന്ന കൈ മാറ്റിവയ്ക്കേണ്ടതായി വരും. എങ്ങനെയാണെങ്കിലും അത് ചെയ്തുകൊടുക്കുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. നേരത്തെ യു.ഡി.എഫ്. ഭരണകാലത്ത്, പതിനാറ് മരണങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള സംഭവങ്ങളോ ഉണ്ടായപ്പോൾ അന്നത്തെ സർക്കാർ സ്വീകരിച്ച നടപടി എന്തായിരുന്നുവെന്ന് വ്യക്തമായി അറിയാവുന്നതാണ്. വേണുവിന്റെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ വായിച്ചല്ലോ. ആരോഗ്യവകുപ്പ് എല്ലാ കാര്യങ്ങളെയും നിഷ്പക്ഷമായി കണ്ടുകൊണ്ട് ജനപക്ഷത്തുനിന്നുകൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കാനാണ് ശ്രമിക്കുന്നത്. തുടർന്നും അത്തരം നടപടികൾ തന്നെയായിരിക്കും സ്വീകരിക്കുന്നത്; ആരുടെയും മുഖംനോക്കാതെയുള്ള നടപടിയായിരിക്കും സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുകയാണ്. അതോടൊപ്പം ഒരു കാര്യംകൂടി പറയാനുണ്ട്. ആരോഗ്യ പ്രവർത്തകരെ അനാവശ്യമായി ആക്രമിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കാൻ പാടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, രാത്രി എട്ട് മണിക്കൂർ ശസ്ത്രക്രിയ നിർവഹിച്ച മെഡിക്കൽ കോളേജിലെ ഡോക്ടർമാർ, നിപബാധമൂലം മരണമടഞ്ഞ സിസ്റ്റർ ലിനി, കോവിഡുമൂലം മരണപ്പെട്ടവർ എന്നിവരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിലെ ആരോഗ്യരംഗം മുന്നോട്ടുപോകുന്നത്. അതിനാൽ അവരുടെ മനോവീര്യം തകർക്കുന്നതിനായുള്ള ഇത്തരം പ്രചരണങ്ങൾ ഒരു കാരണവശാലും ഉണ്ടാകാനിടയാകരുതെന്നും അതോടൊപ്പം ഇത്തരം

കാര്യങ്ങളിൽ കർശന നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകണമെന്നും സർക്കാർ കാണുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ദയവായി അവസാനിപ്പിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞ് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. കേരളത്തിലെ ആരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ച് യു.ഡി.എഫ്. - എൽ.ഡി.എഫ്. കാലഘട്ടങ്ങൾ താരതമ്യം ചെയ്തുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സംസാരിക്കുകയുണ്ടായി. കുണ്ടറയിൽ 76 കോടി രൂപയടക്കം ഓരോ ആശുപത്രികളിലും കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളല്ലേ നടക്കുന്നത്? അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി അനധികൃത സ്വത്ത് സമ്പാദിച്ചുവെന്ന പേരിൽ അദ്ദേഹത്തിനെതിരെ ഇപ്പോഴും കേസ് നിലനിൽക്കുന്നുണ്ട്. ആശുപത്രിയുടെയോ ആരോഗ്യ വകുപ്പിന്റെയോ ആസ്തിയല്ല വർധിച്ചത്, അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയുടെ ആസ്തിയാണ് വർധിച്ചതെന്ന് കേസുകൾ വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ ഡ്രൈവറും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണാൻ കഴിയും. ....(ബഹളം)... ഒരു കാര്യംകൂടി പറയാം, കേരളത്തിലെ സർക്കാർ ആശുപത്രികളെ തകർക്കുന്നതിനുള്ള ദുരുദ്ദേശ്യമാണ് കേരളത്തിലെ പ്രതിപക്ഷത്തിനുള്ളത്. അവരുടെ കാലത്തെപ്പോലെ പന്ത്രണ്ട് ആശുപത്രികളിൽ മാത്രം ഡയാലിസിസ് ചികിത്സ നടത്തിയാൽ മതിയോ? ഒരു ജില്ലാ ആശുപത്രിയിലും കാത്ത് ലാബില്ലാത്ത, ഒരു സർക്കാർ ആശുപത്രിയിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയില്ലാത്ത സാഹചര്യമുണ്ടാകണോ? ഈ കാലത്തെ അന്നത്തെ സ്ഥിതിയിലേക്ക്

തിരികെ കൊണ്ടുപോകാനാണ് അവർ ശ്രമിക്കുന്നത്. അത് അനുവദിക്കാൻ കഴിയില്ല. ഈ സർക്കാർ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന് പ്രത്യേകം പറഞ്ഞുകൊണ്ട് നിർത്തുന്നു. ....(ബഹളം)...

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ ഉപക്ഷേപം പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച.... തുടർച്ച

ശ്രീ. ലിന്റോ ജോസഫ്: സർ, ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചതിനുശേഷം ബഹു. മന്ത്രിയുടെ മറുപടി പൂർണ്ണമായും കേൾക്കാൻ സന്മനസ് കാണിക്കാതെ സഭയിൽനിന്നും ഇറങ്ങിയോടുന്ന അവസ്ഥ ഒരു നിത്യസംഭവമായി മാറുന്നു. മറ്റ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിലുണ്ടായ മാറ്റങ്ങളെ/നേട്ടങ്ങളെ പാഴ്മുറംകൊണ്ട് മറയ്ക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. കേരളത്തിന്റെ സമസ്ത മേഖലകളിലും ലോകോത്തര കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനും നടപ്പാക്കാനും കഴിയുന്ന ഒരു സ്ഥലമായി മാറ്റുകയെന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ലക്ഷ്യം. തെറ്റായതും

വളച്ചൊടിക്കപ്പെട്ടതുമായ വാർത്തകളിലൂടെ ബോധപൂർവം തെറ്റിദ്ധാരണ പരത്തിയും അപഹസിച്ചും കേരളത്തിന്റെ നേട്ടങ്ങളെ ഇല്ലാതാക്കാൻ കഴിയുമോ എന്ന വികല പരിശ്രമങ്ങൾക്ക് നേതൃത്വം നൽകുകയാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്.

(അധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീമതി ശാന്തകുമാരി കെ)

എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അവരുടെ ഭരണകാലം (യു.ഡി.എഫ്.-ന്റെ ഭരണകാലം) വളരെ മെച്ചപ്പെട്ട നിലയിലായിരുന്നെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹു. പ്രതിപക്ഷ ഉപനേതാവും ഇവിടെയില്ലെങ്കിലും അവരുടെ ഓർമ്മയിലേക്കായി ഒരു കാര്യം സൂചിപ്പിക്കുകയാണ്. 2011-2016-ൽ യു.ഡി.എഫ്. സർക്കാർ കേരളം ഭരിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്താകെ ഒരു പ്രകൃതി ദുരന്തം മാത്രമാണുണ്ടായത്. അത് 2012 ആഗസ്റ്റ് മാസം 6-ാം തീയതി എന്റെ നിയോജകമണ്ഡലത്തിലെ പുല്ലൂരാംപാറ എന്ന സ്ഥലത്തായിരുന്നു. ഇരുപത്തിനാല് വീടുകൾ പൂർണ്ണമായും തകരുകയും എട്ട് മനുഷ്യരുടെ ജീവൻ അപഹരിക്കുകയും ചെയ്ത ദുരന്തമായിരുന്നു അത്. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഇപ്പോഴത്തെ പ്രതിപക്ഷ ഉപനേതാവുമൊക്കെ സംഭവസ്ഥലം സന്ദർശിച്ചിരുന്നു. സർക്കാർ ഏറ്റെടുത്ത് നൽകിയ താൽക്കാലിക ഷെഡ്ഡിൽ ദുരന്തബാധിതരായ ഇരുപത്തിനാല് കുടുംബങ്ങൾ ഏഴ് വർഷത്തോളം താമസിച്ചു. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അവരുടെ പുനരധിവാസം ഉറപ്പാക്കിയത്. ഞങ്ങളുടെ ഭരണകാലം ഒരുപാട് മെച്ചപ്പെട്ടതായിരുന്നെന്ന് ഇവിടത്തെ യു.ഡി.എഫ്.

അംഗങ്ങൾ അവകാശപ്പെടുമ്പോൾ കേരളത്തിൽ ഒരു പ്രകൃതിദുരന്തമുണ്ടായതിന്റെ ഫലമായി ഇരുപത്തിനാല് കുടുംബങ്ങൾ വഴിയാധാരമായി. കേന്ദ്ര സർക്കാരിന്റെ ഭരണം അവരുടെ കൈവശമുണ്ടായിരുന്നിട്ടും ആ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയാത്തവർക്ക് കേരളത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നാണ് പറയുന്നത്; 2018-ലും 2019-ലുമുണ്ടായ ദുരന്തങ്ങളിലും 2024 ജൂലൈ മാസം മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ദുരന്തത്തിലും ഇരയായവരെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചേർത്ത് നിർത്തിയതുപോലെ യു.ഡി.എഫിന് ചേർത്തുനിർത്താൻ കഴിഞ്ഞോ; ഇവരായിരുന്ന കേരളം ഭരിച്ചിരുന്നതെങ്കിൽ ഈ ദുരന്തബാധിതരുടെ സ്ഥിതി എന്താകുമായിരുന്നു? പ്രകൃതിദുരന്തമുണ്ടായി ഒരുവർഷവും ഏഴ് മാസവും തികയുന്ന വേളയിൽ മുണ്ടക്കൈയിലും ചൂരൽമലയിലുമുള്ള ആളുകൾക്കുവേണ്ടി സർക്കാർ നിർമ്മിച്ച് നൽകിയ ടൗൺഷിപ്പിലേക്ക് പ്രവേശിക്കുകയാണ്. ഇതാണ് ഇടതുപക്ഷ സർക്കാർ ഉണ്ടാക്കുന്ന മാറ്റം. പ്രതിപക്ഷത്തിന് ഏതെല്ലാം നിലയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് അവകാശപ്പെടുന്നത്? ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേരളത്തിന്റെ ആരാധ്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഏതെല്ലാം നിലയിൽ അധിക്ഷേപിക്കാൻ കഴിയുമോ ആ നിലയിലെല്ലാം അധിക്ഷേപിച്ചു. ഒരു പ്രതിപക്ഷ നേതാവ് പറയാൻ പാടില്ലാത്തത്ര അപഹാസ്യകരമായ വാക്കുകളാണ് ബഹുമാനപ്പെട്ട മന്ത്രിയെ പറഞ്ഞത്. രാഷ്ട്രീയപരമായ വിമർശങ്ങളുണ്ടാകാം; എന്നാൽ പക്വതയോടും പാകതയോടുംകൂടി വിമർശിക്കുന്നതിനുപകരം 'വായിൽ തോന്നിയത് കോതക്ക് പാട്ട് 'എന്ന നിലയിൽ അവതരിപ്പിക്കുന്ന സ്ഥിതി ഇന്നലെ നമ്മൾ കണ്ടു.

സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെക്കുറിച്ചാണ് അവർ പറയുന്നത്. യു.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസ മേഖല എങ്ങനെയായിരുന്നുവെന്നെങ്കിലും അവർ ഓർക്കണ്ടേ; ഞാൻ അത് ഓർക്കുകയാണ്. ഞങ്ങൾ എസ്.എഫ്.ഐ. പ്രവർത്തകരായിരിക്കുന്ന കാലത്ത് ഒരു ദിവസം രാത്രി മലാപ്പറമ്പ് സ്കൂൾ ഇടിച്ച് തകർത്തിരിക്കുന്നെന്ന വാർത്ത കേൾക്കാനിടയായി. ലാഭകരമല്ലെന്നതിന്റെ പേരിൽ യു.ഡി.എഫ്. അടച്ചുപൂട്ടാൻ തീരുമാനിച്ച മലാപ്പറമ്പ് സർക്കാർ സ്കൂൾ ഇടിച്ചുനിരത്താനുള്ള തീരുമാനമെടുത്തു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു രാത്രികൊണ്ട് സ്കൂൾ പൊളിച്ചുകളഞ്ഞു. കാരപറമ്പ് സ്കൂളിനെ ലാഭകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിലുൾപ്പെടുത്തുന്ന സാഹചര്യമുണ്ടായി. പാഠപുസ്തകം എവിടെയെന്നും ഓണപരീക്ഷയായിട്ടും പാഠപുസ്തകം എന്തുകൊണ്ടാണ് അച്ചടിച്ച് നൽകാത്തതെന്നും ചോദിച്ചപ്പോൾ ഓണം നേരത്തെ വന്നതുകൊണ്ടാണ് പാഠപുസ്തകം ലഭിക്കാത്തതെന്നാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്ന ഘട്ടത്തിൽ ചോദ്യപേപ്പറിനടിയിൽ മുസ്ലീം ലീഗിന്റെ ചിഹ്നമായ ചന്ദ്രക്കലയും നക്ഷത്രചിഹ്നവും അച്ചടിച്ചുവച്ചിരിക്കുന്നതും നമ്മൾ കണ്ടതാണ്. അന്നത്തെ വിദ്യാഭ്യാസ കാലഘട്ടത്തിലേക്ക് തിരിച്ചുപോകണമെന്നാണോ ബഹു. പ്രതിപക്ഷ നേതാവ് പറയുന്നത്? കഴിഞ്ഞ ദിവസങ്ങളിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിനിടയിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി കുട്ടികൾക്കിടയിലൂടെ ഐസ്ക്രീം നുണഞ്ഞുകൊണ്ട് സഞ്ചരിക്കുന്ന കാഴ്ചയാണ് ലോകം കണ്ടത്. എന്നാൽ യു.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരക്കണക്കിന് പൊലീസുകാരുടെയും ബ്ലാക്ക് ക്യാറ്റ്സിന്റെയും

അകമ്പടിയോടുകൂടി ഓരോ വേദിയിലേക്കും വിദ്യാർഥികളുടെ മുന്നിലേക്കും നടന്നുപോകേണ്ട ദുരവസ്ഥയുണ്ടായിരുന്ന കാലഘട്ടത്തിലേക്ക് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുപോകണമെന്നാണോ ഇവർ പറയുന്നത്? സ്കൂളുകളിൽ കുട്ടികൾക്ക് ടോയ്ലെറ്റ് സൗകര്യമില്ലായിരുന്നു എന്നതാണ് യു.ഡി.എഫ്. ഭരണകാലത്തെ പ്രധാന വാർത്ത. സ്കൂളിനടുത്തുള്ള വീടുകളിലെ ടോയ്ലെറ്റിനുമുന്നിൽ വിദ്യാർഥികൾ കൃ നിൽക്കുന്നുവെന്ന വാർത്തയും അക്കാലത്തുണ്ടായില്ലേ; കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ഇങ്ങനെയാണോ നയിക്കേണ്ടത്? ഇപ്പോൾ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്താണ്; കാസർഗോഡ് ജില്ലയിൽ ശരീരം നുറുങ്ങുന്ന വേദനോടുകൂടി ജീവിക്കുന്ന, എല്ലാവർക്കും പ്രിയപ്പെട്ട സിയ ഫാത്തിമയെന്ന മിടുക്കിയായ കുട്ടിക്ക് കലോത്സവത്തിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടെങ്കിലും യാത്ര ചെയ്യാൻ കഴിയുന്നില്ല. അതിനാൽ കലോത്സവ മാന്വലിൽ മാറ്റം വരുത്തി ഓൺലൈനായി മത്സരത്തിൽ പങ്കെടുക്കാൻ സംവിധാനമൊരുക്കി കൊടുത്തത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഈ മാറ്റത്തെ കാണാതിരിക്കാൻ കഴിയുമോ; ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി കുട്ടികളോട് സംവദിച്ച് അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുകയാണ്. കുട്ടികളുടെ ബാഗിന്റെ ഭാരം കുറയ്ക്കണമെന്നത് ഏറ്റവും പ്രധാനപ്പെട്ട തീരുമാനമായി കൊണ്ടുവന്നു. ഇനി ബാക്ക് ബെഞ്ചേഴ്സ് ഉണ്ടാകാൻ പാടില്ലെന്നും അധ്യാപകർക്ക് എല്ലാ കുട്ടികളെയും ഒരുമിച്ച് വിലയിരുത്താൻ കഴിയുന്ന തരത്തിൽ കുട്ടികളുടെ ക്ലാസ് മുറികൾ ക്രമീകരിക്കണമെന്നും പറയുന്ന വിദ്യാഭ്യാസ

വകുപ്പുമന്ത്രിയെ കാണാൻ കഴിയുന്നില്ലേ; യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ കുട്ടികൾക്ക് പുഴുത്തുനാറിയ അരിയാണ് വിതരണം ചെയ്തിരുന്നത്. ഇന്ന് ഞങ്ങളുടെ സ്കൂളിൽ ബിരിയാണിയാണെന്നും നാളെ ഞങ്ങളുടെ സ്കൂളിൽ മന്തിയാണെന്നും ഞങ്ങൾക്ക് നല്ല ആഹാരമാണ് ലഭിക്കുന്നതെന്നും കുട്ടികൾ പറയുന്ന നിലയിലേക്ക് വിദ്യാഭ്യാസ മേഖലയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞില്ലേ? സിയ ഫാത്തിമയെപോലുള്ള കുട്ടികൾക്ക് ഇതുപോലുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുമ്പോൾ മനുഷ്യമതിൽ തീർത്ത് ഒരു വിദ്യാലയമാകെ നന്ദി രേഖപ്പെടുത്തുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ അധിക്ഷേപിച്ചുകൊണ്ട് ഞങ്ങളുടെ കാലത്ത് വലിയ മാറ്റമായിരുന്നുവെന്ന് പറയുന്നത്. നിങ്ങളുടെ ഭരണകാലത്തെ നേട്ടമെന്തായിരുവെന്ന് ഇനിയെങ്കിലും നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ ഭരണകാലത്തെ വിദ്യാഭ്യാസ കാലഘട്ടം ഏറ്റവും അഴിമതി നിറഞ്ഞതായിരുന്നു. ആ കാലഘട്ടത്തിലേക്ക് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുപോയാൽ തകർന്ന് തരിപ്പണമാകുമെന്ന് നിങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഞങ്ങളുടെ ഭരണകാലത്ത് ബി.എം.&ബി.സി. നിലവാരത്തിലുള്ള നിരവധി റോഡുകളുണ്ടാക്കിയെന്ന് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. കിഫ്ബി പദ്ധതിയെ എതിർത്ത ബഹു. പ്രതിപക്ഷനേതാവുൾപ്പെടെയുള്ള അംഗങ്ങൾ അവരുടെ ഭരണകാലത്ത് വലിയ മാറ്റങ്ങളുണ്ടാക്കിയെന്നാണ് പറയുന്നത്. വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ബൃഹത് പദ്ധതിയായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത എന്ത്

വിലകൊടുത്തും എതിർക്കുമെന്ന നിലപാട് സ്വീകരിച്ച ആളാണ് ബഹു. പ്രതിപക്ഷനേതാവ്. കിഫ്ബി പദ്ധതിയിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്ന കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ എതിർക്കുകയെന്ന നിലപാട് സ്വീകരിക്കുന്ന ഇവർ കേരളത്തിൽ എന്ത് മാറ്റമുണ്ടാക്കുമെന്നാണ് പറയുന്നത്? പ്രതിപക്ഷത്തിന്റെ വികലനയങ്ങൾക്കെതിരെ ഊർജസ്വലമായ പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചുകൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ തുടരുകതന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. 'പ്രതീക്ഷയുള്ളിടത്ത് വഴിയുമുണ്ടാകും' എന്ന ഹെലൻ കെല്ലറുടെ വാക്കുകൾ അന്വർഥമാക്കുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം. സാമ്പത്തിക വെല്ലുവിളികളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിച്ച് മുന്നേറിയതിലൂടെ പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റിയ ധൈര്യമാണ് കേരളത്തിന്റെ യഥാർഥ കരുത്തെന്ന് നയപ്രഖ്യാപന പ്രസംഗം നമ്മെ ബോധ്യപ്പെടുത്തുകയാണ്. കേരളത്തിന്റെ ഭാവിദിശ വ്യക്തമായി രേഖപ്പെടുത്തുകയും ജനകീയ പ്രതീക്ഷകളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതും പുരോഗതിയുടെയും സാമൂഹികനീതിയുടെയും ദീപസ്തംഭവുമായ ഒരു നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണർ അവതരിപ്പിച്ചിരിക്കുന്നത്. ബഹു. പ്രതിപക്ഷ നേതാവിന്റെയും ബഹു. പ്രതിപക്ഷ ഉപനേതാവിന്റെയും പ്രസംഗമധ്യേ അവരുടെ ഭരണകാലത്തെ കാര്യങ്ങളെപ്പറ്റി ഓർമ്മിപ്പിക്കുകയുണ്ടായി. ആ കെട്ടകാലത്തെക്കുറിച്ച് ഓർമ്മിപ്പിക്കാതിരിക്കുന്നതാണ്

നല്ലതെന്നത് ബഹുമാന്യയായ ആരോഗ്യ വനിതാ ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലൂടെ അവർക്ക് ബോധ്യമായിട്ടുണ്ടാവുമെന്ന് കരുതുകയാണ്. സി. എച്ച്. മുഹമ്മദ്കോയയുടെ ഉദ്ധരണികളിലൂടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. 'ബഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കുല്ല' എന്നായിരുന്നു സി. എച്ച്. അന്ന് പറഞ്ഞത്. എന്നാൽ മുസ്ലീം ലീഗിന്റെ പുതിയ നേതൃത്വം വടകരയിലും ബേപ്പൂരിലുമുണ്ടാക്കിയ 'കോ-ലീ-ബി' സഖ്യത്തെ മറക്കാൻ കഴിയില്ല. ആർ.എസ്.എസ്.-ന്റെ മുതിർന്ന നേതാവായിരുന്ന കെ. ജി. മാരാരുടെ ജീവചരിത്രത്തിൽ മുസ്ലീം ലീഗും ബി.ജെ.പി.-യും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ബഹു. അംഗം അതൊന്ന് വായിച്ചാൽ നന്നായിരുന്നുവെന്ന് സാന്ദർഭികമായി അദ്ദേഹത്തോട് സൂചിപ്പിക്കുകയാണ്. 2016 ഫെബ്രുവരി 24-ലെ 3204-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടിയിൽ '470606 ഭവനരഹിത കുടുംബങ്ങളുണ്ടെന്നും അക്കാലയളവിൽ 443449 വീടുകൾ നിർമ്മിച്ചുനൽകിയെന്നുമാണ് ബഹു. പ്രതിപക്ഷനേതാവ് ഈയിടെ പറഞ്ഞത്. അദ്ദേഹത്തിന്റെ വാക്കുകൾ ശരിയാണെങ്കിൽ വീടില്ലാത്ത 27157 കുടുംബങ്ങൾ മാത്രമേ ബാക്കിയുണ്ടാകുമായിരുന്നുള്ളൂ. പിന്നെ എങ്ങനെയാണ് ലൈഫ് ഭവന പദ്ധതിക്ക് ഏഴ് ലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതെന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. മേൽ ചോദ്യത്തിന്റെ ഉത്തരത്തിൽ കൃത്യമായ എണ്ണം പറയുന്നില്ലെങ്കിലും 2011-2016 യു.ഡി.എഫ്. കാലഘട്ടത്തിൽ 'ഗൃഹശ്രീ' പദ്ധതിയിൽ 2734-ഉം 'സുരക്ഷാ' പദ്ധതിയിൽ 698-ഉം വീടുകളുൾപ്പെടെ ആകെ ഈ കരാറിലൂടെ 3432-ഉം മേൽക്കൂര

നന്നാക്കിയതും അറ്റകുറ്റപ്പണികൾ നടത്തിയതുമുൾപ്പെടെ 6923 കുടുംബങ്ങളെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ കഴിഞ്ഞ പത്തുവർഷംകൊണ്ട് പൂർത്തിയായ ലൈഫ് ഭവനങ്ങളുടെ എണ്ണം 5 ലക്ഷത്തിലധികമാണ്. അതായത് ഒരുവർഷം 50000 വീടുകൾ വീതം; അതായത്, ഒരുമാസം 4150-ലധികം വീടുകൾ, അങ്ങനെയാണെങ്കിൽ മണിക്കൂറിൽ ഏകദേശം 6 വീടുകൾ എന്ന നിലയിലാണ് ഈ സർക്കാർ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. കാലഘട്ടത്തിൽ ആരോഗ്യരംഗത്തെ സ്ഥിതിയെന്തായിരുന്നു; ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും ഡോക്ടർമാരുടെ അഭാവവും മരുന്ന് ലഭ്യമല്ലാത്തതുമായ ഒരു കെട്ടകാലമായിരുന്നു അത്. ഉത്തരേന്ത്യൻ സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ ബെഡ്ഡിൽ നായ കിടന്നുറങ്ങുന്ന ഒരു ചിത്രം ഈയിടെ മാധ്യമങ്ങളിൽവന്നത് എന്റെ ഓർമ്മയിലേയ്ക്ക് കടന്നുവരികയാണ്. അതിനുമുമ്പുള്ള വാർത്തകളിൽ വന്നത്, ആശുപത്രി വാർഡിനുള്ളിലൂടെ എലികൾ ഓടിനടക്കുന്ന വീഡിയോ ആയിരുന്നു. ഇതെല്ലാം എന്നെ ഓർമ്മിപ്പിച്ചത് 2011-16 കാലഘട്ടത്തിലെ നമ്മുടെ ആശുപത്രികളുടെ അവസ്ഥയെക്കുറിച്ചാണ്. എന്നാൽ ഇന്നത്തെ സ്ഥിതി, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഏകദേശം 6500 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിക്കഴിഞ്ഞു. മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം നടന്നിരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾവരെ താലൂക്കാശുപത്രികളിൽ നടന്നുവരികയാണ്. നീതി ആയോഗിന്റെ റിപ്പോർട്ടുപ്രകാരം ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്താണ്. കേരളത്തിലെ മൊത്തം ആഭ്യന്തരോല്പാദനം 2015-16 കാലഘട്ടത്തിൽ

5.26 കോടി രൂപയിൽനിന്ന് 2024-25-ൽ 12.49 കോടി രൂപയായി വർധിച്ചതിലൂടെ പ്രതിശീർഷ വരുമാനം 2016-ൽ 1,66,246 കോടി രൂപയിൽനിന്ന് 2024-ൽ 3,00,083,38 ആയി ഉയർത്താൻ സാധിച്ചത് സാമ്പത്തിക അച്ചടക്കത്തിന്റെ തെളിവാണ്. സാമ്പത്തിക വളർച്ച യു.ഡി.എഫ്. കാലഘട്ടത്തിലെ 4.49 ശതമാനത്തിൽനിന്ന് 9.97 ശതമാനത്തിലേയ്ക്ക് ഉയർന്നത് പ്രതിപക്ഷത്തിന് കാണാൻ സാധിക്കുന്നില്ലേ; കഴിഞ്ഞ പത്തുവർഷംകൊണ്ട് കേരളത്തിൽ വൻകിട വികസന പദ്ധതികളൊന്നും നടന്നില്ലെന്നാണ് ഈയിടെ ബഹു. പ്രതിപക്ഷനേതാവും ബഹു. പ്രതിപക്ഷ ഉപനേതാവും പത്രപ്രവർത്തകരോട് പറഞ്ഞത്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിയില്ലെന്ന കാരണത്താൽ നിർത്തിവച്ച ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയത് നിങ്ങൾ കാണുന്നില്ലേ; കീഴാറ്റൂർ-വയൽക്കിളി സമരം നടക്കുന്ന കാലഘട്ടത്തിൽ അന്നത്തെ ബി.ജെ.പി. പ്രസിഡന്റിന്റെ ഫെയ്സ് ബുക്ക് പോസ്റ്റിനെക്കുറിച്ച് നിങ്ങൾ ഓർക്കുന്നില്ലേ; ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി നടപ്പിലാക്കിയാൽ ശ്രീ. പിണറായി വിജയനെ ഞങ്ങൾ അംഗീകരിക്കുമെന്നായിരുന്നു അന്ന് പറഞ്ഞത്. എന്നാൽ പദ്ധതി നടപ്പിലായി ശ്രീ. പിണറായി വിജയനെ അംഗീകരിക്കാൻ അവർ തയ്യാറായില്ല. കൊച്ചി മെട്രോയും വാട്ടർ മെട്രോയും തീരദേശ ഹൈവേയും മലയോര ഹൈവേയും നിങ്ങൾ കാണുന്നില്ലേ; 2011-16 കാലഘട്ടത്തിൽ നിങ്ങൾ തറക്കല്ലിട്ടുവെന്ന് അവകാശപ്പെടുന്ന വിഴിഞ്ഞം തുറമുഖം പെട്ടെന്ന് കല്ല് മുളച്ചുണ്ടായതല്ല, ഇച്ഛാശക്തിയും കഠിനാധ്വാനവുംകൊണ്ട് പൂർത്തീകരിച്ചതാണ്. അഞ്ച് കപ്പലുകൾക്ക് ഒരുമിച്ച് നങ്കൂരമിടാൻ

കഴിയുന്ന രീതിയിൽ തുടർഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ കള്ളാടി-മേപ്പാടി തുരങ്കപാതയുടെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. 2016-ൽ കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തതുപോലെ കടലാസുവിമാനം പറപ്പിച്ചുകൊണ്ടല്ല കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ നടത്തുന്നത്. നാടിന്റെ നാനാഭാഗത്തും ലൈവായി നിലനിൽക്കുന്ന വികസനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയത്.

"എവിടെ തിരിഞ്ഞൊന്ന് നോക്കിയാലും

അവിടെല്ലാം പൂത്തമരങ്ങൾ മാത്രം"എന്ന് ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പ്രശസ്ത കവിതയായ രമണനിൽ പറഞ്ഞതുപോലെ നാട്ടിലെല്ലായിടത്തും വികസനങ്ങൾ കാണാൻ സാധിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നലെ രാത്രി മുതൽ സോഷ്യൽ മീഡിയയിലൂടെ വിദേശമലയാളികൾക്കിടയിൽ ഒരു കവിതാശകലം ഇങ്ങനെ പ്രചരിക്കുകയാണ്. 'പ്രതിപക്ഷ കസേരയിൽ കയറിയിരിക്കുന്നവൻ വെളുത്ത ഡ്രസ്സിട്ട സംഘീശനോ, വിനായക ദാമോദർ സതീശനോ, എന്ന് വർണ്ണ്യത്തിലാശങ്ക', എന്നൊക്കെ പറഞ്ഞാണ് ആ കവിത അവസാനിക്കുന്നത്. ഇന്നലെ പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയി. ഒരു ആഭാസ സമരത്തിന് നേതൃത്വം കൊടുത്ത പ്രതിപക്ഷനേതാവ്, കേട്ടാലറയ്ക്കുന്ന പുലഭ്യം പറഞ്ഞുകൊണ്ട് കേരളത്തിലെ പ്രിയങ്കരനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അധിക്ഷേപിച്ചത് അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ടായിരിക്കും സ്വാഭാവികമായും അങ്ങനെയൊരു കവിത ഉത്ഭവിച്ചത്. അവനവന്റെ

നിലവാരത്തകർച്ച മാലോകരെ അറിയിക്കാൻ മൈക്കിലൂടെ മന്ത്രിയുടെ മെക്കിട്ടുകയറിയ പ്രതിപക്ഷനേതാവ് ആരുടെ ക്വട്ടേഷനാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണം. നേമത്ത് ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ചത് ആരാണ്; പ്രിയങ്കരനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അത്യുജ്ജ്വലമായ വിജയമാണ് നേമത്ത് അദ്ദേഹം നേടിയത്. അന്നുതുടങ്ങിയതാണ് അദ്ദേഹത്തിനെതിരെ സംഘ്പരിവാറിന്റെ ക്വട്ടേഷൻ ആ ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് ഈ പറഞ്ഞ വെളുത്ത ഡ്രസ്സിട്ട സംഘീശനായി ആര് ഇവിടേയ്ക്ക് വന്നാലും അത് ഈ കേരളം സഹിക്കുമെന്ന് കരുതണ്ട. വായിൽ തോന്നുന്നത് വിളിച്ചുപറയുന്ന ബഹു. പ്രതിപക്ഷനേതാവ് സമുദായ നേതാക്കളുടെ തിണ്ണ നിരങ്ങാനില്ലെന്നുപറയുന്ന കപട മതേതരവാദി മാത്രമല്ല, ഈ പറഞ്ഞ വെള്ള ഡ്രസ്സിട്ട സംഘിതന്നെയാണെന്ന് വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. 2006-ൽ പറവൂർ മനക്കപ്പടി സ്കൂളിൽ ഗോൾവാക്കറിന്റെ ഫോട്ടോയ്ക്കുമുന്നിൽ നട്ടെല്ല് വളച്ച് കുമ്പിട്ടുനിന്ന് വിളക്കുകൊളുത്തിയതിന്റെ അടയാളം സംഘ്പരിവാറിന്റെ വേദിയായ അന്നത്തെ ആ തിണ്ണയിൽ ഇപ്പോഴും കാണാം. എന്നിട്ടാണ് ഈ സമുദായ നേതാക്കളുടെ തിണ്ണനിരങ്ങാനില്ലെന്ന് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. 2013-ൽ കേരളത്തിലെ സംഘ്പരിവാറിന്റെ തലതൊട്ടപ്പനായ പി. പരമേശ്വരന്റെ 'വിവേകാനന്ദനും പ്രബുദ്ധകേരളവും' എന്ന പുസ്തകപ്രകാശനം തൃശ്ശൂരിൽവച്ച് നടത്തിയപ്പോൾ സംഘ്പരിവാറിനെ വെള്ള പൂശിയ വെളുത്ത ഡ്രസിട്ട സംഘിയെ അന്ന് കേരളം ശ്രദ്ധിച്ചിരുന്നു. പ്രതിപക്ഷ ബഞ്ചുകളിൽ ഇപ്പോൾ ആരുമില്ല, സീറ്റുകളൊക്കെ ഒഴിഞ്ഞുകിടക്കുകയാണ്, 2011-16 യു.ഡി.എഫ്. ഭരണകാലത്ത് അഞ്ചാം മന്ത്രി വിവാദം

കത്തിനിന്ന സമയത്ത് മലബാറിൽ പുതിയ 33 സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സന്ദർഭം കൂടിയായിരുന്നു. അതിനെതിരെ വർഗീയ വിഷം ചീറ്റി നിലവിളിച്ച വെള്ള ഡ്രസിട്ട സംഘിപുത്രനാണ് ശ്രീ. വി. ഡി. സതീശൻ എന്നത് മതനിരപേക്ഷ കേരളം മറക്കാൻ സാധ്യതയില്ല. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ അധികാരം കിട്ടിയില്ലെങ്കിൽ, താൻ മുഖ്യമന്ത്രിയായില്ലെങ്കിൽ, രാഷ്ട്രീയ വനവാസത്തിനുപോകുമെന്ന് പറഞ്ഞത് കേട്ട് സ്വാഭാവികമായും കേരളീയജനത ചിരിച്ചു. പക്ഷേ കേരള വനമേഖലയിലെ വന്യമൃഗങ്ങൾ കരയുകയാണ് ചെയ്തത്. തങ്ങളെ വെല്ലുന്ന വന്യതയുമായി നാട്ടിലാകെ നശീകരണ പ്രവൃത്തികൾക്ക് നേതൃത്വം കൊടുക്കുന്നവൻ തങ്ങൾക്കിടയിലേയ്ക്ക് വന്നാലുണ്ടാകുന്ന അങ്കലാപ്പാണ് അവരുടെ മനസ്സിലുണ്ടായത്. കാട്ടിലെ വന്യമൃഗങ്ങൾക്ക് അവശേഷിക്കുന്ന സ്വസ്ഥത നഷ്ടപ്പെടുമെന്ന ഭയത്താൽ നാട്ടിലേയ്ക്കവന്നാൽ അവരെ എവിടെയാണ് പുനരധിവസിപ്പിക്കുക എന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സംഘ്പരിവാറിന്റെ മാനസപുത്രനായി മാറിയ വിനായക് ദാമോദർ സതീശന്റെ വേഷപ്പകർച്ചയും വേഷം കെട്ടലുകളും ഞങ്ങൾക്കുനേരെ വേണ്ടതില്ലെന്ന് ഇടതുപക്ഷ മതനിരപേക്ഷ കേരളത്തിനുവേണ്ടി ഈ സഭയെ അറിയിക്കുകയാണ്. പുനർജനി പദ്ധതിയുടെ പേരിൽ പ്രവാസികളുടെ ഫണ്ട് തിരിമറി ചെയ്തപ്പോൾ അവർ സഹിച്ചുവെന്ന് കരുതി മലയാളികൾ എന്തും സഹിക്കുമെന്ന് ബഹു. പ്രതിപക്ഷനേതാവ് കരുതരുത്. നിരന്തരം കള്ളങ്ങൾ പറയുന്ന ശ്രീ. വി. ഡി. സതീശൻ കേട്ടാലറയ്ക്കുന്ന തന്റെ തറവാട്ട് ഭാഷ പൊതുനിരത്തിൽ വിളിച്ച് പറയുന്നത് കേരള നിയമസഭയ്ക്കും മലയാളനാടിനും

അപമാനമാണെന്നുകൂടി നാം തിരിച്ചറിയുകയും അവജ്ഞയോടെ അത് തള്ളിക്കളയുകയും ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഇവിടെ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ വളരെ വിസ്തരിച്ച് പ്രതിപാദിക്കുകയുണ്ടായി. പിണറായി സർക്കാരിന്റെ ഇക്കഴിഞ്ഞ പത്ത് വർഷക്കാലമായിരിക്കും ഇനി കേരളത്തിന്റെ സുവർണ്ണകാലമായി രേഖപ്പെടുത്താൻ പോകുന്നത്. നമ്മുടെ നാട്ടിലുണ്ടായ ഈ മാറ്റം കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ സ്വീകരിക്കുകതന്നെ ചെയ്യും. യു.ഡി.എഫ്.-ന്റെ ഇരുണ്ടകാലത്തെ വകഞ്ഞുമാറ്റി പ്രകാശപൂരിതമായ പുതിയ കാലം സൃഷ്ടിച്ചത് ഈ സർക്കാരാണ്. കോൺഗ്രസ്സിന്റെ ഭരണകാലത്ത് ആദ്യവർഷം തന്നെ അരമണിക്കൂറിലാരംഭിച്ച പവർകട്ട് പിന്നീട് ഒരു മണിക്കൂറും ഇടവിട്ടിടവിട്ട് ഒരു മണിക്കൂർ വീതവും ഏറ്റുവാങ്ങേണ്ടിവന്ന നാടായിരുന്നു കേരളം. വ്യവസായികളും ചെറുകിട നാമമാത്ര സംരംഭകരും നൂറ് ശതമാനം പവർകട്ട് താങ്ങാനാകാതെ കേരളം വിട്ടോടിയ ചരിത്രവും യു.ഡി.എഫ്. ഭരണത്തിന്റേതാണ്. ഉപയോഗിക്കാതിരുന്നാൽ പല വാക്കുകളും അപ്രത്യക്ഷമാകുമെന്നത് എല്ലാ ഭാഷകളുടെയും ചരിത്രത്തിൽ ദൃശ്യമാണ്. മലയാള നാട്ടിൽ ലോഡ്ഷെഡിങ്, പവർകട്ട് എന്നീ പദപ്രയോഗങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. എന്താണ് ആ സാധനം എന്ന് ചോദിക്കുന്ന പുതുതലമുറയാണ് ഇന്ന് ഈ നാട്ടിൽ ജീവിക്കുന്നത്. അതിന്റെ കാരണക്കാർ എൽ.ഡി.എഫ്. സർക്കാരാണെന്ന് നാം മനസ്സിലാക്കണം. യു.ഡി.എഫ്.-ന്റെ ഇരുണ്ടകാലത്തേക്ക് ഈ നാടിനെ തിരിച്ചുകൊണ്ടുപോകാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്.

ഇലക്ട്രിസിറ്റിയുടെ ഫ്യൂസ് മാത്രമല്ല ഇവർ ഊരിയത്; വിദ്യാർഥികളിൽ നിന്ന് പരീക്ഷാഫീസ് പിരിച്ചിട്ടും പാഠപുസ്തകം നൽകാതിരുന്നവരാണ് യു.ഡി.എഫ്.കാർ. അതിനെക്കുറിച്ചാണ് ശ്രീ. ലിന്റോ ജോസഫ് നേരത്തെ ഇവിടെ പരാമർശിച്ചത്. ഓണപ്പരീക്ഷാകാലത്ത് പുസ്തകം ലഭിക്കാത്തതിനാൽ സമരം നടത്തിയപ്പോൾ അതിനെ ന്യായീകരിച്ചുകൊണ്ട് ഓണമെന്തിനാ ഇത്രയുംവേഗം വന്നതെന്നാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചോദിച്ചത്. ഏതെങ്കിലും കാലത്ത് കർക്കിടക മാസത്തിൽ ഓണം വന്നിട്ടുണ്ടോ; ചിങ്ങമാസത്തിലല്ലേ ഓണം വരുന്നത്? അത് നേരത്തെ വന്നുവെന്ന നിലയ്ക്കുള്ള ആഭാസപ്രസംഗമായിരുന്നു അന്നത്തെ വകുപ്പുമന്ത്രി നടത്തിയത്. ആ കാലഘട്ടത്തെ അപേക്ഷിച്ച് ഇന്ന് എന്തെല്ലാം മാറ്റങ്ങളാണ് കേരളത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്? ഇത് വെറുതെ മാറിയതല്ല, മാറ്റിയതാണ്. ഒന്നാം കമ്മ്യൂണിസ്റ്റ് സർക്കാർ ആധുനിക കേരളത്തിന്റെ അടിത്തറയിൽ തീർത്ത വികസന പ്രവർത്തനങ്ങളാണ് ഇന്ന് നാം കേരളത്തിൽ കാണുന്ന എല്ലാ മാറ്റങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായി കർഷകത്തൊഴിലാളി പെൻഷൻ നൽകിയ ഇടത് സർക്കാർ ഇപ്പോഴിതാ എല്ലാ ക്ഷേമ പെൻഷനുകളും രണ്ടായിരം രൂപയാക്കി വർധിപ്പിച്ചു. ലോകത്താദ്യമായി വീട്ടമ്മമാർക്ക് സ്വന്തം വീട്ടിലെ ജോലിക്ക് സർക്കാർ ശമ്പളം നൽകുന്ന സിസ്റ്റത്തിലേക്ക് നവകേരളത്തെ എത്തിച്ചതാണ് എൽ.ഡി.എഫ്.-ന്റെ നേട്ടം. ഈ രീതിയിൽ എല്ലാ വിഭാഗം ജനങ്ങളെയും സംരക്ഷിക്കുകയും നവകേരള സൃഷ്ടിക്ക് നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ തകർക്കാൻ വർഗീയ ശക്തികളുമായി ഒത്തുതീർപ്പിലെത്തിയ പ്രതിപക്ഷത്തിന്റെ നെറികെട്ട നിലപാടുകൾ

അടിയന്തരമായി തിരുത്തണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിന്റെ മഹത്തായ പാരമ്പര്യം നമ്മുടെ നാട് മറക്കാതിരിക്കണം. ലോകഗുരുവായി നമ്മളെന്നും മനസ്സിൽ സൂക്ഷിക്കുന്ന മതനിരപേക്ഷതയുടെ ഇതിഹാസ ഗുരുവായ ശ്രീനാരായണ ഗുരുവിന്റെയും മനുഷ്യാവകാശത്തിന്റെ വില്ലുവണ്ടിയുമായി പാഞ്ഞ് മുന്നേറിയ അയ്യൻകാളിയുടെയും എണ്ണിയാലൊടുങ്ങാത്ത മറ്റ് നിരവധി നവോത്ഥാന നായകരുടെയും പിന്മുറക്കാർ ആ പോരാട്ട പതാക ഏറ്റുവാങ്ങിയ കമ്മ്യൂണിസ്റ്റുകാരാണ്. ആ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ മതനിരപേക്ഷതയുടെ ഹൃദയവികാരം ഏറ്റുവാങ്ങിയ കേരളത്തിലെ ഈ ഇടതുപക്ഷ ഭരണസംവിധാനത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. കേരളത്തിലെ പ്രതിപക്ഷം സഭയ്ക്കകത്തും പുറത്തും ലക്ഷ്യബോധമില്ലാത്ത ഒരു സംഘമായി മാറിയിരിക്കുകയാണെന്ന് നമുക്കറിയാം. കേരളത്തിലെ മാധ്യമങ്ങളിൽ ചിലത് അജണ്ട നിശ്ചയിച്ചുകൊടുത്ത് ഇറക്കിവിട്ടവർക്ക് ബഹുജനപ്രശ്നങ്ങളിലല്ല താല്പര്യം, വിവാദങ്ങളുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുകയാണ് അവരുടെ പ്രധാന അജണ്ടയെന്ന് ഓരോ ദിവസവും വ്യക്തമാകുകയാണ്. ഇവിടെയൊരു ഭരണത്തുടർച്ചയുണ്ടായതിന്റെ ഭാഗമായി കേരളത്തിൽ വലിയ വികസനവും വികസനത്തുടർച്ചയുമുണ്ടായിട്ടുണ്ടെന്ന് മാത്രമല്ല, ജനജീവിതത്തിൽ അതിന്റെ മാറ്റം പ്രതിഫലിച്ചിട്ടുമുണ്ട്. ആ മാറ്റം പത്ത് വർഷക്കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ചയുടെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ

ഒരുപക്ഷേ ഭരണത്തിൽ നിന്ന് പത്ത് വർഷക്കാലം മാറി നിൽക്കേണ്ടിവന്ന പ്രതിപക്ഷത്തിന് സ്വാഭാവികമായും പ്രയാസങ്ങളുണ്ടാകുമെന്നത് ഞങ്ങൾക്ക് മനസ്സിലാകും. ക്രിയാത്മക പ്രതിപക്ഷമെന്നാണ് നേരത്തെ ഇവിടെ ബഹു. പ്രതിപക്ഷനേതാവ് പറഞ്ഞത്. എന്നാലിവിടെ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. കേരളം ഒരു ക്ഷേമ സംസ്ഥാനമാണ്. ക്ഷേമ പെൻഷൻ വന്നപ്പോൾ അഖിലേന്ത്യാ നേതൃത്വം മുതൽ കേരളത്തിലെ കോൺഗ്രസുൾപ്പെടെ ബഹു. പ്രതിപക്ഷ നേതാവുൾപ്പെടെ അത് കൈക്കുലിയാണെന്ന് പറഞ്ഞ് 62 ലക്ഷം ആളുകളെ അപമാനിച്ചത് നമ്മുടെ ഓർമ്മയിലുണ്ട്. അതിദാരിദ്ര്യ നിർമ്മാർജനം തട്ടിപ്പാണെന്ന് പറഞ്ഞ് അത് നടപ്പാക്കിയ കോൺഗ്രസ് പാർട്ടി അധികാരത്തിലുള്ള പഞ്ചായത്തുകളെയുൾപ്പെടെ ആക്ഷേപിക്കുന്ന രീതിയിൽ പറഞ്ഞത് നാം കേട്ടതാണ്. കെ-ഫോണും നാഷണൽ-തീരദേശ-മലയോര ഹൈവേയും ഇടമൺ പവർ ഹൈവേയും വിഴിഞ്ഞം പദ്ധതിയും ലൈഫ് ഭവന പദ്ധതിയും കിഫ്ബിയും തുരങ്കപാതയുമൊക്കെ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് അഭിപ്രായപ്പെട്ടെങ്കിലും അതിനെതിരെ ജനങ്ങളെ പങ്കാളിയാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളൊന്നും സംഘടിപ്പിക്കാൻ നാളിതുവരെ അവർക്കായിട്ടില്ല. പ്രതിപക്ഷം ഒന്നടങ്കം ഇത്തരം കുത്സിത ശ്രമങ്ങൾ നടത്തിയിട്ടും കേരളത്തിൽ ടി പദ്ധതികളൊക്കെ വിജയകരമായി മുന്നോട്ടുകൊണ്ടുപോവുകയാണ്. കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ച് എന്റെ സഹപ്രവർത്തകർ ഇവിടെ സംസാരിച്ച് കഴിഞ്ഞതിനാൽ ഞാൻ അതിലേയ്ക്ക് കൂടുതലായി

കടക്കുന്നില്ല. ഇവിടെ പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ പ്രതിപക്ഷഉപനേതാവും കേരളത്തിൽ ഒന്നും നടക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുകയുണ്ടായി. സർക്കാരിന്റെ കയ്യിൽ പണമില്ലല്ലോ; അതുകൊണ്ട് കാര്യങ്ങളൊന്നും നടക്കുന്നില്ലെന്നാണ് ബഹു. പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്. പണമില്ലാത്തതിന്റെ പേരിൽ കഴിഞ്ഞ പത്ത് വർക്കാലം ഏത് വികസന പ്രവർത്തനമാണ് കേരളത്തിൽ തടസ്സപ്പെട്ടിട്ടുള്ളത് ? എല്ലാ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും യാതൊരു മുടക്കവും കൂടാതെ നടക്കുകയാണ്. കുഴപ്പങ്ങളുണ്ടാക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റ് നടത്തുന്ന ഇടപെടലുകളെ പ്രതിപക്ഷം നല്ലരീതിയിൽ പിന്തുണച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പണം നൽകാത്തതും വായ്പാ പരിധിയിൽ കുറവ് വരുത്തിയതും കേന്ദ്ര സർക്കാരിന്റെ അനാവശ്യ ഇടപെടലുകളുമൊക്കെ തെറ്റാണെന്ന് പ്രതിപക്ഷം എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? ഈ രക്തസാക്ഷി മണ്ഡപത്തിന്റെ മുന്നിലല്ലേ നിങ്ങൾ സമരം നടത്തിയതെന്ന് ബഹു. മുൻ പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. അതെന്താ രക്തസാക്ഷി മണ്ഡപം അത്രക്ക് മോശപ്പെട്ട സ്ഥലമാണോ; രക്തസാക്ഷി മണ്ഡപത്തിനുമുന്നിൽ കേരള ജനതയുടെ പ്രതിഷേധം പ്രകടിപ്പാക്കാനായി നടത്തുന്ന സമരം മോശമായ സമരമായിട്ടാണോ ബഹു. മുൻ പ്രതിപക്ഷ നേതാവ് കാണുന്നത്? ഇക്കാര്യത്തിൽ ഇതിനു മുമ്പും സമരം നടന്നു. ബി.ജെ.പി. വിരുദ്ധ സർക്കാരുകൾക്കെതിരായ കേന്ദ്ര

ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം പ്രശ്നമാണെന്ന് കേരളത്തിന്റെ പ്രതിപക്ഷ നേതാവിനോടും കേരളത്തിന്റെ പ്രതിപക്ഷ കക്ഷി നേതാക്കളോടുമൊക്കെ പറഞ്ഞപ്പോൾ അവരത് അംഗീകരിച്ചില്ല; അതിനായി തയ്യാറാക്കിയ നിവേദനത്തിൽ ഒപ്പിടാൻപോലും നിങ്ങൾ തയ്യാറായില്ല. കോൺഗ്രസിനെ പ്രതിനിധീകരിക്കുന്ന എം.പി.-മാർ ഉൾപ്പെടെയുള്ളവർ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കാൻ തയ്യാറായോ? നിങ്ങൾ ആ സമരത്തിൽ പങ്കെടുത്തില്ലെങ്കിൽപോലും ഡൽഹിയിൽ സമരം നടത്തുകയും നിയമപരമായ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ ഭരണഘടനാ ബഞ്ചിനുമുന്നിൽ സാമ്പത്തിക ഫെഡറലിസത്തെ സംബന്ധിച്ചുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെക്കുറിച്ച് പോരാട്ടം സംഘടിപ്പിച്ചതാരാണ്; അതിനോട് നിങ്ങളുടെ സമീപനം എന്തായിരുന്നു? ഇവിടെ പണമില്ലെന്ന ആക്ഷേപമാണ് നിങ്ങൾ പ്രധാനമായി ഉന്നയിക്കുന്നത്. കേരളത്തിന്റെ തനത് വരുമാനം മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടല്ലേ മുടക്കം കൂടാതെ ഈ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചത്. പത്തൊഴുപതിനായിരം കോടി രൂപയുടെ അധിക വരുമാനമാണ് ഇവിടെയുണ്ടായിരിക്കുന്നത്. കേന്ദ്രവിഷ്കൃത പദ്ധതികൾക്ക് 25 ശതമാനം മാത്രം തുക ലഭിക്കുമ്പോൾ 75 ശതമാനം തുക മുടക്കേണ്ടിവരുന്നൊരു സംസ്ഥാനത്തിന്റെ സ്ഥിതി അറിയാത്തവരല്ലല്ലോ പ്രതിപക്ഷ നേതാക്കൾ? ആ വിഷയങ്ങൾ മനസ്സിലാക്കിയിട്ടും എന്തിനാണ് തെറ്റായ പ്രചാരവേല സംഘടിപ്പിക്കാൻ ശ്രമിക്കുന്നത്? സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക

ഞെരുക്കമുണ്ട്. എന്നാൽ ആ സാമ്പത്തിക ഞെരുക്കത്തിന്റെ ഉത്തരവാദി കേന്ദ്ര ഗവൺമെന്റാണെന്ന് പറയാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്ന് മാത്രമല്ല, ആ പ്രയാസങ്ങൾക്കെതിരായ പോരാട്ടത്തിലും യാതൊരു പങ്കുമില്ല. ദക്ഷിണേന്ത്യൻ ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിന്റെ ഭാഗമായി ഉയർന്നുവന്ന കാര്യങ്ങൾ ഇന്നും പ്രസക്തമല്ലേ ? കേന്ദ്ര ഗവൺമെന്റിനെതിരായ സമരത്തിൽ ഇനിയെങ്കിലും നമ്മൾ ഒന്നിച്ച് നിൽക്കേണ്ടതല്ലേ? കേരളം തകരുകയല്ലല്ലോ; മുന്നോട്ടു പോകുകയാണ്. 2011-2016-ൽ 5.6 ശതമാനമായിരുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ഇന്ന് 12 ശതമാനത്തിൽ കൂടുതലായി; ജി.ഡി.പി. യും ആളോഹരി വരുമാനവും ഇരട്ടിയലധികമായി വർധിച്ചു. കേരളം പുറകോട്ട് പോകുകയല്ലല്ലോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ കേരളത്തിന്റെ കാർഷിക-വ്യാവസായിക മേഖലയിലെ വൻകിട പദ്ധതികളെ സംബന്ധിച്ച് മേനിനടിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ വന്ന വൻകിട പദ്ധതികളെ ഞങ്ങളാരും നിഷേധിച്ചിട്ടില്ല. പക്ഷേ, കേരളത്തിൽ ഇപ്പോഴുണ്ടാകുന്ന വളർച്ചയെ അങ്ങ് അംഗീകരിക്കാത്തതെന്താണ്? അങ്ങ് തുടങ്ങിവച്ചുവെന്ന് പറയുന്ന പദ്ധതികൾ കടലാസിലും കല്ലിലും കിടന്നപ്പോൾ അത് പ്രവൃത്തി പഥത്തിലെത്തിക്കാൻ ഈ ഗവൺമെന്റ് പണം മുടക്കി. അദാനിയുമായുള്ള കരാറിൽ പണം മുടക്കുന്നതിന്റെ സിംഹഭാഗവും വഹിക്കുന്നത് കേരളത്തിലെ ഗവൺമെന്റല്ലേ? ആ കരാറിന്റെ തെറ്റായ കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. ആ പദ്ധതി നാടിനാവശ്യമാണ്. ആ പദ്ധതിയുടെ പ്രയോജനം വീണ്ടും ലഭിക്കാൻ കഴിയുന്ന രീതിയിലേക്ക് പദ്ധതി

പുരോഗമിക്കുകയാണ്. കിഫ്ബി-യെ എതിർത്ത നിങ്ങൾ തിരഞ്ഞെടുപ്പ് വരുമ്പോൾ പ്രചരിപ്പിക്കാൻ പോകുന്നത് എന്താണ്? എന്റെ മണ്ഡലത്തിൽ 1500 കോടി രൂപയുടെ അല്ലെങ്കിൽ 2000 കോടി രൂപയുടെ വികസന പ്രവർത്തനം നടന്നുവെന്നാണ്. അതിപ്പോഴും നടക്കുന്നുണ്ടല്ലോ? അത് പ്രചരിപ്പിക്കുന്നതിന് എതിരാണെന്നല്ല പറഞ്ഞത്. കേരളത്തിലെ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലുൾപ്പെടെ വിദ്യാഭ്യാസമായാലും ആരോഗ്യമായാലും കൃഷിയായാലും വ്യവസായമായാലും തൊഴിൽ മേഖലയായാലും പശ്ചാത്തല സൗകര്യ വികസനമുൾപ്പെടെയുള്ള സമഗ്ര വികസനത്തിന് സഹായിച്ചിട്ടുണ്ട്. പക്ഷേ, ഇതൊന്നും വേറെ വീട്ടിൽ നിന്നും എടുത്ത് തരുന്നതല്ലല്ലോ? ശ്രീ. പിണറായി വിജയന്റെ പേര് പറഞ്ഞില്ല എന്നുമാത്രമാണുള്ളത്. അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ 2011-2016 കാലഘട്ടത്തിൽ ഈ പറയുന്ന വികസനം എല്ലാ മണ്ഡലങ്ങളിലും നടക്കാത്തത് എന്തുകൊണ്ടാണെന്നതിന്റെ ഉത്തരം കൂടി നിങ്ങൾ പറയണ്ടേ? അത്തരം നിഷേധാത്മകമായ നിലപാടുകൾ തിരുത്തി കേരളത്തിന്റെ താൽപര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഒരുമിച്ച് നിൽക്കാൻ കഴിയണമെന്നതാണ് വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞങ്ങളെന്തോ പ്രീണനം നടത്തുന്നുവെന്ന രീതിയിലാണ് ഞങ്ങളെക്കുറിച്ച് ആക്ഷേപമുന്നയിക്കുന്നത്. കേന്ദ്രത്തിൽ പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും കൊണ്ടുവന്നപ്പോൾ കോൺഗ്രസ് പ്രതിനിധികൾ പാർലമെന്റിൽ വോട്ട് ചെയ്യാൻ ഉണ്ടായിരുന്നോ? അതിനെതിരായിട്ടുള്ള പ്രതിഷേധങ്ങളിൽ ഞങ്ങൾ പങ്കെടുത്തിരുന്നു. ഭരണഘടന ഉറപ്പ് നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കെതിരെ

മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിശ്ചയിക്കുന്നതിനെതിരായി ഞങ്ങൾ ഉറച്ച നിലപാടെടുത്തിട്ടുണ്ട്. ന്യൂനപക്ഷ പ്രീണനമാണെന്ന് പറഞ്ഞ് അന്ന് നിങ്ങളിൽ പലരും ഞങ്ങളെ ആക്ഷേപിച്ചു. ഗാസയിലെ പ്രശ്നങ്ങളുന്നയിച്ച് കേരളത്തിൽ ഒരു പ്രകടനം നടത്തിയപ്പോൾ ന്യൂനപക്ഷ പ്രീണനമാണെന്ന് വ്യാഖ്യാനിച്ച് ഞങ്ങളെ ആക്ഷേപിക്കുകയല്ലേ ചെയ്തത്? മറ്റ് ചില പ്രശ്നങ്ങൾ വരുമ്പോൾ ഞങ്ങൾ ഭൂരിപക്ഷ പ്രീണനം നടത്തുന്നുവെന്ന് പറയും. ഞങ്ങൾ ഇടതുപക്ഷത്തിന് ഒരേയൊരു നിലപാട് മാത്രമേയുള്ളൂ; അത് മതനിരപേക്ഷതയുടെ നിലപാടാണ്. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും മതനിരപേക്ഷ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകണമെന്നതാണ് ഞങ്ങളുടെ നിലപാട്. യു.ഡി.എഫ്, ആ നിലപാടാണോ സ്വീകരിക്കുന്നത്? എന്റെ നാട്ടിലെ ഒരനുഭവം പറയുകയാണെങ്കിൽ കേരളത്തിലെ പ്രമുഖനായ കോൺഗ്രസ് നേതാവ് ശ്രീ. കെ. മുരളീധരൻ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തൃശ്ശൂർ മണ്ഡലത്തിലല്ലേ മത്സരിച്ചത്; കോൺഗ്രസ് അവിടെ മൂന്നാം സ്ഥാനത്തേക്ക് പോയല്ലോ? ഇപ്പോൾ നിങ്ങൾ ജയിച്ചിട്ടുണ്ട്, വോട്ടുണ്ട്. ആ വോട്ടുകളെവിടെപ്പോയി? ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അധിക്ഷേപിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന നേമം മണ്ഡലത്തിൽ മൂന്നാം സ്ഥാനത്തേയ്ക്ക് പോയത് എങ്ങനെയാണ്? തിരുവനന്തപുരത്ത് 41 വാർഡുകളിൽ യു.ഡി.എഫ്. മൂന്നാം സ്ഥാനത്താണ്. എങ്ങനെയാണ് അത് സംഭവിച്ചത്? ആ വോട്ടെല്ലാം എവിടേക്കാണ് പോയത്; കോൺഗ്രസ്/യു.ഡി.എഫ്. അതുയർന്നോ? നേരത്തെ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റുള്ളരിൽ ഡി.സി.സി. സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാവരും

രാജിവച്ച് പോകുകയാണ്. അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു? എന്റെ മണ്ഡലത്തിലെ ചൊവ്വന്നൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുടെ വോട്ട് വാങ്ങി കോൺഗ്രസ് പ്രസിഡന്റും വൈസ് പ്രസിഡന്റും വരികയാണ്. എന്നിട്ടാണോ നിങ്ങൾ മതേതരത്വത്തെക്കുറിച്ചും വർഗീയതക്കെതിരായ നിലപാടുകളെക്കുറിച്ചുമൊക്കെ പറയുന്നത്? അതുമായി ബന്ധപ്പെട്ട നിരവധി ഉദാഹരണങ്ങൾ ഞങ്ങൾക്ക് പറയാൻ കഴിയും. ശബരിമലയിലെ തിരഞ്ഞെടുപ്പിനെക്കുറിച്ച് നിങ്ങൾ ആക്ഷേപമുന്നയിക്കുന്നുണ്ടല്ലോ? ശബരിമല പഞ്ചായത്തിൽ ജയിച്ചത് ഇടതുപക്ഷമാണ്, ആ വാർഡിൽ ഇടതുപക്ഷമാണ് ജയിച്ചത്. ബി.ജെ.പി. ഭരിച്ചിരുന്ന പന്തളം നഗരസഭയിലും ഇടതുപക്ഷമാണ് ജയിച്ചത്. ഞങ്ങൾ നേരിട്ട് ഏറ്റുമുട്ടിയാണ് അവിടെ വിജയം നേടിയത്. നിങ്ങൾ എന്ത് നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചത്? ഈ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ പ്രീണിപ്പിച്ച് നാല് സീറ്റുണ്ടാക്കായിട്ട് അതിന്റെ പേരിൽ മേനിനടിക്കുന്ന കോൺഗ്രസ് ഞങ്ങളുടെ ആത്മവിശ്വാസം കുറഞ്ഞെന്നാണ് പറയുന്നത്. ഞങ്ങളുടെ ആത്മവിശ്വാസം ജനങ്ങളിലാണ്. ഏതെങ്കിലും വർഗീയ സംഘടനകളോടൊപ്പം നടന്നിട്ടല്ല ഞങ്ങളുടെ ആത്മവിശ്വാസം തെളിയിക്കേണ്ടത്. മതമാണ് പ്രശ്നമെന്ന് പറഞ്ഞൊരു നേതാവ്, അത് പറയുകയല്ലേ? പത്ത് വർഷക്കാലം ഭരണത്തിൽ നിന്നും ഒഴിഞ്ഞ് നിന്നതിന്റെ ഭാഗമായി നഷ്ടപ്പെട്ടുപോയ എല്ലാം സമുദായത്തിന് ലഭിക്കണമെന്ന് പ്രസംഗിക്കുന്നയാളുകൾ നിങ്ങളുടെ കൂടെയാണ്. ഞങ്ങൾ ഭരണഘടനാപരമായാണ് മതന്യൂനപക്ഷങ്ങളുടെ രക്ഷകരാണെന്ന് പറയുന്നത്; അല്ലാതെ വർഗീയവാദികളുടെ കൂടെച്ചേർന്നിട്ടല്ല. വർഗീയവാദികൾക്കെതിരെ മതനിരപേക്ഷ

മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സമൂഹമൊന്നാകെ അണിനിരക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് അത്തരം നിലപാട് സ്വീകരിക്കുന്നത്. ഇവിടെ ശബരിമലയിൽ എന്തോ വല്ലാത്ത കാര്യം ഞങ്ങൾ ചെയ്തുവെന്ന മട്ടിൽ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശബരിമല വിഷയത്തിൽ നിങ്ങളെന്താണ് പഴയതുപോലെ പ്രശ്നങ്ങൾ എടുക്കാത്തത്? എവിടേക്കാണ് നിങ്ങൾ പോകുന്നത്? ഞങ്ങൾ ശ്രീമതി സോണിയ ഗാന്ധിയെ എന്തോ പറഞ്ഞു. അതിന്റെ അരിശം ശ്രീ. വി. ശിവൻകുട്ടിയുടെ നേരെ തീർക്കണോ?

<u>ചെയർപേഴ്സൺ</u>: സമയം അവസാനിച്ചു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. ശ്രീമതി സോണിയാഗാന്ധിയുടെ വീട്ടിൽ ശ്രീ. ആന്റോ ആന്റണിയോടും ശ്രീ. അടൂർ പ്രകാശിനുമൊപ്പം കട്ടവനും കട്ട സ്വർണ്ണം വാങ്ങിയവനും ഒരുമിച്ച് ചെന്നതെങ്ങനെയെന്ന ചോദ്യമല്ലേ ഞങ്ങൾ ചോദിച്ചുള്ളൂ, അതിന് മറുപടി പറയണ്ടേ? അതിന് മറുപടി പറയാൻ നിങ്ങളുന്നയിച്ച വാദഗതികൾ ഹൈക്കമാൻഡിന് ഇഷ്ടപ്പെട്ടില്ല. നിങ്ങളെ ഹൈക്കമാൻഡ് ചോദ്യം ചെയ്തിട്ടുണ്ടെങ്കിൽ അത് ശ്രീ. വി. ശിവൻകുട്ടിയെ പരസ്യമായി അപമാനിക്കുന്നൊരു നിലപാട് സ്വീകരിക്കണോ; അദ്ദേഹത്തിന്റെ ട്രൗസറിന്റെ അളവെടുക്കാൻ പോകുന്നതിനുപകരം നിങ്ങളുടെ നിലപാട് പറയുകയല്ലേ വേണ്ടത്? ഞങ്ങൾ അക്കാര്യത്തിലൊരു നിലപാട് സ്വീകരിച്ചു. ബഹു. കോടതിയുടെ നിർദേശപ്രകാരം രൂപീകരിച്ച എസ്.ഐ.ടി. (Special

Investigation Team) -യുടെ അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തുന്നവരെയൊക്കെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന നിലപാട് സ്വീകരിച്ചു.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ അത്തരമൊരു നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. ഞങ്ങൾ ആരെയെങ്കിലും രക്ഷിക്കാൻ ശ്രമിച്ചിട്ടുണ്ടോ? നാല് ബന്ധത്തെക്കുറിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു; ഇനിയുള്ള അന്വേഷണം അടുത്ത ബന്ധത്തിലേക്കാണ്. തന്ത്രിയെ സംരക്ഷിക്കാൻ ശ്രമിച്ച തന്ത്രി സമാജത്തിനെതിരായി കഴിഞ്ഞ ദിവസം കോടതിവിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി വന്നല്ലോ; ഞങ്ങൾ അത്തരമൊരു നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി നിങ്ങളുടെ കൂടെയുള്ള ചിലരുടെ പേരും പുറത്തുവന്നല്ലോ? കേസ് തെളിയിക്കട്ടെ, ഞങ്ങൾ അതല്ലേ പറഞ്ഞുള്ളൂ. നിങ്ങൾ അതിനെ രാഷ്ട്രീയവൽക്കരിച്ച് വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ ലാഭമുണ്ടാക്കാൻ ശ്രമിക്കുന്നതിലൂടെ ആരാണ് ഇവിടെ വർഗീയത പ്രചരിപ്പിക്കുന്നത്? നിങ്ങളുടെ ഈ സമീപനം നാടിന് അപകടമുണ്ടാക്കും. ആ അപകടകരമായ കളിക്ക് മതനിരപേക്ഷവാദികളായ യു.ഡി.എഫ്. നേതാക്കൾ കൂട്ട് നിൽക്കരുതെന്ന് അഭ്യർഥിച്ചുകൊണ്ടും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങളിലും പുരോഗതിയിലും എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സർക്കാരിന്റെ അവസാനത്തെ നയപ്രഖ്യാപനത്തിന്റെ ഹൈലൈറ്റ് എന്താണ്? ഒരു നയവും ഇല്ലെന്നതാണ് ഹൈലൈറ്റ്. നയം മാത്രമല്ല പണവുമില്ല എന്നതാണ് സ്ഥിതി. ഇത് തുറന്ന് പ്രഖ്യാപിക്കുന്നൊരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ ഗവർണർ വായിച്ചത്. സർക്കാരില്ലായ്മയാണ് ഇവിടെ മുഴച്ച് നിൽക്കുന്നത്. ഈ വർഷത്തെ പദ്ധതിയുടെ പുരോഗതി പരിശോധിച്ചാൽ സംസ്ഥാന സർക്കാരിന്റെ പരിതാപകരമായ ധനസ്ഥിതി മനസ്സിലാകും. പത്ത് വർഷംകൊണ്ട് നിങ്ങൾ തകർത്ത് തരിപ്പണമാക്കിയ കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ നേർചിത്രം ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി എത്ര സമയമുണ്ട്? ഇനി ഏകദേശം രണ്ട് മാസം മാത്രമാണുള്ളത്. ഇതുവരെയുള്ള പദ്ധതിയുടെ പുരോഗതി എത്രയാണ്? 38 ശതമാനം. എൽ.എസ്.ജി.ഡി.-യുടെ പദ്ധതി പുരോഗതി എത്രയാണ്? 35 ശതമാനം. കഴിഞ്ഞ വർഷം പദ്ധതി അടങ്കലിന്റെ 50 ശതമാനത്തോളം സർക്കാർ ഉത്തരവിലൂടെ കട്ട് ചെയ്തു. അതായത്, പ്ലാൻ സൈസ് കട്ട് ചെയ്തു. ഈ സാമ്പത്തിക വർഷം ഉത്തരവില്ലാതെ തന്നെ ചെലവാക്കാതെപോയി. ചെലവാക്കാൻ കയ്യിൽ പണമില്ല. പ്ലാൻ പോലും നടപ്പാക്കാൻ കഴിയാത്ത സർക്കാർ എന്തിനാണ് നയപ്രഖ്യാപനവും ബജറ്റും മറ്റുമൊക്കെയായി മറ്റ് നടപടികളിലേക്ക് പോകുന്നത്. പ്ലാൻ പോലും നടപ്പാക്കാൻ പറ്റുന്നില്ല. കഴിഞ്ഞ വർഷം 50 ശതമാനം കട്ട്. ഇത്തവണ 40 ശതമാനം പോലും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഉടനെ ഇലക്ഷനിലേക്ക് പോകുകയാണ്. ഇലക്ഷനിലേക്ക് പോയിക്കഴിഞ്ഞാൽ ഈ വർഷത്തെ എക്സ്പെൻഡിച്ചർ എന്തായിരിക്കും? മാർച്ച് ആദ്യവാരമാകുമ്പോഴേക്കും ഇലക്ഷൻ അനൗൺസ് ചെയ്താൽ പിന്നെ എക്സ്പെൻഡിച്ചർ ഉണ്ടാകുമോ? അപ്പോൾ 11 മാസം പൂർത്തിയാകുമ്പോഴേക്കും 50

ശതമാനം പോലും എക്സ്പെൻഡിച്ചറില്ലാത്ത സ്ഥിതിയിലേക്ക് പോവുകയാണ്. അതാണ് പരിതാപകരമായ സാമ്പത്തിക സ്ഥിതിയെന്ന് പറയാൻ കാരണം.

(അധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കണ്ട മറ്റൊരു കാര്യം കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ നിയമസഭയ്ക്കകത്തും പുറത്തും സമരപന്തലുകളിലുമൊക്കെ 56,000 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കാനുണ്ടെന്നാണ് പറഞ്ഞിരുന്നത്. ആ കണക്കുകളൊന്നും ഇപ്പോൾ നയപ്രഖ്യാപന പ്രസംഗത്തിലില്ല. വേറെയും ചില കണക്കുകൾ ഇവിടെ പറയുകയുണ്ടായി. ആ 56,000 കോടി രൂപ ലഭിച്ചോ; കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള 56,000 കോടി രൂപയുടെ കണക്കിനെ സംബന്ധിച്ച് ഞങ്ങൾ ചോദ്യം ചെയ്തിരുന്നു. ആ തുക കിട്ടിയോ; അതോ രഹസ്യമായി ഒത്തുതീർപ്പിലെത്തിയോ; പി. എം. ശ്രീ. പദ്ധതിയിൽ രഹസ്യമായി ഒപ്പിട്ടശേഷം മന്ത്രിസഭയിലെ സ്വന്തം അംഗങ്ങളോടുപോലും ആ കാര്യം പറഞ്ഞില്ല. പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിടരുതെന്ന് സി.പി.ഐ. അംഗങ്ങളുൾപ്പെട്ട മന്ത്രിസഭ വാശിപിടിക്കുമ്പോൾ ഒപ്പിട്ടശേഷമാണ് ബഹു. മുഖ്യമന്ത്രിയും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആ മന്ത്രിസഭയിൽ വന്നിരുന്നത്. കൂടെയുള്ള സഹപ്രവർത്തകരോടുപോലും പറയാതെ രഹസ്യമായി നിങ്ങൾ പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടു.

കേന്ദ്ര സർക്കാർ പാസാക്കിയ ലേബർ കോഡ് തൊഴിലാളി വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി രാജ്യവ്യാപകമായി പ്രക്ഷോഭം നടത്തി. വേതനം, സാമൂഹ്യസുരക്ഷ പെൻഷൻ

എന്നിവ സംബന്ധിച്ച കോഡിന്റെ കരട് വിജ്ഞാപനം 2021-ൽ കേരളത്തിൽ പുറപ്പെടുവിച്ചത് എങ്ങനെയാണ്; അത് വിവാദമായപ്പോഴാണല്ലോ നടപ്പാക്കേണ്ടെന്ന് തീരുമാനിച്ചത്? നമ്മൾ എതിർക്കുന്ന നയങ്ങൾപോലും അതായത് പുതിയ ലേബർ കോഡും പി.എം.ശ്രീ. പദ്ധതിയും ഇവിടെ നടപ്പാക്കാൻ ശ്രമിച്ചു. കേന്ദ്രം പണം നൽകാത്തത് എവിടെയാണ്; കേരളത്തിന് അർഹതപ്പെട്ട വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി പറയേണ്ട സ്ഥലത്ത് ഞങ്ങൾ ഭംഗിയായി പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഫിനാൻസ് കമ്മീഷൻ കേരളത്തിൽ തെളിവെടുപ്പിന് വന്നപ്പോൾ കേന്ദ്രസർക്കാരിന് കേരളത്തോടുള്ള അവഗണന ഏതെല്ലാം തരത്തിലാണെന്ന് വളരെ ഭംഗിയായി പ്രതിപക്ഷം വ്യക്തമാക്കിയെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാമല്ലോ; കേരളത്തിന് അർഹതപ്പെട്ട വിഹിതം ഏതൊക്കെ വിധത്തിലാണ് കേന്ദ്രം വെട്ടിക്കുറയ്ക്കുന്നതെന്ന് പ്രതിപക്ഷം കൃത്യമായി ഒരു പ്രസന്റേഷൻ നടത്തിയിട്ടുണ്ട്. ബഹു. ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വിദഗ്ധരും പ്ലാനിങ് ബോർഡ് അംഗങ്ങളും ആ പ്രസന്റേഷനെ അഭിനന്ദിക്കുകയുണ്ടായി. കേന്ദ്രത്തിന്റെ സാമ്പത്തിക അവഗണനയ്ക്കെതിരായി ദക്ഷിണേന്ത്യൻ ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചപ്പോൾ തെലങ്കാനയിലേയും കർണ്ണാടകയിലേയും ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെ വന്ന് സംസാരിച്ചില്ലേ; ഞങ്ങൾ വരേണ്ടെന്ന് പറഞ്ഞാൽ അവർ വരുമോ; അവർ ഇവിടെ വരികയും അതിൽ എനിക്ക് പങ്കെടുക്കാനും സാധിച്ചു. ഞങ്ങളും കേന്ദ്ര അവഗണനയ്ക്കെതിരെ സമരം നടത്തി. നിങ്ങൾ സമരം ചെയ്യുമ്പോൾ നിങ്ങളുടെ സൗകര്യത്തിന് സെറ്റിൽമെന്റ് വയ്ക്കുന്നു. ആ

സമരത്തോടൊപ്പം കൂട്ടുനിൽക്കാൻ ഞങ്ങളെ കിട്ടില്ല. നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പ്രസ്താവനയുണ്ട്, My Government remains resolute in its policy of "Zero Tolerance to Corruption". ഇത് കേട്ടാൽ ചിരിക്കാതിരിക്കാൻ കഴിയുമോ; ഈ ഗവൺമെന്റ് ശബരിമലയിലെ സ്വർണ്ണം കട്ടവരെ സംരക്ഷിക്കുന്ന ആളുകളാണ്. എന്നിട്ട് Zero Tolerance to Corruption എന്നാണ് പറയുന്നത്. ശബരിമല സ്വർണ്ണക്കൊള്ളയിൽ നിങ്ങളുടെ മൂന്ന് പ്രധാനപ്പെട്ട നേതാക്കന്മാരല്ലേ ജയിലിൽ കിടക്കുന്നത്; നിങ്ങൾ അവർക്കെതിരായി എന്തെങ്കിലും disciplinary action എടുത്തോ; സംഘടനാപരമായി നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ്; മൂന്ന് പ്രധാനപ്പെട്ട നേതാക്കൾ ജയിലിൽ കിടക്കുകയാണ്, എന്നിട്ടും ഇനിയും കേസ് തെളിയണമെന്നാണ് പറയുന്നത്. നിങ്ങൾ അവർക്കെതിരെ നടപടിയെടുക്കാൻ പേടിക്കുന്നത് എന്തുകൊണ്ടാണ്; നടപടിയെടുത്താൽ അവർ വേറെ ആളുകളുടെ പേര് പറയുമെന്ന് നിങ്ങൾക്ക് പേടിയാണ്. വേറെ ആളുകൾ ക്യൂവിൽ നിൽക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം നമുക്കറിയാം. പ്രതികൾക്ക് എങ്ങനെയാണ് സ്വാഭാവിക ജാമ്യം ലഭിക്കുന്നതെന്ന് ഞങ്ങൾ പറഞ്ഞല്ലോ; ബഹു. ഹൈക്കോടതി ജാമ്യം നിഷേധിച്ചു. അയ്യപ്പന്റെ സ്വർണ്ണം കട്ടശേഷം എന്തിനാണ് ഇങ്ങോട്ട് വരുന്നതെന്നാണ് ബഹു. സുപ്രീംകോടതി ചോദിച്ചത്. ഇപ്പോൾ എന്താണ് സംഭവിച്ചത്; കുറ്റപത്രം കൊടുക്കാതെ സ്റ്റാറ്റ്യൂട്ടറി ജാമ്യം കൊടുക്കുന്ന അവസ്ഥയിലേക്കെത്തിയില്ലേ; കസ്റ്റഡിയിലെടുത്ത് 90 ദിവസം കഴിഞ്ഞാൽ പോറ്റിയുൾപ്പെടെയുള്ള എല്ലാവരും പുറത്തിറങ്ങും. ഞങ്ങൾ ഇത് പറഞ്ഞപ്പോൾ, ഞങ്ങൾ ബഹു. കോടതിയെ വിമർശിക്കുകയാണെന്ന് പറഞ്ഞു. ഇന്നലെ ബഹു. കോടതി SIT-

യെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞു. SIT ആരുടെ സമ്മർദത്തിലാണ് പ്രവർത്തിക്കുന്നത്; എന്താണ് പ്രശ്നമെന്ന് ബഹു. കോടതി ചോദിച്ചില്ലേ; നിയമസഭയിൽ എല്ലാ കാര്യവും ചർച്ച ചെയ്യുമെന്ന് അവകാശപ്പെടുന്ന സർക്കാർ പയ്യന്നൂർ രക്തസാക്ഷി ഫണ്ട് മുക്കിയതിനെക്കുറിച്ച് ചർച്ച ചെയ്തില്ലല്ലോ; കോവിഡ് കാലത്തെ കൊള്ളയെക്കുറിച്ചുള്ള ചർച്ച ഇതുവരെ നടത്തിയില്ലല്ലോ; ആശുപത്രികളിൽ നടത്തിയ മരുന്ന് കൊള്ളയെക്കുറിച്ച് സി.ആൻഡ് എ.ജി. റിപ്പോർട്ട് വന്നിരിക്കുകയല്ലേ; കാലാവധി കഴിഞ്ഞ മരുന്ന് വിതരണം ചെയ്ത കഥകൾ എല്ലാവർക്കുമറിയാം. കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്താൽ മരണത്തിന് കാരണമാകും. മരണ കാരണമാകുന്ന മരുന്നുകൾക്കാണ് വലിയ കമ്മീഷൻ ലഭിക്കുന്നത്. അത്തരം മരുന്നുകൾക്ക് ലോകത്ത് 80 ശതമാനം കമ്മീഷനാണ് ലഭിക്കുന്നത്. കാലാവധി കഴിഞ്ഞാൽ അത്തരം മരുന്നുകൾ നശിപ്പിക്കേണ്ടവയാണ്. അത്തരം മരുന്നുകൾ വിതരണം നടത്തിയ ആളുകളാണ് നിങ്ങളെന്ന് സി.ആൻഡ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞല്ലോ;

അതുപോലെ മറ്റൊരു പ്രശ്നമാണ് തൊഴിലില്ലായ്മ. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് തൊഴിലില്ലായ്മയാണ്. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന സർക്കാർ വാഗ്ദാനം എവിടെപ്പോയി; അത് ഇപ്പോഴും പേപ്പറിൽ തന്നെയാണ്. നിങ്ങൾ പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ്. നിങ്ങളുടെ ഇഷ്ടക്കാരെ പിൻവാതിലിലൂടെ നിയമിക്കുകയാണ്. പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഇടംനേടുകയും നിയമനം ലഭിക്കുകയും ചെയ്യേണ്ട യഥാർഥ ആളുകൾ തെക്കുവടക്ക് നടക്കുകയാണ്. യഥാർഥത്തിൽ നടത്തേണ്ട നിയമനങ്ങളെ എല്ലാ അർഥത്തിലും

തടസ്സപ്പെടുത്തുകയാണ് നിങ്ങൾ ചെയ്യുന്നത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് വിലക്കയറ്റം. ....(ബഹളം).... ബഹു. മുഖ്യമന്ത്രി പ്രസംഗിക്കുമ്പോൾ അദ്ദേഹം അതിന് മറുപടി പറയും; നിങ്ങൾ എന്നോട് പറയേണ്ട, എന്നോട് ഒരു ചോദ്യവും ചോദിക്കേണ്ട; ബഹു. മുഖ്യമന്ത്രിക്ക് ദീർഘനേരം പ്രസംഗിക്കാൻ സമയമുള്ളതിനാൽ എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. ഇന്ത്യയിൽ വിലക്കയറ്റം ഏറ്റവും രൂക്ഷമായ സംസ്ഥാനം ഏതാണ്; കഴിഞ്ഞ പത്ത് മാസങ്ങളായി അക്കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഞാൻ എല്ലാമാസവും അത് വിലയിരുത്താറുണ്ട്; നാളിതുവരെ അക്കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്തേക്ക് പോയിട്ടില്ല. നിങ്ങൾ ഇവിടെ കുറെ ഒന്നാം സ്ഥാനങ്ങളുടെ കാര്യം പറഞ്ഞല്ലോ; സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്ക് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. ആ വിലക്കയറ്റം പാവപ്പെട്ടവന്റെ ജീവിതത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ട്. ആ വിലക്കയറ്റം നിയന്ത്രിക്കാൻ എന്ത് മാർക്കറ്റ് ഇന്റർവെൻഷനാണ് നടത്തിയത്; നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന് കൃത്യസമയത്ത് പണം കൊടുത്തിട്ടില്ല. പണമില്ലാത്തതുകൊണ്ടാണ് മാർക്കറ്റിൽ ഇടപെടാൻ കഴിയാത്തത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനമെന്ന അഭിമാനത്തോടെ പതിനൊന്നാം മാസത്തിലേക്ക് കടക്കുകയാണ് കേരളം. ഓരോ മാസവും നിരന്തരമായി റിപ്പോർട്ടുകൾ വരികയാണ്. വേറൊരു സംസ്ഥാനത്തിനും ഒന്നാം സ്ഥാനം നൽകില്ലെന്ന വാശിയാണ്.

കഴിഞ്ഞ പത്ത് വർഷമായി സർക്കാർ കർഷകരെ പറഞ്ഞ് പറ്റിക്കുകയാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ആളുകളല്ലേ നിങ്ങൾ? 2021-ൽ ഞങ്ങൾ അധികാരത്തിൽ വന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയിൽനിന്ന് 2500 രൂപയാക്കുമെന്ന് നിങ്ങൾ പാവപ്പെട്ട മനുഷ്യർക്ക് വാക്ക് കൊടുത്തില്ലേ; നാലേമുക്കാൽ കൊല്ലം നിങ്ങൾ അനങ്ങിയോ; ഒരു രൂപയെങ്കിലും വർധിപ്പിച്ചോ? പഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പുള്ള ആഴ്ച നാന്നൂറ് രൂപ വർധിപ്പിച്ചു. ഇനി മൂന്ന് മാസം മാത്രമാണ് നിങ്ങളുടെ ഭരണ കാലാവധി. നിങ്ങൾ നാളത്തെ ബജറ്റിൽ പ്രഖ്യാപിച്ചാൽ ഒരു മാസംപോലും കൊടുക്കേണ്ടി വരില്ല. 1600 രൂപയുടെ പെൻഷൻ 2500 രൂപയാക്കുമെന്ന് ഉറപ്പ് നൽകിയതിന്റെ പേരിൽ നിങ്ങൾക്ക് വോട്ട് ചെയ്ത ധാരാളം പാവങ്ങളുണ്ട്. നിങ്ങൾ അവരെ മുഴുവൻ കബളിപ്പിച്ചു. നാലേമുക്കാൽ കൊല്ലം ഒരു രൂപപോലും വർധിപ്പിച്ചില്ല.

സംസ്ഥാനത്തെ ക്ഷേമനിധികൾ മുഴുവൻ തകർന്നിരിക്കുകയാണ്. ഏഴ് ക്ഷേമനിധികളാണ് വലിയ പ്രതിസന്ധി നേരിടുന്നത്. കേരള കെട്ടിടനിർമ്മാണ ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ട് ഏകദേശം പത്തൊൻപത് മാസത്തോളമായി. ഓരോ ക്ഷേമനിധിയും തകർച്ചയിലേക്ക് പോകുമ്പോഴും ക്ഷേമനിധി ബോർഡിൽനിന്നും കാശെടുത്ത് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ഉപയോഗിക്കുകയാണ്.

ആരോഗ്യ രംഗത്തെക്കുറിച്ച് നേരത്തെ പറഞ്ഞതിനാൽ ഞാനത് പറയുന്നില്ല. ഞാൻ ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് തെറ്റായ കാര്യങ്ങളാണ് ഇപ്പോഴത്തെ ബഹു. ആരോഗ്യ വകുപ്പുമന്ത്രി ഇന്ന് സംസാരിച്ചത്. ഞങ്ങൾ അതൊക്കെ കറക്ട് ചെയ്തതാണ്. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്. യു.ഡി.എഫ് - ഭരണകാലത്ത് ആരംഭിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 1200 കോടി രൂപ കുടിശ്ശികയാണ്. പല പ്രൈവറ്റ് ആശുപത്രിയും കാരുണ്യ പദ്ധതി ആനുകൂല്യം നൽകുന്നില്ല; അവർ യോഗം ചേർന്ന് നൽകില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സർക്കാരിന്റെ കയ്യിൽ പണമില്ല.

ഉന്നതവിദ്യാഭ്യാസ മേഖല എന്തെല്ലാം പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്; പല സർവകലാശാലകളിലും വൈസ് ചാൻസലർമാരില്ല, കോളേജുകളിൽ പ്രിൻസിപ്പൽമാരില്ല; യാതൊരു തയ്യാറെടുപ്പുമില്ലാതെ ആരംഭിച്ചതിന്റെ ഫലമായി നാലുവർഷ ഡിഗ്രി കോഴ്സ് വൻ പരാജയമായിരിക്കുകയാണ്; അന്വേഷിച്ചാൽ നിങ്ങൾക്കത് മനസ്സിലാകും. നാല് വർഷത്തെ ഡിഗ്രി കോഴ്സ് അധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ കൺഫ്യൂഷനാണ്. കേരളത്തിൽ ബ്രെയിൻ ഡ്രെയിനാണ്. അതായത്, കോഴ്സുകളെല്ലാം ഔട്ട് ഡേറ്റഡായിക്കൊണ്ടിരിക്കുന്നു. നിങ്ങൾ എന്ത് കരിക്കുലം ചെയ്ഞ്ചാണ് വരുത്തിയത്? ഗ്ലോബൽ ജോബ് മാർക്കറ്റും തൊഴിലിന്റെ സ്വഭാവവും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ലോകരാജ്യങ്ങളെല്ലാം ഗ്ലോബൽ ജോബ് മാർക്കറ്റ് ഒബ്സർവ് ചെയ്ത് അതിനുള്ള മെക്കാനിസമുണ്ടാക്കി

അതനുസരിച്ചുള്ള കറസ്പോണ്ടിങ് കോഴ്സുകൾ ആരംഭിക്കുകയോ സ്കിൽ റീസ്കിൽ ചെയ്യുകയോ റീ-ഓറിയന്റേഷൻ കൊടുക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ കുട്ടികൾ ഒന്നാകെ ഇവിടെനിന്ന് പോകുന്ന ഈ സ്ഥിതി തുടർന്നാൽ അഞ്ച് വർഷം കഴിയുമ്പോൾ കേരളം വൃദ്ധസദനമായി മാറും. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള യുവതലമുറയുടെ ഒഴുക്ക് കുറയ്ക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മികച്ച കോഴ്സുകൾ ആരംഭിക്കുന്നതിനും എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്? എവിടെയെങ്കിലും ഏതെങ്കിലും കോഴ്സ് റീസ്ട്രക്ച്ചർ ചെയ്തോ; ഉന്നതവിദ്യാഭ്യാസ മേഖലയിൽ കരിക്കുലം ചെയ്ഞ്ച് വരുത്തിയോ; പല കോളേജുകളിലും ഡിഗ്രിയും പി.ജി.-യും പഠിക്കാൻ വിദ്യാർഥികളില്ല. ഔട്ട്ഡേറ്റഡായ കോഴ്സുകൾ പഠിക്കാൻ പ്രസിദ്ധമായ കോളേജുകളിൽപ്പോലും കുട്ടികളില്ല. എന്തൊരു അപകടകരമായ സ്ഥിതിയിലേക്കാണ് കേരളം പോയിക്കൊണ്ടിരിക്കുന്നത് ? പുതുതലമുറയോട് ചെയ്യുന്ന ചതിയല്ലേ ഇത്; വരുന്നവർ വരട്ടെ; പോകുന്നവർ പോകട്ടെ എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്തെല്ലാം സാധ്യതകളുള്ളൊരു സംസ്ഥാനത്താണ് നാം ജീവിക്കുന്നത് ? ഉന്നതവിദ്യാഭ്യാസ രംഗത്ത് ആ സാധ്യതകളുടെ മുഴുവൻ വാതിലുകളും നിങ്ങൾ അടച്ച് കളഞ്ഞുവെന്ന കാര്യം മറക്കേണ്ട.

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ഫണ്ട് അധികമായി അനുവദിച്ചുവെന്ന അവകാശവാദമാണ് ഉന്നയിക്കുന്നത്. കഴിഞ്ഞവർഷം പട്ടികജാതിക്കാർക്കായി അനുവദിച്ച 500 കോടി രൂപയും പട്ടികവർഗ്ഗക്കായുള്ള 112 കോടി രൂപയുമാണ് വെട്ടിക്കുറച്ചത്. ഓരോ

ഗവൺമെന്റും അധികാരത്തിൽവന്ന് 5 വർഷം കഴിയുമ്പോഴേയ്ക്കും പ്ലാൻ സൈസ് വർധിക്കും. എന്നാൽ ഇവിടെ പ്ലാൻ സൈസ് നിശ്ചലമാണ്. 30,000 കോടി രൂപയായി തുടരുകയാണ്. അതായത് പട്ടികജാതിക്കാർക്ക് കിട്ടേണ്ട ഫണ്ട് 10 ശതമാനം തുക 3,000 കോടി രൂപയിൽത്തന്നെ നിൽക്കുകയാണ്. അത് നാലായിരമോ അയ്യായിരമോ കോടി രൂപയായി വർധിക്കേണ്ടതായിരുന്നു. പ്ലാൻ സൈസ് വർധിക്കാത്തതിനാൽ പട്ടികജാതിക്കാർക്ക് ലഭിക്കേണ്ട ഫണ്ട് വർധിച്ചില്ലെന്ന് മാത്രമല്ല, 500 കോടിയോളം രൂപ വെട്ടിക്കുറച്ചതിനാൽ ഇത്തരം വിഭാഗക്കാരുടെ എത്ര പദ്ധതികളാണ് മുടങ്ങിപ്പോയത്?

കേരളം ലാ ആൻഡ് ഓർഡറിൽ മികച്ചുനിൽക്കുന്ന സംസ്ഥാനമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്. നാട്ടിൽ കൊള്ളയും കൊലപാതകവും ക്രമാതീതമായി വർധിക്കുകയും ഗുണ്ടകൾ അഴിഞ്ഞാടുകയുമാണ്. കൊലപാതകങ്ങളുടെ വാർത്തകൾ വർധിക്കുന്നതോടൊപ്പം മയക്കുമരുന്നുകളുടെ വ്യാപനവും രൂക്ഷമാണ്. കൊലപാതകത്തിന്റെ സ്വഭാവം ബ്രൂട്ടലായി മാറികൊണ്ടിരിക്കുകയാണ്. മയക്കുമരുന്നിന്റെ ദുരുപയോഗം നിയന്ത്രിക്കാൻ സാധിച്ചോ? ഇത്തരം കേസുകൾ 2015-ൽ ഉണ്ടായിരുന്നതിനേക്കാൾ ക്രമാതീതമായി വർധിച്ചിരിക്കുകയാണ്. അവസാനം, കേസെടുക്കുന്നത് ഇത് ഉപയോഗിച്ച ആളുടെ പേരിലായിരിക്കും. അയാളെ പൊലീസ് സ്റ്റേഷനിലോ എക്സൈസ് ഓഫീസിലോ കൊണ്ടുപോയി മൂന്ന് മണിക്കൂർ നിർത്തിയശേഷം ജാമ്യം കൊടുത്തുവിടും. അയാൾ പുറത്തുവന്നശേഷം ആ മൂന്ന് മണിക്കൂർ വലിക്കാത്തതും

കൂടിചേർത്ത് രണ്ടെണ്ണം കൂടുതൽ വലിക്കും. ഈ രീതിയിലാണ് കേസെടുക്കുന്നത്. ഇതിന്റെ ഉറവിടം തേടി എവിടെയാണ് പോയത്; കേരളത്തിലെ പൊലീസും എക്സൈസും കാര്യക്ഷമമല്ലേ? മയക്കുമരുന്ന് കപ്പലിലോ ബോട്ടിലോ ടെയിനിലോ റോഡുമാർഗ്ഗം മുഖേനയാണോ വരുന്നത്; ഏതാണ് ഇതിന്റെ ഉറവിടം; മയക്കുമരുന്ന് വിതരണം ചെയ്യുന്ന പത്ത് പേരെ കണ്ടെത്താൻ കേരളത്തിലെ പൊലീസിന് കാര്യക്ഷമതയില്ലേ; അതിന്റെ ഉറവിടം എവിടെയാണെന്ന് കണ്ടെത്തി തടയിടാൻ കഴിയുന്നുണ്ടോ? വ്യാപകമായ ലഹരിമരുന്ന് ഉപയോഗത്തിന്റെ ഫലമായി കുടുംബങ്ങളിൽപോലും ഇന്ന് അസ്വസ്ഥതയും സമാധാനമില്ലായ്മയുമാണ് ഉണ്ടാകുന്നത്. മാതാപിതാക്കൾക്ക് മക്കളെപ്പോലും പേടിയാണ്. ഓരോ കുടുംബങ്ങളിലുമുണ്ടാകുന്ന വ്യക്തിപരവും പുറത്തുപറയാൻ കഴിയാത്തതുമായ വിഷയങ്ങൾ നമ്മോട് പറയാറുണ്ട്. അവരുടെ പ്രശ്നങ്ങൾ വളരെ സങ്കടകരമാണ്. കുട്ടികളെ ഭയക്കുന്ന രീതിയിലേക്ക് കേരളം മാറുന്നു. കേരളത്തെ ഡ്രഗ്സിന്റെ തലസ്ഥാനമാക്കി മാറ്റാൻ ഒരു മാഫിയസംഘംതന്നെ പ്രവർത്തിക്കുമ്പോൾ അതിനെതിരായി പ്രവർത്തിക്കാൻ സർക്കാരിന് സാധിക്കുന്നുണ്ടോ? സർക്കാരിന്റെ സാന്നിധ്യം ഫീൽ ചെയ്യുന്നുണ്ടോയെന്നതാണ് ഞങ്ങളുടെ ചോദ്യം. അതിന് നിങ്ങൾ മറുപടി പറയണം.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും ഡി.എ. കുടിശ്ശികയുൾപ്പെടെ ഏകദേശം ഒരു ലക്ഷം കോടി രൂപ നൽകാനുണ്ട്. ഡി.എ. സർക്കാർ ജീവനക്കാരുടെ അവകാശമല്ലെന്നാണ് ബഹു. കോടതിയിൽ സർക്കാർ പറഞ്ഞിരിക്കുന്നത്. ഒരു ഇടതുപക്ഷ ഗവൺമെന്റാണ് ബഹു. കോടതിയിൽ ഇപ്രകാരം പറഞ്ഞതെന്ന കാര്യം നാം

ഓർക്കണം. ജീവനക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി പൊരുതുകയാണ്, അങ്ങനെ പൊരുതുന്ന സമരപാരമ്പര്യമുണ്ട് എന്നൊക്കെ നിങ്ങൾ എല്ലായിടത്തും പ്രസംഗിച്ചിട്ട് ഡി.എ. ജീവനക്കാരുടെ അവകാശമല്ലെന്നാണ് ബഹു. കോടതിയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് നിങ്ങൾ എക്സ്ട്രീം റൈറ്റാണെന്ന് ഞാൻ പറഞ്ഞത്. തീവ്ര വലതുപക്ഷ സർക്കാരാണ് നിങ്ങളെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരം തീരുമാനങ്ങളെടുക്കുമ്പോഴാണ് ഓരോ ഗവൺമെന്റിന്റെയും ഇടതുപക്ഷസ്വഭാവം പ്രതിഫലിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എന്തിനാണ് ഇങ്ങനെയൊരു പരാമർശം നടത്തിയതെന്ന് എൽ.ഡി.എഫ്. യോഗം കൂടുമ്പോഴെങ്കിലും ചോദിക്കുന്നത് നന്നായിരിക്കും. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് എന്റെ പേര് പറഞ്ഞ് ചില കാര്യങ്ങൾ ചോദിച്ചുവെന്ന് പറഞ്ഞു. തെറ്റായ കാര്യങ്ങൾ പറയുമ്പോൾ ഉമ്മൻ ചാണ്ടിയെപ്പോലെയുള്ള ഒരു മുഖ്യമന്ത്രി നമ്മളെ വിളിച്ചുവരുത്തി സംസാരിച്ച് എന്താണ് പരാതിയെന്ന് മനസ്സിലാക്കി അത് കറക്ട് ചെയ്തിട്ടുണ്ട്. എന്നാൽ നിങ്ങൾക്കത് പറയാനുള്ള ധൈര്യവും ചങ്കൂറ്റവുമില്ല. 10 വർഷം മുമ്പ് ഞങ്ങൾ, ഞങ്ങളുടെ സർക്കാരിന്റെ തെറ്റ് ചൂണ്ടിക്കാട്ടി കറക്ട് ചെയ്യിപ്പിച്ചിട്ടുണ്ട്. അതിനുള്ള ധൈര്യം നിങ്ങൾക്ക് ഇല്ലാതെപോയെന്ന് ഞാൻ ഇതിനുമുമ്പും സഭയിൽ പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ഗവൺമെന്റ് ശരിയായ പാതയിലല്ല പോകുന്നതെങ്കിൽ അത് ചൂണ്ടിക്കാട്ടുകയും കറക്ടീവ് ഫോഴ്സായി പാർട്ടിയിൽ നിൽക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾക്കതിനുള്ള ധൈര്യമില്ല.

ഏകദേശം 30 ലക്ഷം പേരാണ് പശ്ചിമഘട്ടത്തിൽ താമസിക്കുന്നത്. വന്യജീവി ആക്രമണത്തിൽ എത്രപേരാണ് മരിച്ചത്; എത്രപേരുടെ കൃഷിയാണ് നശിച്ചത്? പണ്ട് മൈഗ്രേറ്റ് ചെയ്ത ആളുകൾ കപ്പ, ചേന, ചേമ്പ് തുടങ്ങിയവ കൃഷി ചെയ്താണ് ജീവിച്ചിരുന്നതെങ്കിൽ പന്നി നശിപ്പിക്കുന്നതിനാൽ ഇപ്പോൾ ഒരു കൃഷിയുമില്ല. വാഴ മുഴുവനും വന്യമൃഗങ്ങൾ നശിപ്പിച്ചു. ഞാൻ അതിരപ്പിള്ളിയിൽ പോയപ്പോൾ വീടുകളിൽനിന്നെല്ലാം പ്ലാവ് വെട്ടി മാറ്റുകയാണ്. എന്താണ് കാര്യമെന്ന് അന്വേഷിച്ചപ്പോൾ, പ്ലാവിൽ ചക്കയുണ്ടെങ്കിൽ ആന വരും. വാഴ കൃഷി ചെയ്യുന്നില്ല. നാളികേരം പാകമാകുന്നതിനുമുമ്പ് കുരങ്ങന്മാർ തെങ്ങിൽ കയറി മുഴുവനും നശിപ്പിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങൾ പരമ്പരാഗതവും ആധുനിക സംവിധാനങ്ങളുമുപയോഗിച്ച് വന്യജീവി ആക്രമണത്തെ നേരിടാനുള്ള നടപടി സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാർ നിസംഗരായി നിന്നുകൊണ്ട് പാവപ്പെട്ട മനുഷ്യരെ ആനയ്ക്കും കടുവയ്ക്കും പന്നിക്കും പുലിക്കുമൊക്കെ വിട്ടുകൊടുത്തിരിക്കുകയാണ്. വന്യജീവി ആക്രമണം തടയാൻ ഈ സർക്കാർ ചെറുവിരൽ അനക്കിയിട്ടില്ല. അതുകൊണ്ട് യാതൊരു നയവുമില്ലാത്ത ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്.

ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നിങ്ങളിവിടെ സെക്കുലർ സ്റ്റേറ്റിന്റെ കാര്യം പറഞ്ഞു. നിങ്ങൾക്കെന്തുപ്പറ്റിയെന്ന് ഞാൻ എപ്പോഴും അത്ഭുതപ്പെടും. സംഘപരിവാറോ ബി.ജെ.പി.-യോ വന്ന് വർഗീയത ഇളക്കിവിടാൻ ശ്രമിച്ചാൽ നമുക്ക് അത്ഭുതമില്ല. വിദ്വേഷ പ്രചാരണം നടത്തി, മതങ്ങളെ തമ്മിലടിപ്പിച്ച് അതിൽനിന്നും രാഷ്ട്രീയ

മുതലെടുപ്പ് നടത്തുകയെന്നതാണ് അവരുടെ രീതി. സംഘപരിവാറിന്റെ അതേ പാതയിലൂടെ നിങ്ങളും സഞ്ചരിക്കാൻ പോയാലോ?

മുൻമന്ത്രി ശ്രീ. എ. കെ. ബാലന്റെയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാന്റെയും പ്രസ്താവനകൾ പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണെന്ന് പറഞ്ഞു. എന്നാൽ അത് വർഗീയവാദമുയർത്തുന്ന പ്രസ്താവനയായിരുന്നു. നിങ്ങൾ സംഘപരിവാറിന്റെ അതേ പാതയിലൂടെ സഞ്ചരിക്കുകയാണ്. കേരളം നശിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. നിങ്ങൾ ആ വഴിയേ പോകുകയോ അവരുടെ പാതയിൽ സഞ്ചരിക്കുകയോ ചെയ്യരുത്. അത് കേരളത്തെ അപകടകരമായ സ്ഥിതിയിലെത്തിക്കും. നമ്മുടെ മക്കളും കൊച്ചുമക്കളുമൊക്കെയുള്ള ഒരു തലമുറ വളർന്നുവരുന്നുണ്ട്. അവർക്കും ഇവിടെ സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കാനുള്ള ചുമതല നമുക്കുണ്ടെന്ന് പൊതുപ്രവർത്തകരും രാഷ്ട്രീയപ്രവർത്തകരുമായ നമ്മുടെ ഉള്ളിലൊരു ഇച്ഛാശക്തിയുണ്ടാകണം. അതിനാൽ ദയവുചെയ്ത് നിങ്ങൾ സംഘപരിവാറിന്റെ വഴിയിലൂടെ പോകരുതെന്ന് ഞങ്ങൾ വിനയപൂർവം അഭ്യർഥിക്കുന്നു.

ഒരുപാട് അംഗങ്ങൾ ഞാൻ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അധിക്ഷേപിച്ച് സംസാരിച്ചതായി ഇവിടെ പറഞ്ഞു. കഴിഞ്ഞദിവസം ഞങ്ങൾ സഭാനടപടികൾ സ്തംഭിപ്പിച്ചു. സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് ചരിത്രത്തിലാദ്യമായല്ല. ഞങ്ങൾ ശബരിമലയിലെ സ്വർണ്ണക്കൊള്ള വിഷയത്തിൽ സമരം ചെയ്യുകയാണ് ചെയ്തത്. ചോദ്യോത്തരവേള

നടക്കുന്നതിനിടയിൽ ഞങ്ങൾ സമരം ചെയ്ത വേളയിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിക്ക് മൈക്ക് ലഭിച്ചപ്പോൾ എത്ര മോശമായിട്ടാണ് ഞങ്ങളുടെ സമരത്തെക്കുറിച്ച് പറഞ്ഞത്. ഇങ്ങനെയാണോ നിങ്ങൾ നിയമസഭയിൽ പെരുമാറേണ്ടത്; എന്തൊരു അച്ചടക്കമില്ലായ്മയാണ്; നിങ്ങൾ എന്തിനാണ് സമരം ചെയ്യുന്നത് എന്നിങ്ങനെ പരിഹസിക്കുകയും അതിനുശേഷം അദ്ദേഹം ഞങ്ങളുടെയെല്ലാം മാതൃതുല്യയും പ്രിയങ്കരിയുമായ നേതാവ് ശ്രീമതി സോണിയ ഗാന്ധിയുടെ വീട് റെയ്ഡ് ചെയ്ത് അവരെ അറസ്റ്റ് ചെയ്യണമെന്നും അവരുടെ വീട്ടിലാണ് ശബരിമലയിലെ മോഷ്ടിച്ച സ്വർണം സൂക്ഷിച്ചുവച്ചിരിക്കുന്നതെന്നും പറഞ്ഞു. ചില മന്ത്രിമാരും അദ്ദേഹത്തിന്റെ ഈ പരാമർശത്തോടൊപ്പം ചേർന്ന് പരിഹസിച്ചു. ഞങ്ങൾക്കതിൽ വേദനയും വിഷമവും പ്രയാസവുമുണ്ടായി. ഇദ്ദേഹം വളരെ മോശമായ ഭാഷയിൽ, ശ്രീമതി സോണിയ ഗാന്ധിയുടെ കയ്യിൽ കെട്ടിയിരിക്കുന്ന ചരടുപോലും ശബരിമലയിലെ സ്വർണമാണെന്ന് പറഞ്ഞ് അധിക്ഷേപിച്ചു. 80 വയസ്സായ അവരെ അറസ്റ്റ് ചെയ്യണമെന്നും അവരുടെ വീട് റെയ്ഡ് ചെയ്യണമെന്നും പറഞ്ഞു. .....(ബഹളം).... ഞാൻ ആ മന്ത്രിക്കെതിരെ സംസാരിക്കുകയാണോ ചെയ്തത്? വിദ്യാഭ്യാസ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവർ ആ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്ന് ഞാൻ പുറത്തുപോയി പത്രസമ്മേളനത്തിൽ പറഞ്ഞതല്ലാതെ ഒരു മോശം വാക്കും പറഞ്ഞിട്ടില്ല. ജീവിതത്തിൽ ഒരുപാട് വേദനകൾ അനുഭവിച്ചിട്ടുള്ള ശ്രീമതി സോണിയ ഗാന്ധിയെപോലൊരു വ്യക്തിയെക്കുറിച്ച് നിയമസഭയിൽ ഇത്തരത്തിലുള്ള വാക്കുകൾ പറയാൻ പാടില്ല. ഇക്കാര്യങ്ങൾ സഭാരേഖയിലുണ്ടാകാൻ പാടില്ലെന്ന്

ആവശ്യപ്പെട്ടിട്ടും ഇതിനെതിരെ യാതൊരു നടപടിയും അങ്ങ് സ്വീകരിച്ചില്ല. ഇക്കാര്യത്തിൽ ഞങ്ങൾക്ക് വിഷമമുണ്ടാകുകയും സാധാരണ സംസാരിക്കാറുള്ള ഭാഷയിൽനിന്നും കുറച്ചുകൂടി കടന്ന് എനിക്ക് സംസാരിക്കേണ്ടിവന്നുവെന്നതും സത്യമാണ്. പക്ഷെ ഞാൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കെതിരെ അവൻ, ഇവൻ എന്നിങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ചിട്ടില്ല. (.....ബഹളം.....) ആ പ്രസംഗം കേൾക്കുകയാണെങ്കിൽ ഇക്കാര്യം നിങ്ങൾക്ക് മനസ്സിലാകും. അദ്ദേഹം നിയമസഭയിൽ ഞങ്ങൾക്ക് ക്ലാസ് എടുക്കേണ്ടെന്ന് ഞാൻ പറഞ്ഞു. മുമ്പ് നിയമസഭയിൽ അദ്ദേഹം കാണിച്ച കാര്യങ്ങൾ ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു, അത്രയേയുള്ളൂ. ഞാൻ അദ്ദേഹത്തെ മോശമായിട്ടൊന്നും പറഞ്ഞ് അധിക്ഷേപിച്ചിട്ടില്ല. നിയമസഭയുടെ ഡെസ്കിൽ കയറിനിന്ന് നിയമസഭ അലങ്കോലപ്പെടുത്തിയ ഒരാൾ ഞങ്ങളെ ഉപദേശിക്കാൻ വരേണ്ടെന്ന് പറഞ്ഞതിൽ എന്ത് അധിക്ഷേപമാണുള്ളത്. അങ്ങനെ പറഞ്ഞത് ശരിയല്ലേ? (.....ബഹളം.....) ഞാൻ അധിക്ഷേപിച്ചല്ല പറഞ്ഞതെങ്കിലും ആ പ്രസ്താവന നൂറ് ശതമാനവും പിൻവലിക്കാൻ ഞാൻ തയ്യാറാണ്. അതിന് ഞാൻ ഒരു നിബന്ധന വയ്ക്കുകയാണ്. പ്രിയങ്കരിയായ ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് നിയമസഭയിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി നടത്തിയ ഏറ്റവും ഹീനമായ ആ പ്രസ്താവന പിൻവലിച്ചാൽ ഞാൻ പൂർവകാല പ്രാബല്യത്തോടെ എന്റെ പ്രസ്താവന പിൻവലിക്കാം. ഇക്കാര്യം അങ്ങയെ ഞാൻ അറിയിക്കുന്നു. ഈ നയപ്രഖ്യാപനത്തെ ശക്തിയായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സാധാരണ നിലയിൽ നിയമസഭയിൽ സംസാരിക്കുന്ന നിലവാരത്തിലേയ്ക്കെത്താതിന്റെ വിഷമം എന്റെ നേരെ തീർത്തതുകൊണ്ട് കാര്യമില്ല. നിങ്ങൾക്കും അങ്ങനെ തോന്നിയിട്ടുണ്ടാകും. അതിന് കാരണമെന്താണെന്ന് നിങ്ങൾതന്നെ പരിശോധിച്ചാൽ മതി. ബഹു. പ്രതിപക്ഷ നേതാവ് ചില കാര്യങ്ങൾ പ്രസക്തമായ രീതിയിൽ പറയുകയുണ്ടായി. അതിലൊന്ന്, കേരളത്തിലെ വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു ഇടപെടലുകളും ഉണ്ടാകുന്നില്ലെന്നും മാർക്കറ്റിൽ ഇടപെടുന്നില്ലെന്നുമൊക്കെയാണ് പറഞ്ഞത്. വിവിധ ഘട്ടങ്ങളിലായി ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഫലപ്രദമായ മാർക്കറ്റ് ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് കേരളത്തിലെ ജനങ്ങൾ അനുഭവിച്ചറിഞ്ഞ കാര്യമാണ്. അതിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനും ഒരു പരിധിവരെ സഹകരണ മേഖലയിൽ കൺസ്യൂമർഫെഡും നിർവ്വഹിച്ചുവരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന് ഫലപ്രദമായി കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്നത് ആവശ്യമായ പിന്തുണയും സപ്പോർട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുന്നതുകൊണ്ടുതന്നെയാണ്. സർക്കാരിനെ പ്രയാസത്തിലാക്കുന്ന ഒട്ടേറെ നീക്കങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരുതരം സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിലും അതിനെയെല്ലാം ഫലപ്രദമായി അതിജീവിക്കാനും കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷൻ 1600 രൂപയിൽനിന്നും ഒരു രൂപയെങ്കിലും വർധിപ്പിക്കാൻ സർക്കാർ തയ്യാറായോയെന്ന വിചിത്രമായൊരു ചോദ്യം ബഹു. പ്രതിപക്ഷനേതാവ് ഉന്നയിക്കുകയുണ്ടായി. 2016-2021 വരെ അധികാരത്തിലിരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയായി ഉയർത്തിയത്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ കാര്യത്തിൽ എത്ര കൃത്യതയാർന്ന സമീപനമാണ് യു.ഡി.എഫ്. ഭരണകാലത്ത് സ്വീകരിച്ചിരുന്നതെന്ന് ഞാൻ പ്രത്യേകമായി ഓർമിപ്പിക്കേണ്ട കാര്യമില്ല. ഇ. കെ. നായനാർ അധികാരത്തിലിരുന്ന കാലത്ത് 45 രൂപയാണ് കർഷകത്തൊഴിലാളി പെൻഷനായി അനുവദിച്ചിരുന്നത്. അക്കാലത്ത് അതിനെ ഉൽപാദനക്ഷമതയുള്ള കാര്യമല്ലെന്നുപറഞ്ഞ് എത്ര ശക്തമായാണ് ആക്ഷേപിച്ചിരുന്നതെന്ന് പ്രതിപക്ഷം ഓർക്കുന്നത് നന്നായിരിക്കും. പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ ടി തുക വർധിപ്പിക്കാൻ തയ്യാറായി. അതിനുശേഷം അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരാണ് പിന്നീട് അതിലൊരു വർധനവ് വരുത്തിയത്. 1980 മുതൽ 2016 വരെ കേരളത്തിൽ ഇടവിട്ട് ഇരുമുന്നണികളും അധികാരത്തിൽ വന്നിട്ടുണ്ട്. നിങ്ങൾ പിന്നീട് ക്ഷേമപെൻഷനിൽ ആകെ വർധനവ് വരുത്തുന്നത് 2016-ന് മുമ്പുള്ള ടേമിലാണ്. ആ ടേമിൽ 500 രൂപയായിരുന്ന ക്ഷേമപെൻഷൻ 600 രൂപയാക്കി വർധിപ്പിച്ചു. പക്ഷെ ആ വർധനവ് കടലാസിൽ മാത്രമായി ഒതുങ്ങി; വർധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കൊടുത്തിരുന്നില്ല. 2006-ൽ വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 28 മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശികയായിരുന്നു.

എന്നാൽ അന്നത്തെ സർക്കാർ ടി കുടിശ്ശിക കൊടുത്തുതീർക്കാനാണ് ആദ്യം തീരുമാനിച്ചത്. ക്ഷേമപെൻഷന്റെ കാര്യത്തിലുള്ള യു.ഡി.എഫ്-ന്റെ മുഖംതിരിഞ്ഞുനിൽക്കൽ എത്ര ക്രൂരമായിരുന്നുവെന്നത് ഓർക്കണം. ചില്ലിക്കാശാണ്; എന്നിട്ടുപോലും ഒന്നോ രണ്ടോ മാസമല്ല; രണ്ട് വർഷവും നാല് മാസവും അതായത്, 28 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നു. എന്നാൽ 2006-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ടി കുടിശ്ശിക കൊടുത്തുതീർത്തു. 2011-ൽ യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നപ്പോൾ 500 രൂപയായിരുന്ന ക്ഷേമപെൻഷൻ 100 രൂപകൂടി വർധിപ്പിച്ചു. അത് കടലാസിലാണെന്ന് ഞാൻ പറഞ്ഞത് എന്തുകൊണ്ടാണ്; 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ക്ഷേമപെൻഷനുകളുടെ കാര്യം അന്വേഷിച്ചപ്പോൾ 18 മാസത്തെ കുടിശ്ശികയുണ്ടെന്ന് മനസ്സിലായി. ആ 18 മാസത്തെ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതിർത്തത് അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. അത് കൊടുത്തുതീർക്കുക മാത്രമല്ല, 600 രൂപയിൽനിന്നും പടിപടിയായി വർധിപ്പിച്ച് 2021 ആയപ്പോൾ 600 രൂപയിൽ നിന്ന് 1600 രൂപയായി മാറ്റുകയായിരുന്നു. ഇതെല്ലാം ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമല്ലേ; ആ വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറച്ചുവയ്ക്കുന്നത് ശരിയാണോ? ക്ഷേമനിധികൾ തകരുകയല്ല, നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയെപ്പറ്റി ചില പ്രശ്നങ്ങൾ പറയുകയുണ്ടായി. അവർക്ക് അവരുടേതായ ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. സർക്കാർ അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി നിലവിലുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കാൻപറ്റുന്ന തരത്തിൽ അവരെ സാമ്പത്തികമായി സജ്ജമാക്കാനുള്ള

ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഒരുപരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ഉടനെതന്നെ പരിഹരിക്കപ്പെടുന്നതാണ്.

ആരോഗ്യരംഗത്തെക്കുറിച്ച് വളരെ വിശദമായ ചർച്ച നടന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. മാതൃകാപരമായ അവസ്ഥയിലേയ്ക്ക് കേരളത്തിന്റെ ആരോഗ്യരംഗം എത്തിയില്ലേ; എത്ര അഭിമാനകരമായ നിലയിലാണ് ഇന്ന് കേരളത്തിന്റെ ആരോഗ്യരംഗം നിലകൊള്ളുന്നത്? കോവിഡ് പകർച്ചവ്യാധി മൂർധന്യാവസ്ഥയിലെത്തിയപ്പോൾ ലോകത്താകെയുള്ള അവസ്ഥയുമായി താരതമ്യം ചെയ്താൽ ആരോഗ്യരംഗത്ത് നാം ഒരുക്കിയ സൗകര്യങ്ങൾ കോവിഡിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയുന്നതായിരുന്നില്ലേ; അതല്ലേ വസ്തുത. ആ മൂർധന്യാവസ്ഥയിലും കേരളത്തിലെ ആശുപത്രികളിൽ ബെഡ്ഡുകളും ഐ.സി.യു. ബെഡ്ഡുകളും ഓക്സിജൻ ബെഡ്ഡുകളും ഒഴിവുണ്ടായിരുന്നു; എന്തിനധികം പറയുന്നു വെന്റിലേറ്റർപോലും ഒഴിവുണ്ടായിരുന്നു. രാജ്യത്തിന്റെയും ലോകത്തിന്റെതന്നെ മറ്റ് ഭാഗങ്ങളിലെയും സ്ഥിതി ഇതായിരുന്നോ; കേരളത്തിൽ അങ്ങനെയൊരു മാറ്റമുണ്ടാക്കാൻ സാധിച്ചതെങ്ങനെയാണ്? 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആരോഗ്യരംഗം തകർന്നടിഞ്ഞു കിടക്കുകയായിരുന്നല്ലോ. 'ഇല്ല, ഇല്ല' എന്ന പല്ലവിയാണല്ലോ ചൊല്ലിക്കൊണ്ടിരുന്നത്; ഡോക്ടർമാരില്ല, മരുന്നില്ല, സ്റ്റാഫില്ല, ഒന്നുമില്ലാത്ത അവസ്ഥയായിരുന്നല്ലോ; ആ അവസ്ഥയിൽനിന്നും മാറ്റം വന്നില്ലേ; അതിന്റെ ഭാഗമായല്ലേ ആർദ്രം മിഷൻ നടപ്പാക്കിയത്; ആർദ്രം മിഷൻ നടപ്പാക്കിയതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ

കേന്ദ്രങ്ങളായത് മാത്രമല്ലല്ലോ; താലൂക്കാശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെല്ലാം വിവിധ തരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ലേ; അതിന്റെ ഭാഗമായി ആരോഗ്യരംഗത്ത് വലിയ മാറ്റമുണ്ടാവുകയും ജനങ്ങൾക്ക് സൗകര്യപ്രദമായ ചികിത്സ ലഭിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ആശുപത്രികളിൽ ഏർപ്പെടുത്താൻ കഴിയുകയും ചെയ്തു. തദവസരത്തിലാണ് കോവിഡ് മഹാമാരി പടർന്നുപിടിക്കുന്നത്. എന്നാൽ ആ മഹാമാരിയെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞു. എന്നാൽ അവിടെനിന്നും ആരോഗ്യരംഗം കൂടുതൽ ശക്തമായി മുന്നോട്ടുപോവുകയാണ് ചെയ്തത്. ആ മുന്നോട്ടുപോക്കിന്റെ ഭാഗമായല്ലേ കേരള ജനതയ്ക്കാകെ അഭിമാനിക്കാൻ കഴിയുന്ന തരത്തിലുള്ള നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്. നവജാത ശിശുക്കളുടെ മരണനിരക്ക് വലിയതോതിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്ന് മാത്രമല്ല, ലോകശ്രദ്ധയാകർഷിക്കുന്ന നിലയിലേക്ക് ഉയരാനും ശിശുമരണ നിരക്ക് 5 എന്ന അക്കത്തിലെത്തിക്കാനും സാധിച്ചു. കേരളം 5 എന്ന അക്കത്തിലെത്തുമ്പോൾ സമ്പൽസമൃദ്ധമാണെന്ന് കൊട്ടിഘോഷിക്കുന്ന അമേരിക്കയുടേത് 5.6 ആണ്. അക്കാര്യത്തിൽ അമേരിക്കയെപ്പോലും കവച്ചുവയ്ക്കാൻ കഴിഞ്ഞുവെന്നുപറഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം അത് വലിയ നേട്ടമല്ലേ; നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന ഒന്നല്ലേ; രാജ്യത്തിന്റെ ശരാശരി ശിശുമരണ നിരക്ക് 25 ആണെന്ന കാര്യം നാം ഓർക്കണം. ഇതേ രീതിയല്ലേ മാതൃമരണത്തിലും കാണാൻ കഴിയുന്നത്. എല്ലാ കാര്യത്തിലും

ഇത്തരത്തിലുള്ള നേട്ടം കൈവരിക്കാൻ കഴിഞ്ഞത് ആരോഗ്യരംഗത്തിന്റെ വൻതോതിലുള്ള വളർച്ചയുടെ ഭാഗമായല്ലേ;

ഉന്നത വിദ്യാഭ്യാസരംഗമാകെ അവതാളത്തിലാക്കിയിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം. യാതൊരു മുന്നൊരുക്കവുമില്ലാതെയാണ് നാലുവർഷ ബിരുദ കോഴ്സ് ആരംഭിച്ചതെന്നും ഉന്നതവിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളിൽ മാറ്റമില്ലെന്നും ഇങ്ങനെ പോയാൽ സംസ്ഥാനമാകെ തകർന്നുപോകുന്ന അവസ്ഥയുണ്ടാകുമെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ നമ്മുടെ കേരളത്തിന് വലിയ തകർച്ചയുണ്ടാക്കുന്ന ഒന്നുതന്നെയായിരുന്നു. അത് ഇപ്പോഴല്ല, 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന അവസ്ഥ വളരെ പരിതാപകരമായിരുന്നു. വിദ്യാഭ്യാസരംഗത്ത് നമ്മുടെ നാട് മെച്ചപ്പെട്ടതാണെന്ന് അവകാശപ്പെടുമ്പോഴും അക്കാലത്ത് വല്ലാതെ പുറകോട്ട് പോയിരുന്ന അവസ്ഥയുണ്ടായിരുന്നല്ലോ; 2016-ൽ പൊതുവിദ്യാഭ്യാസരംഗത്തെ തകർച്ചയാണ് കേരളത്തെ ഏറ്റവുമധികം വേദനിപ്പിച്ച പ്രധാനപ്പെട്ട കാര്യം. സ്വാഭാവികമായും ആ മേഖലയ്ക്കാണ് എൽ.ഡി.എഫ്. സർക്കാർ കൂടുതൽ പ്രാധാന്യം നൽകിയതെന്നത് ശരിയാണ്. ആ കാലഘട്ടത്തിൽ യൂണിവേഴ്സിറ്റി വൈസ്ചാൻസലറുമായി നടത്തിയ ഒരു ചർച്ച ഞാൻ ഓർക്കുകയാണ്. രാജ്യത്തെ യൂണിവേഴ്സിറ്റികളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചപ്പോൾ അതിൽ കേരളത്തിന്റെ സ്ഥാനം വളരെ പുറകിലാണെന്ന് മനസ്സിലാവുകയും ഈ ദുരവസ്ഥ പരിഹരിക്കാനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുകയും അതിൽ വൈസ് ചാൻസലർമാരുടെയും യൂണിവേഴ്സിറ്റി അധികൃതരുടെയും ഭാഗത്തുനിന്നും ആത്മാർഥമായ ഇടപെടലുണ്ടാവുകയും തുടർന്ന് എത്രമാത്രം പുരോഗതിയാണ് യൂണിവേഴ്സിറ്റികളിലുണ്ടായതെന്നതും വിസ്മരിക്കാൻ പാടില്ല. 2021-ൽ ഈ ഗവൺമെന്റിന് തുടക്കം കുറിച്ചപ്പോഴും ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കാണ് പ്രഥമ ശ്രദ്ധ നൽകിയത്. ഉന്നത വിദ്യാഭ്യാസമേഖല വലിയ തോതിൽ ശാക്തീകരിക്കുമെന്നും കേരളം ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുമെന്നും അന്ന് പരസ്യമായി പ്രഖ്യാപിക്കുകയും അതിനുതകുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ യൂണിവേഴ്സിറ്റികൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകിയതിന്റെ ഭാഗമായി വലിയ മാറ്റങ്ങളുണ്ടായി. ആ മാറ്റത്തിന്റെ ഭാഗമായി സംഭവിച്ചതെന്താണ്? കഴിഞ്ഞ വർഷത്തെ റാങ്കിങ് വന്നപ്പോൾ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഒൻപതാം സ്ഥാനം കേരള യൂണിവേഴ്സിറ്റിക്കും പത്താം സ്ഥാനം കൊച്ചിൻ യൂണിവേഴ്സിറ്റിക്കും പതിനൊന്നാം സ്ഥാനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്കും നാൽപ്പത്തിമൂന്നാം സ്ഥാനം കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും ലഭിച്ചു. കേരള ചരിത്രത്തിലെ ആദ്യത്തെ സംഭവമാണിത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 16 കോളേജുകൾ മികച്ച നിലയിൽ ഉയർന്നുവന്നിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റം വെറുതെയുണ്ടായതല്ല; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ യാതൊരു മാറ്റവുമുണ്ടായിട്ടില്ലെന്ന് പറയാൻ തയ്യാറായത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ഈ മേഖലയിൽ ഇനിയും മുന്നേറേണ്ടതുണ്ടെന്ന

കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല; ആവശ്യമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. വലിയ തോതിൽ പഠിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച് രാജ്യത്തിന് പുറത്തുനിന്നും നമ്മുടെ നാട്ടിലേയ്ക്കെത്തുന്ന വിദ്യാർഥികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നുണ്ട്. കഴിഞ്ഞ കോളേജ് അഡ്മിഷൻ നടക്കുന്ന വേളയിൽ നിരവധി കുട്ടികൾ ഇവിടത്തെ സർവ്വകലാശാലകളിൽ അഡ്മിഷനെടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചുവരുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. കലാലയങ്ങളുടെ സ്ഥിതി ഇപ്പോൾ മാറിയല്ലോ? കലാലയങ്ങൾ മെച്ചപ്പെട്ട അവസ്ഥയിലായതായി നമുക്ക് കാണാൻ സാധിക്കും. കോഴ്സുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നാലുവർഷ കോഴ്സെന്ന് പറയുന്നത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഉന്നതമായൊരു കമ്മീഷൻ പഠനം നടത്തിയതിന്റെ ഭാഗമായി കണ്ടെത്തിയ കാര്യമാണ്. അതിനുള്ള എല്ലാ ഒരുക്കങ്ങളും നടത്തിയതിനുശേഷമാണ് നാലുവർഷ ഡിഗ്രി കോഴ്സ് ആരംഭിച്ചത്. പെട്ടെന്ന് ഒരു ദിവസം നാലുവർഷ കോഴ്സ് ആരംഭിച്ചതല്ല. അത് ശ്യാം ബി. മേനോനെപ്പോലെയുള്ള പ്രഗത്ഭരായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു സമിതിയുടെ തീരുമാനമായിരുന്നു. ആ കോഴ്സുകൾ വളരെ ഫലപ്രദമായി നടക്കുന്നുവെന്ന് കാണാൻ സാധിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ മേഖലയിൽ ഒരുതരത്തിലും പ്ലാൻ കട്ട് ചെയ്യുന്ന പ്രശ്നമില്ല. സംസ്ഥാനത്ത് നല്ല രീതിയിൽത്തന്നെ പ്ലാൻ നടപ്പാക്കപ്പെടുന്നുവെന്ന് കാണാൻ സാധിക്കും. ഈ വർഷം പ്ലാൻ കട്ടേയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

പറഞ്ഞതുപോലെയല്ല സ്ഥിതി. അദ്ദേഹം എന്തോ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇപ്രാവശ്യത്തെ പ്ലാൻ പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. എല്ലാരംഗത്തും നല്ല നിലയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുന്നുവെന്നാണ് ഇതിലൂടെ കാണാൻ സാധിക്കുന്നത്.

കേരളത്തിന്റെ മണ്ണിൽനിന്നുകൊണ്ട് എങ്ങനെയാണ് നമ്മുടെ നാടിന്റെ സമാധാനപരമായ ജീവിതവും പൊതുവെ നടമാടുന്ന ശാന്തിയുമൊക്കെ തള്ളിപ്പറയാൻ സാധിക്കുന്നത്? ബഹുമാന്യനായ പ്രതിപക്ഷനേതാവ്, അദ്ദേഹം പ്രതിപക്ഷനേതാവ് തന്നെയാണോ; പ്രതിപക്ഷം എന്നുപറഞ്ഞാൽ ഈ സർക്കാരിന്റെ പ്രതിപക്ഷമാണല്ലോ; ഈ നാടിനോടും ജനങ്ങളോടും പ്രതിപക്ഷമായി ഇരിക്കണോ; നാടിന്റെ നേട്ടങ്ങൾക്ക് മുമ്പിൽ പുറംതിരിഞ്ഞ് നിൽക്കണോ? നമ്മുടെ നാടുപോലെ സ്വച്ഛന്ദമായും സമാധനപരമായും ശാന്തതയോടും ജീവിക്കാൻ സാധിക്കുന്ന മറ്റൊരു പ്രദേശം ഈ രാജ്യത്തുണ്ടോ? അതല്ലേ നമ്മൾ കാണേണ്ടത്. നമ്മുടെ നാടിന്റെ പ്രത്യേകതയല്ലേ അത്; ഇവിടെ എടുത്തുപറയത്തക്ക വർഗ്ഗീയ സംഘർഷങ്ങളില്ലെന്ന് മാത്രമല്ല, സമാധാനം നിലനിൽക്കുകയല്ലേ? കേരളത്തിൽ വർഗ്ഗീയ സംഘടനകൾ ഇല്ലാത്തതുകൊണ്ടാണോ; കേരളത്തിലാണ് ചില വർഗ്ഗീയ സംഘടനകളുടെ ഏറ്റവും കരുത്തുറ്റ സംഘടനാരൂപമുള്ളതെന്ന് പറയാറുണ്ട്. അങ്ങനെയുള്ള സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവർ കേരളത്തിൽ ഒരുകാലത്തും ഒരുതരത്തിലുമുള്ള വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കാത്തവരായിരുന്നോ; ഞാൻ ആ കണക്കിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. എടുത്തുപറയാൻ ധാരാളം

കാര്യങ്ങളുണ്ട്. ഏതെല്ലാം തരത്തിലുള്ള വർഗീയ കലാപങ്ങൾ; എത്ര ഭീകരമായത്; എത്ര മനുഷ്യജീവനുകൾ ഇവിടെ അപഹരിക്കപ്പെട്ടിട്ടുണ്ട്; എത്ര ആളുകളെ കൊല ചെയ്തിട്ടുണ്ട്; എത്ര ആളുകൾക്ക് മാരകമായി പരിക്കേറ്റിട്ടുണ്ട്; എത്ര വീടുകൾ കൊള്ള ചെയ്യപ്പെട്ടിട്ടുണ്ട്; എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്; എത്ര ഭീകര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം നടന്ന ഒരു നാടല്ലേ ഇത്; അതൊന്നും നമുക്ക് അറിയാത്തതല്ലല്ലോ? എന്നാൽ 2016 മുതൽ ഇപ്പോൾ 2026-ൽ നമ്മൾ എത്തിനിൽക്കുകയാണ്. ഈ പത്ത് വർഷക്കാലം കേരളത്തിൽ വർഗീയകലാപങ്ങൾ ഉണ്ടോ; ഇവരൊന്നും നാട്ടിലില്ലാത്തതുകൊണ്ടാണോ; ഇവരെല്ലാം നാട്ടിൽ പഴയതുപോലെതന്നെയുണ്ട്. പക്ഷെ അവരെ ചാരി ആരും നിൽക്കുന്നില്ല. അതാണ് പ്രത്യേകത. അവരിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് സംരക്ഷണമില്ല. ഏത് വിഭാഗമായാലും വർഗ്ഗീയ സംഘർഷത്തിന്റെ ഭാഗമായി മുന്നിട്ടിറങ്ങിയാൽ അതിനെ കർക്കശമായി നേരിടുന്ന സമീപനമാണ് കേരളത്തിൽ തുടർന്നുവരുന്നത്. സംഘർഷങ്ങളില്ലാത്തതും വർഗീയ ശക്തികൾക്ക് തലപൊക്കാൻ സാധിക്കാത്തതും അതുകൊണ്ടുതന്നെയാണ്. അവർക്ക് തലപൊക്കാനും ഇടപെടാനും ആഗ്രഹമില്ലാത്തതുകൊണ്ടല്ല. ആ മാറ്റം എന്താണ് അദ്ദേഹത്തിന് അംഗീകരിക്കാൻ ഇത്ര പ്രയാസം? നമ്മുടെ നാടിനെക്കുറിച്ച് കാണേണ്ട ഒരു കാര്യമല്ലേ അത്; നമ്മുടെ നാടിന്റെ നല്ല വശമല്ലേ അത്.

ഇന്ന് കേരളത്തിൽ സംരംഭം ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഒരുകൂട്ടർ വ്യവസായ വകുപ്പുമന്ത്രിയോടൊപ്പം എന്നെ കാണാൻ വന്നിരുന്നു. 3.7 ലക്ഷം കോടി

രൂപയുടെ നിക്ഷേപത്തിന്റെ ഒരു പദ്ധതിയാണ് മുമ്പോട്ടുവച്ചത്. ആ വ്യവസായി ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ച് മെമ്പറാണെന്നുള്ള തെറ്റിദ്ധാരണ വേണ്ട. എന്താണ് നിങ്ങൾ കേരളത്തെ തിരഞ്ഞെടുക്കാനുള്ള കാരണമെന്ന് ഞാൻ ചോദിച്ചപ്പോൾ ഇതുപോലെ സ്വച്ഛമായ സ്ഥലമില്ലെന്നും ഇവിടെ ഒരുതരത്തിലുമുള്ള കമ്മ്യൂണൽ പ്രശ്നങ്ങളുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഇവിടേക്ക് വരുന്നതെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഇതാണ് നമ്മുടെ നാടിനെപ്പറ്റി മറ്റുള്ളവർക്കുള്ള ധാരണ. എന്തിനാണ് ആ ധാരണ തിരുത്താൻ ശ്രമിക്കുന്നത്? നമ്മുടെ നാടിന്റെ ഈ നല്ലവശം കണ്ടുകൊണ്ട് നാടിന്റെ പൊതുവായ അഭിവൃദ്ധിക്കുതകുന്ന നടപടികളും പലതരത്തിലുള്ള ഇടപെടലുകളും വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു നാടിനെ ഒരു വാക്കുകൊണ്ടോ നോക്കുകൊണ്ടോ ഇകഴ്ത്തിക്കാണിക്കുന്നത് എന്തിനാണ്? സർക്കാരിനെ കുറ്റംപറയാനുള്ള കാര്യങ്ങൾ നിങ്ങൾ പറഞ്ഞോളൂ; അതിൽ പ്രശ്നമില്ല. പക്ഷെ നാടിന്റെ പൊതുവായ അന്തരീക്ഷത്തെ തകർക്കാൻ പാടുണ്ടോ? നമ്മുടെ നാട് ഒരു മോശപ്പെട്ട നാടായി മാറിയിരിക്കുന്നുവെന്ന ചിത്രം അവതരിപ്പിക്കാൻ പാടുണ്ടോ?

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മയക്കുമരുന്നിനെതിരെയുള്ള ക്യാമ്പയിനെപ്പറ്റി ഇവിടെ പറഞ്ഞു. മയക്കുമരുന്നിനെതിരെയുള്ള ക്യാമ്പയിൻ ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തിയതും നടപടികൾ സ്വീകരിച്ചതും ഈ സർക്കാരാണ്. കേരളത്തിനെതിരായി പറയുന്നവർ കേരളത്തിലാണ് ഏറ്റവും കൂടുതൽ മയക്കുമരുന്നുള്ളതെന്നാണ് പറയുന്നത്. അത് വസ്തുതാവിരുദ്ധമാണ്. യഥാർഥത്തിൽ ഈ സർക്കാരാണ് മയക്കുമരുന്നിനെതിരെ അതിശക്തമായ ക്യാമ്പയിൻ നടത്തിയത്. നാട്ടിലെ ഇളംതലമുറയെ, കുഞ്ഞുങ്ങളെ,

വിദ്യാർഥികളെ മയക്കുമരുന്ന് മാഫിയ പിടിക്കുടാനോ മാഫിയയുടെ സ്വാധീനം അവരിലേയ്ക്കെത്താനോ പാടില്ല. മയക്കുമരുന്ന് മാഫിയ പലതരത്തിൽ അവരെ കീഴ്പ്പെടുത്തുന്നത് തടയണം, അതിന് കുട്ടികളെ ബോധവൽക്കരിക്കണം, നമ്മുടെ നാട്ടിലെ കുട്ടികളും രക്ഷിതാക്കളും കുടുംബങ്ങളും പങ്കാളികളാകുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രക്രിയയിലേയ്ക്കാണ് കടന്നത്. വെറും ബോധവൽക്കരണമല്ല, അവരോടൊപ്പം എൻഫോഴ്സ്മെന്റ് ഏജൻസികളും പൊലീസും എക്സൈസുമെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചു. അദ്ദേഹം പറഞ്ഞ സോഴ്സിലേയ്ക്കെത്താനാണ് പൊലീസ് ശ്രമിച്ചത്. അതിന്റെ സോഴ്സിലേയ്ക്കെത്തുമ്പോഴുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് കുറച്ചൊക്കെ പ്രതിപക്ഷാംഗങ്ങൾക്കും അറിയാവുന്നതാണ്. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എവിടെയൊക്കെയാണ് അവരുള്ളതെന്നും അവിടെയെത്തുമ്പോഴുള്ള അവസ്ഥ എന്താണെന്നും അവിടെയുള്ള സർക്കാരുകൾ അതിനോട് സ്വീകരിക്കുന്ന സമീപനം എന്താണെന്നുമുള്ള ചില പ്രശ്നങ്ങളൊക്കെയുണ്ട്. ആ വിവാദങ്ങളിലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷെ സംസ്ഥാനത്തിന് പുറത്തുപോയി അവരെ പിടിക്കുടി ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം ചെയ്യാൻ സംസ്ഥാനത്തെ പൊലീസ് സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. എന്നാൽ നമുക്കെല്ലാം അറിയാവുന്നതുപോലെ പല സർക്കാരുകളുടെയും മുകളിലാണ് മയക്കുമരുന്ന് മാഫിയ. അവർക്ക് അത്രമാത്രം സ്വാധീനമുണ്ട്. മയക്കുമരുന്ന് മാഫിയ ഇന്റർനാഷണൽ മാഫിയയാണ്. ആ മാഫിയയ്ക്കെതിരായ നീക്കങ്ങൾ നമ്മൾ കൂട്ടായി നടത്തേണ്ടതാണ്. അവിടെ സർക്കാർ/പ്രതിപക്ഷം എന്ന വ്യത്യാസമില്ല. നാടിന്റെ

പൊതുവായ പ്രശ്നമാണിത്. ഭാവി തലമുറയെ നിർജ്ജീവമാക്കാൻ ശ്രമിക്കുന്ന പ്രശ്നമാണ്. അതിൽ കുറേക്കാര്യങ്ങൾ ഗൗരവമായി ചെയ്യാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ചെയ്ത കാര്യങ്ങൾ അംഗീകരിക്കുന്നതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്താണ് ഇത്ര വിഷമമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിക്കുകയുണ്ടായി. ഡി.എ. സർക്കാർ ജീവനക്കാരുടെ അവകാശമല്ലെന്ന നിലപാടൊന്നും സർക്കാരിനില്ല. ഡി.എ. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകേണ്ടത് തന്നെയാണ്. പക്ഷെ അതൊരു സ്റ്റാറ്റ്യൂട്ടറി അവകാശമാക്കി മാറ്റിയാൽ സ്ഥിതിയെന്താകും എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അതുമാത്രമേ പ്രശ്നമുള്ളൂ. സാധാരണഗതിയിൽ സർക്കാർ ഡി.എ. നൽകാറുണ്ട്. അതിന് സർക്കാർ പ്രതിജ്ഞാബദ്ധരാണ്. അത് നൽകുമെന്ന സമീപനം തന്നെയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്. അതെല്ലാം വ്യക്തമാക്കിക്കഴിഞ്ഞ കാര്യങ്ങളാണ്. ഏതായാലും ആയതിന്റെ കൂടുതൽ വശങ്ങളിലേക്ക് കടക്കുന്നില്ല. സർക്കാരിന്റെ പൊതുനിലപാട് ഡി.എ. നിഷേധിക്കുക എന്നതല്ല ഡി.എ. കൊടുക്കുക എന്നതാണ്. ചില അവസരങ്ങളിൽ മാസങ്ങളുടെ താമസമുണ്ടായിട്ടുണ്ടാകും എന്ന് മാത്രമേയുള്ളൂ. എന്തായാലും ഡി.എ സർക്കാർ ജീവനക്കാർക്ക് അവകാശപ്പെട്ടതാണെന്ന സമീപനമാണ് സർക്കാരിനുള്ളത്.

ഞങ്ങൾ ഇടതുപക്ഷത്തിന്റെ രീതി ഉപേക്ഷിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അത് രാഷ്ട്രീയ വിമർശനത്തിന്റെ ഭാഗമായി പറയുന്നതാണെന്ന് വിചാരിക്കാം. സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്കുമേൽ സ്വീകരിക്കുന്ന

നടപടികളുമായി ബന്ധപ്പെട്ട് ഒരു ആത്മപരിശോധന യു.ഡി.എഫ്. നടത്തേണ്ടതുണ്ട്. ഈ നാടിന്റെ പൊതു ആവശ്യങ്ങളോടൊപ്പം യു.ഡി.എഫ്.-ന് എത്രത്തോളം നിൽക്കാൻ കഴിഞ്ഞിട്ടുണ്ട്? നമ്മളെല്ലാവരും ജനങ്ങളെ പ്രതിനിധീകരിക്കുന്നവരാണല്ലോ; എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും പിന്നിൽ അണിനിരന്ന ജനങ്ങളുണ്ട്. അവരുടെ താൽപര്യമാണ് ജനപ്രതിനിധികളായ നാം ഓരോരുത്തരുടെയും താൽപര്യമായി വരേണ്ടത്. നമ്മുടെ നാടിനെതിരായിട്ടുള്ള നീക്കം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ, കേന്ദ്രസർക്കാരിനെതിരെയുള്ള പ്രക്ഷോഭങ്ങളിലും സമരങ്ങളിലും നിങ്ങൾ ഏത് ഘട്ടത്തിലാണ് പങ്കാളികളായിട്ടുള്ളത്; അങ്ങനെയൊരു പങ്കാളിത്തം വഹിക്കാൻ എന്താണ് പ്രയാസം? ഇവിടെ രാവിലെ സംസാരിക്കുമ്പോൾ മുൻപ്രതിപക്ഷനേതാവും ഇത്തരത്തിലുള്ള ചില കാര്യങ്ങൾ പറയുന്ന സ്ഥിതിയുണ്ടായി. കേന്ദ്രസർക്കാരിന്റെ തെറ്റായ നീക്കങ്ങൾക്കെതിരെ, കേരളം രാജ്യം ശ്രദ്ധിക്കുന്ന രീതിയിലുള്ള പ്രക്ഷോഭങ്ങളിലേക്ക് കടക്കുന്ന നിലയുണ്ടായിട്ടുണ്ട്. എന്നാൽ അതിലൊന്നും സഹകരിക്കാൻ പ്രതിപക്ഷം തയ്യാറായിരുന്നില്ല. പ്രക്ഷോഭഘട്ടത്തിൽ പ്രതിപക്ഷ ദേശീയ നേതാക്കളെ ഉൾപ്പെടെ ഞങ്ങൾ ക്ഷണിച്ചിരുന്നു. എന്നാൽ കോൺഗ്രസ് നേതാക്കൾ ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ പാടില്ലെന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചത്; എന്തിനാണ് നിങ്ങൾ അങ്ങനെയൊരു നിലപാടെടുക്കുന്നത്; നിങ്ങൾക്ക് കേരളത്തോട് ഈ വിപ്രതിപത്തി ഉണ്ടാകാനുള്ള കാരണമെന്താണ്? കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയെന്നതാണ് വിഷയം. അതിന്റെ കൂടെയല്ലേ നിൽക്കേണ്ടത്? നിങ്ങൾ തന്നെ പങ്കാളിത്തം വഹിച്ച നിങ്ങളോടുകൂടി

ആലോചിച്ചെടുത്ത പൊതുതീരുമാനത്തിൽനിന്ന് പുറകോട്ടുപോകാൻ ഇടയായല്ലോ? അടുത്ത മാസം 12-ാം തീയതി കേന്ദ്ര ട്രേഡ് യൂണിയനുകൾ രാജ്യവ്യാപകമായി പണിമുടക്ക് നടത്തുകയാണ്. നേരത്തെ ലേബർ കോഡിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകൾ ഒരേ അഭിപ്രായത്തിലാണ് കേന്ദ്രനയങ്ങൾക്കെതിരെ പ്രക്ഷോഭം നടത്താൻ തയ്യാറെടുക്കുന്നത്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. ഉൾപ്പെടെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും പങ്കെടുക്കുന്ന രാജ്യവ്യാപകമായ പ്രക്ഷോഭമാണിത്. അതിൽ കേരളത്തിൽ നിന്നും നിങ്ങൾ മാത്രം സ്വീകരിച്ച സമീപനമെന്താണ്? കോൺഗ്രസാണ് ആദ്യം നിലപാട് എടുക്കുന്നത്. നിങ്ങൾ ഐ.എൻ.ടി.യു.സി.-യോട് കേരളത്തിൽ യോജിച്ച സമരം പാടില്ലെന്ന അഭിപ്രായമാണ് പറഞ്ഞത്. നിങ്ങൾ അങ്ങനെയൊരു നിലപാട് സ്വീകരിച്ചപ്പോൾ നിങ്ങളുടെ കൂടെ നിൽക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ എസ്.റ്റി.യു.-വിനെയും വിലക്കി. ഈ പ്രക്ഷോഭവുമായി ബന്ധപ്പെട്ടുള്ള നിങ്ങളുടെ വിഷമം എന്താണ്? ബി.ജെ.പി. സർക്കാരിന്റെ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി നടക്കുന്ന ഒരു പ്രക്ഷോഭമാണ്. രാജ്യത്തെ തൊഴിലാളി വർഗം നടത്തുന്ന ഏറ്റവും ശക്തമായ പ്രക്ഷോഭമാണ്. ആ പ്രക്ഷോഭത്തിൽ കേരളത്തിൽ പൊതുശക്തിയോടൊപ്പം അണിനിരക്കാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണ്; അതിന് പിന്നിലുള്ള താൽപര്യമെന്താണ്? അതിൽ ബി.ജെ.പി.-യെ അല്പം സുഖിപ്പിക്കലില്ലേ; ബി.ജെ.പി.-യോട് ഒരു മൃദുസമീപനം നിങ്ങൾക്കില്ലേ; പല ഘട്ടങ്ങളിലും നിങ്ങളത് കാണിച്ചതല്ലേ; അതിന്റെ ഭാഗമായിട്ടല്ലേ ഇക്കാര്യത്തിലും ഇങ്ങനെയൊരു

നിലപാട് സ്വീകരിച്ചത്? രാജ്യത്താകെ ഒരു പൊതുസമരം നടക്കുമ്പോൾ കേരളത്തിലും അതിനോടൊപ്പം യോജിപ്പുള്ള സമരം നടക്കണമെന്നല്ലേ ചിന്തിക്കേണ്ടത്? അത്തരത്തിലൊരു രാഷ്ട്രീയം ഇല്ലാത്തവരല്ലല്ലോ നിങ്ങൾ? എന്നാൽ രാഷ്ട്രീയത്തിനപ്പുറം നിങ്ങളുടെ സങ്കുചിതമായ ചില താൽപര്യങ്ങൾ മേധാവിത്വം പുലർത്തി. അതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിൽ ഒരു പ്രീണനനയത്തോടെ തങ്ങൾക്ക് ചില സഹായങ്ങൾ ലഭിക്കുമോയെന്ന ആലോചനയുടെ ഭാഗമായിട്ടല്ലേ ഇങ്ങനെ ആത്മഹത്യാപരമായൊരു നിലപാട് സ്വീകരിച്ചത്? എത്ര അപമാനകരമായ നിലപാടാണത്? എന്നാൽ ഇത്തരം കാര്യങ്ങളിൽ ഞങ്ങൾ ശരിയായ നിലപാട് മാത്രമേ സ്വീകരിക്കാറുള്ളൂ. ഞങ്ങൾക്ക് ബി.ജെ.പി.-യെയോ ആർ.എസ്.എസ്.-നെയോ സംഘ് പരിവാറിനെയോ എതിർക്കുന്നതിനോ ഭൂരിപക്ഷ വർഗീയതയുടെ ഭാഗമായി നിൽക്കുന്നവരെ എതിർക്കുന്നതിനോ ന്യൂനപക്ഷ വർഗീയതയുടെ ഭാഗമായ ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സംഘടനകളെ എതിർക്കുന്നതിനോ യാതൊരു പ്രയാസവുമില്ല. ഞങ്ങൾ വർഗീയതയെ എതിർക്കുമ്പോൾ അത് ഏതെങ്കിലും തരത്തിൽ ഒരു മത വിഭാഗത്തിനെതിരായ എതിർപ്പായി തെറ്റിദ്ധരിക്കപ്പെടുമെന്ന് ഞങ്ങൾ കണക്കാക്കുന്നില്ല.

എന്റെ ചെറുപ്രായത്തിലുണ്ടായ തലശ്ശേരി വർഗീയ കലാപത്തിന്റെ അനുഭവം സൂചിപ്പിക്കാം. ആ കലാപത്തിൽ പലർക്കും പലതും നഷ്ടപ്പെട്ടിട്ടുണ്ട്. പണവും സ്വത്തും നഷ്ടപ്പെട്ടവരുണ്ട്. ആരാധനാലയങ്ങൾ ഇല്ലാതാക്കപ്പെട്ടിട്ടുണ്ട്. പലതരത്തിലുള്ള ആക്രമണങ്ങൾക്ക് ഇരയായവരുമുണ്ട്. എന്നാൽ അതിൽ ജീവൻ നഷ്ടപ്പെട്ടത് ഞങ്ങൾക്ക്

മാത്രമായിരുന്നു. സി.പി.ഐ.(എം.)-ന്റെ യു.കെ. കുഞ്ഞിരാമൻ എന്ന സഖാവിനെ ഞങ്ങൾക്ക് നഷ്ടപ്പെട്ടു. ഇതുപറയുമ്പോൾ പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും ചിരി കേൾക്കുന്നുണ്ട്. അത് ആരുടെ ചിരിയാണ്; എങ്ങനെയാണ് അദ്ദേഹം കൊല ചെയ്യപ്പെട്ടതെന്ന് അറിയാമോ? മുസ്ലീം പള്ളികളിൽ പ്രാധാന്യമുള്ളൊരു പള്ളിയാണ് മെരുവമ്പായി പള്ളി. 'ആത്മാഹുതി ചെയ്യുപോലും മതസൗഹാർദം കാത്തുസൂക്ഷിക്കുക' എന്ന ആഹ്വാനം അന്ന് പാർട്ടി നൽകിയിരുന്നു. അതിന്റെ ഭാഗമായി പാർട്ടി വോളന്റിയർമാർ ഇത്തരം ആരാധനാലയങ്ങൾക്ക് മുന്നിൽ കാവൽ നിന്നിരുന്നു. മെരുവമ്പായി പള്ളി ആക്രമിക്കാൻ ആർ.എസ്.എസ്. നേതൃത്വത്തിലുള്ള സംഘ് പരിവാറുകാരെത്തി. അവിടെയുണ്ടായിരുന്ന വോളന്റിയർമാർ അത് തടയുകയും തുടർന്ന് വാക്കേറ്റമുണ്ടാവുകയും ചെയ്തു. വാക്കേറ്റത്തിൽ വോളന്റിയർമാരെ തള്ളിമാറ്റി ആക്രമിക്കാനുള്ള ശേഷി സംഘ് പരിവാറിനുണ്ടായിരുന്നില്ല. തൽക്കാലത്തേക്ക് അവർക്ക് പിന്തിരിഞ്ഞ് പോകേണ്ടിവന്നു. 'ഞങ്ങളുടെ ശരീരത്തിലൂടെ ചവിട്ടി മാത്രമെ ഇങ്ങോട്ടേക്ക് കടക്കാൻ കഴിയുകയുള്ളൂ' എന്ന് അവിടെയുണ്ടായിരുന്നവർ പറയുകയും വോളന്റിയർമാർ രാത്രി മുഴുവൻ ടി സ്ഥലത്ത് കാവൽ കിടക്കുകയും ചെയ്തു. യു.കെ. കുഞ്ഞിരാമന്റെ വീട് മെരുവമ്പായി പള്ളിക്കപ്പുറം നീർവേലി എന്ന സ്ഥലത്താണ്. എന്നാൽ അദ്ദേഹത്തെ വീട്ടിലേക്ക് പോകുന്ന വഴിയിൽ ആക്രമിക്കാൻ വന്ന സംഘം കാത്തുനിന്നു. അവിടെവച്ചുണ്ടായ ആക്രമണത്തിലാണ് അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെട്ടത്. അതാണ് ഞങ്ങളുടെ അനുഭവം. ഇവിടെ ഏതെങ്കിലും വർഗീയതയെ എതിർക്കുന്നതുകൊണ്ട് ഒരു മതവിഭാഗത്തിനെതിരായി പോകുമെന്ന ചിന്ത ഞങ്ങൾക്കില്ല. ഒരു മത വിഭാഗത്തെയും

ഞങ്ങൾ അങ്ങനെ കണ്ടിട്ടില്ല. ഇവിടെ ആർ.എസ്.എസ്.-നെ അതിശക്തമായി എതിർക്കുന്ന ഘട്ടത്തിൽ ഹിന്ദുക്കൾ ഒന്നാകെ ഞങ്ങൾക്കെതിരായി തിരിഞ്ഞിട്ടില്ല. ന്യൂനപക്ഷ വർഗീയതയെന്ന നിലയ്ക്ക് ഇപ്പോൾ പ്രസക്തമായി നിൽക്കുന്ന ജമാഅത്തെ ഇസ്ലാമിയെയും സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യയെയും (SDPI) ഞങ്ങൾ എതിർക്കാൻ തയ്യാറായിട്ടുണ്ട്. അത് ഏതെങ്കിലും തരത്തിൽ മുസ്ലീം വിഭാഗത്തിന് എതിരെയുള്ള എതിർപ്പായി കേരളത്തിലെ മുസ്ലീം വിഭാഗം കണക്കാക്കുമെന്ന ധാരണയൊന്നും ഞങ്ങൾക്കില്ല. പക്ഷേ അത്തരമൊരു ചിത്രം ഉയർത്തിക്കൊണ്ടുവരാൻ ലീഗ് സുഹൃത്തുക്കൾ അടക്കം ശ്രമിച്ചിട്ടില്ലേയെന്ന് ആത്മാർഥമായി പരിശോധിക്കുന്നത് നല്ലതാണ്. എന്താണ് നമ്മുടെ നാട്ടിലെ പ്രചാരണത്തിൽ സ്വീകരിച്ചിട്ടുള്ളത്?. വസ്തുതകൾ പറഞ്ഞുകൊണ്ടല്ലേ ആക്രമണം നടത്തേണ്ടത്? ഏതിലും നേരും നെറിയും വേണ്ടേ, അതല്ലാത്ത നിലപാട് എടുക്കാൻ പാടുണ്ടോ?

അടുത്തകാലത്ത് ഫോണിൽ വന്നൊരു മെസേജ് ഒരാൾ എന്നെ കാണിച്ചു. മഞ്ചേരിയിലെ ആശുപത്രിയിൽനിന്നും ഓപ്പറേഷൻ കഴിഞ്ഞ് വീട്ടിലേക്ക് പോകുന്ന ഒരു സ്ത്രീയുടെ കാര്യമാണത്. ആ സ്ത്രീ ബസ്സ് കാത്തുനിൽക്കുകയാണ്, ചില ബസ്സുകാർക്ക് ഒരുശീലമുണ്ടെന്ന് പറയപ്പെടുന്നു, അതായത് കോഴിക്കോടേയ്ക്ക് പോകേണ്ടവരെ ആദ്യം കയറ്റും. അപ്പോൾ സീറ്റൊക്കെ ഫുള്ളാകും. ഇവർ ഓപ്പറേഷൻ കഴിഞ്ഞ സ്ത്രീയായതുകൊണ്ട് ബസ്സിൽ ഇരിക്കണമല്ലോ. മറ്റൊരു സ്ത്രീ ടി വിഷയത്തിൽ ഇടപെട്ട് ബഹളമുണ്ടാക്കി. ബഹളത്തിനിടയ്ക്ക് കണ്ടക്ടർ അവരെ ബസ്സിൽ കയറ്റുകയും സീറ്റ് നൽകുകയും ചെയ്തു.

രണ്ടുപേരും ഒരേ സീറ്റിലാണ് ഇരുന്നത്. അവർ തമ്മിൽ സംസാരിക്കുന്നതിനിടയിൽ ഓപ്പറേഷന്റെ വിവരങ്ങളും ആശുപത്രിയെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചുമെല്ലാം പറഞ്ഞു. വീട്ടിലെ ചെലവുകളെക്കുറിച്ച് അന്വേഷിച്ചപ്പോൾ രണ്ടായിരം രൂപ പെൻഷൻ ലഭിക്കുമെന്നും നേരത്തെ ആയിരത്തി അറുന്നൂറ് രൂപയാണ് ലഭിച്ചിരുന്നതെന്നും അവർ പറഞ്ഞു. അപ്പോൾ എങ്ങനെയാണ് പെൻഷൻ വർധിച്ചതെന്ന് ചോദിച്ചപ്പോൾ അത് നമ്മളെ സുഖിപ്പിക്കാൻ വേണ്ടി ചെയ്തതല്ലേയെന്നും നമ്മളെ സുഖിപ്പിച്ചിട്ട് ഇവിടെ നിന്നും പറഞ്ഞയക്കാൻ ബഹു. മുഖ്യമന്ത്രി ചെയ്ത കാര്യമല്ലേ എന്നും പറഞ്ഞു. ഒരുപാവപ്പെട്ട സ്ത്രീ മറ്റൊരു സ്ത്രീയോട് പറയുന്ന കാര്യമാണ് മെസ്സേജായി വന്നത്. ആ സ്ത്രീയുടെ ഭാഷയാണ് ഞാൻ പറയുന്നത്, അല്ലാതെ ഞാൻ പറയുന്നതല്ല. 1600 രൂപ 2000 രൂപയാക്കി. അതെല്ലാം ഞങ്ങളെ കേരളത്തിൽ നിന്നും പറഞ്ഞയക്കാൻ വേണ്ടിയാണ്. വിശദമായി ചോദിച്ചപ്പോൾ കൂടുതൽ കാര്യങ്ങൾ അവർ വ്യക്തമാക്കി. ചിലർ അവരുടെ വീട്ടിൽ പോയി ഇങ്ങനെ പറഞ്ഞതാണെന്നും അതിന്റെ ഭാഗമായി അവർക്കുണ്ടായ തെറ്റിദ്ധാരണയാണെന്നും മനസ്സിലായി. അപ്പോൾ ഏതെല്ലാം രീതിയിലുള്ള തെറ്റായ പ്രചാരണ രീതികളാണ് സ്വീകരിക്കുന്നതെന്ന് നമ്മൾ കാണണം. ഈ രീതി സ്വീകരിക്കുന്നതുകൊണ്ട് മുസ്ലീം വിഭാഗമാകെ ഞങ്ങൾക്കെതിരായി പോകുമെന്ന് ഞങ്ങൾ കരുതുന്നില്ല. പക്ഷേ നിലനിൽപ്പിനുവേണ്ടി എന്തും ആയുധമാക്കാൻ ശ്രമിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടതുണ്ട്. അത് സ്വയംഹത്യാപരമായി വരുമെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.

നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പി.എം.ശ്രീ. പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. കേരളം വലിയ തെറ്റ് ചെയ്തുവെന്നാണ് പി.എം.ശ്രീ.-യെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. ഇവിടെ കാണേണ്ട ഒരു കാര്യം ഏത് കോൺഗ്രസ്സ് സർക്കാരാണ് പി.എം.ശ്രീ.യിൽ ഒപ്പിടാതെയുള്ളതെന്നാണ്. 2022 സെപ്തംബർ മാസത്തിലാണ് കേന്ദ്ര സർക്കാർ പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നത്. രാജസ്ഥാൻ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, മധ്യപ്രദേശ്, ഹരിയാന, ജമ്മുകാശ്മീർ, അരുണാചൽപ്രദേശ്, ആസ്സാം, മേഘാലയ എന്നീ സംസ്ഥാനങ്ങളാണ് പി.എം.ശ്രീ. പദ്ധതി ആരംഭിച്ച ഘട്ടത്തിൽ ഒപ്പിട്ട സംസ്ഥാനങ്ങൾ. 2022 ഒക്ടോബർ 27-നാണ് രാജസ്ഥാൻ പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടത്. അന്ന് കോൺഗ്രസ്സാണ് അവിടെ ഭരിക്കുന്നത്. ഛത്തീസ്ഗഢ് പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടത് 2023 ജനുവരി 10-നാണ്. അന്ന് സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ് തന്നെയാണ്. 2022 ഡിസംബർ മാസത്തിലാണ് ഹിമാചൽപ്രദേശിൽ കോൺഗ്രസ്സ് അധികാരത്തിൽ വരുന്നത്. 2023-ലാണ് പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പുവയ്ക്കുന്നത്. അന്നും ഇന്നും കോൺഗ്രസ്സാണ് അവിടെ ഭരിക്കുന്നത്.

കർണ്ണാടക പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പുവയ്ക്കുന്നത് 2022 ഒക്ടോബർ 27-നാണ്. അന്ന് ഭരണത്തിൽ ബി.ജെ.പി. സർക്കാരാണ്. പക്ഷേ 2023 മേയ് മാസം മുതൽ സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസാണ്. പി.എം.ശ്രീ. പദ്ധതി കർണ്ണാടകയിൽ ഔദ്യോഗികമായി ആരംഭിക്കുന്നത് കോൺഗ്രസ്സ് ഭരണത്തിലാണ്. പിന്നീടുള്ള വർഷങ്ങളിൽ പി.എം.ശ്രീ. പദ്ധതി പുതുക്കിയതും കോൺഗ്രസ് സർക്കാർ തന്നെയാണ്. നേരത്തെ പഞ്ചാബ് സർക്കാർ

പി.എം.ശ്രീ. പദ്ധതിയിൽനിന്നും ഒരുഘട്ടത്തിൽ പിൻവാങ്ങിയിരുന്നു. അതുപോലെ വേണമെങ്കിൽ കർണ്ണാടകയിലെ കോൺഗ്രസ് സർക്കാരിനും പി.എം.ശ്രീ. പദ്ധതിയിൽനിന്നും പിൻവാങ്ങാമായിരുന്നു. പഞ്ചാബിൽ 2022 ഒക്ടോബറിൽ ആം ആദ്മി പാർട്ടി സർക്കാർ രൂപീകരിച്ചു. പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് അവർ കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചു. എന്നാൽ 2023 ജൂലൈയിൽ അവർ ഔദ്യോഗികമായി പദ്ധതിയിൽനിന്നും പിന്മാറി. അതിനെതുടർന്ന് കേന്ദ്രസർക്കാർ പഞ്ചാബിനുള്ള സമഗ്രശിക്ഷാ അഭിയാൻ പദ്ധതിയിലേക്കുള്ള ഫണ്ടുകൾ തടഞ്ഞുവച്ചു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അവിടുത്തെ വിദ്യാഭ്യാസ വകുപ്പ് നേരിട്ടു. അങ്ങനെ വന്നപ്പോൾ 2024 ജൂലൈയിൽ അവർ വീണ്ടും പി.എം.ശ്രീ. പദ്ധതിയിൽ ചേർന്നു. പക്ഷേ കർണാടകയിൽ കോൺഗ്രസ് അത് തുടരുകയാണ്. പി.എം.ശ്രീ. ആരംഭിച്ച സമയത്ത് ബി.ആർ.എസ്. ആണ് തെലങ്കാന ഭരിക്കുന്നത്. അവർ അതിൽ ഒപ്പിട്ടില്ല. 2022-ലെ അവസാന മാസങ്ങളിൽ മുഖ്യമന്ത്രി ചന്ദ്രശേഖര റാവു ഹൈദരാബാദിൽ എത്തിയ പ്രധാനമന്ത്രിയെ ഒന്നിലേറെ തവണ വിമാനത്താവളത്തിലെത്തി സ്വീകരിക്കാതെ പ്രതിഷേധം പ്രകടിപ്പിക്കുന്ന നിലവരെയുണ്ടായി. ബി.ആർ.എസ്.-ന്റെ ഭരണസമയത്ത് പി.എം.ശ്രീ. പദ്ധതിയിൽ തെലങ്കാന ഒപ്പിട്ടില്ല. 2023 ഡിസംബർ 7-ന് തെലങ്കാനയിൽ കോൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷമാണ് പി.എം.ശ്രീ. പദ്ധതിക്കുവേണ്ടി തെലങ്കാന ശ്രമിക്കുന്നത്. അങ്ങനെ 2023 ഡിസംബറിൽ കോൺഗ്രസ് ഭരണകാലത്താണ് പി.എം.ശ്രീ. പദ്ധതിയിൽ തെലങ്കാന ഒപ്പിടുന്നത്. അന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല

മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡിക്കായിരുന്നു. Prime Minister's Schools for Rising India എന്നതിന്റെ ചുരുക്കപ്പേരാണ് PM SHRI. സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി തെലങ്കാന ചെയ്തത് തെലങ്കാന റൈസിങ് എന്നൊരു പരിപാടി അവിടെ ആരംഭിച്ചു. ഇതൊക്കെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടന്ന കാര്യമാണ്. അതൊക്കെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ആകാമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ വിശദമാക്കാൻ ശ്രമിച്ചതെന്നാണ് എനിക്ക് തോന്നുന്നത്.

മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്തിനാണ് മഹാഭാരതത്തിലെ ഭീഷ്മരെ അപമാനിക്കാൻ ശ്രമിച്ചതെന്ന് മനസ്സിലാകുന്നില്ല. മഹാഭാരതത്തിലെ ശക്തനായ കഥാപാത്രമാണ് ഭീഷ്മർ; അദ്ദേഹം എന്തോ ഒരു നിസ്സഹായവസ്ഥയിൽ കടന്നുപോയതാണെന്ന് തോന്നുന്ന തരത്തിൽ പറഞ്ഞത് എന്തിനാണ്? ശ്രീ. രമേശ് ചെന്നിത്തല മഹാഭാരതം അറിയാത്ത ആളാണെന്ന് ഞാൻ പറയില്ല. തന്റെ ആവശ്യത്തിനുവേണ്ടി അല്പമൊന്ന് വളച്ചൊടിച്ചതാണെന്നാണ് തോന്നുന്നത്. 'ചാകാത്ത നാളല്ല ഞാനും പിറന്നത്' എന്ന് പറഞ്ഞ ഭീഷ്മരെ ശ്രീ. രമേശ് ചെന്നിത്തല മഹാഭാരതത്തിൽ വായിച്ചിട്ടുണ്ടാവും. അത് പറഞ്ഞത് ആരോടായിരുന്നു? അർജ്ജുനനോടും കൃഷ്ണനോടുമായിരുന്നു. ഭീഷ്മർ അങ്ങനെ പറഞ്ഞത് അർജ്ജുനന്റെ അസ്ത്രങ്ങളേറ്റ് മുറിവേറ്റ ഘട്ടത്തിലാണ്. അങ്ങനെ മുറിവേറ്റ ഘട്ടത്തിൽ ഭീഷ്മർ സാധാരണയിൽനിന്ന് വ്യത്യസ്തമായി കോപിഷ്ടനായി. അതിന്റെ ഫലം അർജ്ജുനനും കൃഷ്ണനും തടുക്കാനായില്ല. രണ്ടുപേർക്കും ഭയങ്കരമായി മുറിവേറ്റു. അപ്പോൾ കൃഷ്ണൻ തന്റെ പ്രതിജ്ഞയിൽനിന്ന് പിന്മാറി സുദർശനചക്രമെടുത്തു. മഹാഭാരതകഥയാണ്

ഞാൻ പറയുന്നത്, ഞാൻ പറഞ്ഞതാണെന്ന് നാളെ പറയരുത്. അപ്പോൾ 'അയ്യയ്യോ, ചെയ്യരുത്, ചെയ്യരുത്' എന്ന് സുദർശനചക്രമെടുത്ത ശ്രീകൃഷ്ണനോട് അർജ്ജുനൻ പറയുന്നു. കാരണം ആയുധം എടുക്കില്ലെന്ന് ശ്രീകൃഷ്ണൻ വാക്ക് പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ രണ്ട് തവണ സംഭവിക്കുന്നു. ഭീഷ്മർ അവിടെ ഇരിക്കുന്ന കാലത്തോളം ജയിച്ചുവരാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ തന്ത്രശാലിയായ കൃഷ്ണൻ, ഭീഷ്മരുടെ അടുത്തേക്ക് ധർമ്മപുത്രരെ അയയ്ക്കുന്നു. അന്നത്തെ യുദ്ധത്തിൽ ശത്രുപക്ഷമാണെങ്കിലും അവർ തമ്മിൽ കാണിക്കുന്ന മര്യാദകളുണ്ട്. അങ്ങനെ ഭീഷ്മരുടെ അടുത്തേക്ക് ധർമ്മപുത്രർ ചെല്ലുകയാണ്. ധർമ്മപുത്രർക്ക് ജയം വേണം. അതിനായി പിതാമഹനായ ഭീഷ്മരോട് അഭ്യർഥിക്കുന്നു. അങ്ങനെ അദ്ദേഹം വീണ കൊടുക്കാമെന്ന് സമ്മതിക്കുന്നു. ഞങ്ങളെ ആക്ഷേപിക്കാൻവേണ്ടി അദ്ദേഹത്തെ അപമാനിച്ചത് മോശമായിപ്പോയി എന്ന് പറയാൻ വേണ്ടി മാത്രമാണ് ഇത്രയും പറഞ്ഞത്.

നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയനുസരിച്ച് നല്ല രീതിയിൽ തിരഞ്ഞെടുപ്പുകൾ നടത്തുകയും ആ തിരഞ്ഞെടുപ്പ് ഓരോ ഘട്ടത്തിലുമുള്ള നാടിന്റെ ഭാവി തീരുമാനിക്കുകയും ചെയ്യും. അതിൽ ഒട്ടും ആശങ്കയില്ലെന്നതാണ് ഞങ്ങളുടെ പ്രത്യേകത. ഞങ്ങൾ കപട ആത്മവിശ്വാസം പ്രകടിപ്പിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞില്ലേ? ഞങ്ങൾക്ക് ഒരു കപട ആത്മവിശ്വാസവുമില്ല, നിറഞ്ഞ ആത്മവിശ്വാസമാണ്. കാരണം ഞങ്ങൾ ജനപക്ഷത്താണ്. ജനങ്ങൾക്ക് ഞങ്ങളെയും ഞങ്ങൾക്ക് ജനങ്ങളെയും അറിയാം. അതുകൊണ്ട് ഏതെല്ലാം തരത്തിലുള്ള പുകമറ സൃഷ്ടിക്കാൻ നോക്കിയാലും അതൊന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇടയാക്കില്ലെന്ന ഉറച്ചവിശ്വാസമാണ് ഞങ്ങൾക്കുള്ളത്. അത്

ശരിയായ ആത്മവിശ്വാസം തന്നെയാണെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

കേരളത്തിൽ അസാധ്യമെന്നും നടക്കില്ലെന്നും നടപ്പാക്കാനാവില്ലെന്നും കരുതിയിരുന്ന ഒരുപാട് കാര്യങ്ങൾ യാഥാർഥ്യമാക്കിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ യാത്ര തുടരുകയാണ്. അത് നാടിന് ആവശ്യമാണ്, ജനങ്ങൾക്ക് വേണ്ടതാണ്, ഭാവി കേരളത്തിന് ഒഴിച്ചുകൂടാനാവാത്തതുമാണ്. നാടിനോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ ഞങ്ങൾ ശ്രമിച്ചത്. വരുംകാലത്തെ കേരളം ഏതുതരത്തിൽ രൂപപ്പെടണമെന്നതിനെക്കുറിച്ചും ഞങ്ങൾക്ക് ശരിയായ സങ്കൽപ്പമുണ്ട്. ആ ഒരു രൂപരേഖ കേരളത്തിന് മുന്നിൽ ഞങ്ങൾ അവതരിപ്പിക്കുകയാണ്. അത് നവകേരളത്തിന്റെ രൂപവും ഭാവവും നിർണ്ണയിക്കുന്ന രേഖയായി മാറുകതന്നെ ചെയ്യും. പത്തുവർഷം മുമ്പുള്ള കേരളത്തിന്റെ അവസ്ഥ പരിശോധിച്ചാൽ അവിശ്വസനീയമെന്ന് കരുതിയ പല കാര്യങ്ങളും ഇവിടെ നടപ്പിലാക്കുകയും അവിശ്വസനീയമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വസനീയമായ ഭാവി കേരള നിർമ്മാണ പദ്ധതികൂടി ആവിഷ്കരിച്ചുകൊണ്ടാണ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഈ സർക്കാർ ഭരണം കാഴ്ചവയ്ക്കുന്നത്. കഴിഞ്ഞ പത്ത് വർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ നല്ലനിലയിലുള്ള കാര്യക്ഷമത കാണാൻ സാധിക്കും. അതോടൊപ്പം ജനങ്ങളിൽ വിശ്വാസമർപ്പിച്ച് മുന്നോട്ടുപോകാനാണ് ശ്രമിച്ചത്. ഒരു ഘട്ടത്തിലും എന്തെങ്കിലും പറഞ്ഞ് ജനങ്ങളെ വ്യാമോഹിപ്പിക്കാൻ ശ്രമിച്ചിട്ടുമില്ല. എന്തെങ്കിലും പറഞ്ഞ് തൽക്കാലം ഒന്ന് തെറ്റിദ്ധരിപ്പിച്ച് കളയാമെന്ന അജണ്ട ഞങ്ങൾക്കുണ്ടായിട്ടില്ല. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് എന്താണോ

അത് മാത്രമേ ജനങ്ങളുടെ മുമ്പാകെ പറഞ്ഞിട്ടുള്ളൂ. ഞങ്ങൾ ഒരു ഘട്ടത്തിലും ജനങ്ങളെ കബളിപ്പിക്കാൻ തയ്യാറായിട്ടില്ല. അതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.-ന്റെ സമീപനം പൂർണ്ണബോധ്യത്തോടെ അംഗീകരിക്കുന്ന ജനങ്ങളാണ് കേരളത്തിലുള്ളത്. സാധാരണക്കാരായ ആളുകളിലും അങ്ങനെയൊരു നിലയാണ് കാണാൻ കഴിയുന്നത്. രാഷ്ട്രീയ വിമർശനമുള്ളതുകൊണ്ട് നിങ്ങൾക്ക് ഞങ്ങളെ ഇകഴ്ത്തി കാണിക്കണമെന്ന് ആഗ്രഹമുണ്ടാകും. അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്യുമെന്നുള്ളത് ശരിയാണ്. അത് രാഷ്ട്രീയത്തിന്റെ ഭാഗമാണ്. പക്ഷെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ പ്രതികരണങ്ങളുണ്ട്.

അടുത്ത ദിവസമുണ്ടായ ഒരനുഭവം പങ്കുവയ്ക്കുന്നത് നല്ലതാണെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഞാൻ പുനലൂർ വഴി പത്തനംതിട്ടയ്ക്ക് പോകുകയായിരുന്നു. മുഖ്യമന്ത്രി പോകുമ്പോൾ അകമ്പടി വാഹനങ്ങൾ ഉണ്ടാകുമല്ലോ; അത് എല്ലാവരും ശ്രദ്ധിക്കുന്നതാണ്. ഞാൻ പുനലൂർ റെസ്റ്റ് ഹൗസിൽ കയറിയതിനുശേഷമാണ് പോയത്. അവിടെ ഒരു പാവപ്പെട്ട മനുഷ്യൻ ചെറിയൊരു തുണിസഞ്ചി തൂക്കിപ്പിടിച്ചുകൊണ്ട് ഗേറ്റ് കടന്നുവരുന്നത് കണ്ടു. സ്വാഭാവികമായും സെക്യൂരിറ്റി അദ്ദേഹത്തെ അടുത്ത് വരാൻ അനുവദിക്കാതെ തടയുകയാണ്. ഞാൻ അദ്ദേഹത്തെ കാണുന്നുണ്ട്. ഞാൻ കാറിൽ കയറുന്ന സമയത്താണ് അദ്ദേഹം ഇങ്ങോട്ട് വരാൻ ശ്രമിക്കുന്നത്. ഞാൻ അദ്ദേഹത്തെ കൈ കാണിച്ച് കാറിൽ കയറി. ഞാൻ കൈകാണിക്കുന്നത് അദ്ദേഹം കണ്ടില്ലെന്ന് തോന്നുന്നു. എന്തായാലും ഞാൻ അവിടെനിന്നും പോയി. പിന്നീട് സോഷ്യൽ മീഡിയയിൽ ഒരാൾ ഇട്ട ഒരു പോസ്റ്റ് കാണുകയുണ്ടായി.

അതിൽ പറയുന്നത്, അന്ന് വന്നത് എൻ. ആർ. പിള്ള എന്ന് പേരുള്ള പ്രായമുള്ള ഒരാളാണെന്നാണ്. അദ്ദേഹം പറഞ്ഞത് "ഞാൻ മുഖ്യമന്ത്രിയെ കാണാൻ വേണ്ടി പോയതാണ്, പൊലീസുകാർ തടഞ്ഞു, അത് സാധാരണ അവർ ചെയ്യുന്നതാണ്. മുഖ്യമന്ത്രിയെ കാണാൻ പോകാൻ കാരണം എനിക്ക് അദ്ദേഹത്തെ ഇഷ്ടമാണ്. പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്ന ഒരു ഗവൺമെന്റാണിത്. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത." ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ അദ്ദേഹം പറയുകയാണ്. അത് ആരും പറയിപ്പിച്ചതല്ല, സ്വാഭാവികമായിട്ടുണ്ടായ കാര്യമാണ്. ഇതാണ് നാട്ടിലെ സാധാരണക്കാരുടെ പ്രതികരണമെന്ന് നിങ്ങൾ മനസ്സിലാക്കണം. കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഈ പ്രതീതി തകർക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ നിങ്ങൾ നടത്തുന്നുണ്ടാകും. പക്ഷേ അതെല്ലാമുണ്ടെങ്കിലും ഈ പ്രതികരണം നിലനിൽക്കുന്നുണ്ട്. അതിനുകാരണം ഞാൻ നേരത്തേ പറഞ്ഞതാണ്. ജനങ്ങളെ ഒരു ഘട്ടത്തിലും കബളിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന് ഇങ്ങനെയൊരു മെച്ചപ്പെട്ട നില വന്നതിൽ വല്ലാതെ അലോസരപ്പെടുന്ന പ്രതിപക്ഷത്തെയാണ് കാണാൻ സാധിക്കുന്നത്. അവർ മുന്നിൽക്കാണുന്നത് വെറും അന്ധകാരമല്ല, മഹാന്ധകാരം നിറഞ്ഞ ഒരു ഭാവിയാണ്. അതിന്റേതായ ഒരു വല്ലാത്ത വെപ്രാളം അവരെ പിടികൂടിയിട്ടുണ്ട്. യുക്തിക്ക് നിരക്കാത്തതും അസത്യമായതും അടിസ്ഥാനരഹിതമായതും ഭാവനയിൽ മാത്രം നിലനിൽക്കുന്നതുമായ എല്ലാവഴിക്കും സഞ്ചരിക്കാൻ അതവരെ പ്രേരിപ്പിക്കുകയാണ്. ആ സഞ്ചാരമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

അധികാരത്തിലിരിക്കുന്ന സർക്കാരിനെതിരെ സ്വാഭാവികമായും വലിയ വിമർശനങ്ങൾ ഉയർത്താൻ പ്രതിപക്ഷം ശ്രമിക്കും. പക്ഷേ വിമർശിക്കാനും എതിർത്തുപറയാനും ഒന്നുമില്ലാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ടുതന്നെ പറയാനുള്ള വേദിതന്നെ ഇല്ലാതാക്കാനുള്ള ശ്രമവും ആ മനോഭാവത്തോടെയുള്ള ബഹിഷ്കരണങ്ങളുമൊക്കെ നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗമെന്നത് ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. എന്നാൽ ഇന്ന് മാത്രമാണ് എല്ലാവരും പങ്കെടുത്തുകൊണ്ട് ശരിയാംവിധം ചർച്ച ചെയ്യാൻ സാധിച്ചത്. സഭയിൽ ലഭിക്കുന്ന അവസരങ്ങളിലും സഭയ്ക്ക് പുറത്തുള്ള വേദികളിലും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിക്കാൻ നടത്തുന്ന ശ്രമം ജനാധിപത്യ സംവിധാനത്തിലെ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വത്തിന് ചേർന്നതാണോയെന്നത് അവർതന്നെ പരിശോധിക്കേണ്ട കാര്യമാണ്. പ്രതിപക്ഷം തീർത്തും സങ്കുചിതമായ താൽപര്യങ്ങൾക്ക് പിന്നാലെ പോകുന്നതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം ഒരുതരം രാഷ്ട്രീയ നിസ്സഹായതയിലാണ് കേരളത്തിലെ പ്രതിപക്ഷം ഇന്ന് നിൽക്കുന്നത്. സാധാരണഗതിയിൽ ഭരണപക്ഷത്തിന് നേർക്കാണ് ചോദ്യങ്ങളും വിമർശനങ്ങളും ഉയരേണ്ടത്. എന്നാൽ ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ചോദ്യങ്ങളും വിമർശനങ്ങളും ഉയരുന്നത് പ്രതിപക്ഷത്തിന് നേർക്കാണ് എന്നതാണ് യാഥാർഥ്യം. പ്രതിപക്ഷത്തിന്റെ നിലപാടില്ലായ്മകൾ, അസത്യ പ്രചാരണങ്ങൾ ഇതൊക്കെയാണ് അതിന് വഴിവയ്ക്കുന്നത്. ഗീബൽസിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ഒരു കള്ളം ആവർത്തിച്ചു പറയുക,

അത് കൂടുതൽക്കൂടുതൽ ശക്തമായി പറയുക അങ്ങനെ വന്നാൽ സത്യമായി കണക്കാക്കും എന്നത് ഗീബൽസ്യൻ തന്ത്രമാണ്. ഇവിടെ സമൂഹത്തിന്റെ മുഖത്തുനോക്കി തീർത്തും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ആവർത്തിക്കുന്ന പ്രതിപക്ഷത്തെയാണ് കാണാൻ സാധിക്കുന്നത്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ പത്ത് വർഷമായി ഇവിടെ എന്ത് നടന്നുവെന്ന ചോദ്യം ഉയർത്തുന്നത്. നാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഗുണഫലം ഏതാനും ചിലർ മാത്രല്ല, നാട്ടിലെ ജനങ്ങളാകെ അനുഭവിക്കുകയാണ്. ഈ ജനങ്ങളുടെ മുമ്പിൽ ഇത്തരം പ്രചാരണങ്ങൾ എങ്ങനെയാണ് വിലപ്പോവുക?

പണ്ട് നമ്മുടെ നാഷണൽ ഹൈവേ അടക്കമുള്ള റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞതും വീതി കുറഞ്ഞതുമായിരുന്നില്ലേ; അതാണല്ലോ ഇപ്പോൾ ആറുവരി പാതയായി മാറുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഓഫീസ് പൂട്ടി സ്ഥലം വിട്ടത് പ്രതിപക്ഷത്തിന്റെ കാലത്താണല്ലോ, ഇന്നത്തെ പ്രതിപക്ഷത്തിന് അത് ഓർമ്മയുണ്ടാകും. നടക്കില്ലെന്നുപറഞ്ഞ് എഴുതിത്തള്ളിയ നിരവധി പദ്ധതികളാണ് നമ്മുടെ നാട്ടിൽ നടപ്പാക്കപ്പെട്ടത്. രാജ്യത്തിനാകെ മാതൃകാപരമായ കുതിച്ചുചാട്ടമല്ലേ വ്യാവസായിക രംഗത്തുണ്ടായത്; ഈ പത്ത് വർഷക്കാലത്തെ നമ്മുടെ അനുഭവം നാടിനാകെ അഭിമാനം പകരുന്നതല്ലേ?

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളം ഒന്നാമതെത്തിയെന്ന് മാത്രമല്ല ആ സ്ഥാനം നിലനിർത്താനും കഴിയുന്നു. ഒന്നാം സ്ഥാനം വെറുതെ കിട്ടുന്ന കാര്യമല്ലല്ലോ; നാട്ടിൽ വരുന്ന മാറ്റങ്ങളുടെ ഭാഗമല്ലേ? നമ്മുടെ

നാട്ടിൽ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ചുവപ്പുനാടകളില്ലാതെ വ്യവസായം തുടങ്ങാൻ കഴിയുന്ന സാഹചര്യം വന്നിരിക്കുന്നു. ഇതിന്റെ ഭാഗമായി നിക്ഷേപകർക്ക് വലിയ ആത്മവിശ്വാസം ഉണ്ടായിരിക്കുന്നുവെന്നാണ് കാണേണ്ടത്. സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിൽ കൊണ്ടുവന്ന മാറ്റം എത്ര വലുതാണ്? സംരംഭക വർഷം എന്നൊരു പദ്ധതി എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ചു. ഇതിലൂടെ ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനാണ് ഉദ്ദേശിച്ചത്. പക്ഷേ സംഭവിച്ചത് എന്താണ്? ഒരു വർഷം വേണ്ടി വന്നില്ല, മാസങ്ങൾക്കുള്ളിൽ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചു. രാജ്യത്തെ മികച്ച എം.എസ്.എം.ഇ. ക്ലസ്റ്ററായി കേരളം മാറുകയും മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തുവെന്നതും ശരിയല്ലേ?

വ്യാവസായിക രംഗത്ത് വലിയ കുതിച്ചുചാട്ടമാണുണ്ടായത്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രവൃത്തികൾ അതിവേഗം നടക്കുകയാണ്. കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം, ദാവോസിൽ നടന്ന World Economic Forum എന്നിവയിലൂടെ കേരളത്തിൽ നിക്ഷേപം നടത്താനുള്ള വലിയ താൽപര്യമാണ് നിക്ഷേപകർ പ്രകടിപ്പിച്ചിരിക്കുന്നത്. ദാവോസിൽ നടന്ന കാര്യങ്ങൾ ഇന്ന് രാവിലെ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു.

ഐ.ടി. കയറ്റുമതിയിൽ നാം റെക്കോർഡുകൾ ഭേദിക്കുകയാണ്. ഐ.ടി. പാർക്കുകൾ ലോകശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സ്റ്റാർട്ട്അപ്പ് ഇക്കോ സിസ്റ്റം രാജ്യത്തിനുതന്നെ മാതൃകയാണ്. ഏഷ്യയിലെ തന്നെ മികച്ച ലേണിങ് ഇക്കോസിസ്റ്റമായി കേരളത്തെ

ആഗോളതലത്തിൽ അടയാളപ്പെടുത്തിക്കഴിഞ്ഞു. അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകളാണ് കേരള സ്റ്റാർട്ടപ്പ് മിഷനുകീഴിൽ കരുത്തുറ്റനിലയിൽ ഇപ്പോൾ വളരുന്നത്. നൂതന ആശയങ്ങളുമായി വരുന്ന യുവാക്കൾക്ക് ലോകോത്തര നിലവാരമുള്ള ഇൻകുബേഷൻ സൗകര്യങ്ങളാണ് നാം ഒരുക്കുന്നത്. സംസ്ഥാനത്ത് ഗിഫ്റ്റ് സിറ്റി യാഥാർഥ്യമാക്കുന്നതിൽ ചില പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട് ആ പദ്ധതി ഉപേക്ഷിക്കുകയല്ല പകരം സംവിധാനമൊരുക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സമുദ്രോൽപന്ന പാർക്കുൾ യാഥാർഥ്യമാവുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നല്ലരീതിയിൽ പുരോഗതി പ്രാപിക്കുന്നു. അത് സമ്പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടെ വ്യവസായ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം എന്തായിരിക്കും; എത്ര മികച്ചതായിരിക്കും? ഇതൊന്നും കാണാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ എതിർക്കുന്നതിന്റെ ഭാഗമായി ഇതെല്ലാം കാണാതിരിക്കരുതല്ലോ; നമ്മുടെ നാട് നേടിയ നേട്ടങ്ങളാണല്ലോ?

മുൻകാലങ്ങളിൽ സ്കൂളുകൾക്കുണ്ടായിരുന്ന ദയനീയസ്ഥിതി ഇപ്പോൾ പൂർണ്ണമായി മാറിയില്ലേ; ഹൈടെക് സ്കൂളുകളും സ്മാർട്ട് ക്ലാസ് റൂമുകളും കേരളത്തിൽ സ്ഥാപിതമായില്ലേ; ഈ സർക്കാർ എന്തുചെയ്തുവെന്ന് ചോദിക്കുമ്പോൾ അവർ അതിന് മറുപടി പറയും. ഈ നാടിന് പല ദുരനുഭവങ്ങളുണ്ടായിട്ടില്ലേ; സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കൂൾ തുറന്ന് പുതിയ ക്ലാസിൽ ചേരുമ്പോൾ പാഠപുസ്തകങ്ങൾ ആവശ്യമല്ലേ; ഒരു കാലത്ത് സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ കിട്ടിയിരുന്നില്ല. പാഠപുസ്തകങ്ങളില്ലാത്തതിനാൽ അധ്യാപകർ കുട്ടികൾക്ക്

പുസ്തകത്തിന്റെ ഫോട്ടോസ്റ്റാറ്റ് എടുത്തുകൊടുത്തിട്ടുണ്ട്. അത് വളരെ മുമ്പ് നടന്ന കാര്യമല്ലല്ലോ; പത്തുവർഷം മുൻപുള്ള അവസ്ഥയല്ലേ? സാധാരണ നിലയ്ക്കുള്ള ഒരു ചെറിയ തയ്യാറെടുപ്പ് നടത്തിയാൽത്തന്നെ സ്കൂൾ തുറക്കുമ്പോൾ കുട്ടികളുടെ കൈയിൽ പാഠപുസ്തകങ്ങൾ എത്തിക്കാൻ സാധിക്കുമായിരുന്നില്ലേ; കെടുകാര്യസ്ഥതയുടെ പാരമ്യമല്ലേ അന്നുണ്ടായത്; ഇന്ന് അതാണോ സ്ഥിതി; അധ്യയനവർഷം തീരുംമുമ്പ് അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലേക്ക് എത്തുന്ന അവസ്ഥയിലേയ്ക്കെത്തിയിയില്ലേ? ഇതൊന്നും ഒരു മഹാനേട്ടമായിട്ടല്ല പറയുന്നത്. എന്നാൽ, നമ്മുടെ നാട്ടിലെ കുട്ടികളും രക്ഷിതാക്കളും അത് വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്.

ആരോഗ്യരംഗം വളരെയേറെ മെച്ചപ്പെട്ടുവെന്ന് മാത്രമല്ല, സർക്കാർ ആശുപത്രികളുടെ കരുത്തിനെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിതന്നെ ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. മുമ്പില്ലാതിരുന്ന ഇത്തരം ചില കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയാണ് കേരള മോഡൽ എന്ന് പറയുന്നത്. പഴയ കേരള മോഡലിനെ ജീവകാരുണ്യമടക്കമുള്ള മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കാനും താഴേത്തട്ട് മുതൽ മുകൾത്തട്ടുവരെ എത്തിക്കാനും സാധിച്ചു. ഇതൊക്കെ പറയുമ്പോൾ നാം ശ്രദ്ധിക്കേണ്ടൊരു കാര്യമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. നമ്മുടെ നാടിനും രാജ്യത്തിനും വലിയതോതിൽ സംഭാവന ചെയ്യാൻ കഴിയുന്നൊരു ഗവേഷണ സ്ഥാപനമാണത്. ഐ.ടി. രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിൽ വൻ കുതിച്ചുചാട്ടം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല, ആഗോള ഭീമന്മാരായ കമ്പനികൾ കേരളത്തിലേക്ക് വരാൻ താൽപര്യം പ്രകടിപ്പിക്കുയാണ്. വർക്ക്

നിയർ ഹോം പദ്ധതി ഐ.ടി. വികസനം ഗ്രാമങ്ങളിലേയ്ക്കെത്താൻ സഹായിക്കുന്നതാണ്. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചത് കേരളമാണ്. ഡിജിറ്റൽ സാക്ഷരത നേടാൻ നമുക്ക് കഴിഞ്ഞുവെന്നതും ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്. മറ്റ് രാജ്യങ്ങളിലുള്ളവരടക്കം ഇത്തരം കാര്യങ്ങൾ പ്രധാനമായി ശ്രദ്ധിക്കുന്നുണ്ട്. സ്റ്റാർട്ടപ്പ് മിഷൻ ലോകത്തിലെ തന്നെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ബഹുരാഷ്ട്ര കമ്പനികൾ നാട്ടിലേക്ക് വരാൻ തയ്യാറായിരിക്കുന്നു. എത്രയോ കാലമായി നാം സ്വപ്നമായി കൊണ്ടുനടന്ന ഒരു പദ്ധതിയായിരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. നിലവിൽ അതിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. നേരത്തെ നിശ്ചയിച്ചതിലും 17 വർഷം മുൻപ് പദ്ധതി പൂർണ്ണ അവസ്ഥയിലേയ്ക്കെത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കേരള മോഡൽ വികസനം എന്നത് കേവലമായ ഒരു ബദൽ രീതി മാത്രമല്ല. ഇതൊരു അതിജീവനത്തിന്റെ മാതൃക കൂടിയാണ്. അതിനെ തകർക്കാൻ നൂണകളുടെ ചീട്ടുകൊട്ടാരം പണിതാൽ അത് നിലനിൽക്കുമെന്ന് തെറ്റിദ്ധരിക്കരുത്. ഈ നാട് മുന്നോട്ടുതന്നെ പോകും. വികസനത്തിന്റെ പാതയിൽ ഒരടിപോലും പിന്നോട്ടുവയ്ക്കില്ല. ഈ നാടിനെ തകർക്കാനായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നവർ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലാണ് സ്ഥാനം പിടിക്കുന്നത്. കേരളവും മറ്റ് സംസ്ഥാനങ്ങളും തമ്മിൽ വലിയ വ്യത്യാസങ്ങൾ കാണാൻ കഴിയും. ആ വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിലെ ചില

തൊഴിലാളികൾ അവരുടെ നാടിന്റെ അനുഭവങ്ങൾ നാട്ടിൽവന്ന് പറയുന്നതിൽനിന്ന് നമുക്കത് മനസ്സിലാക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും കോൺഗ്രസിന്റെ പ്രധാനപ്പെട്ട നേതാക്കൾക്കും അത്തരം ഒരനുഭവം ഉണ്ടായിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. രാഹുൽ ഗാന്ധി കൊച്ചിയിൽ വന്ന് ഒരു യോഗം നടത്തിയപ്പോൾ അവിടെ ഏതോ ഒരാൾ ഒരു ചോദ്യം ചോദിച്ചുവെന്ന് പറയുന്നത് കേട്ടു. അദ്ദേഹത്തിന്റെ നാട്ടിൽ ഇതുപോലെയുള്ള വികസനം ഇല്ലാത്തതിനെപ്പറ്റിയാണ് ചോദിച്ചത്. ഇത് നടന്ന കാര്യമാണ്. നമ്മുടെ നാട്ടിൽ വരുന്നവർ കേരളത്തെയും കേരളത്തിന്റെ വികസനത്തെയും ആശ്ചര്യത്തോടെയാണ് കാണുന്നത്. അതിന്റെ ഭാഗമായി വന്ന നിഷ്കളങ്കമായ ഒരു ചോദ്യമാണത്. ഇതാണ് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം. രാഷ്ട്രീയ കാര്യങ്ങളിൽ വ്യക്തമായ നിലപാടോ സാമ്പത്തിക കാര്യങ്ങളിൽ ബദൽ നയങ്ങളോ ഇല്ലാത്തവരാണ് പ്രതിപക്ഷം. രാഷ്ട്രീയ കാര്യങ്ങളിൽ ധീരമായ നിലപാടെടുക്കാൻ കെൽപ്പില്ലാത്ത പ്രതിപക്ഷം ഇടതുപക്ഷത്തെ വിമർശിച്ച് നിലപാടുണ്ടെന്ന് വരുത്തിതീർക്കാനാണ് ശ്രമിക്കുന്നത്. ആശയമില്ലാതെയുള്ള പ്രവൃത്തി ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് യോജിച്ചതല്ല. ഫാസിസത്തെ പ്രതിരോധിക്കേണ്ടത് രാഷ്ട്രീയമായും ആശയപരവുമായാണ്. അത് നേരിയ തോതിലെങ്കിലും കോൺഗ്രസിന് ചെയ്യാൻ കഴിയുന്നുണ്ടോ; കോൺഗ്രസിന്റെ പുതിയ ബന്ധു ആരാണ്? ശ്രീ. പ്രവീൺ തൊഗാഡിയയെപ്പോലെയുള്ള യഥാർഥ ഹിന്ദുത്വ നേതാക്കളെ ബി.ജെ.പി. സർക്കാർ തഴഞ്ഞുവെന്ന് പരാതിപ്പെടുന്നയാളാണ് ശ്രീ. ഹാർദ്ദിക് പട്ടേൽ. ഒ.ബി.സി. സംവരണം തങ്ങൾക്കുകൂടി ബാധകമാക്കണമെന്ന് വാദിക്കുന്ന പട്ടീദാർ സമുദായ നേതാവ്.

ഇങ്ങനെയുള്ളവരുമായി സഖ്യം സ്ഥാപിക്കുന്നത് വർഗീയതയ്ക്കെതിരെയുള്ള ബദലായി മാറുമോ; ഇപ്പോഴത്തെ കോൺഗ്രസിന്റെ നേരത്തേയുള്ള അനുഭവമെടുത്താൽത്തന്നെ രാജ്യത്തെ ബി.ജെ.പി.-യുടെ റിക്രൂട്ടിങ് ഏജൻസിയായി മാറുകയല്ലേ; കോൺഗ്രസിൽനിന്ന് ബി.ജെ.പി.-യിലേക്ക് പോയ നേതാക്കന്മാരുടെ പട്ടികയെടുത്താൽ അതിൽ മുൻമുഖ്യമന്ത്രിമാർ, പി.സി.സി. അധ്യക്ഷന്മാർ എന്നിവരുണ്ടല്ലോ; ആ പേരുമായി നിങ്ങൾ താരതമ്യപ്പെടുത്തി നോക്കണം. എൻ. ഡി. തിവാരി, എസ്. എം. കൃഷ്ണ, ശ്രീ. ചൗധരി ബിജേന്ദ്ര സിങ്, ശ്രീ. റാവു ഇന്ദർജിത് സിങ്, ശ്രീമതി റീത്ത ബഹുഗുണ ജോഷി, ശ്രീ. ജഗദാംബിക പാൽ, ശ്രീ. വിജയ് ബഹുഗുണ, ശ്രീ. സത്പാൽ മഹാരാജ്, ശ്രീമതി നജ്മ ഹെപ്തുള്ള, ശ്രീ. ഹിമന്ത ബിശ്വ ശർമ്മ എന്നിങ്ങനെ എത്രപേരുകൾ എടുത്തുപറയാൻ സാധിക്കും. 2014-ൽ അരുണാചൽ പ്രദേശ്, 2017-ൽ മണിപ്പൂർ, 2017-ൽ ഗോവ, 2018-19-ൽ കർണാടക, 2020-ൽ മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസാണ് വിജയിച്ചത്. എന്നാൽ, അരുണാചൽ പ്രദേശ്, മണിപ്പൂർ, ഗോവ, കർണാടക, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അധികാരത്തിൽ വന്നത് ആരാണ്; ബി.ജെ.പി. എങ്ങനെയാണ് അത് സാധ്യമാക്കിയത്? വില്പനയ്ക്ക് വയ്ക്കപ്പെട്ട കോൺഗ്രസ് എം.എൽ.എ.-മാരെ കൂട്ടത്തോടെ വിലയ്ക്കുവാങ്ങുകയല്ലേ ചെയ്തത്? അങ്ങനെയാണല്ലോ അവർക്ക് അധികാരം ലഭിച്ചത്. കോൺഗ്രസ് നേരിടുന്ന ചോദ്യം ഞങ്ങളോട് എന്തിനാണ് നിങ്ങൾ വോട്ട് ചോദിച്ചതെന്നാണ്? 2014-ൽ അരുണാചൽ പ്രദേശിലെ കക്ഷിനില, ബി.ജെ.പി.-11, കോൺഗ്രസ്-42, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ (പി.പി.എ.) -5, സ്വതന്ത്രർ-2

എന്നിങ്ങനെയായിരുന്നു. രണ്ടുവർഷം കഴിഞ്ഞപ്പോൾ കക്ഷിനില, ബി.ജെ.പി.-48, കോൺഗ്രസ്-1, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ (പി.പി.എ.) -9, സ്വതന്ത്രർ-2. 42 സീറ്റുകളുണ്ടായിരുന്ന കോൺഗ്രസിന്റെ സീറ്റ് ഒന്നായി ചുരുങ്ങി. 2017-ൽ മണിപ്പൂരിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 60 സീറ്റിൽ 21 സീറ്റാണ് ബി.ജെ.പി.-ക്ക് ലഭിച്ചത്. കോൺഗ്രസിന് 28 സീറ്റുകൾ ലഭിച്ചു. ബി.ജെ.പി.-യെക്കാൾ ഏഴ് സീറ്റുകൾ കൂടുതൽ ലഭിച്ചു. പക്ഷെ, ബി.ജെ.പി.-യാണ് സർക്കാർ രൂപീകരിച്ചത്. അതെങ്ങനെയാണ്? 2017-ൽ ഗോവ നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 40 സീറ്റുകളിൽ 13 എണ്ണം ബി.ജെ.പി.-യും 17 എണ്ണം കോൺഗ്രസും നേടി. പക്ഷെ, പ്രതിപക്ഷത്ത് കോൺഗ്രസ് തന്നെയായിരുന്നു. 2018-ലെ കർണ്ണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 224 സീറ്റുകളിൽ ബി.ജെ.പി.-ക്ക് 104 സീറ്റുകൾ ലഭിച്ചു. അവർക്ക് ഭൂരിപക്ഷമില്ല. എന്നാൽ, 13 കോൺഗ്രസ് എം.എൽ.എ.മാർ ഉൾപ്പെടെ 17 എം.എൽ.എ.-മാരെ നിയമസഭയിൽനിന്ന് ബി.ജെ.പി. രാജിവയ്പിച്ചു. ഇതുവഴി സഭയിലെ അംഗബലം കുറച്ചു. അങ്ങനെ ബി.ജെ.പി.-ക്ക് ഭൂരിപക്ഷം ലഭിച്ചു. മധ്യപ്രദേശിലും കർണാടകയുടെ മാതൃക പിന്തുടർന്നു. ഒരു വിഭാഗം കോൺഗ്രസ് എം.എൽ.എ.-മാരെ ബി.ജെ.പി. ആകർഷിച്ചു. നിയമസഭയുടെ അംഗസംഖ്യ കുറച്ചു. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നു. കോൺഗ്രസ് നേതാവും മുൻ എം.പി.-യുമായ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ പിന്നീട് ബി.ജെ.പി.-യിൽ ചേർന്ന് രാജ്യസഭാംഗമായി. ഇപ്പോൾ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ കേന്ദ്രമന്ത്രിയാണ്. 2019-ൽ ഹരിയാനയിൽ ബി.ജെ.പി.-ക്ക് ഭൂരിപക്ഷമില്ലായിരുന്നു. അവർ അധികാരത്തിൽ വരുന്നത് തടയാൻ കോൺഗ്രസിന്

കഴിഞ്ഞില്ല. 2025-ൽ ബീഹാറിലും സമാനമായ സ്ഥിതിയാണുണ്ടായത്. അവിടെയൊക്കെ പോവുകയാണെങ്കിൽ ഇതെല്ലാം കാണാൻ കഴിയും. പക്ഷെ, അവിടെ പോകുന്നത് എന്തിനാണ്; ഇവിടത്തെ സ്ഥിതിയെടുത്താൽ മതിയാകുമല്ലോ; കർണാടക മോഡൽ ഓപ്പറേഷൻ താമര നടന്ന പഞ്ചായത്താണല്ലോ തൃശ്ശൂർ പുതുക്കാട് നിയോജകമണ്ഡലത്തിലെ മറ്റത്തൂർ. നമ്മളിതുവരെ കണ്ടിട്ടില്ലാത്ത കുതിരക്കച്ചവടവും കൂട്ടുകൂറുമാറ്റവും മറ്റത്തൂർ പഞ്ചായത്തിൽ സംഭവിച്ചല്ലോ; സ്വാഭാവികമായും എൽ.ഡി.എഫ്. പ്രതിനിധി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടേണ്ട മറ്റത്തൂരിൽ കോൺഗ്രസ് സ്ഥാനാർഥികളായി കൈപ്പത്തി ചിഹ്നത്തിൽ ജയിച്ച് വന്ന മുഴുവൻ അംഗങ്ങളും ജനവിധി അട്ടിമറിച്ചുകൊണ്ട് ബി.ജെ.പി.-ക്കൊപ്പം ചേർന്നു. ഇതുപോലുള്ള എന്തെല്ലാം കാര്യങ്ങളാണ് ഓരോ സ്ഥലത്തും നടക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രാജ്യവ്യാപകമായി നടക്കുന്ന കാര്യങ്ങളെപ്പറ്റി വളരെ വിശദമായി ഇവിടെ സൂചിപ്പിച്ചു. അങ്ങ് പതിനാറ് വർഷത്തോളം പാർട്ടി സെക്രട്ടറിയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. കേരളത്തിലെ സി.പി.ഐ.(എം).-ന്റെ ചോദ്യം ചെയ്യപ്പെടാത്ത നേതാവായിരിക്കുകയാണ്. അങ്ങ് നേതാവായിരുന്നപ്പോൾ പാർട്ടിയുടെ എം.എൽ.എ.-മാരായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനവും ശ്രീ. എസ്. രാജേന്ദ്രനും ബി.ജെ.പി.-യിൽ പോയത് അങ്ങ് അറിഞ്ഞില്ലേ? അങ്ങ് പോളിറ്റ് ബ്യൂറോ അംഗവും ദേശീയ നേതാവും ആയിരുന്ന പാർട്ടി ബംഗാളിലും ത്രിപുരയിലും ഭരണത്തിലുണ്ടായിരുന്നു. ആ രണ്ട് സംസ്ഥാനങ്ങളിലും ഭരണത്തിലുണ്ടായിരുന്ന പാർട്ടി

ഓഫീസുൾപ്പെടെ 90 ശതമാനം ആളുകളും ബി.ജെ.പി.-യിൽ ചേർന്നത് അങ്ങ് അറിഞ്ഞില്ലേ? അത് മാത്രം ഒഴിവാക്കരുത്. അതുംകൂടി ചേർക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ ഞങ്ങളുടെ പാർട്ടിക്കാരനായി അദ്ദേഹം ചിത്രീകരിക്കുകയാണ്. ശ്രീ. അൽഫോൺസ് കണ്ണന്താനം ഒരുഘട്ടത്തിൽ എൽ.ഡി.എഫ്.-ന്റെ സ്വാതന്ത്ര്യനായി മത്സരിച്ചുവെന്നുള്ളത് ശരിയാണ്. അത് വ്യക്തമാണ്. അന്നും അദ്ദേഹത്തിന് പാർട്ടിയുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഏതെങ്കിലും തരത്തിൽ പാർട്ടിക്കാരനുമായിരുന്നില്ല. അദ്ദേഹം ഇവിടെ വന്ന് സ്ഥാനാർഥിയായിയെന്നതാണ് വസ്തുത. അത് ഏതെങ്കിലും തരത്തിൽ ഞങ്ങളെ ബാധിക്കുന്ന ഒരു കാര്യമായി കാണേണ്ടതില്ല. ശ്രീ. എസ്. രാജേന്ദ്രൻ തെറ്റായ നിലപാടുകൾ സ്വീകരിച്ച് കുറേക്കാലമായി പാർട്ടിയിൽനിന്ന് അകന്ന് നിൽക്കുകയായിരുന്നു. അതിന്റെ ഭാഗമായി ചില മാറ്റങ്ങൾ അദ്ദേഹത്തിന് സംഭവിച്ചുവെന്നുള്ളത് ശരിയാണ്. അത് മൊത്തത്തിൽ സി.പി.ഐ.(എം)-നെ ബാധിക്കുന്ന കാര്യമല്ല. ഇവിടെ മറ്റുള്ളരിനെ പറ്റിയാണല്ലോ ഞാൻ പറഞ്ഞുവന്നത്. ....(ബഹളം)... അത് ഞാൻ പറയാം.

മി. സ്പീക്കർ: പറയാമെന്ന് പറഞ്ഞു.

ശ്രീ. പിണറായി വിജയൻ: സർ, ഇതുവരെ കണ്ടിട്ടില്ലാത്ത കുതിരക്കച്ചവടവും കൂട്ടക്കുറുമാറ്റവുമാണ് മറ്റുള്ളരുണ്ടായത്. ഇവിടെ കൈപ്പത്തി ചിഹ്നത്തിൽ ജയിച്ചുവന്ന മുഴുവൻ അംഗങ്ങളും ബി.ജെ.പി.-യോടൊപ്പം ചേരുന്ന സ്ഥിതിയാണുണ്ടായത്. എട്ട് കോൺഗ്രസ് അംഗങ്ങളാണ് ബി.ജെ.പി.-യോടൊപ്പം പോയത്. ബി.ജെ.പി. പിന്തുണയിൽ വൈസ്

പ്രസിഡന്റായി ജയിച്ചത് കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച കോൺഗ്രസ് സ്ഥാനാർഥിയാണ്. "കോൺഗ്രസുകാർ ഞങ്ങളോട് സഹായം ചോദിച്ചപ്പോൾ ഞങ്ങളത് ചെയ്തുകൊടുത്തു. കിട്ടിയ ഗോളവസരം ഞങ്ങൾ കൃത്യമായി ഉപയോഗിച്ചു." എന്നായിരുന്നു ഇതുസംബന്ധിച്ച് ബി.ജെ.പി. ജില്ലാ അധ്യക്ഷന്റെ പരസ്യപ്രതികരണം. വർഗീയത വളർത്തുന്നതിൽ കോൺഗ്രസിന്റെ പങ്ക് എന്താണെന്ന് ഞങ്ങൾ പറയേണ്ടതുണ്ടോ; ഗാന്ധിജിയുടെ വധത്തെ തുടർന്ന് പൊതുസമൂഹത്തിൽ മുഖം കാണിക്കാൻ കഴിയാത്തവിധം മാളത്തിൽ ഒളിച്ചതായിരുന്നു ഹിന്ദു വർഗീയത. അന്ന് പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്തത് കോൺഗ്രസാണ്. അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ രണ്ട് അംഗങ്ങളായി ലോകസഭയിലെ ഹാളിൽ ഇരുന്ന പാർട്ടിയാണ് ബി.ജെ.പി. അതിനെ ഇന്ത്യയുടെ ഭരണം പിടിക്കാൻ പോന്ന ശക്തിയായി വളർത്തിയത് കോൺഗ്രസാണ്. ...(ബഹളം)... ഫൈസാബാദിലെ ഉപതിരഞ്ഞെടുപ്പായിരുന്നു തുടക്കം. ഹിന്ദു വർഗീയതയെ തങ്ങളുടെ രാഷ്ട്രീയ വളർച്ചയ്ക്കായി കോൺഗ്രസ് ഉപയോഗിച്ചുതുടങ്ങിയത് മുതൽ കോൺഗ്രസ്സിന്റെ പതനം ആരംഭിച്ചു. 1950-കളിൽ കോൺഗ്രസിൽനിന്ന് രാജിവച്ച് കോൺഗ്രസിനെതിരെ അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദ് മണ്ഡലത്തിൽ ആചാര്യ നരേന്ദ്രദേവ് മത്സരിച്ചപ്പോൾ അന്ന് പരാജയ ഭീതിപൂണ്ട കോൺഗ്രസ് ഒരു ഹിന്ദു സന്യാസിയെ എതിർ സ്ഥാനാർഥിയാക്കി. എന്നിട്ട് ബാബറി മസ്ജിദിൽ വിഗ്രഹം കണ്ടുകിട്ടിയെന്ന പ്രചാരണം ആരംഭിച്ചു. അതോടെയാണ് ആധുനിക ഇന്ത്യയിൽ വലിയ വർഗീയ ധ്രുവീകരണമുണ്ടായത്. നരേന്ദ്രദേവിനെ തോൽപ്പിക്കാനായി ഹിന്ദു വർഗീയതയുടെ

കാർഡ് സമർഥമായി ഉപയോഗിക്കുകയായിരുന്നു അന്ന് കോൺഗ്രസ്. ആചാര്യ നരേന്ദ്രദേവിനെ പരാജയപ്പെടുത്താൻ കോൺഗ്രസ്സിനെ കൈയയച്ച് സഹായിച്ചത് ഹിന്ദു വർഗീയ വാദികളുമായിരുന്നു. പിന്നീട് ഇങ്ങോട്ടും ആ വഴിയിലൂടെയാണ് കോൺഗ്രസ് സഞ്ചരിച്ചത്. പൂട്ടികിടന്ന ബാബറി മസ്ജിദ് സംഘ്പരിവാറിനായി തുറന്നുകൊടുത്തത് കോൺഗ്രസാണ്. ജാമിയ മില്ലിയയെപ്പറ്റി പറഞ്ഞല്ലോ; പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അതിന് കാവൽനിന്ന കാര്യം പറയുന്നത് നല്ല ആവേശത്തിൽ പറയുന്നതായി കേട്ടു. അതൊരു കാലം. ബാബറി മസ്ജിദ് തകർക്കുന്ന കാലത്ത് പി.വി. നരസിംഹറാവു ആയിരുന്നു അന്നത്തെ പ്രധാനമന്ത്രി. ബാബറി മസ്ജിദ് തകർക്കാതിരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവുവിന് രാജ്യമാകെ ബ്ലാങ്ക് ചെക്ക് കൊടുക്കുകയാണുണ്ടായത്. രാജ്യമൊന്നാകെ കൊടുത്ത പിന്തുണയായിരുന്നു അത്. അതിനെതിരെ ചെറുവിരൽ അനക്കിയോ; സംഘപരിവാറുകാരാണ് ബാബറി മസ്ജിദ് തകർത്തതെന്നത് ശരിയാണ്. പക്ഷെ, അത് തകർക്കുന്നതിനുള്ള എല്ലാ അവസരങ്ങളൊരുക്കിയതും അതിനാവശ്യമായ വഴികളൊരുക്കി കൊടുത്തതും അവർക്ക് തടസ്സങ്ങളില്ലാതെ തകർക്കാൻ സൗകര്യങ്ങളൊരുക്കിയതും പി. വി. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരല്ലേ; അതല്ലേ നമ്മുടെ രാജ്യത്തിന്റെ അനുഭവം. ഇവിടെ ഒരു ഘട്ടത്തിൽ കോൺഗ്രസിന്റെ മുഖ്യമുദ്രാവാക്യം അയോധ്യയുമായി ബന്ധപ്പെട്ടായിരുന്നല്ലോ. ഗുജറാത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പോയപ്പോൾ അവിടെ കോൺഗ്രസ് നേതാക്കൾ സ്വീകരിച്ച രീതികൾ എന്തായിരുന്നു? ഇതൊക്കെ ഒരു മൃദുഹിന്ദുത്വ

നിലപാടുകൾക്ക് അനുകൂലമായിട്ടുള്ളതായിരുന്നില്ലേ? മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഗുജറാത്ത് തുടങ്ങിയ പല സംസ്ഥാനങ്ങളിലും കോൺഗ്രസ് സ്വീകരിച്ചുവന്ന നയം എന്താണെന്ന് നിങ്ങൾക്ക് തന്നെ അറിയാവുന്നതാണല്ലോ. മധ്യപ്രദേശിൽ അധികാരത്തിൽ വന്നപ്പോൾ ബി.ജെ.പിക്ക് ബദലാണ് തങ്ങളെന്ന് അവകാശപ്പെട്ടിരുന്ന കോൺഗ്രസ്. അവിടെ ഗോഹത്യയുടെ പേരിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ദേശീയ സുരക്ഷാനിയമപ്രകാരം കേസെടുത്തു. അക്കാലത്ത് കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും നിയമസഭാ സാമാജികർ ഒന്നിച്ച് നിന്നാണ് പശുവിനെ രാഷ്ട്രമാതാവായി പ്രഖ്യാപിക്കുന്ന പ്രമേയം പാസ്സാക്കിയത്. ഇതേ കോൺഗ്രസാണ് രാമക്ഷേത്രം പണിയണമെങ്കിൽ തങ്ങൾ അധികാരത്തിൽ വരണമെന്നും പറഞ്ഞുകൊണ്ടിരുന്നത്. അപ്പോൾ നേരത്തെ കോൺഗ്രസ് സ്വീകരിച്ചതും ഇപ്പോഴും ഉപേക്ഷിക്കാൻ തയ്യാറായിട്ടില്ലാത്തതുമായ മൃദുവർഗീയ നിലപാടുകളുണ്ട്. അതിന്റെ ഭാഗമായുള്ള ഒട്ടേറെ കാര്യങ്ങൾ ഇപ്പോൾ കാണാനും കഴിയും. കോൺഗ്രസ് അധികാരത്തിലുള്ള അയൽ സംസ്ഥാനമായ കർണ്ണാടകയിലെ എലഹങ്കയിൽ വലിയതോതിൽ എതിർപ്പ് ഉയർത്തിയൊരു പ്രശ്നമാണ് നടന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അനധികൃത കൈയേറ്റം ഒഴിപ്പിച്ചതാണെന്നും കർണ്ണാടകയുടെ ആഭ്യന്തര കാര്യങ്ങളിൽ കേരള മുഖ്യമന്ത്രി ഇടപ്പെടേണ്ട എന്നൊക്ക അവിടുത്തെ ഉപമുഖ്യമന്ത്രി പറയുന്നതായി കേട്ടു. യോഗി ആദിത്യനാഥിന്റെ ഭാഷ ഇത്തരം ഘട്ടങ്ങളിൽ നാം കേട്ടിട്ടുണ്ട്. അതേ രീതിയിലുള്ള സംസാരമായിട്ടാണ് അത് കേട്ടപ്പോൾ തോന്നിയത്. ഇവിടെ നാം ഓർക്കേണ്ടത്, ശ്രീ. രാഹുൽ ഗാന്ധിയോട് പണ്ട് യോഗി ആദിത്യനാഥ് പറഞ്ഞതും ഇതേ

വർത്തമാനമായിരുന്നു. കാർണ്ണാടക ഉപമുഖ്യമന്ത്രിയുടെ പരാമർശത്തിന് ഞാൻ അപ്പോൾ മറുപടി പറയാൻ പോയില്ല. ഇരകൾക്ക് നീതി ലഭ്യമാക്കുന്നതാണ് മുഖ്യം. രാഷ്ട്രീയ സംവാദത്തിലേക്ക് പോയി വിഷയത്തെ കക്ഷി രാഷ്ട്രീയത്തിന്റെ കള്ളിയിലേക്ക് ഒതുക്കാനും ഫോക്കസ് മാറ്റാനും ആഗ്രഹിച്ചില്ല. ഒരു കാര്യം ഇവിടെ ശ്രദ്ധിക്കണം. കർണ്ണാടകയുടെ ആഭ്യന്തര കാര്യം, ഉത്തർപ്രദേശിന്റെ ആഭ്യന്തര കാര്യം എന്നൊന്നില്ല. ക്രൂഷണം അനുഭവിക്കുന്നവർ ആരായാലും അവർ ലോകത്തിന്റെ ഏത് കോണിലായാലും അവർക്കൊപ്പം നിൽക്കുകയെന്നത് ഞങ്ങളുടെ എന്നത്തേയും നിലപാടാണ്. പാലസ്തീനുവേണ്ടി ഞങ്ങൾ ശബ്ദമുയർത്തുന്നത് ആ നിലപാടിന്റെ ഭാഗമായാണ്. ക്യൂബയോട് ഐക്യപ്പെടുന്നതും ആ നിലപാട് ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായാണ്. സംഭവം നടന്ന് ഒമ്പത് ദിവസം കഴിഞ്ഞിട്ടും കർണ്ണാടകയിലേക്ക് തിരിഞ്ഞുനോക്കുന്ന അനുഭവം ഉണ്ടായില്ല. എന്നാൽ കേരളത്തിൽനിന്നും പ്രതിഷേധം ഉയർന്നപ്പോൾ ദേശീയ മാധ്യമങ്ങൾക്ക് വിഷയം ഏറ്റെടുക്കേണ്ടി വന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരുകാര്യം, കർണ്ണാടകയിലെ പ്രതിപക്ഷം ബി.ജെ.പി. ആണല്ലോ. ഈ വിഷയത്തിൽ അവർ കോൺഗ്രസ്സിനൊപ്പമായിരുന്നു. യഥാർഥത്തിൽ ബാംഗ്ലൂർ നഗരത്തിലെ റിയൽ എസ്റ്റേറ്റ് താൽപര്യങ്ങളാണ് ഇക്കാര്യത്തിൽ ഈ രണ്ടു കൂട്ടരെയും ഒരുമിപ്പിച്ചത്. ഇന്ന് വർഗീയത നേരിടുന്നത് ആരാണ്? രാജ്യത്താകെ പരിശോധിച്ചാൽ കോൺഗ്രസാണെന്ന് പറയാൻ കഴിയും. കഴിഞ്ഞ ദിവസം ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്നല്ലോ. ബീഹാറിൽ മതേതര ഇടതു പാർട്ടികൾ ഒരുമിച്ചാണ് മത്സരിച്ചത്. അവിടെ ശ്രീ. രാഹുൽ ഗാന്ധിയുടെ സാന്നിധ്യം വേണ്ടത്രയുണ്ടായോ; എന്തേ

അങ്ങനെ സംഭവിച്ചത്? അവിടെ ആറ് കോൺഗ്രസുകാർ തിരഞ്ഞെടുപ്പിൽ ജയിച്ചത് ഇടതുപക്ഷത്തിന്റെ കൂടി വോട്ടോടെയാണ്. പിന്നീട് എന്തു സംഭവിച്ചു; ആ ആറുപേരും ബി.ജെ.പി.-ൽ ചേർന്നു. അവർ ഇപ്പോൾ എൻ.ഡി.എ. പക്ഷത്താണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് തികച്ചും വസ്തുതാവിരുദ്ധമാണ്. കഴിഞ്ഞ ദിവസം ഡൽഹിയിൽ കോൺഗ്രസ് പ്രസിഡന്റും ശ്രീ. രാഹുൽ ഗാന്ധിയും പങ്കെടുത്ത യോഗത്തിൽ വച്ച് ഞാൻ ഈ ആറുപേരെയും കണ്ടിരുന്നതാണ്. മാധ്യമങ്ങളിൽ പറയുന്ന കളളവാർത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലുളള ഒരാൾക്ക് ആര് എഴുതിക്കൊടുത്താലും അതവർ ശ്രദ്ധിക്കേണ്ടതായിരുന്നു. മട്ടന്നൂർ വിഷയത്തിലും അതുതന്നെയാണ് പറയാനുളളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേക്ക് ഞാൻ പറയുകയാണ് ഈ ആറുപേരും കോൺഗ്രസ്സിൽ തന്നെയുണ്ട്. അവർ ഒരിടത്തും പോയിട്ടില്ല. ഇത് ബി.ജെ.പി.-യുടെ പ്രചാരണമാണെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യം എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്ത കാര്യമാണ്. അങ്ങ് പറഞ്ഞത് ഞാൻ പരിശോധിക്കാം. പക്ഷെ മറ്റുത്തുരിന്റെ വിഷയം നാടാകെ അംഗീകരിച്ച കാര്യമാണ്. അത് നിങ്ങൾ നിഷേധിച്ചതുകൊണ്ടുമാത്രം ഇല്ലാതാവുകയില്ല. ഇവിടെ പൊതുവിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതൊരു മുദ്രാവാക്യമാണ്. 'മതമാണ്.... മതമാണ്..... മതമാണ് പ്രശ്നം'. കേരളത്തിലുയരുന്ന ഒരു മുദ്രാവാക്യമാണിത്. ഇത്തരമൊരു മുദ്രാവാക്യം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രമുഖരായ നേതാക്കളാരും മുമ്പൊരിക്കലും ഉയർത്തിയതായി കേട്ടിട്ടില്ല. അങ്ങനെയൊരു

മുദ്രാവാക്യം ബാഫഖി തങ്ങളോ, സീതി സാഹിബോ, സി.എച്ച്. മുഹമ്മദ് കോയയോ ഒന്നും ഉയർത്തിയ അനുഭവമില്ല. ഇപ്പോൾ എന്താണ് ഇത്തരമൊരു മുദ്രാവാക്യം വിളിക്കുകയും പ്രധാന നേതൃനിരയിലുള്ള ചില ആളുകൾ അത്തരം കാര്യങ്ങൾ പറയുകയും ചെയ്യുന്നത്? 'മതമാണ്... മതമാണ്... മതമാണ് പ്രശ്നം' എന്ന് ലീഗിന്റെ നേതൃനിരയിൽതന്നെയുള്ള ഒരാൾ പറയുന്നതായാണ് കേൾക്കുന്നത്. പ്രതികരണം നല്ലതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് മിസ് ക്വാട്ട് ചെയ്യപ്പെട്ടതാണ്. അതായത് ആ പ്രസംഗത്തിൽ നിരീശ്വരവാദമല്ല, മതവിശ്വാസമാണ് പ്രധാനം എന്ന് സമർഥിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ....(ബഹളം)... പ്രസംഗത്തിന്റെ സന്ദർഭം മനസ്സിലാക്കണം. ഈശ്വര വിശ്വാസം പ്രധാനമാണെന്ന് പറഞ്ഞതാണ്. ജാതി എന്നുള്ള അർത്ഥത്തിലോ വർഗ്ഗീയത എന്നുള്ള അടിസ്ഥാനത്തിലോ അല്ല അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഫുൾ ടെക്സ്റ്റ് വായിച്ചു നോക്കുമ്പോൾ മാത്രമേ അത് മനസ്സിലാകുകയുള്ളൂ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഒന്ന് ഇടപെടുകയാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇപ്പോൾ പറഞ്ഞത് വസ്തുതയല്ല. അതിന്റെ വീഡിയോ ഇന്ന് സാമൂഹിക മാധ്യമങ്ങളിൽ ലഭ്യമാണ്. ....(ബഹളം)... മുഴുവൻ കേൾക്കൂ..... അതുമാത്രമല്ല പറഞ്ഞത്. അധികാരം തിരിച്ചുപിടിക്കേണ്ടത് എന്തിനുവേണ്ടിയാണ് എന്നുകൂടി പറഞ്ഞിട്ടുണ്ട്. ... (ബഹളം)... നിങ്ങൾ തെറ്റിദ്ധരിപ്പിക്കേണ്ട; എന്റെ കൈവശം അതിന്റെ വീഡിയോയുണ്ട്. എന്തിനുവേണ്ടിയാണെന്നും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇന്ന്

സമൂഹത്തിൽ ലക്ഷക്കണക്കിനാളുകൾ കണ്ടുകഴിഞ്ഞ ഒരു വീഡിയോയാണ്. നിങ്ങൾ അസംബ്ലിയിൽ നിഷേധിച്ചതുകൊണ്ട് അത് യാഥാർഥ്യമല്ലാതാകുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെക്കുറിച്ചാണ് പറയുന്നതെങ്കിൽ, ന്യൂനപക്ഷ വർഗീയതയോട് ഏതെങ്കിലും ഘട്ടത്തിൽ കോംപ്രൈമെസ് ചെയ്ത ഒരു ചരിത്രംതന്നെ ഈ സംഘടനയ്ക്കില്ല. അല്പാല്പമായി രാഷ്ട്രീയ കാരണങ്ങളാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഞങ്ങളെ എതിർക്കാൻ വേണ്ടി, ഞങ്ങൾക്ക് പകരം വന്ന അല്പ തീവ്രസ്വഭാവമുള്ള സംഘടനകളെ പ്രോത്സാഹിപ്പിച്ചപ്പോൾപോലും ഞങ്ങൾ അതിശക്തിയായി എതിർത്തിട്ടുണ്ട്. അത് തുടരുകയും ചെയ്യും. ഞങ്ങളെ അക്കാര്യത്തിന് നോക്കേണ്ട. ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും..... യെസ്... യെസ്....

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യം മുഖവിലയ്ക്കെടുക്കാം. പക്ഷെ നാട് അംഗീകരിക്കുന്ന യാഥാർഥ്യം അതല്ലെന്നുള്ളത് നിങ്ങളും ഉൾക്കൊള്ളുന്നത് നല്ലതാണ്. കാരണം ഇതൊക്കെ തെളിവുകളായി ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം അതേ രൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. അത് ഈ പറഞ്ഞ തരത്തിലാണ്. അതിനോടൊപ്പം ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി രേഖപ്പെടുത്തിയ ഭാഗങ്ങളും കൂടി കൂട്ടിച്ചേർക്കാവുന്നതാണ്. നിങ്ങൾക്ക് അല്പം വിഷമമുണ്ടാക്കുന്ന കാര്യമാണത്. നിങ്ങളിൽ പലരും ആ തരത്തിൽ സംസാരിക്കുന്നവരല്ലെന്ന് എനിക്ക് നന്നായി അറിയാം. പക്ഷെ,

ഇത്തരത്തിൽ സംസാരിക്കുന്നവരും ഇപ്പോൾ നിങ്ങളുടെ കൂട്ടത്തിലുണ്ടായിരിക്കുന്നു. അത് എവിടേയ്ക്കാണ് പോകുന്നത്? അതാണ് ശ്രദ്ധിക്കേണ്ടത്. ഇത്തരത്തിലുള്ള സ്വാധീനം എങ്ങനെ വന്നുവെന്ന് പരിശോധിക്കണം. ചില സ്വാധീനങ്ങൾ നിങ്ങളെ വല്ലാതെ വെട്ടിലാക്കുന്നുവെന്നത് ലീഗ് മനസ്സിലാക്കണം. അത്തരം സ്വാധീനങ്ങളെ തള്ളിപ്പറയാൻ കഴിഞ്ഞാൽ നല്ലതാണ്. ഇപ്പോൾ നിങ്ങൾ തള്ളി പറഞ്ഞു. നല്ല കാര്യമാണത്. ഇനിയും ആ നിലതന്നെ സ്വീകരിച്ചു പോകേണ്ടതായിട്ടുണ്ട്. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും ഒരു വർഗീയതയോടും വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്. പലപ്പോഴും ഞങ്ങൾ പറയുന്ന ഒരുകാര്യമാണ് കുറച്ച് വോട്ടിനും നാല് സീറ്റിനും വേണ്ടി ഈ വർഗീയ ശക്തികളെ പ്രീണിപ്പിക്കുകയെന്ന രാഷ്ട്രീയ ചെറ്റത്തരം കാണിക്കില്ലെന്ന്. അതു തന്നെയാണ് ഞങ്ങൾക്ക് വ്യക്തമാക്കാനുള്ളതും. ഇവിടെ വർഗീയതയ്ക്കെതിരെ മതേതരത്വം എന്നുപറഞ്ഞതുകൊണ്ടുമാത്രം ബദലാവില്ല എന്നത് നാം കാണണം. ആഗോളവൽക്കരണ നവഉദാരവൽക്കരണ നയങ്ങളുണ്ട്. ആ നയം ആരുടേതാണ്? ഇവിടെയാണ് കോൺഗ്രസ് ആലോചിക്കേണ്ടത്. ആഗോളവൽക്കരണ നയവും നവഉദാരവൽക്കരണ നയവുമൊക്കെ ഒരു ഘട്ടത്തിൽ അംഗീകരിച്ചിരുന്നത് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാ ഗവൺമെന്റാണ്. അന്ന് അതിന് അതിന്റേതായ ന്യായങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാകും. ഇപ്പോൾ രാജ്യത്തിന്റെ അനുഭവം എന്താണ്; എത്രമാത്രം അപകടകരമായിട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്? അത്തരം അപകടകരമായ രീതിയിൽ കാര്യങ്ങൾ നീങ്ങുമ്പോൾ അതിലൊരു പുനർചിന്തനം നടത്താനോ, അത് ശരിയല്ലായെന്ന് പറയാനോ, അതിനെ തള്ളിപ്പറയാനോ

നിങ്ങൾ തയ്യാറാകുന്നുണ്ടോ? തള്ളിപ്പറയാത്ത കാലത്തോളം നിങ്ങൾക്കും ബി.ജെ.പി.-ക്കും ഒരേ സാമ്പത്തികനയം എന്ന നിലയാണ് വരുന്നത്. ഒരേ സാമ്പത്തിക നയമുള്ള നിങ്ങൾ എങ്ങനെയാണ് ബി.ജെ.പി.-യുടെ ഒരു ബദൽ ശക്തിയായി മാറുന്നത്. നേരത്തെ ഇവിടെ പറഞ്ഞ ഡങ്കൽ ഡ്രാഫ്റ്റ്, ഗാട്ട് കരാർ, ലോക വ്യാപാര സംഘടനയുമായുള്ള കരാറുകൾ ഇങ്ങനെ രാജ്യത്തിന്റെ പരമോന്നത അധികാരമില്ലാതാക്കുന്ന നടപടികളൊക്കെ കോൺഗ്രസ് സർക്കാരുകളുടെ സംഭാവനയായിട്ട് ഒരുകാലത്തുണ്ടായിട്ടുണ്ട്. ഇന്നത്തെ കാലത്ത് അത് പുനർചിന്തനം നടത്തുകയും അത് തെറ്റായിപ്പോയെന്ന് സമ്മതിക്കുകയും ചെയ്യണ്ടേ? ആ നയത്തിനെതിരെ വരണ്ടേ? കർഷകരുടെയും തൊഴിലാളികളുടെയും ചെറുകിട കച്ചവടക്കാരുടെയും നടുവൊടിക്കുന്ന സാമ്പത്തിക നയങ്ങളാണല്ലോ നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി നടപ്പാക്കുന്നത്. ആ നയം ബി.ജെ.പി. ഇപ്പോൾ കൂടുതൽ ശക്തമായി നടപ്പാക്കുകയാണ് ചെയ്യുന്നത്. അതിന്റെ തുടക്കക്കാർ നിങ്ങളാകുന്നു. നിങ്ങളും ആ നയത്തിൽ അതിനോടൊപ്പം നിൽക്കുന്നു. നിങ്ങൾക്കെങ്ങനെ ബി.ജെ.പി.-യുടെ ബദൽ ശക്തിയാകാൻ കഴിയും? സാമ്പത്തിക നയത്തിന്റെ കാര്യത്തിലായാലും രാഷ്ട്രീയ നയത്തിന്റെ കാര്യത്തിലായാലും വർഗീയതയുടെ കാര്യത്തിലായാലും വളരെ ശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ആശങ്കയുമില്ല. ബഹുമാന്യനായ രമേശ് ചെന്നിത്തല നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു ശതക്കണക്ക് പറയുന്നത് കേട്ടു, അതല്ല. അതുക്കുംമേലെയാണ് എൽ.ഡി.എഫ്. വരാൻ പോകുന്നത്. അത്തരമൊരു സാഹചര്യമാണ് കേരളത്തിൽ

ഇന്നുള്ളത്. ബാക്കി ജനങ്ങൾ തീരുമാനിക്കട്ടെ. ജനങ്ങളാണല്ലോ കാര്യങ്ങളെല്ലാം തീരുമാനിക്കേണ്ടത്. നമുക്ക് തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം കാണാമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇത്രയും പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ശ്രീ. ടി. പി. രാമകൃഷ്ണൻ 2026 ജനുവരി 22-ാം തീയതി സഭയിൽ അവതരിപ്പിച്ച "2026 ജനുവരി 20-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപത്തിന് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ ആരും പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ഡോ. എൻ. ജയരാജ്
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

21. ശ്രീ. ലിന്റോ ജോസഫ്

22. ശ്രീ. ടി. ഐ. മധുസൂദനൻ

23. ശ്രീ. പി. മമ്മിക്കുട്ടി

24. ശ്രീ. എം. എം. മണി

25. ശ്രീ. മാത്യു ടി. തോമസ്

26. ശ്രീ. കെ. ജെ. മാക്സി

27. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

28. ശ്രീ. കെ. പി. മോഹനൻ

29. ശ്രീ. എ. സി. മൊയ്തീൻ

30. ശ്രീ. മുഹമ്മദ് മുഹസിൻ

31. ശ്രീ. എം. മുകേഷ്

32. ശ്രീ. മുരളി പെരുനെല്ലി

33. ശ്രീ. പി. നന്ദകുമാർ

34. ശ്രീ. എം. നൗഷാദ്

35. ശ്രീ. എ. പ്രഭാകരൻ

36. ശ്രീ. യു. ആർ. പ്രദീപ്

37. ശ്രീ. പ്രമോദ് നാരായൺ

38. ശ്രീ. കെ. ഡി. പ്രസേനൻ

39. ശ്രീ. കെ. പ്രേംകുമാർ

40. ശ്രീ. പി. ടി. എ. റഹീം

41. ശ്രീ. എ. രാജ

42. ശ്രീ. എം. രാജഗോപാലൻ

43. ശ്രീ. കെ. രാജൻ

44. ശ്രീ. പി. രാജീവ്

45. ശ്രീ. എം. ബി. രാജേഷ്

46. ശ്രീ. കെ. കെ. രാമചന്ദ്രൻ

47. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

48. ശ്രീ. റോഷി അഗസ്റ്റിൻ

49. ശ്രീമതി ശാന്തകുമാരി കെ.

50. ശ്രീ. എ. കെ. ശശീന്ദ്രൻ

51. ശ്രീ. വി. ശശി

52. ശ്രീ. ഐ. ബി. സതീഷ്

53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

54. ഡോ. സുജിത് വിജയൻപിള്ള

55. ശ്രീ. കെ. വി. സുമേഷ്

56. ശ്രീ. പി. പി. സുമോദ്

57. ശ്രീ. പി. എസ്. സുപാൽ

58. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

59. ശ്രീ. തോമസ് കെ. തോമസ്

60. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

61. ശ്രീ. വി. എൻ. വാസവൻ

62. ശ്രീമതി വീണാ ജോർജ്ജ്

63. ശ്രീ. ഇ. കെ. വിജയൻ

64. ശ്രീ. പിണറായി വിജയൻ

65. ശ്രീ. എം. വിജിൻ

66. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. ആര്യാടൻ ഷൗക്കത്ത്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
6. ശ്രീ. പി. കെ. ബഷീർ
7. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
10. ശ്രീ. യു. എ. ലത്തീഫ്
11. ശ്രീ. കെ. പി. എ. മജീദ്
12. ഡോ. മാത്യു കുഴൽനാടൻ
13. ശ്രീ. കുറുക്കോളി മൊയ്തീൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീമതി കെ. കെ. രമ
18. ശ്രീ. റോജി എം. ജോൺ
19. ശ്രീ. സജീവ് ജോസഫ്
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. സനീഷ്കുമാർ ജോസഫ്
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. ടി. സിദ്ദിഖ്

24. ശ്രീ. പി. ഉബൈദുള്ള

25. ശ്രീമതി ഉമ തോമസ്

26. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു,

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും ജനുവരി 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജനുവരി മാസം 29-ാം തീയതി വ്യഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.35-ന് പിരിഞ്ഞു.)

******

അനുബന്ധം I

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ വകുപ്പിന്റെ 'വിഷൻ 2031' പദ്ധതി

5(*35) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മുൻനിര വ്യവസായ നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് 'വിഷൻ 2031' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

മുൻനിര വ്യവസായ ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിനുള്ള പദ്ധതികളാണ് വിഷൻ 2031-ലൂടെ രൂപം കൊടുത്തിരിക്കുന്നത്. നവീന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെമികണ്ടക്ടർ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ വിഷൻ 2031 പ്രധാന്യം നൽകുന്നു. ഇൻകുബേഷൻ ഹബ്ബുകൾ, ഇന്നവേഷൻ ഹബ്ബുകൾ, വ്യവസായ ഇടനാഴികൾ എന്നിവയിലധിഷ്ഠിതമായ സുസ്ഥിര വികസനം, നിക്ഷേപം

വർധിപ്പിക്കൽ, തൊഴിലവസരങ്ങൾ വർധിപ്പിക്കൽ തുടങ്ങിയവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) ഭാവിയിലെ വ്യവസായിക ആവശ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നൈപുണ്യവികസന-സംരംഭക സർവകലാശാല സ്ഥാപിക്കാൻ 'വിഷൻ 2031' വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

നൈപുണ്യ വികസനം, ഗവേഷണം, സംരംഭകത്വം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള ഒരു പൊതു-സ്വകാര്യ പങ്കാളിത്ത സർവകലാശാല "വിഷൻ 2031"-ൽ വിഭാവനം ചെയ്തിട്ടുണ്ട്. വ്യാവസായികാവശ്യങ്ങൾക്കനുസരിച്ചുള്ള കഴിവുകൾ യുവതയിൽ വളർത്തിയെടുക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വ്യവസായ സംയോജിത വിദ്യാഭ്യാസം, ഇൻകുബേഷൻ, വിജ്ഞാന വ്യാപനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മാതൃകയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്.

സർവകലാശാലകളുടെ നവീകരണ പ്രക്രിയയുടെ ഭാഗമായി കേരളത്തിലെ തിരഞ്ഞെടുത്ത സർവകലാശാലകളെ 2031 ആകുമ്പോഴേക്കും സംരംഭക സർവകലാശാലകളാക്കി പുനഃക്രമീകരിക്കുന്നതിനും ഇത്തരം സർവകലാശാലകളെ പരമ്പരാഗത അക്കാദമിക് ഘടനയിൽനിന്നും മാറ്റി സംരംഭകത്വം, ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights), പങ്കാളിത്തം എന്നിവയ്ക്ക് പ്രധാന്യം നൽകിയുള്ള പാഠ്യ

പദ്ധതിയിലൂടെയും ഇന്റർ ഡിസിപ്ലിനറി ഗവേഷണ പ്രവർത്തനങ്ങളിലൂടെയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഉന്നത സാങ്കേതിക ശേഷിയുള്ള വ്യവസായ കേന്ദ്രങ്ങളുടെ ആഗോള ലക്ഷ്യസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനായി ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ 'വിഷൻ 2031' പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

2030-ഓടെ കേരളത്തെ ലോകോത്തര നിലവാരമുള്ള ഒരു 'സ്പെഷ്യലൈസ്ഡ് ജി.സി.സി ഡെസ്റ്റിനേഷൻ' (Specialized GCC Destination) ആയി ഉയർത്താനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ എണ്ണം 40-ൽനിന്ന് 2030 അവസാനത്തോടെ 120 ആയി ഉയർത്താൻ ലക്ഷ്യമിടുന്നു. ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ നിർമ്മിത ബുദ്ധി (AI), സൈബർ സുരക്ഷ, ഹെൽത്ത്-ടെക്, ബി.എഫ്.എസ്.ഐ. (BFSI), സാസ് (SaaS) തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ള കേന്ദ്രമായി കേരളത്തെ മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾക്കായി പ്രത്യേകമായി സജ്ജീകരിച്ച 5 ക്യാമ്പസുകളും എ.ഐ., സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ അധിഷ്ഠിതമായ 3 പ്രത്യേക സെന്റർ ഓഫ് എക്സലൻസുകളും (CoEs) 2030-ഓടെ സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലെ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്.

(ഡി) വ്യവസായ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ തുടങ്ങിയവ 'വിഷൻ 2031'-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ ടൗൺഷിപ്പുകൾ, സ്മാർട്ട് വ്യവസായ പാർക്കുകൾ, വ്യവസായ ഹബ്ബുകൾ എന്നിവയിലൂടെ വ്യവസായമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ഗ്രീൻ ഹൈഡ്രജൻ, ഗ്രാഫീൻ, റോബോട്ടിക്സ്, ഇലക്ട്രിക് വാഹനങ്ങൾ, സെമികണ്ടക്ടർ, ഇലക്ട്രോണിക്സ്, ബയോടെക്, ഡിഫൻസ്-എയറോസ്പെയ്സ് തുടങ്ങിയ നൂതന വ്യവസായ മേഖലയ്ക്കും വിഷൻ 2031 ഊന്നൽ നൽകുന്നു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ

6(*36) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നിക്ഷേപതാൽപര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ ദേശീയ ശരാശരി എത്രയാണ്; ഇത് മറികടക്കാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിക്ഷേപ താൽപര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ ദേശീയ ശരാശരി സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. വിവിധ സംസ്ഥാനങ്ങൾ നടത്തുന്ന ആഗോള നിക്ഷേപ സംഗമങ്ങളിൽ പ്രഖ്യാപിക്കപ്പെടുന്ന നിക്ഷേപ താൽപര്യപത്രങ്ങൾ സംബന്ധിച്ചും അവയുടെ കൃത്യമായ പരിവർത്തന ശരാശരി സംബന്ധിച്ചും സുതാര്യമായ വിവരങ്ങൾ ലഭ്യമല്ല. അതേസമയം, കേരള സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ൽ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപങ്ങളുടെ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവയിൽ 20-01-2026 വരെ 109 നിക്ഷേപ താൽപര്യപത്രങ്ങളിലെ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും അതുവഴി അവയെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മൊത്തം നിക്ഷേപ താൽപര്യപത്രങ്ങളുടെ 24.27 ശതമാനം, ഭൂമി സ്വന്തമായുള്ള പദ്ധതികൾ മാത്രം പരിഗണിക്കുമ്പോൾ 38.24 ശതമാനം പരിവർത്തന നിരക്കാണ് ഇതിലൂടെ സംസ്ഥാനം നിലവിൽ കൈവരിച്ചിരിക്കുന്നത്. സർക്കാർ നടപ്പാക്കിയ സമയോചിതവും ഏകോപിതവുമായ ഇടപെടലുകൾ ഫലപ്രാപ്തിയുള്ളതായി തീർന്നതുവഴിയാണ് പ്രസ്തുത സംഗമം നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പായി ഇത്രയധികം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചത്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് മാനദണ്ഡങ്ങൾ പ്രായോഗികമായി നടപ്പാക്കുന്ന ഒരു വിശ്വസനീയ ലക്ഷ്യസ്ഥാനമെന്ന

നിലയിൽ കേരളത്തിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ലൂടെ സർക്കാർ കൈവരിച്ച വിജയം സഹായകരമാകുന്നതാണ്.

(ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളിലൂടെ സാധ്യമായിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നിക്ഷേപ താൽപര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതും കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതും ലക്ഷ്യമിട്ട് നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടാനും സാധിച്ചൊരു വേദിയായിരുന്നു. സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിന് സർക്കാർ നടത്തിയ നിരവധി ഇടപെടലുകളുടെ ആകെ തുകയായി പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ടൂറിസം, ഭക്ഷ്യ

സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയൂർവേദ & വെൽനെസ്സ് തുടങ്ങി സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ് നിക്ഷേപ താൽപര്യപത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്.

ഇവ സമയബന്ധിതമായി യഥാർഥ നിക്ഷേപങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടേറ്റ്, കിൻഫ്ര എന്നീ ഏജൻസികൾ കൃത്യമായ ഫോളോ-അപ് നടത്തിവരുന്നു.

നിലവിൽ 100 കോടി രൂപ വരെ മൂല്യമുള്ള നിക്ഷേപ താൽപര്യപത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടേറ്റിലൂടെ മോണിറ്റർ ചെയ്തുവരുന്നത്. 100 കോടിയും അതിനുമുകളിലും വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യും വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താൽപര്യപത്രങ്ങളിൽ നടത്തുന്ന ഫോളോ-അപ്പുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനായി സർക്കാർ ഒരു പ്രത്യേക ഓൺലൈൻ സംവിധാനത്തിന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, നിക്ഷേപ താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നത്തിനും സുഗമമായ പദ്ധതി നിർവഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി സർക്കാർ 30-04-2025-ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അധ്യക്ഷനായിട്ടുള്ളതും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സഹ അധ്യക്ഷനുമായ ഒരു ഉപദേശക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19-06-2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ പരിഷ്കരണങ്ങൾ ആവശ്യമായിരുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പഞ്ചായത്ത് ലൈസൻസിങ് ചട്ടങ്ങളിലും തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനകം തന്നെ ഭേദഗതികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകുന്നതിനായി 19-06-2025-ലെ (സ.ഉ.(സാധാ) നം.1508/2025/LSGD) ഉത്തരവിലൂടെ തദ്ദേശസ്വയംഭരണ വകുപ്പിൽ ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും 19-08-2025-ലെ (G.O. (Rt)No.1080/2025/ID) ഉത്തരവിലൂടെ

എല്ലാ ജില്ലാ കളക്ടേറ്റുകളിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 109 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപ സംഗമം വിജയകരമാക്കുന്നതിനായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയകരമാക്കുന്നതിനായി സർക്കാർ വിപുലമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള ദീർഘകാല രൂപരേഖ മുന്നോട്ടുവച്ച് ഫുഡ് പ്രോസ്സസിങ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളജി, ഹൈ-ടെക് ഫാർമിങ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, സ്റ്റാർട്ടപ്പ്, ഐ.ടി., മലബാർ കോൺക്ലേവ് തുടങ്ങി 40 സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ, അന്താരാഷ്ട്ര ജെൻ എ.ഐ. കോൺക്ലേവ് എന്നിവയും കൊച്ചിയിൽ വച്ച് വിജയകരമായി നടത്തി. ഇതിനൊപ്പം, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ മുന്നോടിയായി ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് തുടങ്ങിയ നഗരങ്ങളിൽ സർക്കാർ റോഡ്ഷോകളും നിക്ഷേപക മീറ്റിങ്ങുകളും സംഘടിപ്പിച്ചു. കൂടാതെ വേൾഡ് എക്കണോമിക് ഫോറം പോലുള്ള

പ്രസിദ്ധമായ അന്താരാഷ്ട്ര ബിസിനസ് കോൺഫറൻസുകളിൽ കേരളത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുകയും സംസ്ഥാനത്തെ നിക്ഷേപക മേഖലയിലുള്ള മാറ്റങ്ങളും ബിസിനസ് സൗഹൃദ അന്തരീക്ഷവും ദേശീയ-അന്തർദ്ദേശീയ ബിസിനസ് സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനും നടപടിയെടുത്തു.

ഇത്തരത്തിലുള്ള സമഗ്ര ഇടപെടലുകളുടെ ഫലമായി ഇതുവരെ ₹35,608.22 കോടി രൂപ നിക്ഷേപമുള്ള 109 പദ്ധതികൾ നടപ്പാക്കൽ ഘട്ടത്തിലെത്തി. ഇതിലൂടെ 50813 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വനിതാ വ്യവസായ പാർക്കുകൾ

7(*37) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി വനിതാ വ്യവസായ പാർക്കുകൾ പ്രാവർത്തികമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താദ്യമായി വനിതാ സംരംഭകർ ചേർന്നുള്ള പാർട്ണർഷിപ്പ് സ്ഥാപനമായ Legacy Industrial Park എന്ന പേരിൽ STANDARD DESIGN FACTORY സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്ക്

ആരംഭിക്കുന്നതിനുള്ള Developer പെർമിറ്റ് 06-11-2025-ലെ G.O.(Rt) No.1397/2025/ID സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ബി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ആയതിൽ വനിതകൾക്ക് മുൻഗണനയും പ്രാധാന്യവും നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 30 ലക്ഷം രൂപ വരെ സഹായമായി നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, SC/ST, പ്രവാസി മലയാളികൾ എന്നിവരിൽപ്പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25 ശതമാനം സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്കും പിന്നോക്ക ജില്ലകളിൽനിന്നുള്ള സംരംഭകർക്കും 10 ശതമാനം വീതം അധിക ആനുകൂല്യവും ലഭിക്കുന്നു.

2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധന സഹായമായി നൽകുന്നു. 01-04-2022-നുശേഷം ആരംഭിച്ച ഉൽപാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതിപ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം /12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനനിരതമായിരിക്കണം. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50 ശതമാനം വനിതകൾ ആകാവുന്നതാണ്.

3. നാനോ/ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണിഗ്രാന്റ് നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ

വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരാണ്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമാണ്. എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ 40 വയസ്സുവരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

വനിത സംരംഭകരുടെ എണ്ണത്തിൽ സാരമായ വർധനവ് ഉണ്ടാക്കാനും കൂടുതൽ വനിതകളെ സംരംഭകരാക്കി മാറ്റാനും മേൽ പദ്ധതികൾ മുഖേന സാധിച്ചിട്ടുണ്ട്. ഇന്ന് കൂടുതൽ കൂടുതൽ സ്ത്രീകൾ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ മുന്നോട്ടുവരുന്നുണ്ട്. ഏതൊരു രാജ്യത്തും സാമ്പത്തിക വികസന പ്രക്രിയയിൽ സ്ത്രീ സംരംഭകരും അത്യന്താപേക്ഷിതമാണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം 50 ശതമാനമാണ് സ്ത്രീകളുള്ളത്. രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാകുന്നതിന് അവരുടെ സംഭാവന നിർണ്ണായകമാണ്. ഡിജിറ്റലൈസേഷൻ, ആഗോളവൽക്കരണം, സ്റ്റാർട്ടപ്പ് കുതിച്ചുചാട്ടം എന്നിവയുടെ ഈ കാലഘട്ടത്തിൽ സ്ത്രീ സംരംഭകത്വത്തിൽ ഇന്ത്യയ്ക്ക് തിളക്കമാർന്ന സാധ്യതകളുണ്ട്. സംരംഭകത്വ യാത്രയിൽ ആശയ വിനിമയം, നെറ്റ്വർക്കിങ്,

സംഘടനാ കഴിവുകൾ എന്നിവയ്ക്ക് സ്ത്രീകൾ വളരെയധികം പ്രാധാന്യം നൽകുന്നു. കൂടാതെ, ജീവിതത്തിൽ ഒരു ജോലി സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും അവർ മുന്നിലാണ്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി അൻപത്തിയൊൻപതോളം വനിതാ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവരുടെ സംരംഭങ്ങളെല്ലാംതന്നെ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകർക്കായി KSIDC ആവിഷ്കരിച്ച വി-മിഷൻ പദ്ധതിപ്രകാരം മിനിമം 10 ലക്ഷം രൂപ വാർഷിക വരുമാനമുള്ളതും 51 ശതമാനത്തിൽ കുറയാത്ത ഓഹരിയുള്ള വനിതാ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ലോൺ നൽകിവരുന്നു. നിലവിൽ 7.5 ശതമാനം പലിശനിരക്കിൽ ആറ് വർഷത്തേക്കാണ് പ്രസ്തുത വായ്പ നൽകുന്നത്.

സംസ്ഥാനത്തെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനം വാഴാനം ചെയ്യുന്ന നിലവിലെ സംരംഭക സൗഹൃദ അന്തരീക്ഷത്തെയും നയങ്ങളെയും കേന്ദ്രീകരിച്ച് 2023 മാർച്ച് 08-ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ തിരുവനന്തപുരത്ത് വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചു. വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സഹായിക്കുക, ജോലിയും ജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഞ്ഞൂറിലധികം വനിതാ സംരംഭകർ സംരംഭക സംഗമത്തിൽ പങ്കെടുത്തു.

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് തൃശ്ശൂരിൽ 2025 ഒക്ടോബർ 13-ന് "കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025" സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽ നിന്നായി ആയിരത്തി ഇരുന്നൂറോളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാനാവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു.

നിലവിലുള്ള സംരംഭക പ്രോത്സാഹന പദ്ധതികളിൽ എല്ലാം തന്നെ സ്ത്രീ സംരംഭകരുടെ വർധിച്ച പങ്കാളിത്തം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സംരംഭകരിൽ 40 ശതമാനം സ്ത്രീകളാണ്. ഈ സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് സ്ത്രീകൾക്ക് മാത്രമായുള്ള വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വനിതാ സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വ്യവസായ പാർക്കുകളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വനിതാ സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വ്യവസായ പാർക്കുകളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

ശബരിമല വികസന അതോറിറ്റി

8(*38) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ ഘടന എപ്രകാരമാണ്; ഇതുസംബന്ധിച്ച നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(സി) ക്ഷേത്ര വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും ഈ മേഖലയിൽ തത്പരരായ വിശിഷ്ട വ്യക്തികളെയും പ്രസ്തുത അതോറിറ്റിയുടെ ഭാഗമാക്കുമോ; വിശദമാക്കുമോ;

(ഡി) ശബരിമല വികസനവുമായി ബന്ധപ്പെട്ട് വിശാല കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയത് സമയബന്ധിതമായി നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിക്കുന്ന പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

(എ-ഡി) ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04-04-2023-ന് ചേർന്ന അവലോകന യോഗത്തിൽ ശബരിമലയുമായി

ബന്ധപ്പെട്ട നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ശബരിമല വികസന അതോറിറ്റി എന്ന പേരിൽ ഒരു സംവിധാനം രൂപീകരിക്കുന്നത് പരിശോധിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും

9(*39) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും നടത്തിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ?

പുതുസംരംഭകരെ തേടിയെത്തുന്ന നിക്ഷേപകരുമായുള്ള ചർച്ചകളും പുതുമയാർന്ന ആശയങ്ങളും ഉൽപന്നങ്ങളും ലോകത്തിനുമുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് തുറന്നുകൊടുക്കുകയാണ് ഹഡിൽ ഗ്ലോബൽ എന്ന ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഉച്ചകോടികൊണ്ട് നേട്ടമുണ്ടായിട്ടുള്ളത്. സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആഗോള വിദഗ്ധരടക്കം പങ്കെടുക്കുന്ന ചടുലമായ ചർച്ചകൾ, വിദ്യാർഥികൾ ഉൾപ്പെടെ സ്റ്റാർട്ടപ്പ് ആശയങ്ങളുമായി വന്നവർക്ക് പുതിയ ഉൾക്കാഴ്ച എന്നിവ ഉച്ചകോടിയുടെ ഒരു പ്രധാന നേട്ടമാണ്.

ഹഡിൽ ഗ്ലോബൽ 2025 കേരളത്തിന്റെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. ഈ പരിപാടിയിൽവച്ച് കേരളത്തിൽനിന്നുള്ള സ്റ്റാർട്ടപ്പായ 'ഒപ്പം' 1.5 കോടി രൂപ നിക്ഷേപം നേടി. കേരളത്തിലെ ഇന്നൊവേഷൻ എക്കോസിസ്റ്റത്തിലേക്ക് ഗ്ലോബൽ അലയൻസിന്റെ നേതൃത്വത്തിൽ ഫീഡർ ഫണ്ട് നിക്ഷേപത്തിന് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് 1,000 കോടി രൂപയുടെ ഫീഡർ ഫണ്ട് നൽകാനാണ് പദ്ധതിയിടുന്നത്. ആഗോള എൻ.ആർ.ഐ. സമൂഹത്തിന് കേരള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ വളർച്ചയിൽ പങ്കാളിത്തം നൽകുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെ.എസ്.യു.എം.) ഫണ്ട്-ഓഫ്-ഫണ്ട്സ് പ്രോഗ്രാമിനെ പിന്തുണയ്ക്കുന്നതിനുമായിരിക്കും ഫണ്ട് വിനിയോഗിക്കുക. ഹഡിൽ ഗ്ലോബൽ 2025-ൽ നൂറിലധികം നിക്ഷേപക ചർച്ചകൾ നടന്നു. നൂറ്റിയൻപതിലധികം മെന്റർഷിപ്പ് സെഷനുകൾ നടത്തി. 100 സ്റ്റാർട്ടപ്പുകളുടെ എക്സ്പോ മറ്റൊരു ആകർഷണമായിരുന്നു. ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാമിന്റെ ഭാഗമായി ജർമ്മനിയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി NxtGen സ്റ്റാർട്ടപ്പ് ഫാക്ടറിയുമായി ലെറ്റർ ഓഫ് ഇന്റന്റ് ഹഡിൽ ഗ്ലോബലിൽവച്ച് ഒപ്പുവെച്ചു.

(ബി) ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇത്തരം കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ ദുബായിൽ ആദ്യ ഇൻഫിനിറ്റി കേന്ദ്രം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്പിൽ വിപണി വിപുലീകരിക്കുന്നതിനായി ബെൽജിയവുമായി സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവച്ചു. ബെൽജിയത്തിലെ ഹബ് ഡോട് ബ്രസൽസുമായി ചേർന്നാണ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. ഓസ്ട്രേലിയ, യു.എസ്.എ. എന്നീ രാജ്യങ്ങളിലേക്കുകൂടി ഇൻഫിനിറ്റി കേന്ദ്രം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കൽ, നിക്ഷേപം, പുതിയ പദ്ധതികൾ, വിപണി വിപുലീകരണം എന്നിവ ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി സാധ്യമാക്കും. കേരള സ്റ്റാർട്ടപ്പുകളുടെ ആഗോള മാർക്കറ്റ് ആക്സസ് ശക്തിപ്പെടുത്താൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാണ്.

(സി) നിലവിലെ സ്റ്റാർട്ടപ്പുകളിൽ സേവന മേഖലയിലും ഉൽപന്നാധിഷ്ഠിത രംഗത്തും പ്രവർത്തിക്കുന്നവയെക്കുറിച്ചുള്ള വിശദാംശം അറിയിക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന 2545 സ്റ്റാർട്ടപ്പുകളും ഉൽപന്നാധിഷ്ഠിത മേഖലയിൽ പ്രവർത്തിക്കുന്ന 1599

സ്റ്റാർട്ടപ്പുകളും രണ്ട് മേഖലകളിലും പ്രവർത്തിക്കുന്ന 136 സ്റ്റാർട്ടപ്പുകളും കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളിൽനിന്നുള്ള സേവനങ്ങളും ഉൽപന്നങ്ങളും സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ നേരിട്ട് വാങ്ങുന്നതിനായുള്ള 'ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്' എന്ന പദ്ധതി വിജയകരമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പുകളിൽനിന്നും സേവനങ്ങളോ ഉൽപന്നങ്ങളോ സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് മാത്രം പങ്കെടുക്കാവുന്ന ടെൻഡർ നയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലെയ്സ് (GAAM) എന്ന പദ്ധതി 2017-ൽ നിലവിൽവന്നു. ഈ നയ പ്രകാരം 2022-ൽ സ്റ്റാർട്ടപ്പുകളിൽനിന്നും ഉൽപന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള പരിധി 20 ലക്ഷത്തിൽനിന്ന് 50 ലക്ഷമായി ഉയർത്തി. ഇതിനോടൊപ്പം ഐ.ടി. ഇതരസേവനങ്ങളും ഉൽപന്നങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

ഈ പദ്ധതിയുടെ പ്രചാരണാർഥം, സർക്കാർ വകുപ്പുകളുമായി സഹകരിച്ച് 'ഡെമോ ഡേ' (Demo Days), 'ഡിമാൻഡ് ഡേ' (Demand Days) എന്നിവ സംഘടിപ്പിച്ചുകൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) സ്റ്റാർട്ടപ്പുകൾക്കായി വിവിധ പരിപാടികൾ നടത്തുന്നു. കൂടാതെ, 'ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്' (Government as a Market place) പദ്ധതിയെക്കുറിച്ച് സർക്കാർ വകുപ്പുകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കെ.എസ്.യു.എം. ഓൺലൈൻ

ശിൽപശാലകളും സംഘടിപ്പിക്കുന്നുണ്ട്. 'ഹഡിൽ ഗ്ലോബൽ' (Huddle Global) പോലുള്ള വേദികളിലൂടെ വകുപ്പുകളും സ്റ്റാർട്ടപ്പുകളും തമ്മിൽ നേരിട്ട് സംവദിക്കാനുള്ള അവസരവും കെ.എസ്.യു.എം. ഒരുക്കുന്നു.

ഈ പദ്ധതിയിലൂടെ വിവിധ സർക്കാർ വകുപ്പുകളിൽനിന്നായി 13.85 കോടി രൂപയുടെ 132 വർക്ക് ഓർഡറുകൾ ഇതിനകം നൽകിയിട്ടുണ്ട്.

ദേവസ്വം ക്ഷേത്രങ്ങളുടെ ഭരണത്തിലെ വീഴ്ചകൾ തടയാൻ നടപടി

10(*40) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിൽ ഗുരുതരമായ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും മോഷണങ്ങളും നടന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശബരിമലയിലെ ദ്വാരപാലക ശില്പത്തിലും കട്ടിളപാളിയിലും പൊതിഞ്ഞിരുന്ന സ്വർണ്ണം ദേവസ്വം ബോർഡിന്റെ കൂടി അറിവോടെ അപഹരിച്ചതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06-10-2025-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09-10-2025-ലെ സ.ഉ.(കൈ)നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് ടി വിഷയങ്ങളിൽ അന്വേഷണം നടത്തിവരുന്നത്. അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടുകൾ അന്വേഷണ സംഘം നേരിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലാണ് സമർപ്പിക്കുന്നത് എന്നതിനാൽ അന്വേഷണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ്ങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദേശം 2018-ൽ തന്നെ 09-01-2018-ലെ റവ-ദേവ 2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർനിർദേശങ്ങളും നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ഭരണസമിതികളുടെ അധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ

ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ക്ഷേത്രഭരണത്തിൽ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതായി വിവിധ ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.

ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായശേഷം പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

11(*41) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർധനവും ഭൂമി തരംമാറ്റ നടപടികളിലെ കാലതാമസവും നിർമ്മാണ

മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് 10-04-2023-ലെ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, സൂക്ഷ്മ പരിശോധന ഫീസ്, അപേക്ഷ ഫീസ് എന്നിവ വർധിപ്പിച്ചിരുന്നുവെങ്കിലും ആയത് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 01-08-2024-ൽ ഈ ഫീസുകൾ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) വിവിധ സർക്കാർ മേഖലകളിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ഈ മേഖലയെ തളർത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര നയങ്ങൾമൂലമുണ്ടാകുന്ന വില വർധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ "കലവറ" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15 ശതമാനം വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ

പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ മേഖലയ്ക്കാവശ്യമായ കരിങ്കല്ല്, മലബാർ സിമന്റ്സിൽനിന്നും ടെൻഡർ മുഖേന നൽകിവരുന്നു. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പാലക്കാട് ജില്ലയിലെ മീങ്കര, വാളയാർ ഡാമുകളിൽനിന്നും മണൽ നീക്കം ചെയ്ത് മിതമായ നിരക്കിൽ സർക്കാർ ഇ-പോർട്ടൽ വഴി വില്പന നടത്തിവരുന്നുണ്ട്.

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാ തലത്തിൽ ഉദ്യോഗസ്ഥരുമായും ഉൽപാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ കലക്ടർമാർ സ്വീകരിച്ചുവരുന്നു.

ശബരിമല മാസ്റ്റർപ്ലാൻ

12(*42) ശ്രീ. എം. മുകേഷ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ശബരിമല വികസനവും ഭക്തർക്ക് സംതൃപ്തമായ തീർഥാടനാനുഭവം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിടുന്ന ശബരിമല മാസ്റ്റർപ്ലാൻ സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശബരിമല മാസ്റ്റർപ്ലാൻ സംബന്ധിച്ച നടപടികളിലെ പുരോഗതി സർക്കാർ കൃത്യമായി വിലയിരുത്തുന്നുണ്ട്.

ശബരിമല തീർഥാടനത്തിനെത്തിച്ചേരുന്ന തീർഥാടകർക്ക് സംതൃപ്തമായ തീർഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03-05-2007-ലെ ജി.ഒ. (എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ശബരിമല മാസ്റ്റർപ്ലാനിന് അംഗീകാരം നൽകി. സന്നിധാനം, പമ്പ, ടെക്ക് റ്റ്, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്.

ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിന്റെ ലേ ഔട്ട് പ്ലാനിന് 2020-ൽ തന്നെ സർക്കാർ അംഗീകാരം നൽകിയിരുന്നു. ശബരിമല മാസ്റ്റർപ്ലാൻ ഹൈ പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുമ്പുണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ടെക്ക് റ്റിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ 09-01-2025-ന് അംഗീകാരം നൽകിയിട്ടുണ്ട്.

ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാംഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ

ആകെ 778.17 കോടി രൂപയാണ് ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.

ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ടെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയും ആണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. സന്നിധാനം, പമ്പ, ടെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്.

ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി 2021 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായും+ പുരോഗമിക്കുന്നതായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായും+ ചേർക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2009-ൽ രൂപീകരിച്ച ശബരിമല മാസ്റ്റർപ്ലാൻ ഹൈ പവർ കമ്മിറ്റിയാണ് ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റിയെ സാങ്കേതിക കാര്യങ്ങളിൽ ഉപദേശിക്കുന്നതിന് വിദഗ്ധ സമിതി (ടെക്നിക്കൽ കമ്മിറ്റി) പ്രവർത്തിച്ചുവരുന്നു. ഹൈ പവർ കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായും+ ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായും+ ചേർക്കുന്നു.

(സി) മുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി പദ്ധതികളുടെ ആസൂത്രണത്തിലും പൂർത്തീകരണത്തിലും ഗതിവേഗം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശബരിമല മാസ്റ്റർപ്ലാൻ ഹൈ പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുമ്പുണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ടെക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ 09-01-2025-ന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട വിവിധ പദ്ധതികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ശബരിമല വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വനഭൂമിയുടെ ഉപയോഗത്തിന് കേന്ദ്രസർക്കാരിൽനിന്നും സമയബന്ധിതമായി അനുമതി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പമ്പ ഗണപതി ക്ഷേത്രം മുതൽ ഹിൽടോപ്പ് വരെയുള്ള സുരക്ഷാ പാലം നിർമ്മാണത്തിനാവശ്യമായ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനാവശ്യമായ വിവരങ്ങൾ പരിവേഷ് (PARIVESH) പോർട്ടലിൽ അപ്ലോഡ് ചെയ്തപ്പോൾ ഒട്ടേറെ തടസ്സങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സുരക്ഷാ പാലം നിർമ്മാണ കാര്യം ശബരിമല മാസ്റ്റർപ്ലാൻ രേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യമാണ്. പമ്പയിൽ 2018-ൽ ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിലാണ് സുരക്ഷാ പാലത്തിന്റെ ആവശ്യകത ഉയർന്നുവന്നിട്ടുള്ളത്. ശബരിമല മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ചത് 2007-ലാണ്. 09-01-2025-ൽ സർക്കാർ അംഗീകരിച്ച പമ്പ ലേ ഔട്ട് പ്ലാനിൽ സുരക്ഷാ പാലം ഉൾപ്പെട്ടിട്ടുള്ളതുമാണ്.

കൂടാതെ പമ്പ ഹിൽടോപ് മുതൽ സന്നിധാനം പോലീസ് ബാരക്ക് വരെയുള്ള റോപ് വേ നിർമ്മാണത്തിന് 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യുന്നതിന് അനുമതി നൽകുന്ന നടപടിയും നിലവിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ (NBWL) പരിഗണനയിലാണുള്ളത്.

വ്യവസായ മേഖലയുടെ വികസനം

13(*43) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽവേ, തുറമുഖ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത വ്യവസായങ്ങളുടെ സ്ഥാപനത്തിനും വിപുലീകരണത്തിനും തടസ്സമായി മാറുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

സംസ്ഥാനത്ത് വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽവേ, തുറമുഖ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത വ്യവസായങ്ങളുടെ സ്ഥാപനത്തിനും വിപുലീകരണത്തിനും തടസ്സമായി മാറുന്നതായി വിലയിരുത്തിയിട്ടില്ല. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ രൂപീകരണത്തിൽ കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്ത് വ്യവസായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങളോടെയുള്ള റെഡി-ടു-യൂസ് പ്ലാറ്റ്ഫോം കേരളത്തിലെ വ്യവസായ പാർക്കുകളിൽ ലഭ്യമാണ്. ഈ പാർക്കുകളിൽ വൈദ്യുതി, ജലലഭ്യത, റോഡുകൾ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

വൈദ്യുതി സുഗമമാക്കാനാവശ്യമായ സബ്-സ്റ്റേഷനുകളും ഫീഡറുകളും കേരളത്തിലെ വ്യവസായ പാർക്കുകളിൽതന്നെ സ്ഥാപിച്ചുവരുന്നു. ജലലഭ്യതയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രത്യേക വാട്ടർ സപ്ലൈ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. റോഡ്, റെയിൽ, തുറമുഖങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടാണ് വ്യവസായ ഇടനാഴികൾക്ക് രൂപം കൊടുത്തിട്ടുള്ളത്.

(ബി) നിലവിലുള്ള റോഡ്, റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിപാലനക്കുറവും കാരണം ഗതാഗത ചെലവ് വർധിക്കുകയും വ്യവസായ ഉൽപാദന നിരക്ക് കുറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യവസായ മേഖലകളുമായി ബന്ധിപ്പിക്കുന്ന ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റോഡ്, റെയിൽവെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിപാലനക്കുറവും കാരണം ഗതാഗത ചെലവ് വർധിക്കുകയും വ്യവസായ ഉൽപാദന നിരക്ക് കുറയുകയും ചെയ്യുന്ന സാഹചര്യം സംസ്ഥാനത്തിലില്ല. വ്യവസായ വാണിജ്യ ഡയറക്ട്രേറ്റ്, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ പാർക്കുകളെ/എസ്റ്റേറ്റുകളെ ദേശീയ-സംസ്ഥാന പാതകളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നിലവാരമുള്ള റോഡ് സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്. റോഡുകളുടെ പരിപാലനം ശക്തമാക്കാൻ ദീർഘകാല പരിപാലന കരാറുകളും നടപ്പാക്കി. സംരംഭകർക്ക് വേഗത്തിൽ വൻ മുതൽമുടക്കില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്ലഗ് & പ്ലേ വ്യവസായ ആശയത്തിന്റെ ഭാഗമായി നടപ്പാക്കിയ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ കേരളത്തിന്റെ വ്യവസായ മേഖലയിലെ പ്രത്യേകതയാണ്. വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ/പുനർ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ട്. വ്യവസായ പാർക്കുകളിൽ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം

സ്ഥാപിച്ചിരിക്കുന്നതിലൂടെ ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ നവീകരിച്ച് ഡിജിറ്റലൈസേഷന്റെ ഭാഗമാക്കുകയും ചെയ്തിരിക്കുന്നു. റെയിൽവേ സൗകര്യത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ റെയിൽ ഹെഡ്ഡുകൾ, ഗ്രഡ്സ് ഷെഡ്ഡുകൾ, കണ്ടെയ്നർ ടെർമിനലുകൾ എന്നിവ വ്യവസായ മേഖലകളോട് ചേർന്ന് വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

14(*44) ശ്രീ. ഡി. കെ. മുരളി:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാക്കിയെന്ന ചരിത്രപരമായ നേട്ടം കൈവരിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1. ഭൂമി ഏറ്റെടുക്കൽ നടപടികൾ (Land Acquisition)

- സമയബന്ധിതമായ ഏറ്റെടുക്കൽ: തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഏകദേശം 230 ഏക്കറിലധികം ഭൂമി വിവിധ ഘട്ടങ്ങളിലായി സർക്കാർ ഏറ്റെടുത്തു.

2. പുനരധിവാസ പാക്കേജ് (Rehabilitation & Resettlement)

- തുറമുഖ വികസനംമൂലം ജീവനോപാധി ഭാഗികമായും പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കായി ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പുനരധിവാസ പാക്കേജുകളിലൊന്നാണ് സർക്കാർ നടപ്പാക്കിയത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തൊഴിലും ഉപജീവനവും നഷ്ടപ്പെട്ട തദ്ദേശീയ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായവർക്ക് സർക്കാർ ആജീവനാന്ത നഷ്ടപരിഹാരം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിഭാഗം	ഗുണഭോക്താക്കളുടെ എണ്ണം	നഷ്ടപരിഹാര തുക (കോടി രൂപയിൽ)
1	ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ	296	13.01
2	കരമടി ഉടമസ്ഥർ/ തൊഴിലാളികൾ	1101	59.06
3	കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ	14	0.14
4	കട്ടമരം ഉടമസ്ഥർ	97	3.99
5	മണ്ണെണ്ണ ആനുകൂല്യം	1221	31.57
6	റിസോർട്ട് തൊഴിലാളികൾ	226	6.45
7	സ്വയം സഹായ സംഘങ്ങൾ (4)	33	0.08
ആകെ		**2988**	**114.30**

നാളിതുവരെ വിവിധ വിഭാഗങ്ങളിലായി 2988 ഗുണഭോക്താക്കൾക്ക് മൊത്തം ₹114.30 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

3. **തടസ്സങ്ങൾ നീക്കലും അനുമതികളും:**

പരിസ്ഥിതി അനുമതികൾ ഉൾപ്പെടെയുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രത്യേക പരിഗണന നൽകി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുകയുണ്ടായി. കേന്ദ്ര സർക്കാരുമായുള്ള നിരന്തര ചർച്ചകളിലൂടെ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള വിവിധ ക്ലിയറൻസുകൾ വേഗത്തിൽ നേടിയെടുത്തു.

4. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കൽ

- പുലിമുട്ട് (Breakwater) നിർമ്മാണത്തിനാവശ്യമായ വലിയ കരിങ്കല്ലുകൾ ലഭ്യമാക്കാൻ വിവിധ ജില്ലകളിൽനിന്നും ക്വാറികൾക്ക് അനുമതി നൽകുകയും അവയുടെ ഗതാഗതം സുഗമമാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്തു.

5. സാമ്പത്തിക നിക്ഷേപവും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്ങും

- തുറമുഖ വികസന മേഖലയിൽ ഒരു സംസ്ഥാന സർക്കാർ നടത്തുന്ന (5350 കോടി രൂപയുടെ) ഏറ്റവും വലിയ മൂലധന നിക്ഷേപ പദ്ധതിയാണ് വിഴിഞ്ഞം തുറമുഖപദ്ധതി.
- പുലിമുട്ട് നിർമ്മാണം (Breakwater Construction): പദ്ധതിയുടെ ഏറ്റവും പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 1,387 കോടി രൂപ നേരിട്ട് നിക്ഷേപിച്ചു.
- നാളിതുവരെ സംസ്ഥാന സർക്കാർ തുറുമുഖ പദ്ധതിക്കായി 3,604 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള

പദ്ധതികൾക്കായി 1,746 കോടി രൂപയോളം ഇനി സംസ്ഥാനം വഹിക്കുന്നതായിരിക്കും.

- കേന്ദ്ര സർക്കാരിൽനിന്നുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (VGF) ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ കൃത്യമായ നടപടികൾ സ്വീകരിച്ചിരുന്നു. 818.80 കോടി രൂപയാണ് കേന്ദ്രം ഇതിനായി അനുവദിച്ചിട്ടുള്ളത്.

6. ഉന്നതാധികാര സമിതികളുടെ മേൽനോട്ടം (Empowered Committees)

പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മറ്റികളും യോഗം കൂടി ആവശ്യമായ തീരുമാനങ്ങളും നിർദേശങ്ങളും നൽകിയത് പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തുന്നതിന് സഹായകരമായിരുന്നു. തടസ്സങ്ങൾ ഉടനടി പരിഹരിക്കാൻ ഈ യോഗങ്ങൾ സഹായിക്കുന്നു.

7. രണ്ടാം ഘട്ടത്തിനായുള്ള തയ്യാറെടുപ്പുകൾ

രണ്ടാം ഘട്ട നിർമ്മാണത്തിനായി ആവശ്യമായ പരിസ്ഥിതി അനുമതികൾ (Environmental Clearance) സർക്കാർ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. 24-01-2026-ൽ രണ്ടാം ഘട്ടത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇതിന്റെ തുടർച്ചയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പംതന്നെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ മാർഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66)-മായി ബന്ധിപ്പിക്കുന്ന താൽക്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യവികസനത്തിന്റെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ കൃത്യമായ വിലയിരുത്തലുകൾ നടത്തുകയും നിർണ്ണായകമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- വിഴിഞ്ഞം ഒരു പ്രധാന ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി വളരുന്നതിന്റെ സൂചനയായ ശക്തമായ ട്രാഫിക് വളർച്ചയും തന്ത്രപരമായ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടാണ് കേരള സർക്കാർ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി Supplementary Concession Agreement (2024 നവംബർ 28-ന്) ഒപ്പിട്ടത്. കരാർ പ്രകാരം II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച് Capacity Augmentation ഘട്ടമായി മുന്നോട്ടുകൊണ്ടുപോകാനും നടപ്പാക്കാനുമാണ് തീരുമാനിച്ചത്. ഈ തീരുമാനംമൂലം പദ്ധതിയുടെ പൂർണ്ണ വികസന കാലപരിധി 17 വർഷം നേരത്തെയാക്കാൻ സാധിക്കുന്നു. അതനുസരിച്ച് പൂർത്തീകരണം 2028 ഡിസംബറിലേക്കാണ് ലക്ഷ്യമിടുന്നത്.

- **പരിസ്ഥിതി അനുമതി (Environmental Clearance):** തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ആവശ്യമായ പരിസ്ഥിതി അനുമതികൾ (Environmental Clearance) സർക്കാർ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ മുന്നേറ്റത്തിന് ഇത് പ്രധാനമായിരുന്നു.
- **ഔദ്യോഗിക ഉദ്ഘാടനം:** രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം 24-01-2026-ൽ നടന്നു. ഇത് പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്കുള്ള വലിയൊരു ചുവടുവയ്പ്പാണ്.
- **അനുബന്ധ അടിസ്ഥാന സൗകര്യ വികസനം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പംതന്നെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ മാർഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66)-മായി ബന്ധിപ്പിക്കുന്ന താൽക്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക പാത ക്രമീകരണങ്ങൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ അനുമതി നൽകുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഭാവിയിൽ ഔട്ടർ റിങ് റോഡുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് വർധിച്ച കണ്ടെയ്നർ ടെയിലറുകളുടെ സുഗമമായ നീക്കം

സാധ്യമാക്കുന്നതിനായി സ്ഥിരമായ ഒരു ക്ലോവർലീഫ് ഇന്റർകണക്ഷൻ (Cloverleaf Interconnection) നിർമ്മിക്കുന്ന പദ്ധതി രൂപരേഖയും തയ്യാറാക്കി NHAI-ക്ക് സമർപ്പിച്ചിട്ടുണ്ട്.

- റെയിൽ കണക്റ്റിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പാക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾക്കും നിർമ്മാണത്തിനുമായി ഭരണപരവും സാമ്പത്തികവുമായ അനുമതികളുടെ അന്തിമ ഘട്ടത്തിലാണ്. AVPPL കമ്പനിയുമായുള്ള കരാർ പ്രകാരം 2028 ഡിസംബറോടെ റെയിൽ കണക്റ്റിവിറ്റി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

അതനുസരിച്ച്, രണ്ടാം ഘട്ട വികസനത്തിൽ വിഭാവനം ചെയ്തിട്ടുള്ള വർധിച്ച ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിക്ക് മൾട്ടിമോഡൽ കണക്റ്റിവിറ്റി വഴി പൂർണ്ണ പിന്തുണ ഉറപ്പാക്കുന്നതിനായി റോഡ്-റെയിൽ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായും ഏകോപിപ്പിച്ചും നടപ്പാക്കിവരുന്നു. വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള കാര്യക്ഷമവും സുസ്ഥിരവുമായ ചരക്കുനീക്കം ഇതുവഴി സാധ്യമാകും.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കാമോ?

വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിനുശേഷം അറുന്നൂറ്റി എഴുപതിലധികം കപ്പലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ നാൽപതിലധികം Ultra Large Container

Vessels (ULCVs) ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.

നിലവിൽ തുറമുഖം സ്ഥാപിതശേഷിയുടെ 131 ശതമാനം വർധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽതന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾമുമ്പേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവച്ചിട്ടുണ്ട്.

ആഗോള ഷിപ്പിങ് ഭൂപടത്തിൽ ഇടം: തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes-ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിങ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.

ദേശീയതലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിങ് അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിങ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ ഒരു

കപ്പലിൽനിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.

(ഡി) അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഏതെല്ലാം അനുമതികൾ വിഴിഞ്ഞം തുറമുഖത്തിന് ലഭിച്ചിട്ടുണ്ട്; ഏതെല്ലാം അനുമതികൾ ഇനി ലഭിക്കാനുണ്ട്; വിശദാംശം നൽകാമോ?

അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രധാന അനുമതികൾ താഴെ പറയുന്നവയാണ്:

- 2025 നവംബറിൽ വിഴിഞ്ഞം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റായി അംഗീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനത്തിലൂടെ അന്താരാഷ്ട്ര കപ്പൽ പാതയിലെ ഒരു പ്രധാന കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ഹബ്ബ് ആകുന്നതിനോടൊപ്പം തന്നെ ഒരു പ്രധാന ക്രൂ ചേഞ്ച് ഹബ്ബായും വിഴിഞ്ഞം ശക്തിപ്പെടുന്നതാണ്.
- **ISPS Compliance Certificate**

  തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള ISPS Compliance Certificate കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിൽനിന്നും 25-09-2024-ന് ലഭിച്ചിട്ടുണ്ട്.

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഉൾപ്പടെയുള്ള ചരക്കുകൾ കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള Customs Port ആയി

പ്രഖ്യാപിച്ചുകൊണ്ട് 2024 ജൂൺ 24-ന് Central Board of Indirect Taxes and Customs (CBIC) ഉത്തരവ് നൽകിയിട്ടുണ്ട്.

- കസ്റ്റംസ് ആക്ട് 1962 സെക്ഷൻ 8 പ്രകാരം, തുറമുഖത്തിലെ ലാൻഡിങ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം 2024 ജൂൺ 24-ന് Central Board of Indirect Taxes and Customs (CBIC) നൽകിയിട്ടുണ്ട്.
- കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45-നേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു: കസ്റ്റംസ് ഏരിയ റഗുലേഷൻ 2009-ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.
- തുറമുഖത്തിന് കസ്റ്റംസ് വകുപ്പിൽനിന്നും Location Code (IN NYY1) 2024 ജൂൺ 21-ന് ലഭിച്ചിരുന്നു. തുടർന്ന് UN-LOCODE-യുടെ നിർദേശപ്രകാരം Location Code (IN TRV1) എന്ന് മാറ്റി നാമകരണം ചെയ്തിട്ടുണ്ട്.
- Navigational Safety in Port Committee (NSPC) - യുടെ ക്ലിയറൻസ് 28-03-2024-ന് ലഭ്യമായിട്ടുണ്ട്.
- വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖത്തിന്റെ Navigation Chart പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- KCZMA-യുടെ ശിപാർശയോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ Expert Appraisal Committee (EAC)-യുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 10-03-2025-

ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾക്കായുള്ള പാരിസ്ഥിതികാനുമതി ലഭിക്കുകയുണ്ടായി.

എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി

15(*45) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ നിലവിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുമോയെന്ന് വിശദമാക്കാമോ?

2023-ൽ പുറത്തിറക്കിയ സംസ്ഥാന വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ നിലവിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. നിക്ഷേപ സൗകര്യങ്ങൾ ലളിതമാക്കുക, അനുമതി നടപടികൾ വേഗത്തിലാക്കുക, മേഖലാപരമായ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് നയപിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ ഉപമേഖലാ നയങ്ങൾ രൂപീകരിച്ചിരിക്കുന്നത്. ഇതുവഴി നിക്ഷേപക വിശ്വാസം വർധിക്കുകയും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കപ്പെടുകയും സംസ്ഥാനത്ത് വ്യവസായ വളർച്ച കൂടുതൽ ശക്തിപ്പെടുകയും ചെയ്യും.

(ബി) ഉപമേഖലാ നയങ്ങളുടെയും ചട്ടക്കൂടുകളുടെയും ഭാഗമായി രാജ്യത്താദ്യമായി ഇ.എസ്.ജി. നയം (എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി) രൂപീകരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2023-ലെ സംസ്ഥാന വ്യവസായ നയത്തിന്റെ തുടർച്ചയായി ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും രൂപപ്പെടുത്തുന്നതിനോടൊപ്പം, രാജ്യത്താദ്യമായി പരിസ്ഥിതി–സാമൂഹിക–ഭരണ (Environmental, Social and Governance – ESG) നയം രൂപീകരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിരവും ഉത്തരവാദിത്വപരവുമായ വ്യവസായ വളർച്ച ഉറപ്പാക്കുന്നതിനായി രൂപപ്പെടുത്തിയ ഈ നയം പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, മികച്ച ഭരണപരിപാടികൾ എന്നീ മൂന്ന് തൂണുകളെ ആധാരമാക്കുന്നതാണ്.

പരിസ്ഥിതി മേഖലയിൽ കാർബൺ ഉത്സർജനം കുറയ്ക്കൽ, പുനരുപയോഗ ഊർജത്തിലേക്ക് മാറ്റം, 2040-ഓടെ 100 ശതമാനം പുനരുപയോഗ ഊർജ സംസ്ഥാനമാകുക, 2050-ൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ നയം മുന്നോട്ടുവയ്ക്കുന്നു. സാമൂഹിക മേഖലയിൽ ഉൾക്കൊള്ളുന്ന തൊഴിൽ, വനിതാ പങ്കാളിത്ത വർധന, തൊഴിൽ സുരക്ഷ, സാമൂഹിക ക്ഷേമം എന്നിവയ്ക്കാണ് പ്രാധാന്യം. ഭരണപരമായി സുതാര്യത, ഉത്തരവാദിത്വം, അഴിമതിവിരുദ്ധ സമീപനം, ESG റിപ്പോർട്ടിങ് സംവിധാനങ്ങൾ എന്നിവ നയത്തിന്റെ ഭാഗമാണ്. ഇതോടൊപ്പം “KERALA – Pioneer ESG State” എന്ന ബ്രാൻഡിങിലൂടെ സംസ്ഥാനത്തെ ആഗോള ESG നിക്ഷേപ കേന്ദ്രമായി സ്ഥാനപ്പെടുത്തുന്നതിനും നികുതി ആനുകൂല്യങ്ങൾ, ഗ്രീൻ സബ്സിഡി, സർക്കാർ

വാങ്ങലുകളിൽ മുൻഗണന, KSIDC വഴിയുള്ള ധനസഹായങ്ങൾ എന്നിവയിലൂടെ സംരംഭങ്ങളെ ESG അനുസൃതമാക്കുന്നതിനുമാണ് നയം ലക്ഷ്യമിടുന്നത്. ഇതുവഴി കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം ഗുണപരമായി കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഉദ്ദേശ്യം.

(സി) സാങ്കേതികവിദ്യയും ഗവേഷണ-വികസനവും അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായവൽക്കരണത്തിന് ഉതകുന്ന ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സാങ്കേതികവിദ്യയും ഗവേഷണ–വികസനവും (R&D) അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി നിർദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, വ്യവസായങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തി ഇൻഡസ്ട്രി–അക്കാദമിയ–റിസർച്ച് ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിനാണ് പ്രധാന ഊന്നൽ. ആർ & ഡി അടിസ്ഥാന സൗകര്യങ്ങൾ, കോമൺ റിസർച്ച് ഫെസിലിറ്റികൾ, ടെസ്റ്റ് ബെഡുകൾ, പ്രോട്ടോടൈപ്പിങ് കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിലൂടെ ആശയങ്ങളെ വിപണിയിലേക്ക് വേഗത്തിൽ എത്തിക്കാൻ സഹായകമാകുന്നു.

എ.ഐ., ഗ്രാഫീൻ, ബയോടെക്, ഡിജിറ്റൽ സാങ്കേതികതകൾ, ഹൈടെക് മാനുഫാക്ചറിങ്, ഇൻഡസ്ട്രി 4.0 തുടങ്ങിയ ഉയർന്ന സാങ്കേതിക മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനൊപ്പം സ്റ്റാർട്ടപ്പുകൾക്കും ഇന്നവേഷൻ അധിഷ്ഠിത സംരംഭങ്ങൾക്കും ഇൻക്യുബേഷൻ, ഫണ്ടിങ്, മെന്ററിങ്, വിപണിയിലേക്കുള്ള പ്രവേശനം തുടങ്ങിയ

പിന്തുണകളും നൽകുന്നു. ബൗദ്ധികസ്വത്ത് അവകാശ സംരക്ഷണം, പേറ്റന്റ് പിന്തുണ, ടെക്നോളജി ട്രാൻസ്ഫർ സംവിധാനങ്ങൾ എന്നിവയിലൂടെ ഗവേഷണ ഫലങ്ങളെ വ്യാപാരവൽക്കരിക്കുന്നതും നയത്തിന്റെ ഭാഗമാണ്. ഇതോടൊപ്പം, ESG മാനദണ്ഡങ്ങൾ പാലിക്കുന്ന സുസ്ഥിര സാങ്കേതിക വികസനത്തിനും ഭാവി സജ്ജമായ നൈപുണ്യ വികസനത്തിനുമുള്ള നടപടികൾ ഉൾപ്പെടുത്തി കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിതവും നവീകരണാധിഷ്ഠിതവുമായ വ്യവസായ കേന്ദ്രമായി വികസിപ്പിക്കുകയാണ് ലക്ഷ്യം.

(ഡി) ഹൈടെക് മാനുഫാക്ചറിങ് പാർക്കുകളുടെയും ഇന്നവേഷൻ ക്ലസ്റ്ററുകളുടെയും നിർമ്മാണത്തിന് മുൻഗണന നൽകുന്നതിനായി നയപരിപാടി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹൈടെക് മാനുഫാക്ചറിങ് പാർക്കുകളുടെയും ഇന്നവേഷൻ ക്ലസ്റ്ററുകളുടെയും വികസനത്തിന് മുൻഗണന നൽകുന്നതിനായി സർക്കാർ "കേരള ഹൈടെക് മാനുഫാക്ചറിങ് ഫ്രെയിംവർക്ക്" എന്ന പ്രത്യേക നയപരിപാടി രൂപീകരിച്ചിട്ടുണ്ട്. വിജ്ഞാനാധിഷ്ഠിതവും സാങ്കേതിക മുന്നേറ്റം കൈവരിക്കുന്നതുമായ വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫ്രെയിംവർക്ക് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ്, സെമികണ്ടക്ടർ & EMS, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, ഗ്രാഫീൻ, ബയോടെക്, മെഡിക്കൽ ഡിവൈസസ്, ഇലക്ട്രിക് വാഹനങ്ങൾ, റോബോട്ടിക്സ്, എയ്റോസ്പേസ് & ഡിഫൻസ്, ഇൻഡസ്ട്രി 4.0 അധിഷ്ഠിത

ഉൽപാദനം തുടങ്ങിയ ഉയർന്ന മൂല്യവർധിത മേഖലകളിൽ ഹൈടെക് മാനുഫാക്ചറിങ് പാർക്കുകളും ക്ലസ്റ്ററുകളും വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, പ്ലഗ്-ആൻഡ്-പ്ലേ ഫാക്ടറി ഷെഡുകൾ, കോമൺ റിസർച്ച് & ടെസ്റ്റിങ് സൗകര്യങ്ങൾ, ഡിസൈൻ–പ്രോട്ടോടൈപ്പിങ് കേന്ദ്രങ്ങൾ, ലോജിസ്റ്റിക്സ് പിന്തുണ, സിംഗിൾ വിൻഡോ അനുമതി സംവിധാനങ്ങൾ എന്നിവയോടെ സമഗ്രമായ വ്യവസായ പരിസ്ഥിതി സൃഷ്ടിക്കുന്നതും നയത്തിന്റെ ഭാഗമാണ്. അക്കാദമിയ–വ്യവസായ–സ്റ്റാർട്ടപ്പ് സഹകരണത്തിലൂടെ ഇന്നവേഷൻ ക്ലസ്റ്ററുകൾ വികസിപ്പിക്കുകയും ആഭ്യന്തരവും വിദേശവുമായ നിക്ഷേപങ്ങൾ ആകർഷിച്ച് കേരളത്തെ ഒരു ഹൈടെക് മാനുഫാക്ചറിങ് ഹബ്ബായി ഉയർത്തുകയും ചെയ്യുന്നതാണ് ഈ നയപരിപാടിയുടെ ലക്ഷ്യം.

വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തൽ

16(*46) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണ ശൃംഖലയുടെ വികസനത്തിനായി 2018 മുതൽ 2022 ജൂൺ വരെ നടപ്പാക്കിയ പദ്ധതിയാണ് ദ്യുതി 1. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ദ്യുതി 2-ഉം Revamped Distribution Sector Scheme (RDSS)-ഉം ആണ്.

2018 മുതൽ 2022 ജൂൺ വരെ നടപ്പാക്കിയ ദ്യുതി 1 പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 4036.30 കോടി രൂപയുടെ പദ്ധതിരേഖ തയ്യാറാക്കുകയും 3,765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ദ്യുതി 2. ദ്യുതി 2.0-ൽ 4,717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം (411 കോടി), കാസർഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1,023 കോടി രൂപയുടെ ദ്യുതി സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഇതുവരെ 2,551 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി കേന്ദ്ര ഊർജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച 2,997.8 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകിവരുന്നു. മേല്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ വർക്ക് ഓർഡർ നൽകുകയും 32.5 ശതമാനം സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്കും അംഗീകാരം ലഭിക്കുകയും പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

വിദൂരമായി സ്ഥാപിച്ചിട്ടുള്ള ഒറ്റപ്പെട്ട RMU-കൾക്കായി ഒരു റിമോട്ട് ഓപ്പറേറ്റിങ് സപ്പോർട്ട് നൽകാനുള്ള സംവിധാനം, വൈദ്യുതി തടസ്സത്തിന്റെ സമയദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി "Communicable Fault Pass Detector" എന്ന നൂതന സംവിധാനം, വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയും നടപ്പാക്കിവരുന്നു.

(ബി) സ്മാർട്ട് ഗ്രിഡ് എന്ന ലക്ഷ്യം മുൻനിർത്തി ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്മാർട്ട് ഗ്രിഡ് എന്ന ലക്ഷ്യം മുൻനിർത്തി വിതരണമേഖലയിൽ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ- സ്മാർട്ട് മീറ്ററുകളുടെ സ്ഥാപിക്കൽ, Geographic Information System (GIS), Network Analysis (NA), Enterprise Asset Management (EAM) സംവിധാനങ്ങൾ, SCADA, റിങ് മെയിൻ സംവിധാനം തുടങ്ങിയവ RDSS പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു.

സ്മാർട്ട് മീറ്റർ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 171285 മീറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി., 22 കെ.വി. ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി., ഇലക്ട്രിക് vehicle പോലുള്ള പ്രത്യേക വിഭാഗങ്ങൾ ഒഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

രണ്ടാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററായി മാറുന്നതും 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതും ഉൾപ്പെടെ

50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെൻഡർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ ബില്ലിങ് ഉപഭോക്താക്കൾ, സോളാർ ഉപഭോക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 2028 മേയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്.

കേന്ദ്ര സർക്കാർ നിർദേശിച്ച ടോട്ടക്സ് മാതൃകയേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ബദൽ മാതൃക തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുകയും ₹339.98 കോടി രൂപയുടെ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 2028 മാർച്ചിന് മുൻപായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

RDSS IT/OT പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വൈദ്യുതി വിതരണ സംവിധാനത്തിന്റെ സമഗ്ര ഡിജിറ്റൽ പരിവർത്തനം ലക്ഷ്യമിട്ട് Geographic Information System (GIS), Network Analysis (NA), Enterprise Asset Management (EAM) എന്നീ ആപ്ലിക്കേഷനുകൾ നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ IT Implementation Agency ആയി M/s SCS Tech India Private Limited-നെ തെരഞ്ഞെടുത്തിട്ടുണ്ട്.

GIS പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ വിതരണ സെക്ഷൻ ഓഫീസുകളിലെയും സബ്സ്റ്റേഷനിൽനിന്ന് ഉപഭോക്തൃ പോസ്റ്റുകൾവരെ ഉൾപ്പെടുന്ന എല്ലാ വൈദ്യുതി ആസ്തികളുടെയും സമഗ്ര സർവെ നടത്തി ജിയോ-ടാഗിങ് നടത്തും. 3 മീറ്റർ കൃത്യതയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്ന ഡാറ്റ Google Maps ബേസ് മാപ്പിൽ വിവിധ GIS ലെയറുകളായി രേഖപ്പെടുത്തുന്നതാണ്. GIS, കെ.എസ്.ഇ.ബി.എൽ.-ലെ മറ്റ് ഐ.ടി. സംവിധാനങ്ങളുമായി സംയോജിപ്പിച്ച് കൃത്യമായ നെറ്റ്വർക്ക് ഡാറ്റ ലഭ്യമാക്കുന്നതിനും ഔട്ടേജ് മാനേജ്മെന്റും ഉപഭോക്തൃ സേവനവും മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുന്നതാണ്.

Network Analysis (NA) സംവിധാനത്തിലൂടെ ലോഡ് ഫ്ലോ അനാലിസിസ്, നെറ്റ്വർക്ക് പ്ലാനിങ്, ഓവർലോഡിങ് കണ്ടെത്തൽ, വിതരണ ശൃംഖല പുനഃക്രമീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. GIS-മായി സംയോജിപ്പിച്ച NA സംവിധാനം വൈദ്യുതി ശൃംഖലയുടെ കാര്യക്ഷമമായ ആസൂത്രണത്തിനും പ്രവർത്തന മാനേജ്മെന്റിനും സഹായകരമാകും.

Enterprise Asset Management (EAM) സംവിധാനത്തിലൂടെ കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ആസ്തികളുടെയും പ്രവർത്തന കാലയളവിൽ അവയെ ട്രാക്ക് ചെയ്ത് നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. Work Force Management (WFM) ഉൾപ്പെടുന്ന ഈ സംവിധാനം, scheduled, preventive, predictive, ബ്രേക്ക്ഡൗൺ മെയിന്റനൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ജീവനക്കാരുടെ വിന്യാസം, ഔട്ടേജ് സമയത്തെ പ്രവർത്തനങ്ങൾ

എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുന്നതുമാണ്. QR/Barcode/RFID അടിസ്ഥാനത്തിലുള്ള ആസ്തി തിരിച്ചറിയൽ വഴിയും മറ്റ് ഐ.ടി. സംവിധാനങ്ങളുമായുള്ള സംയോജനത്തിലൂടെയും മനുഷ്യ ഇടപെടൽ കുറയ്ക്കാൻ സാധിക്കുന്നതാണ്.

ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ വൈദ്യുതി വിതരണ ശൃംഖലയുടെ വിശ്വാസ്യത വർധിപ്പിക്കുന്നതിനും പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ആസ്തി മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിനും ഉപഭോക്തൃ സേവന നിലവാരം ഉയർത്തുന്നതിനും സഹായകരമാകും.

(സി) ഇതിന്റെ ഭാഗമായി സ്കാഡ-എ.ഡി.എം.എസ്. (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റ അക്വിസിഷൻ-അഡ്വാൻസ്ഡ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) എന്ന നൂതനപദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

വൈദ്യുതി വിതരണ ശൃംഖല കൂടുതൽ വിശ്വസനീയവും കാര്യക്ഷമവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിനായി RDSS SCADA സ്കീമിന്റെ ഭാഗമായി കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖലയിൽ SCADA-DMS സംവിധാനങ്ങൾ നടപ്പാക്കുന്നതിന് 339.98 കോടി രൂപയുടെ കരാർ ഒപ്പുവച്ചിട്ടുണ്ട്. 2028 മാർച്ചിന് മുൻപായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് 60 ശതമാനം ഗ്രാന്റ് (ഏകദേശം 180 കോടി രൂപ) ലഭ്യമാകുന്നതാണ്.

ഈ പദ്ധതിയുടെ ഭാഗമായി 24 സബ്സ്റ്റേഷനുകളിൽ RTU-കളും 1915 എണ്ണം FRTU ഇന്റഗ്രേറ്റഡ് RMU-കളും (തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വകുപ്പ് ഉൾപ്പെടെ)

സ്ഥാപിക്കുന്നതാണ്. ഇതുവഴി 24 സബ്സ്റ്റേഷനുകളിലെ 11 കെ.വി. ഫീഡറുകൾ, RMU-കൾ എന്നിവയുടെ പ്രവർത്തനം തത്സമയം നിരീക്ഷിക്കാനും നിയന്ത്രിക്കാനും സാധിക്കും.

വൈദ്യുതി ലൈനുകളിൽ തകരാർ സംഭവിക്കുന്ന സാഹചര്യത്തിൽ, അത് ഉടൻ കണ്ടെത്തുന്നതിനും FMSR (Fault Management and System Restoration) സാങ്കേതികവിദ്യ ഉപയോഗിച്ച് തകരാറുള്ള ഭാഗം മാത്രം വേർതിരിച്ച് മറ്റ് പ്രദേശങ്ങളിൽ വൈദ്യുതി വേഗത്തിൽ പുനഃസ്ഥാപിക്കുന്നതിനും ഈ സംവിധാനങ്ങൾ സഹായകരമായിരിക്കും.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നഗരങ്ങളിൽ കൺട്രോൾ സെന്ററുകളും എറണാകുളത്ത് ഒരു ഡിസാസ്റ്റർ റെപ്ലിക്ക റിക്കവറി സെന്ററും (DRR) സ്ഥാപിക്കുന്നതാണ്. സബ്സ്റ്റേഷനുകളെയും വിതരണ ശൃംഖലയെയും SCADA സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനായി ആവശ്യമായ ഉപകരണങ്ങളും ആശയ വിനിമയ സംവിധാനങ്ങളും സജ്ജമാക്കിവരികയാണ്.

(ഡി) വേനൽക്കാലത്തെ അമിതമായ വൈദ്യുതി ഉപയോഗംമൂലം ട്രാൻസ്ഫോർമറുകളിൽ ഉണ്ടാകുന്ന ക്രമാതീതമായ ലോഡ് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ക്രമാതീതമായി ഉണ്ടാകുന്ന ലോഡ് വർധനവ് നേരിടുന്നതിനായുള്ള പ്രവർത്തികൾ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. 2024-ലെ വൈദ്യുതി ഉപഭോഗത്തിലുണ്ടായ അമിതമായ വർധനവ് കണക്കിലെടുത്ത്, ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതത് പ്രദേശത്തെ സാഹചര്യം മുൻനിർത്തി

വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരുന്നു.

2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാക്കി. പ്രധാനമായും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1,023.04 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.

ലോഡ് വർധനവ് അഭിമുഖീകരിക്കുന്നതിനായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് ഉൾപ്പെടെ 1,033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിങ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ

നൽകുന്നു. പ്രാദേശികതലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗരീതികളിലെ മാറ്റങ്ങളും പരിഗണിച്ച് നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA വിതരണ ട്രാൻസ്ഫോമറിന് പൊതുവായ സ്റ്റാൻഡേർഡ് ആയി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

ലോഡ് വർധനവ് കൈകാര്യം ചെയ്യുന്നതിനായി ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ 2026-27 വരെ നടപ്പാക്കുന്നതിനായി ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണമേഖലയുടെ ഡിജിറ്റൽവൽക്കരണം

17(*47) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ലോകത്ത് വിവരസാങ്കേതികവിദ്യാ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ സഹകരണമേഖലയിലും എത്തിക്കുന്നതിന് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിവര സാങ്കേതികവിദ്യാ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ സഹകരണ മേഖലയിൽ എത്തിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Co-operative Inspection Management System (CIMA)

സഹകരണ മേഖലയുടെ നവീകരണത്തിനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങളുടെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ് CIMA (Version 1.0).

01-03-2025 മുതൽ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും വനിതാ ഹൗസിങ് എംപ്ലോയീസ് സഹകരണ സംഘങ്ങളും ആകസ്മിക പരിശോധനകൾ CIMA ആപ്ലിക്കേഷൻ വഴിയാണ് നടത്തുന്നത്. നോൺ ക്രെഡിറ്റ് വിഭാഗത്തിൽപ്പെടുന്ന സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. Society Byelaw Registration and Amendment System (CORASS)

സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി നടപടികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി CORASS എന്ന വെബ് ആപ്ലിക്കേഷൻ CDIT-ന്റെ സഹകരണത്തോടെ നിർമ്മാണം നടത്തിവരുന്നു. നിർമ്മാണം 90 ശതമാനം പൂർത്തിയായിട്ടുണ്ട്. AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണ്ണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

3. MRF Portal (Member Relief Fund)

അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പണം ലളിതമാക്കുന്നതിനും അപേക്ഷകളുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാനും ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനും കഴിയും. ഇതുവഴി അപേക്ഷകൻ രേഖകൾക്കായി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ ഒഴിവാക്കാൻ കഴിയും.

4. "അങ്ങാടി കേരള" ആപ്പ്

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വില്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം-ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിങ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു.

ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും. ഇതിലൂടെ ഗ്രണനിലവാരം, അളവ്, വില തുടങ്ങിയ

ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും വ്യക്തതക്കുറവുകളും ലഘൂകരിക്കുകയും ചെയ്യുന്നു.

5. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്വെയർ

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ഒരു യൂണിഫോം സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കി e-tender website-ൽ പ്രസിദ്ധീകരിച്ച് ടെൻഡർ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

6. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ

സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബോർഡ് നടപ്പാക്കുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ ക്ഷേമ വികസന പദ്ധതി എന്നിവയിലേക്ക് സംഘങ്ങൾക്ക് അംഗത്വം നൽകൽ, റിസ്ക് ഫണ്ട് വിഹിതം അടവാക്കൽ, റിസ്ക് ഫണ്ട് ക്ലെയിം അപേക്ഷകൾ സ്വീകരിക്കൽ, ടി അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ച് ധനസഹായം അനുവദിക്കൽ, ക്ഷേമ വികസന പദ്ധതി

വാർഷിക വിഹിതം അടവാക്കൽ എന്നിവയാണ് പ്രധാനമായും പോർട്ടൽ സംവിധാനം ഉപയോഗിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

7. Cooperative Employee Management System (CEMS)

സർക്കാർ ജീവനക്കാർക്കായുള്ള Integrated Personnel, Payroll and Accounts Information System സോഫ്റ്റ്വെയർ ആയ SPARK മാതൃകയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു സോഫ്റ്റ്വെയർ സംവിധാനം തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ CEMS പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവഴി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ HR, സർവീസ് ഡീറ്റെയിൽസ്, ട്രെയിനിങ്, പെൻഷൻ ഡീറ്റെയിൽസ്, എക്സാമിനേഷൻ ബോർഡ്, പെൻഷൻ ബോർഡ്, എംപ്ലോയീസ് വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാകും.

8. കോ-ഓപ് കണക്ട് (Co-op Connect App)

സഹകരണ മേഖലയിലെ വിവിധ സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഈ ആപ്പിലൂടെ പ്രസവപൂർവ്-പ്രസവാനന്തര പരിചരണ സേവനങ്ങൾ, പ്ലംബിങ്, ഇലക്ട്രിക്കൽ ജോലികൾ, അപ്ലയൻസ് റിപ്പയർ, പെയിന്റിങ്, പെസ്റ്റ് കൺട്രോൾ, സലൂൺ എന്നീ സേവനങ്ങളുടെ സേവനദാതാക്കളെയും ഉപഭോക്താക്കളെയും ഡിജിറ്റലായി ബന്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

9. ഓൺലൈൻ ഡി.സി.ബി (Online DCB-Demand Collection Balance)

സഹകരണ സംഘങ്ങൾ സർക്കാരിലേക്ക് അടയ്ക്കാനുള്ള വിവിധ കുടിശ്ശികകളുടെ (വായ്പാ തിരിച്ചടവ്, ഓഹരി മൂലധനം, ഓഡിറ്റ് ഫീസ്, കെ.എസ്.ആർ. ചെലവുകൾ തുടങ്ങിയവ) ശേഖരണം പൂർണ്ണമായും ഓട്ടോമേറ്റഡ് ആക്കുന്ന സംവിധാനമാണ് ഓൺലൈൻ ഡി.സി.ബി.

വിവിധ ഓഫീസുകളിൽ നിന്നുള്ള വിവരങ്ങൾ ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നതോടെ സർക്കാരിലേക്ക് ലഭിക്കേണ്ട തുകയെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ ഏതുസമയത്തും ലഭ്യമാകും. ഇതുവഴി സഹകരണ മേഖലയും സർക്കാരും തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾക്ക് സുതാര്യത ഉറപ്പാക്കാൻ സാധിക്കും.

10. എച്ച്.ആർ.എം.എസ് (HRMS–Human Resource Management System)

നിലവിൽ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനങ്ങളും വകുപ്പ് നടത്തുന്ന വിവിധ ഔദ്യോഗിക പരിശീലനങ്ങൾക്കായി ജീവനക്കാരെ തിരഞ്ഞെടുക്കുന്നതും ജീവനക്കാരുടെ സേവന ചരിത്രം ഡിജിറ്റൽ സർവീസ് റെക്കോർഡ് ആയി സൂക്ഷിക്കുന്നതും ഈ സോഫ്റ്റ്വെയർ മുഖേനയാണ്.

11. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ച് നടപ്പാക്കിയിട്ടുണ്ട്. കാലാനുസൃതമായി അപ്ഡേഷൻ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

12. Co-operative Audit Monitoring & Information System (CAMIS)

സഹകരണ ഓഡിറ്റ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി CAMIS എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും www.camis.kerala.gov.in എന്ന പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

13. ഇ-ആഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പാക്കിവരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് ഭരണാനുമതി

നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കുകയും e-tender website-ൽ പ്രസിദ്ധീകരിച്ച് ടെൻഡർ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചും വരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിങ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിങ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് യൂണിഫോം സോഫ്റ്റ്വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

(സി) സഹകരണ വിപണന രംഗം ഹൈടെക് ആക്കുന്നത് ലക്ഷ്യമിട്ട് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വില്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിങ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു.

ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും. ഇതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും വ്യക്തതക്കുറവുകളും ലഘൂകരിക്കുകയും ചെയ്യുന്നു.

29-12-2025-ന് "അങ്ങാടി കേരള" ആപ്പിന്റെ ഉദ്ഘാടനം നടത്തി. നാല് മാസത്തെ സമയബന്ധിതമായ പദ്ധതി പ്രവർത്തനരേഖയോടെയും ഭാവിയിൽ ഡിജിറ്റൽ പേയ്മെന്റ്, ലോജിസ്റ്റിക്സ് സേവനങ്ങൾ തുടങ്ങിയവയുടെ സംയോജനത്തിനുള്ള സാധ്യതകളോടെയും കൂടെ, "അങ്ങാടി കേരള" ആപ്പ് സഹകരണ മേഖലയിലെ ഡിജിറ്റൽ നവീകരണത്തിനുള്ള പ്രധാന മുന്നേറ്റമാണ്.

(ഡി) സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ഭേദഗതി തുടങ്ങിയ പ്രവർത്തനങ്ങൾ സുഗമമായും സുതാര്യതയോടെയും കൈകാര്യം ചെയ്യുന്നതിന് സോഫ്റ്റ്വെയർ സംവിധാനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി ബൈലോ രജിസ്ട്രേഷൻ/ഭേദഗതി നടപടികൾ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനുള്ള പുതിയ വെബ്സൈറ്റ് CORASS എന്ന പേരിൽ സിഡിറ്റ്-ന്റെ

സഹകരണത്തോടെ നിർമ്മാണം നടത്തിവരുന്നു. നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണ്ണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച സി. & എ. ജി. റിപ്പോർട്ട്

18(*48) ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് 2025-ൽ പ്രസിദ്ധീകരിച്ച സി.&എ.ജി. റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് പണ ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. നടപ്പ് സാമ്പത്തിക വർഷം മാത്രം കടമെടുപ്പ് പരിധിയിൽ 20,309.94 കോടി രൂപയുടെ വെട്ടിക്കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർധനവിലൂടെ നികത്തുവാൻ സാധ്യമല്ല. അതേസമയം ചെലവുകളിന്മേൽ കടമെടുപ്പ് പരിധിയിലെ കുറവിന് ആനുപാതികമായ വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ അടിസ്ഥാന കാരണം. ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ബി) അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപ വായ്പ ഇനത്തിൽ തിരിച്ചടയ്ക്കണമെന്ന സി.&എ.ജി. റിപ്പോർട്ടിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ gross borrowing ceiling പരിധിയിൽ സംസ്ഥാനത്തിന്റെ വായ്പാ തിരിച്ചടവിനുള്ള തുകയും കൂടി ഉൾപ്പെടുന്നതാണ്. സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. വളരുന്നതിനനുസരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർധിക്കുന്നതും പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ് 10 വർഷ സെക്യൂരിറ്റികളിൽ പുറപ്പെടുവിച്ചതുമാണ് അടുത്ത വർഷങ്ങളിൽ തിരിച്ചടയ്ക്കേണ്ട പൊതുകടം ഉയരുവാനിടയാക്കിയത്. എന്നാൽ redemption pressure കുറയ്ക്കുന്നതിനും refinancing risk കുറയ്ക്കുന്നതിലേക്കുമായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഉയർന്ന കാലാവധിയിലടക്കം സെക്യൂരിറ്റികൾ പുറപ്പെടുവിച്ചുപോരുന്നുണ്ട്. തൽഫലമായി 2021-22-ൽ അടുത്ത 5 വർഷം തിരിച്ചടയ്ക്കേണ്ട പൊതുകടം ആകെ പൊതുകടത്തിന്റെ 41.04 ശതമാനമായിരുന്നുവെങ്കിൽ 2023-24-ൽ ഇത് 36.97 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ സൂചിക ഇനിയും മെച്ചപ്പെടും.

(സി) കടമെടുത്ത തുകയുടെ വെറും 5.18 ശതമാനം മാത്രമാണ് വികസന പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിഞ്ഞതെന്ന പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. വായ്പയെടുക്കുന്ന തുകയിൽ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കപ്പെടുന്നത്. കേന്ദ്ര ധന

കൈമാറ്റത്തിൽ വന്നിട്ടുള്ള ഭീമമായ കുറവുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കൂടുതൽ സംസ്ഥാന വിഹിതം കണ്ടെത്തേണ്ടി വരുന്നതുമൂലം ഉണ്ടാകുന്ന അധിക ബാധ്യതയും കാരണം വായ്പയെടുക്കുന്ന തുകകളിൽ ഭൂരിഭാഗവും റവന്യൂ കമ്മി നികത്താൻ മാത്രമേ സാധിക്കുന്നുള്ളൂ എന്നത് ഒരു വസ്തുതയാണ്. കിഫ്ബി വഴിയുള്ള മൂലധന നിക്ഷേപങ്ങളിലൂടെ മേൽ പ്രതിസന്ധി പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. അതിന്റെ ഫലപ്രാപ്തി നിലവിൽ ദൃശ്യവുമാണ്.

ശബരിമല തീർഥാടനം

19(*49) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച തീർഥാടനാനുഭവം നൽകുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിലെത്തിയിട്ടുണ്ടോ; ഈ സീസണിൽ തീർഥാടകരുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 2025-26-ലെ ശബരിമല തീർഥാടന കാലം പരാതിരഹിതമായി പൂർത്തീകരിച്ചിട്ടുള്ളതും സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൃത്യമായ ഏകോപനംമൂലം ശബരിമല

ദർശനത്തിനായി എത്തിച്ചേർന്ന അയ്യപ്പഭക്തർക്ക് ഏറ്റവും മികച്ച തീർഥാടനാനുഭവം തന്നെ നൽകാൻ സാധിച്ചിട്ടുള്ളതുമാണ്.

ശബരിമലയിൽ ദർശനം നടത്തിയ തീർഥാടകരുടെ എണ്ണം മുൻവർഷങ്ങളിലെ അപേക്ഷിച്ച് ഗണ്യമായി വർധിച്ചിട്ടുണ്ട്. 2024-25 വർഷത്തെ തീർഥാടനകാലത്ത് 5309906 പേർ തീർഥാടനം നടത്തിയ സ്ഥാനത്ത് 2025-26 വർഷം 5440289 പേർ തീർഥാടനം നടത്തിയിട്ടുണ്ട്. 130383 തീർഥാടകരുടെ വർധനവാണ് മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്. 21-12-2025 മുതൽ ഒന്നിടവിട്ട ദിവസങ്ങളിൽ ശബരിമലയിൽ ഏർപ്പെടുത്തിയ ഉച്ചസമയത്തെ അന്നദാനത്തിൽ സദ്യ ഏർപ്പെടുത്തിയിരുന്നു.

(ബി) കാനന പാതയിലൂടെ സന്നിധാനത്തേക്ക് എത്തുന്ന ഭക്തരുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിട്ടുണ്ടോ; ഈ രീതിയിൽ എത്തുന്നവരുടെ സുരക്ഷയ്ക്കും സുഗമമായ സഞ്ചാരത്തിനും എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

കാനനപാതയിലൂടെ എത്തിച്ചേർന്ന തീർഥാടകരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർധനവ് ഉണ്ടായിട്ടുണ്ട്. കാനനപാതകളിലൂടെ സന്നിധാനത്തേക്ക് എത്തുന്നവരുടെ സുരക്ഷയ്ക്കും സുഗമമായ സഞ്ചാരത്തിനുമായി സ്വീകരിച്ച ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.

ഭക്തരുടെ സുരക്ഷയ്ക്കും സുഗമമായ തീർഥാടനത്തിനുമായി കാനനപാതകളിൽ വനം വകുപ്പ് ജീവനക്കാരെയും ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇക്കോ ഗാർഡുകളെയും ചുമതലപ്പെടുത്തിയിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച സ്നേക്ക് റെസ്ക്യൂ

വിഭാഗവും എലിഫന്റ് സ്ക്വാഡും ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഉദ്യോഗസ്ഥരും ഇക്കോ ഗാർഡുകളും പാതയിലുടനീളം സജീവമായി നിലയുറപ്പിച്ചതിനാൽ മനുഷ്യ-വന്യജീവി സംഘർഷം പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. പാതയിലുടനീളം സ്ഥാപിച്ച സി.സി.ടി.വി, റിയൽ ടൈം മോണിറ്ററിങ് ക്യാമറകൾ എന്നിവ വഴി വന്യജീവികളുടെ സാന്നിധ്യം അറിയുന്നത് കൂടുതൽ സഹായകരമായിട്ടുണ്ട്. ഭക്തർക്ക് ആവശ്യമായ നിർദേശങ്ങളും അറിയിപ്പുകളും നൽകുന്നതിനായി മുക്കുഴിയിലും അഴുതക്കടവിലും ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചിരുന്നു. ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശബരിമല മണ്ഡല-മകരവിളക്ക് സീസണിന് മുന്നോടിയായി അറുപത്തിയൊന്ന് കാട്ടുപന്നികളെ പമ്പയിൽനിന്നും സുരക്ഷിതമായി മാറ്റിപ്പാർപ്പിച്ചിരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന്റെ ഭാഗമായി തീർഥാടന കാലത്ത് 232 സ്നേക്ക് റെസ്കുകൾ നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ കാനനപാതയിൽ 6 എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിച്ചു. ഇതിലൂടെ ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ച അയ്യപ്പഭക്തർക്ക് അടിയന്തര ചികിത്സയും ആവശ്യമായ ആശ്വാസവും നൽകാൻ സാധിച്ചു. കാനനപാതയിൽ ആരോഗ്യപ്രശ്നങ്ങൾ അനുഭവിച്ച 233 അയ്യപ്പഭക്തരെ സ്ട്രക്ചറിൽ ചുമന്ന് ആശുപത്രികളിലെത്തിച്ചു. മകരവിളക്ക് കാലയളവിൽ വലിയാനവട്ടത്ത് വനം വകുപ്പ് സജ്ജീകരിച്ച പ്രത്യേക മെഡിക്കൽ ക്യാമ്പിൽ 9000 ഭക്തർക്ക് ചികിത്സ നൽകിയിരുന്നു. പമ്പ-ശബരിമല പാതയിൽ പ്രവർത്തിച്ച ആംബുലൻസ് സർവീസ് ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട ഭക്തരുടെ ജീവൻ രക്ഷിക്കാൻ സഹായകമായി. ഇക്കോ ഡെവലപ്മെന്റ്

കമ്മിറ്റികളുടെ സേവനകേന്ദ്രങ്ങളും ഇക്കോ ഷോപ്പുകളും വഴി അയ്യപ്പഭക്തർക്ക് കാനനപാതകളിൽ പ്രകൃതി സൗഹാർദ്ദ വിശ്രമ സൗകര്യങ്ങൾ, ഭക്ഷണം, ടോയ്ലറ്റ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കിയിരുന്നു. കൂടാതെ താവളങ്ങളിൽ സോളാർ പവർ ഫെൻസിങ് സ്ഥാപിച്ച് സേവന കേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ താമസിക്കുന്ന അയ്യപ്പ ഭക്തരുടെ സുരക്ഷ ഉറപ്പാക്കാൻ സാധിച്ചു. കാനനപാതകളിലും ശബരിമലയിലുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിച്ചിരുന്നു. കൂടാതെ മകരജ്യോതി ദർശനത്തിനെത്തിയ ഭക്തർക്കായി പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിൽ കുടിവെള്ളം, ഭക്ഷണം, താൽക്കാലിക ടോയ്ലറ്റ്, ആംബുലൻസോടുകൂടിയ മെഡിക്കൽ സൗകര്യം, കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവീസുകൾ എന്നിവ ഏർപ്പെടുത്തിയിരുന്നു.

(സി) മണ്ഡല പൂജയ്ക്കെത്തുന്ന മുഴുവൻ തീർഥാടകർക്കും സുഗമമായ ദർശനം ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൃത്യവും ചിട്ടയുമായ ഏകോപനംമൂലം ശബരിമല ദർശനത്തിനെത്തിയ എല്ലാ തീർഥാടകർക്കും സുഗമമായ ദർശനം ഉറപ്പുവരുത്തുന്നത് സാധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കൂടാതെ മകരവിളക്ക് ദിവസം മകരജ്യോതി ദർശനത്തിനുശേഷം ഉണ്ടാകുന്ന കനത്തതിരക്ക് നിയന്ത്രിക്കുന്നതിന് കൃത്യമായ എക്സിറ്റ് പ്ലാനുകൾ തയ്യാറാക്കി

നടപ്പാക്കിയതിലൂടെ ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരെ യാതൊരു പരാതിക്കും ഇടനൽകാതെ സുരക്ഷിതമായി തിരിച്ചയയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 54 ലക്ഷത്തോളം അയ്യപ്പഭക്തർ ദർശനം നടത്തിയ ഈ സീസൺ മുൻകാലങ്ങളിൽ നിന്നെല്ലാം അപേക്ഷിച്ച് യാതൊരു പരാതിക്കും ഇടനൽകാതെ സുഗമമായാണ് പര്യവസാനിച്ചത്. 21-12-2025 മുതൽ ഒന്നിടവിട്ട ദിവസങ്ങളിൽ ശബരിമലയിൽ ഏർപ്പെടുത്തിയ ഉച്ചസമയത്തെ അന്നദാനത്തിൽ സദ്യ ഏർപ്പെടുത്തിയിരുന്നു. കൂടാതെ അടുത്ത വർഷത്തെ തീർഥാടനം സുഗമമാക്കുന്നതിന് ഉത്സവ മാന്വൽ തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം വെട്ടിക്കുറയ്ക്കൽ

20(*50) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ച് മുഴുവൻ സാമ്പത്തികഭാരവും സംസ്ഥാനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്ന പ്രവണത വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ ഇതുമൂലമുണ്ടായ അധികചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. നിലവിലുള്ള പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം 25:75, 33.33:66.67, 50:50, 60:40, 75:25 80:20 & 100:0 എന്നിങ്ങനെയാണ്. PFMS-ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കണ്ടാലും.

ക്രമ നം.	കേന്ദ്ര-സംസ്ഥാന അനുപാതം	SLS-ന്റെ എണ്ണം
1	25:75	1
2	33.33:66.67	1
3	50:50	21
4	60:40	122
5	75:25	3
6	80:20	2
7	100:0	51

2021-22 സാമ്പത്തിക വർഷം മുതൽ പുതുതായി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും 60:40 അനുപാതത്തിൽ ഉള്ളതിനാൽ സംസ്ഥാന വിഹിതത്തിലെ ചെലവ് ടി സാമ്പത്തിക വർഷം മുതൽ വർധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നത്. ഇതിൽ 100 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ'

പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകളിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര- സംസ്ഥാന വിഹിതത്തിന്റെ അനുപാതം 90:10 എന്നായിരുന്നു. പുതുതായി പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' നിയമത്തിൽ അതിന്റെ അനുപാതത്തിൽ ഭേദഗതി ഉണ്ടായിട്ടുള്ളതും ആയത് 60:40 ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന് ഉണ്ടാകും. നിലവിൽ ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ചെലവ് കേന്ദ്രസർക്കാരാണ് നിർവഹിച്ചിരുന്നത്. പുതിയ നിയമം നടപ്പാക്കി തുടങ്ങുമ്പോൾ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

അമൃത് പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരം 9 നഗരസഭകൾക്ക് (6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) പദ്ധതി തുകയുടെ 50 ശതമാനമാണ് കേന്ദ്ര വിഹിതം.

അമൃത് രണ്ടാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരമുള്ള കേന്ദ്ര വിഹിതം ചുവടെ കാണും പ്രകാരമാണ്-

1. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്ക് 33.33 ശതമാനം (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
2. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 33.33 ശതമാനം (ആലപ്പുഴ, കോട്ടയം, പാലക്കാട്)
3. ഒരു ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50 ശതമാനം (ബാക്കി 84 നഗരസഭകൾക്ക്)

അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറഞ്ഞിട്ടുണ്ട്. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ $^{1}/_{3}$ മാത്രമേ കേന്ദ്ര വിഹിതമായി ലഭിക്കുന്നുള്ളൂ. നിലവിൽ അംഗീകരിച്ചിട്ടുള്ള കാറ്റഗറി (1)-ലും (2)-ലുംപെടുന്ന നഗരസഭകൾക്ക് 714.84 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഈ നഗരസഭകൾക്ക് 50 ശതമാനമാണ് കേന്ദ്ര വിഹിതമെങ്കിൽ 1,072.26 കോടി രൂപ ലഭിക്കുമായിരുന്നു. നിലവിൽ 357.42 കോടി രൂപ കേന്ദ്ര വിഹിതത്തിൽ കുറവ് കണക്കാക്കാം. ഇത് സംസ്ഥാനത്തിനും നഗരസഭകൾക്കും അധിക ബാധ്യതയാണ്.

ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 2007-08 മുതൽ 2011-12 വരെ

കേന്ദ്ര സംസ്ഥാന വിഹിതം 85:15 എന്ന അനുപാതത്തിലും 2012-13 മുതൽ 2014-15 വരെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലും 2015-16 മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലുമാണ് പ്രവർത്തിക്കുന്നത്. കേന്ദ്രം അംഗീകരിക്കുന്ന പദ്ധതികളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് നിലവിലെ ആനുപാതികമായ 40 ശതമാനം വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്.

ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിങ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചപ്രകാരം നടത്താത്തതിനാൽ 2023-24 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഫണ്ട് നൽകിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കോ-ബ്രാൻഡിങ് പൂർത്തിയാക്കിയതായും ദേശീയ ആരോഗ്യ മിഷൻ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും 30-09-2023, 05-11-2023 എന്നീ തീയതികളിലെ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ കത്തുകൾ പ്രകാരവും 17-10-2023, 16-11-2023 എന്നീ തീയതികളിലെ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തുകൾ പ്രകാരവും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിരുന്നു.

എന്നാൽ 29-11-2023-ലെ കത്ത് പ്രകാരം ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ പേര് "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യണമെന്നും പുതിയ ബ്രാൻഡിങ് 2023 ഡിസംബർ 31-നകം പൂർത്തീകരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു. ഇതിന് മറുപടിയായി സംസ്ഥാനം എല്ലാ കോ-ബ്രാൻഡിങ് പൂർത്തിയാക്കിയതായും പുതിയ പേര് കേരളത്തിലെ ജനങ്ങൾക്ക് ആശയക്കുഴപ്പം

ഉണ്ടാക്കുമെന്നും അതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും ചൂണ്ടിക്കാണിച്ച് 13-12-2023-ലെ No.M1/402/2021-Health – part (14) പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കത്ത് നൽകിയിരുന്നെങ്കിലും കേന്ദ്ര ആരോഗ്യ മന്ത്രാലയം കേന്ദ്ര പദ്ധതി വിഹിതം അനുവദിച്ചില്ല. അതിനുശേഷം സംസ്ഥാനം 26-06-2024-ലെ G.O.(Rt) No. 1543/2024/H&FWD പ്രകാരം കേന്ദ്രം നിഷ്കർഷിച്ച ബ്രാൻഡിങ് ആയ "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യേണ്ടതാണെന്ന ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമാണ് കേന്ദ്രം 2024-25-ൽ ഫണ്ട് അനുവദിച്ചത്.

2023-24 സാമ്പത്തിക വർഷം 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ എൻ.എച്ച്.എം.-ന് കുടിശ്ശികയായത്. (278.27 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലും 358.61 കോടി രൂപ ദേശീയ ആരോഗ്യമിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിത ഇനത്തിലും.) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

		രൂപ കോടിയിൽ		
		പദ്ധതി അടങ്കൽ	ഫണ്ട് ലഭിച്ചത്	ബാക്കി തുക
കേന്ദ്ര വിഹിതം	കേന്ദ്ര വിഹിതം (Cash Grant)	358.61	0	358.61
	Kind Grant	85.99	85.99	0
	Infrastructure Maintenance (JPHN Salary) Reimbursement mode	381.42	103.15	278.27
ആകെ കേന്ദ്ര വിഹിതം		826.02	189.14	636.88

സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)

പി.എം.ശ്രീ. പദ്ധതിയുടെ ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 2023-24 മുതൽ ലഭിക്കാനുള്ള അർഹമായ കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

(തുക കോടിയിൽ)

ക്രമ നം.	സാമ്പത്തിക വർഷം	അംഗീകരിച്ച പദ്ധതി	ആനുപാതിക കേന്ദ്രവിഹിതം (60%)	കേന്ദ്രവിഹിതം ലഭിച്ചത്	കേന്ദ്ര വിഹിതം ലഭിക്കാനുള്ളത്
1	2023-24	702.72	421.62	141.06	188.58
2	2024-25	855.90	513.54	0	513.54
3	2025-26	751.01	446.01	92.41	353.6
ആകെ		2309.63	1381.17	233.47	1055.72

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പിന്നാക്ക വിഭാഗവികസന വകുപ്പ് മുഖേന 2 സ്കോളർഷിപ്പ് പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിവന്നിരുന്നത്.

1. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണിത്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡപ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര വിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവും ആക്കിയിട്ടുണ്ട്. പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം സമൂലമാറ്റങ്ങളോടുകൂടിയാണ് പദ്ധതി നടപ്പാക്കിവരുന്നത്.

സംസ്ഥാനത്തിനുള്ളിൽ ഹയർസെക്കൻഡറി കോഴ്സുകൾക്കും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ അർഹരായ പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്കും സംസ്ഥാനത്തിനകത്തെ സി.എ., സി.എം.എ., സി.എസ്. കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ടി പദ്ധതി പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നു.

100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കിയിരുന്ന ടി പദ്ധതി കേന്ദ്ര വിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവുമാക്കി മാറ്റിയതിലൂടെ ഈ പദ്ധതി നടത്തിപ്പിൽ 2023-24 മുതൽ 2025-26 വരെ ആകെ 41.02 കോടി രൂപ സംസ്ഥാനത്തിന് അധിക ചെലവ് ആയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. വിഭാഗം വിദ്യാർഥികൾക്ക് പ്രതിവർഷം 1500 രൂപ വീതം 50 ശതമാനം കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതിയാണിത്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഷ്കരിച്ച കേന്ദ്രമാനദണ്ഡ പ്രകാരം ടി പദ്ധതിക്ക് 50 ശതമാനം എന്ന കേന്ദ്ര വിഹിതം 60 ശതമാനമായി ഉയർത്തുകയും 9, 10 ക്ലാസ്സുകളിലെ ഒ.ബി.സി., ഇ.ബി.സി. വിഭാഗം വിദ്യാർഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി പ്രതിവർഷം 4,000 രൂപയായി സ്കോളർഷിപ്പ് തുക വർധിപ്പിക്കുകയും ചെയ്തു.

50 ശതമാനം വിഹിതം എന്നത് കേന്ദ്രം 60 ശതമാനമായി ഉയർത്തിയെങ്കിലും കേന്ദ്ര സർക്കാർ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ക്ലാസുകളിലെ വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ 'കെടാവിളക്ക്' എന്ന പേരിൽ 2023-24 മുതൽ സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിരുന്നു. ഈ ചെലവ് പൂർണ്ണമായും സംസ്ഥാനം വഹിക്കുന്നു. ഇതിനായി കഴിഞ്ഞ 3 വർഷങ്ങളിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

'കെടാവിളക്ക്' സ്കോളർഷിപ് പദ്ധതി			
ക്രമ നം.	വർഷം	ബജറ്റ് വിഹിതം	ചെലവ്
1	2023-24	25 കോടി	17,28,16,500
2	2024-25	15 കോടി	14,97,49,500
3	2025-26	15 കോടി	14,99,17,500
ആകെ		55 കോടി	47,24,83,500

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിത അനുപാതത്തിൽ വീണ്ടും മാറ്റം വരുത്തുന്നത് ജനപ്രിയ പദ്ധതികളുടെ നടത്തിപ്പിനെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനം നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി വിഹിതത്തിലും ഇത്തരത്തിൽ അനുപാതം മാറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഇതിലൂടെ ഉണ്ടാകുന്ന അധിക ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിത അനുപാതത്തിൽ മാറ്റം വരുത്തുന്നത് പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകേണ്ടത് അവിദഗ്ധ വേതനം (100 ശതമാനവും കേന്ദ്ര വിഹിതം) മെറ്റീരിയൽ (75 ശതമാനം കേന്ദ്ര വിഹിതം) ഭരണ ചെലവ് (100 ശതമാനവും കേന്ദ്ര വിഹിതം) എന്നീ ഇനങ്ങളിലാണ്. വിവിധ ഘടകങ്ങളിൽ നിലവിലുണ്ടായിരുന്ന അനുപാതവും പുതിയ പദ്ധതിയിലെ അനുപാതവും ചുവടെ ചേർക്കുന്നു.

നിലവിലെ ഫണ്ടിങ് പാറ്റേൺ

ഇനം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
അവിദഗ്ധ വേതനം	100%	0
വിദഗ്ധ/അർധവിദഗ്ധ വേതനം, മെറ്റീരിയൽ ചെലവ്	75%	25%
ഭരണപരമായ ചെലവ്	100%	0

പുതിയ നിയമം പ്രകാരമുള്ള ഫണ്ടിങ് പാറ്റേൺ

ഇനം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം

അവിദഗ്ധ വേതനം	60%	40%
വിദഗ്ധ/അർധവിദഗ്ധ വേതനം, മെറ്റീരിയൽ ചെലവ്	60%	40%
ഭരണപരമായ ചെലവ്	60%	40%

2025-26 സാമ്പത്തിക വർഷം 5 കോടി തൊഴിൽ ദിനങ്ങളാണ് കേന്ദ്രം ആദ്യഘട്ടം അനുവദിച്ചത്. സാധാരണയായി ഒരു വർഷം സംസ്ഥാനത്ത് 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാറുണ്ട്. കൂടുതൽ സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ തുക കേന്ദ്രം അനുവദിച്ചിരുന്നു. എന്നാൽ പുതിയ നിയമത്തിൽ കേന്ദ്രം അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് (Normative Allocation) ഉപരിയായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണമായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങൾക്കുണ്ടാകും. കൂടാതെ പദ്ധതി ചെലവിന്റെ അനുപാതം പുതിയ നിയമത്തിൽ 60:40 എന്നാക്കി മാറ്റിയിട്ടുണ്ട്. ഇപ്രകാരം പരിശോധിക്കുമ്പോൾ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന് 2,806 കോടി രൂപ വരെ അധിക ബാധ്യത ഉണ്ടാകുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് വിവേചനപരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ; വർധിച്ച ചെലവുകൾ നേരിടുന്നതിന് തനത് വരുമാനം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ഏകപക്ഷീയമായി നിശ്ചയിക്കുന്നതിനാൽ ഇവ പാലിക്കുന്നതിൽ സംസ്ഥാനത്തിന് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിൽ കുറവ് വന്നതിനാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തിയും അർഹമായ കേന്ദ്ര വിഹിതം കേന്ദ്രസർക്കാർ അനുവദിച്ചിരുന്നില്ല.

വിവിധ കാരണങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ മുൻ വർഷങ്ങളിലും നടപ്പുവർഷവും കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വേതന വിതരണത്തിൽ ഉണ്ടായിട്ടുള്ള താമസവും കേന്ദ്രസർക്കാർ പദ്ധതിയിൽ കൊണ്ടുവന്നിട്ടുള്ള സാങ്കേതികവിദ്യകളുടെ പോരായ്മകളും പദ്ധതിയെ തൊഴിലാളികൾക്കിടയിൽ അനാകർഷണമാക്കുന്നതിന് ഇടയാക്കിയിട്ടുള്ളതും ഓരോ സാമ്പത്തികവർഷവും പദ്ധതിയിൽ തൊഴിൽ ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതുമാണ്.

കേന്ദ്ര വിഹിതത്തിലുണ്ടാകുന്ന കുറവുകൾ സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ചാണ് സംസ്ഥാനം നികത്തുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ കഴിഞ്ഞ 2 സാമ്പത്തിക വർഷത്തെ Accountant General- Finance Accounts കണക്ക് ചുവടെ കണ്ടാലും.

(തുക കോടിയിൽ)

ക്രമ നം.	സാമ്പത്തിക വർഷം	സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം
1.	2023-24	74329.01
2.	2024-25	76642.19

2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2025 ഡിസംബർ വരെ 59,634.86 കോടി രൂപയാണ്. ആയത് 2024 ഡിസംബർ മാസം വരെയുള്ള തനത് നികുതി വരുമാനത്തേക്കാൾ 4,387.58 കോടി രൂപ അധികമാണ്.

സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തികമായ പങ്ക് കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി ലഭ്യമാകുന്ന തുക സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

21(*51) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ ഇനങ്ങളിലുള്ള ചെലവ് ഉയർന്നതുമൂലം റവന്യൂ-ധനകമ്മി ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന കാലയളവിലെ ചെലവുകൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത തലത്തിൽ ധനലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം, ചരക്ക് സേവന നികുതി നടപ്പാക്കിയതിലെ അപാകതകൾ, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ പ്രതിഫലിച്ച കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പൊതുകണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽനിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള

കയറ്റുമതി ഇറക്കുമതി നയങ്ങൾ, അമേരിക്ക ഏർപ്പെടുത്തിയ ഉയർന്ന താരിഫ്, റഷ്യ-ഉക്രെയ്ൻ യുദ്ധം, മധ്യപൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക മുരടിപ്പ് എന്നിവ സംസ്ഥാന സമ്പദ് വ്യവസ്ഥയേയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ഗുരുതരമായ പണഞെരുക്കമാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 2025 സെപ്തംബർ മാസത്തിൽ ചരക്ക് സേവന നികുതി നിരക്ക് പരിഷ്കരണം നടപ്പാക്കിയതും പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ അവസാനപാദ കടമെടുപ്പ് പരിധിയിൽനിന്നും ഏകദേശം 6000 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിയെന്നത് വസ്തുതയാണ്. ചരക്ക് സേവന നികുതി നിരക്ക് പരിഷ്കരണംമൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപ വരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠനം വെളിപ്പെടുത്തുന്നത്.

സമ്പദ്വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരോ വർഷവും കൂടുതൽ വിഹിതമാണ് സംസ്ഥാനം വകയിരുത്തുന്നത്. സമ്പദ്വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം

നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസന ചെലവുകൾ തടസ്സപ്പെടാതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ 2.60-ഉം 4.56-ഉം ആയിരുന്നത് 2024-25 സാമ്പത്തിക വർഷത്തിൽ യഥാക്രമം 2.49 ശതമാനവും 3.86 ശതമാനവുമായി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം അനുസരിച്ചും 2025 ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ചും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്മേലുള്ള റവന്യൂ കമ്മിയും ധനകമ്മിയും യഥാക്രമം 1.81-ഉം 2.67-ഉം ശതമാനം വീതമാണ്. ഇത് മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിൽ 2.38-ഉം 3.55-ഉം ശതമാനം വീതമായിരുന്നു.

മേൽ പ്രതിപാദിത പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ മാർഗരേഖ തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ദൈനംദിന ധന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ അതത് സമയത്ത് സർക്കാർ സ്വീകരിക്കുന്നുണ്ട്.

നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെ സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കൽ

22(*52) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇതിലൂടെ ഈ സാമ്പത്തിക വർഷം ഉണ്ടാകുന്ന കുറവ് എത്രയാണ്; വിശദമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകിപോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോൽപാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക

വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ ഊർജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനമായ 6,645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിനുണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽനിന്നും നടപ്പുസാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4,324.50 കോടി രൂപയും GRF-ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 3,323 കോടി രൂപയും 01-04-2025-നുമുമ്പ് single nodal account-ലേക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തൽഫലമായി നടപ്പുസാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ ആകെ 20,309.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കടമെടുപ്പ് പരിധിയിലെ വെട്ടിക്കുറവ് കാരണം ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം മുതൽ ഇതുവരെ കടമെടുപ്പ് പരിധിയിലെ വെട്ടിക്കുറവ് കാരണമുണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

കടമെടുപ്പിൽ കേന്ദ്ര സർക്കാർ വരുത്തിയ വെട്ടിക്കുറവ് മൂലമുണ്ടായ വരുമാന നഷ്ടം				
സാമ്പത്തിക വർഷം	ഓഫ് ബജറ്റ്മൂലം കടമെടുപ്പിൽ ഉണ്ടായ കുറവ്	പൊതു കണക്കിനത്തിലെ സമാഹരണം	മറ്റ് കുറയ്ക്കലുകൾ (CSS,GRF മുതലായവ)	ആകെ കുറയ്ക്കലുകൾ
2021-22		19976.60		19976.60
2022-23	8,076.74	9611.86		17688.60
2023-24	2,144.52	201.96		2346.48
2024-25	5,694.14	3159.68		8853.82
2025-26	12,655.72	4324.50	3,329.72	20309.94
ആകെ	**28,571.12**	**37,274.60**	**3,329.72**	**69,175.44**

(സി) കേന്ദ്രസർക്കാരിന്റെ ഇത്തരം നടപടികളെ എതിർക്കുന്നതിനോ ഈ വിഷയം ചർച്ച ചെയ്യുന്നതിനോ അർഹതപ്പെട്ട വിഹിതം ചോദിച്ചുവാങ്ങുന്നതിനോ സംസ്ഥാനത്തുനിന്നുള്ള ചില ജനപ്രതിനിധികൾ ശ്രമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ അർഹതപ്പെട്ട കടമെടുപ്പ് വിഹിതം അനുവദിക്കണമെന്നും വെട്ടിക്കുറച്ച കടമെടുപ്പ് വിഹിതം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് നിരവധി തവണ കത്തുകളും നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും ധനമന്ത്രിതലത്തിലും നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ജനപ്രതിനിധികൾ മുഖേന

ഫലപ്രദമായ ഇടപെടലുകൾ സാധ്യമാക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായിട്ടുള്ള എം.പി.-മാരുടെ സമ്മേളനത്തിൽ ഇക്കാര്യം അവതരിപ്പിച്ചിട്ടുമുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ഇടപെടുന്ന ജനപ്രതിനിധികളുടെ നിവേദനങ്ങൾക്ക് പാർലമെന്റിനകത്ത് അനുഭാവപൂർണ്ണമായ മറുപടി നൽകുമ്പോഴും സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ കേന്ദ്രസർക്കാരിൽനിന്നും തീരുമാനങ്ങൾ ഉണ്ടാകുന്നില്ലെന്നത് പരിഗണിച്ച് നിയമ നടപടി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.

(ഇ) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് സി.&എ.ജി.-യുടെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി.&എ.ജി.-യുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതു കടം 2,67,989.99 കോടി രൂപയാണ്. 2024-25 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് സി.&എ.ജി. പ്രസിദ്ധീകരിച്ചിട്ടില്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത

23(*53) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ക്രമാനുഗതമായി റവന്യൂ കമ്മി ഇല്ലാതാക്കിയും കടം നിയന്ത്രിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമ്പത്തിക ഉത്തരവാദിത്ത നിയമം അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം പുരോഗതി പ്രാപിച്ചുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും സംസ്ഥാനം പണഞെരുക്കം അഭിമുഖീകരിച്ചപ്പോഴും ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ടിൽ പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ ധനസ്ഥിതി നിലനിർത്താൻ സംസ്ഥാനം ശ്രമിച്ചുപോരുന്നുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

						(ശതമാനത്തിൽ)
ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും						
സാമ്പത്തിക വർഷം	റവന്യൂകമ്മി/ ജി.എസ്.ഡി.പി.		ധനകമ്മി/ ജി.എസ്.ഡി.പി.		കടം/ജി.എസ്.ഡി.പി.	
	ലക്ഷ്യം	കൈവരിച്ചത്	ലക്ഷ്യം	കൈവരിച്ചത്	ലക്ഷ്യം	കൈവരിച്ചത്

2021-22	-0.5	2.25	4.5	4.04	34.7	36.31
2022-23	-0.8	0.89	4	2.46	34.5	34.87
2023-24	-1.2	1.60	3.5	3.02	33.7	34.52
2024-25	-1.7	2.49 (Draft Accounts of AG)	3.5	3.86 (Draft Accounts of AG)	32.8	34.87
2025-26	-2.5	1.9 (B.E)	3	3.16 (B.E)	32	33.77 (B.E)

മൂലധന നിക്ഷേപത്തിന് കടമെടുപ്പ് പരിധിക്കുപുറത്ത് കേന്ദ്ര സർക്കാർ നൽകുന്ന പലിശരഹിത വായ്പയുൾപ്പെടുന്നതാണ് മേൽ കണക്കുകൾ. അതൊഴിവാക്കിയാൽ മേൽ സൂചികകൾ വീണ്ടും മെച്ചപ്പെടുന്ന അവസ്ഥയുണ്ട്. ധന ഉത്തരവാദിത്ത ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള ധന ലക്ഷ്യങ്ങൾ പൂർണ്ണമായും പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. പ്രകൃതി ദുരന്തങ്ങൾ, ജി.എസ്.ടി. നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, രാജ്യാന്തര വ്യാപാര നയങ്ങളിലുണ്ടായിട്ടുള്ള വ്യതിയാനങ്ങൾ, ഭൗമ രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവ സംസ്ഥാന സമ്പദ് വ്യവസ്ഥയേയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ ശേഷിയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും ക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ സാമൂഹിക സേവന മേഖലകളിലെ ചെലവുകളിൽ വെട്ടിക്കുറവ് വരുത്താൻ സർക്കാർ

തയ്യാറായിരുന്നില്ല, അതിനാൽ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കാൻ സാധിച്ചിട്ടില്ല. പരമാവധി പണം സമ്പദ് വ്യവസ്ഥയിലേക്ക് ഒഴുക്കി പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായാണ് വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതം സംസ്ഥാനം ഓരോ വർഷവും വകയിരുത്തിവരുന്നത്.

(ബി) അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്നും ഇതുമൂലം സമ്പദ്വ്യവസ്ഥയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

സ്ഥായിയായ സ്വഭാവമുള്ള സ്പഷ്ടമായ ആസ്തികൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൂലധന ചെലവുകൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഗണ്യമായ തുക ബജറ്റിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ 2025 ഡിസംബർ മാസം വരെയുള്ള 5 വർഷ കാലയളവിനുള്ളിൽ മൂലധന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുള്ളത് 68,223.42 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കായി സംസ്ഥാനം ഗ്രാന്റായി നൽകുന്ന തുകയുടെ നല്ലൊരു പങ്കും റവന്യൂ ഇനത്തിൽ പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കായി വിനിയോഗിക്കുന്നു. ഇതോടൊപ്പം കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ റവന്യൂ ചെലവുകളിൽ ഉൾപ്പെടുന്ന മറ്റ് മൂലധന ചെലവുകളുടെ ആകെ തുക 22,231.96 കോടി രൂപയാണ്. ഇതിനുപുറമെ പ്രത്യേക ഉദ്ദേശസ്ഥാപനമായ കിഫ്ബി മുഖാന്തരം സംസ്ഥാനത്ത് ഈ കാലയളവിനുള്ളിൽ

നടപ്പാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ചെലവഴിച്ച തുക 28,036.03 കോടി രൂപയാണ്. മൂലധന ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

സാമ്പത്തിക വർഷം	മൂലധന ചെലവ്	റവന്യൂ അക്കൗണ്ടിൽ ഉൾപ്പെട്ട മൂലധന ചെലവ്	കിഫ്ബി മുഖാന്തരം മൂലധന പ്രോജക്ടുകൾക്ക് ചെലവാക്കിയ തുക
1	2	3	4
2021-22	14191.73	5205.75	8459.47
2022-23	13996.56	4847.47	4673.28
2023-24	13584.45	3818.45	4724.75
2024-25	15082.41 (Journal Entry)	6264.8 (As per draft Accounts of AG)	6467.12
2025-26	11368.27 (ഡിസംബർ വരെ) (Monthly Civil Accounts)	2095.49 (ഡിസംബർ വരെ)	3711.41 (22.01.2026 വരെ)
ആകെ തുക	**68223.42**	**22231.96**	**28036.03**

ഇത്തരത്തിൽ മൂലധന നിക്ഷേപങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന തുക ഭാവിയിൽ സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം ഉയർത്തുകയും സാമ്പത്തിക വളർച്ചയ്ക്ക് ഉത്തോലകമായി വർത്തിക്കുകയും ചെയ്യും. KIIFB മുഖേന ഏകദേശം ഒരു ലക്ഷം കോടി രൂപ മൂല്യമുള്ള പദ്ധതികൾ സുപ്രധാന മേഖലകളിൽ ഏറ്റെടുത്തുകൊണ്ട് അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത വികസനത്തിനുള്ള സ്ഥലമേറ്റെടുത്ത് കൊടുക്കുന്നതിനുള്ള തുക നൽകിയതും കോവളം-ബേക്കൽ ഉൾപ്പെടെയുള്ള

ഉൾനാടൻ ജലപാത വികസനവും കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളും ക്രൂയിസ് വെസ്സൽ നിർമ്മാണവും തീരദേശ ക്രൂയിസ് സേവനങ്ങളും കണക്കിവിറ്റി വർധിപ്പിക്കും.

വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണം ആരംഭിക്കുന്നതിലൂടെ ദേശീയതലത്തിൽ അംഗീകരിച്ച വ്യാവസായിക ഇടനാഴി – സ്മാർട്ട് സിറ്റി പദ്ധതികളിൽ തയ്യാറെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. കൂടാതെ, പരമ്പരാഗതവും ജി.ഐ. ടാഗ് ചെയ്തതുമായ ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകല്പന ചെയ്ത യൂണിറ്റി മാൾ നിർമ്മാണ പൂർത്തീകരണത്തിലേക്ക് അടുക്കുന്നു.

വിഴിഞ്ഞം തുറമുഖം, തുറമുഖാധിഷ്ഠിതവും ലോജിസ്റ്റിക്സ് നിയന്ത്രിതവുമായ വ്യവസായവൽക്കരണത്തിലൂടെ ഉയർന്ന മൂല്യമുള്ള തുറമുഖ വ്യവസായ മേഖലകളുടെ വികസനം സാധ്യമാക്കുകയും കയറ്റുമതി അധിഷ്ഠിതവും മൂല്യവർധിതവുമായ കൃഷിയും അനുബന്ധ മേഖലകളും വഴി ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന പ്രേരക ശക്തിയായി നിലകൊള്ളുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പവർകട്ടില്ലാതാക്കിയതും കാർബൺ ന്യൂട്രൽ പാതയിലേക്ക് സ്വീകരിച്ച നടപടികളും കർഷകർക്ക് ഉൽപന്നങ്ങളുടെ മൂല്യവർധനവിനും വിപണനത്തിനും കൈക്കൊണ്ട ക്രിയാത്മക

ഇടപെടലുകളും സമ്പദ്‌വ്യവസ്ഥയുടെ ചലനാത്മകത വർധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

7.5 ലക്ഷത്തിനടുത്ത് തൊഴിലവസരങ്ങൾ വ്യവസായിക മേഖലയിൽ സൃഷ്ടിച്ചുകൊണ്ടും ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചുകൊണ്ടും "ഇയർ ഓഫ് എന്റർപ്രൈസസ്" എന്ന പദ്ധതിയുടെ കീഴിൽ 3.53 ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ നാളിതുവരെ കൈക്കൊണ്ട ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ കഴിഞ്ഞിരുന്നു. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനം 2015-16-ലെ 5.26 ലക്ഷം കോടി രൂപയിൽനിന്നും 2024-25-ൽ 12.49 ലക്ഷം കോടി രൂപയായും പ്രതിശീർഷ വരുമാനം 2016-ലെ 1,66,246 രൂപയിൽ നിന്നും 2024-ൽ 3,08,338 രൂപയായും ഉയർന്നിട്ടുള്ളത് സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ സൂചിപ്പിക്കുന്നതാണ്. നിലവിൽ കൈവരിച്ചിട്ടുള്ള മേൽ നേട്ടങ്ങൾ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ പൂർണ്ണമായും അധിഷ്ഠിതമായതും (Zero Cash) ഗതാഗത കുരുക്കില്ലാത്തതും (Zero Congestion) മലിനീകരണ രഹിതമായതും (Zero Emissions) മാലിന്യമുക്ത സംവിധാനത്തോടുകൂടിയതും (Zero Waste) അപകടരഹിതവുമായ (Vision Zero) സുരക്ഷിതവും ശുചിത്വവുമുള്ള നഗരങ്ങളോടുകൂടിയ ഒരു നവ കേരളം സൃഷ്ടിക്കാൻ സഹായകരമാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കലടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദ്ധീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം

24(*54) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിനായുള്ള അനുബന്ധ സൗകര്യ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായുള്ള പ്രധാന അനുബന്ധ സൗകര്യങ്ങളുടെ (റോഡ്, റെയിൽ കണക്റ്റിവിറ്റി) പുരോഗതി താഴെപ്പറയും പ്രകാരമാണ്.

1. തുറമുഖത്തേക്കുള്ള റോഡ് കണക്റ്റിവിറ്റി (അനുബന്ധ സൗകര്യം): ദേശീയപാത (NH-66)-യിൽനിന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള താൽക്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക കണക്റ്റിവിറ്റി ക്രമീകരണങ്ങൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ 'പ്രൊവിഷണൽ പെർമിഷൻ' (Provisional Permission for Access) നൽകുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്.

2. തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി (അനുബന്ധ സൗകര്യം): തുറമുഖത്തെ ദക്ഷിണ റെയിൽവേ നെറ്റ്‌വർക്കുമായി ബാലരാമപുരം റെയിൽവേ സ്റ്റേഷനിൽ ബന്ധിപ്പിക്കുന്ന 10.7 km റെയിൽ കണക്റ്റിവിറ്റി കെ.ആർ.സി.എൽ. (KRCL) വഴിയാണ് നടപ്പാക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇ.പി.സി. (EPC) ടെൻഡർ രേഖകൾ തയ്യാറാക്കുകയും അവയുടെ അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

(ബി) വിഴിഞ്ഞം തുറമുഖത്തുനിന്നും കരമാർഗം ചരക്കുനീക്കം സാധ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തുറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡിനെ ദേശീയപാത (എൻ.എച്ച്-66) യുമായി ബന്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

വിഴിഞ്ഞം തുറമുഖത്തുനിന്നും കരമാർഗം ചരക്കുനീക്കം സാധ്യമാക്കുന്നതിനായി NH-66-ലേക്ക് റോഡ് കണക്റ്റിവിറ്റിയും ദക്ഷിണ റെയിൽവേ ശൃംഖലയിൽ ബാലരാമപുരം സ്റ്റേഷനിലേക്ക് റെയിൽ കണക്റ്റിവിറ്റിയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1) തുറമുഖത്തേക്കുള്ള റോഡ് കണക്റ്റിവിറ്റി

(i) ഹ്രസ്വകാല/താൽക്കാലിക കണക്റ്റിവിറ്റി:

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള താൽക്കാലിക ദേശീയപാത (NH-66) കണക്റ്റിവിറ്റി ഇപ്പോൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഘട്ടത്തിലെത്തിയിരിക്കുന്നു. കഴക്കൂട്ടം-മുക്കോല റൂട്ടിലെ ദേശീയപാത 66-ൽ (NH-66), പോർട്ട് അപ്രോച്ച് റോഡിനെ നിലവിലുള്ള സർവീസ് റോഡുകളുമായും യോജിക്കുന്ന ലൊക്കേഷനുകളിൽ ബന്ധിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ വിവിധ താൽക്കാലിക പ്രവേശന ക്രമീകരണങ്ങൾക്കായി പ്രൊവിഷണൽ പെർമിഷൻ (Provisional Permission for Access) നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ii) ആധുനിക രീതിയിലുള്ള സ്ഥിരം കണക്റ്റിവിറ്റി:

NHAI-യുമായി നടത്തിയ സാങ്കേതിക ചർച്ചകളെത്തുടർന്ന്, പോർട്ട് റോഡും ഔട്ടർ റിങ് റോഡും NH66-മായി സാങ്കേതികമായി മികച്ച ആധുനിക രീതിയിലുള്ള ഇന്റർസെക്ഷൻ വഴി സംയോജിപ്പിക്കേണ്ടതുണ്ടെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിനായി ഒരു ഇന്റർചേഞ്ച് സൊല്യൂഷൻ (ക്ലോവർലീഫ് കോൺഫിഗറേഷൻ) ആണ് NHAI നിർദേശിച്ചിട്ടുള്ളത്. 2024 ഡിസംബർ 6-ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് (MoRTH) മന്ത്രിയുടെയും കേരള മുഖ്യമന്ത്രിയുടെയും അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തടസ്സരഹിതമായ ഗതാഗതം സാധ്യമാകുന്ന റോഡ് കണക്റ്റിവിറ്റിയുടെ ആവശ്യകതയും ചർച്ച ചെയ്യുകയുണ്ടായി. ഈ കണക്റ്റിവിറ്റി നടപ്പാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2) തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി:

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ റെയിൽ കണക്റ്റിവിറ്റി, ചരക്ക് ഗതാഗതം കാര്യക്ഷമമാക്കുന്നതിനും തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുമായി ബാലരാമപുരം സ്റ്റേഷനിലേക്കുള്ള ഒരു പ്രത്യേക റെയിൽ ലൈനായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) വഴിയാണ് നടപ്പാക്കുന്നത്. ഏകദേശം 10.7 കിലോമീറ്റർ നീളമുള്ള (അതിൽ ഏകദേശം 9.43 കിലോമീറ്റർ ഭൂഗർഭ ടണൽ ഉൾപ്പെടെ) ഈ റെയിൽ ലൈനിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) KRCL തയ്യാറാക്കിയതും ആവശ്യമായ സർക്കാർ/റെയിൽവേ അനുമതികളും പരിസ്ഥിതി അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ആയതിന് ഭരണാനുമതിയും

നൽകിയിട്ടുണ്ട്. ബാലരാമപുരത്തെ ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്. വിഴിഞ്ഞത്തെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 193 കോടി രൂപ ഇതിനകം കെട്ടിവച്ചിട്ടുണ്ട്. ഇ.പി.സി. (EPC) ടെൻഡർ രേഖകൾ തയ്യാറാക്കുകയും അവയുടെ അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. പദ്ധതി ഡിസംബർ 2028-ഓടെ പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം.

(സി) വിഴിഞ്ഞം തുറമുഖ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത് സാമൂഹ്യ ക്ഷേമത്തിലധിഷ്ഠിതമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. നാളിതുവരെ 114.30 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ, ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF), നൈപുണ്യ പരിശീലന കേന്ദ്രം (ASAP), കുടിവെള്ള വിതരണം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC), മത്സ്യബന്ധന തുറമുഖ നവീകരണം, പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം, കുടിവെള്ള വിതരണം തുടങ്ങിയ ജനക്ഷേമപരമായ പദ്ധതികളും പ്രദേശത്ത് സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

(ഡി) പ്രദേശത്തെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് ആവശ്യമായ നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF)

വിഴിഞ്ഞത്ത് ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി, യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പദ്ധതി പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. പദ്ധതിയുടെ മേൽനോട്ടവും പ്രവർത്തനവും CKCL കോർപ്പറേഷൻ മേൽനോട്ടത്തിൽ നടത്തുന്നതാണ്. ഇതിനായി തുക VISL നൽകിയിട്ടുണ്ട്.

ഓടകളുടെ നിർമ്മാണം

പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെത്തുന്ന മാലിന്യവാഹികളായ ഓടകൾ സംയോജിപ്പിച്ചുകൊണ്ട് ഓട നിർമ്മിക്കുന്ന പദ്ധതി HED പൂർത്തീകരിച്ചു. ഇതിനാവശ്യമായ തുക VISL നൽകിയിരുന്നു. ഇതോടെ പോർട്ട് പ്രദേശത്തിന്റെ പുറത്ത് മലിനജലം കെട്ടിക്കിടക്കുന്നത് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഗംഗയാർ തോടിന്റെ ശുചീകരണം

മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം ഗംഗയാർ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇവിടെ മാലിന്യം വലിച്ചെറിയുന്നത് തടയാൻ വേലികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

4. ജൈവ മാലിന്യ നിർമാർജനം

ജൈവ മാലിന്യ നിർമാർജനത്തിനായി 50-ൽപ്പരം തുമ്പൂർമൂഴികൾ വിഴിഞ്ഞം മേഖലയിൽ സ്ഥാപിക്കുകയും മാലിന്യങ്ങളുടെ സമാഹരണം, സംസ്കരണം എന്നിവ പ്രദേശത്ത് നടപ്പിക്കിവരികയും ചെയ്യുന്നു.

5. പഴകിയ മാലിന്യക്കൂമ്പാരങ്ങൾ നിർമാർജനം

വിഴിഞ്ഞത്തെ ചില പ്രദേശത്തുണ്ടായിരുന്ന പഴകിയ മാലിന്യക്കൂമ്പാരങ്ങൾ പ്രത്യേകം സമാഹരിച്ച് ബയോ മൈനിങ് ചെയ്യുന്ന പദ്ധതി വലിയ കടപ്പുറം കേന്ദ്രമാക്കി നടത്തിവരുന്നു.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തൽ

25(*55) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന-പ്രസരണ-വിതരണ രംഗങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.-ക്ക് പ്രവർത്തനലാഭം നേടുന്നതിന് സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പ്രസരണ വിഭാഗത്തെ സംബന്ധിക്കുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ പ്രസരണ വിഭാഗത്തിൽ ഒരു 400 kV സബ്സ്റ്റേഷനും ആറ് 220 kV സബ്സ്റ്റേഷനുകളും എഴ് 110 kV സബ്സ്റ്റേഷനുകളും നാല് 33 kV സബ്സ്റ്റേഷനുകളും പുതിയതായി കമ്മിഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, ഒരു സബ്സ്റ്റേഷന്റെ ശേഷി 220 kV ആക്കിയും ഒൻപത് സബ്സ്റ്റേഷനുകളുടെ ശേഷി 110 kV ആക്കിയും ഉയർത്തിയിട്ടുണ്ട്.

1.23 കിലോമീറ്റർ 400 kV ലൈനുകളും 596 കിലോമീറ്റർ 220 kV ലൈനുകളും 738 കിലോമീറ്റർ 110 kV ലൈനുകളും 196 കിലോമീറ്റർ 33 kV ലൈനുകളും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസരണ നഷ്ടം മാർച്ച് 2021-നെ അപേക്ഷിച്ച് (3.849%) സെപ്റ്റംബർ 2025-ൽ (3.276%) 0.57 ശതമാനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായുള്ള പ്രധാന പദ്ധതികൾ 2018 മുതൽ 2022 ജൂൺ വരെ നടപ്പാക്കിയ ദ്യുതി 1, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദ്യുതി 2 തുടങ്ങിയവയാണ്. ഈ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന് പ്രവർത്തനലാഭമുണ്ടാകാൻ സഹായകരമായിട്ടുണ്ട്.

എച്ച്. റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ദ്യുതി 1, 2 പദ്ധതികളുടെ ഭാഗമാക്കിയിരുന്നു. ഇതിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

ഈ പദ്ധതികൾ നടപ്പാക്കിയതുവഴി വിതരണ നഷ്ടം കുറയ്ക്കാനും വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും അപകട സാധ്യതയുള്ള പഴയ ലൈനുകളും ഉപകരണങ്ങളും മാറ്റിയതിലൂടെ പൊതുസുരക്ഷയും ജീവനക്കാരുടെ സുരക്ഷയും വർധിപ്പിക്കാനും വൈദ്യുതി

വിതരണത്തിലെ സ്ഥിരത മെച്ചപ്പെട്ടതോടെ ഉപഭോക്തൃ സംതൃപ്തി വർധിപ്പിക്കാനും തൽഫലമായി പരാതികൾ ഗണ്യമായി കുറയ്ക്കാനും സാധിച്ചു.

പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് ദ്യുതി പദ്ധതികൾ നിർണ്ണായകമായ മുന്നേറ്റം നടത്തിയതിൽ ഏറ്റവും പ്രകടമായത് വിതരണ നഷ്ടം കുറച്ചതാണ്. 2017-2018-ൽ 9.39 ശതമാനം ആയിരുന്ന വിതരണ നഷ്ടം, ദ്യുതി 1 പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം 2022-2023-ൽ 6.87 ശതമാനമായി കുറഞ്ഞിരുന്നു. ഇത് ഏകദേശം 754 MU ലാഭിച്ചതിന് തുല്യമായി കണക്കാക്കുന്നു. ദ്യുതി 2 പദ്ധതി ആരംഭിച്ചതിനുശേഷം 2024–25 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വിതരണ നഷ്ടം വീണ്ടും 6.61 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇതുവഴി ഏകദേശം 90 MU വൈദ്യുതി ലാഭം ലാഭിച്ചതായി കണക്കാക്കുന്നു. ഒരു യൂണിറ്റിന് ശരാശരി ₹6.6 രൂപ എന്ന നിരക്ക് പരിഗണിക്കുമ്പോൾ ദ്യുതി 1, 2 പദ്ധതികളിലായി വിതരണ നഷ്ടം കുറച്ചതിലൂടെ ഏകദേശം ₹557 കോടി രൂപയുടെ വൈദ്യുതി വാങ്ങൽ കുറയ്ക്കാൻ സാധിച്ചതായി കണക്കാക്കപ്പെടുന്നു.

ഈ 5 വർഷ കാലയളവിൽ 15,486.61 കോടി രൂപയുടെ മൂലധന നിക്ഷേപം ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ടി വികസന പ്രവർത്തനങ്ങൾ വഴി മെച്ചപ്പെട്ട വൈദ്യുതി തടസ്സങ്ങളില്ലാതെ ലഭ്യമാക്കാനും പ്രസരണ വിതരണ നഷ്ടം കുറഞ്ഞതുവഴി വൈദ്യുതി വാങ്ങൽ ചെലവിലുള്ള കുറവുമൂലം പ്രവർത്തന ലാഭം നേടുന്നതിനും കാരണമായിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ ഉൽപാദന രംഗത്ത് സൗരോർജ മേഖലയിൽ 1798.94 MW ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിൻഡ് മേഖലയിൽ സ്വകാര്യ കാറ്റാടിനിലയങ്ങൾ വഴി ആഭ്യന്തര വൈദ്യുതോൽപാദനത്തിൽ 1.25 മെഗാവാട്ടിന്റെ വർധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലവൈദ്യുത പദ്ധതികൾവഴി ആഭ്യന്തര വൈദ്യുതോൽപാദനത്തിൽ 132.036 മെഗാവാട്ടിന്റെ വർധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; ഇത് കെ.എസ്.ഇ.ബി.-യുടെ അറ്റാദായം വർധിപ്പിക്കാൻ സഹായകമായോയെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	വൈദ്യുതി വാങ്ങൽ ചെലവ് (രൂപ കോടിയിൽ)
2021-22	8532.16
2022-23	11240.62
2023-24	12982.59
2024-25	12749.65

2024-25 കാലയളവിലാണ് മുൻവർഷത്തെ അപേക്ഷിച്ച് വൈദ്യുതി വാങ്ങലിൽ കുറവ് രേഖപ്പെടുത്തിയത്. ആ വർഷം കമ്പനി ലാഭത്തിലാണ് പ്രവർത്തിച്ചത്.

(ഡി) വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25-08-2023-ന് നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച **ടോട്ടക്സ് മാതൃക**യേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ബദൽ മാതൃക തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ, ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ടോട്ടക്സ് മാതൃകയിൽ ലഭിച്ച നിരക്കുകൾ ബദൽ മാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ 33 ശതമാനം മുതൽ 151 ശതമാനംവരെ കൂടുതലായിരുന്നു. 2026 ആഗസ്റ്റ് 31-ന് തീർക്കാൻ ഉദ്ദേശിച്ച ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 171285 മീറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി., 22 കെ.വി. ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി., ഇ.വി. പോലുള്ള പ്രത്യേക വിഭാഗങ്ങൾ ഒഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

ബദൽ മാതൃക പ്രകാരമുള്ള രണ്ടാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ

മീറ്ററുകൾ സ്മാർട്ട് മീറ്ററായി മാറുന്നതും 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതും ഉൾപ്പെടെ 50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെൻഡർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ ബില്ലിങ് ഉപഭോക്താക്കൾ, സോളാർ ഉപഭോക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 2028 മേയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്.

കേന്ദ്ര വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും

26(*56) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾ സംസ്ഥാനത്തെ സാമ്പത്തികമായി കൂടുതൽ സമ്മർദ്ദത്തിലാക്കാനുദ്ദേശിച്ചുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകി പോരുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന

ആഭ്യന്തരോൽപാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുസാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനമായ 6,645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിനുണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽനിന്നും നടപ്പുസാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4,324.50 കോടി രൂപയും GRF-ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെത്തുടർന്ന് 3,323 കോടി രൂപയും 01-04-2025-ന് മുൻപ് single nodal account-ലേക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തൽഫലമായി നടപ്പുസാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ (കടമെടുപ്പിൽ) ആകെ 20,309.94 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇപ്രകാരം വരവിലുണ്ടാകുന്ന കുറവ് തനത് വരുമാനം വർധിപ്പിച്ചും ചെലവുകൾ കുറച്ചും പരിഹരിക്കുക പ്രായോഗികമല്ല. അതിന്റേതായ ബുദ്ധിമുട്ടുകൾ സർക്കാർ അഭിമുഖീകരിക്കുന്നുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുക്കാറുണ്ടോ; കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര സർക്കാരിന്റെ പ്രാമുഖ്യം സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളെ ഗണ്യമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ പുനഃക്രമീകരിച്ചതുമൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(ബി&സി) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം 25:75, 33.33:66.67, 50:50, 60:40, 75:25, 80:20 & 100:0 എന്നിങ്ങനെയാണ്. PFMS-ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കണ്ടാലും.

ക്രമ നം.	കേന്ദ്ര-സംസ്ഥാന അനുപാതം	SLS-ന്റെ എണ്ണം
1	25:75	1
2	33.33:66.67	1
3	50:50	21
4	60:40	122
5	75:25	3
6	80:20	2
7	100:0	51

2021-22 സാമ്പത്തിക വർഷം മുതൽ പുതുതായി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും 60:40 അനുപാതത്തിൽ ഉള്ളതിനാൽ സംസ്ഥാന വിഹിതത്തിലെ ചെലവ് ടി സാമ്പത്തിക വർഷം മുതൽ വർധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണുണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നത്. ഇതിൽ 100 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിബന്ധനകളിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 2016-17 സാമ്പത്തിക വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെയും 2018-19 വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെയും സംസ്ഥാന വിഹിതം 25 ശതമാനം എന്നത് 40 ശതമാനമായി വർധിപ്പിച്ചിട്ടുണ്ട്. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം അഭ്യർഥിച്ചിട്ടുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽനിന്നുണ്ടായിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 90:10 ആയിരുന്നു. പുതുതായി പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത് - ഗാരന്റി ഫോർ റോസ്ഗർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' നിയമത്തിൽ അതിന്റെ അനുപാതത്തിൽ ഭേദഗതി ഉണ്ടായിട്ടുള്ളതും ആയത് 60:40 ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിനുണ്ടാകും. നിലവിൽ ഇപ്രകാരമുണ്ടാകുന്ന സാമ്പത്തിക ചെലവ് കേന്ദ്രസർക്കാരാണ് നിർവഹിച്ചിരുന്നത്. പുതിയ നിയമം നടപ്പാക്കിത്തുടങ്ങുമ്പോൾ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

അമൃത് ഒന്നാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരം 9 നഗരസഭകൾക്ക് (6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) പദ്ധതി തുകയുടെ 50% ആണ് കേന്ദ്ര വിഹിതം.

അമൃത് രണ്ടാം ഘട്ട പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരമുള്ള കേന്ദ്ര വിഹിതം ചുവടെ കാണും പ്രകാരമാണ്:-

1. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള കോർപ്പറേഷനുകൾക്ക് 33.33% (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)

2. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 33.33% (ആലപ്പുഴ, കോട്ടയം, പാലക്കാട്)
3. ഒരു ലക്ഷത്തിനുതാഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് 50% (ബാക്കി 84 നഗരസഭകൾക്ക്)

അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറഞ്ഞിട്ടുണ്ട്. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ $^1/_3$ മാത്രമേ കേന്ദ്ര വിഹിതമായി ലഭിക്കുന്നുള്ളൂ. നിലവിൽ അംഗീകരിച്ചിട്ടുള്ള കാറ്റഗറി (1)-ലും (2)-ലും പെടുന്ന നഗരസഭകൾക്ക് 714.84 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഈ നഗരസഭകൾക്ക് 50 ശതമാനമാണ് കേന്ദ്ര വിഹിതമെങ്കിൽ 1072.26 കോടി രൂപ ലഭിക്കുമായിരുന്നു. നിലവിൽ 357.42 കോടി രൂപ കേന്ദ്ര വിഹിതത്തിന്റെ കുറവ് കണക്കാക്കാം. ഇത് സംസ്ഥാനത്തിനും നഗരസഭകൾക്കും അധിക ബാധ്യതയാണ്.

ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം നിലവിൽ 60:40 എന്ന അനുപാതത്തിലാണ്. 2007-08 മുതൽ 2011-12 വരെ കേന്ദ്ര സംസ്ഥാന വിഹിതം 85:15 എന്ന അനുപാതത്തിലും 2012-13 മുതൽ 2014-15 വരെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലും 2015-16 മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലുമാണ് നൽകിവരുന്നത്. കേന്ദ്രം അംഗീകരിക്കുന്ന പദ്ധതികളുടെ സുഗമമായ

പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് നിലവിലെ 40 ശതമാനം വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്.

(ഡി) സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണ ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഒരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കലടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക്

നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദുർവിനിയോഗം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾ

27(*57) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും പൂർത്തീകരണത്തിലും ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

കേരളത്തിൽ ഏറെ സാധ്യതയുള്ളതും ദീർഘകാലാടിസ്ഥാനത്തിൽ ലാഭകരവുമായ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഈ സർക്കാർ ക്രിയാത്മകമായ ഇടപെടലുകളാണ് നടത്തിവരുന്നത്.

- ഈ സർക്കാരിന്റെ കാലയളവിൽ അപ്പർ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (2 MW /5.14 MU), പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/45.02 MU), പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 MW/ 24.70 MU), തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/ 99 MU), പൊരിങ്ങൽകുത്ത് മൈക്രോ (0.036 MW,

0.25 MU) പള്ളിവാസൽ വിപുലീകരണം പദ്ധതി (60 MW, 153.90 MU) ഉൾപ്പെടെ 132.036 MW-ന്റെ ജലവൈദ്യുത പദ്ധതികൾ KSEBL മുഖേന പൂർത്തിയാക്കി.

- 127.50 MW ശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നു. ഇതിൽ നിർമ്മാണം പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24 MW), മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW), ചെങ്കുളം ഓമെന്റേഷൻ (85 MU) ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW), അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി (24 MW) എന്നിവയാണ്.

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും പൂർത്തീകരണത്തിലുമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

2021-2026 കാലഘട്ടത്തിൽ സംസ്ഥാനത്ത് വൈദ്യുത ഉൽപാദന ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർ മുഖേന ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4 MW), മുക്കുടം (4 MW) ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവ കമ്മിഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉൽപാദനം ആരംഭിക്കുകയും ചെയ്യുകഴിഞ്ഞു.

(ബി) മുടങ്ങിക്കിടന്ന ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

40 MW ശേഷിയുള്ള തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നതിനാൽ 2017-ൽ കരാർ ഫോർക്ലോസ് ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2018-ൽ കരാർ നൽകുകയും ചെയ്തു. പ്രതികൂല കാലാവസ്ഥ, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച് പ്രസ്തുത പദ്ധതി 28-10-2024-ൽ കമ്മിഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

60 MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ നിർമ്മാണ കരാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിശ്ചിത പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ 2018-ൽ ടെർമിനേറ്റ് ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2018-ൽ വ്യത്യസ്ത കരാറുകൾ നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 2024 മുതൽ പ്രസ്തുത പദ്ധതിയിൽനിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം നടന്നുവരുന്നു.

ഇ.എം.സി.-എസ്.എച്ച്.പി. സെൽ മുഖേന സർക്കാർ സ്വകാര്യ സംരംഭകർക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് മുടങ്ങി കിടക്കുന്ന പദ്ധതികളൊന്നും ഇല്ല.

(സി) ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ആകെ വൈദ്യുതി ഉൽപാദനം എത്രയാണ്; ഈ സർക്കാരിന്റെ കാലയളവിൽ ഉൽപാദനത്തിലുണ്ടായ വർധനവ് എത്രയാണ്; വിശദാംശം നൽകാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിൽ വരുന്ന ജലവൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷിയും ആകെ വൈദ്യുതി ഉൽപാദനവും താഴെ പറയും പ്രകാരമാണ്.

സാമ്പത്തിക വർഷം	ജലവൈദ്യുത നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി (in MW)	മൊത്തം ഉൽപാദനം (in MU)
2021-22	2063	9822.99
2022-23	2087.10	8636.52
2023-24	2096.3	5647.09
2024-25	2196.3	7343.76

ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ ഉൽപാദന രംഗത്ത് ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര വൈദ്യുതോൽപാദനത്തിൽ 132.036 മെഗാവാട്ടിന്റെ വർധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ രംഗത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. പുതുതായി ചുവടെ ചേർക്കുന്ന വിവിധ പ്രോജക്ടുകൾ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

* 2030-ഓടെ കെ.എസ്.ഇ.ബി.എൽ. പുതുതായി 88 MW ശേഷിയുള്ള ചെറുകിട ഹൈഡ്രോ പദ്ധതികൾ ലക്ഷ്യമിടുന്നു.

* ഏകദേശം 1179.10 മെഗാവാട്ട് സ്ഥാപിത ശേഷിവരുന്ന 7 ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കലും നടന്നുവരുന്നു.

*** പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ**

വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രകൃതിദത്ത ബാറ്ററി സ്റ്റോറേജുകൾ എന്ന നിലയിലാണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കെ.സ്.ഇ.ബി.എൽ. ആവിഷ്കരിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. 2000 MW-ന്റെ 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള അണക്കെട്ടുകളുമായി ബന്ധപ്പെട്ടവയാണ്. പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ നിലവിൽ 3000 MW-ന്റെ 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

- നവീകരിച്ച ചെറുകിട ജല വൈദ്യുത നയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ,
- സ്വകാര്യ/ സഹകരണ/ പൊതുമേഖല/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് നയത്തിന്റെ കരടും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം

28(*58) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നതുവഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തുവരുന്നു.

പ്രസ്തുത സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ സംസ്ഥാനത്തിന് സാധിച്ചിരുന്നു. ആയതിന്റെ തുടർച്ചയായ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2024 (SBRAP 2024)-ലെ പതിപ്പിലും കേരളത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്.

SBRAP 2024 പ്രകാരം സംസ്ഥാനത്തെ "ഫാസ്റ്റ് മൂവർ" വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷത്തെ വിലയിരുത്തലിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങളാണ് "ഫാസ്റ്റ് മൂവർ" വിഭാഗത്തിൽ വന്നിരിക്കുന്നത്. ഇതുകൂടാതെ വിവിധ വകുപ്പുകളിലൂടനീളം നടപ്പാക്കിയ പരിഷ്കാരങ്ങളുടെ മൊത്തത്തിലുള്ള ഗുണനിലവാരം, സ്ഥിരത എന്നിവയെ അടിസ്ഥാനമാക്കി 4 വ്യവസായ കേന്ദ്രീകൃത മേഖലകളിൽ (Business Entry, Labour Regulation Enablers, Obtaining Utility Permits, Sector-Specific Healthcare എന്നീ മേഖലകളിൽ) "ടോപ്പ് അച്ചീവർ" സ്ഥാനവും സംസ്ഥാനം കരസ്ഥമാക്കി.

2016-ൽ 22.8 ശതമാനം മാത്രമായിരുന്ന കേരളത്തിന്റെ സ്കോർ, സ്ഥിരതയാർന്ന പരിഷ്കരണങ്ങളിലൂടെ 2022-ൽ 91 ശതമാനത്തിലേക്കും 2024-ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 99.1 ശതമാനത്തിലേക്കും ഉയർന്നു. കഴിഞ്ഞ തവണ രണ്ട് വിഭാഗങ്ങളിൽ (വ്യവസായ കേന്ദ്രീകൃതം) ഒന്നാം സ്ഥാനത്തെത്തിയ കേരളം ഈ തവണ

നാല് വിഭാഗങ്ങളിൽ ഒന്നാമതെത്തുകയും ഉന്നത ശ്രേണിയായ 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തിൽ എത്തുകയും ചെയ്തു.

(ബി) അന്തർദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ സംസ്ഥാനത്തിലെ വ്യവസായ അന്തരീക്ഷത്തെ മികച്ചതാക്കി മാറ്റുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തിലെ വ്യവസായ അന്തരീക്ഷത്തെ മികച്ചതാക്കി മാറ്റുന്നതിനും അതുവഴി ലോക ശ്രദ്ധ കേരളത്തിലേക്ക് ആകർഷിക്കാനുമായി സംസ്ഥാന സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനും അതുവഴി കേരളത്തിലെ തൊഴിൽ അവസരങ്ങളുടെ സാധ്യത വർധിപ്പിക്കാനും കേരളത്തിലെ വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകാനും കേരള സർക്കാർ സംസ്ഥാന വ്യവസായ നയം 2023 രൂപീകരിച്ചു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ–നൈപുണ്യം വർധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ

അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇവ കൂടാതെ കയറ്റുമതി പ്രോത്സാഹന നയം, ലോജിസ്റ്റിക് പാർക്ക് നയം, ഇ.എസ്.ജി. നയം, ഹൈടെക് മാനുഫാക്ചറിങ് ഫ്രെയിംവർക് എന്നിവ സർക്കാർ ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്.

നിക്ഷേപകരെ നേരിൽ കണ്ട് ചർച്ചകൾ നടത്തുന്നതിനും കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം ആഗോള തലത്തിൽ അവതരിപ്പിക്കുന്നതിനുമായി വിവിധ ദേശീയ–അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും സംസ്ഥാനത്തിന്റെ സജീവ പങ്കാളിത്തം സർക്കാർ ഉറപ്പുവരുത്തിവരുന്നു. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള യാത്രയിലെ സുപ്രധാന നാഴികക്കല്ലായി മാറിയിട്ടുണ്ട്. ഈ നിക്ഷേപ സംഗമത്തിലൂടെ ഏകദേശം 1.81 ലക്ഷം കോടി രൂപ ആസ്തിയുള്ള 449 ധാരണാപത്രങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവയിൽ 35,608 കോടി രൂപയിൽ അധികം ആസ്തി വരുന്ന 109-ഓളം പദ്ധതികൾ ഇതിനോടകം ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഇവയുടെയെല്ലാം നടപ്പാക്കൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തിയത് സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ എത്തിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ കൈക്കൊണ്ട സമഗ്രവും സമയബന്ധിതവുമായ ഇടപെടലുകൾ സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ഗണ്യമായി സഹായകമായിട്ടുണ്ട്. ഈ ഇടപെടലുകളുടെ ഫലമായാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 എന്ന ആഗോള നിക്ഷേപ സംഗമം സർക്കാരിന് വിജയകരമായി സംഘടിപ്പിക്കാനായതും അതിലൂടെ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടി രൂപയിലധികം മൂല്യമുള്ള നിക്ഷേപ താൽപര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചതും. സംസ്ഥാന സർക്കാർ 2023-ലെ വ്യവസായ നയത്തിലൂടെ കേരളത്തിന്റെ മുന്നോട്ടുള്ള വികസനത്തിൽ നിർണ്ണായകവും സുസ്ഥിരവുമായതായി തിരഞ്ഞെടുത്ത ടൂറിസം, ഭക്ഷ്യസംസ്കരണം, ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ, ഇലക്ട്രോണിക് ഘടക നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ് തുടങ്ങിയ മേഖലകളിലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന ഭൂരിഭാഗം നിക്ഷേപ താൽപര്യപത്രങ്ങളും ഉൾപ്പെടുന്നത്. പ്രസ്തുത മേഖലകളിൽ കൃത്യമായ മാർഗനിർദേശങ്ങളോടെ സർക്കാർ നടപ്പാക്കിയ അടിസ്ഥാന സൗകര്യ വികസനം, നയപരിഷ്കാരങ്ങൾ, അനുമതികളുടെ ലളിതവൽക്കരണം തുടങ്ങിയ നിക്ഷേപക സൗഹൃദമായ നടപടികൾ, കൃത്യമായി നിക്ഷേപകരിലേക്ക് എത്തിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

നിക്ഷേപ താൽപര്യപത്രങ്ങളെ യഥാർഥ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികളുടെ ഫലമായി 20-01-2026 വരെ 109 പദ്ധതികൾ നിർമ്മാണ പ്രവർത്തന ഘട്ടത്തിലേക്ക് കടന്നിട്ടുണ്ട്. ഇതിലൂടെ 35,608.22 കോടി രൂപയുടെ നിക്ഷേപവും 50,813 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നിക്ഷേപ നടപടികൾ ലളിതമാക്കൽ, സമയബന്ധിത അനുമതികൾ, നയസ്ഥിരത, അടിസ്ഥാന സൗകര്യങ്ങളുടെ ശക്തീകരണം, നിക്ഷേപകർക്കുള്ള ഫെസിലിറ്റേഷൻ സംവിധാനങ്ങൾ എന്നിവ ചേർന്ന് കേരളത്തെ വിശ്വാസയോഗ്യവും നിക്ഷേപ സൗഹൃദവുമായ സംസ്ഥാനമായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം, സംരംഭകർക്ക് വളരാനും പുതുമകൾ സൃഷ്ടിക്കാനും അനുയോജ്യമായ ഒരു പോസിറ്റീവ് ഇക്കോസിസ്റ്റം സംസ്ഥാനത്ത് രൂപപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന പ്രചരണങ്ങളെ തിരുത്തിക്കൊണ്ട് സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഭാഗമായി മുന്നോട്ടുവച്ച സംരംഭക വർഷം, ആഗോള നിക്ഷേപക സംഗമം എന്നീ പദ്ധതികൾ വിജയകരമായി മാറ്റാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാധിച്ചിട്ടുണ്ട്. സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന തരത്തിലുള്ള കുപ്രചാരണങ്ങളെ യാഥാർഥ്യബോധത്തോടെ തിരുത്തുന്നതിനായി സർക്കാർ നടപ്പാക്കിയ നയപരിഷ്കാരങ്ങളും ഘടനാപരമായ ഇടപെടലുകളും നിക്ഷേപകർക്ക് മുന്നിൽ

ഉയർത്തിക്കാട്ടാനും സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ കൃത്യമായി നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാനും സാധിച്ച ഒരു വേദിയായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025.

വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടത്തിയ നിരവധി ഇടപെടലുകളിലൂടെ പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിൽ അവസരങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവ സമയബന്ധിതമായി യഥാർഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് സർക്കാർ നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ എജൻസികളിലൂടെ കൃത്യമായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താൽപര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്യുവരുന്നത്. 100 കോടിയും അതിനുമുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-

യാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു. ഇത്തരത്തിൽ പദ്ധതികൾ കൃത്യമായി വിലയിരുത്തി അവയ്ക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി അതത് ഏജൻസികളിൽ ഓരോ പദ്ധതിക്കും നോഡൽ ഓഫീസർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താൽപര്യപത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യപത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യപത്രവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും വിവിധ അനുമതികൾക്കായി നിക്ഷേപകർ അതത് വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്. ഇതിലൂടെ യഥാസമയം വസ്തുനിഷ്ഠമായ രീതിയിൽ പദ്ധതികളെ വിലയിരുത്താനും അവ നേരിടുന്ന പ്രശ്നങ്ങൾക്ക് മറ്റ് വകുപ്പുകളുമായി ചേർന്ന് പരിഹാരം കാണാനും വ്യവസായ വകുപ്പിന് സാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 109 നിക്ഷേപ താൽപര്യപത്രങ്ങളെ നിക്ഷേപമാക്കി

പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന തെറ്റായ പ്രചരണങ്ങളെ തിരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നയപരവും ഭരണപരവുമായ ഇടപെടലുകൾ സംരംഭകത്വ വർഷം (Year of Enterprises) ക്യാമ്പയിനും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും (Invest Kerala Global Summit) ഉൾപ്പെടെയുള്ള പ്രധാന പദ്ധതികളുടെ വിജയത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ 2025-26 കാലയളവിൽ സംരംഭകത്വ വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏകദേശം 388500-ത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം 25,850 കോടി രൂപയിലധികം നിക്ഷേപം ആകർഷിക്കപ്പെടുകയും 8.2 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ചെറുകിട തുറമുഖങ്ങളുടെ വികസനം

29(*59) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പൂർണ്ണസജ്ജമാകുന്നതോടെ സുഗമമായ ചരക്കുനീക്കത്തിനായി മറ്റ് ചെറുകിട-ഇടത്തരം തുറമുഖങ്ങളും വികസിപ്പിക്കപ്പെടേണ്ടതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണസജ്ജമാകുന്നതോടുകൂടി കേരളതീരത്തിലൂടെയുള്ള ചരക്ക് ഗതാഗതത്തിൽ കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോട് ചേർന്നുള്ള കേരളാ മാരിടൈം ബോർഡിന്റെ കോവളം-വിഴിഞ്ഞം തുറമുഖം, കൊല്ലം, ബേപ്പൂർ, അഴിക്കൽ എന്നീ തുറമുഖങ്ങൾ ഇതിനകം തന്നെ ചരക്ക് ഗതാഗതം കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഇടത്തരം ചരക്ക്-യാത്ര കപ്പലുകൾ അടുക്കുവാനും സുഗമമായി പ്രവർത്തിക്കാനും ആവശ്യമായ കപ്പൽ ചാലിന്റെ ആഴം, വാർഫുകൾ, യന്ത്ര സാമഗ്രികൾ എന്നിവ ഈ തുറമുഖങ്ങളിൽ നിലവിലുണ്ട്. അന്തരാഷ്ട്ര കപ്പലുകൾ അടുക്കുവാൻ ആവശ്യമായുള്ള സെക്യൂരിറ്റി സർട്ടിഫിക്കറ്റായ ഐ.എസ്.പി.എസ്. (International Ship and Port Facility Security code) നാല് തുറമുഖങ്ങൾക്കും നേടിയെടുത്തിട്ടുണ്ട്. കസ്റ്റംസ് എമിഗ്രേഷൻ സർട്ടിഫിക്കറ്റുകൾ അഴിക്കൽ ഒഴികെയുള്ള തുറമുഖങ്ങൾക്ക് നേടിയെടുത്തിട്ടുണ്ട്. അഴിക്കലും ഇത് നേടിയെടുക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ നിന്നുള്ള സഹായം കൂടി സ്വീകരിച്ച് ആഴം കൂടുതൽ വർധിപ്പിക്കാനുള്ള പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു. അഴിക്കൽ തുറമുഖത്തും ആഴം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ ഇൻലാൻഡ് തുറമുഖമായ കോട്ടയം ഇൻലാൻഡ് പോർട്ട് ആൻഡ് ഇൻലൻഡ് കണ്ടെയ്നർ ടെർമിനലിലും കസ്റ്റംസ് ക്ലിയറൻസ് അടക്കമുള്ള ചരക്ക് ഗതാഗതത്തിനുള്ള അനുമതികൾ നിലവിലുണ്ട്.

(ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിൽ സ്വകാര്യ പങ്കാളിത്തം ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള കോവളം-വിഴിഞ്ഞം, കൊല്ലം, അഴിക്കൽ, ബേപ്പൂർ തുറമുഖങ്ങൾ, കോട്ടയം ഇൻലാൻഡ് പോർട്ട് ആൻഡ് കണ്ടെയ്നർ ടെർമിനൽ എന്നിവയാണ് ഇതിനായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ നടത്തിപ്പിനും വികസനത്തിനും സ്വകാര്യ പങ്കാളിത്തം തേടുവാനുള്ള കേരളാ മാരിടൈം ബോർഡിന്റെ നിർദേശം പരിശോധിച്ചുവരുന്നു.

കണ്ണൂർ അഴിക്കലിൽ മലബാർ അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക കൺസൾട്ടന്റായ M/s Howe എഞ്ചിനീയറിങ് പ്രോജക്ട്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ തുറമുഖത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) 22-08-2024-ലെ ജി.ഒ. (എം.എസ്)നമ്പർ 17/2024/എഫ്&പി & 07-11-2025-ലെ ജി.ഒ. (എം.എസ്) നമ്പർ 27/2025/എഫ്&പി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ ആകെ വികസന ചെലവ് 3 ഘട്ടങ്ങളിലായി 5,047 കോടി രൂപയാണ് (യഥാക്രമം 3,742 കോടി രൂപ + 375 കോടി രൂപ + 930 കോടി രൂപ). ഇത് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ട്രഷറി നിയന്ത്രണം

30(*60) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പത്ത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ മാറുന്നതുമായി ബന്ധപ്പെട്ട് 19-08-2025-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. ഇതിന്റെ ഭാഗമായാണ് സാധാരണ പേയ്മെന്റുകൾക്കുള്ള വെയ്സ് ആൻഡ് മീൻസ് പരിധി 10 ലക്ഷമാക്കിയിട്ടുള്ളത്. എന്നാൽ ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള പേയ്മെന്റുകൾക്ക് ഈ പരിധി ബാധകമല്ല. കേന്ദ്രാവിഷ്കൃത

പദ്ധതികൾ (SNA SPARSH onboarded) പോലെയുള്ള മുൻഗണന അർഹിക്കുന്ന മറ്റ് സ്കീം/ചെലവുകൾക്ക് വെയ്സ് ആൻഡ് മീൻസ് പരിധി ഉയർത്തി നൽകിയിട്ടുണ്ട്. ടി പരിധിക്ക് മുകളിലുള്ള മറ്റ് ബില്ലുകൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും മുൻഗണനാക്രമം നിശ്ചയിച്ചും അനുവദിച്ചുവരുന്നുണ്ട്. കൂടാതെ, 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെയ്സ് ആൻഡ് മീൻസ് പരിപാലനത്തിന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ നിലവിലെ പണഞെരുക്കത്തിനിടയിലും പ്രവൃത്തികളുടെ ബില്ലുകൾ ഭംഗം കൂടാതെയും മുൻഗണന പാലിച്ചും അനുവദിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

(ബി) പ്രസ്തുത നിയന്ത്രണം നിലനിൽക്കുന്നുണ്ടെങ്കിൽ സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടര മാസം മാത്രം ശേഷിച്ചിരിക്കെ ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ അവസാന പാദത്തിലുള്ള കടമെടുപ്പ് പരിധിയിൽ നിന്നുമാത്രം ഏകദേശം 6,000 കോടി രൂപ പ്രധാനമായും SPV-കളുടെ കടമെടുപ്പ് ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്. ആയത് സാമ്പത്തികസ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഇതിനെതിരെ കേന്ദ്രത്തിൽ നിരന്തര സമ്മർദം ചെലുത്തിവരികയാണ്. കൃത്യമായ ഇടവേളകളിൽ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുന്ന സാഹചര്യങ്ങളിൽ ട്രഷറി നിയന്ത്രണത്തിന് ആവശ്യമായ പുനഃപരിശോധന നടത്തുന്നത് സർക്കാർ പിന്തുടർന്നുവരുന്ന നടപടിക്രമമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പട്ടികജാതി പട്ടികവർഗ വകുപ്പുമായി ബന്ധപ്പെട്ടുള്ള ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ടുകൾ

1(414) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധന വിഭാഗം 2025 ഒക്ടോബർ മുതൽ 2026 ജനുവരി വരെ പട്ടികജാതി പട്ടികവർഗ വകുപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും ആയതിൽ ക്രമക്കേട് കണ്ടെത്തിയത് എത്ര പരിശോധനകളിലാണെന്നും വ്യക്തമാക്കുമോ; ക്രമക്കേട് കണ്ടെത്തിയ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

2025 ഒക്ടോബർ മുതൽ 2026 ജനുവരി വരെ പട്ടികജാതി പട്ടികവർഗ വകുപ്പുമായി ബന്ധപ്പെട്ട് ഒരു പരിശോധനാ റിപ്പോർട്ട് മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. അതിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു+.

വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം

2(415) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ സർവീസിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയതിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര്, പുനർനിയമനം നൽകിയ തസ്തിക, അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവയുൾപ്പെടുന്ന വിവരത്തോടൊപ്പം പുനർനിയമനം നൽകിയ ഇനത്തിൽ സർക്കാരിന് ആകെ ചെലവായ തുകയുടെ വിശദാംശങ്ങളും തരം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തോടുള്ള കേന്ദ്രത്തിന്റെ സാമ്പത്തിക നിലപാട് തിരുത്താൻ നടപടി

3(416) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന് സംസ്ഥാനത്തോട് സാമ്പത്തിക കാര്യത്തിൽ നിഷേധാത്മക നിലപാടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് തിരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളിലേക്കുള്ള സാമ്പത്തിക വിഹിതം കേന്ദ്ര സർക്കാർ തടഞ്ഞുവയ്ക്കുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ പണമാണ് കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നികുതി വിഹിതത്തിലെ കുറവും കടമെടുപ്പിലെ വെട്ടിക്കുറവും എങ്ങനെയൊക്കെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കാൻ കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മിഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷൻ കാലയളവിലെ 3.875 ശതമാനത്തിൽനിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മിഷൻ കുറച്ചു. 11-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 3.057 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.50 ശതമാനമായി കുറഞ്ഞു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.

പൊതു കടം-ജി.ഡി.പി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിങ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനുള്ള ഒരു മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ.

15-ാം ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾക്കുള്ള കാലാവധി 2023-24 ൽ അവസാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകളുണ്ടാക്കിയിട്ടുണ്ട്. വർഷങ്ങളായി 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ അവിടെ സംസ്ഥാനം ചെലവിന്റെ 40

ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്.എൻ.എ) സ്പർശ്രും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്.എൻ.എ. അക്കൗണ്ട് ചട്ടക്കൂടിനുകീഴിൽ കേന്ദ്ര ഗവൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കീഴിൽ കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ കേന്ദ്ര മന്ത്രാലയം റിലീസ് സാങ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS മുഖേന മന്ത്രാലയം ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെട്ട കർശനമായ ബ്രാൻഡിങ് മാനദണ്ഡങ്ങൾ സമയബന്ധിതമായി പാലിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കും മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക പലിശ രഹിത വായ്പ സഹായ പദ്ധതിക്കും (SASCI) ഫണ്ട് ലഭ്യമാകാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി

ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർധിപ്പിക്കുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കുന്നതിനായി കേരളം നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. തിരശ്ചീന വിഭജനത്തിന് ധനകാര്യ കമ്മിഷനുകൾ പരിഗണിക്കുന്ന വരുമാന അന്തരം, ജനസംഖ്യ, വിസ്തൃതി മുതലായ മാനദണ്ഡങ്ങൾക്ക് നൽകിയ ഉയർന്ന വെയിറ്റേജ് സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 3.88 ശതമാനമാണ് കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മിഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും പതിനാറാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരമുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ നേരിയ വർധനവുണ്ടായിട്ടുണ്ട് (2.382%).

സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിനുള്ള അനുമതിയും കേന്ദ്ര വിഹിതങ്ങളും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാർഗ നിർദേശങ്ങൾക്കനുസൃതമായി സമയബന്ധിതമായി നേടിയെടുക്കുന്നതിന് വേണ്ടിയും മുഖ്യമന്ത്രിതലത്തിലും ധനമന്ത്രിതലത്തിലും

കത്തിടപാടുകളും നിവേദനങ്ങളും സമർപ്പിച്ചുകൊണ്ട് ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു.

വികസന പ്രവർത്തനങ്ങൾ, ക്ഷേമപദ്ധതികൾ, ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനുള്ള പണം, നികുതി അടക്കമുള്ള ആഭ്യന്തര വരുമാനം കൊണ്ട് മാത്രം കണ്ടെത്തുക അസാധ്യമാണ്. വിവിധ കേന്ദ്ര നടപടികൾമൂലം മറ്റ് മാർഗങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന രീതിയിലുള്ള വിഭവ സമാഹരണം നടക്കാതെ വരുന്നത് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ആയതുകൊണ്ട് തന്നെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിക്കുന്നതിന് സംസ്ഥാനം ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പാക്കിയും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ഡി) ഇതിനെതിരെ ശക്തമായ പ്രക്ഷോഭവും സുപ്രീം കോടതി അടക്കമുള്ള നീതിന്യായ സംവിധാനങ്ങളെ സമീപിക്കുന്നതിനുള്ള നടപടികളും ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

4(418) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും ശമ്പളം പരിഷ്കരണം എപ്പോൾ നടപ്പാക്കാനാകുമെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്.

തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

ജി.എസ്.ടി. വകുപ്പിന്റെ യൂണിറ്റുകളുടെ പ്രവർത്തനത്തിന് വാടക കെട്ടിടം

5(419) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടം ജി.എസ്.ടി. അപ്പീൽ ട്രിബ്യൂണൽ, ജി.എസ്.ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ഓഡിറ്റ് വിഭാഗം എന്നീ കാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടം വകുപ്പ് വാടകയ്ക്കെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 19-11-2025-ലെ G.O(Rt)No.1022/2025/TAXES പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ്; പ്രതിമാസം അടയ്ക്കേണ്ട വാടക എത്രയാണ്; വാടക കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്രയാണ്; വ്യക്തമാക്കാമോ?

a) വാടകയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 49673.12 Sq.ft.

b) അടയ്ക്കേണ്ട പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പെടെ) Rs.21,16,094/- രൂപ.

c) 19-11-2025-ലെ G.O(Rt)No.1022/2025/TAXES നമ്പർ ഉത്തരവിലെ പൊലീസ് ഡിപ്ലോയ്മെന്റുമായി ബന്ധപ്പെട്ട് KMRL വിയോജിപ്പ് അറിയിച്ചതിനാൽ പ്രസ്തുത വിഷയത്തിൽ അന്തിമതീരുമാനം എടുക്കുന്നതിലേക്കായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മിഷണർ സമർപ്പിച്ച കത്ത് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിനാൽ വാടക കരാർ ഒപ്പുവച്ചിട്ടില്ല.

d) വാടക കരാർ ഒപ്പുവയ്ക്കാത്തതിനാൽ ബാധകമല്ല.

(സി) വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇന്റീരിയർ പൂർത്തീകരിക്കുന്നതിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ഇന്റീരിയർ പ്രവൃത്തികൾ നിർവഹിക്കുന്ന ചുമതല ആരെയാണ് ഏല്പിക്കുന്നത്; ഈ ജോലികൾ പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം വ്യക്തമാക്കാമോ; മേല്പറഞ്ഞ ജി.എസ്.ടി. യൂണിറ്റുകളെ വാടക കെട്ടിടത്തിലേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നിർദിഷ്ട സമയപരിധി എപ്രകാരമാണ്; വിശദമാക്കാമോ?

(സി&ഡി) വാടക കരാർ ഒപ്പുവയ്ക്കാത്തതിനാൽ ബാധകമല്ല.

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത

6(420) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത എത്രയാണെന്ന് ഇനം തിരിച്ച് നൽകാമോ?

കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽനിന്ന് യഥാക്രമം 3140.69 കോടി രൂപ, 1000 കോടി രൂപ, 7623.82 കോടി രൂപ, 2000 കോടി രൂപ, 1000 കോടി രൂപ എന്നിങ്ങനെയാണ് കെ.എസ്.എസ്.പി.എൽ.-ന്റെ നിലവിലെ വായ്പാ ബാധ്യത.

(ബി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 13,340 കോടി രൂപയിൽനിന്ന് നാളിതുവരെ 10,000 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

7(421) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കമ്മിഷനെയോ കമ്മിറ്റിയെയോ നിയമിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എന്നുമുതൽ പരിഷ്കരണം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

എസ്.സി.പി., ടി.എസ്.പി. അടങ്കലും ചെലവഴിച്ച തുകയും

8(422) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനം വകയിരുത്തിയ എസ്.സി.പി. അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ;

(ബി) 2016 മുതൽ നാളിതുവരെ ഓരോ വർഷവും വകയിരുത്തിയ ടി.എസ്.പി. അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ?

(എ&ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക വരുമാന/ചെലവ്, ധനക്കമ്മി

9(423) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ആകെ വാർഷിക വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ മൊത്തം വാർഷിക ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2025-26 ഡിസംബർ മാസം വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വാർഷിക വരുമാനം 95624.82 കോടി രൂപയും ആകെ വാർഷിക ചെലവ് 134711.81 കോടി രൂപയുമാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 6683.20 കോടി രൂപയും 9706.02 കോടി രൂപയും കൂടുതലാണ്.

(സി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ധനക്കമ്മി ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനം അനുസരിച്ചും 2025 ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരവും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൻമേലുള്ള ധനക്കമ്മി 2.67 ശതമാനമാണ്. പ്രസ്തുത ധനക്കമ്മി മുൻ വർഷം ഇതേ കാലയളവിൽ 3.55 ശതമാനമായിരുന്നു.

തനത് വരുമാനം

10(425) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച ആകെ വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2025 ഡിസംബർ മാസം വരെ സംസ്ഥാനത്തിന് ലഭ്യമായ റവന്യൂ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർത്തിരിക്കുന്നു.

ഇനം	(തുക കോടിയിൽ)*
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം	59634.86
സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം	12785.02
കേന്ദ്ര നികുതി വിഹിതം	19953.53
കേന്ദ്ര ധനസഹായം	3251.41
ആകെ	95624.82
*അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ മാസം വരെ ലഭ്യമായ പ്രാഥമിക കണക്ക് പ്രകാരം	

സംസ്ഥാനത്തെ റവന്യൂ വരുമാനം, റവന്യൂ ചെലവ്

11(426) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2025 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 95624.82 കോടി രൂപയും റവന്യൂ ചെലവ് 121439.48 കോടി രൂപയുമാണ്.

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ റവന്യൂ കമ്മി ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനം അനുസരിച്ചും ആയതിന്റെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരവും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൻമേലുള്ള റവന്യൂ കമ്മി 1.81 ശതമാനമാണ്. പ്രസ്തുത റവന്യൂ കമ്മി മുൻ വർഷത്തെ ഇതേ കാലയളവിൽ 2.38 ശതമാനമായിരുന്നു.

സംസ്ഥാനത്തെ ധനക്കമ്മി

12(427) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ സി.&എ.ജി.-യുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ചെലവ്, വരവിനേക്കാൾ മുപ്പത്തൊൻപതിനായിരത്തോളം കോടി രൂപ അധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരവ് ചെലവ് സംബന്ധിച്ച സി.&എ.ജി.-യുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം

വരെയുള്ള സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 95624.82 കോടി രൂപയും ആകെ ചെലവ് 134711.81 കോടി രൂപയുമാണ്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് യഥാക്രമം 6683.20 കോടി രൂപയും 9706.02 കോടി രൂപയും കൂടുതലാണ്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, നിലവിലുള്ള പ്രതിസന്ധികൾക്കിടയിലും കാര്യക്ഷമമായ ധനമാനേജ്മെന്റിലൂടെ വിഭവലഭ്യത ഉറപ്പുവരുത്തുന്നതിനും വികസന-ക്ഷേമ ചെലവുകൾക്ക് കോട്ടം വരാതെ ധനവിനിയോഗം നടത്തുന്നതിനും സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുവെന്നതാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ സംസ്ഥാനത്തിന് തനത് നികുതിയിനത്തിൽ 59634.86 കോടി രൂപ വരുമാനമായി ലഭ്യമായിട്ടുണ്ട്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 4387.58 കോടി രൂപ കൂടുതലാണ്. 2025 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര സർക്കാർ ചരക്കുസേവന നികുതി നിരക്ക് പരിഷ്കരണം നടപ്പാക്കിയതും വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള കയറ്റുമതി ഇറക്കുമതി നയങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മധ്യപൂർവ്വേഷ്യയിലെ സംഘർഷങ്ങൾ മുതലായവ സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനത്തേയും ജനങ്ങളുടെ വാങ്ങൽ ശേഷിയേയും ഒരു പരിധി വരെ

പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വേളയിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർധിക്കുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്.

(സി) സംസ്ഥാനത്തെ വരുമാനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള ഊർജിതമായ നടപടികളാണ് നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കിവരുന്നത്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകൾ കൈക്കൊണ്ടിട്ടുള്ള നികുതി പരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനും സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലെ നിരക്ക് വർധനവിലൂടെയും 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിങ് നയം നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. സംസ്ഥാന ജി.എസ്.റ്റി വകുപ്പുമായി ബന്ധപ്പെട്ട് 50,000/- രൂപയിൽ താഴെയുള്ള അരിയറുകൾ ഒഴിവാക്കികൊണ്ട് 'ആംനസ്റ്റി 2024' പദ്ധതി

നടപ്പാക്കുകയും പ്രസ്തുത പദ്ധതിയിലൂടെ ഖജനാവിലേക്ക് മുൻ ആംനസ്റ്റിയേക്കാൾ അധികം തുക ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാരികൾക്ക് പ്രത്യേകിച്ച് കേരളത്തിലെ വ്യാപാരസമൂഹത്തിന് പൊതുവെ കൂടുതൽ ഉണർവ് നൽകുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 11-07-2024-ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാന പ്രകാരം ആറ് മാസത്തിനുള്ളിൽ വർധനവ് വരുത്താത്ത നോൺ ടാക്സ് റവന്യൂ ഇനങ്ങൾ, ഫീസിനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർധിപ്പിക്കുന്നതിന് അതത് ഭരണ വകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് 17-07-2024-ലെ സ.ഉ(അ)നം.55/2024/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാരിനുവേണ്ടി വരുമാനം ആർജിക്കുന്ന വിവിധ വകുപ്പുകൾ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജുഡീഷ്യൽ കോടതി ഫീസുകളുടെ പരിഷ്കരണം, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് കോൺട്രാക്ട് ക്യാരിയേജുകളുടെ നികുതി നിരക്കുകളുടെ ഏകീകരണം, ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പരിഷ്കരണം, 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി പരിഷ്കരണം, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഫീസുകളുടെ പരിഷ്കരണം, ഭൂനികുതി പരിഷ്കരണം എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനു പുറമേ ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കലിന്

ജനറൽ ആംനസ്റ്റി 2025 പദ്ധതി, ബാർ ഹോട്ടലുകളുടെ ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കാനുള്ള ആംനസ്റ്റി പദ്ധതികളുടെ തുടർച്ചയായുള്ള ഇളവുകൾ, ഫ്ലഡ് സെസ്സ് ആംനസ്റ്റി 2025 പദ്ധതി, ഡിസ്റ്റിലറി അരിയർ സെറ്റിൽമെന്റ് സ്കീം 2025, കുടിശ്ശികയുള്ള പാട്ടവാടക ഈടാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രഖ്യാപിച്ചതിലൂടെ വരുന്ന സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്കുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർധിപ്പിക്കുന്നതിനുമുള്ള നിർദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിങ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ടുവന്ന് ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിനും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ തനത് നികുതി വരുമാനത്തിൽ 68,666.83 കോടി രൂപയാണ് ലക്ഷ്യംവച്ചതെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2025-26 ഡിസംബർ വരെ 59,634.86 കോടി രൂപയാണ് റവന്യൂ ശേഖരിച്ചിട്ടുള്ളത്. ഈ ഇനത്തിൽ പ്രതീക്ഷിത വരുമാനത്തിൽ 13.15 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്. പ്രധാനമായും ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിലാണ് റവന്യൂ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ 91.7% റവന്യൂ കുറവുണ്ടായിട്ടുണ്ട്. ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ KSEB പിരിച്ചെടുക്കുന്ന തുക സർക്കാരിലേക്ക് വരവ് വയ്ക്കാത്തതാണ് ഇതിന് കാരണം. ലാൻഡ് റവന്യൂ വകുപ്പിന്റെ വരുമാനത്തിൽ 44.65 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 28-11-2024-ലെ WP(C)No.26592/2022, WP(C)No.35561/2022 നമ്പർ കേസുകളിലെ കേരള ഹൈക്കോടതി വിധി പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം വിഭാവനം ചെയ്തിട്ടുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് ലഭിക്കുന്ന തുക ലാൻഡ് റവന്യൂ കമ്മിഷണറുടെ പേരിലുള്ള സബ് ട്രഷറി അക്കൗണ്ടിലേക്ക് (വെള്ളയമ്പലം സബ് ട്രഷറി TSB A/C.79901400007571) വരവുവയ്ക്കുന്നതാണ് ഈ ഇനത്തിൽ റവന്യൂ കുറവ് പ്രതിഫലിക്കുന്നതിനുള്ള കാരണം.

സംസ്ഥാനത്തെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ

13(428) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എത്രയാണെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ മാസം വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ മൂലധന അടങ്കൽ 11368.27 കോടി രൂപയും സംസ്ഥാന സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളും മുൻകൂറുകളും 1904.05 കോടി രൂപയുമാണ്. മൂലധന അടങ്കലും വായ്പകളും മുൻകൂറുകളും ചേർത്ത് ആകെ മൂലധന അടങ്കൽ തുക 13272.32 കോടി രൂപയുമാണ്.

പദ്ധതി അടങ്കലും ചെലവഴിച്ച തുകയും

14(429) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനം വകയിരുത്തിയ പദ്ധതി അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ചുള്ള വിവരം നൽകാമോ?

2016 മുതൽ നാളിതുവരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ സംസ്ഥാനം വകയിരുത്തിയ പദ്ധതി അടങ്കലും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ചെലവഴിച്ച തുകയും സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തുക കോടിയിൽ			
വർഷം	**ബജറ്റ് വിഹിതം**	**ചെലവ്**	**ചെലവിന്റെ %**
2016-17	30,570.20	28,169.48	92.15%
2017-18	34,566.95	33,285.72	96.29%
2018-19	37,272.99	29,753.91	79.83%

2019-20	39,807.17	27,751.73	69.72%
2020-21	36,811.33	41,991.41	114.07%
2021-22	37,377.94	44,306.05	118.54%
2022-23	39,665.19	42,058.23	106.03%
2023-24	38,629.19	42,187.28	109.21%
2024-25	38,886.91	45,652.99	117.40%
2025-26	41,653.71	*28,459.14	68.32%

* അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം.

* വൈദ്യുതി ബോർഡിൽനിന്ന് തനത് ചെലവ് ലഭ്യമായിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനത്തെ പദ്ധതി പുരോഗതി

15(430) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പദ്ധതി പുരോഗതിയുടെ ഇനം തിരിച്ചുള്ള വിവരം നൽകാമോ?

2025-26 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ വകയിരുത്തിയ ആകെ അടങ്കൽ തുക സംബന്ധിച്ച ധനാഭ്യർഥന തിരിച്ചുള്ള കണക്ക്, അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ വരെയുള്ള പ്രാഥമിക

കണക്കുകൾ പ്രകാരം ഈ ഇനങ്ങളിൽ ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് (ഇ.എൽ.ആർ.എസ്.) സ്കീം

16(431) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവ് മുടങ്ങിയവരുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപ്പാക്കി വന്നിരുന്ന എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം പ്രകാരം നിശ്ചയിച്ച തുക അടച്ചിട്ടും ബാങ്കുകളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ അടയ്ക്കാൻ നിശ്ചയിച്ച തുക അടച്ചിട്ടും ബാക്കി തുക ബാങ്കുകൾക്ക് ലഭിച്ചിട്ടില്ല എന്ന് കാണിച്ച് ബാങ്കുകൾ റവന്യൂ വകുപ്പ് മുഖേന റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ റിക്കവറി നേരിടുന്നവരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

2016-17, 2017-18 എന്നീ വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം പഠനപൂർത്തീകരണത്തിനുശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവർക്ക് തിരിച്ചടവിന് സഹായം നൽകുന്നതിനായുള്ള വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി നടപ്പാക്കുന്നതിനായി 16-05-2017-ലെ സ.ഉ.(അച്ചടി)നം.65/ 2017/ധന ഉത്തരവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം സർക്കാർ വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ളവർക്ക് വായ്പാ തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷ ആശ്വാസ കാലയളവിലെ വായ്പാതുക തിരിച്ചടയ്ക്കുന്നതിനും (കാറ്റഗറി 1), 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയ വിദ്യാഭ്യാസ വായ്പകൾ (കാറ്റഗറി 2) ഒറ്റത്തവണ തീർപ്പാക്കൽ (One Time Settlement) പ്രകാരം ക്ലോസ് ചെയ്യുന്നതിനും പഠന കാലാവധിയിലുണ്ടാകുന്ന അപകട മരണം, അപകടം/രോഗം എന്നിവമൂലമുള്ള 80%-മോ അതിലധികമോ ഉള്ള ശാരീരിക/മാനസിക വൈകല്യം എന്നിവ നേരിടുന്ന വിദ്യാർഥികളുടെ വായ്പ തുക (principal amount) 100% തിരിച്ചടയ്ക്കുന്നതിനും (കാറ്റഗറി 3) സർക്കാർ സഹായം നൽകുക എന്നതാണ് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ബാങ്ക് തല പരിശോധനകൾ കഴിഞ്ഞ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) മുഖേന സർക്കാരിൽ ലഭ്യമാക്കുന്ന അർഹരായ അപേക്ഷകർക്കാണ് സർക്കാർ വിഹിതം അനുവദിക്കുന്നത്. എന്നാൽ, അർഹതപ്പെട്ട സർക്കാർ വിഹിതത്തിലുപരിയുള്ള വായ്പ കുടിശ്ശിക ബാങ്കിൽ തീർപ്പാക്കാത്ത സാഹചര്യത്തിൽ ബാങ്ക് റവന്യൂ റിക്കവറി നടപടികളുമായി മുന്നോട്ട് പോകാറുണ്ട്.

വായ്പാ തിരിച്ചടവ് മുടങ്ങുമ്പോൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ കുടിശ്ശിക തീർക്കാൻ അവസരങ്ങൾ നൽകുകയും ബാധ്യത അവസാനിപ്പിക്കാൻ നിഷ്ക്രിയ ആസ്തി

വായ്പകളിൽ പലിശ ഇളവോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ അനുവദിക്കുകയും ചെയ്യാറുണ്ട്. കുടിശ്ശിക നീണ്ടുപോകുകയും തിരിച്ചടവിനുള്ള എല്ലാ സാധ്യതകളും വിരളമാവുകയും വായ്പയെടുത്തവർ തിരിച്ചടവുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി സഹകരിക്കാതെയിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ സർഫാസി മുതലായ റിക്കവറി നടപടികൾക്ക് മുതിരാറുള്ളൂ.

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്.

മതിയായ കാരണങ്ങൾ ഇല്ലാതെയുള്ള റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന സാഹചര്യങ്ങളുണ്ടായാൽ പരാതിപ്പെടാനും നീതിപൂർവമായ തീരുമാനങ്ങൾ നേടിയെടുക്കാനും റിസർവ് ബാങ്ക് ഓംബുഡ്സ്മാൻ, വ്യക്തിഗത ബാങ്കുകളിലെ പരാതിപരിഹാര സെല്ലുകൾ തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.

(സി) ഇ.എൽ.ആർ.എസ്. പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

16-05-2017-ലെ സ.ഉ.(അച്ചടി)നം.65/ 2017/ധന ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജനുവരി 31 ആയിരുന്നു.

2016-17, 2017-18 എന്നീ വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം പഠനപൂർത്തീകരണത്തിനുശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവർക്ക് തിരിച്ചടവിന് സഹായം നൽകുന്നതിനായുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി നടപ്പാക്കുന്നതിനായി മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ളവർക്ക് വായ്പ തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷ ആശ്വാസ കാലയളവിലെ വായ്പാതുക തിരിച്ചടയ്ക്കുന്നതിനും 31-03-2016 -നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയ വിദ്യാഭ്യാസ വായ്പകൾ ക്ലോസ് ചെയ്യുന്നതിനും പഠന കാലാവധിയിലുണ്ടാകുന്ന അപകട മരണം, അപകടം/രോഗം എന്നിവമൂലമുള്ള 80%-മോ അതിലധികമോ ഉള്ള ശാരീരിക/മാനസിക വൈകല്യം എന്നിവ നേരിടുന്ന വിദ്യാർഥികളുടെ വായ്പ തുക (principal amount) 100% തിരിച്ചടയ്ക്കുന്നതിനും സർക്കാർ സഹായം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ടി പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാന പരിധി 01-04-2016 പ്രകാരം 6 ലക്ഷം അധികരിക്കുവാൻ പാടില്ല. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പ അക്കൗണ്ടുകളെ എൻ.പി.എ. അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ. ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകിവരുന്നത്. എൻ.പി.എ. ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31-നോ അതിനുമുമ്പോ

എൻ.പി.എ. ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1-നും 2016 മാർച്ച് 31-നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിങ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ നഴ്സിങ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ നഴ്സിങ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. ടി മാനദണ്ഡങ്ങൾ പ്രകാരമല്ലാത്ത അപേക്ഷകൾക്ക് ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

സംസ്ഥാനത്തെ 'ഐ.ടി അറ്റ് സ്കൂളിന്റെ' പ്രവർത്തനം സംബന്ധിച്ച ധനകാര്യ പരിശോധന

17(434) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ഐ.ടി. അറ്റ് സ്കൂൾ'-ന്റെ പ്രവർത്തനം ധനകാര്യ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെയാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.ടി അറ്റ് സ്കൂൾ പ്രോജക്ടിന്റെ അധീനതയിലുള്ള KL-01-AW-8650 നമ്പർ വാഹനത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ (എൻ.റ്റി-ജി) വകുപ്പിൽനിന്നും 28-07-2012-ൽ പരിശോധന നടത്തിയിരുന്നു. ധനകാര്യ പരിശോധന (എൻ.റ്റി-ഡി) വകുപ്പിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും ഓഫീസുകളിലും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സംബന്ധിച്ച് നടത്തിയ പരിശോധനയുടെ ഭാഗമായി Kerala Infrastructure and Technology for Education (KITE)-ൽ പരിശോധന നടത്തിയിരുന്നു. അവസാനം പരിശോധന നടത്തിയത് 2024-ൽ ആണ്.

(ബി) 'ഐ.ടി. അറ്റ് സ്കൂൾ' പദ്ധതി വഴി സ്കൂളുകൾക്കായി വാങ്ങി വിതരണം ചെയ്ത കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഗുണനിലവാരവും പർച്ചേസ് നടപടികളും വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 'ഐ.ടി. അറ്റ് സ്കൂൾ' വഴി സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് റൂമിന് നൽകിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഗാരന്റി പീരിയഡിന് മുമ്പുതന്നെ കേടുവന്ന് കോടികൾ നഷ്ടം വരുത്തി സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പാഴായി കിടക്കുന്നതിന്റെ കണക്ക് ധനവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഗുണമേന്മ ഇല്ലാത്തതും കാലാനുസൃതമല്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്തതുമായ ഇത്തരം ഉപകരണങ്ങൾ കുട്ടികൾക്കായി വാങ്ങി വിതരണം

ചെയ്യേണ്ടിവന്നതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് ധനവകുപ്പ് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉപയോഗിക്കാൻ പറ്റാത്ത തരത്തിൽ കേടായ ഉപകരണങ്ങളുടെ കണക്ക് ധനവകുപ്പ് പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി-ഇ) ബാധകമല്ല.

ആയുർവേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ് സ്കീം

18(435) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പള പരിഷ്കരണ കമ്മിഷൻ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി കരിയർ അഡ്വാൻസ് സ്കീം നടപ്പാക്കിയിരുന്നോ; എങ്കിൽ എപ്പോഴാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം ജീവനക്കാർക്ക് കിട്ടിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഒൻപതാം ശമ്പള പരിഷ്കരണത്തിൽ സംസ്ഥാന സർക്കാരിനുകീഴിലെ കൃഷി വകുപ്പിലെ അഗ്രിക്കൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ (അഗ്രി), മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ, പ്രോസിക്യൂഷൻ വകുപ്പിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II, ക്ഷീര വികസന വകുപ്പിലെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ, അനലിസ്റ്റ് ഗ്രേഡ് III, ഇലക്ട്രിക്കൽ

ഇൻസ്പക്ടറേറ്റിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, മെഡിക്കൽ ഓഫീസർ (ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്), ഹാർബർ എഞ്ചിനീയറിങ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ആരോഗ്യ വകുപ്പിലെ സയന്റിഫിക്ക് ഓഫീസർ, ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ഹോമിയോ), അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ആയുർവേദം), ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ലാൻഡ് യൂസ് ബോർഡിലെ അഗ്രിക്കൾച്ചർ ഓഫീസർ/സോയിൽ സർവെ ഓഫീസർ/സോയിൽ സർവെ അസിസ്റ്റന്റ്, തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സോയിൽ കൺസർവേഷൻ വകുപ്പിലെ സോയിൽ കൺസർവേഷൻ ഓഫീസർ, സോയിൽ സർവെ ഓഫീസർ/റിസർച്ച് അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ്/കാർട്ടോഗ്രാഫർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിങ്ങിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി 29-09-2012-ലെ സ.ഉ.(അച്ചടി) നം.536/2012(116)/ധന പ്രകാരം 01-02-2011 പ്രാബല്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പാക്കിയിരുന്നു.

(സി) ആയുർവേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്ക് ഈ സ്കീമിന്റെ ആനുകൂല്യം കിട്ടാത്ത സാഹചര്യം സംജാതമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

ആയുർവേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്ക് ഈ സ്കീമിന്റെ ആനുകൂല്യം കിട്ടിയിരുന്നു.

(ഡി) 2017-ൽ ആയുർവേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്കുകൂടി ഈ ആനുകൂല്യം അനുവദിച്ച് ഉത്തരവ് ഇറക്കിയിരുന്നോയെന്നും പ്രസ്തുത ഉത്തരവ് തൊട്ടടുത്ത ദിവസം തന്നെ റദ്ദ് ചെയ്തിരുന്നോ എന്നും വ്യക്തമാക്കാമോ?

21-01-2016-ലെ സ.ഉ.(അച്ചടി) നം.7/2016/ധന പ്രകാരമുള്ള X-ാം ശമ്പള പരിഷ്കരണത്തിൽ ആയുർവേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ്മെന്റ് പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിരുന്നു. തുടർന്ന് 03-08-2017-ലെ ജി.ഒ. (എം.സ്)നം.357/2017/(74)/ധന പ്രകാരം മേല്പറഞ്ഞ ജീവനക്കാർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 15 വർഷത്തെ സർവീസ് പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള രണ്ടാമത്തെ പ്ലെയ്സ്മെന്റ് 68700-110400 രൂപ ശമ്പള സ്കെയിലിൽ 01-02-2016 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. പിന്നീട് 04-08-2017-ലെ ജി.ഒ. (എം.സ്) നം.363/2017/(75)/ധന ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കി.

പദ്ധതി അടങ്കൽ

19(436) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഉത്തരവുകൾ പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ എത്ര രൂപ കുറവ് വരുത്തിയെന്നും പുതുക്കിയ പദ്ധതി അടങ്കൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

(എ-സി) 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയ ആകെ അടങ്കൽ തുക 41,653.71 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ചെലവഴിച്ച തുക (വൈദ്യുതി ബോർഡിന്റെ തനത് ചെലവ് ഉൾപ്പെടാതെ) 28,459.14 രൂപയും ആണ്. 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ നാളിതുവരെ കുറവൊന്നും വരുത്തിയിട്ടില്ല.

മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം വർധനവും ആനുകൂല്യങ്ങളും

20(437) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിന്റെ പ്രീമിയം തുക വർധിപ്പിക്കാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

നിലവിലെ മെഡിസെപ് പാക്കേജ് പരിഷ്കരിക്കുന്നതിനായി 01-11-2024-ലെ 8103/2024/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായ എട്ടംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പാക്കേജ് നിരക്കുകൾ വർധിപ്പിക്കുകയും അതിനാനുപാതികമായി പ്രീമിയം തുക 50% വരെ വർധിപ്പിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് കമ്പനികൾ ലഭ്യമാക്കിയ financial proposal-ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയാണ്. കമ്പനിയുമായി നടത്തിയ നെഗോഷിയേഷന്റെ ഭാഗമായാണ് ജി.എസ്.ടി. ഉൾപ്പെടെ പ്രതിമാസ പ്രീമിയം 810/- രൂപ നിശ്ചയിച്ചത്. വ്യവസ്ഥകൾക്ക് വിധേയമായി ജി.എസ്.ടി. ഒഴിവാക്കി പ്രതിമാസ പ്രീമിയം 687/- ആയി കുറവ് ചെയ്തിട്ടുണ്ട്. 20-01-2026-ലെ സ.ഉ. (പി)നം.05/2026/ധന, 21-01-2026-ലെ സ.ഉ. (പി)നം.07/2026/ധന എന്നീ ഉത്തരവുകളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) വർധിച്ച പ്രീമിയം അടയ്ക്കുന്നതിലൂടെ ജീവനക്കാർക്ക് അധികമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; പുതുക്കിയ മെഡിസെപ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ ആശുപത്രികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ

പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14-08-2025-ലെ സ.ഉ.(പി)നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാന ചികിത്സ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്.

ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. എംപാനൽമെന്റിനുള്ള നടപടികൾ നടന്നുവരുന്നു. എംപാനൽഡ് ആശുപത്രികളുടെ ലിസ്റ്റ് 01-02-2026-ൽ മെഡിസെപിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(സി) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശുപത്രികളിൽ എല്ലാ ചികിത്സകളും ജീവനക്കാർക്ക് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ തേടുന്ന ജീവനക്കാർക്ക് മെഡിസെപ് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉളവാകുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുന്ന ചികിത്സാ പാക്കേജുകൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്കാണ് ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലെസ് ആനുകൂല്യം ലഭ്യമാകുന്നത്. ഇതിനുപുറമെ അടിയന്തര സാഹചര്യങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, വാഹനാപകടം എന്നിവയ്ക്ക് എംപാനൽ ചെയ്തിട്ടില്ലാത്ത ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പാക്കേജ് തുക റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതാണ്.

(ഡി) മെഡിസെപ് പദ്ധതിയിൽ വിവിധ ചികിത്സകൾക്കായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ യഥാർഥ ചികിത്സാ ചെലവിന്റെ 50 ശതമാനത്തിലും താഴെയായതിനാൽ മെഡിസെപ് ക്ലെയിം ചെയ്തതിനുശേഷവും 50 മുതൽ 70 ശതമാനം വരെ ചെലവ് ജീവനക്കാർ സ്വയം വഹിക്കേണ്ടിവരുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

23-06-2022 ലെ സ.ഉ.(പി)നം.70/2022/ധന. ഉത്തരവിന്റെ അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മെഡിസെപ് പാക്കേജ് ലിസ്റ്റിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകളും ആയതിന് അനുവദിക്കുന്ന പാക്കേജ് നിരക്കുകളും വ്യക്തമാക്കിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന ആശുപത്രികളെയാണ് പദ്ധതിയിൽ എംപാനൽ ചെയ്യുന്നത്. NABH fully accreditation ഉള്ള ആശുപത്രികളിൽ പാക്കേജ് നിരക്കിന്റെ 10% തുക ഗുണഭോക്താവ് വഹിക്കേണ്ടതുണ്ട്. ഇക്കാര്യം 23-06-2022-ലെ സ.ഉ.(പി)നം.70/2022/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) മെഡിസെപിനെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന സ്വകാര്യ ഇൻഷ്വറൻസ് പദ്ധതികൾ ലഭ്യമായിരിക്കെ എല്ലാ ജീവനക്കാരും നിർബന്ധമായും മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടണം എന്ന് നിഷ്കർഷിക്കുന്നതിന് കാരണമായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; മെഡിസെപിൽ ചേരാൻ താൽപര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽനിന്ന് വിട്ടുനിൽക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

സർക്കാർ നിയോഗിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി സമർപ്പിച്ച പല മെച്ചപ്പെട്ട മെഡിക്കൽ/സർജിക്കൽ ചികിത്സാ പ്രക്രിയകൾ ഉൾപ്പെടുത്തി 22-01-2022-ൽ പ്രസിദ്ധീകരിച്ച RFP (Request For Proposal) പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും മെഡിസെപിൽ നിർബന്ധിത അംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിർബന്ധിത അംഗത്വം വ്യവസ്ഥ ചെയ്തിരിക്കുന്നത് സർക്കാരിന്റെ നയപരമായ

തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. കുറഞ്ഞ പ്രീമിയത്തിൽ ഉയർന്ന പരിരക്ഷ ലഭ്യമാകുന്ന മെഡിസെപ് പോലെയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിർബന്ധിത അംഗത്വത്തിൽനിന്ന് ഏതെങ്കിലും വ്യക്തിയെ/വിഭാഗത്തിനെ ഒഴിവാക്കുന്നത് പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനും ആയത് പ്രീമിയം വൻതോതിൽ വർധിക്കാനിടവരുത്തുകയും മുപ്പത് ലക്ഷത്തിലധികം വരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വീഴ്ചയുണ്ടാക്കുമെന്നതിനാലും മെഡിസെപിൽ ചേരാൻ താൽപര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽനിന്ന് വിട്ടുനിൽക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി

21(438)ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഇനി അവശേഷിക്കുന്നത് എത്ര തുകയാണ്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച്

നൽകിപോരുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോൽപാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിനുണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽനിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF-ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 2073 കോടി രൂപയും 01-04-2025-ന് മുമ്പ് single nodal account-ലേക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും കുറവ് വരുത്തിയിട്ടുണ്ട്. തൽഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ ആകെ 19,059.94 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

നടപ്പ് വർഷം കേന്ദ്ര സർക്കാർ പൊതുവിപണിയിൽനിന്നും ഇതുവരെ 41,249 കോടി രൂപ കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 38,338.007 കോടി രൂപ സംസ്ഥാനം ഇതുവരെ വായ്പ എടുത്തിട്ടുണ്ട്. ഇനി വായ്പ എടുക്കാൻ അവശേഷിക്കുന്ന തുക 2,910.993 കോടി രൂപയാണ്.

(സി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിലുപരിയായി മറ്റ് നിയന്ത്രണങ്ങളൊന്നും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം

അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദ്ധീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കട ബാധ്യതയും കേന്ദ്ര സർക്കാർ ഗ്രാന്റും

22(439) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എത്രയായിരുന്നുവെന്ന് അറിയിക്കുമോ; നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പ്രസ്തുത കടബാധ്യത എത്രയായിരിക്കുമെന്ന് വ്യക്തമാക്കാമോ?

2015-16 മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷത്തേയും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)	
സാമ്പത്തിക വർഷം	ആകെ കടം
2015-16	157370.33
2016-17	186453.86
2017-18	210762.36

2018-19	235631.49
2019-20	260311.38
2020-21	296900.86
2021-22	335641.15
2022-23	362191.88
2023-24	391934.23
2024-25	435313.65
2025-26 (Debt- Supplementary as on 31.12.2025)	474257.97

(ബി) 2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തിന് ധനകാര്യ കമ്മിഷന്റെ ശിപാർശ പ്രകാരം ഗ്രാന്റായി ഓരോ വർഷവും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തിന് ധനകാര്യ കമ്മിഷന്റെ ശിപാർശ പ്രകാരം ഗ്രാന്റായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)	
സാമ്പത്തിക വർഷം	ആകെ ഗ്രാന്റ് (Grant in aid Total)
2015-16	5171.46
2016-17	4954.78
2017-18	3182.04
2018-19	1646.22
2019-20	2343.01
2020-21	18049

2021-22	22171.13
2022-23	15382.30
2023-24	7245.69
2024-25	2531.86
2025-26	1851.35

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുകയുടെ കണക്ക് 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 നാളിതുവരെയുള്ള വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	സാമ്പത്തിക വർഷം	കേന്ദ്രം അനുവദിച്ച തുക (രൂപയിൽ)
1	2015-16	35,58,00,38,760
2	2016-17	30,57,28,58,081
3	2017-18	32,13,58,48,846
4	2018-19	37,71,07,59,374
5	2019-20	32,62,65,27,411
6	2020-21	51,41,92,14,619
7	2021-22	78,64,61,28,843
8	2022-23	95,43,02,23,018
9	2023-24	77,24,08,74,384
10	2024-25	67,42,80,92,924
11	2025-26	38,11,70,66,483

(2015-16 മുതൽ 2020-21 വരെ യഥാർഥ ചെലവിന്റെ കണക്കുകളാണ്)

പൊതു കടം

23(440) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പൊതു കടം ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2025 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം, പൊതു കടം-ജി.എസ്.ഡി.പി അനുപാതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പൊതു കടം (തുക കോടിയിൽ)	പൊതു കടം-ജി.എസ്.ഡി.പി. അനുപാതം (ശതമാനത്തിൽ)
2025-26 (Up to December 2025)	3,36,383.94	23.57

കടബാധ്യതയും ധനക്കമ്മിയും

24(441) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ആകെ കടബാധ്യത എത്രയാണെന്ന് വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2025 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ നിലവിലെ ആകെ കടബാധ്യത 474257.97 കോടി രൂപയാണ്.

(ബി) ജി.എസ്.ഡി.പി.-യുമായി താരതമ്യം ചെയ്യുമ്പോൾ കടത്തിന്റെ ശതമാനം നിലവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുകയാണോ കുറയുകയാണോ ചെയ്തതെന്ന് വിശദമാക്കാമോ?

2025-26 വർഷത്തെ അന്തിമ കണക്കുകൾ സി.&എ.ജി. പ്രസിദ്ധീകരിച്ചിട്ടില്ല. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ കടം/ജി.എസ്.ഡി.പി അനുപാതം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	കടം-ജി.എസ്.ഡി.പി. അനുപാതം
2023-24	34.52%
2024-25	34.87%

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപ്പാക്കിയ ആംനെസ്റ്റി സ്കീം വഴി ഈ സർക്കാരിന്റെ കാലത്ത് സമാഹരിച്ച പണം സംബന്ധിച്ച വിശദാംശത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ചിടത്തോളം നികുതിപിരിവ് സിംഹഭാഗവും വരുന്നത് ആധാരങ്ങളുടെ രജിസ്ട്രേഷനിലൂടെയാണ്. ആധാരം രജിസ്റ്ററാക്കുമ്പോൾത്തന്നെ

സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നുണ്ട്. നികുതി വെട്ടിക്കുന്നതിനായി വസ്തുവിന്റെ കൈമാറ്റവില കുറച്ചുവച്ച് ആധാരം രജിസ്റ്ററാക്കിയതായി സബ് രജിസ്ട്രാറിന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ ടി ആധാരങ്ങളിൽ അണ്ടർവാല്യൂവേഷൻ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. വസ്തുവിന്റെ വില കുറച്ചുകാണിച്ച് രജിസ്റ്റർ ചെയ്ത് അണ്ടർവാല്യൂവേഷൻ നടപടികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽനിന്നും കുറവ് തുക ഈടാക്കുന്നതിനായി നികുതി (ജെ) വകുപ്പിന്റെ 19-11-2024-ലെ G.O(Ms)No. 75/2024/Taxes നമ്പർ സർക്കാർ ഉത്തരവും 10-04-2025-ലെ G.O(Ms)No. 38/2025/Taxes നമ്പർ സർക്കാർ ഉത്തരവും പ്രകാരം സെറ്റിൽമെന്റ് പദ്ധതിയും 19-11-2024-ലെ G.O(P)No. 167/2024/Taxes നമ്പർ ഉത്തരവും 10-04-2025-ലെ G.O(P)No. 74/2025/Taxes നമ്പർ ഉത്തരവും പ്രകാരം കോംപൗണ്ടിങ് പദ്ധതിയും ഏർപ്പെടുത്തി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി സെറ്റിൽമെന്റ്, കോംപൗണ്ടിങ് പദ്ധതികളിൽനിന്നും 31-12-2025 വരെ 34.69 കോടി രൂപ ലഭ്യമായിട്ടുണ്ട്.

ജി.എസ്.ടി. വകുപ്പ്

ഈ സർക്കാരിന്റെ കാലത്ത് ആംനെസ്റ്റി സ്കീം മുഖേന പിരിച്ചെടുത്ത നികുതി കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	പിരിച്ചെടുത്ത തുക (കോടിയിൽ)
2021-22	137.52
2022-23	66.90
2024-25	110.31
2025-26	30.60

വായ്പ തിരിച്ചടവ്

25(442) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടുത്ത പത്ത് വർഷംകൊണ്ട് സംസ്ഥാനം വായ്പ തിരിച്ചടവ് ഇനത്തിൽ എത്ര കോടി രൂപ നൽകണമെന്ന കണക്കുകൾ വർഷാടിസ്ഥാനത്തിൽ നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് 2023-24-ൽ 2023-24 സാമ്പത്തിക വർഷത്തെ പൊതുകടത്തെ അടിസ്ഥാനപ്പെടുത്തി ഉൾപ്പെടുത്തിയിട്ടുള്ള സർക്കാരിന്റെ വിവിധ വർഷങ്ങളിലുള്ള വായ്പാ തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 17 അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

26(443) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ഏറ്റവും അവസാനത്തെ മാസത്തെ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളെ അടിസ്ഥാനമാക്കി 2024-25 മാർച്ച് 31 വരെയുള്ള സംസ്ഥാന സർക്കാരിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ കോടിയിൽ	
ആസ്തി	
	2025 മാർച്ച് 31 വരെ
ക്യാഷ്	5119.33
മൂലധന ചെലവ്	150346.62
കണ്ടിജൻസി ഫണ്ട് (un recouped)	0
വായ്പകളും മുൻകൂറുകളും	29102.95
ഡിപ്പാർട്ട്മെന്റ് മുൻകൂറുകൾ	59.53
വരവിൽ കവിഞ്ഞുള്ള ചെലവ്	269187.67
ആകെ	**453816.1**
ബാധ്യത	
	2025 മാർച്ച് 31 വരെ
പൊതു കടം	313726.01
കണ്ടിജൻസി ഫണ്ട് (Corpus)	100
പൊതു കണക്കിനത്തിനുകീഴിലെ ബാധ്യത	139990.09
ചെലവിൽ കവിഞ്ഞുള്ള വരവ്	0
ആകെ	**453816.1**

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തിന്റെ കടത്തിൽ വർധനവുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ സംസ്ഥാനം കടക്കെണിയിൽ ആയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിച്ചിട്ടുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) കേന്ദ്ര ധനകാര്യ കമ്മിഷൻ നിശ്ചയിക്കുന്ന പരിധിയിൽനിന്ന് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചയനുസരിച്ച് കടമെടുപ്പിലും വർധനവ് പ്രതിഫലിക്കും. ഓരോ അഞ്ച് വർഷത്തിലും സംസ്ഥാനത്തിന്റെ സഞ്ചിത കടം ഇരട്ടിക്കുകയാണ് പതിവ്. 2010-11-ൽ ഉണ്ടായിരുന്ന ആകെ കടമായ 78673 കോടി രൂപ 2015-16 ആയപ്പോഴേക്കും 157370 കോടി രൂപയായി മാറി. അഞ്ച് വർഷമായപ്പോഴേക്കും കടത്തിലുണ്ടായ വർധനവ് ഇരട്ടിയാണ്. 2020-21-ൽ സംസ്ഥാനത്തിന്റെ ആകെ കടം 296901 കോടി രൂപയായപ്പോൾ അഞ്ച് വർഷം കൂടുമ്പോഴുള്ള കടത്തിന്റെ വർധനവ് ഇരട്ടിയോളമായില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2024-25-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം 435314 കോടി രൂപയാണ്. ഇത് സൂചിപ്പിക്കുന്നത് 2025-26 സാമ്പത്തിക വർഷം പൂർത്തീകരിക്കുമ്പോൾപോലും അഞ്ച് വർഷ കാലയളവ് കൂടുമ്പോഴുള്ള സംസ്ഥാനത്തിന്റെ കടം ഒട്ടുംതന്നെ ഇരട്ടിയാകില്ലെന്ന് മാത്രമല്ല അഞ്ച് വർഷം കൂടുമ്പോഴുള്ള വർധനവിന്റെ ശതമാനത്തിൽ വലിയ കുറവ് പ്രതിഫലിക്കുകയും ചെയ്യുമെന്നാണ്. കേരളത്തിന്റെ കടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം 2020-21-ൽ 38.47 ശതമാനമായിരുന്നത് 2024-25 ആയപ്പോഴേക്കും 34.87 ശതമാനമായി മാറി. അതായത് കടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതത്തിൽ നാല്

ശതമാനത്തോളം കുറവാണുണ്ടായിട്ടുള്ളത്. നോട്ട് നിരോധനം, ചരക്ക് സേവന നികുതി നടപ്പാക്കിയതിലെ അപാകതകൾ, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ പ്രതിഫലിച്ച കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പൊതുകണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന കിഫ്ബി, കെ.എസ്.എസ്.പി.എൽ മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽനിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള കയറ്റുമതി ഇറക്കുമതി നയങ്ങൾ, അമേരിക്ക ഏർപ്പെടുത്തിയ ഉയർന്ന താരിഫ്, റഷ്യ-ഉക്രെയ്ൻ യുദ്ധം, മധ്യപൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക മുരടിപ്പ് എന്നിവ സംസ്ഥാന സമ്പദ്വ്യവസ്ഥയേയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ പത്ത് വർഷക്കാലയളവിനിടയിൽ സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2025 സെപ്റ്റംബർ മാസത്തിൽ ചരക്ക് സേവന നികുതി നിരക്ക് പരിഷ്കരണം നടപ്പാക്കിയതും പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ

അവസാനപാദ കടമെടുപ്പ് പരിധിയിൽനിന്നും ഏകദേശം 6000 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിയെന്നത് വസ്തുതയാണ്. ചരക്ക് സേവന നികുതി നിരക്ക് പരിഷ്കരണംമൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപവരെ റവന്യൂ നഷ്ടമുണ്ടാകുമെന്നാണ് ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠനം വെളിപ്പെടുത്തുന്നത്.

മേൽ പ്രതിപാദിത സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗരേഖ തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ദൈനംദിന ധനമാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ അതത് സമയത്ത് സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചുക്കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെ സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. സംസ്ഥാനത്തിന്റെ മൂലധന ക്ഷേമ ചെലവുകളിൽ പത്ത് വർഷക്കാലയളവിനുള്ളിൽ ഗണ്യമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്.

കടവും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം ഒരു നിശ്ചിത കാലയളവിനപ്പുറം സ്ഥിരമായി നിലനിർത്താൻ സംസ്ഥാനത്തിന് കഴിയുന്നുണ്ടെന്ന് മാത്രമല്ല കടവും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം വലിയ തോതിൽ കുറച്ചുകൊണ്ടുവരാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി-

നികുതിയേതര വരുമാനത്തിലും വികസന ക്ഷേമ ചെലവുകളുൾപ്പെടെയുള്ള ആകെ ചെലവിലും മൊത്ത ആഭ്യന്തര ഉൽപാദനത്തിലും 2024-25 വരെയുള്ള പത്ത് വർഷക്കാലയളവിനുള്ളിൽ 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഇരട്ടിയോളം വർധനവാണുണ്ടായിട്ടുള്ളത്. ഇതെല്ലാം സൂചിപ്പിക്കുന്നത് സംസ്ഥാനം കടക്കെണിയിലാവുകയോ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ വഴുതി വീഴുകയോ ചെയ്തിട്ടില്ലെന്നാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത ഉദിക്കുന്നില്ല.

2025-26 സാമ്പത്തിക വർഷത്തെ മൊത്തം കടം

27(444) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ മൊത്തം കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം നാളിതുവരെ മൊത്തം കടം ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2025 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ മൊത്തം കടം, മൊത്തം കടം-ജി.എസ്.ഡി.പി അനുപാതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	മൊത്തം കടം (തുക കോടിയിൽ)	മൊത്തം കടം- ജി.എസ്.ഡി.പി. അനുപാതം (ശതമാനത്തിൽ)
2025-26 (Up to December 2025)	474257.97	33.23

സംസ്ഥാനത്തിന്റെ ആഭ്യന്തര വിദേശ വായ്പകൾ

28(445) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ആഭ്യന്തര വിപണിയിൽ നിന്നുള്ള വായ്പകൾ, വിദേശ വായ്പകൾ എന്നിവയുടെ ഇനംതിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

2024-25 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തിന്റെ ബാധ്യതയായി ശേഷിക്കുന്ന പൊതുകടത്തിലെ ആഭ്യന്തര വായ്പ, വിദേശ വായ്പ എന്നിവയുടെ ഇനം തിരിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)							
പൊതു വിപണിയിൽ നിന്നുള്ള വായ്പ	ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ			NSS മായി ബന്ധപ്പെട്ട പ്രത്യേക സെക്യൂരിറ്റികൾ	മറ്റുള്ളവ	ആഭ്യന്തര വായ്പ	വിദേശ വായ്പ
	എൽ. ഐ. സി	ജി.ഐ. സി	നബാർഡ്				
(i)	(ii)			(iii)	(iv)	(I=i+ii+iii+iv)	(II)
263746.02	55.27	72.29	2730.95	29303.43	809.62	296717.59	4944.76

							(എ.ജി യുടെ ഡ്രാഫ്റ്റ് അക്കൗണ്ട്സ് പ്രകാരം)

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ആഭ്യന്തര, വിദേശ വായ്പ ഇനത്തിൽ തിരിച്ചടച്ച തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ആഭ്യന്തര, വിദേശ വായ്പ ഇനത്തിൽ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

സാമ്പത്തിക വർഷം	ആഭ്യന്തര വായ്പ*	വിദേശ വായ്പ
2021-22	50690.41	38.25
2022-23	51746.38	61.21
2023-24	91465.86	206.31
2024-25	130947.49	234.53

* റിസർവ് ബാങ്കിൽനിന്നും സംസ്ഥാനം സ്വീകരിച്ച വെയ്സ്&മീൻസ് അഡ്വാൻസിന്റെ തിരിച്ചടവുകൂടി ഉൾപ്പെടുന്നു.

വിവിധ ഇനങ്ങളിൽ നൽകാനുള്ള കുടിശ്ശിക

29(446) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി, മറ്റ് പദ്ധതികൾ എന്നിവയിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കേന്ദ്രസഹായമുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ.), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്.), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷ്വറൻസ് (എസ്.സി.എച്ച്.ഐ.എസ്.) എന്നിവ ലയിപ്പിച്ച് രൂപീകരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കാസ്പ്)-യിൽ കേന്ദ്ര വിഹിതത്തിനാനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതത്തിൽ കുടിശ്ശികയില്ല. എന്നാൽ പ്രസ്തുത പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ അതുസംബന്ധിച്ച അധിക ബാധ്യത സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 28-02-2026 വരെയുള്ള കാലയളവിൽ പദ്ധതിയുടെ കീഴിൽ 1824.30 കോടി രൂപ കുടിശ്ശികയുണ്ട്. 2025-26 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായ കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 918 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 28-02-2026 വരെയുള്ള കാലയളവ് കണക്കിലെടുക്കുമ്പോൾ 285.34 കോടി രൂപ കാരുണ്യ ബെനവലെന്റ് സ്കീമിനുകീഴിലും 29.90 കോടി രൂപ ആരോഗ്യ കിരണത്തിന് കീഴിലും കുടിശ്ശികയായി ഉണ്ടായിരുന്നു. കുടിശ്ശികകൾ മുൻഗണന ക്രമത്തിൽ തീർപ്പാക്കുന്നതിനായി 74.30 കോടി രൂപ കാരുണ്യ ബെനവലെന്റ് സ്കീമിന് നടപ്പ് വർഷം അധിക ധനാനുമതി വഴി നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിൽനിന്നും ഉച്ചഭക്ഷണ പദ്ധതിയിനത്തിൽ സപ്ലൈകോയ്ക്ക് നൽകാൻ 38.53 കോടി രൂപയും സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ ഓണറേറിയം ഇനത്തിൽ കുടിശ്ശികയുള്ള 1.6 കോടി രൂപയും കേന്ദ്ര ഫണ്ടിന്റെ നാലാം ഗഡു ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിങ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. 28-03-2026 വരെയുള്ള കണക്കുകൾ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 2025 ജൂലൈ മാസം വരെയും ഹാർബർ എഞ്ചിനീയറിങ്, ജലവിഭവം എന്നീ വകുപ്പുകളിൽ 2025 നവംബർ മാസം വരെയുമുള്ള ബില്ലുകളുടെ തുക അനുദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട അധ്യാപകർ ഉൾപ്പെടെ) അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശികയായി ഏകദേശം 22,376.70 കോടി രൂപയും സർവീസ് പെൻഷൻകാർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട പെൻഷൻകാർ ഉൾപ്പെടെ) ഫാമിലി പെൻഷൻകാർക്കും അനുവദിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയായി ഏകദേശം 16,142.23 കോടി രൂപയും നൽകാനുണ്ട്.

ലൈഫ് ഭവനപദ്ധതി നിർവഹണത്തിൽ സംസ്ഥാന വിഹിതം നൽകുന്നതിൽ നിലവിൽ കുടിശ്ശികയില്ല.

(ബി) നിലവിലുള്ള സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേല്പറഞ്ഞവയിൽ ഓരോന്നിന്റെയും കുടിശ്ശിക തുക എത്ര വീതം കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സമയബന്ധിതമായി കുടിശ്ശികകൾ തീർപ്പാക്കിവരുന്നു.

(സി) ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏത് തീയതി മുതലാണ് വിതരണം ചെയ്യാനുള്ളത്; എത്ര തുകയാണ് ഇതിനായി ആവശ്യമുള്ളത്; ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ?

നാളിതുവരെ അനുവദിച്ച ക്ഷാമബത്തയുടെയും ക്ഷാമാശ്വാസത്തിന്റെയും കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

04-02-2026-ലെ G.O.(P)No.15/2026/FIN ഉത്തരവ് പ്രകാരം ഒരു ഗഡു ക്ഷാമബത്ത(3%) 2026 ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പവും 20-02-2026-ലെ G.O.(P)No.27/2026/FIN

ഉത്തരവ് പ്രകാരം 10% ക്ഷാമബത്ത 2026 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പവും സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ 06-03-2026-ലെ G.O.(P)No.44/2026/FIN ഉത്തരവ് പ്രകാരം ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശ്ശികയും 2026-2027 സാമ്പത്തിക വർഷം മുതൽ എട്ട് ഗഡുക്കളായി അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.

(ഡി) വിവിധ സാമൂഹ്യ ക്ഷേമപെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ കുടിശ്ശികയില്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിങ്ങനെ 3 തരം പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. നിലവിൽ 2026 ജനുവരി മാസം വരെയുള്ള ക്ഷേമ പെൻഷൻ തുകകൾ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്. അതേ സമയം ആവശ്യമായ രേഖകളുടെ അഭാവം, ആധാർ ലിങ്കിങ്ങ് ചെയ്യുന്നതിൽ വന്നിട്ടുള്ള തടസ്സം തുടങ്ങിയ വിവിധ സാങ്കേതിക കാരണങ്ങളാൽ 2016 ഒക്ടോബർ മാസം മുതൽ 2023 ഡിസംബർ മാസം വരെയുള്ള കാലയളവിലെ ചില അപേക്ഷകളിൽ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

1. വാർധക്യകാല പെൻഷൻ

(മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി)–21.44 Cr

2. വിധവ പെൻഷൻ - 2.10 Cr

മേൽ പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനായി വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലാണ്.

സംസ്ഥാനത്തിന്റെ പൊതു കടം

30(447) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യത എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയും കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	(തുക കോടിയിൽ)
2025-26 (Monthly Civil Accounts)	474257.97 (മൊത്തം കടം)
2015-16	109731 (പൊതു കടം)

(ബി) 2016-17 കാലയളവ് മുതൽ സർക്കാർ എടുത്ത ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെയുള്ള കടങ്ങളുടെ വിശദാംശങ്ങളും തിരിച്ചടവിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

2016-17 കാലയളവ് മുതൽ സർക്കാർ എടുത്ത ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെയുള്ള കടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

സാമ്പത്തിക വർഷം	ആഭ്യന്തര വായ്പകൾ	കേന്ദ്ര വായ്പകൾ	പൊതുകടം
2016-17	118268.72	7614.14	125882.85
2017-18	135500.53	7483.99	142984.53
2018-19	150991.04	7243.41	158234.45
2019-20	165960.04	8680.18	174640.22
2020-21	190474.10	9207.63	199681.73
2021-22	210791.59	9182.96	219974.55
2022-23	227137.07	10863.90	238000.97
2023-24	257157.92	10832.07	267989.99
2024-25	296717.59	13298.28	310015.87
2025-26	321627.73 (as on 31.12.2025)	14756.21	336383.94

ആഭ്യന്തര വായ്പയുടെയും കേന്ദ്ര വായ്പയുടെയും തിരിച്ചടവിന്റെ നിലവിലെ സ്ഥിതി പട്ടികയായി ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ആഭ്യന്തര വായ്പ*	കേന്ദ്ര വായ്പ
2024-25	130948.34	1155.77

* റിസർവ് ബാങ്കിൽനിന്നും സംസ്ഥാനം സ്വീകരിച്ച വെയ്സ്&മീൻസ് അഡ്വാൻസിന്റെ തിരിച്ചടവുകൂടി ഉൾപ്പെടുന്നു.

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്കും പദ്ധതികൾക്കുമാണ് സർക്കാർ ജാമ്യത്തിൽ വായ്പ എടുത്തിട്ടുള്ളതെന്നും അവയുടെ വിശദവിവരവും ലഭ്യമാക്കാമോ?

34 പൊതുമേഖല സ്ഥാപനങ്ങൾ നാളിതുവരെ സർക്കാർ ജാമ്യത്തിൽ വായ്പ എടുത്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+(അനുബന്ധം I).

(ഡി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കാമോ; ആയതിൽ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോന്നിനും സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കി അനുബന്ധത്തിൽ (അനുബന്ധം II) ചേർത്തിരിക്കുന്നു+. ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ PFMS-ൽ ലഭ്യമായ SNA 01 Report & SPARSH 03 Report എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ, മറ്റ് വിവിധ ക്ഷേമ പെൻഷനുകൾ, വിവിധ ക്ഷേമനിധി പെൻഷനുകൾ, സ്കോളർഷിപ്പുകൾ, വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ എന്നിവ നാളിതുവരെ എത്ര മാസത്തോളം കുടിശ്ശികയുണ്ടെന്നും കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാൻ എത്ര തുക വേണ്ടിവരുമെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ?

മത്സ്യബന്ധന വകുപ്പ്

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി വാർധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിങ്ങനെ 3 തരം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്യുന്നത്. കുടിശ്ശികയായ ക്ഷേമപെൻഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) 2016-ഒക്ടോബർ മാസം മുതൽ 2023-ഡിസംബർ മാസം വരെയുള്ള കാലയളവിൽ അനുവദിക്കാനുള്ള പെൻഷൻ കുടിശ്ശിക ചുവടെ ചേർക്കുന്നു.

1. വാർധക്യകാല പെൻഷൻ

(മത്സ്യത്തൊഴിലാളി+അനുബന്ധത്തൊഴിലാളി) -₹21,44,07,600/-

2. വിധവ പെൻഷൻ - ₹ 2,10,23,200/-

ആകെ -₹ 23,54,30,800/-

B) ഇത് കൂടാതെ, 2025-ഡിസംബർ, 2026-ജനുവരി എന്നീ മാസങ്ങളിലെ മത്സ്യത്തൊഴിലാളി വിധവ പെൻഷൻ കുടിശ്ശികയാണ്. 2025 ഡിസംബർ മാസത്തിൽ 8744

പേർക്കായി 1,74,88,000/- രൂപയും 2026 ജനുവരി മാസത്തിൽ 8810 പേർക്കായി 1,76,20,000/- രൂപയും ചേർന്ന് 3,51,08,000/- രൂപ വേണ്ടിവരും.

മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശിക വിവരങ്ങൾ

നടപ്പ് സാമ്പത്തിക വർഷം മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ധനസഹായം (പ്രീമെട്രിക് & പോസ്റ്റ്മെട്രിക്) അനുവദിക്കുന്നതിനായി 75.465 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. അതിനുപുറമെ മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സോഫ്റ്റ്വെയർ ആയ E-grantz 2.0-യുടെ Bill Generation Login ആയ Accountant Clerk-ലെ നിലവിലെ Status report പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം.	അധ്യയനവർഷം	തുക
1.	2024-25	8,79,58,314/-
2.	2025-26	8,57,61,966/-
	ആകെ	17,37,20,280/-

E-grantz 2.0 സോഫ്റ്റ്വെയർ പ്രകാരം കുടിശ്ശികയായിട്ടുള്ള 17,37,20,280/- രൂപയിൽനിന്നും നിലവിൽ നീക്കിയിരിപ്പുള്ള 3,29,41,310/- രൂപ കിഴിച്ച് ആകെ 14,07,78,970/- രൂപ (പതിനാല് കോടി ഏഴ് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം) നിലവിൽ വേണ്ടിവരുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വിദ്യാർഥികൾ കൂടുതലായി ആപ്ലിക്കേഷനുകൾ സമർപ്പിക്കുന്നതനുസരിച്ചും അവ പരിശോധിച്ച് ക്ലെയിമുകൾ അതത് ജില്ല

ഓഫീസുകളിൽനിന്നും അംഗീകരിക്കുന്ന മുറയ്ക്കും കുടിശ്ശികയായി വരുന്ന തുക വർധിക്കുന്നതാണ്.

സ്കോളർഷിപ്പ് കുടിശ്ശികയായി ഭരണവകുപ്പ് കാണിച്ചിരിക്കുന്ന 17,37,20,280/- രൂപയിൽ 13 കോടി രൂപ ധനപുനർവിനിയോഗം വഴി '2405-00-121-97-00-12-00-N-V' ശീർഷകത്തിലേക്ക് 16-02-2026-ലെ G.O (Rt) No. 1472/2026/Fin പ്രകാരം അനുവദിച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ

സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും 2026 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ഈ ഇനങ്ങളിൽ കുടിശ്ശികയില്ല.

ന്യൂനപക്ഷക്ഷേമ വകുപ്പ്

വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ കുടിശ്ശികയൊന്നും തന്നെയില്ല. നിലവിൽ മാർഗ്ഗദീപം സ്കോളർഷിപ്പ്, വിദേശ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, IITs/IIM/IISc/IMSc സ്കോളർഷിപ്പ് എന്നിവയുടെ ഫണ്ട് വിതരണം പൂർത്തിയായിട്ടുണ്ട്. സി.എ./സി.എം.എ./ സി.എസ്. സ്കോളർഷിപ്പ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, സിവിൽ സർവീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, സി.എം. റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റീസ് എന്നിവയുടെ

ഫണ്ട് ഫെബ്രുവരി മാസം ആദ്യവാരത്തോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് അംശദായ പെൻഷൻ

അംശദായ പെൻഷൻ ഇനത്തിൽ കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2025 ഡിസംബർ മുതൽ 2026 ഫെബ്രുവരി വരെ 3 മാസത്തെ പെൻഷൻ 12,57,69,000/- രൂപ (പന്ത്രണ്ട് കോടി അമ്പത്തിയേഴ് ലക്ഷത്തി അറുപത്തിയൊൻപതിനായിരം രൂപ മാത്രം) കുടിശ്ശികയുണ്ട്. കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിശ്ശിക കാലയളവ്	പെൻഷന് അർഹതയുള്ള പ്രവർത്തകരുടെ എണ്ണം	പ്രതിമാസം ആവശ്യമായ തുക (രൂപയിൽ)	12/2025 മുതൽ 02/2026 വരെ ആവശ്യമായ തുക (രൂപയിൽ)
12/2025 മുതൽ 02/2026 വരെ	20844	4,19,23,000	12,57,69,000

അങ്കണവാടി ജീവനക്കാർ നൽകുന്ന സംഭാവനയും സർക്കാർ നൽകുന്ന സംഭാവനയും (20%) ചേർന്ന തുകയും ആ തുകയിന്മേലുള്ള പലിശയും ചേരുന്ന ക്ഷേമനിധി ഫണ്ടിൽനിന്നും ബോർഡാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടത്. സർക്കാർ നൽകേണ്ട 20% തുക 2235-02-102-89-10-Non Plan ശീർഷകത്തിൽ വകയിരുത്തി എല്ലാ വർഷവും അനുവദിച്ചുവരുന്നു. അപ്രകാരം നടപ്പ് വർഷം 2235-02-102-89-10-Non Plan ശീർഷകത്തിൽ വകയിരുത്തി 9 കോടി രൂപയും അധിക ധനാനുമതിയായി 32.32 കോടി രൂപ കൂടി

അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ഫണ്ടിലേക്ക് അനുവദിക്കുന്ന സർക്കാർ വിഹിതത്തിൽ മേൽ കുടിശ്ശികയൊന്നുമില്ല.

പട്ടികജാതി & പട്ടികവർഗ വികസന വകുപ്പ്

പട്ടികജാതി വിഭാഗ വിദ്യാർഥികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, കേന്ദ്ര വിഹിതം ഉൾപ്പെടുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം വരെയുള്ള വിദ്യാർഥികൾ), പ്രീമെട്രിക് സ്കോളർഷിപ്പ്–Component 1, പ്രീമെട്രിക് സ്കോളർഷിപ്പ്–Component 2 എന്നിവയിൽ കുടിശ്ശികയൊന്നുമില്ല.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ 29-01-2026 വരെ അപ്രൂവൽ ലഭിച്ച 2024-25 അധ്യയനവർഷം വരെയുള്ള സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേയ്മെന്റ് ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ കേന്ദ്ര വിഹിതം ഉൾപ്പെടുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പ് ക്ലെയിമുകളുടെ സംസ്ഥാന വിഹിതം (40%) യഥാസമയം പേയ്മെന്റ് ചെയ്തുവരുന്നുണ്ട്. സംസ്ഥാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ (കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷത്തിന് മുകളിലുള്ള വിദ്യാർഥികൾ) 09-02-2026 തീയതി ജനറേറ്റ് ചെയ്ത ബില്ല് പ്രകാരം ₹63,55,46,084/- രൂപ വിതരണം ചെയ്യേണ്ടതായുണ്ട്. ആയത് ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പേയ്മെന്റ് ചെയ്യുന്നതാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക ധനാനുമതി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിൽ നിന്നുമുള്ള കടമെടുപ്പ്

31(448) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക എത്രയാണെന്ന് നിശ്ചയിച്ച് കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിനുണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽനിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles) KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും

പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF-ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 2073 കോടി രൂപയും 01-04-2025-ന് മുമ്പ് single nodal account-ലേക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും 2025 ഡിസംബർ വരെ കുറവ് വരുത്തിയിട്ടുണ്ട്. തൽഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ (കടമെടുപ്പിൽ) ആകെ 19059.94 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പൊതുവിപണിയിൽനിന്നും 2026 ജനുവരി വരെ 41,249 കോടി രൂപ കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക ഉൾപ്പെടെ ശേഷിക്കുന്ന കാലയളവിലെ ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള സംസ്ഥാനത്തിന്റെ ആകെ ചെലവ് 134711.81 കോടി രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ആകെ ചെലവ് 192455.60 കോടി രൂപയാണ്.

(സി) സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും ചെലവുകൾക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്താനും

സാമ്പത്തിക സുസ്ഥിരത കൈവരിക്കാനുമാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദ്ധീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ഷാമബത്ത, സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം

32(449) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് നാളിതുവരെ എത്ര കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേല്പറഞ്ഞ ഇനങ്ങളിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിച്ചുകൊണ്ടുള്ള 20-02-2026-ലെ സ.ഉ.(അച്ചടി) നം.27/2026/ധന നമ്പർ ഉത്തരവ് പ്രകാരം ഡി.എ./ഡി.ആർ. പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 06-03-2026-ലെ സ.ഉ.

(അച്ചടി) നം.44/2026/ധന നമ്പർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ./ഡി.ആർ.-ന്റെ അരിയർ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും (UGC/AICTE/Medical Education സ്കീമുകളിലുൾപ്പെട്ട അധ്യാപകർ ഉൾപ്പെടെ) അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശികയായി ഏകദേശം 22,376.70 കോടി രൂപയും (31-12-2025 വരെയുള്ള കണക്ക്) സർവീസ് പെൻഷൻകാർക്കും (UGC/AICTE/Medical Education സ്കീമുകളിലുൾപ്പെട്ട പെൻഷൻകാർ ഉൾപ്പെടെ) ഫാമിലി പെൻഷൻകാർക്കും അനുവദിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയായി ഏകദേശം 16,142.23 കോടി രൂപയും (01-01-2026 വരെയുള്ള കണക്ക്) നൽകാനുണ്ട്.

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മിഷൻ അവലംബിച്ച താൽക്കാലിക കണക്കുകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് ഏകദേശം 3,572.13/- കോടി രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യതയാണ് പ്രതീക്ഷിച്ചിരുന്നത്. അതായത് പ്രതിമാസ ബാധ്യത 297.67 കോടി രൂപയാണ്. 2019 ജൂലൈ 1 മുതൽ 2021 ഫെബ്രുവരി 28 വരെ കുടിശ്ശികയായ 20 മാസത്തെ ആകെത്തുക 5,953.55 കോടി രൂപയാണ്. ഇതിൽനിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് 29-03-2025-ലെ സ.ഉ(അ)നം. 38/2025/(79)/ധന ഉത്തരവ് പ്രകാരവും മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് 01-11-2025-ലെ സ.ഉ(അ)നം.139/2025/(93)/ധന പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാവുന്നതാണെന്നും ശേഷിക്കുന്ന മൂന്നും നാലും ഗഡുക്കൾ (25% വീതം) 2026 ഏപ്രിൽ 1-നുശേഷം ക്രെഡിറ്റ് ചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പതിനൊന്നാം ശമ്പളപരിഷ്കരണത്തോടനുബന്ധിച്ചുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ നാല് ഗഡുക്കളും ഇതിനോടകം അനുവദിച്ചിട്ടുള്ളതാണ്. 23-02-2021-ലെ സ.ഉ (അ) നം. 35/2021/ധന പ്രകാരം 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ ആദ്യ രണ്ട് ഗഡുക്കളും 15-03-2024-ലെ സ.ഉ (അ)നം.21/2024/ധന പ്രകാരം മൂന്നാമത്തെ ഗഡുവും 12-02-2025-ലെ സ.ഉ (അ)നം.15/2025/ധന പ്രകാരം നാലാമത്തേതും അവസാനത്തേതുമായ ഗഡുവും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

(സി) ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യുന്നത് ഏത് തീയതി മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന് എത്ര തുകയാണ് ആവശ്യമുള്ളത്; ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 06-03-2026-ലെ സ.ഉ.(അച്ചടി) നം.44/2026/ധന നമ്പർ

ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ./ഡി.ആർ.-ന്റെ അരിയർ അനുവദിച്ചിട്ടുണ്ട്.

(ഡി) വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടിവരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും 2024 മാർച്ച് മുതൽ എല്ലാ മാസവും മുടക്കം കൂടാതെ അനുവദിച്ചുവരുന്നു. 2026 ജനുവരി മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശികയില്ല.

സമഗ്ര വികസനത്തിന് കിഫ്ബി വഹിച്ച പങ്ക്

33(450) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമഗ്ര വികസനത്തിന് കിഫ്ബി വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അടിസ്ഥാന വികസന പദ്ധതി മേഖലയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന വിടവ് നികത്തുക, സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കിഫ്ബിയെ സജ്ജമാക്കുന്നതിനായാണ് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് 2016-ൽ ഭേദഗതി ചെയ്തുകൊണ്ട് ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പാക്കാൻ വിഭാവനം ചെയ്തത്. 1999-ലെ കിഫ്ബി ആക്ടിന്റെ 2016-ലെ ഭേദഗതി നിലവിൽ വന്ന ശേഷം ആദ്യത്തെ ബാച്ച് പദ്ധതികൾ (Tranche-1) കിഫ്ബി അംഗീകരിക്കുന്നത് 2016 നവംബറിലാണ്. ഇതിനോടകം 29 Tranche-കളിലായി ആകെ 1216 പദ്ധതികൾക്ക് 96,554 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ 76,554 കോടി രൂപയുടെ 1209 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുന്ന 7 പദ്ധതികളുമാണുള്ളത്.

ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കിവരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ടും അതോടൊപ്പം കിഫ്ബി തനതായി വിഭവ സമാഹരണം നടത്തിക്കൊണ്ടും വിദൂര ഭാവിയിൽ മാത്രം

സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം സമീപ ഭാവിയിൽ തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്.

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, ഊർജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. റോഡുകളും പാലങ്ങളുമായി ആകെ 39,379 കോടി രൂപയുടെ 527 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ 110 പൊതുമരാമത്ത് പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുനൽകിക്കഴിഞ്ഞു. അവയിൽ ഭൂരിഭാഗം പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പെടെ പൂർത്തീകരിച്ചാണ് നിർമ്മാണം സാധ്യമാക്കിയിട്ടുള്ളത്. പൂർത്തിയാക്കിയ മൊത്തം പദ്ധതി തുക 4,444.50 കോടി രൂപയാണ്.

ജലവിഭവ വകുപ്പിന് കീഴിലുള്ള പദ്ധതികളിൽ നാളിതുവരെ 104 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുകയും അവയിൽ 58 പദ്ധതികൾ പൂർത്തിയാകുകയും ചെയ്തു. പൂർത്തിയാക്കിയ മൊത്തം പദ്ധതി തുക 2,922.87 കോടി രൂപയാണ്.

സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി നാളിതുവരെ ആകെ 6888.52 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. വിവിധ ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതിനുതകുന്ന രീതിയിൽ ആശുപത്രി ഉപകരണങ്ങൾ

വാങ്ങുന്നതിനുള്ള പദ്ധതികളും മുന്നിൽക്കണ്ടുകൊണ്ടാണ് കിഫ്ബി പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. 1776.44 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആരോഗ്യമേഖലയിൽ കിഫ്ബി വഴി നാളിതുവരെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളത്.

മുമ്പ് പ്ലാൻ ഫണ്ടിൽനിന്നും ചെയ്തിരുന്നതിന് വിപരീതമായി ഒരു സമഗ്ര പദ്ധതിയായിട്ടാണ് കിഫ്ബി സ്കൂൾ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ രംഗത്ത് കിഫ്ബിയിലൂടെ നടപ്പാക്കപ്പെട്ട പദ്ധതികൾ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയ മികച്ച സംഭാവന എത്രത്തോളമാണെന്ന് സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ കഴിഞ്ഞ എട്ട് വർഷം കൊണ്ടുണ്ടായ മാറ്റം ശ്രദ്ധിച്ചാൽ തന്നെ മനസ്സിലാകുന്നതാണ്. സ്കൂൾ കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും ക്ലാസ് റൂമുകളുടെയും ലാബുകളുടെയും ഡിജിറ്റലൈസേഷനുമൊക്കെ തന്നെയും രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനാകാത്ത വിധം മെച്ചപ്പെട്ടതാണ്. ഇതുവരെ 44705 ക്ലാസ് റൂമുകളുടെയും 11257 സ്കൂൾ ലാബുകളുടെയും ഡിജിറ്റലൈസേഷനും 631 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിലും അടിസ്ഥാന സൗകര്യമേഖലകളിലും അതിശയകരമാം വിധമാണ് പദ്ധതി പൂർത്തീകരണം കിഫ്ബി വഴി യാഥാർഥ്യമാക്കിയിട്ടുള്ളത്. ഇതുകൂടാതെ നാല് സാംസ്കാരിക സമുച്ചയങ്ങൾ, അമ്പത്തിമൂന്ന് തീരദേശ സ്കൂളുകൾ, തീരദേശ സംരക്ഷണ പദ്ധതികൾ, കോളേജുകളുടെയും യൂണിവേഴ്സിറ്റികളുടെയും നവീകരണം, ഐ.ടി പാർക്കുകൾ, കോടതി സമുച്ചയങ്ങൾ, വൈദ്യുതി വിതരണ ശൃംഖലകൾ, വ്യവസായ പാർക്കുകളുടെയും

ദേശീയ പാതയുടെയും സ്ഥലമേറ്റെടുപ്പ്, കായിക സമുച്ചയങ്ങൾ, ഇലക്ട്രിക്ക് ബസുകൾ തുടങ്ങി 24,734.58 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി ഇതിനോടകം പൂർത്തീകരിച്ചത്.

ഇത്തരത്തിൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ശക്തമായ സാന്നിധ്യമായി മാറാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) കിഫ്ബി ഫണ്ട് വഴി ഓരോ നിയമസഭാമണ്ഡലത്തിലും നടപ്പാക്കിയതും നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) കിഫ്ബി വഴിമാത്രം ഓരോ മണ്ഡലത്തിലും വിവിധ പദ്ധതികൾക്കായി ഇതിനകം അനുവദിച്ച തുക എത്ര വീതമാണെന്നും പ്രത്യേകം ലഭ്യമാക്കാമോ?

(ബി&സി) കിഫ്ബി ഫണ്ട് വഴി ഓരോ നിയമസഭാമണ്ഡലത്തിലും നാളിതുവരെ അംഗീകരിച്ച പദ്ധതികൾ, പൂർത്തീകരിച്ച പദ്ധതികൾ, പൂർത്തീകരിക്കാനുള്ള പദ്ധതികൾ എന്നിവയുടെ അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കോങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

34(451) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

35(452) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർഥ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

(എ&ബി) 01-11-2016-ലെ G.O (Rt) No.1502/2016/PWD ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടി രൂപ തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് – തങ്കളം നാലുവരിപ്പാതയുടെ Ch.0/000 മുതൽ 27/324 വരെയുള്ള ഭാഗം KRFB മുഖേന നിർവഹിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ചെറുവട്ടൂർ മുതൽ തങ്കളം (Ch.20/000 – 27/234) വരെയുള്ള 7.234 കി.മി നീളമുള്ള ഭാഗത്തിന് 255 കോടി രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും 10-08-2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ 04-06-2021-ലെ സാങ്കേതിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവലോകന റിപ്പോർട്ട് പ്രകാരം Ch.0/000 മുതൽ 27/324 വരെ മുഴുവൻ സ്കെച്ച് ഉൾപ്പെടുത്തി സമഗ്രമായ ഡി.പി.ആർ. സമർപ്പിക്കാൻ നിർദേശിച്ചിരുന്നു.

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം സമർപ്പിച്ച അലൈൻമെന്റിൽ IRC മാനദണ്ഡത്തിലെ പരമാവധി ഗ്രേഡിയന്റ് 8 ശതമാനത്തിന് മുകളിൽവരുന്ന ഭാഗങ്ങൾ കണ്ടെത്തപ്പെട്ടതിനാൽ അതനുസരിച്ചുള്ള ഡിസൈൻ പ്രായോഗികമല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കിഫ്ബി ഉദ്യോഗസ്ഥർ 12-05-2023-ന് സ്ഥലപരിശോധന നടത്തി നിലവിലെ അലൈൻമെന്റ് പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും 01-06-2023-ലെ കത്ത് മുഖേന ബദൽ അലൈൻമെന്റ് പഠനം നടത്താൻ KRFB-ക്ക് നിർദേശം നൽകുകയും ചെയ്തു. ഇതനുസരിച്ച് KRFB കിഫ്ബി TRC വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ പഠനം നടത്തി.

തുടർന്ന് 24-05-2024-ലെ യോഗത്തിൽ തങ്കളം–കാക്കനാട് റോഡും മൂവാറ്റുപുഴ–കാക്കനാട് റോഡും സംയോജിപ്പിച്ച് നടപ്പാക്കാനുള്ള സാധ്യത പരിശോധിക്കാൻ നിർദേശം നൽകിയിരുന്നു. സ്ഥലപരിശോധനകൾക്ക് ശേഷം തങ്കളം മുതൽ വീട്ടൂർ വരെ കയറ്റിറക്കങ്ങൾ കുറവുള്ള പുതിയ അലൈൻമെന്റ് കണ്ടെത്തുകയും ചെയ്തു.

പുതിയ അലൈൻമെന്റ് മേലേ പീടിക–ചെറുവട്ടൂർ–പള്ളിച്ചിറങ്ങര വഴി വീട്ടൂർ വരെ 11.816 കി.മീ നീളത്തിലാണ്. വീട്ടൂർ മുതൽ കിഴക്കമ്പലം വരെ ഭാഗം നിലവിലെ റോഡ് വീതി കൂട്ടി 15 മീ. RoW ആയി നവീകരിക്കാനാണ് പദ്ധതി. കിഴക്കമ്പലം–കാക്കനാട് ഭാഗത്തെ പഠനം പ്രാഥമിക ഘട്ടത്തിലാണ്. KRFB കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിൽ വീട്ടൂർ –

കിഴക്കമ്പലം ഭാഗത്ത് ചെറിയ കുന്നുകളും പാടങ്ങളും ഉൾപ്പെട്ടതിനാൽ ആവശ്യമായ പാർശ്വസംരക്ഷണ ക്രമീകരണങ്ങൾ ഉൾപ്പെടുത്തി ഡിസൈൻ ചെയ്താൽ അലൈൻമെന്റ് ഫീസിബിളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കോതമംഗലം – വീട്ടൂർ ഭാഗത്തെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തിയുമായി മുന്നോട്ടുപോകാമെന്നും മതിയായ പാർശ്വസംരക്ഷണങ്ങൾ 15 മീറ്ററിനുള്ളിൽ ഉൾപ്പെടുത്താമെന്ന് KRFB-ക്ക് ബോധ്യമുള്ള പക്ഷം ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ സമർപ്പിക്കാമെന്നുമാണ് കിഫ്ബിയുടെ നിർദേശം. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഏജൻസി കിഫ്ബിക്ക് പ്രൊപ്പോസൽ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

പരിഷ്കരിച്ച ഡി.പി.ആർ./ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ ലഭിച്ചതിനുശേഷം കിഫ്ബി അവലോകനം നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം നേടി ധനാനുമതി നൽകുന്നതാണ്. ധനാനുമതി ലഭിച്ചതിനുശേഷം KRFB-ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്.

മൂവാറ്റുപുഴ–കിഴക്കമ്പലം ഭാഗം മറ്റൊരു കിഫ്ബി പദ്ധതിയായ മൂവാറ്റുപുഴ–കാക്കനാട് റോഡിൽ ഉൾപ്പെട്ടതാണ്. ഈ DPR-ൽ വീട്ടൂർ–കിഴക്കമ്പലം ഭാഗം 15 മീ. RoW ആയി പരിഷ്കരിച്ച് സമർപ്പിക്കണമെന്ന് കിഫ്ബി KRFB-യോട് നിർദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ തങ്കളം–കാക്കനാട് റോഡ് എല്ലായിടത്തും നാലുവരിപ്പാതയായി തന്നെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി

കിഫ്ബി ഒരു അവലോകന യോഗം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത വിലയിരുത്തുന്നതിനായി വാഹനസാന്ദ്രത പരിശോധിക്കുന്നതിന് കിഫ്ബി TRC-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വാഹന സാന്ദ്രതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത സംബന്ധിച്ച് തീരുമാനമെടുത്തശേഷം ആവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസിക്ക് നൽകുന്നതാണ്. ഇപ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

കിഫ്ബി സി.ഇ.ഒ.യുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും

36(454) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സി.ഇ.ഒ.-യുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചതെന്നാണെന്ന് അറിയിക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2017-ൽ നിയമിച്ചതിനുശേഷം നാളിതുവരെ കിഫ്ബി സി.ഇ.ഒ.-യുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. നിയമന കരാർ പ്രകാരമുള്ള വാർഷിക ഇൻക്രിമെന്റായ 10%

നൽകിവരികയായിരുന്നു. 2024 മുതൽ കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച പെർഫോമൻസ് മാനേജ്മെന്റ് പോളിസി പ്രകാരം ഉദ്യോഗസ്ഥർക്ക് നൽകേണ്ട വാർഷിക വർധനവിലെ നിശ്ചിത വർധനവായ 7 ശതമാനമാണ് നൽകിവരുന്നത്. അവസാനമായി വർധനവ് നൽകിയത് 01-04-2025-ൽ ആണ്. മേൽ വർധനവ് നിയമന കരാർ പ്രകാരമുള്ള വാർഷിക വർധനവിനുള്ളിലായതിനാലും കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച പോളിസി പ്രകാരമായതിനാലും പ്രത്യേക ഉത്തരവിറക്കിയിട്ടില്ല.

(ബി) ശമ്പളം, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ കിഫ്ബി സി.ഇ.ഒ. കൈപ്പറ്റിയ തുകയുടെ പ്രതിമാസ വിവരങ്ങൾ ലഭ്യമാക്കാമോ?

ശമ്പള ഇനത്തിൽ 2018 ജനുവരിയിൽ 1,77,419 രൂപയും 2018 ഫെബ്രുവരി മുതൽ 2018 ഡിസംബർ വരെ പ്രതിമാസം 2,75,000 രൂപയും 2019 ജനുവരി മുതൽ 2019 ഡിസംബർ വരെ പ്രതിമാസം 3,02,500 രൂപയും 2020 ജനുവരി മുതൽ 2021 ഡിസംബർ വരെ പ്രതിമാസം 3,30,000 രൂപയും 2022 ജനുവരി മുതൽ 2022 ഡിസംബർ വരെ പ്രതിമാസം 3,49,250 രൂപയും 2023 ജനുവരി മുതൽ 2023 ഡിസംബർ വരെ പ്രതിമാസം 3,68,500 രൂപയും 2024 ജനുവരി മുതൽ 2025 മാർച്ച് വരെ പ്രതിമാസം 3,87,750 രൂപയും 2025 ഏപ്രിൽ മുതൽ 2025 ഡിസംബർ വരെ പ്രതിമാസം 4,07,000 രൂപയും നൽകിയിട്ടുണ്ട്. ലീവ് സറണ്ടർ ഇനത്തിൽ 2019-ൽ 1,51,250 രൂപയും 2021-ൽ 1,65,000 രൂപയും 2023-ൽ 1,84,250 രൂപയും 2024-ൽ 1,84,250 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവബത്ത ഇനത്തിൽ 2018 മുതൽ 2024 വരെ പ്രതിവർഷം 2,750 രൂപയും 2025-ൽ 3,000 രൂപയും നൽകിയിട്ടുണ്ട്.

(സി) കിഫ്ബി ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം പ്രത്യേക അലവൻസുകൾ നൽകുന്നുണ്ടോ; എങ്കിൽ ഏതൊക്കെ അലവൻസുകളാണ് നൽകുന്നതെന്നും ഓരോ അലവൻസിനും നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കിഫ്ബിയിൽ ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളത്തോടൊപ്പം പ്രതിമാസം 20,000 രൂപ വരെ പ്രോജക്ട് അലവൻസായി നൽകുന്നുണ്ട്. അതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. കല്ലിക്കൻപാടം കെട്ടിട നിർമ്മാണം

37(455) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. കല്ലിക്കൻപാടം കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ജി.എച്ച്.എസ്. കല്ലിക്കൻപാടം സ്കൂളിലെ കെട്ടിട നിർമ്മാണം 2025 ഡിസംബർ 30-ന് പൂർത്തീകരിച്ചിട്ടുണ്ട്.

കിഫ്ബിക്ക് സർക്കാർ നൽകിയ തുക

38(456) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിക്ക് 2017 മുതൽ നാളിതുവരെ സർക്കാർ ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ നൽകിയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കിഫ് ആക്ട്, 1999 (ഭേദഗതി 2016)-ന്റെ വകുപ്പ് 7 പ്രകാരം മുൻവർഷം സംസ്ഥാനത്തിന് ലഭിച്ച മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നീ തുകകളെ അടിസ്ഥാനമാക്കി സർക്കാരിൽനിന്നും നിശ്ചിത തുക കിഫ്ബിക്ക് ഓരോ വർഷവും ആനുിറ്റി മാതൃകയിൽ ലഭിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ലോൺ/ഗ്രാന്റ് ഇനങ്ങളിലും സർക്കാരിന് തുക കിഫ്ബിക്ക് നൽകാവുന്നതാണ്. ഈ ഇനങ്ങളിലായി 01-04-2017 മുതൽ 31-12-2025 വരെ ലഭിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+.

കോതമംഗലം നഗരസഭയിൽ മോഡേൺ ക്രിമറ്റോറിയം

39(457) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മോഡേൺ ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മോഡേൺ ക്രിമറ്റോറിയത്തിന് 3,82,00,000/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ Basement floor-ന്റെ Structural work പൂർത്തീകരിച്ചിട്ടുണ്ട്. Ground floor-ന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Truss work, Chimney & Furnace fixing, Admin Block, ടാങ്കുകൾ എന്നിവയുടെ work പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

(സി) ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ടി പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിയായ ഇമ്പാക്ട് കേരളയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം

40(458) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാരപ്പറമ്പ് എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ

ഡ്രോയിങ്ങിന് കിഫ്ബിയിൽനിന്നും അന്തിമാനുമതി ലഭിക്കാത്തതുമൂലം നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാങ്കേതികാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് നോർത്ത് നിയമസഭാ മണ്ഡലത്തിലെ കാരാപ്പറമ്പ് എൽ.പി. സ്ക്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിന് (PED) കിഫ്ബി ചില വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. ചെലവ് കാര്യക്ഷമമാക്കുന്നതിനായി ഫൗണ്ടേഷൻ ഡിസൈനിൽ ചില മാറ്റങ്ങൾ വരുത്തുന്നത് പരിഗണിക്കണമെന്നാവശ്യപ്പെട്ട് കിഫ്ബി നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫൗണ്ടേഷൻ റീ-ഡിസൈൻ ചെയ്ത് കിഫ്ബിയിലേക്ക് അടിയന്തരമായി അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ പദ്ധതി നിർവഹണ ഏജൻസി നടത്തിവരുന്നു. ടി ഡ്രോയിങ് എസ്.പി.വി.-യിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനായി കിഫ്ബി പരിഗണിക്കുന്നതാണ്.

മലമ്പുഴ ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര റോഡ് നവീകരണം

41(459) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര" റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കാമോ?

01-11-2016-ലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്–ധോണി–മുട്ടിക്കുളങ്ങര റോഡിന് 09-11-2018–ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയ്ക്കുള്ള ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി FDR സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ അവലോകനം നടത്തി KIIFB TRC-യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കാൻ കിഫ്ബി നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ അലൈൻമെന്റിന്റെ കരട് നിർവഹണ ഏജൻസി പരിശോധിച്ച് നിർദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിങ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04-01-2025-ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽനിന്നും നിർവഹണ ഏജൻസിക്ക് നൽകിയിരുന്നു. എന്നാൽ 10 മീറ്റർ വീതിയിൽ സ്ഥലം ലഭിക്കാത്തതിനാൽ KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിങ്

വർക്കുകൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ NATPAC തയ്യാറാക്കിയ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ DBM & BC ചെയ്യുന്നതിനുള്ള 23.7 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണ ഏജൻസി പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി 06-12-2025-ലെ കിഫ്ബി ആസ്ഥാനത്ത് വച്ചുനടന്ന അവലോകന യോഗത്തിലെ തീരുമാന പ്രകാരം പുന:സമർപ്പിക്കാൻ നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. പുതുക്കിയ ധനാനുമതിക്കുള്ള പ്രൊപ്പോസൽ നിർവഹണ ഏജൻസി പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി, കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുള്ള പദ്ധതികൾ

42(461)ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവ മുഖേന

കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) കുന്നത്തുനാട് മണ്ഡലത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവ മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, ഓരോ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക, അതത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കിഫ്ബി മുഖേന നടപ്പാക്കിയ പദ്ധതികൾ

43(462) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 കാലയളവുകളിൽ കിഫ്ബി മുഖേന വിവിധ വകുപ്പുകളിലായി ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചതെന്നും ഇതിൽ എത്ര പദ്ധതികൾക്ക് ഇതിനകം സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടെന്നും അതിനായി വകയിരുത്തിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ 2016-2017 മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2025-2026 വരെയുള്ള കാലയളവിലെ ബജറ്റ് പ്രസംഗങ്ങളിലും മന്ത്രിസഭാ അംഗീകാരങ്ങളിലുമായി ഒരു ലക്ഷം കോടിയിൽപരം പദ്ധതികളാണ് കിഫ്ബി മുഖാന്തരം പ്രാവർത്തികമാക്കാൻ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. കിഫ്ബി ധനസഹായത്തോടുകൂടി സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ആകെ 96,554.53 കോടി രൂപയുടെ 1216 പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. അംഗീകാരം നൽകിയ തുകയുടെ വിശദാംശം അനുബന്ധം-1 ൽ കാണാവുന്നതാണ്[+].

(ബി) കിഫ്ബി മുഖേന ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബി മുഖേന നാളിതുവരെ 24,734.58 കോടി രൂപയുടെ പദ്ധതി/പദ്ധതി ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരിച്ച കിഫ്ബി പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-2 ൽ കാണാവുന്നതാണ്[+].

ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകുറിശ്ശി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി

44(463) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകുറിശ്ശി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകുറിശ്ശി സ്കൂൾ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക്, മേസണറി, പ്ലാസ്റ്ററിങ് എന്നിവ പൂർത്തിയായി. പ്രൈമർ, പെയിന്റിങ്, ഫ്ലോറിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. കെട്ടിടത്തിന്റെ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഫെബ്രുവരിയോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം

45(464) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കോഴിക്കോട് എൻ.ജി.ഒ ക്വാർട്ടേഴ്സ് സ്കൂളിന്റെ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തി പൂർത്തികരിക്കുന്നതുമായി ബന്ധപ്പെട്ട് 22-10-2024-ൽ കിഫ്ബിയിൽ വച്ച് നടന്ന യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് എൻ.ജി.ഒ ക്വാർട്ടേഴ്സ് സ്കൂളിന്റെ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ അവശേഷിക്കുന്ന ഭാഗം പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി ടി സ്കൂളിന് അനുവദിച്ച കിഫ്ബി ഫണ്ടിൽ ബാക്കിവരുന്ന തുക ഉപയോഗിച്ച് പൂർത്തീകരിക്കാൻ തത്വത്തിൽ അനുമതി നൽകി.

കിഫ്ബി-

ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നിവരുടെ സംയുക്ത സംഘം 2024 നവംബർ ആദ്യ ആഴ്ചയിൽ സ്കൂളിൽ സന്ദർശനം നടത്തി സ്കൂൾ അധികൃതർ ആവശ്യപ്പെടുന്ന മാറ്റങ്ങൾ വരുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത യോഗ തീരുമാന പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

പ്രസ്തുത യോഗ തീരുമാന പ്രകാരം കിഫ്ബി-ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നിവരുടെ സംയുക്ത സംഘം സ്കൂളിൽ സന്ദർശനം നടത്തിയിരുന്നു. സ്കൂൾ അധികൃതർ ആവശ്യപ്പെടുന്ന മാറ്റങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർവഹണ ഏജൻസിക്ക് കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസി നിലവിലെ ഓഡിറ്റോറിയത്തിന്റെ Architectural and Structural drawings-ഉം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഓഡിറ്റോറിയത്തിന്റെ Revised Structural drawings, Estimates-ഉം പൊതുമരാമത്ത് കോഴിക്കോട് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി പ്രോജക്ട് സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 22-10-2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് സംസ്ഥാന ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒരു കോടി രൂപയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 23-11-2024-ൽ കത്ത് നം. GED008-40-misc-02 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവർക്ക് കിഫ്ബിയിൽനിന്ന് കത്ത് നൽകിയിരുന്നു. ഫണ്ട് ലഭ്യത ഉറപ്പായതിനുശേഷം പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ തുടർനടപടികൾ കിഫ്ബി സ്വീകരിക്കുമെന്ന് ടി കത്തിലൂടെ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ കത്തിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല. 17-02-2026-ലെ ഇ-മെയിൽ മുഖേന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കണമെന്ന് കോഴിക്കോട് ബിൽഡിങ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർഥിച്ചിട്ടുണ്ട്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

46(465) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പോങ്ങനാട് ഗവൺമെന്റ് യു.പി.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പോങ്ങനാട് ഗവൺമെന്റ് യു.പി.എസ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 04-11-2020-ന് 99,99,708/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് 24-09-2024-ന് 1,13,30,810/- രൂപയുടെ പുതുക്കിയ ധനാനുമതി ടി സ്കൂളിന് നൽകിയിരുന്നു. പദ്ധതി നിർവഹണ ഏജൻസിയായ കില ടി പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് സൈറ്റ് കണ്ടീഷൻ അനുസരിച്ച് നടത്തിയ മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഫൗണ്ടേഷന് മാറ്റം വരുകയും കരാറുകാരൻ പ്രവൃത്തി ചെയ്യാൻ വിസമ്മതിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി നിർവഹണ ഏജൻസി കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി നിർവഹണ ഏജൻസി ടി പ്രവൃത്തിയുടെ പുതുക്കിയ സാങ്കേതിക അനുമതി തയ്യാറാക്കി 22-01-2026-ന് നടന്ന സാങ്കേതിക അനുമതി കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സാങ്കേതിക അനുമതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടി പ്രവൃത്തിയുടെ Drawings കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി നടത്തിവരുന്നു. ടി രേഖകൾ പദ്ധതി നിർവഹണ ഏജൻസി സമർപ്പിക്കുന്ന വേളയിൽ അത് പരിശോധിച്ച് അംഗീകാരം നൽകുന്ന നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ വക്കം ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. വക്കം സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 04-11-2020-ന് 99,99,279/-രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് 24-09-2024-ന് 1,27,98,874/-രൂപയുടെ പുതുക്കിയ ധനാനുമതി ടി സ്കൂളിന് നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവഹണ ഏജൻസി ടി പ്രവൃത്തി ടെൻഡർ ചെയ്യുകയും ടി പ്രവൃത്തിയുടെ PED Drawings തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് അനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് അംഗീകാരം ലഭിച്ചശേഷം പദ്ധതി നിർവഹണ ഏജൻസിക്ക് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് കരാറിൽ ഏർപ്പെട്ട് നിർമ്മാണ നടപടികൾ ആരംഭിക്കാവുന്നതാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ തട്ടത്തുമല ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. തട്ടത്തുമല സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 04-11-2020-ന് 99,99,864/-രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് 24-09-2024-ന് 1,29,96,520/- രൂപയുടെ പുതുക്കിയ ധനാനുമതി ടി സ്കൂളിന് നൽകിയിരുന്നു. 05-08-2025-ന് കരാറിൽ ഏർപ്പെട്ട ടി സ്കൂളിന്റെ പ്രവൃത്തിയുടെ 10% പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തിയുടെ Plinth work ആണ് നിലവിൽ നടന്നുവരുന്നത്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ കിളിമാനൂർ ടൗൺ യു.പി.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ടൗൺ യു.പി.എസ് കിളിമാനൂർ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 04-11-2020-ന് 99,99,494/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് 24-09-2024-ന് 1,05,81,700/- രൂപയുടെ പുതുക്കിയ ധനാനുമതി ടി സ്കൂളിന് നൽകിയിരുന്നു. 09-06-2025-ന് കരാറിൽ ഏർപ്പെട്ട ടി സ്കൂളിന്റെ പ്രവൃത്തിയുടെ 15% പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തിയുടെ Ground work Column Work ആണ് നിലവിൽ നടന്നുവരുന്നത്.

കിഫ്ബി വഴി അനുമതി ലഭ്യമായ പ്രവൃത്തികൾ

47(466) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭ്യമായ പ്രവൃത്തികൾ, തുക, പൂർത്തിയായ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബി സാമ്പത്തിക അനുമതി നൽകിയ പ്രവൃത്തികളും അനുവദിച്ച തുകയും ഇതിൽ പൂർത്തിയായ പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായത്തോടെയുള്ള തീയേറ്ററുകളുടെ നിർമ്മാണം

48(467) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കെ.എസ്.എഫ്.ഡി.സി.-ക്ക് കീഴിൽ സംസ്ഥാനത്ത് നിർമ്മിക്കുന്ന തീയേറ്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കിഫ്ബി ധനസഹായത്തിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ നടപ്പാക്കാത്തത് പ്രവൃത്തി നിർത്തിവയ്ക്കാൻ കാരണമായിട്ടുണ്ടോ;

(സി) കിഫ്ബിയും കെ.എസ്.എഫ്.ഡി.സി.-യും തമ്മിലുള്ള വായ്പ തിരിച്ചടവ് കരാർ നിലവിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദീകരിക്കാമോ?

(എ-സി) കെ.എസ്.എഫ്.ഡി.സി.-ക്ക് കീഴിൽ സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ നിർമ്മിക്കുന്ന തിയേറ്റർ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം വായ്പയായിട്ടാണ് നൽകുന്നത്. വായ്പ തിരിച്ചടയ്ക്കുന്നതിനായി കിഫ്ബിയും പദ്ധതിയുടെ ഗുണഭോക്തൃ ഏജൻസിയായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും തമ്മിൽ തിരിച്ചടവ് കരാറിൽ ഏർപ്പെടേണ്ടതായുണ്ട്. എന്നാൽ പ്രവൃത്തികൾ ആരംഭിക്കുകയും അവ പുരോഗമിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെട്ടിട്ടില്ല.

KSFDC ദീർഘകാലം കരാറിൽ ഏർപ്പെടാതിരുന്ന സാഹചര്യത്തിൽ കിഫ്ബിയിൽനിന്നും പ്രവൃത്തികളുടെ ബില്ലുകൾ നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. നിർമ്മാണ പ്രവൃത്തികൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണെന്ന് KSFDC അറിയിച്ചിട്ടുണ്ട്. കിഫ്ബിയുമായി KSFDC വായ്പാ തിരിച്ചടവ് കരാർ വച്ചതിനുശേഷം പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ബിൽ തുകകൾ കിഫ്ബി നൽകുന്നതാണ്.

(ഡി) കിഫ്ബി ധനസഹായത്തോടെ പയ്യന്നൂരിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകി പയ്യന്നൂർ നഗരസഭയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന തീയേറ്റർ സമുച്ചയം പദ്ധതി 67% പൂർത്തിയാക്കിയിട്ടുണ്ടെന്ന് KSFDC അറിയിച്ചിട്ടുണ്ട്. 444 സീറ്റുകളുള്ള ടി തീയേറ്റർ സമുച്ചയത്തിന്റെ സ്ട്രക്ചറൽ, ബ്ലോക്ക് വർക്ക്, ക്യാറ്റ് വാക്ക്, റൂഫിങ്, ഔട്ട്ഡോർ HVAC ഇൻസ്റ്റലേഷൻ വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് എം.ഇ.പി, ഫയർ ഫൈറ്റിങ്, സമ്പ് ടാങ്ക് നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു. തീയേറ്റർ എഞ്ചിനീയറിങ് ഘടകങ്ങളായ അകൂസ്റ്റിക്സ് ടെൻഡർ നടപടി പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. യു.പി.എസ്., സ്പീക്കർ വയറിങ് പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

കിഫ്ബി വായ്പ

49(468) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും തുക കടമെടുത്തിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ഏതൊക്കെ സ്രോതസ്സുകളിൽനിന്നും തുക കടമെടുത്തിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) ഓരോ വായ്പയുടെയും പലിശ നിരക്കും തിരിച്ചടവ് വ്യവസ്ഥകളും എന്താണെന്ന് വ്യക്തമാക്കാമോ?

ഓരോ വായ്പയുടെയും പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് വ്യവസ്ഥകൾ എന്താണെന്നും സംബന്ധിച്ച വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു+.

(സി) മേല്പറഞ്ഞ വായ്പകളിൽ നാളിതുവരെ എത്ര തുക തിരിച്ചടച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബി വായ്പകളിലേക്ക് നാളിതുവരെ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു+.

(ഡി) വരുന്ന അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വായ്പ തിരിച്ചടവ് ഇനത്തിൽ എത്ര തുക ആവശ്യമുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) കിഫ്ബിക്ക് സംസ്ഥാന സർക്കാർ നാളിതുവരെ നൽകിയ തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി&ഇ) വരുന്ന അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വായ്പ തിരിച്ചടവിനത്തിൽ എത്ര തുക ആവശ്യമുണ്ടെന്നത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു (അനുബന്ധം-4 & 5)+.

പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

50(469)ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി മുഖേന ആകെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും ഏതെല്ലാം വകുപ്പുകൾക്ക് കീഴിലാണ് ഇവ നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഓരോന്നിന്റെയും നിശ്ചിത സമയപരിധി വിശദമാക്കുമോ?

(എ-ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവ നടപ്പാക്കുന്നത് ഏതെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുകൾക്കുകീഴിലാണ് എന്നതും ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന വിവരവും ഉൾക്കൊള്ളിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

51(470) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ചാലക്കുടി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏതുഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

(എ&ബി) ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നാളിതുവരെ അനുവദിച്ചിട്ടുള്ളതും അതിൽ പൂർത്തിയായതും പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതിയും ഇനി ചെയ്യേണ്ട നടപടികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതികളുടെ പ്രതീക്ഷിത പൂർത്തീകരണ തീയതിയും ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പ്രകാരമുള്ള പദ്ധതികൾ

52(471) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ അംഗീകരിച്ച പദ്ധതികൾ, പൂർത്തീകരിച്ച പദ്ധതികൾ, പൂർത്തീകരിക്കാനുള്ള പദ്ധതികൾ എന്നിവയുടെ നിലവിലത്തെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം ഭരണവകുപ്പ് ചുമതലപ്പെടുത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുന്നതിനായി കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് പദ്ധതി തിരിച്ചും നിയോജകമണ്ഡലം തിരിച്ചും അവലോകന യോഗങ്ങൾ നടത്തിവരാറുണ്ട്.

കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

53(472) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) സമർപ്പിച്ച എസ്റ്റിമേറ്റിലെ പിഴവുകൾ കണ്ടെത്തി തിരുത്തുന്നതിനായി കിഫ്ബിയിൽ ഏത് തരത്തിലുള്ള പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അവ പ്രായോഗികമായി എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രി ഉൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുന്നതിന് അതത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള കിഫ്ബിയുടെ വിവിധ ഉദ്യോഗസ്ഥ തലങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്. പ്രവൃത്തിയിൽ ഉപയോഗിക്കുന്ന ഇനങ്ങളുടെ അളവ്, റേറ്റ്, നിർദിഷ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ, കെട്ടിടത്തിന്റെ വിശദാംശങ്ങൾ,

നിർബന്ധമായും ഉൾപ്പെടുത്തേണ്ട മറ്റിനങ്ങൾ എന്നിവ എസ്റ്റിമേറ്റ് പരിശോധനയിൽ ഉൾപ്പെടുന്നുണ്ട്. ഇവ പരിശോധിക്കുന്നതിന് കിഫ്ബിയിൽ അപ്രൈസൽ, ടെക്നിക്കൽ, ഇ.എസ്.ജി, ഭൂമി ഏറ്റെടുക്കൽ, തുടങ്ങിയ സംവിധാനങ്ങളുണ്ട്. പദ്ധതിയുടെ സ്വഭാവം (നിർമ്മാണം, നവീകരണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ) അനുസരിച്ചായിരിക്കും ടി സംവിധാനങ്ങളുടെ പരിശോധന ആവശ്യമായിവരുന്നത്. കിഫ്ബി പദ്ധതികളുടെ ഗുണനിലവാരവും മാനദണ്ഡങ്ങളും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ തീരുമാനങ്ങൾക്കും കിഫ്ബി ആക്ട് അനുസരിച്ചും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അപ്രൈസൽ, ടെക്നിക്കൽ ഇൻസ്പെക്ഷൻ, ഇ.എസ്.ജി. എന്നീ വിഭാഗങ്ങൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ എന്തൊക്കെയാണ്; അവ എസ്.പി.വി.-യെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അപ്രൈസൽ വിഭാഗം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ അനുബന്ധം-1 & അനുബന്ധം-2 ആയി നൽകുന്നു[+]. ഇവ 07-04-2021-ൽ ഫയൽ മുഖാന്തരം എസ്.പി.വി-യെ അറിയിച്ചിട്ടുണ്ട്. 06-06-2024-ന് എസ്.പി.വി-യിൽനിന്നും ഇ-മെയിൽ വഴി കിഫ്ബിയുടെ ഇ.എസ്.ജി. വിഭാഗത്തിൽ ലഭിച്ച റിപ്പോർട്ടുകളിന്മേലുള്ള നിരീക്ഷണങ്ങൾ 07-06-2024-ൽ ഇ-മെയിൽ മുഖാന്തരം എസ്.പി.വി-യെ അറിയിച്ചിട്ടുള്ളതാണ്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗൃഹ (GRIHA) റേറ്റിങ് ലഭിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി സമർപ്പിക്കാനാണ് ഇ.എസ്.ജി. വിഭാഗം നിർദേശിച്ചത്. നിരീക്ഷണങ്ങൾ അടങ്ങിയ പ്രസ്തുത ഇ-മെയിൽ അനുബന്ധം-3 ആയി നൽകുന്നു+. ഇതിനുള്ള മറുപടി എസ്.പി.വി. ലഭ്യമാക്കിയിട്ടില്ല.

(സി) 04-09-2024-ന് എസ്.പി.വി.-ക്ക് നൽകിയ പുതുക്കിയ ശിപാർശ സമർപ്പിക്കാനുള്ള നിർദേശം ഇതുവരെ പാലിക്കപ്പെടാത്തതിന്റെ കാരണം എന്താണ്; ഇതുസംബന്ധിച്ച് കിഫ്ബി പിന്നീട് ഓർമ്മപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

25-02-2025-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ കെ.എസ്.എച്ച്.ബി. മുഖേന നടപ്പാക്കുന്ന കിഫ്ബി പദ്ധതികളിൽ കുറവിലങ്ങാട് താലൂക്ക് ആശുപത്രി പദ്ധതി ഉൾപ്പെടെ രണ്ട് പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം കണ്ടെത്തിയതിനാൽ ഇതിനുള്ള കാരണം വ്യക്തമാക്കുന്നതിന് എസ്.പി.വി.-ക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.എച്ച്.ബി. മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ വളരെയധികം കാലതാമസമുണ്ടായതിനാൽ എസ്.പി.വി.-യെ മാറ്റി പകരം മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് ഭരണ വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. കെ.എസ്.എച്ച്.ബി. മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് 17-05-2024-ൽ കിഫ്ബി സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2024 ജൂൺ മാസം പദ്ധതി ശിപാർശ പുതുക്കി സമർപ്പിക്കുമെന്ന് എസ്.പി.വി. അറിയിച്ചിരുന്നു. തുടർന്ന് 28-06-2024-ൽ ചേർന്ന യോഗത്തിൽ ടി ശിപാർശ എത്രയും വേഗം സമർപ്പിക്കുന്നതാണെന്ന് എസ്.പി.വി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിച്ചിരുന്നു. 30-07-2024-ലെ യോഗത്തിൽ 2024 ആഗസ്റ്റ് മാസം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. 10-12-2024-ൽ ചേർന്ന യോഗത്തിൽ എസ്.പി.വി.-യെ മാറ്റുന്ന വിഷയം ചർച്ച ചെയ്യുകയും മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറിയോട് കിഫ്ബി ആവശ്യപ്പെടുകയും ചെയ്തിരുന്നു. 25-02-2025-ലെ യോഗതീരുമാനമനുസരിച്ച് ടി പദ്ധതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് 26-07-2025-ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിൽ കെ.എസ്.എച്ച്.ബി. അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിർദേശ പ്രകാരമുള്ള തുടർനടപടികൾ കെ.എസ്.എച്ച്.ബി.-ക്ക് സ്വീകരിക്കാവുന്നതാണ്.

(ഡി) കിഫ്ബിയുടെ 12-11-2024-ലെ കത്ത് പ്രകാരം കെ.എസ്.എച്ച്.ബി.-ക്ക് പകരം മറ്റൊരു നിർവഹണ ഏജൻസിയെ നിയമിക്കണമെന്ന ശിപാർശ സർക്കാർ തലത്തിൽ പരിഗണിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം എന്താണ്; ഈ വിഷയത്തിൽ അന്തിമ തീരുമാനം എപ്പോൾ ഉണ്ടാവുമെന്ന് അറിയിക്കുമോ?

12-11-2024-ലെ കിഫ്ബിയുടെ കത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണ വകുപ്പ് ഫയൽ നം.P1/227/2024/H&FWD നിലവിൽ സർക്കാരിന്റെ പരിശോധനയിലാണെന്നും വിശദമായ പരിശോധനയ്ക്കുശേഷം അന്തിമ തീരുമാനമുണ്ടാകുമെന്നും ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ

54(473) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി കിഫ്ബി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും ലഭ്യമാക്കാമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടുകൂടി സംസ്ഥാനത്ത് നാളിതുവരെ ആകെ 96,554.53 കോടി രൂപയുടെ 1216 പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. അംഗീകാരം നൽകിയ തുകയുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു+.

(സി) കിഫ്ബി നാളിതുവരെ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും പൂർത്തീകരിച്ച പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി മുഖേന നാളിതുവരെ 24,734.58 കോടി രൂപയുടെ പദ്ധതി/പദ്ധതി ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരിച്ച കിഫ്ബി പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.സി., എസ്.ടി. മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കുള്ള കിഫ്ബി ഫണ്ട്

55(474) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ പണം നൽകിയിട്ടുള്ള പദ്ധതികളിൽ എസ്.സി. വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

എസ്.സി. വകുപ്പിനുകീഴിലെ പദ്ധതികൾക്കായി 92.63 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി നിലവിൽ പണം നൽകിയ പദ്ധതികളിൽ എസ്.ടി. വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

എസ്.ടി. വകുപ്പിനുകീഴിലെ പദ്ധതികൾക്കായി 89.61 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(സി) കിഫ്ബി നിലവിൽ പണം നൽകിയ പദ്ധതികളിൽ മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പിനുകീഴിൽ തീരദേശ സംരക്ഷണം, തീരദേശ സ്കൂളുകൾ, മത്സ്യ മാർക്കറ്റുകൾ തുടങ്ങിയ പദ്ധതികളിലായി 642.88 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

കുന്നംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ

56(475) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടുകൂടി സംസ്ഥാനത്ത് 2016 മുതൽ 2021 വരെ എത്ര രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെ സംസ്ഥാനത്ത് കിഫ്ബി മുഖാന്തരം ധനാനുമതി നൽകിയ പദ്ധതികളുടെ തുക സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) ഭരണാനുമതി നൽകിയ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് ജില്ലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കിഫ്ബി നാളിതുവരെ 24734.58 കോടി രൂപയുടെ പദ്ധതി/പദ്ധതി അനുബന്ധ ഘടകങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളത്. സ്കൂൾ, കോളേജ്, സ്റ്റേഡിയം, ഐ.ടി.ഐ.-കൾ മുതലായ പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ റോഡുകൾ, പാലങ്ങൾ, ജല വിതരണ ശൃംഖലകൾ മുതലായ പദ്ധതികൾ ഒന്നിലധികം മണ്ഡലങ്ങളിലോ ജില്ലകളിലോകൂടി കടന്നുപോകുന്നതാണ്. ഇത്തരത്തിൽ ജില്ലാ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുന്നംകുളം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

കുന്നംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നാളിതുവരെ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു+.

കൊണ്ടോട്ടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

57(476) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിക്കും നാളിതുവരെ ഭരണാനുമതി ലഭിച്ച തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും അനുവദിച്ച തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി കിഫ്ബി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതിയിട്ടിരുന്നോ; എങ്കിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് വികസനം ഇതിൽ ഉൾപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-19 ബജറ്റ് പ്രസംഗത്തിൽ തീരദേശ മേഖലകളിൽ കിഫ്ബിയിൽ നിന്ന് 900 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 29-06-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 535/2018/മ.ഇ.വ പ്രകാരം സംസ്ഥാനത്തെ 65 മത്സ്യ മാർക്കറ്റുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ 193.46 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് വികസനം ഉൾപ്പെട്ടിരുന്നു (sl no.54). എന്നാൽ നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും കിഫ്ബിയിൽ പദ്ധതി നിർവഹണ ഏജൻസിയായ തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിട്ടില്ല.

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പുതുതായി ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പുതുതായി ഫണ്ട് അനുവദിക്കുന്നത് തൽക്കാലം കിഫ്ബിയുടെ പരിഗണനയിലില്ല.

അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

58(477) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഓരോ പ്രവൃത്തിയുടേയും പുരോഗതിയെന്തെന്നും ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തിയാകുമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്നെങ്കിൽ അത് വ്യക്തമാക്കാമോ?

(എ-സി) അഴീക്കോട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിൽ ഓരോ പ്രവൃത്തികളുടെയും പുരോഗതിയും ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന വിവരവും പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

59(478) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങളും ഇതുവരെയുള്ള പ്രവർത്തന പുരോഗതിയും ലഭ്യമാക്കാമോ;

(ബി) മേല്പറഞ്ഞവയിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങളും നിലവിലെ പ്രവർത്തന പുരോഗതിയും പൂർത്തീകരിക്കാത്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന വിവരവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ

60(481) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ സമർപ്പിച്ച ശിപാർശകൾ പരിഗണിച്ച് അനുവദനീയമായ പ്രവൃത്തികൾ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ആകെ നൽകാവുന്ന പ്രവൃത്തികളുടെ എണ്ണത്തിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ?

ഇല്ല.

(സി) ഗ്രന്ഥശാല സംഘങ്ങളുടെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

27-05-2019-ലെ സ.ഉ(അ)നം. 60/2019/ധന പ്രകാരം ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. പ്രത്യേക വികസന നിധിയിൽനിന്നും തുക അനുവദനീയമാണ്. ആയതിനാൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല.

മലമ്പുഴ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ

61(485) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തതുമൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തിൽ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

62(486) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തിൽ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ എം.എൽ.എ. പ്രത്യേക വികസന നിധി ഫണ്ട് വിനിയോഗം

63(487) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെ എം.എൽ.എ. പ്രത്യേക വികസന നിധിയിൽ മിച്ചമുള്ള തുക 2025-26-ൽ വിനിയോഗിക്കാൻ കഴിയുമോ; ഇതിനായി പ്രത്യേക ഉത്തരവ് ധനവകുപ്പിൽനിന്നും നൽകേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

പ്രത്യേക വികസന നിധിയുടെ മാർഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.161/2017/ധനം ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധിയിൽ സേവിങ്സ് അനുവദനീയമല്ല. ആയതിനാൽ പ്രത്യേക വികസന നിധിയിലെ സേവിങ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനിയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ പ്രത്യേക അനുമതി അനുവദനീയമല്ല.

(ബി) 2021-22 മുതൽ 2024-25 വരെ എം.എൽ.എ. പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വിനിയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ഏതെങ്കിലും ഫണ്ട് നിലവിലുണ്ടോ; വിശദാംശം നൽകാമോ?

പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗനിർദേശങ്ങൾ പ്രകാരം ടി ഫണ്ട് വിനിയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

പ്രാദേശിക വികസന ഫണ്ട് മിച്ച തുക

64(488) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തുകയേക്കാൾ കുറവാണ് യഥാർഥ ചെലവെങ്കിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് പുതിയ പ്രവൃത്തികൾ നിർദേശിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധിയുടെ മാർഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.161/2017/ധനം ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധിയിൽ സേവിങ്സ് അനുവദനീയമല്ല. ആയതിനാൽ പ്രത്യേക വികസന നിധിയിലെ സേവിങ്സ് വിനിയോഗിച്ച് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയില്ല.

കേന്ദ്ര പദ്ധതി വിഹിത കുടിശ്ശിക

65(490) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമോ കേന്ദ്ര സർക്കാർ നേരിട്ട് നടപ്പാക്കുന്ന മറ്റ് പദ്ധതികൾ പ്രകാരമോ സംസ്ഥാനത്തിന് ലഭിക്കാതിരിക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്തിട്ടുള്ള കേന്ദ്ര വിഹിതത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മുൻ വർഷങ്ങളിലേതുൾപ്പെടെ 2025 സെപ്റ്റംബർ മാസം വരെ കേന്ദ്ര സർക്കാരിൽ നിന്ന് 5650.45 കോടി രൂപ ലഭിക്കാനുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധത്തിൽ ചേർക്കുന്നു.

അനുബന്ധം

Pending Amount to be Released from GoI to CSSs implemented in Kerala (as on September 2025)			
Sl. No.	Ministry	Schemes	Rs. In Crore
1	Ministry of Health and Family Welfare (MoHFW)	NHM	636.88
2	Ministry of Education	UGC Arrears	750.93
3	Ministry of Rural Development	Social Security Pension NSAP	190.76

4	Ministry of Agriculture & Farmers Welfare	New National Bio-Gas and Organic Manure Programme	3.43
5	Ministry of Consumer Affairs, Food & Public Distribution	National Food Security Act (NFSA)	54.19
		Pradhan Mantri Garib Kalyan Anna Yojana (PMGKAY)	43.44
		Atma Nirbhar Bharat Scheme	0.16
		End to end computerization	1.22
		Integrated Management of Public Distribution System	0.26
		Paddy Procurement	1206.69
6	Ministry of Fisheries, Animal Husbandry & Dairying.	LH&DCP -MVU	5.79
		LH&DCP -ASCAD	12.96
		LH&DCP -NADCP	11.04
		National livestock Mission	1.5
		Integrated Sample Survey	6.11
7	Ministry of Agriculture & Farmers Welfare	Establishment of an Agency for Reporting Agricultural Statistics	39.53
8	Ministry of Jal Shakti	Rationalization of Minor Irrigation	1.46
9	Ministry of Tribal Affairs	Pradhan Mantri Van Dhan Vikas Yojana	2.01
10	Ministry of Environment, Forest and Climate Change (MoEFCC)	School Nursery Scheme	0.14
11	Ministry of Education	*Samagra Shiksha Kerala	1148.13*
		DIETS of Excellence	21.44
12	Ministry of Jal Shakti	Jal Jeevan Mission	974.68
13	Ministry of Skill Development and Entrepreneurship (MSDE)	National Apprenticeship Promotion Scheme	3.55
14	Ministry of Jal Shakti	Pradhan Mantri Krishi Sinchai Yojana-CADA	5.36
15	Ministry of Women and Child Development (MWCD)	Poshan Abhiyan	200.2
		Scheme for Adolescent Girls	1.36
		Supplementary Nutrition Programme	1.36

		State Nirbhaya Cell- OSC	3.43
		Mission Shakti	17.36
		Mission Vatsalya	32
16	Ministry of Fisheries, Animal Husbandry & Dairying	Various schemes under Fisheries	161.63
17	Ministry of Tribal Affairs (MoTA	Post - Matric Scholarship for ST students	25.43
18	Ministry of Social Justice and Empowerment (MoSJE),	Implementation of POA &PCR ACT	25.63
		PM-AJAY	5.27
19	Ministry of Home Affairs (MHA)	Assistance to States/Uts for Modernization of Police	44.73
20	Ministry of Law and Justice	Setting up of Fast-Track Special Courts for the trial of POCSO cases	7.48
21	Ministry of Social Justice and Empowerment (MoSJE)	Setting up of Special courts/benches under the Protection of Civil Rights Act of SC/ST - (Prevention of Atrocities Act)	2.91
TOTAL			5650.45 Crore

കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം

66(491) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര കോടി രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഇനത്തിൽ ആകെ 198.91 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങളും കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങളും ചുവടെ കൊടുക്കുന്നു.

ഇനം	കുടിശ്ശിക (തുക കോടിയിൽ)
Urban Local Body Grant	188.65
Health Grant	10.26
ആകെ	198.91

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശിക

വകുപ്പ്	കുടിശ്ശിക (തുക കോടിയിൽ)	കുടിശ്ശിക തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ
കേരള വാട്ടർ അതോറിറ്റി	2097.06	2024-25 സാമ്പത്തിക വർഷത്തിൽ 1949.36 കോടി രൂപയാണ് ജൽജീവൻ മിഷൻ പദ്ധതിക്കായി അനുവദിച്ചത്. എന്നാൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നുള്ള തത്തുല്യ വിഹിതം ലഭിക്കുമെന്ന ഉറപ്പിന്മേൽ സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇനത്തിൽ 500 കോടി രൂപ മുൻകൂറായി സംസ്ഥാന വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം നബാർഡിൽ നിന്നും

		വായ്പ ലഭ്യമാക്കി സംസ്ഥാന വിഹിതമായി 3000 കോടി രൂപ ജൽജീവൻ മിഷന്റെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.
കിർത്താഡ്സ്	4.80	വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര സഹായത്തിൽ കുറവ് വന്ന 4.80 കോടി രൂപ റിലീസ് ചെയ്ത് നൽകുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.
മൃഗസംരക്ഷണ വകുപ്പ്	0.92	കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെയുടെ ശമ്പളയിനത്തിൽ (50:50) 2021-22 മുതൽ 2025-26 വരെ കുടിശ്ശികയായ 0.92 കോടി രൂപ ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്.
പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് (സിവിൽ സപ്ലൈസ്)	38.46	കേന്ദ്രാവിഷ്കൃത പദ്ധതിയായ “Assistance to State agencies for intra-state movement of Foodgrains, FPS dealer’s margins and FPS dealer’s additional margin under NFSA– 2013” പദ്ധതിക്ക് ലഭിച്ച കേന്ദ്ര സഹായത്തിൽ 38.464 കോടി രൂപയുടെ കുറവ് വന്ന സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കുകയും അർഹതപ്പെട്ട ബാക്കി കേന്ദ്ര സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ക്ലെയിം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
തദ്ദേശസ്വയം ഭരണ വകുപ്പ്	708.61	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS)-യുടെ കുടിശ്ശിക തുകയായ 365.77 കോടി രൂപയും ദേശീയ സാമൂഹിക സഹായ പദ്ധതി (NSAP)-യുടെ കുടിശ്ശിക തുകയായ 342.84 കോടി രൂപയും ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്.
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്	59.21	EARAS പദ്ധതിയിൽ 2025-26 ലേക്കുള്ള ഭരണാനുമതി മുൻ വർഷങ്ങളിലെ കുടിശ്ശിക തുക കൂടി ചേർത്ത് 110.00 കോടി രൂപയായി പരിഷ്കരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിലേക്ക്

		കത്തുകൾ നൽകിയിട്ടുണ്ട്.
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്	1.19	ദേശീയ ബയോഗ്യാസ് വികസന പദ്ധതിക്ക് 2021-22 മുതൽ നിലനിൽക്കുന്ന 1.19 കോടി രൂപയുടെ കുടിശ്ശിക ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയവുമായി സ്ഥിരമായ കത്തിടപാടുകളും കേന്ദ്ര മന്ത്രാലയങ്ങൾ നടത്തുന്ന റിവ്യൂ യോഗങ്ങളിൽ സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്ന് കുടിശ്ശിക വിഷയങ്ങൾ ഔദ്യോഗികമായി ഉന്നയിക്കുകയും ടി വിഷയത്തിൽ അടിയന്തര പരിഗണന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.
സാമൂഹ്യനീതി ഡയറക്ടറേറ്റ്	2.57	NAPDDR പദ്ധതിയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾക്കുള്ള കേന്ദ്ര വിഹിതത്തിന്റെ കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 21-01-2025-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതികളിലെ കേന്ദ്ര-സംസ്ഥാന ധനവിഹിതം

67(492) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും സാമ്പത്തിക ചെലവ് വഹിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും ആയതിനോരോന്നിനും കേന്ദ്രം ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും സാമ്പത്തിക ചെലവ് വഹിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. PFMS software-ൽ ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു+.

(ബി) കേന്ദ്രവും കേരളവും ധനവിഹിതം പങ്കിടുന്ന ഏതെല്ലാം പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്നും ഓരോ പദ്ധതിക്കും സംസ്ഥാനം വഹിക്കുന്ന തുകയും കേന്ദ്രം വഹിക്കുന്ന തുകയും പട്ടിക തിരിച്ച് അറിയിക്കാമോ?

നിലവിലുള്ള പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന അനുപാതം 25:75, 33.33:66.67, 50:50, 60:40, 75:25, 80:20 & 100:0 എന്നിങ്ങനെയാണ്. PFMS-ലെ റിപ്പോർട്ട് പ്രകാരം State Linked Scheme-ന്റെ കേന്ദ്ര-സംസ്ഥാന അനുപാതം ചുവടെയുള്ള പട്ടികയിൽ കണ്ടാലും.

ക്രമ നം.	കേന്ദ്ര-സംസ്ഥാന അനുപാതം	SLS-ന്റെ എണ്ണം
1	25:75	1
2	33.33:66.67	1
3	50:50	21
4	60:40	122
5	75:25	3
6	80:20	2
7	100:0	51

PFMS software-ൽ ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് ഏതെല്ലാം പെൻഷൻ സ്കീമുകൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടെന്നും ഓരോ പെൻഷൻ സ്കീമിലും സംസ്ഥാനം നൽകുന്ന തുകയും കേന്ദ്രം നൽകുന്ന തുകയും എത്രയെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

55 ലക്ഷത്തിലധികം വരുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളിൽ 8,46,456 ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്.

വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർക്കുന്നു+.

ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം മുന്നോട്ടുവച്ച ആശയങ്ങൾ

68(493) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കേരളത്തിന് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽവന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ എടുത്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചതടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ സാമ്പത്തിക ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ബി) 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ച സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളം മുന്നോട്ടുവച്ച ആശയങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളം പ്രധാനമായും മുന്നോട്ടുവച്ച ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നടപ്പുവർഷത്തെ കടമെടുക്കൽ പരിമിതികൾമൂലം ഉണ്ടാകുന്ന ₹21000 കോടിയിലധികം വരുന്ന ഗുരുതരമായ വിഭവ വിടവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് ഒരു പ്രത്യേക ധനകാര്യ പാക്കേജ് അനുവദിക്കുക.

2. അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, അനുബന്ധ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള സാമ്പത്തിക സഹായത്തിനായി ₹1,000 കോടി ബജറ്റ് വിഹിതം അനുവദിക്കുക.

3. മൂലധന ചെലവുകൾക്കായി മാത്രം ജി.എസ്.ഡി.പി.-യുടെ 0.5% അധിക വായ്പ അനുവദിക്കുക.

4. സംസ്ഥാന ധനസഹായത്തോടെയുള്ള ദേശീയ പാത ഭൂമി ഏറ്റെടുക്കലിനായി (₹6,000 കോടി) വായ്പയെടുക്കൽ അനുവദിക്കുക.

5. സംസ്ഥാനങ്ങൾക്കുള്ള 50 വർഷത്തെ പലിശരഹിത മൂലധന വായ്പകളുടെ 25% എങ്കിലും ആസ്തി പുതുക്കൽ ഫണ്ടായി നീക്കിവയ്ക്കുക.

6. ജി.എസ്.ടി. പരിഷ്കരണവും റവന്യൂ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. സി.എസ്.എസ്. പദ്ധതികൾ – MGNREGA തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ പുനഃസ്ഥാപിക്കുക. സി.എസ്.എസ്.-ന് കീഴിലുള്ള കേന്ദ്ര സഹായം 60% -ൽനിന്ന് 75% ആയി പുനഃസ്ഥാപിക്കുക.

8. വിഴിഞ്ഞം അന്താരാഷ്ട്ര മൾട്ടിപർപ്പസ് സീപോർട്ട് (VISL) വികസനവുമായി ബന്ധപ്പെട്ട് വിവിധ വികസന പദ്ധതികൾ നടപ്പാക്കുക.

- നെല്ല് സംഭരണം, പ്ലാന്റേഷൻ മേഖലയുടെ പുനരുജ്ജീവനം, എയിംസ് സ്ഥാപിക്കൽ, ശബരി പദ്ധതി റെയിൽ, പരമ്പരാഗത ചെറുകിട വ്യവസായങ്ങൾക്കുള്ള രക്ഷാ പാക്കേജുകൾ, അങ്കണവാടി, ആശ സ്കീം തൊഴിലാളികൾക്കുള്ള രക്ഷാ പാക്കേജുകൾ, സാമൂഹിക സുരക്ഷാ പെൻഷനുകൾ, ഉച്ചഭക്ഷണ പാചകച്ചെലവ്, ദരിദ്രർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ (₹1,000 കോടി), വയോജന ക്ഷേമ പദ്ധതികൾ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് (KNRKWB)–ജി.സി.സി-യിൽനിന്ന്

മടങ്ങിയെത്തുന്നവർക്കുള്ള സാമൂഹിക സുരക്ഷയ്ക്കും സംരംഭകത്വ സഹായത്തിനും ധനസഹായം തുടങ്ങി കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളും പ്രസ്തുത യോഗത്തിൽ ഉന്നയിച്ചിരുന്നു.

പദ്ധതി നിർവഹണം തടസ്സപ്പെടാതിരിക്കാൻ നടപടി

69(494) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ലെന്ന കാരണമുയർത്തി ധനകൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ (SPVs) എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ്

പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്രസർക്കാർ നിലപാടുകളും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കത്തിന് കാരണമായി.

(ബി) കേന്ദ്ര ധനവിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവഹണം തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സാമ്പത്തിക ഞെരുക്കത്തിനിടയിലും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തുവരുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പദ്ധതി ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

കൊണ്ടോട്ടി സബ് ട്രഷറിയിൽ സൂപ്പർവൈസറി ഓഫീസറുടെ തസ്തിക

70(495) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദേശാനുസരണം കൊണ്ടോട്ടി സബ് ട്രഷറിയിൽ സൂപ്പർവൈസറി ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിൽ റിപ്പോർട്ട് വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കൊണ്ടോട്ടി സബ് ട്രഷറിയിൽ സൂപ്പർവൈസറി ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+.

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്നും പശ്ചാത്തല സൗകര്യങ്ങളിൽ എന്ത് മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

പ്രസ്തുത പഠന റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

71(496) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണത്തിന് ഉദ്യോഗസ്ഥ സമിതിയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ശമ്പള പരിഷ്കരണം എന്ന് മുതൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ ഇതുമൂലമുണ്ടാകുന്ന യഥാർഥ ബാധ്യത തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

പങ്കാളിത്ത പെൻഷൻ പദ്ധതി

72(497) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് 2013 ഏപ്രിൽ മുതൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02-11-2023-ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമ

വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി ടി വിഷയം പരിശോധിച്ചുവരുന്നു.

(ബി) നിശ്ചിത പെൻഷൻ തുക ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ഡി.എ. ഇനങ്ങളിലുള്ള കുടിശ്ശിക

73(498) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള ശമ്പള പരിഷ്കരണം, ഡി.എ. എന്നീ ഇനങ്ങളിലായി കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മിഷൻ അവലംബിച്ച താൽക്കാലിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ ഏകദേശം 3,572.13/- കോടി രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യതയാണ് അനുമാനിച്ചത്. അതായത് പ്രതിമാസ ബാധ്യത 297.67 കോടി രൂപയാണ്. 2019 ജൂലൈ ഒന്ന് മുതൽ 2021 ഫെബ്രുവരി 28 വരെ കുടിശ്ശികയായ 20 മാസത്തെ ആകെത്തുക 5,953.55 കോടി രൂപയാണ്. ഇതിൽനിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ

കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് 29-03-2025-ലെ സ.ഉ(അ)നം.38/2025/(79)/ധന ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് 01-11-2025-ലെ സ.ഉ(അ)നം.139/2025/(93)/ധന ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

ഡി.എ. കുടിശ്ശിക ഇനത്തിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള തുക 31-12-2025 വരെ ഏകദേശം 22,376.70 കോടി രൂപയാണ്. നാളിതുവരെ അനുവദിച്ച ഡി.എ.-യുടെ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് 06-03-2026-ലെ സ.ഉ.(അച്ചടി) നം.44/2026/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കുടിശ്ശിക വിതരണം ചെയ്യാതിരിക്കാൻ സാധിക്കില്ലെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തീർത്ത് ഡി.എ. എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡി.എ. കുടിശ്ശിക ഇനത്തിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള തുക 31-12-2025 വരെ ഏകദേശം 22,376.70 കോടി രൂപയാണ്. നാളിതുവരെ അനുവദിച്ച ഡി.എ.-യുടെ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 06-03-2026-ലെ സ.ഉ.(അച്ചടി)നം.44/2026/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(സി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് കമ്മിഷനെ നിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിനായി 23-02-2026-ലെ സ.ഉ.(കൈ)നം. 24/2026/ധന. പ്രകാരം പന്ത്രണ്ടാം ശമ്പളപരിഷ്കരണ കമ്മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ഡി.എ. ജീവനക്കാരുടെ അവകാശമല്ല എന്ന് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകിയത്; വ്യക്തമാക്കുമോ?

ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും അത് ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

പങ്കാളിത്ത പെൻഷൻ പദ്ധതി

74(499) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനോ പി.എഫ്.ആർ.ഡി.എ.-ക്കോ ധനകാര്യ വകുപ്പ് സെക്രട്ടറി തലത്തിൽ കത്തുകൾ അയച്ചിട്ടില്ല.

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പഠിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച മന്ത്രിതല സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സ് പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച എസ്. സതീശ് ചന്ദ്രബാബു അധ്യക്ഷനായ സമിതി, സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കാനായി നിയോഗിച്ച മന്ത്രിമാരുൾപ്പെട്ട സമിതി, പെൻഷൻ പദ്ധതിയുടെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാനായി യോഗം കൂടിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാനുള്ള നടപടി

75(500) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പുനഃപരിശോധിക്കാനായി ഏർപ്പെടുത്തിയ സമിതി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും ആയതിൽ സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി പുനഃപരിശോധിക്കാനായി ഏർപ്പെടുത്തിയ സമിതി 30-04-2021-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

ടി റിപ്പോർട്ട് പരിശോധിക്കാനായി 02-11-2023-ലെ സ.ഉ.(അ)നം. 110/2023/ധന പ്രകാരം ധനകാര്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ അടങ്ങിയ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ ഡി.എ.

76(501) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കപ്പെട്ട ഡി.എ.-യിൽ എത്ര മാസത്തെ ക്ഷാമബത്തയാണ് മുൻകാല പ്രാബല്യമില്ലാത്തതുമൂലം നിരസിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിരസിക്കപ്പെട്ടിട്ടില്ല.

(ബി) ക്ഷാമബത്ത ജീവനക്കാരന്റെ അവകാശമല്ലെന്ന് സർക്കാർ കോടതിയിൽ നൽകിയ സത്യവാങ്മൂലം പിൻവലിച്ച് പുതിയ സത്യവാങ്മൂലം സമർപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ക്ഷാമബത്ത ജീവനക്കാരന്റെ അവകാശമല്ലെന്ന് സർക്കാർ കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നെങ്കിലും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

(സി) ശമ്പളത്തോടൊപ്പം ഡി.എ. കൂടി നൽകണമെന്ന വ്യവസ്ഥ കേരള സർവീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശമ്പളത്തോടൊപ്പം ഡി.എ. കൂടി നൽകണമെന്ന വ്യവസ്ഥ കേരള സർവീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) അനുവദിക്കപ്പെട്ട ഡി.എ.-യ്ക്ക് മുൻകാല പ്രാബല്യം നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 744-ലെ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതി

77(502) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പഠിക്കാനായി നിയമിച്ച ഉപസമിതി എത്ര യോഗങ്ങൾ ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കാനായി 02-11-2023-ലെ സ.ഉ.(അ)നം. 110/2023/ധന. പ്രകാരം ധനകാര്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാനായി 10-10-2024-ൽ യോഗം കൂടുകയുണ്ടായി. സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) 2025-26 -ലെ ബജറ്റ് പ്രസംഗത്തിൽ അഷ്വേർഡ് പെൻഷൻ സമ്പ്രദായം നടപ്പാക്കുന്നതാണെന്ന പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന ഏകീകൃത പെൻഷൻ പദ്ധതി ജീവനക്കാർക്ക് ഗുണകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഏകീകൃത പെൻഷൻ പദ്ധതിക്ക് സമാനമായ പുതിയ പെൻഷൻ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പൂർണ്ണമായി പിൻവലിച്ച് ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(സി-ഇ) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ജീവനക്കാരായ ദമ്പതികൾക്കുള്ള മെഡിസെപ് അംഗത്വം

78(503) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ ഒരു കുടുംബത്തിലെ സർക്കാർ ജീവനക്കാരായിട്ടുള്ള ദമ്പതികൾക്ക് പ്രത്യേകം മെഡിസെപ് അംഗത്വമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള ജീവനക്കാർക്ക് മെഡിസെപിലെ അംഗത്വം നിർബന്ധിതമാണ്.

മെഡിസെപ് പദ്ധതിയിൽ ഒരു കുടുംബത്തിലെ സർക്കാർ ജീവനക്കാരായിട്ടുള്ള ദമ്പതികൾക്ക് പ്രത്യേകം മെഡിസെപ് അംഗത്വമാണുള്ളത്. ഇത്തരത്തിൽ ദമ്പതികൾ രണ്ട് പേരും പദ്ധതിയിൽ അംഗമാകുമ്പോൾ ഓരോരുത്തർക്കും 5 ലക്ഷം രൂപയുടെ വീതം മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നു. രണ്ട് പേർക്കും അവരവരുടെ മാതാപിതാക്കളെ ആശ്രിതരായി പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.

(ബി) സർക്കാർ ജീവനക്കാരായ ദമ്പതികൾക്ക് എൽ.റ്റി.സി. ആനുകൂല്യം പ്രത്യേകമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ കാരണം വിശദമാക്കാമോ?

02-01-2013-ലെ സ.ഉ.(പി) നം.5/2013/ധന ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അവധിയാത്രാ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 12 -ൽ "Provision applicable when both husband and wife are employed" സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച്,

(a) സർക്കാർ ജീവനക്കാരന്റെ ഭാര്യയോ/ഭർത്താവോ (spouse) ജോലി ചെയ്യുകയാണെങ്കിൽ, LTC ക്ലെയിം സമർപ്പിക്കുന്ന സമയത്ത് 02-01-2013-ലെ സ.ഉ(പി)നം.5/2013/ധന

ഉത്തരവിലെ അനുബന്ധം II-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ ജീവനക്കാരൻ സമർപ്പിക്കണം.

(b) ഭർത്താവും ഭാര്യയും രണ്ടുപേരും സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ LTC ക്ലെയിം ഇവരിൽ ഒരാൾ മാത്രം സമർപ്പിക്കേണ്ടതാണ്.

(c) ഭാര്യയുടെയോ/ഭർത്താവിന്റെയോ കുടുംബാംഗം എന്ന നിലയിൽ LTC ഉപയോഗപ്പെടുത്തുന്ന ഭർത്താവിന്/ഭാര്യയ്ക്ക് പ്രത്യേകം LTC ക്ലെയിം ചെയ്യാൻ അർഹത ഉണ്ടായിരിക്കില്ല. ”

ജീവനക്കാരുടെ ക്ഷാമബത്തയും ശമ്പള പരിഷ്കരണവും

79(504) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിലപാടിന്റെ കാരണം വിശദമാക്കാമോ?

ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടായിരുന്നുവെങ്കിലും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന

കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകാനും ശമ്പള പരിഷ്കരണം നടത്താനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ടം

80(505) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് രണ്ടാംഘട്ടം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കാൻ കഴിയാത്തതിന്റെ വ്യക്തമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മെഡിസെപ് പദ്ധതിയുടെ രണ്ടാം ഘട്ടം 01-02-2026 മുതൽ ആരംഭിക്കാൻ 20-01-2026-ലെ സ.ഉ.(പി)നം. 5/2026/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) രണ്ടാം ഘട്ടത്തിൽ പ്രതിമാസ പ്രീമിയം 500 രൂപയിൽനിന്ന് 810 രൂപയായി വർധിപ്പിക്കാനുള്ള സാഹചര്യം, പ്രീമിയവർധനവ് കാരണം ജീവനക്കാർക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കാമോ?

നിലവിലെ മെഡിസെപ് പാക്കേജ് പരിഷ്കരിക്കുന്നതിനായി 01-11-2024-ലെ 8103/2024/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായ എട്ടംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പാക്കേജ് നിരക്കുകൾ വർധിപ്പിക്കുകയും അതിനാനുപാതികമായി പ്രീമിയം തുക 50% വരെ വർധിപ്പിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് കമ്പനികൾ ലഭ്യമാക്കിയ financial proposal-ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയാണ്. കമ്പനിയുമായി നടത്തിയ നെഗോഷിയേഷന്റെ ഭാഗമായാണ് ജി.എസ്.ടി. ഉൾപ്പെടെ പ്രതിമാസ പ്രീമിയം 810/- രൂപ നിശ്ചയിച്ചത്. വ്യവസ്ഥകൾക്ക് വിധേയമായി ജി.എസ്.ടി. ഒഴിവാക്കി പ്രതിമാസ പ്രീമിയം 687/- രൂപയായി കുറവ് ചെയ്തിട്ടുണ്ട്. 20-01-2026-ലെ സ.ഉ. (പി)നം.5/2026/ധന, 21-01-2026-ലെ സ.ഉ (പി) നം. 7/2026/ധന എന്നീ ഉത്തരവുകളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ജീവനക്കാർക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

- അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ 3 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.
- പോളിസി കാലയളവ് 2 വർഷമാണ്.
- കൂടുതൽ ആശുപത്രികളെയും ഓരോ ആശുപത്രിയിലും ലഭ്യമായ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യുന്നതാണ്.
- നിലവിലെ പാക്കേജിനുപകരം HBP 2022 (Health Benefit Package developed by National Health Authority) അടിസ്ഥാനമാക്കിയുള്ള പാക്കേജുകളും നിരക്കുകളുമാണ് രണ്ടാം ഘട്ടത്തിൽ സ്വീകരിച്ചിരിക്കുന്നത്.
- മെഡിക്കൽ സർജിക്കൽ പാക്കേജുകൾ ഉൾപ്പെടെ നിലവിലുള്ള 1920 പാക്കേജുകളുടെ സ്ഥാനത്ത് 2516 ഓളം പാക്കേജുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്.
- മുറി വാടക പ്രതിദിനം 5000/- രൂപ വരെ ലഭ്യമാകുന്നതാണ്. സർക്കാർ ആശുപത്രികളിൽ പേ വാർഡ് വാടക പ്രതിദിനം 2000/- രൂപയാണ് .
- ഒരേ സമയം, സർജിക്കൽ, മെഡിക്കൽ പാക്കേജുകൾക്ക് പരിരക്ഷ ലഭ്യമാകുന്നതാണ്
- മെഡിക്കൽ പാക്കേജുകൾക്ക് Basic rate-നുപരിയായി High End Medicines, Diagnostics എന്നിവയ്ക്ക് പ്രത്യേക തുക നിശ്ചയിക്കുകയും ആയത് ഇതിനോടൊപ്പം ലഭ്യമാകുന്നതുമാണ്.

- തുടർച്ചയായി ചികിത്സ തേടേണ്ട ഡേ കെയർ പ്രൊസീജ്യറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration സംവിധാനം ലഭ്യമാക്കുന്നതാണ്.
- മുട്ട് മാറ്റിവയ്ക്കൽ, ഇടുപ്പെല്ല് മാറ്റിവയ്ക്കൽ എന്നീ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയത് ഒഴിവാക്കി സ്വകാര്യ ആശുപത്രികളിലും ലഭ്യമാകുന്നതാണ്.
- 10 ഗുരുതര/അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള അധിക പരിരക്ഷ അടുത്ത ഘട്ടത്തിലും തുടരുന്നതാണ്. ഇതിനായി രണ്ട് വർഷത്തേക്ക് 40 കോടി രൂപ ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ക്കുന്നതാണ്.
- രണ്ടാം വർഷം പാക്കേജ് നിരക്കിൽ 5% വർധനവ് വരുത്തിയിട്ടുണ്ട്.
- റോഡപകടം, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങളിൽ നോൺ എംപാനൽ ആശുപത്രികളിൽ നടത്തിയ ചികിത്സകൾക്ക് മെഡിസെപിൽനിന്നും നൽകിവരുന്ന റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിന് 10 അധിക ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രീമിയം തുകയുടെ 18% വരുന്ന ജി.എസ്.ടി. ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചകളുടെ പുരോഗതി എന്താണെന്നും പ്രസ്തുത ബാധ്യത ഒഴിവാക്കി പ്രീമിയം തുക കുറയ്ക്കാൻ സംസ്ഥാനം പ്രത്യേക ഇടപെടൽ നടത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ?

28-06-2017-ലെ നോട്ടിഫിക്കേഷൻ നം.12/2017-ലെ ക്രമനമ്പർ 40 പ്രകാരം മെഡിസെപ് പദ്ധതിയെ ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രീമിയം തുകയുടെ 18% വരുന്ന ജി.എസ്.ടി. ഒഴിവാക്കുന്നതിനായി കേരള അതോറിറ്റി ഫോർ അഡ്വാൻസ് റൂളിങ്ങ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ ഇൻഷ്വറൻസ് കമ്പനി നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ കമ്മിറ്റിയുടെ തീരുമാനം ലഭ്യമാകുന്നതുവരെ മെഡിസെപ് രണ്ടാം ഘട്ടത്തിൽ ജി.എസ്.ടി. ഒഴിവാക്കിക്കൊണ്ടുള്ള പ്രതിമാസ പ്രീമിയം 687/-രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

(ഡി) പ്രീമിയം തുക ഉയർത്തുമ്പോൾ നിലവിൽ പദ്ധതിയിൽനിന്ന് വിട്ടുനിൽക്കുന്ന പ്രമുഖ സ്പെഷ്യലിസ്റ്റ് ആശുപത്രികളെയും സൂപ്പർ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളെയും പദ്ധതിയിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പദ്ധതിയിൽനിന്ന് വിട്ടുനിൽക്കുന്ന പ്രമുഖ സ്പെഷ്യാലിറ്റി ആശുപത്രികളെയും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെയും പദ്ധതിയിലേക്ക് കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പ്രമുഖ ആശുപത്രികളുമായി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അധ്യക്ഷതയിൽ 13-1-2026-ലും അതിനെ തുടർന്ന് 16-1-2026-ലും യോഗം ചേരുകയും പദ്ധതിയിൽ എംപാനൽ

ചെയ്യുന്നതിന്റെ ആവശ്യകത ബഹുമാനപ്പെട്ട ധനമന്ത്രി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയുടെ പ്രതിനിധികൾ പദ്ധതിയുടെ വിശദാംശങ്ങൾ ആശുപത്രി പ്രതിനിധികൾക്ക് വിശദീകരിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രികളെ എംപാനൽ ചെയ്യുന്ന വിഷയത്തിൽ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

(ഇ) പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ കൃത്യമായ ചികിത്സ ഉറപ്പാക്കാൻ എന്ത് നിരീക്ഷണ സംവിധാനമാണ് നിലവിലുള്ളതെന്നും വാഗ്ദാനം ചെയ്ത പരിരക്ഷയുടെ പകുതിപോലും നിലവിൽ ലഭിക്കുന്നില്ലെന്ന പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

സർക്കാർ തലത്തിൽ ഒരു ത്രിതല ഓൺലൈൻ പരാതി പരിഹാര സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ആയതിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് സമയബന്ധിതമായി മറുപടി നൽകിവരുന്നു. കൂടാതെ ഇൻഷ്വറൻസ് കമ്പനിയുമായി നടത്തുന്ന അവലോകന യോഗങ്ങളിൽ ഇത്തരം വിഷയങ്ങൾ വിശദമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനുള്ള നിർദേശം ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നൽകാറുണ്ട്.

(എഫ്) മെഡിസെപിൽ ചേരാൻ താൽപര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

സർക്കാർ നിയോഗിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച പല മെച്ചപ്പെട്ട മെഡിക്കൽ/സർജിക്കൽ ചികിത്സാ പ്രക്രിയകൾ ഉൾപ്പെടുത്തി 22-01-2022-ൽ

പ്രസിദ്ധീകരിച്ച RFP(Request For Proposal) പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും മെഡിസെപിൽ നിർബന്ധിത അംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിർബന്ധിത അംഗത്വം വ്യവസ്ഥ ചെയ്തിരിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. കുറഞ്ഞ പ്രീമിയത്തിൽ ഉയർന്ന പരിരക്ഷ ലഭ്യമാകുന്ന മെഡിസെപ് പോലെയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിർബന്ധിത അംഗത്വത്തിൽനിന്ന് ഏതെങ്കിലും വ്യക്തിയെ/വിഭാഗത്തിനെ ഒഴിവാക്കുന്നത് പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനും ആയത് പ്രീമിയം വൻതോതിൽ വർധിക്കാനിടവരുത്തുകയും മുപ്പത് ലക്ഷത്തിലധികം വരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വീഴ്ചയുണ്ടാക്കുമെന്നതിനാലും മെഡിസെപിൽ ചേരാൻ താൽപര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽ നിന്ന് വിട്ടുനിൽക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ച പദ്ധതികൾ

81(506) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിനായി ബജറ്റിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽനിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന രേഖയിൽ ബജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

പദ്ധതി പുരോഗതി

82(507) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി പുരോഗതി വിശദമാക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നടപ്പുസാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടര മാസം മാത്രം ശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതി പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതം 41653.71 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 2025 വരെയുള്ള പ്രാരംഭകണക്കുകൾ പ്രകാരം ഈയിനത്തിൽ ചെലവഴിക്കപ്പെട്ട തുക 28459.14 കോടി രൂപയുമാണ്. ഇതുപ്രകാരം പദ്ധതിയിനത്തിൽ വകയിരുത്തിയ ആകെ തുകയുടെ 68.32% ചെലവഴിച്ചിട്ടുണ്ട്. നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്നരീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങളുൾപ്പെടുത്തി വായ്പാപരിധിയിൽ കുറവുവരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണ ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെയാണ് ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം നടപ്പാക്കിയത്. ഇതുമൂലം സംസ്ഥാനത്തിന് പ്രതിവർഷം

8000 മുതൽ 9000 കോടി രൂപ വരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് GIFT-ന്റെ ഒരു പഠന റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിച്ച പണ ഞെരുക്കത്തിന്റെ ഇടയിലും നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനും പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമായി നടത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ബജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ മണ്ഡലത്തിലെ പദ്ധതികൾ

83(508) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റുകളിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ നിയോജകമണ്ഡലത്തിലെ പദ്ധതികളിൽ ഭരണാനുമതി നൽകുന്നതിനുവേണ്ടി പരിഗണിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

84(509) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കാനും ആരംഭിക്കാനും എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2021 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ, അഴീക്കോട് മണ്ഡലത്തിനായി വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസ്തുത ബജറ്റ് രേഖയിൽനിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.[+] ഇപ്രകാരം തുക അനുവദിച്ച് ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ, ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

പാല നിയോജകമണ്ഡലത്തിലെ കടവുപുഴ പാലം പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കൽ

85(510) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സംസ്ഥാന ബജറ്റിൽ പാല നിയോജകമണ്ഡലത്തിലെ 878-ാം നമ്പരായി 20% ഫണ്ട് വകയിരുത്തിയ ചില്ലച്ചി തോടിനുകുറുകെ പാലം എന്ന പദ്ധതിക്ക് അനുവദിച്ച 350 ലക്ഷം രൂപയും 2670-ാം നമ്പരായി തീക്കോയി തലനാട് റോഡ് നിർമ്മാണത്തിന് അനുവദിച്ചതിൽ ബാക്കിനിൽക്കുന്ന തുകയായ 1.10 കോടി രൂപയും കടവുപുഴ പാലം പുനർനിർമ്മാണം എന്ന പദ്ധതിക്ക് മാറ്റി അനുവദിക്കണമെന്ന കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2020-21 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ 878, 2670 എന്നീ ക്രമ നമ്പരുകളായി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ യഥാക്രമം വടക്കൻ പറവൂരിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ പുതിയ കെട്ടിടം നിർമ്മാണം, നാവായിക്കുളം ശങ്കര നാരായണ സ്വാമി ക്ഷേത്രം റിങ് റോഡ് എന്നീ പ്രവൃത്തികളാണ്.

(ബി) കടവുപുഴ പാലം പ്രളയത്തിൽ തകർന്നുപോയതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ പ്രസ്തുത ഫണ്ട് മാറ്റി അനുവദിക്കുകയോ പുതിയ ഫണ്ട്

ലഭ്യമാക്കുകയോ ചെയ്തുകൊണ്ട് പ്രസ്തുത പാലം പുനർനിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2021-22 ലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ ക്രമ നം. 878 ആയി ഉൾപ്പെടുത്തിയ 'മൂന്നിലവ്- മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിനുകുറുകെ പാലം' എന്ന പ്രവൃത്തിക്ക് 239.2 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തി 19-01-2023-ലെ G.O. (Rt.) 58/2023/PWD പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ, 2023-24 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിലെ 1313 ക്രമ നമ്പറായി ഉൾപ്പെടുത്തിയ കടവുപുഴ പാലം പുനർനിർമ്മാണം എന്ന പ്രവൃത്തിക്ക് 239.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 20% പ്രൊവിഷനും അനുവദിച്ച് 28-02-2026-ലെ GO(Rt)No.2122/2026/FIN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചന്തിരൂർ പൊതുമാലിന്യ സംസ്കരണ പ്ലാന്റ്

86(512) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിന് അനുവദിച്ച ചന്തിരൂർ പൊതുമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) 2024-25-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചന്തിരൂർ പൊതുമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനായി 2024-25-ലെ ആദ്യ ഉപധനാഭ്യർഥനയിൽ "4405-00-105-96-00-00-00-P-V" എന്ന പുതിയ ശീർഷകം തുറക്കുകയും അതിൽ ടോക്കൺ വിഹിതം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ അന്നക്കര – കോക്കൂർ – മറ്റം റോഡിന്റെ പ്രവൃത്തി

87(513) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റുകളിൽ 10 കോടി രൂപയുടെ 20% തുക വകയിരുത്തുകയും 391.30 രൂപ ചെലവഴിച്ച് ആദ്യഘട്ടം പണി പൂർത്തീകരിക്കുകയും ചെയ്ത മണലൂർ മണ്ഡലത്തിലെ അന്നക്കര - കോക്കൂർ - മറ്റം റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് (കമ്പ്യൂട്ടർ നമ്പർ 3080579) ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ധനാനുമതി/ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്കാവശ്യമായ അനുമതി നൽകാനുള്ള സത്വര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(എ-സി) "Improvements to Chelur Vaka Road 1/860 – 2/510, Chelur Vaka Mammayi Road and Annakara Kokkur Road" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 705 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയും ആയത് ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2026 നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിക്കുന്നമുറയ്ക്ക് ആയതുമായി ബന്ധപ്പെട്ട ഉത്തരവ് ഭരണവകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

പദ്ധതി പുരോഗതി

88(514)ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള പദ്ധതിപുരോഗതി വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തിൽ വിവിധ ധനാഭ്യർഥനകൾക്കുകീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയ വിഹിതവും അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക

89(515) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ബജറ്റിൽ വകയിരുത്തിയ വിഹിതം എത്ര കോടി രൂപയായിരുന്നുവെന്ന് വിശദീകരിക്കുമോ?

2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ പ്രാദേശിക സർക്കാരുകൾക്ക് ബജറ്റിൽ വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

വർഷം	ഉപധനാഭ്യർഥനയടക്കം ബജറ്റിൽ വകയിരുത്തിയ തുക (കോടിയിൽ)
2021-22	14013.99
2022-23	12903.30
2023-24	14149.30
2024-25	15205.46
2025-26	15980.49

(ബി) 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഇതിൽ എത്ര കോടി രൂപ അനുവദിച്ചു; വ്യക്തമാക്കാമോ?

2021-22 മുതൽ 2024-25 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക (കോടിയിൽ)
2021-22	13311.81
2022-23	12841.66
2023-24	13447.92
2024-25	16157.33

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2021-22 മുതൽ 2024-25 വരെ ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

പ്രാദേശിക സർക്കാരുകൾ 2021-22 മുതൽ 2024-25 വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	തുക (കോടിയിൽ)
2021-22	11193.36
2022-23	10857.39
2023-24	9065.19
2024-25	14052.18

(ഡി) തദ്ദേശ സ്ഥാപനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ?

2025-26 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
2025-26 (2026 ജനുവരി 28 വരെ)	13421.85	6768.07

2025-26 ലെ ബജറ്റ് വിഹിതം

90(517) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26-ൽ ഓരോ വകുപ്പുകൾക്കും വകയിരുത്തിയ ബജറ്റ് വിഹിതം എത്രയെന്നും നാളിതുവരെ ഓരോ വകുപ്പും എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

2025-26 സാമ്പത്തിക വർഷം ഓരോ ധനാഭ്യർഥനകൾക്കുകീഴിൽ വകയിരുത്തിയ വിഹിതവും 2025 ഡിസംബർ മാസം വരെ ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി മുഖേന കുണ്ടൂർ തോട് നവീകരണം

91(518) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ കിഫ്ബി മുഖേന നവീകരിക്കുമെന്ന പ്രഖ്യാപനം നടത്തിയ തിരുരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണമെന്ന പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയോ; ഇല്ലെങ്കിൽ എന്ന് ലഭ്യമാക്കാനാകും; വിശദമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ പ്രഖ്യാപിച്ച തിരുരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണമെന്ന പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 2020-ൽ പദ്ധതിയുടെ നിർവഹണ ഏജൻസിയായ KIIDC സമർപ്പിക്കുകയും സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധനയിൽ കിഫ്ബിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചല്ലാത്തതിനാൽ ന്യൂനതകൾ പരിഹരിച്ച് പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ KIIDC-നോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് (CMD)-നെ KIIDC ഏല്പിക്കുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ. അംഗീകാരത്തിനായി 03-10-2025-ൽ കിഫ്ബിയിൽ സമർപ്പിച്ചു, ആയത് കിഫ്ബിയിൽ പരിശോധനയിലാണ്. പരിശോധന പൂർത്തിയാക്കി കിഫ് ബോർഡിന്റെ അനുമതിക്കനുസൃതമായി ധനാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ?

സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ നിലവിലെ എസ്റ്റിമേറ്റ് തുക 15.21 കോടി രൂപയാണ്.

കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾ

92(520) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതലുള്ള ബജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയെന്താണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2021-22 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിനായി ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽനിന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഭരണാനുമതി ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം അറിയിക്കാമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം

93(521) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽനിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.+

മലപ്പുറം നിയോജകമണ്ഡലത്തിലെ ബജറ്റിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി

94(522) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലെ ബജറ്റുകളിലുൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം നിയോജകമണ്ഡലത്തിനായി 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രസ്തുത രേഖയിൽനിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

(സി) മേല്പറഞ്ഞ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ?

'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് പദ്ധതികൾക്ക് ബജറ്റിൽ അനുവദിച്ച തുക

95(524) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളിലെ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണ്; വിശദാംശം നൽകുമോ?

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനായി 2024-25 ബജറ്റിൽ 383890/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 229605/- ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിനും ബാക്കി 154285/- ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ ഉപപദ്ധതിക്കുകീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ വകുപ്പിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; ധനകാര്യ വകുപ്പ് അനുവദിച്ച തുക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ 171272.01 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ ഉപപദ്ധതിക്കുകീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ 131360.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾക്കായി അനുവദിച്ച ബജറ്റ് വിഹിതങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല.

തനത് നികുതി നികുതിയേതര വരുമാനം

96(530) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച തനത് നികുതി വരുമാനം ഇനംതിരിച്ച് ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ സംസ്ഥാനത്തിന് തനത് നികുതിയിനത്തിൽ 59634.86 കോടി രൂപ വരുമാനമായി ലഭ്യമായിട്ടുണ്ട്. ആയതിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	തുക (കോടിയിൽ) *
സംസ്ഥാന ചരക്ക് സേവന നികുതി (SGST)	24619.38
വില്പന നികുതി	21726.02
സംസ്ഥാന എക്സൈസ്	2335.32
വാഹന നികുതികൾ	5608.02
മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	4762.97
വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും	68.50
ഭൂനികുതി	349.96
കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ	120.94
മറ്റുള്ളവ	43.75
ആകെ തനത് നികുതി വരുമാനം	59634.86
* അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ മാസം വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം	

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച നികുതിയേതര വരുമാനം ഇനംതിരിച്ച് ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ സംസ്ഥാനത്തിന് തനത് നികുതിയേതര ഇനത്തിൽ 12785.03 കോടി രൂപ വരുമാനമായി ലഭ്യമായിട്ടുണ്ട്. ആയതിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	തുക (കോടിയിൽ) *
പലിശ വരവിനങ്ങൾ	128.21
ലാഭവും ലാഭവിഹിതവും	74.47
പോലീസ്	253.74
സംസ്ഥാന ഭാഗ്യക്കുറി	9783.69
വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം	209.80
വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	298.35
വനവൽക്കരണവും വന്യജീവി സംരക്ഷണവും	216.37
ഇരുമ്പേതര ഖനനവും ധാതു വ്യവസായവും	439.02
മറ്റുള്ളവ	1381.38
ആകെ തനത് നികുതിയേതര വരുമാനം	12785.03
*അക്കൗണ്ടന്റ് ജനറലിന്റെ 2025 ഡിസംബർ മാസം വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം	

സാമൂഹ്യനീതിയും പശ്ചാത്തലസൗകര്യ വികസനവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാട്

97(531) ശ്രീ പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയും പശ്ചാത്തലസൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ വികസന നയങ്ങൾ, സാമൂഹിക നീതി, പശ്ചാത്തലസൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന ഒരു മാതൃകയെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. തുല്യവും സുസ്ഥിരവുമായ വികസനം ദീർഘകാലാടിസ്ഥാനത്തിൽ ഉറപ്പാക്കാൻ സമതുലിതവും സംയോജിതവുമായ ഒരു സമീപനം അത്യന്താപേക്ഷിതമാണെന്നാണ് വിലയിരുത്തിയിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനവും സാമ്പത്തിക നയങ്ങളും അസമത്വങ്ങൾ വർധിപ്പിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നു. വികസന അജണ്ടയിൽ ക്ഷേമം, ദാരിദ്ര്യനിർമ്മാർജനം എന്നിവയ്ക്ക് മുൻഗണന നൽകുന്നതിലൂടെ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ എല്ലാവരിലും ഒരുപോലെ എത്തിക്കുന്നതിന് ശ്രമിക്കുന്നു. അതേസമയം, അടിസ്ഥാന സൗകര്യ വികസനം സാമൂഹിക

നീതി കൈവരിക്കാൻ സഹായിക്കുകയും ക്ഷേമ പ്രവർത്തനങ്ങൾക്കായി ആവശ്യമായ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എങ്കിലും കേരളത്തിന്റെ സവിശേഷമായ പാരിസ്ഥിതിക സാഹചര്യം കണക്കിലെടുത്തുകൊണ്ട് വ്യവസായ-നഗര വളർച്ചയെ സന്തുലിതമായി നിലനിർത്താൻ സംസ്ഥാനം നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനഭീഷണികളെ ലഘൂകരിക്കുന്നതും ജൈവവൈവിധ്യം സംരക്ഷിക്കുന്നതും പാരിസ്ഥിതിക യാഥാർഥ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളെ പരിഷ്കരിക്കുന്നതുമായിരിക്കണമെന്ന് സർക്കാരിന് ഉത്തമബോധ്യമുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ ആസൂത്രണത്തിൽ പരിസ്ഥിതിക്ക് അർഹമായ പ്രാധാന്യം നൽകുന്നില്ലെങ്കിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾ അതിന്റെ ദുരന്തഫലങ്ങൾ വലിയതോതിൽ അനുഭവിക്കേണ്ടിവരുമെന്നതും സർക്കാർ ഗൗരവമായി കാണുന്നു.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കുമോ; വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ദേശീയപാത വികസനം, കിഫ്ബി മുഖേന ഏറ്റെടുത്തിട്ടുള്ള മറ്റ് വൻകിട പദ്ധതികൾ എന്നിവയിലൂടെ പശ്ചാത്തല സൗകര്യ വികസനമേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ

സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിച്ചിട്ടുണ്ട്. ആഗോള ഷിപ്പിങ് റൂട്ടിലെ ഒരു പ്രധാന ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി കേരളത്തെ മാറ്റുന്ന വിഴിഞ്ഞം പദ്ധതി, വിദേശ തുറമുഖങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കാനും ലോജിസ്റ്റിക്സ് ചെലവുകൾ ലഘൂകരിക്കാനും ഷിപ്പിങ്, നിർമ്മാണം, സേവന മേഖലകളിൽ പുതിയ ഉണർവ് നൽകാനും സഹായിച്ചിട്ടുണ്ട്. അതോടൊപ്പം, ദേശീയപാതാ വികസനവും പ്രധാന റോഡുകളുടെയും പാലങ്ങളുടെയും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനവും യാത്രാസമയം കുറയ്ക്കുകയും വ്യവസായം, വിനോദസഞ്ചാരം, കൃഷി, എം.എസ്.എം.ഇ. (MSME) തുടങ്ങിയ മേഖലകൾക്ക് വിപണിയിലേക്കുള്ള പ്രവേശനം എളുപ്പമാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പരിമിതികൾക്കിടയിലും മൂലധന നിക്ഷേപം മുൻകൂട്ടി ലഭ്യമാക്കുന്ന കിഫ്ബി മാതൃക പദ്ധതികളുടെ നടത്തിപ്പിന് വേഗത കൂട്ടിയിട്ടുണ്ട്. ഇത് ഹ്രസ്വകാലാടിസ്ഥാനത്തിൽ തൊഴിലവസരങ്ങളും ആവശ്യകതയും വർധിപ്പിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ ഉൽപാദനക്ഷമത വർധിപ്പിക്കാനുള്ള അടിത്തറയിടുകയും ചെയ്യു. ഇത്തരത്തിൽ കേരളത്തിന്റെ വളർച്ചയെ കൂടുതൽ നിക്ഷേപ കേന്ദ്രീകൃതവും മത്സരക്ഷമവും സന്തുലിതവുമാക്കാൻ ഈ പദ്ധതികൾ സഹായിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് കേന്ദ്രനികുതി വിഹിതം കുറഞ്ഞുവരുന്നത് സംബന്ധിച്ച് പതിനാറാം ധനകാര്യ കമ്മിഷന്റെയും കേന്ദ്രസർക്കാരിന്റെയും മുന്നിൽ ഉന്നയിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പതിനാറാം ധനകാര്യ കമ്മിഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയും കൂടി ചേർത്തുകൊണ്ട് ശക്തമായ അഭിപ്രായ രൂപീകരണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി&ഡി) സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. 31-12-2023-ൽ ശ്രീ. അരവിന്ദ് പനഗരിയ ചെയർമാനായി പതിനാറാം ധനകാര്യ കമ്മിഷൻ രൂപീകരിക്കുകയുണ്ടായി. ടി കമ്മിഷന്റെ മുൻപിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി തമിഴ്നാട്, കർണാടക, തെലങ്കാന, പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെയും ധനകാര്യ സെക്രട്ടറിമാരെയും പ്രഗത്ഭരായ സാമ്പത്തിക വിദഗ്ധന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് 12-09-2024-ൽ ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. 2026-2031 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2024 ഡിസംബർ 8 മുതൽ 10 വരെയുള്ള തീയതികളിൽ പതിനാറാം ധനകാര്യ കമ്മിഷൻ സംസ്ഥാനം സന്ദർശിച്ചിരുന്നു. പ്രസ്തുത സന്ദർശനവേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങിയ വിശദമായ മെമ്മോറാണ്ടം കമ്മിഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. കോൺക്ലേവിൽ ഉരുത്തിരിഞ്ഞ

ക്രിയാത്മകമായ നിർദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരുന്നു ധനകാര്യ കമ്മിഷൻ മുമ്പാകെയുള്ള സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചത്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന Vertical Fiscal Imbalance (VFI) പരിഹരിക്കാനായി ഡിവിസിബിൾ പൂളിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാനും മറ്റ് സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കാനായി Population 2011 (32.5%), Demographic Performance (22.5%), Income Distance (30%), Area (5%), Forest Cover (7.5%), Population Density (2.5%) എന്നീ മാനദണ്ഡങ്ങളുൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർധിപ്പിക്കാനും സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള (SDRMF) കേന്ദ്രവിഹിതം വർധിപ്പിക്കാനുമുള്ള വ്യക്തമായ പ്രൊപ്പോസലും മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, ധനഫെഡറലിസം ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കുള്ള State Specific Grant അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പതിനാറാം ധനകാര്യ കമ്മിഷൻ മുമ്പാകെ സപ്ലിമെന്ററി മെമ്മോറാണ്ടമായും നൽകി. GST നിരക്കുകളിൽ കേന്ദ്ര സർക്കാർ വരുത്തിയ പരിഷ്കരണംമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ

കുറവ് പരിഹരിക്കാനായി 2025 സെപ്റ്റംബർ മാസം മറ്റൊരു സപ്ലിമെന്ററി മെമ്മോറാണ്ടവും സമർപ്പിച്ചു. 2026 ഫെബ്രുവരി 1-ന് കേന്ദ്രസർക്കാർ അവതരിപ്പിച്ച 2026-27-ലെ ബജറ്റിനോടൊപ്പം പതിനാറാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടും ATR-ഉം പാർലമെന്റിൽ സമർപ്പിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിന്റെ കേന്ദ്രനികുതി വിഹിതം 2.382 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ RD Grant ഒരു സംസ്ഥാനത്തിനും അനുവദിച്ചിട്ടില്ല.

പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി

98(532) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നിലവിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക നികുതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നിലവിലുള്ള നികുതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിനും പാചകവാതക സിലിണ്ടറിനും സി.എൻ.ജി.-ക്ക് കിലോ അളവിനും സംസ്ഥാന സർക്കാർ ചുമത്തിയിട്ടുള്ള നികുതി എത്ര വീതമെന്ന് പ്രത്യേകം അറിയിക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് സംസ്ഥാന സർക്കാർ ചുമത്തിയിരിക്കുന്ന നികുതി നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയതും വർധിപ്പിച്ചതുമായ തീയതികൾ ഏതൊക്കെയാണെന്നും പ്രസ്തുത തീയതികളിൽ ഏർപ്പെടുത്തിയിട്ടുള്ളതും വർധിപ്പിച്ചിട്ടുള്ളതുമായ നികുതി എത്രയാണെന്നും അറിയിക്കാമോ?

2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഡീസൽ, പെട്രോൾ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയതും വർധിപ്പിച്ചതുമായ തീയതികൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകാനായി ഏർപ്പെടുത്തിയ ഇന്ധന സെസ്സ് നിലവിൽ വന്നതുമുതൽ നാളിതുവരെയും ടി സെസ്സ് ഇനത്തിൽ ആകെ എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. Kerala Finance Act, 2023 പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും പെട്രോളിനും

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ്സ് ഈടാക്കാൻ തുടങ്ങിയത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ നിരക്കിലാണ് സെസ്സ് ഏർപ്പെടുത്തിയത്. 2023 ഏപ്രിൽ മുതൽ 2025 ഡിസംബർ 31 വരെ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയതുവഴി പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിരുന്ന ഇന്ധന സെസ്സ് തുക ക്ഷേമ പെൻഷനുകൾക്കല്ലാതെ മറ്റേതെങ്കിലും കാര്യത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(എഫ്) സംസ്ഥാനത്ത് ഇന്ധന സെസ്സിലൂടെ ശേഖരിച്ച തുകയിൽനിന്ന് ക്ഷേമ പെൻഷനുകൾ നൽകിയതിനുശേഷം തുക ബാക്കി വന്നിട്ടുണ്ടെങ്കിൽ അത് എത്രയായിരുന്നുവെന്നത് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

(ഇ&എഫ്) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 1050 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 954.32 കോടി രൂപയും 2024-25

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷത്തിൽ 977.78 കോടി രൂപയും 2025-26 ൽ (31 ഡിസംബർ 2025 വരെ) 824.35 കോടി രൂപയുമാണ് പെട്രോൾ, ഡീസൽ സെസ്സിനത്തിൽ ആകെ ലഭിച്ചത്. അതായത് ഒരു സാമ്പത്തിക വർഷത്തിൽ ഇന്ധന സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുപോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വരവ് വയ്ക്കുകയും ക്ഷേമ പെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ ധനസ്ഥിതി

99(533) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ധനസ്ഥിതി മുൻവർഷത്തെക്കാൾ മോശമായ അവസ്ഥയിലാണോയെന്ന് വ്യക്തമാക്കാമോ?

നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്ത് നികുതി

വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധികബാധ്യത വരുന്നരീതിയിൽ ഭേദഗതി ചെയ്തത്, GST നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാപരിധിയിൽ കുറവുവരുത്തിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചതടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണ ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരോ വർഷവും കൂടുതൽ വിഹിതമാണ് സംസ്ഥാനം വകയിരുത്തുന്നത്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെ സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ബി) നടപ്പുവർഷത്തിൽ അനുവദിച്ച പരിധിയിൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രത്തിൽനിന്നും അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

വിവിധ കേന്ദ്ര നടപടികൾ കാരണമുണ്ടായ വിഭവവിടവ് പരിഹരിക്കാനായി നടപ്പുസാമ്പത്തിക വർഷം തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോൽപാദനത്തിന്റെ 4 ശതമാനമാക്കി ഉയർത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ വിഷയത്തിൽ അനുകൂലമായ പ്രതികരണം കേന്ദ്രം ഇതുവരെ അറിയിച്ചിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് അഭ്യർഥന കേന്ദ്ര സർക്കാർ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽനിന്നും നടപ്പുസാമ്പത്തിക വർഷം ആകെ 20309.94 കോടി രൂപയുടെ കുറവ് കേന്ദ്രം വരുത്തിയിട്ടുണ്ട്.

റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി

100(534) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ദിവസം സംസ്ഥാനത്തിന് റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്നിരുന്നുവെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനം എപ്പോഴെല്ലാം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ട്; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് പലിശ നൽകേണ്ടിവന്നതെന്ന് വിശദമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള കാലത്ത് സംസ്ഥാനത്തിന് ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്ന ദിവസങ്ങളുടെ എണ്ണം, ടി കാലയളവിൽ ഓവർ ഡ്രാഫ്റ്റിലായ ദിവസങ്ങളുടെ എണ്ണം, ഓവർ ഡ്രാഫ്റ്റിന് പലിശയിനത്തിൽ നൽകിയ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്ന ദിവസങ്ങളുടെ എണ്ണം**	**ടി കാലയളവിൽ ഓവർ ഡ്രാഫ്റ്റിലായ ദിവസങ്ങളുടെ എണ്ണം**	**ഓവർ ഡ്രാഫ്റ്റിന് പലിശയിനത്തിൽ നൽകിയ തുക** (തുക രൂപയിൽ)
2021-22	124	14	80,56,049
2022-23	55	1	4,90,929
2023-24	192	67	16,65,90,413
2024-25*	325	84	16,72,73,950
Total	**696**	**166**	**34,24,11,341**

* പ്രാരംഭ കണക്കുകൾ

സ്പാർക്ക് പി.എം.യു.-മായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടുകൾ

101(535) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ സ്പാർക്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സംബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ പരിശോധനകളിൽ സാമ്പത്തികവും ഭരണപരവുമായ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയതായി ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2016 ഏപ്രിൽ 1 മുതൽ സ്പാർക്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സംബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ പരിശോധനകളിൽ സാമ്പത്തികവും ഭരണപരവുമായ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയതായി ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ബി) 2016 മുതൽ ഇതുവരെ സ്പാർക്ക് പി.എം.യു.-നെ സംബന്ധിച്ച് ലഭിച്ച പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം, റിപ്പോർട്ട് തയ്യാറാക്കിയ വകുപ്പുകൾ, റിപ്പോർട്ടുകളുടെ കാലയളവ് എന്നിവ സംബന്ധിച്ച വിവരം അറിയിക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകളും ഗുരുതരമായ അപാകതകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

2016 മുതൽ ഇതുവരെ സ്പാർക്ക് പി.എം.യു.-നെ സംബന്ധിച്ച് 3 പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

1. ധനകാര്യ (പരിശോധന-എൻ.ടി.ഇ.) വിഭാഗം സ്പാർക്ക് പ്രോജക്ട് മോണിറ്ററിങ് യൂണിറ്റ് ഓഫീസിൽ 2019 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.[+]

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സ്പാർക്ക് പി.എം.യു. ഓഫീസിൽ നടത്തിയ മാസ്റ്റർ ട്രെയിനർ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും ആരോപിച്ച് ലഭിച്ച പരാതിയിന്മേൽ ധനകാര്യ പരിശോധന (സാങ്കേതികേതര-ഇ) വിഭാഗം 16-02-2021, 22-02-2021 എന്നീ തീയതികളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

3. സ്പാർക്ക് സംവിധാനം ദുരുപയോഗം ചെയ്യപ്പെടുന്നുവെന്ന പരാതിയിന്മേൽ സ്പാർക്ക് പി.എം.യു. ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും ധനകാര്യ പരിശോധന (എൻ.ടി.ഇ.) വകുപ്പ് 2021 ഫെബ്രുവരി 21, 22 തീയതികളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

സ്പാർക്ക് മീറ്റുമായി ബന്ധപ്പെട്ട വെബ്സൈറ്റ് ഉണ്ടാക്കാനായി ആരോപണ വിധേയനായ മാസ്റ്റർ ട്രെയിനറിന് ക്രമവിരുദ്ധമായി സഹായം നൽകിയ Inview Technologies എന്ന സ്ഥാപനം തന്നെയാണ് ഇപ്പോഴും സ്പാർക്കിന്റെ ഒഫീഷ്യൽ ഇൻഫർമേഷൻ വെബ്സൈറ്റ് info.spark.gov.in രൂപകല്പന ചെയ്ത് വികസിപ്പിച്ചുവരുന്നത് ശരിയായ പ്രവണതയല്ല.

DDO-യ്ക്ക് അനുവദിച്ച യൂസർനെയിമും പാസ്വേഡും ഉപയോഗിച്ച് മറ്റുള്ളവർക്ക് ലോഗിൻ ചെയ്ത് ക്രമക്കേടുകൾ നടത്താനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. കൂടാതെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ സ്ഥാപനങ്ങളിലും ഡി.ഡി.ഒ.-യുടെ പേരിലുള്ള ഒരു യൂസർ ഐ.ഡി. മാത്രമാണ് സ്പാർക്കിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ Entry തലത്തിലുള്ള ജോലികളും അംഗീകാരം നൽകലും ഉൾപ്പെടെയുള്ള എല്ലാ ജോലികളും ഡി.ഡി.ഒ. മാത്രം ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

ഒരു ദിവസം ശരാശരി അഞ്ഞൂറോളം കേസുകൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിൽ കേവലം 5 സർക്കാർ ജീവനക്കാർ മാത്രമേയുള്ളൂവെന്നത് തികച്ചും അപര്യാപ്തമാണ്. സ്പാർക്കിന്റെ സുപ്രധാനമായ ജോലികളെല്ലാം കരാർ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നതെന്നതും ഇതിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല എന്നതും അതീവ ഗുരുതരവും ആശങ്കാജനകവുമാണ്.

നിലവിൽ സ്പാർക്കിൽ സേവനമനുഷ്ഠിക്കുന്ന സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റുമാർ എന്നിവരുടെ തസ്തിക സൃഷ്ടിച്ച് ഇതുവരെ ഉത്തരവായിട്ടില്ലാത്തതിനാൽ ടിയാളുകൾ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് സേവനമനുഷ്ഠിക്കുന്നത്. അഞ്ചര ലക്ഷത്തോളം സർക്കാർ ജീവനക്കാരുടെ മാനവവിഭവ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന സുപ്രധാന ഓഫീസിൽ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കാത്തത് സ്പാർക്ക് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

സ്പാർക്കിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്ന സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഒരു കരാർ ജീവനക്കാരനെയാണ് നിയമിച്ചിരിക്കുന്നത് എന്നത് സ്പാർക്ക് വെബ്സൈറ്റിന്റെ സുരക്ഷാ ഭീഷണിയാണ്.

സ്പാർക്ക് പി.എം.യു.-ലും കണ്ണൂർ ഓഫീസിലും ജോലി ചെയ്യുന്ന മാസ്റ്റർ ട്രെയിനർമാർ, ജില്ലാ ട്രഷറികളിൽ സേവനമനുഷ്ഠിക്കുന്ന മാസ്റ്റർ ട്രെയിനർമാർ, മറ്റ് ട്രഷറികളിൽ U ആക്സസ് നൽകിയിട്ടുള്ള ട്രഷറി ജീവനക്കാർ എന്നിവർക്ക് ഇന്റർനെറ്റ് സംവിധാനമുള്ള ഏത് സ്ഥലത്തുനിന്നും സ്പാർക്കിൽ ലോഗിൻ ചെയ്യുന്ന വിവരങ്ങൾ പ്രോസ്സസ് ചെയ്യാവുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ സ്പാർക്കിൽ നിലവിലുള്ളത്. ഇത് അത്യന്തം ഗൗരവതരവും സ്പാർക്കിന്റെ സുരക്ഷയ്ക്ക് വൻ ഭീഷണിയുമാണ്.

സ്പാർക്ക് പി.എം.യു.-ലെ മാസ്റ്റർ ട്രെയിനർമാർക്ക് അനുവദിച്ചിട്ടുള്ള U ആക്സസ് ചില ജില്ലകളിൽ ജില്ലാ ട്രഷറിയിലെ ഒരു സ്റ്റാഫിന് അനുവദിച്ചതായി കാണുന്നു. സ്പാർക്കിലെ സുപ്രധാനമായ മാസ്റ്റർ ട്രെയിനർ U ആക്സസ് സ്പാർക്കിന്റെയോ ധനകാര്യ വകുപ്പിന്റെയോ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത സ്റ്റാഫുകൾക്ക് അനുവദിച്ചുനൽകിയത് ഗുരുതര വീഴ്ചയും സ്പാർക്ക് സംവിധാനത്തിന്റെ സുരക്ഷയ്ക്ക് വെല്ലുവിളിയുമാണ്.

സ്പാർക്ക് വെബ്സൈറ്റ് സെക്യൂരിറ്റി ഭീഷണികളിൽനിന്ന് മാറ്റി നിർത്തുന്നതിനായുള്ള സെക്യൂരിറ്റി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ സ്പാർക്കിൽ നടത്തപ്പെടുന്നില്ല. മാത്രമല്ല, അക്കൗണ്ടന്റ് ജനറലിന്റെ ഇൻഫർമേഷൻ സിസ്റ്റം ഓഡിറ്റും ഇതുവരെ സ്പാർക്കിൽ നടപ്പാക്കിയിട്ടില്ല.

ജീവനക്കാരന്റെ സ്പാർക്ക് ഡേറ്റയിലെ വിവരങ്ങൾ തിരുത്തൽ വരുത്തുന്ന സന്ദർഭങ്ങളിൽ ആയത് സംബന്ധിച്ചുള്ള വിവരം ജീവനക്കാരന്റെ മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവയിലേക്ക് സന്ദേശമായി ലഭ്യമാക്കാനുള്ള സംവിധാനം നിലവിലില്ല.

മാസ്റ്റർ ട്രെയിനർ മുതൽ മാനേജർ വരെയുള്ള വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച വ്യക്തമായ സർക്കുലറോ ഓഫീസ് ഓർഡറോ നിലവിലില്ല.

കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിക്കാതെയാണ് രണ്ട് കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് പി.എം.യു.-ന്റെ ഭാഗത്തുനിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ; റിപ്പോർട്ടുകളിൽ ശിപാർശ ചെയ്ത നടപടികൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് പി.എം.യു.-ന്റെ ഭാഗത്തുനിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

സ്പാർക്ക്, ജി.സ്പാർക്ക്, യൂണി. സ്പാർക്ക് തുടങ്ങിയവയ്ക്കുവേണ്ടി ഒരു In-house ഇൻഫർമേഷൻ വെബ്സൈറ്റ് രൂപീകരിക്കാൻ ധനകാര്യ (ഐ.റ്റി.എസ്.എഫ്.) വകുപ്പിനോട് ആവശ്യപ്പെടുകയും അത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

എല്ലാ ഡി.ഡി.ഒ.-മാർക്കും ആധാർ അധിഷ്ഠിത ലോഗിൻ സംവിധാനം പ്രാബല്യത്തിൽ വരുത്തുകയും സ്പാർക്കിലെ വിവരങ്ങൾ കൃത്യമായി എൻട്രി വരുത്തി ഡി.ഡി.ഒ.-യുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ നിലവിലുള്ള ഡി.ഡി.ഒ. യൂസർക്ക് പുറമെ ഡാറ്റ എൻട്രി ലെവലിൽ Establishment യൂസറെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി യൂസറിനും

ആധാർ അധിഷ്ഠിത ലോഗിൻ സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട് (Circular No. 72/2022-Fin Dated: 19-08-2022.).

സ്പാർക്ക് ആപ്ലിക്കേഷനിൽ മാസ്റ്റർ ട്രെയിനർമാർ വരുത്തുന്ന മാറ്റങ്ങളുടെ ലോഗ് ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി.

U ആക്സസ് അനുവദിച്ചിട്ടുള്ള എല്ലാ ഉപയോക്താക്കൾക്കും അവർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നുമാത്രം ലോഗിൻ ചെയ്യാവുന്ന ഇന്റർനെറ്റ് പ്രോട്ടോക്കോൾ (IP) അധിഷ്ഠിത ലോഗിൻ സംവിധാനം നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത സംവിധാനം പിന്നീട് ഒഴിവാക്കി.

ട്രഷറികളിലെ ജീവനക്കാർക്ക് അനുവദിച്ച U ആക്സസ് നിർത്തലാക്കിയിട്ടുണ്ട്.

സ്പാർക്ക് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഓഡിറ്റ്, ആധാർ ഓഡിറ്റ് എന്നിവ കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

അക്കൗണ്ടന്റ് ജനറലിന്റെ ഐ.ടി. സിസ്റ്റം ഓഡിറ്റ് സ്പാർക്കിൽ നടപ്പാക്കിയിട്ടുണ്ട്.

ജീവനക്കാരന്റെ സ്പാർക്ക് ഡേറ്റയിലെ വിവരങ്ങൾ തിരുത്തൽ വരുത്തുന്ന സന്ദർഭങ്ങളിൽ ആയത് സംബന്ധിച്ചുള്ള വിവരം ജീവനക്കാരന് ഗവൺമെന്റിന്റെ സന്ദേശ് ആപ്ലിക്കേഷൻ മുഖേന സന്ദേശമായി ലഭ്യമാക്കാനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

സ്പാർക്ക് പി.എം.യു.-ന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്.

സ്പാർക്ക് പി.എം.യു. തിരുവനന്തപുരം ഓഫീസിലെ ജീവനക്കാരുടെ ജോലി നിർണ്ണയിച്ച് നൽകിയാണ് പ്രവർത്തനം നടത്തുന്നത്. ടി ജീവനക്കാരുടെ സ്ഥലം മാറ്റം, രാജി എന്നിവ പരിഗണിച്ച് ജോലി ക്രമീകരണം അപ്ഡേറ്റ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആരോപണവിധേയനായ മാസ്റ്റർ ട്രെയിനറെ സ്പാർക്ക് പി.എം.യു.-ൽ നിന്ന് പുറത്താക്കിയിരുന്നു.

കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിക്കാതെ നിയമിച്ചിട്ടുള്ളതായി പരാമർശമുള്ള കരാർ ജീവനക്കാരെ സ്പാർക്ക് പി.എം.യു.-ൽ നിന്ന് ഒഴിവാക്കിയിരുന്നു.

മാസ്റ്റർ ട്രെയിനറുകളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പ്രവേശന പരീക്ഷ നടത്തി നിയമിക്കുന്ന രീതി സ്പാർക്ക് പി.എം.യു.-ൽ പ്രാവർത്തികമാക്കിയിരിക്കുന്നു.

മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കേസുകളുടെ എണ്ണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധം 1 റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആരോപണ വിധേയനായ മാസ്റ്റർ ട്രെയിനറെ 24-11-2018-ൽ സ്പാർക്ക് പി.എം.യു.-ൽ നിന്ന് പുറത്താക്കിയിരുന്നു.

(ഇ) പ്രസ്തുത റിപ്പോർട്ടുകളിൽ ക്രിമിനൽ സ്വഭാവമുള്ള വീഴ്ചകൾ കണ്ടെത്തിയ സാഹചര്യത്തിൽ പോലീസ് അന്വേഷണം അല്ലെങ്കിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്പാർക്കിലെ ജീവനക്കാരും മറ്റ് ചില വർക്കർ ജീവനക്കാരും ചേർന്ന് സോഷ്യൽ മീഡിയയിൽ ഗ്രൂപ്പുണ്ടാക്കി പ്രശ്നപരിഹാരം എന്ന പേരിൽ സാമ്പത്തികമായും അല്ലാതെയും നേട്ടമുണ്ടാക്കുന്നുവെന്ന പരാതി 14-03-2019-ൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനും സ്പാർക്ക് പി.എം.യു.-ന്റെ പ്രവർത്തനങ്ങളിൽ സുതാര്യത, ഉത്തരവാദിത്തം, ധനകാര്യ നിയന്ത്രണം എന്നിവ ഉറപ്പാക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

സ്പാർക്ക് പി.എം.യു.-ന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാനായി സ്പാർക്കിലെ ദിവസവേതന/കരാർ നിയമനങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായി നടത്താനും ബന്ധപ്പെട്ട ഫയലുകൾ സ്പാർക്കിന്റെ ഭരണച്ചുമതലയുള്ള ധനകാര്യ ഭരണ വിഭാഗം ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി മുഖേന മാത്രമേ സമർപ്പിക്കാവൂ എന്നുമുള്ള നിർദേശം സ്പാർക്ക് പി.എം.യു.-ന് നൽകിയിരുന്നു. തുടർന്ന് നടത്തിയ എല്ലാ നിയമനങ്ങളിലും പ്രസ്തുത നിർദേശം പാലിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയ തുക

102(537) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി എത്ര തുകയാണ് വകയിരുത്തിയതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

(ബി) 2016 മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) 2016-17 മുതൽ 2025-26 വരെ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയും അതത് വർഷങ്ങളിൽ അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

വർഷം	വകയിരുത്തിയ തുക	അനുവദിച്ച തുക
2016-17	5500.00	5962.53
2017-18	6227.50	6664.11
2018-19	7000.00	7063.57
2019-20	7500.00	7209.37
2020-21	7158.00	9016.03
2021-22	7280.00	8062.23

2022-23	8048.00	7974.92
2023-24	8258.00	7546.59
2024-25	8532.00	9467.08
2025-26	9215.00	8707.41 (2026 ജനുവരി 31 വരെ)

ചില വർഷങ്ങളിൽ മുൻ വർഷം ചെലവാകാത്ത തുക അധിക ധനാനുമതിയായി അനുവദിച്ചതിനാലാണ് അനുവദിച്ച തുക വകയിരുത്തിയ തുകയേക്കാൾ കൂടാൻ കാരണം.

കോർപ്പറേഷൻ/ബോർഡ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ

103(539) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കോർപ്പറേഷൻ/ബോർഡുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏക പൊതുമേഖല സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പി.എസ്.സി. മുഖാന്തരം നിയമനം നടത്താൻ മാറ്റിവച്ചിട്ടുള്ള തസ്തികകളിലേക്കുള്ള ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് കാലതാമസം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ

104(540) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ടിൽ ടെൻഡർ സേവിങ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ട് വകയിരുത്തി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെൻഡർ സേവിങ്സ് ഇനത്തിൽ ബാക്കിവന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വിശദാംശം ചുവടെ ചേർക്കുന്നു.

2021-22- 2,79,834/- രൂപ

2022-23- 17,84,031.1/- രൂപ

2023-24-16,00,959/-രൂപ(03 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല)

2024-25- 1,56,365/-രൂപ (04 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല)

2025-26 - 5650/- രൂപ (14 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല)

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ സേവിങ്സ് പ്രയോജനപ്പെടുത്തി എത്ര തുകയുടെ പുതിയ പ്രവൃത്തികൾ നിർവഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ആസ്തി വികസന ഫണ്ടിലെ സേവിങ്സ് പ്രയോജനപ്പെടുത്തി സ.ഉ.(അച്ചടി) നം.100/2025/ധന., തീയതി 12-08-2025 (കൊടി എ) പ്രകാരം ഉത്തരവിലെ മാർഗനിർദേശങ്ങൾ പ്രകാരം ടെൻഡർ സേവിങ്സ് ഇനത്തിലുള്ള തുക വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കാവുന്നതാണ്.

മെഡിസെപ് പദ്ധതിയിൽ ആയുർവേദ ചികിത്സ

105(541) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിൽ ആയുർവേദ ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഇത് ഉൾപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

നിലവിലെ മെഡിസെപ് പാക്കേജ് പരിഷ്കരിക്കുന്നതിനായി 01-11-2024-ലെ 8103/2024/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ശ്രീറാം വി. ഐ.എ.എസ്. ചെയർമാനായ എട്ടംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മെഡിസെപിന്റെ രണ്ടാം ഘട്ടത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള 14-08-2025-ലെ സ.ഉ.

(പി)നം.102/2025/ധന.പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ ആയുർവേദ, ഹോമിയോ ചികിത്സകൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ സാധാരണ ആരോഗ്യ ഇൻഷ്വറൻസ് പോളിസികളിൽ പ്രീമിയം നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കുന്ന ഘടകങ്ങളായ പ്രായം, നിലവിലെ അസുഖങ്ങൾ, waiting period എന്നിവയൊന്നും കണക്കിലെടുക്കാതെ risk pooling ചെയ്തുകൊണ്ട് പാക്കേജുകളും നിരക്കുകളും അടിസ്ഥാനപ്പെടുത്തി ചെറിയ പ്രീമിയത്തിൽ ഉയർന്ന പരിരക്ഷ ലഭ്യമാക്കുന്ന മെഡിസെപ് പോലെയുള്ള ഇൻഷ്വറൻസ് പദ്ധതികളിൽ ആയുർവേദം പോലെയുള്ള ചികിത്സാ വിഭാഗങ്ങൾ ഉൾപ്പെടുത്തിയാൽ പ്രീമിയം തുക വൻതോതിൽ ഉയരാനിടയാകും. മെഡിസെപിന്റെ രണ്ടാം ഘട്ടം 01-02-2026 മുതൽ ആരംഭിക്കുന്നതിന് 20-01-2026-ലെ സ.ഉ (പി) നം 5/2026/ധന പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിലും മറ്റ് ചികിത്സാ വിഭാഗങ്ങൾകൂടി ഉൾപ്പെടുത്തുന്നത് പ്രീമിയം വൻതോതിൽ ഉയരാനിടയാക്കുമെന്നതിനാലും നിലവിലെ സാഹചര്യത്തിൽ ആയുർവേദ ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവാഹമില്ല.

പാലക്കാട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ട്

106(543) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന എത്ര തുക അനുവദിച്ചുവെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അനുവദിച്ച ചികിത്സാ സഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക (രൂപയിൽ)
2021-22	234	1,62,84,019
2022-23	378	2,90,31,274
2023-24	439	2,59,77,628
2024-25	710	2,97,33,424

സാമ്പത്തിക പ്രതിസന്ധി

107(544) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതിവിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക

ബാധ്യത വരുന്നരീതിയിൽ ഭേദഗതി ചെയ്തത്, ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചതടക്കമുള്ള കേന്ദ്ര നടപടികളും കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്.

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം തടഞ്ഞുവച്ചിട്ടുള്ള വിവിധ ബില്ലുകളുടെ ആകെ തുക എത്രയാണ്; അവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്രയാണ്; വ്യക്തമാക്കുമോ?

ബില്ലുകളൊന്നും തന്നെ നിലവിൽ തടഞ്ഞുവച്ചിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ നികുതി പിരിവ് കാര്യക്ഷമമല്ലെന്ന സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു; വിവിധ ഇനങ്ങളിലെ നികുതി കുടിശ്ശിക എത്രയാണ്; ആയത് പിരിച്ചെടുക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം വരെ വ്യവഹാരങ്ങളിൽപ്പെടാത്ത ഇനങ്ങളിലായി മൊത്തം നികുതി കുടിശ്ശിക 14765.75 കോടി രൂപയാണ്. നികുതി കുടിശ്ശിക പിരിവ് ഊർജിതമാക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി., എക്സൈസ് എന്നീ വകുപ്പുകൾ

ആംനസ്റ്റി പദ്ധതിയും മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കിവരുന്നു. വസ്തുവിന്റെ വില കുറച്ചുകാണിച്ച് രജിസ്റ്റർ ചെയ്ത് അണ്ടർ വാല്യുവേഷൻ നടപടികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽനിന്നും കുറവ് തുക ഈടാക്കാനായി സെറ്റിൽമെന്റ്, കോംപൗണ്ടിങ് പദ്ധതികൾ ഏർപ്പെടുത്തി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയിൽ എല്ലാ ജില്ലയിലും Arrear Recovery നടപടികൾക്ക് മാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം നികുതിവെട്ടിപ്പ് തടയാനുള്ള പ്രവർത്തനങ്ങളും വകുപ്പുകൾ നടപ്പാക്കിവരുന്നു.

(ഡി) സാമ്പത്തിക പ്രതിസന്ധി കാരണം ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ വിഹിതത്തിൽ എന്തെങ്കിലും കുറവുവരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇത്തരത്തിൽ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്?

സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ വിഹിതത്തിൽ കുറവുവരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും വികസന ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയെന്ന നയമാണ് സർക്കാർ അനുവർത്തിച്ചുപോരുന്നത്.

(ഇ) സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തനത് വരുമാനത്തിലുണ്ടായ വർധനവ് ഓരോ വർഷവും എത്ര തുകയാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ എന്നിവയുൾപ്പെടെ) കാലികമായി പരിഷ്കരിക്കാനും പുതിയ വരുമാന ഇനങ്ങൾ കണ്ടെത്താനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ തുടർന്നുവരികയാണ്. റവന്യൂ ശേഖരണം ഊർജിതപ്പെടുത്താനായി സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനദായക വകുപ്പുകളുടെ അവലോകനയോഗങ്ങൾ ചേരുകയും റവന്യൂ കളക്ഷൻ സംബന്ധിച്ച് പ്രതിമാസം അവലോകനം നടത്തുകയും ചെയ്യുന്നു. അതോടൊപ്പം വിവിധ സർക്കാർ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള നികുതി കുടിശ്ശിക ഈടാക്കാനും നികുതി വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാനും പുതിയ വരുമാന മേഖലകൾ കണ്ടെത്താനുമുള്ള നിർദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 54988/- കോടി രൂപയായിരുന്ന തനത് വരുമാനം 2024-25 വർഷത്തിൽ 93129/- കോടി

രൂപയായി വർധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ 69.36% വർധനവുണ്ടായിട്ടുണ്ട്. 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ വർധനവ് യഥാക്രമം 13815, 18283, 3589, 2454 കോടി രൂപയാണ്.

വളാഞ്ചേരിയിൽ യു.പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കൽ

108(545) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ പുതിയതായി നിർമ്മിക്കുന്ന യു.പി.എച്ച്.സി. കെട്ടിടത്തിന്റെ ഒന്നാംഘട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അനുവദിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ പുതിയതായി നിർമ്മിക്കുന്ന യു.പി.എച്ച്.സി. കെട്ടിടത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അനുവദിക്കാനുള്ള പ്രൊപ്പോസൽ, മലപ്പുറം ജില്ലാ പ്രോഗാം ഓഫീസർ മുഖേന വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി എൻ.എച്ച്.എം. സംസ്ഥാന മിഷൻ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ എൻ.എച്ച്.എം. സംസ്ഥാന മിഷനിൽ സ്വീകരിച്ചുവരുന്നു.

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക മലപ്പുറം ജില്ലാ നാഷണൽ ഹെൽത്ത് മിഷന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 26-09-2025-ലെ സ.ഉ. (സാധാ)നം.2348/2025/LSGD പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനം ബില്ലുകൾ തയ്യാറാക്കി എൻ.എച്ച്.എം. സംസ്ഥാന മിഷൻ ഡയറക്ടർക്ക് നൽകുന്നമുറയ്ക്ക് എൻ.എച്ച്.എം. സംസ്ഥാന മിഷനിൽനിന്നും കരാറുകാരനോ ഏജൻസിക്കോ തുക നൽകാനുള്ള രീതി അവലംബിക്കാനാണ് നിർദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം കരാറുകാരന് തുക നൽകാനുള്ള നടപടികൾ എൻ.എച്ച്.എം. സംസ്ഥാന മിഷനിൽ പൂർത്തിയായിവരുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

109(546) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2018-19 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ലുൾപ്പെടുത്തി 20% തുക അനുവദിച്ച പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട്

ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ എൽ.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, നബാർഡ് ഫണ്ട് എന്നിവയുപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

2018-19 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചങ്ങനാശ്ശേരി മണ്ഡലത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, നബാർഡ് ഫണ്ട് എന്നിവയുപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽനിന്നും നാളിതുവരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.+

ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന ചെയ്യുന്ന പ്രവൃത്തികൾ

110(547) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ടെൻഡർ മുഖേനയും അല്ലാതെയും അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും എന്താണെന്ന് അറിയിക്കുമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2020-21 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തി, വകുപ്പ്, അനുവദിച്ച വർഷം, സൊസൈറ്റിയുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവ ഉൾപ്പെടുത്തി വിശദാംശം നൽകുമോ;

(സി) പ്രസ്തുത സൊസൈറ്റികൾക്ക് ടെൻഡർ നടപടികൾ ഒഴിവാക്കി നോമിനേഷൻ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ എണ്ണം, മൂല്യം, അനുവദിച്ച വർഷം, ടെൻഡർ ഒഴിവാക്കിയതിന് കാരണം എന്നിവ വ്യക്തമാക്കുമോ?

(എ-സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കും സംസ്ഥാനത്തെ മറ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ടെൻഡർ മുഖേനയും അല്ലാതെയും വിവിധ വകുപ്പുകൾ മുഖേന പ്രവൃത്തികൾ അനുവദിച്ചുവരുന്നു. ഇപ്രകാരം വിവിധ വകുപ്പുകൾ വഴി അനുവദിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ധനവകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഏറ്റവും കുറഞ്ഞ ടെൻഡർ തുകയെ അപേക്ഷിച്ച് പത്ത് ശതമാനത്തിലധികം തുക ടെൻഡർ എക്സസ് വന്ന സാഹചര്യങ്ങളിലും പ്രസ്തുത സൊസൈറ്റികൾക്ക് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇപ്രകാരം അനുവദിച്ചതിനാൽ സർക്കാരിന് എത്ര രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വർഷവും പ്രവൃത്തിയും തിരിച്ച് വിശദമാക്കാമോ?

പത്ത് ശതമാനത്തിലധികം വരുന്ന സാഹചര്യങ്ങളിൽ മന്ത്രിസഭയുടെ അനുമതിയോടുകൂടി പ്രവൃത്തികൾ അനുവദിച്ചുവരുന്നു. അധികമായി വേണ്ടിവരുന്ന തുക അതത് വർഷങ്ങളിലെ ബജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തിവരുന്നു.

(ഇ) മേല്പറഞ്ഞ സാഹചര്യങ്ങളിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് പ്രത്യേക പരിഗണന നൽകാനായി നിലവിൽ ഏതെങ്കിലും മാർഗനിർദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സ.ഉ.(കൈ)നം. 135/1997/സഹ, സ.ഉ.(കൈ) 41/2020/പൊ.മ.വ. ഉത്തരവുകൾ പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(എഫ്) പത്ത് ശതമാനം അധികരിച്ച ടെൻഡർ തുകയിൽ പ്രവൃത്തികൾ നൽകിയ ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ച് ഓഡിറ്റ് വിഭാഗം നടത്തിയ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്നും പ്രസ്തുത നഷ്ടം നികത്താനായി ഓഡിറ്റ് നിർദേശിച്ച പരിഹാരമാർഗങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

10% അധികരിച്ച ടെൻഡർ തുകയിൽ പ്രവൃത്തികൾ നൽകിയ ഇനത്തിൽ ഓഡിറ്റ് വിഭാഗം നടത്തിയ അന്വേഷണം സംബന്ധിച്ച് വിശദാംശങ്ങൾ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കരാറുകാർക്ക് അനുവദിച്ച തുക

111(548) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കരാറുകാർക്ക് അനുവദിച്ച തുക എത്രയാണെന്നത് സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്കുകളോടൊപ്പം അതിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനിയും എത്ര തുക ഈയിനത്തിൽ നൽകാനുണ്ടെന്നും അത് എന്ന് നൽകാനാകുമെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനതല മുൻഗണനാ ക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കാനാവശ്യമായ അധികതുക അനുവദിച്ച് ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നുണ്ട്.

(സി) കരാറുകാർക്കുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽവന്നിട്ടില്ല.

ശ്രീ വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.ഡി.ഒ. കോഡ് മാറ്റാൻ നടപടി

112(550) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത ശ്രീ വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ ഡി.ഡി.ഒ. കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പിൽനിന്നും എന്തൊക്കെ രേഖകൾ സഹിതമാണ് അപേക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

സ്കൂളിന്റെ ശമ്പളബില്ലുകൾ ട്രഷറിയിൽനിന്നും മാറി എടുക്കാനായി സർക്കാരിൽനിന്നുള്ള ഉത്തരവ് ആവശ്യമാണെന്ന് അറിയിച്ചുകൊണ്ട് ഡി.ജി.ഇ. ലഭ്യമാക്കിയ കത്ത്, 11-06-2018-ലെ G.O.(P) 88/2018 Fin. പ്രകാരമുള്ള പ്രൊഫോർമ എന്നിവ സഹിതമാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും അപേക്ഷ സമർപ്പിച്ചിരുന്നത്.

(ബി) ഡി.ഡി.ഒ. കോഡ് മാറ്റിക്കൊണ്ട് എന്നാണ് ഉത്തരവ് ഇറങ്ങിയതെന്ന് വ്യക്തമാക്കുമോ; ഇതേ സ്കൂളിന്റെ ഹയർ സെക്കൻഡറി കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്തൊക്കെ രേഖകളാണ് ലഭിച്ചതെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഹയർ സെക്കൻഡറി ഡി.ഡി.ഒ. കോഡ് മാറുന്നതിന് എന്താണ് തടസ്സമെന്നും എന്നത്തേക്ക് ഇത് മാറ്റി ലഭിക്കുമെന്നും വ്യക്തമാക്കുമോ?

(ബി&സി) 18-03-2025-ലെ സ.ഉ.(സാധാ) നം.2584/2025/ധന. പ്രകാരം ശ്രീ വാസുദേവാശ്രമം സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപകൻ/ അധ്യാപികയെ DDO ആയി നിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ (സ്കീം ലൈനിങ്) വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സ്കൂളിന്റെ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ ഡി.ഡി.ഒ. കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം 11-06-2018-ലെ G.O.(P)88/2018/Fin. പ്രകാരമുള്ള പ്രൊഫോർമ ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

പാലാ തലനാട് ഇലവുംപാറ ചൊവ്വൂർ നരിമറ്റം റോഡ്

113(553) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജക മണ്ഡലത്തിലെ തലനാട് ഇലവുംപാറ ചൊവ്വൂർ നരിമറ്റം റോഡിനുവേണ്ടി സമർപ്പിച്ച ഫയൽ നം. ഐ.എൻ.പി.ഡബ്ല്യൂ. സി1/59/2025/ഫിൻ. ഫയലിന്റെ തൽസ്ഥിതി വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ നിയോജക മണ്ഡലത്തിലെ തലനാട് ഇലവുംപാറ ചൊവ്വൂർ നരിമറ്റം റോഡ് എന്ന പ്രവൃത്തി സംബന്ധിച്ച് I&PWC1/59/2025/ധന. ഫയൽ ഈ വകുപ്പ് പരിശോധിക്കുകയും മേൽപ്രവൃത്തിക്ക് DSoR 2021 പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാനും പ്രവൃത്തി തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടോത്തരവാദിത്വമില്ലാതെ കോൺട്രാക്ട് റദ്ദാക്കാനും ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ കിഫ്ബി പദ്ധതികൾ

114(555) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത/പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേന എത്ര വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചതെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിക്കപ്പെട്ടിട്ടും ഇനിയും തുടങ്ങാത്ത എത്ര പ്രവൃത്തികളുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഉന്നത/പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവഴിച്ച തുക എന്നിവയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് നോർത്ത് പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡിന്റെ ഭൂമിയേറ്റെടുക്കൽ നടപടി

115(556) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡിന്റെ ഭൂമിയേറ്റെടുക്കൽ നടപടി കോടതി കാര്യങ്ങൾമൂലം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്?

(എ&ബി) ഉണ്ട്. കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടില്ല. എന്നാൽ കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാരുമായി ബന്ധപ്പെട്ടപ്പോൾ ടിയാന്റെ കോഴിക്കോട് താലൂക്കിൽ വേങ്ങേരി വില്ലേജ് റീസർവെ നം. 89/26-ൽപ്പെട്ട 5.923 ആർ ഭൂമി പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ കേസ് അവസാനിപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇതിനായി സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട കോഴിക്കോട് നോർത്ത് എം.എൽ.എ. കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്ത് പരിശോധിച്ച് ഇതുസംബന്ധിച്ച പ്രൊപ്പോസൽ അടിയന്തരമായി കിഫ്ബിക്ക്

സമർപ്പിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോടും പദ്ധതിയുടെ നിർവഹണ ഏജൻസിയായ KRFB-യോടും അഭ്യർഥിച്ചിരുന്നു.

ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ വീട് റോഡ് നിരപ്പിൽനിന്നും ഏറെ ഉയരത്തിൽ സ്ഥിതിചെയ്യുന്നതിനാൽ റോഡിനായി ഭാഗികമായി സ്ഥലമേറ്റെടുക്കുന്നത് വീടിന്റെ നിലനിൽപ്പിനെയും സുരക്ഷയെയും പ്രതികൂലമായി ബാധിക്കുമെന്ന് കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവഹണ ഏജൻസിയും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം കിഫ്ബി സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ 06-01-2026-ന് നടന്ന അവലോകന യോഗത്തിൽ ചർച്ച ചെയ്തിരുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രൊപ്പോസൽ, കോഴിക്കോട് ജില്ലാ കളക്ടറും പദ്ധതിയുടെ നിർവഹണ ഏജൻസിയും സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ സമഗ്രമായി പരിഗണിച്ചുകൊണ്ട് 06-01-2026-ന് നടന്ന അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻ നായർ റോഡിന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രൻ നമ്പ്യാരുടെ ഭൂമി 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം പൂർണ്ണമായും ഏറ്റെടുക്കാനാവശ്യമായ നടപടികൾ റവന്യൂ വകുപ്പും പദ്ധതി നിർവഹണ ഏജൻസിയായ KRFB-യും ചേർന്ന് സ്വീകരിക്കണമെന്ന് 29-01-2026-ലെ കത്തുപ്രകാരം ജില്ലാ കളക്ടറെയും പദ്ധതി നിർവഹണ ഏജൻസിയെയും കിഫ്ബിയിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസ് അടിയന്തരമായി തീർപ്പുകല്പിച്ച് പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഭൂമി സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പദ്ധതികൾ

116(557) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ കിഫ്ബി മുഖാന്തരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിവരവും ആയതിന് അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ കിഫ്ബി മുഖാന്തരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകിയ വിവിധ പദ്ധതികളുടെ വിവരവും ആയതിന് അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം

117(558) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തടസ്സങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) 16-03-2018-ലെ സ.ഉ. (സാ.ധാ.) നം. 38/2018/കാ.യു.വ. പ്രകാരം കോതമംഗലം ചേലാട് സ്റ്റേഡിയം കിഫ്ബി ഫണ്ടോടുകൂടി നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 11-02-2020-ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB പ്രകാരം 15,83,32,006/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും 20-03-2022-ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം ധനാനുമതി 17,14,60,757/- രൂപയായി ഉയർത്തി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ ഈ പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും പ്രവൃത്തി നടക്കേണ്ട ഭൂമിയുടെ തരംമാറ്റേണ്ടിയിരുന്നതിനാൽ കരാറുകാരനുമായി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. കൂടാതെ പരിസ്ഥിതിയെ ബാധിക്കാതെ നിലവിലുള്ള കനാലിനെ വഴിതിരിച്ച് വിടുന്നതിനും ജലം സംഭരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കാനായി പഞ്ചായത്തിൽനിന്നും പദ്ധതി നിർവഹണ ഏജൻസിക്ക് കത്ത് ലഭിക്കുകയുണ്ടായി. തുടർന്ന് റവന്യൂ വകുപ്പിൽനിന്നും സ്റ്റേഡിയം നിർമ്മിക്കേണ്ട സ്ഥലത്തിന്റെ അതിർത്തി അടയാളപ്പെടുത്തി ലഭിച്ചതിനുശേഷം സർവെ നടപടികൾ പൂർത്തീകരിച്ച് മേല്പറഞ്ഞ നിർദേശങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസൽ പദ്ധതി നിർവഹണ ഏജൻസി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു.

എന്നാൽ 26-04-2025-ലെ സ.ഉ. (സാ.ധാ.) നം. 108/2025/കാ.യു.വ. പ്രകാരം കിറ്റ്കോയെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ പദ്ധതി നിർവഹണ ഏജൻസിയായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റെക്കോർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണപ്രവർത്തനമാരംഭിക്കുന്നതിന് ഭൂമിയുടെ തരംമാറ്റം ആവശ്യമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻ പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച പ്രൊപ്പോസൽ 10-06-2025-നുകൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07-07-2025-ലെ കത്തുമുഖേന കാർഷികോൽപാദന കമ്മിഷണർ & പ്രിൻസിപ്പൽ സെക്രട്ടറി (കൃഷി വകുപ്പ്) കിറ്റ്കോയെ അറിയിച്ചിരുന്നു.

നിലവിൽ ടി പ്രവൃത്തിയുടെ പദ്ധതി നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റാനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട് ഡൈവേർഷൻ ഡിസൈൻ ചെയ്യാനായി ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡിൽനിന്നും റെയിൻഫാൾ & ഡിസ്ചാർജ് ഡേറ്റ 17-07-2025-ലെ കത്ത് മുഖാന്തരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ലാൻഡ് കൺവേർഷനാവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18-09-2025-ൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചു.

പ്രസ്തുത അപേക്ഷ 17-11-2025-ലെ സംസ്ഥാനതല സമിതി പരിശോധിക്കുകയും തുടർരേഖകൾ 07-01-2026-ന് കത്ത് മുഖേന പദ്ധതി നിർവഹണ ഏജൻസിയോട് ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ 21-01-2026-ന് കാർഷികോൽപാദന കമ്മിഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് (കൃഷി വകുപ്പ്) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലാൻഡ് കൺവേർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണറുടെ പരിഗണനയിലാണ്.

ഭൂമി തരംമാറ്റം പൂർത്തീകരിച്ചശേഷം പദ്ധതി നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതും ആയത് കിഫ്ബിയിൽ പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം ഡി.പി.ആർ.-ന് അംഗീകാരം നൽകുന്നതും അതിനുശേഷം പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ ക്ഷണിച്ച് പദ്ധതി ആരംഭിക്കാൻ സാധിക്കുന്നതുമാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

118(559) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എസ്.പി.വി.-യായ കെ.എസ്.ഐ.ടി.ഐ.എൽ. സ്വീകരിച്ചിട്ടുള്ളതും ടെൻഡറിലൂടെ കണ്ടെത്തിയ യോഗ്യമായ കരാറുകാരനെ തിരഞ്ഞെടുക്കാനുള്ള അംഗീകാരത്തിനായി സർക്കാരിനോട് എസ്.പി.വി. അഭ്യർഥിച്ചിട്ടുള്ളതുമാണ്.

(ബി) നിലവിൽ പ്രസ്തുത ഫയൽ ആരുടെ കൈവശമാണുള്ളതെന്നും ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

നിലവിൽ പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ എസ്.പി.വി.-ക്ക് സാധിക്കാവുന്നതാണ്.

കടമക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

119(560) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 1.30 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ളതും കരാർ വച്ചിട്ടുള്ളതുമായ കടമക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കിഫ്ബി 1.30 കോടി രൂപ ഫണ്ടനുവദിച്ച് കില മുഖേന നടപ്പാക്കുന്ന ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കടമക്കുടി എന്ന പ്രവൃത്തി 03-09-2025-ൽ

കരാർ ഒപ്പുവച്ച് പദ്ധതി നിർവഹണ ഏജൻസിയായ കില, കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി എസ്റ്റിമേറ്റ് തുകയിൽനിന്നും 6.97% കുടിയ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്. ആയതുപ്രകാരം അധികമായി 9 ലക്ഷം രൂപ ആവശ്യമായിവരികയും ടി തുക MLA ഫണ്ടിൽനിന്നും അനുവദിക്കണമെന്ന് കാണിച്ച് MLA-ക്ക് 20-11-2025-ൽ പദ്ധതി നിർവഹണ ഏജൻസി കത്ത് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് അധികം വരുന്ന തുക MLA ഫണ്ടിൽനിന്നും ലഭ്യമാക്കാനാവില്ലെന്ന് എം.എൽ.എ. 03-12-2025-ൽ അറിയിച്ചതുപ്രകാരം ടി പ്രവൃത്തിയുടെ സ്കോപ്പ് കുറച്ച് ഒന്നാം നിലയിലുള്ള ക്ലാസ് മുറി ഒഴിവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ക്ലാസ് മുറി ഒഴിവാക്കി നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് സ്കൂൾ അധികൃതരിൽനിന്നും കത്തും 15-12-2025-ലെ പി.റ്റി.എ. മിനിട്ട്സും ലഭ്യമായിട്ടുണ്ട്. അപ്രകാരം പുതുക്കിയ ഡ്രോയിങ്സ് തയ്യാറാക്കിവരികയാണ്.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിങ്സ് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം എഗ്രിമെന്റ് പ്രകാരമുള്ള കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

കിഫ്ബി പ്രവൃത്തികളുടെ പുരോഗതി

120(561) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി, പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി, മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം എന്നീ കിഫ്ബി പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി:- 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചു. ഇതനുസരിച്ച് 145.54 കോടി രൂപയുടെ ഭരണാനുമതി പദ്ധതിക്ക് അനുവദിക്കുകയും പദ്ധതി നടപ്പാക്കാനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ നിയോഗിക്കുകയും ചെയ്തു. ലോകനാർക്കാവ് വികസന പ്രവൃത്തിക്കായി കിഫ്ബിയിൽനിന്ന് 6,69,28,524.54 രൂപയുടെ സാമ്പത്തികാനുമതി നൽകി. ഒന്നാംഘട്ട പ്രവൃത്തികൾ (മ്യൂസിയം കെട്ടിടം ഒഴികെയുള്ള പ്രവൃത്തികൾ) 30-12-2023-ന് പൂർത്തീകരിച്ചു. തുടർന്ന്, രണ്ടാംഘട്ടമായി അതീവപഴക്കമുള്ള കൊട്ടാരം കെട്ടിടം മ്യൂസിയമായി മാറ്റുന്നതിനുള്ള നവീകരണ പ്രവൃത്തികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. കെട്ടിടം വളരെ

പഴക്കമുള്ളതായതിനാൽ നിലവിലുള്ള സൂപ്പർ സ്ട്രക്ചറിനാവശ്യമായ ബലപ്പെടുത്തൽ ആവശ്യമാണ്. അതിനാൽ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടത്തിവരുന്നത്. മ്യൂസിയം കെട്ടിട നവീകരണം, പ്ലമ്പിങ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് ഈ ഘട്ടത്തിലുൾപ്പെടുന്നത്. 09-05-2025-ന് ആരംഭിച്ച പ്രവൃത്തി നിലവിൽ 9 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പദ്ധതി 2026 ജൂൺ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി:- ജലവിഭവ വകുപ്പിനുകീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പാക്കിവരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. പ്രസ്തുത പദ്ധതിക്ക് 68.36 കോടി രൂപയുടെ ധനാനുമതി 07-09-2019-ൽ കിഫ്ബി നൽകുകയും തുടർന്ന് 02-05-2023-ൽ 72.63 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. ടി പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് 07-09-2020-ന് കരാർ നൽകി പ്രവൃത്തി ആരംഭിച്ചു. പദ്ധതിയുടെ നിർമ്മാണം നിലവിൽ 30% പൂർത്തീകരിച്ചു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും ഒരു പിയറും അബട്ട്മെന്റും ഇടതുകരയിലെ പൈലിങ് പ്രവൃത്തികളും പൂർത്തീകരിച്ചുവെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ KIIDC അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിങ് പ്രവൃത്തികൾ ആരംഭിക്കാനായി റിങ്

ബണ്ടിന്റെ പ്രവൃത്തികൾ ആവശ്യമായിരുന്നു. പദ്ധതി പ്രദേശത്തിന്റെ സ്ഥിതിയനുസരിച്ച് റിങ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി, പുതുക്കിയ രീതിയിലുള്ള ഡിസൈനും നിരക്കും പ്രകാരമുള്ള റിങ് ബണ്ടാണ് നിർമ്മിച്ചത്. ഈ മാറ്റം കാരണം ടി പ്രവൃത്തിയുടെ തുകയിൽ വലിയ വർധനവുണ്ടാവുകയും ചെയ്തു. എന്നാൽ കരാറിലുണ്ടായ വ്യതിയാനത്തിന് കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചിരുന്നില്ല. അനുമതി ലഭ്യമാക്കാനായി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് KIIDC 22-12-2021-ലാണ് കിഫ്ബിയിൽ സമർപ്പിച്ചത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ KIIDC നിർദേശിച്ച റേറ്റിൽ അപാകതകൾ കണ്ടെത്തുകയും അത് പരിഹരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ വ്യതിയാനങ്ങൾ അംഗീകരിക്കാൻ കരാറുകാരൻ തയ്യാറായിരുന്നില്ല. ഇതുമൂലം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കാലതാമസം നേരിട്ടു. തുടർന്ന് KIIDC-യുമായി നടന്ന ചർച്ചകൾക്കുശേഷം സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുകയും തുടർന്ന് കിഫ്ബിയിൽനിന്നും 22-01-2026-ന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കാലതാമസം നേരിട്ടതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് തടസ്സം നേരിടുകയും തുടർന്ന് കരാറുകാരൻ പണി നിർത്തിവയ്ക്കുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിനാൽ supplementary agreement വച്ചുകഴിഞ്ഞാൽ കരാറുകാരന് പദ്ധതി പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം :-

04-02-2019-ലെ ഉത്തരവിൻ പ്രകാരം മൊകേരി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് 6.99 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. തുടർന്ന് 09-03-2021-ലെ ഉത്തരവിൻ പ്രകാരം ടി തുക 7.699 കോടി രൂപയായും 03-01-2025-ലെ ഉത്തരവിൻ പ്രകാരം 8.58 കോടി രൂപയായും ഉയർത്തി നൽകിയിരുന്നു. എസ്.പി.വി.-യായ കിറ്റ്കോ ലൈബ്രറി ബ്ലോക്ക് പ്രവൃത്തി പൂർത്തീകരിച്ച് കോളേജിന് കൈമാറിയിട്ടുണ്ടെങ്കിലും ലേഡീസ് ഹോസ്റ്റൽ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കായി അധികൃതർ നിലവിൽ കണ്ടെത്തിയ സ്ഥലത്തേക്കുള്ള പ്രവേശന വഴി പൂർത്തിയാകുന്നതുവരെ പ്രസ്തുത നിർമ്മാണ പ്രവൃത്തി തൽക്കാലം മാറ്റിവയ്ക്കുന്നതായും പ്രവേശന വഴി പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ പ്രായോഗികത പരിശോധിച്ചശേഷം ആയത് കിഫ്ബി മുഖേന നടപ്പാക്കുന്ന വിഷയം വീണ്ടും പരിഗണിക്കുന്നതാണെന്നും 26-03-2024-ലെ കത്ത് പ്രകാരം കുറ്റ്യാടി എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്. പ്രവേശന വഴി സംബന്ധിച്ച റിപ്പോർട്ട് ഒന്നുംതന്നെ കിഫ്ബിയിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർ അനുമതി കിഫ്ബി നൽകിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സഹിതം എസ്.പി.വി.-യിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് കിഫ്ബി പരിശോധിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകാരം നൽകാവുന്നതും പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കാനുള്ള നടപടികളുമായി എസ്.പി.വി-ക്ക് മുന്നോട്ടുപോകാവുന്നതുമാണ്.

കായംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

121(562) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികൾ എതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയും വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

അരുവിക്കര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

122(563) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അരുവിക്കര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തരം തിരിച്ച് നൽകാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

123(564) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെല്ലാം എസ്.പി.വി. (Special Purpose Vehicle)-കളെയാണ് നിർവഹണ ചുമതല ഏല്പിച്ചിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പാക്കിവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, ഏതെല്ലാം എസ്.പി.വി.-കളെയാണ് നിർവഹണ ചുമതല ഏല്പിച്ചിട്ടുള്ളതെന്ന വിവരം, പൂർത്തീകരിക്കാത്തതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികളോരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികളിൽ കാര്യമായ പുരോഗതി കൈവരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ.എസ്.ഐ.റ്റി.എൽ. മുഖേന നടപ്പാക്കുന്ന പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണത്തിന്റെ ബിഡ്ഡിങ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉണ്ട്. മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 06-12-2020-ലെ നടപടിക്രമ ഉത്തരവിൻ പ്രകാരം 5.67 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ഡി.എസ്.ആർ. 2016 നിലവിൽ വന്നതിനെത്തുടർന്ന് ധനാനുമതിത്തുക 6.65 കോടി രൂപയായി ഉയർത്തുന്നതിന് 06-08-2021-ൽ ചേർന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയെങ്കിലും കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എസ്.പി.വി-യായ കെ.എസ്.ഐ.ടി.ഐ.എൽ. സമർപ്പിക്കാതിരുന്നതിനാൽ ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തുടർന്ന് ഡി.എസ്.ആർ. 2018 നിലവിൽ വന്നശേഷം ധനാനുമതിത്തുക ഉയർത്തി നൽകുന്നതിന് കെ.എസ്.ഐ.ടി.ഐ.എൽ. സമർപ്പിച്ച പുതുക്കിയ ശിപാർശ പരിശോധിച്ചശേഷം 17-04-2024-ലെ ഉത്തരവിൻ പ്രകാരം 8.66 കോടി രൂപയുടെ പുതുക്കിയ ധനാനുമതി വ്യവസ്ഥകൾക്ക് വിധേയമായി നൽകിയിരുന്നു. തുടർന്ന് വ്യവസ്ഥകൾ പാലിച്ചിട്ടുള്ളത് സംബന്ധിച്ച എസ്.പി.വി.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം 11-09-2024-ലെ

ഉത്തരവിൻ പ്രകാരം 8.66 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ നടപടികളുമായി മുന്നോട്ടുപോകുന്നതിന് എസ്.പി.വി.-ക്ക് നിർദേശം നൽകിയിരുന്നു. തദാനുസരണം 06-03-2025-ൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം വർക്ക് ടെൻഡർ ചെയ്തിട്ടുള്ളതായി എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് യോഗ്യമായ കരാറുകാരനെ കണ്ടെത്തി വർക്ക് അവാർഡ് ചെയ്ത് കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികളുമായി എസ്.പി.വി-ക്ക് മുന്നോട്ടുപോകാവുന്നതാണ്. പ്രസ്തുത പദ്ധതിയുൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന എല്ലാ പദ്ധതികളുടേയും പുരോഗതി വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ നേതൃത്വത്തിലും കിഫ്ബിയുടെ വിവിധ ഉദ്യോഗസ്ഥതലങ്ങളിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനുള്ള നിർദേശം എസ്.പി.വി.-കൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ, പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി. നേരിടുന്ന പക്ഷം അവ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നമുറയ്ക്ക് പരിഹരിക്കാനുള്ള മാർഗനിർദേശങ്ങളും കിഫ്ബി നൽകിവരുന്നു.

എളങ്കുന്നപ്പുഴ ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

124(565) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 1.30 കോടി രൂപ ധനാനുമതി നൽകിയിട്ടുള്ളതും കരാർ വച്ചിട്ടുള്ളതുമായ എളങ്കുന്നപ്പുഴ ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബി 1.30 കോടി രൂപ ധനാനുമതി നൽകി കില മുഖേന നടപ്പാക്കുന്ന ഗവൺമെന്റ് ഹൈസ്കൂൾ എളങ്കുന്നപ്പുഴ എന്ന പ്രവൃത്തി 24-09-2025-ൽ കരാർ ഒപ്പുവച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി, എസ്റ്റിമേറ്റ് തുകയിൽനിന്നും 9.73% കുടിയ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. ആയതുപ്രകാരം അധികമായി 13 ലക്ഷം രൂപ ആവശ്യമായിവന്നു. അധിക തുക MLA ഫണ്ടിൽനിന്നും അനുവദിക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട MLA-ക്ക് 18-11-2025-ൽ പദ്ധതി നിർവഹണ ഏജൻസി കത്ത് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് അധികം വരുന്ന തുക MLA ഫണ്ടിൽനിന്നും ലഭ്യമാക്കാൻ കഴിയില്ലെന്ന് 03-12-2025-ൽ MLA അറിയിച്ചത് പ്രകാരം പ്രവൃത്തിയുടെ സ്കോപ്പിലെ കുറച്ച് ടോയ്ലെറ്റ് ഒഴിവാക്കി. ടോയ്ലെറ്റ് ഒഴിവാക്കി നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് സ്കൂൾ അധികൃതരിൽനിന്നും കത്തും 15-12-2025-ലെ പി.റ്റി.എ. മിനിട്ട്സും ലഭ്യമായിട്ടുണ്ട്. അപ്രകാരം പുതുക്കിയ ഡ്രോയിങ്സ് പദ്ധതി നിർവഹണ ഏജൻസി തയ്യാറാക്കി വരികയാണ്. ആയതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണം കരാർ കാലാവധി പ്രകാരം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിങ്സ് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം എഗ്രിമെന്റ് പ്രകാരമുള്ള കാലാവധിയിൽ പൂർത്തീകരിക്കാവുന്നതാണ്.

നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

125(566) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ആയതിൽ പൂർത്തീകരിച്ച പദ്ധതികളും പൂർത്തീകരിക്കാനുള്ള പദ്ധതികളും ഏതെല്ലാമെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഇനിയും പൂർത്തീകരിക്കാത്ത കിഫ്ബി പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കുന്നതിനുവേണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനായി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ, ബഹുമാന്യരായ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമസഭാ സാമാജികർ, ഭരണ വകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള മറ്റ് ഏജൻസികൾ, പദ്ധതി ബാധിതർ/ഉപയോക്താക്കൾ, കരാറുകാർ തുടങ്ങിയവരെ ഏകോപിപ്പിച്ച് കിഫ്ബി, ഭരണ വകുപ്പുതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) നാദാപുരം മണ്ഡലത്തെയും കുത്തുപറമ്പ് മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട്, കല്ലാച്ചേരി കടവുപാലം എന്നീ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

കിടഞ്ഞി തുരുത്തിമുക്ക് പാലം

പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. സമർപ്പിച്ച റിപ്പോർട്ട് പ്രകാരം:

കണ്ണൂർ ജില്ലയിലെ കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് 31-10-2016-ലെ GO (Rt) No.1496/2016/PWD പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും 16-03-2019-ലെ PWD001-16/APR-1/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബിയിൽനിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 5-10-2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്ത് M/s ULCCS Pvt. Ltd.- ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകിയെങ്കിലും പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി വൈകിയതിനെത്തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose

ചെയ്യുകയും ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്യുകയുമാണുണ്ടായത്. അപ്രോച്ച് റോഡുകളുടെ സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയതിനെത്തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന് 08-05-2023-ൽ 12.401 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ-ടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിൽ ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ കെ.ആർ.എഫ്.ബി.-യുടെ 45-ാമത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വീണ്ടും റീ-ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിലും ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ കെ.ആർ.എഫ്.ബി.-യുടെ 47-ാമത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റി തീരുമാനിച്ചു. 21-11-2023-ൽ ടെൻഡർ സർക്കാരിന് സമർപ്പിക്കുകയും 04-04-2024-ൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യാനുള്ള നിർദ്ദേശം സർക്കാരിൽനിന്നും ലഭിച്ചതിനെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. കണ്ണൂർ ഡിവിഷൻ സമർപ്പിക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-യുടെ 166-ാമത്തെ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് അംഗീകാരം നൽകുകയും ചെയ്തു. അംഗീകരിച്ച എസ്റ്റിമേറ്റ് PRICE മുഖേന സാങ്കേതികാനുമതി നൽകി പുതുക്കിയ സാമ്പത്തികാനുമതിക്കായി കെ.ആർ.എഫ്.ബി. കിഫ്ബിക്ക് സമർപ്പിക്കുകയും ആയത് പരിശോധിച്ച് കിഫ്ബിയിൽനിന്നും 3-01-2025-ൽ 17.95 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി

നൽകുകയും തുടർന്ന് ടെൻഡർ ചെയ്ത പ്രവൃത്തി ULCCS Ltd. ഏറ്റെടുക്കുകയും 29-09-2025-ന് കോൺട്രാക്ടർക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്.

കല്ലാച്ചേരിക്കടവ് പാലം

പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. സമർപ്പിച്ച റിപ്പോർട്ടുപ്രകാരം കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനെയും കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിലെ തൂണേരി പഞ്ചായത്തിനേയും പരസ്പരം ബന്ധിപ്പിക്കുന്ന കല്ലാച്ചേരിക്കടവ് പാലം പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 12-02-2020-ന് 10.14 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ അനുബന്ധ റോഡിനാവശ്യമായിവരുന്ന ഭൂമി RFCTLARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള 6(1) വിജ്ഞാപനം 01-11-2022-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ കണ്ണൂർ ഭാഗത്തെ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സ്ഥലമേറ്റെടുക്കൽ നടപടികൾ തുടങ്ങാൻ സാധിച്ചിട്ടുണ്ടായിരുന്നില്ല. സ്ഥലം സർവെ ചെയ്ത് മാർക്ക് ചെയ്യാൻ സ്ഥലം ഉടമകൾ സമ്മതിക്കാതിരുന്ന സാഹചര്യത്തിൽ പോലീസ് സേനയുടെ സഹായത്തോടെ സ്ഥലം മാർക്ക് ചെയ്യാൻ കെ.ആർ.എഫ്.ബി.-യുടെ ഭാഗത്തുനിന്നും ശ്രമം നടത്തിയെങ്കിലും എതിർപ്പ് ശക്തമായതിനെത്തുടർന്ന് വിഫലമാവുകയാണുണ്ടായത്.

പ്രസ്തുത വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം പുതിയ അലൈൻമെന്റിന്റെയും ഡിസൈനിന്റെയും സാധ്യത പരിശോധിക്കാൻ നിർദേശിക്കുകയുമുണ്ടായി. തുടർന്ന് പുതിയ അലൈൻമെന്റ് തയ്യാറാക്കി കെ.ആർ.എഫ്.ബി. പൊതുമരാമത്ത് ബ്രിഡ്ജ് ഡിസൈൻ വിങ്ങിന് സമർപ്പിക്കുകയും അവർ പുതുക്കിയ ഡിസൈൻ നൽകുകയുമുണ്ടായി. 07-10-2023-ന് ബഹുമാനപ്പെട്ട കുത്തുപറമ്പ് നിയോജകമണ്ഡലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ കണ്ണൂർ ഭാഗത്തും 20-10-2023-ന് ബഹുമാനപ്പെട്ട നാദാപുരം നിയോജക മണ്ഡലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ കോഴിക്കോട് ഭാഗത്തും നടത്തിയ യോഗത്തിൽ മാറ്റം വരുത്തിയ അലൈൻമെന്റും ഡിസൈനും അവതരിപ്പിച്ചു ബോധ്യപ്പെടുത്തിയിരുന്നു. മീറ്റിങ് തീരുമാനപ്രകാരം 01-11-2023 മുതൽ അതിർത്തി കല്ലിടൽ പ്രവൃത്തിയാരംഭിക്കാൻ തീരുമാനിക്കുകയും കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 4(1) വിജ്ഞാപനം 16-05-2024-ന് പ്രസിദ്ധീകരിക്കുകയും സാമൂഹികാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് 27-02-2025-ന് ജില്ലാ കളക്ടർ കോഴിക്കോടിന് സമർപ്പിക്കുകയും 17-09-2025-ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് എൽ.എ. തഹസിൽദാറുടെ കീഴിൽ സബ് ഡിവിഷൻ സർവെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സർവെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഭൂമികളുടെയും നിർമ്മിതികളുടെയും വിലനിർണ്ണയം നടത്തി പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരത്തുക കൈമാറിയതിനുശേഷം പ്രവൃത്തിയുടെ ടെൻഡർ

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്നാണ് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുള്ളത്.

ഭൂമികളും നിർമ്മിതികളും സംബന്ധിച്ച വില നിർണ്ണയം പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തി നിർവഹണ ഏജൻസി സമർപ്പിക്കുന്ന DVR (Detailed Valuation Report) കിഫ്ബിക്ക് സമർപ്പിക്കും. കിഫ്ബി ഇത് പരിശോധിച്ച് അംഗീകരിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടികളുടെ അടുത്ത ഘട്ടമായി 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

(ഇ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട എടച്ചേരി-കുന്നുംചിറ -കായപ്പനച്ചി റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കായപ്പനച്ചി-കുന്നുംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ വികസനത്തിനായി ₹18.97 കോടി രൂപയുടെ എസ്റ്റിമേറ്റ് പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിന്റെ Detailed Project Report (DPR) ഇതുവരെ തയ്യാറാക്കിയിട്ടില്ല.

സമർപ്പിച്ച എസ്റ്റിമേറ്റിൽ, ഭൂമി ലഭ്യതയിലെ പരിമിതികൾ ചൂണ്ടിക്കാട്ടി പദ്ധതി റോഡിന്റെ Ch 0/000 മുതൽ Ch 3/775 വരെയുള്ള ഭാഗം 8 മീറ്റർ വീതിയിലും Ch 4/125 മുതൽ Ch 6/710 വരെയുള്ള ഭാഗം 10 മീറ്റർ വീതിയിലും വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലാണ് കെ.ആർ.എഫ്.ബി. സമർപ്പിച്ചിരുന്നത്. ഇതനുസരിച്ച് DPR തയ്യാറാക്കാനുള്ള അനുമതിയും കിഫ്ബിയിൽനിന്നും തേടിയിരുന്നു.

പ്രസ്തുത നിർദ്ദേശം 31-07-2025-ലെ കിഫ്ബി സി.ഇ.ഒ. അധ്യക്ഷനായ യോഗത്തിൽ ചർച്ച ചെയ്യുകയും കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി പ്രസ്തുത റോഡ് വികസനത്തിന് ലഭ്യമല്ലാത്തതിനാൽ പദ്ധതി തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

126(567) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെ കിഫ്ബി വഴി പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ലഭ്യമാക്കാമോ?

(എ&ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കിഫ്ബി ധനാനുമതി നൽകിയതിൽ പൂർത്തിയാക്കിയ പദ്ധതികളും ഓരോ

പദ്ധതിയുടെയും ധനാനുമതി തുകയും ഓരോ പദ്ധതിക്കായും ചെലവഴിച്ച തുകയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി മുഖേനയുള്ള മാനഞ്ചിറ ഗവൺമെന്റ് മോഡൽ സ്കൂൾ കെട്ടിട നിർമ്മാണം

127(568) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് അനുവദിച്ച മാനഞ്ചിറ ഗവൺമെന്റ് മോഡൽ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) Govt. Model HSS Kozhikode എന്ന School-നായി 1.3 കോടി രൂപയുടെയും 3.9 കോടി രൂപയുടെയും ഫണ്ട് അനുവദിച്ചിട്ടുള്ളതായിരുന്നു. ഒരു സ്കൂളിന് ഒരു കിഫ്ബി ഫണ്ട് മാത്രമേ ലഭ്യമാക്കുകയുള്ളൂവെന്ന കാരണത്താൽ സംസ്ഥാന വിദ്യാകിരണം മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1.3 കോടി രൂപയുടെ ഫണ്ട് ഒഴിവാക്കുകയും 3.9 കോടി രൂപയുടെ ഫണ്ട് നിലനിർത്തുകയുമാണ് ചെയ്തിട്ടുള്ളത്.

3.9 കോടി രൂപയുടെ പ്രോജക്ട് നിർവഹണത്തിന്റെ ആദ്യ നടപടിയെന്ന നിലയിൽ ഡി.പി.ആർ., കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽനിന്നും feasibility report ലഭ്യമാകേണ്ടതുണ്ട്. ആയതിനാവശ്യമായ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖകൾ കോഴിക്കോട് കോർപ്പറേഷനിൽ പരിശോധന നടത്തിവരുന്നു. Feasibility report സമർപ്പിക്കുന്നമുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ. പദ്ധതി നിർവഹണ ഏജൻസിയായ കില കിഫ്ബിയിലേക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

128(569) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾ എതെല്ലാമാണ്; വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പദ്ധതി നിർവഹണ ഏജൻസികളിൽനിന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കുകയും ആയത് കിഫ്ബി വിലയിരുത്തുകയും ചെയ്യാറുണ്ട്. ഇപ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി 26-07-2023-ന് കിഫ്ബി ആസ്ഥാനത്തുവച്ച് നിർവഹണ ഏജൻസികളെ പങ്കെടുപ്പിച്ച് അവലോകന യോഗം നടത്തിയിരുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മേല്പറഞ്ഞതിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും നിലവിൽ എത്ര പദ്ധതികളാണ് തുടങ്ങാനുള്ളതെന്നും വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയതിൽ 6 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയിൽ 3 പ്രവൃത്തികൾ നിർമ്മാണഘട്ടത്തിലും 3 പ്രവൃത്തികൾ ഭൂമിയേറ്റെടുക്കൽ നടപടികളിലുമാണ്.

ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടം പ്രവൃത്തി പുരോഗതി

129(570) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ധനസഹായത്തോടെ 3.90 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ 3.90 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി 21-09-2023-ൽ കരാറുകാരനുമായി കരാറിലേർപ്പെട്ട് 01-10-2023-ൽ സൈറ്റ് കൈമാറിയെങ്കിലും ലോക്കേഷൻ മാറ്റേണ്ടി വന്ന സാഹചര്യത്തിൽ 10-10-2024-ൽ മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. നിലവിൽ ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. സെക്കൻഡ് ഫ്ലോറിന്റെ മേസണറി, പ്ലാസ്റ്ററിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ

50% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തി 2026 സെപ്തംബർ മാസം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം

130(571) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 2.76 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ള നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബി 2.44 കോടി രൂപയുടെ ധനാനുമതി നൽകുകയും പിന്നീട് DSR 2018 നിലവിൽ വന്നതിനെത്തുടർന്ന് 2.76 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിക്ക് CRZ clearance ആവശ്യമുള്ളതിനാലും ഫയർ ഫൈറ്റിങ് കൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാലും ആയതനുസരിച്ച് പ്ലാൻ പുതുക്കുകയും ടി പ്ലാനിന് 24-10-2024-ന് നായരമ്പലം ഗ്രാമപഞ്ചായത്തിൽനിന്നും അംഗീകാരം ലഭ്യമാകുകയും ടി പ്രവൃത്തിക്ക് 144.71 ലക്ഷം രൂപയുടെ പുതിയ സാങ്കേതികാനുമതി 16-12-2024-ന് ലഭിക്കുകയും ചെയ്തുവെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചു. തുടർന്ന് പാക്കേജ് ഫയലിനും പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിനും KIIFB-യിൽ നിന്നും അംഗീകാരം ലഭ്യമാകുകയും ടെൻഡർ നടപടി സ്വീകരിച്ച് 24-12-2025-ൽ കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. നിർമ്മാണ സ്ഥലത്തെ നിലവിലെ

കെട്ടിടങ്ങൾ നായരമ്പലം ഗ്രാമപഞ്ചായത്ത് മുഖേന പൊളിച്ചുമാറ്റേണ്ടതുണ്ട്. ആയത് പൊളിച്ചുമാറ്റി നിർമ്മാണ സ്ഥലം പദ്ധതി നിർവഹണത്തിനായി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്നും ഡിമോളിഷൻ ഉടനടി പൂർത്തീകരിക്കുമെന്നും ഡിമോളിഷൻ പൂർത്തീകരിക്കുന്നമുറയ്ക്ക് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതാണെന്ന് തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

നിർമ്മാണ സ്ഥലത്തെ നിലവിലെ കെട്ടിടങ്ങൾ നായരമ്പലം ഗ്രാമപഞ്ചായത്ത് മുഖേന പൊളിച്ചുമാറ്റി പദ്ധതി നിർവഹണത്തിനായി സ്ഥലം തീരദേശ വികസന കോർപ്പറേഷന് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വകയിരുത്തിയ പദ്ധതികൾ

131(572) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വകയിരുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇനം തിരിച്ച് അറിയിക്കാമോ;

(ബി) മേല്പറഞ്ഞതിൽ ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നുമുള്ള ഇനം തിരിച്ചുള്ള വിവരവും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

ജി.എസ്.ടി. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നത്

132(576) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിർണയത്തിലെ അപാകതകൾ പരിഹരിക്കാനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജി.എസ്.ടി. നിയമ സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിശ്ചയിക്കപ്പെടുന്നത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങുകളിൽ വിശദമായ ചർച്ചകൾക്കുശേഷമാണ്. ജി.എസ്.ടി. കൗൺസിലിന്റെ വിവിധ കമ്മിറ്റികൾ പഠനം നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാരും കേന്ദ്ര ധനകാര്യ മന്ത്രിയുമുൾപ്പെടുന്ന കൗൺസിൽ മീറ്റിങ്ങുകളിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. നിർണ്ണയം സംബന്ധിച്ച

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശിപാർശകൾ പുറപ്പെടുവിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതു താൽപര്യങ്ങൾക്കോ അല്ലെങ്കിൽ സംസ്ഥാനത്തിലെ വ്യാപാരസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ ശിപാർശകൾ ഇത്തരം ചർച്ചകളിൽ ഉരുത്തിരിയുകയോ റിപ്പോർട്ടുകൾ ലഭിക്കുകയോ ചെയ്യുന്ന പക്ഷം, അത്തരം തീരുമാനങ്ങളിലെ അശാസ്ത്രീയത കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കൗൺസിലിൽ പുനഃപരിശോധനയ്ക്കും സംസ്ഥാന സർക്കാർ യഥാസമയം ശക്തമായ നടപടികൾ കൈകൊള്ളാറുണ്ട്.

(ബി) സർക്കാരിന്റെ വികസന നിർമ്മാണ പ്രവൃത്തികൾക്ക് 18% ജി.എസ്.ടി. ഈടാക്കുന്നത് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

ജി.എസ്.ടി. നിരക്കുകൾ നിശ്ചയിക്കുന്നതിനും ഭേദഗതി വരുത്തുന്നതിനുമുള്ള അധികാരം ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന്റെ പൊതുതാൽപര്യങ്ങൾക്കോ അല്ലെങ്കിൽ സംസ്ഥാനത്തിലെ വ്യാപാര സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ വിഷയങ്ങളിൽ കേരള സർക്കാർ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ ഇടപെടലുകൾ നടത്തിപ്പോരുന്നുണ്ട്.

ജി.എസ്.ടി. വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങളുടെ പ്രതിമാസ വസ്തുതാ പത്രിക

133(578) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജൂലൈ മുതൽ സംസ്ഥാന ജി.എസ്.ടി. വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങളുടെ പ്രതിമാസ പ്രകടന വിവരങ്ങൾ കാണിക്കുന്ന പ്രതിമാസ വസ്തുതാ പത്രിക വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അങ്ങനെയെങ്കിൽ, പതിവായി പ്രസിദ്ധീകരിച്ചുവന്ന ഈ രീതി നിർത്തിവച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വസ്തുതാ പത്രികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിൽ വകുപ്പുദ്യോഗസ്ഥർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) വകുപ്പിന്റെ പ്രകടനവിവരങ്ങൾ പങ്കാളികൾക്കും പൊതുജനങ്ങൾക്കും പതിവായി വെളിപ്പെടുത്തേണ്ടതിന്റെയും സുതാര്യതയുടെയും പ്രാധാന്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രതിമാസ വസ്തുതാ പത്രികകൾ ഔദ്യോഗിക വെബ്സൈറ്റിൽ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നത് ഉറപ്പാക്കാൻ സംസ്ഥാന ജി.എസ്.ടി. കമ്മിഷണർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുമോ?

(എ-ഡി) 2025 ജൂലൈ മുതൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങളുടെ പ്രതിമാസ വസ്തുതാ പത്രിക വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ചില ഭരണപരവും സാങ്കേതികവുമായ കാരണങ്ങളാൽ താൽക്കാലികമായ കാലതാമസമുണ്ടായിട്ടുണ്ട്. പ്രസിദ്ധീകരിക്കുന്ന വിവരങ്ങളുടെ

കൃത്യതയും സമഗ്രതയും ഉറപ്പാക്കുന്നതിനായി സംസ്ഥാനതലത്തിൽ നിന്നുള്ള ഡാറ്റയുടെ സമാഹരണം, സംയോജനം, ക്രോസ് വെരിഫിക്കേഷൻ എന്നിവ നടത്തേണ്ടതായതിനാലാണ് പ്രസിദ്ധീകരണ പ്രക്രിയയിൽ താമസം സംഭവിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിലെ എല്ലാ പ്രതിമാസ വസ്തുതാ പത്രിക വിവരങ്ങളും വകുപ്പിൽ നിലവിൽ ലഭ്യമാണ്. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും എല്ലാ ബന്ധപ്പെട്ട മാസങ്ങളുടേയും പ്രതിമാസ വസ്തുതാ പത്രിക ഉടൻ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഇ) 2025 ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ പ്രതിമാസ വസ്തുതാ വിവരണ പത്രികകളുടെ പകർപ്പുകൾ നൽകുമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

തൃക്കരിപ്പൂർ സബ് ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച്

134(580) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിക്കപ്പെട്ടതും പ്രവർത്തിച്ചുവരുന്നതുമായ വൺമാൻ ട്രഷറി നിർത്തലാക്കി സബ് ട്രഷറി അനുവദിക്കുമെന്ന് അറിയിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സബ് ട്രഷറി അനുവദിക്കാൻ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ; തൃക്കരിപ്പൂർ സബ് ട്രഷറി എന്ന് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

24-08-2011-ലെ സ.ഉ. (സാധാ)നം. 6538/2011/ധന. പ്രകാരം സംസ്ഥാനത്തെ മുഴുവൻ വൺമാൻ ട്രഷറികളും നിർത്തലാക്കിയതിന്റെ ഭാഗമായാണ് തൃക്കരിപ്പൂർ വൺമാൻ ട്രഷറിയും നിർത്തലാക്കിയത്. തൃക്കരിപ്പൂരിൽ പുതിയ സബ് ട്രഷറി സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

കോഴിക്കോട് ജില്ലയിലെ സബ് ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം

135(581) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ സബ് ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്?

കോഴിക്കോട് ജില്ലയിലെ ചുവടെ സൂചിപ്പിക്കുന്ന സബ് ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിലവിലില്ലാത്തതാണ്.

1.സബ് ട്രഷറി, ഫറോക്ക്

2.സബ് ട്രഷറി, പയ്യോളി

3.സബ് ട്രഷറി, വടകര

4.സബ് ട്രഷറി, ബാലുശ്ശേരി

5.സബ് ട്രഷറി, കൂരാച്ചുണ്ട്

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കുരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കുരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടില്ല.

സബ് ട്രഷറി ഓഫീസിന്റെ നിർമ്മാണം

136(582) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിലെ പുതിയ സബ് ട്രഷറി ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നിലവിൽ കുന്നംകുളം സബ് ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

കുന്നംകുളം സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ കോൺക്രീറ്റ്, ബ്രിക്ക് വർക്ക്, കെട്ടിടത്തിന്റെ മുകളിലുള്ള ഫയർ ടാങ്കിന്റെ കോൺക്രീറ്റ് ജോലികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ, പ്ലംബിങ് വർക്കുകളും ചുറ്റുമതിലിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

കുത്തിയതോട് സബ് ട്രഷറി കെട്ടിട നിർമ്മാണം

137(583) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കുത്തിയതോട് സബ് ട്രഷറി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുത്തിയതോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുത്തിയതോട് വില്ലേജിലുൾപ്പെട്ട സർവെ നം. 300/1-ലുള്ള 2.14 ആർസ് വസ്തു ട്രഷറി വകുപ്പിന് കൈമാറാൻ കുത്തിയതോട് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിന് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി 11-08-2004-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ.2851/2004/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ടി സ്ഥലം ട്രഷറി വകുപ്പിന് കൈമാറാനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനുപുറമെ ആലപ്പുഴ ജില്ലാ കളക്ടർക്ക് കുത്തിയതോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരാക്ഷേപപത്രവും സമർപ്പിച്ചിട്ടുണ്ട്.

ടി വസ്തു ട്രഷറി വകുപ്പിന് കൈമാറിക്കിട്ടുന്നമുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രഷറി സംബന്ധമായ ക്രമക്കേടുകൾ

138(584) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഇടപാടുകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപ്പാക്കിവരുന്ന ആന്തരിക ഓഡിറ്റ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ട്രഷറി വകുപ്പിൽ ജില്ലാ ട്രഷറി ഓഫീസർമാർ തങ്ങളുടെ കീഴിലുള്ള സബ് ട്രഷറികളിൽ വാർഷിക പരിശോധനയും മൂന്ന് മാസത്തിലൊരിക്കൽ ആകസ്മിക പരിശോധനയും മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ കീഴിലുള്ള ജില്ലാ ട്രഷറികളിൽ വാർഷിക പരിശോധനയും മൂന്നുമാസത്തിലൊരിക്കൽ ആകസ്മിക പരിശോധനയും മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ സബ് ട്രഷറികളിൽ ദ്വൈവാർഷിക പരിശോധനയും വർഷത്തിലൊരിക്കൽ ആകസ്മിക പരിശോധനയും നടത്തുന്നുണ്ട്. അക്കൗണ്ടന്റ് ജനറൽ ജില്ലാ ട്രഷറികളിൽ വർഷത്തിലൊരിക്കലും സബ് ട്രഷറികളിൽ രണ്ട് വർഷത്തിലൊരിക്കലും ധനകാര്യ പരിശോധനാ വിഭാഗത്തിലെ ജില്ലാ സ്ക്വാഡുകൾ ട്രഷറികളിലും പരിശോധന നടത്തുന്നുണ്ട്. കൂടാതെ ട്രഷറി ഡയറക്ടർ നേരിട്ട് ട്രഷറികളിൽ ആകസ്മിക പരിശോധനയും നടത്തുന്നുണ്ട്. ടി പരിശോധന റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന വീഴ്ചകൾ/ന്യൂനതകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത ഇടവേളകളിൽ ജില്ലാ ട്രഷറി ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും ട്രഷറി ഡയറക്ടറും ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി വിളിച്ചുചേർത്ത് ഇതുസംബന്ധിച്ച് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷം ട്രഷറി സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി, കണ്ണൂർ ജില്ലാ ട്രഷറി, പത്തനംതിട്ട ജില്ലാ ട്രഷറി, നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കഴക്കൂട്ടം സബ് ട്രഷറി, എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തുകയും ആയതുമായി ബന്ധപ്പെട്ട് മൂന്ന് ജീവനക്കാരെ സർവീസിൽനിന്നും ഡിസ്മിസ് ചെയ്തിട്ടുള്ളതും 14 ജീവനക്കാരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും 35 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. മേൽ കേസുകളിൽ കണ്ണൂർ ജില്ലാ ട്രഷറിയിൽ നടന്ന ക്രമക്കേടിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 7,85,536/-രൂപയും ആയതിന്റെ പിഴപ്പലിശയായ 5,49,403/- രൂപയും ബന്ധപ്പെട്ട ജീവനക്കാരൻ സർക്കാരിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്ന കേസുകളിൽ സർക്കാരിനുണ്ടായ നഷ്ടം തിരികെ ഈടാക്കുന്നതിനുള്ള ഊർജിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്. കൂടാതെ മേൽക്രമക്കേടുകൾ സംബന്ധിച്ച് പോലീസ്/ക്രൈംബ്രാഞ്ച്/വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ തലത്തിൽ അന്വേഷണം നടന്നുവരികയുമാണ്.

ലോട്ടറി ടിക്കറ്റ് ഏജന്റുമാരുടെ ക്ഷേമത്തിനുള്ള നടപടികൾ

139(585) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി ടിക്കറ്റ് കച്ചടവം നടത്തി ഉപജീവനം നടത്തുന്ന ഏജന്റുമാരുടെ ക്ഷേമത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. 2021-ലെ വിഷു ബമ്പർ (BR-79) ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച 9,47,55,003.17/- രൂപ വിനിയോഗിച്ച് ഭവന രഹിതരായ 160 ക്ഷേമനിധി അംഗങ്ങൾക്ക് വീട് വച്ച് നൽകുന്ന ഭവന നിർമ്മാണ പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യ മുച്ചക്ര വാഹനങ്ങൾ നൽകുന്ന പദ്ധതി, സ്വന്തമായി കടയോ സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി എന്നിവ ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കിവരുന്നുണ്ട്. ഇവ കൂടാതെ ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കിവരുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.:-

1. ഓണം ഉത്സവബത്ത

ഓരോ വർഷവും ഓണം ഉത്സവ മാസം വരെ ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലത്തെയെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹതയുള്ള എല്ലാ പെൻഷൻകാർക്കും എല്ലാ വർഷവും ഉത്സവ ബത്ത നൽകുന്നുണ്ട്.

2. വിവാഹാനുകൂല്യം

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകിവരുന്നുണ്ട്.

3. പ്രസവാനുകൂല്യം

ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകിവരുന്നുണ്ട്.

4. ചികിത്സാ സഹായം

- ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകിവരുന്നുണ്ട്.
- വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധകൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്.

5. പെൻഷൻ

55 വയസ്സ് പൂർത്തിയായതും 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് പ്രതിമാസം 1600/- രൂപ പെൻഷൻ നൽകിവരുന്നുണ്ട്.

6. കുടുംബ പെൻഷൻ

പെൻഷൻ ലഭിക്കുന്ന അംഗമോ ലഭിക്കാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ ടിയാന്റെ അർഹതപ്പെട്ടയാൾക്ക് പ്രതിമാസം 800/- രൂപ കുടുംബപെൻഷനായി നൽകിവരുന്നുണ്ട്.

7. അവശതാ പെൻഷൻ

രോഗംമൂലമോ അപകടംമൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച, ഒരു വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെവരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങനെ ഒരു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

8. മരണാനന്തര സാമ്പത്തിക സഹായം

അപകടംമൂലം ക്ഷേമനിധി അംഗത്തിന് മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് നൽകിവരുന്നുണ്ട്.

9. സ്കോളർഷിപ്പ് (വിദ്യാഭ്യാസാനുകൂല്യം)

ഓരോ വർഷവും എസ്.എസ്.എൽ.സി./പത്താംതര പരിക്ഷ 80% മാർക്കോടെ വിജയിച്ച് ഹയർ സെക്കൻഡറിതല പഠനത്തിനോ മറ്റ് റെഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിനോ ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പ്രൊഫഷണൽ

കോഴ്സുകൾ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ഉപരിപഠനത്തിന് ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പഠനകാലയളവിലെ ഓരോ വർഷത്തിലും ധനസഹായം നൽകിവരുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-

കോഴ്സ്	**സ്കോളർഷിപ്പ് തുക**
ഹയർസെക്കൻഡറി	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ
പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിങ് ഡിപ്ലോമ	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ
മെഡിക്കൽ ബിരുദ/ബിരുദാനന്തര ബിരുദം	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 7000 രൂപ
എഞ്ചിനീയറിങ് ബിരുദ/ബിരുദാനന്തര ബിരുദം	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 4000 രൂപ
പാരാ മെഡിക്കൽ/നഴ്സിങ് ബിരുദ/ ബിരുദാനന്തര ബിരുദം	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 4000 രൂപ
എം.ബി.എ./എം.സി.എ.	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 3000 രൂപ
മറ്റ് ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾ	കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 2000 രൂപ

(ബി) ലോട്ടറി ടിക്കറ്റ് കച്ചവടക്കാർക്ക് ലോട്ടറി വകുപ്പ് നൽകിവരുന്ന മൂച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്നതിലുള്ള മാർഗനിർദേശങ്ങൾ വിശദമാക്കാമോ?

മുച്ചക്ര വാഹനങ്ങൾ ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ താഴെ പറയുന്നവയാണ്:

1. അപേക്ഷകർ കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും സജീവ അംഗമായി തുടരുന്നവരായിരിക്കണം. കൂടാതെ 01-01-2022-ന് മുമ്പ് അംഗത്വമെടുത്തവരും അപേക്ഷാ സമയത്ത് സജീവ അംഗത്വമുള്ളവരും ആയിരിക്കണം.

2. അപേക്ഷകർ 40 ശതമാനമോ അതിലധികമോ വൈകല്യം ഉള്ളവരായിരിക്കണം.

3. അപേക്ഷകർ 18 വയസ്സിനും 60 വയസ്സിനും മധ്യേ പ്രായമുള്ളവരായിരിക്കണം.

4. വികലാംഗ തിരിച്ചറിയൽ കാർഡും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. ഭിന്നശേഷിയുള്ള അവസ്ഥയിൽ ലഭിച്ചിട്ടുള്ള ഡ്രൈവിങ് ലൈസൻസോ ലേണേഴ്സ് ലൈസൻസോ (മോട്ടോറൈസ്ഡ് സ്കൂട്ടർ) ഉണ്ടായിരിക്കണം.

6. കഴിഞ്ഞ 7 വർഷത്തിനുള്ളിൽ സർക്കാർ ഏജൻസികളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായി മുച്ചക്ര വാഹനം ലഭിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല.

(സി) ഇത്തരത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ മുച്ചക്ര വാഹനം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എത്ര അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതിനാൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആർക്കും മുച്ചക്ര വാഹനം നൽകിയിട്ടില്ല. ഈ ഇനത്തിൽ ആകെ 205 അപേക്ഷകൾ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്.

സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്

140(586) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ഏജന്റുമാരും തൊഴിലാളികളും അടച്ച അംശാദായത്തിൽനിന്നും 14.93 കോടി രൂപ തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

(ബി) അംശാദായം ബാങ്കിലേക്ക് അടയ്ക്കുന്നതിനും സർക്കാർ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അംശദായം അതത് ജില്ലാ ഓഫീസുകൾ മുഖേന സ്വീകരിച്ച് ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസുകളുടെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അവിടെ നിന്നും ക്ഷേമനിധി

ബോർഡിന്റെ ഹെഡ് ഓഫീസിന്റെ പേരിലുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തുവരുന്നത്.

ട്രഷറി മുഖേന ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിന്റെ ഫെഡറൽ ബാങ്ക് സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്കും ക്ഷേമനിധി ബോർഡിന്റെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്കും അനുവദിക്കുന്ന സർക്കാർ ഗ്രാന്റുകൾ ഹെഡ് ഓഫീസിലെ ഫെഡറൽ ബാങ്ക് സേവിങ്സ് ബാങ്ക് അക്കൗണ്ടിൽനിന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിലെ കറന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ആയത് ആനുകൂല്യത്തിന് അർഹരായ ക്ഷേമനിധി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുനൽകുക എന്നതാണ് നിലവിലുള്ള സംവിധാനം.

(സി) മേല്പറഞ്ഞ സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷേമനിധി ബോർഡിലെ സാമ്പത്തിക ക്രമക്കേടുകളിൽ കുറ്റക്കാരനെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള ക്ലാർക്ക് ശ്രീ. സംഗീത് കെ. -ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടിയാനെതിരെ പോലീസിൽ പരാതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പുരോഗമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയോ

ക്രമക്കേടോ സംഭവിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി ക്ഷേമനിധി ബോർഡിൽ ആഭ്യന്തര അന്വേഷണം നടത്തുന്നതിന് വകുപ്പുതല അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പിന്റെ ധനകാര്യ പരിശോധനാ വിഭാഗവും ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്. ടി അന്വേഷണങ്ങൾ സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ലോട്ടറി ഡയറക്ടേറ്റിലെ ആരോപണവിധേയർക്കെതിരെയുള്ള അന്വേഷണം

141(587) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പ് ഡയറക്ടേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിന്മേൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ക്രമക്കേട് നടത്തിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടേറ്റിലെ ക്ലർക്ക് ശ്രീ. സംഗീത് കെ.-യെ സേവനത്തിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ടിയാനെതിരെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, 1960 പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ കേസിൽ ടിയാനെതിരെ മ്യൂസിയം പോലീസ് 758/2025 പ്രകാരം FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സമ്മാനർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സമ്മാനാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടില്ല.

ലോട്ടറി വകുപ്പിലെ ക്രമക്കേടുകൾ

142(588) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലോട്ടറി ക്ഷേമനിധി ഫണ്ടുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലോട്ടറി ക്ഷേമനിധിയിൽ ഇതുവരെ കണ്ടെത്തിയ ക്രമക്കേടുകൾമൂലം സംസ്ഥാനത്തിന് സംഭവിച്ച ആകെ സാമ്പത്തിക നഷ്ടം എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമായ കണക്കുകൾ നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ 14.93 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അഴിമതികളിൽ ഉത്തരവാദിത്വം നിർണ്ണയിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കും/വ്യക്തികൾക്കും എതിരെയാണ് നടപടി ആരംഭിച്ചിട്ടുള്ളത്; ഇതുവരെ എത്രപേർക്കെതിരെയാണ് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളത്; സർക്കാർ നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ പോലീസ് കേസ്/FIR രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് അന്വേഷണം ഏല്പിച്ചിരിക്കുന്നത്; അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ലോട്ടറി ക്ഷേമനിധി അഴിമതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ് (ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്) ഏതെങ്കിലും അന്വേഷണം/പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത ക്രമക്കേടിന് കാരണക്കാരനെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള ഭാഗ്യക്കുറി ഡയറക്ടേറ്റിലെ ക്ലാർക്ക് ശ്രീ. സംഗീത് കെ.-ക്കെതിരെ വകുപ്പുതല നടപടി ആരംഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. സംഗീത് കെ.-യെ ഒന്നാം പ്രതിയായും സ്വകാര്യ വ്യക്തിയായ ശ്രീ. അനിൽ കുമാർ സി.-യെ രണ്ടാം പ്രതിയായും ഒന്നാം പ്രതിയുടെ

സഹോദരനും സർക്കാർ ഉദ്യോഗസ്ഥനുമായ ശ്രീ. സമ്പത്ത് കെ.-യെ മൂന്നാം പ്രതിയായും ചേർത്ത് VC-6/2025-SIU-II നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്. ധനകാര്യ (പരിശോധന) വകുപ്പിൽനിന്നും ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്തിയിരുന്നു. ടി വിഷയം നിലവിൽ വിജിലൻസ് അന്വേഷിച്ച് തുടർനടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബോർഡിന്റെ മറ്റ് ഓഫീസുകളിൽ സമാനമായ അഴിമതികൾ നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ജില്ലാ ധനകാര്യ (പരിശോധന) സ്ക്വാഡുകൾ മുഖേന അന്വേഷണം നടന്നുവരുന്നു. കൂടാതെ പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിൽ ആഭ്യന്തര അന്വേഷണവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണങ്ങൾ പൂർത്തിയായി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഭാവിയിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനായി ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സാമ്പത്തിക നിയന്ത്രണവും ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ളതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പരിഷ്കാര നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സാമ്പത്തിക നിയന്ത്രണവും ഉറപ്പാക്കുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്:-

1. ക്ഷേമനിധി ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ അംഗീകൃത ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേന ഓഡിറ്റ് ചെയ്ത് അതത് വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഹിതം ബോർഡിന്റെ അംഗീകാരത്തോടെ എല്ലാ വർഷവും ജൂലൈ 31-ന് മുമ്പായി സർക്കാരിൽ ലഭ്യമാക്കുക.

2. ബോർഡിന് അക്കൗണ്ടിങ് ചട്ടങ്ങളും ഓഫീസ് മാന്വലുകളും പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. ബോർഡിന്റെ ആസ്ഥാന ഓഫീസിലെയും ജില്ലാ ഓഫീസുകളിലെയും ജീവനക്കാരുടെ ജോലികളും ചുമതലകളും നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. ബോർഡിന്റെ വാർഷിക കണക്കുകളിൽ Receipt & Payment Account ഉൾപ്പെടുത്തുന്നതിനും Institute of Chartered Accountant of India (ICAI) പുറപ്പെടുവിച്ച Standard on Accounts (SaS), Technical Guide on Accounting for Not-for Profit-Organisation-ന്റെയും മാനദണ്ഡങ്ങൾ പാലിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

5. ബോർഡിൽ നിലവിൽ ഉപയോഗിക്കുന്ന LOTWIS സോഫ്റ്റ്വെയറിലെ അപാകങ്ങൾ പരിഹരിച്ച് ബോർഡിന്റെ എല്ലാ ഇടപാടുകളും പൂർണ്ണമായി സോഫ്റ്റ്വെയർ അടിസ്ഥാനത്തിൽ നടത്തുന്ന തരത്തിൽ സോഫ്റ്റ്വെയർ അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6. ബോർഡിന്റെ പണമിടപാടുകൾ പരമാവധി കാഷ്‌ലെസ്സായി നടപ്പാക്കുന്നതിനും നേരിട്ടുള്ള പണമിടപാടുകൾ പരമാവധി ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

കെ.എസ്.എഫ്.ഇ.-യിൽ വൺ ടൈം സെറ്റിൽമെന്റ്

143(589) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.-ൽ ഒ.റ്റി.എസ്. നടപ്പാക്കുമ്പോൾ അർഹതപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വസ്തുജാമ്യം നൽകി 31-03-2024-ന് മുമ്പ് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ചിട്ടിയിൽ പലിശയിലും ലോണുകളിൽ പിഴപലിശയിലും 30% മുതൽ 50% വരെ കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി ഇളവ് നൽകിക്കൊണ്ട് 08-01-2026 മുതൽ 31-03-2026 വരെ "ഇളവ് 2026" എന്ന പേരിൽ ഒരു വൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ചിട്ടി കുടിശ്ശിക നിവാരണം

144(590) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾ മുടങ്ങിയവർക്കും ലോൺ തിരിച്ചടവിൽ മുടക്കം വന്നവർക്കും എന്തെല്ലാം ഇളവുകളാണ് നിലവിൽ നൽകുന്നത്; വ്യക്തമാക്കുമോ?

വസ്തുജാമ്യം നൽകി 31-03-2024-ന് മുമ്പ് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ചിട്ടിയിൽ പലിശയിലും ലോണുകളിൽ പിഴപലിശയിലും 30% മുതൽ 50% വരെ കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി ഇളവ് നൽകികൊണ്ട് 08-01-2026 മുതൽ 31-03-2026 വരെ "ഇളവ് 2026" എന്ന പേരിൽ ഒരു വൺടൈം സെറ്റിൽമെന്റ് പദ്ധതി നിലവിലുണ്ട്.

(ബി) കുടിശ്ശിക നിവാരണ പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കാലയളവിൽ ലക്ഷ്യമിട്ട മൊത്തം പിരിവ്, പിരിച്ചെടുക്കാൻ സാധിച്ച തുക, അനുവദിച്ച പലിശ ഇളവ് എന്നിവ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) നിലവിലുള്ള കുടിശ്ശിക നിവാരണ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ ലക്ഷ്യമിട്ട മൊത്തം പിരിവ് 2354 കോടി രൂപയാണ്. ഇതിൽനിന്നും 08-01-

2026 മുതൽ 20-01-2026 വരെ 25.94 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചു. ഇക്കാലയളവിൽ അനുവദിച്ച പലിശ ഇളവ് 5.93 കോടി രൂപയാണ്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പുതിയ കെ.എസ്.എഫ്.ഇ. ശാഖകൾ

145(591) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പുതുതായി എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും എന്ന് മുതലാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പുതുതായി 2 കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിച്ചിട്ടുണ്ട്.

ശാഖയുടെ പേര്	ആരംഭിച്ച തീയതി
കാട്ടാക്കട ഈവനിങ് ശാഖ	28-12-2022
പുളിയറക്കോണം ശാഖ	27-07-2023

കെ.എസ്.എഫ്.ഇ. കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റ്

146(592) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റ് ആനുകൂല്യം ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് കെ.എസ്.എഫ്.ഇ. നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പുന:സ്ഥാപിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

(എ-സി) വസ്തുജാമ്യം നൽകി 31-03-2024-ന് മുമ്പ് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ചിട്ടിയിൽ പലിശയിലും ലോണുകളിൽ പിഴപലിശയിലും 30% മുതൽ 50% വരെ കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി ഇളവ് നൽകികൊണ്ട് 08-01-2026 മുതൽ 31-03-2026 വരെ "ഇളവ് 2026" എന്ന പേരിൽ ഒരു വൺടൈം സെറ്റിൽമെന്റ് പദ്ധതി നിലവിലുണ്ട്.

മെഡിസെപ് – മാറ്റങ്ങൾ

147(593) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാണ് പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ്., ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14-08-2025-ലെ സ.ഉ.(പി)

നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാനചികിത്സ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള മൂന്ന് ചികിത്സകൾ കൂടാതെ 10 ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്ന മുട്ട് മാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ പ്രൈവറ്റ് ആശുപത്രികളിലും ലഭ്യമാകുന്നതാണ്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി

മെഡിസെപ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്. കരാറിൽനിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയാറാക്കേണ്ടതാണ്. കൂടാതെ അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നതാണ്. രണ്ടാം ഘട്ടം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 20-01-2026-ലെ സ.ഉ.(പി)നം. 5/2026/ധന 21-01-2026-ലെ സ.ഉ.(പി) നം.7/2026/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതിയ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയുടെ രണ്ടാം ഘട്ടം 01-02-2026 മുതൽ ആരംഭിക്കാൻ 20-01-2026-ലെ സ.ഉ.(പി)നം.5/2026/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

മെഡിസെപ്

148(594) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടാത്ത ആശുപത്രി ചെലവുകൾ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

KGSMA Rules 1960 പ്രകാരം പെൻഷൻകാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അർഹതയില്ല. സർക്കാർ ജീവനക്കാർക്ക് മെഡിസെപ് ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടാത്ത ആശുപത്രി ചെലവുകൾ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 22-11-2024-ലെ സ.ഉ.(അച്ചടി)നം.100/2024/ധന ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത്, അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഭരണവകുപ്പിന്റെ സാമ്പത്തിക അധികാരപരിധി നേരത്തെയുണ്ടായിരുന്ന 10,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തി 03-10-2025-ാം തീയതി സ.ഉ(അച്ചടി) നം.120/2025/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ പരിശോധിച്ച് അവിടെ നൽകുന്ന എല്ലാ ചികിത്സയ്ക്കും മെഡിസെപ് പരിരക്ഷ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

01-02-2026 മുതൽ ആരംഭിക്കുന്ന മെഡിസെപ് രണ്ടാം ഘട്ടത്തിൽ ചികിത്സാസൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആശുപത്രികളെ Non NABH, ENTRY LEVEL NABH, NABH Fully Accredited & Govt. Medical Colleges എന്നീ മൂന്ന്

വിഭാഗങ്ങളിലായി തരം തിരിച്ചിട്ടുണ്ട്. ഗ്രണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകുന്ന നിരക്ക് വ്യത്യസ്തമാണ്. മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളേയും എംപാനൽ ചെയ്യണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. SCTIMST, JIPMER പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ SCTIMST എംപാനൽ ചെയ്തില്ലെങ്കിൽ പ്രസ്തുത ആശുപത്രിയിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷ്വറൻസ് കമ്പനി റീ-ഇംബേഴ്സ് ചെയ്ത് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടില്ല.

മാവേലിക്കര കോർട്ട് കോംപ്ലക്സ് നിർമ്മാണം

149(597) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് അനുവദിച്ച തുകയും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്ന വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി 2026 ഫെബ്രുവരി 15-ന് മുമ്പ് പൂർത്തീകരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) മാവേലിക്കരയിലെ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് 1482 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത് 60:40 (60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവും) എന്ന അനുപാതത്തിലാണ്. കോടതിയുടെ ആവശ്യാനുസരണം ആർക്കിടെക്ചറൽ ഡ്രോയിങ്ങിൽ ചില മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അംഗീകരിക്കുകയും നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശം കരാർ കമ്പനിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സിവിൽ കേസുകളിലെ കാലതാമസം ഒഴിവാക്കാൻ നടപടി

150(598) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ കേസുകൾ തീർപ്പ് കല്പിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സിവിൽ കേസുകൾ വേഗം തീർപ്പ് കല്പിക്കുന്നതിന് സ്ഥിരം അദാലത്തുകൾ നടത്താൻ നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ വിവിധ കോടതികളിലെ സിവിൽ കേസുകളും ക്രിമിനൽ കേസുകളും വേഗത്തിൽ പരിഹരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- 5 വർഷത്തിലധികം പഴക്കമുള്ള കേസുകളുടെ തീർപ്പാക്കൽ, ജില്ലയുടെ ചുമതലയുള്ള ജഡ്ജിമാർ മാസംതോറും അവലോകനം ചെയ്യുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.

- വിചാരണ കോടതികളിൽ പഴയ കേസുകൾ മികച്ച രീതിയിൽ തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ടാർഗറ്റ് നിശ്ചയിക്കുകയും അതിനെ അടിസ്ഥാനമാക്കി ഹൈക്കോടതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നു.

- സബോർഡിനേറ്റ് കോടതികളിലെ സിവിൽ, ക്രിമിനൽ വിഭാഗത്തിലെ ജൂഡീഷ്യൽ ഓഫീസർമാർ ചെയ്യുന്ന ജോലി യൂണിറ്റ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. അപ്രകാരം ജൂഡീഷ്യൽ ഓഫീസർമാർ ചെയ്യുന്ന ജോലികൾ ജില്ലയുടെ ചുമതലയുള്ള ജഡ്ജിമാർ ത്രൈമാസ അടിസ്ഥാനത്തിൽ നിരീക്ഷിക്കുകയും ചെയ്യുന്നു.

- കൊലപാതക കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ഉചിതമായ നിർദേശങ്ങൾ നൽകിവരുന്നു.

- സബ് കോടതികളിലും മുൻസിഫ് കോടതികളിലും പഴയ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനം നടപ്പാക്കിവരുന്നു.

- ജില്ലാ ജൂഡീഷ്യറിയിലെ കുടിശ്ശികയായിട്ടുള്ള കേസുകൾ കുറയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ പ്രകാരം 10, 20, 30 വർഷത്തിലധികം പഴക്കമുള്ള കേസുകൾക്ക് മുൻഗണന നൽകുന്നതിന് വിചാരണ കോടതികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കോടതിയിലെയും ഏറ്റവും പഴയ കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകിവരുന്നു.

- കൂടാതെ, കോടതികളിലെ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സഹായിക്കുന്ന നിരവധി നടപടിക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് The Kerala Civil Courts (Case Flow Management) Rules, 2015 എന്ന ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ കെൽസയുടെ നേതൃത്വത്തിൽ നാഷണൽ ലോക് അദാലത്തും മറ്റ് അദാലത്തുകളും നടത്തിവരുന്നുണ്ട്. 2026-ൽ നാല് നാഷണൽ ലോക് അദാലത്തുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സിവിൽ കേസുകൾ പരിഗണിക്കുന്നതിനായി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളും അദാലത്തുകൾ നടത്തുന്നു. അതോടൊപ്പം പബ്ലിക് യൂട്ടിലിറ്റി സർവീസുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സ്ഥിരം ലോക് അദാലത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇത്തരം കേസുകൾ വേഗം തീർപ്പ് കല്പിക്കുന്നതിനാവശ്യമായ കൂടുതൽ ജീവനക്കാരെയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോടതികളിലെ കെട്ടിക്കിടക്കുന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സർക്കാർ 2016 മുതൽ നാളിതുവരെയായി 115 പുതിയ കോടതികൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ആയവ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയുടെ 25-07-2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന റേപ്പ് കേസുകൾക്കും പോക്സോ കേസുകൾക്കും വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച 55 ഫാസ്ട്രാക്ക് സ്പെഷ്യൽ കോടതികളും ഇതിൽ ഉൾപ്പെടുന്നു. പുതിയതായി ആരംഭിച്ച കോടതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

കോടതികളുടെ സുഗമമായ പ്രവർത്തനത്തിനും കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുമായി കേരള ഹൈക്കോടതിയിൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഉന്നത തസ്തികകൾ ഉൾപ്പെടെ 538 സ്ഥിരം തസ്തികകൾ സൃഷ്ടിക്കുകയും 57 തസ്തികകൾ താൽക്കാലിക കരാർ വ്യവസ്ഥയിലും റിസർച്ച് അസിസ്റ്റന്റിന്റെ 217 തസ്തികകൾ തുടർച്ചയ്ക്കും അനുമതി നൽകിയിട്ടുണ്ട്. ജില്ലാ ജുഡീഷ്യറിയിൽ ഉന്നത തസ്തികകൾ ഉൾപ്പെടെ 1690 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള കോടതികളുടെ സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഒരു വിലയിരുത്തൽ/പഠനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഹൈക്കോടതി രജിസ്ട്രാർ ജനറലിനെ ഉൾപ്പെടുത്തിക്കൊണ്ട് 21-10-2025-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോടതികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അടിയന്തര തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്.

നിയമങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി

151(599) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളായി ജയിലിലെത്തി വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് യഥേഷ്ടം പരോൾ അനുവദിക്കുന്നതിൽ അനുവർത്തിക്കുന്ന വിവേചനങ്ങൾ നിയമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരം നിയമലംഘനങ്ങൾ തടയുന്നതിനായി നിയമ വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീക സേവനങ്ങളും (നിർവഹണം) ആക്ടിലെയും 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീക സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പരോളും അവധിയും മറ്റും അനുവദിക്കുകയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം

152(600) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പെൻഷൻ പ്രായം അറുപത് വയസ്സായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

താഴെ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തിയിട്ടുണ്ട്.

1. നോർക്ക-റൂട്ട്സ്

2. കേരള ഫീഡ്സ് ലിമിറ്റഡ്

3. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

4. കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്

5. ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇൻഡ്യൻ മെഡിസിൻ) കേരള ലിമിറ്റഡ് (ഔഷധി).

(ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മന്ത്രിസഭാ തീരുമാനപ്രകാരമാണ് പെൻഷൻ പ്രായം ഉയർത്തിയത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം

153(601) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്; ഇവയുടെ വിശദാംശം നൽകാമോ?

2024-25-ലെ വാർഷിക കണക്കുകൾപ്രകാരം വ്യവസായ വകുപ്പിന്റെ കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലാഭവിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ 2021 മുതൽ ഓരോ വർഷവും സർക്കാരിന് ലാഭവിഹിതം നൽകിയ സ്ഥാപനങ്ങളുടെയും ലാഭവിഹിതത്തിന്റെയും വിവരം നൽകാമോ?

വ്യവസായ വകുപ്പിന് കീഴിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സർക്കാരിന് ലാഭവിഹിതം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	തുക (ലക്ഷത്തിൽ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22	927.98
2022-23	618.65
2023-24	618.65

ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെയും ഫാക്ടറി തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ

154(602) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാർക്കും ഫാക്ടറി തൊഴിലാളികൾക്കും എത്രമാസമായി ശമ്പളം നൽകാനുണ്ടെന്ന് വിശദമാക്കാമോ?

8 മാസത്തെ ശമ്പളവും ഒരു മാസത്തെ കോവിഡ് സാലറിയും നൽകാനുണ്ട്.

(ബി) ജീവനക്കാരുടെയും തൊഴിലാളികളുടെയും ഡി.എ. കുടിശ്ശിക, വിരമിച്ചവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെ നൽകുന്നതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച കണക്ക് വകുപ്പിന്റെ പക്കലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഡി.എ.-യ്ക്ക് പുറമെ വിരമിച്ചവർക്ക് പി.എഫ്. കുടിശ്ശികയായി ഏകദേശം 3 കോടി രൂപയും ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 2 കോടി രൂപയും വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(സി) പ്രസ്തുത കോർപ്പറേഷനിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകേണ്ട കുടിശ്ശിക എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും പ്രസ്തുത സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. ആധുനികവൽക്കരണത്തിനും വർക്കിങ് ക്യാപ്പിറ്റൽ ആവശ്യങ്ങൾക്കുമായി സർക്കാർ ബജറ്റിൽനിന്നും ഫണ്ട് അനുവദിക്കുന്നു. ബാംബൂ കോർപ്പറേഷന് വർക്കിങ് ക്യാപ്പിറ്റൽ ഇനത്തിൽ 10-03-2025-ൽ 180 ലക്ഷം രൂപയും 18-06-2025-ൽ 80 ലക്ഷം രൂപയും 17-07-2025-ൽ 60 ലക്ഷം രൂപയും 01-09-2025-ൽ 80 ലക്ഷം രൂപയും 25-10-2025-ൽ 54,39,851 രൂപയും അനുവദിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി കുടിശ്ശികയിനത്തിൽ 22-02-2025-ൽ 195 ലക്ഷം രൂപയും 04-11-2025-ൽ 1,25,60,149 രൂപയും ബാംബൂ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ബാംബൂ കോർപ്പറേഷനിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്കും തൊഴിലാളികൾക്കുമുള്ള കുടിശ്ശികകൾ കൊടുത്ത് തീർക്കാൻ സാധിക്കും.

(ഡി) ജീവനക്കാരുടെയും തൊഴിലാളികളുടെയും ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും അതിൽ ഏതെല്ലാം തീരുമാനമാണ് നടപ്പാക്കിയതെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ ഓരോന്നായി നടപ്പാക്കിവരുന്നു. പ്രവർത്തനരഹിതമായ ഡിപ്പോയുടെ

ക്രമീകരണം നടത്തുന്നതിലേക്കായി സബ്ഡിപ്പോകൾ പൂർണ്ണമായും അടച്ചു. മറ്റ് ഡിപ്പോകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ ആരംഭിച്ചു. കെട്ടികിടക്കുന്ന ഈറ്റയിൽ ഉപയോഗയോഗ്യമാക്കാവുന്നത് പനമ്പാക്കി മാറ്റുന്നതിനും ശ്രമിക്കുന്നു. കോർപ്പറേഷന്റെ ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ വേതനം കാലതാമസം കൂടാതെ ബാങ്ക് വഴി വിതരണം ചെയ്യുന്നുണ്ട്. യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷൻ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയതായി നടപ്പാക്കിയ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നവീകരിക്കുന്നതിന് വർക്കിങ് ക്യാപിറ്റൽ ലോൺ ഇനത്തിൽ 27 കോടി 95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 'Modernization of existing plant and machinery' എന്ന പദ്ധതിക്കായി നടപ്പുവർഷം ആകെ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷൻ

155(603) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വ്യവസായ വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനായി കെൽട്രോണും സി-മെറ്റും സംയുക്ത സംരംഭമെന്ന നിലയിൽ സെൻസർ-ഇലക്ട്രോണിക് കംപോണന്റ്സ് എന്നിവയുടെ ഉൽപാദനത്തിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തുനിന്നും ഭൂമി വിട്ടുകിട്ടുന്നതിനുള്ള കോടതി നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) കെൽട്രോണിന്റെ അടച്ചുപൂട്ടിയ സബ്സിഡിയറി കമ്പനികളായ കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡിന്റെയും കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡിന്റെയും കൈവശമുണ്ടായിരുന്ന 12.19 ഏക്കറിൽ 7.19 ഏക്കർ ഭൂമിയിൽ സിമെറ്റുമായി ചേർന്ന്, സെൻസർ ഉൽപാദനം, കാലിബ്രേഷൻ, ടെസ്റ്റിങ് എന്നിവയ്ക്കും ഇലക്ട്രോണിക് കംപോണന്റ്സ്/ഉപകരണങ്ങളുടെ ഉൽപാദനത്തിനുമായി സംയുക്ത സംരഭമെന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത സബ്സിഡിയറി കമ്പനികളെ പുനരുജ്ജീവിപ്പിക്കുന്നതിനായും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ള 12.19 ഏക്കർ സ്ഥലവും ബാക്കി ജംഗമവസ്തുക്കളും തിരികെ കിട്ടുന്നതിനായും അവിടെ സിമെറ്റുമായി ചേർന്ന് ഒരു സംയുക്ത

സംരഭം ആരംഭിക്കുന്നതിനായും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കെൽട്രോൺ ഫയൽ ചെയ്ത അപേക്ഷകൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ പക്കലുണ്ടായിരുന്ന ആസ്തികളും രേഖകളും 20-01-2026-ൽ കെൽട്രോണിന് തിരികെ കൈമാറി ലഭിച്ചിട്ടുണ്ട്.

മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ (MeitY) നിന്നും സബ്സിഡിയറി കമ്പനികൾ എടുത്തിട്ടുള്ള വായ്പാത്തുക തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനോടൊപ്പം സംയുക്ത സംരംഭത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സിമെറ്റ് സ്വീകരിച്ചുവരുന്നു.

ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിൽ അനുവദിച്ച പദ്ധതികൾ

156(604) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ഏതൊക്കെ പദ്ധതികൾക്കാണ് ഓരോ സാമ്പത്തിക വർഷത്തിലും ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഫണ്ട് ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ മെഷീൻ ഷോപ്പ് സൗകര്യങ്ങളുടെ നവീകരണത്തിനായി 2017-18 സാമ്പത്തിക വർഷം 700 ലക്ഷം രൂപയും ഇ-വെഹിക്കിളിന്റെ നിർമ്മാണത്തിനും വികസനത്തിനും ആധുനികവൽക്കരണത്തിനുമായി 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 283 ലക്ഷം രൂപ, 484 ലക്ഷം രൂപ, 434 ലക്ഷം രൂപ, 325 ലക്ഷം രൂപയും പുതിയ മോഡൽ ഇ-ഓട്ടോയുടെ രൂപകല്പനയ്ക്കും വികസനത്തിനുമായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 12 ലക്ഷം രൂപയും 88 ലക്ഷം രൂപയും സർക്കാരിൽനിന്നും കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കഞ്ചിക്കോട് വ്യവസായ മേഖലയുടെ വികസനം

157(605) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും റോഡുകളും നവീകരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിലെ ആഭ്യന്തര റോഡിന്റെ അറ്റകുറ്റപ്പണിക്കും അനുബന്ധ നിർമ്മാണത്തിനുമായി 2023-24 സാമ്പത്തിക വർഷം

13,26,00,000/- രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കരാറുകാരന് വർക്ക് അവാർഡ് ചെയ്ത് നൽകിയിട്ടുണ്ട്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

158(606) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെയായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെയായി വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കുറ്റ്യാടി വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ രംഗത്തുണ്ടായ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2022-23 മുതൽ എല്ലാ പഞ്ചായത്തിലുമായി ഇതുവരെ 2890 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ആയതിന് 157.6 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൂലധനനിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 5738 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ

159(607) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി വ്യവസായ വകുപ്പിന്റെ സഹായത്തോടെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പേര് വിവരവും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി വ്യവസായ വകുപ്പിന്റെ സഹായത്തോടെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി 2844 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ പേരുവിവരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

(ബി) ഇതിൽ ആകെ എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ടെന്നും എത്ര പുതിയ തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിഞ്ഞെന്നും വ്യക്തമാക്കാമോ?

ആകെ നിക്ഷേപം - 204.93 കോടി രൂപ.

തൊഴിലവസരങ്ങൾ - 5488.

(സി) ഈ കാലയളവിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് സർക്കാർ ധനസഹായമായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ കാലയളവിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് സർക്കാർ ധനസഹായമായി ആകെ 2.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

160(608) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് ആയതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി എന്നിവ പ്രകാരം 263 പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സംരംഭകവർഷം പദ്ധതിയിലൂടെ 3372 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ചന്തിരൂർ ട്രീറ്റ്മെന്റ് പ്ലാന്റ്

161(609) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ അരൂർ പഞ്ചായത്തിലെ ചന്തിരൂർ ട്രീറ്റ്മെന്റ് പ്ലാന്റിന് വ്യവസായ വകുപ്പ് നിർവഹണ ഏജൻസിയായി ബജറ്റിൽ അനുവദിച്ച 10 കോടി രൂപയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കിയോയെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ നിയോജകമണ്ഡലത്തിൽ അരൂർ പഞ്ചായത്തിലെ ചന്തിരൂർ ട്രീറ്റ്മെന്റ് പ്ലാന്റിന് വ്യവസായ വകുപ്പ് നിർവഹണ ഏജൻസിയായി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

162(610) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചുറ്റുമതിൽ, അപ്രോച്ച് റോഡ്, ആഭ്യന്തര റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കൽ, ഭൂമി നിരപ്പാക്കൽ എന്നിവയുടെ നടപടികളും നടന്നുവരുന്നു.

(ബി) കാഞ്ഞങ്ങാട് വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇനിയും എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

ചുറ്റുമതിൽ നിർമ്മാണം 85% പൂർത്തിയായി. അപ്രോച്ച് റോഡ് ലെവലിങ് പ്രവൃത്തി 55% പൂർത്തിയായി. ആഭ്യന്തര റോഡ് അലൈൻമെന്റ് പ്രവൃത്തി 60% പൂർത്തിയായി. 240 KVA താൽക്കാലിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 31 സംരംഭകർക്ക് ആദ്യഘട്ടമായി സ്ഥലം അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നിരപ്പാക്കിയെടുക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്.

ചുറ്റുമതിൽ, അപ്രോച്ച് റോഡ്, ആഭ്യന്തര റോഡ്, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാകാനുണ്ട്.

കിനാലൂർ വ്യവസായ പാർക്ക്

163(611) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂരിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് സർക്കാർ ചെലവഴിച്ച തുക എത്രയാണെന്നും ആകെ എത്ര വ്യവസായ സംരംഭങ്ങളാണ് കിനാലൂരിൽ നിലവിലുള്ളതെന്നും ഈ സംരംഭങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

കിനാലൂരിൽ വ്യവസായ വളർച്ചാകേന്ദ്രം നിർമ്മിക്കുന്നതിനായി 67.19 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 89 വ്യവസായ സംരംഭങ്ങളാണ് കിനാലൂരിലുള്ളത്. ഈ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചതോടെ ഏകദേശം 2,400-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും നിർമ്മാണഘട്ടത്തിൽ വൻതോതിൽ തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്തു. പ്രവർത്തന ഘട്ടത്തിൽ ഈ യൂണിറ്റുകളിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ വില്പനയിലൂടെ സർക്കാരിന് തുടർച്ചയായി ജി.എസ്.ടി. വരുമാനവും ലഭിക്കുന്നു. കൂടാതെ നിരവധി പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഏതൊക്കെയാണെന്നും ഇവ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും നിലവിൽ പൂട്ടിക്കിടക്കുന്നില്ല.

(സി) കോഴിക്കോട് കോമൺ വെൽത്ത് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്നും എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കുമോ;

(ഡി) കോമൺ വെൽത്ത് ഫാക്ടറി കെട്ടിടത്തിലെ വിലപിടിപ്പുള്ള മെഷീനുകളും മര ഉരുപ്പടികളും മറ്റ് സാധനങ്ങളും മഴയും വെയിലും കൊണ്ട് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൈതൃക സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) കോഴിക്കോട് ജില്ലയിൽ മാനാഞ്ചിറയിലെ കോമൺ വെൽത്ത് ട്രസ്റ്റ് (India) ലിമിറ്റഡ് എന്ന സ്ഥാപനം 2009 മുതൽ അടഞ്ഞുകിടക്കുകയാണ്. കേരള നിയമ നിർമ്മാണ സഭ (Kerala State Legislature), കോമൺ വെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (ഏറ്റെടുക്കലും ചുമതല കൈമാറ്റവും) (Acquisition and transfer of undertaking) ആക്ട് 2012, 2018-ലെ 1 -ാമത്തെ ആക്ട് (Act 1 of 2018) എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയും 2018 ഫെബ്രുവരി 1-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ഇത് അംഗീകരിക്കുകയുമുണ്ടായി. ഈ നിയമം 2018 ഫെബ്രുവരി 19-ാം തീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

കോമൺ വെൽത്ത് ട്രസ്റ്റ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് (COMTRUST) ഹാൻഡ്ലൂം വീവിങ് ഫാക്ടറിയെ പുനഃസംഘടിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും ഉൽപാദന

കേന്ദ്രവുമാക്കി, കേരള സംസ്ഥാന വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി.) കീഴിൽ നിർത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഈ നിയമം.

കോമൺവെൽത്ത് ട്രസ്റ്റ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന മൂന്ന് റിട്ട് ഹർജികളിന്മേൽ ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല.

പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

164(612) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലം ലീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് Parathode Agventure എന്ന പേരിൽ ഫുഡ് പ്രോസ്സസിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പാറത്തോട് സർവീസ് സഹകരണ ബാങ്ക് (നമ്പർ

3002)-മായി ധാരണയിലെത്തുകയും പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി ബാങ്കും സംഘവും തമ്മിലുള്ള ലീസ് എഗ്രിമെന്റ് 29-04-2025-ൽ ബാങ്ക് ആവശ്യപ്പെട്ട പ്രകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി എസ്റ്റേറ്റിലേക്കുള്ള പ്രവേശനപാതയുടെ വീതി കൂട്ടുന്നതിനാവശ്യമായ 10.15 ആർ ഭൂമി LARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക അടയ്ക്കുന്നത് സംബന്ധിച്ചോ ലീസ് എഗ്രിമെന്റ് ഒപ്പിടുന്നത് സംബന്ധിച്ചോ, ബാങ്ക് അധികൃതർ വ്യക്തമായ തീരുമാനം ഇതുവരെ സംഘത്തെ അറിയിച്ചിട്ടില്ല. സംഘം നേരിട്ട് 4.5 കോടി രൂപ മുടക്കി ടി മിനി എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സാമ്പത്തിക സൗകര്യം നിലവിലില്ല. പ്രവേശന പാതയുടെ വീതി കൂട്ടി എസ്റ്റേറ്റ് നിർമ്മാണം ഏറ്റെടുക്കുന്നതിന് ഭരണസമിതി സർക്കാരിനെ സമീപിച്ചിട്ടില്ല.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പ്രവൃത്തികൾ

165(613) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സംരംഭവികസന പദ്ധതിയുടെ ഭാഗമായി പൊതു

ബോധവൽക്കരണ പരിപാടി, സംരംഭകത്വ വികസന പരിപാടി, സംരംഭക ബോധവൽക്കരണ പരിപാടി, സംരംഭക സഭ/ലോൺ, ലൈസൻസ് സബ്സിഡി, ലൈസൻസ് സബ്സിഡി മേളകൾ എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2020-21 മുതൽ 2024-25 വരെ നടപ്പാക്കിയ സംരംഭക വികസന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-2021

സംരംഭക ബോധവൽക്കരണ പരിപാടികൾ – 7,500/- രൂപ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ടെക്നോളജി ക്ലിനിക്ക് - 7,500/- രൂപ.

2021-2022

സംരംഭക ബോധവൽക്കരണ പരിപാടി (ഓൺലൈൻ) - 35,000/- രൂപ

സംരംഭക ബോധവൽക്കരണ പരിപാടി

(ബ്ലോക്ക് തലം ഓഫ്-ലൈൻ) - 16,000/- രൂപ

താലൂക്ക് നിക്ഷേപക സംഗമം - 30,000/- രൂപ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ടെക്നോളജി ക്ലിനിക്ക് - 1,00,000/- രൂപ.

2022-2023

LSG Awareness programme – 40,000/- രൂപ

ലോൺ ലൈസൻസ് മേള – 60,000/- രൂപ

ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് - 1,30,000 രൂപ

താലൂക്ക് നിക്ഷേപ സംഗമം - 30,000/- രൂപ.

താലൂക്ക് സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉൽപന്ന എക്സിബിഷൻ

- 4,00,000/- രൂപ

സംരംഭക ബോധവൽക്കരണ പരിപാടി - 32,000/-രൂപ.

2023-2024

ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് - 60,000/- രൂപ

Local Self Government Awareness programme - 40,000/- രൂപ

ലോൺ ലൈസൻസ് മേള - 60,000/- രൂപ

MSME Insurance നൽകുന്നതിനായി - 40,330/- രൂപ.

2024-2025

ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് - 60,000/- രൂപ

സംരംഭക ബോധവൽക്കരണ പരിപാടി - 24,000/- രൂപ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്ക് - 10,000/- രൂപ

ലോൺ ലൈസൻസ് മേള - 60,000/- രൂപ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ഇൻഷ്വറൻസ് - 53,254/-രൂപ.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലും ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നിയമിക്കുകയും ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

സിഡ്കോയുടെ ചങ്ങനാശ്ശേരി വ്യവസായ എസ്റ്റേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് നവീകരിച്ചു. നവീകരിച്ച വ്യവസായ ഷെഡ്ഡും 4.5 സെന്റ് ഭൂമിയും ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സിഡ്കോ സ്വീകരിച്ചുവരുന്നു.

പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

166(614) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായ വകുപ്പ് മുഖേന പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ആയതിലേക്കായി നീക്കിവച്ചിട്ടുള്ള തുക സഹിതം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഇല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, പനമ്പ് നെയ്ത്ത്, കശുവണ്ടി വ്യവസായം എന്നിവയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, പനമ്പ് നെയ്ത്ത്, കശുവണ്ടി വ്യവസായം എന്നിവയ്ക്ക് പ്രത്യേകമായി പുനരുദ്ധാരണ പാക്കേജുകൾ നടപ്പാക്കിയിട്ടില്ല. സംസ്ഥാനത്ത് ഈ മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

എ) ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറിയുടെ നവീകരണത്തിനുള്ള മൂലധന ഗ്രാന്റും പലിശ സബ്സിഡിയും.

ബി) സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണ പദ്ധതി.

സി) മൂല മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ - വിളവെടുപ്പും സംസ്കരണവും.

(ഡി) നിയോജകമണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ (MSME) പ്രോത്സാഹിപ്പിക്കുന്നതിനായി 'സംരംഭക വർഷം' പദ്ധതിയുടെ എത്ര യൂണിറ്റുകൾ പുതുതായി ആരംഭിച്ചെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമാക്കിയെന്നും വിശദമാക്കാമോ?

3169 പുതിയ യൂണിറ്റുകൾ ആരംഭിച്ചു. 5241 പേർക്ക് തൊഴിൽ ലഭ്യമാക്കി.

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പൂർത്തീകരിക്കാത്ത പദ്ധതികളില്ല.

മെഗാ ഇൻഡസ്ട്രിയൽ പ്രോജക്ടുകൾ

167(615) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ ആരംഭിച്ച മെഗാ ഇൻഡസ്ട്രിയൽ പ്രോജക്ടുകളുടെ ജില്ല തിരിച്ചുള്ള കണക്കും വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്ന കണക്ക് ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പ്രവർത്തനമാരംഭിച്ച മെഗാ ഇൻഡസ്ട്രിയൽ പ്രോജക്ടുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

അതുകൂടാതെ ആഗോള നിക്ഷപക സംഗമത്തിൽ പങ്കെടുത്ത് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് താൽപര്യപത്രം സമർപ്പിച്ച (Expression of Interest) കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എറണാകുളം ജില്ലയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിൽ കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിരുന്നു. പെട്രോകെമിക്കൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപവും 10,000-ത്തോളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി ഭൂമി ഏറ്റെടുക്കൽ: പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന 3805 കോടി രൂപ ചെലവുവരുന്ന പാലക്കാട് സംയോജിത ഉൽപാദന ക്ലസ്റ്റർ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ. റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്.പി.വി.-ക്ക് കൈമാറി. കഴിഞ്ഞ വർഷം രാജ്യത്താകെ അനുവദിക്കപ്പെട്ട 12 വ്യവസായിക ഇടനാഴി-സ്മാർട്ട് സിറ്റി പദ്ധതികളിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന ആദ്യ സംസ്ഥാനമാണ് കേരളം. 10,000 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 22,000 നേരിട്ടും 80,000 പരോക്ഷ തൊഴിലവസരങ്ങളും പാലക്കാട് നോഡിൽ പ്രതീക്ഷിക്കുന്നു.

കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക്, (KIITP) പാലക്കാട് (രണ്ടാം ഘട്ടം): 226 ഏക്കറിൽ KIITP രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ, ഇൻഫ്രാസ്ട്രക്ചർ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ 74 ഏക്കർ ഭൂമി BPCL-ന് അനുവദിച്ചു. KIITP രണ്ടാം ഘട്ട നിർമ്മാണ

പ്രവർത്തനങ്ങൾ 2026 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളിലൂടെ ഏകദേശം 2500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

യൂണിറ്റി മാൾ (Capex Scheme): ഗ്രാമീണ ഉൽപന്നങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനാണ് യൂണിറ്റി മാൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തിന്റെ സ്വന്തം "ODOP ഉൽപന്നങ്ങൾ (ഒരു ജില്ല, ഒരു ഉൽപന്നം), G.I. ഉൽപന്നങ്ങൾ, മറ്റ് കരകൗശല ഉൽപന്നങ്ങൾ എന്നിവയുടെ പ്രൊമോഷനും വില്പനയും കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെയും അത്തരം ഉൽപന്നങ്ങൾക്ക് വിപണനത്തിന് ഇടം നൽകുന്നതിനുവേണ്ടിയുള്ള ഒരു പുതിയ ആശയം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് യൂണിറ്റി മാൾ. ഈ പദ്ധതിയിലൂടെ ഏകദേശം 2000 പ്രത്യക്ഷ-പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ – എറണാകുളം ജില്ലയിലെ കാക്കനാട് 7 ഏക്കർ സ്ഥലത്ത് ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡ് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ വികസിപ്പിച്ചു. സംസ്ഥാനത്തെ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിവിധ പ്രദർശനങ്ങൾ സംഘടിപ്പിക്കാനും അതുവഴി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഇത് സഹായിക്കും. ഇത് ഏകദേശം 850 പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട് ജില്ലയിലെ വ്യവസായ പദ്ധതികൾ

168(616) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പ്രധാന വ്യവസായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംരംഭക വർഷം പദ്ധതി, കൊച്ചി ബാംഗ്ലൂർ ഇടനാഴി/പാലക്കാട് ഇൻഡസ്ട്രീസ് സ്മാർട്ട് സിറ്റി എന്ന വൻകിട പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, മിഷൻ 1000 എന്നീ പ്രധാന വ്യവസായ പദ്ധതികൾ പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ വ്യവസായ പദ്ധതികളിലൂടെ സർക്കാരിനുള്ള നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് 35,685 സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 82,095 പേർക്ക് തൊഴിലവസരങ്ങളും ലഭ്യമായിട്ടുണ്ട്.

കൊച്ചി ബാംഗ്ലൂർ ഇടനാഴി/പാലക്കാട് ഇൻഡസ്ട്രീസ് സ്മാർട്ട് സിറ്റി എന്ന വൻകിട പദ്ധതി 1,710 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഒരു സ്മാർട്ട് സിറ്റി പദ്ധതിയാണ്. ഇതിന്റെ

എസ്റ്റിമേറ്റ് പ്രോജക്ട് കോസ്റ്റ് 3600 കോടി രൂപ മുതൽ 3800 കോടി രൂപ വരെയാണ്. ഇതിൽ സംരംഭകരുടെ നിക്ഷേപം 8,700 കോടി രൂപയാണ്. ഇതിലൂടെ 51,000 തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ സർക്കാരിന്റെ പുതിയ വ്യവസായ നയവുമായി ബന്ധപ്പെട്ട പദ്ധതികളായ സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയിൽ ജില്ലയിൽ 6 പുതിയ പാർക്കുകൾ വന്നിട്ടുണ്ട്. അതിൽ നാലെണ്ണം സ്വകാര്യ വ്യവസായ എസ്റ്റേറ്റും 2 എണ്ണം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുമാകുന്നു.

സ്വകാര്യ ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടുകൂടി 53.97 ഏക്കർ സർക്കാർ പ്രഖ്യാപിത വ്യവസായ എസ്റ്റേറ്റുകൾ അധികമായി ആരംഭിക്കാൻ കഴിഞ്ഞു. അതുവഴി ജില്ലയിൽ 672 തൊഴിലാളികൾക്ക് തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ പ്ലോട്ടുകൾ ലഭ്യമായിട്ടുള്ളതിനാൽ വൻ നിക്ഷേപവും തൊഴിൽ സൃഷ്ടിയും ഉണ്ടാകുന്നതാണ്. സംസ്ഥാനത്തെ ആയിരം എം.എസ്.എം.ഇ. സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ വ്യവസായ വകുപ്പ് നടപ്പാക്കിയ മിഷൻ 1000 പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇതുവരെ കണ്ടെത്തിയത് 116 സംരംഭങ്ങളാണ്. ഈ സംരംഭങ്ങളിൽനിന്ന് 32 എണ്ണത്തിന് സംസ്ഥാനതല അപ്രൈസൽ സമിതി അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ആയതിൽ എട്ട് സ്ഥാപനങ്ങളുടെ വിശദമായ പദ്ധതി രേഖ ജില്ലാതല കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

169(617)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖേന കോട്ടയം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ സ്വയം സംരംഭകർക്കായി കോട്ടയം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ സഹായ പദ്ധതികൾ ഏതൊക്കെയെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

(എ&ബി) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം 88 സംരംഭകർക്കായി 1,91,09,596/- രൂപയും സംരംഭകർക്കുള്ള സഹായ പദ്ധതി പ്രകാരം 23 സംരംഭകർക്കായി 1,25,81,904/- രൂപയും എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി പ്രകാരം 25 സംരംഭകർക്കായി 65,538/- രൂപയും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം 14 സംരംഭകർക്കായി 3,41,089/- രൂപയും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസ്സസിങ് എന്റർപ്രൈസ് പദ്ധതി പ്രകാരം 43 സംരംഭകർക്കായി 93,06,678 രൂപയും നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 11 സംരംഭകർക്കായി 31,35,600/- രൂപയും ഉൾപ്പെടെ ആകെ 204 സംരംഭകർക്കായി 4,45,40,405/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി

1677 സംരംഭങ്ങൾ ആരംഭിക്കുകയും 227 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 6108 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

മിഷൻ 1000 പദ്ധതി

170(618) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പാക്കിയ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടായി; വ്യക്തമാക്കാമോ?

(എ&ബി) 2022-ൽ ആരംഭിച്ച സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ മാസം 1 മുതൽ 2026 ജനുവരി മാസം 24 വരെയുള്ള കാലയളവിൽ 3,93,100 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി 26,192.48 കോടി രൂപയുടെ നിക്ഷേപവും 8,38,460 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) സംരഭക വർഷത്തിൽ ആരംഭിച്ച എം.എസ്.എം.ഇ.-കളെ വ്യവസായപരമായി ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ട് "മിഷൻ 1000 പദ്ധതി" വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ?

സംരംഭക വർഷത്തിൽ ആരംഭിച്ച എം.എസ്.എം.ഇ.-കളെ വ്യവസായപരമായി ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ട് 'മിഷൻ 1000 പദ്ധതി' വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നതിന്റെ വിശദാംശങ്ങളും ആയതിന്റെ പുരോഗതിയും ചുവടെ ചേർക്കുന്നു.

(1) നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിന് നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

ഉൽപാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും കുറഞ്ഞത് മൂന്ന് വർഷം പൂർത്തീകരിച്ചതും SCALE UP MISSION-ൽ നിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ-ചെറുകിട- ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രോജക്ട് റിപ്പോർട്ടായി തയ്യാറാക്കേണ്ടതും ആയതിന് ജില്ലാതല കമ്മിറ്റിയുടെ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. വിപുലീകരണ പ്രോജക്ട് റിപ്പോർട്ടുപ്രകാരം

അനുമതി ലഭിച്ച 4 വർഷക്കാലയളവിൽ നടത്തുന്ന വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. പദ്ധതിപ്രകാരം ഒരു യൂണിറ്റിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി രണ്ട് കോടി അമ്പത്തിയൊന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

(എ) വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് ആവശ്യമായ ഫീസ് പൂർണ്ണമായും റീഇംബേഴ്സായി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

(ബി) പദ്ധതിപ്രകാരം ഒരു യൂണിറ്റിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.

(സി) പ്രവർത്തന മൂലധന സഹായമായി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു. വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് കേന്ദ്ര പദ്ധതിയായ RAMP പദ്ധതി വഴിയും സംസ്ഥാന ബജറ്റിലെ പദ്ധതി വിഹിതം വഴിയും റീഇംബേഴ്സായി നൽകിവരുന്നുണ്ട്. സംസ്ഥാന ബജറ്റിൽനിന്നും ആദ്യ ഗഡുവായി 30 യൂണിറ്റുകൾക്ക് 24,72,005/- രൂപയും രണ്ടാം ഗഡുവായി 12 യൂണിറ്റുകൾക്ക് 10,06,935/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. ശേഷിച്ച തുക ജില്ലകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുവരുന്നുണ്ട്.

(2) സംരംഭക വർഷത്തിൽ ആരംഭിച്ച എം.എസ്.എം.ഇ.-കൾ ഉൾപ്പെടെയുള്ള സംരംഭങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ട് "മിഷൻ 1000 പദ്ധതി" നടപ്പാക്കിവരുന്നുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. നിലവിൽ 534 സംരംഭങ്ങളെ ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. 84 സംരംഭങ്ങൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ സ്കെയിൽ അപ്പ് പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങളും നൽകുന്നതാണ്:

1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ).

2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ).

3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് 1 ലക്ഷം രൂപ വരെ).

4. തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിങ് അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കും.

സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് സംരംഭങ്ങൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:

1. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവയായിരിക്കണം.

2. അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

3. ഉൽപാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയായിരിക്കണം.

മിഷൻ 1000 പദ്ധതിയിലേക്ക് അപേക്ഷിക്കാൻ mission1000.industry.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സ്കെയിൽ അപ്പ് മിഷൻ പദ്ധതി കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് അവരുടെ ബിസിനസ്സിൽ വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഒരു അതുല്യമായ അവസരം നൽകുന്നു. കൂടാതെ സുതാര്യമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വിവിധ

പ്രോത്സാഹനങ്ങൾ നൽകുന്നതുവഴി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് വളർച്ചയുടെയും വികസനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

കോങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

171(619) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡല പരിധിയിൽ പാലക്കാട് ബ്ലോക്കിന് കീഴിലുള്ള പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഇതുവരെ വ്യവസായ വകുപ്പ് മുഖേന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ ആകെ 65 പേർക്ക് സംരംഭം തുടങ്ങാൻ 1,22,00,396/- രൂപ മാർജിൻ മണി സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസ്സസിങ് എന്റർപ്രൈസസ് പദ്ധതി മുഖേന 13 പേർക്ക് ഫുഡ് പ്രോസ്സസിങ് മേഖലയിൽ മാത്രം സംരംഭം തുടങ്ങാൻ 29,66,448/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 14 പേർക്ക് സംരംഭം തുടങ്ങാൻ 17,91,580/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ ഉൾപ്പെടുത്തി 16 പേർക്ക് 2,01,565/- രൂപ പലിശ

സബ്സിഡി ഇനത്തിൽ അനുവദിച്ചുനൽകി. സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4 പേർക്ക് 11,26,158/- രൂപ സബ്സിഡി അനുവദിച്ചു. ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികളിലായി 6 വനിതാ ഗ്രൂപ്പുകൾക്ക് ആകെ പദ്ധതി ചെലവിന്റെ 75% സബ്സിഡിയായി സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ 12,70,500/- രൂപ സബ്സിഡിയായും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2639 സംരംഭങ്ങൾ ആരംഭിക്കുകയും 101 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും 5136 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ടെൽക്കിന്റെ പ്രവർത്തനം

172(620) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൽക്കിന്റെ 2015-16-ലെ നെറ്റ്വർത്ത് വാല്യൂ എത്ര കോടി രൂപയായിരുന്നെന്ന് വ്യക്തമാക്കാമോ; 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺഓവറും അറ്റാദായവും എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ടെൽക്കിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ നെറ്റ്വർത്ത് വാല്യൂ 86.29 കോടി രൂപയാണ്. 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടെൽക്കിൽ 2021-22, 2022-23 വർഷത്തിൽ എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചിരുന്നെന്നും അതിൽ എത്രയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ?

ടെൽക്കിൽ 2021-22, 2022-23 വർഷങ്ങളിൽ ലഭിച്ച ഓർഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**ലഭിച്ച ഓർഡർ (തുക ലക്ഷത്തിൽ)**	**നിലവിലെ സ്ഥിതി**
2021-22	Rs. 6254.00	പൂർത്തികരിച്ചു.
2022-23	Rs. 15114.61	2026-27-ൽ പൂർത്തിയാക്കേണ്ട 910 ലക്ഷം രൂപയുടെ ഓർഡർ ഒഴികെ എല്ലാ ഓർഡറുകളും പൂർത്തീകരിച്ചു.

(സി) ടെൽക്കിന് നാളിതുവരെയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

ലഭ്യമാണ്. പ്രൊവിഷണൽ അക്കൗണ്ടുകൾപ്രകാരം 31-12-2025-ലെ ട്രേഡ് റിസീവബിൾസ് 3844.84 ലക്ഷം രൂപയാണ്. കുടിശ്ശികകൾ വേഗത്തിൽ തിരിച്ചുപിടിക്കുന്നതിലേക്കായി കമ്പനി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ടെൽക്കിലെ ജീവനക്കാരുടെ ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ടെൽക്കിലെ ജീവനക്കാരുടെ മാസ പ്രൊഡക്ഷൻ ഇൻസെന്റീവ്, മറ്റ് ഇൻസെന്റീവ് എന്നിവ നൽകുന്നത് തടഞ്ഞുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(ഡി&ഇ) ഉണ്ട്. ടെൽക്കിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ചുവടെ പറയുംപ്രകാരം കൂടിശ്ശികയായിട്ടുണ്ട്.

ഇനം	രൂപ (ലക്ഷത്തിൽ)
2016-21 കാലഘട്ടത്തിലെ പേ റിവിഷൻ അരിയർ	1669.50
മാസ പ്രൊഡക്ഷൻ ഇൻസെന്റീവ് - 2025-26 സാമ്പത്തിക വർഷം (എസ്റ്റിമേറ്റ് വാല്യൂ)	1.86
പ്രോഫിറ്റ് & പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ്	64.16
ലീവ് എൻകാഷ്മെന്റ് (2023-24, 2024-25, 2025-26) (എസ്റ്റിമേറ്റ് വാല്യൂ)	200.00
ആകെ	**1935.52**

സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ ഘട്ടംഘട്ടമായി വിതരണം ചെയ്യാനുള്ള നടപടിയുണ്ടാകുന്നതാണ്.

എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ

173(621) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും പ്രാദേശികമായ വളർച്ച ലക്ഷ്യം വയ്ക്കുന്നതിനും ഓരോ നിയോജകമണ്ഡലങ്ങളിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ആരംഭിക്കുന്ന എല്ലാ വ്യവസായ പാർക്കിലും ഐ.ടി.-ക്ക് പ്രത്യേക പ്രാധാന്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം വ്യവസായ പാർക്കുകളിൽ പ്രാദേശിക ഉൽപന്നങ്ങളുടെ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന പദ്ധതി നിലവിലില്ല. സംസ്ഥാനത്തുടനീളം വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം, ക്യാമ്പസ് വ്യവസായ പാർക്ക് എന്നീ പദ്ധതികൾ നിലവിലുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകളിൽ ഐ.ടി. മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്നതും പ്രാദേശിക ഉൽപന്നത്തെ പ്രോത്സാഹിപ്പിക്കുന്നതും ഡെവലപ്പറുടെ വിവേചനാധികാരത്തിൽ വരുന്നതാണ്.

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കൈവശമുള്ള ഭൂമിയും കെട്ടിടവും

174(622) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കൈവശമുള്ള ഭൂമിയും കെട്ടിടവും മറ്റേതെങ്കിലും വ്യവസായ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമിയും കെട്ടിടവും വ്യവസായ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്?

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിയമപരമായ ലിക്വിഡേഷൻ നടപടികൾ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയായിട്ടില്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വ്യവസായ വകുഷിന്റെ പദ്ധതികൾ

175(623) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പുവഴി സംരംഭക സഹായ പദ്ധതിയനുസരിച്ച് 1,07,45,338/- രൂപയും സൂക്ഷ്മ വ്യവസായങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റായി 14,29,780/- രൂപയും പ്രധാനമന്ത്രി തൊഴിൽദായക പദ്ധതിപ്രകാരം 1,56,58,784/- രൂപയും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസ്സസിങ് എന്റർപ്രൈസസ് സ്കീം പ്രകാരം 92,58,670/- രൂപയും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയനുസരിച്ച് 15,40,104/- രൂപയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 72,714/- രൂപയും

സംരംഭകത്വ വികസന ക്ലബ്ബ് സ്കീം പ്രകാരം 2,98,000/- രൂപയും ചെലവഴിച്ച് മേൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2849 സംരംഭങ്ങൾ ആരംഭിക്കുകയും 135 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 6033 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന വ്യവസായ പദ്ധതികൾ

176(624) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പുവഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) ഇയർ ഓഫ് എന്റർപ്രൈസസ് (1.0), (2.0), (3.0) & (4.0) പദ്ധതിയുടെ ഭാഗമായുള്ള ജനറൽ ഓറിയന്റേഷൻ ടെയിനിങ് പ്രോഗ്രാമിന് 4 ഘട്ടങ്ങളിലായി 1,92,000/- രൂപയും ലോൺ, ലൈസൻസ് സബ്സിഡി മേളയുടെ ഭാഗമായി 80,000/- രൂപയും എന്റർപ്രണർഷിപ്പ് അവയർനെസ് പ്രോഗ്രാമിന് 56,000/- രൂപയും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ പരിപാടിക്ക് 24,000/- രൂപയും സംരംഭക സഭയ്ക്ക്

40,000/- രൂപയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതിയിൽ കുന്നത്തുനാട് താലൂക്കിൽ 3,82,439/- രൂപയും അനുവദിച്ചിട്ടുണ്ട്.

ഈയർ ഓഫ് എന്റർപ്രൈസസ് പദ്ധതിയുടെ 3 ഘട്ടങ്ങൾ അവസാനിച്ചു. ഈ പദ്ധതികൾ വഴി കണ്ടെത്തിയ വ്യവസായ യൂണിറ്റുകളുടെ sustainability സർവെ നടത്തിവരുന്നു. നാലാം ഘട്ടത്തിലെ യൂണിറ്റുകളുടെ ഡാറ്റാ എൻട്രി നടന്നുവരുന്നു. മിഷൻ 1000, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടേറ്റിൽ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2960 സംരംഭങ്ങൾ ആരംഭിക്കുകയും 315 കോടി രൂപയുടെ നിക്ഷേപങ്ങളുണ്ടാകുകയും 7043 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

177(625) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 3240 വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ പേരുവിവരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക് – സ്ഥലം ഏറ്റെടുക്കൽ നടപടി

178(626) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ചുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ചുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- പട്ടാന്നൂർ, കീഴല്ലൂർ, കോളാരി വില്ലേജുകളിലായി 18.6069 ഹെക്ടർ ഭൂമി, ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കിൻഫ്രയ്ക്ക് കൈമാറി.

- പട്ടാന്നൂർ, കീഴല്ലൂർ (വെള്ളപ്പറമ്പ്) വില്ലേജുകളിലായി 192.0468 ഹെക്ടർ ഭൂമി, ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കിൻഫ്രയ്ക്ക് കൈമാറി.

- കീഴല്ലൂർ, പടുവിലായി, അഞ്ചരക്കണ്ടി (പനയത്താംപറമ്പ്) വില്ലേജുകളിലായി 201.4048 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൽ 3 ഘട്ടങ്ങളിലായി 124.3998 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചു.

- ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചു. സ്കെച്ച് ജില്ലാ കളക്ടർക്ക് കൈമാറി.

- പടിയൂർ, കല്ല്യാട് വില്ലേജുകളിലായി 286.8813 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൽ പടിയൂർ ദേശത്തെയും ഊരത്തൂർ ദേശത്തെയും വ്യക്തിഗത കൈവശം അളന്ന് മഹസ്സർ തയ്യാറാക്കി.

- കൂടാളി, പട്ടാന്നൂർ വില്ലേജുകളിൽ നിന്നായി 416.7531 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24-12-2025-ന് പ്രസിദ്ധീകരിച്ചു.

- കോളാരി വില്ലേജിലെ 354.9515 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24-12-2025-ന് പ്രസിദ്ധീകരിച്ചു.

- കോളാരി വില്ലേജിലെ 68.2787 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24-12-2025-ന് പ്രസിദ്ധീകരിച്ചു.

- ചാവശ്ശേരി വില്ലേജിലെ 92.3000 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി വിവിധ ഘട്ടങ്ങളിലാണ്.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാനായി നിലവിൽ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ രണ്ട് ലാൻഡ് അക്വിസിഷൻ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

സിഡ്കോയിലെ വേതന പരിഷ്കരണം

179(627) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ സിഡ്കോയുടെ പ്രവർത്തന ലാഭം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

പ്രവർത്തന ലാഭം

2022-23 – 48.16 ലക്ഷം രൂപ

2023-24 – 131.84 ലക്ഷം രൂപ

2024-25 – 283.71 ലക്ഷം രൂപ

(ബി) സിഡ്കോയിൽ 2013-ൽ അവസാനിച്ചിട്ടുള്ള തൊഴിലാളികളുടെ ദീർഘകാല കരാർ നാളിതുവരെ പുതുക്കുകയോ തൊഴിലാളികളുടെ വേജ് റിവിഷൻ നടപ്പാക്കുകയോ

ചെയ്തിട്ടില്ലെന്ന വസ്തുത സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സിഡ്കോ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ച് തൊഴിലാളികളുടെ ദീർഘകാല കരാർ പുതുക്കാനും വേജ് റിവിഷൻ നടപ്പാക്കാനും നടപടി സ്വീകരിക്കുമോ?

ഉണ്ട്. സിഡ്കോ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സർക്കാർ ജീവനക്കാർക്ക് 01-07-2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ച് നൽകിയ പത്താം ശമ്പള പരിഷ്കരണവും 01-07-2019 മുതൽ പ്രാബല്യത്തിൽ അനുവദിച്ച് നൽകിയ പതിനൊന്നാം ശമ്പള പരിഷ്കരണവും സിഡ്കോയിലെ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടില്ലെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സിഡ്കോ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ച് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സിഡ്കോ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റ് നവീകരണം

180(628) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റിന്റെ

നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

982.10 ലക്ഷം രൂപ ചെലവഴിച്ച് ഈ വ്യവസായ യൂണിറ്റിലേക്കാവശ്യമായ 14 മെഷീനുകൾ വാങ്ങുകയും മെറ്റീരിയൽ സ്റ്റോർ റൂം, സ്ക്രാപ്പ് യാർഡ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത യൂണിറ്റിൽ മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ ഉൾപ്പെടെ സ്ഥിരം ജീവനക്കാരുടെ കുറവുകാരണം ഐ.എസ്.ആർ.ഒ.-യിൽ നിന്നും ഉൾപ്പെടെ ഏറ്റെടുത്തിട്ടുള്ള കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് യൂണിറ്റിന്റെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിച്ച് ആവശ്യം വേണ്ട തസ്തികകളിൽ സ്ഥിരം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഒളവണ്ണ ടൂൾ റൂൾ കം ടെയിനിങ് സെന്ററിൽ സി.എൻ.സി. ഓപ്പറേറ്റർ തസ്തികയിൽ മൂന്ന് ഒഴിവുകളിലേക്കും സി.എൻ.സി. പ്രോഗ്രാമർ തസ്തികയിൽ 1 ഒഴിവിലേക്കും സ്ഥിരനിയമനം നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 06-11-2020-ൽ മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും സിഡ്കോ ജീവനക്കാർക്ക് അനുവദിച്ചുനൽകിയ 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്കും അനുവദിച്ച് നൽകുന്നതിനും റിയാബ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ റിയാബ് സമർപ്പിച്ച റിപ്പോർട്ട് അടിസ്ഥാനമാക്കി ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും സിഡ്കോ ജീവനക്കാർക്ക് അനുവദിച്ചുനൽകിയ 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്ക് അനുവദിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കുമോ?

(സി&ഡി) 06-11-2020-ൽ മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇപ്രകാരം തീരുമാനിച്ചിട്ടില്ല. ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് റിയാബ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നായിരുന്നു തീരുമാനം.

നിലവിൽ, ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്റർ ഉൾപ്പെടെയുള്ള സിഡ്കോയുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ, ശമ്പള പരിഷ്കരണം എന്നീ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ വ്യവസായവകുപ്പിന്റെ പ്രവർത്തനങ്ങൾ

181(629) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം വ്യവസായ വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയും അല്ലാതെയും ആകെ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളുടെ എണ്ണം 2,780 ആണ്. സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ വഴി സംരംഭകർക്ക് 89,70,200 രൂപയുടെ സബ്സിഡി ലഭ്യമാക്കി. 2022-23 സാമ്പത്തിക വർഷം മുതൽ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഈ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭക ഹെൽപ്പ് ഡെസ്ക് ആരംഭിക്കുകയും അതിനുവേണ്ടി പ്രൊഫഷണൽ യോഗ്യതയുള്ള Interns-നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭകർക്കുവേണ്ടി പൊതുബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

സംരംഭകരും ബാങ്കുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും എളുപ്പത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ലോൺ ലൈസൻസ് മേളയും സംഘടിപ്പിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ റാമ്പ് (RAMP - Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം നിയോജകമണ്ഡലം ഉൾപ്പെടുന്ന കൊടുങ്ങല്ലൂർ താലൂക്ക് വ്യവസായ ഓഫീസ് വഴി സംരംഭകർക്കുവേണ്ടി ബാങ്കേഴ്സ് മീറ്റ്, സംരംഭകർക്ക് വിവിധ വിഷയങ്ങളിലുള്ള സംശയ നിവാരണത്തിനായി MSME Clinic, കയറ്റുമതി ചെയ്യാൻ ആഗ്രഹിക്കുന്ന സംരംഭകർക്കുവേണ്ടി Export Workshop എന്നിവയും സംഘടിപ്പിച്ചു. കൂടാതെ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകർക്കുവേണ്ടി നടത്തുന്ന ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, സംരംഭകത്വ വികസന പരിപാടി തുടങ്ങിയ പരിശീലന പരിപാടികളിൽ നിയോജകമണ്ഡലത്തിലെ സംരംഭകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 85 കോടി രൂപയുടെ നിക്ഷേപവും 4577 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന കൈതോല കൃഷി വ്യാപനവും പുനരുദ്ധാരണവും എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ കൈതോല കൃഷി വ്യാപനവും പുനരുദ്ധാരണവും എന്ന പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ അടങ്കൽ

കണക്കാക്കി 20% തുക വകയിരുത്തിയും നിർവഹണ ചുമതല തൊഴിൽവകുപ്പിൽനിന്നും വ്യവസായ വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൗമപരമായി തഴപ്പായ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട സ്ഥലമാണ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലുള്ള എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രദേശം. ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മാർക്കറ്റ് കോമ്പൗണ്ടിലുള്ള കെട്ടിടത്തിന്റെ മുകളിലായി ട്രസ് വർക്ക് ചെയ്ത് തഴ ഉൽപന്നങ്ങൾ നിർമ്മിച്ച് 100 പേർക്ക് പരിശീലനം നൽകുന്നതിനുള്ള വർക്ക് ഷെഡ്ഡും അനുബന്ധ ഓഫീസും ഉപകരണങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും പരിശീലനം നടത്തുന്നതിനായി Kottappuram Integrated Development Society (KIDS)-യുടെ സഹായം തേടുന്നതിനുംവേണ്ടി കൈപ്പമംഗലം എം.എൽ.എ.-യും എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രതിനിധികളും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും KIDS-ൽ നിന്നുള്ള പ്രതിനിധികളും ചേർന്ന് ഒരു യോഗം ചേരുകയും ടി യോഗ തീരുമാനപ്രകാരം പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെയും പരിശീലനം നൽകുന്നതിനുള്ള എസ്റ്റിമേറ്റ് നൽകാൻ KIDS-നെയും ചുമതലപ്പെടുത്തുകയും ചെയ്തു.

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കൽ

182(630) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ ബാധ്യത തീർക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിയമപരമായ ലിക്വിഡേഷൻ നടപടികൾ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയായിട്ടില്ല.

(സി) സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള കുന്നത്തറ ടെക്സ്റ്റൈലിന്റെ ഭൂമി ചുരുങ്ങിയ വിലയ്ക്ക് വിറ്റുപോകാൻ കോടതി നടപടി സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെയും യന്ത്രസാമഗ്രികളുടെയും വില 12.80 കോടി രൂപയാണെന്ന് 24-11-2017-ലെ കത്തുപ്രകാരം സർക്കാർ ഒഫിഷ്യൽ ലിക്വിഡേറ്ററെ അറിയിച്ചിരുന്നു. എന്നാൽ ഒഫിഷ്യൽ ലിക്വിഡേറ്റർ നം.147/24 ആയി സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം Annexure A ആയി നൽകിയ e-auction നോട്ടീസ് പ്രകാരം സ്ഥാപനത്തിന്റെ 4.7179 ഹെക്ടർ (11 ഏക്കർ 65 സെന്റ്) സ്ഥലത്തിനും കെട്ടിടത്തിനുമുള്ള upset price നിശ്ചയിച്ചിട്ടുള്ളത് 4,08,27,700/- (നാല് കോടി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്) രൂപയും Plant & Machinery-യുടെ upset Price 16,76,000/- (പതിനാറ് ലക്ഷത്തി എഴുപത്തി ആറായിരം) രൂപയുമാണെന്ന് അറിയിച്ച സാഹചര്യത്തിൽ

ഒഫിഷ്യൽ ലിക്വിഡേറ്റർ നിശ്ചയിച്ച upset price കുറവായതിനാൽ സർക്കാരിനുള്ള എതിർപ്പ് അഡ്വക്കേറ്റ് ജനറൽ മുഖേന കോടതിയെ അറിയിക്കുന്നതിന് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പുതിയ വ്യവസായ സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ പ്രസ്തുത ഭൂമി കെ.എസ്.ഐ.ഡി.സി.-ക്ക് ഏറ്റെടുക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

പരിഗണനയിലില്ല.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പുതുതായി തുടങ്ങിയ സംരംഭങ്ങൾ

183(631) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 ഡിസംബർ വരെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2021 മുതൽ 2025 ഡിസംബർ വരെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ 2267 എണ്ണം സംരംഭങ്ങൾ പുതുതായി ആരംഭിച്ചു.

(ബി) പുതുതായി തുടങ്ങിയ സംരംഭങ്ങൾക്ക് എത്ര രൂപയുടെ നിക്ഷേപമാണുണ്ടായതെന്നും ഇതിലൂടെ നേരിട്ട് എത്ര പേർക്ക് തൊഴിൽ കിട്ടിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുതുതായി തുടങ്ങിയ സംരംഭങ്ങൾ 153.1 കോടി രൂപയുടെ നിക്ഷേപം നടത്തുകയും അതുവഴി 4972 പേർക്ക് തൊഴിൽ ലഭ്യമായിട്ടുമുണ്ട്.

(സി) സംരംഭം തുടങ്ങിയതിന് സബ്സിഡി ഇനത്തിൽ നിയോജകമണ്ഡലത്തിലെ സംരംഭകർക്ക് എത്ര രൂപ കൊടുക്കാനുണ്ടെന്നും അവ എന്നത്തേക്ക് അനുവദിക്കാനാകുമെന്നും വ്യക്തമാക്കുമോ?

എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതിപ്രകാരം 52821/- രൂപ അനുവദിക്കാനുണ്ട്. സംരംഭക സഹായ പദ്ധതി പ്രകാരമുള്ള നിക്ഷേപക സബ്സിഡി ഇനത്തിൽ 66,35,604/- രൂപ നൽകാനുണ്ട്. മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 2 യൂണിറ്റുകൾക്ക് മൊത്തം 7,92,245/- രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം പലിശ സബ്സിഡി ഇനത്തിൽ 5,91,368/-രൂപയും നൽകാനുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്

പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി

184(632) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കശുവണ്ടി, മുള, കയർ, കൈത്തറി, ഖാദി, കരകൗശല മേഖലകളിൽ തൊഴിൽ സംരക്ഷണം, ഉപജീവന സുരക്ഷ, ആധുനികവൽക്കരണം,

ഉൽപാദനക്ഷമത വർധന, വിപണന സഹായം എന്നിവ ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് അവ നടപ്പാക്കിവരികയാണ്.

കശുവണ്ടി മേഖലയിലെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി “Revival of Small and Medium Scale Cashew Factory Units for Lost Livelihoods” എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ മൂലധന ഗ്രാന്റും പ്രവർത്തന മൂലധന വായ്പകളിലെ പലിശ സബ്സിഡിയും അനുവദിച്ച് യൂണിറ്റുകളുടെ നവീകരണവും തുടർച്ചയായ പ്രവർത്തനവും ഉറപ്പാക്കുന്നു. കൂടാതെ, “Revival, Rejuvenation and Resurrection of Private Cashew Industry Sector” എന്ന പദ്ധതിയിലൂടെ പ്രവർത്തനത്തിലുള്ള യൂണിറ്റുകൾക്ക് ഉൽപാദനവും തൊഴിലവസരങ്ങളും നിലനിർത്തുന്നതിനുള്ള പ്രോത്സാഹനം, സ്ത്രീസൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി/നവീകരണം, ഷെല്ലിങ് യൂണിറ്റുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്ക് സർക്കാർ സഹായം നൽകിവരുന്നു.

കശുവണ്ടി മേഖലയിലെ പൊതുമേഖലയിലും സഹകാര്യമേഖലയിലുമുള്ള സംസ്കരണ ശാലകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അസംസ്കൃതവസ്തുവായ തോട്ടണ്ടി ലഭ്യമാക്കുന്നത് പ്രധാനമായി കണ്ട് ആഭ്യന്തരമായോ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തോ കേരളത്തിലെ കശുവണ്ടി മേഖലയിലെ സംസ്കരണശാലകൾക്ക് ന്യായമായ വിലയ്ക്ക് വാങ്ങി നൽകിക്കൊണ്ട് ടി മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗീക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

കേരളത്തിലെ കയർ വ്യവസായത്തെ സംബന്ധിച്ച പ്രധാന പ്രതിസന്ധി ഗുണമേന്മയുള്ള ചകിരിനാരിന്റെ ലഭ്യതക്കുറവും കയർ സംഘങ്ങൾക്ക് ഉൽപന്നങ്ങളുടെ വില സമയബന്ധിതമായി നൽകാൻ സാധിക്കാത്തതുമാണ്. ഗുണമേന്മയുള്ള ചകിരി സംഘങ്ങൾക്ക് നൽകുന്നതിനായി 5 കോടി രൂപയുള്ള ഫൈബർ ബാങ്ക് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. കയർ സംഘങ്ങൾക്ക് അവരുടെ ഉൽപന്നങ്ങളുടെ വില സമയബന്ധിതമായി നൽകുന്നതിന് 10 കോടി രൂപയുടെ റിവോൾവിങ് ഫണ്ട് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതി നടപ്പാക്കാനുള്ള നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്നു. കയർ തൊഴിലാളികളുടെ ദിവസക്കൂലി 400 രൂപയാക്കി വർധിപ്പിക്കുകയും ടി തുകയുടെ 50% സർക്കാർ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സംഘങ്ങളിൽ സ്ഥാപിച്ച 465 ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളുടെ അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനിവഴി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 4.07 കോടി രൂപയും DF യൂണിറ്റുകൾക്ക് 1.18 കോടി രൂപയും അനുവദിക്കുകയും ഇതുവഴി ചകിരിയുടെ ഉൽപാദനവും തൊഴിൽദിനവും

വർധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീൻ, ഡീഫൈബറിങ് മെഷീൻ എന്നിവയിൽ ജോലി ചെയ്യുന്ന കയർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ക്യാഷ്‌ലെസ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. നൂതനമായ ഡിസൈനുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് National Institute of Design, Bhopal-മായി ചേർന്ന് 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി 3 മാസത്തെ പരിശീലനം നൽകുകയും ഇത്തരത്തിൽ പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു Society രൂപീകരിക്കുകയും ഇവർക്കുവേണ്ടി ഒരു കോമൺ ഫെസിലിറ്റി സെന്റർ രൂപീകരിക്കാൻ 99.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിലൊന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയുംവഴി സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും ഗുണനിലവാരമുള്ള സ്ലൈവർ ഉൽപാദിപ്പിക്കുന്നതിനും സാധിച്ചു.

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ,

ചർക്ക, തറി സ്പെയർ പാർട്സ് വാങ്ങൽ എന്നിവയ്ക്കായി തൃത്തല പഞ്ചായത്തിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നുമുള്ള തുക ഉപയോഗിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചുനൽകുന്നു.

<u>മുള മേഖല</u>

മുള മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സാമൂഹ്യ–സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ – വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതിലൂടെ ഈറ്റ വെട്ടുകാർക്കും പായ നെയ്ത്തുകാർക്കും ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ അധിക ധനസഹായം നേരിട്ട് ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുന്നു. കൂടാതെ “Development of Bamboo Related Industries” എന്ന പദ്ധതിയിലൂടെ മുള അധിഷ്ഠിത കരകൗശല വിദഗ്ധർക്ക് പരിശീലനം, ഉപകരണ സഹായം, ബോധവൽക്കരണം, വിപണന പ്രോത്സാഹനം, Bamboo Innovation Centre പ്രവർത്തനങ്ങൾക്ക് പിന്തുണ എന്നിവ നൽകിവരുന്നു.

ദേശീയ ബാംബൂ മിഷൻ പദ്ധതിയിലൂടെ സ്വകാര്യവും വനമല്ലാത്തതുമായ ഭൂമികളിൽ മുള കൃഷി വ്യാപിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും മുള

അധിഷ്ഠിത സംരംഭകത്വവും മൂല്യവർധിത ഉൽപന്ന നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കരകൗശല മേഖല

കരകൗശല മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപ്പറേഷൻ മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ കരകൗശല ഉൽപന്നങ്ങളുടെ ഉൽപാദനം വർധിപ്പിക്കാനും അവ സംഭരിക്കാനും വിപണനം നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ ഉൽപന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപന്നങ്ങളുടെ മാതൃകകൾ നിർമ്മിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കൊപ്പം പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് പുതിയ ഉൽപന്നങ്ങൾ ഡിസൈൻ ചെയ്യുക, പൊതുസേവന കേന്ദ്രങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപന്നങ്ങൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു.

കരകൗശല വിദഗ്ധർക്കായി "ആശ" എന്ന ഒറ്റത്തവണ ധനസഹായ പദ്ധതി നടപ്പാക്കിവരുന്നു. ഇതിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി പൊതുവിഭാഗങ്ങൾക്കും സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ

വിഭാഗങ്ങൾ, യുവജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കും വർധിത നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു. ഇതോടൊപ്പം സംസ്ഥാനത്തെ അർഹരായ കരകൗശല വിദഗ്ധർക്കായി വാർധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നു.

കെൽപാമുമായി ബന്ധപ്പെട്ട് പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി കരിമ്പന ഉൽപന്നങ്ങളായ പനം കരുപ്പെട്ടി, പനം കൽക്കണ്ടം, നൊങ്ക് എന്നിവയുടെ വിപണനത്തിനായി തിരുവനന്തപുരം നഗരപരിധിയിൽ 12 ബങ്ക് കടകൾ ആരംഭിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും സഹായത്തോടെ കൂടുതൽ ബങ്ക് കടകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

പിന്നാക്കവിഭാഗ വികസന വകുപ്പുമുഖേന പരമ്പരാഗത കരകൗശല തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നവീന ഉപകരണങ്ങൾ വാങ്ങുന്നതിന് ടൂൾകിറ്റ് ഗ്രാന്റ് എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- മറ്റ് പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ്.

• പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

മേൽ പ്രവർത്തനങ്ങൾ കൂടാതെ 60 വയസ്സിന് മുകളിലുള്ള വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത കരകൗശല വിദഗ്ധർക്ക് പ്രതിമാസം 1600/- രൂപ പെൻഷനും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പരമ്പരാഗത വ്യവസായത്തിന്റെ പുരോഗതിക്കായി ബജറ്റിൽ പ്രഖ്യാപിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം

• 2022-23-ൽ 700 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി 220 ലക്ഷം രൂപ നൽകി.

• 2023-24-ൽ 100 ലക്ഷം രൂപ വകയിരുത്തി 43.53 ലക്ഷം രൂപ നൽകി.

• 2024-25-ൽ 200 ലക്ഷം രൂപ വകയിരുത്തി 80 ലക്ഷം രൂപ നൽകി.

• 2025-26-ൽ 200 ലക്ഷം രൂപ വകയിരുത്തി 70 ലക്ഷം രൂപ നൽകി.

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി

• 2023-24-ൽ 3000 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി.

• 2024-25-ൽ 200 ലക്ഷം രൂപ നൽകി.

• 2025-26-ൽ 200 ലക്ഷം രൂപ വകയിരുത്തി 70 ലക്ഷം രൂപ നൽകി.

കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും ഫാക്ടറികളുടെ നവീകരണം,

ആധുനികവൽക്കരണം എന്നിവയ്ക്ക് 6.02 കോടി രൂപയും ബ്രാൻഡ് ബിൽഡിങിന് 2.55 കോടി രൂപയും ഇക്കാലയളവിൽ കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. കാപ്പക്സിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 957 ലക്ഷം രൂപയും ഫാക്ടറികളുടെ നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്ക് 306.57 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിങിന് 54.68 ലക്ഷം രൂപയും ഇക്കാലയളവിൽ കാപ്പക്സിന് അനുവദിച്ചിട്ടുണ്ട്. കശുമാവ് കൃഷി വികസന ഏജൻസിക്ക് ഇക്കാലയളവിൽ 3366 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 1349.38275 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ കാഷ്യൂ ബോർഡിന് 256.51 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

മുള അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം

- 2021-22, 2022-23 വർഷങ്ങളിൽ ഓരോ വർഷവും 120 ലക്ഷം രൂപ വീതം അലോട്ടുചെയ്തു.

- 2023-24 ൽ 120 ലക്ഷം രൂപ വകയിരുത്തി 45.60 ലക്ഷം രൂപ നൽകി.
- 2024-25 ൽ 120 ലക്ഷം രൂപ വകയിരുത്തി 34 ലക്ഷം രൂപ നൽകി.
- 2025-26 ൽ 120 ലക്ഷം രൂപ വകയിരുത്തി 52.50 ലക്ഷം രൂപ നൽകി.

കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം

- 2021-22, 2022-23 വർഷങ്ങളിൽ ഓരോ വർഷവും 50 ലക്ഷം രൂപ അലോട്ടുചെയ്തു.

- 2023-24-ൽ 50 ലക്ഷം രൂപ വകയിരുത്തി 19 ലക്ഷം രൂപ നൽകി.
- 2024-25-ൽ 50 ലക്ഷം രൂപ വകയിരുത്തി 42.45 ലക്ഷം രൂപ നൽകി.

• 2025-26-ൽ 50 ലക്ഷം രൂപ വകയിരുത്തി 50 ലക്ഷം രൂപ നൽകി.

കരകൗശല മേഖലയിൽ പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ

• 2021-22-ൽ 100 ലക്ഷം രൂപ വകയിരുത്തി 50 ലക്ഷം രൂപ നൽകി.
• 2022-23-ൽ 50 ലക്ഷം രൂപ വകയിരുത്തി 39 ലക്ഷം രൂപ നൽകി.
• 2023-24-ൽ 50 ലക്ഷം രൂപ വകയിരുത്തി 40 ലക്ഷം രൂപ നൽകി.
• 2024-25-ൽ 50 ലക്ഷം രൂപ വകയിരുത്തി 30 ലക്ഷം രൂപ നൽകി.
• 2025-26-ൽ 50 ലക്ഷം രൂപ വകയിരുത്തി 4.37 ലക്ഷം രൂപ നൽകി.

കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ASHA)

• 2021-22-ൽ 65 ലക്ഷം രൂപ വകയിരുത്തി 15 ലക്ഷം രൂപ നൽകി.
• 2022-23-ൽ 30 ലക്ഷം രൂപ വകയിരുത്തി 17.17 ലക്ഷം രൂപ നൽകി.
• 2023-24-ൽ 30 ലക്ഷം രൂപ വകയിരുത്തി 11.40 ലക്ഷം രൂപ നൽകി.
• 2024-25-ൽ 30 ലക്ഷം രൂപ വകയിരുത്തി 15 ലക്ഷം രൂപ നൽകി.
• 2025-26-ൽ 30 ലക്ഷം രൂപ വകയിരുത്തി 10.50 ലക്ഷം രൂപ നൽകി.

National Bamboo Mission (കേന്ദ്ര–സംസ്ഥാന പങ്കാളിത്ത പദ്ധതി)

• 2024-25-ൽ 80 ലക്ഷം രൂപ ബജറ്റ് വകയിരുത്തിയതിൽ 101.66 ലക്ഷം രൂപ (കേന്ദ്ര വിഹിതം 61 ലക്ഷം രൂപ, സംസ്ഥാന വിഹിതം 40.66 ലക്ഷം രൂപ) നൽകി.

• 2025-26-ൽ 80 ലക്ഷം രൂപ ബജറ്റ് വകയിരുത്തിയതിൽ ആകെ 468.45 ലക്ഷം രൂപ (കേന്ദ്ര വിഹിതം 281.07 ലക്ഷം രൂപ, സംസ്ഥാന വിഹിതം 187.38 ലക്ഷം രൂപ) നൽകി.

പരമ്പരാഗത സ്വർണ്ണപണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം

- 2023-24 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 20 ലക്ഷം രൂപയും വിതരണം ചെയ്തു.

മുള മേഖലയ്ക്കായി മാറനല്ലൂരിൽ സ്ഥാപിക്കുന്ന പൊതുസേവന കേന്ദ്രം

- 2023-24 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 200 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ വിതരണം ചെയ്തു.

പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായമായി 2021-22 സാമ്പത്തികവർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ 15.53 കോടി രൂപ ബജറ്റ് വിഹിതത്തിൽ വകയിരുത്തുകയും അതിൽനിന്ന് 8.387 കോടി രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ 1.6 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 14 ലക്ഷം രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കയർ വ്യവസായവുമായി ബന്ധപ്പെട്ട് 71226.31 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 42715.93 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഖാദി വ്യവസായത്തിന്റെ പുരോഗതിക്കായി 15280 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 9601.31 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി

വ്യവസായവുമായി ബന്ധപ്പെട്ട് ഇക്കാലയളവിൽ 20988 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 12022.31 ലക്ഷം രൂപ (അഡീഷണൽ ഓതറൈസേഷൻ അടക്കം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇക്കാലയളവിൽ 545 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 412.3645 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പനയോല, ഈറ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഈ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനും മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബു മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- മുള അധിഷ്ഠിത കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം.
- കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപന്ന ഗുണമേന്മ എന്നിവ വർധിപ്പിക്കുന്നതിനായുള്ള പരിശീലനം.
- പരിശീലകർക്കുള്ള പരിശീലന പരിപാടി.
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം.

- പുതുമയാർന്ന ഉൽപന്നങ്ങളുടെ രൂപീകരണത്തിനുള്ള പ്രോത്സാഹനം.
- മുള അനുബന്ധ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ-അന്തർദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കൽ.
- വിവിധ ബോധവൽക്കരണ പരിപാടികൾ.

കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുന്നത് ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂമിഷനാണ്. വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി കേരളത്തിൽ സംസ്ഥാന ബാംബൂ മിഷൻ എൻ.ജി.ഒ./സൊസൈറ്റി/ഗ്രൂപ്പുകൾ മുഖേന മുള കൊണ്ട് കരകൗശല വസ്തു നിർമ്മാണ മേഖലയിൽ വിവിധതരം പരിശീലന പരിപാടികൾ നൽകിവരുന്നു.

എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. മുള കരകൗശല പ്രവർത്തകർക്ക് അവരുടെ സ്വന്തം ഉൽപന്നങ്ങൾ നേരിട്ട് വില്പന നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കുകയെന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. മുള അധിഷ്ഠിത ഉൽപന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുള കരകൗശല തൊഴിലാളികൾ/ഗ്രൂപ്പുകൾ/

എൻ.ജി.ഒ./സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തുവരുന്നു. മുള വ്യവസായത്തെ പരമ്പരാഗതത്തിൽ നിന്നും സമകാലിക കാഴ്ചപ്പാടുകളിലേക്ക് മാറ്റാനും ആഗോള വിപണിയിൽ ഉൽപന്നങ്ങൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കാനും ഇത് കരകൗശല വിദഗ്ധരെ സഹായിക്കുന്നു. 22-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ 2025 ഡിസംബർ മുതൽ 2026 ജനുവരി മാസം 1-ാം തീയതി വരെ സംഘടിപ്പിച്ചു.

(ഡി) പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ മാറ്റുന്നതിനായി വനം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി അഞ്ച് വർഷം കൂടുമ്പോൾ പുതുക്കി വരാറുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് വനങ്ങളിൽ നിന്നുള്ള ഈറ്റ ശേഖരണം നടത്തിവരുന്നത്. നിലവിലുണ്ടായിരുന്ന കരാർ 31-10-2025-ന് കാലാവധി പൂർത്തിയായിട്ടുണ്ട്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത മേഖലയെന്ന നിലയിൽ ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് മുള, ഈറ്റ എന്നിവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾക്ക് ആഭ്യന്തരവും ആഗോളവുമായ വിപണികളിൽ വർധിച്ച സ്വീകാര്യത ലഭിച്ചുവരുന്ന സാഹചര്യത്തിൽ മേന്മയേറിയ ഉൽപന്നങ്ങളുടെ ഉൽപാദനത്തിനും വിപണനത്തിനും സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നു.

പരമ്പരാഗത വ്യവസായങ്ങൾ

185(633) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കയർ, കൈത്തറി, കശുവണ്ടി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും ഈ മേഖലകളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കയർ മേഖലയിൽ യന്ത്രവൽക്കരണത്തിലൂടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിപണിക്കാവശ്യമായ നവീന ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കാൻ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ/പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ചകിരിച്ചോറിൽ നിന്നുള്ള ഉൽപന്നങ്ങൾ കയർഫെഡ് വഴിയും കയർ സംഘങ്ങൾ വഴിയും

ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. കയർ ഭ്രവസ്തുത്തിന്റെ വിനിയോഗം വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പാക്കിവരുന്നു.

അസംസ്കൃത വസ്തുവായ ചകിരി നാരിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും സമയബന്ധിതമായി ആവശ്യമായ അളവിൽ ചകിരിനാര് ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ കയർ വകുപ്പിന് കീഴിൽ ഏകോപിപ്പിച്ച് നടപ്പാക്കിവരുന്നു.

1. കയർ ഫൈബർ ബാങ്ക് പദ്ധതി.
2. കയർ റിവോൾവിങ് ഫണ്ട് പദ്ധതി.
3. വരുമാനം ഉറപ്പാക്കൽ പദ്ധതി.
4. പ്രവർത്തന മൂലധനം.
5. DF യൂണിറ്റുകൾ, ASM യൂണിറ്റുകൾ, ചെറുകിട തറി ഉടമകളുടെ തറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ.
6. മാനേജീരിയൽ സബ്സിഡി.
7. ഇൻവെസ്റ്റ്മെന്റ് സബ്സിഡി & വൈദ്യുതി സബ്സിഡി.
8. ഉൽപാദനവും വിപണന പ്രചോദനവും പദ്ധതി.
9. വിപണി വികസന സഹായ പദ്ധതി.
10. ക്രയവില സ്ഥിരതാ പദ്ധതി.
11. ഗ്രാറ്റുവിറ്റി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
12. വൈവിധ്യവൽക്കരണം.
13. ഇൻഷ്വറൻസ് പദ്ധതി.
14. ക്ഷേമനിധി വിരമിക്കൽ അനുകല്യം.

കയർ തൊഴിലാളികളുടെ ദിവസക്കൂലി 400 രൂപയാക്കി വർധിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. വർധിപ്പിച്ച തുകയുടെ 50% സർക്കാർ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

2) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

3) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി).

7) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി.

8) കൈത്തറി ഗ്രാമം/സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക.

9) കാഞ്ഞിരോട് കൈത്തറി ഗ്രാമം/ ഹാൻഡ്ലൂം വില്ലേജ്.

10) കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

11) കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി (പുതിയത്).

12) വിപണന - കയറ്റുമതി പ്രോത്സാഹനം.

13) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും.

14) പരിശീലന, വൈദഗ്ധ്യശേഷി വികസന പരിപാടി

15) ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി).

16) അംശദാന മിതവ്യയ പദ്ധതി.

17) റിബേറ്റ് പദ്ധതി.

18) മാർക്കറ്റിങ് ഇൻസെന്റീവ്.

19) സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ്സ് പ്രോഗ്രാം.

20) കേരള കൈത്തറി ബ്രാൻഡിങ് & 'ക' എന്ന ലോഗോ.

21) നാടുകാണി ടെക്സ്റ്റൈൽ ഡൈയിങ് ആൻഡ് പ്രിന്റിങ് സെന്റർ.

22) ഡിസൈൻ സ്റ്റുഡിയോ.

23) ഇൻകം സപ്പോർട്ട് സ്കീം.

കൂടാതെ കൈത്തറി മേഖലയിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനായി ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിലൂടെയും കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയുടെ ഭാഗമായി സാങ്കേതിക മേന്മ വർധിപ്പിക്കുന്നതിലൂടെയും (Technology Upgradation) നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിലൂടെയും സാധിക്കുന്നു.

കശുവണ്ടി മേഖലയിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള സംസ്കരണശാലകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടി ആഭ്യന്തരമായും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തോ വാങ്ങിയോ കേരളത്തിലെ കശുവണ്ടി മേഖലയിലെ സംസ്കരണശാലകൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കി ടി മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി ഗവൺമെന്റ് അനുവദിച്ചുനൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

2025 വർഷം പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 127 ദിവസത്തെ ജോലിയാണ് നൽകിയിട്ടുള്ളത്. ഈ വർഷവും തുടർച്ചയായി കോർപ്പറേഷനിൽ ജോലി നടന്നുവരുന്നു. കാഷ്യൂ ബോർഡ് മുഖാന്തരം 2025 വർഷം ലഭിച്ച ഏകദേശം 13,610 MT തോട്ടണ്ടി ഉപയോഗിച്ചാണ് നാളിതുവരെ ജോലി നൽകിയിട്ടുള്ളത്. നിലവിൽ കോർപ്പറേഷനിൽ ഏകദേശം 3,691.935 MT തോട്ടണ്ടി സ്റ്റോക്കുണ്ട്. ഈ തോട്ടണ്ടി ഉപയോഗിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി 2026 ഏപ്രിൽ മാസം വരെ ജോലി നൽകാൻ കഴിയുന്നതാണ്. തുടർന്നും കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകാൻ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി മേഖലയിലെ ചെറുതും ഇടത്തരവുമായ ഫാക്ടറി യൂണിറ്റുകളുടെ പ്രവർത്തന തുടർച്ചയും തൊഴിൽ സംരക്ഷണവും ഉറപ്പാക്കുന്നതിനായി 'Revival of Small and Medium Scale Cashew Factory Units for Lost Livelihood' എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തനക്ഷമമായ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് മൂലധന ഗ്രാന്റും പ്രവർത്തന മൂലധനത്തിനായി എടുത്ത വായ്പകളിലെ പലിശയ്ക്ക് സബ്സിഡിയും അനുവദിച്ച് ഉൽപാദനക്ഷമത വർധിപ്പിക്കുകയും തൊഴിലവസരങ്ങൾ നിലനിർത്തുകയും ചെയ്യുകയാണ് ലക്ഷ്യം.

കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്ര പുനരുജ്ജീവനം സാധ്യമാക്കുന്നതിനായി 'Revival, Rejuvenation and Resurrection of Private Cashew Industry Sector' എന്ന പദ്ധതിയും സർക്കാർ

നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ നിലവിൽ പ്രവർത്തിക്കുന്ന പ്രോസ്സസിങ് യൂണിറ്റുകൾക്ക് പ്രവർത്തനബന്ധിത പ്രോത്സാഹനം, സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും നവീകരണവും ഷെല്ലിങ് യൂണിറ്റുകളുടെ ആധുനികവൽക്കരണവും ലക്ഷ്യമിടുന്നു.

ബാങ്കുകളിൽ നിന്ന് ലോണെടുത്ത് എൻ.പി.എ.-ആയ കശുവണ്ടി ഫാക്ടറികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി OTS നടപ്പാക്കിവരുന്നു. 08-06-2023-ലെ സ.ഉ. (സാധാ)നം.542/23/ഐ.ഡി. പ്രകാരം പ്രസ്തുത വൺ ടൈം സെറ്റിൽമെന്റ് ഫോർമുലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി 09-02-2024-ൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 23% കൂലി വർധനവാണ് ഇപ്രകാരം 12-02-2024 മുതൽ നടപ്പാക്കിയിട്ടുള്ളത്.

കേരളത്തിലെ പരമ്പരാഗത വ്യവസായമായ Drum Roast cashew-ന് ഭൗമസൂചികാ പദവി നേടുന്നതിനായി രജിസ്ട്രേഷനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തോട്ടണ്ടിയുടെ ആഗോള കമ്പോളവിലയും ആഭ്യന്തര വിപണിയിൽ കർഷകർ വിൽക്കുന്ന വിലയും ഉയർന്ന് നിൽക്കുന്ന സാഹചര്യത്തിൽ വിലനിർണ്ണയ സമിതിയുടെ യോഗം 11-03-2025-ൽ കൂടുകയും വില 140 രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഇക്കൊല്ലത്തെ തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി മേഖലയെ കാലാനുസൃതമായി നവീകരിച്ചും വൈവിധ്യവൽക്കരിച്ചും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചും ഖാദി മേഖലയുടെ പ്രവർത്തനം വിലയിരുത്തി ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഖാദി ബോർഡ് സ്വീകരിച്ചുവരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിൽ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചുനൽകുന്നുണ്ട്. ഇതിനുപുറമെ തൊഴിലാളികൾക്ക് ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവയും നൽകിവരുന്നു.

ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിച്ചതുവഴി ഗുണനിലവാരമുള്ള സ്ലൈവർ ഉൽപാദിപ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഖാദി മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനുമായി ചർക്കകളിലും തറികളിലും സാധ്യമാകുന്ന നവീകരണം നടത്തുന്നതിനായി മദ്രാസ് IIT-യിലെ RuTAG (Rural Technology Action group) വിഭാഗത്തെ ചുമതലപ്പെടുത്തി. ഖാദി മേഖല ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രിവൻ മെക്കാനിസമുള്ള ചർക്കകൾ പുറത്തിറക്കി ആയത്

വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി സ്വദേശി 2.0 എന്ന ഫാഷൻ ഷോ സംഘടിപ്പിച്ചു. ടി ഫാഷൻ ഷോയിൽ കരുമാല്ലൂർ ഖാദി സാരിയും അഭിഭാഷക കോട്ടും വിപണിയിലിറക്കി. ഖാദി ഉൽപന്നങ്ങളുടെ വിപണി വിപുലികരിക്കുക എന്ന ലക്ഷ്യത്തോടെ B-Senz എന്ന സ്ഥാപനം KHADI TRENDS AND VIBES എന്ന പേരിൽ ഡിജിറ്റൽ മാർക്കറ്റിങ് ആരംഭിച്ചു. കേരള ഖാദി എന്ന Online App ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഇ-ടെൻഡർ കൂടാതെ സർക്കാർ വകുപ്പുകൾക്ക് ഖാദി ഉൽപന്നങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് നൽകി സർക്കാർ ഉത്തരവായിരുന്നു. കൂടാതെ ഖാദി ഉൽപന്നങ്ങളുടെ വിപണനം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് ഖാദി കോർണർ എന്ന പദ്ധതി വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേരള ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ ബാംബൂ ഇന്നവേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ - വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി.

പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പ്പണി, സ്വർണ്ണപ്പണി, മേസ്തിരിപ്പണി, ചെമ്പ്-ഓട്ട് പാത്ര നിർമ്മാണം തുടങ്ങിയ തൊഴിൽ വിഭാഗത്തിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്ഥാപിതമായ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആർട്ടിസാന്മാർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഉൽപന്ന പ്രദർശനവും വില്പന ശാലകൾ വഴി ന്യായമായ വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ നാശോന്മുഖമായ ഈ തൊഴിലുകളെ പുനരുജ്ജീവിപ്പിച്ച് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. NBCFDC സഹായത്തോടെ ചെറുകിട സംരംഭക യൂണിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നുണ്ട്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്, ഗോൾഡ് അപ്രൈസർ ട്രെയിനിങ് കോഴ്സ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനും ഈ മേഖലയിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനുമായി കരകൗശല വികസന കോർപ്പറേഷൻ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും പുതിയ ഉൽപന്നങ്ങളുടെ ഡിസൈനുകളും മാതൃകകളും സൃഷ്ടിക്കുകയും പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

കൂടാതെ പിന്നാക്ക വിഭാഗത്തിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ തൊഴിലുകൾ സംരക്ഷിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.

2. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം.

3. പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ) നടപ്പാക്കിവരുന്നു. സംരംഭം ആരംഭിച്ച ശേഷം ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. കേന്ദ്ര കരകൗശല വികസന കമ്മിഷണറുടെ ഓഫീസ്, സുരഭി, കെ.എസ്.ബി.സി., കാഡ്കോ, എച്ച്.ഡി.സി.കെ., കെൽപാം എന്നിവിടങ്ങളിൽ

രജിസ്റ്റർ ചെയ്ത കരകൗശല വിദഗ്ധർക്കാണ് പദ്ധതി പ്രയോജനം ലഭിക്കുന്നത്. പൊതുവിഭാഗങ്ങൾക്ക് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി പരമാവധി 5 ലക്ഷം രൂപ വരെ (40%) സഹായം നൽകുന്നു. സ്ത്രീകൾ, SC/ST, യുവതി–യുവാക്കൾ, ഭിന്നശേഷിക്കാർ എന്നിവർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി പരമാവധി 7.5 ലക്ഷം രൂപ വരെ (50%) സഹായം അനുവദിക്കുന്നു. ബാങ്കുമായി ബന്ധപ്പെടുത്തി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് ആശ പദ്ധതി ലക്ഷ്യമിടുന്നത്. പരമ്പരാഗതമായി കയർ വ്യവസായ മേഖലയിലെ തൊഴിലാളികളിൽ 85 ശതമാനവും സ്ത്രീ തൊഴിലാളികളാണ്. ആയതിനാൽ കയർ വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെയുള്ള അനുകൂല്യങ്ങൾ സ്ത്രീ തൊഴിലാളികൾക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിപണി മൂല്യമുള്ള കയർ ഉൽപന്നങ്ങൾ നവീന ഡിസൈനുകളിൽ ഉൽപാദിപ്പിച്ചെടുക്കുന്നതിന് പ്രാപ്തമാക്കും വിധം പരിശീലന/നൈപുണ്യ, വികസന പരിപാടികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID Bhopal)-ന്റെ സഹകരണത്തോടെ കയർ കോർപ്പറേഷൻ നടപ്പാക്കിവരുന്നു. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദ്യഘട്ടമായി 450 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകി ഒപ്പം പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി, ഒരു കോമൺ

ഫെസിലിറ്റി സർവീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പരിശീലനവും മാനേജ്മെന്റിനുമായി 62.65 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്

യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ലൂമുകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്നതിന് പുതിയ തലമുറയെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ/ സംരംഭകർ/എൻ.ജി.ഒ./എസ്.എച്ച്.ജി. എന്നിവരുടെ ഉൽപന്നത്തിന്റെ വിപണനം വർധിപ്പിക്കുന്നതിനും കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസ് പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

22-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ 2025 ഡിസംബർ മുതൽ 2026 ജനുവരി 1 വരെ സംഘടിപ്പിച്ചു.

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി 15-11-2017-ലെ സ.ഉ.(സാധാ) 564/2017/വ്യവ. നം. ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ

ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് യുവവീവ്. തൊഴിൽരഹിതരായ 18-നും 40-നും മധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. പരിശീലനത്തിനുശേഷം ഇവർക്ക് കൈത്തറി ഡയറക്ട്രേറ്റിൽ ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാ ക്രമത്തിൽ സൗജന്യമായി തറികളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ച് നൽകുകയും ചെയ്യും. 5 വർഷത്തോളം ഈ പദ്ധതിപ്രകാരം നെയ്ത്ത് പ്രവൃത്തി എടുക്കുന്ന വ്യക്തിക്ക് കൈത്തറി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. 18-നും 40-നും മധ്യേ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള യുവതീ യുവാക്കളെ കുടുംബശ്രീ മിഷൻ മുഖേനയാണ് പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നത്.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായമായ ഖാദി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ഖാദി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂൽപ് നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർധിപ്പിക്കുന്നതിനും ഖാദിബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങൾ ഖാദി വസ്ത്രങ്ങളിൽ വരുത്തി. റെഡിമെയ്ഡ് വസ്ത്രങ്ങളിൽ വൈവിധ്യവൽക്കരണം വരുത്തുന്നതിനായി ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു.

പുതുതലമുറയെ ആകർഷിക്കത്തക്ക വിധത്തിലുള്ള വൈവിധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ, ഖാദി കസവ് സാരികൾ, വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയർ, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ്, അങ്കണവാടി യൂണിഫോം, ടീച്ചേഴ്സ് അപ്രോൺ, ഡോക്ടർമാരുടെ കോട്ട്, കാക്കി യൂണിഫോം തുടങ്ങിയവയും പരമ്പരാഗത രീതിയിലുള്ള ഖാദി വസ്ത്രങ്ങളും ആയുർവേദ സസ്യങ്ങൾ, പഴങ്ങൾ, മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവയിൽനിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് പ്രകൃതിദത്ത നിറമുള്ള "നാച്വറൽ സ്കിൻ കെയർ" ഖാദി വസ്ത്രങ്ങൾ എന്നിവ വിപണിയിൽ ഇറക്കി.

ഖാദി ബോർഡിനുവേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിന് ഷോപ്പിങ് കാർട്ട് മൊബൈൽ ആപ്ലിക്കേഷൻ “Khadi Kerala” എന്ന പേരിൽ സജ്ജമാക്കി.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏഴ് വ്യത്യസ്ത രുചികളിലുള്ള കാർബണേറ്റഡ് സോഫ്റ്റ്ഡ്രിങ്ക് ഉൽപാദനം ലക്ഷ്യമാക്കി സെമി ഓട്ടോമാറ്റിക് പെറ്റ്ബോട്ടിൽ യൂണിറ്റ് കെൽപാം സ്ഥാപിച്ചു. കൂടാതെ ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് സ്ഥാപിച്ചു. പ്ലാന്റ് പ്രവർത്തനത്തിന് തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100-KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്റർ സ്ഥാപിച്ചു, സെക്യൂരിറ്റി ഓഫീസ് മന്ദിരം നിർമ്മിച്ചു. ഫാക്ടറി നവീകരണം നടത്തി. പ്ലാന്റ് നവീകരണത്തിന്റെ (മോഡേണൈസേഷൻ & എക്സ്പാൻഷൻ ഓഫ് എക്സിസ്റ്റിങ് പ്ലാന്റ്) ഭാഗമായി ചില സുപ്രധാന മെഷിനറികൾ മാറ്റി സ്ഥാപിച്ച് കാര്യക്ഷമത വർധിപ്പിക്കാനുള്ള

നടപടിക്രമങ്ങൾ നടന്നുവരുന്നു. കരിമ്പന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും കെൽപാം സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ കാപ്പെക്സ് പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്നുവെങ്കിലും പുതുതലമുറയെ ആകർഷിക്കുന്ന രീതിയിൽ ഭാഗിക യന്ത്രവൽക്കരണം ഫാക്ടറികളിൽ നടത്തിയിട്ടുണ്ട്. 95% സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ വ്യവസായത്തിൽ തൊഴിലാളികൾക്ക് ആയാസരഹിതമായി ജോലി ചെയ്യുന്നതിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുമുള്ള യന്ത്രവൽക്കരണമാണ് കാപ്പെക്സ് നടപ്പിൽ വരുത്തിയിട്ടുള്ളത്. അതുപോലെ പീലിങ്, ഗ്രേഡിങ് വിഭാഗങ്ങളിൽ നിലത്തിരുന്ന് ജോലി ചെയ്യുന്നതിനുപകരം ഇപ്പോൾ കസേരകളിൽ ഇരുന്ന് പ്രസ്തുത ജോലിക്കായി പ്രത്യേകം ഡിസൈൻ ചെയ്ത മേശകളിൽ ജോലി ചെയ്യാം. ഷെല്ലിങിന് പകരം കട്ടിങ് മെഷീനായപ്പോൾ കൈകൾ വൃത്തികേടാകാതെ സംരക്ഷിച്ച് ജോലി ചെയ്യാൻ സാധിക്കുന്നു. പായ്ക്കിങ് വിഭാഗത്തിലും ആധുനിക മെഷീനിൽ പായ്ക്ക് ചെയ്യാൻ സാധിക്കുന്നു. കൂടാതെ 2024 ഫെബ്രുവരിയിൽ തൊഴിലാളികളുടെ വേതനം 23% വർധിപ്പിച്ചതും പുതുതലമുറയെ ആകർഷിക്കാൻ പാകത്തിലുള്ളതാണ്. ഈ സാഹചര്യത്തിലും പരമാവധി തൊഴിൽ ദിനങ്ങൾ നൽകി ഇ.എസ്.ഐ. ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി കാപ്പെക്സ് പ്രവർത്തിക്കുന്നു.

പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ 4 ഫാക്ടറികളിൽ fully mechanized processing സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കോർപ്പറേഷനിലെ മാർക്കറ്റിങ് സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള സെയിൽസ് ഔട്ട്‌ലെറ്റുകളിലേക്കും മറ്റും പുതിയ തലമുറയിൽപ്പെട്ടവരെ കൂടുതൽ ആകർഷകമാക്കുന്ന തരത്തിൽ വിപണനത്തിന് അനുസരിച്ച് മികച്ച ഇൻസെന്റീവ് ഉൾപ്പെടെ നൽകുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പ്രോസ്സസിങ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകുക വഴി ഉൽപാദനക്ഷമത വർധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിലാണ് സ്ത്രീ-സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കരകൗശല മേഖലയിൽ പുതിയ തലമുറയെ ആകർഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നു. കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. സർക്കാർ സഹായത്തോടെ വിവിധ ക്രാഫ്റ്റുകൾ നിർമ്മിക്കുന്നതിൽ പരിശീലനം നൽകുക, പുതിയ ഉൽപന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന

കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെട്ട മരപ്പണി, ഇരുമ്പുപണി, കൽപ്പണി, സ്വർണ്ണപ്പണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം മുതലായ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാരെ ഒറ്റക്കുടക്കീഴിൽ കൊണ്ട് വരുന്നതിനായി ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി കാഡ്കോ നടപ്പാക്കിയിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാർക്ക് അവരവരുടെ താമസ സ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗോൾഡ് അപ്രൈസർ ട്രെയിനിങ് കോഴ്സ് നടപ്പാക്കുന്നതിനുള്ള നടപടി കാഡ്കോ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ONDC Platform, GEM Platform എന്നിവ മുഖേന ഉൽപന്ന വിപണനം നടത്തുന്നതിന് സഹായിക്കുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ

സഹായം നൽകാനും വ്യവസായ വാണിജ്യ ഡയറക്ടേറ്റ് മുഖേന സർക്കാർ നടപ്പാക്കുന്ന ആശ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

മാവേലിക്കര നിയോജകമണ്ഡലത്തിലെ കശുവണ്ടി വ്യവസായം

186(634)ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ കശുവണ്ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും അനുവദിച്ച തുകയും വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 2 ഫാക്ടറികൾ (ഫാക്ടറി നം. 7-നൂറനാട്, ഫാക്ടറി നം. 24 കരിമുളയ്ക്കൽ) ഉൾപ്പെടെ ആകെ 9 കശുവണ്ടി ഫാക്ടറികളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

തോട്ടണ്ടിയുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രസ്തുത ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കെ.എസ്.സി.ഡി.സി.-യുടെ കീഴിലുള്ള ഫാക്ടറികളുടെ ഭൗതിക സാഹചര്യവും പ്രവർത്തനവും കശുവണ്ടിപ്പരിപ്പിന്റെ വിപണനവും മെച്ചപ്പെടുത്തുന്നതിനായി രണ്ട് പദ്ധതികളാണ് കശുവണ്ടി വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നത്.

1. കെ.എസ്.സി.ഡി.സി. ഫാക്ടറികളുടെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും.

2. സി.ഡി.സി. ബ്രാൻഡ് ബിൽഡിങ്

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി 23% എന്ന നിരക്കിൽ വർധിപ്പിച്ച് സർക്കാർ 12-02-2024-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട്, കരിമുളയ്ക്കൽ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി കോർപ്പറേഷൻ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

നൂറനാട്

വർഷം	നിർമ്മാണ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക (രൂപ)
2019-20	ക്രഷ്, ഡൈനിങ്, സെക്യൂരിറ്റി	6707475.05
2020-21	ഡ്രയിങ് യാർഡ്	859238.38
2022-23	ജെന്റ്സ് ടോയ്ലറ്റ്	128411.50
2023-24	ഗോഡൗൺ	1016825.09
ആകെ		**8711950.02**

കരിമുളയ്ക്കൽ

വർഷം	നിർമ്മാണ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക (രൂപ)
2019-20	ഗോഡൗൺ, ഓഫീസ്, മതിൽ	3710031.57
2021-22	ബോർമ്മ ഷെഡ് നവീകരിക്കൽ	655619.58
2023-24	ക്രഷ്, ഡൈനിങ് ഹാൾ	1461199.76
2023-24	മതിൽ	159641.35
ആകെ		**5986492.26**

പൊതുമേഖലയിലെ രണ്ട് ഫാക്ടറികൾക്കുപുറമെ 7 കശുവണ്ടി ഫാക്ടറികൾ സ്വകാര്യ മേഖലയിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണം (Scheme for Capital Grants & Interest Subvention to Small and Medium Cashew factory Units for rebuilding lost livelihood).

2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം പുനരുദ്ധാരണം പദ്ധതി (Revival, Rejuvenation and Resurrection of private Cashew Sector).

3. പ്രവർത്തനം നിലച്ച ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണ പദ്ധതി (Revival and Rehabilitation scheme for Defunct MSMEs and Cashew processing units).

4. സംരംഭകത്വ സഹായ പദ്ധതി.

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി നടപ്പാക്കി.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ 9 ഫാക്ടറികൾ പ്രവർത്തിക്കുന്നു. അവ ചുവടെ ചേർക്കുന്നു.

1. KSCDC ഫാക്ടറി നം.24, കരിമുളക്കൽ.

2. KSCDC ഫാക്ടറി നം.7, നൂറനാട്.

3. സൈനൽ കാഷ്യൂസ്, വള്ളിക്കുന്നം.

4. സാരംഗി കാഷ്യൂസ്, ആദിക്കാട്ട് കുളങ്ങര.

5. ടീ നട്ട്സ് & ഫ്രൂട്ട്സ്, വള്ളിക്കുന്നം.

6. ദൈവസഹായം കാഷ്യൂ ഫാക്ടറി, നൂറനാട്.

7. മുല്ലശ്ശേരിൽ കാഷ്യൂസ്, പള്ളിക്കൽ.

8. കിരൺ കാഷ്യൂസ്, താമരക്കുളം.

9. ചെമ്പരത്തിൽ കാഷ്യൂസ്, മാങ്കാംകുഴി.

കൊച്ചി – ബെംഗളൂരു വ്യവസായ ഇടനാഴി

187(635) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ?

കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പ്രോജക്ട് ചെന്നൈ ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ എക്സ്റ്റൻഷനായി കേന്ദ്രസർക്കാർ അംഗീകരിച്ചു. ഈ കോറിഡോറിന്റെ ആദ്യ നോഡായാണ് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്റേഴ്സ് (IMC) പാലക്കാട് വികസിപ്പിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സഹായ കരാറും (State Support Agreement SSA) ഓഹരി ഉടമ കരാറും (Shareholder agreement SHA) 2020 ഒക്ടോബർ 22-ന് ഒപ്പുവച്ചു. കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിനുവേണ്ടി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) - കേരള സർക്കാരിനുവേണ്ടി - KINFRA എന്നിവർ 50:50 ഓഹരി പങ്കാളിത്തത്തിൽ കേരള

ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KICDC) എന്ന SPV രൂപീകരിച്ചു. KICDC 2021 ഏപ്രിൽ 21-ന് സ്ഥാപിതമായി.

നോഡ് 1, ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്റർ (IMC) പാലക്കാട്, പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) എന്നീ മൂന്ന് ലാൻഡ് പാർസലുകളിലായി 1710 ഏക്കറിൽ വികസിപ്പിക്കും.

ഏകദേശം ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ, ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് സർക്കാരിന് ചെലവ് കണക്കാക്കിയിരിക്കുന്നത്. അടിസ്ഥാനസൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിനായി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതമാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. ഐ.എം.സി. പാലക്കാട് യാഥാർഥ്യമാകുമ്പോൾ പാലക്കാട് ഒരു ഇൻഡസ്ട്രിയൽ സ്മാർട്ട് ടൗൺഷിപ്പായി മാറുന്നതാണ്.

(ബി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് സർക്കാരിന് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും

കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നിർവഹണം നിരീക്ഷിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടന്റായി Egis India Consulting Engineer Pvt. Ltd. (Egis Villes & Transport എന്നിവരുമായി ചേർന്ന കോൺസോർഷ്യം) 02-05-2025-ന് നിയമിച്ചു.

നിലവിൽ (Phase-1 Pudussery Central & Kannambra) പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള പാക്കേജ്-1 ടെൻഡർ നടപടികൾ പൂർത്തിയാക്കി, 2025 സെപ്റ്റംബർ 24-ന് ദിലീപ് ബിൽഡ് കോൺ ലിമിറ്റഡ് + PSP പ്രോജക്ട്സ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചറിന് അവാർഡ് ചെയ്തു. GST ഉൾപ്പെടെ 1316.13 കോടി രൂപയാണ് അവാർഡ് തുക. കരാർപ്രകാരം നിർമ്മാണ പ്രവൃത്തികൾ 42 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഈ പദ്ധതി March 2029-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ബയോ കണക്ട് കോൺക്ലേവ് 3.0

188(636) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ സംഘടിപ്പിച്ച കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ജീവശാസ്ത്രം, ബയോടെക്നോളജി, ആരോഗ്യപരിചരണം എന്നീ മേഖലകളിൽ കേരളത്തെ ഒരു മുൻനിര കേന്ദ്രമായി ഉയർത്തുന്നതിൽ സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള, ബയോ കണക്ട് തുടങ്ങിയ കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആഗോള വ്യവസായ നേതാക്കളെയും നിക്ഷേപകരെയും നയരൂപകരെയും സ്റ്റാർട്ടപ്പുകളെയും ഗവേഷണ സ്ഥാപനങ്ങളെയും ഒരേ വേദിയിൽ ഒന്നിപ്പിക്കുന്ന ഈ പരിപാടി വിജ്ഞാനവിനിമയത്തിനും സാങ്കേതിക കൈമാറ്റത്തിനും വ്യവസായ–അക്കാദമിക് സഹകരണത്തിനും വഴിയൊരുക്കുന്നു. കേരളത്തിന്റെ ആധുനിക അടിസ്ഥാനസൗകര്യങ്ങളും പ്രഗത്ഭമായ മാനവശേഷിയും അനുകൂല നയാന്തരീക്ഷവും ആഗോളതലത്തിൽ അവതരിപ്പിക്കുന്നതിലൂടെ നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും നവീകരണാധിഷ്ഠിത സംരംഭങ്ങളുടെ വളർച്ചയ്ക്കും ഗവേഷണഫലങ്ങളുടെ വാണിജ്യവൽക്കരണത്തിനും ഊർജം നൽകുകയും ചെയ്യുന്നു.

സാമ്പത്തികമായി, നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലൂടെയും പുതിയ വ്യവസായ പദ്ധതികൾക്ക് വഴി തുറക്കുന്നതിലൂടെയും ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും കയറ്റുമതി വർധിക്കുകയും സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-ലേക്കുള്ള ബയോടെക്നോളജിയുടെ സംഭാവന ശക്തിപ്പെടുകയും ചെയ്യുന്നു. ഇതുവഴി കേരളത്തിൽ ഒരു

സുസ്ഥിരവും നവീകരണാധിഷ്ഠിതവുമായ സമ്പദ്‌വ്യവസ്ഥ രൂപപ്പെടുന്നതിൽ കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും നിർണ്ണായക പങ്ക് വഹിക്കുന്നു.

(ബി) ലൈഫ് സയൻസസ് മേഖലയിൽ സംഘടിപ്പിച്ച ബയോ കണക്ടിന്റെ ആദ്യ രണ്ട് എഡിഷനുകൾക്കുശേഷം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ 180 കോടിയോളം രൂപയുടെ നിക്ഷേപവും ആയിരത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ലൈഫ് സയൻസസ് മേഖലയിൽ സംഘടിപ്പിച്ച ബയോ കണക്ടിന്റെ ആദ്യ എഡിഷനുകൾക്കുശേഷം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ ഏകദേശം 180 കോടി രൂപയുടെ നിക്ഷേപവും ഇതിലൂടെ അടുത്ത കാലയളവിൽ ഏകദേശം 1,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കണക്കാക്കുന്നു.

(സി) ലൈഫ് സയൻസസ് മേഖലയിൽ ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവ് മൂന്നാം എഡിഷൻ സംഘടിപ്പിച്ചിട്ടുണ്ടോ; കോൺക്ലേവിൽ രോഗനിർണ്ണയ സംവിധാനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന മേഖലകളിൽ നിക്ഷേപത്തിന് താൽപര്യപത്രം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംഘടിപ്പിച്ചിട്ടുണ്ട്. 2025 ഒക്ടോബർ 9-10 തീയതികളിൽ കോവളത്ത് സംഘടിപ്പിച്ച ബയോ കണക്ടിന്റെ മൂന്നാം പതിപ്പിൽ ലൈഫ് സയൻസസ് മേഖലകളിലെ ഏഴോളം വ്യവസായ സംരംഭകരിൽനിന്നും താൽപര്യപത്രം ലഭിച്ചിട്ടുണ്ട്.

(ഡി) ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവിൽ ജീവശാസ്ത്രരംഗത്തെ വിദ്യാർഥികൾക്കും ഗവേഷകർക്കും നൂതനാശയങ്ങൾ സാക്ഷാൽകരിക്കാൻ സജ്ജീകരിക്കുന്ന 'ക്ലിപ് ഡി.എൻ.എ. ഇൻക്യുബേഷൻ സെന്റർ' സംബന്ധിച്ച പ്രഖ്യാപനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

പ്രഖ്യാപനം നടന്നിട്ടുണ്ട്. സംസ്ഥാനത്തെ ലൈഫ് സയൻസസ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് (KLIP), കെ.എൽ.ഐ.പി. ഡി.എൻ.എ. (Develop, Network and Accelerate) സെന്ററുകൾ സ്ഥാപിക്കുന്നതിന് നിർദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ലൈഫ് സയൻസസ് മേഖലയിൽ സംരംഭകരെയും സ്റ്റാർട്ടപ്പുകളെയും പിന്തുണയ്ക്കുക, ഗവേഷണഫലങ്ങളെ വാണിജ്യപരമായി പ്രയോജനപ്പെടുത്താവുന്ന സാങ്കേതികവിദ്യകളാക്കി മാറ്റുക, വ്യവസായ–അക്കാദമിക സഹകരണം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ സെന്ററുകളുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ ബയോടെക്നോളജി, ബയോമെഡിക്കൽ ഗവേഷണം, മെഡിക്കൽ ഉപകരണങ്ങൾ, ബയോ-ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനം, ശേഷിവർധനം, നെറ്റ്വർക്കിങ്, സാങ്കേതിക കൈമാറ്റം എന്നിവയ്ക്കും ഈ കേന്ദ്രങ്ങൾ പ്രാധാന്യം നൽകും.

ഈ പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല (MGU), കോട്ടയം, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (IUCBR) കോട്ടയം എന്നിവരുമായി സഹകരിച്ച് കെ.എൽ.ഐ.പി.

ഡി.എൻ.എ. സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക്, 2025 ഒക്ടോബർ 9-10 തീയതികളിൽ കോവളത്ത് സംഘടിപ്പിച്ച ബയോ കണക്ടിന്റെ മൂന്നാം പതിപ്പിൽ ധാരണാപത്രങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

ലോജിസ്റ്റിക് പാർക്കുകൾ

189(637) ശ്രീ. വി. ജോയി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിൽ നിക്ഷേപം നടത്തുന്നതിന് ആഗോള ലോജിസ്റ്റിക് കമ്പനികൾ തയ്യാറായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ കൂടുതലായി ആകർഷിക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ഇത്തരത്തിൽ ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാൻ സാധിച്ച ഒരു വേദിയായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. പ്രസ്തുത

സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്.

2023-ലെ വ്യവസായ നയത്തിലൂടെ കേരളത്തിന്റെ മുന്നോട്ടുള്ള വികസനത്തിൽ നിർണ്ണായകവും സുസ്ഥിരവുമായതായി തിരഞ്ഞെടുത്ത ലോജിസ്റ്റിക് മേഖലയിൽനിന്നുള്ള അന്താരാഷ്ട്ര, ആഭ്യന്തര നിക്ഷേപ താൽപര്യപത്രങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. ഏകദേശം 8400 കോടിയോളം മുതൽമുടക്ക് വരുന്ന 21-ഓളം നിക്ഷേപ താൽപര്യപത്രങ്ങളാണ് ലോജിസ്റ്റിക്സ് ആൻഡ് വെയർഹൗസിങ് മേഖലയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. ആയതിൽ അദാനി ഗ്രൂപ്പിന്റെയും അവിഗ്ന ഗ്രൂപ്പിന്റെയും NDR ഗ്രൂപ്പിന്റെയും പദ്ധതികൾ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ലോജിസ്റ്റിക് പാർക്കുകളുടെ വികസനം ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിഴിഞ്ഞം തുറമുഖം സൃഷ്ടിച്ചിട്ടുള്ള അവസരങ്ങൾ ലോജിസ്റ്റിക് മേഖലയിലുണ്ടാക്കുന്ന വളർച്ച കണക്കിലെടുത്ത് സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യതയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സൃഷ്ടിക്കുന്ന അവസരങ്ങളും കണക്കിലെടുത്ത് പ്രസ്തുത മേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക വികസനത്തിന് കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല

അത്യാവശ്യമാണെന്ന ബോധ്യത്തോടെ ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ തന്നെ പ്രഖ്യാപിച്ചിരുന്നു. കൂടാതെ ലോജിസ്റ്റിക്സ് മേഖലയ്ക്ക് വ്യവസായ പദവി നൽകുമെന്നും വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിന് ചുവടുപിടിച്ച് ഒരു ഉപനയമായി 'കേരള ലോജിസ്റ്റിക് പോളിസി 2025' സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്ത് വരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ ഇത്തരം പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക് പാർക്കുകളുടെയും മിനി ലോജിസ്റ്റിക് പാർക്കുകളുടെയും യോഗ്യമായ ഘടകങ്ങൾക്ക് മൂലധന നിക്ഷേപ സബ്സിഡി നൽകുന്നതിനും നയം വ്യവസ്ഥ ചെയ്യുന്നു.

വിഴിഞ്ഞം തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതിയുടെ ഭാഗമായ എട്ട് പ്രദേശങ്ങളിൽ ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള വികസനം നിർദേശിച്ചുകൊണ്ടാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ 20 മുതൽ 30 കിലോമീറ്റർ പരിധിയിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിലേക്കായി ഏകദേശം 340 ഏക്കറോളം ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്.

(ഡി) 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിനുപുറമെ പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളിലും ചട്ടക്കൂടിലും ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിന് ഗതിവേഗം നൽകുന്ന എന്തൊക്കെ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2023-ലെ കേരള വ്യവസായ നയത്തിന്റെ ഭാഗമായി ഉപമേഖലാ നയമായി പ്രഖ്യാപിച്ച കേരള ലോജിസ്റ്റിക് പോളിസി 2025 മുഖേന സംസ്ഥാനത്ത് ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും സൃഷ്ടിക്കുന്നതിനും അവയുടെ വികസനത്തിനാവശ്യമായ അനുകൂല അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി സമഗ്രവും ദീർഘവീക്ഷണമുള്ളതുമായ നിരവധി പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത നയം ലോജിസ്റ്റിക് പാർക്കുകളുടെ രൂപീകരണവും പ്രവർത്തനവികസനവും അവയിലേക്കുള്ള നിക്ഷേപ പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസനവും ഏകോപിപ്പിക്കുന്ന ഒരു വ്യക്തമായ ചട്ടക്കൂടാണ് നൽകുന്നത്. 2023-ലെ വ്യവസായ നയത്തിൽ ലോജിസ്റ്റിക്സിനെ ഒരു മുൻഗണനാ മേഖലയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ നയദർശനം പ്രായോഗികതലത്തിലേക്ക് കാര്യക്ഷമമായി പരിവർത്തനം ചെയ്യുന്നതിനുള്ള ഉപകരണമായാണ് കേരള ലോജിസ്റ്റിക് പോളിസി 2025 വിഭാവനം ചെയ്തിട്ടുള്ളത്. ഈ നയത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക് പാർക്കുകളും അഞ്ച് മുതൽ പത്ത് ഏക്കർ വരെ ഭൂമിയിൽ മിനി ലോജിസ്റ്റിക് പാർക്കുകളും സ്ഥാപിക്കാൻ കഴിയുന്നതാണ്. ചരക്ക് സംഭരണം, വേർതിരിക്കൽ, വെയർഹൗസിങ്, മൾട്ടി-മോഡൽ ഗതാഗതം, മൂല്യവർധിത സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഒരിടത്ത് ഏകോപിപ്പിക്കുന്ന സമഗ്ര ലോജിസ്റ്റിക്

കേന്ദ്രങ്ങളായി ഇവയെ വികസിപ്പിക്കുന്നതാണ് നയത്തിന്റെ ലക്ഷ്യം. ഇതുവഴി വ്യവസായ യൂണിറ്റുകൾക്കും വ്യാപാര മേഖലയ്ക്കും കാര്യക്ഷമവും ചെലവുകുറഞ്ഞതുമായ ലോജിസ്റ്റിക് പിന്തുണ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിന് ഗതിവേഗം നൽകുന്നതിന് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതും നയം പ്രധാനമായി കാണുന്നു. പൂർണ്ണമായും സ്വകാര്യ മേഖലയിലോ അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലോ ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും വികസിപ്പിക്കാവുന്നതാണ്. ഇവ സ്ഥാപിക്കുന്നതിന് യോഗ്യമായ സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതും ഭൂമി വാങ്ങുന്നതോ, ദീർഘകാല ലീസ് എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നൽകുന്നതിനുള്ള തീരുമാനവും സർക്കാർ ഇതിനകം കൈകൊണ്ടിട്ടുണ്ട്. ഇതോടൊപ്പം ലോജിസ്റ്റിക്സ് 2023-ലെ വ്യവസായ നയത്തിന് കീഴിലുള്ള മുൻഗണനാ മേഖലയായതിനാൽ ആ നയത്തിന് കീഴിൽ ലഭ്യമാകുന്ന മറ്റെല്ലാ ഇൻസെൻറീവുകളും ലോജിസ്റ്റിക് പാർക്കുകൾക്കും ബാധകമാക്കുന്നതാണ്. നിയന്ത്രണപരമായ തടസ്സങ്ങൾ കുറച്ച് പദ്ധതികളുടെ സമയബന്ധിത നടപ്പാക്കൽ ഉറപ്പാക്കുന്നതിനായി, ഈ നയപ്രകാരം വികസിപ്പിക്കുന്ന ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും വ്യവസായ മേഖലകളായി പ്രഖ്യാപിക്കുന്നതിനും ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അനുമതി നടപടികളിലെ കാലതാമസം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാനാണ്

ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക് പാർക്കുകളുടെ പ്രവർത്തനക്ഷമതയും മത്സരക്ഷമതയും വർധിപ്പിക്കുന്നതിനായി യന്ത്രവൽക്കരണവും ഓട്ടോമേഷനും ഡിജിറ്റൽ സാങ്കേതിക വിദ്യകളും പ്രോത്സാഹിപ്പിക്കുന്നതാണ് നയം. ആധുനിക വെയർഹൗസിങ് സംവിധാനങ്ങൾ, സ്മാർട്ട് ലോജിസ്റ്റിക് പ്രവർത്തനങ്ങൾ, ഊർജക്ഷമവും പരിസ്ഥിതി സൗഹൃദവുമായ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ദീർഘകാലം നിലനിൽക്കുന്ന ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങളാണ് നയം ലക്ഷ്യമിടുന്നത്. ലോജിസ്റ്റിക് പാർക്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി പ്രത്യേക സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പാക്കുന്നതിനും യന്ത്രവൽക്കരണവും ഓട്ടോമേഷനും കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട അനുയോജ്യമായ ഭേദഗതികൾ പരിഗണിക്കുന്നതിനുമുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലോജിസ്റ്റിക് മേഖലയിലെ പദ്ധതികളുടെ ആസൂത്രണവും ഏകോപനവും കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനതലത്തിലും നഗരതലത്തിലും പ്രത്യേക സ്ഥാപന സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നയം ലക്ഷ്യമിടുന്നുണ്ട്. ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റി ഇതിനായി രൂപീകരിക്കുന്നതാണ്. ലോജിസ്റ്റിക്സ് മേഖലയിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരം ഈ കമ്മിറ്റിക്കുമേൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന ലോജിസ്റ്റിക്സ് സെല്ലും നയം വിഭാവനം ചെയ്യുന്നു. ഈ സംവിധാനമായിരിക്കും ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാൻ നടപ്പാക്കുക.

ഇതിനുപുറമെ നഗരതലത്തിൽ ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സിറ്റി ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റികളും പ്രത്യേകമായി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുകയും കേന്ദ്ര സർക്കാർ പദ്ധതികളുമായി സംയോജിതമായ ലോജിസ്റ്റിക് വികസനം സാധ്യമാക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ PM Gati Shakti പോലുള്ള ദേശീയ പദ്ധതികളുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ലോജിസ്റ്റിക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ തലത്തിൽ വിവിധ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെ ലോജിസ്റ്റിക് മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി അവയ്ക്ക് പരിഹാരം കാണാനും അതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചമുണ്ടാക്കാനും സാധിക്കുമെന്നുമാണ് കരുതുന്നത്. ഇത്തരത്തിൽ കേരള ലോജിസ്റ്റിക് പോളിസി 2025 മുഖേന ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും സൃഷ്ടിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനായി നിക്ഷേപ പിന്തുണ, നിയന്ത്രണ ലളിതവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക നവീകരണം, മനുഷ്യവിഭവശേഷി വികസനം എന്നിവ ഏകോപിപ്പിച്ച സമഗ്രമായ പരിപാടികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി സംസ്ഥാനത്ത് കാര്യക്ഷമവും മത്സരക്ഷമവുമായ ഒരു ലോജിസ്റ്റിക് ഇക്കോസിസ്റ്റം

രൂപപ്പെടുകയും വ്യവസായ വളർച്ചയ്ക്കും തൊഴിൽ സൃഷ്ടിക്കും ശക്തമായ പിന്തുണ ലഭിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്ക് നിർമ്മാണം

190(638) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിർമ്മാണം നിലച്ചിരുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സാൻഡ് പൈലിങ് ജോലികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ഡൽഹി സ്ഥാപനമായ ഷീൽ ബയോടെക് ലിമിറ്റഡാണ് കരാറുകാരൻ. പ്ലാന്റിന്റെ 50% നിർമ്മാണവും പൂർത്തിയായിരിക്കുകയാണ്. ബിൽഡിങ് സ്ട്രക്ചറും വാട്ടർ ടാങ്കും കോമ്പൗണ്ട് മതിലിന്റെ

പണികളും പൂർത്തിയായിട്ടുണ്ട്. റഫ്രിജറേറ്റർ, ഫയർ പ്രൊട്ടക്ഷൻ, ഇലക്ട്രിക്കൽ, പ്ലംബിങ് വർക്കുകൾ എന്നിവയാണ് പൂർത്തീകരിക്കുന്നതിനുള്ള മറ്റ് പ്രധാനപ്പെട്ട ജോലികളായി അവശേഷിക്കുന്നത്.

കുന്നംകുളം നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി

191(639) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടേറ്റിൽനിന്നും സർക്കാരിൽ ലഭിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ പരിശോധിച്ചുവരുന്നു.

(സി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ടുണ്ടോ?

വ്യവസായ വകുപ്പിന് പ്രസ്തുത സ്ഥലം വിട്ടുനൽകിയിട്ടില്ല.

(ഡി) എങ്കിൽ വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്ത് പാർക്ക് എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പാലാ നിയോജകമണ്ഡലത്തിൽ ഫുഡ് പാർക്ക് നിർമ്മിക്കാൻ നടപടി

192(640) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ കാർഷിക ഉൽപന്നങ്ങൾ കൂടുതലായി ഉൽപാദിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ പാലാ കേന്ദ്രമാക്കി കാർഷിക ഉൽപന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണ വിപണനത്തിനുമായി ഒരു ഫുഡ് പാർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിൽ, പാലാ കേന്ദ്രമാക്കി ഫുഡ് പാർക്ക് തുടങ്ങാൻ നിലവിൽ പദ്ധതിയില്ല. പാലാ നിയോജകമണ്ഡലത്തിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ ജേക്കബ് ആൻഡ് റിച്ചാർഡ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഭക്ഷ്യസംസ്കരണ മേഖലയിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കുറ്റ്യാടി നാളികേര പാർക്ക്

193(641) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങൾ ക്ഷണിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്കിലെ ഭൂമി അലോട്ട്മെന്റുമായി ബന്ധപ്പെട്ട് താൽപര്യം പ്രകടിപ്പിച്ച അപേക്ഷകർക്ക് പാർക്ക് സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംരംഭകർക്ക് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) 2021 മുതൽ ഇതുവരെയായി കുറ്റ്യാടി നാളികേര പാർക്കിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ?

Sl No.	പ്രവൃത്തികൾ	അടങ്കൽ തുക (in Lakhs)
1	ഭൂമിയുടെ വിനിയോഗത്തെക്കുറിച്ചുള്ള പഠനവും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പഠനവും.	17.05
2	കോമ്പൗണ്ട് മതിൽ, സെക്യൂരിറ്റി കാബിൻ, മുൻവാതിൽ (ഫ്രണ്ട് ഗേറ്റ്) എന്നിവയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും.	636.84 (73.35 - executed)
3	പാർക്കിലെ മരങ്ങൾക്ക് നമ്പറിടൽ, അടയാളപ്പെടുത്തൽ, പട്ടിക തയ്യാറാക്കൽ.	1.48
4	അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി ഭൂമി വികസന പ്രവൃത്തികൾ (ഒന്നാം ഘട്ടം)	95.48

(സി) കുറ്റ്യാടി നാളികേര പാർക്കിന്റെ രണ്ടാം ഘട്ട പ്രവൃത്തി സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

ഒന്നാം ഘട്ടം വികസന പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണമ്പ്ര വ്യവസായ പാർക്ക് പ്രവർത്തന പുരോഗതി

194(642) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര വ്യവസായ പാർക്ക് (300 ഏക്കർ) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പ്രോജക്ട് ചെന്നൈ ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ എക്സ്റ്റൻഷനായി ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ചു. ഈ കോറിഡോറിന്റെ ആദ്യ നോഡായാണ് കണ്ണമ്പ്ര ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്റേഴ്സ് (IMC) പാലക്കാട് വികസിപ്പിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്.

നിലവിലെ സ്ഥിതി

1. കണ്ണമ്പ്രയിൽ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു.

2. പദ്ധതി നിർവഹണം നിരീക്ഷിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടന്റായി Egis India Consulting Engineer Pvt. Ltd.-നെ 02-05-2025-ന് നിയമിച്ചു.

3. നിലവിൽ (Phase -1 Pudussery Central & Kannambra) പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള പാക്കേജ്-1 ടെൻഡർ നടപടികൾ പൂർത്തിയാക്കി 2025 സെപ്റ്റംബർ 24-ന് ദിലീപ് ബിൽഡ് കോൺ ലിമിറ്റഡ് + PSP പ്രോജക്ട്സ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചറിന് അവാർഡ് ചെയ്തു. GST ഉൾപ്പടെ 1316.13 കോടി രൂപയാണ് അവാർഡ് തുക. കരാർപ്രകാരം നിർമ്മാണ പ്രവൃത്തികൾ 42 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

തിരുവമ്പാടിയിലെ സ്വകാര്യ വ്യവസായ പാർക്ക്

195(643) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ നിർദിഷ്ട സ്വകാര്യ വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായോയെന്ന് വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ നിർദിഷ്ട സ്വകാര്യ വ്യവസായ പാർക്കായ മെ. മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (പ്രൈ.) ലിമിറ്റഡ് പ്രവർത്തനത്തിന് സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തി 60% പൂർത്തിയായിട്ടുണ്ട്.

(ബി) ഈ വ്യവസായ പാർക്കിൽ എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നതെന്നും തൊഴിലവസരങ്ങൾ എത്രമാത്രം പ്രതീക്ഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

റെഡ് കാറ്റഗറിയിൽ വരുന്ന വ്യവസായങ്ങൾ ഒഴികെയുള്ള സംരംഭങ്ങൾ ഈ വ്യവസായ പാർക്കിൽ ആരംഭിക്കാൻ കഴിയും. ഏകദേശം 300 പേർക്ക് വരെ പ്രത്യക്ഷമായും 500 പേർക്ക് വരെ പരോക്ഷമായും തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട് ജില്ലയിലെ റൈസ് പാർക്ക്

196(644) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ റൈസ് പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) റൈസ് പാർക്കിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അഡ്മിൻ ബ്ലോക്ക്, പ്രീക്ലീനിങ് കെട്ടിടം, ചരക്ക് സംഭരണകെട്ടിടം, ഓവർ ഹെഡ് ടാങ്ക്, സമ്പ്, പമ്പ് റൂം, സുരക്ഷാ ക്യാബിൻ, തൊഴിലാളികളുടെ വിശ്രമമുറി, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, സബ്സ്റ്റേഷൻ, വെയിങ് ബ്രിഡ്ജ്, കോമ്പൗണ്ട് മതിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ലെവലിങ് പ്രവൃത്തി നടത്തി.

പ്ലാന്റ് ആൻഡ് മെഷിനറിയുടെ ഡ്രോയിങ് അന്തിമമാക്കി വർക്ക് ഓർഡർ നൽകുകയും മെഷിനറി പ്ലാറ്റ്ഫോം സ്റ്റീൽസ് സൈറ്റിൽ എത്തിക്കുകയും ചെയ്തു.

(സി) റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്ലാന്റിലേക്കുള്ള മെഷിനറി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ മാത്രമേ റൈസ് പാർക്കിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയൂ.

നെടുവാൻവിള വീവേഴ്സ് കോളനി നിവാസികൾക്ക് പട്ടയം നൽകാൻ നടപടി

197(645) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലുള്ള നെടുവാൻവിള വീവേഴ്സ് കോളനിയിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി/എൻ.ഒ.സി. ആവശ്യമുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

പാറശാല നെടുവാൻവിള ഹൗസിങ് കോളനിയിലുള്ള 37.80 ആർ സ്ഥലം തിരുവനന്തപുരം ജില്ലയിലെ പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉൽപാദക സഹകരണ സംഘത്തിന്റെ പേരിലുള്ളതാണ്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ ഭൂമി കൈമാറുന്നതിനോ വിൽക്കുന്നതിനോ നിയമപ്രകാരം അനുവദനീയമല്ല. സംഘത്തിന്റെ പേരിലുള്ള ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിന് വ്യവസായവകുപ്പിന് എൻ.ഒ.സി. നൽകാൻ സാധിക്കുന്നതല്ല.

പ്രസ്തുത സംഘം പ്രവർത്തനമല്ലാത്തതിനാൽ സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ/നിവേദനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

നെടുവാൻവിള വീവേഴ്സ് കോളനിയിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 05-11-2025-ൽ LICMO പോർട്ടൽ മുഖേന ലഭ്യമായ നിവേദനം (IN1251100008) പരിശോധിച്ച് 17-01-2026-ൽ നിവേദകന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

198(646) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയതും നടപ്പാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയതും നടപ്പാക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2373 സംരംഭങ്ങൾ ആരംഭിക്കുകയും 203 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 4889 തൊഴിലവസരങ്ങൾ സൃഷ്ടിക്കുയും ചെയ്തിട്ടുണ്ട്.

പൂഞ്ഞാറിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി

199(647)ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ഒരു ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള ഡെവലപ്പർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഡെവലപ്പർ പെർമിറ്റ് ലഭ്യമാക്കിയ ഭൂമി കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് - 1999 പ്രകാരം വ്യവസായ പ്രദേശമായി ഡിക്ലയർ ചെയ്യുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

പദ്ധതി മാർഗരേഖപ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ഡെവലപ്പർ പെർമിറ്റ് ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥർ തന്നെ മുതൽ മുടക്കി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി, പാർക്ക് സജ്ജീകരിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഉടമസ്ഥർ മുതൽ മുടക്കിയ തുക അടിസ്ഥാനപ്പെടുത്തി പരമാവധി 150 ലക്ഷം രൂപ വരെ സർക്കാർ മടക്കിനൽകുന്നതാണ്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗരേഖപ്രകാരം ഡെവലപ്പർ പെർമിറ്റ് ലഭിച്ച് 2 വർഷത്തിനകം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിങ് ഐ.എച്ച്.ആർ.ഡി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമായതിനാൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സജ്ജീകരിക്കുന്നതിനാവശ്യമായ തുക ഐ.എച്ച്.ആർ.ഡി. കണ്ടെത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കോമൺ ഫെസിലിറ്റി സെന്റർ

200(648) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉൽപന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും വൈവിധ്യവൽക്കരണത്തിനുമായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന മുള/ഈറ ഉൽപന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പരിശീലന സെന്ററിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ കെട്ടിടനിർമാണം 95% പൂർത്തിയായിക്കഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതി എങ്ങനെ, എന്ന് പൂർത്തീകരിക്കാനാകുമെന്നും ആയതിന്റെ നടത്തിപ്പും തുടർനടപടികളും എങ്ങനെ സാധ്യമാക്കാനാകുമെന്നും വിശദമാക്കാമോ?

കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ അനുവദിക്കുകയും ആയത് നിർമ്മാണപ്രവർത്തനങ്ങൾക്കായി ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 100 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ

പരിഗണനയിലാണ്. പ്രസ്തുത പരിശീലന കേന്ദ്രം പൂർണ്ണമായും പ്രവർത്തന സജ്ജമായതിനുശേഷം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മാറനല്ലൂർ പഞ്ചായത്തിന് ഇതിന്റെ നടത്തിപ്പും തുടർ നടപടികളും സാധ്യമാക്കാവുന്നതാണ്.

കോമൺ ഫെസിലിറ്റി സർവീസ് സെന്റർ

201(649) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലുമുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളെ സാങ്കേതിക സേവനങ്ങളുടെയും സംരഭകത്വത്തിന്റെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലുമുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളെ സാങ്കേതിക സേവനങ്ങളുടെയും സംരംഭകത്വത്തിന്റെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

കോമൺ ഫെസിലിറ്റി സർവീസ് സെന്റർ (മഞ്ചേരി)

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ മഞ്ചേരിയിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്റർ (CFSC) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് (CFSC-CGATE) 2022- 23 വർഷത്തെ സംസ്ഥാന ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തി. കഴിഞ്ഞ നാല് വർഷങ്ങളിലായി മഞ്ചേരിയിലെ കേന്ദ്രത്തിന് മാത്രമായി ആകെ 2,18,52,332/- രൂപ

അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലുള്ള വിടവ് നികത്തുകയെന്ന ലക്ഷ്യത്തോടെ നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ നവീന മെഷീനറികൾ സ്ഥാപിച്ചു. പരിശീലനത്തിനും ഗവേഷണങ്ങൾക്കുമായി അടിസ്ഥാന സൗകര്യങ്ങൾ മികച്ചതാക്കി. ദേശീയ അംഗീകാരമുള്ള സ്കിൽ കോഴ്സുകൾ ആരംഭിക്കുകയും അതുവഴി യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. 60 ലക്ഷം രൂപ ചെലവിൽ വലിപ്പമുള്ള ഉൽപന്നങ്ങൾ നിർമ്മിക്കാൻ ആവശ്യമുള്ള ഏറ്റവും നവീനമായ സി.എൻ.സി. മില്ലിങ് മെഷീൻ ടൂൾ റൂം വിഭാഗത്തിൽ സ്ഥാപിച്ചു. 25 ലക്ഷം രൂപ ചെലവഴിച്ച് 900mmx600mm വലിപ്പമുള്ള ഹൈഡ്രോളിക് പ്രസ്സ് റബ്ബർ വിഭാഗത്തിൽ സ്ഥാപിച്ചു. 19 ലക്ഷം രൂപ ചെലവഴിച്ച് നവീന സൗകര്യങ്ങളോടെയുള്ള പ്രായോഗിക പരിശീലനഹാൾ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു. ദേശീയ നൈപുണ്യവികസന കോർപ്പറേഷന്റെ (NSDC) ഭാഗമായ സ്കിൽ ഇന്ത്യയുടെ അംഗീകാരമുള്ള നൈപുണ്യ, വികസന പരിശീലന പരിപാടികൾ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അംഗീകരം ലഭിച്ച് പ്രസ്തുത പരിശീലന പരിപാടികൾ നടന്നുവരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വ്യവസായ സ്ഥാപനങ്ങളിൽ Internship-ഉം അതുവഴി ജോലിയും ലഭിക്കുന്നു.

48 ലക്ഷം രൂപ ചെലവാക്കി പ്രധാന കെട്ടിടവും പരിസരവും പ്രധാന കവാടം, പാർക്കിങ് സൗകര്യം എന്നിവയുൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട് യുവജനങ്ങളെ സജ്ജരാക്കുക,

തൊഴിലവസരവും സംരംഭകത്വവും വർധിപ്പിക്കുക എന്നിവയാണ് ഈ ശ്രമങ്ങളുടെ ലക്ഷ്യം. പ്ലാസ്റ്റിക്, റബ്ബർ, ജനറൽ എഞ്ചിനീയറിങ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനം വർധിപ്പിക്കാനും അറിവ് അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥയായി മാറുകയെന്ന കേരളത്തിന്റെ കാഴ്ചപ്പാടിന് സംഭാവന നൽകാനും CFSC-യുടെ ആധുനികവൽക്കരണംകൊണ്ട് സാധ്യമാകും.

കോമൺ ഫെസിലിറ്റി സർവീസ് സെന്റർ (ചങ്ങനാശ്ശേരി)

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ ചങ്ങനാശ്ശേരിയിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളെ (സി.എഫ്.എസ്.സി) മികവിന്റെ കേന്ദ്രങ്ങളാക്കുക (സെന്റർ ഫോർ എക്സലൻസ് ഇൻ ഗവൺമെന്റ് അസിസ്റ്റന്റ്സ് ഫോർ ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്, CFSC-CGATE) എന്ന പദ്ധതിക്കായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്

1. ചങ്ങനാശേരി സി.എഫ്.എസ്.സി.-യിൽ റിസർച്ച് ഡെവലപ്മെന്റ് ആൻഡ് ഇൻക്യുബേഷൻ വിങ് (RD&I) രൂപീകരിച്ച് പ്രകൃതി ദത്ത റബ്ബർ അധിഷ്ഠിതമായ നൂതന ഉൽപന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉൽപന്നങ്ങളിൽ ഒരെണ്ണം പേറ്റന്റ് പ്രോസസ്സിങ്ങിലാണ്. സെന്റർ വികസിപ്പിച്ചെടുത്ത ഉൽപന്നങ്ങളുടെ സാങ്കേതിക കൈമാറ്റവുമായി ബന്ധപ്പെട്ട് (03-02-2025-ലെ GO(Rt)No.106/2025/ID) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യ കൈമാറുന്നതിനുള്ള താൽപര്യപത്രം ക്ഷണിക്കുകയും സംരംഭകരിൽനിന്നും താൽപര്യപത്രം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതന്നെ ഉൽപന്നങ്ങൾ

വികസിപ്പിച്ച് സംരംഭകരെ ക്ഷണിച്ച് സാങ്കേതികവിദ്യ കൈമാറ്റം നടത്തുന്നത് ഈസ് ഓഫ് ഡുയിങ് ബിസിനസിൽ പുതിയ തുടക്കമാണ്. ഉൽപന്നങ്ങൾ വികസിപ്പിച്ച് നൽകണമെന്ന ആവശ്യവുമായി നിരവധിപേർ ഈ സെന്ററിനെ സമീപിക്കുന്നുണ്ട്.

2. മികച്ച നോളഡ്ജ് എക്കണോമിയായി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾക്ക് വ്യാവസായിക അന്തരിക്ഷത്തിലെ പഠനം അനുഭവവേദ്യമാക്കുന്നതിന് ഇന്റേൺഷിപ്പ് പ്രോഗ്രാം സർക്കാർ ഉത്തരവുപ്രകാരം (27-01-2025-ലെ സ.ഉ.സാധാ.നം. 85/2025/ID) ആരംഭിച്ചു. സെമസ്റ്റർ ഇടവേളകളിൽ പ്രായോഗിക അറിവ് വ്യവസായ അന്തരീക്ഷത്തിൽ ലഭ്യമാക്കി സാങ്കേതിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്ന പദ്ധതിയാണിത്.

3. FYUGP പ്രകാരം പഠിക്കുന്ന ബി.എസ്.സി. വിദ്യാർഥികൾക്കായി "ഇന്റേൺഷിപ് ഓൺ എഞ്ചിനീയറിങ് ഫിസിക്സ്" എന്ന പേരിൽ ഇന്റേൺഷിപ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പാക്കുന്ന ഘട്ടത്തിലാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

202(650) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 പഞ്ചായത്തുകളിലായി 28 ജനറൽ ഓറിയന്റേഷൻ ട്രെയിനിങും 14 ലോൺ/ലൈസൻസ്/സബ്സിഡി മേളകളും 7 തദ്ദേശസ്വയംഭരണ ഫെസിലിറ്റേഷൻ ക്യാമ്പയിനുകളും 7 സംരംഭക സഭകളും നടത്തിയിട്ടുണ്ട്. താലൂക്ക് തലത്തിൽ 2 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്കും 2 ബാങ്കേഴ്സ് മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്.

ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്ങിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ 1816 പേർ പങ്കെടുക്കുകയും അവരിൽനിന്നും 800-ൽ കൂടുതൽ പേർക്ക് സംരംഭം തുടങ്ങാനുള്ള സഹായവും നൽകിയിട്ടുണ്ട്. ലോൺ/ലൈസൻസ്/സബ്സിഡി മേളയിൽ 695 പേർ പങ്കെടുക്കുകയും അവർക്കാവശ്യമായ സഹായവും നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ ഫെസിലിറ്റേഷൻ ക്യാമ്പയിനിൽ 600-ൽ കൂടുതൽ പേർക്ക് സഹായങ്ങൾ നൽകുകയുണ്ടായി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2506 സംരംഭങ്ങൾ ആരംഭിക്കുകയും 110 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 5264 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

203(651) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മേയ് മാസം മുതൽ നാളിതുവരെയും വ്യവസായ വകുപ്പ് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മേയ് മാസം മുതൽ നാളിതുവരെയും വ്യവസായ വകുപ്പ് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

- നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി - 63,53,000/- രൂപ
- ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 4,29,636/- രൂപ
- വ്യവസായ ഭദ്രതാ പദ്ധതി - 1,12,989/- രൂപ
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി - 22,338/- രൂപ.
- സംരംഭക സഹായ പദ്ധതി - 2,53,01,027/- രൂപ
- സംരംഭക ബോധവൽക്കരണ പദ്ധതി - 53,000/-
- പൊതു ബോധവൽക്കരണ പദ്ധതി - 75,000/-

- ലോൺ ലൈസൻസ് മേള – 75,000/-

(ബി) മേല്പറഞ്ഞ കാലയളവിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ എന്തെല്ലാമെന്നും ആയതുവഴി എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ?

മേല്പറഞ്ഞ കാലയളവിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 3529 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 8000 പേർക്ക് ഇതുവഴി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി നിലവിൽ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസായ ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്നും അതുവഴി വ്യവസായ വകുപ്പിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ചും വിശദമാക്കാമോ?

മെ. കേരള എഡ്യൂക്കേഷണൽ ഡെവലപ്മെന്റ് ആൻഡ് എപ്ലോയ്മെന്റ് സൊസൈറ്റിക്ക് 1.5 ഏക്കർ ഭൂമി സോഫിസ്റ്റിക്കേറ്റഡ് പേപ്പർ നിർമ്മാണത്തിനായും മെ. ലാൻസെറ്റ് ഗ്ലാസ്സ് ഇൻഡ്യ പ്രൈ. ലിമിറ്റഡിന് 1.0844 ഏക്കർ ഭൂമി Toughened Glass നിർമ്മാണത്തിനായും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി യൂണിറ്റുകൾക്ക് അനുവദിച്ച് നൽകുമ്പോൾ അടയ്ക്കുന്ന ലാൻഡ് വാല്യുവാണ് സർക്കാരിന്റെ വരുമാനം.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഇ.ഡി. ക്ലബ്ബുകൾ

204(652) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ വരുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണുള്ളതെന്നും അവയ്ക്കായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും സ്ഥാപനങ്ങൾ തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ വരുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇ.ഡി. ക്ലബ്ബുകൾ	തുക
1	St. Joseph College for women	66,000/-
2	N.S.S. Karayogam Pvt. ITI, Punnapra	Nil
3	St. Josephs HSS for girls, Alappuzha	26,000/-
4	S.D. College, Alappuzha	26,000/-
5	S.D.V. Boys HSS, Alappuzha	6,000/-
6	Thiruvampady HSS, Alappuzha	16,000/-
7	Mar Gregorious College, Punnapra	46,000/-
8	College of Engineering & Management, Punnapra	16,000/-
9	Leo XIII HSS Alappuzha	6,000/-
10	Govt. ITI, Purakkad	40,000/-
11	Lutheran HSS Alappuzha	20,000/-
12	Institute of Management & Technology, Punnapra	10,000/-
13	Carmel Polytechnic, Punnapra	10,000/-

14	UIT, Muhamma	NIL
15	Holy Family HSS, Kattoor	Nil
16	Kavitha Pvt. ITI, Alappuzha	NIL
17	Carmel College of Engineering & Technology, Punnapra	NIL
18	UIT, Muhammadens Campus	NIL

(ബി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഇനി പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര തുക അനുവദിച്ച് നൽകാനുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി രണ്ട് ഗഡുക്കളായി വർഷം 20,000/- രൂപ അനുവദിച്ചുനൽകുന്നു. ആദ്യ ഗഡു ലഭ്യമായതിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചതിനുശേഷം രണ്ടാം ഗഡു ധനസഹായത്തിനുള്ള അപേക്ഷ പരിഗണിക്കുന്നതാണ്.

St. Joseph College for Women-ന് 2024-25 സാമ്പത്തിക വർഷം അനുവദിച്ച 20,000/- രൂപ നൽകാനുണ്ട്. സ്ഥാപനം രണ്ട് ഘട്ടങ്ങളിലായി പ്രോഗ്രാം നടത്തുന്നതിനുപകരം ഒരുമിച്ച് തുക വിനിയോഗിക്കുകയും 27-03-2025-ൽ ചെലവഴിച്ച തുക ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കുകയും 28-03-2025-ൽ തുക അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ ട്രഷറിയിൽ E-submission ചെയ്യാൻ സാധിക്കാതിരുന്നതിനാൽ ടി തുക തിരിച്ചടയ്ക്കുകയും ചെയ്തു.

(സി) പ്രസ്തുത ക്ലബ്ബുകൾ മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുജനങ്ങൾക്ക് സംരംഭകത്വശീലം വളർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാർഥികൾക്കിടയിൽ സംരംഭകത്വ ശീലം വളർത്തുന്നതിനായി ഓറിയന്റേഷൻ ക്ലാസുകൾ, സംരംഭകത്വ ശില്പശാല, വ്യവസായ ശാല സന്ദർശനം, നൈപുണ്യ പരിശീലന ക്ലാസുകൾ എന്നിവ ഇ.ഡി. ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

മലപ്പുറം സ്പിന്നിങ് മിൽ തൊഴിലാളികളുടെ വേതനവർധനവ്

205(653) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിങ് മില്ലിൽ തൊഴിലാളികളുമായി നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാർ അവസാനിച്ച് ഒരു വർഷമായിട്ടും ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർധിപ്പിച്ച് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ശമ്പള വർധനവ് അഞ്ച് വർഷത്തിലധികമായി നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ ശമ്പള കരാർ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിങ് മില്ലുകളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ കമ്മിഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി (IRC)-യുടെ തീരുമാനം/മാർഗനിർദേശപ്രകാരമാണ്.

മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ നിലവിലുള്ള ദീർഘകാല കരാറിന്റെ കാലാവധി 2025 ഫെബ്രുവരി മാസത്തിൽ അവസാനിച്ചു. തുടർന്ന് പുതിയ ശമ്പള കരാർ നടപ്പാക്കുന്നതിന് മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ടെക്സ്റ്റൈൽസ് വ്യവസായബന്ധ സമിതി മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിലേക്ക് ഐ.ആർ.സി.തല യോഗം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ലേബർ കമ്മിഷണർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പുതിയ ശമ്പള കരാർ അന്തിമമാകുന്നതുവരെ തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി വേതന വർധനവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ദീർഘകാല കരാർ പുതുക്കുന്നത് സംബന്ധിച്ച് വ്യവസായബന്ധ സമിതി മുഖേന ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കളിമൺ – ഓട്ടുകമ്പനി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ

206(654) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്ന കളിമൺ-ഓട്ടുകമ്പനി മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അവ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരമ്പരാഗത കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് കളിമണ്ണ് ലഭിക്കുന്നതിന് നിലവിലെ നിയമപരമായ വ്യവസ്ഥയനുസരിച്ച് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 106(5) പ്രകാരം ജില്ലാ വ്യവസായ കേന്ദ്രം നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന തൊഴിലാളികൾക്കും സഹകരണ സംഘങ്ങൾക്കും റോയൽറ്റി ഇല്ലാതെ വർഷത്തിൽ 50 ടൺ കളിമണ്ണ് ഖനനം ചെയ്യാൻ അനുമതിയുണ്ട്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് 'സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ്' ലഭ്യമാണ്. കൂടാതെ 1967-ലെ ചട്ടപ്രകാരം 'P- Form' ഉപയോഗിച്ച് കുടിൽ വ്യവസായത്തിന് മണ്ണ് കൊണ്ടുപോകാം. റവന്യൂ, ജിയോളജി, ആർ.ഡി.ഒ. വകുപ്പുകളുടെ അനുമതിയും സ്ഥല ഉടമയുടെ സമ്മതപത്രവും ഇതിനാവശ്യമാണ്.

പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനം- പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും ഇളവ് നൽകിയിട്ടുള്ളതാണ്. പരമ്പരാഗത മൺപാത്ര

നിർമ്മാണ തൊഴിലാളിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ പുരയിടം ഇനത്തിൽപ്പെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മതപത്രത്തോടെ പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകിവരുന്നു. കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കളിമണ്ണ് ലഭ്യമായ ഇടങ്ങൾ കണ്ടെത്തി ജിയോളജി വകുപ്പുമായി ചേർന്ന് മാപ്പിങ് നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ Raw Material Bank രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ ഓട്, ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി ഖനനം ചെയ്യുന്നതിന് ദീപക് കുമാർ കേസിലെ (ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന) സുപ്രീം കോടതിയുടെ വിധിന്യായത്തിനുശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ക്വാറിയിങ് പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്. പെർമിറ്റ് സമ്പാദിക്കാനുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി മൈനിങ് & ജിയോളജി വകുപ്പും കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിങ് & എൻവയോൺമെന്റ് സെന്ററും (KSREC) സംയുക്തമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ KSIDC-യുടെ സഹായത്തോടെ കളിമണ്ണ് ലഭ്യമാകുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

(സി) പൂട്ടിക്കിടക്കുന്ന ഓട്ടുകമ്പനികളുടെ സ്ഥലം പരിവർത്തനം നടത്തുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായകരമായ നടപടികൾ സ്വീകരിക്കാമോ?

അപേക്ഷ/പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പൂട്ടിക്കിടക്കുന്ന ഓട്ടുകമ്പനികളുടെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി

207(655) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിന് വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

1969-ലെ വ്യവസായ ആവശ്യങ്ങൾക്കുള്ള ലാൻഡ് അലോട്ട്മെന്റ് ചട്ടം കാലോചിതമായി പരിഷ്കരിച്ച് ദി കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് - 2023 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടേറ്റിന് കീഴിലെ വ്യവസായ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ, ഏരിയകൾ എന്നിവിടങ്ങളിലെ വ്യവസായ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റും നടപടികൾ ലളിതവൽകരിച്ചിട്ടുണ്ട്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി.

എന്നിവയുടെ ഉടമസ്ഥതയിലുള്ള വ്യവസായ ഭൂമിയിലെ അലോട്ട്മെന്റ് ചട്ടങ്ങൾ ലഘൂകരിച്ചുകൊണ്ട് യൂണിഫൈഡ് ലാൻഡ്/ബിൽഡിങ് (അലോട്ട്മെന്റ് & ഡിസ്പോസൽ) റഗുലേഷൻ 2024-ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികൾകൂടി നടപ്പാക്കിയിട്ടുണ്ട്.

1. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം.

2. ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി

കുറഞ്ഞ ഭൂവിസ്തൃതിയിൽ കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾക്കൊള്ളുകയെന്ന ഉദ്ദേശ്യത്തോടെ ബഹുനില വ്യവസായ സമുച്ചയ പദ്ധതിയും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ബഹുനില വ്യവസായ സമുച്ചയങ്ങളിലെ സ്ഥലത്തിന്റെ അലോട്ട്മെന്റ് നടപടികൾ സുഗമമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയ ചട്ടം 2023-ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഭൂമി അനുവദിക്കുന്നതിനായി എവിടെയെല്ലാമാണ് വകുപ്പ് ഭൂമി തയ്യാറാക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള കാസർഗോഡ് മടിക്കൈ ഡെവലപ്മെന്റ് പ്ലോട്ടിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള 10 ഏക്കർ ഭൂമിയിൽ 5 ഏക്കർ അനുവദിച്ചിട്ടുള്ളതും ബാക്കി 5 ഏക്കർ അലോട്ട്മെന്റിനായി അവശേഷിക്കുന്നതുമാണ്. ഇതര ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകൾ എന്നിവയിൽ അവശേഷിക്കുന്ന സ്ഥലം

അനുവദിക്കുന്നതിനുള്ള അപേക്ഷകരുടെ മുൻഗണനാ പട്ടികപ്രകാരം അലോട്ട്മെന്റ് പൂർത്തിയായി വരുന്നു.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി, ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി എന്നിവ പ്രകാരം ഭൂമി ലഭ്യമായിട്ടുള്ള വ്യവസായ എസ്റ്റേറ്റ്/പാർക്കുകളുടെ പേരു വിവരവും ജില്ലയും അനുബന്ധമായി ചേർക്കുന്നു+.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പാലക്കാട് ഇൻവെസ്റ്റ് സോൺ, കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്ക്, അങ്കമാലി ഇൻഡസ്ട്രിയൽ സ്പെയ്സ്, അങ്കമാലി ബിസിനസ് പാർക്ക്, തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് എന്നിവിടങ്ങളിലും ഭൂമി ലഭ്യമാണ്.

സിഡ്കോയുടെ കീഴിലുള്ള 60 വ്യവസായ ഭൂപ്രദേശങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ജില്ലാതല അലോട്ട്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം അലോട്ട്മെന്റ് നടത്തിവരുന്നു.

കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം

208(656) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിൽ പുതിയ സംരഭം തുടങ്ങുന്നവർക്കായി ആരംഭിച്ചിരിക്കുന്ന കെ-സ്വിഫ്റ്റ് പ്രകാരം അപേക്ഷിക്കുന്നവർക്ക് സ്ഥാപനങ്ങളുടെ ലൈസൻസ് ലഭിക്കുന്നതിന് നിർദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കെ-സ്വിഫ്റ്റ് അഥവാ കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസസ് (K-SWIFT) എന്നത് സർക്കാരിന്റെ വിവിധ വകുപ്പുകൾ/ഏജൻസികൾ, സംരംഭങ്ങൾക്ക് നൽകുന്ന വിവിധ അനുമതികൾ (പെർമിറ്റ്/ലൈസൻസ്/എൻ.ഒ.സി./രജിസ്ട്രേഷൻ) സുതാര്യവും സമയബന്ധിതവുമായ രീതിയിൽ സുഗമമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമാണ്. ഈ ഓൺലൈൻ സംവിധാനത്തിലൂടെ വിവിധ വകുപ്പുകളുടെ അനുമതികൾ സംരംഭകർക്ക് നേടിയെടുക്കാവുന്നതാണ്. നിലവിൽ 22 വകുപ്പുകളുടെ 120-ൽ അധികം സേവനങ്ങൾ ഈ ഏകജാലക സംവിധാനത്തിലൂടെ നേടിയെടുക്കാൻ സാധിക്കുന്നതാണ്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത ഏതൊരു എം.എസ്.എം.ഇ. സംരംഭം തുടങ്ങുന്നതിന് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രവും (കൈപ്പറ്റ് സാക്ഷ്യപത്രം) കെ-സ്വിഫ്റ്റിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) സ്ഥാപനം, പ്രവർത്തനം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കിയ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലാണ് കെ-സ്വിഫ്റ്റിലൂടെ പ്രസ്തുത

സാക്ഷ്യപത്രം നൽകുന്നത്. ടി നിയമത്തിന്റെ സെക്ഷൻ 5 പ്രകാരം, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന ചില അനുമതികൾ (പെർമിറ്റുകൾ, ലൈസൻസുകൾ, എൻ.ഒ.സി.-കൾ) നേടിയെടുക്കുന്നതിൽനിന്നും അതുമായി ബന്ധപ്പെട്ട പരിശോധനകളിൽനിന്നും ഈ സർട്ടിഫിക്കറ്റുകൾ സംരംഭകർക്ക് 3.5 വർഷത്തേക്ക് ഇളവുകൾ നൽകുന്നു. പ്രസ്തുത കാലാവധി പൂർത്തിയാകുന്നതിനുള്ളിൽ സംരംഭകർ ആവശ്യമായ അനുമതികൾ നേടിയെടുത്താൽ മതിയാകുന്നതാണ്.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന് കീഴിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂമി വിനിയോഗിക്കുന്നതിനോ 2016-ലെ കേരള നഗര-ഗ്രാമ ആസൂത്രണ നിയമത്തിൻകീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാൻ പ്രാബല്യത്തിലുള്ളിടത്ത് വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽനിന്നും വ്യതിചലിച്ചുകൊണ്ട് ഭൂമി വിനിയോഗിക്കുന്നതിനോ പ്രസ്തുത കൈപ്പറ്റ് സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ല. 6 നിയമത്തിന് കീഴിലുള്ള അനുമതികൾ എടുക്കുന്നതിൽനിന്നും മൂന്നര വർഷത്തേക്ക് ഇളവുകൾ ലഭിക്കുന്ന വേളയിലും കെട്ടിട നിർമ്മാണം, സംരംഭത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നിർവഹിക്കാൻ സംരംഭകർ ബാധ്യസ്ഥരാണ്. ഇപ്രകാരം നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെല്ലാം പാലിക്കുന്നെന്ന് അപേക്ഷകൻ സത്യപ്രസ്താവന നൽകിയതിന് ശേഷമാണ് സാക്ഷ്യപത്രം നൽകുന്നത്.

(ബി) ഇതുപ്രകാരം ലഭിക്കുന്ന താൽക്കാലിക ലൈസൻസിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കാമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിൽ നൽകുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധി മൂന്നര വർഷമാണ്. (സി) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ലൈസൻസിന് തുല്യമായ ലൈസൻസാണോ ഇത്തരത്തിൽ ലഭിക്കുന്നത്; വിശദാംശം നൽകാമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിൽ നൽകുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയെടുക്കുന്നതുവഴി താഴെ പറയുന്ന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികളിൽ നിന്നും മൂന്നര വർഷത്തേക്ക് ഇളവുകളാണ് സംരംഭകർക്ക് ലഭിക്കുന്നത്.

1. കേരള പഞ്ചായത്ത് രാജ് നിയമം, 1994.
2. കേരള മുനിസിപ്പാലിറ്റി നിയമം, 1994.
3. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1960.
4. കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് നിയമം, 2013.
5. തിരുവിതാംകൂർ – കൊച്ചിൻ പബ്ലിക് ഹെൽത്ത് നിയമം, 1955.
6. മദ്രാസ് പബ്ലിക് ഹെൽത്ത് നിയമം, 1939.

ഇപ്രകാരം ഇളവുകൾ നൽകിയിട്ടുള്ള നിയമങ്ങൾക്ക് കീഴിൽ വരുന്ന അനുമതികളുടെ വിവരങ്ങൾ, 2020-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ

ചട്ടത്തിൽ വിശദമാക്കിയിട്ടുണ്ട്. അതിൽ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും സംരംഭങ്ങൾക്ക് നൽകുന്ന ലൈസൻസും ഉൾപ്പെടുന്നതാണ്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

209(657)ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സംരംഭക വർഷം പദ്ധതിയിൽ 4756 സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ 260.08 ലക്ഷം രൂപയുടെ നിക്ഷേപമുണ്ടാകുകയും 7787 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിലും തദ്ദേശസ്ഥാപന തലത്തിലും സംഘടിപ്പിച്ച വിവിധ പരിപാടികൾ മുഖേന ചേർക്കുന്നു.

- ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്.
- ലോൺ ലൈസൻസ് സബ്സിഡി മേള.
- എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ.
- ബാങ്കേഴ്സ് മീറ്റ്.
- ഇൻവെസ്റ്റേഴ്സ് മീറ്റ്.

(ബി) ഇക്കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അയ്യൻകുന്ന്, മുണ്ടൂർ, വേളക്കോട്, അത്താണി എന്നീ വ്യവസായ എസ്റ്റേറ്റുകളിലായി വിവിധ പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

വ്യവസായവകുപ്പിന്റെ കീഴിൽ അയ്യൻകുന്ന്, വേളക്കോട്, അത്താണി എന്നീ വ്യവസായ എസ്റ്റേറ്റുകളാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിലുള്ളത്. അത്താണി വ്യവസായ വികസന പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 41,09,000/- രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റുകൾ വ്യവസായ വാണിജ്യ ഡയറക്ടേറ്റിൽ ലഭ്യമായിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എസ്.ഐ.എഫ്.എൽ. (Steel & Industrial Forgings Limited), എസ്.ഐ.എൽ.കെ. (Steel Industries Kerala Limited) തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിൽ ഈ സർക്കാരിന്റെ കാലത്ത് സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി എസ്.ഐ.എഫ്.എൽ.-ന്റെ അത്താണി യൂണിറ്റിൽ മോഡേണൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി ഹെവി ഡ്യൂട്ടി ഡൈ സിങ്കിങ് മെഷീൻ, 5 മെട്രിക് ടൺ ഓയിൽ ഫർണസ്, സ്ക്രൂ ടൈപ്പ് എയർ കംപ്രസ്സർ 3 എണ്ണം, 6 ടൺ

ഹൈഡ്രോളിക് ഓപ്പൺ ഡൈ ഹാമ്മർ എന്നീ മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

210(658) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ രണ്ട് വ്യവസായ സ്ഥാപനങ്ങളായ എടരിക്കോട് ടെക്സ്റ്റൈൽസ്, എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ് എന്നിവയുടെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ രണ്ട് സ്ഥാപനങ്ങളെയും പ്രവർത്തനമികവിലേക്ക് നയിക്കുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) എടരിക്കോട് ടെക്സ്റ്റൈൽസ്

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസ്, ടെക്സ്റ്റൈയിൽ മേഖല മൊത്തത്തിൽ നേരിടുന്ന പ്രതിസന്ധികളെ തുടർന്ന് 18-12-2023 മുതൽ ലേ ഓഫിലായിരുന്നെങ്കിലും 11-09-2025 മുതൽ തുറന്ന് പ്രവർത്തിക്കുന്നു. നിലവിൽ ജോബ് വർക്ക് സംവിധാനത്തിൽ പ്രവർത്തനം നടന്നുവരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ ലഭ്യമായ അധിക സ്ഥലം

വ്യാവസായിക വികസനത്തിനായി ഉപയോഗിച്ച് കമ്പനിക്ക് അധിക വരുമാനം നേടുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

എടരിക്കോട് കെ.ഇ.എൽ.

കെൽ എടരിക്കോട് യൂണിറ്റിന്റെ പ്രവർത്തനം മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ ലഭ്യമാക്കി വിറ്റുവരവ് വർധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എടരിക്കോട് യൂണിറ്റിന്റെ പ്രധാന ഉൽപന്നമായ കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ പ്രധാന ഉൽപാദന ഘടകമായ കൺട്രോൾ പാനൽ ഈ യൂണിറ്റിൽ തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കാസ്റ്റ് റസിൻ ട്രാൻസ്ഫോർമറിന്റെ വിപണനം വർധിപ്പിക്കുന്നതിനുവേണ്ടി മാർക്കറ്റിങ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.

(സി) ഈ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

ബാക്കിയുണ്ട്. ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഭൂമി ഏറ്റെടുക്കൽ

211(659) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകിയോ; ഇല്ലെങ്കിൽ തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ;

(ബി) അയ്യമ്പുഴ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് ലഭിക്കാത്തതിനാൽ അവർക്കുണ്ടായിട്ടുള്ള പ്രയാസവും ദുരിതവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതും ഭൂമി വിലയായി നിശ്ചയിച്ച തുക ഭൂവുടമകൾക്ക് ലഭിക്കുന്നതുമാണ്.

(സി) ഗിഫ്റ്റ് സിറ്റിക്ക് ഭൂമി ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ ജനകീയ പ്രതിഷേധങ്ങൾക്കെതിരെ പള്ളി വികാരി ഉൾപ്പെടെയുള്ള സ്ഥലം ഉടമകൾക്കെതിരെയെടുത്ത കേസുകൾ പിൻവലിക്കുമെന്ന് ഉറപ്പുനൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; നാളിതുവരെയായി കേസ് പിൻവലിക്കാതെയിരിക്കുകയും ഭൂവുടമകൾക്ക്

ഭൂമിയുടെ വില നൽകാതിരിക്കുകയും ചെയ്യുന്നത് ഭൂവുടമകളോട് കാണിക്കുന്ന നീതിനിഷേധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജനകീയ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സ്ഥല ഉടമകൾക്കെതിരെ നിർവഹണ ഏജൻസിയായ കിൻഫ്ര നിലവിൽ ഇതുവരെ കേസൊന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) കേസുകൾ പിൻവലിക്കാനും ഭൂമിയുടെ വില എത്രയും വേഗം നൽകുന്നതിനും അടിയന്തര ഇടപെടൽ നടത്തുമോ; ഭൂവുടമകൾക്ക് എന്ന് മുതൽ ഭൂമിയുടെ വില നൽകി തുടങ്ങുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

അയ്യമ്പുഴ ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി സർക്കാർ നിരന്തരശ്രമം നടത്തുന്നുണ്ട്. വിഷയം പാർലമെന്റിൽ ഉന്നയിക്കുന്നതിന് സ്ഥലം MP ഉൾപ്പെടെയുള്ളവർക്ക് വിശദാംശങ്ങൾ കൈമാറിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകി തുടങ്ങാവുന്നതുമാണ്.

പി.എം.ഇ.ജി.പി. സബ്സിഡി

212(660) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്താൻ സഹായം നൽകുന്ന കേന്ദ്ര പദ്ധതിയായ പി.എം.ഇ.ജി.പി. മുഖാന്തരമുള്ള

സബ്സിഡി സഹായം ഇപ്പോൾ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആർക്കെല്ലാമാണ് സഹായധനം ലഭിച്ചിരുന്നതെന്നും എത്ര കുടിശ്ശികയാണ് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ളതെന്നും എന്ന് മുതൽക്കാണ് ഇവ ലഭ്യമാകാതെ വന്നതെന്നും അറിയിക്കാമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും വനിതകൾക്കും സ്വയം തൊഴിൽ കണ്ടെത്താൻ സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ.ജി.പി.) 2025-26 സാമ്പത്തിക വർഷത്തിലും സംസ്ഥാനത്ത് നോഡൽ ഏജൻസിയായ കെ.വി.ഐ.സി. (ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷൻ) നടപ്പാക്കിവരുന്നു. ഈ വർഷം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് മാത്രമേ സബ്സിഡി നൽകുന്നുള്ളൂ എന്ന് കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷനിൽനിന്നും അറിയിച്ചിട്ടുണ്ട്. പൊതു വിഭാഗം, പ്രത്യേക വിഭാഗം [SC/ST/OBC/Women/PH/Ex-service] എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് സഹായ ധനം ലഭിച്ചുവരുന്നത്. പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സമഗ്ര വിവരം ലഭ്യമായ പി.എം.ഇ.ജി.പി. പോർട്ടലിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ (21-01-2026 വരെ) 2858 പ്രോജക്ടുകൾക്കായി 8073.65 ലക്ഷം രൂപയുടെ മാർജിൻ മണി വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക വിഭാഗത്തിൽപ്പെട്ട

(പട്ടികജാതി, പട്ടികവർഗം, പിന്നാക്കം, ന്യൂനപക്ഷം, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേഴ്സ്, എക്സ് സർവീസ്, വനിതകൾ, NER , Aspirational ജില്ലകൾ, Hill & Border area (as notified by Government) എന്നിവർക്കാണ് പി.എം.ഇ.ജി.പി. പദ്ധതിപ്രകാരം സഹായധനം ലഭിച്ചിരുന്നത്. 21-01-2026 വരെയുള്ള കണക്കുപ്രകാരം 1923.56 ലക്ഷം രൂപ കൂടിശ്ശികയായിട്ടുണ്ട്. 09-01-2023-ന് അനുവദിച്ച വായ്പയുടെ സബ്സിഡി 31-03-2023-ൽ ലഭ്യമായശേഷം സബ്സിഡി ക്രമരഹിതമാണ്. മുൻവർഷങ്ങളിൽ മാർജിൻമണി കുടിശ്ശികയായിട്ടുള്ള ചില സംരംഭകർക്ക് 2024-ലും 2025-ലുമായി സബ്സിഡി ലഭിച്ചിരിക്കുന്നു.

വാണിജ്യ-വ്യവസായ മേഖലയിലെ നിക്ഷേപ സമാഹരണം

213(661) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് റീഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗുണകരമായിട്ടുണ്ട്. 2016-ൽ സ്റ്റേറ്റ് ബിസിനസ് റിഫോംസ് 22.8 ശതമാനമായിരുന്ന സംസ്ഥാനത്തിന്റെ സ്കോർ, തുടർച്ചയായ നയപരിഷ്കാരങ്ങളിലൂടെ 2022-ൽ 91 ശതമാനത്തിലും 2024-ൽ 99.1 ശതമാനത്തിലും എത്തി. 2022-ൽ രണ്ട് വിഭാഗങ്ങളിൽ (വ്യവസായ

കേന്ദ്രീകൃതം) ഒന്നാം സ്ഥാനത്തെത്തിയ കേരളം, 2024-ൽ നാല് വിഭാഗങ്ങളിൽ ഒന്നാമതെത്തുകയും ഉന്നത ശ്രേണിയായ 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തേക്ക് മുന്നേറുകയും ചെയ്തിട്ടുണ്ട്. നിക്ഷേപ നടപടികളുടെ ലളിതവൽക്കരണം, സമയബന്ധിതമായ അനുമതികൾ, നയസ്ഥിരത, സിംഗിൾ വിൻഡോ സംവിധാനങ്ങൾ, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സംവിധാനങ്ങളുടെ ശക്തീകരണം എന്നിവ ചേർന്ന് കേരളത്തെ വിശ്വാസയോഗ്യവും നിക്ഷേപ സൗഹൃദവുമായ സംസ്ഥാനമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ആഭ്യന്തരവും വിദേശവുമായ നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് വലിയതോതിൽ ആകർഷിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെയും കേരള വ്യവസായ നയം 2023 ഉൾപ്പെടെയുള്ള നയപരിഷ്കാരങ്ങളുടെയും ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ നിരവധി കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മുന്നോട്ടുവന്നിട്ടുണ്ട്. 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി 1.81 ലക്ഷം കോടി രൂപ മൂല്യമുള്ള 449-ലധികം നിക്ഷേപ താൽപര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിക്കുകയും 35,608 കോടിയിലധികം രൂപയുടെ നിക്ഷേപത്തോടെ 109-ഓളം പദ്ധതികൾ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഈ പദ്ധതികളുടെ നടപ്പാക്കൽ നിലവിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. മൊത്തത്തിൽ വിലയിരുത്തുമ്പോൾ Ease of Doing Business പരിഷ്കാരങ്ങളും സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളും ചേർന്ന് സംസ്ഥാനത്ത് ശക്തമായ

നിക്ഷേപ സൗഹൃദ ഇക്കോ സിസ്റ്റം രൂപപ്പെടുത്തുന്നതിനും ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ ഉൾപ്പെടെ വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതിക വിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കിൻഫ്ര സ്ഥാപിച്ചിട്ടുള്ള 34 വ്യവസായ പാർക്കുകൾ ഓരോന്നും പ്രത്യേക വ്യവസായ മേഖലകളെ ലക്ഷ്യംവച്ച് രൂപകല്പന ചെയ്തതാണ്. ഇൻഫർമേഷൻ ടെക്നോളജി/ഇൻഫർമേഷൻ ടെക്നോളജി എനേബിൾഡ് സർവീസസ് (ഐ.ടി./ഐ.ടി.ഇ.എസ്.) തുണിത്തരങ്ങൾ, വസ്ത്ര നിർമ്മാണം, പൊതു വ്യവസായങ്ങൾ, ഹൈടെക് വ്യവസായങ്ങൾ, ഇലക്ട്രോണിക്സ്, പ്രതിരോധം, പെട്രോകെമിക്കൽസ് തുടങ്ങിയ വ്യത്യസ്ത മേഖലകളെ അവ ഉൾക്കൊള്ളുന്നു. തിരുവനന്തപുരത്തെ കെ.എഫ്.വി.പി. (Kinfra Film and Video park) രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, കാക്കഞ്ചേരിയിലെ നിയോ സ്പേസ് എന്നിവയുൾപ്പെടെ ഐ.ടി./ഐ.ടി.ഇ.എസ്.-നായി പ്രത്യേക പാർക്കുകൾ ഇവയിൽ ഉൾപ്പെടുന്നു. കൊച്ചിയിലെ കാക്കനാട്ട് ഒരു ഇലക്ട്രോണിക്സ് നിർമ്മാണ ക്ലസ്റ്ററും പാലക്കാട് ഒറ്റപ്പാലത്ത് ആദ്യത്തെ ഡിഫൻസ് പാർക്കും കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. പ്രതിരോധ, ഇലക്ട്രോണിക്സ് അനുബന്ധ മേഖലകളിൽ ശ്രദ്ധ

കേന്ദ്രീകരിച്ചാണ് ഇത്. ഈ പാർക്കുകളിലും മറ്റും പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര നൽകിയിട്ടുണ്ട്. TCS Ltd., Tata Elxsi, Hailstone Innovation (P) Ltd, Kaynes Technology, V-Guard, D-space, Vensure, Systrome Technologies, Hykon, Vinvish Technologies, Genrobotics മുതലായ പ്രാദേശികവും ആഗോളവുമായ കമ്പനികൾ ഇതിനകം കിൻഫ്ര പാർക്കുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളെ സ്വീകരിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും സജ്ജമായ അന്തരീക്ഷം കിൻഫ്ര പാർക്കുകളിൽ ഒരുക്കിനൽകുന്നു. പുതിയ സാങ്കേതിക വിദ്യകളുടെ പരീക്ഷണത്തിനും സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ സാഹചര്യവും കിൻഫ്ര പാർക്കുകളിൽ ഒരുക്കിനൽകുന്നു.

ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധികൾ

214(662) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തെ നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്വാറി/ക്രഷർ പ്രവർത്തനങ്ങളുടെ മേൽ അമിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ഈ മേഖലയിൽ വൻ വിലക്കയറ്റത്തിനും നിർമ്മാണ സാമഗ്രികൾ

ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നുവെന്ന വിഷയം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ക്വാറിയുടെ പ്രവർത്തനങ്ങളിന്മേൽ സർക്കാർ പുതിയ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന ചില വ്യവഹാരങ്ങൾ കോടതിയുടെ പരിഗണനയിലുള്ളതും അവയിൽ തന്നെ ചിലതിൽ ലഭിച്ച വിധിന്യായങ്ങളും മൈൻ ലൈഫും പ്രോജക്ട് ലൈഫും രണ്ടാണെന്നുള്ള കോടതിയുടെ നിർദ്ദേശം, ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി അനുവദിച്ച പാരിസ്ഥിതികാനുമതി, സംസ്ഥാന അതോറിറ്റി റീ-അപ്രൈസൽ ചെയ്യണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ നിർദ്ദേശം മുതലായവ ക്വാറികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ ക്വാറിയിങ് ലീസിനുള്ള അപേക്ഷകളിൽ വകുപ്പ് ഇതിനോടകം ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ച 443 അപേക്ഷകളിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് കാലാനുസൃതമായി പരിഷ്കരിക്കണമെന്നുള്ള ഹൈക്കോടതിയുടെ നിരീക്ഷണത്തെത്തുടർന്ന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് അതത് ജില്ലകളിൽ തയ്യാറാക്കുന്നതിനായുള്ള വിദഗ്ധ സേവനം വകുപ്പിൽനിന്നും നൽകിയിട്ടുള്ളതും ആയതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ലാൻഡ്സ്ലൈഡ് സസപ്റ്റബിലിറ്റി സംബന്ധിച്ച് അടുത്ത കാലത്ത് പുറത്തിറങ്ങിയ ഹസാഡ് സോണേഷൻ

മാപ്പ് പ്രകാരമുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

മണൽ, ചെമ്മണ്ണ് ഖനനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

215(663) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മണൽ, ചെമ്മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാധാരണ മണൽ, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നപ്രകാരം ക്വാറിയിങ് പെർമിറ്റാണ് അനുവദിക്കുന്നത്. അല്ലാത്ത സാഹചര്യങ്ങളിൽ മേൽപ്രകാരമുള്ള ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് താഴെപ്പറയുന്ന രേഖകളോടുകൂടി ഫോം എ-യിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

1. 5000/- രൂപ നിർദിഷ്ട ശീർഷകത്തിൽ അപേക്ഷാ ഫീസ് ഒടുക്കിയ ചെലാൻ

2. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച സർവെ മാപ്പ്.

3. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച ഡീ-മാർക്കേഷൻ സർട്ടിഫിക്കറ്റ്.

4. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അനുവദിച്ച നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്.

5. അപേക്ഷാ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്. (അപേക്ഷാ സ്ഥലം സർക്കാർ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭിച്ച നിരാക്ഷേപ പത്രം.)

6. അപേക്ഷകൻ, സ്ഥലമുടമ അല്ലെങ്കിൽ മുദ്ര പത്രത്തിൽ തയ്യാറാക്കിയതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സമ്മത പത്രം.

7. ഖനനം ചെയ്യുന്നത് സാധാരണ മണൽ ആണെങ്കിൽ ഖനനഫലമായി രൂപപ്പെടുന്ന കുഴി നികത്തി പൂർവ സ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് ക്യൂബിക് മീറ്റർ ഒന്നിന് 300/- രൂപ എന്ന നിരക്കിലുള്ള ബാങ്ക് ഗാരന്റി.

8. അപേക്ഷാ സ്ഥലം 50 ആർസിൽ കൂടുതലാണെങ്കിൽ അപേക്ഷാ സ്ഥലത്തെ റിസോഴ്സ് സംബന്ധിച്ചുള്ള ഡ്രോൺ-ലിഡാർ സർവെ റിപ്പോർട്ട്.

തുടർന്ന് ഖനനത്തിന് അഭികാമ്യമായ സ്ഥലമാണെന്ന് പ്രാഥമിക വിലയിരുത്തലിൽ കാണുന്നപക്ഷം അപേക്ഷകന് ലെറ്റർ ഓഫ് ഇന്റന്റ് അനുവദിക്കുന്നു. പ്രസ്തുത ലെറ്റർ ഓഫ് ഇന്റന്റിന്റെ അടിസ്ഥാനത്തിൽ മൈനിങ് പ്ലാൻ തയ്യാറാക്കി ജില്ലാ ജിയോളജിസ്റ്റ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പാരിസ്ഥിതികാനുമതി ഹാജരാക്കുന്ന മുറയ്ക്ക് ഖനനാനുമതി നൽകുകയും ചെയ്യുന്നു.

വാസഗൃഹ-കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള സംഗതികളിൽ 3000 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽനിന്നും 3000 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനായി ജില്ലാ ജിയോളജി വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള പെർമിറ്റിന്റെയും ചട്ടം നിഷ്കർഷിക്കുന്ന മറ്റ് അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ അനുമതി ലഭിക്കുന്നു.

മൈനിങ് & ജിയോളജി ഡയറക്ടേറ്റിലെ ഉദ്യോഗസ്ഥൻ

216(664) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൈനിങ് & ജിയോളജി ഡയറക്ടേറ്റിലെ എം.സി. കിഷോർ എന്ന ഉദ്യോഗസ്ഥൻ ഏതെല്ലാം ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തിട്ടുണ്ട്; അവിടങ്ങളിൽ ജോലി ചെയ്ത വർഷം വ്യക്തമാക്കുമോ?

ശ്രീ. എം. സി. കിഷോർ ജോലിചെയ്തിട്ടുള്ള ജില്ലാ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

തസ്തിക	ജോലി ചെയ്ത ഓഫീസ്	കാലയളവ്
അസിസ്റ്റന്റ് ജിയോളജിസ്റ്റ്	ജില്ലാ ഓഫീസ് പത്തനംതിട്ട	15-07-2002 – 29-03-2007
ജിയോളജിസ്റ്റ്	ജില്ലാ ഓഫീസ്	24-04-2012 -

	പാലക്കാട്	24-09-2016
സീനിയർ ജിയോളജിസ്റ്റ്	ജില്ലാ ഓഫീസ് പാലക്കാട്	09-05-2019 - 04-08-2019
സീനിയർ ജിയോളജിസ്റ്റ്	ജില്ലാ ഓഫീസ് തൃശ്ശൂർ	05-08-2019 – 17-11-2021

(ബി) മേൽ പറഞ്ഞ ഉദ്യോഗസ്ഥനെതിരെ ഏതൊക്കെ ജില്ലകളിലായി എത്ര വിജിലൻസ് കേസുകളുണ്ട്; നിലവിൽ ജോലി ചെയ്യുന്ന തസ്തിക അറിയിക്കാമോ?

മൈനിങ് & ജിയോളജി ഡയറക്ടേറ്റിലെ എം.സി. കിഷോർ എന്ന ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസുകളൊന്നും നിലവിലില്ല. നിലവിൽ ഈ ഉദ്യോഗസ്ഥൻ അഡീഷണൽ ഡയറക്ടർ തസ്തികയിലാണ് ജോലി ചെയ്യുന്നത്.

(സി) പ്രസ്തുത ഉദ്യോഗസ്ഥന് ഏറ്റവും ഒടുവിൽ പ്രൊമോഷൻ കൊടുത്ത തീയതി അറിയിക്കാമോ; ഇത്രയും കേസുകളുണ്ടായിട്ടും പ്രൊമോഷൻ കൊടുക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

ശ്രീ. എം. സി. കിഷോറിന് 04-10-2024-ൽ അഡീഷണൽ ഡയറക്ടറായി പ്രമോഷൻ നൽകിയിട്ടുണ്ട്. പ്രമോഷൻ നൽകുന്ന സമയത്തും ടിയാനെതിരെ വിജിലൻസ് കേസുകളൊന്നും ഉണ്ടായിരുന്നില്ല.

ഖനന ലൈസൻസുകൾ

217(665) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അനുവദിച്ചിട്ടുള്ള ഖനന ലൈസൻസുകളുടെ എണ്ണം എത്രയാണ്; ഇതിൽ പാലക്കാട് ജില്ലയിൽ മാത്രം എത്ര എണ്ണം; എവിടെയൊക്കെ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ഖനന ലൈസൻസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

മിനറൽസ്	ക്വാറിയിങ് പെർമിറ്റ്	ക്വാറിയിങ് ലീസ്
ചൈനാക്ലേ	-	2
ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ	132	449
ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ	-	2
ലാറ്ററൈറ്റ് ബിൽഡിങ് സ്റ്റോൺ	136	-
ഓർഡിനറി എർത്ത്	117	-
സിലിക്ക സാൻഡ്	-	3
ആകെ	**385**	**456**

പാലക്കാട് ജില്ലയിൽ മാത്രം നിലവിൽ അനുവദിച്ചിട്ടുള്ള ഖനന ലൈസൻസുകളുടെ എണ്ണം

- ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ (ക്വാറിയിങ് പെർമിറ്റ്) - 26.
- ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ (ക്വാറിയിങ് ലീസ്) - 47.
- ലാറ്ററൈറ്റ് ബിൽഡിങ് സ്റ്റോൺ (ക്വാറിയിങ് പെർമിറ്റ്) - 5.

ആയവയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നാഗലശ്ശേരി വില്ലേജ്	1 എണ്ണം
ഓങ്ങല്ലൂർ – 2 വില്ലേജ്	1 എണ്ണം
ഓങ്ങല്ലൂർ – 1 വില്ലേജ്	1 എണ്ണം

നെല്ലായ വില്ലേജ്	2 എണ്ണം
പൊറ്റശ്ശേരി വില്ലേജ്	1 എണ്ണം
അമ്പലപ്പാറ വില്ലേജ്	1 എണ്ണം
കുഴൽക്കല്ലൂർ വില്ലേജ്	2 എണ്ണം
വല്ലപ്പുഴ വില്ലേജ്	1 എണ്ണം
പൂക്കോട്ടുകാവ് വില്ലേജ്	1 എണ്ണം
തിരുമുറ്റക്കോട് - 2 വില്ലേജ്	1 എണ്ണം
തിരുമുറ്റക്കോട് - 1 വില്ലേജ്	1 എണ്ണം
വാണിയംകുളം - 2 വില്ലേജ്	1 എണ്ണം
കോഴിപ്പതി വില്ലേജ്	1 എണ്ണം
തച്ചനാട്ടുകര -1 വില്ലേജ്	2 എണ്ണം
വടകരപ്പതി വില്ലേജ്	1 എണ്ണം
തിരുവേഗപ്പുറ വില്ലേജ്	1 എണ്ണം
എരുമയൂർ – 2 വില്ലേജ്	3 എണ്ണം
പട്ടിത്തറ വില്ലേജ്	3 എണ്ണം
കുത്തന്നൂർ -1 വില്ലേജ്	2 എണ്ണം
പല്ലശ്ശന വില്ലേജ്	1 എണ്ണം
ലക്കിടിപ്പേരൂർ വില്ലേജ്	1 എണ്ണം
കേരളശ്ശേരി വില്ലേജ്	2 എണ്ണം
വടക്കാഞ്ചേരി -2 വില്ലേജ്	1 എണ്ണം
കിഴക്കൻഞ്ചേരി - 2 വില്ലേജ്	1 എണ്ണം
കുത്തന്നൂർ വില്ലേജ്	1 എണ്ണം
മംഗലം ഡാം വില്ലേജ്	1 എണ്ണം
വണ്ടാഴി വില്ലേജ്	2 എണ്ണം
മുതലമട – 1, വില്ലേജ്	1 എണ്ണം
ഒഴലപ്പതി വില്ലേജ്	1 എണ്ണം
അലനല്ലൂർ – 3 വില്ലേജ്	1 എണ്ണം

വല്ലപ്പുഴ വില്ലേജ്	2 എണ്ണം
തൃത്താല വില്ലേജ്	1 എണ്ണം
തിരുമകക്കോട് - 2 വില്ലേജ്	3 എണ്ണം
പട്ടാമ്പി വില്ലേജ്	1 എണ്ണം
ഓങ്ങല്ലൂർ – 1 വില്ലേജ്	2 എണ്ണം
നാഗലശ്ശേരി വില്ലേജ്	1 എണ്ണം
മുതുതല വില്ലേജ്	3 എണ്ണം
കരിമ്പ – 1 വില്ലേജ്	1 എണ്ണം
തച്ചനാട്ടുകര – 1 വില്ലേജ്	2 എണ്ണം
തച്ചനാട്ടുകര – 2 വില്ലേജ്	1 എണ്ണം
അമ്പലപ്പാറ – 1 വില്ലേജ്	1 എണ്ണം
അമ്പലപ്പാറ – 2 വില്ലേജ്	1 എണ്ണം
അനങ്ങനടി വില്ലേജ്	1 എണ്ണം
ചെറുപ്പുളശ്ശേരി വില്ലേജ്	3 എണ്ണം
കരിമ്പുഴ വില്ലേജ്	1 എണ്ണം
ലക്കിടിപേരൂർ വില്ലേജ്	1 എണ്ണം
ഒറ്റപ്പാലം - 1 വില്ലേജ്	2 എണ്ണം
ഷൊർണ്ണൂർ – 2 വില്ലേജ്	1 എണ്ണം
വെള്ളിനേഴി	1 എണ്ണം
അകത്തേത്തറ വില്ലേജ്	1 എണ്ണം
ആനക്കര വില്ലേജ്	2 എണ്ണം
കൊപ്പം വില്ലേജ്	6 എണ്ണം
ആകെ	**78**

(ബി) ഖനനാനുമതി നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഖനനാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയിൽ ധാരാളം ന്യൂനതകൾ ശ്രദ്ധയിൽപ്പെടാറുണ്ട്. ആയത് പരിഹരിക്കുന്നതിലേക്കായി ജില്ലാ ഓഫീസുകളിലും ആസ്ഥാന ഓഫീസിലും ഡയറക്ട് സ്ക്രൂട്ടിണി സംവിധാനം കൊണ്ടുവരികയും ആയതിലൂടെ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തരമായി കത്ത് നൽകുകയും അപാകതകൾ പരിഹരിച്ച അപേക്ഷകളിലും പൂർണ്ണമായ അപേക്ഷകളിലും വകുപ്പിൽനിന്നും സമയബന്ധിതമായി അനുമതികൾ നൽകിവരുന്നുണ്ട്. മൈനിങ് ലീസ്/പെർമിറ്റിനുള്ള അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ വകുപ്പ് കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ

218(666) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻവീവ് ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെയെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ (ഹാൻവീവ്) 2025 സെപ്തംബർ മാസം മുതൽ 2025 ഡിസംബർ മാസം വരെയുള്ള നാലുമാസത്തെ ശമ്പളം നിലവിൽ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചുവരുന്നു.

(ബി) സ്ഥാപനത്തിൽനിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; വിരമിച്ച ജീവനക്കാരുടെ പി.എഫ്. അടച്ചുതീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് അടച്ചുതീർക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

കോർപ്പറേഷനിൽനിന്നും വിരമിച്ച/രാജിവച്ച 37 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും 67 ജീവനക്കാർക്ക് ടെർമിനൽ സറണ്ടറും നൽകാനുണ്ട്. വിരമിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ 2023 ജൂലൈ മുതലുള്ള ഇ.പി.എഫ്.-ലേക്കുള്ള തൊഴിലുടമ വിഹിതവും 2025 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ വിഹിതവും അടയ്ക്കാനുണ്ട്.

കോർപ്പറേഷന്റെ വില്പനയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തിയും കോർപ്പറേഷന് ലഭിക്കാനുള്ള ഫണ്ടുകൾ ലഭ്യമാക്കിയും മറ്റ് വരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കിയും സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചുവരുന്നു.

(സി) പുതിയ തസ്തിക അനുവദിക്കാൻ സ്ഥാപനം സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അപേക്ഷ നൽകിയിട്ടില്ല.

(ഡി) സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ടറി ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ; സർക്കാർ ഹാൻവീവിന് നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. എന്നിരുന്നാലും 2024-25 സാമ്പത്തിക വർഷത്തിൽ സ്റ്റാറ്റ്യൂട്ടറി ബാധ്യത തീർക്കുന്നതിനായി 175 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 30 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

കൈത്തറി നെയ്ത്ത് സഹകരണ സംഘം

219(667) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആലംകോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പ്രവർത്തനം നിലച്ച കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നില്ല.

പ്രവർത്തനരഹിതമായ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൽ 03-01-2023-ൽ ചുമതലയേറ്റ 6 അംഗ ഭരണ സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി സംഘത്തിന്റെ

പുനരുദ്ധാരണത്തിനായി ഒരു പ്രൊപ്പോസൽ 20-01-2026-ന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നൽകിയിട്ടുണ്ട്.

അളഗപ്പ ടെക്സ്റ്റൈൽ മിൽ

220(668) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിടുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഏതെങ്കിലും ഇടപെടലുകളോ നടപടികളോ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തിക ശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കിവരുന്നെന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) എൻ.ടി.സി.-ക്ക് കൈമാറിയ പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് കിൻഫ്ര പാർക്ക് പോലുള്ള സംരംഭങ്ങൾ അവിടെ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ?

കേന്ദ്ര സർക്കാർ തലത്തിൽ അനുമതി ലഭിക്കുകയാണെങ്കിൽ അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

221(669) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കാരണമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സർക്കാർ നടത്തിയ പരിശോധനകളുടെ വിശദാംശം വിവരിക്കുമോ?

കോട്ടയം ടെക്സ്റ്റൈൽസിലെ ജീവനക്കാരുടെ ഉന്നമനത്തിനായി രൂപീകരിച്ച കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അംഗങ്ങളിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്തുവന്നിരുന്നു.

2020 ഫെബ്രുവരി മാസം മുതൽ 2021 നവംബർ മാസം വരെ തൊഴിൽ പ്രശ്നങ്ങൾമൂലം കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനം നിന്നുപോയതിനാൽ കോട്ടയം ടെക്സ്റ്റൈൽസിലെ

ജീവനക്കാരായ അംഗങ്ങളെടുത്ത വായ്പകൾ തിരിച്ചടയ്ക്കാതെവരികയും ചെയ്തു. അക്കാരണത്താൽ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി മോശമാകുകയും നിക്ഷേപത്തുകകൾ തിരികെ നൽകാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു. കോട്ടയം ടെക്സ്റ്റൈൽസിൽ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വകുപ്പ് 66 പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഐ.എൻ. 1250800204 നമ്പർ നിവേദനത്തിൽ ഉന്നയിച്ച പരാതികളിന്മേൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ സമർപ്പിക്കേണ്ട റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറുടെ 21-01-2026-ലെ പി/227/151/890 നമ്പർ കത്തുപ്രകാരം റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സൊസൈറ്റിയിലെ നിക്ഷേപകരുടെ തുക തിരികെ നൽകുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; എത്ര നിക്ഷേപകർക്ക് എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്നതും അറിയിക്കുമോ?

സൊസൈറ്റിക്ക് ലഭിക്കാനുള്ള തുകകൾ തിരികെ ഈടാക്കാൻ ARC ഫയൽ ചെയ്യുന്നത് അടക്കമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും കർശനനിർദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘത്തിൽ നിന്നും 120 നിക്ഷേപകർക്കായി 245,56,459.21/- രൂപ തിരികെ നൽകാനുണ്ട്.

(ഡി) സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി തയ്യാറാക്കിയ ഹ്രസ്വകാല–ദീർഘകാല പദ്ധതികൾ എന്തൊക്കെയെന്നും ഇതിനായി ബജറ്റിൽ വകയിരുത്തൽ പരിഗണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിന്റെ റീ ഓപ്പണിങ്ങുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയിൽ നിന്നും 19,10,110.52/- രൂപ കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കുടിശ്ശിക തീർക്കുന്നതിലേക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ഇ) നിക്ഷേപകരുടെ തുക നഷ്ടപ്പെടാൻ കാരണമായ ഭരണപരമായ വീഴ്ചകളോ അഴിമതിയോ ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനരഹിതമായതിനെ തുടർന്നാണ് സൊസൈറ്റിയുടെ പ്രവർത്തനം നിലയ്ക്കുകയും നിക്ഷേപ തുക നിക്ഷേപകർക്ക് തിരികെ നൽകാൻ സൊസൈറ്റിക്ക് സാധിക്കാതെ വരികയും ചെയ്തത്.

കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും സംഘത്തിന് കർശന നിർദേശം നൽകിയിട്ടുള്ളതുമാണ്.

പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ ലഭ്യത ഉറപ്പാക്കൽ

222(670) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മതിയായ ഈറ്റ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പരമ്പരാഗത ഈറ്റ തൊഴിലാളികൾ പണിയെടുക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽ ഈറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

2024-25 വർഷത്തിൽ മലയാറ്റൂർ, റാന്നി/കോന്നി, വാഴച്ചാൽ എന്നീ ഡിവിഷനുകളിൽ നിന്നായി ആകെ 9538 മെട്രിക് ടൺ ഈറ്റ ശേഖരിക്കുന്നതിനായി അനുമതി നൽകുകയും 660.99 മെട്രിക് ടൺ (115 ലോഡ്) ഈറ്റ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ട/വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും കർഷകർക്കുമായി തിരുവനന്തപുരം ഭാഗത്തേക്ക് 20 ലോഡ് ഈറ്റയും പത്തനംതിട്ടയിലേക്ക് 26 ലോഡ് ഈറ്റയും അങ്കമാലി ഭാഗത്തേക്ക് 69 ലോഡ് ഈറ്റയും നൽകിയിട്ടുണ്ട്. 2025-26-ൽ വാഴച്ചാൽ ഡിവിഷനിലും മാങ്കുളം ഡിവിഷനിലുമായി 1500 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും വനം വകുപ്പും തമ്മിൽ അഞ്ച് വർഷം കൂടുമ്പോഴുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് വനത്തിൽനിന്നും ഈറ്റ ശേഖരിക്കുന്നത്. നിലവിലുള്ള കരാർ 31-10-2025-ന് അവസാനിച്ചിട്ടുള്ളതാണ്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുനലൂർ മണ്ഡലത്തിലെ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് പ്രവൃത്തികൾ

223(671) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിലെ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് മേഖലയിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് മേഖലയിൽ "അടിസ്ഥാന സൗകര്യ വികസനം" എന്ന ശീർഷകത്തിൽ അനുവദിച്ച 5 ലക്ഷം രൂപ വിനിയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ ആസ്ബറ്റോസ് ഷീറ്റ് മാറ്റി GI ഷീറ്റ് സ്ഥാപിക്കുകയും മേൽക്കൂരയ്ക്ക് fall ceiling സ്ഥാപിക്കുകയും കെട്ടിടപരിസരത്ത് ഇന്റർലോക്ക് പാകുകയും പെയിന്റിങ് നടത്തുകയും 11 ചർക്കകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

പ്രവൃത്തിയുടെ പേര്	തുക	പദ്ധതി നിർവഹണ ഏജൻസി
അടിസ്ഥാനസൗകര്യ വികസനം	5 ലക്ഷം	ഏരൂർ ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പദ്ധതി നിർവഹിച്ചു

ഖാദി യൂണിറ്റുകളുടെ പുനർജീവനം

224(672) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ വിട്ടുനൽകിയ സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന ഖാദി യൂണിറ്റുകൾ പലതും പ്രവർത്തനം നിലച്ച് കെട്ടിടങ്ങൾ ഉപയോഗശൂന്യമായും സ്ഥലം കാടുപിടിച്ചും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഖാദി-വ്യവസായ യൂണിറ്റുകൾ പുനർജീവിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ;

(സി) ഖാദി യൂണിറ്റുകളുടെ പുനർജീവനം സാധ്യമല്ലാത്ത സാഹചര്യത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്ഥലങ്ങൾ പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഖാദി യൂണിറ്റ് പുനർജീവിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനുമായുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പരിശോധിച്ചുവരുന്നു.

കയർവ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങൾ

225(673) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിൽദിനങ്ങൾ വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കയർ മേഖലയിൽ വിപണിക്കാവശ്യമായ മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി തൊഴിലാളികൾക്ക് പല ബാച്ചുകളിലായി പരിശീലനം നൽകുകയുണ്ടായി. 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പെന്റോടുകൂടി ഇ-റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീൻ (ASM), ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകി. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യത വിപുലപ്പെടുത്തുന്നതിന് MGNREGS പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യത നൽകുന്നു. ഓരോ പ്രോജക്ടിലും ഒരു ഡിഫൈബറിങ് (DF) യൂണിറ്റ് വീതം തിരഞ്ഞെടുത്ത് നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉൽപാദിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവീന ഡിസൈനുകളിലുള്ളതും വിപണി മൂല്യമുള്ളതുമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടി കയർ കോർപ്പറേഷൻ നടപ്പാക്കിവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ വ്യാപകമായ ഉപയോഗം ചകിരി ഉൽപാദന മേഖല, കയർപിരി മേഖല, ഉൽപാദന മേഖല എന്നിവയിലാകെ നിരവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹതയനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും

സൃഷ്ടിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക് 6-08-2024-ലെ സ.ഉ.(സാധാ) നമ്പർ 700/2024/വ്യവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മാർക്കറ്റ് ഡിമാൻഡുള്ള കയറുൽപന്നങ്ങൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികൾക്ക് കയർ കോർപ്പറേഷൻ പരിശീലനം നൽകിവരുന്നു. തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് കയർ, കയർ ഉൽപന്ന വില യഥാസമയം ലഭിക്കുന്നതിനായി റിവോൾവിങ് ഫണ്ട് പദ്ധതിയും കയർ ഉൽപാദനത്തിനുള്ള ചകിരി തുടർച്ചയായി ലഭ്യമാക്കുന്നതിനുള്ള മെറ്റീരിയൽ ബാങ്ക് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) കയർ വ്യവസായം സംരക്ഷിക്കുന്നതിന് പ്രസ്തുത മേഖലയിൽ നൽകുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ?

ഈ സാമ്പത്തിക വർഷം കയർ മേഖലയ്ക്കായി 107.64 കോടി രൂപയുടെ സാമ്പത്തിക സഹായം ബജറ്റ് വിഹിതത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കയർ മേഖലയിലെ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടി

226(674) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് കയർ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ?

പരമ്പരാഗത കയർ പിരി മേഖലയിലെയും ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും കുറഞ്ഞ ദിവസവേതനം 400/- രൂപയാണ്.

(ബി) ഇത് അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കയർ മേഖലയിലെ തൊഴിലാളി വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 20-7-2025-ലെ സ.ഉ.(സാധാ) നം.887/2025/ID പ്രകാരം കയർ തൊഴിലാളികളുടെ ദിവസവേതനം 350/- രൂപയിൽ നിന്നും 400/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ മേഖലയിൽ അനുവദിച്ച പദ്ധതികൾ

227(675) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയിൽ വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയിൽ തോട്ടങ്ങളിലെ ലയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ധനസഹായം നൽകുന്ന 'Assistance for the Construction and Renovation of labour housing (Layams) in plantations' എന്ന പദ്ധതിപ്രകാരം ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റി ചേരുകയും സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷന്റെ 32 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 13,60,000/-രൂപയുടെ DPR, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് 200 ലയങ്ങൾ നവീകരിക്കുന്നതിനായി സമർപ്പിച്ച 3,58,00,000/- രൂപയുടെ DPR എന്നിവ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കി സബ്സിഡിക്കായി എസ്റ്റേറ്റുകൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് പദ്ധതിയുടെ നിർവഹണ ഏജൻസി എന്ന നിലയിൽ അപേക്ഷകൾ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുകയും അംഗീകാരം നൽകി ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്. ആകെ ചെലവാക്കുന്ന തുകയുടെ 30 ശതമാനം (നവീകരണത്തിന് പരമാവധി 50,000/- രൂപ വരെയും പുതിയ നിർമ്മാണത്തിന് പരമാവധി 2,00,000/- രൂപയും) സബ്സിഡിയായി നൽകും.

(സി) സംസ്ഥാന ബജറ്റുകളിൽ തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; മേൽ വിഷയത്തിൽ എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2024-25-ലെ കേരള സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ലയങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള 'Assistance for the Construction and Renovation of labour housing (Layams) in plantations' എന്ന പദ്ധതിക്ക് 01-03-2025-ലെ സ.ഉ.(കൈ) 19/2025/വ്യവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം അംഗീകാരം നൽകുകയും 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി മാർഗരേഖപ്രകാരം പ്ലാന്റേഷൻ ഉടമ ലയങ്ങളിലെ നിർമ്മാണമോ നവീകരണമോ നടത്തുന്ന സാഹചര്യത്തിൽ ആകെ ചെലവാകുന്ന തുകയുടെ 30 ശതമാനം (നവീകരണത്തിന് പരമാവധി 50,000/- രൂപ വരെയും പുതിയ നിർമ്മാണത്തിന് പരമാവധി 2,00,000/- രൂപ വരെയും) സബ്സിഡിയായി അനുവദിക്കും.

ലയങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള 98 വിശദമായ പദ്ധതി രൂപരേഖകൾ (DPRs) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇതുവരെ ലഭിച്ചിട്ടുണ്ട്. 276 പുതിയ ലേബർ ലൈൻ യൂണിറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസലും

3256 ലേബർ ലൈൻ യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലും ഉൾപ്പെടെ ആകെ 3532 ലേബർ ലൈൻ യൂണിറ്റുകളുടെ 98 വിശദമായ പദ്ധതി രൂപരേഖകൾ ജില്ലാ ഓഫീസുകളിൽ ഇതുവരെയുള്ള കണക്കുകൾപ്രകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേക്കായി 2024-25 സാമ്പത്തിക വർഷം 80.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം അധിക ധനാനുമതിയിലൂടെ 10 കോടി രൂപ ആദ്യ ഘട്ടമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2.7 കോടി രൂപ അധിക ധനാനുമതിയിലൂടെ സർക്കാർ അനുവദിക്കുകയും അതിൽനിന്നും 2.25 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

228(676) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി)

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ പ്രധാനമായും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു:

1. ചങ്ങനാശ്ശേരി സബ്സ്റ്റേഷൻ 66 kV-യിൽനിന്ന് 110 kV-ആക്കി ഉയർത്തുന്ന പ്രവൃത്തിക്കായി 15.8 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 2020-ൽ നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി സൈറ്റ് ലെവലിങ്ങും ചുറ്റുമതിൽ നിർമ്മാണവും നടന്നുവരുന്നു.

2. കുറിച്ചിയിൽ പുതിയ 110 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സാങ്കേതിക പഠനത്തിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ Detailed Project Report (DPR) തയ്യാറാക്കിവരുന്നു.

3. പത്തനംതിട്ട ജില്ലയിൽ പുതിയതായി നിർമ്മിക്കുന്ന 33 kV കുന്നന്താനം സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃക്കൊടിത്താനം സബ്സ്റ്റേഷനിൽ 110/33 kV, 16 MVA ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 110/33 kV ബേ നിർമ്മാണം തുടങ്ങിയവ ചെയ്യുന്ന പ്രവൃത്തികൾക്കായി 4.7 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. വർക്കിങ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിലുൾപ്പെടുത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ ചെലവിൽ 11 kW സ്ഥാപിതശേഷിയിൽ 3 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പുമുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതിവിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), പി.പി.എസ്. എന്നിവയിലുൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളിൽ പ്രവൃത്തികൾ നടന്നുവരുന്നു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം വൈദ്യുത വകുപ്പിന്റെ കീഴിൽ മേല്പറഞ്ഞ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി +ചേർക്കുന്നു.

അനെർട്ട്

അനെർട്ട് മുഖാന്തരം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ 3 സ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. ഓരോ പ്രവൃത്തിയുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ അനുബന്ധമായി+ ചേർക്കുന്നു. ഓരോ പ്രവൃത്തികളും സംബന്ധിച്ച പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ

229(677) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ കാലത്ത് നടപ്പാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29-5-2017-ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം 150219 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. മേൽ വിഭാഗത്തിലുള്ള ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ ദ്യുതി 1 പദ്ധതിയിൽ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ചുതീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണവും അങ്കണവാടികളുടെ വൈദ്യുതീകരണവും നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 146.52 കോടി രൂപ ചെലവഴിച്ച് 2018 മുതൽ ഡിസംബർ 2025 വരെ ആകെ 1,33,214 എണ്ണം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കോവിഡ് സമയത്ത് സർക്കാർ നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നുവരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥനപ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

അനെർട്ട്

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി അനെർട്ട് മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും കെ.എസ്.ഇ.ബി.എൽ. മുഖേന ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടികവർഗ ഉന്നതികളിൽ അനെർട്ട് മുഖേന Off-Grid സൗരോർജ വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടികവർഗ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ഫോറസ്റ്റ് റേഞ്ചിന് കീഴിലുള്ള പുതൂർ ഗ്രാമപഞ്ചായത്തിലെ "താഴെതുടുക്കി" പട്ടികവർഗ നഗറിലെ 45 വീടുകളിൽ ബാറ്ററി ബാക്ക് അപ്പ്-ഓടുകൂടിയ 50 kW മൈക്രോ ഗ്രിഡ് പദ്ധതി അനെർട്ട് വിജയകരമായി നടപ്പാക്കുകയും വൈദ്യുതീകരണം പൂർത്തീകരിക്കുകയും ചെയ്തു. 45 kW സോളാർ പവർ പ്ലാന്റും 5 kW വിൻഡ് മെഷീൻ ചേർന്ന യൂണിറ്റിനുള്ള 240kWh ബാറ്ററി ബാക്ക് അപ്പും ഇൻവെർട്ടറും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള കൺട്രോൾ റൂമും പദ്ധതിയിൽ ഉൾപ്പെടുന്നു. എല്ലാ വീടുകളിലും ആവശ്യമായ എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, എൽ.ഇ.ഡി ബൾബുകൾ, പ്ലഗ് പോയിന്റുകൾ, മൊബൈൽ ഫോണുകൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾ

നിറവേറ്റുന്നതിനായി ടി.വി, ഡി.ടി.എച്ച്. കണക്ഷൻ, ലാപ്ടോപ് ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിൽ ഉൾപ്പെടുന്ന മേലെത്തുടുക്കി, ഗലസി, ഊരേടം എന്നീ പട്ടികവർഗ നഗറുകളിലെ 60 കുടുംബങ്ങൾ വൈദ്യുതീകരിക്കുന്നതിനായി ഓരോ വീട്ടിലും സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു. 1 കിലോവാട്ട് ശേഷിയുള്ള സോളാറും 500 വാട്ട് ശേഷിയുള്ള വിൻഡ് ജനറേറ്ററും ചേർന്ന ഹൈബ്രിഡ് പവർ പ്ലാന്റുകളാണ് വീടുകളിൽ സ്ഥാപിച്ചിരിക്കുന്നത്. 30 സോളാർ സ്ട്രീറ്റ് ലൈറ്റുകളും പൊതു ആവശ്യത്തിനായി ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് വയനാട് മേപ്പാടി ഗ്രാമപഞ്ചായത്ത് വേലപ്പൻകണ്ടി പട്ടികവർഗ നഗറിലെ 10 വീടുകളിൽ 1.5 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു. പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (PM JANMAN) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 പട്ടികവർഗ ഉന്നതികളിലെ 98 PVTG കുടുംബങ്ങൾക്ക് Off-Grid മോഡൽ സൗരോർജ വൈദ്യുതീകരണം നടത്തുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയാക്കി 3,94,22,221/- രൂപയുടെ വർക്ക് ഓർഡർ നൽകുകയും തുടർന്ന് വർക്ക് ആരംഭിക്കുകയും ചെയ്തു. ഇതിൽ കേന്ദ്ര വിഹിതം 49 ലക്ഷം രൂപയും സംസ്ഥാന വിഹിതം 3,45,22,221/- രൂപയുമാണ്. കൂടാതെ നടപ്പ്

സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ), മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (ആകെ 15 ഉന്നതികൾ) സൗരോർജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വൈദ്യുതിക്ക് പുറമെ വരുമാനം കൂടി ലഭ്യമാകുന്ന ഹരിത ഊർജ വരുമാന പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

അനെർട്ട്

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിതസാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനം ആവിഷ്കരിച്ച് നടപ്പാക്കിയ മാതൃകാ പദ്ധതിയാണ് ഹരിത ഊർജ വരുമാന പദ്ധതി. അനെർട്ട് മുഖേന ഇതുവരെ 1700 ലൈഫ് മിഷൻ/ പുനർഗേഹം/ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചുനൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത വൈദ്യുത ഉൽപാദന പദ്ധതികൾ മേൽ ലക്ഷ്യം നേടുന്നതിന് പര്യാപ്തമായിരുന്നോ; അറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത വൈദ്യുത ഉൽപാദന പദ്ധതികൾ സമ്പൂർണ വൈദ്യുതീകരണം നേടുന്നതിന് സഹായകമായിട്ടുണ്ട്.

വൈദ്യുതി വാങ്ങൽ കരാറുകൾ

230(678)ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപാദനം കുറയുന്ന അവസരത്തിൽ പ്രതിദിനം ശരാശരി എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത അടിസ്ഥാനമാക്കി അടുത്ത ഒരു വർഷത്തെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിൽ തുലനം ചെയ്ത് കുറവുവരുന്ന വൈദ്യുതി DEEP പോർട്ടൽ (short term) മുഖേന ടെൻഡർ ക്ഷണിക്കുകയും വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അനുമതിയോടെ കരാറുകളിലേർപ്പെടാറും ചെയ്യുന്നുണ്ട്. ഇപ്രകാരം 2024-25 വർഷത്തിൽ 1893 ദശലക്ഷം യൂണിറ്റ് വൈദ്യുതി 1,236 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. സോളാർ പ്രൊഡ്യൂസർമാരുടെ ഉൾപ്പെടെ അമിതമായ പീക്ക് പവർ ഉപഭോഗംമൂലം വൈദ്യുതി ഡിമാൻഡ് ക്രമാതീതമായി വർധിക്കുന്ന സാഹചര്യങ്ങളിൽ RTM (Real time market), DAM (Day ahead market) എന്നീ സംവിധാനങ്ങൾ മുഖേന വൈദ്യുതി വാങ്ങാറുണ്ട്. ഇപ്രകാരം 2024-25 വർഷത്തിൽ 2918

ദശലക്ഷം യൂണിറ്റ് വൈദ്യുതി 1,880 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 2025 ഡിസംബർ മാസത്തിൽ ആഭ്യന്തര ഉൽപാദനം പ്രതിദിനം ശരാശരി 21.72 മില്യൺ യൂണിറ്റ് വൈദ്യുതിയാണ്. ഓരോ മാസവുമുള്ള ജനറേഷൻ പ്ലാൻ പ്രകാരമാണ് വൈദ്യുതി ഉൽപാദനം നടത്തുന്നത്. 2025 ഡിസംബർ മാസത്തിൽ പ്രതിദിനം 1.73 കോടി രൂപയുടെ വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽനിന്ന് വാങ്ങിയതായി KSEBL അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങൽ കരാറുകൾ (പി.പി.എ) വഴി കെ.എസ്.ഇ.ബി.-ക്ക് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

ഇല്ല, സംസ്ഥാനത്ത് വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പുതിയ ദീർഘകാല കരാറുകളിൽ KSEBL-ന് ഏർപ്പെടേണ്ട ആവശ്യമുണ്ട്. വിവിധ വൈദ്യുതി ഉൽപാദകർ/ഏജൻസികൾ മുഖാന്തരം വൈദ്യുതി വാങ്ങൽ നിർദേശങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാറുണ്ട്. ഈ നിർദേശങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ മൂന്ന് തലങ്ങളിലുള്ള മോണിറ്ററിങ് കമ്മിറ്റികൾ പരിശോധിച്ച് വൈദ്യുതി ലഭ്യത, ചെലവ് എന്നിവ വിശദമായി പരിശോധിച്ച് ഏറ്റവും അനുകൂലമായ നിർദേശങ്ങൾ മാത്രമേ സ്വീകരിക്കാറുള്ളൂ. ഇപ്രകാരമുള്ള പ്രൊപ്പോസലുകൾ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അനുമതിയോടുകൂടി മാത്രമേ കരാറിലേക്ക് പോകാറുള്ളൂ. ആയതിനാൽതന്നെ അധിക ബാധ്യതയാവാൻ സാധ്യതയുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ കെ.എസ്.ഇ.ബി.എൽ.-ന് ഏർപ്പെടാൻ സാധിക്കില്ല.

(സി) കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതിപ്രകാരമുള്ള സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികൾ സംസ്ഥാനത്ത് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25-08-2023-ന് നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ടോട്ടക്സ് മാതൃകയേക്കാൾ ചെലവുകുറഞ്ഞ രീതിയിൽ ബദൽ മാതൃക തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ, ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ടോട്ടക്സ് മാതൃകയിൽ ലഭിച്ച നിരക്കുകൾ ബദൽ മാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ 33 ശതമാനം മുതൽ 151 ശതമാനംവരെ കൂടുതലായിരുന്നു. 2026 ആഗസ്റ്റ് 31-ന് തീർക്കാനുദ്ദേശിച്ച ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 171285 മീറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി., 22 കെ.വി. ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി., ഇ.വി. പോലുള്ള പ്രത്യേക വിഭാഗങ്ങളൊഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

ബദൽ മാതൃകപ്രകാരമുള്ള രണ്ടാംഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ മീറ്ററുകൾ

സ്മാർട്ട് മീറ്ററായി മാറുന്നതും 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതുമുൾപ്പെടെ 50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെൻഡർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ ബില്ലിങ് ഉപഭോക്താക്കൾ, സോളാർ ഉപഭോക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിലുൾപ്പെടുന്നത്. 2028 മേയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നത്.

(ഡി) സ്വന്തം നിലയിൽ മീറ്ററുകൾ നിർമ്മിക്കുമെന്ന കെ.എസ്.ഇ.ബി.-യുടെ പ്രഖ്യാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. സ്വന്തം നിലയിൽ മീറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ മിക്ക സംസ്ഥാനങ്ങളും ടോട്ടക്സ് മാതൃക പിന്തുടർന്നപ്പോൾ ആയത് ഉപഭോക്താക്കളിൽ അമിതഭാരം വരുന്നതിലേക്ക് നയിക്കാമെന്നതും Totex മാതൃക ഭാവിയിൽ കെ.എസ്.ഇ.ബി.-ക്ക് ഗുണകരമാകാൻ ഇടയില്ലയെന്നതും കണക്കിലെടുത്ത് ബദൽ സംവിധാനം പരീക്ഷിക്കാനാണ് തീരുമാനിച്ചത്. ഇതുപ്രകാരം ഒന്നാംഘട്ടത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ആദ്യം കെ.എസ്.ഇ.ബി. വഹിക്കുന്ന വിധത്തിൽ CAPEX മാതൃക പിന്തുടരുന്നതാകും അഭികാമ്യമെന്ന് നിശ്ചയിച്ചിരുന്നു. ഇതാകും കെ.എസ്.ഇ.ബി.

മീറ്റർ നിർമ്മിക്കുമെന്ന വിധത്തിൽ വ്യാഖ്യാനിക്കാൻ ഇടയാക്കിയത് എന്ന് KSEBL റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം

231(679) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം നൽകണമെന്ന് റിലയൻസ് ഗ്രൂപ്പ് കമ്പനി കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിരുന്നോ?

കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം നൽകണമെന്ന് റിലയൻസ് ഗ്രൂപ്പ് കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിട്ടില്ല. BSES കേരള പവർ ലിമിറ്റഡ് (BKPL)-ഉം കെ.എസ്.ഇ.ബി.എൽ-ഉം തമ്മിലുള്ള വൈദ്യുതി വാങ്ങൽ കരാർ 31 ഒക്ടോബർ 2015-ന് അവസാനിച്ചു. തുടർന്ന് കരാർ നീട്ടുന്നതിന് BKPL-ഉം കെ.എസ്.ബി.എൽ.-ഉം ചർച്ചകൾ നടത്തിയെങ്കിലും PPA വ്യവസ്ഥയിൽ യോജിക്കാത്തതിനാൽ കരാർ പുതുക്കൽ റെഗുലേറ്ററി കമ്മിഷന്റെ പരിഗണനയിൽ എത്തുകയും കരാർ പുതുക്കൽ കമ്മിഷൻ നിരസിക്കുകയും ചെയ്തു. PPA കാലാവധിക്ക് ശേഷവും BKPL സംഭരിച്ച നാഫ്ത സുരക്ഷാ പ്രശ്നങ്ങൾക്കിടയാക്കുമെന്നതിനാൽ ടി നാഫ്താ തീർക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശപ്രകാരം 25-05-2017 മുതൽ 24-06-2017 വരെ ഉൽപാദിപ്പിച്ച

വൈദ്യുതിയുടെ (61.92 MU) നിരക്ക് സംബന്ധിച്ച തർക്കമുണ്ടായി. പ്രസ്തുത വിഷയങ്ങളിൽ സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ 05-10-2018-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ BKPL-ഉം കെ.എസ്.ഇ.ബി.എൽ.-ഉം ബഹുമാനപ്പെട്ട APTEL മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിപ്രകാരം കെ.എസ്.ഇ.ബി.-യ്ക്ക് ഉണ്ടാകുന്ന ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട APTEL 25-05-2017 മുതൽ 24-06-2017 വരെ ഉൽപാദിപ്പിച്ച വൈദ്യുതിക്ക് (61.92 MU) 31 ഒക്ടോബർ 2015-ന് അവസാനിച്ച വൈദ്യുതി വാങ്ങൽ കരാറിന്റെ വ്യവസ്ഥകൾപ്രകാരം കെ.എസ്.ഇ.ബി.എൽ. സെറ്റിൽമെന്റ് ചെയ്യാനും 01-11-2015 മുതൽ 31-10-2017 വരെയുള്ള രണ്ട് വർഷത്തേക്ക് PPA പ്രകാരമുള്ള മുഴുവൻ ചാർജ്ജുകൾ നൽകാനും 9 സെപ്റ്റംബർ 2025-ന് വിധി പ്രസ്താവിച്ചു. തുടർന്ന് BKPL 367 കോടി രൂപയുടെ ബിൽ കെ.എസ്.ഇ.ബി-ക്ക് നൽകുകയുണ്ടായി.

(സി) വിധിക്കെതിരെ എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

09-09-2025-ന് ബഹുമാനപ്പെട്ട APTEL പുറപ്പെടുവിച്ച വിധി സ്റ്റേ ചെയ്യുന്നതിനുള്ള ഇടക്കാല അപേക്ഷയോടൊപ്പം ആ വിധി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട്

കെ.എസ്.ഇ.ബി.എൽ. സുപ്രീം കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചു. സുപ്രീം കോടതി 15-01-2026-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ 8 ആഴ്ചയ്ക്കുള്ളിൽ റെഗുലേറ്ററി കമ്മിഷന്റെ മുമ്പാകെ 150 കോടി രൂപ നിക്ഷേപിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അപ്പീലുകൾ സ്വീകരിച്ചതായി അറിയിച്ചു. നിലവിൽ ഈ അപ്പീൽ സുപ്രീം കോടതിയുടെ പരിഗണനയിൽ തുടരുകയാണ്.

പവർകട്ടില്ലാത്ത പത്ത് വർഷങ്ങൾ

232(680) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എ. രാജ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപതര വർഷമായി രാജ്യത്ത് പവർകട്ടില്ലാത്ത ഏക സംസ്ഥാനമെന്ന ഖ്യാതി നിലനിർത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

കെ.എസ്.ഇ.ബി.എൽ.

2016 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം, പവർകട്ട്, ലോഡ്ഷെഡ്ഡിങ് എന്നിവ ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും സമഗ്രവും മുന്നൊരുക്കമുള്ളതുമായ നടപടികൾ സ്വീകരിച്ചിരുന്നു. വൈദ്യുതി ആവശ്യകതയിലെ തുടർച്ചയായ വർധന കണക്കിലെടുത്ത് ഉൽപാദനം,

പ്രസരണം, വിതരണം എന്നീ മൂന്ന് മേഖലകളിലും സമന്വയിപ്പിച്ച അടിസ്ഥാനസൗകര്യ വികസനമാണ് നടപ്പാക്കിയത്. ആഭ്യന്തര ഉൽപാദന ശേഷി വർധിപ്പിക്കുന്നതിനായി ജലവൈദ്യുത പദ്ധതികളുടെ നവീകരണവും കൂട്ടിച്ചേർക്കലുകളും പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ (സോളാർ, കാറ്റാടി) വ്യാപനം, കൂടാതെ ദീർഘകാലവും ഹ്രസ്വകാലവും അടിസ്ഥാനമാക്കിയുള്ള വൈദ്യുതി വാങ്ങൽ എന്നിവ കാര്യക്ഷമമായി നടപ്പാക്കി.

വൈദ്യുതി ലഭ്യത ആവശ്യകതയേക്കാൾ കൂടുന്ന മാസങ്ങളിൽ അധികമായി ലഭ്യമായ വൈദ്യുതി മറ്റ് സംസ്ഥാനങ്ങളിലെ യൂട്ടിലിറ്റികളുമായി കൈമാറി. കേരളത്തിന് കമ്മിയുള്ള മാസങ്ങളിൽ വൈദ്യുതി തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു (Swapping or banking). കൂടാതെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വിടവ് നികത്താനാവാത്ത സാഹചര്യങ്ങളിൽ പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വാങ്ങുന്നു. അതോടൊപ്പം കൃത്യമായ ഡിമാൻഡ് ഫോർകാസ്റ്റിങ് സംവിധാനങ്ങൾ ഒരുക്കുകയും എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. ഇതിന്റെ ഫലമായി വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയുണ്ടായിട്ടും സംസ്ഥാനത്ത് ഇത്തരം ക്രിയാത്മകമായ നടപടികളിലൂടെ പവർകട്ട് അല്ലെങ്കിൽ ലോഡ്ഷെഡ്ഡിങ് ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ഒൻപതര വർഷമായി രാജ്യത്ത് പവർ കട്ടില്ലാത്ത ഏക സംസ്ഥാനമെന്ന ഖ്യാതി നിലനിർത്തുന്നതിനായി വൈദ്യുതി ഉൽപാദന രംഗത്ത് കെ.എസ്.ഇ.ബി.എൽ. വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ

ആഭ്യന്തര ഉൽപാദനത്തിൽ ജലവൈദ്യുത പദ്ധതികൾ മുഖേന കഴിഞ്ഞ ഒൻപതര വർഷമായി 150.636 മെഗാവാട്ടിന്റെ വർധനയുണ്ടായിട്ടുണ്ട്. കൂടാതെ സൗരോർജ രംഗത്ത് കഴിഞ്ഞ ഒൻപതര വർഷത്തിനുള്ളിൽ സൗര പദ്ധതി, MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കി. കൂടാതെ കാറ്റാടി പദ്ധതി മുഖേന ആഭ്യന്തര ഉൽപാദനത്തിൽ 36.65 മെഗാവാട്ടിന്റെ വർധനവ് സ്വകാര്യ കാറ്റാടി നിലയങ്ങൾ സ്ഥാപിച്ചതിലൂടെ ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ ഒൻപതര വർഷക്കാലം സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിങ്ങും പവർകട്ടും ഒഴിവാക്കുന്നതിന് ആഭ്യന്തര വൈദ്യുതി സ്രോതസ്സുകളെ മികച്ച രീതിയിൽ ഉപയോഗിക്കുകയും കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തി കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒൻപതര വർഷങ്ങളിൽ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർപ്രകാരം ലഭിച്ചിരുന്നതിലും അധികമായി ലഭ്യമായ വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**വൈദ്യുതി സ്രോതസ്സ്**	**വിഹിതം മെഗാവാട്ടിൽ**	**വിവരങ്ങൾ**
1	കേന്ദ്ര വിഹിതം	148.12	Kudgi (112), NNTPS (32.4) & Telangana (49)
2	ദീർഘ കാല കരാറുകൾ (താപം)	765	ഇതിൽ Jhabua Power Ltd PPA 1 JITPL Jhabua Power Ltd PPA 2 Jindal power Ltd PPA 2 എന്നീ കരാറുകൾ പ്രകാരമുള്ള 465 MW

			വൈദ്യുതി നിലവിൽ ലഭിക്കുന്നില്ല.
3	ദീർഘ കാല കരാറുകൾ (Wind)	92.25	SECI Wind (75), Kosamattom (1), Inox (16) & C V Renewables (0.25)
4	ദീർഘ കാല കരാറുകൾ (Solar)	694	IREDA (50), THDCIL (50), NTPC Kayamkulam (92), TP Sourya (110), SECI Solar (300), NTPC Anta (90), ANERT Kuzhalmannam (2)
5	ദീർഘ കാല കരാറുകൾ (SHEP)	24.45	Pathamkayam (8), Deviar (0.05), Anakampoil(8), Arippara (4.5), Mukkudam (4)

വേനൽക്കാലത്തെ അധിക ഊർജാവശ്യം മുന്നിൽക്കണ്ട് കേന്ദ്ര ഗവൺമെന്റിന്റെ pilot scheme-II പ്രകാരം പ്രതിവർഷം 6 മാസത്തേക്ക് (January to June) 2022 മുതൽ PTC-യുമായി 270 മെഗാവാട്ടിന്റെ 3 വർഷത്തെ മധ്യകാല കരാറിലും ഏർപ്പെടുകയുണ്ടായി.

2023-24 ൽ കാലാവസ്ഥ വ്യതിയാനംമൂലം ഉണ്ടായ ഉഷ്ണതരംഗത്താൽ വൈദ്യുതി ഉപഭോഗം കൂടിയതിന്റെയും ചട്ട ലംഘനം ഉന്നയിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ 465 MW-ന്റെ ദീർഘകാല കരാറുകൾ റദ്ദാക്കിയത് മൂലവുമുണ്ടായ വൈദ്യുതി പ്രതിസന്ധിയും കെ.എസ്.ഇ.ബി.എൽ. മികച്ച ആസൂത്രണത്തിലൂടെയാണ് തരണംചെയ്തത്.

ഇതുകൂടാതെ വർഷാവർഷം വേനൽക്കാലത്തെ അധിക ഊർജാവശ്യം മുന്നിൽക്കണ്ട് രാജ്യത്തെ വൈദ്യുതി വിപണിയിലെ സ്ഥിതി വിലയിരുത്തി താരതമ്യേനെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ വിവിധ ഹ്രസ്വകാല /ബാങ്കിങ് കരാറുകളിലും ഏർപ്പെടാറുണ്ട്.

മേൽവിവരിച്ച പ്രകാരം മികച്ച ആസൂത്രണത്തിലൂടെയാണ് കെ.എസ്.ഇ.ബി.എൽ. ഇക്കഴിഞ്ഞ വർഷങ്ങളിൽ ലോഡ്ഷെഡ്ഡിങ്ങും പവർകട്ടും ഇല്ലാതെ സംസ്ഥാനത്ത് ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയത്.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റാനുള്ള സ്ഥാപിതശേഷി കേരളത്തിൽ നിലവിലില്ലാത്തതിനാൽ കൂടുതലായി വരുന്ന ഡിമാൻഡ് നിറവേറ്റാൻ പുറത്തുനിന്ന് വൈദ്യുതി വാങ്ങേണ്ടതുണ്ട്. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി തടസ്സമില്ലാതെ ലഭിക്കുന്നതിനായി സെൻട്രൽ ജനറേറ്റിങ് സ്റ്റേഷനുകളിൽനിന്നുള്ള അലോക്കേഷൻ കൂടാതെ ആവശ്യമായ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഓരോ മാസങ്ങളിലെയും കാലാവസ്ഥ വ്യതിയാനങ്ങൾ പരിഗണിച്ചുകൊണ്ട് ഹ്രസ്വകാല കരാറുകളിലൂടെയും ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രതിദിനമുണ്ടാകുന്ന വൈദ്യുതി ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വാങ്ങിയാണ് നികത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കാലവർഷം സജീവമായ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട വൈദ്യുതി ആവശ്യകതയിലെ കുറവും ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള അധിക ഉൽപാദനവുംമൂലം വൈദ്യുതി

ലഭ്യതയിലുണ്ടായ വർധനവ് കാരണം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായ പഞ്ചാബ്, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുമായി സ്വാപ്പിങ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത് സംസ്ഥാനത്തിന് തിരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. സോളാർ പവർ ജനറേഷൻ വർധിച്ചത് പകൽ സമയത്തെ ഡിമാൻഡ് ഒരു പരിധിവരെ നിറവേറ്റാൻ സഹായിച്ചു.

അനെർട്ട്

കഴിഞ്ഞ ഒൻപതര വർഷമായി അനെർട്ട് മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു.

- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി.

- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യഘർ' പ്രചരിപ്പിക്കുന്നു.

- അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- വിദൂര പട്ടികവർഗ കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ്/ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

എനർജി മാനേജ്മെന്റ് സെന്റർ

ഇ.എം.സി. - എസ്.എച്ച്.പി. സെൽ മുഖേന 29 MW-ന്റെ അധിക വൈദ്യുതശേഷി 5 ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സാധ്യമാക്കിയിട്ടുണ്ട്.

2016 ശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന താഴെ പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

i. കാരിക്കയം - 4.5 മെഗാവാട്ട് - സ്റ്റേജ്- II (പത്തനംതിട്ട ജില്ല)

ii. പതംകയം - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iii. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iv. അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

v. മുക്കുടം – 4 മെഗാവാട്ട് (ഇടുക്കി ജില്ല)

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനം ഗണ്യമായി വർധിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

കെ.എസ്.ഇ.ബി.എൽ.

സഹായകരമായിട്ടുണ്ട്. ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 150.60 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് വൈദ്യുതി ബോർഡ് നേരിട്ട് കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കുള്ളിൽ (2016 to 2025) പൂർത്തിയാക്കിയത്. 201.04 മെഗാവാട്ട് ശേഷിയുള്ള 49148 പുരപ്പുറ സൗരോർജ നിലയങ്ങൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. പുരപ്പുറ സൗരോർജ പദ്ധതിയിലൂടെയും മറ്റ് സ്വകാര്യ നിലയങ്ങളിലൂടെയും ഭൗമോപരിതല സൗരോർജ നിലയങ്ങളിലൂടെയും ഫ്ലോട്ടിങ് സോളാർ പദ്ധതിയിലൂടെയും സംസ്ഥാനത്ത് ആകെ 1928 MW സ്ഥാപിതശേഷിയാണ് നിലവിലുള്ളത്. മെയ് 2016-ൽ സൗരോർജ പദ്ധതികളിൽനിന്നുള്ള ആകെ സ്ഥാപിതശേഷി 16.50 മെഗാവാട്ട് ആയിരുന്നെങ്കിൽ വിവിധ പദ്ധതികളിലൂടെ 1928 മെഗാവാട്ട് ആയി വർധിപ്പിക്കാൻ സാധിച്ചു. ഇപ്രകാരം 1912 മെഗാവാട്ടിന്റെ വർധനവാണ് പ്രസ്തുത കാലഘട്ടത്തിലുണ്ടായത്.

താഴെ പറയുന്ന കാറ്റാടി പദ്ധതികൾ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

2016-2021	അഹല്യ- പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 8.4 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
	ഐനോക്സ്-പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 16 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
	കൊശമറ്റം- ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം 1 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.

	മലയാള മനോരമ -പാലക്കാട് ജില്ലയിൽ 10 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
2021 മേയ് മുതൽ നാളിതുവരെ	സി വി റിന്യൂവബിൾസ്- ഇടുക്കി ജില്ലയിൽ 0.25 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
	കെ.കെ. പ്ലാസ്റ്റിക്സ് ഇടുക്കി ജില്ലയിൽ 0.5 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
	മലയാകം അഗ്രഗേറ്റ്സ് ആൻഡ് സാൻഡ് ഇടുക്കി ജില്ലയിൽ 0.25 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.
	ഗ്രീൻ ലാൻഡ് പേപ്പർ മിൽസ് ഇടുക്കി ജില്ലയിൽ 0.25 മെഗാവാട്ട് വിൻഡ് ടർബൈൻ സ്ഥാപിച്ചു.

കൂടാതെ സൗരപദ്ധതി, MNRE, DBT സ്കീം, പ്രധാനമന്ത്രി സൂര്യഘർ യോജന, PM KUSUM, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ് വിവിധ കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ പ്ലാന്റുകൾ, ഫ്ലോട്ടിങ് സോളാർ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ 2086.71 മെഗാവാട്ടിന്റെ വർധനവ് ആഭ്യന്തര ഉൽപാദനത്തിനുണ്ടായിട്ടുണ്ട്.

അനെർട്ട്

സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനം ഗണ്യമായി വർധിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. അനെർട്ട് മുഖേന കഴിഞ്ഞ ഒൻപതര വർഷത്തിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചതിലൂടെ ആകെ 60 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാലയളവ്	പുരപ്പുറ സോളാർ യൂണിറ്റുകളുടെ എണ്ണം	ലഭ്യമായ വൈദ്യുതിയുടെ അളവ്
	ഗാർഹികം + സർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പെടെ	ഗാർഹികം
2016-2021	5,877 എണ്ണം ആകെ 23.6 മെഗാ വാട്ട്	23.6 മെഗാ വാട്ട്
2021-നാളിതുവരെ	4215 എണ്ണം ആകെ 36.841 മെഗാ വാട്ട്	36.841 മെഗാ വാട്ട്

എനർജി മാനേജ്മെന്റ് സെന്റർ

ഉണ്ട്.

ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 54 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് കമ്മിഷൻ ചെയ്ത് ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. 2016-ന് ശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന താഴെ പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

i. കാരിക്കയം - 4.5 മെഗാവാട്ട് - സ്റ്റേജ്- II (പത്തനംതിട്ട ജില്ല)

ii. പതംകയം - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iii. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iv. അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

v. മുക്കുടം – 4 മെഗാവാട്ട് (ഇടുക്കി ജില്ല)

ഈ 5 പദ്ധതികൾ കമ്മിഷൻ ചെയ്യുകവഴി 29 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) വൈദ്യുതി പ്രസരണത്തിലും വിതരണത്തിലുമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ തടസ്സരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുന്നതിനും നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

സംസ്ഥാനത്ത് വൈദ്യുതിവിതരണ മേഖലയിൽ ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുന്നതിനും വിതരണനഷ്ടം കുറയ്ക്കുന്നതിനും 2018 മുതൽ 2022 ജൂൺവരെ നടപ്പാക്കിയ പദ്ധതിയാണ് ദ്യുതി 1. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ദ്യുതി 2-ഉം Revamped Distribution Sector Scheme (RDSS)-ഉം ആണ്.

2018 മുതൽ 2022 ജൂൺവരെ നടപ്പാക്കിയ ദ്യുതി 1 പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 4036.30 കോടി രൂപയുടെ പദ്ധതിരേഖ തയ്യാറാക്കുകയും 3,765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-2023

സാമ്പത്തിക വർഷംമുതൽ 2026-2027 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ദ്യുതി 2.0. ദ്യുതി 2.0-ൽ 4,717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-2023 സാമ്പത്തിക വർഷംമുതൽ 2026-2027 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം (411 കോടി), കാസർഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണമേഖലയുടെ വികസനത്തിനായി ആകെ 1,023 കോടി രൂപയുടെ ദ്യുതി സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഇതുവരെ 2,551 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി കേന്ദ്ര ഊർജ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിച്ച 2,997.8 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകിവരുന്നു. മേല്പറഞ്ഞ പ്രവൃത്തികൾ എല്ലാംതന്നെ വർക്ക് ഓർഡർ നൽകുകയും 32.5 ശതമാനം സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വിവിധ മാർഗങ്ങൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു. പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ

തുടങ്ങിയ വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു. ഇതിനായി സമഗ്രമായ Long Term Transmission Plan (LTTP 2024-2032) തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. കൂടാതെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനുകളും ലൈനുകളും ആവശ്യകതയ്ക്കനുസരിച്ച് 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിലൂടെ 110 kV-യുടെ 6 സബ്സ്റ്റേഷനുകളും 33 kV-യുടെ 4 സബ്സ്റ്റേഷനുകളും 66 kV-യിൽ നിന്ന് 110 kV ആക്കി ശേഷി ഉയർത്തിയ 11 സബ്സ്റ്റേഷനുകളും 122.62 km 110kV, 123.56 km 110kV DC, 161.59 km 33kV, 7km 33kV DC എന്നീ ലൈനുകളും പൂർത്തിയാക്കി ചാർജ് ചെയ്തു.

കൂടാതെ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനും അതിനനുസൃതമായി പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും പുറമെനിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തുടനീളം എത്തിക്കുന്നതിന് വിഭാവനംചെയ്ത വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടം (2017-2022), രണ്ടാം ഘട്ടം (2019-2026), ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 400 kV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 kV-യുടെ

22 സബ്സ്റ്റേഷനുകളും ഒരു 110 kV സബ്സ്റ്റേഷനും 3770 സർക്യൂട്ട് കിലോമീറ്റർ

ഹൈവോൾട്ടേജ് ലൈനുകളുമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം ഈ പദ്ധതിയിൽ ഒരു 400 kV സബ്സ്റ്റേഷനും പതിനൊന്ന് 220 kV സബ്സ്റ്റേഷനുകളും 1943 സർക്യൂട്ട് കിലോമീറ്റർ EHT ലൈനുകളും (400 kV – 179 സർക്യൂട്ട് കിലോമീറ്റർ, 220 കെ.വി. - 916 സർക്യൂട്ട് കിലോമീറ്റർ, 110 kV – 848 സർക്യൂട്ട് കിലോമീറ്റർ) നിർമ്മാണം പൂർത്തിയാക്കി. കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് Uduppi Kasargode Transmission Limited (UKTL) എന്ന കമ്പനി സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും വയനാട് ജില്ലയിലെ പയ്യമ്പിള്ളിയിൽ കെ.എസ്.ഇ.ബി.എൽ. നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിലേക്കുള്ള 400 kV ലൈനിന്റെ നിർമ്മാണം ട്രാൻസ്ഗ്രിഡിന്റെ കീഴിൽ നടപ്പാക്കിവരുന്നു. ഹരിതോർജ ഇടനാഴി പദ്ധതിയിൽ (NGC) ഉൾപ്പെടുത്തിയാണ് ടി ലൈൻ നിർമ്മിക്കുന്നത്.

ട്രാൻസ്ഗ്രിഡ് പദ്ധതികളും നിലവിൽ വിഭാവനംചെയ്തിട്ടുള്ള ഹ്രസ്വകാല പദ്ധതികളും പൂർത്തിയാകുമ്പോൾ പ്രസരണനഷ്ടം വീണ്ടും കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഏറെക്കാലമായി മുടങ്ങിക്കിടക്കുന്ന ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

40MW ശേഷിയുള്ള തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നതിനാൽ 2017-ൽ കരാർ ഫോർക്ലോസ് ചെയ്യുകയും

ബാക്കിയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് 2018-ൽ കരാർ നൽകുകയും ചെയ്തു. പ്രതികൂല കാലാവസ്ഥ, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച് പ്രസ്തുത പദ്ധതി 28-10-2024-ൽ കമ്മിഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

60MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിശ്ചിത പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ 2018-ൽ കരാർ ടെർമിനേറ്റ് ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2018-ൽ വ്യത്യസ്ഥ കരാറുകൾ നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 2024 മുതൽ പ്രസ്തുത പദ്ധതിയിൽനിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം നടന്നുവരുന്നു.

വളരെക്കാലമായി മുടങ്ങിക്കിടന്നതും സർക്കാർ ഇടപെടൽമൂലം പൂർത്തീകരിച്ചതുമായ പദ്ധതികൾ -

- കളമശ്ശേരി ട്രാൻസ്മിഷൻ സർക്കിളിന്റെ പരിധിയിൽ മന്നം മുതൽ ചെറായി സബ്സ്റ്റേഷൻ വരെയുള്ള 7.6 km 110 kV ഡബിൾ സർക്യൂട്ട് ലൈൻ സർക്കാർ ഇടപെടൽമൂലം പൂർത്തീകരിക്കാൻ സാധിച്ചു.
- പ്രസരണ മേഖലയിൽ വളരെക്കാലമായി മുടങ്ങിക്കിടന്ന 400kV ലൈൻ (ഇടമൺ-കൊച്ചി പവർ ഹൈവേ) സർക്കാർ ഇടപെടൽമൂലം യാഥാർഥ്യമായി.

വണ്ടൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

233(681) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷംമുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

2020-21 സാമ്പത്തികവർഷം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പ്രസരണ മേഖലയിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വണ്ടൂർ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 59,88,568/- രൂപ ചെലവിൽ 134 kW സ്ഥാപിതശേഷിയിൽ 13 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വണ്ടൂർ നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷംമുതൽ നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും RDSS പദ്ധതിപ്രകാരവും താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. 11 KV ലൈൻ നിർമ്മാണം – 39.67 കി.മീ

2. എൽ. ടി. ലൈൻ നിർമ്മാണം – 119.93 കി.മീ

3. സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്കുള്ള പരിവർത്തനം–88.68 കി.മീ

4. 11 കെ.വി. റികണ്ടക്ടറിങ് - 40.9 കി.മീ

5. എൽ. ടി. റികണ്ടക്ടറിങ് - 384.66 കി.മീ

6. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 123 എണ്ണം

വണ്ടൂർ നിയോജകമണ്ഡലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ:

1. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ജോലികൾ - 18 എണ്ണം

2. സ്ട്രീറ്റ് ലൈറ്റ് ലൈൻ നിർമ്മാണം - 1 കി.മീ.

<u>അനെർട്ട്</u>

2020-21 സാമ്പത്തിക വർഷംമുതൽ നാളിതുവരെ അനെർട്ട് മുഖേന വണ്ടൂർ മണ്ഡലത്തിൽ 3 സ്ഥാപനങ്ങളിലായി ആകെ 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് കൃഷിഭവൻ മുഖേന

രാജ്യത്തെ കർഷകർക്ക് കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്.

പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) പ്രകാരം MNRE-ൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മലപ്പുറം ജില്ലയിലെ വണ്ടൂർ മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു.

PM KUSUM പദ്ധതിയുടെ ഭാഗമായി വണ്ടൂർ മണ്ഡലത്തിന്റെ കീഴിൽ മമ്പാട്, പോത്തുർ, തിരുവാലി, തുക്കലങ്ങോട്, വണ്ടൂർ കൃഷിഭവനുകളിൽ 39 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 4 എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

വണ്ടൂർ മണ്ഡലത്തിൽ 3 സ്ഥാപനങ്ങളിലായി ആകെ 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി+ ചേർക്കുന്നു.

വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

234(682) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പ് സർക്കാർ നടപ്പാക്കിയ പ്രവർത്തനത്തിന്റെ ഫലമായി 2023-24, 2024-25 സാമ്പത്തികവർഷങ്ങളിൽ എത്ര തുകയുടെ ലാഭം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം 2023-24-ൽ 218.51 കോടി രൂപയും 2024-25-ൽ 571.22 കോടി രൂപയും ലാഭം നേടിയതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

വൈദ്യുതിമേഖലയിലെ പദ്ധതി നിർവഹണം

235(683) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിങ്ങും ഇല്ലാതാക്കാനായി വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2016 മേയ് മുതൽ നാളിതു വരെയായി ചെലവഴിച്ച തുകയുടെ വിശദാംശം വർഷംതിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിങ്ങും ഇല്ലാതാക്കാനായി വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2016 മേയ് മുതൽ നാളിതുവരെയായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി[+] ചേർക്കുന്നു.

(ബി) 2011 മുതൽ 2025 വരെ വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം വർഷംതിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2011 മുതൽ 2025 വരെ വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ഇടമലക്കുടി വൈദ്യുതീകരണം

236(684) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപ്പ് സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

കെ.എസ്.ഇ.ബി.എൽ.

നടപ്പ് സർക്കാരിന്റെ കാലത്ത് ഇടമലക്കുടിയിലെ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, ശെഡ്ഡുകുടി, അമ്പലപ്പടിക്കുടി, വെള്ളക്കാശംകുടി എന്നീ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇടമലക്കുടി വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ 2025 വരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ 4.78 കോടി രൂപ മുടക്കി പെട്ടിമുടിയിൽനിന്നും 13.5 കിലോ മീറ്റർ ഭൂഗർഭ കേബിളും 500 മീറ്റർ ത്രീ ഫേസ് OH ലൈനും 1.5 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും 100 kVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾ പൂർത്തികരിച്ചു.

രണ്ടാംഘട്ടത്തിൽ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, അമ്പലപ്പടിക്കുടി, ശെഡ്ഡുകുടി വെള്ളക്കാശംകുടി എന്നീ ഉന്നതികളുടെ വൈദ്യുതീകരണത്തിനായി ഇടമലക്കുടി ഗ്രാമപഞ്ചായത്ത് 41.91 ലക്ഷം രൂപ 31-03-2022-ന് കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുകയുണ്ടായി. 5 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും 1 കിലോമീറ്റർ LT 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്യാനുള്ളത്. ഇതിൽ 3 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും 1 കിലോമീറ്റർ 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. നടുക്കുടി, ശെഡ്ഡുകുടി എന്ന 2 കുടികളിൽ കണക്ഷൻ നൽകുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

അനെർട്ട്

ഈ സർക്കാരിന്റെ കാലയളവിൽ ഇടമലക്കുടിയിലെ വൈദ്യുതി ലഭ്യമാകാത്ത 14 പട്ടികവർഗ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 372 വീടുകളുള്ള ഈ 14 ഉന്നതികളിലെ കുടുംബങ്ങൾക്ക് അനെർട്ട് മുഖേന സൗരോർജ്ജമുപയോഗിച്ച് വൈദ്യുതീകരണം നടത്തുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

Sl. No.	Name of Tribal Hamlet (ഇടമലക്കുടി)	No. Of Households
1	Parappayarkudi	67
2	Nooradikudi	40
3	Koodallaarkudi	16
4	Melpathamkudi	16
5	Perumkadavukudi	9
6	Paarakudi	13
7	Vellavarakudi	48
8	Mulagutharakudi	40
9	Keezhpathamkudi	33
10	lruppukalkudi	33
11	Kavakattukudi	17
12	keezhvalayampaarakudi	21
13	Ambalaparakudi	12
14	Thenpaarakudi	7
Total		**372**

(ബി) പ്രസ്തുത മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായി 2016 മുതൽ 2025 വരെ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; വൈദ്യുതി എത്തിക്കുന്നതിനായി എന്തെല്ലാം മാർഗങ്ങളാണ് പിന്തുടർന്നതെന്നും ആയതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

നടപ്പ് സർക്കാരിന്റെ കാലത്ത് ഇടമലക്കുടിയിലെ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, ശെഡ്ഡുകുടി, അമ്പലപ്പടിക്കുടി, വെള്ളക്കാശംകുടി എന്നീ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇടമലക്കുടി വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ 2025 വരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ 4.78 കോടി രൂപ മുടക്കി പെട്ടിമുടിയിൽനിന്നും 13.5 കിലോ മീറ്റർ ഭൂഗർഭ കേബിളും 500 മീറ്റർ ത്രീ ഫേസ് OH ലൈനും 1.5 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും 100 kVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾ പൂർത്തികരിച്ചു.

രണ്ടാം ഘട്ടത്തിൽ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, അമ്പലപ്പടിക്കുടി, ശെഡ്ഡുകുടി വെള്ളക്കാശംകുടി എന്നീ ഉന്നതികളുടെ വൈദ്യുതീകരണത്തിനായി ഇടമലക്കുടി ഗ്രാമപഞ്ചായത്ത് 41.91 ലക്ഷം രൂപ 31-03-2022-ന് കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുകയുണ്ടായി. 5 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും, 1 കിലോമീറ്റർ LT 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ചെയ്യാനുള്ളത്. ഇതിൽ 3 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും 1 കിലോമീറ്റർ 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

നടുക്കുടി, ശെഡ്ഡുകുടി എന്ന 2 കുടികളിൽ കണക്ഷൻ നൽകുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

അനെർട്ട്

പ്രസ്തുത മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായിയുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചുവരുന്നു.

മലമ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവൃത്തികൾ

237(685) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വികസന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

മലമ്പുഴ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,44,00,000/- രൂപ ചെലവിൽ 326 kW സ്ഥാപിതശേഷിയിൽ 30 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ച് 16,11,61,124/- രൂപ ചെലവിൽ 3000 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും പി എം

കൂടും പദ്ധതിയിൽ ഉൾപ്പെടുത്തി 11,38,00,000/- രൂപ ചെലവിൽ 2000 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മലമ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വികസന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസരണ വിഭാഗത്തിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾ:

പദ്ധതി	**അനുവദിച്ച തുക (ലക്ഷം)**	**പുരോഗതി**
1. കഞ്ചിക്കോട് 3 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം	1611	ഫെബ്രുവരി 2022-ൽ പൂർത്തീകരിച്ചു
2. മലമ്പുഴ 33 കെ.വി. സബ് സ്റ്റേഷനിൽ 16 MVA, 110/33 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	100	ഏപ്രിൽ 2022-ൽ പൂർത്തീകരിച്ചു
3. മലമ്പുഴ-ഒലവക്കോട് 33 കെ.വി. ഓവർ ഹെഡ് ലൈൻ നിർമ്മാണം (8 കി. മീ)	234	ജൂൺ 2022-ൽ പൂർത്തീകരിച്ചു
4.കഞ്ചിക്കോട് വ്യവസായ മേഖലയിൽ	500	ഫെബ്രുവരി 2025-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചിരകാലമായി നിലനിന്നിരുന്ന വൈദ്യുതി തടസ്സങ്ങൾ നീക്കം ചെയ്യാൻ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം പണിത് നവീകരണ പ്രവൃത്തികൾ		ൽ പൂർത്തീകരിച്ചു
5. കഞ്ചിക്കോട് 110 കെ. വി. സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിക്കലും വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ	2360	പുരോഗമിക്കുന്നു

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിൽ അനെർട്ട് മുഖേന മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ 10 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയം സ്ഥാപിച്ചു. പദ്ധതി പൂർത്തീകരണത്തിനായി 8,03,392/- രൂപ ചെലവഴിച്ചു. രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ്

സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM)-യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 2396 പമ്പുകൾ സൗരോർജവൽക്കരിക്കുന്നതിന് 83.57 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ, എലപ്പുള്ളി, പുതുശ്ശേരി, കൊടുമ്പ്, പുതുപ്പരിയാരം, അകത്തേത്തറ, മരുതറോഡ് കൃഷി ഭവനുകളിൽ 331 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 80 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും അവ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്ത അകത്തേത്തറ പഞ്ചായത്തിലെ 26 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 26 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 2,44,218/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

238(686) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പാക്കിയതുമായ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ എന്തൊക്കെയെന്നും തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

മാവേലിക്കര നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ ചെലവിൽ 136 kW സ്ഥാപിതശേഷിയിൽ 23 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ IPDS പദ്ധതിയിൽ നാല്പത്തി രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ ചെലവിൽ 95 kW സ്ഥാപിതശേഷിയിൽ 3 സോളാർ പ്ലാന്റുകളും കമ്മിഷൻ ചെയ്തിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 2,23,120/- രൂപ ചെലവിൽ 8 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ 63 കോടി 60 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ ദ്യുതി 2.0 പദ്ധതിയിലെ 2025-26 കാലയളവിലെ 164 വർക്കുകളിലായി 13.48 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും

- 220 കെ.വി. സബ്സ്റ്റേഷൻ ഇടപ്പോണിൽ പുതുതായി 16 എം.വി.എ. ശേഷിയുള്ള ഒരു 110 /33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ട് സബ്സ്റ്റേഷന്റെ 33 കെ.വി. സൈഡിലെ ശേഷി നിലവിലെ 16 എം.വി.എ.-യിൽനിന്ന് 32 എം.വി.എ. ആയി വർധിപ്പിച്ചു. ഭരണാനുമതി തുക: 278.07 ലക്ഷം രൂപ.

- 33 കെ.വി. സബ്സ്റ്റേഷൻ വള്ളികുന്നത്ത് പുതുതായി 5 എം.വി.എ. ശേഷിയുള്ള ഒരു 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ട് സബ്സ്റ്റേഷന്റെ ശേഷി നിലവിലുണ്ടായിരുന്ന 5 എം.വി.എ.-യിൽ നിന്ന് 10 എം.വി.എ. ആയി വർധിപ്പിച്ചു. ഭരണാനുമതി തുക: 100 ലക്ഷം രൂപ.

- 33 കെ.വി. സബ്സ്റ്റേഷൻ വള്ളികുന്നത്ത് പുതുതായി 5 എം.വി.എ. ശേഷിയുള്ള ഒരു 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ട് സബ്സ്റ്റേഷന്റെ ശേഷി നിലവിലെ 10 എം.വി.എ.-യിൽ നിന്ന് 15 എം.വി.എ. ആയി വർധിപ്പിച്ചു. ഭരണാനുമതി തുക: 235 ലക്ഷം രൂപ.

- ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി രണ്ട് 220 കെ.വി. ഫീഡർ ബേകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭരണാനുമതി തുക : 850 ലക്ഷം രൂപ.

- ഇടപ്പോൺ മുതൽ മാവേലിക്കര വരെയുള്ള 10.82 കി.മീ. 66 കെ.വി. ലൈൻ 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക: 2085 ലക്ഷം രൂപ.

- മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ഭാഗീകമായി വരുന്ന പള്ളം മുതൽ മാവേലിക്കര വരെയുള്ള 66 കെ.വി. ലൈനിന്റെ മാവേലിക്കര മുതൽ തിരുവല്ല വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക: 2625 ലക്ഷം രൂപ.

- ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷനിലെ 66 കെ.വി. ബസ് ആൻഡ് ഫീഡർ ബേകൾ 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ഭരണാനുമതി തുക : 1560 ലക്ഷം രൂപ.

- മാവേലിക്കര 110 കെ.വി. സബ്സ്റ്റേഷനിലെ 66 കെ.വി. ഫീഡർ ആൻഡ് ട്രാൻസ്ഫോർമർ ബേകൾ 110 കെ.വി. ആയി ശേഷി വർധിപ്പിച്ചുകൊണ്ടുള്ള സ്റ്റേഷന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ടുള്ള പ്രവൃത്തി തുടങ്ങുന്നതിനായുള്ള പ്രാരംഭനടപടികൾ പുരോഗമിക്കുകയാണ്. ഭരണാനുമതി തുക : 2300 ലക്ഷം രൂപ.

- 220 കെ.വി. സബ്സ്റ്റേഷൻ ഇടപ്പോണിൽ നിലവിലെ മൂന്ന് എണ്ണം 66/11 കെ.വി. 10 എം.വി.എ. ട്രാൻസ്ഫോർമറുകൾക്ക് പകരമായി മൂന്ന് എണ്ണം 110/11 കെ.വി. 20 എം.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സ്റ്റേഷൻ കപ്പാസിറ്റി (11 കെ.വി. സൈഡ്)

നിലവിലെ 30 എം.വി.എ- യിൽ നിന്ന് 60 എം.വി.എ. ആക്കുന്ന പ്രവൃത്തി ഭരണാനുമതി ഘട്ടത്തിലാണ്. ഭരണാനുമതി തുക: 1156 ലക്ഷം രൂപ.

അനെർട്ട്

2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ പ്രവൃത്തികളും തുകയുടെ വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

വാമനപുരം മണ്ഡലത്തിലെ വൈദ്യുത വകുപ്പിന്റെ പദ്ധതികൾ

239(687) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികളെന്തെല്ലാമാണെന്നും അവയ്ക്കായി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

വൈദ്യുതി വിതരണമേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), എം.പി. ലാഡ് (MP LAD),

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.പി.എസ്. (PPS) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് വാമനാപുരം മണ്ഡലത്തിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടന്നുവരുന്നു.

മേല്പറഞ്ഞ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി⁺ ചേർക്കുന്നു.

വാമനപുരം നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 3,46,50,000/- രൂപ ചെലവിൽ 770 kW സ്ഥാപിതശേഷിയിൽ 6 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 2,51,010/- രൂപ ചെലവിൽ 9 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെടുന്നതും വൈദ്യുതി വകുപ്പിന് കീഴിൽ വരുന്നതുമായ പാലോട് 110 കെ.വി. സബ്സ്റ്റേഷൻ 66 കെ.വി.-യിൽ നിന്നും 110 കെ.വി. ആയി ഉയർത്തുന്ന ജോലികൾ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ആകെ തുക – 17.52 കോടി രൂപ.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ 16 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിക്കാൻ 8,02,735/- രൂപയും 5 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഓഫ്ഗ്രിഡ് സൗരോർജ നിലയം സ്ഥാപിക്കാൻ 6,21,600/- രൂപയും 3 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഹൈബ്രിഡ് സൗരോർജ നിലയം സ്ഥാപിക്കാൻ 4,60,890/- രൂപയും ഉൾപ്പെടെ ആകെ 18,85,225/- രൂപ ചെലവഴിച്ചു.

ക്രമ. നം.	**പദ്ധതിയുടെ പേര്**	**ചെലവാക്കിയ തുക**	**ഇനം**
1	വാമനപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത ഹൈബ്രിഡ് സൗരോർജ പവർ പ്ലാന്റ്	Rs. 4,60,890/-	ഹൈബ്രിഡ്
2	പാങ്ങോട് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച 5 kW ഓഫ് ഗ്രിഡ് സൗരോർജ പവർ പ്ലാന്റ്	Rs. 6,21,600/-	ഓഫ് ഗ്രിഡ്
3	ഭരതന്നൂർ ഗവ. എൽ.പി. സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 1,84,152/-	ഓൺ ഗ്രിഡ്
4	പുളിമാത്ത് ഗവ. എൽ.പി. സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 1,70,110/-	ഓൺ ഗ്രിഡ്
5	നന്ദിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച 10 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 4,48,473/-	ഓൺ ഗ്രിഡ്

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

- നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത പുല്ലമ്പാറ പഞ്ചായത്തിലെ 25 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ

പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 25 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി രൂപ 2,34,825/- ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ വാമനപുരം വെഞ്ഞാറമൂട് നിയോജകമണ്ഡലത്തിലെ സ്ഥാപനങ്ങളുടെ ഊർജ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ 135 സർക്കാർ കെട്ടിടങ്ങളുടെയും ഊർജ ഓഡിറ്റ് പൂർത്തീകരിക്കുകയും തിരഞ്ഞെടുത്ത 31 സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ കാര്യക്ഷമത കൂടിയ 82 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകളും 265 ബി.ഇ.ഇ. 5 സ്റ്റാർ റേറ്റഡ് ബി.എൽ.ഡി.സി. ഫാനുകളും 36 എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചു. കൂടാതെ നിയോജകമണ്ഡലത്തിലെ 7 ടൈബൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ കാര്യക്ഷമത കൂടിയ 113 ബി.ഇ.ഇ. 5 സ്റ്റാർ റേറ്റഡ് ഫാനുകൾ നൽകുകയും ചെയ്തു. 135 സ്ഥാപനങ്ങളിൽ ഊർജ ഓഡിറ്റ് നടത്തുന്നതിനും 38 സ്ഥാപനങ്ങളിൽ ഊർജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 16,04,139/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

ഞാറയ്ക്കൽ സബ് സ്റ്റേഷന്റെ ശേഷി

240(688) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണപ്രവൃത്തിക്കും ഞാറയ്ക്കലുള്ള 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർധിപ്പിക്കുന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയതെന്നാണെന്നും ഭരണാനുമതി തുക എത്രയാണെന്നും വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തിക്കും ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 kV- യിൽ നിന്നും 110 kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തിക്കുംകൂടി 18-02-2020-ൽ 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കവെ ദർഘാസ് നടപടികളിൽ ഉൾപ്പെടാത്തതും എന്നാൽ അടിയന്തരമായി നിർവഹിക്കേണ്ടതുമായ അധികപ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടി വന്നതിനാലും ദർഘാസ് പ്രകാരം കണക്കാക്കിയ അളവിൽനിന്നും അധികരിച്ച് ചെയ്യേണ്ടിവന്നതിനാലും Delhi Schedule of Rates (DSR)-ൽ വന്ന പരിഷ്കാരങ്ങൾമൂലവും ഭരണാനുമതി പുതുക്കേണ്ടതായുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു.

(ബി) ഞാറയ്ക്കൽ 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതാരാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഭൂമിശാസ്ത്രപരമായ വെല്ലുവിളികൾ നിറഞ്ഞ പ്രദേശത്തുകൂടിയാണ് ചെറായി - ഞാറയ്ക്കൽ പ്രസരണ ലൈൻ നിർമ്മാണം നടക്കുന്നത്. ഈ ലൈനിന്റെ ഭൂരിഭാഗ ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത് എന്നതിനാൽ വർഷത്തിൽ 5 മാസം മാത്രമേ പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. കൂടാതെ കടലിനോട് അടുത്തുള്ള സ്ഥലമായതിനാൽ വേലിയേറ്റം മൂലമുള്ള ബുദ്ധിമുട്ടുകളും ടവർ ഫൗണ്ടേഷൻ നിർമ്മാണത്തിന് തടസ്സമായുണ്ട്.

നിലവിൽ ഞാറയ്ക്കൽ സബ്സ്റ്റേഷൻ 66 kV നിലവാരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് മാത്രമേ ഈ 66 kV സബ്സ്റ്റേഷന്റെ ശേഷി 110 kV-യിലേക്ക് വർധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

സമ്പൂർണ വൈദ്യുതീകരണം

241(689) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

2016-17 കാലയളവിൽ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവരുന്നു.

കെ.എസ്.ഇ.ബി.എൽ-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 2018 മുതൽ ഡിസംബർ 2025 വരെ ആകെ 1,33,214 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ അതിവേഗം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി കണക്ഷൻ അതിവേഗം നൽകുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം എന്നിവ തെളിയിക്കാനുള്ള രേഖകൾ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

02-11-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാടുവീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിങ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 04-05-2021-ലെ ബോർഡ് ഉത്തരവുപ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4-(9) പ്രകാരം ലോ ടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ

രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശ മാറ്റത്തിനായി അപ്പാർട്ട്മെന്റുകൾക്കും ഡെവലപ്പറോ, ബിൽഡറോ നിർമ്മിച്ച വീടുകൾക്കും വില്പന ഡീഡിന്റെ (sale deed) പകർപ്പ് ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടാമ്പി മണ്ഡലത്തിലെ വൈദ്യുതി വകുഷ് പദ്ധതികൾ

242(690) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

നടപ്പ് സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ വൈദ്യുത വകുപ്പിന്റെ പ്രസരണ വിഭാഗത്തിൽ നടത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പട്ടാമ്പി 110 കെ.വി. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.

2. 33 കെ.വി. മരുളർ സബ്സ്റ്റേഷനിൽ നിന്ന് 110 കെ.വി. പട്ടാമ്പി സബ്സ്റ്റേഷൻ വരെ 3.3 കി.മീ. 33 കെ.വി. യു.ജി കേബിൾ നിർമ്മാണം പൂർത്തീകരിച്ചു.

തിരുവേഗപ്പറ 33 കെ.വി. സബ് സ്റ്റേഷനിൽ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷൻ കപ്പാസിറ്റി വർധിപ്പിച്ചു.

3. 33 കെ.വി. മരുളർ സബ് സ്റ്റേഷനിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

4. താഴെക്കോട് പ്രത്യേക 33 kV ഫീഡറിനായി 2.2 കിലോമീറ്റർ സിംഗിൾ സർക്യൂട്ടിനെ ഡബിൾ സർക്യൂട്ടാക്കി മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു. കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിൽ താഴേക്കാടിനായി പുതിയ ഫീഡർ ബേ നിർമ്മാണം പൂർത്തീകരിച്ചു.

പട്ടാമ്പി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 55,30,935/- രൂപ ചെലവിൽ 129 kW സ്ഥാപിതശേഷിയിൽ 7 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 2,23,120/- രൂപ ചെലവിൽ 8 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ വിതരണ വിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് (ദ്യുതി.2.0) 2021-26 കാലഘട്ടത്തിൽ 25.54 കോടി രൂപയുടെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 85 കിലോമീറ്റർ എച്ച്.റ്റി. ലൈനും 205 കിലോമീറ്റർ എൽ.റ്റി. ലൈനും 120-ഓളം ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുകയും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ RDSS പദ്ധതിയിലുൾപ്പെടുത്തി 12.55 കോടി രൂപയുടെ പ്രവൃത്തികൾ

പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ 7.35 കി.മി. എച്ച്.റ്റി. റികണ്ടക്ടറിങ്ങും 98.193 കി.മി. എൽ.റ്റി. റികണ്ടക്ടറിങ്ങും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

7.04 കോടി രൂപയുടെ (എച്ച്.റ്റി. & എൽ.റ്റി. റികണ്ടക്ടറിങ്ങും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തൽ) വർക്കുകൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാനുണ്ട്.

അനെർട്ട്

നടപ്പ് സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ അനെർട്ട് മുഖേന ആകെ 243 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. കൂടാതെ ആകെ 42 സൗരോർജ തെരുവിളക്കുകളും സ്ഥാപിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയായ പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) അനെർട്ട് നടപ്പാക്കിവരുന്നു. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിലൂടെ പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിന്റെ കീഴിൽ കൊപ്പം, വല്ലപ്പുഴ, പട്ടാമ്പി കൃഷിഭവനുകളിൽ 26 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 25 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 24 എണ്ണം വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഇനി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

പട്ടാമ്പി നിയോജകമണ്ഡലത്തിൽ വൈദ്യുത വകുപ്പിന്റെ പ്രസരണ വിഭാഗത്തിലും വിതരണ വിഭാഗത്തിലും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിലെ 33 കെ.വി. യാർഡിന്റെ വിപുലീകരണം

1. കൊപ്പം സബ്സ്റ്റേഷനിൽ 16 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമർ, 12.5 എം.വി.എ. 110/11 കെ.വി. ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

2. ദ്യുതി 2 പദ്ധതി മുഖേന 2026-27 വർഷത്തിൽ 1,295.59 ലക്ഷം രൂപയുടെ വർക്കുകൾ (എച്ച്.റ്റി., എൽ.റ്റി., റികണ്ടക്ടറിങ്, നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തൽ) നടപ്പാക്കാനുദ്ദേശിക്കുന്നു.

അനെർട്ട്

വരുംവർഷങ്ങളിലും കാർഷിക പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

വൈദ്യുതി മേഖലയിൽ വിനിയോഗിച്ച തുക

243(691) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എത്ര തുകയാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.

സാമ്പത്തിക വർഷം 2016-17 മുതൽ 2024-25 വരെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

അനെർട്ട്

2016 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊർജ മേഖലയിൽ 2016 മുതൽ മൊത്തം 40.46 കോടി രൂപ എനർജി മാനേജ്മെന്റ് സെന്ററിന് പദ്ധതി വിഹിത ഇനത്തിൽ റിലീസ് കിട്ടിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 2690 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗം കുറയ്ക്കാനും 266250 ടൺ ഇന്ധന ഉപഭോഗം ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ 1,614 കോടി രൂപയുടെ വൈദ്യുതിയും 2,472 കോടി രൂപയുടെ ഇന്ധനവും ലാഭിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഫലമായി ജലവൈദ്യുത മേഖലയിൽ എത്ര പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

2016 മുതൽ ജലവൈദ്യുത മേഖലയിൽ 103.536 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷിയുള്ള ഏഴ് പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

ഈ കാലയളവിൽ ഇ.എം.സി.-എസ്.എച്ച്.പി. സെൽ മുഖേന ഏതാണ്ട് 200 കോടി രൂപയുടെ സ്വകാര്യ മുതൽമുടക്കോടെ 29 MW-ന്റെ അധികവൈദ്യുതി ഉൽപാദനശേഷി താഴെപ്പറയുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സാധ്യമാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

i. കാരിക്കയം - 4.5 മെഗാവാട്ട് - സ്റ്റേജ്- II (പത്തനംതിട്ട ജില്ല)

ii. പതംകയം - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iii. ആനക്കാംപൊയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

iv. അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

v. മുക്കുടം – 4 മെഗാവാട്ട് **(ഇടുക്കി ജില്ല)**

കാട്ടാക്കട മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

244(692) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചത് എന്നെന്നും എവിടെ വച്ചെന്നും വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എത്ര വീടുകളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചത് 2017 മെയ് 21-ന് പേയാട് നടന്ന ചടങ്ങിലാണ്.

കാട്ടാക്കട മണ്ഡലം സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആകെ കൊടുത്തിട്ടുള്ള കണക്ഷനുകൾ - 330

ചെലവായ ആകെ തുക – Rs.19,35,438.68/- (പത്തൊമ്പത് ലക്ഷത്തി മുപ്പത്തയ്യായിരത്തി നാനൂറ്റി മുപ്പത്തിയെട്ട് രൂപ അറുപത്തി എട്ട് പൈസ മാത്രം)

(ബി) കഴിഞ്ഞ പത്ത് വർഷമായി വൈദ്യുതി വകുപ്പിന്റെ കീഴിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടന്നിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക, ലക്ഷ്യങ്ങൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവയും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. (വിതരണ വിഭാഗം)

വൈദ്യുതിവിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), പി.പി.എസ്. എന്നിവയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിൽ കാട്ടാക്കട സർക്കിളിനുകീഴിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടത്തിവരുന്നു.

കഴിഞ്ഞ പത്തുവർഷമായി കെ.എസ്.ഇ.ബി.എൽ. മുഖേന കാട്ടാക്കട നിയോജകമണ്ഡലത്തിൽ മേല്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാട്ടാക്കട നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 12,60,000/- രൂപ ചെലവിൽ 28 kW സ്ഥാപിതശേഷിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

9 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കാട്ടാക്കട മണ്ഡലത്തിൽ കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്കൂളുകളിലുമായി ആകെ 455 kW ശേഷിയുള്ള സൗരോർജ പദ്ധതി 54 സ്ഥാപനങ്ങളിലായി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 375 kW-ന്റെ പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി 80 kW-ന്റെ പദ്ധതി നടന്നുവരുന്നു. പദ്ധതിയുടെ അടങ്കൽ തുക 2,39,95,812/-രൂപയാണ്. ഇതിനുപുറമേ കാട്ടാക്കട നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനും സംസ്ഥാനത്തിന് നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുക എന്നത് മുന്നിൽകണ്ടുമാണ് ഈ പ്രവൃത്തി നടപ്പാക്കിയത്.

കെ.എസ്.ഇ.ബി.എൽ. (പ്രസരണ വിഭാഗം)

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും:

1. കാട്ടാക്കട 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി. ആയതിന് 124.43 കോടി രൂപ ചെലവഴിച്ചു.

2. കാട്ടാക്കട 110 കെ.വി. സബ്സ്റ്റേഷനിലെ പുതിയ കൺട്രോൾ റൂം കെട്ടിടം 2025-2026-ൽ പൂർത്തിയാക്കി. ആയതിന് 1.74 കോടി രൂപ ചെലവഴിച്ചു.

3. പുതുതായി നിർമ്മിച്ച കൺട്രോൾ റൂമിലേക്കുള്ള ട്രഞ്ച് 2025-26-ൽ പൂർത്തിയാക്കി. ആയതിന് 61 ലക്ഷം രൂപ ചെലവഴിച്ചു.

അനെർട്ട്

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷമായി അനെർട്ട് മുഖേന നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- സൗരതേജസ് പദ്ധതി വഴി വിവിധ വീടുകളിലായി 289 കിലോവാട്ട് ആകെ സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിനായി സബ്സിഡി ഇനത്തിൽ 51,50,739/- രൂപ ചെലവഴിച്ചു.
- അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 85 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ (7 എണ്ണം) സ്ഥാപിച്ചു. ഇതിനായി ആകെ 48,28,071/- രൂപ ചെലവഴിച്ചു. ഗവ. ഐ.ടി.ഐ. ആര്യനാട് 3 എണ്ണം സൗരോർജ തെരുവ് വിളക്കുകൾ സ്ഥാപിച്ച വകയിൽ 2,08,500/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

എനർജി മാനേജ്മെന്റ് സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത കാട്ടാക്കട പഞ്ചായത്തിലെ 38 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിച്ചു. 38 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 3,56,934/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കാർബൺ ന്യൂട്രൽ കാട്ടാക്കട എന്ന ഫ്ലാഗ്ഷിപ് പ്രൈമറ്റ് റെസിലിയെൻസ് പ്രോജക്ടിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

- 81 സർക്കാർ സ്ഥാപനങ്ങളുടെയും 53 സ്കൂളുകളുടെയും ഊർജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- ഇതിന്റെ തുടർനടപടികളുടെ ഭാഗമായി കാട്ടാക്കട നിയോജകമണ്ഡലത്തിലെ 2 സർക്കാർ സ്കൂളുകളുടെയും 24 ആരോഗ്യ കേന്ദ്രങ്ങളുടെയും 12 സർക്കാർ കെട്ടിടങ്ങളുടെയും ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഊർജ

കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ കാര്യക്ഷമത കൂടിയ 226 എൽ.ഇ.ഡി. ലൈറ്റുകളും, 482 ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചു.

- 134 സ്ഥാപനങ്ങളിൽ ഊർജ ഓഡിറ്റ് നടത്തുന്നതിനും 38 സ്ഥാപനങ്ങളിൽ ഊർജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 14,75,335/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

245(693) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ ചിറയിൻകീഴ് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതികൾക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി Rs.15,30,000/- (പതിനഞ്ച് ലക്ഷത്തി മുപ്പതിനായിരം) രൂപ ചെലവിൽ 34 kW സ്ഥാപിതശേഷിയിൽ 9 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 5 പോൾ

മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-I [+]ആയി ചേർത്തിട്ടുണ്ട്.

ചിറയിൻകീഴ് മണ്ഡലത്തിൽ വിതരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധം–II[+] ആയി ചേർത്തിരിക്കുന്നു.

അനെർട്ട്

അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 15 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ (2 എണ്ണം), 5 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഓഫ്ഗ്രിഡ് സൗരോർജ നിലയം (2 എണ്ണം) എന്നിവ സ്ഥാപിച്ചു. ഇതിനായി ആകെ 14,70,761/- രൂപ ചെലവഴിച്ചു. കരവാരം ഗ്രാമപഞ്ചായത്തിനുകീഴിൽ

10 എണ്ണം സൗരോർജ തെരുവ് വിളക്കുകൾ സ്ഥാപിച്ച വകയിൽ 8,60,000/-രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

അനെർട്ടിന്റെ ഹരിത വരുമാന പദ്ധതി (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകി അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതുവഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) വഴി 30 വീടുകളിലായി 87 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ വിഹിതമായി 38,81,334/- രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 16,67,139/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

വിതരണ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. ചിറയിൻകീഴ് കേന്ദ്രമാക്കി പ്രസരണ മേഖലയിൽ പുതിയ 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

അനെർട്ട്

- അഞ്ചുതെങ്ങ് പഞ്ചായത്തിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിലായി സൗരോർജ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ സൗര റാന്തലുകൾ വിതരണം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ചിറയിൻകീഴ് താലൂക്ക് ആശുപത്രി കെട്ടിടങ്ങളിൽ 50 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്.

- കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രിയിൽ 8 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് ബന്ധപ്പെട്ട മേധാവിക്ക് സമർപ്പിച്ചു.

കാസർഗോഡ് മൈലാട്ടി വിദ്യാനഗർ ലൈൻ

246(694) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും ആയത് ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി തുടങ്ങിയത് 10-06-2019-ലാണ്. ടി പ്രവൃത്തി 06-11-2025-ന് ബോർഡ് ഷോർട്ട് ക്ലോസ് ചെയ്യുകയും അവശേഷിക്കുന്ന വർക്കുകൾക്ക് 13-01-2026-ൽ കെ.എസ്.ഇ.ബി. വർക്ക് ഓർഡർ

നൽകുകയും ജോലികൾ സൈറ്റിൽ പുരോഗമിക്കുകയുമാണ്. നിലവിൽ 30 ശതമാനം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

പദ്ധതി പൂർത്തിയാക്കാൻ ശേഷിക്കുന്ന വർക്കുകൾ അടക്കം ആകെ വേണ്ടത് 35.29 കോടി രൂപയാണ്. ഇതുവരെ 8.37 കോടി രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടിൽ നിന്നാണ് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തിയിരിക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ജൂലൈ 2026-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

ഒറ്റപ്പാലം മണ്ഡലത്തിലെ മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവീസ് കണക്ഷൻ

247(695) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്ന മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവീസ് കണക്ഷൻ ലഭിക്കുന്നതിന് കോങ്ങാട് കെ.എസ്.ഇ.ബി.

സെക്ഷൻ ഓഫീസിൽ ഏതെങ്കിലും അപേക്ഷകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമാണ് ഉള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്ന മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവീസ് കണക്ഷൻ ലഭിക്കുന്നതിന് കോങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ 4 അപേക്ഷകൾ 29-12-2025-ന് ഓൺലൈൻ ആയി ലഭിച്ചിട്ടുണ്ട്. 3 എണ്ണം കോങ്ങാട് സെക്ഷൻ പരിധിയിലും ഒരെണ്ണം കടമ്പഴിപ്പുറം സെക്ഷൻ പരിധിയിലുമാണ്. മുണ്ടുള്ളി മാരിയമ്മൻ കോവിൽ, ചോലപ്പാടം റോഡ്, പുലിക്കോട് ആയുർവേദ ഹോസ്പിറ്റൽ എന്നിവ കോങ്ങാട് സെക്ഷൻ പരിധിയിലും ശ്രീ കുമ്പക്കാവ് കടമ്പഴിപ്പുറം സെക്ഷൻ പരിധിയിലുമാണ്.

(ബി) പ്രസ്തുത കണക്ഷനുകൾക്ക് പണം അടയ്ക്കുന്നതിനായി 'ഡിമാന്റ്' ചെയ്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വയറിങ് പൂർത്തീകരിക്കാത്തതിനാൽ കോങ്ങാട് സെക്ഷനിൽ ലഭിച്ച 3 അപേക്ഷകളിൽ ഡിമാൻഡ് നോട്ടീസ് നൽകാൻ സാധിച്ചിരുന്നില്ല. പിന്നീട് വയറിങ് പൂർത്തീകരിച്ചതിനെതുടർന്ന് കോങ്ങാട് സെക്ഷന്റെ പരിധിയിൽ വരുന്ന 3 മിനി മാസ്റ്റ് ലൈറ്റുകൾക്ക് കണക്ഷൻ നൽകുന്നതിനായി 24-01-2026-ൽ ഡിമാൻഡ് നോട്ടീസ് നൽകുകയും അന്ന് രാത്രിതന്നെ പണമടച്ചതിനാൽ 27-01-2026-ൽ 12.30-നുമുമ്പുതന്നെ സർവീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

കടമ്പഴിപ്പുറം സെക്ഷൻ പരിധിയിൽ വരുന്ന മിനി മാസ്റ്റ് ലൈറ്റിന് കണക്ഷൻ നൽകാനായി 25-01-2026-ൽ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് സർവീസ് കണക്ഷൻ നൽകാവുന്നതാണ്.

ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈ മാസ്റ്റ്, മിനി മാസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ

248(696) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിയോജകമണ്ഡലങ്ങളിൽ ഹൈ മാസ്റ്റ്, മിനി മാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അധിക പോസ്റ്റ് ആവശ്യമാണെന്ന് കെ.എസ്.ഇ.ബി. നിർദേശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്/പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിയോജകമണ്ഡലങ്ങളിൽ ഹൈ മാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലൂടെ വൈദ്യുതി കണക്ഷൻ നൽകുന്ന അവസരങ്ങളിൽ സാങ്കേതികവും സുരക്ഷാപരവുമായ കാരണങ്ങളാൽ ചില സന്ദർഭങ്ങളിൽ അധികവൈദ്യുത പോസ്റ്റുകൾ ആവശ്യമായി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മിനി മാസ്റ്റ് ലൈറ്റുകൾ (6m–8m ഉയരം) സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ അധിക പോസ്റ്റ് ഒഴിവാക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ലൈറ്റുകളുടെ

ഉയരം, റോഡ് ക്രോസിങ്, നിലവിലുള്ള ലൈനുകളുടെ സുരക്ഷിത അകലം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് ഇത്തരത്തിലുള്ള നിർദേശങ്ങൾ കെ.എസ്.ഇ.ബി. നൽകുന്നത്.

(ബി) ഇത്തരത്തിൽ കണക്ഷൻ നൽകുന്നതിന് അധിക പോസ്റ്റ് ആവശ്യപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച ഉത്തരവുകളുടെയും നിർദേശങ്ങളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഹൈ മാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾക്ക് കണക്ഷൻ നൽകുന്നതിനായി അധിക പോസ്റ്റുകൾ ആവശ്യപ്പെടുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പിന്തുടരുന്നത്;

- നിലവിലുള്ള വൈദ്യുത പോസ്റ്റുകൾ സാങ്കേതികമായി അനുയോജ്യമല്ലാത്ത സാഹചര്യങ്ങൾ
- സുരക്ഷിത അകലം (clearance) നിലനിർത്താൻ സാധിക്കാത്തത്
- ഹൈ മാസ്റ്റ്/മിനി മാസ്റ്റിന്റെ ഉയരവും ഭാരവുംമൂലം അധിക ബലപ്പെടുത്തൽ ആവശ്യമായ സാഹചര്യങ്ങൾ
- റോഡ് ക്രോസിങ് ഉള്ള സ്ഥലങ്ങളിൽ റോഡിൽ കൂടി കടന്നുപോകുന്ന വാഹനങ്ങളുടെ സുരക്ഷ പരിഗണിച്ച്

- ഹൈ മാസ്റ്റ്/മിനി മാസ്റ്റ് വിളക്കുകളുടെ ളുണകളിൽ സർവീസ് വയർ ഘടിപ്പിക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ

ഇതുസംബന്ധിച്ച ഉത്തരവുകൾ, നിർദേശങ്ങൾ, സർക്കുലറുകൾ എന്നിവ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള വൈദ്യുതി വിതരണ ചട്ടങ്ങൾക്കും സാങ്കേതിക മാർഗനിർദേശങ്ങൾക്കും അനുസൃതമായതാണ്.

(സി) കണക്ഷൻ നൽകുന്നതിന് അധിക പോസ്റ്റ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഒരു വൈദ്യുത പോസ്റ്റിന് ഈടാക്കുന്ന തുക എത്രയാണ്; വിശദമാക്കാമോ?

ഹൈ മാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി അധിക വൈദ്യുത പോസ്റ്റ് സ്ഥാപിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഒരു വൈദ്യുത പോസ്റ്റിനായി ഈടാക്കുന്ന തുക കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന കോസ്റ്റ് ഡാറ്റ 2024 പ്രകാരമാണ് നിശ്ചയിക്കുന്നത്.

പോസ്റ്റിന്റെ തരം, ഉയരം, ഗതാഗത ചെലവ്, സ്ഥാപിക്കൽ ചെലവ് എന്നിവയെ ആശ്രയിച്ച് തുക വ്യത്യാസപ്പെടുന്നതാണ്. നിലവിൽ, ഒരു സാധാരണ 8m നീളമുള്ള കോൺക്രീറ്റ് നിർമ്മിതമായ വൈദ്യുത പോസ്റ്റിന് അനുബന്ധ ചെലവുകളുൾപ്പെടെ 7,547 രൂപയാണ് ഈടാക്കുന്നത്. കൃത്യമായ തുക ബന്ധപ്പെട്ട സ്ഥലത്തെ സാങ്കേതിക പരിശോധനയ്ക്കുശേഷം നിർണ്ണയിച്ച് അപേക്ഷകനെ അറിയിക്കുന്നതാണ്.

വോൾട്ടേജ് ക്ഷാമം

249(697) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ രാമപുരം കൊണ്ടാട് പ്രദേശവാസികൾക്ക് വോൾട്ടേജ് ക്ഷാമംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ രാമപുരം കൊണ്ടാട് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 185 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുകയും പുതുതായി 220 മീറ്റർ ത്രീഫേസ് ലൈൻ വലിക്കുകയും ചെയ്യേണ്ടതായുണ്ട്. കൂടാതെ ക്രോസ് കൺടിയായി കടന്നുപോകുന്ന സിംഗിൾ ഫേസ് ലൈൻ റോഡിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് നിലവിലുള്ള 138 മീറ്റർ സിംഗിൾ ഫേസ് ലൈൻ അഴിച്ചുമാറ്റി പുതുതായി 48 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും വേണം. ടി പ്രവൃത്തി ചെയ്യുന്നതിന് 10,53,026/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം പരിഹരിച്ചിട്ടില്ലെങ്കിൽ സമയബന്ധിതമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത വർക്ക് 2025-26 സാമ്പത്തിക വർഷത്തെ ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തിട്ടുണ്ട്. നാലുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

വർക്കല മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കിയ പദ്ധതികൾ

250(698) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ വർക്കല മണ്ഡലത്തിൽ കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവ എത്ര രൂപയുടേതാണെന്നും വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപ ചെലവിൽ 84 kW സ്ഥാപിതശേഷിയിൽ 14 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

വർക്കല മണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസരണ മേഖലയിൽ 2021-ൽ 33 കെ.വി. വിളക്കുളം സബ്സ്റ്റേഷൻ നിർമ്മിച്ചു - ഭരണാനുമതി തുക - 910 ലക്ഷംരൂപ.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

വർക്കല മണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ നടപ്പാക്കാൻ അനുമതി ലഭിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

കായംകുളം മണ്ഡലത്തിലെ വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ

251(699) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദവിവരം നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വേർതിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കായംകുളം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട്

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരത്തുള്ള KTDC Ahar Restaurant-ൽ അനെർട്ടും കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ കീഴിലുള്ള EESL-ഉം സംയുക്തമായി ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിനായി ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിച്ചു. ഇവിടെ സ്ഥാപിച്ചിട്ടുള്ള മെഷീനിൽ 60 KW CCS2, 22 KW Type 2 AC എന്നിങ്ങനെ 2 ചാർജിങ് പോയിന്റുകളുണ്ട്. പ്രസ്തുത ചാർജിങ് സ്റ്റേഷൻ 03-05-2022-ന് കമ്മിഷൻ ചെയ്തു. മേല്പറഞ്ഞ ചാർജിങ് സ്റ്റേഷൻ കൃഷ്ണപുരം പഞ്ചായത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്.

വർക്കല മണ്ഡലത്തിലെ ഇ.വി. ചാർജിങ് സ്റ്റേഷനുകൾ

252(700) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലായി 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

Sl. No.	Location Name	Section
1	Kappil Boat club	Edava
2	Near KSEB office	Varkala

3	Chavarkodu	Kedakulam
4	Palachira	Palachira
5	Kettidam Jn	Pallikkal
6	Near Govt. Model School	Varkala

സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കരാറിന്റെ ഭാഗമായി ഇവ സ്ഥാപിച്ചതിനുശേഷമുള്ള അഞ്ച് വർഷത്തെ പരിപാലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ പരിപാലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ "സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി

253(701) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യുടെ "സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി എന്നുമുതലാണ് നടപ്പാക്കിയത്; ഈ പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താവിന് ലഭിക്കുന്നത്; വിശദമാക്കാമോ?

വൈദ്യുതി സംബന്ധമായ സേവനങ്ങളെല്ലാം വീട്ടുപടിക്കൽ എത്തിക്കുന്ന 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശ മാറ്റം,

കണക്ടഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനമാവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും.

ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് 13-08-2021 മുതൽ നിലവിൽവന്നു. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാരൻ സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ വിവരങ്ങൾ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും രേഖകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുകയും ആയത് ഉടൻതന്നെ കേന്ദ്രീകൃത സർവർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇത്തരത്തിൽ ഒരു ഉപഭോക്താവിന് ഓഫീസിൽ വരികയോ രേഖകളും അപേക്ഷയുമായി അക്ഷയ സെന്ററുകളിൽ കാത്തുനിൽക്കുകയോ ചെയ്യാതെതന്നെ സേവനങ്ങൾ വീടുകളിൽതന്നെ ലഭ്യമാവുന്നതാണ്.

ആറ്റിങ്ങൽ മണ്ഡലത്തിൽ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം

254(702) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി.-യുടെ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആറ്റിങ്ങൽ, കല്ലമ്പലം, കിളിമാനൂർ, വക്കം, പാലച്ചിറ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലെ വിവിധ സ്ഥലങ്ങളിൽ 11 കെ.വി., ലോ ടെൻഷൻ ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. വരും വർഷങ്ങളിലും കേബിളുകളാക്കി മാറ്റുന്ന പ്രവൃത്തി തുടരുന്നതുമാണ്. ആറ്റിങ്ങൽ സെക്ഷനിലെ കരിച്ചിയിൽ, മാർക്കറ്റ് റോഡ്, പച്ചക്കുളം, കൊല്ലമ്പുഴ, സുബ്രഹ്മണ്യൻ കോവിൽ, വൈകവിള കോളനി, തുളസി ടെമ്പിൾ ഭാഗം, പേരേറ്റിൽ, ബോയ്സ് സ്കൂൾ, വക്കം സെക്ഷൻ പരിധിയിലെ വക്കം ഹോസ്പിറ്റൽ, മൂന്നാലുംമൂട് റോഡ്, ചന്തമുക്ക്, കുളിവിളാകം, അകത്തുമുറി ഡെന്റൽ കോളേജ്, കൊടിതൂക്കിക്കുന്ന്, മണനൂർ പഞ്ചായത്ത്, കായിക്കര പാകിസ്ഥാൻ മുക്ക്, കല്ലമ്പലം സെക്ഷൻ പരിധിയിൽ കടുവാപ്പള്ളി ഏരിയ, മണനൂർ പഞ്ചായത്ത് ഏരിയ എന്നിവിടങ്ങളിലും പാലച്ചിറ സെക്ഷൻ പരിധിയിൽ ഞെക്കാട്, അകത്തുമുറി, ചെറുന്നിയൂർ, പുത്തൻകട, താന്നിമൂട്, ശാസ്താംനട ഡീസന്റ്മുക്ക് എന്നിവിടങ്ങളിലും നഗരൂർ സെക്ഷന്റെ പരിധിയിൽ ചെമ്മരത്തുംമുക്ക്, വെള്ളല്ലൂർ, തേക്കിൻകാട്, വെള്ളക്കോട്, കല്ലിംഗൽ പുഞ്ചക്കവല, കോട്ടച്ചിറ, പാവത്തലം, നെടുമ്പറമ്പ് എന്നിവിടങ്ങളിലും കിളിമാനൂർ സെക്ഷന്റെ പരിധിയിൽ പുല്ലയിൽ, ഗുരുമന്ദിരം എന്നിവിടങ്ങളിലും ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്ന സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താനായി നടപ്പാക്കിയ പുനഃക്രമീകരണം വിശദമാക്കാമോ?

എൽ.റ്റി. ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിച്ച സ്ഥലങ്ങളിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കേബിളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്ക് മുകളിലൂടെ പോകുന്ന സാഹചര്യം

255(703) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ കോതനല്ലൂർ ഗ്രാമത്തിൽ കാഞ്ഞിരത്താനം–ഓമല്ലൂർ പ്രദേശത്ത് സ്വകാര്യവാസ സ്ഥലത്തിനുള്ളിൽ സ്ഥാപിച്ച വൈദ്യുതി പോസ്റ്റിൽനിന്നും വലിച്ചിരിക്കുന്ന ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്ക് മുകളിലൂടെ കടന്നുപോകുന്ന സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വ്യക്തി നൽകിയ പരാതികൾ സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈക്കം താലൂക്കിലെ കോതനല്ലൂർ ഗ്രാമത്തിൽ ശ്രീ. കൃഷ്ണകുമാർ. കെ. വി., കുഴിമ്യാലിൽവീട്, കാഞ്ഞിരത്താനം എന്നയാളുടെ പരാതി ലഭിക്കുകയും സ്ഥലം പരിശോധിക്കുകയും ചെയ്തു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വകാര്യ വാസസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി പോസ്റ്റുകളും മേൽക്കൂരകൾക്ക് മുകളിലൂടെ കടന്നുപോകുന്ന ഓവർഹെഡ് ലൈനുകളും ജീവനും സ്വത്തിനും സുരക്ഷാഭീഷണിയാകുന്ന സാഹചര്യങ്ങളിൽ നിലവിലുള്ള നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പ്രകാരം അവ മാറ്റി സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡ് പിന്തുടരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

സ്വകാര്യ വാസസ്ഥലങ്ങൾ ഉൾപ്പെടെ വൈദ്യുതി പോസ്റ്റുകളും ലൈനുകളും സ്ഥാപിക്കുമ്പോൾ നിലവിലുള്ള നിയമങ്ങളനുസരിച്ച് ആവശ്യമായ ക്ലിയറൻസ് പാലിച്ചാണ് സ്ഥാപിക്കുന്നത്. പിന്നീട് അപേക്ഷകന്റെ ആവശ്യപ്രകാരം ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി അപേക്ഷകൻ എസ്റ്റിമേറ്റ് തുക അടച്ചശേഷം മാത്രമാണ് ലൈൻ മാറ്റിസ്ഥാപിക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇൻസ്പെക്ഷനിൽ കണ്ടെത്തുന്ന സുരക്ഷാപ്രശ്നങ്ങളുള്ള ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ഉടമസ്ഥന് ആവശ്യമായ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

(സി) കാഞ്ഞിരത്താനം–ഓമല്ലൂർ പ്രദേശത്തെ പരാതിക്കാരന്റെ സ്ഥലത്ത് അടിയന്തരമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി, വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കുകയും ഓവർഹെഡ് ലൈൻ സുരക്ഷിതമായ മറ്റൊരു വഴിയിലേക്ക് മാറ്റുകയും ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശം നൽകുന്നത് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഈ വിഷയത്തിൽ

ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പരാതിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലം പരിശോധിച്ചു. ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ

256(704) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. നടത്തിയ പ്രവർത്തനങ്ങൾക്ക് 2016 മുതൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

I. ഊർജ കാര്യക്ഷമതയിൽ സംസ്ഥാനം നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- കേന്ദ്ര ഊർജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) പുറത്തിറക്കുന്ന ദേശീയ സൂചികയിൽ (State Energy Efficiency Index - SEEI) കേരളം തുടർച്ചയായി മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്.

- Front Runner Category: 2018, 2021-22, 2023 എന്നീ വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളുടെ മുൻനിര പട്ടികയായ 'ഫ്രണ്ട് റണ്ണർ' വിഭാഗത്തിൽ കേരളം ഇടംപിടിച്ചു.

- Achiever Category: 2019, 2020 വർഷങ്ങളിൽ 'അച്ചീവർ' വിഭാഗത്തിൽ ഉൾപ്പെട്ട കേരളം, 2024-ലെ സൂചികയിൽ ഗ്രൂപ്പ്-2 വിഭാഗത്തിൽ 100-ൽ 50.68 പോയിന്റുകൾ കരസ്ഥമാക്കി രണ്ടാം സ്ഥാനം നേടി.

- 2015, 2019, 2021, 2023 എന്നീ വർഷങ്ങളിൽ സംസ്ഥാന ഊർജ സംരക്ഷണ പുരസ്കാരം കെ.എസ്.ഇ.ബി.എൽ. നേടിയിട്ടുണ്ട്. ഊർജ സംരക്ഷണവും പരിപാലനവുമാണ് ഇത്തരം പുരസ്കാരങ്ങൾ നൽകുന്നതിനായി പ്രധാനമായും വിശകലനം ചെയ്യുന്നത്. കൂടാതെ ഊർജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായി നടപ്പാക്കിയ പദ്ധതികളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതിനായി വിലയിരുത്തുന്നത്.

II. ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന് താഴെ പറയുന്ന അവാർഡുകൾ ലഭിക്കുകയുണ്ടായി.

- കെ.എസ്.ഇ.ബി.എൽ. ദേശീയ തലത്തിൽ നടപ്പാക്കിയ നൂതന പദ്ധതിയായ പോൾ മൗണ്ടഡ് വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകൾക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറത്തിന്റെ (ISGF) 'എമെർജിങ് ഇന്നൊവേഷൻ ഇൻ ഇലക്ട്രിക് മൊബിലിറ്റി

ഡൊമെയ്ൻ- EV & EVSE റോൾഔട്സ്'' വിഭാഗത്തിലെ ഡയമണ്ട് അവാർഡ് 2023-ൽ ലഭിച്ചു.

- വൈദ്യുതി വാഹന ചാർജിങ്ങിനായി വികസിപ്പിച്ച ഇന്റഗ്രേറ്റഡ് മൊബൈൽ ആപ്ലിക്കേഷനായ 'KeMapp' പദ്ധതിക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറത്തിന്റെ (ISGF) 'എമെർജിങ് ഇന്നൊവേഷൻ ഇൻ ഇലക്ട്രിക് മൊബിലിറ്റി ഡൊമെയ്ൻ-EV & ചാർജിങ് ടെക്നോളജി/സൊല്യൂഷൻ പ്രൊവൈഡേഴ്സ്'' വിഭാഗത്തിൽ ഡയമണ്ട് അവാർഡ് 2024-ൽ ലഭിച്ചു.

III പുരപ്പുറ സോളാർ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ സർക്കാരിതര ഏജൻസികളിൽനിന്ന് താഴെ പറയുന്ന അവാർഡുകൾ ലഭിക്കുകയുണ്ടായി.

- 2022-ൽ പുനരുപയോഗ ഊർജ മേഖലയിലെ മികച്ച പ്രവർത്തനത്തിന് ആർ.ഇ. അസറ്റ് ഇന്ത്യയുടെ അവാർഡ്
- 2022-ൽ പി.വി. ഇൻവെസ്റ്റ് ടെക് ഇന്ത്യ കോൺഫറൻസിലെ സോളാർ റൂഫ്ടോപ് എനേബ്ലർ അവാർഡ്
- 2022-ൽ ഉത്തർപ്രദേശ് സർക്കാരിന്റെയും ഉത്തർപ്രദേശ് എനർജി സപ്ലൈ കമ്പനിയുടെയും മൂന്നാമത് APAC-ഡിജിറ്റൽ എംപവർമെന്റ് അവാർഡ്

- 2023-ൽ ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ് പ്രോഗ്രാമിന്റെ മികച്ച പ്രവർത്തനത്തിന് സൂര്യകോൺ കേരളം സോളാർ അവാർഡ്.

കയ്യമംഗലം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

257(705) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ വിഭാഗത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കയ്യമംഗലം മണ്ഡലത്തിൽപ്പെടുന്ന 33 കെ.വി. കയ്യമംഗലം സബ്സ്റ്റേഷനിൽ പുതിയതായി 33/11 കെ.വി. 5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വിതരണ വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. എച്ച്. റ്റി. ലൈൻ നിർമ്മാണം - 25.81 കി.മീ.

2. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് - 28 എണ്ണം

3. എൽ. റ്റി. ലൈൻ നിർമ്മാണം - 112.05 കി.മീ.

4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ - 7.35 കി.മീ

5. എച്ച്. റ്റി. റികണ്ടക്ടറിങ് - 33.30 കി.മീ

6. എൽ. ടി. റികണ്ടക്ടറിങ് – 377.28 കി.മീ

കൂടാതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന സമ്മർ പീക്ക് വർക്കുകൾ നടപ്പാക്കിവരുന്നു.

മതിലകം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പള്ളിനട, ഇരുപത്തിയഞ്ചാംകല്ല്, ആമണ്ടൂര് നോർത്ത്, മതിൽമൂല, അഞ്ചാം പരത്തി, പൊരിബസാർ എന്നിവിടങ്ങളിലായി ആറ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ ബന്ധപ്പെട്ട സ്ഥലങ്ങളിൽ DP structure സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്തുകൾ

258(706) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണുന്നതിന് പ്രത്യേക സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് അവസാനമായി കെ.എസ്.ഇ.ബി.എൽ. ജില്ലാതലത്തിൽ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. വൈദ്യുതി അദാലത്തുകൾ നടത്തുന്നത് പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസ്, സബ് ഡിവിഷൻ ഓഫീസ്, സർക്കിൾ ഓഫീസ്, മേഖല ഓഫീസ്, ഡയറക്ടർ ഓഫീസ് തലങ്ങളിൽ കത്ത്/ഇ-മെയിൽ വഴിയും സെക്ഷൻ ഓഫീസിന്റെ ലാൻഡ് ലൈൻ നമ്പർ വഴിയും സാധാരണ രീതിയിൽ വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം തിരുവനന്തപുരം വൈദ്യുതി ഭവനം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. 1912 എന്ന ടോൾ ഫ്രീ നമ്പർ വഴിയും wss.kseb.in എന്ന വെബ്സൈറ്റ് വഴിയും കെ.എസ്.ഇ.ബി.എൽ. മൊബൈൽ ആപ്പ് വഴിയും ഉപഭോക്താക്കളുടെ വിവിധങ്ങളായ പരാതികൾ രജിസ്റ്റർ ചെയ്യാനായുള്ള നൂതന സംവിധാനങ്ങൾ കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ ഓഫീസിലെ ലാൻഡ് ഫോണിൽ ഒരേസമയം ഒന്നിലേറെ പേർക്ക് പരാതി നൽകാൻ പറ്റാത്ത സാഹചര്യവും 1912 എന്ന നമ്പരിൽ 48 പേർക്ക് മാത്രം ബന്ധപ്പെടാൻ കഴിയുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനായി ക്ലൗഡ് ടെലിഫോണി

രീതിയിൽ അധിഷ്ഠിതമായ നൂതനമായ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ വിളിച്ചോ WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴിയോ SMS വഴിയോ വിവിധങ്ങളായ സേവനങ്ങളും പരാതികളും രജിസ്റ്റർ ചെയ്യാൻ സാധിക്കും. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പോൾതന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇതും പരാതി പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ഉം ഗ്രണഭോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ, ഇളവുകൾ/തവണകൾ വേണ്ടിവരുന്ന മറ്റ് പരാതികൾ എന്നിവ പരിശോധിച്ച് അർഹതപ്പെട്ടവയ്ക്ക് ഓരോ ഓഫീസറുടെയും അധികാര പരിധിയിൽനിന്നും തീരുമാനങ്ങൾ എടുക്കുകയും മറ്റുള്ളവ ആവശ്യമായ പരിഹാര മാർഗങ്ങൾ ബോർഡ് തലത്തിൽ അനുവദിക്കുകയും ചെയ്യാറുണ്ട്.

വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണുന്നതിനായി കെ.എസ്.ഇ.ബി. പുതുതായി തുടങ്ങിയിട്ടുള്ള സംവിധാനമാണ് ഐ.ജി.ആർ.സി. (ഇന്റേണൽ ഗ്രീവൻസ് റിഡ്രെസ്സൽ സെൽ) അഥവാ ആഭ്യന്തര പരാതി പരിഹാര സമിതികൾ. സബ് ഡിവിഷൻ, സർക്കിൾ, കോർപ്പറേറ്റ് എന്നിങ്ങനെ ത്രിതല സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. സി.ജി.ആർ.എഫ്. (കൺസ്യൂമർ ഗ്രീവൻസ് റിഡ്രെസ്സൽ ഫോറം) ആൻഡ് ഓംബുഡ്സ്മാൻ റെഗുലേഷൻ 2023 പ്രകാരം നിർദിഷ്ട സമയപരിധിക്കുള്ളിൽ പരിഹരിക്കപ്പെട്ടിട്ടില്ലാത്ത പരാതികളും സേവന അപേക്ഷകളും ഈ

സമിതികൾ പരിശോധിച്ച് ഏഴ് ദിവസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇതിനാവശ്യമായിട്ടുള്ള സോഫ്റ്റ്വെയർ നിർമ്മാണവും പുരോഗമിക്കുന്നുണ്ട്. ആയത് ഫെബ്രുവരി മാസത്തിൽ പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

259(707) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതം വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,00,000/- രൂപ ചെലവിൽ 108.78 kW സ്ഥാപിതശേഷിയിൽ 26 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി വിതരണ വിഭാഗത്തിൽ മേയ് 2021 മുതൽ നാളിതുവരെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. 11 കെ.വി. ലൈൻ നിർമ്മിക്കൽ - 8.65 കിലോമീറ്റർ - 1.9 കോടി രൂപ

2. 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 32 എണ്ണം - 88.65 ലക്ഷം രൂപ

3. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ – 46 കിലോമീറ്റർ - 2.94 കോടി രൂപ

4. 11 കെ. വി. ലൈൻ റീ കണ്ടക്ടറിങ് - 8.59 കിലോമീറ്റർ – 60 ലക്ഷം രൂപ

5. 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 4 എണ്ണം – 11.47 ലക്ഷം രൂപ

6. 100 KVA ട്രാൻസ്ഫോർമർ 160 KVA ശേഷി വർധിപ്പിക്കൽ

- 13 എണ്ണം - 63 ലക്ഷം രൂപ

7. എൽ.ടി. ലൈൻ കൺസ്ട്രക്ഷൻ - 15 കിലോ മീറ്റർ - 3 കോടി രൂപ

8. എൽ. ടി. കണ്ടക്ടർ മാറ്റൽ - 25 കിലോ മീറ്റർ - 1.7 കോടി രൂപ

വടകര സബ്സ്റ്റേഷനിൽനിന്നും വില്യാപള്ളിയിലേക്കും തിരുവള്ളൂർ സബ്സ്റ്റേഷനിൽനിന്നും തച്ചോളി പീടികയിലേക്കും രണ്ട് പുതിയ 11 കെ.വി. ഫീഡറുകൾ ചാർജ് ചെയ്തിട്ടുണ്ട്. കുറ്റ്യാടി സബ്സ്റ്റേഷനിൽനിന്നും 3.4 കിലോമീറ്റർ എ.ബി. കേബിൾ ഉപയോഗിച്ച് പുതിയ ഫീഡർ സ്ഥാപിച്ചു. കൂടാതെ RDSS Project-ന്റെ ഭാഗമായി മണിയൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി

33 കെ.വി. മേലടി സബ്സ്റ്റേഷനിൽനിന്നും 1.5 കി.മീ. 11 കെ.വി. യു.ജി. കേബിൾ വലിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്.

2021 മേയ് മാസം മുതൽ നാളിതുവരെയായി വൈദ്യുത വകുപ്പ് പ്രസരണ വിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി 110 KV സബ്സ്റ്റേഷനിൽനിന്നും കുറ്റ്യാടി ടൗണിലേക്ക് പുതിയ 11 കെ.വി. ഫീഡർ ചാർജ് ചെയ്തു.

2. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി നിലയത്തിൽ നിന്നുമുള്ള വൈദ്യുതി വിതരണം ചെയ്യുന്നതിന് ചാത്തങ്കോട്ടുനട മുതൽ കുറ്റ്യാടി സബ്സ്റ്റേഷൻ വരെ ഭൂഗർഭ കേബിൾ വലിക്കുകയും 110/33 കെ.വി. 16 MVA ട്രാൻസ്ഫോർമർ കുറ്റ്യാടി സബ്സ്റ്റേഷനിൽ സ്ഥാപിച്ച് മേല്പറഞ്ഞ ഭൂഗർഭ കേബിൾ വഴി ഗ്രിഡുമായി കണക്ട് ചെയ്യുകയും ചെയ്തു.

3. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി പദ്ധതിയിൽനിന്നും രണ്ട് 11 കെ.വി. ഫീഡറുകൾ കരിങ്ങാട്, വട്ടിപ്പന ഭാഗത്തേക്ക് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻവേണ്ടി സ്ഥാപിച്ചു.

4. കൂടാതെ തിരുവള്ളൂർ സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന രണ്ട് 33/11kV 5 MVA ട്രാൻസ്ഫോർമറുകൾ 33/11kV 8 MVA ആക്കി ശേഷി ഉയർത്തിയിട്ടുമുണ്ട്. ആകെ അടങ്കൽ തുക 2 കോടി.

<u>അനെർട്ട്</u>

2021 മേയ് മാസംമുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന 2 സ്ഥാപനങ്ങളിലായി ആകെ 50 കിലോ വാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	Site Name	Plant Capacity And Type	Amount in Rs.	Status
1	Maniyur Grama Panchayath	40 kWp On-Grid	20,07,440/-	Completed
2	CHC Thiruvallur	10 kWp Hybrid	9,90,751/-	Completed

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കോഴിക്കോട് ജില്ലയിൽ തിരഞ്ഞെടുത്ത കുറ്റ്യാടി, കുന്നുമ്മൽ പഞ്ചായത്തുകളിലെ 40 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറുതരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതിപാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 40 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 3,75,720/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

(ബി) മേൽ പദ്ധതികൾ നടപ്പാക്കിയതിലൂടെ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത്, എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കുറ്റ്യാടി, ആയഞ്ചേരി, തിരുവള്ളൂർ, കക്കട്ടിൽ, മണിയൂർ എന്നീ പ്രദേശങ്ങളിലാണ് 26 പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ആയഞ്ചേരി, കക്കാട്ടിൽ ഇലക്ട്രിക് സെക്ഷൻ പരിധിയിൽ വരുന്ന ആയഞ്ചേരി, തീക്കുനി, അരൂർ, ചെറാപുറം, കക്കാട് ടൗൺ മുതലായ സ്ഥലങ്ങളിലാണ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്.

വിതരണവിഭാഗത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിലൂടെ മണിയൂർ സെക്ഷനിലെ മുടപ്പിലായി, കോയക്കുട്ടി വയൽ, കുറുന്തോടി, മങ്കര, ഇല്ലത്ത് മുക്ക്, ഹോങ്കോങ്ങ് മുക്ക്, ഗ്രഹ മുക്ക്, ആയഞ്ചേരി സെക്ഷനിലെ കോട്ടപ്പള്ളി, നാരായണിക്കുന്ന്, പെരുമുണ്ടച്ചേരി, പെരുവഞ്ചേരി, നടേമ്മൽ, നമ്പംവയൽ, വളഞ്ഞിമുക്ക്, തിരുവള്ളൂർ സെക്ഷനിലെ കുമുളിമുക്ക് സായ്സ്ഥയർ, പൂമരമുക്ക്, ചെമ്പോട്ട് പള്ളി, വടകര നോർത്ത് സെഷനിലെ തച്ചോളി പീടിക, വളയലത്ത്, മഞ്ഞിരോളി, കരുവാരി താഴെ, വടകര സൗത്ത് സെക്ഷനിലെ ചെമ്മരത്തൂർ കുറ്റ്യാടി, കക്കട്ടിൽ, കുറ്റ്യാടി ടൗൺ നീലച്ചികുന്ന്, നരിക്കുട്ടൻചാലിൽ തുടങ്ങിയ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനോടൊപ്പം വൈദ്യുതി ശൃംഖല വിപുലീകരിച്ച് വൈദ്യുതി വിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്.

പ്രസരണവിഭാഗത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി സബ്സ്റ്റേഷനിൽനിന്നും പുതിയ 11 കെ.വി. ഫീഡർ ചാർജ് ചെയ്തതിലൂടെ കുറ്റ്യാടി ടൗണിലും പരിസരപ്രദേശങ്ങളിലും വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെട്ടു.

2. ചാത്തങ്കോട്ടുനടയിൽനിന്നും രണ്ട് 11 കെ.വി. ഫീഡറുകൾ ചാർജ് ചെയ്തതിന്റെ ഫലമായി കുണ്ടുതോട്, തൊട്ടിൽപ്പാലം, കരിങ്ങാട്, വട്ടിപ്പന പരിസരപ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരമുണ്ടായി.

അനെർട്ട്

40 കിലോവാട്ട് ഓൺഗ്രിഡ് പവർപ്ലാന്റ് നടപ്പാക്കിയതിലൂടെ മണിയൂർ പഞ്ചായത്തിന്റെ വൈദ്യുതി ഉപയോഗം കുറയ്ക്കുവാനും ഫിക്സഡ് ചാർജ് ആയ 5000/- രൂപയിലേക്ക് എത്തിക്കാനും സാധിച്ചു.

തിരുവള്ളൂർ ഹെൽത്ത് സെന്ററിൽ 10 കിലോവാട്ട് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചതിലൂടെ വൈദ്യുതിയില്ലാത്ത സമയങ്ങളിലും ക്രിട്ടിക്കൽ ലോഡ് പ്രവർത്തിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ

40 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പാക്കിയ അംഗൻജ്യോതി പദ്ധതിവഴി കാർബൺ ലഘൂകരണം നടക്കുകയും നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾക്ക് ഒരു ചുവടുവയ്പാവുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണം

260(708) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കിയ പവർകട്ടിന്റെയും ലോഡ്ഷെഡ്ഡിങ്ങിന്റെയും കാരണങ്ങൾ നടപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി 2015-ൽ 2400 മെഗാവാട്ട് മാത്രമായിരുന്നു. അതുകൊണ്ട് സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് പുറത്തുനിന്ന് പവർ ഇറക്കുമതി ചെയ്യാൻ നിയന്ത്രണമുണ്ടായിരുന്നു. പവർ ഗ്രിഡിന്റെ കോഴിക്കോട് സബ്സ്റ്റേഷനും കെ.എസ്.ഇ.ബി.എൽ.-ന്റെ കോട്ടയം സബ്സ്റ്റേഷനും പ്രവർത്തനം ആരംഭിച്ചശേഷം ഇത് 4455 മെഗാവാട്ട് ആയി വർധിച്ചു. അതുകൂടാതെ 2019-20 കാലയളവിൽ പവർ എക്സ്ചേഞ്ചുകളിൽ റിയൽ ടൈം മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചതോടെ വൈദ്യുതി ആവശ്യകതയുടെ വ്യതിയാനമനുസരിച്ച് കൂടുതൽ പവർ പർചെയ്സ് ചെയ്യാൻ സാധിച്ചു. ഇതിനുമുമ്പ് Day Ahead മാർക്കറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ദിവസത്തിലുണ്ടാകുന്ന വൈദ്യുതി ആവശ്യകതയിലെ വ്യതിയാനം നേരിടാൻ ലോഡ്ഷെഡ്ഡിങ് ആവശ്യമായിരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിനകത്തുള്ള ട്രാൻസ്മിഷൻ സിസ്റ്റം ശക്തിപ്പെടുത്തിയതുവഴി സിസ്റ്റം കൺസ്ട്രെയിന്റ് കാരണമുണ്ടായിട്ടുള്ള ലോഡ്ഷെഡ്ഡിങ്ങുകളും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം സമയങ്ങളിൽ എത്ര തവണ വീതമായിരുന്ന അവ നടപ്പാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ?

പവർകട്ട് (Load Shedding) വിശദാംശങ്ങൾ (2012-2014) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 2016-21 കാലയളവിൽ സംസ്ഥാനത്തിനെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

2016-21 കാലയളവിൽ സംസ്ഥാനത്തിനെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനായി ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പുനരുപയോഗ ഊർജ ഉൽപാദന മേഖലയിൽ സൗരോർജരംഗത്ത് 287.631 MW സ്ഥാപിതശേഷി ഗ്രിഡിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന് 2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത്പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കുകയും കേരള സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രഖ്യാപനം 29-5-2017-ന് കോഴിക്കോട് വച്ചുനടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം 150219 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് 2018 മുതൽ നൽകിവരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണവും അങ്കണവാടികളുടെ വൈദ്യുതീകരണവും നടപ്പാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 2018 മുതൽ ഡിസംബർ 2025 വരെ ആകെ 133214 എണ്ണം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നുവരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥനപ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

അനെർട്ട്

2016-21 കാലയളവിൽ സംസ്ഥാനത്തിനെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനായി അനെർട്ട് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

1. സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കി.

2. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി.

3. ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

4. അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

5. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

6. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

7. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

8. പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

9. പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

10.വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

(ഡി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിങ്ങും ഉണ്ടാകാതിരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

വൈദ്യുതി ആവശ്യകതയിലെ തുടർച്ചയായ വർധന കണക്കിലെടുത്ത് ഉൽപാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് മേഖലകളിലും സമന്വയിപ്പിച്ച അടിസ്ഥാനസൗകര്യ വികസനമാണ് നടപ്പാക്കിയത്. ആഭ്യന്തര ഉൽപാദനശേഷി വർധിപ്പിക്കുന്നതിനായി ജലവൈദ്യുത പദ്ധതികളുടെ നവീകരണവും കൂട്ടിച്ചേർക്കലുകളും, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ (സോളാർ, കാറ്റാടി) വ്യാപനം, കൂടാതെ ദീർഘകാലവും ഹ്രസ്വകാലവും അടിസ്ഥാനമാക്കിയുള്ള വൈദ്യുതി വാങ്ങൽ എന്നിവ കാര്യക്ഷമമായി നടപ്പാക്കി. വൈദ്യുതി ലഭ്യത ആവശ്യകതയേക്കാൾ കൂടുന്ന മാസങ്ങളിൽ അധികമായി ലഭ്യമായ വൈദ്യുതി മറ്റ് സംസ്ഥാനങ്ങളിലെ യൂട്ടിലിറ്റികളുമായി കൈമാറി, കേരളത്തിന് കമ്മിയുള്ള മാസങ്ങളിൽ വൈദ്യുതി തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു (Swapping or banking). കൂടാതെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വിടവ് നികത്താനാവാത്ത സാഹചര്യങ്ങളിൽ പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങിക്കുന്നുമുണ്ട്. അതോടൊപ്പം കൃത്യമായ ഡിമാൻഡ്

ഫോർകാസ്റ്റിങ് സംവിധാനങ്ങൾ ഒരുക്കുകയും എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. ഇതിന്റെ ഫലമായി വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയുണ്ടായിട്ടും സംസ്ഥാനത്ത് ഇത്തരം ക്രിയാത്മകമായ നടപടികളിലൂടെ പവർകട്ട് അല്ലെങ്കിൽ ലോഡ്ഷെഡ്ഡിങ് ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2016 മുതൽ 2026 വരെയുള്ള കാലയളവിൽ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പുനരുപയോഗ ഊർജ ഉൽപാദന മേഖലയിൽ സൗര പുരപ്പുറ സോളാർ പദ്ധതി, MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന, പി എം കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി, സൗരോർജരംഗത്ത് 2086.571 MW വൈദ്യുതി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

2016-2026 കാലഘട്ടത്തിൽ സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിങ്ങും പവർകട്ടും ഒഴിവാക്കുന്നതിന് ആഭ്യന്തര വൈദ്യുതി സ്രോതസ്സുകളെ മികച്ച രീതിയിൽ ഉപയോഗിക്കുകയും കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തി വൈദ്യുതി വാങ്ങലുകൾ നടത്തുകയും കെ.എസ്.ഇ.ബി.എൽ. ചെയ്തിട്ടുണ്ട്.

2016-2026 കാലഘട്ടത്തിൽ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ പ്രകാരം ലഭിച്ചിരുന്നതിലും അധികമായി ലഭ്യമായ വൈദ്യുതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേനൽകാലത്തെ അധിക ഊർജാവശ്യം മുന്നിൽകണ്ട് കേന്ദ്ര ഗവൺമെന്റിന്റെ pilot scheme-ll പ്രകാരം പ്രതിവർഷം 6 മാസത്തേക്ക് (January to June) 2022 മുതൽ PTC-യുമായി 270 മെഗാവാട്ടിന്റെ 3 വർഷത്തെ മധ്യകാല കരാറിലും ഏർപ്പെടുകയുണ്ടായി.

2023-24-ൽ കാലാവസ്ഥ വ്യതിയാനംമൂലമുണ്ടായ ഉഷ്ണതരംഗത്താൽ വൈദ്യുതി ഉപഭോഗം കൂടിയതിന്റെയും ചട്ടലംഘനം ഉന്നയിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ 465 MW-ന്റെ ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലവും ഉണ്ടായ വൈദ്യുതി പ്രതിസന്ധിയും കെ.എസ്.ഇ.ബി.എൽ. മികച്ച ആസൂത്രണത്തിലൂടെയാണ് തരണംചെയ്തത്.

ഇതുകൂടാതെ വർഷാവർഷം വേനൽകാലത്തെ അധിക ഊർജാവശ്യം മുന്നിൽകണ്ട് രാജ്യത്തെ വൈദ്യുതി വിപണിയിലെ സ്ഥിതി വിലയിരുത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ വിവിധ ഹ്രസ്വകാല/ബാങ്കിങ് കരാറുകളിലും ഏർപ്പെടാറുണ്ട്.

മേൽവിവരിച്ച പ്രകാരം മികച്ച ആസൂത്രണത്തിലൂടെയാണ് കെ.എസ്.ഇ.ബി.എൽ. ഇക്കഴിഞ്ഞ വർഷങ്ങളിൽ ലോഡ്ഷെഡ്ഡിങ്ങും പവർകട്ടും ഇല്ലാതെ സംസ്ഥാനത്ത് ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തിയത്.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റാനുള്ള സ്ഥാപിതശേഷി കേരളത്തിൽ നിലവിലില്ലാത്തതിനാൽ കൂടുതലായി വരുന്ന ഡിമാൻഡ് നിറവേറ്റാൻ പുറത്തുനിന്ന് വൈദ്യുതി വാങ്ങേണ്ടതുണ്ട്. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി

തടസ്സമില്ലാതെ ലഭിക്കുന്നതിനായി സെൻട്രൽ ജനറേറ്റിങ് സ്റ്റേഷനുകളിൽ നിന്നുള്ള അലോക്കേഷൻ കൂടാതെ ആവശ്യമായ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഓരോ മാസങ്ങളിലെയും കാലാവസ്ഥ വ്യതിയാനങ്ങൾ പരിഗണിച്ചുകൊണ്ട് ഹ്രസ്വകാല കരാറുകളിലൂടെയും ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രതിദിനമുണ്ടാകുന്ന വൈദ്യുതി ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വാങ്ങിയാണ് പൂർത്തിയാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കാലവർഷം സജീവമായ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട വൈദ്യുതി ആവശ്യകതയിലെ കുറവും ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള അധിക ഉൽപാദനവുംമൂലം വൈദ്യുതി ലഭ്യതയിലുണ്ടായ വർധനവുകാരണം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായ പഞ്ചാബ്, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുമായി സ്വാപ്പിങ് കരാറുകളിലേർപ്പെട്ട് വേനൽക്കാലത്ത് സംസ്ഥാനത്തിന് തിരിച്ചുലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. സോളാർ പവർ ജനറേഷൻ വർധിച്ചത് പകൽ സമയത്തെ ഡിമാൻഡ് ഒരു പരിധിവരെ നിറവേറ്റാൻ സഹായിച്ചിട്ടുണ്ട്.

റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം

261(709) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ (നവീകരിച്ച വിതരണ മേഖല) പദ്ധതിയിലേക്ക് വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പറപ്പൂർ, ഇലക്ട്രിക്കൽ സെക്ഷന്റെയും മെഡിക്കൽ കോളേജ് സെക്ഷന്റെയും പരിധിയിൽ മാത്രമാണ് ആർ.ഡി.എസ്.എസ്. പദ്ധതിയുള്ളത്. പറപ്പൂർ സെക്ഷന്റെ കീഴിൽ എൽ.ടി.-എ.ബി.സി., റികണ്ടക്ടറിങ് 7 കി.മീ. പ്രവൃത്തികൾക്ക് ടെൻഡറിങ് പൂർത്തിയാക്കി അനുബന്ധ പ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി 13 ശതമാനമാണ്. മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 28 എണ്ണം ആർ.എം.യു. സ്ഥാപിക്കുന്ന പ്രവൃത്തി ടെൻഡർ ചെയ്ത് എഗ്രിമെന്റ് നടപടികൾ ചെയ്തുകഴിഞ്ഞു. ടി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പദ്ധതിയിലുൾപ്പെടുത്തിയ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ലൈൻ റികണ്ടക്ടറിങ് ചെയ്യുന്ന പ്രവൃത്തി എന്നിവ ഏതൊക്കെ സെക്ഷനുകളുടെ പരിധിയിൽ ഏതൊക്കെ പ്രദേശത്താണ് അനുവദിച്ചിരിക്കുന്നതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിൽ RDSS പദ്ധതിയിൽ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത മണ്ഡലത്തിൽ

പറപ്പൂർ സെക്ഷന്റെ കീഴിൽ എൽ.ടി.-എ.ബി.സി., റികണ്ടക്ടറിങ് 7 കി.മീ. പ്രവൃത്തികൾക്ക് ടെൻഡറിങ് പൂർത്തിയാക്കി പ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി 13 ശതമാനമാണ്.

അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

262(710) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പുസർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ നടപ്പാക്കിയ പദ്ധതികൾ അവയുടെ അടങ്കൽ തുക, ഇപ്പോഴത്തെ സ്ഥിതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

അരുവിക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെലവഴിച്ച തുക 1,95,230/- രൂപ. കൂടാതെ ടി നിയോജകമണ്ഡലത്തിൽ സൗരഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,35,000/- രൂപ ചെലവിൽ 3 kW സ്ഥാപിതശേഷിയിൽ ഒരു പുരപ്പുറ സൗരോർജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണമേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത

പദ്ധതിയായ Revamped Distribution Sector Scheme (RDSS), പി.പി.എസ്. പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പ് സർക്കാർ അധികാരമേറ്റതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ കാട്ടാക്കട സർക്കിളിനുകീഴിൽ വിവിധ സെഷനുകളിലായി വർക്കുകൾ നടന്നുവരുന്നു.

മേല്പറഞ്ഞ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്കായി അനുവദിച്ച തുക നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അരുവിക്കര നിയമസഭാമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസരണമേഖലയിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

1. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ വിപുലീകരണം - ആകെ ചെലവ് തുക - 34.5 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

2. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിൽ 10MVA ട്രാൻസ്ഫോർമർ 12.5 MVA ആയി ഉയർത്തൽ - ആകെ ചെലവ് തുക- 158 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

3. അരുവിക്കരയിലെ 110 kV സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമർ നമ്പർ 2-ന്റെ പഴയ C&R പാനലുകൾ മാറ്റിസ്ഥാപിക്കൽ - ആകെ ചെലവ് തുക - 15 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. അരുവിക്കരയിലെ 110kV സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമർ നമ്പർ 1-ന്റെ പഴയ C&R പാനലുകൾ മാറ്റിസ്ഥാപിക്കൽ - ആകെ ചെലവ് തുക - 18 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

5. അരുവിക്കര 110 kV സബ്സ്റ്റേഷനിൽ നിലവിലുള്ള പഴയ 11 kV പാനലുകൾ മാറ്റി പുതിയ 10 പാനൽ സെറ്റ് സ്ഥാപിച്ചു - ആകെ ചെലവ് തുക - 81 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

6. വിതുരയിലെ 33kV സബ്സ്റ്റേഷനിൽ പഴയ 11kV പാനലുകൾ മാറ്റി പുതിയ 10 പാനൽ സെറ്റ് സ്ഥാപിക്കൽ - ആകെ ചെലവ് തുക - 72 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

7. നെടുമങ്ങാട് സബ്സ്റ്റേഷനിൽനിന്നും വിതുര, ചുള്ളിമാനൂർ ആര്യനാട് എന്നീ സബ്സ്റ്റേഷനിലേക്കുള്ള 33 ലൈനുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി കവേർഡ് ലൈനുകൾ ആക്കിമാറ്റി - ആകെ ചെലവ് തുക – 503.36 ലക്ഷം രൂപ – പണി പൂർത്തീകരിച്ചു.

8. ഇതുകൂടാതെ അരുവിക്കര, ആര്യനാട്, വിതുര എന്നീ സബ്സ്റ്റേഷനുകളിൽ 29.97 ലക്ഷം രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കി.

<u>അനെർട്ട്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- സൗരതേജസ് പദ്ധതി (വീടുകളിൽ സബ്സിഡിയോട് കൂടി സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) വഴി 2 വീടുകളിൽ 6 കിലോവാട്ട് ആകെ സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിനായി സബ്സിഡി ഇനത്തിൽ 96,675/- രൂപ ചെലവഴിച്ചു. കൂടാതെ ഹരിത വരുമാന പദ്ധതിയുടെ (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി, അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്നതുവഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) ഭാഗമായി സംസ്ഥാന സർക്കാർ വിഹിതത്തിൽ 95,725/- രൂപ ചെലവഴിച്ചു.

അരുവിക്കര നിയോജകമണ്ഡലത്തിന്റെ കീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 59 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ (3 എണ്ണം) സ്ഥാപിച്ചു. ഇതിനായി ആകെ 23,74,672/- രൂപ ചെലവഴിച്ചു.

ക്രമ. നം.	പദ്ധതിയുടെ പേര്	ചെലവാക്കിയ തുക	ഇനം
1	വിതുര യു.പി. സ്കൂളിൽ സ്ഥാപിച്ച 20 kW ഗ്രിഡ്	Rs. 8,60,000/-	ഓൺ ഗ്രിഡ്

	ബന്ധിത സൗരോർജ പവർ പ്ലാന്റ്		
2	ആട്ടുകൽ ഗവ.യു.പി. സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 1,74,672/-	ഓൺ ഗ്രിഡ്
3	അരുവിക്കര വാട്ടർ അതോറിറ്റിയിൽ സ്ഥാപിച്ച 36 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 13,40,000/-	ഓൺ ഗ്രിഡ്

മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

263(711) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിൽ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും ഭൂവുടമകൾക്ക് കൈമാറിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തിയായാൽ ഉടൻതന്നെ ടെൻഡർ നടപടികൾ

ആരംഭിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുനലൂർ മണ്ഡലത്തിലെ വൈദ്യുതി വകുഷ് പദ്ധതികൾ

264(712) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ ഊർജ വകുപ്പിന്റെ കീഴിൽവരുന്ന കെ.എസ്.ഇ.ബി.എൽ, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ ഏജൻസികൾ വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ (വിതരണവിഭാഗം)

വിതരണവിഭാഗം ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme (RDSS)), പി.പി.എസ്. (PPS), എം.പി. ലാഡ് (MP LAD) എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാർ

അധികാരമേറ്റതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ പുനലൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ വിവിധ സെക്ഷനുകളിലായി നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.എസ്.ഇ.ബി.എൽ. (പ്രസരണവിഭാഗം)

1. 66 കെ.വി. തെന്മല സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 6.3 എം.വി.എ.-യിൽനിന്ന് 10 എം.വി.എ. ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി - തുക – 11.5 ലക്ഷം രൂപ, ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ്.

2. ദക്ഷിണ റെയിൽവേയുടെ പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് 110 കെ.വി. പവർ സപ്ലൈ പുനലൂർ സബ്സ്റ്റേഷനിൽനിന്നും ഭൂഗർഭ കേബിൾ വഴി എത്തിക്കുന്ന പ്രവൃത്തി. തുക – 28.75 കോടി രൂപ ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ് (Work deposit).

3. 220 കെ.വി. ഇടമൺ സബ്സ്റ്റേഷനെ 400 കെ.വി. GIS സബ്സ്റ്റേഷനായി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. അനുവദിച്ച തുക - 408 കോടി രൂപ, ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ് (ട്രാൻസ്ഗ്രിഡ്).

4. 110 കെ.വി. പുനലൂർ സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 25 എം.വി.എ.-ൽ നിന്നും 40 എം.വി.എ. ആയി ഉയർത്തുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക – 5.6 കോടി രൂപ, ഏജൻസി- കെ.എസ്.ഇ.ബി.ലിമിറ്റഡ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. 220 കെ.വി. ഇടമൺ സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 200 എം.വി.എ.-യിൽ നിന്നും 400 എം.വി.എ. ആയി ഉയർത്തുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക- 17.2 കോടിരൂപ, ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ്.

6. ഇടമൺ-അമ്പലപ്പുറം-കുണ്ടറ 110 കെ.വി. സിംഗിൾ സർക്യൂട്ടിൽനിന്നും ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക - 35 കോടി രൂപ, ഏജൻസി – കെ.എസ്.ഇ.ബി. ലിമിറ്റഡ്.

കൂടാതെ പുനലൂർ നിയോജകമണ്ഡലത്തിൽ സൗരഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 97,65,000/- രൂപ ചെലവിൽ 217 kW സ്ഥാപിതശേഷിയിൽ 10 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13,50,000/- രൂപ ചെലവിൽ 30 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും കമ്മിഷൻ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പുനലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

സൗരഫേസ് 1 പദ്ധതിയുടെ നിർവഹണ ഏജൻസി ടാറ്റ പവർ സോളാർ ലിമിറ്റഡ് ആണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അനെർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:-

Sl. No.	Institution	Project Name	(Capacity/No.)
1	Yeroor Service Co-Operative Bank	ON Grid Solar Power plant	9 kW
2	Tribal Extension Office Kulathupuzha	Supply of Soura Suvidha Kit at Muthalathodu SC Nagar	18 Nos
3	GUPS Piravanthoor	ON Grid SPV Power plant	3 kW

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കൊല്ലം ജില്ലയിൽ തിരഞ്ഞെടുത്ത തെന്മല, കരവാളൂർ പഞ്ചായത്തുകളിലെ 51 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷൻ അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കുവാനും കാർബൺ ലഘൂകരണത്തിനും സഹായകരമാകും. 51 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 4,79,043/-രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓരോ പ്രവൃത്തികളുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. (വിതരണവിഭാഗം)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.എസ്.ഇ.ബി.എൽ. (പ്രസരണ വിഭാഗം)

1. 66 കെ.വി. തെന്മല സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 6.3 എം.വി.എ.-യിൽനിന്ന് 10 എം.വി.എ. ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി- തുക – 11.5 ലക്ഷം രൂപ, ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ്.

2. ദക്ഷിണ റെയിൽവേയുടെ പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് 110 കെ.വി. പവർ സപ്ലൈ പുനലൂർ സബ്സ്റ്റേഷനിൽനിന്നും ഭൂഗർഭ കേബിൾ വഴി എത്തിക്കുന്ന പ്രവൃത്തി. തുക – 28.75 കോടി രൂപ ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ് (Work deposit).

3. 220 കെ.വി. ഇടമൺ സബ്സ്റ്റേഷനെ 400 കെ.വി. GIS സബ്സ്റ്റേഷൻ ആയി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. അനുവദിച്ച തുക - 408 കോടി രൂപ, ഏജൻസി - കെ.എസ്.ഇ.ബി. ലിമിറ്റഡ് (ട്രാൻസ്ഗ്രിഡ്).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. 110 കെ.വി. പുനലൂർ സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 25 എം.വി.എ.-ൽനിന്നും 40 എം.വി.എ. ആയി ഉയർത്തുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക – 5.6 കോടി രൂപ, ഏജൻസി- കെ.എസ്.ഇ.ബി. ലിമിറ്റഡ്.

5. 220 കെ.വി. ഇടമൺ സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി 200 എം.വി.എ.-യിൽനിന്നും 400 എം.വി.എ. ആയി ഉയർത്തുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക - 17.2 കോടി രൂപ, ഏജൻസി -കെ.എസ്.ഇ.ബി. ലിമിറ്റഡ്.

6. ഇടമൺ-അമ്പലപ്പുറം-കുണ്ടറ 110 കെ.വി. സിംഗിൾ സർക്യൂട്ടിൽ നിന്നും ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്ന പ്രവൃത്തി അനുവദിച്ചു. അനുവദിച്ച തുക - 35 കോടി രൂപ, ഏജൻസി – കെ.എസ്.ഇ.ബി. ലിമിറ്റഡ്.

കൂടാതെ പുനലൂർ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 97,65,000/- രൂപ ചെലവിൽ 217 kW സ്ഥാപിതശേഷിയിൽ 10 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13,50,000/- രൂപ ചെലവിൽ 30 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും കമ്മിഷൻ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പുനലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

സൗരഫേസ് 1 പദ്ധതിയുടെ നിർവഹണ ഏജൻസി ടാറ്റ പവർ സോളാർ ലിമിറ്റഡ് ആണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അനെർട്ട്

അനെർട്ട് മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കൊല്ലം ജില്ലയിൽ തിരഞ്ഞെടുത്ത തെന്മല, കരവാളൂർ പഞ്ചായത്തുകളിലെ 51 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കുവാനും കാർബൺ ലഘൂകരണത്തിനും സഹായകരമാകും. 51 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 4,79,043/-രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

265(713) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ സമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

പകൽസമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രാരംഭ പദ്ധതിയെന്ന നിലയിൽ അനെർട്ടിന്റെ ഹെഡ് ഓഫീസിൽ 100 kW/150 kWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ശേഖരിക്കാമെന്നാണ് കരുതുന്നത്;

(സി) ഇതിനാവശ്യമായി വരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ?

(ബി&സി) കേരളത്തിൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1,000 മെഗാവാട്ട് സ്റ്റോറേജ് സ്ഥാപിക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ 500 മെഗാവാട്ട് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മൈലാട്ടി 220 കെ. വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ട് അവർ, കാസർഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/60 മെഗാവാട്ട് അവർ,

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ട് അവർ, മലപ്പുറം ജില്ലയിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/120 മെഗാവാട്ട് അവർ, തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/ 160 മെഗാവാട്ട് അവർ എന്നിവയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതികൾ. ഇതുകൂടാതെ എറണാകുളം ജില്ലയിലെ ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇവയിലൂടെ പ്രതിദിനം 500 മെഗാവാട്ട്/1500 മെഗാവാട്ട് അവർ വൈദ്യുത ശേഖരണമാണ് ലക്ഷ്യമിടുന്നത്.

500 മെഗാവാട്ട്/1500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതികൾക്ക് 1,800 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ

സംസ്ഥാനത്തിനോ കെഎസ്.ഇ.ബി.എൽ.-നോ പ്രാരംഭ മുതൽമുടക്ക് വരാതെ ബി.ഒ.ഒ. മാതൃകയിലാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്.

ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ട്. 500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റേറ്റ് കമ്പോണന്റ് സ്കീമിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി കേരളത്തിന് 135 കോടി രൂപ അനുമതി ലഭിച്ചത് പ്രയോജനപ്പെടുത്തിയാണ് മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട് / 500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാസ്ഥാപനമായ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ.എച്ച്.പി.സി.-ക്ക് സി.പി.എസ്.യു. കമ്പോണന്റ് സ്കീമിൽ 1,500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽനിന്നും 500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കാൻ NHPC സമ്മതിക്കുകയും ചെയ്തതിൻപ്രകാരം 135 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തിയാണ് മുള്ളേരിയ, ശ്രീകണ്ഠപുരം, അരീക്കോട്, പോത്തൻകോട് എന്നീ സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നത്.

കേന്ദ്ര നവപുനരുപയോഗ ഊർജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ

ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

ഈ മൂന്ന് പദ്ധതികളിലൂടെ 360 കോടി രൂപയുടെ കേന്ദ്ര സഹായം കേരളത്തിലെ വൈദ്യുത മേഖലയ്ക്ക് ലഭിക്കുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

266(714) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന ഭൗതികനേട്ടം, ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വരും വർഷങ്ങളിൽ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സൗരഫേസ് 1 പദ്ധതിയിലുൾപ്പെടുത്തി 27,00,000/- രൂപ ചെലവിൽ 58 kW സ്ഥാപിതശേഷിയിൽ 8 പുരപ്പുറ സൗരോർജനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി 2,27,60,000/- രൂപ ചെലവിൽ 400 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടി മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,39,450/- രൂപ ചെലവിൽ 5 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് മഞ്ചേശ്വരം, ഉപ്പള, വോർക്കാടി കുമ്പള, പെർള എന്നീ ഇലക്ട്രിക് സെക്ഷൻ പരിധികളിലാണ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്.

മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ വിതരണവിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- ദ്യുതി പദ്ധതി - 72.32 കോടി രൂപ
- ദ്യുതി സ്പെഷ്യൽ - 74 കോടി രൂപ
- RDSS പദ്ധതി - 3.2 കോടി രൂപ

പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന ഭൗതിക നേട്ടം മികച്ച വോൾട്ടേജിൽ തടസ്സമില്ലാത്ത വൈദ്യുതി നൽകുന്നതിനും വൈദ്യുതി ശൃംഖല ശക്തീകരിക്കുന്നതിനും കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി:

- ദ്യുതി പദ്ധതിയിൽ 9 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- ദ്യുതി സ്പെഷ്യൽ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായി.

- RDSS പദ്ധതിയുടെ 75 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചു.

വരുംവർഷങ്ങളിൽ 63.32 കോടി രൂപയുടെ പ്രവൃത്തി ദൃതി പദ്ധതിയിലും 74 കോടി രൂപയുടെ പ്രവൃത്തി ദൃതി സ്പെഷ്യൽ പദ്ധതിയിലും RDSS പദ്ധതിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളും നടപ്പാക്കാനുദ്ദേശിക്കുന്നു.

ആകെ പദ്ധതികളും പൂർത്തിയായ പദ്ധതികളും പൂർത്തീകരിക്കാനുള്ള പദ്ധതികളും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണ വിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് മഞ്ചേശ്വരം (PM കുസുമം 400 കിലോവാട്ട്). അനുവദിച്ച തുക 227.6 ലക്ഷം രൂപ. പ്രതിദിനം 1400-1600 യൂണിറ്റ് വരെ വൈദ്യുതി ഉൽപാദനം നടക്കുന്നു. 16-02-2024-ന് കമ്മിഷൻ ചെയ്തു. കാർഷിക മേഖലയ്ക്ക് ഉപകാരപ്പെടാവുന്ന രീതിയിൽ പി.എം. കുസും പദ്ധതിയിൽ സൗരോർജ പ്ലാന്റ് സ്ഥാപിക്കുക വഴി ടി പ്രദേശത്ത് സ്ഥിരതയുള്ള വോൾട്ടേജിൽ വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചു. വ്യവസായിക ആവശ്യങ്ങൾക്കും സഹായകമായി.

2. മഞ്ചേശ്വരം 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. അനുവദിച്ച തുക 245 ലക്ഷം.

+ നിയമസഭയുടെ ഓദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സ്റ്റേഷന്റെ ശേഷി 22.5 എം.വി.എ.- യിൽനിന്നും 35 എം.വി.എ. ആയി ഉയർത്തി. ടി പ്രദേശത്ത് 25000-ഓളം വരുന്ന ഉപഭോക്താക്കൾക്ക് വോൾട്ടേജ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. ഉപഭോക്താക്കൾക്ക് സ്ഥിരതയും ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി നൽകാനും വിതരണ നഷ്ടം കുറയ്ക്കാനും സാധിച്ചു. ഭാവിയിലേക്കുള്ള വൈദ്യുതി ആവശ്യകതയും നിറവേറ്റാൻ കഴിയും.

3. 110 കെ.വി. സബ്സ്റ്റേഷൻ അനന്തപുരം (വർക്ക് ഡെപ്പോസിറ്റ് സ്കീം), സാങ്കേതിക പഠനം പൂർത്തിയായി. ഡി.പി.ആർ. അംഗീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

4. നിലവിലുള്ള അനന്തപുരം 33 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 33/11 കെ.വി. 8 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി - സാങ്കേതിക പഠനം പൂർത്തിയായി.

5. വൊർക്കാടിയിൽ പുതുതായി ഒരു 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം - സാങ്കേതിക പഠനം പൂർത്തിയായി.

<u>അനെർട്ട്</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന 3 സ്ഥാപനങ്ങളിലായി ആകെ 35 കിലോ വാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് - RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിന്റെ കീഴിൽ വോർക്കാടി, മഞ്ചേശ്വരം, പുത്തിഗെ, മീഞ്ച, എൻമകജെ കൃഷിഭവനുകളിൽ 718 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 342 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 218 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) കാസർഗോഡ് ജില്ലയിലെ 986 പമ്പുകൾ സൗരോർജവൽക്കരിക്കുന്നതിനുവേണ്ടി 24.2 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുമ്പോൾ കർഷകർക്ക് ഹരിത ഊർജ ഉൽപാദകരാകുവാൻ സാധിക്കുന്നു.

വരുംവർഷങ്ങളിലും കാർഷിക പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്ത പുത്തിഗെ പഞ്ചായത്തിലെ 23 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 23 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 2,16,039- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

ഹൈഡൽ ടൂറിസം സെന്റർ

267(715) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അണക്കെട്ടുകളുമായും ജലാശയങ്ങളുമായും ബന്ധപ്പെട്ട പ്രദേശങ്ങൾ വിനോദസഞ്ചാര യോഗ്യമാക്കുന്നതിന് രൂപീകരിച്ച കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്.

നിരവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഹൈഡൽ ടൂറിസം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇടുക്കി ജില്ലയിൽ മൂന്നാർ ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടി സൺ മൂൺ വാലി ബോട്ടിങ് സെന്റർ, എക്കോപോയിന്റ് പെഡൽ ബോട്ടിങ് സെന്റർ, മാട്ടുപ്പെട്ടി ഡാം സൈഡ് പെഡൽ ബോട്ടിങ് സെന്റർ, കുണ്ടള ട്രൗട്ട് ലഗൂൺ പെഡൽ ആൻഡ് റോ ബോട്ടിങ് സെന്റർ, ശെങ്കുളം ഡ്യൂ വാലി ബോട്ടിങ് സെന്റർ, ആനയിറങ്കൽ ബോട്ടിങ് സെന്റർ (നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോട്ടിങ് നിർത്തിവച്ചിരിക്കുന്നു), നാടുകാണി വ്യൂപോയിന്റ്, ഇടുക്കി ചെറുതോണി ഡാം സന്ദർശനം, വയനാട് ജില്ലയിൽ ബാണാസുരസാഗർ ബോട്ടിങ്ങും മറ്റ് അനുബന്ധ ടൂറിസം പ്രവർത്തനങ്ങളും കോഴിക്കോട് ജില്ലയിൽ കക്കയം ഡാമിൽ ബോട്ടിങ്ങും മറ്റ് അനുബന്ധ ടൂറിസം പ്രവർത്തനങ്ങളും മലപ്പുറം ജില്ലയിൽ ആഢ്യൻപാറ ടൂറിസം സെന്ററിൽ ചിൽഡ്രൻസ് പാർക്കും കെ.എസ്.ഇ.ബി. പവർഹൗസ് സന്ദർശനവും എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. 2024-25 സാമ്പത്തിക വർഷത്തിൽ ഹൈഡൽ ടൂറിസം സെന്ററുകളിൽ 23,88,870 പേർ സന്ദർശിക്കുകയും വരുമാനമായി 23,48,91,000/-രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ഹൈഡൽ ടൂറിസം സെന്ററിന് വിനോദസഞ്ചാര ഭൂപടത്തിൽ സുപ്രധാന സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമായ മൂന്നാറിൽ ഹൈഡൽ ഏഴ് സെന്ററുകളിൽ വിനോദസഞ്ചാരികൾക്ക് ഉല്ലസിക്കുന്നതിനാവശ്യമായ സ്പീഡ് ബോട്ടിങ്, പെഡൽ ബോട്ടിങ്, കാശ്മീരി ശിക്കാര, റോബോട്ടിങ്, പെഡൽ ബോട്ടിങ് കഫറ്റേരിയ, പൂന്തോട്ടങ്ങൾ, കോട്ടേജുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ബിയർ ആൻഡ് വൈൻ പാർലർ, ടോയ്ലെറ്റുകൾ, സ്നാക്സ് ബാർ, മിൽമ പാർലർ എന്നിവയും വയനാട് ജില്ലയിലെ ബാണാസുരസാഗർ ഡാമിൽ സ്പീഡ് ബോട്ടിങ്, കയാക്കിങ്, സിപ്ലൈൻ, മിൽമ കൗണ്ടർ, അമ്യൂസ്മെന്റ് പാർക്ക്, കഫറ്റേരിയ, ടോയ്ലറ്റ്, പൂന്തോട്ടങ്ങൾ, സ്പ്ലക്സ് പാർക്ക് തുടങ്ങിയവയും കോഴിക്കോട് ജില്ലയിലെ കക്കയം ഡാമിൽ സ്പീഡ് ബോട്ടിങ്, സ്നാക്സ് ബാർ, പൂന്തോട്ടങ്ങൾ, ചിൽഡ്രൻസ് പാർക്ക്, ടോയ്ലെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ അണക്കെട്ടുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ടൂറിസം പദ്ധതികൾ സഞ്ചാരികൾക്ക് വേറിട്ടൊരു അനുഭവമായതിനാൽ ഹൈഡൽ ടൂറിസത്തിന് വിനോദസഞ്ചാര മേഖലയിൽ സുപ്രധാന സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഹൈഡൽ ടൂറിസത്തെ നവീകരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഹൈഡൽ ടൂറിസം സെന്ററുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മൂന്നാറിലുള്ള ഹൈഡൽ പാർക്കിലെ പ്രവേശന കവാടത്തിൽ ആർച്ച്, പാർക്കിങ് ഗ്രൗണ്ട്, അത്യാധുനിക ടോയ്‌ലെറ്റ് ബ്ലോക്ക്, മ്യൂസിക്കൽ ഫൗണ്ടൻ, മനോഹരമായ പൂന്തോട്ടം, മാട്ടുപ്പെട്ടിയിൽ പാർക്കിങ് ഗ്രൗണ്ട്, ബഗ്ഗി കാർ റോഡ്, അത്യാധുനിക ടോയ്‌ലെറ്റ് ബ്ലോക്ക്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) എന്നിവ നടപ്പാക്കുന്നതിനായി കരാർ ആയിട്ടുണ്ട്.

(ഡി) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര മേഖലകളുടെ ഭാവി വികസനത്തിനായി ഏതെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഇടുക്കി ഡാമിന്റെ പ്രതലത്തിൽ ലേസർ ഷോ പദ്ധതി, കുളമാവിന് സമീപം വടക്കേപുഴയിൽ കുട്ടവഞ്ചി, കയാക്കിങ്, മനോഹരമായ പൂന്തോട്ടം, ചിൽഡ്രൻസ് പാർക്ക് എന്നിവയും തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ CIAL KWIL എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ ചിലക്കൂർ ടണലിൽ 20 പേർക്ക് സഞ്ചരിക്കാവുന്ന ഇലക്ട്രിക് ബോട്ടിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ പദ്ധതിയും കഠിനംകുളം കായലിൽ 24 പേർക്ക് സഞ്ചരിക്കാവുന്ന സോളാർ ബോട്ടിങ് പദ്ധതിയും ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിലെ വൈദ്യുതവകുപ്പ് പദ്ധതികൾ

268(716) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിൽ പൂർത്തിയായ പ്രവൃത്തികൾ, പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്നും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

മങ്കട നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,17,18,874/- രൂപ ചെലവിൽ 278 kW സ്ഥാപിതശേഷിയിൽ 21 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ പ്രസരണമേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

പൂർത്തിയായ പ്രവൃത്തികൾ:

1. 66kV സബ്സ്റ്റേഷൻ, മങ്കട - സബ്സ്റ്റേഷന്റെയും അനുബന്ധ 110kV മലപ്പുറം - മങ്കട ലൈനിന്റെയും നിർമ്മാണം
2. 66kV സബ്സ്റ്റേഷൻ, മങ്കട – 110 kV ആയി അപ്ഗ്രേഡ് ചെയ്യൽ
3. 66kV വലമ്പൂർ - ഏലച്ചോല DC ലൈൻ - 110kV ആയി അപ്ഗ്രേഡ് ചെയ്യൽ 110kV സബ്സ്റ്റേഷൻ, മങ്കട - ശേഷി വർധിപ്പിക്കൽ-നിലവിലുള്ള 110/11kV, 10 MVA ട്രാൻസ്ഫോർമറിന് പുറമെ 12.5 MVA കൂടി സ്ഥാപിക്കൽ.

<u>മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗം മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ</u>

1. മങ്കട നിയോജകമണ്ഡലത്തിൽ വിവിധ സെക്ഷൻ ഓഫീസുകളിലായി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്:

i) 11 കെ. വി. ലൈൻ നിർമ്മാണം - 137 കി. മി.

ii) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് - 228 എണ്ണം

iii) സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്കുള്ള പരിവർത്തനം - 226 കി. മീ.

iv) എൽ ടി ലൈൻ നിർമ്മാണം - 32 കി. മി.

2. പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ:

i) ദ്യുതി 2025-26 പദ്ധതിക്കുകീഴിൽ 13.54 കോടിയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

ii) ആർ.ഡി.എസ്.എസ് പദ്ധതിക്കുകീഴിൽ 23.30 കോടിയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

3. ആരംഭിക്കാനായി പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ:

i) ദ്യുതി 2026-27 പദ്ധതിക്ക് കീഴിൽ 38.18 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.

ii) മലപ്പുറം പാക്കേജ് പദ്ധതിക്കുകീഴിൽ 10.07 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.

അനെർട്ട്

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ മങ്കട നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ 10 കിലോ വാട്ട് ശേഷിയുള്ള സൗരോർജ നിലയം സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

Sl. No.	Name of Site	Capacity in kW	Date of Completion	status	Location
1	Puzhakattiri Gramapanchayat	10kw	23-05-2024	Completed	Puzhakattiri

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, പുഴക്കാട്ടിരി, മൂർക്കനാട്, മങ്കട കൃഷിഭവൻ പരിധിയിൽ 121 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക്

ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 90 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 55 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി വകുപ്പ് നടപ്പാക്കേണ്ട മറ്റ് പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

1. 110kV സബ്സ്റ്റേഷൻ, മങ്കടയുടെ ശേഷി 22.5 MVA-യിൽ (1x10 MVA + 1x12.5 MVA) നിന്നും 25 MVA (2x12.5MVA) ആയി വർധിപ്പിക്കുന്ന പ്രവൃത്തി
2. മലപ്പുറം പാക്കേജ് പദ്ധതിക്കുകീഴിൽ 10.07 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.

(സി) മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കുമോ; ഈ ആവശ്യം പരിഗണിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.

പാറശ്ശാല നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

269(717) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങളും പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ സൗരഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 62,10,000/- രൂപയ്ക്ക് പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം.	പദ്ധതി	ചെലവഴിച്ച തുക
1	110/11 കെ.വി. 12.5 MVA ട്രാൻസ്ഫോർമർ പാറശ്ശാല സബ്സ്റ്റേഷനിൽ കൂട്ടിച്ചേർത്ത പ്രവൃത്തി.	333 ലക്ഷം
2	RDSS പദ്ധതിയുടെ കീഴിൽ 110 kV സബ്സ്റ്റേഷൻ, പാറശ്ശാലയിൽ നിന്ന് 33kV സബ്സ്റ്റേഷൻ, വെള്ളറട വരെ 120 sqmm AAAC XLPE	337 ലക്ഷം

	കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 33 kV OH ലൈൻ റീകണ്ടക്ടറിങ്.	

ഈ സർക്കാർ അധികാരമേറ്റശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പുമുഖേന വിതരണ മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

പൂർത്തിയാക്കിയ പ്രവൃത്തികൾ

ക്രമ നം.	**പദ്ധതിയുടെ പേര്**	**പ്രവൃത്തികളുടെ എണ്ണം**	**തുക (കോടിയിൽ)**	**പ്രവൃത്തികളുടെ വിശദാംശങ്ങൾ**
1	ദ്യുതി 2.0	242	11.35	1.എച്ച്.റ്റി. ലൈൻ നിർമ്മാണം- 9km 2.എൽ.റ്റി. ലൈൻ നിർമ്മാണം -11.47km 3. എൽ. ടി. റീകണ്ടക്ടറിങ് -32 km 4. എച്ച് ടി റീകണ്ടക്ടറിങ് -15 km 5.ട്രാൻസ്ഫോർമർ സ്ഥാപിക്കൽ- 14 എണ്ണം 6. ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ -11 എണ്ണം
2	പി.പി.എസ് (പഞ്ചായത്ത് പണമടയ്ക്കുന്ന പ്രവൃത്തികൾ)	199	2.08	സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവൃത്തി

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- അനെർട്ടിന്റെ സൗരതേജസ് പദ്ധതി (വീടുകളിൽ സബ്സിഡിയോട് കൂടി സൗരോർജനിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) വഴി 2 വീടുകളിലായി 8 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജനിലയങ്ങൾ സ്ഥാപിച്ചു. ഹരിത വരുമാന പദ്ധതി (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചുനൽകി അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്നതുവഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) മുഖേന 20 വീടുകളിലായി 52 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. ഇതിനായി സംസ്ഥാന സർക്കാർ വിഹിതമായി 23,63,204/- രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 10,02,784/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

- അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിന്റെ കീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 34 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജനിലയങ്ങൾ (6

എണ്ണം) സൗരതെരുവ് വിളക്ക് (2 എണ്ണം) എന്നിവ സ്ഥാപിച്ചു. ഇതിനായി ആകെ 28,14,329/- രൂപ ചെലവഴിച്ചു.

പാഠശാല നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത കൊല്ലയിൽ, പെരുങ്കടവിള പഞ്ചായത്തുകളിലെ 53 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 53 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 4,97,829/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതി, ദ്യുതി പദ്ധതി, എന്നിവയിൽ ഉൾപ്പെടുത്തി നടത്തിയ സബ്സ്റ്റേഷൻ നവീകരണം, ലൈൻ മാറ്റം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയുടെ വിശദാംശം നൽകാമോ?

കെ.എസ്.ഇ.ബി.എൽ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസരണ മേഖലയിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികൾ ഒന്നും ഇല്ല.

വിതരണമേഖലയിൽ ദ്യുതി പദ്ധതിയിലുൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ ഇക്കാലയളവിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും ബി.പി.എൽ. വിഭാഗങ്ങൾക്കുമായി എത്ര കണക്ഷനുകൾ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

പ്രസ്തുത മണ്ഡലത്തിൽ ഇക്കാലയളവിൽ സൗജന്യ വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്.

1) ബി.പി.എൽ. -154

2) എസ്.സി./എസ്.റ്റി. – ഇല്ല

(ഡി) നിലവിൽ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ വൈദ്യുതീകരണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ.

ഒറ്റശേഖരമംഗലത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതരണമേഖലയിൽ നിലവിൽ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ വൈദ്യുതീകരണ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ.

26 കോടി രൂപയുടെ DPR അംഗീകാരം ലഭിച്ചതായും ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും സ്ഥലം കണ്ടെത്തിയതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ഓളിക്കൽ, പൂവാറൻതോട് വൈദ്യുത പദ്ധതികൾ

270(718) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ പ്രവൃത്തി പുരോഗമിക്കുന്ന ഓളിക്കൽ, പൂവാറൻതോട് ജലവൈദ്യുത പദ്ധതികളുടെ വിശദാംശവും പദ്ധതി അടങ്കലും വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവമ്പാടി മണ്ഡലത്തിൽ 5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രതിവർഷം 10.26 ദശലക്ഷം യൂണിറ്റ് ഉൽപാദനം പ്രതീക്ഷിക്കുന്ന ഓളിക്കൽ, ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ നിർമ്മാണപ്രവൃത്തികൾ 60.50 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സിവിൽ പ്രവൃത്തികളുടെ അടങ്കൽ തുക 20.98 കോടി രൂപയും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ അടങ്കൽ തുക 17.79 കോടി രൂപയുമാണ്. 2026 സെപ്റ്റംബർ മാസത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തിരുവമ്പാടി മണ്ഡലത്തിൽ 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രതിവർഷം 5.88 ദശലക്ഷം യൂണിറ്റ് ഉൽപാദനം പ്രതീക്ഷിക്കുന്ന പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ 63 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സിവിൽ പ്രവൃത്തികളുടെ അടങ്കൽ തുക 21.59 കോടി രൂപയും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ അടങ്കൽ തുക 15.85 കോടി രൂപയുമാണ്. 2026 മെയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മലപ്പുറം പാക്കേജ്

271(719) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണമേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം പാക്കേജിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമായി വകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭാ കാലയളവിൽ മലപ്പുറം ജില്ലയിലെ നിയമസഭാ സാമാജികരെയുൾപ്പെടുത്തി നടത്തിയ അവലോകന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

(എ-സി) 2024-25 വർഷത്തെ വർക്കുകൾ മലപ്പുറത്തെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലായി വിവിധ പാക്കേജുകൾ രൂപീകരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2025-26, 2026-27 തുടങ്ങിയ വർഷങ്ങളിലെ പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സാധനസാമഗ്രികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 20-12-2025-ലെ ബോർഡ് ഉത്തരവുപ്രകാരം ആരംഭിച്ചിട്ടുണ്ട്. യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

മലപ്പുറത്ത് അടിയന്തരമായി ചെയ്യേണ്ട ജോലികളുടെ മുൻഗണനാക്രമം തയ്യാറാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പാക്കേജ് പൂർത്തീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന തീയതി 31 മാർച്ച് 2027 ആണ്.

മലപ്പുറം പാക്കേജിൽ പ്രസരണ പദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുത തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വത പരിഹാരമെന്ന നിലയ്ക്ക് ഹ്രസ്വ-മധ്യ-ദീർഘകാല പദ്ധതികളായി ജില്ലയിലെ പ്രസരണ മേഖലയിൽ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ട് ഉപയോഗിച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. 2032-ൽ പൂർത്തിയാക്കുന്ന രീതിയിലാണ് ഈ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുള്ളത്.

വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

272(720) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പ് അനുവദിച്ചതും ആവിഷ്കരിച്ച് നടപ്പാക്കിയതും നടപ്പാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര; പൂർത്തീകരിച്ച പ്രവൃത്തികൾ എത്ര; പുരോഗമിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി Rs.46,35,000/- (നാല്പത്തി ആറ് ലക്ഷത്തി മുപ്പത്തി അയ്യായിരം) രൂപ ചെലവിൽ 103 kW സ്ഥാപിതശേഷിയിൽ 21 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണ വിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെടുന്ന ചൂലിശ്ശേരി 33kV സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിച്ചുവരുന്നു - അനുവദിച്ച തുക 453 ലക്ഷം രൂപ.

2. പുഴയ്ക്കൽ (ശോഭാസിറ്റി) 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു - അനുവദിച്ച തുക 745 ലക്ഷം രൂപ.

3. 33 കെ.വി. പൂമല സബ്സ്റ്റേഷനിൽ പുതിയതായി 33/11 കെ.വി. 5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു - അനുവദിച്ച തുക 125 ലക്ഷം രൂപ.

4. തൃശ്ശൂർ മെഡിക്കൽ കോളേജിന് സമീപം പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട് - അനുവദിച്ച തുക 740 ലക്ഷം രൂപ.

5. 110 കെ.വി. അത്താണി സബ്സ്റ്റേഷനിൽ പുതിയതായി 110/11 കെ.വി. 12.5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്.- അനുവദിച്ചതുക 150 ലക്ഷം രൂപ.

6. 33 കെ.വി. പറപ്പൂർ സബ്സ്റ്റേഷനിൽ പുതിയതായി 33/11 കെ. വി. 5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് - അനുവദിച്ച തുക 98 ലക്ഷം രൂപ.

ഈ സർക്കാരിന്റെ കാലത്ത് വിതരണവിഭാഗത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി 2.46 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി.-യുടെ മാത്രം ഫണ്ട് ഉപയോഗിച്ച് 2022-23 മുതൽ 2026-27 വരെ ദൃതി പദ്ധതിയിൽ 78.67 കോടി രൂപയുടെ (OH ലൈൻ ഭൂഗർഭ

ലൈൻ ആക്കി മാറ്റൽ, പുതിയ ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയ കമ്പികൾ മാറ്റി പുതിയത് വലിക്കൽ) ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 36.69 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 41.98 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

അനെർട്ട്

രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്- RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-യിൽ നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിലുൾപ്പെടുത്തി പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു.

പി.എം. കുസും പദ്ധതിയിൽ തൃശ്ശൂർ ജില്ലക്ക് 2572 പമ്പുകളുടെ സൗരോർജവൽക്കരണത്തിനായി 85.3 കോടി രൂപ നബാർഡ് - RIDF അനുമതി

ലഭിച്ചിട്ടുണ്ടായിരുന്നു. PM KUSUM പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ അടാട്ട്, തോളൂർ, അവണൂർ, കൈപ്പറമ്പ, വടക്കാഞ്ചേരി കൃഷിഭവനുകളിൽ 261 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 111 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 26 എണ്ണം വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ 208 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുണ്ടൂർ സെക്ഷൻ - 10 എണ്ണം
2. കേച്ചേരി സെക്ഷൻ- 46 എണ്ണം
3. മുളങ്കുന്നത്തുകാവ് സെക്ഷൻ - 13 എണ്ണം
4. വിയ്യൂർ സെക്ഷൻ - 7 എണ്ണം
5. പറപ്പൂർ സെക്ഷൻ -39 എണ്ണം
6. മുതുവറ സെക്ഷൻ - 17 എണ്ണം
7. മെഡിക്കൽ കോളേജ് സെക്ഷൻ- 15 എണ്ണം

8. വടക്കാഞ്ചേരി സെക്ഷൻ - 26 എണ്ണം

9. പുന്നം പറമ്പ് സെക്ഷൻ- 35 എണ്ണം

മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

273(721) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ്, പുതിയ ഫീഡർ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ തുക സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാക്കേജിന്റെ നിലമ്പൂർ മണ്ഡലത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ വിതരണമേഖലയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മലപ്പുറം പാക്കേജിന്റെ പുരോഗതി

274(722) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതവിതരണ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതികൾ വെളിപ്പെടുത്താമോ?

2024-2025 വർഷത്തെ വർക്കുകൾ മലപ്പുറത്തെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലായി വിവിധ പാക്കേജുകൾ രൂപീകരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2025-26, 2026-27 തുടങ്ങിയ വർഷങ്ങളിലെ പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 20-12-2025 ബോർഡ് ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

(ബി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ?

കേരളത്തിലെ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും തയ്യാറാക്കിയ ഒരു പദ്ധതിയാണ് ദ്യുതി 2.0. 24 മണിക്കൂറും തടസ്സരഹിതമായി താങ്ങാവുന്ന വിലയിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക എന്ന പ്രാഥമിക ഉദ്ദേശ്യത്തോടെ വിഭാവനംചെയ്ത പദ്ധതിയാണ് ദ്യുതി. 2016-ൽ ആരംഭിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-ൽ പൂർത്തീകരിച്ച ദ്യുതി 1.0-ന്റെ തുടർച്ചയാണ് ദ്യുതി 2.0. ഇതിന്റെ കാലാവധി 2022 -2027 ആണ്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ദ്യുതി 2.0.	
Year	**DPR Amount (Rs. in cr)**
2022-23	568.88
2023-24	584.21
2024-25	803.47
2025-26	1431.93
2026-27	1328.20
Total	**4716.69**

വ്യവസായവൽക്കരണം, ഗതാഗതം അടക്കമുള്ള മേഖലകളിലെ വൈദ്യുത ഊർജത്തിലേക്കുള്ള മാറ്റം തുടങ്ങിയവ 2021-ൽ ആസൂത്രണം ചെയ്ത ഈ പദ്ധതി കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷമുണ്ടാക്കി. പ്രധാനമായും മൂന്ന് ജില്ലകളാണ് ഇത്തരത്തിൽ കണ്ടെത്തിയത്. കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയവയാണ് ഈ ജില്ലകൾ. ഈ ജില്ലകൾക്കായി ദ്യുതി 2.0-യിൽ 1,023.04 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.

ഈ പദ്ധതി ഹ്രസ്വ-ദീർഘകാല പദ്ധതിയെന്നുള്ള നിലയിലല്ല വിഭാവനം ചെയ്തത്. 2024-25-ൽ തുടങ്ങി മൂന്ന് വർഷംകൊണ്ട് തീർക്കേണ്ട ഒരു പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ദ്യുതി 2.0 സ്പെഷ്യൽ പാക്കേജ് – മലപ്പുറം

Electrical Circle	24-25 (Amount in Crores)	25-26 (Amount in Crores)	26-27 (Amount in Crores)	Total (Amount in Crores)
Tirur	103.42	88.97	65.13	257.52
Manjeri	76.52	36.71	-	113.23
Nilambur	23.74	16.44	-	40.18
Total				**410.93**

(സി) ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവാൻ പാക്കേജിലൂടെ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

വിതരണരംഗത്ത് ജില്ല ഇന്ന് നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ തുടങ്ങിയവയ്ക്ക് ശാശ്വതമായ പരിഹാരം കാണുന്ന രീതിയിലാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. എന്നാൽ നവകേരളത്തിന്റെ ഭാഗമായി വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായവൽക്കരണം, ടൂറിസം, ട്രാൻസ്പോർട്ടേഷൻ, റോഡ് നിർമ്മാണം, ആരോഗ്യമേഖല

തുടങ്ങിയ മേഖലകളിലുണ്ടാകുന്ന ആവശ്യങ്ങൾക്കനുസൃതമായി വിതരണരംഗത്തും തുടർപ്രവർത്തനം ഉണ്ടാകേണ്ടതുണ്ട്.

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർഥ്യമാകും എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഏത് ജില്ല എടുത്താലും വിതരണരംഗത്ത് ധാരാളം നവീകരണപ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത കാണാൻ കഴിയും. എന്നാൽ ഉത്തരം ബി-യിൽ വിശദീകരിച്ചിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് മലപ്പുറം അടക്കമുള്ള ജില്ലകൾക്ക് കെ.എസ്.ഇ.ബി.എൽ. ഒരു സ്പെഷ്യൽ പാക്കേജ് രൂപീകരിക്കുകയാണുണ്ടായത്. മലപ്പുറത്ത് അടിയന്തരമായി ചെയ്യേണ്ട ജോലികളുടെ മുൻഗണനാക്രമം തയ്യാറാക്കിയാണ് ഈ പദ്ധതി വിഭാവനംചെയ്തിട്ടുള്ളത്. പാക്കേജ് പൂർത്തീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന തീയതി 31 മാർച്ച് 2027 ആണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

275(723) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ വൈദ്യുതി വകുപ്പിനുകീഴിൽ നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

വിതരണവിഭാഗത്തിലെ പൂർത്തിയാക്കിയ പ്രവൃത്തികൾ അനുബന്ധം-I+ആയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അനുബന്ധം-II+ ആയും ചേർക്കുന്നു.

പ്രസരണവിഭാഗം

1. 110 കെ.വി. പയ്യന്നൂർ സബ്സ്റ്റേഷനിൽ പുതിയ 33 കെ.വി. (CIAL) സോളാർ ഫീഡർ സ്ഥാപിച്ച് ചാർജ് ചെയ്തു - അനുവദിച്ച തുക 4,13,00,000 രൂപ

2. 110 കെ.വി. സബ്സ്റ്റേഷൻ പയ്യന്നൂരിൽ 110/33 കെ.വി. ട്രാൻസ്ഫോർമർ ശേഷി 10 MVA-യിൽനിന്നും 16 MVA ആയി ഉയർത്തി - അനുവദിച്ച തുക 3,00,00,000 രൂപ

3. 33 കെ.വി. പയ്യന്നൂർ ടൗൺ സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 6 MVA കൂടി വർധിപ്പിച്ചു - അനുവദിച്ച തുക 1,70,00,000 രൂപ

4. 110 കെ.വി. പഴയങ്ങാടി സബ്സ്റ്റേഷനിൽ PM KUSUM സ്കീമിന്റെ ഭാഗമായി 100 kWp സോളാർ പ്രോജക്ട് കമ്മിഷൻ ചെയ്തു - അനുവദിച്ച തുക 51,21,000 രൂപ

5. 33 കെ.വി. നാടുകാണി സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 6 MVA കൂടി വർധിപ്പിച്ചു - അനുവദിച്ച തുക 81,00,000 രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 17,73,000/- രൂപ ചെലവിൽ 403 kW സ്ഥാപിതശേഷിയിൽ 33 പുരപ്പുറ സൗരോർജനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

അനെർട്ട്

നടപ്പ് സർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

1. ഹരിത വരുമാന പദ്ധതി

ലൈഫ് മിഷൻ ഉപഭോക്താക്കളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലൈഫ് മിഷൻ വീടുകൾ, ടൈബൽ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി സൗരോർജ നിലയം സ്ഥാപിച്ചുവരുന്ന പദ്ധതിയാണിത്. പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 20 ലൈഫ് മിഷൻ വീടുകളിൽ 2 കിലോവാട്ട് സൗരോർജ നിലയം സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2. ഡെപ്പോസിറ്റ് പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയായി ചെയ്തുവരുന്നു. 2021 സാമ്പത്തികവർഷം മുതൽ ആകെ 58 KW ഓൺ ഗ്രിഡ് സൗരോർജ നിലയവും 12 KW ഹൈബ്രിഡ് സൗരോർജ നിലയവും 35 വാട്ടിന്റെ 2 സോളാർ സ്ട്രീറ്റ് ലൈറ്റുകളും പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

3. SSK SOLAR PROJECT

അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിപ്രകാരം SSK-യുടെ ഫണ്ട് ഉപയോഗിച്ച് ഫേസ്-1 പ്രോജക്ട് - ജി.യു.പി.എസ്. വയക്കര സ്കൂളിൽ 5 കിലോവാട്ട് ഓൺ-ഗ്രിഡ് സൗരോർജ നിലയവും ഫേസ്-2 പ്രോജക്ട്- ജി.യു.പി.എസ്. പെരുമ്പ സ്കൂൾ, ജി.എം.യു.പി.എസ്. കവ്വായി സ്കൂൾ എന്നിവിടങ്ങളിൽ 3 കിലോവാട്ട് ഓൺ-ഗ്രിഡ് സൗരോർജ നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

4. MNRE SOLAR PROJECT

MNRE സോളാർ പ്രോജക്ടിന്റെ ഭാഗമായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും കരിവെള്ളൂർ സി.എച്ച്.സി.-യിലും ഓഫ് ഗ്രിഡ് സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി

276(724) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ച് എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉദുമ നിയോജകമണ്ഡലത്തിലെ 110 kV കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ച് 2026 മാർച്ച്/ഏപ്രിൽ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിലെ മൈലാടി-വിദ്യാനഗർ മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ പ്രവൃത്തിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ; പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി 10-06-2019-ൽ ആരംഭിച്ചു. നിലവിൽ 63 ശതമാനം ടവർ ഫൗണ്ടേഷനും 29 ശതമാനം ടവർ സ്ഥാപിക്കലും 27 ശതമാനം ലൈൻ നിർമ്മാണവുമുൾപ്പെടെ ആകെ 30 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ടി പ്രവൃത്തി ചെയ്തിരുന്ന കരാറുകാരൻ 13-09-2025-ന് പദ്ധതി ഷോർട്ട്ക്ലോസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന പ്രവൃത്തികൾ

അടിയന്തരമായി പൂർത്തിയാക്കുന്നതിന് turnkey വ്യവസ്ഥയിൽ 13-01-2026-ന് പുതിയ കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജോലികൾ പുരോഗമിക്കുന്നു.

പ്രസ്തുത പ്രവൃത്തി 6 മാസംകൊണ്ട് (12-07-2026) പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

277(725) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 13,37,600/- രൂപ ചെലവിൽ 30.4 kW സ്ഥാപിതശേഷിയിൽ 5 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി

56,90,000/- രൂപ ചെലവിൽ 100 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണവിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. 110 കെ.വി. മാങ്ങാട് സബ്സ്റ്റേഷനിലെ ഒരു ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിച്ച് 12.5 MVA ആക്കി.

2. രണ്ട് 11 kV ഔട്ട്ഗോയിങ് ഫീഡറുകൾ കമ്മിഷൻ ചെയ്തു.

ഈ capacity enhancement പ്രവൃത്തികൾക്ക് Rs.255 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ടി പ്രവർത്തനങ്ങളുടെ ഫലമായി ഉപഭോക്താക്കൾക്ക് കൂടുതൽ സ്ഥിരതയുള്ള വൈദ്യുതിവിതരണം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ടി പ്രദേശത്തെ ഭാവിയിലെ ലോഡ് ആവശ്യകതകൾ നിറവേറ്റാനും കഴിയും.

കല്ല്യാശ്ശരി നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പ്രസരണ മേഖലയിൽ നിലവിലില്ല.

വിതരണമേഖലയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ അനുബന്ധം 1 ആയും [+] വിതരണ മേഖലയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അനുബന്ധം 2 [+]ആയും ചേർത്തിരിക്കുന്നു.

2027 മാർച്ച് മാസത്തോടെ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കും. പ്രസ്തുതകാലയളവിൽ പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന പൂർത്തിയാക്കിയ പ്രവൃത്തികൾ, നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ, നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡെപ്പോസിറ്റ് പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയായി ചെയ്തുവരുന്നു. 2021 സാമ്പത്തികവർഷം മുതൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ആകെ 10KW ഓൺ ഗ്രിഡ് സൗരോർജ നിലയവും 5KW ഓഫ് ഗ്രിഡ് സൗരോർജ നിലയവും 8 KW

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹൈബ്രിഡ് സൗരോർജ നിലയവും 36 വാട്ടിന്റെ 8 സോളാർ സ്ട്രീറ്റ് ലൈറ്റുകളും 35 വാട്ടിന്റെ 1 സോളാർ സ്ട്രീറ്റ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മാട്ടൂൽ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ 400 LPD സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

നിലവിൽ കല്ല്യാശ്ശേരി, ഇരിണാവ് സർക്കാർ ആയുർവേദ ആശുപത്രിയിൽ 8 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയം സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകി, വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കണ്ണൂർ ജില്ലയിൽ തിരഞ്ഞെടുത്ത കണ്ണപുരം, ചെറുകുന്ന് പഞ്ചായത്തുകളിലെ 33 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 33 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 3,09,969/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇ.എം.സി. തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ വരുന്ന സെക്ഷൻ ഓഫീസുകളിൽ 79 ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നമ്പർ	**സെക്ഷൻ**	**കണക്ഷനുകളുടെ എണ്ണം**
1	മാതമംഗലം	4
2	തളിപ്പറമ്പ	5
3	മാടായി	6
4	പരിയാരം	8
5	ധർമശാല	6
6	കുഞ്ഞിമംഗലം	6
7	ചെറുകുന്ന്	41
8	പാപ്പിനിശ്ശേരി	3
ആകെ		**79**

ഹരിത ഹൈഡ്രജൻ മിഷൻ

278(726) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ഉൽപാദന രംഗം കാർബൺ ന്യൂട്രൽ ആയി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജോൽപാദനം പടിപടിയായി ഉയർത്തിക്കൊണ്ട് വരുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2040-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും പുനരുപയോഗ ഊർജ സ്രോതസ്സുകളിൽനിന്നും കണ്ടെത്താനും 2050-ഓടുകൂടി കാർബൺ ന്യൂട്രൽ ആക്കുക എന്നതുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനോട് ചേർന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡ് നിരവധി ഇടപെടലുകൾ ആരംഭിക്കുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും പുനരുപയോഗ ഊർജവികസനം, ഗ്രീൻ മൊബിലിറ്റി, സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. 2030-ഓടെ സംസ്ഥാന വൈദ്യുതി ആവശ്യങ്ങളുടെ പ്രധാനഭാഗം നവീകരണശേഷിയുള്ള ഉറവിടങ്ങളിൽനിന്നും നേടുക, Transmission & Distribution Loss കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് ശ്രമിക്കുകയാണ്. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, വൻകിട/ചെറുകിട

ജലവൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 187.536 MW ശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 92 MW ശേഷിയുള്ള 13 ചെറുകിട പദ്ധതികൾ 2030-നുള്ളിൽ പൂർത്തീകരിക്കും. ഇതിനുപുറമേ വരുംവർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുത പദ്ധതികളിൽനിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിതശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മി പദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി എന്നിവയ്ക്കുപുറമെ പതിനഞ്ചോളം മറ്റ് ജലവൈദ്യുതി പദ്ധതികളും പരിഗണനയിലുണ്ട്. ഈ കാലയളവിനുള്ളിൽ 350 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030-ഓടുകൂടി സോളാർ സ്ഥാപിതശേഷി 3000-3500 MW ആകാനിടയുണ്ട്. പകൽസമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3,300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 3,000 MW/5,000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പാക്കും. ഊർജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ-2030 എന്ന പദ്ധതി വിഭാവനം ചെയ്യുകയും ഇതിലുൾപ്പെടുത്തി മുകളിൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

വൈദ്യുത ഉൽപാദനരംഗം കാർബൺ ന്യൂട്രൽ ആയി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജോൽപാദനം പടിപടിയായി ഉയർത്തിക്കൊണ്ട് വരുന്നതിലേക്കായി വിൻഡ് പൊട്ടൻഷ്യൽ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

ഇതിന്റെ ഭാഗമായി 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയംകണ്ടെത്തുന്ന സ്ഥലത്ത് നടപ്പാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതുപോലെതന്നെ കാറ്റിന്റെ ശക്തി താരതമ്യേന കൂടുതലുള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/സർക്കാർ അധീനതയിലുള്ള ഉപയോഗശൂന്യമായ ഭൂമി/ആദിവാസി ഭൂമി എന്നിവയിൽനിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പാക്കാൻ പ്രാരംഭനടപടികൾ തുടങ്ങികഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടിയന്ത്രങ്ങൾ (2, 3, & 5 kW) പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 3kW-ന്റെ ചെറുകിട കാറ്റാടിയന്ത്രം ഇടുക്കി ജില്ലയിലെ പീരുമേട് സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങിക്കഴിഞ്ഞു.

പുനരുപയോഗ ഊർജോൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ 'സൗര' പുരപ്പുറ സോളാർ പദ്ധതി, വൈദ്യുത ഉൽപാദനരംഗം കാർബൺ ന്യൂട്രൽ ആയി മാറ്റുന്നതിന് സഹായകരമായ മറ്റൊരു പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49,402 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന,

പി. എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 285460 നിലയങ്ങളിൽ നിന്നായി 1899.73 MW വൈദ്യുതിയും ഇതേ രീതിയിൽ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

വൈദ്യുതോൽപാദന രംഗം കാർബൺ ന്യൂട്രൽ ആയി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജോൽപാദനം പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനായി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു.

ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള

പദ്ധതി പൂർത്തികരിച്ചുവരുന്നു. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

പച്ചക്കറികൾ/പഴങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പ്രധാനമന്ത്രി കിസാൻ ഊർജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി. എം. കുസും) പദ്ധതിയിൽ 1500 എണ്ണം സൗരോർജ നിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 5.3 MW അധിക സൗരോർജശേഷി നേടാനായിട്ടുണ്ട്. ഇത്രയും സോളാർ പ്ലാന്റ് ശേഷിയിൽനിന്നും ഏകദേശം 5000 ടൺ കാർബൺ ബഹിർഗമനം പ്രതിവർഷം കുറയ്ക്കാനാകും.

പ്രധാനമന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി. എം. കുസും) രാജ്യത്തെ കർഷകർക്ക് സൗരോർജവുമായി ബന്ധപ്പെട്ട് സഹായം നൽകുന്ന കേന്ദ്ര പദ്ധതിയാണ്. കൃഷിയിടങ്ങളിൽനിന്നുള്ള കാർബൺ ബഹിർഗമനം പ്രസ്തുത പദ്ധതിയിലൂടെ കുറയ്ക്കാനാകും. ഈ പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ ഉൽപാദനവും, അധിക ഊർജം വിതരണക്കമ്പനിക്ക് വില്ക്കുന്നതിലൂടെ വരുമാനവും ലക്ഷ്യമിടുന്നു. ആദ്യഘട്ട കേന്ദ്രാനുമതി ലഭിച്ച 9348 പമ്പുകളുടെ സൗരോർജവൽക്കരണം നബാർഡ് - RIDF ലോൺ ഉപയോഗിച്ച്

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നു. നിലവിൽ 6700 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ഇതിൽ 2500 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽ 1500 എണ്ണം സൗരോർജ്ജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൃഷിഭവനുകളിൽനിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) വാണിജ്യാടിസ്ഥാനത്തിൽ ഹരിത ഹൈഡ്രജൻ ഉൽപാദിപ്പിക്കുന്ന വൻകിട പദ്ധതികൾക്കുള്ള നിർദേശങ്ങൾ വിവിധ സംരംഭകരിൽനിന്ന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

താഴെപ്പറയുന്ന നിർദേശങ്ങളാണ് സർക്കാർ വഴിയും കെ.എസ്.ഐ.ഡി.സി. വഴിയും ലഭിച്ചിട്ടുള്ളത്.

- ലീപ് ഗ്രീൻ – 4511 കോടി രൂപ – 500 TPD ഹരിത അമോണിയ
- എച്ച്.എൽ.സി. ഗ്രീൻ – 8763 കോടി രൂപ – 500 TPD ഹരിത അമോണിയ/100 TPD ഹരിത ഹൈഡ്രജൻ from electrolysis.
- ഇൻഫിനിറ്റി ഗ്ലോബൽ – 11,025 കോടി രൂപ – 1000 TPD ഹരിത അമോണിയ /200 TPD ഹരിത ഹൈഡ്രജൻ from electrolysis.

- ഭക്തി എനർജി - 826 കോടി രൂപ - 20 TPD ഹൈഡ്രജൻ from 200 TPD MSW

(താഴെ പറയുന്ന രണ്ട് പദ്ധതികൾ കെ.എസ്.ഐ.ഡി.സി. വഴിയാണ് സമർപ്പിച്ചിട്ടുള്ളത്.)

- റിന്യൂ പവർ

- ഒസിഒർ

ഇവ സംബന്ധിച്ച തീരുമാനം സർക്കാർ പരിഗണനയിലുള്ള ഹരിത ഹൈഡ്രജൻ നയത്തിന്റെകൂടി അടിസ്ഥാനത്തിലായിരിക്കും.

(സി) പ്രാദേശിക ഹൈഡ്രജൻ ആവാസവ്യവസ്ഥയെ വികസിപ്പിക്കുന്നതിനും സുസ്ഥിര ഊർജത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തിനുമായി 'ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ –കേരള' എന്ന പ്രത്യേക ഉദ്ദേശ്യ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ അനുമതിയോടെ ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നതിന് 'കേരള എച്ച്.വി.ഐ.സി. ഫൗണ്ടേഷൻ' എന്ന ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സർക്കാർ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനെർട്ട് സി.ഇ.ഒ. ചെയർമാനും മാനേജിങ് ഡയറക്ടറുമായാണ് കമ്പനി രൂപീകരിച്ചിട്ടുള്ളത്. ഹൈഡ്രജൻ വാലി പദ്ധതികൾ ഈ കമ്പനിയുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഹൈഡ്രജൻ വാലി പദ്ധതിക്കായി

ഡി.എസ്.ടി.-യിലൂടെ അനുവദിച്ച ഹരിത ഹൈഡ്രജൻ മിഷന്റെ ആദ്യ ഗഡു ഫണ്ട് ഈ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ മുഖേന നടപ്പാക്കുന്ന ഹൈഡ്രജൻ ട്രക്കുകൾ പൈലറ്റടിസ്ഥാനത്തിൽ ഓടിക്കാനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അനെർട്ടിന്റെ നേതൃത്വത്തിൽ ബി.പി.സി.എൽ., കെ.എസ്.ആർ.ടി.സി. എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ മുഖേനയുള്ള ഹൈഡ്രജൻ ഭാരവാഹനങ്ങൾ പൈലറ്റടിസ്ഥാനത്തിൽ ഓടിക്കാനുള്ള പദ്ധതി നടപ്പാക്കുന്നത്. വാഹനങ്ങളിൽ ഹൈഡ്രജൻ നിറയ്ക്കാനുള്ള രണ്ട് നിലയങ്ങളും (ഹൈഡ്രജൻ റീഫ്യുവലിങ് സ്റ്റേഷൻ) തിരുവനന്തപുരത്തും കൊച്ചിയിലുമായി ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

279(727) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) കെ.എസ്.ഇ.ബി.എൽ.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിന്റെ പരിധിയിൽ പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ പെരുമ്പാവൂർ, മുവാറ്റുപുഴ എന്നീ ഡിവിഷനുകളും എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ തൃപ്പൂണിത്തുറ ഡിവിഷനും ഉൾപ്പെടുന്ന പരിധിയിൽ ദ്യുതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണമടയ്ക്കുന്ന പദ്ധതി, RDSS എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

പെരുമ്പാവൂർ ഡിവിഷന് കീഴിൽ കിഴക്കമ്പലം, പട്ടിമറ്റം, വാഴക്കുളം എന്നീ സെക്ഷനുകളിൽ ദ്യുതി പദ്ധതിക്കായി 19.079 കോടി രൂപയും RDSS പദ്ധതിക്കായി 58.79 കോടി രൂപയുടെ പദ്ധതികളും അനുവദിച്ചിട്ടുണ്ട്. ആയതിൽ ദ്യുതി പദ്ധതിയിൽ 9.52 കോടി രൂപയുടെ പ്രവൃത്തികളും RDSS പദ്ധതിയിൽ 1.59 കോടി രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

മുവാറ്റുപുഴ ഡിവിഷന് കീഴിൽ ദ്യുതി പദ്ധതിക്കായി 5.45 കോടി രൂപയും RDSS പദ്ധതിക്കായി 2.45 കോടി രൂപയുടെ പദ്ധതികളും അനുവദിച്ചിട്ടുണ്ട്. ആയതിൽ ദ്യുതി പദ്ധതിയിൽ 1.68 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 3.76 കോടിയുടെ പ്രവൃത്തികൾ നടപ്പാക്കിവരികയും ചെയ്യുന്നു. 42.14 ലക്ഷം രൂപയുടെ പി.പി.എസ്. വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. RDSS പദ്ധതിയിൽ 2.45 കോടി രൂപയുടെ പ്രവൃത്തികൾ റോഡ് കട്ടിങ് അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു.

തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷന്റെ ആകെയുള്ള 255 പ്രവൃത്തികളിൽ 9.76 കോടി രൂപ ചെലവഴിച്ച് 142 വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷമുള്ള 4.19 കോടി രൂപയുടെ 113 വർക്കുകൾ പുരോഗമിക്കുന്നു. ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഒരു കോടി പതിനൊന്ന് ലക്ഷം രൂപയുടെ പ്രവൃത്തികളും നടപ്പാക്കിവരുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 63 ലക്ഷം രൂപ ചെലവിൽ 140 kW സ്ഥാപിതശേഷിയിൽ 19 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഒപ്പം കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് പന്ത്രണ്ട് കോടി മുപ്പത്തി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ (Rs.12,37,50,000/-) ചെലവിൽ 2750 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും പി.എം. കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 11,38,00,000/- രൂപ ചെലവിൽ 2000 kW സ്ഥാപിതശേഷിയിൽ 2 സോളാർ പ്ലാന്റുകളും കമ്മിഷൻ ചെയ്തിട്ടുണ്ട്. കൂടാതെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ

മൗണ്ടഡ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ പകൽസമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിൽ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1000 മെഗാവാട്ട് സ്റ്റോറേജ് സ്ഥാപിക്കുന്നതിൽ തുടക്കമെന്ന നിലയിൽ 500 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഊർജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

250 മെഗാവാട്ട്/500 മെഗാവാട്ട് അവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതികൾക്ക് 600 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ സംസ്ഥാനത്തിനോ കെ.എസ്.ഇ.ബി.എൽ.-നോ പ്രാരംഭ മുതൽമുടക്ക് വരാതെ ബി.ഒ.ഒ. മാതൃകയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഊർജ മന്ത്രാലയം 90 കോടി രൂപ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 250 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാനഘട്ടത്തിലാണ്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. കിഴക്കമ്പലം 110 kV സബ്സ്റ്റേഷനിൽ പഴയ രണ്ട് 11 kV പാനലുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പദ്ധതി തുക : 140 ലക്ഷം രൂപ

2. പുത്തൻകുരിശ് 66 kV സബ്സ്റ്റേഷനിൽ പഴയ രണ്ട് 11 kV പാനലുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പദ്ധതി തുക : 180 ലക്ഷം രൂപ

കൂടാതെ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

1. പെരുമ്പാവൂർ 110 kV സബ്സ്റ്റേഷന്റെ നവീകരണവും ശേഷി വർധിപ്പിക്കാനുമായുള്ള പ്രവൃത്തികൾ 2026 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്ന രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി തുക: 20 കോടി രൂപ

2. System improvement-ന്റെ ഭാഗമായി ബ്രഹ്മപുരം 220 kV സബ്സ്റ്റേഷനിൽ 220/110 kV 20 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതി തുക 17 കോടി രൂപ.

3. System improvement-ന്റെ ഭാഗമായി അമ്പലമുഗൾ 220 kV സബ്സ്റ്റേഷനിൽ 66 kV സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതി തുക: 40 കോടി രൂപ

4. 66 kV പുത്തൻകുരിശ് സബ്സ്റ്റേഷൻ 110 kV നിലവാരത്തിലേക്കുയർത്തുന്ന പദ്ധതിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചു.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ കടയിരുപ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 10 കിലോവാട്ടും പൂതൃക്ക ജി.എച്ച്.എസ്.എസ്.-ൽ 5 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. MNRE-യിൽ നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഈ പദ്ധതി കുന്നത്തുനാട് മണ്ഡലത്തിലും ലഭ്യമാണ്. മഴവന്നൂർ, ഐകാരനാട്, തിരുവാണിയൂർ കൃഷിഭവനുകളിൽ പദ്ധതിയുടെ സർവെ നടപടികൾക്കായി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കടയിരുപ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 10 കിലോവാട്ട് സൗരോർജ നിലയം പദ്ധതി ചെലവ് – 5,77,500/- രൂപ

2) പൂതൃക്ക ജി.എച്ച്.എസ്.എസ്.-ൽ 5 കിലോവാട്ട് സൗരോർജ നിലയം - പദ്ധതി ചെലവ് – 2,90,950/- രൂപ

3) അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) എറണാകുളം ജില്ലയിലേക്ക് 756 പമ്പുകൾക്കുവേണ്ടി 22.32 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി നൽകിട്ടുണ്ട്.

പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) - യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒന്നും നിലവിൽ കുന്നത്തുനാട് മണ്ഡലത്തിൽ ആരംഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജനിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പഴശ്ശി സാഗർ ജലവൈദ്യുതി പദ്ധതി

280(728) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണ പുരോഗതിയും വിശദാംശവും ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ 7.50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ ആദ്യത്തെ കരാറുകാരൻ സമയബന്ധിതമായി പണി പൂർത്തിയാക്കാത്തതിനാലും പ്രവർത്തന പുരോഗതി തൃപ്തികരമല്ലാത്തതിനാലും പ്രസ്തുത കരാർ കെ.എസ്.ഇ.ബി.എൽ. റദ്ദ് ചെയ്തു. 47 ശതമാനം സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടായിരുന്നു. അവശേഷിക്കുന്ന സിവിൽ നിർമ്മാണ പ്രവൃത്തികൾക്ക് പുതിയ ടെൻഡർ നടപടികൾ സ്വീകരിച്ച് പുതിയ കരാറുകാരനെ ഏല്പിച്ചിട്ടുള്ളതുമാണ്. നിലവിൽ പദ്ധതിയുടെ സിവിൽ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2027 ഫെബ്രുവരി മാസത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

നെയ്യാറ്റിൻകര മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

281(729) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ അനുവദിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വിനിയോഗിച്ച തുക, പദ്ധതിയുടെ പേരുവിവരവും സ്ഥലവും സഹിതം വിശദമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ വൈദ്യുതി വിതരണ മേഖലയിൽ അനുവദിച്ച പദ്ധതികൾ.

1. ദ്യുതി

2. ആർ.ഡി.എസ്.എസ്.

3. പി.പി.എസ്. (പഞ്ചായത്ത് പണമടയ്ക്കുന്ന പ്രവൃത്തികൾ)

ഓരോ പദ്ധതിക്കും വിനിയോഗിച്ച തുകയും, പദ്ധതിയുടെ പേര് വിവരവും.

പൂർത്തിയാക്കിയ പ്രവൃത്തികൾ

ക്രമ നം.	പദ്ധതിയുടെ പേര്	പ്രവൃത്തികളുടെ എണ്ണം	തുക (കോടി)	പ്രവൃത്തികളുടെ വിശദാംശങ്ങൾ
1	ദ്യുതി	200	17.2	1. എച്ച്. റ്റി ലൈൻ നിർമ്മാണം - 11.6 km 2.എൽ.റ്റി. ലൈൻ നിർമ്മാണം - 91 km 3. എൽ. റ്റി. റീകണ്ടക്ടറിങ് - 31 km

				4. എച്ച്. റ്റി. റീകണ്ടക്ടറിങ് -18 km 5. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 10 എണ്ണം 6. ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ - 18 എണ്ണം
2	പി.പി.എസ്	300	3.12	സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവൃത്തി

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ

ക്രമ നം.	പദ്ധതിയുടെ പേര്	പ്രവൃത്തികളുടെ എണ്ണം	തുക (കോടി)	പ്രവൃത്തികളുടെ വിശദാംശങ്ങൾ
1	ദ്യുതി	105	16.79	1. എച്ച്.റ്റി ലൈൻ നിർമ്മാണം - 9 km 2. എൽ. റ്റി ലൈൻ നിർമ്മാണം - 12 km 3. എൽ. റ്റി റീകണ്ടക്ടറിങ് - 20 km 4. എച്ച്.റ്റി റീകണ്ടക്ടറിങ് -12 km 5. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 12 എണ്ണം 6. ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ - 25 എണ്ണം
2	പി.പി.എസ്	15	0.177	സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവൃത്തി

പ്രസരണ മേഖലയിൽ -

1. 66 കെ.വി. സബ്സ്റ്റേഷൻ നെയ്യാറ്റിൻകരയുടെ ശേഷി 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തികൾ പൂർത്തികരിച്ചു - അടങ്കൽ തുക 8.37 കോടി.

2. നെയ്യാറ്റിൻകര-തിരുമല 66 കെ.വി. ഫീഡർ 110 കെ.വി. ഫീഡർ ആയി ഉയർത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു - ആകെ ചെലവ് തുക - 616 ലക്ഷം രൂപ.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 85,95,000/- രൂപ ചെലവിൽ 191 kW സ്ഥാപിതശേഷിയിൽ 20 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ച് 6,75,000/- രൂപ ചെലവിൽ 150 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും പി.എം.കുസും പദ്ധതിയിലുൾപ്പെടുത്തി 22,50,000/- രൂപ ചെലവിൽ 50 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും IPDS പദ്ധതിയിൽ 15 kW-ന്റെ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

ഇതിനുപുറമെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും ഏഴ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിനിയോഗിച്ച തുക, പദ്ധതിയുടെ പേരുവിവരവും സ്ഥലവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അനെർട്ട്

2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- അനെർട്ടിന്റെ സൗരതേജസ് പദ്ധതി വഴി 25 വീടുകളിലായി 72 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു.

- ഹരിത വരുമാന പദ്ധതി വഴി 59 വീടുകളിലായി 121 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു.

- നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിന്റെ കീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 11 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ (3 എണ്ണം) സ്ഥാപിച്ചു.

ഓരോ പദ്ധതിക്കും വിനിയോഗിച്ച തുക, പദ്ധതിയുടെ പേര്, സ്ഥലം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- അനെർട്ടിന്റെ സൗരതേജസ് പദ്ധതി (വീടുകളിൽ സബ്സിഡിയോടുകൂടി സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) വഴി 25 വീടുകളിലായി 72 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിൽ സബ്സിഡി ഇനത്തിൽ 12,70,640/- രൂപ ചെലവാക്കിയിട്ടുണ്ട്.

- ഹരിത വരുമാന പദ്ധതി (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചുനൽകി, അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്നതുവഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) വഴി 59

വീടുകളിലായി 121 കിലോവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ സൗജന്യമായി സ്ഥാപിച്ചു. ഇതിനായി സംസ്ഥാന സർക്കാർ വിഹിതമായി 57,59,951/- രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 23,71,546/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

- നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിനുകീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 11 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങൾ (3 എണ്ണം) സ്ഥാപിച്ചു. ഇതിനായി ആകെ 5,80,514/- രൂപ ചെലവഴിച്ചു.

ക്രമ നം.	പദ്ധതിയുടെ പേര്	ചെലവാക്കിയതുക	ഇനം
1.	ജെ.ബി.എസ്. നെയ്യാറ്റിൻകര സ്കൂളിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 2,16,224/-	ഓൺ ഗ്രിഡ്
2.	ശാസ്താംതല ഗവ. യു.പി.സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 1,82,302/-	ഓൺ ഗ്രിഡ്
3.	അവണാകുഴി ഗവ. എൽ.പി.സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ പവർ പ്ലാന്റ്	Rs. 1,81,988/-	ഓൺ ഗ്രിഡ്

(സി) വൈദ്യുതി മേഖലയിൽ പുതിയതായി അനുവദിക്കുന്ന പദ്ധതികൾ, അവയ്ക്ക് വിനിയോഗിക്കുന്ന തുക എന്നിവ വിശദമാക്കാമോ?

വൈദ്യുതി മേഖലയിൽ പുതുതായി അനുവദിക്കുന്ന പദ്ധതികൾ, അവയ്ക്ക് വിനിയോഗിക്കുന്ന തുക.

ക്രമ നം.	പദ്ധതിയുടെ പേര്	പ്രവൃത്തികളുടെ എണ്ണം	തുക (കോടി)	പ്രവൃത്തികളുടെ വിശദാംശങ്ങൾ
1	ആർ.ഡി. എസ്.എസ്	19	8.18	1. എച്ച്.റ്റി ലൈൻ നിർമ്മാണം - 17.55 km 2. എച്ച്. റ്റി റീകണ്ടക്ടറിങ് -15.95 km 3. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 5 എണ്ണം

ആർ.ഡി.എസ്.എസ്.- ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

282(730) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഡി.എസ്.എസ്. (റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ ട്രാൻസ്മിഷൻ മേഖലയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പാക്കുന്നത്.

1. മുട്ടിയാൽ മുതൽ ആഢ്യൻപാറ വരെ നിലവിലുള്ള 33 കെ.വി. സിംഗിൾ സർക്യൂട്ട് (SC) ലൈൻ 33 കെ.വി. ഡബിൾ സർക്യൂട്ട് (DC) ആയി പരിവർത്തനം ചെയ്യുന്നു. കൂടാതെ ആഢ്യൻപാറയിൽ ആർ.എം.യു. (റിങ് മെയിൻ യൂണിറ്റ്) സ്ഥാപിച്ച് നിയന്ത്രണ

സംവിധാനം ഒരുക്കുന്നതുമാണ് ഈ പ്രവൃത്തി. ഈ പദ്ധതിയുടെ മൊത്തം ദൂരം 1.5 കിലോമീറ്റർ ആണ്. പ്രവൃത്തിയുടെ തുക. 1.2 Cr- 80 ശതമാനം പൂർത്തീകരിച്ചു.

2. നിലമ്പൂർ - ആഢ്യൻപാറ 33 കെ.വി. ലൈനിന്റെ ഭാഗമായി നിലമ്പൂർ മുതൽ അകമ്പാടം ജംഗ്ഷൻ വരെയുള്ള 33 കെ.വി. വൈദ്യുതി ലൈൻ റീകണ്ടക്ടറിങ് അണ്ടർ ഗ്രൗണ്ട് കേബിൾ (UG Cable) ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തി. പ്രവൃത്തിയുടെ തുക - 0.95 Cr - 100 ശതമാനം പൂർത്തീകരിച്ചു.

3. ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 57.17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**പ്രവൃത്തിയുടെ പേര്**	**പാക്കേജിന്റെ പേര്**	**അടങ്കൽ തുക (ലക്ഷം)**	**പ്രവൃത്തികളുടെ പുരോഗതി**
1	കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 11 കെ.വി. ലൈൻ പുനർനിർമാണം	ഡിസ്ട്രിബ്യൂഷൻ പാക്കേജ് 1	109.87	100%
2	HT ABC ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ്	ഡിസ്ട്രിബ്യൂഷൻ പാക്കേജ് 4	1835	99.85%
3	HT & LT റീകണ്ടക്ടറിങ്ങും പരിവർത്തനവും.	റീജിണൽ പാക്കേജ് 2	3777	9.61%

കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

283(731) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.

കോങ്ങാട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 11,00,000/- രൂപ ചെലവിൽ 26 kW സ്ഥാപിതശേഷിയിൽ 4 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണവിഭാഗം നടപ്പാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

പ്രസരണവിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കോങ്ങാട് 33 കെ.വി. സബ്സ്റ്റേഷനിൽ അധികമായി ഒരു 33 ഫീഡർ കൂടി ലഭ്യമാക്കിയിട്ടുണ്ട്.

2. കാഞ്ഞിരപ്പുഴ 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. DPR തയ്യാറാക്കിവരുന്നു.

അനെർട്ട്

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു.

പി. എം. കുസും പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിനുകീഴിൽ പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട് കൃഷിഭവനുകളിൽ 261 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 101 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 28 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്ത കേരളശ്ശേരി പഞ്ചായത്തിലെ 21 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 21 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 1,97,253/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതി

284(732) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Sree Saravana Engineering Bhavani Private Ltd. - M/s. Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18-03-2015-ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61 ശതമാനം പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽനിന്നും മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ., M/s. Sree Saravana Engineering Bhavani Private Ltd., M/s. Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്നൊരു ത്രികക്ഷി കരാർ 27-04-2022-ൽ ഒപ്പിട്ടു. 22-06-2023-ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരളയിൽ നിന്ന് തേടിയിരുന്നു. 09-07-2024-ന് ലഭിച്ച നിയമോപദേശപ്രകാരം പ്രസ്തുത കരാറുകാരനുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കരാറുകാരൻ ഇത് ഇറക്കുമതി ചെയ്യാത്തപക്ഷം പ്രസ്തുത കോൺട്രാക്ട് കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പുതിയ ദർഘാസ് ക്ഷണിച്ച് പൂർത്തീകരിക്കേണ്ടതാണ്. ടി നിയമോപദേശപ്രകാരം കെ.എസ്.ഇ.ബി.എൽ., കൺസോർഷ്യവുമായി പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും M/s. Hunan Zhaoyang Generating Equipment Co. Ltd, China-യും M/s. Sree Saravana Engineering Bhavani Private

Ltd.-ഉം തമ്മിലുള്ള സാമ്പത്തിക തർക്കങ്ങൾ കാരണം ചർച്ചകൾ ഫലം കണ്ടില്ല. ആയതുകൊണ്ട് 05-08-2025-ൽ കൂടിയ ഫുൾ ടൈം ഡയറക്ടർമാരുടെ യോഗത്തിൽ കരാറുകാരന്റെ (SSEB) റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിക്കുകയും 11-08-2025-ന് ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ കരാറുകാരൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ഈ ഉത്തരവിനെതിരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ സമർപ്പിച്ചു. സിംഗിൾ ബെഞ്ചിൽനിന്നും കെ.എസ്.ഇ.ബി.എൽ. എടുത്ത നടപടി ശരിവച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചു. ഇതിനെതിരെ കരാറുകാരൻ റിട്ട് അപ്പീൽ ഡിവിഷൻ ബെഞ്ചിന്റെ മുമ്പാകെ നൽകി. ഇതിന്മേൽ 27-08-2025-ന് കോടതിവാദം കേൾക്കുകയും 15-09-2025 വരെ മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സമയം അനുവദിക്കുകയും ചെയ്തു. 16-09-2025-ന് നടന്ന വിസ്താരത്തിൽ കോടതി കെ.എസ്.ഇ.ബി.എൽ.-നോട് 18-09-2025-ന് കരാറുകാരനുമായി യോഗം നടത്താൻ ഉത്തരവിട്ടു. 18-09-2025-ന് കരാറുകാരനുമായി നടന്ന മീറ്റിങ്ങിൽ മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്താനുള്ള സജ്ജീകരണങ്ങൾ ചെയ്തതരാമെന്ന് കരാറുകാരൻ അറിയിക്കുകയുണ്ടായി. തുടർന്ന് 29-09-2025-ൽ നടന്ന ഫുൾബോർഡ് യോഗത്തിൽ മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്താൻ തീരുമാനിച്ചു. ഇൻസ്പെക്ഷൻ നടത്താനുള്ള തീയതി കരാറുകാരനിൽനിന്നും ലഭിക്കുന്നമുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മിഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മിഷൻ ചെയ്യുന്നതിനായി മൂന്നാമത്തെ കൺസൈൻമെന്റ് ഉപകരണങ്ങളുടെ ഇൻസ്പെക്ഷൻ നടത്താനുള്ള തീയതി കരാറുകാരനിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിലെ ദ്യുതി പദ്ധതി

285(733) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊർജാവശ്യകത നിറവേറ്റുവാൻ ദ്യുതി 2.0 എന്ന പേരിൽ മലപ്പുറം പാക്കേജിന് അധികമായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദ്യുതി 2 പദ്ധതിയിൽ 2022-23 മുതൽ 2026-27 വരെ നടപ്പാക്കാനായി മലപ്പുറം ജില്ലയ്ക്ക് (തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലായി) 457.66 കോടി രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ 2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർധനവ് ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുകയും ദ്യുതി 2.0 പദ്ധതിയിൽ മലപ്പുറം ജില്ലയ്ക്കായി

410.93 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച പദ്ധതിയുടെ ടെൻഡർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ടെൻഡർ പ്രക്രിയകൾ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഓരോ പ്രവൃത്തികളും എന്ന് തുടങ്ങുമെന്ന വിവരങ്ങൾ ലഭ്യമാക്കാമോ?

ദ്യുതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെട്ട 2024-25 വർഷത്തെ വർക്കുകൾ മലപ്പുറത്തെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലായി വിവിധ പാക്കേജുകൾ രൂപീകരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2025-26, 2026-27 തുടങ്ങിയ വർഷങ്ങളിലെ പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 20-12-2025 കെ.എസ്.ഇ.ബി.എൽ. ബോർഡ് ഉത്തരവുപ്രകാരം ആരംഭിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദ്യുതി 2 സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ സെക്ഷൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

286(734) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ-പ്രസരണ മേഖലയിലും മറ്റ് മേഖലകളിലും നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

ക്രമ നം.	പദ്ധതി	അനുവദിച്ച തുക (ലക്ഷം)
1	നെമ്മാറ–കണ്ണമ്പുള്ളി 110 കെ.വി. (7.3 കി.മീ.) ലൈനിന്റെ നിർമ്മാണം	445
2	66 കെ.വി. കണ്ണമ്പുള്ളി സബ്സ്റ്റേഷൻ 110 കെ.വി.ആയി ഉയർത്തി	584

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ, കുനിശ്ശേരി, കിഴക്കഞ്ചേരി, മുടപ്പല്ലൂർ, കുഴൽമന്ദം എന്നീ 5 ഇലക്ട്രിക് സെക്ഷനുകളിലായി വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആലത്തൂർ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ സൗരോർജ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സെക്ഷൻ	**പദ്ധതികളുടെ എണ്ണം**	**സ്ഥാപിത ശേഷി**	**മൊത്തം തുക**
ആലത്തൂർ	5	46	**30,00,000/-**
കിഴക്കഞ്ചേരി	2	6	
കുനിശ്ശേരി	2	9	
മുടപ്പല്ലൂർ	2	7	
ആകെ	**11**	**68**	

കൂടാതെ ടി നിയോജകമണ്ഡലത്തിൽ ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും ആറ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അനെർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ ചുവടെ ചേർക്കുന്നു:

1. ആലത്തൂർ VFPCK- യിൽ 15 kWp ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. (ചെലവായ തുക -9,95,500/- രൂപ)

2. ആലത്തൂർ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിൽ 20kWp ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക - 1,00,000/- രൂപ)

3. ആലത്തൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ 10 kW ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക – 8,11,525/-രൂപ)

4. വടക്കാഞ്ചേരി സി.എച്ച്.സി.-യിൽ 7 kW സോളാർ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. (ചെലവായ തുക - 6,23,110/- രൂപ)

5. ആലത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ 20kw ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക - 15,94,725/- രൂപ)

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷിഭവൻ മുഖേന സൗജന്യകാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിന്റെകീഴിൽ കുഴൽമന്ദം, ആലത്തൂർ, എരിമയൂർ, തേങ്കുറിശ്ശി, മേലാർകോട്, പെരിങ്ങോട്ടുകുറിശ്ശി, കാവശേരി, തരൂർ, പുതുക്കോട് കൃഷിഭവനുകളിൽ 217 പമ്പുകൾ സൗരോർജവൽക്കരിക്കാൻ 6.5 കോടി രൂപയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 157 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 149 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2.19 കോടി രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തിരഞ്ഞെടുത്ത കിഴക്കഞ്ചേരി പഞ്ചായത്തിലെ 43 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 43 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 4,03,899/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുമുണ്ട്.

മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി-വോൾട്ടേജ് ക്ഷാമം

287(735) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും തുടർന്നും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും സംബന്ധിച്ച വിശദവിവരം നൽകാമോ?

ഈ സാമ്പത്തികവർഷത്തിൽ വിതരണ വിഭാഗത്തിൽ മണ്ണാർക്കാട് മണ്ഡലത്തിൽ 40 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അടുത്ത സാമ്പത്തിക വർഷത്തിൽ 13 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കാനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മണ്ണാർക്കാട് മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസരണവിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. അലനല്ലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 33/11 കെ.വി. 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് പുതിയ 33 കെ.വി., 11 കെ.വി. ബേകൾ നിർമ്മിച്ച് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 15 എം.വി.എ. ആയി ഉയർത്തുന്നതിനുള്ള നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചു.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അലനല്ലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ 0.7 എം.വി.എ.ആർ.-ന്റെ കപ്പാസിറ്റർ ബാങ്കുകൾ രണ്ടെണ്ണം സ്ഥാപിച്ചു.

3. അഗളി 33 കെ.വി. സബ്സ്റ്റേഷനിൽ 11 കെ.വി. ഫീഡറുകളെ പുനഃക്രമീകരിച്ച് ട്രാൻസ്ഫോർമറുകളുടെ ലോഡ് ബാലൻസ് ചെയ്ത് മുക്കാലി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിച്ചു.

4. അഗളി 33 കെ.വി. സബ്സ്റ്റേഷനിൽ 5 MVA 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് 15 എം.വി.എ. ആയി ശേഷി വർധിപ്പിച്ചു.

5. അഗളിയിൽ 1 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മിച്ചു.

6. കുമരമ്പുത്തൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി.

7. മണ്ണാർക്കാട് 110 കെ.വി. സബ്സ്റ്റേഷനിൽ 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു, 11 kV-യുടെ പുതിയ ഫീഡറുകൾ നിർമ്മിച്ചു.

8. മുക്കാലി 33 kV സബ്സ്റ്റേഷന് സാങ്കേതിക അനുമതി ലഭിച്ചു. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

9. അട്ടപ്പാടിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന പവനോർജം ഗ്രിഡിലേക്ക് എത്തിക്കുന്നതിന് വെട്ടത്തൂർ-മണ്ണാർക്കാട്-അഗളി 220 kv ലൈനിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. അഗളി, മണ്ണാർക്കാട് എന്നിവിടങ്ങളിലെ 220 kv സബ്സ്റ്റേഷനുകളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്.

വൈദ്യുതി പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

288(736) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിങ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ വിതരണ നെറ്റ്വർക്കുകളിൽ ശേഷി വർധിപ്പിക്കുന്നത് ആവശ്യമായിവരുന്നു.

2024-ൽ ഉഷ്ണതരംഗംമൂലം ഉണ്ടായ ക്രമാതീതമായ ലോഡ് വർധനവ് നേരിടുന്നതിനായി ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതത് പ്രദേശത്തെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരുന്നു.

2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷമുണ്ടാക്കി. പ്രധാനമായും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1023.04 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.

ലോഡ് വർധനവ് അഭിമുഖീകരിക്കുന്നതിനായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർധിപ്പിക്കൽ, ലൈനുകളുടെ റീകണ്ടക്ടറിങ് ഉൾപ്പെടെ 1,033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിങ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ നൽകുന്നു. പ്രാദേശിക തലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗരീതികളിലെ മാറ്റങ്ങളും പരിഗണിച്ച് നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA പൊതുവായ സ്റ്റാൻഡേർഡ് വിതരണ ട്രാൻസ്ഫോർമറായി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

ലോഡ് വർധനവ് കൈകാര്യം ചെയ്യുന്നതിനായി ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ 2026-27 വരെ നടപ്പാക്കുന്നതിനായി ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കാസർഗോഡും ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി. ലൈനും വിഭാവനം ചെയ്യുകയും പല തലങ്ങളിൽനിന്നുള്ള അംഗീകാരം ലഭ്യമാക്കി 2021-22 കാലയളവിൽ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. നഷ്ടപരിഹാരം സംബന്ധിച്ച തടസ്സങ്ങൾ നിമിത്തം പ്രസ്തുത ലൈനിന്റെ നിർമ്മാണം തടസ്സപ്പെട്ടുവെങ്കിലും ഈ വർഷം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കോട്ടയം പ്രവർത്തനക്ഷമമാകുകയും 400 കെ.വി. ഇടമൺ സബ്സ്റ്റേഷന്റെ നിർമ്മാണപ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം PGCIL, തൃശ്ശൂർ HVDC, കോഴിക്കോട് PGCIL സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി PGCIL-യുമായി ചർച്ചകൾ നടന്നുവരുന്നു. കൂടാതെ 2034-35 ആകുമ്പോൾ കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിന്റെ ഭാഗമായി കൂടംകുളം ഭാഗത്തുനിന്നും ബാലരാമപുരം/നെയ്യാറ്റിൻകര ഭാഗത്തേക്ക് പുതിയ 400 കെ.വി. ലൈൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പഠിച്ചുവരുന്നു. പുറത്തുനിന്നും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിന് വൈദ്യുതി ശൃംഖല ശക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ കെ.എസ്.ഇ.ബി.എൽ.,

ട്രാൻസ് ഗ്രിഡ് 2.0, CAPEX 22-27 എന്നീ സമഗ്രമായ മാസ്റ്റർപ്ലാൻ പദ്ധതികളിലൂടെ നടപ്പാക്കിവരികയാണ്.

(ബി) തനത് പദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പാക്കിയതുവഴി കഴിഞ്ഞ പത്ത് വർഷക്കാലംകൊണ്ട് വൈദ്യുതി പ്രസരണ രംഗത്ത് സംസ്ഥാനം വളരെയേറെ മുന്നേറിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണശൃംഖല ശക്തിപ്പെടുത്താനും വൈദ്യുതോപയോഗം വർധിപ്പിക്കുന്നതനുസരിച്ച് ഭാവിയിലേക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് തടസ്സരഹിതമായി വൈദ്യുതിവിതരണം നടത്താനും വിഭാവനംചെയ്ത പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. 10,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2 ഘട്ടമായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് ഉൾപ്പെടെ രണ്ടാം ഘട്ടം എന്നിങ്ങനെയുള്ള വിഭാഗങ്ങളിലായി 400 കെ.വി.- യുടെ 3 സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും ഒരു 110 കെ.വി. സബ്സ്റ്റേഷനും 3670 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈവോൾട്ടേജ് ലൈനുകളുമാണ് പ്രധാനമായി ഇതിലുൾപ്പെടുത്തിയിട്ടുള്ളത്.

ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതിപ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ടിന്റെ കുറവാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. ശരാശരി ഏകദേശം 250 കോടി രൂപയുടെ വരുമാന നേട്ടമാണ് ഇതിലൂടെ സംസ്ഥാനത്തിന് ലഭ്യമാകുക.

തനത് പദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പാക്കിയതുവഴി കഴിഞ്ഞ ഒൻപതര വർഷക്കാലംകൊണ്ട് 101 സബ്സ്റ്റേഷനുകളാണ് നമുക്ക് പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇതിൽ ഒരെണ്ണം 400 കെ.വി. സബ്സ്റ്റേഷനും 14 എണ്ണം 220 കെ.വി. സബ്സ്റ്റേഷനും പുതിയതും ശേഷി വർധിപ്പിച്ചതുമായി 50 എണ്ണം 110 കെ.വി. സബ്സ്റ്റേഷനും 7 എണ്ണം 66 കെ.വി. സബ്സ്റ്റേഷനും 29 എണ്ണം 33 കെ.വി. സബ്സ്റ്റേഷനുമാണ്. കേരളത്തിന്റെ തെക്കേയറ്റംമുതൽ വടക്കേയറ്റംവരെ നീളുന്ന 400 കെ.വി. പവർ ഹൈവേ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്.

വൈദ്യുതിപ്രസരണ മേഖലയിൽ 2016-17 മുതൽ 2025 ഡിസംബർ വരെ കെ.എസ്.ഇ.ബി.എൽ. 8,256.93 കോടി രൂപയുടെ മുതൽമുടക്ക് നടത്തി.

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കുന്നതിനും അതോടൊപ്പം അത്രയും വൈദ്യുതി സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കുന്ന രീതിയിൽ പ്രസരണ-വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിങ്ങ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, വിതരണ നെറ്റ്വർക്കുകളിൽ ശേഷി വർധിപ്പിക്കുന്നത് ആവശ്യമായിവരുന്നു.

2024-ൽ ഉഷ്ണതരംഗം മൂലമുണ്ടായ ക്രമാതീതമായ ലോഡ് വർധനവ് നേരിടുന്നതിനായി ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതത് പ്രദേശത്തെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരുന്നു.

2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷമുണ്ടാക്കി. പ്രധാനമായും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1,023.04 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.

ലോഡ് വർധനവ് അഭിമുഖീകരിക്കുന്നതിനായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർധിപ്പിക്കൽ, ലൈനുകളുടെ റീകണ്ടക്ടറിങ് ഉൾപ്പെടെ 1,033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിങ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ നൽകുന്നു. പ്രാദേശികതലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗരീതികളിലെ മാറ്റങ്ങളും പരിഗണിച്ച് നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA പൊതുവായ സ്റ്റാൻഡേർഡ് വിതരണ ട്രാൻസ്ഫോർമറായി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

ലോഡ് വർധനവ് കൈകാര്യം ചെയ്യുന്നതിനായി ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ 2026-27 വരെ നടപ്പാക്കുന്നതിനായി ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കാസർഗോഡും ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി. ലൈനും വിഭാവനം ചെയ്യുകയും പല തലങ്ങളിൽനിന്നുള്ള അംഗീകാരം ലഭ്യമാക്കി 2021-22 കാലയളവിൽ ലൈനിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. നഷ്ടപരിഹാരം സംബന്ധിച്ച തടസ്സങ്ങൾ നിമിത്തം പ്രസ്തുത ലൈനിന്റെ നിർമ്മാണം തടസപ്പെട്ടുവെങ്കിലും ഈ വർഷം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കോട്ടയം പ്രവർത്തനക്ഷമമാകുകയും 400 കെ.വി. ഇടമൺ സബ്സ്റ്റേഷന്റെ നിർമ്മാണപ്രവൃത്തികളുടെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം PGCIL, തൃശ്ശൂർ HVDC, കോഴിക്കോട് PGCIL സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി PGCIL-യുമായി ചർച്ചകൾ നടന്നുവരുന്നു. കൂടാതെ 2034-35 ആകുമ്പോൾ കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിന്റെ ഭാഗമായി കൂടംകുളം ഭാഗത്തുനിന്നും ബാലരാമപുരം/നെയ്യാറ്റിൻകര ഭാഗത്തേക്ക് പുതിയ 400 കെ.വി. ലൈൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പഠിച്ചുവരുന്നു. പുറത്തുനിന്നും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിന് വൈദ്യുതിശൃംഖല ശക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ കെ.എസ്.ഇ.ബി.എൽ.,

ട്രാൻസ്ഗ്രിഡ് 2.0, CAPEX 22-27 എന്നീ സമഗ്രമായ മാസ്റ്റർപ്ലാൻ പദ്ധതികളിലൂടെ നടപ്പാക്കിവരികയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദ്യുതി 2, റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ദ്യുതി 2. ദ്യുതി 2.0-ൽ 4,717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷംമുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ മലപ്പുറം (411 കോടി), കാസർഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണമേഖലയുടെ വികസനത്തിനായി ആകെ 1,023 കോടി രൂപയുടെ ദ്യുതി സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഇതുവരെ 2,551 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഊർജ മന്ത്രാലയം വിഭാവനം ചെയ്ത റീ വാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) പ്രവൃത്തികളുടെ പുരോഗതികൾ ഫീൽഡ് ഓഫീസ് തലത്തിലും ബോർഡ് തലത്തിലും കൃത്യമായി വിലയിരുത്തിവരുന്നു.

ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കേരള വൈദ്യുതി വകുപ്പിന്റെയും ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെയും നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

കേന്ദ്ര ഊർജ മന്ത്രാലയത്തിൽനിന്നുള്ള ഉത്തരവുപ്രകാരം RDSS പദ്ധതിയുടെ Sunset period മാർച്ച് 2028 വരെ നീട്ടിയിട്ടുണ്ട്.

പ്രസ്തുത സ്കീമിന് കീഴിൽ loss reduction പ്രവൃത്തികൾ 3 സ്റ്റേജുകളിലായാണ് ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാംഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് മാർച്ച് 2023 മുതൽ ജനുവരി 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 11 സബ് ട്രാൻസ്മിഷൻ പാക്കേജുകൾ ഉൾപ്പെടുന്നു. ഇവയുടെ നാളിതുവരെയുള്ള പുരോഗതി - 94 ശതമാനം.

രണ്ടാംഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് ജൂൺ 2024 മുതൽ സെപ്റ്റംബർ 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 59 ഡിസ്ട്രിബ്യൂഷൻ പാക്കേജുകൾ ഉൾപ്പെടുന്നു. ഇവയുടെ പുരോഗതി - 91 ശതമാനം.

മൂന്നാംഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് ഒക്ടോബർ 2024 മുതൽ ഡിസംബർ 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 5 റീജിയണൽ പാക്കേജുകൾ ഉൾപ്പെടുന്നു - ഇവയുടെ പുരോഗതി - 7 ശതമാനം.

മറ്റ് പാക്കേജുകൾ

IT/OT പാക്കേജ് - ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി വിവിധ ഐ.ടി./ഒ.ടി. (ഇൻഫർമേഷൻ ടെക്നോളജി/ഓപ്പറേഷണൽ ടെക്നോളജി) പദ്ധതികളും നടപ്പാക്കിവരികയാണ്. 209.13 കോടി രൂപയുടെ പദ്ധതികൾ 9 പാക്കേജുകളായാണ് നടപ്പാക്കുന്നത്. എല്ലാ പദ്ധതികൾക്കും നിലവിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 2 പാക്കേജുകൾ ഇതിനകം പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2028 മാർച്ച് 31-നകം എല്ലാ ഐ.ടി./ഒ.ടി. പദ്ധതികളും പൂർത്തീകരിക്കും.

SCADA പാക്കേജ്-പുരോഗതി: 15-12-2025-ൽ എഗ്രിമെന്റ് വയ്ക്കുകയും തുടർന്നുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

വൈദ്യുതി പ്രസരണ-വിതരണ മേഖലയുടെ നവീകരണം

289(737) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ-വിതരണ മേഖലയിൽ നിലവിലെ സർക്കാരിന്റെ ഇടപെടലുകൾകൊണ്ട് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികളായ ദ്യുതി 1, ദ്യുതി 2 തുടങ്ങിയവ നടപ്പാക്കിയതുവഴി വിതരണ നഷ്ടം കുറയ്ക്കാനും വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും അപകടസാധ്യതയുള്ള പഴയ ലൈനുകളും ഉപകരണങ്ങളും മാറ്റിയതിലൂടെ പൊതുസുരക്ഷയും ജീവനക്കാരുടെ സുരക്ഷയും വർധിപ്പിക്കാനും വൈദ്യുതി വിതരണത്തിലെ സ്ഥിരത മെച്ചപ്പെട്ടതോടെ ഉപഭോക്തൃ സംതൃപ്തി വർധിപ്പിക്കാനും തൽഫലമായി പരാതികൾ ഗണ്യമായി കുറയ്ക്കാനും സാധിച്ചു. 2017-2018-ൽ 9.39 ശതമാനമായിരുന്ന വിതരണ നഷ്ടം, ദ്യുതി 1, 2 പദ്ധതി നടപ്പാക്കിയതിനുശേഷം 2024-2025 സാമ്പത്തിക വർഷത്തിൽ 6.61 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പാക്കാൻ 2016-2017-ൽ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 2018 മുതൽ ബി.പി.എൽ. കുടുംബങ്ങൾക്ക് പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കിയ പദ്ധതി, ആദിവാസി നഗറുകളുടെ വൈദ്യുതീകരണം, അങ്കണവാടികളുടെ വൈദ്യുതീകരണം തുടങ്ങിയവയും നടപ്പാക്കി.

വൈദ്യുതി കണക്ഷൻ അതിവേഗം നൽകുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റംവരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത്

നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 02-11-18-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയുംചെയ്തു. കൂടാതെ തറവാടുവീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

പ്രസരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

1. വളരെക്കാലമായി മുടങ്ങിക്കിടന്ന 400kV ലൈൻ (ഇടമൺ-കൊച്ചി പവർ ഹൈവേ) സർക്കാർ ഇടപെടൽമൂലം യാഥാർഥ്യമായി.

2. വടക്കൻ കേരളത്തിന്റെ വൈദ്യുതി പ്രശ്നത്തിന് ശാശ്വത പരിഹാരമായ UKTL, TBCB വഴി നിർമ്മിക്കുന്ന ഉഡുപ്പി-കാസർഗോഡ് EHT ലൈൻ കോമ്പൻസേഷൻ പാക്കേജ്, തർക്കത്തെതുടർന്ന് മുടങ്ങി കിടക്കുകയായിരുന്നു. പുതിയ കോമ്പൻസേഷൻ

പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ മുടങ്ങിക്കിടന്ന ലൈൻ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.

3. കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിലൂടെ 110kV-യുടെ 6 സബ്സ്റ്റേഷനുകളും 33kV-യുടെ 4 സബ്സ്റ്റേഷനുകളും 66kV-യിൽനിന്ന് 110kV ആക്കി ശേഷി ഉയർത്തിയ 11 സബ്സ്റ്റേഷനുകളും, 122.62km 110kV, 123.56km 110kV DC, 161.59 km 33kV, 7km 33kV DC എന്നീ ലൈനുകളും പൂർത്തിയാക്കി ചാർജ് ചെയ്തു. കൂടാതെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ 400kV-യുടെ ഒരു സബ്സ്റ്റേഷനും 220kV-യുടെ 7 സബ്സ്റ്റേഷനുകളും 391.82cktkm (സർക്യൂട്ട് കിലോമീറ്റർ) 220kV, 535.59cktkm 110kV എന്നീ ലൈനുകളും പൂർത്തിയാക്കി ചാർജ് ചെയ്തു.

4. റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് (RKI) സ്കീമിൽ ഉൾപ്പെടുത്തി കാവാലം 110kV സബ്സ്റ്റേഷൻ നിർമ്മാണത്തിനും 66kV കുട്ടനാട് സബ്സ്റ്റേഷൻ upgradation-നും കിടങ്ങറ 33kV സബ്സ്റ്റേഷൻ നിർമ്മാണത്തിനുമായി 53.55 കോടി രൂപ അനുവദിച്ചു.

5. പ്രസരണ മേഖലയിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ ഫെയ്സ് 2 സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള രാമക്കൽമേട് ഗ്രീൻ എനർജി കോറിഡോർ പദ്ധതി (RGC), അട്ടപ്പാടി ഗ്രീൻ എനർജി കോറിഡോർ പദ്ധതി (AGC) എന്നീ പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവൽ എനർജി മന്ത്രാലയത്തിൽനിന്നും ഗ്രാൻഡ് ആയി (CFA), പദ്ധതി

ചെലവിന്റെ 33 ശതമാനം തുക ₹138.71 കോടി അനുവദിക്കപ്പെട്ടിട്ടുണ്ട്. ഉത്തര ഹരിതോർജ ഇടനാഴി പദ്ധതിക്ക് (NGC) 60 മില്യൺ യൂറോയും AGC, RGC പദ്ധതികൾക്കായി 42.11 മില്യൺ യൂറോയും സർക്കാരിന്റെ ഇടപെടലുകൾ വഴി വായ്പ ഇനത്തിൽ ജർമ്മൻ ബാങ്കായ KfW-ൽനിന്നും കുറഞ്ഞ പലിശനിരക്കിൽ കെ.എസ്.ഇ.ബി.എൽ.-ന് അനുവദിച്ചിട്ടുണ്ട്. KIIFB വായ്പയായി നിലവിലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന് ₹1,114.42 കോടി ലഭിച്ചിട്ടുണ്ട്. പ്രസരണമേഖലയിൽ സമഗ്രവികസനം നടപ്പിൽ വരുത്തുന്നതിന് ഇത്തരം ഇടപെടലുകൾ സഹായകരമായിട്ടുണ്ട്.

(ബി) നിലവിൽ വൈദ്യുതി പ്രസരണനഷ്ടം എത്രയാണെന്നും ഈ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ പ്രസരണനഷ്ടം എത്രയായി കുറയ്ക്കാമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിലെ പ്രസരണനഷ്ടം 2.86 ശതമാനമായിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 9.27 ശതമാനമായിരുന്നു.

ഈ സാമ്പത്തികവർഷത്തിലെ രണ്ടാംപാദത്തിലെ കണക്കുകൾപ്രകാരം പ്രസരണനഷ്ടം ഉയർന്ന ഉപഭോഗത്തിന്റെ 3.27 ശതമാനമാണ്. വൈദ്യുതി ശൃംഖല ശക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണലൈനുകളുടെ വോൾട്ടത ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി

ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ ദീർഘകാല പ്രസരണ ആസൂത്രണപദ്ധതി (Long Term Transmission Plan)-ന് അനുസൃതമായി ട്രാൻസ്ഗ്രിഡ് മുഖേനയും CAPEX-ൽ ഉൾപ്പെടുത്തിയും പൂർത്തീകരിക്കുന്നതിലൂടെ പ്രസരണനഷ്ടം ഉയർന്ന ഉപഭോഗത്തിന്റെ 3 ശതമാനത്തിൽ താഴെയായി നിലനിർത്താനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ 5 വർഷക്കാലയളവിലെ വൈദ്യുതി മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി വൈദ്യുതി പ്രസരണനഷ്ടം മുൻവർഷങ്ങളെ അപേക്ഷിച്ച് 15 ശതമാനത്തോളം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രസരണനഷ്ടം കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നായി മാറുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രസരണനഷ്ടം, സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപാദനം, വൈദ്യുതിയുടെ ഉപഭോഗം, പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും പൂർത്തീകരണം എന്നിവയ്ക്കനുസരിച്ച് വ്യത്യാസപ്പെടുന്നതാണ്. വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനും വൈദ്യുത പ്രസരണ ശൃംഖലയും സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുതി ഉപഭോഗത്തിനനുസരിച്ച് വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കുന്നതിനും അതിനനുസൃതമായി പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും വ്യക്തമായ ലക്ഷ്യത്തോടെ ദീർഘകാല പ്രസരണ ആസൂത്രണപദ്ധതി (Long Term Transmission Plan)-ക്ക്

രൂപംനൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ട്രാൻസ്ഗ്രിഡ് 2.0-ന്റെ രണ്ടാംഘട്ടം നടപ്പാക്കിവരുന്നു. ഈ രണ്ടാംഘട്ട പദ്ധതിയിൽ ഗ്രീൻ എനർജി കോറിഡോർ വിഭാഗങ്ങളിലുൾപ്പെടെ 220 കെ.വി. സബ്സ്റ്റേഷനുകൾ (10 എണ്ണം), ഒരു 400 കെ.വി. സബ്സ്റ്റേഷൻ, ഒരു 110 കെ.വി. സബ്സ്റ്റേഷൻ, കൂടാതെ ഏകദേശം 1309 കിലോമീറ്റർ പുതിയ ലൈനുകളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് Uduppi Kasargode Transmission Limited (UKTL) എന്ന കമ്പനി സ്ഥാപിക്കുന്ന 400 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പിള്ളിയിൽ കെ.എസ്.ഇ.ബി.എൽ. നിർമ്മിക്കാനുദ്ദേശിക്കുന്ന 400 kV സബ്സ്റ്റേഷനിലേക്കുള്ള 400 kV ലൈനിന്റെ നിർമ്മാണം ട്രാൻസ്ഗ്രിഡിന്റെ കീഴിൽ നടപ്പാക്കിവരുന്നു. ഹരിതോർജ ഇടനാഴി പദ്ധതിയിൽ (NGC) ഉൾപ്പെടുത്തിയാണ് ടി ലൈൻ നിർമ്മിക്കുന്നത്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഉൽപാദന, പ്രസരണ, വിതരണ മേഖലകളിൽ നിക്ഷേപിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

Year	Generation	Transmission	Distribution	Total (Rs. in crore)
2020-21	261.81	1219.61	1537.86	3019.28
2021-22	483.28	1024.19	1631.28	3138.75

2022-23	329.99	1032.73	1577.53	2940.25
2023-24	427.92	1265.46	1465.23	3158.61
2024-25	323.33	855.99	2050.40	3229.72
Total	**1826.33**	**5397.98**	**8262.3**	**15486.61**

ഈ സർക്കാരിന്റെ കാലയളവിൽ ₹1,709.78 കോടി രൂപ ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആശുപത്രികളിൽ ഈടാക്കുന്ന വൈദ്യുതി നിരക്ക്

290(738) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സഹകരണ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവയിൽനിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക് യൂണിറ്റ് എത്രയെന്ന് സ്ലാബ് തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സഹകരണ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവയിൽനിന്നും ഈടാക്കിയിരുന്ന വൈദ്യുതി നിരക്ക് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ വൈദ്യുതി നിരക്ക് കുടിശ്ശികയുള്ളവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും കുടിശ്ശിക എത്രയെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ നിലവിൽ വൈദ്യുതി നിരക്ക് കുടിശ്ശികയുള്ളവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും കുടിശ്ശിക എത്രയെന്നും അറിയിക്കാമോ?

(ബി&സി) 16-12-2025-ലെ സർക്കാർ ഉത്തരവ് G.O.(MS)No. 160/2025/Fin. പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ (വാട്ടർ അതോറിറ്റി ഉൾപ്പെടെ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, അഗ്രികൾച്ചർ കൺസ്യൂമേഴ്സ് ഇവയുടെ 30-09-2025 വരെയുള്ള വൈദ്യുത ചാർജ് കുടിശ്ശിക കെ.എസ്.ഇ.ബി.എൽ. സർക്കാരിലേക്ക് അടക്കേണ്ടുന്ന ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്തുകൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. ടി കുടിശ്ശിക കെ.എസ്.ഇ.ബി.എൽ.-ന്റെ ബുക്ക്സ് ഓഫ് അക്കൗണ്ട്സിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അഡ്ജസ്റ്റ് ചെയ്തതിനുശേഷമുള്ള കുടിശ്ശികയുടെ വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

എന്നിരുന്നാലും 31-12-2025-ലെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾപ്രകാരം നിലവിൽ കുടിശ്ശികയുള്ള സംസ്ഥാന സർക്കാർ ആശുപത്രികളുടെയും സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജുകളുടെയും സംസ്ഥാന സർക്കാർ സഹകരണ ആശുപത്രികളുടെയും

കൂടിശ്ശികയുടെ വിവരങ്ങൾ അനുബന്ധം –2 ആയും ഇവയുടെ വിശദമായ പട്ടിക അനുബന്ധം -3 ആയി ചേർത്തിട്ടുണ്ട്.+

(ഡി) വൈദ്യുത കൂടിശ്ശിക നിലവിലുള്ളതുകാരണം വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെട്ട സർക്കാർ ആശുപത്രി, സഹകരണ ആശുപത്രി, സ്വകാര്യ ആശുപത്രി എന്നിവയുടെ വിവരവും പ്രസ്തുത ആശുപത്രികൾ വരുത്തിയ കൂടിശ്ശിക എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) പൊതുജനാരോഗ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ആശുപത്രികളുടെ വൈദ്യുതനിരക്ക് ഇളവ് ചെയ്യുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ വിവിധവിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾപ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. നിലവിൽ 05-12-2024-ലെ വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ താരിഫ് ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് വിവിധ ചാർജ്ജുകൾ (ഫിക്സഡ് ചാർജ് ഉൾപ്പെടെയുള്ള) ഈടാക്കിവരുന്നത്. ഇതിൽ ഇളവുകൾ നൽകുന്നതിന് സംസ്ഥാനത്തെ ഒരു വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയുകയില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ വൈദ്യുതി നിയമം- 2003-ലെ 65-ാം വകുപ്പ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് സബ്സിഡി നൽകി സംസ്ഥാന ആരോഗ്യ വകുപ്പിന് സഹകരണ ആശുപത്രികളുടെ വൈദ്യുതി ചാർജിന് മേൽ ഇളവ് അനുവദിക്കാവുന്നതാണ്.

സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാന പദവി നിലനിർത്താൻ നടപടി

291(739) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാന പദവി നേടിയ കേരളം ആയത് നിലനിർത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതുപ്രകാരം എത്രപേർക്ക് വൈദ്യുതി കണക്ഷനുകൾ നൽകി; 2018 മുതൽ 2025 വരെയുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2018 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എ-സി) കെ.എസ്.ഇ.ബി.എൽ

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w

വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർവരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. മേൽ വിഭാഗത്തിലുള്ള ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ ദ്യുതി 1 പദ്ധതിയിൽ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ചുതീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണവും അങ്കണവാടികളുടെ വൈദ്യുതീകരണവും നടപ്പാക്കിയിട്ടുണ്ട്.

കോവിഡ് സമയത്ത് ഗവൺമെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ

വൈദ്യുതീകരണം നടന്നുവരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. പട്ടികവർഗ നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥനപ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ വൈദ്യുതി കണക്ഷനുകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**നൽകിയ കണക്ഷനുകളുടെ എണ്ണം**	**ചെലവായ തുക (കോടി രൂപയിൽ)**
2018-19	7520	5.46
2019-20	14812	15.21
2020-21	29633	29.677
2021-22	21579	23.260
2022-23	18635	21.40
2023-24	18637	21.400

2024-25	14167	18.620
2025-26 (DEC 2025)	8231	11.490
ആകെ	**133214**	**146.52**

അനെർട്ട്

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അനെർട്ട് മുഖേന കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കി.
- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി.
- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.
- അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന

പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- വിദൂര പട്ടികവർഗ കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

- പാലക്കാട് ജില്ലയിലെ താഴെതുടുക്കി, മേലെതുടുക്കി, ഗലസ്സി, ഊരേടം, വയനാട് ജില്ലയിലെ വേലപ്പൻകണ്ടി എന്നീ 5 ഉന്നതികൾ അനെർട്ട് വിൻഡ്-സോളാർ ഹൈബ്രിഡ് സിസ്റ്റം ഉപയോഗിച്ച് വൈദ്യുതീകരിച്ചു.

- പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (PM JANMAN) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 പട്ടികവർഗ ഉന്നതികളിലെ 98 PVTG കുടുംബങ്ങൾക്ക്

  Off-Grid മോഡൽ സൗരോർജ വൈദ്യുതീകരണം നടത്തുന്നതിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 3,94,22,221/- രൂപയുടെ വർക്ക് ഓർഡർ നൽകി. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

- കൂടാതെ നടപ്പ് സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ) മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (ആകെ 15 ഉന്നതികൾ) സൗരോർജമുപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചുവരുന്നുണ്ട്.

മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

292(740) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിൻ കീഴിൽ പൂർത്തീകരിച്ച പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.

മലപ്പുറം മണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. സ്കീമിൽ 22.2 കിലോമീറ്റർ പുതിയ HT എ.ബി.സി. വലിക്കുന്ന പ്രവൃത്തിക്ക് 468.64 ലക്ഷം രൂപയും 4.5 കിലോമീറ്റർ ദൂരം അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിന് 167.83 ലക്ഷം രൂപയും 12.12 കിലോമീറ്റർ ദൂരം HT കണ്ടക്ടർ മാറ്റി എ.ബി.സി. സ്ഥാപിക്കുന്നതിന് 253.19 ലക്ഷം രൂപയും ഏഴര കിലോമീറ്റർ ദൂരം HT കവേർഡ് കണ്ടക്ടർ സ്ഥാപിക്കുന്നതിന് 189.97 ലക്ഷം രൂപയും പുതിയ 7 ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 27.30 ലക്ഷം രൂപയും രണ്ടേകാൽ കിലോമീറ്റർ എൽ.ടി. എ.ബി.സി. ലൈൻ വലിക്കുന്നതിന് 27.86 ലക്ഷം രൂപയും 84.35 കിലോമീറ്റർ എൽ.ടി. ലൈൻ എ.ബി.സി. ലൈൻ ആക്കി മാറ്റുന്നതിന് 812.32 ലക്ഷം രൂപയും 19.4 കിലോമീറ്റർ ദൂരം സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി എ.ബി.സി. ലൈൻ വലിക്കുന്നതിന് 182.42 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 48.48 ലക്ഷം രൂപയിൽ 1.30 കിലോമീറ്റർ അണ്ടർ ഗ്രൗണ്ട്

കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 88.65 ലക്ഷം രൂപയിൽ 3.50 കിലോമീറ്റർ ദൂരം HT കവേർഡ് കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിൽ ദ്യുതി സ്കീമിൽ വ്യത്യസ്ത ഇടങ്ങളിലായി 13.62 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 5.47 കിലോമീറ്റർ HT ABC വർക്ക് പൂർത്തീകരിച്ച് 38 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 12 ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിച്ചു. 37 KM single phase ലൈൻ കൺവെർഷൻ ചെയ്തു. 27000 സ്പേസറുകൾ സ്ഥാപിച്ചു. 7000 Faulty മീറ്ററുകൾ മാറ്റി. 43 KM LT reconductoring നടത്തി. വർക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ പ്രസരണ വിഭാഗത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ലയിലെ M/s. INKEL-ന്റെ സ്ഥലത്ത് 33 കെ.വി വോൾട്ടതയിലുള്ള രണ്ട് 5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുള്ള പുതിയ സബ്സ്റ്റേഷനും അനുബന്ധമായി മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 7.5 കി.മി. നീളത്തിലുള്ള പുതിയ 33 കെ.വി. ലൈനിന്റെയും നിർമ്മാണ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു. ചെല - 9.9 കോടി രൂപ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എലച്ചോല മലപ്പുറം 66 കെ.വി. ലൈൻ 110 കെ.വി. ലൈൻ ആക്കി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. കമ്മിഷൻ ചെയ്തിട്ടില്ല. മലപ്പുറം GIS സബ്സ്റ്റേഷൻ പൂർത്തീകരിക്കുന്നതോടുകൂടി ഈ ലൈനും കമ്മിഷൻ ചെയ്യും - തുക -7.9 കോടി രൂപ.

മലപ്പുറം നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി Rs.80,55,714/- രൂപ ചെലവിൽ 189 kW സ്ഥാപിതശേഷിയിൽ 17 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ച് 100 kW സ്ഥാപിതശേഷിയിൽ 2 സോളാർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ അനെർട്ട് മുഖേന പൂർത്തീകരിച്ച സോളാർ പദ്ധതികളും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(PM KUSUM). കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) NABARD-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

മലപ്പുറം ജില്ലയിലെ മലപ്പുറം മണ്ഡലത്തിൽ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പാക്കിവരുന്നു. അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) -യിലൂടെ മലപ്പുറം ജില്ലയിൽ 2638 പമ്പുകൾക്കുവേണ്ടി 69.97 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ആർ.ഡി.എസ്.എസ് പദ്ധതിയിൽ വിഭാവനംചെയ്ത 36.89 കോടി രൂപയുടെ പദ്ധതികളും ദൃതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 15.71 കോടി രൂപയുടെ പദ്ധതികളും

ദ്യുതി സ്പെഷ്യൽ (മലപ്പുറം പാക്കേജ്) ഉൾപ്പെട്ടിട്ടുള്ള 50.8 കോടി രൂപയുടെ പദ്ധതികളും പൂർത്തീകരിക്കാനുണ്ട്.

മലപ്പുറം സ്പെഷ്യൽ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി 2,234.2 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുടി അനുമതി ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ പാക്കേജിലെ പ്രധാന പ്രവൃത്തികൾ -

1. 1,192.44 ലക്ഷം രൂപയുടെ 39.34 കിലോമീറ്റർ എച്ച്.ടി. ലൈൻ നിർമ്മാണം.

2. നിലവിലുള്ള 63 kVA 100 kVA ആക്കി ഉയർത്തുവാൻ 633.27 ലക്ഷം രൂപ അനുമതിയായിട്ടുണ്ട്.

3. മറ്റ് 55 ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിന് 368.35 ലക്ഷം രൂപയും അനുമതിയായിട്ടുണ്ട്.

4. 48.95 കിലോമീറ്റർ HT ലൈനുകൾ എ.ബി.സി. covered കണ്ടക്ടർ ആക്കി മാറ്റുന്നതിന് 766.7 ലക്ഷം രൂപയും അനുമതിയായിട്ടുണ്ട്.

മലപ്പുറം പാക്കേജിൽ അനുമതി കിട്ടിയ പ്രവൃത്തികളുടെ ടെൻഡർ തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ജില്ലയിലെ M/s. INKEL-ന്റെ സ്ഥലത്ത് 33 കെ.വി. വോൾട്ടേജിലുള്ള രണ്ട് 5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുള്ള പുതിയ സബ്സ്റ്റേഷനും അനുബന്ധമായി മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 7.5 കി.മി. നീളത്തിലുള്ള പുതിയ 33 കെ.വി. ലൈനിന്റെയും നിർമ്മാണം – ലൈൻ നിർമ്മാണം പൂർത്തീകരിച്ചു. ആദ്യ 5 MVA ട്രാൻസ്ഫോർമറോടുകൂടി

താൽക്കാലിക സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്തു. സബ്സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2026 മാർച്ചിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. മലപ്പുറം സബ്സ്റ്റേഷനിൽ നിലവിലുള്ള 16 MVA ട്രാൻസ്ഫോർമർ 25 MVA ആയി ശേഷി വർധിപ്പിച്ചു. മലപ്പുറം സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ട് 12.5 MVA കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകൾ 20 MVA ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മലപ്പുറം 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) നിർമ്മാണം അന്തിമഘട്ടത്തിലാണ്.

അനെർട്ട്

PM KUSUM പദ്ധതിയുടെ ഭാഗമായി മലപ്പുറം മണ്ഡലത്തിൽ ആനക്കയം, മൊറയൂർ, കോഡൂർ, പൂക്കോട്ടൂർ, മലപ്പുറം മുനിസിപ്പാലിറ്റി കൃഷിഭവനുകളിൽ 71 പമ്പുകൾ സൗരോർജവൽക്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 35 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും 27 എണ്ണം വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

(സി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ഭാഗമായി ദൃതി സ്പെഷ്യൽ പാക്കേജിൽ നിലവിലുള്ള 63 kVA 100 kVA ആക്കി ഉയർത്തുവാൻ 633.27 ലക്ഷം രൂപ അനുമതിയായിട്ടുണ്ട്. മറ്റ് 55 ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിന് 368.35 ലക്ഷം രൂപയും അനുമതിയായിട്ടുണ്ട്. ആർ.ഡി.എസ്.എസ്. പദ്ധതിയിൽ പുതിയ 7 ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 27.30 ലക്ഷം രൂപയും 19.4 കിലോമീറ്റർ ദൂരം സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി എ.ബി.സി. ലൈൻ വലിക്കുന്നതിന് 182.42 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ദൃതി പദ്ധതിയിൽ ഉൾപ്പെട്ട വർക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ഡി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

പ്രവൃത്തികൾ പദ്ധതി കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

അനെർട്ട്

അനെർട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) 2026 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈൻ

293(741) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി പഞ്ചായത്തുകൾ പണമടച്ച് കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്.

നിലവിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ 76.89 കി.മി. സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി ചുങ്കത്തറ, അമരമ്പലം, കരുളായി, ചാലിയാർ ഗ്രാമപഞ്ചായത്തുകളും നിലമ്പൂർ മുനിസിപ്പാലിറ്റിയും 54,34,216/- രൂപ കെ.എസ്.ഇ.ബി.-യിൽ ലഭ്യമാക്കിയതിൽ 41 കി.മീ. സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുണ്ട്. ബാക്കിയുള്ള 35.89 കി.മി. വലിക്കാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

294(742) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മാസംമുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾവഴി നടപ്പാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

2016 മേയ് മാസംമുതൽ നാളിതുവരെ വിതരണ വിഭാഗത്തിൽ കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾവഴി നടപ്പാക്കിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

1. പൂർത്തീകരിച്ച പദ്ധതികൾ (36 കോടി 43 ലക്ഷം രൂപയുടെ പ്രവൃത്തികൾ)

പദ്ധതി	തുക (Rs in Lakhs)
DDUGJY	200.755
IPDS	118.81
RDSS Package 1 & 2	114.00
ദൃതി 1 (2018-2022)	1665.89
ദൃതി 2 (2022-2025)	1228.00
സൗര ഫേസ് - 1	64.19855
സമ്പൂർണ്ണ വൈദ്യുതീകരണം 2017	56.64285
BPL കണക്ഷൻ	130.85
EV ചാർജിങ് സ്റ്റേഷൻ	3.0679
പുതിയ ഓഫീസ് കെട്ടിടം	60.84546

ആകെ തുക (In Lakhs)	**3643.06**

2. പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (5 കോടി 79 ലക്ഷം രൂപയുടെ പ്രവൃത്തികൾ)

കായംകുളം നിയോജകമണ്ഡലത്തിൽ 2025-26 കാലയളവിൽ ദ്യുതി 2.0-ൽ 4 വർക്കുകളിലായി 23 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ RDSS റീജിയണൽ പാക്കേജിൽ 32 വർക്കുകളിലായി 556 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കായംകുളം നിയോജകമണ്ഡലത്തിൽ സൗരഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 94,95,000/- (തൊണ്ണൂറിനാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ ചെലവിൽ 211 kW സ്ഥാപിതശേഷിയിൽ 20 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

കായംകുളം നിയമസഭാമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസരണമേഖലയിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

A. നിലവിലുണ്ടായിരുന്ന 33 കെ.വി. സബ്സ്റ്റേഷൻ കറ്റാനം, 110 കെ.വി. നിലവാരത്തിൽ 66 കെ.വി.-ആയി ശേഷി വർധിപ്പിച്ചു. ഇതിനായി നിലവിലുള്ള മാവേലിക്കര-കരുനാഗപ്പള്ളി 66 കെ.വി. ലൈനിലെ മോളേത്ത് ചർച്ച് എന്ന

ലൊക്കേഷനിൽനിന്നും 3.65 കി.മീ. 66 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ 110 കെ.വി. നിലവാരത്തിൽ വലിക്കുകയുണ്ടായി. പദ്ധതിക്ക് 11 കോടി 13 ലക്ഷം രൂപ ചെലവഴിച്ചു.

B. 110 കെ.വി. സബ്സ്റ്റേഷൻ, കായംകുളത്തെ നിലവിലുണ്ടായിരുന്ന 10 എം.വി.എ. വീതം ശേഷിയുള്ള രണ്ട് 110/11 ട്രാൻസ്ഫോർമറുകൾ 12.5 എം.വി.എ. വീതം ശേഷിയുള്ളതാക്കി. ഇതോടെ കായംകുളം സബ്സ്റ്റേഷൻ ശേഷി നിലവിലുണ്ടായിരുന്ന 32.5 എം.വി.എ.-യിൽ നിന്നും 37.5 എം.വി.എ. ആയിട്ടുണ്ട്. ഇതിനായി 215.7 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

C. കായംകുളം 110 കെ.വി. സബ്സ്റ്റേഷനിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്.-ൽ ഉൾപ്പെടുത്തി 13.88 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കി.

D. കറ്റാനം 66 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 66/11 കെ.വി. 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സ്റ്റേഷൻ കപ്പാസിറ്റി നിലവിലെ 20 എം.വി.എ.-യിൽ നിന്നും 30 എം.വി.എ. ആക്കുന്ന 206 ലക്ഷം രൂപ പ്രോജക്ട് തുക വരുന്ന പദ്ധതി അന്തിമഘട്ടത്തിലുമാണ്.

<u>അനെർട്ട്</u>

2016 മേയ് മാസംമുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി ആലപ്പുഴ ജില്ലയിൽ തിരഞ്ഞെടുത്ത ദേവികുളങ്ങര പഞ്ചായത്തിലെ 19 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കാനും എൽ.പി.ജി. ഉപയോഗം കുറയ്ക്കാനും സാധിക്കുന്നതാണ്. 19 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി 1,78,467/-രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

മണിയൂർ സബ്സ്റ്റേഷൻ

295(743) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണിയൂരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് LARR 2013 ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് ഗവൺമെന്റ് ഓർഡർ 01-11-2025-ന് നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ഇ.ബി.എൽ. ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) മണിയൂർ സബ്സ്റ്റേഷനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സ്ഥലമേറ്റെടുപ്പ് നടപടികൾ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ കൊയിലാണ്ടി സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നടന്നുവരികയാണ്.

(സി) മണിയൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മണിയൂർ കീഴൽ പ്രദേശത്ത് പുതുതായി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുവഴി തിരുവള്ളൂർ, മണിയൂർ, തോടന്നൂർ, മേമുണ്ട, വടകര തുടങ്ങിയ സ്ഥലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

പാലക്കാട് ജില്ലയിലെ വൈദ്യുതി ബോർഡിന് കീഴിലുള്ള സെക്ഷൻ ഓഫീസുകൾ

296(744) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വൈദ്യുതി ബോർഡിന് കീഴിൽ എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ വൈദ്യുതി ബോർഡിനുകീഴിലിള്ള സെക്ഷൻ ഓഫീസുകളുടെ എണ്ണം- 68

ക്രമ നം.	നിയോജകമണ്ഡലം	സെക്ഷൻ ഓഫീസ്
1	പാലക്കാട്	പറളി, മേലാമുറി, സുൽത്താൻപേട്ട, ബിഗ്ബസാർ, കൽപ്പാത്തി, മരുതറോഡ്, ഒലവക്കോട് (7)
2	മലമ്പുഴ	മലമ്പുഴ, കഞ്ചിക്കോട്, വാളയാർ, എലപ്പുള്ളി, (4)
3	കോങ്ങാട്	കോങ്ങാട്, കടമ്പഴിപ്പുറം, മുണ്ടൂർ, പത്തിരിപാല, പറളി (5)
4	ആലത്തൂർ	ആലത്തൂർ, കുനിശ്ശേരി, കുഴൽമന്ദം, മുടപ്പല്ലൂർ കിഴക്കഞ്ചേരി (5)
5	നെന്മാറ	നെന്മാറ, കയറാടി, കൊടുവായൂർ, പുതുനഗരം, വടവന്നൂർ, കൊല്ലങ്കോട്, മുതലമട, നെല്ലിയാമ്പതി (8)
6	തരൂർ	കുത്തനൂർ, കോട്ടായി, പാട്ടൂർ, പുതുക്കോട്, വടക്കഞ്ചേരി (5)
7	ചിറ്റൂർ	ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, വേലന്താവളം, വണ്ടിത്താവളം, തത്തമംഗലം (5)
8	ഷൊർണ്ണൂർ	ഷൊർണ്ണൂർ, വാണിയംകുളം, ചെർപ്പുളശ്ശേരി, കോതകുറുശ്ശി, പേങ്ങാട്ടിരി (5)
9	ഒറ്റപ്പാലം	ഒറ്റപ്പാലം, ലക്കിടി, അമ്പലപ്പാറ, ശ്രീകൃഷ്ണപുരം (4)
10	പട്ടാമ്പി	പട്ടാമ്പി, ഓങ്ങല്ലൂർ, വല്ലപ്പുഴ, മുതുതല, തിരുവേഗപ്പുറ, കൊപ്പം, വിളയൂർ (7)
11	തൃത്താല	കൂട്ടുപാത, പെരിങ്ങോട്, കുമ്പിടി, ചാലിശ്ശേരി, തൃത്താല,

		പടിഞ്ഞാറങ്ങാടി (6)
12	മണ്ണാർക്കാട്	മണ്ണാർക്കാട്, കുമരംപുത്തൂർ, തച്ചമ്പാറ, അലനല്ലൂർ, കാഞ്ഞിരപ്പുഴ, അഗളി, കോട്ടത്തറ (7)

(ബി) പ്രസ്തുത ഓഫീസുകളിൽ ആരെങ്കിലും സ്ഥിരമായി അഞ്ച് വർഷത്തിൽ കൂടുതലായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി നോക്കുന്നുണ്ടോ; എങ്കിൽ ഏത് ഓഫീസിലെന്നും എത്ര വർഷമായി പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുവരുന്നുമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

അഞ്ച് വർഷത്തിൽ കൂടുതലായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്യുവരുന്നവരുടെ വിവരം.

ക്രമ നം.	സെക്ഷൻ ഓഫീസ്	കാലയളവ്
1	സുൽത്താൻപേട്ട	2020 മുതൽ
2	ഒലവക്കോട്	2020 മുതൽ
3	കോങ്ങാട്	2017 മുതൽ
4	വാണിയംകുളം	2020 മുതൽ
5	പട്ടാമ്പി	2017 മുതൽ
6	ചാലിശ്ശേരി	2018 മുതൽ
7	അലനല്ലൂർ	2020 മുതൽ

വൈദ്യുതി ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

297(745) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. ഷംസുദ്ദീൻ:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോ?

(എ&ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായ സാഹചര്യങ്ങളിൽ സ്ഥിരജീവനക്കാരുടെ കുറവുണ്ടാകുന്ന ഓഫീസുകളിൽ ഈ കുറവ് കാരണമുണ്ടാകുന്ന അധിക പ്രവൃത്തികൾ വർക്ക് കോൺട്രാക്ടായി നൽകി ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്ന രീതിയാണ് കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ളത്. ആയതിനാൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറില്ല.

(സി) വൈദ്യുത അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി.-യിലെ ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി കുടിശ്ശിക

298(746) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിന്റെ നിലവിലെ വൈദ്യുതി കുടിശ്ശികയുടെ ആകെ തുക എത്രയാണെന്നും ഈ കുടിശ്ശിക ഏത് കാലയളവിലേതാണെന്നും അറിയിക്കാമോ?

ആകെ കുടിശ്ശിക - 94,95,355/- രൂപ (08/2025 മുതൽ 01/2026 വരെ)

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം നിലച്ചുപോകാതിരിക്കാനും തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാനും വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി യുക്തിസഹമായ സാവകാശവും തവണകളായ അടവുസൗകര്യവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുടിശ്ശികയുടെ നിശ്ചിത ശതമാനം ഉടനടി അടവാക്കുന്നപക്ഷം ബാക്കി കുടിശ്ശിക മാസ തവണകളായി അടയ്ക്കാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) സമാന സാഹചര്യങ്ങളിൽ മറ്റ് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾക്ക് വൈദ്യുതി കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതേ

മാനദണ്ഡം കോട്ടയം ടെക്സ്റ്റൈൽസിനും ബാധകമാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിന് (LCN 6/615) 2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കുടിശ്ശികയ്ക്ക് തവണകളായി അടയ്ക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുതി കുടിശ്ശിക കാരണം കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി വിച്ഛേദനം സംഭവിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത്തരം അവസ്ഥ ഒഴിവാക്കുന്നതിനായി അടിയന്തരമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

94 ലക്ഷം രൂപ കുടിശ്ശികയുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ആകെ കുടിശ്ശികയുടെ നിശ്ചിത ശതമാനം അടച്ച് ബാക്കിയുള്ള തുക തവണകളാക്കി അടയ്ക്കാൻ അപേക്ഷിക്കാവുന്നതാണ്. എന്നാൽ തവണകളിൽ വീഴ്ചവരുത്തുന്നത് ഉടനടി വൈദ്യുതി വിച്ഛേദനത്തിന് കാരണമാകുന്നതുമാണ്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ മലപ്പുറം പാക്കേജിന്റെ പുരോഗതി

299(747) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ഇനംതിരിച്ച് വിശദമാക്കാമോ?

2024-25 വർഷത്തെ വർക്കുകൾ മലപ്പുറത്തെ മൂന്ന് ഇലക്ട്രിക്കൽ സർക്കിളുകളിലായി വിവിധ പാക്കേജുകൾ രൂപീകരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2025-26, 2026-27 തുടങ്ങിയ വർഷങ്ങളിലെ പ്രവൃത്തികൾ നിലവിലെ സാഹചര്യത്തിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 20-12-2025-ലെ കെ.എസ്.ഇ.ബി.എൽ. ബോർഡ് ഉത്തരവുപ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ നിന്നും ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ - 81 എണ്ണം
2. LT AB കേബിൾ - 169.24 കി.മീ.
3. HT AB കേബിൾ - 13.9 കി.മീ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 23 എണ്ണം

5. HT റീകണ്ടക്ടറിങ് (കവേർഡ് കണ്ടക്ടർ ഉപയോഗിച്ച്) - 20.21 കി.മീ.

6. ഭൂഗർഭ HT കേബിൾ - 3.9 കി.മീ.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിൽ 1, 2 യഥാക്രമം 32 എണ്ണവും 72.54 കി.മീ.-ഉം ഇതിനകം ടെൻഡർ ചെയ്തിട്ടുണ്ട്.

(സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് കരിമ്പിൽ ഭാഗത്തും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ തീരദേശത്തും 11 കെ.വി. വൈദ്യുതിലൈൻ സ്വകാര്യസ്ഥലത്ത് അപകടകരമായ രൂപത്തിൽ വീടുകൾക്കടുത്തുകൂടി കടന്നുപോകുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഈ ലൈനുകൾ റോഡിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന പ്രവൃത്തി മലപ്പുറം പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; വിശദമാക്കാമോ?

പരപ്പനങ്ങാടി നഗരസഭയിലെ അങ്ങാടി ബീച്ച് ഭാഗത്ത് നിലവിലുള്ള HT ലൈനുകൾ തീരദേശ റോഡിലൂടെയാണ് കടന്നുപോകുന്നത്. ഇത് ABC ഉപയോഗിച്ചാണ് വലിച്ചിട്ടുള്ളത്. LT ലൈനുകൾ ജനവാസ മേഖലയിലൂടെയാണ് സർവീസ് കണക്ഷനുകൾ കൊടുക്കുന്നതിന്റെ ഭാഗമായി പോയിട്ടുള്ളത്. പ്രസ്തുത ഭാഗത്തെ HT/LT ലൈനുകൾ AB കേബിളുകളാണ്. അതിനാൽ അപകടസാധ്യത കുറവാണ്. വെന്നിയൂർ സെക്ഷന്റെ പരിധിയിൽപ്പെട്ട തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് കരിമ്പിൽ ഭാഗത്തെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലൂടെ കടന്നുപോകുന്ന 11 കെ.വി. ലൈനിന്റെ റീകണ്ടക്ടറിങ് വർക്ക്

പൂർത്തീകരിച്ചതാണ്. കൂടാതെ അപകടസാധ്യതയുള്ള പോളുകൾ എല്ലാം തന്നെ A ടൈപ്പ് പോൾ ഉപയോഗിച്ച് മാറ്റിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളുടെ അപേക്ഷപ്രകാരം ചില ഭാഗങ്ങളിൽ അപേക്ഷകൾക്കനുസരിച്ച് ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി HT ലൈൻ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ HT ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് Rs.12,53,092/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വിവിധ സമയങ്ങളിൽ സമർപ്പിച്ചതാണ്. ഈ വർക്ക് Shifting വർക്ക് ആയതിനാൽ മലപ്പുറം പാക്കേജിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) അപകട സാധ്യത വളരെ കൂടുതലുള്ള ഈ രണ്ട് ലൈനുകളും റോഡിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് തിരൂരങ്ങാടി എം.എൽ.എ. നൽകിയ നിവേദനങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

കരിമ്പിൽ ഭാഗത്തെ HT ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് Rs.12,53,092/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

(ഇ) മേല്പറഞ്ഞ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ വ്യക്തികളുടെ പറമ്പിലൂടെ കടന്നുപോകുന്ന എച്ച്.ടി. ലൈൻ ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. കൂടാതെ ഇത്തരം പ്രവൃത്തി NH 66-ലേക്ക് മാറ്റി സ്ഥാപിക്കുന്ന വിധത്തിൽ ആണെങ്കിൽ NHAI-യുടെ മുൻകൂർ അനുമതി

വാങ്ങേണ്ടതുണ്ട്. പോസ്റ്റുകൾക്ക് ആവശ്യമായ സ്ഥലം സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ സമ്മതവും ആവശ്യമാണ്.

ഇ.വി. ചാർജിങ് സ്റ്റേഷനുകൾ

300(748) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്കായി എത്ര ഇ.വി. ചാർജിങ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്കായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾമൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

അനെർട്ട്

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്കായി ആകെ 55 ഇ.വി. ചാർജിങ് സ്റ്റേഷനുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. അനെർട്ട് സ്വന്തമായും സർക്കാർ സ്ഥാപനങ്ങളുമായി ചേർന്ന് 28 ചാർജിങ് സ്റ്റേഷനുകളും ഇതുകൂടാതെ റെസ്റ്റോറന്റുകൾ/ഹോട്ടലുകൾ മറ്റ് സ്വകാര്യ വ്യക്തികൾ എന്നിവർക്ക് സംസ്ഥാന

സർക്കാരിന്റെ സബ്സിഡി നൽകിക്കൊണ്ട് 27 ചാർജിങ് സ്റ്റേഷനുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്.

(ബി) തൃശൂർ നിയോജകമണ്ഡലത്തിൽ എത്ര ചാർജിങ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

തൃശൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 5 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അഴീക്കോട് മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ

301(749) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-26 കാലഘട്ടത്തിൽ അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ്/ബോർഡ് മുഖേന നടപ്പാക്കിയ പദ്ധതികൾ, പ്രവൃത്തി പുരോഗമിക്കുന്നവ, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ തരംതിരിച്ച് തുക ഉൾപ്പെടെ വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴീക്കോട് നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 84,92,000/- രൂപ ചെലവിൽ 193 kW സ്ഥാപിതശേഷിയിൽ 11 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

2021-26 കാലഘട്ടത്തിൽ അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പ്രസരണ വിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

110kV സബ്സ്റ്റേഷനിൽ RDSS സ്കീമിൽ 8km കവേർഡ് കണ്ടക്ടർ വലിക്കാനുള്ള പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. അടങ്കൽ തുക 4.55 കോടി രൂപ. അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അനെർട്ട്

2021-26 കാലഘട്ടത്തിൽ അഴീക്കോട് മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ എല്ലാ പദ്ധതികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയായി ചെയ്തുവരുന്നു. അഴീക്കോട് നിയോജകമണ്ഡലത്തിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും നാറാത്ത് ഗ്രാമപഞ്ചായത്ത് കാക്കാത്തുരുത്തി അങ്കണവാടിയിലും ഓൺഗ്രിഡ് സൗരോർജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

2. SSK SOLAR PROJECT

അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിപ്രകാരം SSK-യുടെ ഫണ്ട് ഉപയോഗിച്ച് ഫേസ്-2 പ്രോജക്ട്-ജി.യു.പി. പാപ്പിനിശ്ശേരി വെസ്റ്റ് സ്കൂളിൽ 3 കിലോവാട്ട് ഓൺഗ്രിഡ് സൗരോർജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

SSA PHASE -II			
Sl. No.	**Institution**	**Capacity**	**Status**
1	GUPS Pappinissery west	3 kW	Commissioned
2	GMUPS Kattampally	3 kW	Commissioned

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ സേഫ്റ്റി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

302(750) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സേഫ്റ്റി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ സേഫ്റ്റി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനമെടുത്തിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മേൽ തീരുമാനം ഉൾപ്പെട്ട ബോർഡ് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ആവശ്യമായ തുക എത്രയാണെന്നും ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ആവശ്യമായ തുകയും മറ്റ് ഭൗതികസൗകര്യങ്ങളും കണക്കാക്കുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

303(751) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയത്; ചെലവഴിച്ച തുക, പൂർത്തികരിച്ച തീയതി എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുത വകുപ്പ് വിതരണവിഭാഗം മുഖേന ദ്യുതി, PPS എന്നീ പദ്ധതികളിലായി 1567.22 ലക്ഷം രൂപയുടെ വർക്കുകൾ ചെയ്തിട്ടുണ്ട്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ ശേഷി ഉയർത്തൽ, 11 Kv & LT ലൈൻ നിർമ്മാണം, നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുക, സ്ട്രീറ്റ് ലൈൻ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായാണ് ടി തുക വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ എം.എൽ.എ. ഫണ്ടിലൂടെ 68,588/- രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ പ്രവൃത്തികളും 29-12-2025-നുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ദ്യുതി, പി.പി.എസ്. പദ്ധതികൾപ്രകാരം ചെയ്ത വർക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

എം.എൽ.എ. ഫണ്ട് - 4 പോസ്റ്റും 148 മീറ്റർ ABC-ഉം വലിച്ച് തോട്ടത്തോട് മിനിമാസ്റ്റ് ലൈറ്റിന് കണക്ഷൻ കൊടുത്തു. ചെലവഴിച്ച തുക – 68,588/- രൂപ

പ്രസരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ:

ക്രമ നം.	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	നിലവിലെ സ്ഥിതി
1	66 കെ.വി. സബ്സ്റ്റേഷൻ ആലപ്പുഴ 110 കെ.വി.-യിലേക്ക് ഉയർത്തുന്ന ജോലി	10 കോടി 0.29 ലക്ഷം രൂപ	നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു
2	അനുബന്ധ ആലപ്പുഴ - പൂപ്പള്ളി ലൈൻ നിർമ്മാണം – (9 km)	10 കോടി 97 ലക്ഷം രൂപ	നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു
3	66 കെ.വി. സബ്സ്റ്റേഷൻ പാതിരപ്പള്ളി, 10 എം.വി.എ. ശേഷി വർധിപ്പിക്കൽ	24 ലക്ഷം രൂപ	പൂർത്തീകരിച്ചു 17-05-2025

കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിലുൾപ്പെടുത്തി Rs.32,80,000/- (മുപ്പത്തി രണ്ട് ലക്ഷത്തി എൺപതിനായിരം) രൂപ ചെലവിൽ 73 kW സ്ഥാപിതശേഷിയിൽ

12 പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13,50,000/- (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപ ചെലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

30 kW സ്ഥാപിതശേഷിയിൽ ഒരു സോളാർ പ്ലാന്റും കമ്മിഷൻ ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച തീയതി 28-10-2022.

ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ, ചെലവഴിച്ച തുക, പൂർത്തീകരിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

എനർജി മാനേജ്മെന്റ് സെന്റർ

എനർജി മാനേജ്മെന്റ് സെന്റർ (EMC) ആലപ്പുഴ നിയമസഭാ മണ്ഡലത്തിലെ കക്കക്കായൽ പാടശേഖരത്തിൽ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഊർജകാര്യക്ഷമത കുറഞ്ഞ പെട്ടി & പറ സംവിധാനത്തിന് പകരമായി ഊർജകാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബൈൻ പമ്പ് സ്ഥാപിച്ചു. പ്രസ്തുത പദ്ധതി 2023 ഫെബ്രുവരിയിൽ വിജയകരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. പദ്ധതിക്കായി ചെലവഴിച്ച 18.76 ലക്ഷം രൂപ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) മുഖേന ലഭിച്ചതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണലൂർ_മണ്ഡലത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

304(752) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ ആകെ 4.61 കോടിയുടെ 116 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 3.59 കോടിയുടെ 99 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സെക്ഷൻ പരിധി	എണ്ണം
അരിമ്പൂർ	9
പറപ്പൂർ	9
പാവറട്ടി	14
വാടാനപ്പിള്ളി	11
കണ്ടശ്ശാംകടവ്	16
വെങ്കിടങ്ങ്	25
കേച്ചേരി	11

കുനമ്മൂച്ചി	4
ആകെ	**99**

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ?

4.61 കോടിയുടെ 116 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 3.59 കോടിയുടെ 99 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ ഇനിയും വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ട്രാൻസ്ഫോർമറുകൾ 17 എണ്ണം സ്ഥാപിക്കുന്നതിനായി 11 കെ.വി. ലൈനുകളും എൽ.ടി.ലൈനുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ഡി) മണലൂർ മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ പുതിയതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സെക്ഷൻ പരിധി	**എണ്ണം**
അരിമ്പൂർ	3
വാടാനപ്പിള്ളി	3

കണ്ടശ്ശാംകടവ്	2
വെങ്കിടങ്ങ്	4
കേച്ചേരി	3
ക്കനമ്മൂച്ചി	2
ആകെ	**17**

കക്കയം പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം

305(753) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കക്കയം പവർ ഹൗസിലേക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വ്യക്തമാക്കാമോ?

കക്കയം പവർ ഹൗസിലേക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കുന്ന വേളയിൽ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (KAES)-നുവേണ്ടി രണ്ടാമത്തെ പെൻസ്റ്റോക്ക് സ്ഥാപിച്ചപ്പോൾ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ലഭ്യമായ രേഖകൾപ്രകാരം 6.55 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുകയും അതിൽ 1.65 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ അധീനതയിലാണെന്ന വാദം അംഗീകരിക്കുകയും ടി ഭൂമി ഒരു ലീസ് എഗ്രിമെന്റ് പ്രകാരം 18.90 ലക്ഷം രൂപ വനം വകുപ്പിന് നൽകി പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുകയും ചെയ്തിരുന്നു. ടി 1.65 ഹെക്ടർ കൈവശംവച്ച് അനുഭവിച്ചിരുന്ന വ്യക്തികൾക്ക്

ഭൂമിയിൽ അതുവരെ അവർ നടത്തിയെന്ന് അവകാശപ്പെട്ടിരുന്ന 'ഭൂമി മെച്ചപ്പെടുത്തൽ' കണക്കിലെടുത്തുകൊണ്ട് ബോർഡ് ഉത്തരവുപ്രകാരം Rs.10,70,000/-യും അന്ന് നൽകുകയുണ്ടായി.

എന്നാൽ ഏറ്റെടുത്ത 1.65 ഹെക്ടർ ഭൂമി വനം വകുപ്പിന്റെ കീഴിലുള്ളതല്ലെന്ന് അറിയിച്ചുകൊണ്ട് 12-04-2022-ലെ കത്ത് വനം വകുപ്പ് കെ.എസ്.ഇ.ബി.എൽ.-ന് നൽകി. ഇതുപ്രകാരം 1.65 ഹെക്ടർ ഭൂമിയുടെ വില സെന്റിന് 4900/- രൂപ എന്ന നിരക്കിൽ സ്വകാര്യഭൂവുടമകൾക്ക് അന്ന് നൽകിയ 10,70,000/- രൂപ കഴിച്ച് നൽകേണ്ടതുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അനെർട്ടിലെ അഴിമതി ആരോപണങ്ങൾ

306(754) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനെർട്ടിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കമ്മിറ്റികളെയാണ് ഊർജ വകുപ്പ് നിയമിച്ചിരുന്നത്; ഈ കമ്മിറ്റികളെ നിയമിച്ച ഉത്തരവുകളുടെയും അവർ സമർപ്പിച്ച റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ട്. അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേത്തുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് 21-04-2025-ലെ സ. ഉ. (സാധാ) 89/2025/ഊ.വ. നമ്പർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+). അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

കൂടാതെ അനെർട്ട് വഴി നടപ്പാക്കിയ പി.എം. കുസും പദ്ധതികളെക്കുറിച്ച് പത്രമാധ്യമങ്ങളിലും മറ്റും വരുന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി 25-10-2025-ന് സ.ഉ. (സാധാ) 221/2025/ഊ.വ. ഉത്തരവുപ്രകാരം ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+). പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധനയിലാണ്.

അനെർട്ടിലെ താൽക്കാലിക നിയമനം

307(755) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ പേര്, തസ്തിക, നിയമന തീയതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിലും ജില്ലാ കാര്യാലയങ്ങളിലുമായി ടെക്നിക്കൽ - നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ ആകെ 44 താൽക്കാലിക ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഇവരുടെ പേര്, തസ്തിക, നിയമന തീയതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ, അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ Pearl Security & Facility Management Services Pvt. Ltd. ഏജൻസി മുഖേന 4 ശുചീകരണ ജീവനക്കാരും Lion Protective Force ഏജൻസി മുഖേന 3 സെക്യൂരിറ്റി ജീവനക്കാരും ജോലി ചെയ്യുന്നു. തിരുവനന്തപുരം ഒഴികെയുള്ള 13 ജില്ലാ ഓഫീസുകളിലായി കുടുംബശ്രീ മുഖേന 13 പാർട്ട് ടൈം സ്വീപ്പർമാരും പ്രവർത്തിച്ചുവരുന്നു. അനെർട്ടിന്റെ കേന്ദ്രകാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും ഇ.വി. ചാർജിങ് സ്റ്റേഷന്റെ മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് കസ്റ്റമർ കെയർ സപ്പോർട്ടിനായി 5 ടെക്നീഷ്യൻമാരുടെ സേവനം REC (റിന്യൂവബിൾ എനർജി കെയർ) വഴി നൽകിവരുന്നു.

(ബി) പ്രസ്തുത ജീവനക്കാരുടെ വേതനം അവർക്ക് നേരിട്ട് നൽകുന്നതിന് പകരം നിയമനം നടത്തിയ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേനയാണ് നൽകുന്നതെങ്കിൽ ജീവനക്കാരുടെ പേര്, തസ്തിക, നിയമന തീയതി, പ്രതിമാസം നൽകുന്ന തുക, ഈ സ്ഥാപനങ്ങളെയും ഏജൻസികളെയും തിരഞ്ഞെടുത്ത മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ.വി. ചാർജിങ് സ്റ്റേഷന്റെ മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് വേതനം, നിയമനം നടത്തിയ ഏജൻസിയായ REC (റിന്യൂവബിൾ എനർജി കെയർ) വഴിയാണ് നൽകിവരുന്നത്. ഇത്തരം ജീവനക്കാരുടെ പേര്, തസ്തിക, നിയമന തീയതി, പ്രതിമാസം നൽകുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ചേർക്കുന്നു.

അനെർട്ട് സ്ഥാപിച്ച പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനുകൾക്ക് 24x7 കസ്റ്റമർ കെയർ സപ്പോർട്ട് ആവശ്യമായതിനാൽ പരിചയ സമ്പന്നരായ ടെക്നീഷ്യൻമാരെയാണ് ആവശ്യം. ആയതിനാലാണ് കസ്റ്റമർ കെയർ സപ്പോർട്ടിനായി അനെർട്ടിന്റെ സൗരോർജ സംവിധാനങ്ങളുടെയും സൗരോർജ പ്ലാന്റുകളുടെയും ഇ.വി. ചാർജിങ് സ്റ്റേഷനുകളുടെയും അറ്റകുറ്റപ്പണികൾക്കും പരിപാലനങ്ങൾക്കുമായി കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിയമിച്ച ഊർജമിത്ര സെന്ററുകളുടെ കൺസോർഷ്യമായ REC (റിന്യൂവബിൾ എനർജി കെയർ)-നെ തിരഞ്ഞെടുത്തത്.

ശുചീകരണ ജീവനക്കാരെ ലഭ്യമാക്കുന്ന Pearl Security & Facility Management Services Pvt. Ltd. മുഖേന ലഭ്യമാക്കുന്ന 4 ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് പ്രതിമാസം 89,754/- രൂപ (ജി.എസ്.ടി. ഉൾപ്പെടെ) ഏജൻസിക്ക് കൈമാറുന്നതാണ്. Lion Protective Force എന്ന ഏജൻസിക്ക് 3 സെക്യൂരിറ്റി ജീവനക്കാരുടെ വേതനമായി 79,793/- രൂപ (ജി.എസ്.ടി. ഉൾപ്പെടെ) നൽകുന്നു. ടി ജീവനക്കാരെ നൽകുന്നതിന് ഏജൻസികളുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട് ഒരു വർഷത്തെ കരാറിലാണ് എർപ്പെട്ടിട്ടുള്ളത്. കേരള സർക്കാരിന്റെ e-tender portal-ൽ വിജ്ഞാപനം പുറപ്പെടുവിച്ച് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഏജൻസികളെ തിരഞ്ഞെടുത്തിരിക്കുന്നത്.

പി.എം.-കുസും പദ്ധതി

308(756) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.-കുസും പദ്ധതിപ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഓരോ കമ്പനികൾക്കും അനുവദിച്ച പ്ലാന്റുകളുടെ ശേഷിയും പ്രസ്തുത കമ്പനികൾ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും ഓരോ കമ്പനികൾക്കും അനുവദിച്ച തുകയുടെയും വിവരം ലഭ്യമാക്കാമോ?

പി.എം.-കുസും ഘടകം സി ഫീഡർ ലെവൽ സോളറൈസേഷൻ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ., 14 സ്ഥലങ്ങളിലായി ആകെ 11 MW-ന്റെ സോളാർ പദ്ധതികൾ M/s INKEL Limited-ന് EPC കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. 12 സ്ഥലങ്ങളിൽ 5.5 MW-ന്റെ പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 5.5 MW-ന്റെ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. എല്ലാ നികുതികളും ഉൾപ്പടെ 62.59 കോടി രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

പി.എം.-കുസും പദ്ധതിപ്രകാരം അനെർട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഓരോ കമ്പനികൾക്കും അനുവദിച്ച പ്ലാന്റുകളുടെ ശേഷിയും പ്രസ്തുത കമ്പനികൾ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും ഓരോ കമ്പനികൾക്കും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം സൺടാസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ്, എ.ജെ. ഇൻഫ്രാ സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ 2025 ആഗസ്റ്റ് മാസം എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പേയ്മെന്റ് ഉത്തരവുകളുടെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പി.എം.-കുസും പദ്ധതിയുമായി ബന്ധപ്പെട്ട് സൺടാസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ്, എ.ജെ. ഇൻഫ്രാ സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ 2025 ആഗസ്റ്റ് മാസം നൽകിയ തുകയുടെ വിശദാംശവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പേയ്മെന്റ് ഉത്തരവുകളുടെയും അവ പ്രതിപാദിക്കുന്ന ഫയൽ കുറിപ്പുകളുടെ പകർപ്പുകളും അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ വ്യവസ്ഥ പ്രകാരം സ്ഥാപിച്ച പ്ലാന്റുകളെ സംബന്ധിച്ച് കമ്പനികൾ അനെർട്ടിൽ സമർപ്പിക്കേണ്ട ക്വാർട്ടർലി പ്രിവന്റീവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവയുടെ ഫോർമാറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ടിന്റെ ഫോർമാറ്റ് അനുബന്ധമായി+ ചേർക്കുന്നു. ജനറേഷൻ ഡാറ്റ പ്രത്യേകമായി ലഭ്യമാക്കാൻ ഫോർമാറ്റൊന്നും നൽകിയിട്ടില്ല.

(ഡി) എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ സ്ഥാപിച്ച ഏഴ് കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾക്ക് കമ്പനികൾ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ടിന് സമർപ്പിച്ച ഇൻഷ്വറൻസ് പോളിസി, വാർഷിക പ്രീമിയം പേയ്മെന്റ് രസീത്, പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ കമ്മിഷനിങ് ചെയ്ത ഏഴ് കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾക്ക് കമ്പനികൾ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ടിന് സമർപ്പിച്ച ഇൻഷ്വറൻസ് പോളിസി രേഖകൾ, ലഭ്യമായ പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട് എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

അനെർട്ടിലെ അഴിമതി ആരോപണങ്ങൾ

309(757) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിജിലൻസ് ഡയറക്ടർക്ക് അനുമതി നൽകിയത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പി.എം.-കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷിക പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിന് അനെർട്ട് മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ടെൻഡർ നടപടിക്രമങ്ങളിലും വർക്ക് ഓർഡർ നൽകിയതിലും പ്ലാന്റ് സ്ഥാപിച്ചതിലും ക്രമക്കേടും അഴിമതിയും ആരോപിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 02-05-2025-ൽ സമർപ്പിച്ച പരാതിയിലും അനെർട്ടിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം മുഖേന നിർവഹിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകളും അഴിമതിയും ആരോപിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 27-05-2025-ൽ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതിയിലും വെരിഫിക്കേഷൻ നടത്താൻ യഥാക്രമം 28-06-2025, 14-07-2025 തീയതികളിലെ VIG-D2/164/2025-VIG നമ്പർ കത്ത് മുഖേന വിജിലൻസ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. അന്വേഷണ റിപ്പോർട്ട് ഊർജ വകുപ്പിന് ലഭ്യമായിട്ടില്ല.

കൂടാതെ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ അനെർട്ട് മുഖേന നടപ്പാക്കിയ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 13-05-2025-ൽ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതിയിന്മേൽ ഊർജ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ധനകാര്യ വകുപ്പിന് അനുമതി നൽകിയത്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പി.എം.-കുസും പദ്ധതിയുടെ ടെൻഡർ പ്രക്രിയയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പിനെ ചുമതലപ്പെടുത്തിയത്. ധനകാര്യ വകുപ്പിൽനിന്നും പ്രസ്തുത ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേലുള്ള പരിശോധന അനെർട്ടിൽ നടന്നുവരികയാണ്. പരിശോധന പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അന്വേഷണ റിപ്പോർട്ട് അന്തിമമാക്കാൻ സാധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പരാതികളിന്മേൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ പരാതി പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ PE12/2025/SIU I നമ്പരായി പ്രാഥമിക അന്വേഷണം രജിസ്റ്റർ ചെയ്ത് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നു.

അനെർട്ടിലെ മുൻ സി.ഇ.ഒ.-യുടെ ക്രമക്കേടുകൾ

310(758)ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ മുൻ സി.ഇ.ഒ.-യെ മാറ്റുന്നതിന് 2025 ആഗസ്റ്റ് 25-ന് ഉത്തരവായതിന് ശേഷവും സ്ഥാനമൊഴിഞ്ഞ സി.ഇ.ഒ. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും ബില്ലുകളും പേയ്മെന്റും അനുവദിക്കുന്നതിനുള്ള ഫയലുകളിൽ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക, പദ്ധതി, കമ്പനികളുടെയും സ്ഥാപനങ്ങളുടെയും വിവരം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

25-08-2025-ലെ സ.ഉ. (സാധാ) നം.3730/2025/പൊ.ഭ.വ. ഉത്തരവുപ്രകാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ശ്രീ. നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്.–നെ തത്സ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. ടിയാനെ 27-08-2025 അപരാഹ്നം പ്രാബല്യത്തിൽ അനെർട്ടിന്റെ ചുമതലകളിൽനിന്നും വിടുതൽ ചെയ്യുകയും പുതിയ സി.ഇ.ഒ. ആയി ശ്രീ. ഹർഷിൽ ആർ. മീണ ഐ.എ.എസ്. സ്ഥാനമേൽക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. നരേന്ദ്രനാഥ് വേലൂരി 27-08-2025–ന് അപരാഹ്നം ബില്ലുകളും പേയ്മെന്റുമായി ബന്ധപ്പെട്ട് ഒപ്പുവച്ച ഫയലുകളുടെ വിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2025 ആഗസ്റ്റ് 25-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത തീയതിയും സമയവും വ്യക്തമാക്കാമോ?

25-08-2025-ലെ സ.ഉ.(സാധാ) നം.3730/2025/പൊ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-08-2025 അപരാഹ്നം പ്രാബല്യത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ഹർഷിൽ ആർ. മീണ ഐ.എ.എസ്. അനെർട്ടിന്റെ പുതിയ സി.ഇ.ഒ. ആയി ചുമതല ഏറ്റെടുത്തിട്ടുണ്ട്.

(സി) പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത തീയതിയിൽ വൈകുന്നേരം 5 മണിക്കുശേഷവും സ്ഥാനമൊഴിഞ്ഞ സി.ഇ.ഒ., പി.എം.-കുസും പദ്ധതി പ്രകാരം സൺടാസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ്, എ.ജെ. ഇൻഫ്ര സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ തുക അനുവദിക്കുന്നതിനുള്ള ഇ-ഓഫീസ് ഫയലുകളിൽ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് ഓരോ കമ്പനികൾക്കും അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പേയ്മെന്റ് ഉത്തരവുകളുടെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പി.എം.-കുസും പദ്ധതി പ്രകാരം സൺടാസ്റ്റിക് എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ്, എ.ജെ. ഇൻഫ്ര സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 27-08-2025-ന് വൈകുന്നേരം അഞ്ച് മണിക്കുശേഷം

ശ്രീ. നരേന്ദ്രനാഥ് വേലൂരി അംഗീകാരം നൽകിയ ഇ-ഫയലുകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട പേയ്മെന്റ് ഉത്തരവുകളുടെയും ഫയലിന്റെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സോളാർ വേലി ക്രമക്കേടുമായി ബന്ധപ്പെട്ട് അനർട്ടിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് സംസ്ഥാന വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സോളാർ വേലി സ്ഥാപിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വി.എ.സി.ബി. വയനാട് യൂണിറ്റിൽ പി.ഇ.03/17/വയനാട് നമ്പരായി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരനായി കണ്ടെത്തിയ തിരുവനന്തപുരം അനെർട്ട് ഹെഡ് ഓഫീസിലെ പ്രോജക്ട് ഓഫീസറായ

ശ്രീ. രാജേഷ് ആർ.-നെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്തുകൊണ്ട് വിജിലൻസ് ഡയറക്ടർ 28-09-2018-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയിൽ നടപടിയെടുക്കുന്നതിനായി 27-11-2018-ലെ വിജി.ഡി-2/702/2018/-വിജി. നമ്പർ കത്തുപ്രകാരം നിർദേശം ലഭിച്ചിരുന്നു. വയനാട് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് സൗരോർജ വേലി നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രോഗ്രാം ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ആർ. രാജേഷിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകിയിരുന്നു.

ശ്രീ. ആർ. രാജേഷിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടിയാൻ നൽകിയ മറുപടി

പരിശോധിച്ച് തുടർനടപടി ശിപാർശ ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. രാജേഷിന് ചാർജ് മെമ്മോ നൽകി തുടർനടപടി നിർദ്ദേശിക്കുന്നതിനായി എൻക്വയറി ഓഫീസറായി അനെർട്ട് ചീഫ് ഫിനാൻസ് മാനേജരെ ചുമതലപ്പെടുത്തി. ശ്രീ. രാജേഷ് ആർ.-നെതിരെ കണ്ടെത്തിയ അപാകതകൾ ടിയാന്റെ കുറ്റമായി കാണാൻ കഴിയില്ലെന്ന് എൻക്വയറി ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-02-2022-ലെ എ.ഒ.നം.86/2022/അനെർട്ട് നടപടിക്രമം പ്രകാരം ശ്രീ. രാജേഷിനെതിരെ സ്വീകരിച്ച തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥനെ ഉന്നത തസ്തികയിൽ നിയമിക്കുന്നതിന് പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത ദിവസം മുൻ സി.ഇ.ഒ. ഊർജ വകുപ്പിന് കത്ത് നൽകിയിരുന്നോ; എങ്കിൽ കത്തിന്റെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

അനെർട്ടിലെ സീനിയർ മോസ്റ്റ് അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ ശ്രീ. രാജേഷ്. ആർ.-ന് ചീഫ് ടെക്നിക്കൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായുള്ള കരടിന് 26-08-2025-ന് സി.ഇ.ഒ. അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇ-ഫയലിലുണ്ടായ സാങ്കേതിക പിശക് കാരണം digital signature രേഖപ്പെടുത്താൻ സാധിച്ചില്ല. പിശക് പരിഹരിച്ച് ഫയൽ വീണ്ടും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27-08-2025 (11.49am)-ന് digital signature

രേഖപ്പെടുത്തി നൽകുകയുണ്ടായി. 27-08-2025–ലെ ANERT-ADM/167/2025-OA1(HRM) നമ്പർ കത്തിന്റെയും പ്രസ്തുത ഫയലിന്റെയും പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

അനെർട്ടിന്റെ ചുമതലകളും ലക്ഷ്യങ്ങളും

311(759) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ പ്രധാന ചുമതലകളും 2026-ലെ മുൻഗണനാ ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അക്ഷയ ഊർജ സ്രോതസ്സുകളുടെ വികസനം, പഠനം, പ്രോത്സാഹനം, പ്രചരണം എന്നിവയും അതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുകയുമാണ് അനെർട്ടിന്റെ പ്രധാന ചുമതലകൾ. അക്ഷയ ഊർജ സ്രോതസ്സുകളിൽ നിന്നുണ്ടാക്കുന്ന ഹരിത ഹൈഡ്രജൻ പദ്ധതികളുടെ നോഡൽ ഏജൻസിയായി കൂടി അനെർട്ടിനെ 2023-ൽ നിർദേശിച്ചിട്ടുണ്ട്. ഹരിത ഹൈഡ്രജൻ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിൽവരുന്ന പല പദ്ധതികളിലേക്കും അനെർട്ട് പദ്ധതി നിർദേശങ്ങൾ സമർപ്പിക്കുകയും രണ്ടെണ്ണം അനുവദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 2026-ൽ ഹരിത ഹൈഡ്രജൻ മേഖലയിലെ രണ്ട് പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് (ഡി.എസ്.ടി.) ഈ പദ്ധതി അനുവദിച്ചിട്ടുള്ളത്. ഹരിത ഹൈഡ്രജൻ ഉൽപാദനം മുതൽ ഉപയോഗം വരെയുള്ള എല്ലാ ഘട്ടങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, പങ്കാളികളായിട്ടുള്ള സ്ഥാപനങ്ങൾ വഴി വിവിധ പൈലറ്റ് പദ്ധതികൾ നടപ്പാക്കുക, ഹൈഡ്രജൻ വാലി പദ്ധതിയിൽ പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുക, പങ്കാളികളുമായി ഗവേഷണ വികസനം ഉൾപ്പെടെ വിജ്ഞാനവും സാങ്കേതികവിദ്യയും പങ്കിടാൻ സഹായിക്കുക, തദ്ദേശീയമായി ഹരിത ഹൈഡ്രജനിൽ നൂതന ആശയങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും മാനവശേഷി വികസനം സാധ്യമാക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഹൈഡ്രജൻ വാലി പദ്ധതിയുടെ പ്രവർത്തനങ്ങൾ. പദ്ധതി മാർഗരേഖ പ്രകാരം സർക്കാർ അനുമതിയോടെ ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നതിന് 'കേരള എച്ച്.വി.ഐ.സി. ഫൗണ്ടേഷൻ' എന്ന ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്ന സർക്കാർ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹൈഡ്രജൻ വാലി പദ്ധതികൾ ഈ കമ്പനിയുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഹൈഡ്രജൻ വാലി പദ്ധതിക്കായി ഡി.എസ്.ടി.-യിലൂടെ അനുവദിച്ച ആദ്യഗഡു ഫണ്ട് ഈ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. പങ്കാളികളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികളുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവയായിരുന്നു 2025-26-ലെ ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ.

ഹൈഡ്രജൻ വാഹനങ്ങൾ പൈലറ്റടിസ്ഥാനത്തിൽ ഓടിക്കാനുള്ള പദ്ധതി ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ

മുഖേനയാണ് പദ്ധതി അനുവദിച്ചിട്ടുള്ളത്. ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന നാല് ഭാരവാഹനങ്ങൾ പൈലറ്റടിസ്ഥാനത്തിൽ 60,000 കിലോമീറ്റർ വീതം ഓടിച്ച് അതിന്റെ സാധ്യതകൾ പഠനവിധേയമാക്കാനുള്ള പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ഹൈഡ്രജൻ നിറയ്ക്കാനുള്ള സംവിധാനങ്ങളും (refuelling stations) സ്ഥാപിക്കപ്പെടും. അനെർട്ടിന്റെ നേതൃത്വത്തിൽ ബി.പി.സി.എൽ., കെ.എസ്.ആർ.ടി.സി. എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ സാധ്യമായ എല്ലാ സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം.-സൂര്യ ഘർ' പ്രചരിപ്പിക്കുന്നു. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ), മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (ആകെ 15 ഉന്നതികൾ), അനെർട്ടിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന PM JANMAN എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മുതലമട

പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസർവിന് അകത്തായി സ്ഥിതിചെയ്യുന്ന തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർക്കുട്ടി, മലപ്പുറം ജില്ലയിലെ - മാഞ്ചീരി എന്നീ 4 ആദിവാസി ഉന്നതികളിൽ സൗരോർജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പദ്ധതിവിഹിതം ഉൾപ്പെടുത്തിയാണ് സൗരോർജ വൈദ്യുതീകരണം നടപ്പാക്കുന്നത്.

അനെർട്ട് നടപ്പാക്കുന്ന കാർഷിക പമ്പുകളുടെ സൗരോർജവൽക്കരണ പദ്ധതിയിൽ 5,689 പമ്പുകളുടെ സൗരോർജവൽക്കരണത്തിനായുള്ള പദ്ധതി സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമാക്കുന്നതിനുള്ള സംവിധാനങ്ങളും സാങ്കേതിക സഹായങ്ങളും വിവിധ സർക്കാർ വകുപ്പുകൾക്കും വാഹനം ഉപയോഗിക്കുന്ന മറ്റ് സ്വകാര്യ വ്യക്തികൾക്കും നൽകുക എന്നതാണ്. കൂടാതെ ദീർഘദൂര യാത്രകളിൽ നാലുചക്ര വാഹനങ്ങൾക്ക് ഫാസ്റ്റ് ചാർജിങ് ചെയ്യുന്നതിനായി ദേശീയപാത, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും പബ്ലിക് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുക എന്നതും ഇതിലുൾപ്പെടുന്നു.

ഇലക്ട്രിക് കാറുകൾ വ്യാപകമാക്കുന്നതിനായി സർക്കാർ വകുപ്പുകൾക്ക് ലീസ് വ്യവസ്ഥയിൽ ഇ-കാറുകൾ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പബ്ലിക് ഇ.വി.

ചാർജിങ് സ്റ്റേഷൻ വ്യാപകമാക്കുന്നതിനായി SCTL (സ്മാർട്ട് സിറ്റി ട്രിവാൻഡ്രം ലിമിറ്റഡ്), കൊച്ചി മെട്രോ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ എന്നീ വകുപ്പുകളുമായി യോജിച്ച് ഇ-കാറുകൾ ഫാസ്റ്റ് ചാർജിങ് ചെയ്യുന്നതിനുള്ള ഡി.സി. ഫാസ്റ്റ് ചാർജറുകൾ സ്ഥാപിച്ചുവരുന്നു.

സ്വകാര്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഡി.സി. ഫാസ്റ്റ് ചാർജിങ് മെഷീനുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനുകളുടെ വൈദ്യുതി ഉപയോഗം വളരെ കൂടുതലായതിനാൽ ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളിൽ സൗരോർജ സംവിധാനം ഏർപ്പെടുത്തിയാൽ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ അനെർട്ട് നടപ്പാക്കിയ പദ്ധതികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 2,412 കിലോവാട്ട് ശേഷിയുള്ള 226 സൗരോർജ നിലയങ്ങൾ വിവിധ ജില്ലകളിലായി സ്ഥാപിച്ചു. കൂടാതെ 505 സൗരോർജ തെരുവ് വിളക്കുകളും സ്ഥാപിച്ചു. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. കേന്ദ്രത്തിൽനിന്നും (MNRE) അനുമതി ലഭിച്ച 9,348 പമ്പുകളുടെ സൗരോർജവൽക്കരണം അനെർട്ട് നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പാക്കിവരുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

നിലവിൽ 6,700 എണ്ണം പമ്പുകളുടെ സൗരോർജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞതായും ഇതിൽ 1,500 സൗരോർജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്. ഇതിലൂടെ 5.3MW അധിക സൗരോർജ സ്ഥാപിതശേഷി നേടുവാനായിട്ടുണ്ട്. പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി ചുവടെ നൽകുന്നു.

District	Work order Nos.	Installation Completed Nos.	Commissioned Nos.
Palakkad	2317	820	652
Thrissur	1014	474	239
Kasaragod	868	537	372
Malappuram	1986	377	120
Ernakulam	523	292	169
TOTAL	**6,708**	**2,500**	**1,552**

2025-2026 സാമ്പത്തിക വർഷത്തിൽ അനെർട്ട് നടപ്പാക്കിയ ഇ-മൊബിലിറ്റി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

(2) V2G പ്രോജക്ട് (വെഹിക്കിൾ ടു ഗ്രിഡ് പ്രോജക്ട്)

നിലവിൽ ഉപയോഗിക്കുന്ന പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനുകളിൽ ഗ്രിഡിൽനിന്നും ഇ-കാറുകളിലേക്ക് ചാർജ് ചെയ്യുന്ന സംവിധാനമാണുള്ളത്. എന്നാൽ പകൽ ലഭിക്കുന്ന സൗരോർജത്തിൽനിന്നും വൈദ്യുതി ഉപയോഗിച്ച് ഇ-കാറുകൾ ചാർജ് ചെയ്യുന്നതിന് പുറമെ വൈദ്യുതിക്ഷാമമുള്ള രാത്രി സമയങ്ങളിൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് വൈദ്യുതി നൽകാൻ കഴിയുന്ന ആധുനിക സംവിധാനമാണ് V2G പ്രോജക്ട്. V2G പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി India Smart Grid Forum (ISGF) എന്ന സ്ഥാപനവുമായി സഹകരിച്ച് അനെർട്ട് ഹെഡ് ഓഫീസിൽ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിക്കായി നിലവിലുള്ള TATA NEXON ഇലക്ട്രിക് കാറിൽ Bi Directional Modular Power Unit (BMPU) ഉൾപ്പെടുത്തി റിട്രോ ഫിറ്റിങ് ജോലികൾ പൂർത്തിയായി. ഇതോടൊപ്പം പകൽ സമയം സോളാറിൽനിന്ന് ചാർജ് ചെയ്യുന്നതിനും പീക്ക് ലോഡ് സമയത്ത് KSEBL ഗ്രിഡിലേക്ക് വൈദ്യുതി നൽകുന്നതിനുള്ള സംവിധാനത്തിനായി ഒരു Bi Directional AC ചാർജറും അനെർട്ടിന്റെ കേന്ദ്രകാര്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി പകൽ സമയത്ത് സോളാറിൽനിന്ന് അധികമായിട്ടുള്ള വൈദ്യുതി ഇ-കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാറ്ററികളിൽ ശേഖരിക്കുന്നതിനും രാത്രി കാലത്ത് Grid Support കൊടുക്കുന്നതിനും സാധിക്കുന്നു. ഇതുവഴി ഗ്രിഡ് സ്റ്റെബിലിറ്റിയും എനർജി മാനേജ്മെന്റും ഉറപ്പാക്കാവുന്നതാണ്.

അനെർട്ട് ഗവേണിങ് ബോഡി യോഗ തീരുമാനങ്ങൾ

312(760) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജൂലൈ 19-ന് നടന്ന അനെർട്ട് ഗവേണിങ് ബോഡിയുടെ പതിനാറാം യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ചും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ഓരോന്നിലും സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2023 ജൂലൈ 19-ന് നടന്ന അനെർട്ട് ഗവേണിങ് ബോഡിയുടെ 16-ാമത് യോഗത്തിന്റെ തീരുമാനങ്ങളും ഇവ നടപ്പിലാക്കുന്നതിന് ഓരോന്നിലും സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും അനുബന്ധമായി+ ഇതോടൊപ്പം ചേർക്കുന്നു.

(ബി) അനെർട്ട് ഗവേണിങ് ബോഡിയുടെ പതിനേഴാം യോഗത്തിന്റെ അജണ്ടയുടെയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ; തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ഓരോന്നിലും സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ചുമുള്ള വിശദാംശം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട് ഗവേണിങ് ബോഡിയുടെ 17-ാമത് യോഗത്തിന്റെ അജണ്ടയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന് അംഗീകാരം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ

313(761) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനെർട്ടിലെ താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വിവിധ കാലയളവിൽ നടത്തിയ രണ്ട് പരിശോധനകളുടെ റിപ്പോർട്ടുകൾ 12-02-2022-ലെ DEE-TVM/1659/2022-E1, 19-01-2026-ലെ DEE-TVM/ 1327/ 2025-E1 എന്നിവയാണ്. (പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.)

അനെർട്ടിലെ പ്രോജക്ട് എഞ്ചിനീയർ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി.ഇ.ഒ., സീനിയർ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പ്യൂട്ടർ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. അനെർട്ടിൽ ലഭ്യമായ 19-01-2026-ലെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

സംസ്ഥാനത്തെ സോളാർ നിലയങ്ങളുടെ എണ്ണം

314(762) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സോളാർ നിലയങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന സ്ഥാപിച്ച സോളാർ നിലയങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	സോളാർ നിലയങ്ങളുടെ എണ്ണം
തിരുവനന്തപുരം	24,281
കൊല്ലം	17,606
പത്തനംതിട്ട	8,215
ആലപ്പുഴ	18,405
കോട്ടയം	14,129
ഇടുക്കി	2,466
എറണാകുളം	40,435
തൃശ്ശൂർ	30,835
പാലക്കാട്	15,185
മലപ്പുറം	18,587

കോഴിക്കോട്	16,250
കണ്ണൂർ	16,751
വയനാട്	1,306
കാസർഗോഡ്	6,972
ആകെ	**2,31,423**

ഇതുകൂടാതെ 1,02,091 സോളാർ നിലയങ്ങൾ സ്വകാര്യ സംരംഭകരുടേതായി സംസ്ഥാനത്തുടനീളം 22-01-2026 വരെ സ്ഥാപിച്ചിട്ടുണ്ട്.

നിലവിലെ കണക്കുകൾ പ്രകാരം, അനെർട്ട് മുഖേന സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ച സോളാർ നിലയങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു

Sl No	District	No. of Solar Power Plants	Capacity in kW
1	Thiruvananthapuram	571	17922
2	Kollam	53	321
3	Pathanamthitta	23	117
4	Idukki	103	538
5	Kottayam	33	299
6	Alappuzha	49	343
7	Ernakulam	95	3287
8	Thrissur	159	1484
9	Palakkad	18	189.5
10	Malappuram	65	587
11	Kozhikkode	38	345.5
12	Wayanad	37	185
13	Kannur	100	801
14	Kasaragod	53	727

	Total	**1,397**	**27,146**

(ബി) ഇതിലൂടെ കോഴിക്കോട് ജില്ലയിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന കോഴിക്കോട് ജില്ലയിലെ ആകെ സ്ഥാപിതശേഷി 1,19,621.412 kW ആണ്. അഞ്ച് വർഷ കാലയളവിൽ 250.93 മില്യൺ യൂണിറ്റ് സോളാർ വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അനെർട്ട് മുഖേന സ്ഥാപിച്ച 38 സർക്കാർ കെട്ടിടങ്ങളിലെ 345.5 kW ശേഷിയുള്ള സോളാർ നിലയങ്ങൾ പ്രതിദിനം ഏകദേശം 1.4 MWh വൈദ്യുതിയും പ്രതിവർഷം 420 MWh വൈദ്യുതിയും ഉൽപാദിപ്പിക്കുന്നുണ്ട്.

സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റ് സ്ഥാപിച്ചതിൽ അഴിമതി

315(763) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുടെ ആദ്യ ടെൻഡറിൽ യോഗ്യതയുള്ള ഒരു ബിഡ്ഡർ മാത്രമായാൽ റീ ടെൻഡർ നടപടി സ്വീകരിക്കണം എന്ന വ്യവസ്ഥ പാലിക്കാതെ വിൻഡ്സ്ട്രീം എനർജി ടെക്നോളജീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര വർക്ക് ഓർഡറുകൾ അനെർട്ട്

നൽകിയെന്നും; ഇവയുടെ ടെൻഡർ എസ്റ്റിമേറ്റ് തുകയും വർക്ക് ഓർഡർ തുകയും വ്യക്തമാക്കാമോ;

(ബി) ഈ കമ്പനി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥാപിച്ച സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുടെ വർക്ക് ഓർഡറിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇൻഷ്വറൻസ് പോളിസി, വാർഷിക പ്രീമിയം പേയ്മെന്റ് രസീത്, പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവ അനെർട്ടിന് സമർപ്പിച്ചിരുന്നോ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) താഴെതട്ടിക്കി ആദിവാസി ഉന്നതിയിൽ പ്ലാന്റ് സ്ഥാപിച്ച ഈ കമ്പനി അധിക തുക അനുവദിക്കുന്നതിന് അപേക്ഷ നൽകിയിരുന്നോ; ഇതുസംബന്ധിച്ചുള്ള അനെർട്ടിന്റെ ഗവേണിങ് ബോഡിയുടെ തീരുമാനം എന്തായിരുന്നു; ഈ തീരുമാനം നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; കമ്പനി നൽകിയ അപേക്ഷയുടെയും ഇതുമായി ബന്ധപ്പെട്ട അനെർട്ടിലെയും ഊർജ വകുപ്പിലെയും ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അട്ടപ്പാടി ആദിവാസി ഉന്നതികളിൽ സ്ഥാപിച്ച പ്ലാന്റുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സൗരോർജ വൈദ്യുതി ഉൽപാദനം

316(764) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗരോർജ വൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന സൗരോർജ മേഖലയിൽ സംസ്ഥാനത്ത് നടപ്പാക്കിയ 'സൗര' പുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49,402 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യഘർ യോജന, പി.എം.-കുസും, സോളാർ സിറ്റി, ഡാം ടോപ്പ്, കനാൽ ടോപ്പ്, ഗ്രൗണ്ട് ടോപ്പ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 1595.6 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. സൗരോർജ മേഖലയിൽ നിലവിലുള്ള 2,103.07 MW-ൽ, 1,798.94 MW സ്ഥാപിത ശേഷി ഈ സർക്കാരിന്റെ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മുഖേന 2021 മുതൽ നാളിതുവരെ ഗാർഹിക, സർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പെടെ ആകെ 36.841 മെഗാ വാട്ടിന്റെ 4215 സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു.

(ബി) പരമ്പരാഗതവും പരമ്പര്യേതരവുമായ രീതിയിൽ വൈദ്യുതി ഉൽപാദനത്തിൽ വന്നിട്ടുള്ള പുരോഗതി എത്ര മെഗാവാട്ട് വീതമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന പരമ്പരാഗതമായ രീതിയിൽ 132.036 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിയുള്ള ആറ് ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. ഈ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	**പദ്ധതിയുടെ പേര്**	**കമ്മിഷൻ ചെയ്ത തീയതി**
1	അപ്പർ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (2 MW /5.14MU)	30-09-2021
2	പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/45.02MU)	04-05-2022
3	പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6MW/24.70MU)	26-02-2024
4	തൊട്ടിയാർ ജലവൈദ്യുതപദ്ധതി (40MW/99MU)	28-10-2024
5	പൊരിങ്ങൽകുത്ത് മൈക്രോ (0.036MW,0.25MU)	കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചു.
6	പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW, 153.90MU)	5-12-2024-ൽ കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചു.
	ആകെ	**132.036 MW**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗരോർജ ഉൽപാദന രംഗത്ത് 31-12-2025 വരെ 1798.94 MW അധിക സ്ഥാപിത ശേഷിയും വിൻഡ് മേഖലയിൽ സ്വകാര്യ

കാറ്റാടി നിലയങ്ങൾ വഴി 1.25 മെഗാവാട്ടിന്റെ അധിക സ്ഥാപിത ശേഷിയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2021-2026 കാലഘട്ടത്തിൽ സംസ്ഥാനത്ത് വൈദ്യുതോൽപാദനശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4 MW), മുക്കുടം (4 MW) ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവ കമ്മിഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉൽപാദനം ആരംഭിക്കുകയും ചെയ്യുകഴിഞ്ഞു.

സഹകരണ വകുപ്പിനുകീഴിലുള്ള ബോർഡുകളിലെ താൽക്കാലിക ജീവനക്കാർ

317(765) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് ബോർഡുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്	4 (ദിവസവേതനം)
കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്	5 (ദിവസവേതനം) 1 (കരാറടിസ്ഥാനം)
സഹകരണ സർവീസ് പരീക്ഷാ ബോർഡ്	2 (ദിവസവേതനം) 4 (കരാറടിസ്ഥാനം)

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്	14 (ദിവസവേതനം)
കേരള സഹകരണ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡ്	1 (ദിവസവേതനം)

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും ജോലിചെയ്തിരുന്ന ജീവനക്കാരിൽ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്	സ്ഥിരപ്പെടുത്തിയിട്ടില്ല
കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്	
സഹകരണ സർവീസ് പരീക്ഷാ ബോർഡ്	
കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്	
കേരള സഹകരണ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡ്	

(സി) സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ

ബോർഡുകളിലെ എത്ര ജീവനക്കാരെ വീതം സ്ഥിരപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്	പരിഗണനയിലില്ല
കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്	
സഹകരണ സർവീസ് പരീക്ഷാ ബോർഡ്	കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 4 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ഭരണസമിതി തീരുമാനം സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചുവരുന്നു.
കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്	ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ബോർഡ് പരിശോധിച്ചുവരുന്നു. നിലവിൽ ബോർഡ് തീരുമാനം കൈകൊണ്ടിട്ടില്ല.
കേരള സഹകരണ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡ്	പരിഗണനയിലില്ല

സഹകരണ പരിശീലന സ്ഥാപനങ്ങൾ

318(766) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര സഹകരണ പരിശീലന സ്ഥാപനങ്ങളുണ്ടെന്നും അതിൽ എത്ര സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് സഹകരണ വകുപ്പിനുകീഴിൽ മൂന്ന് സഹകരണ പരിശീലന സ്ഥാപനങ്ങളുണ്ട്.

(1) അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം

കേരളത്തിലെ സഹകരണ ബാങ്കുകളിലേയും/സംഘങ്ങളിലേയും ജീവനക്കാർക്കും സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിന് 1992-ൽ ലോക ബാങ്ക് സ്റ്റോറേജ് പ്രോജക്ടിൽ ഉൾപ്പെടുത്തി നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NCDC) സഹായത്തോടെയാണ് സംസ്ഥാന സഹകരണ ബാങ്ക് അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന് രൂപം നൽകിയത്.

കേരളാ ബാങ്കിന് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ACSTI-യെ കേരളത്തിലെ സഹകരണ മേഖലയിലെ പരിശീലനം ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന പഠന, ഗവേഷണ കേന്ദ്രമായി മാറ്റുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 27-08-2018-ന് സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിച്ചു. തുടർന്ന് 1955-ലെ ട്രാവൻകൂർ-കൊച്ചിൻ സാഹിത്യ, ശാസ്ത്ര, ധർമ്മ സ്ഥാപന നിയമപ്രകാരം 24-10-2018-ന് രജിസ്റ്റർ ചെയ്തു.

ACSTI സ്ഥിതി ചെയ്യുന്ന വസ്തുവകകൾ സംസ്ഥാന സഹകരണ ബാങ്ക് 30 വർഷക്കാലത്തേക്ക് വാർഷിക പാട്ടത്തിന് ACSTI-യ്ക്ക് കൈമാറുകയും ചെയ്തു.

(2) സംസ്ഥാന സഹകരണ യൂണിയൻ - കേരള, തിരുവനന്തപുരം

സംസ്ഥാന സഹകരണ യൂണിയന് കീഴിൽ സംസ്ഥാന സഹകരണ യൂണിയൻ ആസ്ഥാന മന്ദിരവും 12 സഹകരണ പരിശീലന കോളേജുകളും 10 സഹകരണ പരിശീലന കേന്ദ്രങ്ങളും 6 ജെ.ഡി.സി., എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ നെയ്യാർഡാമിൽ കിക്മ എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടും ആർ. പരമേശ്വരൻ പിള്ള മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജും പ്രവർത്തിച്ചുവരുന്നു. താഴെപ്പറയുന്ന കോളേജ്/കേന്ദ്രങ്ങൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

1. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തിരുവനന്തപുരം.
2. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, കൊട്ടാരക്കര.
3. സഹകരണ പരിശീലന കോളേജ്/കേന്ദ്രം ചേർത്തല.
4. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തൃശ്ശൂർ.
5. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, പാലക്കാട്.
6. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, കോഴിക്കോട്.
7. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, വയനാട്.

8. സഹകരണ പരിശീലന കോളേജ്/കേന്ദ്രം, തലശ്ശേരി.

9. സഹകരണ പരിശീലന കേന്ദ്രം, കണ്ണൂർ.

10. സഹകരണ പരിശീലന കോളേജ്, കാസർഗോഡ്.

11. എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ട്, ആർ.പി.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കിക്കം, നെയ്യാർഡാം.

(3) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് –കണ്ണൂർ

ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്–കണ്ണൂരിന് അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 50 ശതമാനം സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയാണ് അനുവദിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് – കണ്ണൂർ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

319(767) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1) CADP - സുലഫ ഗാർഡൻസ് – മാടപ്പള്ളി സർവീസ് സഹകരണ ബാങ്ക് ലി. നം. 160-ന് 39 ലക്ഷം രൂപ അനുവദിച്ചു.

2) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം വഴി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റ് ആരംഭിക്കുന്ന പദ്ധതി പ്രകാരം പച്ചക്കറി ശേഖരണ കേന്ദ്രം ആരംഭിക്കുന്നതിനായി മാടപ്പള്ളി സർവീസ് സഹകരണ സംഘം ലി. നം. 160-ന് ധനസഹായം അനുവദിച്ചു. 10 ലക്ഷം രൂപ ചെലവഴിച്ചു.

3) കോവിഡ് ധനസഹായം ചങ്ങനാശ്ശേരി മുനിസിപ്പൽ വനിതാ സഹകരണ സംഘം ലി.നം. 964-ന് മാസ്ക്, ക്യാരി ബാഗ് സ്റ്റിച്ചിങ് യൂണിറ്റ് ആരംഭിക്കുന്നതിനായി ധനസഹായം അനുവദിച്ചു. 5 ലക്ഷം രൂപ ചെലവഴിച്ചു.

4) സഹകരണ സംഘങ്ങളിലെ രോഗബാധിതരായ അംഗങ്ങൾക്ക് അംഗസമാശ്വാസ പദ്ധതി മുഖേന ധനസഹായം അനുവദിച്ചു. 87,70,000/- രൂപ ചെലവഴിച്ചു.

5) വിവിധ സഹകരണ സംഘങ്ങളിലെ നീതി മെഡിക്കൽ സ്റ്റോറുകൾക്കും സംഘങ്ങളിലെ പ്രവർത്തനങ്ങൾക്കുമായി ഗവൺമെന്റ് ഷെയർ ഇനത്തിൽ തുകകൾ അനുവദിച്ചു. 56,12,200/- രൂപ ചെലവഴിച്ചു.

6) സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളായിരുന്ന അശരണരായ ദുരിത ബാധിതർക്ക് സഹകാരി സാന്ത്വനം പദ്ധതി പ്രകാരം 2,00,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

7) ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി ആവിഷ്കരിച്ച മുറ്റത്തെ മുല്ല പദ്ധതി പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പാ വിതരണം ചെയ്തുവരുന്നു.

ഇതുകൂടാതെ കുടിശ്ശിക നിവാരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനം, സർക്കാരിന്റെ നൂറുദിന പരിപാടികൾ, ഹരിതം സഹകരണം, വിദ്യാതരംഗിണിവായ്പ എന്നിവയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. സഹായഹസ്തവായ്പ, നൈപുണ്യശേഷി വായ്പ, സൗരജ്യോതി വായ്പ എന്നിവയുടെ സംസ്ഥാനതല ഉദ്ഘാടനം ചങ്ങനാശ്ശേരി നിയമസഭാ മണ്ഡലത്തിലെ കുറിച്ചിയിൽ വച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നിർവഹിക്കുകയും വിവിധ ബാങ്കുകളിൽ ടി വായ്പാ വിതരണം നടത്തുകയും ചെയ്തു. തണ്ണീർ പന്തൽ, 500 ഏക്കർ കൃഷി,

സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം, നിക്ഷേപ സമാഹരണം എന്നീ പദ്ധതികളും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

ദേശീയ സഹകരണ നയം

320(768) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ നയം സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ "സ്റ്റേറ്റ് ലിസ്റ്റിന്റെ" പരിധിയിലെ 32-ാം ഇനമായി പറഞ്ഞിട്ടുള്ള "സഹകരണം" എന്നത് തീർത്തും സംസ്ഥാന വിഷയമാണ്. പ്രസ്തുത വിഷയത്തിൽ നിയമനിർമ്മാണം നടത്താനും അതിൻപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യാനുമുള്ള സംസ്ഥാനത്തിന്റെ അധികാരം കവർന്നെടുക്കുന്നതാണ് പുതിയ സഹകരണ നയം. പ്രസ്തുത സംസ്ഥാന വിഷയത്തിൽ കേന്ദ്ര സർക്കാർ നയം നിശ്ചയിക്കുന്നത് ഭരണഘടനാ വിരുദ്ധവും എതിർക്കപ്പെടേണ്ടതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വമായ "സ്വയംഭരണം" എന്നത് സംസ്ഥാന സർക്കാരിനുപോലും കേന്ദ്രീകൃത സംവിധാനം വഴി നിർദേശങ്ങൾ നൽകാൻ കഴിയാത്ത രീതിയിലാണ് സഹകരണ പ്രസ്ഥാനം രൂപപ്പെടുത്തിയിട്ടുള്ളതും അവയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടിട്ടുള്ളതും. 1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം സഹകരണ സംഘങ്ങളുടെ

രജിസ്ട്രേഷനും സമാപ്തീകരണവും മറ്റും നിയമപരമായ നിയന്ത്രണങ്ങളുമൊഴികെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാനാകാത്ത സാഹചര്യത്തിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളും ഭരണവും കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിനാണ് കേന്ദ്ര സഹകരണ നയം ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് 18136 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യപരമായും സഹകരണ തത്വങ്ങളെ ഹനിക്കാതെ 2018-ൽ 8-ാമത് സഹകരണ കോൺഗ്രസ് അംഗീകരിച്ച ഒരു സഹകരണ നയം സംസ്ഥാനത്ത് നിലവിലുണ്ട്. സഹകരണ പ്രസ്ഥാനങ്ങളുടെ സ്വയംഭരണ സംവിധാനം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള ഒരു നയരേഖയാണ് സംസ്ഥാന സർക്കാർ സഹകരണ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത നയസമീപനം സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ നടത്തിവരുന്ന വിവിധോദ്ദേശ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഭരണഘടനയിൽ അധിഷ്ഠിതമായ ജനാധിപത്യവും സോഷ്യലിസവും ഫെഡറലിസവും സംരക്ഷിക്കുന്നതുമാണ്.

സ്ത്രീകൾക്കും സ്കൂൾകുട്ടികൾക്കും യുവാക്കൾക്കും മറ്റുള്ളവർക്കും പ്രാപ്തമായ വിവിധങ്ങളായ സാമ്പത്തിക സഹായങ്ങളും സേവനങ്ങളും സഹകരണ മേഖല വഴി നൽകാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്.

കേന്ദ്ര സഹകരണ നയത്തിലൂടെ ഭാവിയിൽ വിഭാവനം ചെയ്യുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതിനോടകംതന്നെ പ്രാവർത്തികമാക്കി വിജയിപ്പിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്തെ സഹകരണ മേഖലകളുടെ അധികാരപരിധിയിലേക്ക് കടന്നുകയറാനുള്ള ഇത്തരത്തിലുള്ള കേന്ദ്ര സർക്കാർ നയത്തെ പ്രതിരോധിക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികൾക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാന സഹകരണ മേഖലയുടെ അധികാര പരിധിയിലേക്ക് കടന്നുകയറുന്നതിനായുള്ള ബാങ്കിങ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കെതിരായി സുപ്രീം കോടതിയിൽ ഭരണഘടനയുടെ 131 അനുഛേദം പ്രകാരം സർക്കാർ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നൽകിയ നോട്ടീസിനെതിരായി സംഘങ്ങൾ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ സംഘങ്ങൾ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

സഹകരണ മേഖലയിൽ നൂതന പദ്ധതികൾ

321(769) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ:

ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സഹകരണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. നൂതന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഫെനി നിർമ്മാണം - കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഫെനി ഉൽപാദിപ്പിക്കുകയും കൺസ്യൂമർഫെഡ് ഔട്ട്‌ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്.

ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം- കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. കേരളത്തിൽ പഴവർഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്.

പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)- കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താൽക്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പാസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി. നിശ്ചിത കാലയളവിനുശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്നതുമായ പദ്ധതിയാണിത്.

'അങ്ങാടി കേരള' ആപ്പ്- സഹകരണ മേഖലയിലെ കാർഷിക ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ 'അങ്ങാടി കേരള' ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് സമീപത്തെ സഹകരണ വിപണന കേന്ദ്രങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും ഉൽപന്നങ്ങൾ ഓർഡർ ചെയ്യാനും സഹായിക്കുന്നു.

സഖി പദ്ധതി- സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവപരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം നൽകൽ ലക്ഷ്യമിടുന്ന പദ്ധതിയാണ് സഖി. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിലാണ് സഖി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളത്.

നവനീതം പദ്ധതി- 8 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരു അധ്യയന വർഷാവസാനം ബാഗ്, നോട്ട് ബുക്കുകൾ, കുട, മറ്റ് പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റ് സ്കൂൾ സഹകരണസംഘങ്ങൾ മുഖേന നൽകുന്ന പദ്ധതിയാണിത്. കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും 2026-27 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നവനീതം എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സഹജ്യോതി പദ്ധതി- ഊർജ മേഖലയ്ക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ എല്ലാ സഹകരണ സംഘങ്ങളും Solar energy-യിലേക്ക് മാറേണ്ടതിന്റെ ഭാഗമായി സഹജ്യോതി എന്ന ഒരു പുതിയ പദ്ധതി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. സഹകരണ സംഘങ്ങൾക്കിടയിൽ ടി പദ്ധതി പ്രോത്സാഹിപ്പിക്കുക, പുനരുപയോഗിക്കാനാവാത്ത ഊർജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്നിവയിലൂടെ സുസ്ഥിരഭാവി വിഭാവനം ചെയ്യുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം.

കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി- പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി'. വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, സഹകരണ മേഖലയിലൂടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തനക്ഷമമായ

പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബല സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

Co-operative Inspection Management System (CIMA)- സഹകരണ മേഖലയുടെ നവീകരണത്തിനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങളുടെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ് CIMA (Version 1.0). ഇതിലൂടെ: റിയൽടൈം ഡാറ്റാ വിശകലനം, ജിയോ-മാപ്പിങ്, ജിയോ-ഫെൻസിങ്, ഇൻസ്പെക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കൽ, 100 ശതമാനം ഡിജിറ്റൽ രേഖകൾ എന്നിവ ഉറപ്പാക്കുന്നു.

MRF Portal (Member Relief Fund)- അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്വെയർ- സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്വെയർ

നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കുകയും പ്രസ്തുത RFP 03-11-2025-ന് e-tender website-ൽ പ്രസിദ്ധീകരിച്ച് ടെൻഡർ സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

Cooperative Employee Management System (CEMS)- സർക്കാർ ജീവനക്കാർക്കായുള്ള Integrated Personnel, Payroll and Accounts Information System സോഫ്റ്റ്വെയർ ആയ SPARK മാതൃകയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു സോഫ്റ്റ്വെയർ സംവിധാനം തയ്യാറാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ HR, സർവീസ് ഡീറ്റെയിൽസ്, ട്രെയിനിങ്, പെൻഷൻ ഡീറ്റെയിൽസ്, എക്സാമിനേഷൻ ബോർഡ്, പെൻഷൻ ബോർഡ്, എംപ്ലോയീസ് വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

Society Byelaw Registration and Amendment System (CORASS)- സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി, ബൈലോ രജിസ്ട്രേഷൻ/ഭേദഗതി നടപടികൾ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനുള്ള പുതിയ വെബ്സൈറ്റ് CORASS എന്ന പേരിൽ

സി-ഡിറ്റിന്റെ സഹകരണത്തോടെ നിർമ്മാണം നടത്തിവരുന്നു. AI സാങ്കേതികവിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണ്ണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

കോ-ഓപ്പ് കണക്ട് (Co-op Connect App)- സഹകരണ മേഖലയിലെ വിവിധ ഗാർഹിക സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കേരളത്തിൽ ഉപഭോക്താക്കൾക്ക് വിശ്വസനീയമായ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

- ഫെനി നിർമ്മാണം- കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഫെനി ഉൽപാദിപ്പിക്കുകയും കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്.

- ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം- കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

- പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)-

കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താൽക്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പാസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി.

- 'അങ്ങാടി കേരള' ആപ്പ്- സഹകരണ മേഖലയിലെ കാർഷിക ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ 'അങ്ങാടി കേരള' ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് സമീപത്തെ സഹകരണ വില്പന കേന്ദ്രങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും ഉൽപന്നങ്ങൾ ഓർഡർ ചെയ്യാനും സഹായിക്കുന്നു.

- സഹജ്യോതി പദ്ധതി- ഊർജ മേഖലയ്ക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ എല്ലാ സഹകരണ സംഘങ്ങളും Solar energy-യിലേക്ക് മാറേണ്ടതിന്റെ ഭാഗമായി സഹജ്യോതി എന്ന ഒരു പുതിയ പദ്ധതി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്വെയർ- സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) പ്രവാസി സമൂഹത്തിനായി സഹകരണ മേഖലയിൽ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയൊരു പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ?

പ്രവാസി സമൂഹത്തിനായി സഹകരണ മേഖലയിൽ പ്ലാന്റ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയൊരു പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താൽക്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പാ സംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT) പദ്ധതി. നിശ്ചിത കാലയളവിനുശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്ന പദ്ധതിയാണിത്. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന

പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)) എന്ന പദ്ധതിയിലെ ഉപഘടകമായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും 2026-27 സാമ്പത്തികവർഷത്തെ സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 'നവനീതം' എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 8 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരു അധ്യയന വർഷാവസാനം ബാഗ്, നോട്ട് ബുക്കുകൾ, കുട, മറ്റ് പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റ് സ്കൂൾ സഹകരണസംഘങ്ങൾ മുഖേന നൽകുന്ന പദ്ധതിയാണിത്. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കാണ് ടി പദ്ധതി ആദ്യം നടപ്പാക്കുന്നത്. ഓരോ കുട്ടിക്കും 100/- രൂപ ടി പഠന കിറ്റിനായി സർക്കാർ സബ്സിഡിയായി ഒരു വർഷം അനുവദിക്കുന്നു. ബാക്കി തുക സ്കൂൾ സഹകരണ സംഘങ്ങളിൽ കുട്ടികൾ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽനിന്നും കണ്ടെത്തുന്നു. തിങ്കൾ മുതൽ വെള്ളിവരെയുള്ള പ്രവൃത്തിദിവസങ്ങളിൽ സ്കൂൾ സഹകരണ സംഘങ്ങളിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് കുട്ടികൾക്ക് തുക നിക്ഷേപിക്കാവുന്നതാണ്.

വണ്ടൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

322(770) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

ക്രമ നം.	സംഘത്തിന്റെ പേര്	പദ്ധതി	തുക
1	വി.എം.സി. ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ സഹകരണ സംഘം	സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി	100000
2	കാളിക്കാവ് റൂറൽ സഹകരണ സംഘം ക്ലിപ്തം നം. എം. 980	കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള സർക്കാർ ധനസഹായം	100000
3	പേരൂർ എ.യു.പി. സ്കൂൾ സഹകരണ സംഘം ക്ലിപ്തം നം. എം. 177	സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി	100000
4	കരുവാരക്കുണ്ട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ്. 1191	കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള സർക്കാർ ധനസഹായം	100000
5	വാണിയമ്പലം റൂറൽ സഹകരണ സംഘം ക്ലിപ്തം നം. എം. 751	"ഓൺലൈൻ സർവീസ് സെന്റർ" ആരംഭിക്കുന്നതിന്	500000

മെമ്പർ റിലീഫ് ഫണ്ട്

323(771) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	അപേക്ഷകളുടെ എണ്ണം	തുക
1	തിരുവനന്തപുരം	1512	₹ 33,365,000.00
2	കൊല്ലം	3513	₹ 76,395,000.00
3	പത്തനംതിട്ട	2821	₹ 57,825,000.00
4	ആലപ്പുഴ	2812	₹ 57,475,000.00
5	കോട്ടയം	4246	₹ 89,345,000.00
6	ഇടുക്കി	2107	₹ 43,980,000.00
7	എറണാകുളം	8563	₹ 179,420,000.00
8	തൃശ്ശൂർ	8296	₹ 171,190,000.00
9	പാലക്കാട്	1609	₹ 33,570,000.00
10	മലപ്പുറം	1015	₹ 22,040,000.00
11	കോഴിക്കോട്	2371	₹ 50,245,000.00
12	വയനാട്	622	₹ 13,555,000.00
13	കണ്ണൂർ	4855	₹ 105,160,000.00
14	കാസർഗോഡ്	1968	₹ 40,855,000.00
	ആകെ	**46310**	**₹974,420,000.00**

(ബി) മെമ്പർ റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്കമാറ്റിവയ്ക്കൽ, ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, ഹൃദ്രോഗ ശസ്ത്രക്രിയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി വിധേയരായവർ, കരൾ സംബന്ധമായ ഹൃദ്രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.

ഈ സ്കീം പ്രകാരം അംഗം എന്നാൽ 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ എ ക്ലാസ്സ് ഷെയർ ഉള്ള വ്യക്തി ആയിരിക്കും. ടി വ്യക്തി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത

ഉണ്ടായിരിക്കില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പുമന്ത്രിയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെട്ട ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

(സി) മെമ്പർ റിലീഫ് ഫണ്ട് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

22-09-2025-ലെ സ.ഉ.(കൈ) നം. 19/2025/സഹ ഉത്തരവ് പ്രകാരം അംഗ സമാശ്വാസ നിധി പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കണം. വെബ്സൈറ്റ് നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് 29-12-2025-ന് ഉദ്ഘാടനം ചെയ്തു.

സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം

324(772) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-

സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് സമഗ്ര സംഭാവന നൽകുന്ന സഹകരണ മേഖലയിൽ ഈ വർഷവും നിക്ഷേപ സമാഹരണം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ?

"സഹകരണമേഖല നാടിനായ്, നാട് സഹകരണമേഖലയ്ക്കായി" എന്ന മുദ്രാവാക്യം മുൻനിർത്തി 2026 ജനുവരി 15 മുതൽ 2026 ഫെബ്രുവരി 25 വരെ സംസ്ഥാനത്ത് നിക്ഷേപസമാഹരണ ക്യാമ്പയിനും, പുതിയ അംഗത്വ വിതരണവും നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2026 നിക്ഷേപ സമാഹരണ ക്യാമ്പയിനിന്റെ ഭാഗമായി വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് നിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2026 നിക്ഷേപ സമാഹരണ ക്യാമ്പയിനിന്റെ ടാർജറ്റ് 9000 കോടി രൂപയാണ്. അതിൽ 8000 കോടി രൂപ സഹകരണ സംഘങ്ങളിൽനിന്നും 1000 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുമാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മുൻവർഷങ്ങളിൽ നിക്ഷേപ സമാഹരണം ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള ക്യാമ്പയിനുകൾ വിജയകരമായിരുന്നോ; വിശദമാക്കുമോ?

മുൻ വർഷങ്ങളിൽ നടന്ന നിക്ഷേപ സമാഹരണ ക്യാമ്പയിനുകൾ പൊതുവെ വിജയകരമായിരുന്നു. 2023 വർഷം നടന്ന ക്യാമ്പയിനിന്റെ ലക്ഷ്യം (ടാർജറ്റ്) 9000 കോടി രൂപ ആയിരുന്നു. എന്നാൽ ടി ക്യാമ്പയിനിൽ നിക്ഷേപത്തിലുണ്ടായ ആറ്റ വർധനവ് 8646.35 കോടി രൂപയാണ്. 2024 വർഷം നടന്ന ക്യാമ്പയിനിന്റെ ലക്ഷ്യം (ടാർജറ്റ്) 9000 കോടി

രൂപ ആയിരുന്നു. എന്നാൽ ടി ക്യാമ്പയിനിൽ നിക്ഷേപത്തിലുണ്ടായ അറ്റ വർധനവ് 7467.23 കോടി രൂപയാണ്. 2025 വർഷം ക്യാമ്പയിനിന്റെ ലക്ഷ്യം (ടാർജറ്റ്) 9000 കോടി രൂപ ആയിരുന്നു. എന്നാൽ ടി ക്യാമ്പയിനിൽ നിക്ഷേപത്തിലുണ്ടായ അറ്റ വർധനവ് 7464.78 കോടി രൂപയാണ്.

(സി) സഹകരണ മേഖലയിലെ വിവിധയിനം നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമോ; വിശദാംശം നൽകുമോ?

സംസ്ഥാന പലിശ നിർണ്ണയ ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. രണ്ട് വർഷത്തിന് മുകളിലുള്ള നിക്ഷേപങ്ങളുടെ പലിശ നിരക്ക് നിലവിലുള്ള 8.00 ശതമാനത്തിൽ നിന്നും 8.10 ശതമാനമാക്കി വർധിപ്പിച്ചിട്ടുണ്ട്. ദീർഘകാല നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് വർധനവ് വരുത്തിയിട്ടുള്ളത്. ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുക വിവിധ വികസന പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ മുതിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്ക് 0.50 ശതമാനം പലിശ അധികം ലഭിക്കുന്നു. നിക്ഷേപങ്ങളുടെ പലിശയിൽ വരുത്തിയിരിക്കുന്ന വർധനവ് നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് പൊതുവെ ഗുണകരമാകുന്നതാണ്.

(ഡി) കൂടുതൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

2026-ലെ നിക്ഷേപ സമാഹരണ ക്യാമ്പയിനിലൂടെ യുവാക്കൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങളുടെ അംഗത്വം വർധിപ്പിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. യുവാക്കളാണ് സഹകരണ മേഖലയുടെ ഭാവി വാഗ്ദാനങ്ങൾ. ഡിജിറ്റൽ യുഗത്തിൽ സഹകരണ മേഖലയുടെ പുരോഗതിക്കായി യുവാക്കളുടെ പങ്കാളിത്തം അനിവാര്യമാണ്. ആയതിനാൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കേണ്ടത് സഹകരണ മേഖലയുടെ ഭാവി വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ

325(773) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം സഹകരണ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

1. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ രണ്ട് സഹകരണ സംഘങ്ങൾ മുഖേന സോളാർ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

2. മഞ്ഞൾഗ്രാമം - കർഷകർക്ക് മഞ്ഞൾ വിത്ത് വിതരണം നടത്തി ആയത് സഹകരണ സംഘം ശേഖരിച്ച് ശുദ്ധമായ മഞ്ഞൾപ്പൊടി വിതരണം നടത്തിവരുന്നുണ്ട്.

3. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ രണ്ട് സഹകരണ സംഘങ്ങൾ മുഖേന മത്സ്യകൃഷി നടത്തിവരുന്നുണ്ട്.

4. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സഹകരണസംഘം മുഖേന ഔഷധിക്ക് നൽകുന്നതിനുള്ള കുറുന്തോട്ടി കൃഷി നടത്തുന്നതിനുവേണ്ട എല്ലാവിധ സഹായങ്ങളും ചെയ്തുവരുന്നു.

5. കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സൗജന്യ മരുന്നും ആംബുലൻസ് സേവനങ്ങളും സഹകരണ സംഘങ്ങൾ മുഖേന ഏർപ്പെടുത്തിവരുന്നു.

6. സഹകരണസംഘം മുഖേന നിക്ഷയ പദ്ധതി പ്രകാരം കണ്ടെത്തുന്ന രോഗികൾക്കുള്ള ഭക്ഷ്യകിറ്റ് വിതരണവും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് സൗജന്യ സ്ട്രക്ചർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നു.

7. സഹകരണസംഘം മുഖേന സൗജന്യ പി.എസ്.സി. കോച്ചിങ്ങും ഭിന്നശേഷി വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു.

മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

326(774) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ നാളിതുവരെ സഹകരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

- മാവേലിക്കര പട്ടികജാതി സഹകരണ സംഘം എ.658-ൽ സർക്കാർ പദ്ധതി പ്രകാരം 21 ലക്ഷം രൂപ ചെലവിൽ ഒരു ഹോളോബ്രിക് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

- മാവേലിക്കര ബ്ലോക്ക് വനിത സഹകരണ സംഘം എ.912-ൽ വനിതാ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം ഗാർമെന്റ് യൂണിറ്റ് തുടങ്ങിയിട്ടുണ്ട്.

- നൂറനാട് വനിതാ സഹകരണസംഘം 995-ൽ വനിതാ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം സൂപ്പർ മാർക്കറ്റ് തുടങ്ങിയിട്ടുണ്ട്.

- താമരക്കുളം സർവീസ് സഹകരണസംഘം 4280-ന് 2017-18 വർഷത്തിൽ പുനരുദ്ധാരണ പദ്ധതി പ്രകാരം 20 ലക്ഷം രൂപ റബ്ബർ പ്രോസ്സസിങ്ങിന് വേണ്ടി അനുവദിച്ചിട്ടുണ്ട്.

- പൊന്നേഴ സർവീസ് സഹകരണ ബാങ്ക് 3522-ന് മാതൃകാ സംഘത്തിനുള്ള ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് മെഡിക്കൽ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- ഗ്രാമീൺ മാർക്കറ്റ് നടപ്പാക്കുന്നതിനായി 2 സഹകരണസംഘങ്ങൾക്ക് 20 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ച് നൽകിയിട്ടുണ്ട്.

- താലൂക്കിലെ 9 സ്കൂളുകൾക്കായി 9 ലക്ഷം രൂപ സ്കൂൾ സൊസൈറ്റിയുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

- താലൂക്കിൽ 2 യുവജന സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി സംഘങ്ങൾക്ക് 10 ലക്ഷം രൂപ വീതം പ്രോജക്ട് ക്രമപ്രകാരം വിനിയോഗിക്കുന്നതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

- സുഭിക്ഷ കേരളം പദ്ധതി പ്രകാരം 299 കർഷകർക്കായി 3 കോടി 82 ലക്ഷം രൂപ മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

- ചെറുകിട വായ്പ, വിദ്യാതരംഗിണി വായ്പ, മുറ്റത്തെ മുല്ല വായ്പ എന്നിവയും സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുണ്ട്.

- അംഗസമാശ്വാസ പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിലെ വിവിധ സംഘങ്ങളിലായി അശരണരായ അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ചികിത്സാ സഹായം

327(775) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സർവീസ് സഹകരണ ബാങ്കിലെ അംഗമായ ശ്രീ. സി. എൻ. ശിവദാസന് ക്ഷേമനിധി ചികിത്സാ സഹായം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മേൽ പരാമർശിച്ച വ്യക്തിക്ക് അടിയന്തരമായി ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മെമ്പർ റിലീഫ് ഫണ്ടിൽനിന്നുള്ള ചികിത്സാ ധനസഹായത്തിനായി ശ്രീ. സി. എൻ. ശിവദാസൻ കോഴിക്കോട് ജില്ലയിലെ മുക്കം സർവീസ് സഹകരണ ബാങ്കിൽ സമർപ്പിച്ച അപേക്ഷ സഹകരണസംഘം രജിസ്ട്രാർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷ അടുത്ത് ചേരുന്ന സംസ്ഥാന ഉന്നതതല കമ്മിറ്റിയിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതുമാണ്.

സഹകരണ വകുപ്പ് ജീവനക്കാർക്കുള്ള ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

328(776) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ജീവനക്കാർക്കുള്ള ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്, സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

സഹകരണ പുനരുദ്ധാരണ നിധി

329(777) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ പുനരുദ്ധാരണ നിധി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിധി രൂപീകരിച്ചതിലൂടെ നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

(എ&ബി) അസാധാരണ സാഹചര്യങ്ങൾമൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണസംഘങ്ങളെ പുനർജീവിപ്പിക്കുന്നതിനായി പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയതുമൂലം പ്രസ്തുത സ്ഥാപനങ്ങളിൽ നിക്ഷേപിച്ചവർക്ക് തുക നഷ്ടമായ വസ്തുത

പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെക്കൂടി ഈ നിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേക്ക് പോകുന്നുവെന്ന് സഹകരണവകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണസംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗാരന്റി പദ്ധതി-2018-ന്റെ സ്കീമിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിധിയിലേക്ക് തുക കണ്ടെത്തുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണെന്ന് വിശദമാക്കാമോ; വിവിധ സ്രോതസ്സുകളിൽ നിന്നായി നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ?

പുനരുദ്ധാരണ നിധിയുടെ സ്രോതസ്സുകൾ ചുവടെ പറയും പ്രകാരമാണ്.

I. 1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 56 (1)(a)പ്രകാരം രൂപീകരിച്ചിട്ടുള്ള റിസർവ് ഫണ്ടിൽനിന്നുള്ള 50 ശതമാനത്തിൽ അധികരിക്കാത്ത തുക.

II. കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അറ്റലാഭത്തിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന അഗ്രികൾച്ചർ സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ 50 ശതമാനത്തിൽ അധികരിക്കാത്ത തുക.

III. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക.

VI. ഈ പദ്ധതിയിൽ പ്രസ്താവിക്കും പ്രകാരം ലഭിക്കുന്ന മറ്റ് തുകകൾ.

പുനരുദ്ധാരണ നിധിയുടെ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക

330(778) ശ്രീ. പി. നന്ദകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture) (CITA).

പുതിയകാല സാങ്കേതിക വിദ്യയിലൂന്നിയ പ്രവർത്തന പദ്ധതിയിലൂടെ സഹകരണ മേഖലയിൽ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തികവർഷം മുതൽ സഹകരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture) (CITA). കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിലെ ഉപഘടകങ്ങളായിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പഴവർഗച്ചെടി തോട്ടങ്ങളുടെ വ്യാപന പദ്ധതി.

കേരളത്തിൽ പഴവർഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി മുഖ്യമായി കർഷകരുടെ സ്വന്തം ഭൂമിയിലോ പാട്ടഭൂമിയിലോ ഉയർന്ന മൂല്യമുള്ള പഴവർഗങ്ങൾ കൃഷി ചെയ്ത് വിപണനം ചെയ്യുന്നതിനെയാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ കാർഷികമേഖലയെ സമഗ്രമായി വികസിപ്പിക്കുകയും കർഷകർക്കുള്ള വരുമാനസാധ്യത ഉയർത്തുകയും ചെയ്യുന്ന മാതൃക പദ്ധതിയാണിത്.

പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)

കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താൽക്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പാസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി. നിശ്ചിത കാലയളവിനുശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്നതുമായ പദ്ധതിയാണിത്.

ഫെനി നിർമ്മാണം

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ (PACS) ഫെനി ഉൽപാദിപ്പിക്കുകയും കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണ് ഫെനി നിർമ്മാണം. വായ്പാ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ 8 സംഘങ്ങളെ (എറണാകുളം -1, കണ്ണൂർ-5, കാസർഗോഡ്-2) പദ്ധതി നടപ്പാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്.

2. സഖി പദ്ധതി

കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ദിശാബോധം നൽകുക, വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, പരിശീലനവും ശേഷി വികസനവും നടത്തി വനിതകളുടെ വൈദഗ്ധ്യം വർധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കേരള

വനിതാ ഫെഡറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷ, നവജാത ശിശു പരിചരണം, പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണ്ണയം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ പരിശീലനം ടി പദ്ധതിയിലൂടെ നൽകുന്നു. പരിശീലനം നേടിയ വനിതകളെ "Co-op Connect" ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിന് കഴിയും.

3. കെയർഹോം

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർഹോം. 2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2093 വീടുകൾ നിർമ്മിച്ച് നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയവും കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയവും നിർമ്മിച്ച് നൽകി. പാലക്കാട് കണ്ണാടി 2 വില്ലേജിൽ 28 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

4. മികവ്

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മികവ് എന്ന പരിശീലന പദ്ധതി നടപ്പാക്കി.

5. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ(CIMA)

സഹകരണ സംഘങ്ങളിലെ പരിശോധന നടപടികളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവ വർധിപ്പിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA) നടപ്പാക്കി.

6. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കടമകൾ കാര്യക്ഷമമായി നിർവഹിക്കാൻ സഹായിക്കുന്ന സമഗ്രമായ മാന്വലും സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമുള്ള പ്രവർത്തന മാന്വലും പ്രസിദ്ധീകരിച്ചു.

7. 'കേരള സഹകരണസംഘം പുനരുദ്ധാരണ നിധി 2023'

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണസംഘം പുനരുദ്ധാരണ നിധി 2023' എന്ന പേരിൽ പദ്ധതി നടപ്പാക്കി.

8. സമഗ്രവും കാതലുമായ കേരള സഹകരണസംഘം നിയമ ഭേദഗതി

07-06-2024-ൽ നിലവിൽ വന്നിട്ടുണ്ട്.

9. പാലിയേറ്റീവ് കെയർ പദ്ധതി

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കി.

10. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്കരി വില്പന നടത്തുക എന്ന ലക്ഷ്യത്തോടെ KAPCOS, PAPCOS എന്നിവ രൂപീകരിച്ചു.

11. സഹകാരി സാന്ത്വനം

അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്ന സഹകാരി സാന്ത്വനം എന്ന പദ്ധതി നടപ്പാക്കി.

12. സർക്കാർ പദ്ധതികളിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ കാര്യാലയത്തിൽ "പ്രോജക്ട് ക്രെഷ്" എന്ന വിഭാഗം രൂപീകരിച്ചു.

(ബി) സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികക്കല്ലായി കരുതപ്പെടുന്ന സഹകരണ എക്സ്പോകൾ ഇത്തരത്തിലുള്ള മാതൃകകൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് പര്യാപ്തമായിരുന്നോ; വ്യക്തമാക്കാമോ?

സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതുസമൂഹത്തിന് മുന്നിൽ കൊണ്ടുവരാൻ സാധിച്ചു.

- സഹകരണ മേഖലയിലെ എല്ലാ സഹകരണസംഘങ്ങളുടെയും ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയുമുണ്ടായി.
- അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കാൻ സാധിച്ചു.

- സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയതലത്തിൽ പരിചയപ്പെടുത്തുകയുണ്ടായി.

- സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ പരിചയപ്പെടുത്താനും അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിക്കാനും കഴിഞ്ഞു. കൂടുതൽ മൂല്യവർധിത ഉൽപന്ന നിർമ്മാണത്തിലേക്ക് അവരെ കൊണ്ടെത്തിക്കുവാൻ കഴിഞ്ഞു.

- കേരളത്തിലെ സഹകരണ ഉൽപന്നങ്ങളുടെ ഏകീകൃത ബ്രാൻഡായ coopkerala ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്താൻ സാധിച്ചു.

- സഹകരണമേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പരിചയപ്പെടുത്തി.

- കേരളത്തിലെ സഹകരണ മേഖലയിൽ സേവനങ്ങൾ പരിചയപ്പെടുത്തുകയുണ്ടായി.

- കേരളത്തിലെ സഹകരണ മേഖലയിൽനിന്നുള്ള ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്താൻ കഴിഞ്ഞു.

- സമൃഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും വർധിച്ച സാന്നിധ്യം ഉളവാക്കുകയുണ്ടായി.

- സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക വഴി സഹകരണ മേഖലയിൽ

സംഘങ്ങൾ കൈവരിച്ച നേട്ടങ്ങളും സഹകരണ മേഖല അനുഭവിക്കുന്ന പ്രയാസങ്ങളും വെല്ലുവിളികളും അവതരിപ്പിക്കുകയും പരിഹാര മാർഗങ്ങൾ തേടുകയും ചെയ്തു.

(സി) സ്ത്രീ ശക്തീകരണത്തിൽ സഹകരണ മേഖലയുടെ സംഭാവനകൾ സംബന്ധിച്ച് വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യത്യസ്തമായ പ്രവർത്തന പരിപാടികൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വനിതാ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും സ്ത്രീ ശക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വനിതാഫെഡും സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളവുമായി സഹകരിച്ച് ഗർഭകാല പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി തൊഴിലവസരം സൃഷ്ടിക്കുന്ന പദ്ധതിയാണ് സൂതികാമിത്രം പദ്ധതി (സഖി). ഈ പദ്ധതിയുടെ ഭാഗമായി ഒന്നാംഘട്ടം പരിശീലനം 2025 നവംബർ 1 മുതൽ ജില്ലയിലെ നെല്ലിമൂട് വനിത സഹകരണ സംഘത്തിൽ ആരംഭിച്ചിട്ടുണ്ട്. 50 പേർക്കാണ് ആദ്യഘട്ടത്തിൽ തിയറി, പ്രാക്ടിക്കൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നത്. പരിശീലന പരിപാടി 2026 ജനുവരി മാസം 31-ാം തീയതി ഇന്റേൺഷിപ്പോടെ അവസാനിക്കും. 2026 ഫെബ്രുവരി മാസത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. വനിതാ ഫെഡറേഷന്റെ അംഗസംഘങ്ങളായ പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്നവരെ സർട്ടിഫിക്കറ്റ് കോഴ്സിൽ

ചേർക്കുകയും വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവരെ ആവശ്യാനുസരണം ജോലിക്ക് നിയോഗിക്കുകയും ചെയ്യുന്നതിനാണ് ഫെഡറേഷൻ ലക്ഷ്യമിടുന്നത്. ചികിത്സാ സമ്പ്രദായത്തിന്റെ രീതിക്കനുസൃതമായി ഗർഭകാല പ്രസവാനന്തര ശുശ്രൂഷയിൽ ശാസ്ത്രീയമായ പരിശീലനം നൽകുക എന്നതാണ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ലക്ഷ്യം.

(ഡി) ഹരിതം സഹകരണം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2017-ൽ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ ഹരിതം സഹകരണം പദ്ധതിയിലൂടെ തുടർച്ചയായി 5 വർഷം കൊണ്ട് 5 ലക്ഷം ഫല വൃക്ഷത്തൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുക എന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതിയിലൂടെ ഒന്നാം വർഷം പ്ലാവ്, രണ്ടാം വർഷം കശുമാവ്, മൂന്നാം വർഷം തെങ്ങ്, നാലാം വർഷം പുളി, അഞ്ചാം വർഷം മാവിൻതൈകൾ എന്നിങ്ങനെയാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത്. ജില്ലാ തലത്തിൽ യോഗം ചേർന്ന് ഇതിന്റെ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റുപരിപടികൾ ആസൂത്രണം ചെയ്യുന്നതിനും എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർക്കും നിർദ്ദേശം നൽകിയിരുന്നു.

ഇതിന്റെ തുടർച്ചയായി 2023-ലെ പരിസ്ഥിതി ദിനത്തിൽ ഓരോ സംഘവും ഒരു മാംഗോസ്റ്റിൻ തൈ വീതം നട്ടുപിടിപ്പിക്കുകയും 2024-ൽ എല്ലാ ജില്ലകളിലും

സഹകരണസംഘങ്ങൾ മുഖേന പരമാവധി എണ്ണം പ്ലാവിൻ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്യ.

കോങ്ങാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

331(779)ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോങ്ങാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുകയാണ് റിസ്ക് ഫണ്ടായി അനുവദിച്ചതെന്നും ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോങ്ങാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി 57 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 44 അപേക്ഷകളിൽ 44 വായ്പക്കാർക്കായി 40,17,835/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റിസ്ക് ഫണ്ട് ധനസഹായമായി 44 അപേക്ഷകർക്ക് 40,17,835/- രൂപ അനുവദിച്ചിട്ടുണ്ട്.

2. സംഘങ്ങൾക്ക് കീഴിൽ മുറ്റത്തെമുല്ല, കുടുംബത്തിനൊരു കരുതൽ ധനം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

3. ബാങ്കിന്റെ ഉടമസ്ഥതയിലുള്ള 3.5 ഏക്കർ സ്ഥലത്ത് തടുക്കശ്ശേരി അഗ്രോ പാർക്ക് പ്രവർത്തിച്ചുവരുന്നു. തടുക്കശ്ശേരി COCONUT OIL എന്ന ബ്രാൻഡിൽ ശുദ്ധമായ വെളിച്ചെണ്ണ വിപണിയിലെത്തിക്കുകയാണ് ലക്ഷ്യം ഇതിന്റെ ഭാഗമായി കൊപ്ര സംഭരണ കേന്ദ്രവും ഡ്രയർ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്.

4. ടി അഗ്രോ പാർക്കിൽ കാർഷിക സേവന കേന്ദ്രവും ഏകദേശം 10 ഏക്കർ സ്ഥലത്ത് ഔഷധ സസ്യങ്ങളും പച്ചക്കറി ചെണ്ടുമല്ലി കൃഷികളും പരിപാലിച്ചുവരുന്നുണ്ട്. കൂടാതെ

കർഷകരിൽനിന്നും നാളികേരം താങ്ങുവില നൽകി സംഭരിച്ച് നാഫെഡിന് നൽകിവരുന്നു.

5. കർഷകർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് കേടുകൂടാതെ ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനായി TEMPERATURE CONTROL VAN, CONTAINER MODE വില്പനശാല എന്നിവയും പ്രവർത്തിച്ചുവരുന്നു.

സഹകരണ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

332(780) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പുവഴി നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ വഴി മുറ്റത്തെ മുല്ല വായ്പ പദ്ധതി, 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള സൗരജ്യോതി പദ്ധതി, സുഭിക്ഷ കേരളം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2023-24-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നീതി മെഡിക്കൽ സ്റ്റോർ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

ഓരോ പദ്ധതിക്കുംവേണ്ടി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പദ്ധതികൾ സംബന്ധിച്ച വിവരം	ചെലവഴിച്ച തുക
മുറ്റത്തെ മുല്ല വായ്പാ പദ്ധതി 6 സർവീസ് സഹകരണ ബാങ്കുകളിൽ ആരംഭിച്ചു. (ഐക്കർനാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 172, ഐരാപുരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2124, മാറംപള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 265, മഴുവന്നൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 21, നെല്ലാട്-വിട്ടൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 332, പുതുക്ക സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 344)	11 കോടി 89 ലക്ഷം രൂപ
വാഴക്കുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 939, സുഭിക്ഷ കേരളം പദ്ധതി പ്രകാരം അംഗങ്ങൾക്ക് വായ്പ അനുവദിച്ചു.	27,180/- രൂപ
കിഴക്കമ്പലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 83, നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരംഭിച്ച സൗരജ്യോതി പദ്ധതി പ്രകാരം 2 പേർക്ക് വായ്പ നൽകി.	3,53,000/- രൂപ
മലയിടം തുരുത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2794-ൽ ഒരു നീതി മെഡിക്കൽ സ്റ്റോർ പുതുതായി ആരംഭിച്ചു.	ഓഹരി-40,000/- വായ്പ-40,000/- സബ്സിഡി-20,000/- (ആകെ 1.00 ലക്ഷം രൂപ)

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നവരെ പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല. മുറ്റത്തെ മുല്ല വായ്പാ പദ്ധതി 6 സർവീസ് സഹകരണ ബാങ്കുകളിൽ ആരംഭിച്ച് വിജയകരമായി നടത്തിവരുന്നു.

ഭക്ഷ്യകാർഷികമേഖലയിൽ സ്വയം പര്യാപ്തത സ്വശ്രയസമൂഹം സൃഷ്ടിക്കണം എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടത്തുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഈ പദ്ധതി പ്രകാരവും സംഘങ്ങൾക്ക് വായ്പകൾ നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി പാരമ്പര്യേതര ഊർജസ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സൗരജ്യോതി പദ്ധതി പ്രകാരം വായ്പകൾ നൽകുന്നു. ടി പദ്ധതിയുടെ ഭാഗമായി കിഴക്കമ്പലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 83 രണ്ട് പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

പൊതുവിപണിയിൽ ഉള്ളതിനേക്കാൾ വിലകുറച്ച് മരുന്നുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ മലയിടം തുരുത്ത് സർവീസ് സഹകരണ ബാങ്ക് പുതുതായി ആരംഭിച്ചിട്ടുള്ള നീതി മെഡിക്കൽ സ്റ്റോറും നന്നായി പ്രവർത്തിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ

333(781)ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ കായംകുളം മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് സർവീസ് സഹകരണ ബാങ്കിൽ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) പ്രകാരം 138.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയും കൃഷി പരിശീലനം നടത്തുന്നതിന് വേണ്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. ടി സംഘത്തിൽതന്നെ 1.54 കോടി രൂപ ചെലവാക്കി ഗോഡൗൺ പണിയും നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയായാൽ ഭരണിക്കാവ് പഞ്ചായത്തിലെ കാർഷിക ഉൽപന്നങ്ങൾ സൂക്ഷിക്കുന്നതിന് ഉപയുക്തമാക്കാവുന്നതാണ്.

പെരിങ്ങാല സർവീസ് സഹകരണ ബാങ്ക് 2152-ൽ മോഡൽ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് കാറ്ററിങ് യൂണിറ്റ് നടത്തിവരുന്നു.

കായംകുളം മണ്ഡലത്തിൽ ചുവടെ പറയുംപ്രകാരമുള്ള പദ്ധതികളിലൂടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമ നം.	പദ്ധതിയുടെ പേര്	അനുവദിച്ച തുക
1	പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുജ്ജീവനം	18,20,000/-
2	വനിതാ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനഗ്രാന്റ്	2,00,000/-
3	എസ്.സി./എസ്.റ്റി. സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനഗ്രാന്റ്	2,00,000/-
4	ഓഹരി മൂലധന സഹായം	10,00,000/-
5	കാർഷിക സേവനകേന്ദ്രം	5,00,000/-
6	അടിസ്ഥാന സൗകര്യ വികസനം	21,11,000/-
7	മാതൃകാ സഹകരണ സംഘം	50,00,000/-
8	കമ്പ്യൂട്ടർവൽക്കരണം	3,00,000/-
9	ഗ്രാമീൺ മാർക്കറ്റ്	10,00,000/-
10	അംഗസമാശ്വാസനിധി	54,55,000/-

പാറശ്ശാല നിയോജക മണ്ഡലത്തിൽ സഹകരണ വകുഷ് അനുവദിച്ചിട്ടുള്ള പദ്ധതികൾ

334(782) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ്, കർഷക സേവന കേന്ദ്രം, നീതി സ്റ്റോർ, റിസ്ക് ഫണ്ട്, ബിൽഡിങ് മെയിന്റനൻസ്, മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധന ഗ്രാന്റ്, കമ്പ്യൂട്ടർ സെന്റർ, സ്പെഷ്യൽ സ്കീം, റിവൈവൽ ഫണ്ട്, സ്പെഷ്യൽ റിവൈവൽ ഫണ്ട്, സബ്സിഡി, റീഹാബിലിറ്റേഷൻ, നീതി മെഡിക്കൽസ്, ക്ലിനിക്കൽ ലാബ് എന്നീ പദ്ധതികൾക്ക് തുകകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരം, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ വിശദവിവരം, ഓരോ പദ്ധതിക്കും അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	**സഹകരണ സംഘത്തിന്റെ പേര്**	**ധനസഹായ പദ്ധതി**	**അനുവദിച്ച തുക (ലക്ഷത്തിൽ)**
1	കള്ളിക്കാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 668	പുനരുദ്ധാരണ പാക്കേജ്	20.00
		കർഷക സേവന കേന്ദ്രം	25.00
		നീതി സ്റ്റോർ	3.00
		റിസ്ക് ഫണ്ട് പദ്ധതി	7.54
2	വാളിക്കോട് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1499	ബിൽഡിങ് മെയിന്റനൻസ്	2.00
		മാനേജീരിയൽ സബ്സിഡി	1.92
		പ്രവർത്തന മൂലധന ഗ്രാന്റ്	5.00

		കമ്പ്യൂട്ടർ സെന്റർ	5.00
		സ്പെഷ്യൽ സ്കീം	15.00
		ഓഹരി മൂലധനം	4.00
		റിവൈവൽ ഫണ്ട്	14.00
		സ്പെഷ്യൽ റിവൈവൽ ഫണ്ട്	40.00
3	അമ്പൂരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി 274	നീതി സ്റ്റോർ	1.00
		റിസ്ക് ഫണ്ട് പദ്ധതി	21.87
4	ഒറ്റശേഖരമംഗലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി 872	റീഹാബിലിറ്റേഷൻ പദ്ധതി	27.98
		നീതി മെഡിക്കൽ സ്റ്റോർ	1.00
		നീതി സ്റ്റോർ	1.00
		റിസ്ക് ഫണ്ട്	2.85
5	മൈലച്ചൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 683	നീതി മെഡിക്കൽസ്, ക്ലിനിക്കൽ ലാബ്	22.50
		റിസ്ക് ഫണ്ട് പദ്ധതി	56.32

വിവിധ പദ്ധതി ധനസഹായമായി സഹകരണ വകുപ്പ് മുഖേന സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ നിർവഹണ ചുമതല സഹകരണ വകുപ്പിനാണ്. ടി തുക സഹകരണ സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്നു.

(സി) ഇതേ കാലയളവിൽ പാറശ്ശാല മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങൾ വഴി റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും സംഘം തിരിച്ച് വ്യക്തമാക്കാമോ?

25-05-2016 മുതൽ 21-01-2026 വരെ പാറശ്ശാല മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങൾ വഴി റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 270 അപേക്ഷകളിലായി 266

ഗുണഭോക്താക്കൾക്ക് 2,35,45,062/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഡി) റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധി വർധിപ്പിക്കുന്നത് സംബന്ധിച്ച നിലവിലെ ഉത്തരവുകളുടെ പകർപ്പും പാഠശാല മണ്ഡലത്തിലെ പദ്ധതികൾക്കായി ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധി വർധിപ്പിച്ച നിലവിലെ ഉത്തരവിന്റെ പകർപ്പ് (11-10-2022-ലെ സ.ഉ.(കൈ) നം. 32/2022/സഹ നമ്പർ ഉത്തരവ്) അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നത് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വായ്പയെടുത്ത സംഘങ്ങൾ മുഖേന ബോർഡിൽ സമർപ്പിക്കുന്ന ഓരോ വായ്പാ നമ്പരിലേയും അപേക്ഷകൾ ബോർഡിൽ പ്രത്യേകം ഫയലായി പരിശോധിച്ച് നടപടി സ്വീകരിക്കുകയും അർഹതയുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചുകൊണ്ട് ബോർഡിന്റെ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി ധനസഹായ ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം നിലവിലെ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ മേൽ പരാമർശിച്ച പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

270 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിലെ പദ്ധതികൾക്കായി ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം+ ചെയ്യുന്നു.

റിസ്ക് ഫണ്ട് ആനുകൂല്യം

335(783) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ കാലയളവിൽ അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച തുകയുടെ വിശദാംശവും ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും സഹകരണസംഘം തിരിച്ച് ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ കാലയളവിൽ അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ആകെ 189 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അവയിൽ 132 അപേക്ഷകളിലായി 1,53,60,356/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ

336(784) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം താലൂക്കിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

എല്ലാ വർഷവും നിക്ഷേപ സമാഹരണ യജ്ഞം, കുടിശ്ശിക നിവാരണ യജ്ഞം മുതലായവ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. എല്ലാ വർഷവും ജൂൺ 05-ന് പരിസ്ഥിതി ദിനത്തിൽ "ഹരിതം സഹകരണം" പദ്ധതി വഴി സഹകരണ സംഘങ്ങളിലൂടെ വൃക്ഷ തൈകളും ഫലവൃക്ഷ തൈകളും നട്ടുപിടിപ്പിക്കുകയും അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2025 വർഷത്തിൽ ഔഷധ സസ്യങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ താലൂക്കിലെ വിവിധ സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ നെൽകൃഷി, പച്ചക്കറി കൃഷി മുതലായവ നടപ്പാക്കിയിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ഉത്സവകാല ചന്തകൾ എല്ലാ വർഷവും ഓണം/ക്രിസ്തുമസ്/ബക്രീദ് കാലയളവിൽ താലൂക്കിലെ വിവിധ സംഘങ്ങളിലൂടെ നടപ്പാക്കിവരുന്നുണ്ട്.

സഹകരണ മേഖലയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന്റെ ഭാഗമായും സഹകരണ വാരാഘോഷം പരിപാടിയുടെ ഭാഗമായും സെമിനാറുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ പെർള സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ സി. 3377-ന് അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച ധനസഹായം വഴി ഗോഡൗൺ നിർമ്മിക്കുകയും അതുവഴി കാർഷിക ഉപകരണങ്ങൾ, മെഷിനറികൾ, വളം ഡിപ്പോ മുതലായവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചറൽ ഹബ്ബ് പദ്ധതി വഴി 5 ഏക്കർ സ്ഥലത്ത് റംബൂട്ടാൻ കൃഷി ആരംഭിച്ചിട്ടുണ്ട്. ആയതിന് 25-09-2025 വർക്കിങ് ഗ്രൂപ്പിന്റെ അനുമതി നൽകിയിട്ടുണ്ട്.

അംഗഡിമുഗർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3373-ൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച ധനസഹായം വഴി ഫാർമേഴ്സ് സ്റ്റഡി സെന്റർ പ്രവർത്തനവും ഗോഡൗൺ നിർമ്മാണ പ്രവർത്തനവും നടന്നുവരുന്നു.

മഞ്ചേശ്വരം താലൂക്കിലെ കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സഹകരണസംഘം ക്ലിപ്തം നമ്പർ എസ് 42-ൽ പെയ്ഡ് പാലിയേറ്റീവ് പദ്ധതി, സംഘത്തിന്റെ കീഴിലുള്ള കുമ്പള, ചെങ്കള, മുള്ളേരിയ എന്നീ 3 ആശുപത്രി യൂണിറ്റുകളിൽ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ സംഘത്തിന് ചെങ്കളയിലെ ആശുപത്രി യൂണിറ്റിന് സി.ടി. സ്കാൻ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

സഹകരണ റിസ്ക് ഫണ്ട് പദ്ധതി, അംഗ സമാശ്വാസ പദ്ധതി മുതലായവ മഞ്ചേശ്വരം താലൂക്കിലെ സഹകരണ സ്ഥാപനങ്ങളിലെ അർഹതപ്പെട്ട 'എ' ക്ലാസ് അംഗങ്ങൾക്ക് നൽകിവരുന്നുണ്ട്. സഹകരണ മേഖലയിലെ പുരോഗതിക്കായി വർഷങ്ങളോളം

പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോൾ അവശതയോ സാമ്പത്തിക പ്രതിസന്ധിയോ അനുഭവിക്കുന്നതുമായ മുൻകാല സഹകരണ പ്രവർത്തകരുടെ സാമൂഹിക ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സഹകാരി സാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

കേരള ബാങ്ക് നിയമനം

337(785) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം നാളിതുവരെ എത്ര ജീവനക്കാരെ കരാർ/ദിവസവേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കേരള ബാങ്കിലെ ദിവസവേതന/താൽക്കാലിക/കരാർ ജീവനക്കാരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്ക് രൂപീകൃതമായശേഷം നാളിതുവരെ ജോലി ലഭിച്ച ദിവസവേതന/താൽക്കാലിക/കരാർ ജീവനക്കാരുടെ സംവരണ വിഭാഗം തിരിച്ചുള്ള കണക്കുകൾ പേരും തസ്തികയും സഹിതം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം സെക്യൂരിറ്റി/നൈറ്റ് വാച്ച്മാൻ ആയി 146 പേരെ താൽക്കാലികമായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കൂടാതെ കമ്മിഷൻ വ്യവസ്ഥയിൽ ഗോൾഡ് അപ്രൈസർമാരായി 427 പേരെയും നിയമിച്ചിട്ടുണ്ട്. ടി തസ്തികകൾ ബാങ്കിനായി അംഗീകരിച്ച് നൽകിയിട്ടുള്ള നിയമന ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	ജില്ല	ഗോൾഡ് അപ്രൈസർമാരുടെ എണ്ണം	സെക്യൂരിറ്റി/നൈറ്റ് വാച്ച്മാൻമാരുടെ എണ്ണം
1	Thiruvananthapuram	53	33
2	Kollam	48	19
3	Alappuzha	24	0
4	Pathanamthitta	33	0
5	Kottayam	8	2
6	Idukki	1	33
7	Thrissur	50	22
8	Ernakulam	9	3
9	Palakkad	42	6
10	Kozhikkode	59	2
11	Wayanad	4	15
12	Kannur	60	4
13	Kasaragod	35	7
14	KSCB Malappuram Branch	1	0
	Total	**427**	**146**

കൂടാതെ, Professional Talent ഉള്ളവരെ ബാങ്കിന് അനിവാര്യമായതിനാൽ സർക്കാരിന്റെ/NABARD-ന്റെ അനുമതിയോടെ കരാർ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തസ്തികകളിൽ നിയമിച്ചിട്ടുണ്ട്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - 1

മൈഗ്രേഷൻ &ടെസ്റ്റിങ് എക്സ്പെർട്ട് - 1

റിസോഴ്സ് പേഴ്സൺ I - 1

റിസോഴ്സ് പേഴ്സൺ II - 1

ചീഫ് ഫിനാൻസ് ഓഫീസർ - 1

ചീഫ് റിസ്ക് ഓഫീസർ - 1

ചീഫ് ലീഗൽ ഓഫീസർ - 1

ഹെഡ് ട്രഷറി - 1

മാർക്കറ്റിങ് സ്പെഷ്യലിസ്റ്റ് - 1

കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ വിരമിക്കൽമൂലം എണ്ണത്തിലുണ്ടായിട്ടുള്ള കുറവും ആയത് നികത്താൻ കഴിയാത്ത സാഹചര്യവും ജീവനക്കാരുടെ കുറവുമൂലം ഇടപാടുകാരും ജീവനക്കാരും നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും അടിയന്തര സാഹചര്യം പരിഗണിച്ചും PSC-യിൽ നിന്നും ജീവനക്കാരെ നിയമിക്കുന്നതുവരെ JDC/HDC പാസ്സായ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികളെ താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 300 ക്ലർക്ക്/കാഷ്യർ

തസ്തികയിൽ 179 ദിവസത്തേക്ക് പ്രതിമാസം 25,000/- രൂപ നിരക്കിൽ നിയമിക്കുകയും ശാഖകളിൽ വിന്യസിക്കുകയും ചെയ്തിട്ടുള്ളതാണ്.

Sl. No.	ജില്ല	എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ക്ലാർക്ക്/കാഷ്യർമാരുടെ എണ്ണം
1	Thiruvananthapuram	55
2	Kollam	30
3	Alappuzha	15
4	Pathanamthitta	35
5	Kottayam	15
6	Idukki	0
7	Thrissur	0
8	Eranakulam	20
9	Palakkad	20
10	Kozhikkode	10
11	Wayanad	30
12	Kannur	35
13	Kasaragode	35
	Total	**300**

മുകളിൽ സൂചിപ്പിച്ച തസ്തികകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംവരണ തത്വം പാലിച്ചാണ് നിയമിച്ചിട്ടുള്ളത്.

(ഡി) കേരള ബാങ്കിൽ ഇത്തരം നിയമനങ്ങൾ വഴി ജോലി ലഭിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തീരുമാനം കൈകൊണ്ടിട്ടില്ല.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

338(786) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്; വിശദീകരിക്കുമോ?

സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും സമയബന്ധിതമായി ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിന് നിർദേശം നൽകുകയും ആയതിനുവേണ്ടി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2024 ഡിസംബർ മുതൽ 2025 സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ 3,31,100 ആർബിട്രേഷൻ കേസുകളിലായി 12,502 കോടി രൂപയുടെ കേസുകൾ തീർപ്പാക്കാനും 1,18,540 എക്സിക്യൂഷൻ കേസുകളിലായി 4,751 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ മികച്ച രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ച് RBI

നിർദേശിക്കുന്ന തലത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി ബാങ്ക് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ഇതിന്റെ ഭാഗമായി സഹകരണ ബാങ്കിങ് മേഖലയിൽ പുതിയ തരം തിരിക്കൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ ബാങ്കിങ് മേഖലയിൽ പുതിയ, തരം തിരിക്കൽ നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളം കുടിശ്ശിക നിവാരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ മികച്ച രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ ചുവടെ ചേർക്കുന്നു:

2020 ജനുവരി 1 മുതൽ 2021 മാർച്ച് 31 വരെ	7.23 കോടി രൂപ
2021 ഏപ്രിൽ 1 മുതൽ 2022 സെപ്തംബർ 30 വരെ	1221.81 കോടി രൂപ
2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ	519.57 കോടി രൂപ
2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ	199.57 കോടി രൂപ
2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെ	289.59 കോടി രൂപ
2025 ജനുവരി 2 മുതൽ 2025 ഏപ്രിൽ 30 വരെ	573.13 കോടി രൂപ

വിവിധ ഘട്ടങ്ങളിലായി കേരള ബാങ്കും നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കിവരുന്നു.

(ഡി) പ്രവർത്തന മികവ് ലക്ഷ്യമിട്ട് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; അവ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രവർത്തന മികവ് ലക്ഷ്യമിട്ട് നടപ്പാക്കിയ കർമ്മ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആർബിട്രേഷൻ/എക്സിക്യൂഷൻ

സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും സമയബന്ധിതമായി ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ആയതിനുവേണ്ടി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിസംബർ 2024 മുതൽ സെപ്റ്റംബർ 2025 വരെയുള്ള കാലഘട്ടത്തിൽ 3,31,100 ആർബിട്രേഷൻ കേസുകളിലായി 12.502 കോടി രൂപയുടെ കേസുകൾ തീർപ്പാക്കാനും 1,18,540 എക്സിക്യൂഷൻ കേസുകളിലായി 4,751 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്.

നവകേരളീയം കുടിശ്ശിക നിവാരണം– ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ മികച്ച രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത

സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടിയാണ് "നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പാക്കിവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും 2025 ജനുവരി 2 മുതൽ 2025 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ടി പദ്ധതി നടപ്പാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനംവരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ബാങ്ക്, NPA കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് Mission 600 എന്ന പദ്ധതിയും നവകേരളീയം കുടിശ്ശിക നിവാരണം 2026 എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സെയിൽ ഓഫീസർമാരുടെ ട്രെയിനിങ്, 3 സോണുകളായി തിരിച്ച് തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽവച്ച് നടത്തുകയുണ്ടായി. എല്ലാ ജില്ലയിലെയും 500-ൽ അധികം ജീവനക്കാർക്ക് ടി ട്രെയിനിങ്ങിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. കൂടാതെ, പ്രാഥമിക കാർഷിക സഹകരണ ബാങ്കിലെ ലിക്വിഡേറ്റർമാരുടെ ഒരു പരിശീനലന പരിപാടി 2024 നവംബർ മാസം നടപ്പാക്കി.

ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ച് നൽകുകയും ഏറ്റവും മികച്ച രീതിയിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് അവാർഡ് വിതരണം ചെയ്യുകയുമുണ്ടായി.

കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച റിസ്ക് ഫണ്ട്, മെമ്പേഴ്സ് റിലീഫ് ഫണ്ട്

339(787) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്ക് വഴി റിസ്ക് ഫണ്ട് ആനുകൂല്യത്തിനും മെമ്പേഴ്സ്

റിലീഫ് ഫണ്ടിനുമായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിലെ 12 സർവീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ആകെ 233 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി മെമ്പേഴ്സ് റിലീഫ് ഫണ്ടിനായി ആകെ 542 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) മേൽ കാലയളവിൽ എത്ര പേർക്ക് എത്ര തുക കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ഇനത്തിലും മെമ്പേഴ്സ് റിലീഫ് ഫണ്ട് ഇനത്തിലുമായി അനുവദിച്ചു എന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

മേൽ കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി 125 അപേക്ഷകളിൽ 117 വായ്പക്കാർക്കായി 1,06,32,840/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സംഘങ്ങൾ/ ബാങ്കുകൾ വഴി 532 അപേക്ഷകർക്ക് 1,04,70,000/- രൂപ മെമ്പർ റിലീഫ് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. ടി വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) അർഹരായ മുഴുവൻ അപേക്ഷകർക്കും അടിയന്തരമായി റിസ്ക് ഫണ്ടും മെമ്പേഴ്സ് റിലീഫ് ഫണ്ടും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ലഭ്യമായ മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി റിസ്ക് ഫണ്ട് ധനസഹായവും മെമ്പർ റിലീഫ് ഫണ്ട് ധനസഹായവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

340(788) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന് കീഴിൽവരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെയും പഴയ ജില്ലാ ബാങ്കുകളിലെയും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ പെൻഷൻ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട. ജില്ലാ ജഡ്ജി അധ്യക്ഷനായ സമിതിയെ നിയോഗിച്ചിരുന്നു.

(ബി) ഇവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിവിധ പെൻഷൻ സംഘടനാ പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ പെൻഷൻ പദ്ധതികളിൽ മിനിമം പെൻഷൻ 4100/- രൂപയായി ഉയർത്തിയും പെൻഷനിൽ 2 ശതമാനം വർധനവ് വരുത്തിയും 07-11-2025-ലെ സ.ഉ.(സാധാ)നം.490/2025/സഹ. പ്രകാരം ഉത്തരവായിരുന്നു.

റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയ്ക്ക് കാർഷികഗ്രാമവികസന ബാങ്ക് വഴിയുള്ള വായ്പ

341(789)ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗ്രാമവികസന ബാങ്ക് വഴി എത്ര കോടി രൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ വായ്പയിൽ എത്ര കോടി രൂപ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

കാർഷിക ഗ്രാമ വികസന ബാങ്ക് വഴി 2025-26 സാമ്പത്തിക വർഷത്തിൽ 31-12-2025 വരെ 2240.15 കോടി രൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. ഈ വായ്പയിൽ 120.73 കോടി രൂപ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ വായ്പയായി കൃഷി ആവശ്യങ്ങൾക്ക് മാത്രമായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 31-12-2025 വരെ 89.08 കോടി രൂപ വായ്പയായി കൃഷി ആവശ്യങ്ങൾക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്.

പ്രാഥമിക ബാങ്കുകളുടെ ശക്തീകരണം

342(790)ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തകവുമായ ഉന്നതിക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വായ്പാ വിതരണത്തിന് പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.

സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരായ അംഗങ്ങളുടെ പങ്കാളിത്തത്തോടെ, തികച്ചും ജനാധിപത്യപരമായ നിയന്ത്രണത്തോടെ പ്രവർത്തിച്ചുവരുന്നു. കാർഷിക വ്യവസായ മേഖലകളിലേയും സേവന മേഖലകളിലേയും സംഘങ്ങൾക്ക് പുറമേ മാർക്കറ്റിങ് രംഗത്തും കെട്ടിടനിർമ്മാണ രംഗത്തും ക്ഷീരോൽപാദനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഏറ്റവും അധികം ആളുകൾ തൊഴിൽ ചെയ്യുവരുന്നു. സാമ്പത്തിക വളർച്ചയ്ക്ക് സമ്പൂർണ്ണവും ഉൽപാദനപരവുമായ തൊഴിൽശേഷിയുടെ ഉപയോഗവും മികച്ച തൊഴിലും എന്ന ആശയം ഏറ്റവും നല്ല രീതിയിൽ പ്രാവർത്തികമാകുന്നത് സഹകരണ മേഖലയിലാണെന്ന് നിസ്സംശയം പറയാനാകുന്നതാണ്.

വാണിജ്യബാങ്കുകൾ നിഷേധ നിലപാട് സ്വീകരിക്കുമ്പോൾ കേരളത്തിലെ ഇടത്തരക്കാരും ദരിദ്രരും ഒക്കെയായ വിവിധവിഭാഗം ജനങ്ങളുടെ വായ്പാവശ്യങ്ങൾ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ മുതൽ കേരള ബാങ്കുവരെയുള്ള വായ്പാസംഘങ്ങളാണ്.

1. റിസ്ക് ഫണ്ട്

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ചുനൽകുന്നത് സർക്കാർ അംഗീകരിച്ച് നൽകിയ റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ആയതുപ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരക രോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചുനൽകുന്നു.

2. ഡെപ്പോസിറ്റ് ഗാരന്റി ഫണ്ട് പദ്ധതി

1969-ലെ കേരള സംസ്ഥാന സഹകരണസംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്യൂഡേറ്റ് ചെയ്ത

സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തിയാൽ ടി സംഘത്തിന്റെ നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേക്കായി തുക ലഭ്യമാക്കുന്നതിനായി സംഘത്തിന്റെ അപേക്ഷയും സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചുനൽകിയ തിരിച്ചടവ് ഷെഡ്യൂൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പാക്കേജ് ശിപാർശ സഹിതം സംഘം സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് വായ്പയായി അനുവദിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചുവരുന്നു.

3. ആർബിട്രേഷൻ/എക്സിക്യൂഷൻ

സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും സമയബന്ധിതമായി ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിന് നിർദേശം നൽകുകയും ആയതിനുവേണ്ടി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിസംബർ 2024-സെപ്റ്റംബർ 2025 വരെയുള്ള കാലഘട്ടത്തിൽ 3,31,100 ആർബിട്രേഷൻ കേസുകളിലായി 12,502 കോടി രൂപയുടെ കേസുകൾ തീർപ്പാക്കാനും 1,18,540 എക്സിക്യൂഷൻ കേസുകളിലായി 4,751 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ മികച്ച രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

4. നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുംകൂടി "നവകേരളീയം കുടിശ്ശിക നിവാരണം– ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും 2025 ജനുവരി 2 മുതൽ 2025 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ടി പദ്ധതി നടപ്പാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനംവരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ

ഉരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സെയിൽ ഓഫീസർമാരുടെ ട്രെയിനിങ് 3 സോണുകളായി തിരിച്ച് തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽവച്ച് നടത്തുകയുണ്ടായി. എല്ലാ ജില്ലയിലെയും 500-ൽ അധികം ജീവനക്കാർക്ക് ടി ട്രെയിനിങ്ങിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. കൂടാതെ, പ്രാഥമിക കാർഷിക സഹകരണ ബാങ്കിലെ ലിക്വിഡേറ്റർമാരുടെ ഒരു പരിശീലന പരിപാടി 2024 നവംബർ മാസം നടപ്പാക്കി.

ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ഓരോ ഉദ്യോഗസ്ഥർക്കും പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ച് നൽകുകയും ഏറ്റവും മികച്ച രീതിയിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരത്ത് വച്ച് നടന്ന സഹകരണ എക്സ്പൊ 2025-ൽ അവാർഡ് വിതരണം ചെയ്യുകയുമുണ്ടായി.

5. സഹകരണ മാന്വൽ

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കടമകൾ കാര്യക്ഷമമായി നിർവഹിക്കാൻ സഹായിക്കുന്ന സമഗ്രമായ മാന്വൽ പ്രസിദ്ധീകരിച്ചു. ഈ മാന്വൽ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ മുതൽ സമാപ്തീകരണം വരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. സഹകരണ നിയമം, ചട്ടങ്ങൾ, രജിസ്ട്രാറുടെ സർക്കുലറുകൾ എന്നിവ വിശകലനം ചെയ്താണ് മാന്വൽ തയ്യാറാക്കിയിരിക്കുന്നത്.

6. പ്രവർത്തന മാന്വൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 19-4-2025-ലെ മീറ്റിങ്ങിൽ ആറാം നമ്പർ തീരുമാനപ്രകാരം സഹകരണസംഘം ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ഒരു പ്രവർത്തന മാന്വൽ നിർദേശിക്കുന്നു. ആയതുപ്രകാരം തയ്യാറാക്കിയ പ്രവർത്തന മാന്വൽ 72-മാത് സഹകരണ വാരാഘോഷ സമാപന വേദിയിൽ ആലപ്പുഴയിൽ വച്ച് പ്രകാശനം ചെയ്തു.

7. മികവ് പദ്ധതി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പദ്ധതിയാണ് മികവ്. HRMS സോഫ്റ്റ്വെയറിൽ ഒരു ടെയിനിങ് മൊഡ്യൂൾ സംവിധാനം ഏർപ്പെടുത്തിയാണ് പരിശീലനപരിപാടി നടപ്പാക്കിവരുന്നത്. കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഈ പദ്ധതിയുടെ ഭാഗമായി 300 ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകാൻ കഴിഞ്ഞു. ഇതിനായി ACSTI മൺവിളയിൽ 2 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്.

8. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA)

സഹകരണ സംഘങ്ങളിലെ പരിശോധന നടപടികളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്വം എന്നിവ വർധിപ്പിക്കുന്നതിനായി സഹകരണവകുപ്പ് വികസിപ്പിച്ചെടുത്ത സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA). ഇതേവരെ 3349 ഇൻസ്പെക്ഷനുകൾ [66(1)] പൂർത്തീകരിച്ചിട്ടുണ്ട്. മൊബൈൽ ആൻഡ് വെബ് സാങ്കേതികവിദ്യകൾ അടിസ്ഥാനപ്പെടുത്തിയാണ് CIMA പ്രവർത്തിക്കുന്നത്. പരിശോധനാ ഉദ്യോഗസ്ഥരും മേൽനോട്ട ഉദ്യോഗസ്ഥരും സഹകരണ സംഘങ്ങളും തമ്മിലുള്ള ആശയവിനിമയം ലളിതമാക്കുന്നതാണ് CIMA ആപ്ലിക്കേഷൻ. CIMA ആപ്ലിക്കേഷനിൽ സംഘം പരിശോധനയുടെ തത്സമയ നിരീക്ഷണവും ഫീഡ്ബാക്കും നൽകാൻ സാധിക്കുന്നു. അതോടൊപ്പം നിരീക്ഷണത്തിന് ശേഷമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കാനും സാധിക്കുന്നു. ഇന്ത്യയിലെ സഹകരണ രംഗത്തെ ആദ്യ ഡിജിറ്റൽ പരീക്ഷണമാണ് CIMA.

9. PACS-കളിൽ യൂണിഫോം സോഫ്റ്റ്വെയർ

സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും (1,636) അവയുടെ ശാഖകളിലും (3,800) ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കാൻ ലക്ഷ്യമിടുന്നു. ഇത് സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വായ്പാ മാനേജ്മെന്റ്, അക്കൗണ്ടിങ് എന്നിവ

കൂടുതൽ കാര്യക്ഷമമാക്കും. അംഗങ്ങളുടെ രജിസ്ട്രേഷൻ, സാമ്പത്തിക റിപ്പോർട്ടിങ് എന്നിവ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. മുറ്റത്തെ മുല്ല

ബ്ലേഡ് പലിശക്കാർ, ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പാക്കിവരുന്നു.

2. കെയർ ഹോം പദ്ധതി

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയായ കെയർ

ഹോം പദ്ധയിലൂടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറി.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. പാലക്കാട് ജില്ലയിൽ കണ്ണാടി 2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ താലൂക്കിൽ പദ്ധതി നിർവഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. പുനർജനി പദ്ധതി

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

4. സ്നേഹതീരം വായ്പാ പദ്ധതി

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച്

അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്ന പദ്ധതിയാണ് "സ്നേഹതീരം വായ്പാ പദ്ധതി". ടി പദ്ധതി പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പാക്കിയിട്ടുള്ളതും ആയതുപ്രകാരം കോട്ടയം ജില്ലയിലെ അയ്മനം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 750-ൽനിന്നും ആദ്യഘട്ട വായ്പയായി 5 പേരുൾപ്പെടുന്ന ദീപം ആക്റ്റിവിറ്റി ഗ്രൂപ്പിന് 50,000/-രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

5. സഹകരണം സൗഹൃദം

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

6. സഹായ ഹസ്തം വായ്പാ പദ്ധതി

പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗം കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ്

എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. നാളിതുവരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

7. യുവജന സഹകരണ സംഘങ്ങൾ

സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും ജില്ലാ തലത്തിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. സഹകാരികൾക്കുള്ള ആശ്വാസനിധി

അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി എന്ന പദ്ധതി നടപ്പാക്കിവരുന്നു. വാർഷിക വരുമാനം 300,000/- രൂപയിൽ താഴെ ഉള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/-രൂപ ധനസഹായം നൽകുന്നതിനുമായിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പദ്ധതി പ്രകാരം 436 അപേക്ഷകളിലായി 1,17,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

9. കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി

ഗുരുതര രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധനസഹായ വിതരണം നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 ഘട്ടങ്ങളിലായി സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 46,310 ഗുണഭോക്താക്കൾക്കായി ആകെ 97,44,20,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

10. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി

പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

11. പാലിയേറ്റീവ് കെയർ പദ്ധതി

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെയാണ് സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കാനുതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി ആരംഭിച്ച വേളയിൽ 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പാക്കിവരുന്നു.

12. Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICE)

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICE) എന്ന കലാകാരൻമാരുടെ സംഘം രൂപീകരിച്ചു. നിയമാവലി പ്രകാരമുള്ള

പ്രവർത്തനങ്ങൾ നടത്തി സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി ഊർജിത നടപടി സ്വീകരിച്ചുവരുന്നു.

13. കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511.

സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511. കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവതോന്മുഖ അഭിവൃദ്ധിയും വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം.

14. കേരള സംസ്ഥാന ഡിഫറന്റ്ലി ഏബിൾഡ് സഹകരണ സംഘം

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന

പരിധിയാക്കി കേരള സംസ്ഥാന ഡിഫറന്റ്ലി ഏബിൾഡ് സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്.

15. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി

സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തുവരുന്നത്. ഇതുകൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്തുവരുന്നു. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും ഓപ്പൺ മാർക്കറ്റ് വഴിയും കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു.

ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കിവരുന്നു. നാളിതുവരെ 14

ജില്ലകളിലുമായി 381.45 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനും അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്താനും ഈ പദ്ധതിമൂലം സാധിക്കുകയുണ്ടായി.

16. PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കാൻ, ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക. കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിങ് & മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്. സംഘത്തിൽ 2500 MT സംഭരണ ശേഷിയുള്ള 6 സൈലോകൾ (ആകെ 15000 MT), 1 ലക്ഷം MT വരെ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പാർ ബോയിലിങ് യൂണിറ്റ്, ആധുനിക റൈസ് മിൽ, എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ആയതുസംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നതുമാണ്.

17. KAPCOS

പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസ്സസിങ് & മാർക്കറ്റിങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടീ സംഘത്തിന്റെ പ്രധാന ഉദ്ദേശം. അരിയും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കർഷകരിൽനിന്നും അരി സംഭരിച്ച് സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കിവരുന്നു. സംഘത്തിന്റെ നേതൃത്വത്തിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കേരളത്തിലെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ സ്ഥാപിതമായ പാലക്കാട് പാഡി

പ്രോകൃർമെന്റ് പ്രോസ്സസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോകൃർമെന്റ് പ്രോസ്സസിങ് ആൻഡ് മാർക്കറ്റിങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി പൂർണ്ണപഥത്തിലെത്തുന്നതോടെ കേരളത്തിലെ 67 ശതമാനത്തോളംവരുന്ന നെല്ലുൽപാദനത്തിന്റെ 39.90 ശതമാനം പാലക്കാട് ജില്ലയിൽ നിന്നും 26.64 ശതമാനം കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽനിന്നും സംഭരിക്കാൻ സാധിക്കുന്നതും, സംസ്കരിച്ച് വിപണനം നടത്താൻ സാധിക്കുന്നതുമാണ്. കൂടാതെ ടി സംഘങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുവാനും കഴിയുന്നതാണ്.

18. Branding & Marketing Of Co-Operative Products

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ടി ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണിശൃംഖല കെട്ടിപ്പടുത്തിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം 14 coopmart കൾ ആരംഭിച്ചിട്ടുള്ളതും പുതിയ 16

കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഘട്ടം ഘട്ടമായി കോപ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് സർക്കാർ 11 അംഗ മാനേജിങ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നതുമാണ്. ഗുണമേന്മയുള്ള വിവിധ സഹകരണ ഉൽപന്നങ്ങൾ കോപ്കേരള (coopkerala) ബ്രാൻഡോടുകൂടി ആമസോൺ ഓണലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപന്നങ്ങൾക്കും 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപന്നങ്ങൾക്കും coopkerala സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇപ്രകാരം coopkerala സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപന്നങ്ങൾക്കായി ഒരു സ്വതന്ത്ര ഡിജിറ്റൽ വിപണിയായ “അങ്ങാടി കേരള” പ്ലാറ്റ്ഫോം ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

19. നെറ്റ് സീറോ എമിഷൻ പദ്ധതി

'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിനിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പാക്കിവരുന്നത്. കാർബൺ ഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതുയിടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മണലൂർ മണ്ഡലത്തിൽ അനുവദിച്ച റിസ്ക് ഫണ്ട്

343(791) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 57(ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (Risk fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കിവരുന്നു. കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. ഈ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

സഹകരണ ബാങ്കിൽനിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ അവർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്ന അധികാരി, വികസന ക്ഷേമനിധി ഫണ്ട് മാനേജിങ് കമ്മിറ്റിയാണ്. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

1) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരിയിൽനിന്നും വാങ്ങി ഹാജരാക്കണം.

2) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശിപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാനപകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശിപാർശയ്ക്കായി നൽകി, വ്യക്തമായ ശിപാർശ സഹിതം, 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്ററുടെ ശിപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽനിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസറുടെ ശിപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

3) ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ/മാനേജരുടെയും ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള അപേക്ഷകളിൽ ബോർഡ് സെക്രട്ടറി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് നൽകുകയും അതോടൊപ്പംതന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെ അറിയിക്കുന്നതുമാണ്. അപ്രകാരം സംഘത്തിന് ലഭിക്കുന്ന

തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി ബാങ്ക്/സംഘം വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചുനൽകേണ്ടതാണ്. സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

(എ) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7 – റിസ്ക് ഫണ്ട് വിഹിതം

വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ആയതിന്റെ 18 ശതമാനം ജി.എസ്.ടി.-യും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(ബി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5 – വയസ്സ്

മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

(സി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി) – കുടിശ്ശിക/കാലാവധി

വായ്പാകാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഡി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി) –മാരകരോഗം

30-03-2012-നുശേഷം വായ്പയെടുത്ത വായ്പക്കാരന് മാരകമായ രോഗം പിടിപ്പെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ചികിത്സാ ധനസഹായം നൽകിവരുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽനിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി തുകയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്ന തുകകളെക്കുറിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

I) മരണാനന്തര സഹായം

1) റിസ്ക് ഫണ്ട് ധനസഹായ തുക – 1,00,000/-

ഈ പദ്ധതി 2008-ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

2) റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-

30-03-2012 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,50,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണതീയതി വരെയുള്ള പലിശയും നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

3) റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-

24-09-2019 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽനിന്നും 2,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4) റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-

11-10-2022 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/-രൂപയിൽനിന്നും 3,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 3,00,000/- രൂപയുടെ ധനസഹായം നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

II) മാരകരോഗം

1) ചികിത്സാ ധനസഹായ തുക – 75,000/-

ഈ പദ്ധതിയുടെ ആനുകൂല്യം 30-03-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകിവരുന്നു.

മാരകരോഗങ്ങളിൽ 29-02-2016 മുതൽ ടി.ബി., ലിവർ സിറോസിസ് എന്നീ അസുഖങ്ങൾകൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2) ചികിത്സാ ധനസഹായ തുക –1,00,000/-

24-09-2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽനിന്നും 1,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

മാരകരോഗങ്ങളിൽ 24-09-2019 മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ അസുഖങ്ങൾകൂടി ഉൾപ്പെടുത്തുകയും ചെയ്തു.

3) ചികിത്സാ ധനസഹായ തുക –1,25,000/-

11-10-2022 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,25,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

(ബി) മണലൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്രപേരുടെ അപേക്ഷ ഇത്തരത്തിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

(ബി&സി) മണലൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 293 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ 125 അപേക്ഷകളിലായി

1,49,31,011/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 168 അപേക്ഷകളിൽ 73 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 42 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും ബാക്കിയുള്ള 53 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

(ഡി) മണലൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപയുടെ റിസ്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽനിന്നും ലഭിച്ച 293 അപേക്ഷകളിലും മുൻകാലങ്ങളിൽ ലഭ്യമായ അപേക്ഷകളിൽ നിന്നുമായി നാളിതുവരെ 185 അപേക്ഷകളിലായി 1,98,42,447/- രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

കണ്ടള സർവീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനം

344(792) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടള സർവീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനത്തിനും നിക്ഷേപകരെ സഹായിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കണ്ടല സർവീസ് സഹകരണ ബാങ്കിലെ പ്രസിഡന്റും ഭരണസമിതി അംഗങ്ങളും രാജിവച്ചതിനെ തുടർന്നുണ്ടായ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 26-08-2023-ലെ സി.ആർ.പി. (1) 7788/2017 നമ്പർ ഉത്തരവ് പ്രകാരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും തുടർന്ന് ജോയിന്റ് രജിസ്ട്രാറുടെ 14-03-2024-ലെ സി.ആർ.പി. (1) 7788/2017 നമ്പർ ഉത്തരവ് പ്രകാരം മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് 15-03-2024 മുതൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണ ചുമതല നിർവഹിച്ചുവരികയും ചെയ്യുന്നു.

കണ്ടല സർവീസ് സഹകരണ ബാങ്കിൽനിന്ന് നിക്ഷേപം തിരികെ നൽകുന്നതിനായി മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ചും വായ്പ തിരിച്ചടവിലൂടെ ലഭിക്കുന്ന തുകകൾ നിക്ഷേപകർക്ക് ആനുപാതികമായി വിതരണം ചെയ്യുന്നതിനുമായി നിക്ഷേപകരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ച് ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം കമ്മിറ്റി യോഗം ചേർന്ന് അപേക്ഷകൾ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന പട്ടിക പ്രകാരം നിക്ഷേപകർക്ക് തുക വിതരണം ചെയ്തുവരുന്നു. ഇപ്രകാരം 01-09-2023 മുതൽ 31-12-2025 വരെയുള്ള കാലയളവിൽ 2,732 നിക്ഷേപകർക്ക് 35,54,93,025/- രൂപ തിരികെ നൽകിയിട്ടുണ്ട്. നിക്ഷേപർക്ക് നിക്ഷേപ തുക മടക്കി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരള ബാങ്കിൽനിന്നും മാനേജർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ കണ്ടല സഹകരണ ബാങ്കിൽ സ്പെഷ്യൽ ഓഫീസറായി

നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ റിക്കവറി പ്രവർത്തനങ്ങളും ബാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബാങ്കിൽ സ്വർണ്ണപ്പണയ വായ്പ പദ്ധതി പുനരാരംഭിച്ചിട്ടുണ്ട്. ടി ബാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ഒരു ഇൻസ്പെക്ടറുടെ സേവനം ബാങ്കിന് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് ഫയൽ ചെയ്തിട്ടുള്ള 10,60,86,231/- രൂപയുടെ 232 എക്സിക്യൂഷൻ പെറ്റീഷനുകളും 2,64,44,325/- രൂപയുടെ 26 ആർബിട്രേഷൻ കേസുകളും നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്.

കണ്ടല സർവീസ് സഹകരണ ബാങ്കിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളിലൂടെ ബാങ്കിന് നഷ്ടപ്പെട്ട തുകകൾ ഉത്തരവാദികളായ മുൻഭരണസമിതി അംഗങ്ങളും ജീവനക്കാരുമായിരുന്ന 21 പേരിൽനിന്നും പലിശ സഹിതം 95,26,20,627.34/- രൂപ ഈടാക്കുന്നതിനായി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 31-12-2025-ലെ JRGTVM/4897/2024-CRP(1) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 68(2) സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർചാർജ് ചെയ്യപ്പെട്ട കക്ഷികൾ ടി ഉത്തരവ് കൈപ്പറ്റി 60 ദിവസങ്ങൾക്കുള്ളിൽ സർചാർജ് ചെയ്ത തുകകൾ കണ്ടല സർവീസ് സഹകരണ ബാങ്കിൽ അടയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അല്ലാത്തപക്ഷം സർചാർജ് ചെയ്യപ്പെട്ട മേൽ വ്യക്തികളുടെ സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും മരണപ്പെട്ട കക്ഷികളുടെ

നിയമാനുസൃത അവകാശികളിൽനിന്നും ടി തുക ഈടാക്കി എടുക്കുന്നതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

ജപ്തി നടപടികൾ ഒഴിവാക്കാൻ നടപടി

345(793) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത രണ്ടര സെന്റ് ഭൂമി വരെയുള്ള കുടുംബങ്ങളെ വായ്പാ കുടിശ്ശികയുടെ പേരിൽ ജപ്തി നടപടികൾനിന്നും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായാൽ 1969-ലെ കേരള സഹകരണ നിയമം/ചട്ടം അനുസരിച്ചാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. രണ്ടര സെന്റ് വരെ ഭൂമിയുള്ള കുടുംബങ്ങളെ ജപ്തി നടപടികളിൽനിന്ന് ഒഴിവാക്കുന്നതിന്

ടി നിയമത്തിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും, സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ള വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ ഇളവ്

നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. സഹകരണ സംഘങ്ങളിൽനിന്ന് ലോൺ എടുത്ത് ജപ്തി നടപടി നേരിടുന്നവർക്കും ഇളവുകളോടെ കുടിശ്ശിക വായ്പ അടച്ച് തീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം നൽകുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ബി&സി) സഹകരണസംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായാൽ, 1969-ലെ കേരള സഹകരണ നിയമം/ചട്ടം അനുസരിച്ചാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. രണ്ടര സെന്റ്വരെ ഭൂമിയുള്ള കുടുംബങ്ങളെ ജപ്തി നടപടികളിൽനിന്ന് ഒഴിവാക്കുന്നതിന് ടി നിയമത്തിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും, സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ള വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക്

അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. സഹകരണ സംഘങ്ങളിൽനിന്ന് ലോൺ എടുത്ത് ജപ്തി നടപടി നേരിടുന്നവർക്കും ഇളവുകളോടെ കുടിശ്ശിക വായ്പ അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം നൽകുന്നു.

സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ

346(794)ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ എത്ര കോടി രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ മുൻകാലങ്ങളിൽ ഉൾപ്പെടെ നടന്ന ക്രമക്കേടുകളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ 15,82,52,32,376/-രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ 125.83 കോടി രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കാൻ നിയമിച്ച സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സർക്കാർ നിയമിച്ച ഉന്നതതല കമ്മിറ്റി സഹകരണ വായ്പാ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈട് വസ്തുവിന്റെ മൂല്യനിർണ്ണയം ഉൾപ്പെടെ, വായ്പ അപേക്ഷകൾ കൈകാര്യം ചെയ്തതിൽ സംഭവിച്ച ഗുരുതരമായ പിഴവാണ് തൽപ്പരകക്ഷികൾക്ക് ബാങ്കിനെ കബളിപ്പിച്ച് പണാപഹരണം നടത്താൻ സഹായകരമായത്. ഇത് മറ്റ് സഹകരണ സംഘങ്ങളിലും ഇതേ രീതിയിലോ, മറ്റ് നൂതന രീതികളിലോ അവലംബിക്കപ്പെടാനുള്ള സാധ്യത തള്ളിക്കളയാൻ ആവില്ല. ആകയാൽ എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും സഹകരണനിയമം വകുപ്പ് 28(1G) പ്രകാരം പ്രൊഫഷണൽ ഡയറക്ടർമാരെ ഉൾപ്പെടുത്താൻ കർശന നടപടി സ്വീകരിക്കാവുന്നതാണ്.

2. ബാങ്കുകൾ വൻകിട വായ്പകൾ നൽകുമ്പോൾ 10 ലക്ഷം രൂപയിൽ കൂടുതലാണ് വായ്പ തുകയെങ്കിൽ വായ്പ അപേക്ഷയോടൊപ്പം വായ്പ തുക വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ "പദ്ധതി റിപ്പോർട്ട്" കൂടി സമർപ്പിക്കേണ്ടതാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനാണെങ്കിൽ നിർമ്മാണ വിശദാംശങ്ങളായ പ്ലാൻ,

എസ്റ്റിമേറ്റ് മുതലായവ സമർപ്പിക്കേണ്ടതുമാണെന്നും ഇപ്രകാരം ലഭിക്കുന്ന വായ്പ അപേക്ഷകൾ ബാങ്കിലെ പ്രൊഫഷണൽ ഡയറക്ടർമാർ, ബാങ്ക് സെക്രട്ടറി, എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് വായ്പ ശിപാർശ ചെയ്യേണ്ടതുണ്ടെന്നും നിഷ്കർഷിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും. വലിയ വായ്പകൾ പ്ലാൻ പ്രകാരം ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് വായ്പ തവണകളായി അനുവദിക്കുന്നത് പരിഗണിക്കേണ്ടതാണെന്നും സർക്കുലറിൽ നിഷ്കർഷിക്കാവുന്നതാണ്.

3. കരുവന്നൂർ ബാങ്കിൽ വസ്തുവിന്റെ മൂല്യനിർണ്ണയത്തിൽ വ്യാപക ക്രമക്കേടാണ് നടന്നിട്ടുള്ളത്. ഈട് വസ്തുവിന്റെ വിപണി മൂല്യം പെരുപ്പിച്ച് കാണിച്ചാണ് വൻതുക വായ്പകൾ തരപ്പെടുത്തിയത്. സമാന രീതിയിലെ തട്ടിപ്പ് മറ്റ് സഹകരണ സംഘങ്ങളിലും സാധ്യമാവുമെന്നതിനാൽ ഈട് വസ്തുവിന്റെ മൂല്യനിർണ്ണയം നിശ്ചയിക്കാൻ സംവിധാനം ഉണ്ടാവേണ്ടതുണ്ട്. 10 ലക്ഷം രൂപയിൽ അധികരിച്ച് വായ്പ നൽകുമ്പോൾ സ്വീകരിക്കുന്ന ഈട് വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് കൊമേഴ്സ്യൽ ബാങ്കുകളിൽ നിലവിൽ സ്വീകരിച്ചുവരുന്ന മാതൃകയിൽ ഈ രംഗത്ത് മുൻപരിചയവും നിശ്ചിത യോഗ്യതയും ഉള്ള വാല്യുവർമാരുടെ പാനൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി പ്രസ്തുത പാനലിൽ ഉള്ള വാല്യുവർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്താവുന്നതുമാണ്.

4. ഓഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ ഓഡിറ്റർ ഭരണസമിതി വിളിച്ചുചേർത്ത് ചർച്ച ചെയ്യണമെന്ന നിലവിലെ വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുവെന്നും ഓഡിറ്റ്

ന്യൂനതകൾ വ്യക്തമായി ഓഡിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും നിയന്ത്രണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

5. ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന സംഘം, നിയമാനുസൃതം ന്യൂനതകൾ പരിഹരിക്കേണ്ടതും പരിഹരണ റിപ്പോർട്ട് ഭരണവിഭാഗത്തിൽ സമർപ്പിക്കേണ്ടതുമുണ്ട്. ഇപ്രകാരം സംഘങ്ങൾ ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അതത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാരെ ചുമതലപ്പെടുത്താവുന്നതാണ്.

6. ബാങ്കിൽ MDS ഇടപാടിൽ വ്യാപക ക്രമക്കേട് നടന്നിട്ടുണ്ട്. സമാന രീതിയിൽ മറ്റ് സംഘങ്ങളിലും MDS ഇടപാടിൽ ക്രമക്കേടിന് സാധ്യത കാണുന്നതിനാൽ MDS ഇടപാടുകൾ സംഘങ്ങളുടെ കണക്കുകളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്. നിലവിൽ എം.ഡി.എസ്. ഇടപാടുകൾ ഏകീകൃത രീതിയിലല്ല വിവിധ സഹകരണസംഘങ്ങൾ നടത്തിവരുന്നത്. എം.ഡി.എസ്.-ന് ഒരു പൊതു ഉപനിബന്ധന ഇല്ലാത്തത് എം.ഡി.എസ്. നടത്തിപ്പിലെ ക്രമക്കേടുകൾക്ക് ഒരു കാരണമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എം.ഡി.എസ്. കണക്കെഴുത്ത് രീതിയും ഏകീകൃതമാകേണ്ടതുണ്ട്. ആകയാൽ എം.ഡി.എസ്. ഉപനിബന്ധനയിൽ ഉണ്ടാകേണ്ട വ്യവസ്ഥകളും എം.ഡി.എസ്. കണക്കെഴുത്ത് രീതിയും വ്യക്തമാക്കുന്ന ഒരു സർക്കുലർ സഹകരണസംഘം രജിസ്ട്രാർ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതുണ്ട്.

7. സഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വിവരങ്ങളിലെ ക്രമക്കേടുകൾ വ്യാപകമാവുന്നത് തടയേണ്ടതുണ്ട്. സഹകരണ സംഘങ്ങളിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ 62/2020 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം സംഘങ്ങൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഏകീകൃത സോഫ്റ്റ്വെയർ PACS-കളിൽ നടപ്പിൽ വരുത്തേണ്ടതുമുണ്ട്.

8. സംഘങ്ങളിലെ ജീവനക്കാരെ 2 വർഷം കൂടുമ്പോൾ കൈകാര്യം ചെയ്യുന്ന സീറ്റിൽനിന്നും മാറ്റുന്നതും ബ്രാഞ്ചുകളിൽ മാറ്റി നിയമിക്കുന്നതും പരിഗണിക്കേണ്ടതാണ്.

(ഡി) സഹകരണ ബാങ്കുകളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിക്ഷേപകർക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ റിസ്ക് ഫണ്ട് വഴി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ

അംഗീകരിച്ച് നൽകിയ റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്. സഹകരണ ബാങ്കുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട നിക്ഷേപകർക്ക് റിസ്ക് ഫണ്ട് പദ്ധതി വഴി ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്തതാണ്.

സഹകരണ ബാങ്കുകളിൽ പലിശയിനത്തിൽ ഇളവ്

347(795) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്ന് ലോൺ എടുത്തവർക്കും തിരിച്ചടയ്ക്കാൻ പ്രയാസം നേരിട്ടവർക്കും സമാശ്വാസമായി പലിശയിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ?

വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും വായ്പ എടുത്ത് തിരിച്ചടക്കാൻ പ്രയാസം നേരിടുന്നവർക്കും സമാശ്വാസമായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം വായ്പ തുകയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഇളവുകൾ പലിശയിൽ അനുവദിക്കാറുണ്ട്.

- പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.
- സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.
- 50,000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി വ്യവസ്ഥകൾക്ക് വിധേയമായി 50 ശതമാനംവരെ ഇളവ് നൽകുന്നുണ്ട്.

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നു.

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള പലിശ മുതലിനേക്കാൾ അധികരിക്കാത്ത വായ്പകളിന്മേൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനംവരെ പലിശയിൽ ഇളവ് അനുവദിക്കുന്നു.

- 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40 ശതമാനംവരെ ഇളവ് അനുവദിക്കുന്നു.

- 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/-രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ പരമാവധി 20 ശതമാനംവരെ പലിശയിൽ ഇളവ് അനുവദിക്കുന്നു.

- കൂടാതെ സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക വായ്പകളും അധിക ഇളവുകളോടെ ടി പദ്ധതി പ്രകാരം അടച്ച് തീർക്കാവുന്നതാണ്.

(ബി) പലിശയിൽ പരമാവധി ഇളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി സമയം അനുവദിക്കാമോ; വിശദമാക്കാമോ?

പലിശയിൽ പരമാവധി ഇളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി സമയം അനുവദിക്കാറുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനംവരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. സഹകരണ സംഘങ്ങളിൽനിന്ന് ലോൺ എടുത്ത് ജപ്തി നടപടി നേരിടുന്നവർക്ക് ഇളവുകളോടെ കുടിശ്ശിക വായ്പ അടച്ച് തീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം ലഭിക്കുന്നു.

പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

348(796)ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വില്ലേജിൽ സർവെ നമ്പർ 478/1-ൽപ്പെട്ട 04.05 ആർ സർക്കാർ സ്ഥലം ലീസ് വ്യവസ്ഥയിൽ 2089 പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിരുന്നതും ലീസ് കുടിശ്ശിക വരുത്തിയതിനാൽ ലീസ് റദ്ദ് ചെയ്യുന്നതിലേക്ക് പ്രസ്തുത സ്ഥാപനത്തിന്റെ 2020-21-ലെ ഓഡിറ്റ് പ്രകാരമുള്ള ആസ്തി വിവരങ്ങളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സ്ഥാപനത്തിന്റെ ഭാരവാഹികളുടെ വിവരങ്ങളും ആവശ്യപ്പെട്ട് കൊല്ലം ജില്ലാ കളക്ടർ, കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലത്തിന് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

കൊല്ലം ജില്ലാ കലക്ടറുടെ കത്തിന് 22-09-2025-ലും 01-01-2026-ലും കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽനിന്നും മറുപടി നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ 2020-21-ലെ ഓഡിറ്റ് പ്രകാരമുള്ള ആസ്തി വിവരങ്ങളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സ്ഥാപനത്തിന്റെ ഭാരവാഹികളുടെ വിവരങ്ങളും നിലവിൽ സൂക്ഷിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ; പ്രസ്തുത വിവരങ്ങളടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; പ്രസ്തുത വിവരങ്ങൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടോയെന്ന് വിശദമാക്കാമോ?

പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം നിലവിൽ പ്രവർത്തന രഹിതവും ഭരണസമിതി ഇല്ലാത്തതുമാണ്. പുനലൂർ വില്ലേജിലെ 478/1/1 സർവെ നമ്പറിൽപ്പെട്ട 10 സെന്റ് വസ്തുവും അതിലെ കെട്ടിടവും കൃ. 2809 പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സംഘത്തിന് കുത്തകപ്പാട്ടം നൽകിയതായി 2020-2021 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായി കാണുന്നു.

ടി സംഘത്തിന്റെ 2020-2021 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

സഹകരണ സംഘങ്ങളെ മികവുറ്റതാക്കാൻ നടപടി

349(797) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന മികച്ച സഹകരണ സംഘങ്ങളായി കേരളത്തിലെ സഹകരണ സംഘങ്ങളെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കായി സഹകരണ മേഖല വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. സഹകരണ പ്രസ്ഥാനം ജനജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ, സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ആഗോളതലത്തിൽ അടയാളപ്പെടുത്താവുന്ന നിലയിലേക്ക് സഹകരണ സ്ഥാപനങ്ങൾക്ക് വളരാനുള്ള എല്ലാ സാഹചര്യവും ഇന്ന് കേരളത്തിലുണ്ട്. ആയതിന് ഉദാഹരണങ്ങളാണ് കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, എൻ.എസ്. ഹോസ്പിറ്റൽ സഹകരണ സംഘം എന്നിവ. അന്തർദേശീയ സഹകരണ സഖ്യം പ്രഖ്യാപിക്കുന്ന ലോകത്തെ ഏറ്റവും മികച്ച 300 സഹകരണ സംഘങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന, world co-operative monitor 2025-ൽ സ്ഥാനം പിടിച്ച 2 സഹകരണ സംഘങ്ങളാണ് കേരള ബാങ്കും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘവും. ICA,

Asia-Pacific-ലെ മികച്ച സംഘങ്ങൾക്കുള്ള എന്റർപ്രൈസിങ് കോ-ഓപ്പറേറ്റീവ് അവാർഡ് കൊല്ലം എൻ.എസ്. ഹോസ്പിറ്റൽ കരസ്ഥമാക്കി.

നിലവിൽ വായ്പ സംഘങ്ങൾക്കപ്പുറം, നിർമ്മാണകരാർ, ഉൽപന്നനിർമ്മാണം, ഭക്ഷ്യ സംസ്കരണം, പരമ്പരാഗത വ്യവസായം, ആരോഗ്യരംഗം, വിദ്യാഭ്യാസ മേഖലകൾ, ചെറുകിട വ്യാപാരം, സോഫ്റ്റ്വെയർ വികസനം, ഐ.റ്റി. സേവനങ്ങൾ തുടങ്ങി ഒട്ടേറേ മേഖലകളിലേക്ക് സഹകരണ മേഖല ശക്തമായി കടന്നുവന്നിട്ടുണ്ട്.

(ബി) സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സഹകരണ മേഖലയിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും യുവാക്കളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം 14 ജില്ലകളിലുമായി 14

പട്ടികജാതി/പട്ടികവർഗ യുവ സഹകരണ സംഘങ്ങളും മൂന്നാം ന്യൂദിന പദ്ധതിയിൽ ഉൾപ്പെടുത്തി 3 യുവ വനിത സഹകരണ സംഘങ്ങളും രൂപികരിച്ചിട്ടുണ്ട്.

മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുക, ഇവന്റ് മാനേജ്മെന്റ്, തേങ്ങയിൽനിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് ടൂൾ കിറ്റ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വഴി തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്ത് അതുവഴി ഐ.റ്റി. മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി. അനുബന്ധ സമഗ്രികളുടെ വിപണനവും സർവീസും, പ്രിന്റിങ് ആൻഡ് പബ്ലിഷിങ്, കാറ്ററിങ് സർവീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ തൊഴിൽ സേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ, ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും, ഗാർഡനിങ്, ടൂറിസം പദ്ധതികൾ നടപ്പാക്കുക, ടൂറിസം വ്യവസായത്തിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക അതിലൂടെ തൊഴിൽ, ഫുഡ് പ്രോസ്സസിങ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യജ്ഞനങ്ങളുടെ

ഓൺലൈൻ വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ടക്ക്സ്, സുഗന്ധ വ്യജ്ഞനങ്ങളുടെ വ്യാപാരം, നിത്യോപയോഗ സാധനങ്ങളുടെ ഉൽപാദനം, മറ്റ് അവശ്യസാധനങ്ങളുടെ സംഭരണം, വിതരണം നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപാദനം, വിതരണം, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപാദനം, വിതരണം, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധതരം പച്ചക്കറികളുടെ ഉൽപാദനം, സംഭരണം, വിതരണം, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിങ് സിസ്റ്റം ഡിസൈൻ, എഞ്ചിനിയറിങ് സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവശേഖരങ്ങൾ മൂല്യവർധിത ഉൽപന്നങ്ങളാക്കി വിപണന ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, ഐ.റ്റി. സർവീസസ്, കാറ്ററിങ്, റസ്റ്റോറന്റ്, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കി മിതമായ നിരക്കിൽ വ്യാപാരം നടത്തുക, തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങളിലൂടെ ഏറ്റെടുത്ത് നടത്തുന്നതിന് ഉദ്ദേശിക്കുന്നത്.

യുവ ജനങ്ങളെയും സ്ത്രീ കുട്ടികളെയും സഹകരണ മേഖലയിലേക്ക് കൂടുതലായി ചേർത്തുനിർത്തേണ്ടത് അനിവാര്യമായ ഘടകമായതിനാൽ അടുത്ത 5 വർഷങ്ങൾക്കുള്ളിൽ

45 ലക്ഷം യുവാക്കളെ അംഗമാക്കുക എന്ന ലക്ഷ്യവുമായി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ ഉപ പദ്ധതിയാണ് നവനീതം.

(സി) സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്വർക്സ് മുതലായ നാലാം തലമുറ വ്യവസായങ്ങൾ, യുവാക്കളുടെ സ്റ്റാർട്ടപ്പ് എന്നിവ സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

സഹകരണ മേഖലയിൽ നൂതന ആശയങ്ങളിലൂടെ തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെയും നാടിന്റെയും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമായി യുവാക്കളെ ഉൾപ്പെടുത്തി യുവ സഹകരണ സംഘങ്ങൾ രൂപികരിച്ചിട്ടുണ്ട്.

(ഡി) നാലുവർഷംകൊണ്ട് അഞ്ചുലക്ഷത്തോളം തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വനിതാ സഹകരണ സംഘങ്ങളെ ഉൽപാദക യൂണിറ്റുകളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിൽ സഹകരണവകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന 425 സ്ഥിരം തൊഴിലുകളും 20,153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,578 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടാർഗറ്റ് പൂർത്തിയായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിൽ സഹകരണവകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35701 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വനിത സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ഉൽപാദന യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തവരുടെ കടങ്ങൾ എഴുതി തള്ളാൻ നടപടി

350(798) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തതിനുശേഷം മരണപ്പെട്ടവരുടെയും നിത്യരോഗികളായവരുടെയും കടങ്ങൾ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും ലോൺ (സ്വർണ്ണപണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെ) എടുത്തശേഷം വായ്പയുടെ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ അവരുടെ 3 ലക്ഷം രൂപ വരെയുള്ള വായ്പ ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്ന "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" നിലവിലുണ്ട്.

കൂടാതെ, വായ്പ എടുത്തശേഷം വായ്പക്കാരന് മാരക രോഗം പിടിപെട്ട് വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വന്നാൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,25,000 രൂപ വരെയും ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന ലോണുകൾക്കെല്ലാം ഇൻഷ്വറൻസ് കവറേജ് ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന ലോണുകൾക്ക് വായ്പക്കാരൻ വായ്പകാലാവധിക്കുള്ളിൽ മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്താൽ റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും തുക അനുവദിച്ചുവരുന്നു. ഇതിലേക്കായി റിസ്ക് ഫണ്ട് പദ്ധതിയിൽ

വയ്പക്കാരനെ ഉൾപ്പെടുത്തുന്നതിനായി വായ്പക്കാരനിൽനിന്നും നിശ്ചിത തുക പ്രീമിയം ആയി ഈടാക്കുന്നുണ്ട്.

(സി) റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ തുക പത്ത് ലക്ഷമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

വിഴിഞ്ഞം രാജ്യാന്തര തുറമുഖം

351(799) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖം വാണിജ്യ പ്രവർത്തനം ആരംഭിച്ചതിനുശേഷം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് അറിയിക്കുമോ?

വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിനുശേഷം 670-ലധികം കപ്പലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs) ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.

നിലവിൽ തുറമുഖം സ്ഥാപിത ശേഷിയുടെ 131 ശതമാനം വർധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ഇതൊരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽതന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവച്ചിട്ടുണ്ട്.

തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes-ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിങ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.

ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിങ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിങ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽനിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.

(ബി) ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ്വേ ചരക്ക് നീക്കം സാധ്യമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ്വേ ചരക്ക് നീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

ഔട്ടർ റിങ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം–പുനലൂർ–കൊല്ലം വളർച്ചാ ത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, CFS, വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, FTWZ തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.

IOCL, Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്.

വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണ്ണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനുണ്ടെങ്കിലും ഒന്നാം

ഘട്ടത്തിൽതന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ-ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കി മാറ്റുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്.

(സി) തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതി പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

2015 ഓഗസ്റ്റ് 17-ന് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പിട്ട കരാറായ "Concession Agreement" പ്രകാരം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ II, III, IV ഘട്ടങ്ങൾ 2045-നകം അല്ലെങ്കിൽ തുറമുഖത്തിന്റെ നിലവിലെ ശേഷിയുടെ 75 ശതമാനം തുടർച്ചയായി മൂന്ന് വർഷം കൈകാര്യം ചെയ്യാൻ സാധ്യമായാൽ (ഇവയിൽ ഏത് വേഗത്തിൽ സംഭവിച്ചാലും ആ സമയത്തേക്ക്) അതിനുശേഷം അഞ്ച് വർഷത്തിനുള്ളിൽ എന്ന വ്യവസ്ഥയിൽ വികസിപ്പിക്കാനായിരുന്നു വിഭാവനം ചെയ്തിരുന്നത്.

എന്നാൽ, വിഴിഞ്ഞം ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വളരുന്നതിന്റെ സൂചനയായ ശക്തമായ ട്രാഫിക് വളർച്ചയും തന്ത്രപരമായ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടാണ് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്-മായി Supplementary Concession Agreement (2024 നവംബർ 28-ന്) ഒപ്പിട്ടത്.

കരാർ പ്രകാരം II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച് Capacity Augmentation ഘട്ടമായി മുന്നോട്ടുകൊണ്ട് പോകാനും നടപ്പാക്കാനുമാണ് തീരുമാനിച്ചത്. ഈ തീരുമാനംമൂലം പദ്ധതിയുടെ പൂർണ്ണ വികസന കാലപരിധി 17 വർഷം നേരത്തെയാക്കാൻ സാധിക്കുന്നു. അതനുസരിച്ച് പൂർത്തീകരണം 2028 ഡിസംബറിലേക്കാണ് ലക്ഷ്യമിടുന്നത്.

തുടർഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 2000 മീറ്റർ ആയി വികസിപ്പിക്കുന്നു. അതേപോലെ, നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് കുറഞ്ഞത് 920 മീറ്റർ കൂടി നിർമ്മിച്ച് 3.88 കിലോമീറ്റർ ആയി വർധിപ്പിക്കുന്നു. കണ്ടെയ്നർ യാർഡിനായി ഏകദേശം 50 ഹെക്ടർ ഭൂമി കടൽ നികത്തി വികസിപ്പിക്കുന്നു. തുടർഘട്ട വികസനത്തിന്റെ ഭാഗമായി തുറമുഖത്തിൽ കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

നിലവിലുള്ള 8 Ship-to-Shore (STS) ക്രെയിനുകൾക്ക് പുറമേ 12 പുതിയ Ship-to-Shore ക്രെയിനുകൾ സ്ഥാപിക്കുന്നു. ഇതോടൊപ്പം, നിലവിലുള്ള 24 യാർഡ് ക്രെയിനുകൾക്ക് പുറമേ 27 പുതിയ യാർഡ് ക്രെയിനുകൾകൂടി സ്ഥാപിക്കുന്നതാണ്. ഈ ക്രെയിനുകളുടെ എണ്ണത്തിലുള്ള വർധനയും ഓട്ടോമേഷൻ സംവിധാനവും തുറമുഖത്തിന്റെ പ്രവർത്തനക്ഷമതയെ ഗണ്യമായി ഉയർത്തും.

തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 TEU വരെ ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ വികസിപ്പിച്ചിരിക്കുന്നു. എന്നാൽ തുടർഘട്ടങ്ങൾ പൂർത്തിയായാൽ, ഭാവിയിൽ വരാൻ സാധ്യതയുള്ള 28,000 TEU ശേഷിയുള്ള പുതുതലമുറ കണ്ടെയ്നർ കപ്പലുകളും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും.

തുടർഘട്ടങ്ങൾ പൂർത്തിയായാൽ, 5 മദർഷിപ്പുകൾ വരെ തുറമുഖത്തിൽ ഒരേ സമയം കൈകാര്യം ചെയ്യാൻ സാധിക്കും. അതുപോലെതന്നെ 2 കിലോമീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്തുള്ള ചുരുക്കം തുറമുഖങ്ങളിൽ ഒന്ന് എന്ന നേട്ടം വിഴിഞ്ഞം തുറമുഖം സ്വന്തമാക്കും.

തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം TEU-യിൽ നിന്ന് 30 ലക്ഷം TEU ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവ കൈവരിക്കുന്നതിലൂടെ തുറമുഖത്തിന് പ്രതിവർഷം 57 ലക്ഷം TEU വരെ കൈകാര്യം ചെയ്യാൻ കഴിയും.

ടി പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ഏകദേശം ₹8,800 കോടി ചെലവാണ് പ്രതീക്ഷിച്ചിരുന്നത്. ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ഏകദേശം ₹10,000 കോടി ചെലവ് പ്രതീക്ഷിക്കുന്നു. ഇത് കൺസെഷനയർ (Concessionaire) ആയ അദാനി കമ്പനി

മുടക്കുന്നതാണ് ഇതോടെ, പദ്ധതിയുടെ മൊത്തം നിക്ഷേപം ഏകദേശം ₹18,000 കോടിയായി ഉയരും.

തുറമുഖ വകുപ്പ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

352(800) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയതെന്നും അവയ്ക്കായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവെ വിംഗിന്റെ ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവെയർ ഓഫീസ് കെട്ടിടനിർമ്മാണത്തിനായി 28-12-2022-ലെ ജി.ഒ.(ആർ.റ്റി.) നം.699/2022/മതുവ നമ്പർ ഉത്തരവ് പ്രകാരം 101 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 29-04-2025-ൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 17 ലക്ഷം രൂപ ചെലവഴിച്ചു.

കേരള മാരിടൈം ബോർഡ് മുഖേന നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുഖേനയുള്ള നേട്ടങ്ങൾ

353(801) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറുവാൻ ഒന്നാംഘട്ടത്തിൽ സാധിച്ചിട്ടുണ്ടോ; തുറമുഖത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ എത്ര കണ്ട് വിപുലപ്പെടുത്താൻ നാളിതുവരെ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

തുറമുഖം പൂർണ്ണ ശേഷിയിലേക്കെത്തുന്നതിന് മുന്നോടിയായി, തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായ-ലോജിസ്റ്റിക് വികസനത്തിന് ആവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

ഔട്ടർ റിങ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം – പുനലൂർ – കൊല്ലം വളർച്ചാ ത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, CFS, വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, FTWZ തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ

സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.

അതോടൊപ്പം, IOCL സഹകരണത്തോടെ ബങ്കറിങ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നതും ശ്രദ്ധേയമാണ്.

വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണ്ണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനുണ്ടെങ്കിലും ഒന്നാം ഘട്ടത്തിൽതന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ-ലോജിസ്റ്റിക് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി റോഡ്/റെയിൽ മൾട്ടി മോഡൽ കണക്റ്റിവിറ്റി എന്നിവയിൽ നാളിതുവരെ കൈവരിച്ച പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ

പാതയുടെ പാരിസ്ഥിതികാനുമതി 17-07-2024-ന് കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചുവരുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽപാതയിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം 9.0 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശിയപാത NH66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പോർട്ടിൽനിന്നും NH66-മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പോർട്ട്റോഡ് NH66-മായുള്ള ഇന്റർസെക്ഷൻ NHAI-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തുനിന്നും തുറമുഖ റോഡും ഓട്ടർ റിങ് റോഡും ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഓട്ടർ റിങ് റോഡിന്റെയും ദേശീയപാതയുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജങ്ഷനെ ക്ലോവർലീഫായി നിർമ്മിക്കുന്നതിനുള്ള ഇന്റർസെക്ഷൻ സ്കീമും NHAI-യുടെ പരിഗണനയിലാണ്. ഏകദേശം 14 ഹെക്ടർ ഭൂമി ഇതിന് ആവശ്യമായിവരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം 312 കോടി രൂപ

പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക NHAI-യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(സി) നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670 ഓളം കപ്പലുകൾ തുറമുഖത്തിലെത്തുകയും 14,30,000 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ നികുതിയിനത്തിൽ (GST) 104 കോടി രൂപയും നികുതിയുടെ 50 ശതമാനം തുകയായ 52 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിലുള്ള ധാരണാപത്രത്തിൽ 2035 മുതൽ മാത്രമേ വരുമാനത്തിന്റെ വിഹിതം സർക്കാരിന് ലഭിക്കുകയുള്ളൂ എന്ന കരാർ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതുവരെ തുറമുഖത്തിന്റെ പ്രവർത്തനത്തിൽനിന്നും ലഭിക്കുന്ന മറ്റ് വരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) 2024-ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം 2034 ഡിസംബർ മാസം മുതൽ വരുമാന വിഹിതം സർക്കാരിന് ലഭിക്കുന്ന രീതിയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

തുറമുഖ പ്രവർത്തനത്തിൽ നിന്നുള്ള വരുമാന വിഹിതത്തിന് പുറമേ GST വകയിൽ സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ച 2024 ജൂലൈ 11 മുതൽ 2025 ഡിസംബർ 31 വരെ 670 ഓളം കപ്പലുകൾ തുറമുഖത്തിലെത്തുകയും 14,30,000 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ 579.66 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും കൂടാതെ, നികുതിയിനത്തിൽ (GST) 104 കോടി രൂപയും ലഭിച്ചിട്ടുണ്ട്. നികുതിയുടെ 50 ശതമാനം തുകയായ 52 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

അഴീക്കൽ പോർട്ട് വികസനം

354(802)ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിന്റെ വികസനത്തിനുവേണ്ടി ഗവൺമെന്റ്/തുറമുഖ വകുപ്പ് എത്ര രൂപ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ?

2016-2021 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനുവേണ്ടി സർക്കാർ/തുറമുഖ വകുപ്പ് 29,65,00,000/-രൂപ വകയിരിത്തിയിട്ടുണ്ട്. വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതിക്ക് അനുസരിച്ച് തുക അനുവദിച്ചുവരുന്നു.

(ബി) 2016-21 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖത്ത് നടന്ന വികസന പ്രവൃത്തികളുടെ വിശദവിവരവും അനുവദിച്ച തുകയും ഉൾപ്പെടെ വ്യക്തമാക്കുമോ?

2016-2021 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖ വികസന പ്രവർത്തികളുടെ വിശദവിവരങ്ങളും തുകയും അനുബന്ധമായി+ ചേർക്കുന്നു.

(സി) 2021-26 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിന്റെ വികസനത്തിനായി സർക്കാർ അനുവദിച്ച തുക അറിയിക്കാമോ?

2021-2026 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനുവേണ്ടി സർക്കാർ 3,23,71,295/-രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 2021-26 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖത്ത് നടന്ന പ്രവൃത്തികൾ ആയതിന്റെ തുക ഉൾപ്പെടെയുള്ള പട്ടിക സഹിതം നൽകാമോ?

2021-2026 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖ വികസന പ്രവർത്തികളുടെ വിശദവിവരങ്ങളും തുകയും അനുബന്ധമായി+ ചേർക്കുന്നു.

വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ

355(803) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. വ്യാപാരവും കയറ്റുമതിയും വർധിപ്പിക്കൽ

- പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിപ്പിക്കും. ഇത് കാർഷിക ഉൽപന്നങ്ങൾ, സമുദ്രോൽപന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും ആഗോള വിപണിയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.

- വിദേശ ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും.

- **സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.**

- വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്നതാണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ്

പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.

- ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമ്മാണ കേന്ദ്രങ്ങളും രൂപപ്പെടുകയും അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.

- **വർധിച്ച തൊഴിലവസരങ്ങളും നൈപുണ്യ വികസനവും**

- തുറമുഖത്തിന്റെ വികസനം കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിങ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശക്തീകരിക്കുകയും തൊഴിലില്ലായ്മ കുറയ്ക്കുകയും പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർധിപ്പിക്കുകയും ചെയ്യും.

- പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്ടിവിറ്റിക്കും ഉത്തേജനം.

- വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്ടിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊരുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.

- മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ എത്രമാത്രം തൊഴിൽ ലഭ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ തുറമുഖാധിഷ്ഠിത പദ്ധതികളിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വിഴിഞ്ഞം പദ്ധതിയുടെ സാറ്റലൈറ്റ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വ്യാപാരവും കയറ്റുമതിയും വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

- സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബ്
- നൈപുണ്യ വികസന പദ്ധതികൾ
- പ്രാദേശിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ

356(804) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വങ്ങളുടെ പണം സർക്കാർ മറ്റ് പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നുവെന്ന് ജനങ്ങൾക്കിടയിലും വിശ്വാസികൾക്കിടയിലും തെറ്റിദ്ധാരണ വരുത്തുന്നവിധം ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ ഒരു ദേവസ്വങ്ങളിൽനിന്നും സർക്കാരിലേക്ക് യാതൊരുവിധത്തിലുള്ള പണവും ലഭ്യമാകുന്നില്ല. എന്നുമാത്രമല്ല സർക്കാർ വിവിധ ദേവസ്വം ബോർഡുകൾക്ക് ഫണ്ട് നൽകുകയാണ് ചെയ്യുന്നത്. 2016-2021 കാലഘട്ടത്തിൽ 304,24,86,211/-രൂപയും 2021-2026 വരെ ഈ സർക്കാർ 187,12,25,051/-രൂപയുമാണ് വിവിധ ദേവസ്വങ്ങൾക്കായി നൽകിയിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ദേവസ്വം ബോർഡുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) 2011-16 കാലഘട്ടത്തിലും 2016-21 കാലഘട്ടത്തിലുമായി ദേവസ്വം ബോർഡുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2011-16 കാലഘട്ടത്തിലും 2016-21 കാലഘട്ടത്തിലുമായി ദേവസ്വം ബോർഡുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേത്രങ്ങളിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന

357(805) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന നടത്താൻ തയ്യാറാണോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്ഷേത്രങ്ങളിൽ വിലപിടിപ്പുള്ള വസ്തുക്കളുടെ സുരക്ഷയ്ക്കും സുതാര്യമായ മാനേജ്മെന്റിനുമായി എന്തൊക്കെ സംവിധാനങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 16 സ്ട്രോങ്ങ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കളുടെ സമഗ്രമായ പരിശോധനയും ഇൻവെന്ററി തയ്യാറാക്കലും ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സ്ട്രോങ്ങ്റൂമുകളുടെ സുരക്ഷ വിലയിരുത്തുന്നതിനായി ഒരു സമഗ്രമായ സെക്യൂരിറ്റി ഓഡിറ്റ്

നടത്തുവാൻ സംസ്ഥാന പോലീസ് വകുപ്പിനോട് ആവശ്യപ്പെടാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിലപിടിപ്പുള്ള ഉരുപ്പടികൾ സൂക്ഷിക്കുന്നതിന് ലോക്കർ സംവിധാനവും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സി.സി.ടി.വി. സംവിധാനവും മേജർ ക്ഷേത്രങ്ങളിൽ സെക്യൂരിറ്റി സംവിധാനവും ഏർപ്പാടാക്കിവരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്വത്തിൽ അതത് ക്ഷേത്രത്തിലെ സ്ട്രോങ്റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നതെന്നും അമൂല്യവസ്തുക്കളുടെ വെരിഫിക്കേഷൻ കൃത്യമായ ഇടവേളകളിൽ നടത്തി വെരിഫിക്കേഷൻ റിപ്പോർട്ട് ക്ഷേത്രഭരണാധികാരികൾക്ക് നൽകുകയും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഗുരുവായൂർ ക്ഷേത്രം തന്ത്രിയുടെ നോമിനി, സാമൂതിരി രാജയുടെ നോമിനി, മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്/നോമിനി, അഡ്മിനിസ്ട്രേറ്റർ അടക്കമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹൈക്കോടതി നിയോഗിച്ച ക്ഷേത്രം സംരക്ഷണ സമിതി പാനൽ അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ എല്ലാ മാസവും ഭണ്ഡാരം തുറന്ന് നോട്ടുകൾ, നാണയങ്ങൾ, സ്വർണ്ണം, വെള്ളി മറ്റ് അമൂല്യ വസ്തുക്കൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഡബിൾ ലോക്കറിലേക്ക് മാറ്റുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി നേരിൽ സമർപ്പിക്കുന്ന സ്വർണ്ണം,

വെള്ളി ഇനങ്ങൾ രജിസ്റ്ററിൽ ചേർത്ത് കൗണ്ടിങ് തീയതി കഴിഞ്ഞിട്ടുള്ള കൺസോളിഡേഷൻ നടത്തുന്ന തീയതിയിൽ ഡബിൾ ലോക്കറിലേക്ക് മാറ്റുന്നു. ആയത് ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപ്പാളി നവീകരണം

358(806) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല അയ്യപ്പ ക്ഷേത്രത്തിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപ്പാളികൾ 2019-ൽ നവീകരിച്ചപ്പോൾ സ്വർണ്ണത്തിന്റെ തൂക്കത്തിൽ വ്യത്യാസം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നഷ്ടപ്പെട്ട സ്വർണ്ണം വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് ദേവസ്വം ബോർഡ് സ്വീകരിച്ചത്; വിശദമാക്കുമോ?

(എ-സി) കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06-10-2025-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09-10-2025-ലെ സ.ഉ.(കൈ) നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് ശബരിമല ദ്വാരപാലക ശിൽപ പാളിയുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണം നടത്തിവരുന്നത്. ഇടക്കാല അന്വേഷണ റിപ്പോർട്ടുകൾ അന്വേഷണ സംഘം ഹൈക്കോടതിയിൽ നേരിട്ട് സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. പ്രസ്തുത അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദവും കൃത്യവുമായ വിവരങ്ങൾ അറിയാനും തുടർനടപടികൾ സ്വീകരിക്കാനും സാധിക്കുകയുള്ളൂ.

ശബരിമല വികസന പ്രവർത്തനങ്ങൾ

359(807)ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർഥാടകർക്ക് സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഇടത്താവളങ്ങൾ, ശബരിമല മാസ്റ്റർ പ്ലാൻ - ലേ ഔട്ട് പ്ലാൻ എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇതിനോടകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ശബരിമല തീർഥാടനത്തിനെത്തിച്ചേരുന്ന തീർഥാടകർക്ക് സംതൃപ്തമായ തീർഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാനസൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03-05-2007-ലെ

ജി.ഒ.(എം.എസ്.) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ശബരിമല മാസ്റ്റർപ്ലാനിന് അംഗീകാരം നൽകി. സന്നിധാനം, പമ്പ, ട്രക്ക് റൂട്ട്, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 151 കോടിയോളം രൂപ വിവിധ വികസന പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ ബജറ്റിന് ഉപരിയായി ശബരിമല തീർഥാടകരുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലേക്കായി കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി, നിലയ്ക്കൽ, മണിയങ്കോട് എന്നിവിടങ്ങളിൽ കിഫ്ബി (KIIFB) സഹായത്തോടെ 116.41 കോടി രൂപ ചെലവഴിച്ച് ഇടത്താവളങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ആയതിൽ നിലയ്ക്കലിലുള്ള ഏഴ് വിരി കെട്ടിടങ്ങളിൽ മൂന്ന് വിരി കെട്ടിടങ്ങൾ 2024-25 ശബരിമല സീസണിനോടനുബന്ധിച്ച് തീർഥാടകർക്കായി തുറന്ന് നൽകിയിരുന്നു. കൂടാതെ കഴക്കൂട്ടം, മണിയങ്കോട് ഇടത്താവളങ്ങളുടെയും നിലയ്ക്കലിലുള്ള മറ്റ് രണ്ട് വിരികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എരുമേലി ഇടത്താവളത്തിന്റെ നിർമ്മാണം 98 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിലെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സന്നിധാനത്തും സമീപപ്രദേശങ്ങളിലുമായി ചെയ്തുതീർക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവഴിക്കേണ്ടിവരും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിന്റെ ലേ ഔട്ട് പ്ലാനിന് 2020-ൽ തന്നെ സർക്കാർ അംഗീകാരം നൽകിയിരുന്നു. ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ മന്ദത കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം മുമ്പുണ്ടായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ എല്ലാംതന്നെ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ & ട്രക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനുകൾക്ക് സർക്കാർ 09-01-2025-ൽ അംഗീകാരം നൽകിയിട്ടുണ്ട്.

ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാംഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാംഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.

ലേ ഔട്ട് പ്ലാൻ പ്രകാരം പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാംഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും ട്രക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാംഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയുമാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്.

സന്നിധാനം, പമ്പ, ട്രക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 1033.62 കോടി രൂപയാണ്.

ശബരിമല ക്ഷേത്രത്തിലെ കൊടിമരം

360(808) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലെ കൊടിമരം പൊളിച്ചുനീക്കണമെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയത് ആരായിരുന്നു; ഇത്തരത്തിൽ കൊടിമരം പൊളിച്ചുനീക്കാൻ തീരുമാനമെടുത്ത ബോർഡ് പ്രസിഡന്റും സെക്രട്ടറിയും ആരെല്ലാമായിരുന്നു?

ശബരിമല ക്ഷേത്രത്തിൽ 2014 ജൂൺ 18-ന് നടന്ന അഷ്ടമംഗല ദേവപ്രശ്നത്തിലാണ് കൊടിമരം മാറ്റണമെന്ന നിർദേശം ഉണ്ടായത്. ഈ കാലയളവിലെ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എം. പി. ഗോവിന്ദൻ നായരും സെക്രട്ടറി ശ്രീ. പി. ആർ. ബാലചന്ദ്രൻ നായരും ആയിരുന്നു.

(ബി) കൊടിമരത്തിന് മുകളിൽ സ്ഥാപിച്ചിരുന്ന വാജി വാഹനത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ച ലോഹം എന്തായിരുന്നു; ദേവസ്വത്തിന്റെ അമൂല്യ സ്വത്തായ വാജി വാഹനം തന്ത്രിക്ക് സ്വകാര്യ സ്വത്തായി കൊടുക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനോ അംഗത്തിനോ അധികാരമുണ്ടോ?

മാറ്റപ്പെട്ട കൊടിമരത്തിന്റെ മുകളിലുണ്ടായിരുന്ന വാജി വാഹനത്തിന്റെ ലോഹം ഏതാണെന്ന് പരിശോധിച്ചതായി രേഖകളിൽ കാണുന്നില്ല. വാജി വാഹനം തന്ത്രിക്ക് സ്വകാര്യ സ്വത്തായി കൊടുക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനോ അംഗത്തിനോ അധികാരമില്ല.

(സി) ദേവസ്വം സ്വത്ത് അനധികൃതമായി പുറത്തേക്ക് കടത്തിയതുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിനും അംഗത്തിനുമെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ;

(ഡി) വാജി വാഹനത്തിന്റെ ലോഹം എന്താണെന്ന് തന്ത്രിക്ക് കൈമാറിയതിന്റെ രേഖയിൽനിന്നും മന:പൂർവമായി മറച്ചുവച്ചിട്ടുള്ളതായി പറയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(സി&ഡി) ഇല്ല.

ശബരിമല തീർഥാടനം

361(809) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞിട്ടുള്ളതാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് സീസൺ ആരംഭിച്ച ആദ്യ ദിവസങ്ങളിൽതന്നെ ദർശനത്തിന് എത്തിയവരുടെ എണ്ണത്തിൽ അഭ്രതപൂർവമായ വർധനവുണ്ടായി. വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിങ് എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുവഴി സുഗമമായ ദർശന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുള്ളതാണ്.

(ബി) ശബരിമലയിൽ തിരക്ക് നിയന്ത്രിക്കാൻ എന്തെല്ലാം ശാസ്ത്രീയ മാർഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

സുഖദർശനം - സുരക്ഷിത ദർശനം എന്ന കാഴ്ചപ്പാടോടുകൂടിയ പഴുതടച്ച സുരക്ഷാ സംവിധാനങ്ങളും തിരക്ക് നിയന്ത്രണ മാർഗങ്ങളുമാണ് ശബരിമലയിൽ ഒരുക്കിയിരുന്നത്. കേരള പൊലീസ് ആക്ട് 83(1) പ്രകാരം ശബരിമലയും പരിസരപ്രദേശങ്ങളും അതീവ സുരക്ഷാമേഖലയായി പ്രഖ്യാപിച്ചിരുന്നു. കോവിഡിനുശേഷം അഭൂതപൂർവമായ ഭക്തജന തിരക്കാണ് ശബരിമലയിൽ അനുഭവപ്പെട്ടത്. 2024-25 മണ്ഡല മകരവിളക്ക് സീസണിൽ 53,09,906 ഭക്തരാണ് ദർശനം നടത്തിയത്. 2025-26 സീസണിൽ 54,40,289 ഭക്തർ ദർശനം നടത്തുകയുണ്ടായി. എന്നാൽ കേരള പൊലീസിന്റെ കൃത്യമായ തിരക്ക് നിയന്ത്രണംമൂലം ഭക്തർക്ക് സുരക്ഷിത ദർശനം നൽകാൻ സാധിച്ചിട്ടുണ്ട്. ഭക്തജന തിരക്ക് നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ മുൻകൂർ തയ്യാറാക്കിയ സ്കീം പ്രകാരമുള്ള 'ഹോൾഡ് ആൻഡ് റിലീസ് മെക്കാനിസം' ഉപയോഗപ്പെടുത്തിയാണ് ഇടത്താവളങ്ങളിൽ ഉൾപ്പെടെ തിരക്ക് ക്രമീകരിച്ചത്. ശബരിമലയിലെ തിരക്കിന്റെ തൽസ്ഥിതി ഭക്തരെ അറിയിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരക്കുമൂലം ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചും ഹൈക്കോടതിയുടെ ഉത്തരവുകൾ പാലിച്ചുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്.

അന്യസംസ്ഥാനത്തുനിന്നും എത്തുന്ന ഭക്തജനങ്ങളെ സഹായിക്കുന്നതിന് ആശയവിനിമയം നടത്തുന്നതിനായി വിവിധ ദക്ഷിണേന്ത്യൻ ഭാഷകളിലുള്ള നിർദേശങ്ങൾ പൊലീസ് ഉദ്യോഗസ്ഥർ വഴി നൽകിയിട്ടുണ്ട്. ശബരിമലയിലും പരിസര പ്രദേശങ്ങളിലും വിവിധ ഇടങ്ങളിലായി ഭക്തരെ സഹായിക്കുന്നതിനായി കൃ.ആർ. കോഡുകൾ

പതിപ്പിച്ചിരുന്നതും ഈ ക്യൂ.ആർ. കോഡുകൾ സ്കാൻ ചെയ്ത് പാർക്കിങ് ഗ്രൗണ്ട്, ക്യൂ സിസ്റ്റം, പൂജാ സമയങ്ങൾ തുടങ്ങിയവ ഭക്തർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്.

തിരക്ക് നിയന്ത്രണത്തിനും സുരക്ഷാ ക്രമീകരണങ്ങൾക്കുമായി ചീഫ് പൊലീസ് കോ-ഓർഡിനേറ്ററുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ 6 ഫേസുകളിലായി 18,741 പൊലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി വിന്യസിച്ചിരുന്നു. ഇതുകൂടാതെ ക്വിക്ക് റിയാക്ഷൻ ഫോഴ്സ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, പൊലീസ് കമാൻഡോസ്, ദേശീയ ദുരന്തനിവാരണസേന, അത്യാധുനിക സജ്ജീകരണങ്ങളോട് കൂടിയ ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡ്, മോഷണവും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിനായി പ്രത്യേക സ്കീം പ്രകാരമുള്ള സ്ക്വാഡുകൾ എന്നിവയെയും ശബരിമലയിൽ വിന്യസിച്ചിരുന്നു. മുൻ സീസണുകളിൽനിന്ന് വ്യത്യസ്തമായി ശബരിമലയിലും പരിസരപ്രദേശങ്ങളിലും അത്യാധുനിക ഡ്രോൺ സംവിധാനം ഉപയോഗിച്ച് പ്രത്യേക നിരീക്ഷണവും ഏർപ്പെടുത്തിയിരുന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി പ്രത്യേകമായി രൂപകല്പന ചെയ്ത ബാരിക്കേഡുകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തിരുവാഭരണ ഘോഷയാത്ര, മകരവിളക്ക്, എരുമേലി പേട്ട തുള്ളൽ എന്നിവയുമായി ബന്ധപ്പെട്ടും മുകളിൽ പറഞ്ഞ തിരക്ക് നിയന്ത്രണമാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ശബരിമലയിൽ ഉണ്ടാകുന്ന തിരക്ക് നിയന്ത്രണവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് AI enabled തെർമൽ ഇമേജിങ്, AI enabled ഫെയ്സ് റെക്കഗ്നേഷൻ ക്യാമറ, AI enabled പീപ്പിൾ കൗണ്ട് ക്യാമറ, ഓട്ടോമാറ്റിക്

പാർക്കിങ് സ്പേസ് അലോട്ട്മെന്റ്, ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം, ഓട്ടോമാറ്റിക് ഡ്രോൺ സർവെലൻസ് എന്നിവ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കൂടാതെ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലയ്ക്കൽ ഇടത്താവളം മുതൽ ശബരിമല സന്നിധാനംവരെ ശാസ്ത്രീയമായ മാർഗങ്ങൾ സ്വീകരിച്ച് ഫലപ്രദമായ പിൽഗ്രിം മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാൻ താല്പര്യപത്രം ക്ഷണിക്കാൻ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയുടെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അടുത്ത വർഷത്തെ തീർഥാടനം സുഗമമാക്കുന്നതിന് ഉത്സവ മാന്വൽ തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തീർഥാടകർക്ക് ശുചിമുറി സൗകര്യം ഉറപ്പാക്കുന്നതിനും അവ വൃത്തിയായി സൂക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തീർഥാടകർക്ക് ആവശ്യമായ എണ്ണം ശുചിമുറികൾ നിലയ്ക്കൽ, പമ്പ, സന്നിധാനം, ടക്ക് റൂട്ട് എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. കരാർ നൽകിയിട്ടുള്ള ശുചിമുറികളുടെ ശുചീകരണം ഉൾപ്പെടെയുള്ള പരിപാലന ചുമതല അതത് കരാറുകാർക്കാണുള്ളത്. സൗജന്യമായി ഉപയോഗിക്കുന്ന ശുചിമുറികൾ വൃത്തിയാക്കുന്നതിനായി ദേവസ്വം ബോർഡ് ദിവസവേതനക്കാരെ നിയോഗിച്ചിരുന്നു.

ശബരിമല ദേവസ്വം ഫണ്ടിൽനിന്നും തട്ടിയെടുത്ത പണം ഈടാക്കൽ

362(810) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്രങ്ങളും മറ്റും വാങ്ങിയെന്ന് വ്യാജരേഖയുണ്ടാക്കി ശബരിമല ദേവസ്വം ഫണ്ടിൽനിന്നും പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന വി. എസ്. ജയകുമാറിൽനിന്നും അന്വേഷണ വിധേയമായി പണം തിരികെ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ശ്രീ. വി. എസ്. ജയകുമാറിന്റെ 50 ശതമാനം പെൻഷൻ സ്ഥിരമായി തടയുന്നതിനും ടെർമിനൽ സറണ്ടർ ആനുകൂല്യം നൽകാതിരിക്കുന്നതിനും സസ്പെൻഷൻ കാലയളവ് സബ്സിസ്റ്റൻസ് അലവൻസിന് ഒഴികെ മറ്റ് യാതൊരുവിധ സർവീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കാതിരിക്കുന്നതിനും 23-11-2020-ൽ ROC 14434/14/Sab/Est-1 നമ്പരായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ദേവസ്വം വകുപ്പുമന്ത്രി ആരായിരുന്നു; മന്ത്രിയുമായി വി. എസ്. ജയകുമാറിന് എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ; വിശദമാക്കുമോ?

ശ്രീ. വി. എസ്. ജയകുമാർ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന 2014-15 കാലയളവിലാണ് ശബരിമലയിൽ പാത്രങ്ങളും മറ്റും സപ്ലൈ ചെയ്തതിലെ

ക്രമക്കേടുണ്ടായിട്ടുള്ളത്. ടി കാലയളവിലെ ദേവസ്വം വകുപ്പുമന്ത്രി സഹോദരനായ ശ്രീ. വി. എസ്. ശിവകുമാറായിരുന്നു.

ആഗോള അയ്യപ്പ സംഗമം

363(811) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർമാർ ആരെല്ലാമായിരുന്നു?

ധനലക്ഷ്മി ബാങ്ക്, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളാണ് പ്രധാന സ്പോൺസർമാർ. ഇവർ വാഗ്ദാനം ചെയ്ത തുക ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഗമത്തിന് ചെലവായ തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) വിവിധ സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് മാത്രമായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

(ബി&സി) ഹൈക്കോടതി മുമ്പാകെ നൽകുന്നതിലേക്കായി ആഗോള അയ്യപ്പ സംഗമത്തിന്റെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയത് ലഭ്യമായിട്ടില്ല.

(ഡി) ആഗോള അയ്യപ്പ സംഗമത്തിനായി സർക്കാരോ ദേവസ്വം ബോർഡോ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

അഗോള അയ്യപ്പ സംഗമം സ്പോൺസർമാരെ കണ്ടെത്തി നടത്തുന്നതിനാണ് തീരുമാനിച്ചിരുന്നത്. സ്പോൺസർമാരെ കണ്ടെത്തി തുക ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് റിലീജിയണൽ/റിലീജിയസ് കൺവെൻഷനുകൾ നടത്തുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ആഗോള അയ്യപ്പ സംഗമത്തിനായി അഡ്വാൻസ് ഇനത്തിൽ ചെലവഴിച്ചിരുന്നു. സ്പോൺസർമാർ വാഗ്ദാനം ചെയ്തിരുന്ന തുക അക്കൗണ്ടിൽ ലഭിച്ചതിനെ തുടർന്ന് ടി തുക തിരികെ നിക്ഷേപിച്ചിട്ടുള്ളതാണ്.

ആഗോള അയ്യപ്പ സംഗമം നടന്ന കന്നിമാസ പൂജ സമയത്ത് പമ്പ, സന്നിധാനം പാതയിൽ എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് 2,98,000/- രൂപ സർക്കാർ അനുവദിച്ചിരുന്നു.

(ഇ) പ്രസ്തുത സംഗമം നടത്തിയതിനുശേഷം സർക്കാർ ശബരിമലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അതിനായി എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ?

അഗോള അയ്യപ്പ സംഗമത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പരിശോധിച്ചുവരുന്നു.

(എഫ്) ശബരിമല വികസനത്തിനായി 2016 മുതൽ നാളിതുവരെ തിരുവാതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച തുകയും ചെലവായ തുകയും എത്രയാണ്; വിശദമാക്കാമോ?

ശബരിമല വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 2016 മുതൽ നാളിതുവരെ ആകെ 85,48,73,305/- രൂപ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും ആകെ 85,41,13,039/- രൂപ ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ദേവസ്വം വകുപ്പിന്റെ ചുമതലകൾ

364(812) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ദേവസ്വം വകുപ്പിന് എന്തൊക്കെ ഉത്തരവാദിത്വങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ദൈനംദിന ഭരണകാര്യങ്ങളിൽ ഇടപെടുന്നതിന് ദേവസ്വം വകുപ്പിന് പരിമിതിയുണ്ട്.

മൂന്ന് അംഗങ്ങളുള്ള ദേവസ്വം ബോർഡിലെ രണ്ട് അംഗങ്ങളെ (പ്രസിഡന്റ് ഉൾപ്പെടെ) മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാർ നാമനിർദേശം ചെയ്യുകയും ദേവസ്വം വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. മൂന്നാമത്തെ അംഗത്തെ (എസ്.സി./എസ്.ടി.) ഹിന്ദുക്കളായ നിയമസഭാംഗങ്ങൾ തിരഞ്ഞെടുപ്പ് പ്രക്രിയ വഴി തിരഞ്ഞെടുക്കുകയും വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് അർഹതപ്പെട്ട വാർഷിക സഹായം ബജറ്റ് പ്രൊവിഷന് വിധേയമായി അനുവദിച്ചുവരുന്നു. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനുള്ള പദ്ധതിയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന് ധനസഹായം ആവശ്യപ്പെടാവുന്നതാണ്.

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് ദേവസ്വം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

കൂടാതെ ശബരിമല തീർഥാടന കാലത്തും കർക്കിടകവാവുമായി ബന്ധപ്പെട്ടും നവരാത്രി ഉത്സവവേളയിലും പൊലീസ്, ആരോഗ്യ വകുപ്പ്, വനം വകുപ്പ്, കെ.എസ്.ആർ.ടി.സി.

ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ദേവസ്വം ബോർഡുമായി ഏകോപിപ്പിക്കുന്നത് ദേവസ്വം വകുപ്പാണ്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിനെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന പ്രക്രിയ എങ്ങനെയാണ് എന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളെയും പ്രസിഡന്റിനെയും തിരഞ്ഞെടുക്കുന്നവിധം 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ സെക്ഷൻ 4, 5, 11 എന്നിവയിൽ പ്രതിപാദിക്കുന്നു.

മൂന്ന് അംഗങ്ങളുള്ള ദേവസ്വം ബോർഡിലെ രണ്ട് അംഗങ്ങളെ (പ്രസിഡന്റ് ഉൾപ്പെടെ) മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാർ നാമനിർദേശം ചെയ്യുന്നു. മൂന്നാമത്തെ അംഗത്തെ (എസ്.സി./എസ്.ടി.) നിയമസഭയിലെ ഹിന്ദു എം.എൽ.എ.-മാർ തിരഞ്ഞെടുപ്പ് പക്രിയ വഴി തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

(സി) ശബരിമലയിലടക്കം കേരളത്തിലെ ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിനുള്ള ചുമതലകൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവഹണത്തിനായി അഞ്ച് ദേവസ്വം ബോർഡുകൾ/ഭരണസമിതികളാണ് നിലവിലുള്ളത്. അവ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ

ദേവസ്വം ബോർഡ് എന്നിവയുടെ ഭരണനിർവഹണം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമത്തിന്റെ അടിസ്ഥാനത്തിലും മലബാർ ദേവസ്വം ബോർഡിന്റെ ഭരണനിർവഹണം 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന എൻഡോവ്മെന്റ്സ് നിയമത്തിന്റെ അടിസ്ഥാനത്തിലും ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണനിർവഹണം 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അടിസ്ഥാനത്തിലും കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭരണനിർവഹണം 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിന്റെ അടിസ്ഥാനത്തിലുമാണ് നടന്നുവരുന്നത്.

ടി നിയമങ്ങൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണനിർവഹണവും അമൂല്യ വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും നിക്ഷിപ്തമായിരിക്കുന്നത് അതത് ദേവസ്വം ബോർഡുകൾ/ഭരണസമിതികൾക്കാണ്. മലബാർ ദേവസ്വം ബോർഡിന്, ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ മേൽനോട്ട ചുമതല മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണനിർവഹണവും സാമ്പത്തിക ഇടപാടുകളും അതത് ക്ഷേത്ര ഭരണാധികാരികളാണ് നിർവഹിക്കുന്നത് എന്നതിനാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്വത്തിൽ അതത് ക്ഷേത്രങ്ങളിലെ സ്ട്രോങ്റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നത്.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ്ങ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദേശം 2018-ൽ തന്നെ 09-01-2018-ലെ റവ-ദേവ-2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ഭരണസമിതികളുടെ അധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ

365(813) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ട്; അവയുടെ പേര് വിവരവും സ്ഥലവും വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ 6 ക്ഷേത്രങ്ങളാണ് ഉള്ളത്. അവയുടെ പേര് വിവരവും സ്ഥലവും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016-2017 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷംവരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുകയും ക്ഷേത്രങ്ങളുടെ പേരു വിവരവും വിശദമാക്കാമോ?

2016-2017 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷംവരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ആകെ 1,64,35,761/- രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുകയും ക്ഷേത്രങ്ങളുടെ പേരുവിവരവും അനുബന്ധമായി+ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്

366(814)ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്ത തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്ങുകളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്ങുകളിൽ ഒന്നിലും ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. ബഹുമാനപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവസ്വം വകുപ്പുമന്ത്രി ദേവസ്വം ബോർഡ് മെമ്പർ അല്ല. 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് മാത്രമേ ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ദേവസ്വം വകുപ്പുമന്ത്രിക്ക് ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ നിയമം അനുശാസിക്കുന്നില്ല.

അരുവിക്കര മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസന പദ്ധതികൾ

367(815) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് വിവിധ വികസന പദ്ധതികൾക്കായി അനുവദിച്ച ഭരണാനുമതി തുകയും അവയുടെ നിലവിലെ സ്ഥിതിയും പദ്ധതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിങ്ങുകളുടെ മിനിറ്റ്സ്

368(816) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ നാളിതുവരെ ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിങ്ങുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2021 മുതൽ നാളിതുവരെയുള്ള കാലയളവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്ങുകളിൽ ഒന്നിലും ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ദേവസ്വം ബോർഡ് മെമ്പർ അല്ല. 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് മാത്രമേ ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ദേവസ്വം വകുപ്പുമന്ത്രിക്ക് ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ നിയമം അനുശാസിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിങ്ങുകൾ

369(817)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ നാളിതുവരെ ദേവസ്വം വകുപ്പുമന്ത്രി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര മീറ്റിങ്ങുകളിൽ പങ്കെടുത്തുവെന്ന് സ്ഥലം, തീയതി, സമയം അടക്കമുള്ള വിവരങ്ങളും നൽകുമോ?

2021 മുതൽ നാളിതുവരെയുള്ള കാലയളവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്ങുകളിൽ ഒന്നിലും ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ദേവസ്വം ബോർഡ് മെമ്പർ അല്ല. 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് മാത്രമേ ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ദേവസ്വം വകുപ്പുമന്ത്രിക്ക് ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ നിയമം അനുശാസിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിങ്ങുകൾ

370(818) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര മീറ്റിങ്ങുകളിൽ പങ്കെടുത്തുവെന്നും സ്ഥലം, തീയതി, സമയം ഉൾപ്പെടെ വിശദാംശം നൽകാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിങ്ങുകളിൽ ഒന്നിലും ദേവസ്വം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ദേവസ്വം ബോർഡ് മെമ്പർ അല്ല. 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് മാത്രമേ ബോർഡ് മീറ്റിങ്ങുകളിൽ

പങ്കെടുക്കാൻ കഴിയുകയുള്ള. ദേവസ്വം വകപ്പുമന്ത്രിക്ക് ബോർഡ് മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ നിയമം അനുശാസിക്കുന്നില്ല.

വർക്കല നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ നവീകരണം

371(819) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ നവീകരണത്തിനായി മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

വർക്കല നിയോജക മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ നവീകരണത്തിനായി മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികളും ആയതിലേക്ക് അനുവദിച്ച ഫണ്ടും എത്രയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ നവീകരണത്തിനായി മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ സംസ്ഥാന ഓഡിറ്റ് വകുഷ് നടത്തിയ പരിശോധന

372(820)ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20, 2020-21 വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ നടത്തിയ പരിശോധനയിൽ ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി വസ്തുക്കളിൽ ഗണ്യമായ തൂക്ക വ്യത്യാസം കണ്ടെത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5-1-2-1 ൽ '8' വെള്ളി വസ്തുക്കളുടെയും ഒരു സ്വർണ്ണ ഉരുപ്പിടിയുടെയും തൂക്കത്തിൽ വ്യത്യാസം വന്നതായി പരാമർശിച്ചിട്ടുണ്ട്. ആയവ ദേവസ്വത്തിന്റെ ഡബിൾ ലോക്കറിൽനിന്ന് എടുത്ത് ക്ഷേത്ര ശ്രീകോവിലിലെ ഉപയോഗത്തിനായി നൽകിയതും പിന്നീട് വളരെ കാലത്തിനുശേഷം ലോക്കറിൽ തിരികെ വച്ചിട്ടുള്ളതുമാണ്. ഉപയോഗത്തിന് ആദ്യം നൽകിയപ്പോഴും പിന്നീട് തിരികെ ലഭിച്ചപ്പോഴുമുള്ള തൂക്ക വ്യത്യാസത്തെക്കുറിച്ചാണ് പരാമർശമുണ്ടായിട്ടുള്ളത്. വെള്ളിക്കുടം, കവരവിളക്ക്, ധൂപക്കുറ്റി തുടങ്ങിയ പ്രസ്തുത വസ്തുക്കൾ നിത്യേന കഴുകിയും മറ്റും ഉപയോഗിച്ചതിനാൽ ഉണ്ടായ തേയ്മാനമാണ് തൂക്കകുറവിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണം. പരാമർശത്തിലെ സീരിയൽ നമ്പർ-1 ആയി ചേർത്തിട്ടുള്ള വെള്ളിക്കുടം ഉപയോഗത്തിന് നൽകിയപ്പോൾ 2840 ഗ്രാം തൂക്കം ആയിരുന്നു എന്നും തിരികെ ലഭിച്ചപ്പോൾ 1650 ഗ്രാം ആയി എന്നും 1190 ഗ്രാം തൂക്കകുറവ് വന്നു എന്നും പരാമർശിച്ചിട്ടുണ്ട്. ആയത് ഓഡിറ്റ് വിഭാഗം രേഖകൾ പരിശോധിച്ചപ്പോൾ വന്ന തെറ്റാണ്. 1650 ഗ്രാം തൂക്കമുള്ള വെള്ളിക്കുടം അധികകാലം ഉപയോഗിക്കാതെ തിരികെ തന്നപ്പോഴും 1650 ഗ്രാം തൂക്കം തന്നെയാണ് നിലവിലുള്ളത്. ഈ ഇനത്തിന് തൂക്കകുറവ് സംഭവിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രാരംഭ രേഖകളിൽ രേഖപ്പെടുത്തിയ തൂക്കവും നിലവിലുള്ള തൂക്കവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; ഇതിന് എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(സി) ഈ വ്യത്യാസത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഓഡിറ്റ് പരാമർശത്തിൽ തൂക്ക വ്യത്യാസം സംഭവിച്ചതായി കാണിച്ചിട്ടുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

രേഖകൾ പരിശോധിച്ച് ഓഡിറ്റ് പരമാർശം സംബന്ധിച്ച് ബോധ്യപ്പെട്ടതിനാലും ദീർഘകാലത്തെ ഉപയോഗംകൊണ്ട് ഉണ്ടായ തേയ്മാനമാണെന്ന് വ്യക്തമായതിനാലും ഇക്കാര്യത്തിൽ അന്വേഷണം നടത്തേണ്ടിവന്നിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേത്രങ്ങളുടെ നിർബന്ധ ഓഡിറ്റുകൾ

373(821) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ദേവസ്വം-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിർബന്ധമായ ഓഡിറ്റുകൾ നിയമപ്രകാരം സമയബന്ധിതമായി നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേനയാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഒരു വിങ് തന്നെ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിങ് concurrent Audit ആണ് നടത്തുന്നത്. തിരുവിതാംകൂർ, കൊച്ചിൻ, കൂടൽമാണിക്യം, മലബാർ ദേവസ്വം ബോർഡുകളിലും ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങൾക്കുപുറമെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കൃത്യമായ ഓഡിറ്റിങ് നടക്കുന്നുണ്ട്. വാർഷിക കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് സമയബന്ധിതമായി നടത്തിവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവയുടെ 2021-2022 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും കൊച്ചിൻ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ 2023-2024 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്

കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ ഓഡിറ്റ്, ഓഡിറ്റ് പ്ലാൻ അനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ചെയ്തുവരുന്നു.

(ബി) നിരവധി ക്ഷേത്രങ്ങളുടെയും ദേവസ്വം സ്ഥാപനങ്ങളുടെയും ഭൂസമ്പത്തും മറ്റ് ആസ്തികളും സംരക്ഷിക്കപ്പെടാതിരിക്കുന്നതായും അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനധികൃത കൈയേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവസ്വം ബോർഡുകളിൽ ആസ്തി രജിസ്റ്റർ, ലാൻഡ് രജിസ്റ്റർ, തിരുവാഭരണം രജിസ്റ്റർ മുതലായവ ഓഡിറ്റിൽ പരിശോധിക്കുകയും ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പരിഹാര നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്നതായ ദേവസ്വം ഭൂമികളിൽ കണ്ടെത്തുന്ന അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് ആസ്ഥാനത്ത് 'ഭൂസംരക്ഷണ വിഭാഗം' എന്ന പ്രത്യേക യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഓഫീസ് മുഖാന്തരം ദേവസ്വം സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭൂസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽവരുന്ന ക്ഷേത്രഭൂമികളിൽ അനധികൃത കൈയേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ഒഴിപ്പിക്കുന്നതിന് ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ലാൻഡ് കൺസർവൻസി യൂണിറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ദ്വാരക ബീച്ചിനടുത്തുള്ള സ്ഥലത്ത് കൈയേറ്റങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതും ഈ കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് ഒഴിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് വിഷയം കൈമാറിയിട്ടുള്ളതുമാണ്. ഗുരുവായൂർ ദേവസ്വം കീഴേടം വെർമാന്നൂർ ക്ഷേത്ര ഭൂമിയിൽ കൈയേറ്റം ഉള്ളതായി കണ്ടെത്തുകയും ആയത് ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ സ്വത്തുക്കൾക്ക് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) നിയമത്തിലെ 94 (എ) വകുപ്പുപ്രകാരം ലാൻഡ് കൺസർവൻസി ആക്ട് ബാധകമാണ്. മലബാർ ദേവസ്വം ബോർഡിന് ദേവസ്വം ഭൂമിക്ക് മേൽ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അതത് ക്ഷേത്രഭരണാധികാരികളാണ് ക്ഷേത്രഭൂമി സംരക്ഷിക്കേണ്ടതും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതും. ക്ഷേത്രഭൂമികളിലെ അനധികൃത കൈയേറ്റങ്ങൾ കണ്ടെത്തുന്നതിനായി 2007-ൽ സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിയതിൽ 24693 ഏക്കറോളം ക്ഷേത്രഭൂമി കൈയേറ്റം നടന്നതായി കണ്ടെത്തുകയുണ്ടായി. ക്ഷേത്രഭൂമികളിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ലാൻഡ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ക്ഷേത്രഭരണാധികാരികൾക്കും നിർദേശം നൽകിയിട്ടുള്ളതാണ്. ക്ഷേത്രഭൂമി വർഷങ്ങൾക്കുമുമ്പ് അനധികൃതമായി കൈയേറ്റം നടത്തി നിലവിൽ പട്ടയം അനുവദിക്കുന്നതിനായി വിവിധ ലാൻഡ് ട്രിബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള

കേസുകളിൽ, ക്ഷേത്രഭരണാധികാരികൾ ഏകപക്ഷീയമായി എതിർപ്പില്ലാ രേഖ സമർപ്പിക്കാൻ പാടില്ലായെന്നും മലബാർ ദേവസ്വം ബോർഡിന്റെ അനുമതി ഇക്കാര്യത്തിൽ വേണ്ടതാണെന്നും വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) എങ്കിൽ ഇത് തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വങ്ങളുടെ കീഴിൽ ഭൂമി കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് കൺസർവൻസി യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ, ദേവസ്വം ഭൂമികളിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമികൾ തിരിച്ചുപിടിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖേന നടന്നുവരുന്നുണ്ടെന്ന് കമ്മിഷണർ അറിയിച്ചിട്ടുണ്ട്.

കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കൊച്ചി ദേവസ്വം ബോർഡിൽ സ്പെഷ്യൽ തഹസിൽദാർ വിഭാഗം (എൽ.സി. യൂണിറ്റ്) ഉള്ളതും KLC Act പ്രകാരം അളവ് നടപടികൾ സ്വീകരിച്ച് അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ച് വരുന്നതുമാണ്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന മലപ്പുറം ജില്ലയിലെ പന്തല്ലൂർ വില്ലേജിലെ ശ്രീ പന്തല്ലൂർ ദേവസ്വത്തിന് കീഴിൽവരുന്നതും ബാലന്നൂർ പ്ലാന്റേഷൻസ്

അനധികൃതമായി കൈവശംവച്ച് വന്നിരുന്നതുമായ 15.5130 ഹെക്ടർ (324 ഏക്കർ) ഭൂമി ഹൈക്കോടതിയുടെ WP(C) 9391/2008 വിധി പ്രകാരം 07-08-2018-ന് ദേവസ്വം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പാലക്കാട് കല്ലേകുളങ്ങര ശ്രീ ഏമൂർ ഭഗവതി ക്ഷേത്രത്തിന്റെ കീഴിൽവരുന്നതും പാട്ട കാലാവധി 1997-ൽ പൂർത്തിയായിട്ടും കൈമാറാതെ അനധികൃതമായി കൈവശംവച്ച് വരുന്നതുമായ 694.32 ഏക്കർ ഭൂമി ഹൈക്കോടതിയുടെ RSA 515/2012 &connected case–മായി ബന്ധപ്പെട്ട് 10-01-2026–ലെ വിധിയുടെ പശ്ചാത്തലത്തിൽ നിയമാനുസൃതം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിര നിർമ്മാണം

374(822) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി മാടായി തിരുവർക്കാട്ട് കാവ് ദേവസ്വം വക ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ മാടായി ശ്രീ തിരുവർക്കാട്ട് കാവ് ക്ഷേത്രം വക 50 സെന്റ് സ്ഥലം ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് അനുവദിക്കുന്നതിലേക്കായി ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രാവർത്തികമാക്കി സ്ഥലം കൈമാറുന്നതിൽ ബോർഡിന്റെ വ്യക്തമായ അഭിപ്രായം അറിയിക്കുന്നതിന് മലബാർ

ദേവസ്വം ബോർഡ് കമ്മിഷണർക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ

375(823) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ പേര് വിവരം ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് എത്ര രൂപയുടെ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡുകൾ നടത്തിയ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ദേവസ്വം ബോർഡുകൾ മുഖാന്തരമുള്ള പദ്ധതികൾ

376(824) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകൾ മുഖാന്തരം വിവിധ ക്ഷേത്രങ്ങളുടെ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2025-2026 സാമ്പത്തിക വർഷത്തിൽ ആനുവൽ കോൺട്രിബ്യൂഷനായി 32,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2021-2026-ൽ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് കാവ്-കുളം പദ്ധതി പ്രകാരം 2021-22-ൽ 25,000/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2024-25-ൽ ചോറ്റാനിക്കര സ്വീവേജ് പ്ലാന്റിന്റെ ഭാഗമായ 2 കളക്ഷൻ പിറ്റുകൾ നിർമ്മിക്കുന്നതിന് ഗവൺമെന്റ് ധനസഹായമായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായമായി 104,33,81,090/- രൂപയും ക്ഷേത്രങ്ങൾക്കുള്ള ജീർണ്ണോദ്ധാരണ ധനസഹായമായി 37,86,81,720/- രൂപയും ഉത്തരമലബാറിലെ കാവുകളിലെ ആചാരസ്ഥാനികർ-കോലധാരികൾ എന്നിവർക്കുള്ള പ്രതിമാസ ധനസഹായമായി 17,14,75,600/- രൂപയും ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി 10,96,000/- രൂപയും ക്ഷേത്രക്കുളം-കാവ്-ആൽത്തറ സംരക്ഷണത്തിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായമായി 75,00,000/- രൂപയും ചേർത്ത് ആകെ 160,21,34,410/- രൂപ അനുവദിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന് പദ്ധതിയിനത്തിൽ കുട്ടംകുളം നവീകരണവുമായി ബന്ധപ്പെട്ട് 4 കോടി രൂപ പൊതുമരാമത്ത് വകുപ്പുവഴി അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിലെ ദേവസ്വത്തിന്റെ കീഴിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾക്കായി തുക ചെലവാക്കിയിട്ടുണ്ട്; ക്ഷേത്രം തിരിച്ച് വിശദാംശം നൽകാമോ?

അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച ഗ്രാന്റ്

377(825)ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റിനത്തിൽ ഓരോ വർഷവും അനുവദിച്ച തുക എത്ര; അതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന് 2016-17 മുതൽ നാളിതുവരെ 335,00,72,468/-രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ആയത് പൂർണ്ണമായും ചെലഴിച്ചിട്ടുണ്ട്. ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വണ്ടൂർ നിയോജക മണ്ഡലത്തിൽ ദേവസ്വം വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

378(826) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങൾ; വിവിധ നവീകരണ പ്രവർത്തനങ്ങൾ; അവയ്ക്ക് അനുവദിച്ച തുക ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ?

വണ്ടൂർ നിയോജക മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നവീകരണ പ്രവർത്തികൾക്ക് മലബാർ ദേവസ്വം ബോർഡ് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കായംകുളം മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

379(827) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ 2026 വരെയുള്ള കാലയളവിൽ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ദേവസ്വം ബോർഡ് എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ക്ഷേത്രങ്ങൾ, പ്രവൃത്തികൾ, അവയ്ക്ക് അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ സഹിതം വിശദമാക്കാമോ?

2016 മുതൽ 2026 വരെയുള്ള കാലയളവിൽ കായംകുളം മണ്ഡലത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി+ ചേർക്കുന്നു.

ഗുരുവായൂർ ദേവസ്വത്തിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

380(828) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ ഗുരുവായൂർ ദേവസ്വത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ-സി) ഗുരുവായൂർ ദേവസ്വത്തിന്റെ 2021-2022 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. ദേവസ്വത്തിന്റെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളും ഫയലുകളും വരവ്-ചെലവ് കണക്കുകളും പരിശോധിച്ചതിൽ ഓഡിറ്റ് വിഭാഗം അപാകതകളായി കണ്ടെത്തുന്ന കാര്യങ്ങൾ ഓഡിറ്റ് പരാമർശമായി ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവയ്ക്ക് ദേവസ്വം മറുപടി തയ്യാറാക്കി സമർപ്പിച്ചുവരുന്നു. മറുപടികൾ പരിശോധിച്ച് ആയത് തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടാൽ പരാമർശം തീർപ്പാക്കുന്നത് ഗുരുവായൂർ ദേവസ്വം കമ്മിഷണർ ആണ്. തീർപ്പാക്കുന്നതിന് മുമ്പ് ഓരോ മറുപടിയിലും ഓഡിറ്റ് വിഭാഗത്തിന്റെ അഭിപ്രായം ആരായുകയും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ദേവസ്വത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കാം/തീർപ്പാക്കാം എന്നറിയിക്കുന്നവയാണ് കമ്മിഷണർ തീർപ്പാക്കി നൽകുന്നത്. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതിലും ഏതാനും ബില്ലുകൾ പാസാക്കി നൽകിയതിലും തുക തെറ്റായി കണക്ക് കൂട്ടിയതുമൂലം അധിക തുക നൽകിയതായി കണ്ടെത്തിയവ തിരികെ ഈടാക്കിയിട്ടുണ്ട്. ദേവസ്വം കെട്ടിടങ്ങളുടെ വാടക കുടിശ്ശിക, കുടിശ്ശിക വരുത്തിയതിന്റെ പിഴ പലിശ തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട തുകകൾ കണക്കാക്കിയതിൽ കുറവ് വന്നത് ഓഡിറ്റ് പരാമർശത്തെ തുടർന്ന് പരിശോധിച്ച് ഈടാക്കിയിട്ടുണ്ട്.

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കളുടെ സംരക്ഷണം

381(829) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-

സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിൽ നിക്ഷിപ്തമായ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവഹണത്തിനായി അഞ്ച് ദേവസ്വം ബോർഡുകൾ/ഭരണസമിതികളാണ് നിലവിലുള്ളത്. അവ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവയുടെ ഭരണനിർവഹണം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമത്തിന്റെ അടിസ്ഥാനത്തിലും മലബാർ ദേവസ്വം ബോർഡിന്റെ ഭരണനിർവഹണം 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന എൻഡോവ്മെന്റ്സ് നിയമത്തിന്റെ അടിസ്ഥാനത്തിലും ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണനിർവഹണം 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അടിസ്ഥാനത്തിലും കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭരണനിർവഹണം 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിന്റെ അടിസ്ഥാനത്തിലുമാണ് നടന്നുവരുന്നത്.

ടി നിയമങ്ങൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണനിർവഹണവും അമൂല്യ വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും നിക്ഷിപ്തമായിരിക്കുന്നത് അതത് ദേവസ്വം ബോർഡുകൾ/ഭരണസമിതികൾക്കാണ്. മലബാർ ദേവസ്വം ബോർഡിന്, നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ മേൽനോട്ട ചുമതല മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണ നിർവഹണവും സാമ്പത്തിക ഇടപാടുകളും അതത് ക്ഷേത്രഭരണാധികാരികളാണ് നിർവഹിക്കുന്നത് എന്നതിനാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്വത്തിൽ അതത് ക്ഷേത്രങ്ങളിലെ സ്ട്രോങ്റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നത്.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദേശം 2018-ൽ തന്നെ 09-01-2018-ലെ റവ-ദേവ 2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം

ബോർഡ്/ഭരണസമിതികളുടെ അധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

(ബി) ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലക ശില്പത്തിലും കട്ടിള പാളിയിലും അടക്കം സ്ഥാപിച്ച സ്വർണ്ണപ്പാളികൾ മോഷണം പോയത് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06-10-2025-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09-10-2025-ലെ സ.ഉ.(കൈ) നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) സമാനമായ സംഭവങ്ങൾ തടയാൻ ദേവസ്വം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ്ങ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദേശം

09-01-2018-ലെ റവ-ദേവ 2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ഭരണസമിതികളുടെ അധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായശേഷം പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും ഹൈക്കോടതിയുടെ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിലെ ഓഡിറ്റ് പരിശോധന

382(830) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20, 2020-21 വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകളും സാമ്പത്തിക ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ ദേവസ്വം അക്കൗണ്ട്സ് ഓഡിറ്റ് നടത്തുന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 2019-2020, 2020-2021 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേവസ്വത്തിലെ രേഖകൾ പരിശോധിച്ച് ഓഡിറ്റ് വിഭാഗം അപാകതകളായി കണ്ടെത്തുന്ന കാര്യങ്ങൾ ഓഡിറ്റ് പരാമർശമായി ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. 2019-20-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഡെപ്പോസിറ്റ് സ്കീമിൽ നിക്ഷേപിച്ച സ്വർണ്ണ നിക്ഷേപം യഥാസമയം പുതുക്കാത്തതുമൂലം ദേവസ്വത്തിന് നഷ്ടം സംഭവിച്ചതായും ഓഡിറ്റ് റിപ്പോർട്ട് 2020-21-ൽ മൊസംബി POS ബില്ലിങ് മെഷീൻ അപാകതകൾ സംബന്ധിച്ചും ചന്ദനമുട്ടി-ഭൗതിക പരിശോധനയിൽ ചന്ദനം കുറവ് കണ്ടെത്തിയതായും പരാമർശമുണ്ട്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പലതും WP(C)No.7426/24 നമ്പർ കേസ് പ്രകാരം ഹൈക്കോടതി പരിഗണിച്ചിട്ടുള്ളതും മറുപടി നൽകിയിട്ടുള്ളതുമാണ്.

(ബി) 2019-ലെ വനം-കൈമാറ്റ രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള 522.86 കിലോഗ്രാം ആനക്കൊമ്പ് കഴിഞ്ഞ നാല്പത് വർഷമായി പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ടോ?

കഴിഞ്ഞ 40 വർഷമായി ആനക്കൊമ്പ് സ്റ്റോക്ക് പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ കാണിച്ചിട്ടുള്ള ആകെ തൂക്കം 522.858 kg ആണ്. ഇത് ശരിയല്ലെന്നും 26-09-2019-ന് 505 Kg എന്ന് ചേർത്തിട്ടുള്ളത് ഓഡിറ്റർക്ക് സംഭവിച്ചിട്ടുള്ള പിശകാണെന്നും

5.05 kg ആണ് സ്റ്റോക്ക് രജിസ്റ്ററിലെ അളവെന്നും ആകയാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച ആകെ കൊമ്പിന്റെ/ചീളിന്റെ തൂക്കം 22.908 kg ആണെന്നും (0.320+0.280+14.178+5.050+0.730+2.350) ഇത് ഉൾപ്പെടെ ദേവസ്വത്തിന്റെ കൈവശം ആകെ ഉണ്ടായിരുന്ന 124.895 kg ആനക്കൊമ്പ്/ചീളുകൾ 12-08-2024-ന് വനം വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

(സി) ഈ ആനക്കൊമ്പുകൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; അവയുടെ സുരക്ഷിതത്വം പരിശോധിച്ച് ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കാലാകാലമായി നിർബന്ധിത പരിശോധന നടത്താത്തതിന്റെ ഉത്തരവാദിത്വം ആരുടേതാണ്; വ്യക്തമാക്കാമോ?

(സി&ഡി) നാട്ടാന പരിപാലന ചട്ടം 2012-ന് നിലവിൽ വന്നതിനുശേഷം മരണമടഞ്ഞ ആനകളുടെ കൊമ്പുകൾ യഥാസമയം വനംവകുപ്പിന് കൈമാറിവരുന്നു. ആനകളുടെ കൊമ്പ് ചെത്തി ഒരുക്കുന്നതിനുമുമ്പ് ആയത് സംബന്ധിച്ച് വനംവകുപ്പിനെ അറിയിക്കുകയും ആയതിൻപ്രകാരം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാണ് കൊമ്പുകൾ മുറിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന കൊമ്പിന്റെ കഷ്ണങ്ങൾ അപ്പോൾതന്നെ വനംവകുപ്പിന് കൈമാറുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് നിയമപ്രകാരം ഇത് സൂക്ഷിക്കേണ്ടത്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ

383(831) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് നേരിട്ട് സാമ്പത്തിക സഹായമൊന്നും നൽകിവരുന്നില്ല. എന്നാൽ സംസ്ഥാന ബജറ്റിൽനിന്നും ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായും നോൺ സാലറി ഇനത്തിലും മലബാർ ദേവസ്വം ബോർഡിന് ഫണ്ട് അനുവദിക്കുന്നുണ്ട്. അപ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡ് മുഖേന 2017-2018, 2022-2023 വർഷങ്ങളിൽ ജീർണ്ണോദ്ധാരണ സാമ്പത്തിക സഹായവും ജീവനക്കാരുടെ ശമ്പള ചെലവിലേക്കായി ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും 2020, 2021, 2022, 2023, 2024 വർഷങ്ങളിൽ സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ തീർഥാടക ടൂറിസം പദ്ധതി പ്രകാരം എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ തീർഥാടക ടൂറിസം പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളുടെ വികസനം

384(832) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 കാലഘട്ടം മുതൽ മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ ക്ഷേത്രങ്ങളുടെ വികസനത്തിനായി ദേവസ്വം വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതികൾക്ക് അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ?

2016-17 കാലഘട്ടം മുതൽ മാവേലിക്കര താലൂക്കിൽ വിവിധ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് നടത്തിയ വികസന പ്രവത്തനങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി+ ചേർക്കുന്നു.

ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ സൂക്ഷിച്ച ആനക്കൊമ്പുകൾ

385(833) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ 2019 സെപ്തംബർ 26-ന് 50 കിലോഗ്രാം, സെപ്തംബർ 14-ന് 14.18 കിലോഗ്രാം, 2018-19 കാലയളവിലെ 6 ശേഖരങ്ങൾ, 2019 ഏപ്രിൽ 22-ന് 73 കിലോഗ്രാം, ജൂലൈ 14-ന് 32 കിലോഗ്രാം, ജൂലൈ 29-ന് 28 കിലോഗ്രാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിങ്ങനെയുള്ള ആനക്കൊമ്പുകൾ വനം വകുപ്പിന് കൈമാറുകയോ ദേവസ്വം കൈവശം സൂക്ഷിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

പരാമർശത്തിൽ കാണിച്ചിട്ടുള്ള ആകെ തൂക്കം 522.858 kg ആണ്. ഇത് ശരിയല്ലെന്നും 26-09-2019-ന് 505 Kg എന്ന് ചേർത്തിട്ടുള്ളത് ഓഡിറ്റർക്ക് സംഭവിച്ചിട്ടുള്ള തെറ്റാണെന്നും 5.05 kg ആണ് സ്റ്റോക്ക് രജിസ്റ്ററിലെ അളവെന്നും ആകയാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച ആകെ കൊമ്പിന്റെ/ചീളിന്റെ തൂക്കം 22.908 kg ആണെന്നും (0.320+0.280+14.178+5.050+0.730+2.350) ഇത് ഉൾപ്പെടെ ദേവസ്വത്തിന്റെ കൈവശം ആകെ ഉണ്ടായിരുന്ന 124.895 kg ആനക്കൊമ്പ്/ചീളുകൾ 12-08-2024-ന് വനം വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. മഹസ്സറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ശരിയായ രേഖകൾ സഹിതം അവ കൈമാറിയിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ?

ദേവസ്വത്തിന്റെ കൈവശം ആകെ ഉണ്ടായിരുന്ന 124.895 kg ആനക്കൊമ്പ്/ചീളുകൾ 12-08-2024-ന് വനം വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൈമാറിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല എന്നത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർഥാടക ടൂറിസം

386(834)ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീർഥാടക ടൂറിസം വഴി ആലപ്പുഴ നിയോജകമണ്ഡലത്തിലെ വലിയ കലവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അമിനിറ്റി സെന്ററിന് നിരാക്ഷേപ പത്രം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വലിയ കലവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് മുഖേന രണ്ട് കോടി 50 ലക്ഷം രൂപ വരെയുള്ള DPR തയ്യാറാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി നിരാക്ഷേപ പത്രം നൽകുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന മഞ്ചാടിക്കുരു ചാക്കുകൾ

387(835)ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന 17 മഞ്ചാടിക്കുരു ചാക്കുകൾ കാണാതായത് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഗുരുവായൂർ ദേവസ്വം 17 ചാക്ക് മഞ്ചാടിക്കുരു ലേലം ചെയ്ത് നൽകിയെങ്കിലും ലേലം കൊണ്ടയാൾ തുക അടവാക്കുകയോ മഞ്ചാടിക്കുരു കൊണ്ടുപോകുകയോ ചെയ്തിട്ടില്ല. ഇത് ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഇതിൽ ഏതാനും ചാക്ക് മഞ്ചാടിക്കുരു മഴ നനഞ്ഞ് ദുർഗന്ധം വന്നതിനാലും ദീർഘകാലം സൂക്ഷിക്കാൻ സ്ഥലസൗകര്യം ഇല്ലാത്തതിനാലും ക്ഷേത്രം കിഴക്കേ നടയിലുള്ള ഹെൽത്ത് വിഭാഗത്തിന്റെ ഗോഡൗണിലേക്ക് ദേവസ്വത്തിന്റെ ട്രാക്ടറിൽ കയറ്റി കൊണ്ടുപോകുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ മഞ്ചാടിക്കുരു കാണാതായിട്ടില്ല. ഇക്കാര്യം ക്ഷേത്രം അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ റിപ്പോർട്ട് ചെയ്യുകയും P1-9628/2019 എന്ന ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ഹെൽത്ത് സൂപ്പർവൈസറിൽനിന്നും റിപ്പോർട്ട് തേടുകയും മേൽപ്രകാരം ലഭിച്ചവയിൽ മഴ നനഞ്ഞ് ദുർഗന്ധം വന്നത് ഒഴിവാക്കി ബാക്കിയുള്ളത് ഗോഡൗണിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല, പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കാണാതായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടില്ല.

(സി) ഈ വസ്തുക്കൾ എങ്ങനെ അപ്രത്യക്ഷമായി എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ?

2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കാണാതായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടില്ല.

കദളീവനം പദ്ധതി

388(836)ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ വഴി ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ആവശ്യമായ കദളിപ്പഴം ഉൽപാദിപ്പിച്ച് നൽകിയിരുന്ന കദളീവനം പദ്ധതി തുടർന്നും നടപ്പാക്കുന്നതിനാവശ്യമായ നിർദേശങ്ങളും നടപടികളും സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് പുതുക്കാട് എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ, ബഹുമാനപ്പെട്ട ദേവസ്വം സഹകരണ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കുടുംബശ്രീ നടത്തിപ്പുകാരുമായി ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവരെ

ബന്ധപ്പെടുവാൻ കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർക്ക് 30-12-2024-ൽ കത്ത് നൽകുകയും ചെയ്തിരുന്നു. മേൽവിഷയത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ നേരിട്ട് ബഹുമാനപ്പെട്ട പുതുക്കാട് എം.എൽ.എ. മുഖാന്തരം കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുമായി ചർച്ച നടത്തുകയും ഗുരുവായൂർ ക്ഷേത്രത്തിലേക്ക് കദളിപ്പഴം സപ്ലൈ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് കുടുംബശ്രീയോട് ആവശ്യപ്പെടുകയും ചെയ്തു. എങ്കിലും ഇക്കാര്യത്തിൽ നാളിതുവരെയും മറുപടി ലഭ്യമായിട്ടില്ലെന്നും 16-06-2025 മുതൽ കുടുംബശ്രീ സംരംഭമായ മാറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കദളിപ്പഴം ലഭ്യമാക്കിവരുന്നതായും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി

389(837) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ച എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

എരുമേലി മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് താൽപര്യപത്രം ക്ഷണിച്ചതിനെത്തുടർന്ന് M/s Capital Engineering Consultancy Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തിരഞ്ഞെടുത്തിരുന്നതും ടി സ്ഥാപനം ഡി.പി.ആർ.-ന്റെ കരട് രൂപം തയ്യാറാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക

390(838) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽവരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള വിതരണം കുടിശ്ശികയായത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ശമ്പളം സമയബന്ധിതമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ഓരോ ക്ഷേത്രങ്ങളിലും നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതത് ക്ഷേത്ര ഫണ്ടിൽനിന്നുമാണ് അനുവദിക്കുന്നത്. എന്നാൽ 25 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക

വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാർ ധനസഹായം ഉപയോഗിച്ച് ശമ്പളം നൽകിവരുന്നു.

2025-26 സാമ്പത്തിക വർഷം ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി ഇനത്തിൽ, "2250-00-103-87-31" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 26,14,68,000/- രൂപയിൽനിന്നും മൂന്ന് ഗഡുക്കളായി ആകെ 15,68,80,800/- രൂപ (പതിനഞ്ച് കോടി അറുപത്തിഎട്ട് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) നിലവിൽ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

വിദ്യാർഥികളുടെ ഹോസ്റ്റൽ സംവിധാനം സംബന്ധിച്ച്

391(839) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠത്തിലെ വിദ്യാർഥികളുടെ ഹോസ്റ്റൽ സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠത്തിലെ വിദ്യാർഥികളുടെ ഹോസ്റ്റൽ സംവിധാനം

മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് വിദ്യാർഥികളുടെ താമസസ്ഥലവും ഒരുക്കിയിട്ടുള്ളത്. ക്ഷേത്ര കലാപീഠത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി കെട്ടിടത്തിൽ ബാത്ത്റൂമുകളുടെ പ്ലംബിങ്, മെയിന്റനൻസ് പ്രവൃത്തികൾ, ഫാനുകൾ മാറ്റി സ്ഥാപിക്കുക, വയറിങ് സിസ്റ്റത്തിലെ അപാകതകൾ പരിഹരിക്കുക, ബെഡുകൾ സജ്ജീകരിക്കുക, പരിസരത്തുള്ള കാടുകൾ വെട്ടിത്തെളിക്കുക എന്നീ പ്രവൃത്തികൾ നിർവഹിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് വിഭാഗം മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ

392(840) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ നിലവിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

1403 (ആയിരത്തി നാന്നൂറ്റി മൂന്ന് ക്ഷേത്രങ്ങൾ)

(ബി) ഇതിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും പുതുതായി എത്ര ക്ഷേത്രങ്ങൾ ഈ ജില്ലകളിൽ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ 388-ഉം കാസർഗോഡ് ജില്ലയിൽ 103-ഉം ക്ഷേത്രങ്ങളുണ്ട്. കണ്ണൂർ ജില്ലയിൽ 5 ക്ഷേത്രങ്ങളും കാസർഗോഡ് ജില്ലയിൽ 1 ക്ഷേത്രവും പുതുതായി ഏറ്റെടുത്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 417, 424, 432, 433, 453, 460, 479, 480, 482, 483, 484, 489, 511, 516, 519, 523, 525, 526, 527, 528, 529, 536, 538, 542, 549, 551, 552, 554, 573, 574, 575, 577, 579, 595, 596 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

അനുബന്ധം II

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*33)-ന്റെ (എ)&(ബി) പിരിവുകളുടെ അനുബന്ധം

PENDING AMOUNT TO BE RELEASED on CSSs		
Sl. No.	**Schemes**	**Rs. in Crore**
1	NHM	636.88
2	UGC Arrears	750.93
3	Social Security Pension NSAP	190.76
4	New National Bio-Gas and Organic Manure Programme	3.43
5	National Food Security Act (NFSA)	54.19
	Pradhan Mantri Garib Kalyan Anna Yojana (PMGKAY)	43.44

	Atma Nirbhar Bharat Scheme	0.16
	End to end computerization	1.22
	Integrated Management of Public Distribution System	0.26
	Paddy Procurement	1206.69
6	LH & DCP - MVU	5.79
	LH & DCP - ASCAD	12.96
	LH & DCP - NADCP	11.04
	National Livestock Mission	1.50
	Integrated Sample Survey	6.11
7	Establishment of an Agency for Reporting Agricultural Statistics	39.53
8	Rationalization of Minor Irrigation	1.46
9	Pradhan Mantri Van Dhan Vikas Yojana	2.01
10	School Nursery Scheme	0.14
11	Samagra Shiksha Kerala	1148.13
	DIETS of Excellence	21.44

PENDING AMOUNT TO BE RELEASED on CSSs		
Sl. No.	**Schemes**	**Rs. in Crore**
12	Jal Jeevan Mission	974.68
13	National Apprenticeship Promotion Scheme	3.55
14	Pradhan Mantri Krishi Sinchai Yojana-CADA	5.36
15	Poshan Abhiyan	200.20
	Scheme for Adolescent Girls	1.36
	Supplementary Nutrition Programme	1.36
	State Nirbhaya Cell - OSC	3.43

	Mission Shakti	17.36
	Mission Vatsalya	32.00
16	Various Schemes under Fisheries	161.63
17	Post - Matric Scholarship for ST Students	25.43
18	Implementation of POA & PCR ACT	25.63
	PM - AJAY	5.27
19	Assistance to States/UTs for Modernization of Police	44.73
20	Setting up of Fast-Track Special Courts for the trial of POCSO cases	7.48
21	Setting up of Special courts/benches under the Protection of Civil Rights Act of SC/ST – (Prevention of Atrocities Act)	2.91
TOTAL		**5650.45**